# അഞ്ചാമത് അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്

## സഞ്ചിക

## 3




21-22 ഫെബ്രുവരി 2026

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം



ഔഷധി
ഒരു കേരള സർക്കാർ സ്ഥാപനം
NABH ACCREDITED
ഫലസിദ്ധിയേകും പഞ്ചകർമ്മ
ഔഷധിയുടെ ആധികാരികതയോടെ!
അമിതവണ്ണം, നടുവേദന, രക്തസമ്മർദ്ദം തുടങ്ങി
തിരക്കേറിയ ജീവിതത്തിന്റെ തിക്തഫലങ്ങളെല്ലാം പരമ്പരാഗത
ആയുർവേദ ചികിത്സയായ പഞ്ചകർമയിലൂടെ പരിഹരിക്കൂ.
ശരീരത്തിലെ ദോഷവസ്തുക്കളെ പുറന്തള്ളി പുത്തനുണർവ്വും
ആരോഗ്യവും സമ്മാനിക്കുന്ന ഈ ചികിത്സാരീതി
ഔഷധി പഞ്ചകർമ്മ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
ആധികാരികമായി പൂർണ്ണ ഫലസിദ്ധിയോടെ
നടപ്പാക്കുന്നു. വരൂ, ആരോഗ്യം വീണ്ടെടുക്കൂ!
OUSHADHI PANCHAKARMA HOSPITAL & RESEARCH INSTITUTE
oushadhi.org
Oushadhi Panchakarma Hospital And Research Institute, Shornur Road, Thrissur - 22, Ph: 0487 2334396, E-mail: panchakarma@oushadhi.org

INTERNATIONAL
CONGRESS ON
KERALA STUDIES

**അഞ്ചാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്**
2026 ഫെബ്രുവരി 21-22 • തിരുവനന്തപുരം

*പ്രസിദ്ധീകരണം*
എ.കെ.ജി. പഠനഗവേഷണകേന്ദ്രം
തിരുവനന്തപുരം

*കവർ ഡിസൈൻ & ലേ-ഔട്ട്*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

*ടൈപ്പ്സെറ്റിംഗ്*
എസ്. രണനാഥ് വട്ടിയൂർക്കാവ്
കെ.ആർ. ബാബുജി വൈക്കം

കോപ്പി: 3500

*അച്ചടി*
ടൈം ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം



# സഞ്ചിക

# 3

കേരളം
INTERNATIONAL CONGRESS ON KERALA STUDIES

# അഞ്ചാമത് അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്

**21-22 ഫെബ്രുവരി 2026**

**എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം**

# ഉള്ളടക്കം


| | | |
|---|---|---|
| 1 | അധികാരവികേന്ദ്രീകരണവും തദ്ദേശസ്വയംഭരണവും | 01 |
| 2 | മാലിന്യസംസ്കരണം | 10 |
| 3 | കുടിവെള്ളം | 19 |
| 4 | കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞം | 24 |
| 5 | പൊതുജനാരോഗ്യവും ചികിത്സാ സംവിധാനങ്ങളും | 32 |
| 6 | പൊതുവിദ്യാഭ്യാസം | 41 |
| 7 | കായികരംഗം | 55 |
| 8 | ലിംഗതുല്യതയും വികസനവും | 63 |
| 9 | കുടുംബശ്രീ - വളർച്ചയുടെ അടുത്തഘട്ടം | 72 |
| 10 | സമഗ്ര വയോജന സംരക്ഷണത്തിന് ഒരു ജനകീയ പരിപാടി | 81 |
| 11 | സാമൂഹ്യനീതി – ഭിന്നശേഷിക്കാർ അതിഥി തൊഴിലാളികൾ | 92 |
| 12 | പട്ടികജാതി പട്ടികവർഗ സമുദായങ്ങളുടെ ഉന്നമനം | 100 |
| 13 | കേരളത്തിലെ തൊഴിൽബന്ധങ്ങളും വ്യാവസായികപുരോഗതിയും | 110 |
| 14 | പ്രവാസം - പുതിയ പ്രവണതകളും സാധ്യതകളും | 115 |
| 15 | സംസ്കാരിക മേഖലയും വികസന സമീപനവും | 128 |
| 16 | യുവജനക്ഷേമം | 139 |
| 17 | ഭരണനിർവഹണം | 145 |
| 18 | മാധ്യമരംഗം: തകരുന്ന വിശ്വാസ്യത തളരുന്ന ജനാധിപത്യം | 153 |
| 19 | കേരളത്തിലെ പൊതുവിതരണവും ഭക്ഷ്യഭദ്രതയും | 162 |
| 20 | സഹകരണം | 167 |
| 21 | പരിസ്ഥിതി, പശ്ചിമഘട്ടം | 179 |
| 22 | പരിസ്ഥിതിയും വളർച്ചയും | 189 |
| 23 | കാലാവസ്ഥാ വ്യതിയാനവും ദുരന്തനിവാരണവും | 195 |
| 24 | നഗരവൽക്കരണവും നഗരനയ രൂപീകരണവും | 206 |
| 25 | നൈപുണി പരിശീലനവും തൊഴിലും - ജനകീയ കാമ്പയിൻ | 214 |

# 1

# അധികാരവികേന്ദ്രീകരണവും തദ്ദേശസ്വയംഭരണവും

നവകേരള വികസനതന്ത്രത്തിൽ തന്ത്രപ്രധാനമായൊരു സ്ഥാനം അധികാര വികേന്ദ്രീകരണത്തിനുണ്ട്. നവകേരളത്തിലേക്കുള്ള യാത്ര ജനങ്ങളുടെ സാമൂഹ്യക്ഷേമ നേട്ടങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടു വേണമെന്നതാണ് അടിസ്ഥാനനിലപാട്. ഇതിന് വിദ്യാഭ്യാസ-ആരോഗ്യാദി സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം. കൃഷി, സൂക്ഷ്മ-ചെറുകിട വ്യവസായം, പ്രാദേശിക സേവന സംരംഭങ്ങൾ എന്നു തുടങ്ങിയ ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടണം. ഗ്രാമീണ ആസ്തികൾ മെച്ചപ്പെടണം. ഇതിന് പ്രാദേശികാസൂത്രണവും ജനപങ്കാളിത്തവും ഒഴിച്ചുകൂടാനാകാത്തതാണ്. അധികാര വികേന്ദ്രീകരണത്തിലൂടെ മാത്രമേ ഇത് ഉറപ്പുവരുത്താനാകൂ.

അതുകൊണ്ടാണ് ഒന്നാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് അധികാര വികേന്ദ്രീകരണത്തിന് ഊന്നൽ നൽകിയതും തുടർന്നുവന്ന നായനാർ സർക്കാരിന്റെ കാലത്ത് ജനകീയാസൂത്രണത്തിലൂടെ കേരളത്തിന്റെ കീഴ്ത്തട്ടിൽ ഭരണ സംവിധാനങ്ങളാകെ പുന:സംഘടിപ്പിച്ചതും. ഈ വിഷയത്തിൽ കേരളത്തിൽ ഒട്ടേറെ പഠനങ്ങളും സെമിനാറുകളും മാത്രമല്ല, വിഭവഭൂപട നിർമ്മാണം, കല്യാശ്ശേരി പ്രാദേശിക പദ്ധതി തുടങ്ങി എല്ലാ മേഖലകളിലും വികസന പരീക്ഷണങ്ങളും ഒട്ടേറെ നടന്നു. ഇതിന്റെയെല്ലാം അടിത്തറയിലാണ് ജനകീയാസൂത്രണം നടപ്പിലായത്.

## I
## ചരിത്രപശ്ചാത്തലം

### ഇ എം എസിന്റെ സംഭാവന

കേരള പിറവി മുതൽ അധികാര വികേന്ദ്രീകരണത്തിലേക്കുള്ള തയ്യാറെടുപ്പിലായിരുന്നു കേരളം. പ്രഥമമുഖ്യമന്ത്രിയായ ഇ എം എസ് തന്നെയായിരുന്നു. അധികാരവികേന്ദ്രീകരണ ആശയത്തിന് തുടക്കം കുറിച്ചത്. ആദ്യ ഭരണ പരിഷ്കാര കമ്മീഷനിലും പിന്നീടു ദേശീയ തലത്തിലെ അശോക് മേത്ത കമ്മറ്റിയിലും അദ്ദേഹം വികേന്ദ്രീകൃത ഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെയും അധികാരം ജനങ്ങളിലേക്ക് എത്തേണ്ടതിന്റെയും ആശയങ്ങൾ വളരെ വ്യക്തമായി പങ്കു വച്ചിരുന്നു. കേവലം പ്രോജക്കുകൾ, പദ്ധതികൾ എന്നിവ മാത്രമല്ല അധികാര വികേന്ദ്രീകരണം കൊണ്ടുദ്ദേശിച്ചത്. ഭരണ പ്രക്രിയയുടെയും സംവിധാനത്തിന്റെയും സമൂലമായ മാറ്റമായാണ് ശ്രീ ഇ എം എസ് അധികാര വികേന്ദ്രീകരണത്തെ വിഭാവനം ചെയ്തത്.

അശോക് മേത്ത കമ്മറ്റിയിൽ ഇ എം എസ് നൽകിയ ഭിന്നാഭിപ്രായക്കുറിപ്പ് ചരിത്ര പ്രസിദ്ധമാണ്. 'ജനാധിപത്യ വികേന്ദ്രീകരണത്തിലുള്ള തന്റെ വിശ്വാസത്തിന്റെ അടിസ്ഥനമിതാണ് - മർദ്ദകർക്കും ചൂഷകർക്കും എതിരെയുള്ള അദ്ധ്വാനിക്കുന്നവരുടെ ദൈനംദിന സമരത്തിൽ ഇത്തരമൊരു വ്യവസ്ഥ കൂടുതൽ സഹായകരമായിരിക്കും....അതിനാൽ പഞ്ചായത്തി രാജ് സ്ഥാപനങ്ങളെ രാജ്യത്തിന്റെ ഭരണത്തിന്റെ അവിഭാജ്യഭാഗമെന്നതിൽ നിന്നും വ്യത്യസ്തമായി എനിക്ക് കാണാൻ കഴിയില്ല. അതുകൊണ്ടു തന്നെ ഭരണപരമായ ധർമങ്ങളും നിയന്ത്രണാധികാരങ്ങളും തമ്മിൽ വ്യത്യാസവും കാണാൻ കഴിയില്ല. വിദേശ കാര്യം, രാജ്യരക്ഷ, നാണയം, വാർത്താവിനിമയം തുടങ്ങിയ ചില മേഖലകൾ കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ വച്ച് ബാക്കിയെല്ലാം സംസ്ഥാനങ്ങളിലേക്കും അവിടെ നിന്നു ജില്ലകളിലേക്കും തെരഞ്ഞെടുക്കപ്പെട്ട മറ്റു സമിതികളിലേക്കും നൽകുക എന്നതാണ് നമുക്ക് ആവശ്യം'.

അതിലേക്കുള്ള യാത്ര ദുർഘടമായിരുന്നുവെങ്കിലും പല നടപടികളും അതിനുള്ള അടിസ്ഥാന ശിലകളായിരുന്നു. അതിൽ ഏറെ പ്രധാനം ഭൂപരിഷ്കരണ നിയമം തന്നെ. ജന്മി-ഭൂപ്രഭു സംവിധാനം തകർക്കപ്പെട്ടതോടെ വിദ്യാഭ്യാസവും ആരോഗ്യവുമെല്ലാം ഏവർക്കും സാധ്യമാണെന്നും ഏവർക്കും അവകാശപ്പെട്ടതാണെന്നും ഏവരും പ്രാപ്യമാക്കേണ്ടതാണെന്നും ധാരണയായി. അതിനെ തുടർന്നുണ്ടായ പല നടപടികളും അധികാര വികേന്ദ്രീകരണത്തിനു കേരളത്തെ സജ്ജമാക്കിക്കൊണ്ടിരുന്നു. 1987 ലെ ഇ കെ നായനാരുടെ നേതൃത്വത്തിലുണ്ടായിരുന്ന സർക്കാർ ആരംഭിച്ച സമ്പൂർണ സാക്ഷരതാ യജ്ഞവും തുടർന്ന് പങ്കാളിത്ത വിഭവ ഭൂപട നിർമ്മാണവുമെല്ലാം ഇതിനു ബലം നൽകി.

1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിനുശേഷം പല മന്ത്രിസഭകളും തദ്ദേശ ഭരണ നിയമങ്ങളുമായി നിയമസഭയി

ലെത്തിയെങ്കിലും ഒന്നും ഫലവത്തായില്ല. അവയിൽ പലതിനും 1957-ലെ ബില്ലിലെന്നപോലെ സമഗ്ര മായ കാഴ്ചപ്പാടും ഉണ്ടായിരുന്നില്ല. എന്നാൽ 1987-ലെ ഇ കെ നായനാരുടെ നേതൃത്വത്തിലുണ്ടായിരുന്ന സർക്കാരാണ് അധികാര വികേന്ദ്രീകരണ ആശയങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടുള്ള ജില്ലാ കൗൺസിലുകൾക്കു രൂപം നൽകിയത്. പക്ഷേ തുടർന്നുവന്ന യു ഡി എഫ് സർക്കാർ ആ ജനാധിപത്യ സംവിധാനത്തെ തുകർത്തു.

1993-94 കാലഘട്ടത്തിൽ ആർട്ടിക്കിൾ 73, 74 ഭരണ ഘടനാ ഭേദഗതികളിലൂടെ രാജ്യത്ത് ത്രിതല തദ്ദേശസ്വയംഭരണ സംവിധാനത്തിന് തുടക്കം കുറിച്ചു. ഈ ഭരണ ഘടനാ ഭേദഗതികളുടെ തുടർച്ചയായി ഒരു വർഷത്തിനകം സംസ്ഥാനങ്ങൾ നിയമ നിർമ്മാണം നടത്തുകയും ഓരോ സംസ്ഥാനവും ഷെഡ്യൂൾ 11, 12 എന്നിവയുടെ അടിസ്ഥാനത്തിൽ അധികാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും വേണം. ഒരു പക്ഷെ, കാലാവധിക്കുള്ളിൽ ഏറ്റവും അവസാനം നിയമ നിർമ്മാണം നടത്തിയ സംസ്ഥാനങ്ങളിൽ ഒന്നായിരുന്നു കേരളം. അതിനുതന്നെ വലിയ പ്രക്ഷോഭവും വേണ്ടിവന്നു.

### ജനകീയാസൂത്രണം

1996 ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ എടുത്ത ആദ്യ തീരുമാനങ്ങളിൽ ഒന്ന് ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുക എന്നതിനായിരുന്നു. എന്നാൽ ഈ തീരുമാനം എടുക്കുമ്പോൾത്തന്നെ മറ്റൊരു കാര്യംകൂടി ബോധ്യമുണ്ടായിരുന്നു. ഇത്രയും വലിയ തുക കൈയാളുന്നതിനാവശ്യമായ പരിശീലനമോ പരിചയമോ ഉദ്യോഗസ്ഥ പിന്തുണയോ വൈദഗ്ധ്യമോ, എന്തിന് ആവശ്യമായ ചട്ടങ്ങൾപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നില്ല.

ആദ്യം വിഭവങ്ങൾ കൈമാറുക, ആ വിഭവങ്ങൾ കയ്യാളുന്നതിനുണ്ടാകുന്ന പ്രതിബന്ധങ്ങളെ അപ്പോഴപ്പോൾ തരണംചെയ്ത് അധികാരവികേന്ദ്രീകരണത്തെ യാഥാർത്ഥ്യമാക്കുക എന്നൊരു അസാധാരണ സമീപനമാണ് കേരള സർക്കാർ കൈക്കൊണ്ടത്. ഇപ്രകാരം അധികാരവികേന്ദ്രീകരണത്തിനെതിരെയുള്ള പ്രതിബന്ധങ്ങളെ മറികടക്കുന്നതിനും സമയബന്ധിതമായി 9-ാം പഞ്ചവത്സരപദ്ധതിക്ക് രൂപം നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കരുത്ത് നൽകുന്നതിനും വേണ്ടി ഒരു ജനകീയപ്രസ്ഥാനത്തിനുതന്നെ രൂപം നൽകാനാണ് കേരള സർക്കാർ തുനിഞ്ഞത്. അതാണ് ഇ എം എസ് നേതൃത്വം നൽകിയ ജനകീയാസൂത്രണ പ്രസ്ഥാനം.

ഒരു പ്രസ്ഥാനത്തിന്റെ രൂപത്തിൽ വിദഗ്ധരെയും ഉദ്യോഗസ്ഥരെയും സന്നദ്ധപ്രവർത്തകരെയും ബഹുജനങ്ങളെ തന്നെയും തദ്ദേശഭരണ ജനപ്രതിനിധികൾക്ക് പിന്നിൽ അണിനിരത്തി പുതിയ ചുമതലകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ശ്രമിച്ചത്. പരമാവധി ജനപങ്കാളിത്തവും സുതാര്യതയും ശാസ്ത്രീയതയും ഉറപ്പുവരുത്തുന്ന ഒരു ആസൂത്രണ പ്രക്രിയയ്ക്ക് രൂപംനൽകി. അങ്ങനെ താഴെത്തട്ടിൽ നിന്നൊരു പദ്ധതി തയ്യാറാക്കി. അതു ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കി.

അതോടൊപ്പം നിയമങ്ങളും ചട്ടങ്ങളുമെല്ലാം പുതിയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സമൂലം പരിഷ്കരിക്കുന്നതിന് സെൻ കമ്മറ്റിയെ നിയോഗിച്ചു. ഈ കമ്മറ്റിയുടെ നിർദ്ദേശാനുസരണം നിയമത്തെ പരിഷ്കരിച്ചു, ചട്ടങ്ങളിലും മാറ്റം വരുത്തി. വികസന വകുപ്പുകളുടെ കീഴ്ത്തട്ട് സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെയുംകൂടെ അധികാരപരിധിയിലായി. ഉദ്യോഗസ്ഥ പുനർവിന്യാസം നടന്നു. അങ്ങനെ ജനകീയാസൂത്രണത്തെ വ്യവസ്ഥാപിതമാക്കിത്തീർത്തു.

അധികാരവികേന്ദ്രീകരണത്തിൽ കേരളമാണ് ഏറ്റവും മുന്നിൽ. കൂടുതൽ പണവും ഉദ്യോഗസ്ഥരെയും താഴേക്ക് വിന്യസിപ്പിച്ചു. പദ്ധതി നിർവ്വഹണത്തിനുള്ള പ്രാപ്തിശേഷിയിൽ ഗണ്യമായ പുരോഗതി ഉണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡിജിറ്റലൈസേഷൻ സമ്പൂർണ്ണമായി. മൂന്നു പതിറ്റാണ്ട് പിന്നിടുമ്പോഴും അന്ന് ആവിഷ്കരിച്ച ആസൂത്രണ തത്വങ്ങൾക്ക് അടിസ്ഥാനപരമായ ഒരു ഭേദഗതിയും ഉണ്ടായിട്ടില്ല. എന്നാൽ കാലോചിതമായ ഒട്ടേറെ പരിഷ്കരണങ്ങൾ കൊണ്ടുവന്നിട്ടുമുണ്ട്.

സാധാരണഗതിയിൽ സർക്കാരുകൾ മാറിമാറി വരുന്നതനുസരിച്ച് പല പരിപാടികളും പുനരാവിഷ്കരിക്കപ്പെടുകയോ നിർത്തിവയ്ക്കപ്പെടുകയോ ചെയ്യാറുണ്ട്. എന്നാൽ ജനകീയാസൂത്രണത്തിൽ അതുണ്ടായില്ല. അത്രമാത്രം സുശക്തമായ ചട്ടക്കൂടും പ്രക്രിയയുമാണ് തുടക്കം മുതൽ തന്നെ രൂപപ്പെടുത്തിയത്. കക്ഷി-രാഷ്ട്രീയത്തിനതീതമായി ജനങ്ങളെ കീഴ്ത്തട്ടിൽ അധികാരവികേന്ദ്രീകരണത്തിനായി ഒന്നിപ്പിക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് ജില്ലാ കൗൺസിലുകൾക്കുണ്ടായ ദുരനുഭവം പുതിയ സംവിധാനത്തിന് നേരിടേണ്ടി വരാതെ പോയത്.

ജനകീയാസൂത്രണത്തിന്റെ പ്രസക്തി എന്തായിരുന്നുവെന്ന ചർച്ചയും പ്രസക്തമാണ്. ജനകീയാസൂത്രണം ആരംഭിച്ച കാലഘട്ടം അതായത് എൺപതുകളും തൊണ്ണൂറുകളും ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും കാലമായിരുന്നു. സേവന വികസന മേഖലകളിൽ നിന്നും സർക്കാരുകൾ പിൻവാങ്ങണമെന്ന അഭിപ്രായമായിരുന്നു ആഗോളവത്കരണത്തിന്റെ വക്താക്കളുടേത്. ആ വാദത്തിനു ശക്തമായ പിന്തുണയായിരുന്നു ലോകമെമ്പാടുമുള്ള ഇന്ത്യയിലടക്കമുള്ള പല ഭരണകർത്താക്കൾക്കും. അതിനനുസരിച്ചുള്ള നയപരിപാടികളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കിയിരുന്നത്. ആഗോളവത്കരണത്തിനും ഉദാരവത്കരണത്തിനും ബദലുകളില്ല (TINA – There Is No Alternative) എന്ന വാദം പ്രബലമായിരുന്നു. എന്നാൽ, മറ്റൊരു മാതൃക സൃഷ്ടിക്കാൻ ആവും (TIA – There Is Alternative) എന്ന വ്യക്തമായ ധാരണയോ

ടെയാണ് ജനകീയാസൂത്രണത്തിന് അന്നത്തെ ഇടതു ജനാധിപത്യ മുന്നണി സർക്കാർ തുടക്കം കുറിച്ചത്. സർക്കാർ പിൻവാങ്ങുകയല്ല, പകരം സർക്കാരുകളെ ജനങ്ങളുടെ അടുത്തേക്ക് കൂടുതൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. അതുവഴി പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയുമാവും. വികസനം എല്ലാ പ്രദേശങ്ങളിലും ഒരു പോലെ വ്യാപിപ്പിക്കുന്നതിലും സേവനങ്ങൾ ഏവർക്കും പ്രാപ്യമാക്കുന്നതിലും ആണ് ലക്ഷ്യമിട്ടത്.

പ്രാദേശിക തലത്തിൽ അക്കാലമൊന്നു പരിശോധിച്ചാലേ ജനകീയാസൂത്രണം നാട്ടിലുണ്ടാക്കിയ മാറ്റം വ്യക്തമാവൂ. അത് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവന മേഖലകളെ തകർത്തുതുടങ്ങിയിരുന്നു. സ്കൂളുകൾ അടയ്ക്കുന്നതിനെക്കുറിച്ച് പോലും ചർച്ച ആരംഭിച്ചിരുന്നു. പുതിയ സ്കൂളുകൾ ഇല്ല, ഉള്ളവ മെച്ചപ്പെടുത്തുന്നുമില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും ആശുപത്രികളുടെയും സ്ഥിതിയും ഇതുതന്നെ. കൃഷിയും അനുബന്ധ ഉത്പാദന മേഖലകളും ഇതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. അതിൽ നിന്നാണ് ഇന്ന് നാം ഉന്നത നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരോഗ്യ സംവിധാനങ്ങളുടെയും നിലയിൽ എത്തിയിരിക്കുന്നത്. ഇവിടെയായിരുന്നു ജനകീയാസൂത്രണത്തിന്റെ പ്രസക്തി. ഓരോ മേഖലയിലും ഈ മാറ്റമിന്നു പ്രകടമാണ്.

## II
## നവകേരളത്തിനായി ജനകീയാസൂത്രണം

ഉണ്ടായ നേട്ടങ്ങളെ സ്ഥായിയായി നില നിർത്തി, മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, പുതിയ വെല്ലുവിളികളെ നേരിട്ടുകൊണ്ട്, ന്യൂനതകൾ പരിഹരിച്ചു, പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി, സമയബന്ധിതമായി കാര്യങ്ങൾ നിർവഹിക്കാനാവണം. ഇതിനുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ കേരളത്തിൽ നടന്നത്. നമുക്ക് അവയെ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം അഥവാ 'നവകേരളത്തിനായി ജനകീയാസൂത്രണം' എന്നു വിളിക്കാം. ഉദ്ഗ്രഥനത്തിൽ നൽകിയ ഊന്നലാണ് കഴിഞ്ഞ പത്ത് വർഷക്കാലത്തെ അധികാരവികേന്ദ്രീകരണ പരിഷ്കാരങ്ങളുടെ കാതൽ.

### ഉദ്ഗ്രഥിത സമീപനം

വികേന്ദ്രീകൃതാസൂത്രണത്തിലെ ഒരു മുഖ്യവെല്ലുവിളി ഉദ്ഗ്രഥനമാണ്. നാലുതട്ട് സർക്കാരുകളുണ്ട്. വിവിധ വികസന ഏജൻസികളുമുണ്ട്. ഇവയുടെയെല്ലാം വികസന ഇടപെടലുകളെ പ്രാദേശികതലത്തിൽ എങ്ങനെ ഏകോപിപ്പിക്കാം? ഇതിനു കണ്ടെത്തിയ മാർഗം ജില്ലാതലത്തിൽ സംയോജിത പദ്ധതികൾ ആവിഷ്കരിക്കുകയാണ്. ഇതാണ് ഭരണഘടനയിലും വിഭാവനം ചെയ്തിരിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ അവസാന വർഷവും പിന്നീട് 11-ാം പദ്ധതിയിലും ഇതിനുള്ള നീക്കങ്ങൾ നടന്നു. എന്നാൽ ഫലപ്രദമായില്ല.

ഈ പശ്ചാത്തലത്തിലാണ് ഒന്നാം പിണറായി വിജയൻ സർക്കാർ മിഷനുകൾക്കു രൂപം നൽകിയത്. ഹരിത കേരള മിഷൻ, ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം മിഷൻ എന്നിവയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ശുചിത്വം, ജലസംരക്ഷണം, പച്ചക്കറി ഉൽപ്പാദനം, പാർപ്പിടം, പൊതുവിദ്യാഭ്യാസം, പൊതുആരോഗ്യം എന്നീ മേഖലകളിൽ നിയതമായ സംസ്ഥാനതല ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ജനങ്ങളേയും അവ നേടുന്നതിനുവേണ്ടി അണിനിരത്തുന്നതിനുമാണ് ഈ മിഷനുകൾ ശ്രമിക്കുന്നത്. ഇതിനു സഹായകരമായ രീതിയിൽ പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം പോലുള്ള മേഖലകളിൽ അധികപണവും ലഭ്യമാക്കി. തുടർഭരണത്തിനു കീഴിൽ നവകേരള കർമ്മ പദ്ധതിയായി ഈ മിഷനുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുകയുണ്ടായി. ഇത് അഭിമാനകരമായ നേട്ടങ്ങൾ ഇതിനകം സൃഷ്ടിച്ചു കഴിഞ്ഞു.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആധുനീകരണം

ജനകീയാസൂത്രണകാലം മുതൽ പറഞ്ഞുവന്ന ഒരു കാര്യമാണ് ഗ്രാമവികസനം, നഗരവികസനം, പഞ്ചായത്ത് എന്നിവയെ സംയോജിപ്പിക്കുകയെന്നുള്ളത്. ഇവ മൂന്നും ഒരുവകുപ്പ് മന്ത്രിയുടെ കീഴിൽകൊണ്ടുവരികയെന്നതു തന്നെ ശ്രമകരമായ കാര്യമായിരുന്നു. ഇതിനുവേണ്ടി എടുത്ത പരിഷ്കാരങ്ങൾ തുടർന്നുവന്ന യു ഡി എഫ് ഭരണം തിരുത്തിയ അനുഭവമാണുള്ളത്. ഇതിൽ നിന്ന് വ്യത്യസ്തമായി ഇവ മൂന്നിനെയും വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെ കൂടെ സമ്മതത്തോടെ ഏകീകരിക്കാൻ കഴിഞ്ഞു.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കൃത്യമായി അഞ്ച് വർഷം കൂടുമ്പോൾ ധനകാര്യ കമ്മീഷനെ നിയമിക്കുന്ന പാരമ്പര്യമാണ് കേരള സംസ്ഥാനത്തിനുള്ളത്. കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ തീർപ്പിന്റെ അടിസ്ഥാനത്തിൽ 2016-17-ൽ പദ്ധതിയുടെ 22.92 ശതമാനമായിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം പടിപടിയായി ഉയർത്തി 2025-26-ൽ 28.35 ശതമാനമായി. ജനകീയാസൂത്രണത്തിനു മുമ്പ് 1996-ൽ 125 കോടി രൂപയാണ് താഴേക്ക് നൽകിയിരുന്നത്. എന്നാൽ 2026-27-ൽ അത് 10,189 കോടി രൂപയായി വളർന്നു (28.5 ശതമാനം).

സമയബന്ധിതമായ ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ, സേവന മികവിന്റെ ഉരകല്ലായ ഐ.എസ്.ഓ. സർട്ടിഫിക്കറ്റ്, ഓൺലൈൻ സേവനങ്ങൾ തുടങ്ങി എന്തെല്ലാം. രാജ്യത്ത് തന്നെയുള്ള ഏതൊരു സർക്കാർ ഓഫിസിനെക്കൾ മികച്ച സംവിധാനമാണ് ഇന്ന് കേരളത്തിലെ പഞ്ചായത്തുകളിൽ ഏറെയും ഉള്ളത്. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 939 ഉം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും സേവന ഗുണമേന്മ ഉയർത്തി ക്കൊണ്ട് ഐ.എസ്.ഓ. നിലവാരത്തിലേക്ക് മാറിക്കഴിഞ്ഞു. കേരളത്തിലെ ഗ്രാമ

പാഞ്ചായത്തുകളാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തിന്റെ മാതൃക സൃഷ്ടിച്ചത്. ഇന്നത് രാജ്യത്തെല്ലായിടത്തും നടപ്പിലാക്കി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തിൽ വിപ്ലവകരമായ മാറ്റമാണ് കെ-സ്മാർട്ടിലൂടെ ഉണ്ടായത്. ജനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനം കൂടുതൽ സുഗമമാക്കാനും അഴിമതി ഏറെക്കുറേ അവസാനിപ്പിക്കാനും കെ-സ്മാർട്ട് സഹായിക്കും. കേരളത്തിലെ എല്ലാ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലേക്കും കെ-സ്മാർട്ട് വ്യാപിപ്പിച്ചത് 2025 ഏപ്രിൽ 10-നാണ്. ഇതോടെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും സ്മാർട്ടായി. ഓൺലൈനായി അപേക്ഷ, ഫീസുകൾ എന്നിവ നൽകാനും സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ എന്നിവ എളുപ്പത്തിൽ നേടാനും ഇതിലൂടെ കഴിയുന്നു.

## നാടിനെ മാറ്റിയ സ്കീമുകൾ

ജനജീവിതത്തെ ഗാഢമായി സ്വാധീനിക്കുന്ന എത്രയോ നൂതന പരിപാടികളാണ് ഈ കാലയളവിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുത്തിരിക്കന്നതെന്നത് ചുവടെപ്പറയുന്ന ലിസ്റ്റ് വ്യക്തമാക്കും.

- മാലിന്യ വിമുക്തമാക്കാനുള്ള പരിപാടി
- പ്രാദേശിക ദുരന്തനിവാരണ പ്ലാൻ
- സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രാദേശികവൽക്കരിക്കാനുള്ള പ്രവർത്തനം
- വയോജന സൗഹൃദ സാന്ത്വന പരിചരണ പദ്ധതി
- ബഡ്സ് സ്കൂൾ, ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങൾ
- ബാലസൗഹൃദ പഞ്ചായത്തുകൾ
- തെളിനീർ പുഴകൾക്കും പച്ചത്തുരുത്തുകൾക്കുമായുള്ള ഹരിതഗ്രാമം,
- നഗരനയം
- സ്ത്രീ ശാക്തീകരണം
- അതിദാരിദ്ര്യനിർമ്മാർജ്ജനം
- ഡിജി സാക്ഷരത
- സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായെങ്കിലും ഉയർത്താനുള്ള ക്യാമ്പയിൻ

ഇവയെല്ലാം വിശദീകരിക്കുന്ന മറ്റ് അധ്യായങ്ങൾ തന്നെ ഈ റിപ്പോർട്ടിന്റെ ഭാഗമായി ഉണ്ടെന്നുള്ളതുകൊണ്ട് അവ ഇവിടെ കൂടുതൽ വിശദീകരിക്കുന്നില്ല. മുപ്പത് വർഷം മുമ്പ് കാര്യമായ ചുമതലകളോ ജനജീവിതവുമായി വളരെയടുത്ത ബന്ധമോ ഇല്ലാതിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ജനജീവിതത്തെ സമഗ്രമായി സമീപിക്കുന്ന സ്ഥാപനങ്ങളായി മാറ്റാൻ തുടർച്ചയായ ശ്രമങ്ങളാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളത്.

# III
# 30 വർഷങ്ങളുടെ നേട്ട-കോട്ടങ്ങൾ

ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടങ്ങളിൽ നേട്ടപ്പട്ടികയിൽ കൂടുതൽ സ്ഥാനം പിടിച്ചത് റോഡ്, പാർപ്പിടം, വൈദ്യുതീകരണം, കുടിവെള്ളം തുടങ്ങിയ ആസ്തികൾ നിർമ്മിക്കുന്നതിലുണ്ടായ നേട്ടങ്ങളാണ്. റോഡുകളുടെ ദൈർഘ്യം 1996-ൽ 1.15 ലക്ഷം കിലോമീറ്റർ ആയിരുന്നത് 2025-ൽ 2.5 ലക്ഷം കിലോമീറ്ററായി വർദ്ധിച്ചു. 20 ലക്ഷം വീടുകൾ നിർമ്മിച്ചു നൽകി. ലൈഫ് മിഷനിലൂടെ കേരളം സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമായി മാറുകയാണ്. 2011-ൽ കേരളത്തിൽ 77 ശതമാനം വീടുകളിലും കുടിവെള്ളവും 95 ശതമാനം വീടുകളിൽ വൈദ്യുതിയും 96 ശതമാനം വീടുകളിൽ കക്കൂസും ഉണ്ടായിരുന്നു. ഇന്ത്യയിൽ ഈ തോത് യഥാക്രമം 51 ശതമാനവും 67 ശതമാനമവും 47 ശതമാനവും മാത്രമായിരുന്നു.

ജനകീയാസൂത്രണത്തിനു മുമ്പ് പൊതു ആരോഗ്യ സംവിധാനങ്ങൾ ഉപയോഗിക്കുന്ന കുടുംബങ്ങൾ 28 ശതമാനമായിരുന്നത് 2018-ൽ 48 ശതമാനമായി ഉയർന്നു. കോവിഡു കാലത്ത് നമ്മുടെ കീഴ്ത്തട്ട് ആരോഗ്യ മേഖലയുടെ കരുത്ത് നമ്മൾ അനുഭവിച്ചറിഞ്ഞു.

പൊതുവിദ്യാഭ്യാസ മേഖലയിലെ കുട്ടികളുടെ എണ്ണത്തിൽ വിസ്മയകരമായ വർദ്ധനയുണ്ടായി. നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ 100-ൽ 76.6 മാർക്കോടുകൂടി കേരളം ഒന്നാം സ്ഥാനത്താണ്.

കുടുംബശ്രീ ഇന്ന് ലോകമെങ്ങും അറിയപ്പെടുന്ന സ്ത്രീകളുടെ സ്വയംസഹായ ശൃംഖലയാണ്. മൈക്രോ ഫിനാൻസ് മാത്രമല്ല, സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും സ്ത്രീശാക്തീകരണവും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ നിർവഹണവും കുടുംബശ്രീ വഴിയാണ് മുന്നോട്ട് പോകുന്നത്.

## ദാരിദ്ര്യനിർമ്മാർജ്ജനം

മേൽപ്പറഞ്ഞവയൊക്കെ ചേർത്ത് ഒറ്റ സൂചികയിൽ കേരളത്തിന്റെ അധികാരവി കേന്ദ്രീകരണത്തിന്റെ നേട്ടം എന്തെന്ന ചോദ്യത്തിനുള്ള ഉത്തരം ദാരിദ്ര്യ നിർമ്മാർജ്ജനം എന്നതായിരിക്കും. 1970-കളുടെ അവസാനം വരെ 56 ശതമാനം ആയിരുന്നു കേരളത്തിലെ ദരിദ്രരുടെ എണ്ണം. എന്നാൽ ബഹുമുഖ സാമൂഹ്യ-സാമ്പത്തിക ഇടപെടലിലൂടെ ഇത് പടിപടിയായി കുറച്ച് 2011-12-ൽ 7 ശതമാനവും 2025-ൽ 0.7 ശതമാനവും ആയിരിക്കുന്നു. ഇന്ത്യാ സർക്കാരിന്റെ ബഹുമുഖ ദാരിദ്ര്യ സൂചിക പ്രകാരം കേരളത്തിലെ ദരിദ്രരുടെ ശതമാനം 2023-ൽ 0.55 ശതമാനം മാത്രമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് ദാരിദ്ര്യത്തെ പ്രത്യക്ഷത്തിൽ സ്വാധീനിക്കുന്ന ഒട്ടെല്ലാ സ്കീമുകളും വികസന ഇടപെടലുകളും പ്രാവർത്തികമാകുന്നത്. ഇതിനെല്ലാം മകുടം ചാർത്തുന്നനിലയിൽ അതിദാരിദ്ര്യനിർമ്മാർജ്ജനം പദ്ധതിയിലൂടെ 64006

കുടുംബങ്ങളെ മൈക്രോപ്ലാനുകളിലൂടെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റി.

ലോകരാജ്യങ്ങളെ സാമൂഹ്യക്ഷേമ സൂചികയുടെ അടിസ്ഥാനത്തിൽ അണിനിരത്തിയാൽ സുസ്ഥിരവികസന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 166 ആണ്. സാങ്കല്പികമായി കേരളത്തെയും ഈ റാങ്കിൽ ഉൾപ്പെടുത്തിയാൽ നമ്മുടെ സ്ഥാനം 30-നും 40-നും ഇടയിലായിരിക്കും. ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 123 രാജ്യങ്ങളിൽ 102 ആണ്. നമ്മുടെ സ്ഥാനമാകട്ടെ 15-നും 25-നും ഇടയിലായിരിക്കും. മാനവവികസന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 193-ൽ 130 ആണ്. കേരളത്തിന്റേതാകട്ടെ 50-നും 60-നും ഇടയിലാണ്. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈവരിക്കാവുന്നതിനപ്പുറം സാമൂഹ്യനേട്ടങ്ങൾ ശരാശരി പൗരന് ഉറപ്പുവരുത്താൻ നമുക്കായി. ഇതിൽ അധികാരവികേന്ദ്രീകരണവും ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

## പ്രാദേശിക സാമ്പത്തികവികസനത്തിലെ പോരായ്മ

അധികാര വികേന്ദ്രീകരണത്തിലെ ഏറ്റവും പ്രധാന ദൗർബല്യം പ്രാദേശിക സാമ്പത്തിക വികസനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രതീക്ഷിച്ചതുപോലൊരു മുൻകൈ നേടാനായിട്ടില്ലായെന്നതാണ്. കാർഷിക മേഖലയിലെ മുരടിപ്പ് തുടരുന്നു. ആസിയാൻ കരാറാണ് ഇതിനു കാരണം. പക്ഷേ, ആസിയാൻ കരാറിനു പരിധിയിൽ വരാത്ത പ്രാദേശിക ആവശ്യങ്ങൾക്കുള്ള വിളകളുടെ കാര്യത്തിൽപ്പോലും മുന്നേറാൻ നമുക്കായിട്ടില്ല. അവരുടെ മൂല്യവർദ്ധനയിൽ ചില തുടക്കങ്ങൾ കുറിച്ചിട്ടുണ്ടെങ്കിലും അവ സാർവ്വത്രികമാക്കാൻ കഴിഞ്ഞിട്ടില്ല. സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലകളിൽ ശുഭസൂചകമായ ചില ചലനങ്ങൾ സമീപകാലത്ത് ഉണ്ടായിട്ടുണ്ടെങ്കിലും കുതിപ്പിലാണെന്നു പറയാനാവില്ല.

അതോടൊപ്പം പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങളിൽ വേണ്ടത്ര ഫലപ്രദമായി ഇടപെടുന്നതിനു കഴിഞ്ഞിട്ടില്ല. സ്ത്രീ പദവിയിലെ പിന്നോക്കാവസ്ഥ തുടരുന്നു.

മേൽപ്പറഞ്ഞവയെല്ലാം ഔട്ട്കം അഥവാ പ്രത്യക്ഷഫലങ്ങളാണ്. അധികാരവികേന്ദ്രീകരണത്തിൽ പ്രത്യക്ഷഫലങ്ങൾ (outcome) പോലെ തന്നെ പ്രക്രിയകളും (process) പ്രധാനമാണ്. ജനകീയാസൂത്രണകാലത്തെ അപേക്ഷിച്ച് നോക്കുമ്പോൾ ഗ്രാമസഭയിലെയും മറ്റു പങ്കാളിത്ത വേദികളിലെയും ജനപങ്കാളിത്തത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. സുതാര്യത കുറയുന്നു. അഴിമതി കൂടുന്നു. മിഷനു പുറത്ത് ഉദ്ഗ്രഥിത സമീപനമില്ല. ബ്യൂറോക്രാറ്റിക് സമീപനങ്ങൾ ശക്തമാകുന്നു.

## IV
## കോട്ടങ്ങൾ മറികടക്കാൻ ജനകീയ പ്രസ്ഥാനത്തിന്റെ പുത്തൻ പതിപ്പ്

കഴിഞ്ഞ മൂന്ന് പഠന കോൺഗ്രസുകളിലും മേൽപ്പറഞ്ഞ വിമർശനങ്ങൾ ആവർത്തിച്ചിട്ടുള്ളതാണ്. എന്നാൽ ഈ ദൗർബല്യങ്ങൾ കൂടുതൽ രൂക്ഷമായിട്ടേയുള്ളൂ. ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണ കാലത്തെന്നപോലെ വീണ്ടുമൊരു ജനകീയ പ്രസ്ഥാനം പ്രസക്തമാകുന്നത്. ഇതിനു മുമ്പും ചില പ്രശ്നങ്ങളെ ആസ്പദമാക്കി വിപുലമായ രീതിയിൽ ജനങ്ങളെ അണിനിരത്താനുള്ള പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്.

ജനകീയാസൂത്രണത്തിന്റെ അവസാനവർഷം നടത്തിയ നീർത്തട ഗ്രാമസഭകൾ നീർത്തടാധിഷ്ഠിത ആസൂത്രണത്തിനുള്ള വിപുലമായ ക്യാമ്പയിന്റെ തുടക്കമായിട്ടാണ് കണ്ടത്. ആ കാലയളവിൽ തന്നെ രൂപം നൽകിയിരുന്ന ജില്ലാ പദ്ധതികൾ ഇതിന്റെ ഭാഗമായിട്ടുകൂടിവേണം കാണാൻ.

മാലിന്യപരിപാലനമാണ് ഇത്തരത്തിൽ വിപുലമായ ഒരു ജനകീയപ്രസ്ഥാനത്തിന്റെ സാധ്യത തുറന്നത്. മാലിന്യസംസ്കരണ പരിപാടികൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുകയും ഒട്ടൊക്കെ വിജയിക്കുകയും ചെയ്തെങ്കിലും ജനകീയപ്രസ്ഥാനമായി അത് രൂപാന്തരപ്പെട്ടില്ല. എസ് ഡി ജിയുടെ പ്രാദേശികവൽക്കരണവും പ്രാദേശിക ദുരന്തനിവാരണ റിപ്പോർട്ട് തയ്യാറാക്കലുമെല്ലാം ഇത്തരം സാധ്യതകൾ തുറന്നിരുന്നു.

## സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്താനുള്ള ക്യാമ്പയിൻ

ഈ പശ്ചാത്തലത്തിലാണ് സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം 50 ശതമാനമായി ഉയർത്താനുള്ള കുടുംബശ്രീയുടെ ഉദ്യമത്തെ അച്ചുതണ്ടാക്കി ഒരു ബൃഹത്തായ ജനകീയപ്രസ്ഥാനത്തിനു രൂപം നൽകുന്നത് അജണ്ടയിൽ സ്ഥാനം പിടിക്കുന്നത്. ഈ പരിപാടി സംബന്ധിച്ച് കുടുംബശ്രീ, വിജ്ഞാനകേരളം എന്നിവ സംബന്ധിച്ച അധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

ഏതാണ്ട് 20 ലക്ഷം വീട്ടമ്മമാർക്ക് പരിശീലനം നൽകി അഞ്ച് വർഷംകൊണ്ട് പ്രാദേശിക തൊഴിലുകൾ ലഭ്യമാക്കാനാണ് പരിപാടി. ഇന്ന് അതിഥി തൊഴിലാളികൾ ഏർപ്പെടുന്ന പല തൊഴിലുകളും നമുക്കും ചെയ്യാവുന്നതാണ്. ഇതിനു പുറമേ പുതിയതായി ഉയർന്നുവരുന്ന തൊഴിലുകളുമുണ്ട്. 20 ലക്ഷം സ്ത്രീകൾക്ക് 10000 രൂപ (ഇത് മിനിമം മാത്രം) വച്ച് വരുമാനമുള്ള ജോലികൾ നൽകാൻ കഴിഞ്ഞാൽ 24000 കോടി രൂപ അധിക വരുമാനമായി സാധാരണക്കാരുടെ വീടുകളിലെത്തും. ഇത് സൃഷ്ടിക്കുന്ന സാമ്പത്തിക പ്രവ്യാപനത്തിനപ്പുറം വീടിനുപുറത്തുള്ള ഉയർന്ന തൊഴിൽപങ്കാളിത്തം സ്ത്രീ ശാക്തീകരണത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും.

### വിപുലമായ മുൻ-പിൻ ബന്ധങ്ങൾ

ഈ പ്രവർത്തനത്തിന്റെ പിൻബന്ധം (backward linkages) ആണ് പ്രാദേശിക സാമ്പത്തിക വികസനം. ഓരോ പ്രദേശത്തും സംരംഭകത്വ വികസനത്തിനും പ്രോത്സാഹനത്തിനും സ്വീകരിക്കേണ്ട നടപടിക ളെക്കുറിച്ച് വളരെ വിശദമായിട്ടുള്ള ഒരു മാർഗ്ഗരേഖ പ്ലാനിംഗ് ബോർഡ് ഇറക്കിയിട്ടുള്ളതാണ്. അത് പ്രാ വർത്തികമാക്കുന്നതിനുള്ള ഏറ്റവും നല്ല സന്ദർഭമാ യിരിക്കും തൊഴിൽ ക്യാമ്പയിൻ സൃഷ്ടിക്കുക.

അതുപോലെതന്നെ, ഈ പ്രവർത്തനത്തിന്റെ മുൻബന്ധം (forward linkages) ആണ് പൊതുസ്ഥല ത്തെ സ്ത്രീ സുരക്ഷയും ഗാർഹിക ജോലികളുടെ ഭാരം കുറയ്ക്കാനുള്ള സാമൂഹ്യപിന്തുണയും വീട്ടിനുള്ളി ലുള്ള തൊഴിൽവിഭജനത്തിലെ പുനക്രമീകരണവും. പുതിയ തൊഴിൽ ക്യാമ്പയിൻ സ്ത്രീ ശാക്തീകരണ ത്തിനുള്ള ക്യാമ്പയിൻ കൂടിയായിരിക്കും.

ക്യാമ്പയിൻ അടിസ്ഥാനത്തിൽ മുന്നോട്ടുകൊണ്ടു പോകാൻ ഉദ്ദേശിക്കുന്ന സ്കീമുകളെയെല്ലാം ഒരുമിച്ച് ചേർത്ത് അവയ്ക്കെല്ലാംകൂടി പൊതുവായി ജനകീയാസൂ ത്രണത്തിലെന്നപോലെ സംസ്ഥാനതല റിസോഴ്സ് പേഴ്സൺസും ജില്ലാതല റിസോഴ്സ് പേഴ്സൺസും പ്രാദേശികതല റിസോഴ്സ് പേഴ്സൺസിനെയും പരിശീലിപ്പിച്ചെടുക്കാൻ കഴിയും. അങ്ങനെയെങ്കിൽ അച്ചുതണ്ട് തൊഴിൽ ക്യാമ്പയിൻ ആയിരിക്കുമെങ്കി ലും മറ്റെല്ലാ മേഖലകളെയും കൂട്ടിയിണക്കിക്കൊണ്ടു ള്ള ഒരു ബൃഹത്തായ ജനകീയ ക്യാമ്പയിനു രൂപം നൽകാനാകും.

ജനകീയപ്രസ്ഥാനത്തിന്റെ സ്വാഭാവികമായ സർഗ്ഗാ ത്മകത നൂതനരീതികൾ ആവിഷ്കരിക്കുന്നതിനും ജനങ്ങളെ ആകർഷിക്കുന്നതിനും സഹായിക്കും. അങ്ങനെ ആസൂത്രണ പ്രക്രിയയിലെ പല ദൗർബല്യ ങ്ങളെയും മറികടക്കുന്നതിനും അധികാരവികേന്ദ്രീക രണത്തെ ശക്തിപ്പെടുത്തുന്നതിനും കഴിയും.

## V
## ഭാവിവികസന നിർദ്ദേശങ്ങൾ

ഇന്നും ഏതാണ്ട് ഇരുന്നൂറോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികച്ചരീതിയിൽ പ്രവർത്തിക്കുന്നവയാ യുണ്ട്. വളരെ മോശമെന്നു പറയാവുന്നവ മറ്റൊരു ഇരുന്നൂറുവരും. ബാക്കിയുള്ളവ ശരാശരിക്കാരാണ്. നിലവിലെ മാർഗനിർദ്ദേശങ്ങൾ പ്രകാരവും, അതിൽ പറയുന്നതിൻ്റ അതിനപ്പുറവും ജനകീയമായി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. ശരാശരി 50 വീടുകളുടെ പൊതു അയൽക്കൂട്ടങ്ങൾ, വാർഡ് വികസന സമിതി എന്നിവ ഫലപ്രദമായി ആസൂത്രണ പ്രക്രിയയിൽ ഉപയോഗിക്കുന്നവരുമുണ്ട്. ജനങ്ങളിൽ നിന്നും പണം ശേഖരിച്ച്, സംഭാവന, സി എസ് ആർ ഫണ്ട് തുടങ്ങി അധികവിഭവ സമാഹരണത്തിലൂടെ വികസന ക്ഷേമപ്രവർത്തനങ്ങൾ ചെയ്യുന്ന തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളുമുണ്ട്. ചട്ടപ്പടി പ്രോജക്റ്റുകളിൽ നിന്നും വ്യത്യസ്തമായി വിദ്യാഭ്യാസം, വയോജനം, കുട്ടികൾ, പ്രകൃതി സംരക്ഷണം, ജലസംരക്ഷണം, ശുചിത്വം, ആരോഗ്യം എന്നീ മേഖലകളിൽ നൂതനമായ ആശയങ്ങൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കിയ പഞ്ചാ യത്തുകളുമുണ്ട്. ലൈഫ് ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിച്ച, അതിദാരിദ്ര്യ നിർമ്മാർജ്ജനലക്ഷ്യം കൈവരിച്ച, എല്ലാ സേവനങ്ങളും വാർഡ് തലങ്ങളിൽ നൽകാൻ കഴിയുന്ന തരത്തിൽ വാർഡ് ഓഫീസുകൾ തുടങ്ങിയതടക്കം ഒട്ടനവധി മാതൃകാ പ്രവർത്തനങ്ങൾ കാഴ്ചവച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ട്. എന്നാൽ അവ എല്ലായിടത്തും ഇല്ല. അത്തരം സ്ഥാ പനങ്ങളെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ ശാക്തീ കരിക്കുകയും മറ്റുള്ളവരെ അതോടോപ്പം എത്തിക്കാ നുള്ള പരിപാടികളും തയ്യാറാക്കുകയുമാണ് വേണ്ടത്.

### ഭരണസംവിധാനം

1. അധികാര വികേന്ദ്രീകരണത്തിനു തുരങ്കം വയ്ക്കുന്ന ഒട്ടേറെ നടപടികളാണ് കേന്ദ്ര സർക്കാർ നടപ്പി ലാക്കി വരുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പോലും ഒട്ടേറെ നിബന്ധനകളോടെ യാണ് നടപ്പിലാക്കുന്നത്. അധികാരം കേന്ദ്രത്തി നും ചുമതലകൾ സംസ്ഥാനത്തിനും തദ്ദേശ സ്വ യംഭരണ സ്ഥാപനങ്ങൾക്കും എന്ന രീതിയാണ് വളർത്തി വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാ പനങ്ങളെ കേന്ദ്ര സർക്കാരിന്റെ ഏജൻസി രൂപ ത്തിലാണ് വീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ അധികാരത്തെ ചോദ്യം ചെയ്യുകയും സംസ്ഥാ നത്തെ മറികടക്കുകയുമാണ് പൊതുസമീപനം. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി യിൽ ഇപ്പോൾ വരുത്തിയ മാറ്റം ഏതു ദിശയിലേ ക്കാണ് കാര്യങ്ങൾ നീങ്ങുന്നത് എന്ന് വ്യക്തമാ ക്കുന്നതാണ്. ഈ സമീപനങ്ങൾക്ക് ബദൽ സൃഷ്ടി ക്കുക എന്നതാകണം ഇനിയുള്ള മുഖ്യദൗത്യം.
2. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പ്രവർത്തന ങ്ങൾ ശക്തിപ്പെടേണ്ടതുണ്ട്. അവരുടെ ചുമതലക ളും ഉത്തരവാദിത്തങ്ങളും പുനക്രമീകരിക്കണം. ബ്ലോക്ക് പഞ്ചായത്തിന്റെ സാധ്യത വേണ്ടത്ര ഉപയോഗിച്ചിട്ടില്ലായെന്ന് വേണം കരുതാൻ. സമഗ്രമായ സംയോജിത ഇടപെടലുകൾക്ക് നേതൃത്വം നൽകാൻ അവയ്ക്കാവും. ആ രീതിയിൽ വേണം ഈ പുനരാവിഷ്കരണം.
3. ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ ഇതിനകം തന്നെ ഐ എസ് ഒ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതാണെങ്കിൽ അത് ഓഫീസ് സംവി ധാനങ്ങൾക്ക് മാത്രമായുള്ളതായിരുന്നു. വരുന്ന വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളുടെ എല്ലാ പ്രവർത്തനങ്ങൾക്കും സ്റ്റാൻഡേർഡ് ഏർപ്പെടുത്തി അതിനനുസൃതമായ പ്രവർത്തന ങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റ് ഏർപ്പെടുത്തെ ണ്ടതുണ്ട്. കെ-സ്മാർട്ടിലൂടെയുള്ള സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും വിപുലീകരിക്കു കയും വാതിൽപ്പടി സേവനങ്ങളും ഓൺലൈൻ

സേവനങ്ങളും കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നതോടെ നവകേരളത്തിനു ചേർന്ന ഭരണ സംവിധാനമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാറും. ഇവക്കെല്ലാം സഹായകമായ രീതിയിൽ മാനവ വിഭവശേഷി പുന: ക്രമീകരിക്കണം. താഴെത്തട്ടിൽ ഈ ശേഷി വർദ്ധിപ്പിക്കുന്നതിനൊപ്പം അവരുടെ കാര്യശേഷി ഉയർത്തുന്നതും പ്രധാനമാണ്. പരമ്പരാഗത രീതിയിലുള്ള പരിശീലനങ്ങൾക്കപ്പുറം കാര്യശേഷി വികസനത്തെ കാണാനാകണം. പുത്തൻ സാങ്കേതികവിദ്യകളും വിജ്ഞാനവുമെല്ലാം ആദ്യം ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സംവിധാനം ശക്തിപ്പെടണം.

4. സംസ്ഥാന സർക്കാർ ഇതിനകം തന്നെ എല്ലാവർഷവും പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. അത് ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഭരണ രംഗത്തുണ്ടാക്കിയ മാറ്റമാണ്. അതുപോലെത്തന്നെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതു ഉചിതമാകും.

5. ഷെഡ്യൂൾ 11, 12 സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ നിന്ന് കൊണ്ടുതന്നെ പ്രവർത്തനങ്ങൾ പ്രായോഗികമായി, കാലോചിതമായി ചിട്ടപ്പെടുത്തണം. വീണ്ടും Activity mapping നടത്തി, ഓരോ വകുപ്പിനും ഓരോ തല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ഓരോ വിഷയങ്ങളിലും ഉള്ള പ്രവർത്തനങ്ങളടങ്ങിയ ചുമതലകൾ നിജപ്പെടുത്തണം. ഇതിനനുസൃതമായി വേണം മാനവശേഷി പുനരാവിഷകരണവും സാമ്പത്തിക വികേന്ദ്രീകരണവും.

6. വകുപ്പുകളും/ഘടക സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിട്ടുള്ള അകൽച്ച കൂടി വരുന്നു. ഇത് സംയോജിത പ്രവർത്തനങ്ങൾക്കു വളരെ തടസ്സമായി നിൽക്കുന്നു. ഈ പ്രവണത അവസാനിക്കുവാനുള്ള പരിപാടി ആവിഷ്കരിക്കണം.

7. എല്ലാവകുപ്പുകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ നിർവ്വഹണ ഏജൻസികളായി, വിവരം ലഭ്യമാക്കേണ്ട ഇടമായി മാത്രം കണുന്ന പ്രവണത കൂടിവരുന്നു. എന്നാൽ ആസൂത്രണത്തിൽ അഭിപ്രായം പറയുന്നതിൽ അവർക്ക് ഒരു പങ്കാളിത്തവും ഇല്ലാതെ മോണിറ്ററിങ്, സോഷ്യൽ ഓഡിറ്റ് എന്നിവ ഫലപ്രദമായി നടക്കുന്നില്ല. ഓഡിറ്റ് സമീപനത്തിലെ പ്രശ്നങ്ങൾ കാരണം പുതിയ കാര്യങ്ങൾ ആസൂത്രണം ചെയ്യാനും നിർവ്വഹിക്കാനും ഉദ്യോഗസ്ഥർ വിമുഖത കാണിക്കുന്നു.

## ധനകാര്യം

8. മറ്റൊരു പ്രധാനപ്പെട്ട മേഖല തദ്ദേശ ധനകാര്യ സ്ഥിതിയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ കേവലം പണം താഴേക്കു കൈമാറുന്നതിനുമപ്പുറം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ വിപുലീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. നികുതി വരുമാനവും നികുതിയേതര വരുമാനവും വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ തേടേണ്ടതുണ്ട്. കൂടുതൽ വായ്പകൾ, വരുമാനദായകമായ പ്രോജക്ടുകൾക്കും പുതിയ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനും മുനിസിപ്പൽ ബോണ്ടുകൾ അഥവാ കടപത്രങ്ങൾ വഴി സാമ്പത്തിക സമാഹാരം നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതും പ്രധാനമാണ്. ധനകാര്യ മാനേജ്മെന്റ് ശക്തിപ്പെടുത്തിയാൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സുസ്ഥിരവും ഫലപ്രദവുമായ സംവിധാനമാവുകയുള്ളൂ.

9. മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്നതും ഏറ്റെടുക്കാൻ ബാധ്യസ്ഥരാകുന്നതും, ഫണ്ടുകൾ യഥാസമയം ലഭിക്കാതിരിക്കുന്നതും, ധനവിനിയോഗത്തിൽ ഇടക്കിടെ ഉണ്ടാകുന്ന നിയന്ത്രണങ്ങളും, സ്രോതസിൽ തന്നെ തുക നൽകാതിരിക്കുന്നതും പ്രാദേശിക ആസൂത്രണത്തിന്റെ പ്രസക്തി തന്നെ ഇല്ലാതാക്കുന്നതിന് പലപ്പോഴും കാരണമായിട്ടുണ്ട്. ഇതു മറികടക്കാൻ ഈ സംവിധാനം വ്യവസ്ഥാപിതമാക്കുകയാണ് നല്ലത്.

## ആസൂത്രണ പ്രക്രിയ

10. ജനകീയാസൂത്രണകാലത്തെ അപേക്ഷിച്ച് ചില ഗുണപരമായ മാറ്റങ്ങൾ ആസൂത്രണത്തിൽ ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് 13-ാം പദ്ധതിക്കാലത്ത് രൂപംകൊണ്ട ആസൂത്രണസമിതി. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും വിദഗ്ധരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു സ്ഥിരം ആസൂത്രണവേദി ഇതുവഴി ഉണ്ടായിരിക്കുന്നു. ഓരോ വികസന മേഖലയ്ക്കും ജനപ്രതിനിധി അധ്യക്ഷനും ഉദ്യോഗസ്ഥരും വിദഗ്ധരുമടങ്ങുന്ന കർമ്മസമിതികൾ ഇന്ന് വർക്കിങ് ഗ്രൂപ്പുകളെന്ന നിലയിൽ വർഷം മുഴുവൻ പ്രവർത്തിക്കുന്നു. സന്നദ്ധപ്രവർത്തകരുടെ നിര ഇന്ന് ഇല്ലെങ്കിലും എല്ലാ തദ്ദേശഭരണ സ്ഥാപനത്തിനും ഒരു റിസോഴ്സ് പേഴ്സണെ അലവൻസ് നൽകി നിയമിക്കാനാകും. ജന്റർ റിസോഴ്സ് സെന്ററിന് ഒരു സാമൂഹ്യ പഠനത്തിലോ ജന്റർ പഠനത്തിലോ ബിരുദാനന്തര ബിരുദമുള്ള ഒരാളെ ഫെസിലിറ്റേറ്ററായി നിയമിക്കാം. ഗ്രാമസഭ, വാർഡ് സഭ, വാർഡ് കമ്മറ്റി എന്നിവ നിലവിലുണ്ട്. ഊരുകൂട്ടങ്ങൾ ജനകീയാസൂത്രണകാലത്ത് ഉണ്ടായെങ്കിലും മത്സ്യസഭ പിന്നീട് ഉണ്ടായതാണ്. ഇവയെല്ലാം ഫലപ്രദമായി പ്രവർത്തിക്കുകയാണെങ്കിൽ നിശ്ചയമായും ആസൂത്രണ പ്രക്രിയയെ മെച്ചപ്പെടുത്താനാകും. എന്നാൽ ഇന്ന് അങ്ങനെയല്ല അവസ്ഥ. ഗ്രാമസഭകളും വികസന സെമിനാറുകളും ചടങ്ങുകളായി മാറിയിരിക്കുന്നു.

11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ ലളിതമാക്കി, ജനപങ്കാളിത്തം ഉറപ്പുവരുത്തി, കൂടുതൽ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം ഒരുക്കുക എന്നതായിരിക്കണം ഇനിയുള്ള ദൗത്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ലക്ഷ്യാധിഷ്ഠിതമാക്കേണ്ടതുണ്ട്. ഇതിനായി സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണത്തിനായി ആവിഷ്കരിച്ച ചട്ടക്കൂട് കേരളത്തിനായി ചിട്ടപ്പെടുത്തി ഉപയോഗിക്കണം.

12. പ്രാദേശിക സാമ്പത്തിക വികസനം സംബന്ധിച്ച് ആസൂത്രണ ബോർഡ് ഇറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ക്യാമ്പയിന്റെ ഭാഗമായി പുന: ക്രമീകരിച്ച് നടപ്പാക്കണം.

13. പ്രൊജക്ട് തയ്യാറാക്കുന്നതു മുതൽ അംഗീകാരം, നിർവ്വഹണം വരെയുള്ള എല്ലാ പ്രക്രിയകളും ഓൺലൈനായി എന്നത് പ്രവർത്തനങ്ങൾ കുറേക്കൂടി വേഗത്തിലാക്കി. ഒരു സാമ്പത്തിക വർഷത്തിൽ ഡിസംബർ വരെ ആസൂത്രണ പ്രക്രിയ നീണ്ടിരുന്നു. എന്നാൽ അതിൽ നിന്നും മാറും ഇപ്പോൾ അടുത്ത വർഷത്തെ ആസൂത്രണ പ്രവർത്തനങ്ങൾ ജനുവരി, ഫെബ്രുവരി, മാർച്ച് കൊണ്ട് പൂർത്തിയാക്കും. അതിനാൽ നിർവ്വഹണം ഏപ്രിൽ/മെയ് മാസങ്ങളിൽ തന്നെ ആരംഭിക്കാൻ കഴിയുന്നു.

14. പ്രൊജക്ട് ഒരു സോഫ്ടുവെയറിൽ തയ്യാറാക്കുന്നതിനാൽ, ഏകദേശം ഒരു പ്രൊജക്ടിന് എത്ര രൂപ വകയിരുത്തുന്നുവെന്ന് കിട്ടിയാൽ സോഫ്റ്റുവെയറിലെ കോഡുകൾ ഉപയോഗിച്ച് പദ്ധതിക്ക് രൂപം നൽകാമെന്നതിനാൽ കൂടുതൽ ആലോചനകൾ കൃത്യമായ നടപടി ക്രമങ്ങൾ വേണ്ടതില്ലായെന്ന സ്ഥിതിയിലേക്ക് എത്തിയിട്ടുണ്ട്.

15. സോഫ്റ്റുവെയറിൽ സമൂലമായ മാറ്റം വരുത്തേണ്ടതുണ്ട്. ഓരോ വർഷവും ഉണ്ടാകുന്ന നേട്ടം കൃത്യമായി ക്രോഡീകരിച്ച് രേഖയാക്കാൻ ഇതുവരെയും കഴിയാത്തത് വലിയ കോട്ടമായി കാണണം. ഓൺലൈൻ, സോഫ്റ്റുവെയർ സംവിധാനങ്ങൾ വന്നതോടെ ഭരണസമിതിക്ക് സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയാതെ ആയിട്ടുണ്ട്. അത് മാറേണ്ടതുണ്ട്.

16. വളരെ കരുതലോടെ ഫലപ്രദമായി ആസൂത്രണ പ്രക്രിയ പൂർത്തിയാക്കിയാലും അത് പലപ്രാവശ്യം മാറ്റേണ്ടതായി വരുന്നു. ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ ഈ പ്രക്രിയയിൽ പങ്കെടുത്തവരെ ബോധ്യപ്പെടുത്താനും കഴിയുന്നില്ല. പലപ്പോഴും ആദ്യം വിഭാവനം ചെയ്തതിൽ നിന്നും വളരെ വ്യത്യസ്തമായ രൂപമായിരിക്കും അവസാനം നടക്കുന്നത്. തട്ടിക്കൂട്ടി പദ്ധതി നൽകുന്ന പ്രവണത ഏറിവരുന്നു. ആവർത്തിച്ച് തിരുത്താൻ അവസരം ലഭിക്കുന്നുയെന്നതും, സർക്കാർ ഇടക്കിടക്ക് ചില പ്രവർത്തികൾ ഏറ്റെടുക്കാൻ നിർദ്ദേശിക്കുമ്പോൾ, ഉത്തരവിൽ വരുന്ന അപ്പപ്പോഴുള്ള മാറ്റം അനുവദിച്ച തുകയിൽ നിന്നും വരുന്ന വെട്ടിക്കുറയ്ക്കൽ തുടങ്ങിയവയെല്ലാം പദ്ധതി ഭേദഗതി വരുത്തുന്നതിന് കാരണമാകുന്നു.

17. കൃത്യമായ ഡേറ്റയുടെ അഭാവം, ലഭിച്ച ഡേറ്റ വിശകലനം നടത്തി പദ്ധതി/പ്രോജക്റ്റ് തയ്യാറാക്കുന്നതിനുള്ള വൈദഗ്ധ്യക്കുറവ്. ഡേറ്റയെടുക്കാനും സമയബന്ധിതമായി കാലാനുസൃതമാക്കുന്നതിനും സംവിധാനമുണ്ടാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയ ശക്തമാകണമെങ്കിൽ വൈദഗ്ധ്യം, മികച്ച അനുഭവങ്ങൾ, എന്നിവ ലഭ്യമാക്കണം. അതിന് എന്തു ചെയ്യാമെന്ന ആലോചന വളരെ പ്രസക്തമാണ്. ഉദ്യോഗസ്ഥരുടെ ആസൂത്രണ പ്രക്രിയയിലെ വൈദഗ്ധ്യമില്ലായ്മയും ശ്രദ്ധിക്കേണ്ടതുണ്ട്. അവരുടെ ഇക്കാര്യത്തിലെ കാര്യശേഷി വികസനം അത്യന്താപേക്ഷിതമാണ്. നിർബന്ധിത പ്രോജക്റ്റുകളുടെ ബാഹുല്യവും കുറക്കേണ്ടതുണ്ട്.

18. അംഗീകാര നടപടികൾ ലഘുവാക്കിയെങ്കിലും ഒരു ഉദ്യോഗസ്ഥ ജനകീയ സംയുക്ത കമ്മറ്റി സംവിധാനം (VTC, BLEC ക്ക് സമാനമായ) ഇല്ലാത്തത് പരിശോധനയുടെ ഗുണമേന്മയെ ബാധിക്കുന്നുണ്ട്. കൂടാതെ ഡി പി സി അംഗീകാരവും, വെറ്റിങ്ങും കഴിഞ്ഞാലും നിർവ്വഹണ ശേഷം ആഡിറ്റ് പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഇത് അംഗീകാര നടപടികൾ ചടങ്ങായി മാത്രം മാറുന്നതിന് കാരണമാകുന്നു. ഇത് പ്രാദേശിക ആസൂത്രണത്തെ ബാധിക്കുന്നു.

19. ഉദ്യോഗസ്ഥർക്ക് - ആസൂത്രണം, പങ്കാളിത്ത ആസൂത്രണം, വിവരശേഖരണം, വിവര വിശകലനം, സമഗ്രപദ്ധതി തയ്യാറാക്കൽ എന്നിവയിൽ വൈദഗ്ധ്യ വികസനത്തിനുള്ള കൃത്യമായ പരിശീലനം നൽകാൻ കഴിയണം. അതോടൊപ്പം നിയമപരമായി ഇവ ഭരണസമിതിക്ക് നൽകേണ്ടത് അവരുടെ ഉത്തരവാദിത്തമായി മാറണം.

20. എല്ലാ ബ്ലോക്കിലും ഡേറ്റാ മാനേജ്മെന്റ് ചെയ്യാൻ സംവിധാനമുണ്ടാവണം. ശേഖരിച്ച വിവരം, വിശകലനം ചെയ്ത് തയ്യാറാക്കുന്ന പദ്ധതിയിൽ, പ്രോജക്റ്റിൽ മാറ്റം വരുത്തുന്നതും വിവരത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.

**പങ്കാളിത്തം**

21. ഗ്രാമസഭകളിലെ പങ്കാളിത്തവും ഗുണനിലവാരവും അടിക്കടി കുറഞ്ഞ് വരുന്നു. യുവജനങ്ങളുടെ പങ്കാളിത്തം കുറഞ്ഞ് കാണുന്ന അവസ്ഥയും ഉണ്ട്. പങ്കാളിത്തം ഉറപ്പാക്കുന്നതിന് പുതിയ സമീപനം ആവശ്യമാണ്. പുത്തൻ സാങ്കേതിക വിദ്യകളും ആശയവിനിമയ മാർഗങ്ങളും എല്ലാം സമന്വയിപ്പിക്കാൻ ആവണം. വർക്കിങ് ഗ്രൂപ്പുകൾ അടക്കമുള്ള സംവിധാനങ്ങൾ പുന: ക്രമീകരിക്കണം. അവയുടെ സാങ്കേതിക വൈദഗ്ധ്യം ഉറപ്പാക്കുന്ന രീതിയിൽ ചിട്ടപ്പെടുത്തണം. ആസൂത്രണ സമിതി എന്നനിലയിൽ വിഭാവനം

ചെയ്ത അതേ രീതിയിൽ ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അവ പ്രവർത്തിക്കുന്നില്ല.

22. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ എ ഡി എസ്, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ തുടങ്ങിയ സ്ഥാപനങ്ങളെയെല്ലാം ഉൾപ്പെടുത്തി വാർഡ് കൗൺസിലുകൾ ഉണ്ടാകണം. വാർഡ്/ഗ്രാമ സഭകൾ ചേരുന്നതിനു മുമ്പ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അയൽക്കൂട്ടങ്ങൾക്കും മറ്റു സംഘടനകൾക്കും അജണ്ട ചർച്ച ചെയ്യുവാൻ കൊടുക്കുകയും വാർഡ്/ഗ്രാമ സഭകളിലേക്ക് അവർ അയക്കുന്ന പ്രതിനിധികൾക്ക് ചർച്ചയിൽ പങ്കെടുക്കാൻ ആദ്യം അവസരം നൽകുകയും വേണം.

23. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്കിൽ ബാങ്കുകൾ രൂപീകരിക്കണം. കിടപ്പുരോഗികളല്ലാത്ത വയോജനങ്ങളെ ഈ ബാങ്കുകളിൽ രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പിക്കണം. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടോ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടോ അതുമല്ലെങ്കിൽ സംരംഭങ്ങളെ സഹായിക്കുന്നതിനോ ചുമതലകൾ നൽകാം. ജനകീയാസൂത്രണ കാലത്തെ സന്നദ്ധ-സാങ്കേതിക സമിതികളുടെ വിപുലമായ രൂപമായിരിക്കും ഇത്.

### പുതിയ വെല്ലുവിളികൾ

24. 1996-ൽ നിന്നും വ്യത്യസ്തമായി വൻതോതിലുള്ള നഗരവത്കരണമാണ് കേരളത്തിൽ. നഗരസഭകളിലെ ഭരണവും പ്രവർത്തനങ്ങളും ആസൂത്രണവും അതിന് അനുസൃതമായി ചിട്ടപ്പെടുത്തണം. മാസ്റ്റർ പ്ലാൻ തയ്യാരാക്കുന്നതിന് ഉപയോഗിക്കുന്ന രീതിശാസ്ത്രവും മറ്റേണ്ടതുണ്ട്. ഇവയൊക്കെ സംബന്ധിച്ച് കൂടുതൽ വ്യക്തത കൈവരിക്കേണ്ടതുണ്ട്. ഇതിനകം തയ്യാറാക്കിയ നഗരനയം പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. മെട്രോപോളിറ്റൻ പ്ലാനിങ് കമ്മറ്റി സംബന്ധിച്ചും കേരള സാഹചര്യങ്ങൾക്ക് അനുസൃതമായ വ്യക്തമായ നയം ആവശ്യമാണ്.

25. കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതങ്ങൾ ഏറേണ്ടി വരുന്ന സംസ്ഥാനമാണ് കേരളം. അതുപോലെ തന്നെയാണ് വിവിധ തരത്തിലുള്ള ദുരന്തങ്ങളും. ഇവയെ നേരിടുന്നതിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ട്. ഇവയ്ക്കായുള്ള പ്രാദേശിക കർമപദ്ധതികളെ വ്യവസ്ഥാപിതമാക്കേണ്ടതുണ്ട്. ദുരന്ത പ്രതിരോധത്തിലും ദുരന്ത ശേഷമുള്ള ക്യാമ്പ്, പുനരധിവാസ പ്രവർത്തനങ്ങളിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് മുഖ്യ ചുമതല നൽകേണ്ടതാണ്.

അധികാര വികേന്ദ്രീകരണത്തിന് ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ പങ്കാളിത്ത രീതി സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിന് ഏറ്റവും സഹായകരമായിരിക്കും ഈ അധ്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിവിപുലമായ ജനകീയ ക്യാമ്പയിൻ. ആളുകളെ ആവേശംകൊള്ളിച്ച് കർമ്മപഥത്തിൽ കൊണ്ടുവന്നു മാത്രമേ മുകളിൽ നിർദ്ദേശിച്ച പരിഷ്കാരങ്ങൾ നടപ്പിലാക്കാനാകൂ.

ഇതൊരു സമരമാണെന്ന് കണ്ടു പൊതുജനങ്ങളെ അണിനിരത്തി തദ്ദേശ ഭരണം ശക്തമാക്കുന്നതിനൊപ്പം അധികാര കേന്ദ്രീകരണത്തിനെതിരെയും സെക്കുലറിസം, സോഷ്യലിസം, തുല്യത എന്നിവക്കെല്ലാമായുമുള്ള സമരമുഖമായി തദ്ദേശ ഭരണത്തെ വളർത്തിക്കൊണ്ടുവരികയും അതിനായുള്ള പോരാട്ട വേദികൾ തുറക്കുകയും വേണം.

# 2

# മാലിന്യസംസ്കരണം

കേരളത്തിലെ മാലിന്യപരിപാലനവും പൊതു സ്ഥലങ്ങൾ, റോഡുകൾ,, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ശുചിത്വവും ദേശീയ-അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായികൊണ്ടിരിക്കുകയാണ്. പ്രധാന നഗരങ്ങളിൽ മാത്രം കേന്ദ്രീകരിക്കാതെ എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും മാലിന്യ പരിപാലനം ഉറപ്പാക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. വ്യക്തി ശുചിത്വത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്ന മലയാളികളുടെ ശുചിത്വശീലങ്ങളെ പൊതു ഇടങ്ങളിലേക്കു കൂടി വ്യാപിപ്പിച്ചത് കൃത്യമായ രാഷ്ട്രീയനിലപാടുകൾ സ്വീകരിച്ചും അത് പ്രബല്യത്തിൽ വരുത്തുന്നതിനുള്ള നയങ്ങൾ നടപ്പിലാക്കിയുമാണ്.

## I
## ചരിത്രപശ്ചാത്തലം

ശുചിത്വം കേരളത്തിലെ സാമൂഹിക പരിഷ്കരണത്തിന്റെ ഭാഗമായിരുന്നു. 1950-കളുടെ അവസാനത്തോടെ തോട്ടിപ്പണി നിരോധിച്ച സംസ്ഥാനമായി കേരളം മാറി. ഈ നിരോധനത്തിന്റെ പിന്നിൽ 1947-ലെ തകഴിയുടെ തോട്ടിയുടെ മകൻ എന്ന നോവലിന് വലിയൊരു പങ്കുണ്ടായിരുന്നു. സാക്ഷരതാപ്രസ്ഥാനത്തിൽ അക്ഷരം മാത്രമല്ല, പട്ടിണിയെയും ശുചിത്വത്തെയും കുറിച്ചുള്ള പാഠങ്ങളുമുണ്ടായിരുന്നു. 1986-ൽ ആരംഭിച്ച കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ ശുചിത്വ പരിപാടി ഇതിനു പ്രചോദനമായി. അധികാരവികേന്ദ്രീകരണം ശുചിത്വത്തിന് പുതിയൊരു ഊന്നൽ നൽകി. 1999-ൽ സമ്പൂർണ്ണ ശുചിത്വ ക്യാമ്പയിനും ആരംഭിച്ചു. 2000-ത്തിലെ കോട്ടയം നിർമ്മൽ പ്രൊജക്ട് മറ്റൊരു നാഴികക്കല്ലാണ്.

2007ലെ കേരളപ്പിറവി ദിനത്തിൽ തിരുവനന്തപുരത്ത് മഹാസമ്മേളനത്തിൽവച്ച് രാഷ്ട്രപതി പ്രതിഭാ പാട്ടീൽ മാലിന്യമുക്ത കേരളം രേഖ ഔപചാരികമായി പ്രകാശനം ചെയ്തു. 2008-ൽ ശുചിത്വമിഷന് തുടക്കം കുറിച്ചു.

ഇതിനിടയിൽ കേരളത്തിൽ വലിയ മാറ്റങ്ങൾ വരുന്നുണ്ടായിരുന്നു. മാലിന്യത്തിന്റെ അളവുകൂടി, സ്വഭാവം മാറി. ജനപ്പെരുപ്പം, നഗരവൽക്കരണം, ഉപഭോഗ സമ്പ്രദായങ്ങളിൽവന്ന മാറ്റം ഇവയെല്ലാം മാലിന്യത്തിന്റെ അളവ് ഗണ്യമായി ഉയർത്തി. അജൈവ മാലിന്യത്തിന്റെ തോതും വർധിപ്പിച്ചു. ഏതാണ്ട് എല്ലാ നഗരങ്ങളിലും ഇതിനു പരിഹാരം കണ്ടത് പണ്ടേ ഉണ്ടായിരുന്ന ഡമ്പിങ് യാർഡുകളിൽ അവ നിക്ഷേപിച്ചുകൊണ്ടായിരുന്നു. ഇത് പരിസരപ്രദേശങ്ങളിൽ സൃഷ്ടിച്ച മലിനീകരണം 2010-കളിൽ ജനകീയപ്രക്ഷോഭങ്ങളായി രൂപപ്പെട്ടു. വിളപ്പിൽശാല സമരമാണ് ഏറ്റവും പ്രസിദ്ധം. ഏതാണ്ട് എല്ലാ നഗരങ്ങളിലും ഇതുണ്ടായി.

ഈ പ്രക്ഷോഭങ്ങൾ മാലിന്യപ്രശ്നത്തിന് ഒരു പരിഹാരം കാണേണ്ടത് അനിവാര്യമാക്കി. അങ്ങനെയാണ് ആലപ്പുഴയിൽ വികേന്ദ്രീകൃത മാലിന്യസംസ്കരണ സമ്പ്രദായം പരീക്ഷിക്കപ്പെട്ടത്. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയായ സിപിഐ(എം) മാലിന്യസംസ്കരണം ഒരു ജനകീയ ക്യാമ്പയിനായി ഏറ്റെടുത്തു. തിരുവനന്തപുരത്തും മറ്റു പല പട്ടണങ്ങളിലും വികേന്ദ്രീകൃത മാലിന്യസംസ്കരണ രീതികൾ അവലംബിക്കുന്ന സ്ഥിതിവന്നു.

### പഠന കോൺഗ്രസുകൾ

ഒന്നും രണ്ടും പഠനകോൺഗ്രസുകളിൽ കേരളത്തിന്റെ ശുചിത്വം, മാലിന്യസംസ്കരണം എന്നീ വിഷയങ്ങൾ ചർച്ചചെയ്തിരുന്നു.അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട സമ്മേളനങ്ങളിലാണ് മാലിന്യസംസ്കരണം സംബന്ധിച്ച പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടത്. മൂന്നാം പഠന കോൺഗ്രസിൽ പ്രത്യേക സമ്മേളനം ഇതിനായി ചേർന്നു.

ഈ രംഗത്ത് പ്രായോഗികപരിജ്ഞാനമുള്ള വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സംഘടനകൾ, വിഷയ മേഖലയിലെ വിദഗ്ധർ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 2006-2011 കാലത്ത് സർക്കാർ നടപ്പാക്കാൻ ശ്രമിച്ച മാലിന്യവിമുക്ത കേരളത്തിന്റെ അനുഭവങ്ങൾ അവലോകനം ചെയ്യപ്പെട്ടു. ഇവിടെവച്ചാണ് കേരളത്തിന്റെ ഭൂപ്രകൃതി, സാമൂഹികഘടന, ജനസാന്ദ്രത എന്നിവ പരിഗണിച്ചു വികേന്ദ്രീകൃതവും, സംയോജിതവുമായ മാലിന്യ സംസ്കരണം എന്ന ആശയം രൂപംകൊള്ളുന്നത്. ഇതാണ് ആലപ്പുഴയിലും പിന്നീട് തിരുവനന്തപുരം പോലുള്ള നഗരങ്ങളിലും പരീക്ഷിക്കപ്പെട്ടത്.

2016-ൽ അധികാരത്തിൽ എത്തിയ ഇടതുപക്ഷ സർക്കാർ വികേന്ദ്രീകൃതവും, സംയോജിതവുമായ മാലിന്യസംസ്കരണം സർക്കാരിന്റെ പൊതു നയമാക്കി മാറ്റി. 2017ൽ നവകേരളത്തിനായി വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ രൂപീകരിച്ച 4 പദ്ധതികളിലൊന്ന് ഹരിത കേരള മിഷൻ ആയിരുന്നു. പ്രകൃതി സംരക്ഷണത്തിനും സുസ്ഥിരതയ്ക്കും വേണ്ടി വെള്ളം, വൃത്തി, വിളവ് എന്ന ലക്ഷ്യങ്ങളോടെ രൂപീകരിച്ച ഹരിതകേരളം മിഷന്റെ കീഴിൽ രൂപീകരിച്ച ശുചിത്വ മാലിന്യ ഉപമിഷൻ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിലാണ് വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിലൂന്നിയ പ്രവർത്തനങ്ങൾ ഇന്ന് കാണുന്ന രീതിയിൽ നടപ്പിലാക്കിയത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കർമ്മസേനകൾ, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ, കമ്മ്യൂണിറ്റി ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ സംസ്ഥാനത്തോട്ടാകെ സ്ഥാപിക്കുന്നതിനും ഗാർഹിക ജൈവ മാലിന്യസംസ്കരണ ഉപാധികൾ വീടുകളിൽ സ്ഥാപിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളും ബഹുജന വിദ്യാഭ്യാസ പരിപാടികളും നടന്നു.

## II

## 2017-2026 - നേട്ടങ്ങളുടെ വിഗഹവീക്ഷണം

2017 മുതൽ 2026 വരെ നടന്ന മാലിന്യസംസ്കരണവുമായി ബന്ധപെട്ട "വലിച്ചെറിയൽ മുക്ത കേരളം", "നവകേരളം വൃത്തിയുള്ള കേരളം", "മാലിന്യമുക്ത നവകേരളം" തുടങ്ങിയ വിവിധ ക്യാമ്പയിനുകളിലായി കേരളത്തിന്റെ മാലിന്യ സംസ്കരണ മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുകളുടെയെല്ലാം കേന്ദ്രബിന്ദു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെയായിരുന്നു. തദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2025-26 സാമ്പത്തികവർഷത്തിൽ 33,886 പ്രൊജക്ടുകളാണ് ശുചിത്വ മാലിന്യ സംസ്കരണത്തിനായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2731.7 കോടി രൂപയാണ് ഇതിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിരിക്കുന്നത്. ഇതിനുപുറമേ സ്വച്ഛ് ഭാരത് മിഷന്റെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ലോകബാങ്കിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ടിൽ നിന്നും ശുചിത്വമേഖലയിൽ പണം ചെലവഴിച്ചിട്ടുണ്ട്. ചുരുക്കത്തിൽ പണമല്ല പ്രശ്നം. ജനങ്ങളുടെ അവബോധവും ചിട്ടയായി സ്കീമുകൾ നടപ്പാക്കുന്നതിലുള്ള കാര്യക്ഷമതയുമാണ് വെല്ലുവിളി.

### ഉറവിടത്തിൽ വേർതിരിക്കലും ജൈവമാലിന്യ സംസ്കരണവും

2010-കളിലെ പ്രതിസന്ധിക്കു കാരണം മാലിന്യങ്ങൾ കുന്നുകൂടിയത് മാത്രമല്ല, അവ വേർതിരിക്കപ്പെട്ടില്ല എന്നതുകൂടിയാണ്. മാലിന്യങ്ങൾ ഇനം തിരിച്ച് വേർതിരിക്കപ്പെട്ടാൽ പുനരുപയോഗവും പുന:ചംക്രമണവും സാധ്യമാകും. മാലിന്യം സമ്പത്താകും. അല്ലാത്തപക്ഷം വിനയാകും. നിലവിലുണ്ടായിരുന്നരീതി ഡമ്പിങ് യാർഡുകളിൽവച്ച് വേർതിരിക്കലാണ്. അത് അപ്രായോഗികമാണെന്നു തെളിഞ്ഞു. ഉറവിടത്തിൽ തന്നെ വേർതിരിക്കണം. അതാണ് നാം ഇന്ന് സ്വീകരിക്കുന്ന സമീപനം.

കേരളത്തിൽ പ്രതിദിനം ഉൽപാദിപ്പിക്കപ്പെടുന്നത് 7399 ടൺ ജൈവ മാലിന്യവും, 2174 ടൺ അജൈവ മാലിന്യവും 3999 മെഗാ ലിറ്റർ ദ്രവ മാലിന്യവുമാണ്, ഇതിൽ ദ്രവ മാലിന്യ പരിപാലനം ഒഴികെ മറ്റു രണ്ടു വിഭാഗം മാലിന്യങ്ങളുടെയും പരിപാലനത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ കൈവരിച്ച നേട്ടമാണ് ആദ്യം പരിശോധിക്കുന്നത്.

2023-ൽ പാഴ് വസ്തുക്കളുടെ അജൈവ-ജൈവ വേർതിരിക്കൽ 47 ശതമാനമേ ഉറവിടത്തിൽ നടന്നിരുന്നുള്ളൂ. എന്നാൽ 2025 ആയപ്പോൾ ഇത് 94 ശതമാനമായി ഉയർന്നു. ജൈവമാലിന്യം വീടുകളിൽ തന്നെ സംസ്കരിക്കുന്നതിന് ബയോഗ്യാസ്, വിവിധതരത്തിലുള്ള ഗാർഹിക കമ്പോസ്റ്റിങ് ഉപകരണങ്ങൾ തുടങ്ങിയ സങ്കേതങ്ങൾ വ്യാപകമായി. 2025-26-ൽ 29 ലക്ഷം വീടുകളിൽ ഏതെങ്കിലും ഔപചാരിക സങ്കേതം ഉണ്ടായിരുന്നു. അവ ഇല്ലാത്തിടങ്ങളിൽ തൊഴിലുറപ്പ് വഴി വളക്കുഴികൾ നിർമ്മിക്കുന്നതിനും ശ്രമങ്ങൾ നടന്നു.

പല തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇതിനു പുറമേ പ്രത്യേക കേന്ദ്രങ്ങളിൽ തുമ്പൂർമുഴി മോഡലിലുള്ള കമ്പോസ്റ്റിങ് സംവിധാനങ്ങളും കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ 1574 കമ്മ്യൂണിറ്റി കേന്ദ്രങ്ങളുണ്ട്. കേരളത്തിൽ സൃഷ്ടിക്കുന്ന ജൈവമാലിന്യത്തിൽ വലിയൊരു പങ്ക് വലിച്ചെറിയപ്പെടാതെ ഇത്തരത്തിൽ സംസ്കരിക്കപ്പെടുന്നു.

### അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം

തദ്ദേഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപംകൊണ്ട ഹരിതകർമ്മ സേന അംഗങ്ങൾ വഴിയാണ് വീടുകളിൽ നിന്ന് അജൈവ മാലിന്യം ശേഖരിക്കുന്നത്.

2017-ൽ ഇവരുടെ എണ്ണം 5000 ആയിരുന്നു. ഇന്ന് അവരുടെ എണ്ണം 38355 ആണ്. ഇതുമൂലം 2023-ൽ 47 ശതമാനം ആയിരുന്ന അജൈവ പാഴ് വസ്തുക്കളുടെ വാതിൽപ്പടി ശേഖരണത്തിന്റെ അളവ് 2025-ഓടെ 99 ശതമാനത്തിലേക്ക് ഉയർന്നു.. 376 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 11ലക്ഷം പേർ ഹരിതമിത്രം ആപ്ലിക്കേഷൻ വഴിയുള്ള സേവനം ഉപയോഗിച്ചിരുന്നത് 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 95.5ലക്ഷം പേരിലേക്ക് ഉയർന്നു.

7446 മിനി എം.സി.എഫ് എന്ന താൽക്കാലിക അജൈവ പാഴ് വസ്തു സംഭരണകേന്ദ്രങ്ങൾ 22,838 ആയി വർധിപ്പിച്ചു. വലിയ സംഭരണ സംവിധാനമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ (എം.

സി.എഫ്) എണ്ണം 1160-ൽ നിന്നും 1526-ലേക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ. ആർ.എഫ്) 87-ൽ നിന്നും 192-ലേക്ക് വർധിച്ചതും മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ വേഗവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് സഹായകരമായ ഘടകങ്ങളാണ്.

ഹരിത കർമ്മ സേനാംഗങ്ങൾ സംരംഭക ഗ്രൂപ്പുകളായി പ്രവർത്തിക്കുന്നതിനാണ് പ്രോത്സാഹിപ്പിക്കുന്നത്. ഏകീകൃത ഫീസ് നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവ നിർബന്ധിതമായി പിരിക്കുന്നതിനുള്ള ഏർപ്പാടുകളുമുണ്ട്. 35 ശതമാനം ആയിരുന്ന യൂസർഫീ കളക്ഷൻ 78 ശതമാനമായി വർദ്ധിച്ചു. സംരംഭമെന്ന നിലയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വഴിയും മാലിന്യം സൂക്ഷ്മമായി വേർതിരിച്ച് വിൽക്കുന്നതിലൂടെയും അധിക വരുമാനം ഹരിത കർമ്മ സേനയ്ക്ക് ലഭിക്കുന്നു.

നിലവിൽ 54% ഹരിത കർമ്മ സേനകൾക്കും 10,000 രൂപക്ക് മുകളിൽ വരുമാനം ലഭിക്കുന്നുണ്ട്, ഒപ്പം തന്നെ ഇന്ന് ഹരിത കർമ്മ സേനയുടെ സംസ്ഥാനം മൊത്തമുള്ള വാർഷിക വരുമാനം 650 കോടി രൂപയാണ്. പരിശീലനം, യൂണിഫോം, മെച്ചപ്പെട്ട കടത്തുവാഹനങ്ങൾ തുടങ്ങിയവയെല്ലാം ഉറപ്പുത്തുവരുത്തുക വഴി ഹരിത കർമ്മ സേനകളുടെ പ്രവർത്തനം അഭിമാനകരമായ ഒരു ജോലിയായി മാറിയിട്ടുണ്ട്. ഇക്കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ 224 ഹരിത കർമ്മ സേന അംഗങ്ങൾ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടു.

ഹരിത കർമ്മ സേന ശേഖരണ കേന്ദ്രങ്ങളിൽവച്ച് സൂക്ഷ്മമായി വേർതിരിക്കുന്ന അജൈവമാലിന്യങ്ങൾ വില കൊടുത്തു വാങ്ങി, സംസ്കരിക്കുന്നതിനോ വിൽക്കുന്നതിനോയുള്ള മുഖ്യഏജൻസി ക്ലീൻ കേരള കമ്പനിയാണ്. 87,300 Sqft ആയിരുന്ന ക്ലീൻ കേരള കമ്പനിയുടെ ശേഖരണ സംവിധാനങ്ങളുടെ ശേഷി 2,81,260 Sq.Ft ആയി വർധിച്ചു. 2022-23 സാമ്പത്തിക വർഷം 30,217 ടൺ അജൈവമാലിന്യം കൈകാര്യം ചെയ്ത സ്ഥാനത്ത് ക്ലീൻ കേരള കമ്പനി 2024-25 സാമ്പത്തികവർഷം 61,682 ടൺ അജൈവ മാലിന്യമാണ് കൈകാര്യം ചെയ്തത്, സ്വകാര്യ ഏജൻസികളിൽ അത് 20,144 ടൺ (2022-23) എന്നതിൽ നിന്ന് 90,922 ടൺ (2024-25) എന്ന നിലയിലേക്ക് ഉയർന്നു. വേർതിരിക്കാനാകാത്ത ലഗസി വേസ്റ്റാണെങ്കിൽ ഈ ഏജൻസികൾക്ക് തദ്ദേശഭരണ സ്ഥാപനം പണം അങ്ങോട്ടു നൽകേണ്ടിവരും. ഇവ മിക്കവാറും സിമന്റ് ഫാക്ടറികളിലും മറ്റും ഇന്ധനമായിട്ടാണ് ഉപയോഗിക്കുക.

മാലിന്യ സംസ്കരണ രംഗത്തെ സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തവും ഈ കാലയളവിൽ വർധിച്ചു. വിവിധ സേവനങ്ങൾ നൽകുന്ന ശുചിത്വ മിഷന്റെ അംഗീകാരം നേടിയ കമ്പനികളുടെ എണ്ണം 74ൽ നിന്നും 256 ആയി വർധിച്ചു. സ്വകാര്യ ഏജൻസികളുടെ നേതൃത്വത്തിൽ അജൈവ പാഴ് വസ്തു പരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും വിപുലപ്പെട്ടു കഴിഞ്ഞു. 53 ഏജൻസികളുടെ 83 ഗോഡൗണുകൾക്ക് 6,12,128 ചതു. അടി സംഭരണശേഷിയുണ്ട്. ഇതിന് 306 ടൺ അജൈവ പാഴ് വസ്തു പ്രതിദിനം തരംതിരിക്കാനുള്ള സൗകര്യവും ഉണ്ട്. 28 റെൻഡറിങ് പ്ലാൻറുകൾ ചിക്കൻ വേസ്റ്റ് സംസ്കരിക്കുന്നതിനായി സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കൂടുതൽ സ്വകാര്യ ഏജൻസികൾ സംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് മുന്നോട്ടു വരുന്നുണ്ട്.

പുന:ചംക്രമണ വ്യവസായം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും ഈ കാലയളവിൽ സജീവമായിട്ടുണ്ട്. ഇതിന്റെ ഫലമായി വിവിധതരം പാഴ് വസ്തുക്കളിൽ നിന്നും മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും അവയുടെ വിപണി വികസിപ്പിക്കുന്നതിലും പുരോഗതിയുണ്ട്. ക്ലീൻ കേരള കമ്പനിയും ഈ രംഗത്തേക്ക് പ്രവേശിച്ചുകഴിഞ്ഞു. നിലവിൽ 75 സ്വകാര്യ സംരംഭകരാണ് ഈ രംഗത്ത് സജീവമായിട്ടുളത്.

### നഗരങ്ങളിലെ വൻകിട സംസ്കരണ കേന്ദ്രങ്ങൾ

ഉറവിട മാലന്യസംസ്കരണത്തിൽ ഊന്നുമ്പോഴും പല നഗരങ്ങളിലും വലിയ തോതിലുള്ള പൊതു സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 258 പൊതു ബയോ ഗ്യാസ് പ്ലാന്റുകൾ, 1767 പൊതു കമ്പോസ്റ്റിങ് സംവിധാനങ്ങൾ, 100ടൺ പ്രതിദിന ശേഷിയുള്ള 2 ബ്ലാക്ക് സോൾജിയർ ഫ്ലൈ യൂണിറ്റുകൾ എന്നിവ നിലവിലുണ്ട്. കൂടാതെ നഗര കേന്ദ്രീകൃതമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനായി കൊച്ചിയിൽ ബ്രഹ്മപുരത്ത് ഒരു ബയോ CNG പ്ലാന്റും നിലവിൽ പ്രവർത്തിക്കുന്നു, തൃശ്ശൂർ, കൊല്ലം, ചങ്ങനാശ്ശേരി, തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് തുടങ്ങി 6 സ്ഥലങ്ങളിൽ സമാനമായ പ്ലാന്റുകൾ ഉടൻ പ്രവർത്തനമാരംഭിക്കുന്നതുമാണ്.

സംസ്ഥനത്ത് 59 സ്ഥലങ്ങളിലായി ആരംഭിച്ച ബയോ മൈനിങ് പ്രവർത്തനങ്ങളിൽ 13,78,743 ടൺ മാലിന്യം സംസ്കരിക്കപ്പെട്ടു, 70 ഏക്കറോളം സ്ഥലം മാലിന്യം മാറ്റി വീണ്ടെടുത്തു, നിലവിൽ 24 സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ പൂർത്തിയായി. മാലിന്യ പരിപാലന സംവിധാനങ്ങൾ സജ്ജമാക്കുന്നതിനോടൊപ്പം സുസ്ഥിരതയും സമ്പൂർണ്ണതയും ഉറപ്പാക്കാനുള്ള നടപടികളും പ്രധാനപ്പെട്ടതാണ്.

### ശുചിത്വ ബോധവൽക്കരണവും റെഗുലേറ്ററി നടപടികളും

പൊതുബോധം ഉയർത്തുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ട ബഹുജന വിദ്യാഭ്യാസ പരിപാടിക്ക് ഒപ്പം നിയമനടപടികൾ സ്വീകരിക്കുന്നതിലും പുരോഗതിയുണ്ടായി. മാലിന്യ പരിപാലനത്തിന്റെ ശാസ്ത്രവും ആവശ്യകതയും പുതുതലമുറയെ പഠിപ്പിക്കുന്നതിനായി ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ പഠനവിഷയങ്ങളിൽ മാലിന്യ പരിപാലനം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മാലിന്യ സംസ്കരണത്തിൽ

മികച്ച പ്രവർത്തനം നടത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി എക്കോ സയൻസ് സ്കോളർഷിപ്പ് തദ്ദേശ സ്വയംഭരണ വകുപ്പും വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് നടപ്പിലാക്കി.

പഞ്ചായത്ത് - നഗരപാലിക നിയമത്തിൽ കാര്യമായ മാറ്റം വരുത്തി. നിയമലംഘനങ്ങൾ പരിശോധിക്കുന്നതിനായി തദേശസ്വയംഭരണ സ്ഥാപനത്തിലും ജില്ലാതലത്തിലും പ്രത്യേക എൻഫോഴ്സ്മെൻറ് ടീമുകൾ പ്രവർത്തിക്കുന്നു. ഇതിനെത്തുടർന്ന് നിയമനടപടികളുടെ കാര്യത്തിലും വളരെ വലിയ വർധനവ് ഉണ്ടായിട്ടുണ്ട്. 1138 പരിശോധനകളാണ് 2023ൽ നടത്തിയത്. 2025 ജനുവരി മുതൽ ഡിസംബർ വരെ 2,53,729 പരിശോധനകൾ നടത്തി, ഈടാക്കിയ പിഴത്തുക 3 ലക്ഷത്തിൽ നിന്നും 17.16 കോടിയിലേക്കും ഉയർന്നിട്ടുണ്ട്. നിരീക്ഷണവും നിയമനടപടിയും കർശനമാക്കുന്നതിന്റെ ഭാഗമായി 5410 ഇടങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

വാതിൽപ്പടി ശേഖരണം, ഉറവിട ജൈവ മാലിന്യ സംസ്കരണം, വിവിധ ഇനങ്ങളിലെ മാലിന്യങ്ങൾ സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോകൽ, പൊതുയിടങ്ങളിലും സംസ്കരണ/സംഭരണകേന്ദ്രങ്ങളിലും ക്യാമറ നിരീക്ഷണം, നിയമനടപടി, പരാതി പരിഹാരം തുടങ്ങിയ വിവിധ സേവനങ്ങളും പ്രവർത്തനങ്ങളും ഫലപ്രദമായി മോണിട്ടർ ചെയ്യുന്നതിന് ഹരിതമിത്രം, വാർറൂം പോർട്ടൽ, സിംഗിൾ വാട്ട്സ്ആപ്പ് നമ്പർ തുടങ്ങിയ സംവിധാനങ്ങളിലൂടെ സമഗ്രമായ ഡിജിറ്റൽ സാങ്കേതിക വിദ്യാധിഷ്ഠിത മാനേജ്മെൻറ് സംവിധാനത്തിലേക്ക് മാറിയതും ഈ രംഗത്തെ പ്രവർത്തനത്തിന്റെ കാര്യക്ഷമത ഉയർത്താൻ സഹായകമായിട്ടുണ്ട്.

മാലിന്യ പരിപാലനം സുസ്ഥിരവും സമ്പൂർണ്ണവുമാക്കുന്നതിന് അനിവാര്യമായ നയങ്ങൾ, നിയമങ്ങൾ, പ്രവർത്തന മാർഗരേഖകൾ തുടങ്ങി നിരവധി നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്ക്രാപ്പ്, ഇ.പി.ആർ, പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ്, ഗ്രീൻ എന്റർപ്രൈസ് തുടങ്ങിയവയ്ക്കായി നയങ്ങൾ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. എം.സി.എഫ്, ആർ. ആർ. എഫ്, തുമ്പൂർമുഴി യൂണിറ്റുകൾ, അറവുശാലകൾ, ആപത്കരമായ ഗാർഹിക മാലിന്യം-സാനിറ്ററി മാലിന്യം, മുടി മാലിന്യം, മത്സ്യ മാലിന്യം, ഇലക്ട്രോണിക് മാലിന്യം തുടങ്ങിയവയ്ക്കുള്ള മാതൃക പ്രവർത്തന നടപടിക്രമവും തയ്യാറായിട്ടുണ്ട്.

മറ്റു വകുപ്പുകളുമായി ബന്ധപെട്ട സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണത്തിനു പ്രത്യേക ഊന്നൽ നൽകികൊണ്ട് പൊതു ഗതാഗതം, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം, പൊതു വിദ്യാഭ്യാസം, മൃഗസംരക്ഷണം, വിനോദസഞ്ചാരം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുമായി സംയോജിപ്പിച്ച് ഇവയുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ, സ്ഥലങ്ങളിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിജയകരമായി സംഘടിപ്പിക്കുയും ചെയ്തു. ഇത്തരത്തിൽ അക്കമിട്ടു നിരത്താവുന്ന നേട്ടങ്ങൾ 2015 ലെ പഠനകോൺഗ്രസിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 2016 മുതൽ 2026 വരെയുള്ള കാലഘട്ടത്തിൽ ഈ മേഖലയിൽ നാം കൈവരിച്ചു കഴിഞ്ഞു.

## കേരളം കൈവരിച്ച നേട്ടങ്ങൾക്കുള്ള ദേശീയ അംഗീകാരം

ശുചിത്വ മാലിന്യസംസ്കരണ മേഖലയിൽ കേരളം കൈവരിച്ച നേട്ടം കേന്ദ്ര റാങ്കിങ്ങിലും പ്രതിഫലിച്ചു. നഗരങ്ങളിലെ ശുചിത്വനിലവാരം സംബന്ധിച്ച് കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയം നടത്തിവരുന്ന ദേശീയ ശുചിത്വ സർവേയായ സ്വഛസർവേക്ഷന്റെ ഒൻപതാം പതിപ്പിൽ (2024-25) സംസ്ഥാനത്തെ 93 നഗരസഭകളിൽ 82 എണ്ണവും ആദ്യ 1000 റാങ്കിനുളളിൽ ഇടംപിടിച്ചു.

ദേശീയതലത്തിൽ വ്യത്യസ്ത ജനസംഖ്യാടിസ്ഥാനത്തിൽ ആദ്യ 100 നഗരങ്ങളുടെ പട്ടികയിൽ കൊച്ചി, മട്ടന്നൂർ, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ, ഗുരുവായൂർ, തിരുവന്തപുരം, കൊല്ലം എന്നീ 8 നഗരങ്ങൾ ആദ്യനൂറ് റാങ്കിനുള്ളിൽ ഇടംപിടിച്ചു. മട്ടന്നൂർ നഗരസഭയ്ക്ക് പ്രോമിസിങ് സ്വഛ് ശഹർ അവാർഡും ലഭിച്ചു.

തിരുവനന്തപുരം കോർപ്പറേഷന് വാട്ടർ പ്ലസ് സർട്ടിഫിക്കേഷൻ, കൊച്ചി കോർപ്പറേഷൻ, കൽപ്പറ്റ നഗരസഭ, ഗുരുവായൂർ നഗരസഭ എന്നിവക്ക് ODF++ (വെളിയിട വിസർജന മുക്ത പ്രവർത്തനങ്ങളിലെ മികവ്) സർട്ടിഫിക്കേഷനും ലഭിച്ചു, 2023-24 കാലഘട്ടത്തിൽ കേരളത്തിൽ നിന്ന് 1 നഗരസഭക്ക് മാത്രമാണ് ഈ സർട്ടിഫിക്കേഷൻ ലഭിച്ചത്. മുൻ വർഷങ്ങളിൽ ശരാശരി 26% മാർക്കായിരുന്നു നഗരസഭകൾ നേടിയിരുന്നത്, എന്നാൽ 2024-25 കാലഘട്ടത്തിൽ ഇത് ശരാശരി 56% മായി ഉയർന്നു.

ശുചിത്വ സർട്ടിഫിക്കേഷനിൽ ODF കാറ്റഗറിയിൽ (Open Defecation Free) 13 നഗരസഭകൾക്ക് ODF, 77 നഗരസഭകൾക്ക് ODF+ എന്നിവ ലഭിച്ചു. കേരളത്തിൽ നിന്നും ആദ്യമായാണ് ശുചിത്വത്തിനുള്ള ഏറ്റവും ഉയർന്ന സർട്ടിഫിക്കേഷനായ Water+ ഒരു നഗരസഭക്ക് ലഭിച്ചത്. 2023-24 സമയത്ത് ODF കാറ്റഗറിയിൽ 28 നഗരസഭകളും, ODF+ കാറ്റഗറിയിൽ 28 നഗരസഭകളും മാത്രമാണ് ഉണ്ടായിരുന്നത്, Water+ കാറ്റഗറിയിൽ ഒരു നഗരസഭയും ഉണ്ടായിരുന്നില്ല.

GFC (Garbage free cities) സർട്ടിഫിക്കേഷനിൽ ഇതുവരെ കേരളത്തിലെ ഒരു നഗരസഭയ്ക്കും റേറ്റിംഗ് നേടാൻ സാധിച്ചിരുന്നില്ല. എന്നാൽ 23 നഗരസഭകൾക്ക് ഈ വർഷം GFC സർട്ടിഫിക്കേഷൻ ലഭിച്ചു. അതിൽ ആലപ്പുഴ, ഷൊർണൂർ, പട്ടാമ്പി എന്നീ 3 നഗരസഭകൾക്ക് 3സ്റ്റാറും, 20 (മട്ടന്നൂർ, ഗുരുവായൂർ, വർക്കല, ചെർപ്പുളശ്ശേരി, വടക്കാഞ്ചേരി, കൊടുങ്ങല്ലൂർ, ഏറ്റുമാനൂർ, ആന്തൂർ, ഇരിട്ടി, കുന്നംകുളം, കൊച്ചി, കൽപ്പറ്റ, വളാഞ്ചേരി, കട്ടപ്പന, ഈരാറ്റുപേട്ട, പയ്യോളി, ഏറ്റുമാനൂർ, നോർത്ത് പറവൂർ, ഹരിപ്പാട്,

കൂത്താട്ടുകുളം) എന്നീ 20 നഗരസഭകൾക്ക് 1 സ്റ്റാർ സർട്ടിഫിക്കേഷനും ലഭിച്ചു.

## III
## നിലവിലെ പരിമിതികൾ-വെല്ലുവിളികൾ

മാലിന്യ സംസ്കരണ മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ മുൻപിൽ നിൽക്കുമ്പോഴും ഇനിയും ഈ മേഖലയിൽ ഒരുപാട് മുന്നേറേണ്ടതുണ്ട്. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യത്തിന്റെ 70% ത്തോളം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം നമ്മുടെ ഗാർഹിക തലത്തിലും, സ്ഥാപനതലത്തിലും കമ്മ്യൂണിറ്റി തലത്തിലും സജ്ജമാണ്, എന്നാൽ ഇത് 100%ത്തിലേക്ക് എത്തിക്കുക എന്നത് പ്രധാനപെട്ട താണ്, ആയതിനാൽ നിലവിൽ നിലനിൽക്കുന്ന വിടവ് പരിഹരിക്കേണ്ടതുണ്ട്.

അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവി ധാനങ്ങൾ ഉണ്ടെങ്കിലും പലയിടങ്ങളിലും ഇവക്ക് മതിയായ സ്ഥലസൗകര്യമോ യന്ത്ര സംവിധാന ങ്ങളോ പ്രാഥമികസൗകര്യങ്ങളോ ഇല്ല. ശേഖരിക്കു ന്ന മാലിന്യങ്ങളിൽ പുന: ചക്രമണം ചെയ്യാൻ സാധി ക്കുന്ന പ്ലാസ്റ്റിക്, ഗ്ലാസ്, ലോഹ പാഴ് വസ്തുക്കൾ പുന: ചക്രമണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ കേരളത്തിലില്ല.

പുന:ചക്രമണം സാധിക്കാത്ത അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇന്ന് അന്യസംസ്ഥാനങ്ങളിലെ സിമന്റ് പ്ലാന്റുകളെയാണ് ആശ്രയിക്കുന്നത്, ഇതിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതുണ്ട്.

### കക്കൂസ് മാലിന്യ മേഖലയിലെ പ്രതിസന്ധി

കേരളം സമ്പൂർണ്ണ ഒഡിഎഫ് സംസ്ഥാനമാണ്. പക്ഷേ, കേരളത്തിലെ കക്കൂസുകളിലെ അധികവിസർ ജ്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള കേന്ദ്രീകൃത പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരത്തെ മുട്ടത്തറയിലെ പ്ലാന്റാണ് ഇതിനപവാദം. ഇതുമൂലം കക്കൂസ് മാലിന്യത്തിൽ നല്ലൊരു പങ്ക് ജലാശലങ്ങളി ലേക്ക് ഒഴുക്കുന്ന അവസ്ഥയുണ്ട്.

ഇതോടൊപ്പം കേരളത്തിലെ പിറ്റ് കക്കൂസുകളുടെ രണ്ടാം തലമുറ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുക യാണ്. സംസ്ഥാനത്തുടനീളം 26 ലക്ഷം സെപ്ടിക് ടാങ്ക് കക്കൂസുകളും, 44 ലക്ഷം കുഴികക്കൂസുകളുമു ണ്ട്. കുഴികക്കൂസുകളിലെ മലിനജലവും വിസർജ്യവും ഭൂഗർഭ ജലത്തെ വ്യാപകമായി മലിനീകരിക്കുന്നു. ഇത് മറികടക്കണമെങ്കിൽ എല്ലാ കക്കൂസുകളും സെപ്ടിക് ടാങ്കുകളാക്കുക മാത്രമല്ല, ഈ കക്കൂസുകളിലെ അധി കമാലിന്യം കേന്ദ്രീകൃതമായി സംസ്കരിക്കുന്നതിനുമു ള്ള സംവിധാനം സൃഷ്ടിക്കണം.

### ഇ-വേയ്സ്റ്റ്, നിർമ്മാണ അവശിഷ്ടങ്ങൾ

ഇലക്ട്രോണിക് മാലിന്യത്തിന്റെ ശേഖരണം കേരള ത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേ ക്കും വ്യാപിപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് സാധിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ മാലിന്യങ്ങൾ (Construction & Demolition) ശേഖരിക്കുന്നതിനും സംഭരിക്കുന്നതി നും ഇത് പുനരുപയോഗിക്കുന്നതിനും പുന:ചക്രമണം നടത്തുന്നതിനും ആവശ്യമായ സംവിധാനവും നമ്മുടെ സംസ്ഥാനത്തില്ല. ആപൽക്കരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നത്തിനുള്ള സാനിട്ടറി ലാൻഡ്ഫിൽ കൊച്ചിയിലെ KIEL മാത്രമാണ് നിലവിലുള്ളത്, ഇവിടെ ലഭ്യമായ സ്ഥലം പരിമിതമാണ്.

ദ്രവ മാലിന്യത്തിൽ നാം വളരെ പുറകിലാണ്. തൊണ്ണൂറ് ശതമാനത്തോളം ഈ മേഖലയിൽ ഗ്യാപ്പ് നിലനിൽക്കുന്നുണ്ട്, ഇത് പരിഹരിക്കുന്നതിനായി പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്.

മാലിന്യ പരിപാലനത്തിനുള്ള സംവിധാനങ്ങളിലെ പ്രശ്നങ്ങൾക്കൊപ്പം തന്നെ പരിഹരിക്കേണ്ടതാണ് മാലിന്യ ഉൽപാദനം കുറയ്ക്കുന്നതിനായി നിലവിലുള്ള നിയമങ്ങളുടെയും സംവിധാനത്തിന്റെയും അപര്യാ പ്തത. ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്, പേപ്പർ ഉത്പന്നങ്ങൾ പൂർണ്ണമായി നിരോധിക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

### ജനങ്ങളുടെ മനോഭാവം

എന്നാൽ ഈ പരിമിതികൾ മറികടക്കുന്നതിനായി നിരവധി വെല്ലുവിളികളും നിലനിൽക്കുന്നുണ്ട്. ജനങ്ങ ളുടെ മനോഭാവം ആണ് ഇവയിൽ പ്രധാനപെട്ടത്, ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പോലും സ്ഥാപിക്കുന്നതിന് വലിയരീതിയിലുള്ള എതിർപ്പുകൾ പൊതുജനങ്ങളിൽ നിന്നും രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഉണ്ടാകുന്നു. ഇത് മാലിന്യ സംസ്കരണവുമായി ബന്ധപെട്ട അടിസ്ഥാന സൗകര്യ വികസനത്തിന് വിലങ്ങുതടിയാണ്.

കേരളത്തിലെ ഉയർന്ന ജനസാന്ദ്രത മൂലം ഉണ്ടാകുന്ന സ്ഥലത്തിന്റെ പരിമിതിയാണ് മറ്റൊരു ഘടകം, കേര ളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളും, തണ്ണീ ർതടങ്ങളും ഒഴിവാക്കിയാൽ വളരെക്കുറച്ചു സ്ഥലം മാത്രമാണ് ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യ ങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമായി ലഭ്യമാ യത്. പൊതുജന മനോഭാവമാണ് അടുത്തത്, ഇന്നും യുസർ ഫീസ് നല്കാൻ വിസ്സമ്മതിക്കുന്ന, തരംതിരിച്ചു മാലിന്യം ഹരിത കർമ്മസേനകൾക്ക് നൽകാത്ത, പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്ന വ്യക്തികൾ സമൂ ഹത്തിലുണ്ട്.

ലഭ്യമായ കണക്കുകൾ പ്രകാരം 46% ഹരിതക ർമ്മ സേനകൾക്കും പ്രതിമാസ വരുമാനം 10,000 രൂപയിൽ താഴെയാണ്. ഈ സ്ഥിതി മാറേണ്ടതുണ്ട്. എല്ലാ ഹരിത കർമ്മ സേനാംഗങ്ങൾക്കും 10,000 രൂപ കുറഞ്ഞവരുമാനം ഉറപ്പാക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപെട്ട ദൈനംദിന പ്രവർത്ത നങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്യുന്നതിനും നിർവഹണം നടത്തുന്ന തിനും ആവശ്യമായ പ്രത്യേക കേഡർ സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിമിതമാണ്. നഗരസഭകളിൽ ഇതിനായി പ്രത്യേക ഉദ്യോഗസ്ഥർ

ഉണ്ടെങ്കിലും ഗ്രാമപ്പഞ്ചായത്തു കളിൽ ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരില്ല. ഈ പ്രതിസന്ധികളും ഗ്യാപ്പുകളും പരിഹരിച്ചു മുന്നേറുന്നതിന് കേരളത്തിന്റെ ഭൂപ്രകൃതിയും, സാമൂഹിക ഘടനയും പരിസ്ഥിതിയും സാമ്പത്തിക അവസ്ഥയും പരിഗണിച്ചു കൊണ്ടുള്ള സമഗ്രമായ സമീപനം അടുത്തഘട്ടത്തിലേക്ക് രൂപം നൽകേണ്ടതുണ്ട്.

കേരളത്തിലെ ഭൂപ്രകൃതി, സ്ഥലത്തിന്റെ ലഭ്യത കുറവ്, ഉയർന്ന ജനസാന്ദ്രത, സാമ്പത്തിക ശേഷി എന്നിവ പരിശോധിച്ചാൽ നാം സ്വീകരിച്ച വികേന്ദ്രീകൃതവും സംയോജിതമായ മാലിന്യ സംസ്കരണരീതി തന്നെയാണ് കേരളത്തിനു അനുയോജ്യമായത്. ഒപ്പം തന്നെ പ്രകൃതി വിഭവങ്ങളുടെ ഉപയോഗത്തിലെ സുസ്ഥിരത പരമാവധി ഉറപ്പാക്കികൊണ്ട്, പരിസ്ഥിതി-വിഭവ ശോഷണം പരിമിതപ്പെടുത്തി, പ്രകൃതിയിൽ നിന്നും ശേഖരിക്കുന്ന വിഭവങ്ങൾ പരാമവധി പ്രകൃതിയിലേക്ക് തന്നെ തിരിച്ചുനൽകുന്ന സർക്കുലാരിറ്റി (circularity) അടിസ്ഥാനപ്പെടുത്തിയ ശാസ്ത്രീയ മാലിന്യ സംസ്കരണരീതി കൂടിയാണിത്. ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി മാലിന്യ സംസ്കരണത്തിലെ ഓരോ മേഖലയിലും സമീപനം രൂപീകരിക്കേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

ഈ ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ ചുവടെ നൽകുന്നു.

1. 2031 ൽ കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന 100% ജൈവമാലിന്യങ്ങളും ശാസ്ത്രീയ പരിപാലനത്തിലൂടെ സംസ്കരിക്കുന്നതിനുള്ള സംവിധനം ഒരുക്കുക – ഇതുവഴി ഭക്ഷണ നഷ്ടം 70% കുറക്കാനും 100% വിഭവ വീണ്ടെടുക്കലും, കാർഷിക മാലിന്യങ്ങൾ 100% സമാഹരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങളും നടപടികളും ഉറപ്പാക്കുക. ഇത് മൂലം മീഥേൻ ബഹിർഗമനം - 0 ആക്കുക
2. 2031ൽ പുനഃചക്രമണ സാധ്യമായ മുഴുവൻ വസ്തുക്കളും പുനഃചക്രമണത്തിന് വിധേയമാക്കുക
3. 2031 ആകുമ്പോൾ വിഭവ പരിപാലനത്തിന്റെ ഭാഗമായി പാഴ് വസ്തുവിൽ നിന്നും വീണ്ടെടുക്കാനും ഉൽപാദിപ്പിക്കാനും കഴിയുന്ന വസ്തുക്കളുടെ ഉപഭോഗത്തിന് നിയമപരമായ പിൻബലത്തോടെ വിപണി ഉറപ്പാക്കുക.
4. 2035 ആകുമ്പോൾ 100% കക്കൂസ് മാലിന്യവും മലിനജലവും സംസ്കരിക്കാനുള്ള സംവിധാനം ഉറപ്പാക്കുക. ഒപ്പം തന്നെ പുനഃചക്രമണം ചെയ്ത ജലത്തിന്റെ ഉപയോഗം ഉറപ്പാക്കുന്ന തരത്തിൽ ഉൽപാദക ഉത്തരവാദിത്തം 2028 മുതൽ നിയമ പിൻബലത്തോടെ നടപ്പാക്കുക.
5. 2030 ആകുമ്പോൾ മാലിന്യത്തിന്റെ അളവ് കുറക്കാൻ 100% സ്ഥാപനങ്ങളിലും പൊതുപരിപാടികളിലും ഗ്രീൻപ്രോട്ടോക്കോൾ നിയമാനുസൃതം ഉറപ്പാക്കണം. സ്ഥാപനങ്ങളുടെ പർച്ചേസ്, പ്രൊക്കുയർമെന്റ്, മെറ്റീരിയൽ യൂസ്, വിഭവ ഉല്പാദനം, തൊഴിൽ നൈപുണ്യം തുടങ്ങിയ വിഭവ ഉപഭോഗ പ്രക്രിയകളിൽ നിയമാനുസൃത നടപടിയായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക
6. 2028 ആകുമ്പോൾ മാലിന്യ പരിപാലനത്തിനായി മുഴുവൻ LSGകളിലും പ്രത്യേക കേഡർ കൊണ്ടുവരണം. ഒപ്പം നിരന്തര നൈപുണ്യവികസനത്തിനുള്ള സ്ഥാപന സംവിധാനത്തിന് രൂപം നൽകുക.
7. ഹരിത കർമ്മ സേനയുടെ പ്രതിവർഷ വരുമാനം 600 കോടിയിൽ നിന്നും 1000 കോടിയിലേക്ക് ഉയർത്തുക.
8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ഹരിത കർമ്മ സേനകൾക്കും എക്സ്റ്റൻഡഡ് പ്രോഡ്യൂസർ റെസ്പോൺസിബിലിറ്റിയിൽ ഉൾപ്പെടുത്തി സാമ്പത്തിക നേട്ടം ലഭ്യമാക്കുക
9. വിവധ വിഭാഗം മാലിന്യങ്ങളുടെ പരിപാലനം, പാഴ് വസ്തുവിൽ മൂല്യ വർധിത വസ്തുക്കൾ, ബദൽ ഉല്പന്നങ്ങൾ തുടങ്ങിയവക്കായി സ്വകാര്യ സംരംഭങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തൽ
10. സമഗ്രവും സമ്പൂർണ്ണവുമായ മാലിന്യ പരിപാലനം ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ തദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക പിന്തുണാ സംവിധാനം ഉറപ്പാക്കുക. ക്ലീൻ കേരളാ കമ്പനിയുടെ സാധ്യതകൾ വിപുലപ്പെടുത്തുക.
11. ജലമാലിന്യ സംസ്കരണം സമ്പൂർണ്ണമായി ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ ജലാശയങ്ങളുടെ ശുചിത്വം കൈവരിക്കാനാവൂ. ഇതിനായി സമഗ്രവും സമയബന്ധിതവുമായ ഒരുപരിപാടി ഖരമാലിന്യ സംസ്കരണത്തിലെന്ന പോലെ ആവിഷ്കരിക്കണം.

ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി മാലിന്യ സംസ്കരണത്തിന്റെ ഓരോ മേഖലയിലും പ്രത്യേകമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

## IV
## ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ജൈവ മാലിന്യ സംസ്കരണത്തിൽ നിലവിലുള്ള 30% ഗ്യാപ്പ് പരിഹരിക്കുക, ഇതിനായി ഗാർഹിക-കമ്മ്യൂണിറ്റി-സ്ഥാപനതലങ്ങളിലെ സംവിധാനങ്ങൾ സംയോജിപ്പിച്ച സമഗ്രമായ രീതിയാണ് അവലംഭിക്കേണ്ടത്. ജൈവ മാലിന്യങ്ങളിൽ നിന്നുമുള്ള വിഭവങ്ങൾ കമ്പോസ്റ്റ്, ബയോഗ്യാസ്, സ്ലറി തുടങ്ങിയവയിലൂടെ പരമാവധി പുനരുപയോഗിക്കുന്നതിനും, മണ്ണിനെ സമ്പുഷ്ടീകരിക്കുന്നതിനും വേണ്ടി ഉപയോഗിക്കുക. ഒപ്പം തന്നെ ഇവയിൽ നിന്നും മൂല്ല്യവർധിത വസ്തുക്കൾ ആയ വളർത്തുമൃഗങ്ങൾക്കുള്ള തീറ്റ, അവശ്യ എണ്ണകൾ (Essential oils) എന്നിവ ഉൽപാദിപ്പിക്കുക.

2. നഗരങ്ങൾ കേന്ദ്രീകരിച്ചു മാർക്കറ്റുകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്നും ഉണ്ടാകുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടി ബയോ CNG പ്ലാന്റുകൾ നിലവിൽ കൊച്ചി, തൃശ്ശൂർ, കൊല്ലം, ചങ്ങനാശ്ശേരി, തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് 7 നഗരങ്ങളിൽ നിർമ്മിക്കുന്നുണ്ട്. പുതിയ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന്റെ അത്രതന്നെ പ്രധാനപ്പെട്ടതാണ് നിലവിൽ പ്രവർത്തന രഹിതമായി കിടക്കുന്ന സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികളും, ഇതിനായി O&M (Operation and Maintenance) പദ്ധതികൾ ഉറപ്പാക്കണം ഇതോടൊപ്പം മാലിന്യത്തിന്റെ ശേഖരണം മുതൽ സംസ്കരണംവരെയുള്ള പ്രവർത്തനങ്ങൾ ഡിജിറ്റൽവൽക്കരിച്ച് കാർബൺ, മീഥേയിൻ ക്രെഡിറ്റ്കൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകേണ്ടതുണ്ട്.

3. അജൈവ മാലിന്യ പരിപാലനത്തിന്റെ കാര്യത്തിൽ നിലവിലുള്ള സംഭരണ കേന്ദ്രങ്ങളുടെ സ്ഥലപരിമിതി പരിഹരിക്കേണ്ടതുണ്ട്, ഇതോടൊപ്പം തന്നെ യന്ത്രസംവിധാനങ്ങൾ അടങ്ങിയ ആധുനികവൽക്കരണം സാധ്യമാക്കേണ്ടതുമുണ്ട്. കൂടാതെ പുന:ചക്രമണ സാധ്യമായ പാഴ് വസ്തുക്കൾ പരമാവധി പുന:ചക്രമണം ചെയ്യുകയും ഇതിനായി സംസ്ഥാനത്തിനകത്ത് തന്നെ റീസൈക്ലിങ് പ്ലാന്റുകൾ ആരംഭിക്കണം. റിജക്റ്റ് മാലിന്യം സംസ്കരിച്ചു അതിൽനിന്നും ഊർജം വീണ്ടെടുക്കുന്നത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ RDF(Refuse-Derived Fuel) പ്ലാന്റുകൾ സംസ്ഥാനത്ത് സ്ഥാപിക്കേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ ഉൽപാദിപ്പിക്കുന്ന RDFന്റെ നീക്കം ഉറപ്പാക്കാൻ ഇത് ഉപയോഗിച്ച് വൈദ്യുതി ഉൽപദിപ്പിക്കുന്ന ഒരു വേസ്റ്റ് റ്റു എനർജി പ്ലാന്റും നിർമ്മിക്കേണ്ടതുണ്ട് അജൈവ മാലിന്യങ്ങളിലെ പ്രത്യേക മാലിന്യങ്ങളുടെ കാര്യത്തിൽ പ്രത്യേക സമീപനം ആവശ്യമാണ്. സാനിട്ടറി മാലിന്യ സംസ്കരണത്തിനായി നിലവിൽ 4 ജില്ലകളിലായി കേന്ദ്രീകൃത പ്ലാന്റ് കൊല്ലം, ഏറണാകുളം, മലപ്പുറം, കണ്ണൂർ ജില്ലകളിലായി സ്ഥപികുന്നുണ്ട്. നിലവിലുള്ള പ്ലാന്റുകളും ഈ വരുന്ന പുതിയ പ്ലാന്റുകളും കേരളത്തിലെ സാനിട്ടറി മാലിന്യത്തിന്റെ പ്രശ്നം പരിഹരിക്കും, എന്നാൽ ഇതിനായി കൃത്യമായ ട്രൻസ്പോർട്ടേഷൻ പ്ലാൻ ഉറപ്പാക്കേണ്ടതുണ്ട്. ഇലക്ട്രോണിക് മാലിന്യശേഖരണം നിലവിൽ 254 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് നടക്കുന്നത്, ഇത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്, ഇതിനായി ഇ-മാലിന്യ ശേഖരണ-സംഭരണ സംവിധാനം ശക്തിപ്പെടുത്തുകയും കേരളത്തിൽ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ E- വേസ്റ്റ് സംസ്കരണ പ്ലാന്റ് ആരംഭിക്കുകയും വേണം.

4. ആപൽക്കരമായ മാലിന്യങ്ങൾ പരിപാലിക്കുന്നതിനുള്ള സാനിട്ടറി ലാൻഡ് ഫില്ലിന്റെ നിലവിലെ സ്ഥല പരിമിതി പരിഹരിക്കാൻ പുതിയ സാനിട്ടറി ലാൻഡ്ഫില്ലുകൾ സ്ഥാപിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ മാലിന്യം ശേഖരിക്കുന്നതിനും തരംതിരിക്കുന്നതിനും സംസ്കരിക്കുന്നതിനും നിലവിൽ സംവിധാനമില്ല, ഉയർന്ന നിക്ഷേപം ആവശ്യമായതുകൊണ്ട് സ്വകാര്യ സംരംഭകരുമായി ചേർന്ന് ഇതിനായുള്ള പ്ലാന്റുകൾ സ്ഥാപിക്കണം, ഒപ്പം തന്നെ ഇതിനായുള്ള സംഭരണകേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സജീകരിക്കണം. വീടുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ബയോ മെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, വീടുകൾ, ഫാർമസികൾ എന്നിവയെ സംയോജിപ്പിച്ച് ശേഖരണ ശൃംഖല വിഭാവനം ചെയ്യണം. മറ്റു ഇതോടൊപ്പം സോളാർ, വാഹനങ്ങളിൽ ഉപയോഗിക്കുന്ന ബാറ്ററി, തുടങ്ങിയ പുതുതലമുറ മാലിന്യങ്ങൾക്കും സമാനമായി മേഖലകൾ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങൾ ആവശ്യമാണ്.

5. ഹരിത കർമ്മ സേനയുടെ വരുമാനം ഉറപ്പാക്കുന്നതിനും സേവന ഗുണനിലവാരം ഉയർത്തുന്നതിനും പ്രത്യേക ശ്രദ്ധ നൽകണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പൊതുജനങ്ങളുടെ മാലിന്യ സംസ്കരണവുമായി ബന്ധപെട്ട എല്ലാവിധ ആവശ്യങ്ങളും സംരംഭ രൂപേണ പരിഹരിക്കുന്ന ഗ്രീൻ ടെക്നോളജി സെന്ററുകളായി ഹരിത കർമ്മ സേനകളെ മാറ്റണം. ഹരിത കർമ്മ സേനയുടെ സംരംഭ സംവിധാനം ശക്തിപ്പെടുത്തി, ജില്ലാ-സംസ്ഥാനതലത്തിൽ ഫെഡറേഷനുകൾ രൂപീകരിച്ചു, ക്ലീൻ കേരളകമ്പനിയായി ചേർന്ന് പുനച്ചക്രമണ യുണിറ്റുകൾ തുടങ്ങുന്ന തലത്തിലേക്ക് പ്രവർത്തനം ഉയർത്തണം. ഇതിനായി കുടുംബശ്രീയിൽ ഹരിത കർമ്മ സേനക്കായി പ്രത്യേക ബിസിനസ് വികസന വിഭാഗവും ഹരിത കർമ്മസേനക്ക് വ്യക്തമായ സംരംഭ ഘടനയും ഉറപ്പാക്കണം. ഒപ്പംതന്നെ, അടുത്തകാലത്ത് തന്നെ ജൈവ മാലിന്യങ്ങൾ ശേഖരിക്കേണ്ട സാഹചര്യം ഉടലെടുക്കും, ഇതിനായി കുറഞ്ഞത് 5,000 എങ്കിലും പുതിയ ഹരിത കർമ്മസേനകളെ കണ്ടെത്തേണ്ടതായി വരും, ഇതിനാവശ്യമായ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

6. 2024 ലെ ജനസംഖ്യ പ്രകാരം, കേരളത്തിൽ സൃഷ്ടിക്കപ്പെടുന്ന മൊത്തം ദ്രവ മാലിന്യത്തിന്റെ അളവ് 3,999 MLD (നഗര പ്രദേശങ്ങളിൽ നിന്ന് 1018 MLD, ഗ്രാമപ്രദേശങ്ങളിൽ നിന്ന് 2,981 MLD) ആണ്. സംസ്ഥാനത്തിന്റെ സ്ട്രാറ്റജി, നഗര പ്രാദേശിക സ്ഥാപനങ്ങളിലെ (ULBs) core സാനിറ്റേഷൻ സോണുകളിൽ നെറ്റ്വർക്ക് അടിസ്ഥാനത്തിലുള്ള സീവെജ് മാലിന്യശുദ്ധീകരണ നിലയങ്ങൾ (STPS) സ്ഥാപിക്കുന്നതും,

core സാനിറ്റേഷൻ സോണുകളുടെ പുറത്തുള്ള പ്രദേശങ്ങളിലും ഗ്രാമപ്രദേശ ങ്ങളിലുംകക്കൂസ് മാലിന്യ ശുദ്ധീകരണ നിലയങ്ങൾ (FSTPS) സ്ഥാപിക്കുന്നതുമാണ്.

7. കാലാകാലങ്ങളിൽ ഉണ്ടാവുന്ന ദ്രവമാലിന്യം സംസ്കരിക്കുന്നതിനുള്ള വിടവ്പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ/പദ്ധതികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ നിലവിൽ എല്ലാ സംസ്കരണ പ്ലാന്റുകളിലെയും ശുദ്ധീകരിച്ച വെള്ളം പുനരുപയോഗം ചെയ്യുന്നുണ്ടെങ്കിലും, 2031 ഓടെ കുറഞ്ഞത് 30% പുനരുപയോഗം എന്ന ലക്ഷ്യം സാധ്യമാക്കണം. നഗരങ്ങളിലും ഗ്രാമങ്ങളിലും സൃഷ്ടിക്കപ്പെടുന്ന മലിനജലം മുഴുവനായും ഒരു വലിയ ശുദ്ധീകരണ പ്ലാന്റിലേക്ക് (STP) കൊണ്ടുപോയി സംസ്കരിക്കുന്നതിന് പകരം, ചെറിയ യൂണിറ്റുകളിലൂടേയോ പ്രാദേശികതലത്തിലോ മലിനജലം ശുദ്ധീകരിച്ച് വീണ്ടും പ്രയോജനപ്പെടുത്തുന്ന വികേന്ദ്രീകൃത സംവിധാനങ്ങളായ ബയോ-ഡൈജസ്റ്റർ, കൺസ്ട്രക്റ്റഡ് വെറ്റ്ലാൻഡ്സ്, മെബ്രെയിൻ ബയോ-റിയാക്ടറുകൾ, വികേന്ദ്രീകൃത ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാൻകുകൾ (FSTPs) എന്നിവയുടെ വ്യാപനത്തിലൂടെ മലിനജലം ഉത്പാദിപ്പിക്കുന്ന സ്ഥലത്തിനടുത്ത് തന്നെ അത് ശുദ്ധീകരിക്കുകയും പരമാവധി പുനരുപയോഗം നടത്തുകയും ചെയ്യണം.

8. മാലിന്യപരിപാലനം, പൊതുശുചിത്വം എന്നിവ സംബന്ധിച്ച മികച്ച ബോധ്യങ്ങൾ ഭാവിതലമുറയിലേക്ക് എത്തിക്കുന്നതിനുവേണ്ടി വിദ്യാലയ സിലബസിൽ മാലിന്യ സംസ്കരണവുമായി ബന്ധപെട്ട അടിസ്ഥാനതത്വങ്ങൾ, രീതിശാസ്ത്രം, പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി പുതുതലമുറയെ സജ്ജമാക്കണം. നിലവിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ മാലിന്യ സംസ്കരണം പഠനവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും വിദ്യാലയ അന്തരീക്ഷത്തിലെ സൗകര്യങ്ങളിൽ മാറ്റങ്ങൾവരുത്തിയും മാലിന്യപരിപാലനം കുട്ടികളുടെ ശീലത്തിന്റെ ഭാഗമാക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

9. മറ്റു വകുപ്പുകളുമായി ബന്ധപെട്ട സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനായി, എല്ലാ വകുപ്പുകളും ബജറ്റിൽ വിഹിതം മാറ്റി വയ്ക്കേണ്ടതാണ്. വകുപ്പുകളുമായി ബന്ധപെട്ട സ്ഥാപനങ്ങളിലെ കാലഹരണപ്പെട്ട മൂവബിൾ (Movable) ആസ്തികൾ ബന്ധപെട്ട ക്ലീൻ കേരള കമ്പനി പോലുള്ള ഏജൻസികൾക്ക് കൊടുത്തു ഒഴിവാക്കുന്നതിലെ സങ്കീർണ്ണതകൾ പരിഹരിക്കേണ്ടതാണ്. ഇത് സർക്കാർ ഓഫീസുകളിൽ മാലിന്യം കുന്നു കൂടുന്നതിന് കാരണമാകും. പോലീസ് സ്റ്റേഷനുകളോട് ചേർന്ന് കാണുന്ന ഡംമ്പിങ് യാർഡുകൾ ഇതിൽ പ്രധാനപെട്ടവയാണ്, ഇവ പലപ്പോഴും പൊതു ഇടങ്ങളിൽ മാലിന്യം സൃഷ്ടിക്കുന്നതിന് കാരണമാകുന്നു.

10. മാലിന്യസംസ്കരണ സംവിധാനങ്ങളുടെ ഡിജിറ്റൽവൽക്കരണമാണ് മറ്റൊരു ശ്രദ്ധ അർഹിക്കുന്ന മേഖല മാലിന്യത്തിന്റെ ഉൽപാദനം മുതൽ സംസ്കരണം വരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും ഡിജിറ്റൽവൽക്കരിച്ച്കൊണ്ട് ട്രാക്ക് ചെയ്യുവാനും മോണിട്ടർ ചെയ്യുവാനും സാധിക്കണം. ഇതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രത്യേക സംവിധാനമൊരുക്കണം, റിയൽ ടൈം ഡാറ്റകൾ ശേഖരിച്ചു അപഗ്രഥിച്ചു നയരൂപീകരണത്തിനും, തീരുമാനങ്ങൾ എടുക്കുന്നതിനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി നൽകണം

11. ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും ഈ വിഷയത്തിൽ ടെക്നിക്കൽ മേഖലകളിൽ പരിജ്ഞാനമുള്ള സഹായക സംവിധാനങ്ങളുടെ ആവശ്യകതയുണ്ട്. നിലവിൽ ഈ ജോലി നിർവഹിക്കുന്ന സംസ്ഥാന ശുചിത്വ മിഷൻ, KSWMP, IMPACT – Kerala, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, കില തുടങ്ങിയ സംവിധാനങ്ങളും ഈ പ്രവർത്തനങ്ങൾക്കായി രൂപപ്പെടുത്തേണ്ടതുണ്ട്. ശുചിത്വ മിഷനെ മാലിന്യ സംസ്കരണ മേഖലയിലെ മികച്ച ടെക്നിക്കൽ ഏജൻസിയായി ഉയർത്തുന്നതിന് ആവശ്യമായ മാനവവിഭവശേഷി, ടെക്നിക്കൽ വിഭാഗങ്ങൾ, വിദഗ്ധർ എന്നിവ ഉപയോഗിച്ച് വിപുലീകരണങ്ങൾ നടത്തേണ്ടതുണ്ട്. ക്ലീൻ കേരള കമ്പനിയുടെ ബിസിനസ് വിപുലീകരിക്കുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും പ്രായോഗിക ജ്ഞാനമുള്ള വിദഗ്ധരെ ഉൾകൊള്ളിച്ചുകൊണ്ട് സ്ഥാപന ഘടന പരിഷ്കരിക്കേണ്ടതുണ്ട്. ഹരിത കർമ്മ സേനയുടെ ബിസിനസ്, ബ്രണ്ടിങ് എന്നിവക്ക് ഊന്നൽ നൽകി കുടുംബശ്രീയിലും ഇവ കേന്ദ്രീകരിക്കുന്ന പ്രത്യേകമായ സംവിധാനം ഉണ്ടാകേണ്ടതുണ്ട്. മറ്റു സംവിധാനങ്ങളിലും മാലിന്യ സംസ്കരണ മേഖലയിലെ പൊതു സമീപനത്തിന് ഉതകുന്ന രീതിയുള്ള മാറ്റങ്ങൾ അനിവാര്യമാണ്

12. ഇതോടൊപ്പം മാലിന്യ സംസ്കരണ-പുന:ചക്രമണ മേഖലയിൽ ആധുനിക ടെക്നോളജികളും നിക്ഷേപങ്ങളും സാധ്യമാക്കുന്നതിനായി സർക്കാർ - സ്വകാര്യ പങ്കാളിത്തം വളർത്തേണ്ടതുണ്ട്. ഇതിനായി സംരംഭകർക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ, നികുതിയിളവുകൾ, സൗകര്യങ്ങൾ എന്നിവ നൽകുന്നത് ഈ മേഖലയിലെ ബിസിനസ്സ് വിപുലീകരണത്തിനു കാരണമാകും.

13. ഏതൊരു പ്രവർത്തനത്തിന്റെയും കാര്യക്ഷമത അളക്കേണ്ടത് കൃത്യമായ സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ്. തദേശസ്വയം ഭരണ സ്ഥാപന

ങ്ങളുടെ മികവ് നിർണ്ണയിക്കുന്ന രീതിയിൽ മാറ്റം പരിഗണിക്കേണ്ടതുണ്ട്. ഇതിനായി പൊതുജലാശയങ്ങളുടെ ശുചിത്വ നില, പൊതുയിടങ്ങളിലെ ദൃശ്യഭംഗി, ഉണ്ടാകുന്ന മാലിന്യത്തിൽ ശേഖരിച്ച് സംസ്കരിക്കുന്നതിന്റെ അളവ്, തുടങ്ങിയവ കൂടി പരിഗണിക്കണം.

14. പൊതുജലാശയങ്ങളിലേക്കുള്ള ഖരമാലിന്യത്തിന്റെ ഒഴുക്ക് തടയണമെങ്കിൽ ആ ജാലശയത്തിന്റെ പരിസരം, കൈവഴികൾ, പോഷക നദികൾ/കാനാലുകൾ എന്നിവിടങ്ങൾ അവയുടെ പരിസരം എന്നിവിടങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ജലാശയങ്ങളിലെ/ജലസ്രോതസ്സുകളിലെ BOD (Biological Oxygen Demand), E-Coli അളവ് എന്നിവ കുറയ്ക്കണമെങ്കിൽ അവയുടെ പരിസരങ്ങളിലെയും പോഷക നദികൾ,കനാലുകൾ എന്നിവയുടെ പരിസരങ്ങളിലെയും കക്കൂസ് മാലിന്യങ്ങൾ,മലിന ജലം എന്നിവ കൃത്യമായി സംസ്കരിക്കേണ്ടി വരും. ഒപ്പംതന്നെ ഈ ജലാശയങ്ങളിലേക്കുള്ള അനധികൃത അഴുക്കുചാലുകൾ എല്ലാം പൂർണ്ണമായും അടയ്ക്കണം. ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ ഈ ജലാശയങ്ങളിലെ ജലത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ.

15. ജലാശയങ്ങളുടെ മലിനീകരണം ഒഴിവാക്കുന്നതിനോടൊപ്പം നിലവിലെ മാലിന്യങ്ങൾ നീക്കം ചെയ്തു ജലാശയങ്ങളെ പൂർവസ്ഥിതിയിലേക്ക് വീണ്ടെടുക്കേണ്ടതുമുണ്ട്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന ഇനി ഞാൻ ഒഴുകട്ടെ, തെളിനീർ ഒഴുകും നവകേരളം തുടങ്ങിയ ക്യാമ്പയിനുകളുടെ ഭാഗമായി 2025 ജൂലൈ വരെ 51736 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തു. 10,163 കുളങ്ങൾ പുതിയതായി പണിയുകയോ വീണ്ടെടുക്കുകയോ ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോവുന്നതിനോടൊപ്പം കായലുകൾ വൃത്തിയാക്കുന്നത് യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കണം.

16. കടലിൽ എത്തിച്ചേരുന്നതും തള്ളുന്നതുമായ മാലിന്യമാണ് അടുത്തത്. കടലിലേക്ക് എത്തിച്ചേരുന്ന നദികളും അവയുടെ പോഷകനദികളും ശുചിയാകുന്നതോടെ കടലിലേക്ക് വരുന്ന മാലിന്യത്തിന്റെ ഒരു പ്രധാന ഭാഗം ഇല്ലാതാകും. എന്നാൽ തീരപ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലും ഖര, ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഉറപ്പാക്കിയാൽ മാത്രമേ കടലിലേക്ക് നേരിട്ട് മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. കടലിലേക്ക് എത്തിച്ചേർന്ന മാലിന്യം മത്സ്യബന്ധനത്തൊഴിലാളികൾ വഴി ശേഖരിക്കാൻ സാധിക്കുന്നതാണ്. ഇതിനായി ഫിഷറീസ് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് മത്സ്യബന്ധനത്തൊഴിലാളികൾ വഴി വലയിൽപ്പെടുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി നടത്തുന്ന ശുചിത്വസാഗരം പദ്ധതി വ്യാപിപ്പിക്കേണ്ടതും കൂടുതൽ ശക്തമാക്കേണ്ടതുമുണ്ട്

17. കേരളത്തിലെ മാലിന്യപരിപാലനം ക്ലൈമറ്റ് റെസീലിയൻസും പ്രകൃതി-സാമ്പത്തിക വിഭവങ്ങളുടെ സർക്കുലാരിറ്റി ഉറപ്പാക്കിയുമുള്ള സമീപനമാണ് വരും കാലത്തേക്ക് സ്വീകരിക്കേണ്ടത്.

# 3

# കുടിവെള്ളം

കേരളം ജലസമൃദ്ധമായ ഒരു നാടാണെന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. 44 നദികൾ, നിരവധി കായലുകൾ, ആയിരക്കണക്കിന് കുളങ്ങൾ, ലക്ഷക്കണക്കിന് കിണറുകൾ എന്നിവയാൽ സമ്പന്നമാണ് നമ്മുടെ സംസ്ഥാനം. എന്നാൽ, 'വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുമ്പോഴും ദാഹജലത്തിനായി വലയുന്നവർ' എന്ന വൈരുദ്ധ്യം കേരളീയ സമൂഹത്തിൽ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനം, നഗരവൽക്കരണം, ജലസ്രോതസ്സുകളുടെ മലിനീകരണം, അശാസ്ത്രീയമായ ജലവിനിയോഗം എന്നിവ കുടിവെള്ള ലഭ്യതയെ ഗൗരവമായി ബാധിക്കും.

സംസ്ഥാനത്തെ കുടിവെള്ള വിതരണ സംവിധാനങ്ങൾ, മലിനജല പരിപാലനം, ജലസ്രോതസ്സുകളുടെ സംരക്ഷണം എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് സുസ്ഥിരമായ ഒരു വികസന മാതൃക കെട്ടിപ്പടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

## I
## കേരളത്തിലെ ശുദ്ധജല ലഭ്യത - വസ്തുതകൾ

2025 ലെ സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് പ്രകാരം പ്രധാന ജലവിതരണ ഏജൻസി ആയ കേരള വാട്ടർ അതോറിറ്റി (KWA Kerala Water Authority) യുടെ നിയന്ത്രണത്തിലുള്ള 45.73 ലക്ഷം പൈപ്പ് കണക്ഷൻസുകളും 90,492 പൊതു ടാപ്പുകളും വഴി 2.58കോടി ജനങ്ങൾക്ക് ശുദ്ധജലം നൽകുന്നു. ഇത് കേരളത്തിലെ ജനസംഖ്യയുടെ കേരളത്തിലെ 69.31% വരും. (എക്കണോമിക് റിവ്യൂ 2025) ഈ കണക്ക് ജില്ലതിരിച്ചു നോക്കുമ്പോൾ ഏറ്റവും കുറവ് കവറേജ് കാസർഗോഡ് ജില്ലയിലും 39.82% കൂടുതൽ കവറേജ് എറണാകുളം ജില്ലയിലും 91.85% ആണ്.

എന്നാൽ ഇതിനു കടക വിരുദ്ധമായ ഒരു ചിത്രമാണ് 2011ലെ സെൻസസ് കണക്കുകൾ നൽകുന്നത്. സംസ്ഥാനത്തെ ആകെയുള്ള 77.10 ലക്ഷം കുടുംബങ്ങളിൽ 29.33% കുടുംബങ്ങൾ മാത്രമാണു പൈപ്പു വഴിയുള്ള ജലവിതരണ സൌകര്യം ലഭ്യമായുള്ളത്. 62% കുടുംബങ്ങൾ കിണറു വെള്ളത്തെയും ബാക്കിയുള്ളവർ കുഴൽക്കിണറുകൾ ഹാൻഡ് പമ്പുകൾ, ഉറവകൾ, തുടങ്ങി പലവിധ പ്രാദേശിക ജലസ്രോതസുകളെയും ആശ്രയിക്കുന്നു. ഗ്രാമ-നഗര പ്രദേശങ്ങളെ വേർതിരിച്ചു നോക്കിയാലും കിണറുകൾ തന്നെയാണ് കേരളത്തിലെ മുഖ്യ ഗാർഹിക ജലസ്രോതസ്. ഗ്രാമീണ മേഖലയിൽ 64.8% കുടുംബങ്ങൾ കിണറുകളെയും, 24.5% കുടുംബങ്ങൾ പൈപ്പ് വഴിയുള്ള ജലവിതരണത്തെയുംകുടിവെള്ളത്തിനായി ആശ്രയിക്കുന്നു. നഗരമേഖലയിലാകട്ടെ ഇത് യഥാക്രമം 58.95 വും 34.9% വുമാണ്.

സെൻസസ് കണക്കുകൾ 2011ലേതാണ് എന്ന വസ്തുത ഓർക്കണം. അതിനുശേഷം ഒട്ടേറെ കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും വാട്ടർ അതോറിറ്റിയുടെ അവകാശവാദം അതിരുകവിഞ്ഞതാണ് എന്ന വിമർശനം വ്യാപകമായിട്ടുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ "കേരള പഠനം 2.0" യുടെ ഭാഗമായി നടത്തിയ വിപുലമായ സാമ്പിൾ സർവ്വേകൾ ഈ വിമർശനത്തെ ശരിവയ്ക്കുന്നതാണ്. പട്ടിക 1 നോക്കുക.

**പട്ടിക 1**
**കുടിവെള്ള സ്രോതസുകൾ (%) 1987 - 2019**

| സ്രോതസ് | 1987 | 2004 | 2019 |
|---|---|---|---|
| സ്വന്തം കിണർ (വീട്ടിലെ പൈപ്പിലൂടെ അടക്കം) | 53.8 | 51.5 | 58.3 |
| പൈപ്പിലൂടെയുള്ള വിതരണം | 3.6 | 22.8 | 25.5 |
| പൊതുടാപ്പ് | 8.5 | 9.3 | 7.6 |
| സുരക്ഷിതമല്ലാത്ത സ്രോതസുകൾ | 34.1 | 16.3 | 8.7 |

ഉറവിടം: കരേള പഠനം 2.0

മേൽപ്പറഞ്ഞ പട്ടികയിലെ കണക്കുകൾ പ്രകാരം സ്വന്തം വീട്ടിലെ കുളം, കിണർ എന്നിവയിൽ നിന്ന് വെള്ളവും ലഭിക്കുന്നവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല. 2019 ലും ഏതാണ്ട് 60% ജനങ്ങൾക്ക് ഇങ്ങനെയാണ് ശുദ്ധജലം ലഭിച്ചിരുന്നത്. പൈപ്പിലൂടെയുള്ള പൊതുവിതരണം 1987 ൽ 12.1% ആയിരുന്നത്

2019 ൽ 33.1% ആയി ഉയർന്നിട്ടുണ്ട്. സുരക്ഷിത മല്ലാത്ത സ്രോതസ്സുകളിൽ നിന്ന് ജലമെടുക്കുന്നവ രുടെ ശതമാനം ഇതേ കാലയളവിൽ 34.1% ത്തിൽ നിന്ന് 8.7% ആയി കുറയുകയും ചെയ്തു. സുരക്ഷിത മല്ലാത്ത സ്രോതസ്സുകളിൽ നിന്ന് കുടിവെള്ളം എടു ക്കുന്നത് കൂടുതലും പാവപ്പെട്ടവരാണെന്നും ഇതേ പഠനം ചൂണ്ടിക്കാണിക്കുന്നു. ഇടത്തരക്കാരുടെയും ഉയർന്ന വരുമാനക്കാരുടെയും വീടുകളിൽ ഏതാണ്ട് 5% കുടുംബങ്ങളെ സുരക്ഷിതമല്ലാത്ത കുടിവെള്ള സ്രോതസുകൾ ആശ്രയിക്കുന്നുള്ളു.

എന്താണ് കണക്കുകളിൽ ഈ പൊരുത്തക്കേടിനു കാരണം? 2021 ലെ സെൻസസ് കഴിയുമ്പോൾ കൂടുതൽ വ്യക്തതയുണ്ടാവും. പക്ഷെ ഇപ്പോൾ തന്നെ എടുത്ത് പറയാവുന്ന ഒരു കാര്യമുണ്ട്.കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികളിൽ ഉത്പാ ദിപ്പിക്കപ്പെടുന്ന ശുദ്ധീകരിച്ച ജലത്തിന്റെ നഷ്ടം 25 ശതമാനമാണ്. ഇതിൽ ചോർച്ചയും മോഷണവും ഉൾപ്പെടും.

## II
## നിലവിലെ ജലവിതരണ സംവിധാനം

കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെയാണ് സംസ്ഥാനത്തെ കുടിവെള്ള വിതരണം നടക്കുന്നത്. 2025 മാർച്ച് മാസം വരെയുള്ള കേരള വാട്ടർ ആതോറിറ്റിയുടെ കണക്കുകൾ പ്രകാരം, കേരളത്തിൽ 43.48 ലക്ഷം (1,26,900 വഴിയോര ടാപ്പുകൾ ഉൾപ്പെടെ) കണക്ഷനുകൾ ഉണ്ട്. (ഇക്ക ണോമിക് റിവ്യൂ റിപ്പോർട്ടിന് ആധാരമായ 2024 നെ അപേക്ഷിച്ചു ശ്രദ്ധേയമായ വർദ്ധനവ് ടാപ്പുകളുടെ എണ്ണത്തിൽ ഉണ്ടായിട്ടുണ്ട്.) JJM, KIIFB, AMRUT തുടങ്ങിയ പദ്ധതികൾ ഗ്രാമീണ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഏകദേശം 4575.4 ദശലക്ഷം ലിറ്റർ (MLD) ശേഷിയുള്ള 261 ജലശുദ്ധീകരണ പ്ലാന്റു കളും 1,13,843 കിലോമീറ്റർ ദൈർഘ്യമുള്ള പൈപ്പ് ലൈനുകളും ഇന്ന് കേരളത്തിലുണ്ട്.

വാട്ടർ അതോറിറ്റി സ്കീമുകളെ ഗ്രാമീണ സ്കീമുകൾ എന്നും നഗര സ്കീമുകൾ എന്നും രണ്ടായി തിരിക്കാ റുണ്ട്. ജൽ ജീവൻ മിഷൻ (JJM), നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോഗ്രാം (NRDWP), അമൃത് (AMRUT) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും സ്റ്റേറ്റ് പ്ലാൻ, കിഫ്ബി (KIIFB), റീ ബിൽഡ് കേരള (RKI), നബാർഡ് എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ മുൻകൈയ്യി ലുള്ള കുടിവെള്ള പദ്ധതികളും വാട്ടർ അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്. 19700 കോടി രൂപയുടെ ഇന്ന് നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവ പൂർത്തീകരിക്കുമ്പോൾ ദിനംപ്രതി 1400 ദശലക്ഷം ലിറ്റർ വെള്ളം (1400 MLD) കൂടി ലഭ്യമാവും.

### ജല ജീവൻ മിഷൻ (JJM)

ഇന്ന് കേരളത്തിൽ നടപ്പാക്കപ്പെടുന്ന കുടിവെള്ള സ്കീം കേന്ദ്രാവിഷ്കൃത പദ്ധതിയായ ജല ജീവൻ മിഷൻ ആണ്. ഗ്രാമീണ ഇന്ത്യയിലെ മുഴുവൻ കുടും ബങ്ങൾക്കും പൈപ്പ് വഴി കുടിവെള്ളം എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം ഇതിന്റെ ചെലവിന്റെ 50% കേന്ദ്ര സർക്കാരും, 25% സംസ്ഥാന സർക്കാരും, 15% പഞ്ചായത്തും, 10% ഗുണഭോക്തൃ വിഹിതവും ആണ്. 2019 - 20 മുതൽ 2024 - 25 വരെയുള്ള കാലയളവിൽ 11629 കോടി രൂപ ഈ സ്കീമിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5864 കോടി രൂപ സംസ്ഥാനത്തിന്റെ ചെലവാണ് ഇതുവഴി 20.87 ലക്ഷം കുടുംബങ്ങൾക്ക് പൈപ്പ് വെള്ളം നൽകി.

കേന്ദ്ര അലോക്കേഷൻ പൂർണ്ണമായി വിനിയോഗി ക്കുന്നത് ലക്ഷ്യമിട്ട് പൈപ്പുകൾ ഇടുന്നതിനാണ് മുൻഗണന നൽകിയത്. സ്രോതസുകൾ ഉറപ്പുവരു ത്തുന്നതിനും, ആവശ്യമായ പമ്പുകളും ഓവർ ഹെഡ് ടാങ്കുകൾ പണിയുന്നതിനു കാലതാമസമുണ്ടായി. ഇത് മൂലം സൃഷ്ടിക്കപ്പെട്ട വിതരണ ശേഷി ഉപയോ ഗിക്കാനാവാത്ത സ്ഥിതിയുണ്ട്. വ്യാപകമായി ഗ്രാമീണ റോഡുകൾ അലങ്കോലപ്പെടുകയും ചെയ്തു.

2025 ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് പ്രകാരം ഗാർഹിക കണക്ഷനുകളുടെ എണ്ണം 43.71 ലക്ഷവും ഗാർഹികേതര കണക്ഷനുകളുടെ എണ്ണവും 1.99 ലക്ഷവും വ്യവസായ ബൾക്ക് കണക്ഷനുകൾ 2121 ഉം ആണ്.

### കിഫ്ബി (KIIFB)

കിഫ്ബിയുടെ സഹായത്തോടെ 5406 കോടി രൂപയുടെ 77 പ്രൊജക്ടുകളാണ് അനുവദിക്കപ്പെട്ടി ട്ടുള്ളത്. ഇതിൽ 66 പ്രൊജക്ടുകൾ പുതിയ പദ്ധതി കളാണ്. 27 എണ്ണം നിലവിലുള്ള പ്രൊജക്ടുകളുടെ പൈപ്പ് മാറ്റി ഇടുന്നതിനു വേണ്ടിയിട്ടാണ്. എന്നാൽ 1100 കോടി രൂപ മാത്രമേ ചെലവഴിച്ചു കഴിഞ്ഞിട്ടുള്ളൂ.

### അമൃത് (AMRUT - Atal Mission for Rejuvenation and Urban Transformation)

അമൃത് ഒന്നാം ഘട്ടത്തിൽ 1376 കോടിയുടെ 206 കുടിവെള്ള പദ്ധതികളും 246 കോടി രൂപയുടെ 110 സിവറേജ് പദ്ധതികളുമാണ് സാങ്ഷൻ ആയത്. 110 എണ്ണം പൂർത്തിയായി.

അമൃത് രണ്ടാം ഘട്ടത്തിന്റെ ലക്ഷ്യം എല്ലാ നഗര കുടുംബങ്ങൾക്കും കുടിവെള്ളവും 100% കുടിവെള്ള വും തിരഞ്ഞെടുക്കപ്പെട്ട 500 പട്ടണങ്ങളിൽ സമ്പൂർ ണ്ണ സെപ്റ്റേജ് ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. കേരള ത്തിന് 2500 കോടി രൂപ കുടിവെള്ളത്തിനും ഏതാണ്ട് 1000 കോടി രൂപ സെപ്റ്റേജിനും അനുവദിച്ചിട്ടുണ്ട്.

### തദ്ദേശഭരണ സ്ഥാപനങ്ങൾ

2025 ആഗസ്റ്റ് മാസം വരെ 3.45 ലക്ഷം ജനങ്ങൾ ക്കായുള്ള 200 കുടിവെള്ള പദ്ധതികൾ കേരള വാട്ടർ ആതോറിറ്റി പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയി ട്ടുണ്ട്. പരിപാലനക്ഷമത വർധിപ്പിക്കുന്നതിനായി ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഏതാണ്ട് 1285 സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറുന്ന

തിനു തീരുമാനിച്ചുവെങ്കിലും ഇത് വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാനായിട്ടില്ല. കറണ്ട് ചാർജിനത്തിൽ കൊടുത്തുതീർക്കാനുള്ള വലിയ തുക, ജല സ്രോതസ്സുകളുടെ ശേഷിക്കുറവ്, ഉയർന്ന വിതരണ നഷ്ടം, സ്കീമുകൾ പുനരുദ്ധരിക്കുന്നതിനു ആവശ്യമായ ഭാരിച്ച ചെലവ് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനാവാത്തതാണ് ഈ സ്കീമുകൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും കാര്യക്ഷ മമായി നടത്തുന്നതിനും വിഘാതം സൃഷ്ടിക്കുന്നത്. പ്രാദേശിക സർക്കാരുകൾ സ്വന്തമായി തുടങ്ങിയ കുടിവെള്ള സ്കീമുകളിലും പ്രവർത്തനവൈകല്യം കുറവല്ല സാങ്കേതിക മേന്മക്കുറവും, ആസൂത്രണത്തിലെ പിഴവും പ്രവർത്തി പരിപാലനത്തിന് വേണ്ടിവരുന്ന ഭാരിച്ച ചെലവും ഈ സ്കീമുകൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

### ജലനിധി

സർക്കാർ ഉടമസ്ഥതയിലുള്ള ജലവിതരണ പദ്ധതികളിൽ നിന്നു വ്യത്യസ്തമായി ജലവിതരണപദ്ധതികളുടെ ആസൂത്രണവും നിർവഹണവും നടത്തിപ്പും ഗുണഭോക്താക്കളുടെ ഉത്തരവാദിതത്തിലും നേതൃത്വത്തിലും നടത്തുന്നതിന് നിർദേശിക്കുന്ന ആവശ്യാധിഷ്ഠിത പദ്ധതി നടത്തിപ്പ് എന്ന സങ്കൽപ്പമായിരുന്നു ലോകബാങ്ക് ധനസഹായത്തോടെ രൂപീകരിച്ച ജലനിധി സ്കീം മുന്നോട്ടുവച്ചത്. എല്ലാവർക്കും ആവശ്യമായ തോതിൽ ശുദ്ധജലം ലഭ്യമാക്കുക എന്ന സാമൂഹിക ഉത്തരവാദിതത്തിൽ നിന്നുള്ള ഭരണകൂടത്തിന്റെ പിന്മാറ്റം എന്ന നിലക്ക് തുടക്കം മുതൽക്കെ തന്നെ ജലനിധി സ്കീം വിമർശന വിധേയമായിട്ടുണ്ട്.

അതേസമയം ജനകീയാസൂത്രണത്തിൻറെ ഭാഗമായി ഒളവണ്ണപോലുള്ള പഞ്ചായത്തുകൾ മുൻകൈയെടുത്തു നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ മാതൃകയിലാണ് ജലനിധി രൂപം കൊണ്ടിട്ടുള്ളത്, പക്ഷേ, ലോകബാങ്ക് ഒരു സുപ്രധാന ഭേദഗതി വരുത്തി. ഒളവണ്ണയിലും മറ്റും ആവർത്തനച്ചെലവുകൾക്ക് ഒരു ഭാഗം പഞ്ചായ ത്തിന്റെ ചുമതലയായിരുന്നെങ്കിൽ ലോകബാങ്ക് ഇതു പൂർണമായും ഉപഭോക്താവിൻറെ തലയിൽ കെട്ടിവെച്ചു. വിമർശനങ്ങൾ ശരിവയ്ക്കുന്ന ഉദാഹരണങ്ങൾ തുറന്നുകാട്ടിക്കൊണ്ട് ജലനിധി പദ്ധതികളുടെ നടത്തിപ്പിൽ പുനർവിചിന്തനം വിവിധ ജനകീയ സംഘടനകൾ ആവശ്യപ്പെടുന്നുണ്ട്.

ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി പദ്ധതി നടപ്പാക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണ് KRWSA (Kerala Rural Water Supply and Sanitation Agency). ഈ സ്കീമുകളുടെ കാര്യത്തിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളുണ്ട്. സ്രോതസ്സുകളിലെ ജലഗുണത ഉറപ്പാക്കാനാകുന്നില്ല എന്നതും, പല പദ്ധതിപ്രദേശങ്ങളിലെയും ജലസ്രോതസുകൾ വേനലിൽ വറ്റുന്നതും, ഭാരിച്ച പ്രവർത്തി പരിപാലനചെലവ്) ഗുണഭോക്താക്കൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും താങ്ങാനാവാരണ വരുന്നതുമാണ് ഇവയുടെ പ്രധാന പോരായ്മകളായി ചൂണ്ടിക്കാണിക്കുപ്പെടുന്നത്. സബ്സിഡിയുടെ കൈതാങ്ങില്ലാത്ത ജലനിധി ജലവിതരണത്തിൽ സാമ്പത്തികമായി പിന്നോ ക്കം നിൽക്കുന്നവർ തഴയപ്പെടുന്നതും സ്കീമുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ അതേസമയം ചിട്ടയായ പ്രവർത്തനവും ക്രിയാത്മകമായ ജനപങ്കാളിത്തവും കൊണ്ട് പഞ്ചായത്തുകൾ ഏറ്റെടുത്ത കേരള വാട്ടർ ആതോറിറ്റിയുടെ പദ്ധതികളും, KRWSA ജലനിധി പദ്ധതികളും നീർത്തട സംരക്ഷണ പദ്ധതികളും വിജയകരമായി നടത്തപ്പെടുന്നുവെന്നതും കാണേണ്ടതുണ്ട്.

മുൻകാലത്ത് നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ട്, എൽഐസി വായ്പ തുടങ്ങിയവയിൽ നിന്ന് ലഭിച്ചിരുന്ന വായ്പകളായിരുന്നു പ്രധാന സ്രോതസ്. എൽഐസി വായ്പകൾ ഇപ്പോൾ ഇല്ല. പ്രളയശേഷം രൂപം നൽകിയതാണ് റീ-ബിൽഡ് കേരള ഇൻഷ്യേറ്റിവ്. ജപ്പാൻ കുടിവെള്ള പദ്ധതികൾJAICA-യിൽ നിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ വൻകിട ജലവിതരണ പദ്ധതികളാണ്. ദീർഘകാലമായി നിർവ്വഹണം പൂർത്തിയാകാതെ പലതും ഇഴഞ്ഞുനീങ്ങിയ അനുഭവമാണ്.

## III
## കുടിവെള്ള മേഖലയിലെ വെല്ലുവിളികൾ

### ജലമലിനീകരണം

കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് ജലസ്രോതസ്സുകളുടെ ഗുണനിലവാര തകർച്ചയാണ്. ഖര-ദ്രാവക മാലിന്യ സംസ്കരണത്തിലെ അപാകതകൾ നേരിട്ട് ബാധിക്കുന്നത് നമ്മുടെ കുടിവെള്ളത്തെയാണ്

2018, 2019 വർഷങ്ങളിലെ പ്രളയങ്ങൾ കേരളത്തിലെ ജലസുരക്ഷയെക്കുറിച്ച് വലിയ പാഠങ്ങളാണ് നൽകിയത്. കോളിഫോം ബാക്ടീരിയ, മൈക്രോപ്ലാസ്റ്റിക് എന്നിവ മൂലമുള്ള മലിനീകരണം എന്നിവ കൂടുന്നു. വെള്ളപ്പൊക്ക സമയത്ത് ടോയ്ലറ്റ് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മലിനജലം കിണറുകളിലേക്കും കുടിവെള്ള സ്രോതസ്സുകളിലേക്കും കലരുന്നു. ഇത് കോളിഫോം ബാക്ടീരിയകളുടെ അളവ് അപകടകരമായ രീതിയിൽ വർധിക്കാൻ കാരണമാകുന്നു.

കേരളത്തിലെ ഭൂരിഭാഗം വീടുകളും ആശ്രയിക്കുന്നത് തുറന്ന കിണറുകളെയാണ്. കിണറ്റിലെ വെള്ളത്തിൽ ഇ കോളി ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. നമ്മളുടെ കുഴികക്കൂസിൽ നിന്നുള്ള മലിനജലം ഭൂഗർഭജലത്തിൽ വലിയതോതിൽ പടരുന്നത് കൊണ്ടാണ് ഈ പ്രതിഭാസം. കുഴി കക്കൂസുകളെ സെപ്റ്റിക് ടാങ്ക് കക്കൂസുകളായും, സെപ്റ്റിക് ടാങ്കിലെ അധിക മാലിന്യത്തെ സംസ്കരിക്കുന്നതിനുള്ള ശാസ്ത്രീയ സെപ്റ്റേജ് സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതും പ്രധാനമാണ്. ഇതിന്റെ അഭാവത്തിൽ ജലജന്യ രോഗങ്ങളായ എലിപ്പനി, കോളറ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ രോഗങ്ങൾ പടർന്നുപിടിക്കുന്നു. ശുദ്ധജല ദൗർലഭ്യം ജനങ്ങളെ മലിനജലം ഉപയോഗിക്കാൻ നിർബന്ധിതരാക്കുന്നതാണ് ഇതിന് കാരണം.

## ഖരമാലിന്യ ഭീഷണി

നദികളിലേക്കും തോട്ടിലേക്കും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തള്ളുന്നതാണ് നമ്മുടെ ജലാശയങ്ങളിലെ മലിനീകരണത്തിന്റെ മുഖ്യകാരണം. കുടിവെള്ള സുരക്ഷ ഉറപ്പാക്കാൻ നിലവിലുള്ള സ്രോതസ്സുകളെ സംരക്ഷിക്കുകയും ശുചീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ശുചിത്വം സംബന്ധിച്ച 22-ാം അദ്ധ്യായത്തിൽ ഖരമാലിന്യ വർദ്ധനയെക്കുറിച്ചും, പരിഹാര നിർദ്ദേശങ്ങളെ കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്.

പ്രളയശേഷവും മഴക്കാലത്തും കിണറുകളിൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ചുള്ള സൂപ്പർ ക്ലോറിനേഷൻ നിർബന്ധമാക്കണം. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കണം.

ജലവിതരണ പദ്ധതികളുടെ പമ്പ് ഹൗസുകൾ പലപ്പോഴും മലിനമായ സാഹചര്യങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പരിസരം ശുചിയാക്കുകയും, ആധുനിക ഫിൽട്രേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

## കുടിവെള്ളത്തിന്റെ ചോർച്ചയും നഷ്ടവും

ഉത്പാദിപ്പിക്കുന്ന കുടിവെള്ളത്തിന്റെ 25 ശതമാനം ചോർച്ചയും മോഷണവുംമൂലം നഷ്ടപ്പെടുന്നതായി സൂചിപ്പിച്ചുവല്ലോ. ചോർച്ചയുടെ പ്രധാന കാരണം കാലപ്പഴക്കംചെന്ന പൈപ്പുകളാണ്. അവ പൊട്ടിചോർന്നൊലിക്കുന്നത് സാധാരണമാണ്. പുതിയതായി സ്ഥാപിച്ച പൈപ്പുകൾപോലും പ്രഷർ താങ്ങാനാകാതെ പൊട്ടുന്ന സ്ഥിതിയുണ്ട്. ആലപ്പുഴ കുടിവെള്ള പദ്ധതി ഇതിന് ഉദാഹരണമാണ്.

ഇതിന്റെ മറ്റൊരു പ്രത്യാഘാതം വിതരണം ചെയ്യപ്പെടുന്ന വെള്ളം മലിനീകരണപ്പെടുന്നുവെന്നുള്ളതാണ്. പൊട്ടിയ പൈപ്പ് ലൈനിലൂടെ മലിനജലം കുടിവെള്ളവുമായി കലരുന്നു. വാൽവുകളിലൂടെയുള്ള ചോർച്ചയും ഗൗരവമാണ്. ഇത് എത്രമാത്രം ഗൗരവമാകാമെന്നുള്ളതിന് സമീപകാല ഉദാഹരണമാണ് ഇൻഡോറിൽ നാം കണ്ടത്. കുടിവെള്ളത്തിൽ മലിനജലം കലർന്നതിന്റെ ഫലമായി കുട്ടികളടക്കം 30-ലേറെ പേരാണ് മരണമടഞ്ഞത്. കേരളത്തിൽ ആരോഗ്യ സംവിധാനങ്ങൾ മെച്ചമായതുകൊണ്ട് മരണത്തിലേക്ക് എത്തില്ലെങ്കിലും ജനങ്ങളുടെ ആരോഗ്യത്തെ വളരെ ഹാനീകരമായി ബാധിക്കുമെന്ന് തീർച്ചയാണ്. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് കിഫ്ബി ധനസഹായത്തോടെ നഗര കുടിവെള്ള പദ്ധതികളുടെ പഴയ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് പ്രാധാന്യം നൽകിയത്.

ഇതിലുപരി ജലചോർച്ചയും മോഷണവും വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടം സൃഷ്ടിക്കുന്നു. 2023-24ൽ കിലോലിറ്ററിന് 24.82 രൂപ ചെലവിൽ ഉത്പാദിപ്പിക്കുന്ന ശുദ്ധജലമാണു വിതരണവേളയിൽ നഷ്ടമാകുന്നത്. ഏതാണ്ട് 400 കോടി രൂപയാണ് ഇതുവഴി പ്രതിവർഷം കേരള വാട്ടർ അതോറിറ്റിക്ക് നഷ്ടമാകുന്നത്.

കേരള വാട്ടർ അതോറിറ്റി 15000 ലിറ്റർ കുടിവെള്ളം പ്രതിമാസം 8.69 ലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യമായി നൽകുന്നുണ്ട്. ശരാശരി കിലോലിറ്ററിന് 19.8 രൂപ എന്ന നിരക്കിൽ വിതരണം ചെയ്യുന്നത്. ഓരോ ലിറ്റർ വെള്ളത്തിനും ഏതാണ്ട് 5 രൂപ വീതം സബ്സിഡിയുണ്ട്. ഇതെല്ലാംകൂടി ചേർത്ത് കേരള വാട്ടർ അതോറിറ്റി പ്രതിവർഷം നേരിടുന്ന നഷ്ടം 615 കോടി രൂപയാണത്രേ. സഞ്ചിത നഷ്ടം 6839 കോടി രൂപയും. ഈ നഷ്ടം കുറയ്ക്കുന്നതിനുള്ള കൃത്യമായ നടപടികൾ സ്വീകരിക്കാതെ കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം സുസ്ഥിരമാക്കാനാകില്ല.

## IV
## ഭാവിവികസന നിർദ്ദേശങ്ങൾ

ഒരു കാര്യം വളരെ വ്യക്തമാണ് - പണമോ പദ്ധതിയോ ഇല്ലാത്തതല്ല പ്രശ്നം. സമയബന്ധിതമായ നടത്തിപ്പാണ് കുടിവെള്ള മേഖലയിലെ വെല്ലുവിളി. ജലസ്രോതസ്സുകളുടെ പരിപാലനവും മലിനീകരണവും ചോർച്ചയുമില്ലാതെ വിതരണം ചെയ്യേണ്ടതും പ്രധാനമാണ്. അതുപോലെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തിൽ സമൂലമായ അഴിച്ചുപണി അനിവാര്യമാണ്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ഫലപ്രദമായ സഹകരണ ബന്ധങ്ങൾ സൃഷ്ടിക്കുകയും വേണം.

1. **അടിസ്ഥാന സൗകര്യ വികസനം:** 100% വീടുകളിലും കുടിവെള്ളം എത്തിക്കാൻ ജലജീവൻ മിഷനെയും അമൃതിനെയും ഉപയോഗപ്പെടുത്തണം. കാലഹരണപ്പെട്ട പൈപ്പ് ലൈനുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കണം. നിലവിലുള്ള പദ്ധതികൾ സോഷ്യൽ ഓഡിറ്റിനു വിധേയമാക്കി സമയബന്ധിതമായി തീർക്കുന്നതിന് ഒരു പരിപാടി തയ്യാറാക്കണം.
2. **ജലചോർച്ച തടയൽ:ലക്ഷ്യം:** ജലനഷ്ടം (NRW) 10 ശതമാനത്തിൽ താഴെ എത്തിക്കണം. ഇതിനായി സ്മാർട്ട് വാട്ടർ മീറ്ററുകളും പമ്പ് ഹൗസുകളുടെ ഓട്ടോമേഷനുംസൗരോർജ്ജജലവിതരണ പ്ലാന്റുകളുംഡിജിറ്റൽ ബില്ലിംഗും അനിവാര്യമാണ്. സമയബന്ധിതമായി പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് പരിപാടി തയ്യാറാക്കണം. ജലവിതരണ ശൃംഖലയിലെ ചോർച്ച കണ്ടെത്താൻ സെൻസറുകളും ഐ.ഒ.ടി (IoT) സംവിധാനങ്ങളും ഉപയോഗിക്കണം. ജലലഭ്യതയും വിതരണവും നിരീക്ഷിക്കാൻ കേന്ദ്രീകൃത ഡാഷ്ബോർഡുകൾ സ്ഥാപിക്കണം.
3. **ജലമലിനീകരണം:** ഖര-ദ്രവ മലിനീകരണങ്ങൾ തടയാൻ ബോധവത്കരണവും നിയമനിർമ്മാണവും കർശനമായ നിയമനിർവഹണവും വേണം. ജലസ്രോതസുകളുടെ ഗുണനിലവാര പരിശോധന ശാസ്ത്രീയമായി നടത്തുന്നതിനും അവ ശുദ്ധീകരിക്കാനുള്ള പ്രാഥമിക മാർഗങ്ങൾ കണ്ടെത്തുന്ന

തിനും ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സയൻസ് ലാബുകളുടെയും സഹായം ഉപയോഗിക്കണം.

ഉയർന്ന പരിശോധനക്കും, പരിഹാര നിർദേശങ്ങൾക്കും ജലഅതോറിറ്റി (KWA), സംസ്ഥാന ഭൂഗർഭ ജലവകുപ്പ് (GWD), ജലവിഭവ വികസന പരിപാലന കേന്ദ്രം (CWRDM) എന്നീ സ്ഥാപനങ്ങളുടെ ആധുനിക ലബോറട്ടറികൾ ഉപയോഗപ്പെടുത്താം. കേരള വാട്ടർ അതോറിറ്റിക്ക് കൊച്ചിയിൽ State Referal Instituteഉം 14 ജില്ലാ ലബോറട്ടറികളും 71 സബ് ഡിവിഷണൽ ലബോറട്ടറികളുമുണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ജലസ്രോതസുകളുടെ സംരക്ഷണ പരിപാലനപ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി സംവിധാനം ഉപയോഗിക്കപ്പെടണം.

പൊതുയിടങ്ങളിൽ വാട്ടർ എ.ടി.എമ്മുകൾ സ്ഥാപിക്കണം.

4. **കുടിവെള്ള പദ്ധതികൾക്ക് സോഷ്യൽ ഓഡിറ്റ്:** കേരളത്തിലെ കുടിവെള്ള പദ്ധതികളുടെ ഗുണനിലവാരം, ലഭ്യത, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയെല്ലാം സംബന്ധിച്ച് നിലവിലുള്ള കണക്കുകൾ പരസ്പരവിരുദ്ധമാണെന്നു കാണാം. ഇന്നു നിലവിലുള്ള സ്ഥിതി വിശദവും കൃത്യമായും അറിഞ്ഞുകൊണ്ടുമാത്രമേ പരിഹാരനടപടികൾ സ്വീകരിക്കാനാവൂ. വലിപ്പച്ചെറുപ്പ വ്യത്യാസമില്ലാതെ എല്ലാ കുടിവെള്ള പദ്ധതികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണം.

   ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ഒരു കർമ്മ പരിപാടി ഓരോ കുടിവെള്ള പദ്ധതിക്കും ഉണ്ടാകണം. അതിൻറെ അടിസ്ഥാനത്തിൽ ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനും ആവശ്യമായ ശുദ്ധീകരണം ഉറപ്പുവരുത്തുന്നതിനും കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റുന്നതിനും ആവശ്യമുള്ളിടത്തേയ്ക്ക് വിതരണം നീട്ടുന്നതിനും പദ്ധതി തയ്യാറാക്കണം. അഞ്ചുവർഷം കൊണ്ട് ഈ കർമ്മ പരിപാടി നടപ്പാക്കുന്ന ചുമതല തദ്ദേശ ഭരണസ്ഥാപനങ്ങളും സർക്കാരും ഏറ്റെടുക്കണം. നാശോന്മുഖമായിക്കിടക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് ഗ്രാമീണ റോഡുകളുടെ കാര്യത്തിലെന്നപോലെ ആവശ്യമെങ്കിൽ ഒരു ഒറ്റത്തവണ പുനരുദ്ധാരണ സ്കീമിന് രൂപം നൽകാം. ഫ്ലൂറൈഡ് മാലിന്യം പോലുള്ള പ്രശ്നങ്ങൾ ഉള്ള സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാൻറുകൾ സ്ഥാപിക്കേണ്ടതാണ്.

5. **കിണറുകളും മറ്റു സ്രോതസുകളും സംരക്ഷണം:** കേരളത്തിൽ ഇപ്പോഴും ഗണ്യമായ വീടുകളിൽ കിണർ വെള്ളമാണ് ഉപയോഗിക്കുന്നത്. കേരളത്തിലെ കിണറുകളും കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന കുളങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനും മഴക്കാലത്ത് റീചാർജു ചെയ്യുന്നതിനും കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കർമ്മ പരിപാടി തയ്യാറാക്കണം.

6. **തദ്ദേശ ഭരണ സ്ഥാപനങ്ങളും ജലപരിപാലനവും:** ജലസംരക്ഷണവും ജലവിനിയോഗവും കൂടുതൽ കാര്യക്ഷമമാക്കാനുള്ള ഒട്ടേറെ മാർഗങ്ങൾ വിജയകരമായി പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമത നൽകുന്നതിനായി വിജയകരമായ ഇത്തരം പദ്ധതികൾക്ക് വേണ്ടത്ര മുൻഗണനയും ദൃശ്യതയും നൽകുന്ന പ്രചാരണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും അവയിലൂടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.സർക്കാരും തദ്ദേശ ഭരണ സ്ഥാപനങ്ങളും ജലവിതരണ ഏജൻസികളും റെഗുലേറ്ററി അതോറിറ്റിയും ഗുണഭോക്താക്കളായ ജനങ്ങളും ഒന്നിച്ചും പരസ്പരപൂരകമായും പ്രവർത്തിക്കുന്ന സംവിധാനമാണ് പ്രാദേശിക സർക്കാരുകൾ രൂപീകരിക്കേണ്ടത്.

   ഇതിന് സഹായകമായി, ജലമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉചിതമായി യോജിപ്പിച്ചുകൊണ്ടും അവയെ ത്രിതല പഞ്ചായത്തുകളുമായി നിയമപരമായി ബന്ധപ്പെടുത്തിയും ജനങ്ങളുടെ പ്രാഥമിക അവകാശമായ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുന്ന, കുടിവെള്ള സുരക്ഷ എന്ന പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനാണ് സർക്കാർ തലത്തിൽ പ്രാമുഖ്യം നല്കേണ്ടത്.

7. **മഴവെള്ളം:** വർഷത്തിൽ 3000 മില്ലീമീറ്റർ മഴ ലഭിക്കുന്ന കേരളത്തിൽ, മഴവെള്ള സംഭരണം ഒരു സംസ്കാരമായി മാറണം. വീടുകളിൽ വീഴുന്ന മഴവെള്ളം കിണറുകളിലേക്ക് തിരിച്ചുവിട്ട് ഭൂഗർഭജലം പോഷിപ്പിക്കണം (Well Recharge). ഇത് വേനൽക്കാലത്തെ ജലക്ഷാമത്തിന് വലിയൊരു പരിഹാരമാണ്.

8. വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ പൂർണ്ണ സഹകരത്തോടുകൂടിയേ കുടിവെള്ള വിതരണ മേഖലയെ നവീകരിക്കാനാകൂ. ഇതിന് ആരോഗ്യകരമായ തൊഴിൽബന്ധങ്ങൾ ഉറപ്പുവരുത്തണം. സാമൂഹ്യപ്രതിബദ്ധതയോടെ ജലസുരക്ഷാ ദൗത്യം ഏറ്റെടുക്കുന്നതിന് ജീവനക്കാർ അണിനിരക്കുകയും വേണം.

“ഇനിയൊരു യുദ്ധം നടക്കുന്നുവെങ്കിൽ അത് ജലത്തിന് വേണ്ടിയായിരിക്കും” എന്ന പഴയ ചൊല്ല് യാഥാർത്ഥ്യമാകുന്ന കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ, ശരിയായ ആസൂത്രണത്തിലൂടെയും ജനകീയ കൂട്ടായ്മയിലൂടെയും കേരളത്തിന് ഈ ദുരന്തത്തെ ഒഴിവാക്കാൻ സാധിക്കും. കുടിവെള്ളം ഒരു ഉൽപ്പന്നമല്ല, മറിച്ച് മനുഷ്യാവകാശമാണെന്ന തിരിച്ചറിവാണ് പ്രധാനം.

നമ്മുടെ നദികളെ വീണ്ടെടുത്തും, മഴവെള്ളം മണ്ണിലിറക്കിയും, ശാസ്ത്രീയമായ വിതരണ ശൃംഖലകൾ നിർമ്മിച്ചും മുന്നോട്ട് പോയാൽ, കേരളത്തെ ലോകത്തിലെ തന്നെ മികച്ച ‘ജലസുരക്ഷാ മാതൃക’ (Water Secure State) ആക്കി മാറ്റാൻ നമുക്ക് സാധിക്കും.

# 4

# കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞം

ഇന്ത്യ സ്വതന്ത്രമാകുമ്പോൾ ജനസംഖ്യയുടെ ഏതാണ്ട് 80 ശതമാനം, അതായത്, മൊത്തം 25 കോടിയിലധികം ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയായിരുന്നു. സ്വാതന്ത്ര്യാനന്തരം ദാരിദ്ര്യം കുറയാൻ തുടങ്ങിയെങ്കിലും ഏതാണ്ട് അതേ കാലയളവിൽ സ്വാതന്ത്രം കൈവരിച്ച മറ്റ് ഏഷ്യൻ രാജ്യങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ ദരിദ്രരുടെ എണ്ണം കുറയ്ക്കുന്നതിൽ ഇന്ത്യയുടെ പ്രകടനം മറ്റു രാജ്യങ്ങളേക്കാൾ താഴ്ന്നതായിരുന്നുവെന്ന വസ്തുത പരക്കെ ശ്രദ്ധിക്കപ്പെട്ടു. ദാരിദ്രം ആയിരുന്നു ഏറ്റവും വലിയ ജീവിത യാഥാർഥ്യം. അതുകൊണ്ടാണ് 1971 ൽ "ഗരീബി ഹഡാവോ" എന്ന മുദ്രാവാക്യത്തിന് വലിയ സ്വീകാര്യത ലഭിച്ചത്.

കേരളവും അക്കാലത്ത് ഇന്ത്യയിലെ മറ്റേതു സംസ്ഥാനവും പോലെയായിരുന്നു ദാരിദ്ര്യത്തിന്റെ കാര്യത്തിൽ. എന്നാൽ അതിനുശേഷം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അതിവേഗത്തിൽ ദാരിദ്ര്യം ലഘൂകരിക്കാൻ കേരളത്തിന് കഴിഞ്ഞു. അതിപ്പോൾ അതിദാരിദ്ര നിർമ്മാർജ്ജനത്തിലൂടെ ആഗോളശ്രദ്ധയിൽ വന്നിരിക്കുകയാണ്. മൂന്ന് ചോദ്യങ്ങൾക്കാണ് ഈ അധ്യായത്തിൽ ഉത്തരം പറയാൻ ശ്രമിക്കുന്നത്. ഒന്ന്, കേരളം ദാരിദ്ര ലഘൂകരണത്തിൽ വിജയിച്ചതെങ്ങിനെ? രണ്ട്, അതിദരിദ്ര്യം ഇല്ലാതാക്കിയതെങ്ങിനെ? മൂന്ന്, ഇനിയെന്ത്?

## I
## ഇന്ത്യയിലെയും കേരളത്തിലെയും ദാരിദ്ര്യലഘൂകരണത്തിന്റെ താരതമ്യം

നാഷണൽ സാമ്പിൾ സർവേയുടെ കണക്കുകൾ രാജ്യത്തും കേരളത്തിലും ഉണ്ടായ ദാരിദ്ര്യത്തിന്റെ ഇടിവിനെ ചരിത്രപരമായി വിലയിരുത്താൻ നമ്മെ സഹായിക്കുന്നു. പട്ടിക 1-ൽ 1973-74ലെ ദാരിദ്ര്യ നിരക്കുകൾ ശ്രദ്ധിക്കാം: കേരളത്തിലെ അന്നത്തെ ദാരിദ്ര്യനിരക്ക് ഏകദേശം 59 ശതമാനമായിരുന്നു. ഇത് അഖിലേന്ത്യാ ശരാശരിയായ ഏകദേശം 55 ശതമാനത്തെക്കാൾ ഉയർന്നതായിരുന്നു. മാത്രമല്ല ഗുജറാത്ത്, ഹരിയാന, കർണാടകം, മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ദാരിദ്ര്യ നിരക്ക് അന്ന് കേരളത്തിലുണ്ടായിരുന്നു. യഥാർത്ഥത്തിൽ, കേരളത്തിന്റെ ദാരിദ്ര്യ നിരക്ക് ബീഹാറിന് അടുത്താണ് കിടന്നിരുന്നത് എന്നു പറയുന്നതാവും കൂടുതൽ ശരി.

**പട്ടിക 1**
**ഇന്ത്യയിലെയും കേരളത്തിലെയും ദാരിദ്ര്യ നിരക്കിന്റെ താരതമ്യം (1973-74 – 2022-23)**

| വർഷം | കേരളം | ഇന്ത്യ |
|---|---|---|
| 1973-74 | 58.8 | 54.9 |
| 1977-78 | 52.2 | 51.3 |
| 1983 | 40.4 | 44.5 |
| 1987-88 | 31.8 | 38.9 |
| 1993-94 | 25.4 | 36.0 |
| 1999-00 | 12.7 | 26.1 |
| 2004-05 | 19.7 | 37.2 |
| 2009-10 | 12 | 29.8 |
| 2011-12 | 7.1 | 21.9 |
| 2022-23 | 1.3 | 4.9 |

സോഴ്സ്: ഡോ. ആർ. രാംകുമാർ, ചിന്ത, 2025 ഒക്ടോബർ 31

അടുത്ത വട്ടം സർവ്വേ നടന്ന 1977-78ൽ സ്ഥിതി അല്പം മെച്ചപ്പെട്ടുവെങ്കിലും അഖിലേന്ത്യാ ശരാശരിയെക്കാളും, എന്തിന് ഉത്തർപ്രദേശിലെ ദാരിദ്ര്യ നിരക്കിനെക്കാളും, ഉയർന്നു തന്നെ നിന്നു കേരളത്തിലെ ദാരിദ്ര്യ നിരക്ക്. ഇതിനുശേഷമാണ് കേരളം ദാരിദ്ര്യ നിരക്കിന്റെ കുറവിൽ അതിന്റെ ഉജ്ജ്വലമായ മുന്നേറ്റമാരംഭിച്ചത്.

1983-ഓടുകൂടി ദാരിദ്ര്യ നിരക്ക് 40 ശതമാനത്തിലേക്ക് താഴുകയും 1999-2000 ആകുമ്പോഴേക്കും ദാരിദ്ര്യ നിരക്ക് വെറും 13 ശതമാനമായി കുറയുകയും ചെയ്തു. 2011-12 ആയപ്പോഴേക്ക് ദാരിദ്ര്യ നിരക്ക് വെറും 7 ശതമാനത്തിലേക്ക് ചുരുങ്ങി. ഇന്ത്യയിലെ മറ്റൊരു

സംസ്ഥാനത്തിലും ഈ 30 വർഷങ്ങൾക്കുള്ളിൽ ഇത്രയും വലിയതോതിൽ ദാരിദ്ര്യ നിരക്കിലെ കുറവ് അനുഭവപ്പെട്ടിട്ടില്ല. അഖിലേന്ത്യാ ശരാശരിക്ക് മുകളിൽ നിന്ന ദാരിദ്ര്യ നിരക്കിനെ വെറും മൂന്നു ദശകങ്ങൾ കൊണ്ട് അഖിലേന്ത്യാ ശരാശരിയുടെ പകുതിയിൽ താഴെയാക്കിക്കൊണ്ടുവരാൻ കഴിഞ്ഞത് സാമൂഹ്യ മേഖലയിലെ ഒരു ലോകോത്തര നേട്ടമായിത്തന്നെ പരിഗണിക്കപ്പെടേണ്ടതാണ്.

## ദാരിദ്ര്യരേഖയുടെ വ്യത്യസ്ത നിർവചനങ്ങൾ

കണക്കുകൾ താരതമ്യപ്പെടുത്തുമ്പോൾ ഒരുകാര്യം ജാഗ്രതപ്പെടുത്തേണ്ടതുണ്ട്. 2011-12-നെ അതിനു മുമ്പുള്ള വർഷങ്ങളോട് പൂർണ്ണമായി താരതമ്യപ്പെടുത്താൻ കഴിയുന്നവയല്ല. കാരണം, ദാരിദ്ര്യരേഖയുടെ നിർവചനത്തിൽ ഒരു പ്രധാന മാറ്റം വരുത്തി. 1973-74-ലെ എൻഎസ്എസ് സർവ്വേയിൽ ദാരിദ്ര്യരേഖ നിർവചിച്ചത് വി.എം. ദണ്ഡേക്കർ, ഡോ നീലകണ്ഠ രഥ് എന്നിവരുടെ നിർവചനപ്രകാരമായിരുന്നു.

അവരുടെ അഭിപ്രായത്തിൽ ഇന്ത്യയിൽ ഒരാൾക്ക് ഒരു ദിവസം വേണ്ടത് 2,250 കിലോ കലോറി ലഭിക്കുന്ന ഭക്ഷ്യവിഭവങ്ങൾ ആണ്. ഈ 2,250 കിലോ കലോറിക്കുള്ള ഭക്ഷ്യവിഭവങ്ങൾ വാങ്ങാനുള്ള ഏകദേശ തുക എത്രയെന്ന് കണക്കാക്കുകയും അതിൽ താഴെ വരുമാനമുള്ള ജനസംഖ്യയെ ദരിദ്രരായി കണക്കാക്കുകയുമായിരുന്നു അവരുടെ രീതി. അങ്ങനെ അവർ ഒരാൾക്ക് ഒരു വർഷം ആവശ്യമായ തുക 1960-61ലെ വിലകളുടെ അടിസ്ഥാനത്തിൽ ഏകദേശം 180 രൂപ എന്ന് കണക്കാക്കി (അഥവാ പ്രതിമാസം 15 രൂപ). ഇതായിരുന്നു ദണ്ഡേക്കറുടെയും രഥിന്റെയും ദാരിദ്ര്യരേഖ.

പിന്നീട് 1979ൽ ഈ നിർവചനം കുറച്ചു പരിഷ്കരിച്ചു. ഗ്രാമീണ മേഖലയ്ക്കും നഗര മേഖലയ്ക്കും പ്രത്യേകമായി കലോറികളുടെ ആവശ്യം കണക്കാക്കി. ഗ്രാമീണ മേഖലയിൽ താമസിക്കുന്നവർക്ക് പ്രതിദിനം 2,400 കിലോ കലോറിയും നഗര മേഖലയിൽ താമസിക്കുന്നവർക്ക് പ്രതിദിനം 2,100 കിലോ കലോറിയും വേണം. അങ്ങനെ 1973-74ലെ വിലയനുസരിച്ച് ഗ്രാമീണ മേഖലയിൽ ഒരാൾക്ക് ഒരു മാസം –49.09രൂപയും നഗരമേഖലയിൽ ഒരാൾക്ക് ഒരു മാസം –56.64രൂപയും ആവശ്യം വരും. അന്നുമുതൽ ഗ്രാമീണ-നഗര മേഖലകളിലെ പുതിയ ഔദ്യോഗിക ദാരിദ്ര്യ രേഖകൾ ഈ തുകകളായി.

എന്നാൽ 2011-12-ൽ പ്രൊഫ. ടെണ്ടുൽക്കർ ദാരിദ്ര്യരേഖ നിർവചിക്കുന്നതിനുള്ള തുക കിലോ കലോറിയുമായി ബന്ധപ്പെടുത്തി നിർവചിക്കുന്നത് അവസാനിപ്പിച്ചു. അതിനു പകരം ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ മുമ്പുണ്ടായിരുന്ന തുകയെ വർദ്ധിപ്പിക്കുന്നരീതി അവലംബിച്ചു. 2022-23-ൽ ദാരിദ്ര്യരേഖ കണക്ക് കൂട്ടിയപ്പോഴും ഇതേരീതിയാണ് അവലംബിച്ചത്. പ്രൊഫ. പ്രഭാത് പട്നായികും ഉത്സാ പട്നായികും ഈ രീതിയുടെ വലിയ വിമർശകരാണ്. പണ്ടത്തേതുപോലെ കിലോ കലോറിയുമായി ബന്ധപ്പെടുത്തി ഓരോ പ്രാവശ്യവും ദാരിദ്ര്യരേഖ കണക്ക് കൂട്ടുകയാണെങ്കിൽ യഥാർത്ഥത്തിൽ ദരിദ്രരുടെ എണ്ണം ഗണ്യമായി ഉയരുമെന്ന് അവർ തെളിയിച്ചു.

ഏതായാലും പട്ടിക 1-ൽ 2022-23-ലെ ദാരിദ്ര്യത്തിന്റെ കണക്ക് പരിശോധിക്കുമ്പോൾ വിചിത്രമായ ചിത്രമാണ് തെളിയുന്നത്. ബീഹാറിലെ ദാരിദ്ര്യ നിരക്ക് 5 ശതമാനവും ഒഡീഷയിലേത് 4.5 ശതമാനവും മദ്ധ്യപ്രദേശിലേത് 5.5 ശതമാനവുമാണ്. കേരളത്തിലാവട്ടെ അത് 1.3 ശതമാനവും. ദാരിദ്ര്യ നിരക്ക് ഏറ്റവും കുറഞ്ഞു നിൽക്കുന്ന സംസ്ഥാനങ്ങളിൽ കേരളവും ഉണ്ടെങ്കിലും കേരളത്തേക്കാൾ കുറവാണ് ഹിമാചൽ പ്രദേശത്തിലെയും തമിഴ് നാട്ടിലെയും ദാരിദ്ര്യ നിരക്ക്. ഇത് അസംബന്ധമാണെന്നാണ് ഒട്ടുമിക്ക പണ്ഡിതരും അഭിപ്രായപ്പെടുന്നത്.

ഇതിനോടൊപ്പം ഒരു കാര്യവുംകൂടി പറയേണ്ടതുണ്ട്. 2018-19-ൽ എൻഎസ്എസിന്റെ പുതിയ റൗണ്ട് സർവ്വേയുടെ ഫലങ്ങൾ പ്രസിദ്ധീകരിക്കേണ്ടതായിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ അത് ചെയ്തില്ല. കാരണം, ആ വർഷത്തെ കണക്കുകൾ ഇന്ത്യയിലെ ഉപഭോഗം കുറഞ്ഞതായിട്ടാണ് രേഖപ്പെടുത്തിയത്. അതുകൊണ്ട് ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ളവരുടെ എണ്ണം ഗണ്യമായിട്ട് ഉയരുന്ന സ്ഥിതിയുണ്ടായി. ഇത് മറച്ചുവയ്ക്കുന്നതിനുവേണ്ടി 2018-19-ലെ സർവ്വേ പ്രസിദ്ധീകരിക്കുകയേ വേണ്ടെന്ന് അവർ തീരുമാനിച്ചു. എന്നു മാത്രമല്ല, പഴയരീതി പ്രകാരമുള്ള ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ളവരുടെ എണ്ണം കണക്കാക്കുന്ന രീതിയേ ഉപേക്ഷിച്ചു. അതിനു പകരം ബഹുമുഖ ദാരിദ്ര്യ സൂചിക പ്രകാരമുള്ള ദരിദ്രരുടെ എണ്ണമായിത്തീർന്നു ഔദ്യോഗിക കണക്ക്.

## ബഹുമുഖ ദരിദ്ര്യ സൂചിക

ബഹുമുഖ ദാരിദ്ര്യ സൂചികയിൽ ദാരിദ്ര്യം അളക്കുന്നത് വരുമാനത്തിന്റെയോ ഉപഭോഗത്തിന്റെയോ അടിസ്ഥാനത്തിൽ അല്ല. വരുമാനം ഉപയോഗിക്കുന്നത് ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, വസ്ത്രം തുടങ്ങിയിട്ടുള്ള സാമഗ്രികൾക്കും സേവനങ്ങൾക്കും വേണ്ടിയാണല്ലോ. ഇവ തൃപ്തികരമായ നിലവാരത്തിൽ ഇല്ലാത്തവരാണ് ദരിദ്രർ. ഇങ്ങനെ കണക്ക് കൂട്ടുന്നതിന്റെ രീതി സമ്പ്രദായം അന്തർദേശീയമായി യുഎൻഡിപി പോലുള്ള സംഘടനകളാണ് വികസിപ്പിച്ചത്. ഇന്ത്യയിൽ നീതി ആയോഗാണ് ഇതിന്റെ കണക്ക് കൂട്ടുന്നത്. ഇതിന് ആധാരമായ കണക്കുകൾ ശേഖരിക്കുന്നത് നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേ എന്ന സാമ്പിൾ സർവ്വേ വഴിയാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും ദാരിദ്ര്യ നിരക്കിലുള്ള താരതമ്യം പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2**
**ബഹുമുഖ ദാരിദ്ര്യസൂചികയുടെ അടിസ്ഥാനത്തിലുള്ള ദാരിദ്ര്യ നിരക്കുകൾ**
**(2005-06 – 2022-23)**

| വർഷം | കേരളം | ഇന്ത്യ |
|---|---|---|
| 2005-06 | 12.31 | 55.34 |
| 2015-16 | 0.70 | 24.85 |
| 2019-21 | 0.55 | 14.96 |
| 2022-23 | 0.48 | 11.28 |

സോഴ്സ്: ഡോ. ആർ. രാംകുമാർ, ചിന്ത, 2025 ഒക്ടോബർ 31

കേരളത്തിന്റെ പ്രകടനം ബഹുമുഖ ദാരിദ്ര്യ സൂചികകളുടെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ചതും ഏറ്റവും ഉജ്വലമായ പുരോഗതിയുടെയും ഉദാഹരണമായി നിൽക്കുന്നു. ജനസംഖ്യയിലെ 0.48 ശതമാനം മാത്രമാണ് ഇതനുസരിച്ച് കേരളത്തിലെ ദരിദ്രരുടെ വിഹിതം. തമിഴ്നാട്ടിലും ഹിമാചൽ പ്രദേശിലുമൊക്കെ കേരളത്തേക്കാൾ ദാരിദ്ര്യനിരക്ക് കൂടുതലായി തന്നെയാണ് നിൽക്കുന്നത്. മാത്രമല്ല ബീഹാർ, ഉത്തർപ്രദേശ്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ദാരിദ്ര്യ നിരക്ക് അവിശ്വസനീയമായ രീതിയിൽ താഴ്ന്നു നിൽക്കുകയോ കുറയുകയോ ചെയ്യുന്നില്ല. പക്ഷേ ഇവിടെയും ഗൗരവമായ രീതിശാസ്ത്ര പ്രശ്നങ്ങളുണ്ട്. ബഹുമുഖ സൂചിക പ്രകാരം ദാരിദ്ര്യ നിരക്ക് കുറയുമെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന മൊബൈൽ ഫോണിന്റെ ഉപയോഗം തുടങ്ങിയിട്ടുള്ള പലതും സൂചിക സൃഷ്ടിക്കുന്നതിൽ തിരികെ കയറ്റിയിട്ടുണ്ട്. അപ്പോൾ നമുക്ക് ആദ്യ ചോദ്യത്തിലേക്ക് പോകാം. എന്താണ് കേരളത്തിന്റെ ദാരിദ്ര്യ ലഘൂകരണ വിജയത്തിന്റെ പിന്നിലെ ഘടകങ്ങൾ?

## II
## ദാരിദ്ര്യ ലഘൂകരണത്തിന്റെ വികസന തന്ത്രം

സ്വാതന്ത്ര്യത്തിന്റെ ആദ്യദശകങ്ങളിൽ ദരിദ്രരുടെ എണ്ണം കുറഞ്ഞില്ലായെന്നു പറഞ്ഞുവല്ലോ. അതിന്റെ മുഖ്യകാരണം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വേണ്ടി പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചില്ലായെന്നുള്ളതാണ്. ദാരിദ്ര്യ നിർമാർജനത്തിന് പ്രത്യേകമായ ഇടപെടലുകൾ വേണ്ട എന്നും, ത്വരിതമായ വ്യവസായവൽക്കരണം വഴി യുണ്ടാകുന്ന സാമ്പത്തിക വളർച്ച സൃഷ്ടിക്കുന്ന തൊഴിലുകളുടെ ഉത്പാദനം ദാരിദ്ര്യത്തെ സ്വയം നിർമാർജനം ചെയ്തുകൊള്ളും എന്നതുമായിരുന്നു ആ അനുമാനം. ഇത്തരത്തിൽ, മുഖ്യധാരാ വലതുപക്ഷ സാമ്പത്തിക ശാസ്ത്രജ്ഞർ മുന്നോട്ടുവച്ചിരുന്ന “ട്രിക്കിൾ ഡൗൺ' (കിനിഞ്ഞിറങ്ങൽ) സിദ്ധാന്തമായിരുന്നു ഇന്ത്യയിലെ ആദ്യ പഞ്ചവത്സര പദ്ധതികൾ പിന്തുടർന്നത്. അതായത്, സാമ്പത്തിക വളർച്ച മൂലം ഉണ്ടാകുന്ന ഗുണങ്ങൾ സമയക്രമത്തിൽ സമൂഹത്തിന്റെ താഴേക്കിടയിലേക്ക് കിനിഞ്ഞിറങ്ങിക്കൊള്ളും; അതിനു പ്രത്യേകമായ നയമോ ശ്രദ്ധയോ ആവശ്യമില്ല.

മൂന്നാം പദ്ധതിയുടെ അവസാനത്തോടുകൂടി (അതായത് 1966ഓടു കൂടി) ഈ നയഗതിയുടെ പാപ്പരത്തം വെളിവാക്കപ്പെട്ടു. കാർഷിക വളർച്ചയുടെ മുരടിപ്പിനൊപ്പം പരിഷ്കരിക്കപ്പെടാത്ത ഭൂവ്യവസ്ഥകളും വളരാത്ത വരുമാനങ്ങളും തുടരുന്ന തൊഴിലില്ലായ്മയും നിലയ്ക്കാത്ത സാമൂഹ്യ ചൂഷണത്തിന്റെ പ്രശ്നങ്ങളും രാഷ്ട്രീയ വിഷയങ്ങളായും പ്രതിസന്ധികളായും രൂപപ്പെട്ടു തുടങ്ങി. പഞ്ചവത്സര പദ്ധതികൾക്ക് മൂന്നു വർഷത്തെ അവധി തന്നെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. അഖിലേന്ത്യാ തലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുള്ളിൽ ഗുരുതരമായ ഉൾപാർട്ടി സംഘട്ടനങ്ങളും അന്തഃഛിദ്രങ്ങളും പൊട്ടിപ്പുറപ്പെട്ടു.

### ഗരീബി ഹഡാവോ

അങ്ങനെ, 1969ലെ നാലാം പഞ്ചവത്സര പദ്ധതി മുതൽ ദാരിദ്ര്യ നിർമാർജനത്തിന് ഒരു പുതിയ ദിശ കൈവന്നു. സാമ്പത്തിക വളർച്ചയിലും ഘനവ്യവസായങ്ങളുടെ വികസനത്തിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ ദാരിദ്ര്യ നിർമാർജനം ഉണ്ടാവില്ലെന്നും അതിനു പ്രത്യേകം ശ്രദ്ധ വേണമെന്നും തിരിച്ചറിവുണ്ടായി. അങ്ങനെ സാമ്പത്തിക വളർച്ചയ്ക്കൊപ്പം സാമൂഹികനീതിയും എന്ന മുദ്രാവാക്യം നാലും അഞ്ചും ആറും പഞ്ചവത്സര പദ്ധതികൾ മുന്നോട്ടുവച്ചു. അതിന്റെ ഭാഗമായാണ് 1970കളിലെ “ഗരീബി ഹഠാവോ' എന്ന പേരിൽ അറിയപ്പെട്ട പദ്ധതിയും “ഇരുപതിന പരിപാടി' എന്നറിയപ്പെട്ട പദ്ധതിയും നിലവിൽ വന്നത്. ഇവയുടെ കീഴിൽ നിലവിൽ വന്നവയാണ് ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് പ്രോഗ്രാം (ഐആർഡിപി), സ്മാൾ ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി, മാർജിനൽ ഫാർമേഴ്സ് ആൻഡ് അഗ്രികൾച്ചറൽ ലേബർ ഡെവലപ്മെന്റ് ഏജൻസി, ഫുഡ് ഫോർ വർക്ക് പ്രോഗ്രാം, നാഷണൽ റൂറൽ എംപ്ലോയ്മെന്റ് പ്രോഗ്രാം (എൻആർഇപി), റൂറൽ ലാൻഡ്ലെസ്സ് എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം (ആർഎൽഇജിപി), ജവഹർ റോസ്ഗാർ യോജന (ജെആർവൈ) എന്നീ പദ്ധതികൾ. അങ്ങനെ മുഖ്യധാരാ വലതുപക്ഷ സാമ്പത്തിക ശാസ്ത്രത്തിന്റെ കിനിഞ്ഞിറങ്ങൽ സിദ്ധാന്തങ്ങളിൽ നിന്നു വഴിമാറി, ഭരണകൂടത്തിന്റെ നേരിട്ടുള്ള ഇടപെടലിലും ചെലവിലും നിക്ഷേപത്തിലും അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ ഒരു കൂട്ടം നയങ്ങൾ ഇന്ത്യയിൽ നിലവിൽ വന്നു.

ഈ പദ്ധതികൾ നിലവിൽ വന്ന 1970കളുടെ അവസാനത്തിലും 1980കളിലുമാണ് ഇന്ത്യയിൽ ആദ്യമായും വ്യാപകമായും ദാരിദ്ര്യ രേഖയ്ക്ക് കീഴിൽ ജീവിക്കുന്ന ജനങ്ങളുടെ എണ്ണത്തിലും വിഹിതത്തിലും കാര്യമായ കുറവ് അനുഭവപ്പെട്ടു തുടങ്ങിയത്. എന്നാൽ ആഗോളവൽക്കരണ പരിഷ്കാരങ്ങളുടെ ഭാഗമായി ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിൽ വലിയ തിരിച്ചടിയുണ്ടായി.

## ഒന്നാം യുപിഎ സർക്കാർ

ഇതിനൊരു മാറ്റം വന്നത് 2004 മുതലാണ്. "ഇന്ത്യ ഷൈനിങ്' എന്ന കൃത്രിമ മുദ്രാവാക്യം ഉയർത്തിക്കൊണ്ട് അധികാരത്തിൽ മടങ്ങിവരാൻ ശ്രമിച്ച അടൽ ബിഹാരി വാജ്പേയിയുടെ ബിജെപി സർക്കാർ ആ വർഷത്തെ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയോടെ അധികാരത്തിൽ വന്ന യുപിഎ സർക്കാർ ഒരു നയമാറ്റത്തിന് നിർബന്ധിതമായി. കിനിഞ്ഞിറങ്ങൽ സിദ്ധാന്തത്തിൽ നിന്ന് വഴിമാറി നടക്കാൻ പ്രധാനമന്ത്രിയായ മൻമോഹൻ സിങ്ങും പ്ലാനിങ് കമ്മീഷനിലെ മോൺടെക് സിങ് അലുവാലിയയും വിസമ്മതിച്ചു. എന്നാൽ ദാരിദ്ര്യ നിർമാർജനത്തിന് പ്രത്യേക ശ്രദ്ധ നൽകുന്ന പദ്ധതികൾ വിഭാവനം ചെയ്യുകയും നടപ്പിൽ വരുത്തുകയും ചെയ്യണമെന്ന് ഇടതുപക്ഷ പാർട്ടികൾ ശഠിച്ചു. കോൺഗ്രസ് പാർട്ടിക്കൊപ്പം നിന്ന പല സിവിൽ സൊസൈറ്റി സംഘടനകളുടെ നിർബന്ധത്തിനും വഴങ്ങി പ്രധാനപ്പെട്ട ചില പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടു. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വനാവകാശ നിയമം, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, ഭൂമി ഏറ്റെടുക്കൽ നിയമം എന്നിവയൊക്കെ നിലവിൽ വന്നത് ഇങ്ങനെയായിരുന്നു. ഈ പദ്ധതികൾക്കൊക്കെ നീക്കിവെച്ച ബജറ്റ് വിഹിതം പോരാ എന്ന ഇടതുപക്ഷ വിമർശനം നിലനിന്നപ്പോഴും മെച്ചപ്പെട്ട രീതിയിൽ നടപ്പിൽ വരുത്തപ്പെട്ട പ്രദേശങ്ങളിലും സംസ്ഥാനങ്ങളിലും ഇത്തരം പദ്ധതികളുടെ ഗുണങ്ങൾ ദാരിദ്ര്യ നിർമാർജനത്തിൽ ദൃശ്യമായിരുന്നു. പൊതുവിൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്ന ജനങ്ങളുടെ എണ്ണത്തിലും വിഹിതത്തിലും 2004 മുതൽ വീണ്ടും കുറവുകൾ കണ്ടു തുടങ്ങി.

## മോദി സർക്കാർ

ഈ സാഹചര്യത്തിലാണ് 2014ൽ നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വരുന്നത്. ഇടതുപക്ഷ പിന്തുണയോടെ യുപിഎ സർക്കാർ കൊണ്ടുവന്ന പല പദ്ധതികളെയും മോദി സർക്കാർ ഒന്നുകിൽ അട്ടിമറിക്കുകയോ അല്ലെങ്കിൽ പേരുമാറ്റി വികൃതമാക്കുകയോ ചെയ്തു. സാമൂഹ്യ മേഖലകളിലേക്കുള്ള ബജറ്റിലെ വകയിരുത്തൽ വർദ്ധിപ്പിക്കാത്ത നവലിബറൽ ഊന്നൽ തുടർന്നു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പോലെയുള്ള പദ്ധതികളെ വകയിരുത്തൽ വർദ്ധിപ്പിക്കാതെ പിഴിഞ്ഞു. നോട്ട് നിരോധനം, അശാസ്ത്രീയമായ ജിഎസ്ടി പരിഷ്കാരങ്ങൾ, ഗോവധ നിരോധനം എന്നിവ സമ്പദ്ഘടനയിലെ തൊഴിലുകളുടെ ഉൽപാദനത്തെ പിന്നോട്ടടിക്കുക മാത്രമല്ല ചെയ്തത്; നിലവിലുണ്ടായിരുന്ന ലക്ഷക്കണക്കിന് തൊഴിൽശാലകളും ചെറുകിട ഉൽപാദന സംഘങ്ങളും പൂട്ടിപ്പോകാനും കോടിക്കണക്കിന് തൊഴിലുകൾ നഷ്ടപ്പെടാനും ഇടയാക്കി. ഒപ്പം, തൊഴിലാളികളുടെ കൂലിയുടെ (പണപ്പെരുപ്പം കിഴിച്ചുള്ള) വർദ്ധനവ് ആദ്യം നിലയ്ക്കുകയും പിന്നീട് കോവിഡിന് ശേഷം കേവലമായിത്തന്നെ കുറയുകയും ചെയ്തു.

ഈ പുതിയ സാഹചര്യത്തെ മോദി സർക്കാർ നേരിട്ടത് പുതിയ പദ്ധതികൾ കൊണ്ടുവന്നു കൊണ്ടോ സാമൂഹ്യ മേഖലയിലെ ബജറ്റ് വിഹിതങ്ങൾ ഉയർത്തിക്കൊണ്ടോ അല്ല. മറിച്ച്, ഔദ്യോഗിക സ്റ്റാറ്റിസ്റ്റിക്സ് സംവിധാനത്തെ ദുർബലപ്പെടുത്തി, അവയുടെ വസ്തുനിഷ്ഠമായ പ്രവർത്തനങ്ങളിൽ രാഷ്ട്രീയമായി കൈകടത്തി, കണക്കുകളുടെ അവതരണത്തെ ബുദ്ധിപൂർവ്വം മറച്ചുപിടിച്ചുകൊണ്ടോ തെറ്റായി അവതരിപ്പിച്ചുകൊണ്ടോ പ്രതികൂല സാഹചര്യങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ ശ്രമിച്ചുകൊണ്ടാണ്.

വിവിധ ആഗോള ഏജൻസികൾ കൃത്യമായ രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ചുവന്ന "ലോക പട്ടിണി സൂചിക' പോലെയുള്ള കണക്കുകളിൽ ഇന്ത്യയുടെ പ്രകടനവും റാങ്കും മോശമായി വന്നപ്പോൾ അതിനെ ഇന്ത്യയുടെ ആഭ്യന്തര വിഷയങ്ങളിൻമേലുള്ള പാശ്ചാത്യ രാജ്യങ്ങളുടെ കൈകടത്തലായി വരെ മോദി സർക്കാർ വ്യാഖ്യാനിച്ചു. ഇപ്പോൾ ഇത്തരം ആഗോള സ്ഥാപനങ്ങൾക്കായി നൽകുന്ന കണക്കുകളിലെ കളികൾക്കായി പ്രധാനമന്ത്രിയുടെ ഓഫീസിൽ ഒരു സെൽ തന്നെ പ്രവർത്തിക്കുന്നുണ്ട് എന്നാണ് ഒരു മാധ്യമം കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്തത്. അങ്ങനെ ഔദ്യോഗിക സ്റ്റാറ്റിസ്റ്റിക്സ് സംവിധാനത്തിന്റെ പരിപൂർണ്ണമായ രാഷ്ട്രീയവൽക്കരണത്തിനാണ് കഴിഞ്ഞ 11 വർഷമായി ഇന്ത്യ സാക്ഷ്യംവഹിക്കുന്നത്.

## കേരളത്തിന്റെ ദാരിദ്ര്യലഘൂകരണ തന്ത്രം

ദാരിദ്ര ലഘൂകരണ സ്കീമുകൾ ഇന്ത്യയിലും കേരളത്തിലും ഒരേ തരത്തിലുള്ളവ ആയിരുന്നു. അപ്പോൾ പിന്നെ കേരളത്തിന്റെ വ്യത്യാസം എന്തായിരുന്നു? 1957 ൽ തുടക്കം കുറിച്ച ഭൂപരിഷ്കരണ നടപടികൾ പ്രാവർത്തികമായത് 1970കളിലാണ്. കൂലി നിരക്കുകളും ഇക്കാലത്ത് വേഗതയിൽ ഉയർന്നു തുടങ്ങി. ഇവയെ ഘടനാപരമായ മാറ്റങ്ങളെന്നു പറയാം. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായതും സാധാരണക്കാരുടെ ജീവിതത്തിൽ വലിയ വ്യത്യാസങ്ങൾ സൃഷ്ടിച്ചതുമായ പരിഷ്കാരങ്ങളാണിവ.

കേരളത്തിന്റെ ദാരിദ്ര്യനിർമ്മാർജ്ജന തന്ത്രത്തിൽ രണ്ടാമത്തെ പ്രധാനപ്പെട്ട ഘടകം സർക്കാരിന്റെ മുൻകൈയിൽ സാർവത്രിക സ്കൂൾ വിദ്യാഭ്യാസവും ആരോഗ്യ സൗകര്യങ്ങളും ഒരുക്കിയതാണ്. ഇവ രണ്ടും ഉണ്ടായിരുന്നതുകൊണ്ട് ഗൾഫ് കുടിയേറ്റത്തിൽ സാധാരണക്കാർക്കും പങ്കാളികളാകാനായി. പുനർവിതരണ സാമൂഹ്യചിട്ടകൾ ഗൾഫ് പണവരുമാനത്തിൽ ഒരുപങ്ക് നാട്ടിലെ സാധാരണക്കാർക്കും ലഭിക്കുമെന്ന് ഉറപ്പുവരുത്തി.

മറ്റൊരു സംസ്ഥാനത്തും ഇല്ലാത്തവണ്ണം സാധാരണക്കാർക്ക് ക്ഷേമനിധിയിലൂടെയും അല്ലാതെയും സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിലും കേരളം വിജയിച്ചു. അടിസ്ഥാന ആവശ്യമായ പാർപ്പിടവും ഉറപ്പുവരുത്തപ്പെട്ടു.

ഇതോടൊപ്പം എടുത്തു പറയേണ്ടുന്ന ഘടനാപരമായ ഒരു മാറ്റമായിരുന്നു അധികാര വികേന്ദ്രീകരണവും

കുടുംബശ്രീയുടെ ആവിർഭാവവും. ദാരിദ്ര്യത്തെ പ്രത്യക്ഷമായി ബാധിക്കുന്ന ഏതാണ്ട് എല്ലാ സേവനങ്ങളും ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന വികസന പ്രൊജക്റ്റുകളായി. സംസ്ഥാനത്ത് വിവിധ കാലയളവുകളിലായി ആശ്രയ, അഗതിരഹിത കേരളം തുടങ്ങിയ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടത്.

കുടുംബശ്രീയെന്നത് കേരളത്തിലെ ഭൂരിപക്ഷം കുടുംബങ്ങളെയും ലഘുസമ്പാദ്യവും വരുമാനവും ലഭ്യമാക്കുന്ന സ്ത്രീകളുടെ ശൃംഖലയായി. അവർ വഴിയായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യനിർമ്മാർജ്ജന പ്രൊജക്റ്റുകൾ നടപ്പിലാക്കൽ.

ഇതോടൊപ്പം എടുത്തു പറയേണ്ടുന്ന മറ്റൊന്നാണ് കേരളത്തിലെ പൊതുവിതരണ സമ്പ്രദായം. സാർവ്വത്രിക റേഷനിംഗിനോടൊപ്പം സപ്ലൈകോ വഴിയും കൺസ്യൂമർഫെഡ് വഴിയും ഫലപ്രദമായ കമ്പോള ഇടപെടലുണ്ടായി. സ്കൂൾ ഉച്ചഭക്ഷണ പരിപാടി ആദ്യമായി ആവിഷ്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

അങ്ങനെ ഏതെങ്കിലും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായല്ല, സർവ്വതോന്മുഖവും സമഗ്രവുമായ സാമൂഹ്യ ഇടപെടലിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ ദാരിദ്ര്യം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേഗതയിൽ താഴാൻ തുടങ്ങിയത്. അങ്ങനെ കേരളത്തിലെ വരുമാന ദരിദ്രരുടെ വിഹിതം 2009-10-ത്തിൽ 12 ശതമാനമായും 2011-12 7.1 ഒരു ശതമാനമായും കുറഞ്ഞു. ദരിദ്രരുടെ ദേശീയ ശരാശരി ആ സമയത്ത് 21 9 ശതമാനം ആയിരുന്നു. ഇപ്പോൾ ഒരു ശതമാനത്തിൽ താഴെയായിരിക്കുന്നു.

ഇടതു പക്ഷ സർക്കാരുകൾ സർവ്വാശ്ലേഷിതമായ വികസനത്തിനാണ് എക്കാലവും ഊന്നൽ നൽകുന്നത്. കേരളത്തിലാകട്ടെ ഇതിന്റെ ഫലപ്രാപ്തിയെക്കുറിച്ചുള്ള തെളിവുകൾ അന്വേഷിച്ച് ഏറെയൊന്നും പോകേണ്ടതില്ല. നാം നിത്യജീവിതത്തിൽ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെയും സമൂഹത്തിൽ നിലനിൽക്കുന്ന സമാധാനപരമായ അന്തരീക്ഷവും താരതമ്യേന മെച്ചപ്പെട്ട അവസര സമത്വവും ഉയർന്ന സാമൂഹിക പുരോഗതിയുമാണ് പ്രധാന തെളിവുകൾ. സാമ്പത്തിക വളർച്ച ഉറപ്പാക്കുകയും അസമത്വം കുറക്കുകയും ചെയ്യുക എന്ന വികസന തന്ത്രത്തിന്റെ ഏറ്റവും പ്രായോഗികമായ ആവിഷ്ക്കാരമാണ് കേരളത്തിൽ ഇപ്പോൾ നാം കാണുന്ന വികസന പ്രക്രിയ.

### ദാരിദ്ര്യനിർമ്മാർജ്ജനം ഇടതുപക്ഷ പാരമ്പര്യം

ഇടതുപക്ഷം ഭരണ നേതൃത്വത്തിൽ ഉണ്ടായിരുന്നപ്പോഴൊക്കെ സമൂഹ്യ സുരക്ഷയ്ക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉതകുന്ന ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെന്ന് കാണാനാകും. ഏറ്റവും സമീപകാല ഉദാഹരണമാണ് പതിമൂന്നും പതിനാലും പഞ്ചവൽസര പദ്ധതികളുടെ സമീപനങ്ങൾ. ഒരാളെപ്പോലും അവഗണിക്കാതെയുള്ള വികസന പരിപ്രേക്ഷ്യത്തെക്കുറിച്ച് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെയും (2017-2022) നിലവിൽ നടക്കുന്ന പതിനാലാം പദ്ധതിയുടെയും (2022-2027) സമീപന രേഖയിൽ വിശദമായി പ്രതിപാദിച്ചിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ പൂർണ്ണമായും പരിരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ സമീപന രേഖകളിൽ വിഭാവനം ചെയ്തിരുന്നത്.

പതിമൂന്നാം പദ്ധതി (2017) സമീപന രേഖയിൽ "തദ്ദേശ സർക്കാരുകൾ, കുടുംബശ്രീ മിഷൻ, സംസ്ഥാന സർക്കാർ വകുപ്പുകൾ, ജനകീയ സംഘടനകൾ, വ്യക്തികൾ എന്നിവരുടെ സംയുക്ത പരിശ്രമത്തിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ദാരിദ്ര്യം ഇല്ലാതാക്കുക എന്ന ദൗത്യം ഏറ്റെടുക്കും." എന്ന് പറഞ്ഞിരുന്നു. പതിമൂന്നാം പദ്ധതിയുടെ നാലാമത്തെ വർഷം (2021) തന്നെ അതി ദാരിദ്ര്യം തുടച്ചു നീക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിരുന്നു.

പതിനാലാം പദ്ധതിയുടെ സമീപന രേഖയിൽ "കേരള സർക്കാരിന്റെ അടിസ്ഥാന വർഗത്തോടുള്ള പ്രതിബദ്ധതയും സാമൂഹിക ക്ഷേമത്തോടുള്ള പ്രതിബദ്ധതയും കണക്കിലെടുക്കുമ്പോൾ, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ കടുത്ത ദാരിദ്ര്യം ഇല്ലാതാക്കുക എന്ന ദൗത്യം നേടിയെടുക്കാവുന്നതാണ്" എന്ന ഉറച്ച വിശ്വാസം പങ്കു വച്ചിട്ടുണ്ട്.

അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ദാരിദ്ര്യം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുക എന്നത് 2021-ൽ അധികാരത്തിൽ വന്ന കേരള സർക്കാരിന്റെ പ്രധാന മുൻഗണനകളിൽ ഒന്നായിരുന്നു. അതിദരിദ്രരെ തിരിച്ചറിയുകയും വ്യക്തിഗത-ഗാർഹിക തലങ്ങളിൽ അവർ അനുഭവിക്കുന്ന ദാരിദ്ര്യത്തിന്റെ കാരണവും സ്വഭാവവുമനുസരിച്ച് സൂക്ഷ്മമായ ആസൂത്രണത്തിലൂടെ അതിജീവന പദ്ധതികൾ നടപ്പിലാക്കി അതിദാരിദ്ര്യത്തിൽ നിന്ന് അവരെ മുക്തരാക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം.

## IV
## അതിദാരിദ്ര്യ നിർമ്മാർജ്ജനം

നാം ഇതുവരെ വിവരിച്ചത് കേരളത്തിലെ ദാരിദ്ര്യ ലഘൂകരണത്തിനായി സ്വീകരിച്ച ഘടനാപരമായ പരിഷ്കാരങ്ങളും വിദ്യാഭ്യാസ-ആരോഗ്യാദി പരിപാടികളും പൊതുവിതരണവും തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും മറ്റും ഉപയോഗപ്പെടുത്തി നടപ്പിലാക്കിയ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധങ്ങളായ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളാണ്. ഇവ വിജയം കണ്ടു. പക്ഷേ, ഈ ഇടപെടലുകളുടെ ഗുണഭോക്താക്കളാകാൻ കഴിയാതെപോയ കുടുംബങ്ങൾ ഉണ്ടാകില്ലേ? തികച്ചും നിരാലംബരായ അവർക്ക് ഇത്തരം സ്കീമുകൾ ഉപയോഗപ്പെടുത്താൻ കഴിയാത്തവിധം ദാരിദ്ര്യത്തിന്റെ ദൂഷിതവലയത്തിൽ പ്പെട്ടുപോയവരാകാം. അങ്ങനെയുള്ള അതിദരിദ്രരെ കണ്ടെത്തി അവരുടെ കുടുംബങ്ങൾക്ക് ഓരോന്നിനും മൈക്രോപ്ലാനുകൾ ആവിഷ്കരിക്കുകയായിരുന്നു കേരളം കഴിഞ്ഞ അഞ്ച് വർഷക്കാലം ചെയ്തത്.

2021-ൽ അധികാരമേറ്റ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യങ്ങ

ളിലൊന്നായിരുന്നു അതീവദാരിദ്ര്യ നിർമ്മാർജ്ജനം. കൃത്യമായ ആസൂത്രണത്തിലൂടെയും, ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും, ജനകീയ പങ്കാളിത്തത്തിലൂടെയും ആ ലക്ഷ്യം കൈവരിക്കാൻ കേരളത്തിന് സാധിച്ചു.

2022-ലെ ലോകബാങ്ക് റിപ്പോർട്ട് പ്രകാരം, കോവിഡ് മഹാമാരിക്ക് ശേഷം ലോകത്ത് അതീവ ദാരിദ്ര്യത്തിലേക്ക് വീണുപോയവരിൽ വലിയൊരു പങ്കും ഇന്ത്യയിലാണ്. എന്നാൽ ഇവിടെയാണ് കേരളം വ്യത്യസ്തമാകുന്നത്. നവലിബറൽ നയങ്ങൾക്ക് ബദലായി, ജനങ്ങളെ കേന്ദ്രബിന്ദുവാക്കിയുള്ള, വിഭവങ്ങളുടെ നീതിപൂർവ്വമായ വിതരണത്തിന് ഊന്നൽ നൽകുന്ന ഒരു ഇടതുപക്ഷ വികസന സമീപനത്തിലൂടെ ദാരിദ്ര്യത്തെ പടിപടിയായി ചെറുത്തുതോൽപ്പിക്കാൻ കേരളത്തിന് സാധിച്ചു.

### അതീവ ദരിദ്രരെ കണ്ടെത്തൽ

അതീവ ദാരിദ്ര്യം ഇല്ലാതാക്കാനുള്ള യജ്ഞം ആരംഭിക്കുമ്പോൾ ഏറ്റവും വലിയ വെല്ലുവിളി ആരാണ് 'അതീവ ദരിദ്രർ' എന്ന് കൃത്യമായി കണ്ടെത്തുക എന്നതായിരുന്നു. പലപ്പോഴും പൊതുവായ സ്കീമുകളിൽ നിന്നും സർക്കാർ ആനുകൂല്യങ്ങളിൽ നിന്നും പുറന്തള്ളപ്പെട്ടുപോയവരാകും ഇവർ. ഇവർക്ക് ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ കേവലം സാമ്പത്തിക സഹായം മാത്രം പോരാ, മറിച്ച് കൈത്താങ്ങും കരുതലും ആവശ്യമാണ്. ഓരോ വ്യക്തിയുടെയും ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങൾ വ്യത്യസ്തമായിരിക്കും. അതിനാൽ, എല്ലാവർക്കും ഒരേ മരുന്ന് എന്ന രീതി ഫലപ്രദമാകില്ല. അവരെ നേരിൽ കണ്ട്, അവരുടെ സവിശേഷമായ പ്രശ്നങ്ങൾ മനസ്സിലാക്കി, അതിന് പരിഹാരം കാണുന്ന 'മൈക്രോ പ്ലാനിംഗ്' രീതിയാണ് ആവശ്യം.

അതീവ ദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന് കുടുംബശ്രീയുടെ അനുഭവങ്ങളും, ആശ്രയ പദ്ധതിയുടെ മാനദണ്ഡങ്ങളും, ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട മൾട്ടിഡയമെൻഷനൽ പോവർട്ടി ഇൻഡക്സും (MPI) സംയോജിപ്പിച്ചാണ് ചട്ടക്കൂട് തയ്യാറാക്കിയത്. ആരോഗ്യം, ഭക്ഷണം, വരുമാനം, വാസയോഗ്യമായ വീട് എന്നിവ മുഖ്യമാനദണ്ഡങ്ങളായി നിശ്ചയിച്ചു. ഇവയോരോന്നും ദാരിദ്ര്യത്തിന്റെ ആഴം അളക്കുന്നവയാണ്. കൂടാതെ, ചരിത്രപരമായ കാരണങ്ങളാൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, തീരദേശവാസികൾ എന്നിവർക്ക് പ്രത്യേക ഊന്നൽ നൽകി. അനാഥർ, തെരുവോരങ്ങളിൽ കഴിയുന്നവർ, നഗരങ്ങളിലെ ദരിദ്രർ എന്നിവരെയും പ്രത്യേകമായി പരിഗണിച്ചു.

ഇതിനു പങ്കാളിത്തപഠന രീതിയിലെ ചില സങ്കേതങ്ങളാണ് മേൽപ്പറഞ്ഞ മാനദണ്ഡപ്രകാരമുള്ള കുടുംബങ്ങളെ കണ്ടെത്താൻ ഉപയോഗപ്പെടുത്തിയത്. ഇതിനായി സംസ്ഥാനത്തുടനീളം 57,947 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ (Focus Group Discussions) സംഘടിപ്പിച്ചു. ഓരോ വാർഡിലും അയൽക്കൂട്ടങ്ങളിലും നടന്ന ഈ ചർച്ചകളിൽ ശരാശരി 15 പേരെങ്കിലും പങ്കെടുത്തു. തങ്ങളുടെ അയൽപക്കത്ത് കഷ്ടപ്പെടുന്നവർ ആരാണെന്ന് ഏറ്റവും നന്നായി അറിയാവുന്നത് അവിടുത്തെ ജനങ്ങൾക്ക് തന്നെയാണ്. അവരിലൂടെ, അതീവ ദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയിൽ 1,37,485 പേർ നേരിട്ട് പങ്കാളികളായി. ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ കൂട്ടായ പരിശ്രമമായിരുന്നു ഇത്.

ഈ പരിശോധനയിൽ നിന്നു കണ്ടെത്തിയ കുടുംബങ്ങളെ നേരിട്ട് സന്ദർശിച്ച് സ്ഥിതിഗതികൾ വസ്തുനിഷ്ഠമായി വിലയിരുത്തുക, ആ വിവരങ്ങൾ പിന്നീട് സൗകര്യപ്രദമായി ക്രോഡീകരിക്കാനും വിശകലനം ചെയ്യാനുമുള്ള സൗകര്യത്തിനായി ഒരു മൊബൈൽ ആപ്പ് ഉപയോഗിച്ച് രേഖപ്പെടുത്തുക, ഈ വിവരങ്ങൾ ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങിയ ഒരു ഉപരി സമിതി ഭൗതികമായി പരിശോധിക്കുക, ഒരു നിശ്ചിത ശതമാനത്തിലധികം തെറ്റുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ വീണ്ടും വിവര ശേഖരണം നടത്തുക, അന്തിമ ലിസ്റ്റ് ഗ്രാമസഭയും പഞ്ചായത്ത് സമിതിയും പരിശോധിക്കുക. ഇങ്ങനെയാണ് 64,006 കുടുംബങ്ങളെയാണ് അതീവ ദരിദ്രരായി കണ്ടെത്തിയത്.

### കണ്ടെത്തിയ യാഥാർത്ഥ്യങ്ങൾ

കണ്ടെത്തൽ പ്രക്രിയയിലൂടെ ലഭിച്ച കണക്കുകൾ കേരളത്തിലെ ദാരിദ്ര്യത്തിന്റെ സൂക്ഷ്മതലത്തിലുള്ള ചിത്രം നൽകുന്നു. കണ്ടെത്തിയ 64,006 അതീവ ദരിദ്ര കുടുംബങ്ങളെ വിവിധ സാമൂഹിക വിഭാഗങ്ങളായി തിരിച്ചാൽ ലഭിക്കുന്ന ചിത്രം ഇപ്രകാരമാണ്: അതീവ ദരിദ്രരായി കണ്ടെത്തിയ 64,006 കുടുംബങ്ങളിൽ 12,673 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ നിന്നും 3,021 കുടുംബങ്ങൾ പട്ടികവർഗ വിഭാഗത്തിൽ നിന്നുമായിരുന്നു.

അതീവ ദാരിദ്ര്യത്തിലേക്ക് നയിച്ച കാരണങ്ങളെ അടിസ്ഥാനമാക്കി കുടുംബങ്ങളെ തരംതിരിച്ചപ്പോൾ ലഭിച്ച വിവരങ്ങൾ വളരെ നിർണ്ണായകമാണ്. കണ്ടെത്തിയവരിൽ ഭൂരിഭാഗം പേരും ഒന്നിലധികം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണെങ്കിലും, പ്രാഥമികമായ ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കുകൾ ഇപ്രകാരമാണ്: ഏറ്റവും കൂടുതൽ കുടുംബങ്ങൾ നേരിടുന്നത് തൊഴിലും വരുമാനവുമായി ബന്ധപ്പെട്ട വെല്ലുവിളികളാണ്. 58,327 കുടുംബങ്ങളാണ് ഈ ഗണത്തിൽപ്പെടുന്നത്. തൊട്ടുപിന്നാലെ, ആരോഗ്യപരമായ വെല്ലുവിളികൾ നേരിടുന്ന 40,917 കുടുംബങ്ങളുണ്ട്. മാരകമായ രോഗങ്ങൾ, ചികിത്സാ ചെലവുകൾ, പ്രായാധിക്യംമൂലമുള്ള അവശതകൾ എന്നിവ ഇവരെ ദാരിദ്ര്യത്തിലേക്ക് തള്ളിയിട്ടു. ഭക്ഷണം ലഭ്യത ഒരു പ്രധാന പ്രശ്നമായി നേരിടുന്നത് 35,430 കുടുംബങ്ങളാണ്. വാസയോഗ്യമായ വീടില്ലാത്ത അവസ്ഥ 15,091 കുടുംബങ്ങളെ ബാധിച്ചിരിക്കുന്നു. (പല കുടുംബങ്ങളിലും ഒന്നിലധികം പ്രശ്നങ്ങളുള്ളതിനാൽ ആകെ തുക 64,006-ൽ കൂടും).

64,006 കുടുംബങ്ങളിൽ 4,557 പേർക്ക് ആധാർ കാർഡോ, റേഷൻ കാർഡോ, വോട്ടർ കാർഡോ ഇല്ലായിരുന്നു എന്നത് നമ്മുടെ ഭരണസംവിധാനങ്ങൾ ഇനിയും എത്താത്ത ഇടങ്ങളുണ്ടായിരുന്നു എന്നതിന്റെ തെളിവാണ്. ഈ വിടവുകൾ നികത്താനാണ് 'അവകാശപത്രിക' എന്ന ആശയം നടപ്പിലാക്കിയത്. ഓരോ കുടുംബത്തിനും അവകാശപ്പെട്ട രേഖകളും ആനുകൂല്യങ്ങളും വീട്ടുപടിക്കൽ എത്തിച്ചുനൽകി.

### മൈക്രോ പ്ലാനുകൾ

പ്രശ്നങ്ങളുടെ സങ്കീർണ്ണത മനസ്സിലാക്കി മൂന്ന് തലങ്ങളിലായാണ് മൈക്രോ പ്ലാനുകൾ (സൂക്ഷ്മ പദ്ധതികൾ) തയ്യാറാക്കിയത്. ഒന്നാമതായി, 'അടിയന്തര സംരക്ഷണ പദ്ധതി' (Survival Plan). ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ ഉടനടി ലഭ്യമാക്കുക, ആധാർ, റേഷൻ കാർഡ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയവ ലഭ്യമാക്കുക, കിടപ്പിലായ രോഗികൾക്ക് സാന്ത്വന ചികിത്സ ഉറപ്പാക്കുക എന്നിവയാണ് ഇതിൽ ഉൾപ്പെട്ടത്. ഇത് തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയത്.

രണ്ടാമതായി, 'ഇന്റർമീഡിയറി പ്ലാൻ' (Stabilization Plan). നിലവിലെ അവസ്ഥയിൽ നിന്ന് മെച്ചപ്പെട്ട സ്ഥിതിയിലേക്ക് കുടുംബത്തെ കൊണ്ടുവരിക എന്നതാണ് ഇതിന്റെ ലക്ഷ്യം. കുട്ടികളുടെ പഠനം ഉറപ്പാക്കുക, മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക, വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയവ ഇതിൽപ്പെടുന്നു. മൂന്നാമതായി, 'ദീർഘകാല പദ്ധതി' (Sustainable Development Plan). ദാരിദ്ര്യത്തിൽ നിന്ന് പൂർണ്ണമായും മോചിപ്പിച്ച് സുസ്ഥിരമായ വരുമാന മാർഗ്ഗം ഉറപ്പാക്കുക, പുതിയ വീട് നിർമ്മിച്ചു നൽകുക, തൊഴിൽ നൈപുണ്യ പരിശീലനം നൽകുക, സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുക എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

അതിദാരിദ്ര്യത്തിൽ നിന്ന് കരകയറിയവർ വീണ്ടും ദാരിദ്ര്യത്തിലേക്ക് വഴുതിപ്പോകാതിരിക്കാനുള്ള നിരന്തരമായ മോണിറ്ററിംഗ് ആവശ്യമാണ്. അതുപോലെ തന്നെ അതിദാരിദ്ര്യനിർമ്മാജ്ജന വിജയപ്രഖ്യാപനത്തെത്തുടർന്ന് ചില വിഭാഗങ്ങളെ വിട്ടുപോയിയെന്ന ആക്ഷേപം വന്നിട്ടുണ്ട്. അവരെയും കണ്ടെത്തി അതിദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിനും രണ്ടാംഘട്ട പ്രവർത്തനം സർക്കാർ തുടങ്ങിക്കഴിഞ്ഞു. അതിദാരിദ്ര്യനിർമ്മാർജ്ജനം ഇന്ത്യയിലെ ദാരിദ്ര്യലഘൂകരണ ചരിത്രത്തിൽ ഒരു നിർണ്ണായക നാഴികക്കല്ലായി മാറിക്കഴിഞ്ഞു.

## V
## ഇനിയെന്ത്? കേവല ദാരിദ്ര്യവിമുക്ത കേരളം

2025-ലെ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള മാനിഫെസ്റ്റോയിൽ കേവല ദാരിദ്ര്യനിർമ്മാർജ്ജനമാണ് അടുത്തലക്ഷ്യമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രഖ്യാപിക്കുകയുണ്ടായി. എന്താണ് കേവല ദാരിദ്ര്യവിമുക്ത കേരളം?

1. അതീവ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്തു എന്ന പ്രഖ്യാപനം ഒരു അവസാനമല്ല, മറിച്ച് പുതിയൊരു തുടക്കമാണ്. 2025-ൽ അതിദാരിദ്ര്യം ഇല്ലാതാക്കുമ്പോൾ, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 'കേവല ദാരിദ്ര്യം' (Absolute Poverty) പൂർണ്ണമായും ഇല്ലാതാക്കുകയും, 'ആപേക്ഷിക ദാരിദ്ര്യം' (Relative Poverty) കുറയ്ക്കുകയും ചെയ്യുക എന്നതാകണം നമ്മുടെ ലക്ഷ്യം. ഒരു ഇടതുപക്ഷ വീക്ഷണത്തിൽ, ദാരിദ്ര്യം എന്നത് കേവലം വരുമാനത്തിന്റെ കുറവല്ല, മറിച്ച് അവസരങ്ങളുടെ നിഷേധവും അസമത്വവുമാണ്. അതിനാൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നത് സാമൂഹിക നീതി ഉറപ്പാക്കാനുള്ള രാഷ്ട്രീയ പോരാട്ടം കൂടിയാണ്. ഇതിനായി താഴെ പറയുന്ന സമഗ്രമായ കർമ്മപദ്ധതികളും നയപരമായ തീരുമാനങ്ങളും കൈക്കൊള്ളേണ്ടതുണ്ട്.
2. ആപേക്ഷികമായ ദാരിദ്ര്യം അഥവാ അസമത്വം നമുക്ക് ഇല്ലാതാക്കാനാവില്ല. നിശ്ചയമായും അത് കുറയ്ക്കാം. പക്ഷേ, അസമത്വം ഏറിയോ കുറഞ്ഞോ എന്നുമുണ്ടാകും. എന്നാൽ അതിൽ നിന്നും വ്യത്യസ്തമാണ് കേവല ദാരിദ്ര്യം. വരുമാനത്തിന്റെയോ ഉപഭോഗത്തിന്റെയോ അല്ലെങ്കിൽ ബഹുമുഖ സൂചകങ്ങളുടെയോ അടിസ്ഥാനത്തിൽ നമ്മൾ ദാരിദ്ര്യത്തെ നിർവചിക്കണം. അതിൽ താഴെവരുന്ന കുടുംബങ്ങളെ മുഴുവൻ കരകയറ്റാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
3. എന്തായിരിക്കണം ഈ മാനദണ്ഡങ്ങൾ എന്നത് ഇനിയും ഏറെ ചർച്ച ചെയ്യേണ്ടുന്ന ഒന്നാണ്. ഒരുപക്ഷേ, അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 5.9 ലക്ഷം കുടുംബങ്ങളുണ്ട്. അഥവാ മഞ്ഞ കാർഡുള്ള കുടുംബങ്ങളെ ബഹുമുഖ ദാരിദ്ര്യ സൂചകങ്ങളുടെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹരായ മുഴുവൻ പേരുടെയും പട്ടിക തയ്യാറാക്കാനാകും. ആശ്രയ, അഗതി സ്കീമുകളിലും കുടുംബങ്ങൾ പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നീ കുടുംബങ്ങളെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹരായവരെയും പട്ടികയിൽ ഉൾപ്പെടുത്താം. ഏതായാലും അഞ്ചുലക്ഷം കുടുംബങ്ങൾ എന്നുള്ളത് ഇന്ത്യാ സർക്കാരിന്റെ 2022-23-ലെ ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ളവരുടെ എണ്ണവുമായിട്ടും പൊരുത്തപ്പെടുന്നുണ്ട്.
4. അതിദരിദ്രരെ പോലെ നിലവിലുള്ള സാമൂഹ്യക്ഷേമ ദാരിദ്ര്യ ലഘൂകരണ സ്കീമുകളിൽ പങ്കാളികളാവാൻ കഴിയാത്ത നിരാലംബരല്ല കേവല ദരിദ്രരായി നമ്മൾ നിർണ്ണയിച്ച മേൽവിഭാഗം. അതുകൊണ്ട് സാമൂഹ്യക്ഷേമ ദാരിദ്ര്യ ലഘൂകരണ സ്കീമുകളിൽ ഇവർക്ക് പ്രത്യേക പരിഗണന നൽകി കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വീട്ടമ്മമാർക്ക് പ്രാദേശിക തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്യാമ്പയിൻ ആണ്. എല്ലാ

വീടുകളിലും തൊഴിലില്ലാത്തവരോ തൊഴിൽ സേനയ്ക്ക് പുറത്തുള്ളവരോ ആയ സ്ത്രീകൾക്ക് പ്രാദേശിക തൊഴിലിടങ്ങളിലെങ്കിലും ജോലി ഉറപ്പുവരുത്തണം. നിലവിലുള്ള മറ്റു സ്കീമുകൾക്കൊപ്പം ഈ തൊഴിലിൽ നിന്നുള്ള വരുമാനവും കൂടി ചേർത്താൽ നല്ലൊരു പങ്ക് കേവലദാരിദ്ര്യ കുടുംബങ്ങളെ കരകയറ്റാൻ കഴിയും. വിശദമായ ചർച്ച പണ്ഡിതരും ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി നടത്തി സമഗ്രമായ പദ്ധതി ആവിഷ്കരിക്കാനാകണം. ഈ സംയോജിത പ്രവർത്തനങ്ങൾ ഓരോ കുടുംബത്തിനും മൈക്രോ പ്ലാൻ ആയി തയ്യാറാക്കുകയും ചെയ്യാം.

5. കേവലദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പശ്ചാത്തലത്തിൽ ആശ്രയ, അഗതി രഹിത കേരളം എന്നീ പദ്ധതികളെ പുനപരിശോധിക്കണം.
6. അതി ദാരിദ്ര്യ നിർമ്മാർജ്ജന പ്രക്രിയയിൽ സ്വീകരിച്ചതുപോലെ ഓരോ ദരിദ്ര കുടുംബത്തിലെയും ബഹുമുഖ ദാരിദ്ര്യത്തിന്റെ വിവിധ ഘടകങ്ങൾ ഒന്നൊന്നായി അഭിസംബോധന ചെയ്യുന്നതിനുള്ള ഏകോപിതമായ സംവിധാനം നിലവിൽ വരുത്തുകയാണ് കേവലദാരിദ്ര്യമുക്തമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം. വ്യക്തിഗത ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്ക് പരിഹരിക്കുന്നതിനേക്കാൾ കുടുംബങ്ങൾ കേന്ദ്രീകരിച്ചുള്ള ഇടപെടലുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. നിലയിലുള്ള ദാരിദ്ര്യ ലഘൂകരണ പദ്ധതികളെ ഈ കാഴ്ചപ്പാടിലൂടെ പുനരവലോകനം ചെയ്യാൻ കഴിയും. സാമൂഹ്യ സുരക്ഷാ പദ്ധതികളെയും ഈ വിധത്തിൽ പുനരാവിഷ്കരിക്കാനാകുമോ എന്ന് പരിശോധിക്കാവുന്നതാണ്. സ്ഥായിയായ ഉപജീവനോപാധികൾ എല്ലാവർക്കും ഉറപ്പാക്കുമ്പോഴേ കേവല ദാരിദ്ര്യം ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യാൻ കഴിയൂ.
7. ഇതിനോടൊപ്പം അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഗുണഭോക്താക്കളുടെ മോണിറ്ററിംഗും വിട്ടുപോയ കുടുംബങ്ങൾക്കു വേണ്ടിയുള്ള രണ്ടാം ഘട്ട പ്രവർത്തനവും മുന്നോട്ട് കൊണ്ടുപോകണം.
8. തദ്ദേശ സ്ഥാപനങ്ങൾ കേവലം സേവനദാതാക്കൾ എന്നതിലുപരി, പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ (Local Economic Development - LED) എൻജിനുകളായി മാറണം. ഇതിനായി അവർക്ക് കൂടുതൽ സാമ്പത്തിക അധികാരങ്ങളും വിദഗ്ധ സഹായവും നൽകണം. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള 'ജനകീയ ഓഡിറ്റിംഗ്' സംവിധാനം ശക്തിപ്പെടുത്തണം. ഓരോ വാർഡിലും ദരിദ്രരുടെ വിവരങ്ങൾ അടങ്ങിയ 'രജിസ്റ്റർ' സൂക്ഷിക്കുകയും, ആരെങ്കിലും പുതുതായി ദാരിദ്ര്യത്തിലേക്ക് വീണു പോകുന്നുണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കുകയും വേണം. അങ്ങിനെ ഉണ്ടായാൽ അവർക്കാവശ്യമായ പിന്തുണ നൽകാൻ ഉടനടി സാധിക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നൈപുണി വികസനത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനുമുള്ള പദ്ധതികളുമായി കേവല ദാരിദ്ര്യ നിർമ്മാർജ്ജനയത്നത്തെ എങ്ങനെയൊക്കെ സംയോജിപ്പിക്കാമെന്ന അന്വേഷണവും വളരെ പ്രധാനമാണ്.
9. പൊതുസമൂഹത്തിൽ നിന്ന് ഇപ്പോഴും അകന്നു നിൽക്കുന്ന ആദിവാസി ഊരുകളിലും, തീരദേശങ്ങളിലും ദാരിദ്ര്യത്തിന്റെ തോത് കൂടുതലാണ്. ഇവർക്കായി സമഗ്ര വികസന പാക്കേജ് നടപ്പിലാക്കണം. വനാവകാശ നിയമം പൂർണ്ണമായി നടപ്പിലാക്കി ആദിവാസികൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കണം. തീരദേശത്ത് മത്സ്യബന്ധനത്തിന് അപ്പുറം മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലൂടെ വരുമാനം വർദ്ധിപ്പിക്കണം. കടലാക്രമണ ഭീഷണി നേരിടുന്നവർക്ക് സുരക്ഷിതമായ പുനരധിവാസം ഉറപ്പാക്കണം.

ചൈന 2021-ൽ കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്തത് ലോകശ്രദ്ധ നേടിയിരുന്നു. ചൈനയിൽ നിന്ന് ഉൾക്കൊള്ളാവുന്ന പാഠം 'ടാർഗെറ്റഡ് പോവർട്ടി അലിവിയേഷൻ' (Targeted Poverty Alleviation) എന്ന സമീപനമാണ്. ഓരോ ഗ്രാമത്തിനും ഓരോ കുടുംബത്തിനും കൃത്യമായ ഫയൽ സൂക്ഷിക്കുകയും, അവരുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്യുന്ന ചൈനീസ് രീതി, നമ്മുടെ മൈക്രോ പ്ലാനുകളുടെ തുടർച്ചയായി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

# 5

# പൊതുജനാരോഗ്യവും ചികിത്സാ സംവിധാനങ്ങളും

ആരോഗ്യ കേരളം ലോകത്തിനു തന്നെ കൌതുകവും ജിജ്ഞാസായും ഉണർത്തുന്ന മേഖലയാണ്. ആധുനിക കേരള രൂപീകരണത്തിൽ നിയാമക സ്ഥാനമുള്ള ഒന്നാണ് നമ്മുടെ ആരോഗ്യ മാതൃകയും അതുണ്ടാക്കിയ നേട്ടങ്ങളും. സുഘടിതമായ പൊതു ആരോഗ്യ രക്ഷാ കേന്ദ്രങ്ങളുടെ ശൃംഖല താങ്ങാവുന്ന വിധം എല്ലാവർക്കും ആരോഗ്യസേവനങ്ങൾ പ്രാപ്യമാക്കി. പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ സുസജ്ജമായ ഈ ശൃംഖല കേരളത്തിനു ആരോഗ്യ നേട്ടങ്ങൾ സമ്മാനിച്ചു. രോഗ പ്രതിരോധം, നിരീക്ഷണവും റിപ്പോർട്ടിങ്ങും, രോഗ നിർണ്ണയം, ചികിൽസ, എന്നിങ്ങനെ എല്ലാ മേഖലകളിലും കൈവരിച്ച മികവ് സംസ്ഥാനത്തിന്റെ ആരോഗ്യ സൂചകങ്ങളിൽ അത്ഭുതാവാഹമായ നേട്ടങ്ങൾ ഉണ്ടാക്കി. പല പകർച്ച വ്യാധികളും ഇല്ലാതാക്കാൻ കേരളത്തിനു സാധിച്ചു. പരിശീലനം സിദ്ധിച്ച ഡോക്ടർമാർ, നഴ്സ്മാർ, ലാബ് ടെക്നീഷ്യൻ തുടങ്ങി സാങ്കേതിക വിദഗ്ധർ എന്നിങ്ങനെ കേരളത്തിലെ ഹെൽത്ത് കെയർ പ്രൊഫഷണൽസ് ലോക നിലവാരം പുലർത്തുന്ന ടീമാണ്.

ജനകീയാസൂത്രണ കാലം മുതൽ ശക്തിപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണ നിയന്ത്രണവും അതുവഴിയുള്ള ജനപങ്കാളിത്തവും പ്രാദേശിക ആരോഗ്യ രക്ഷാ കേന്ദ്രങ്ങളെ പതിന്മടങ്ങ് ജനോന്മുഖമാക്കി മാറ്റി. കോവിഡ് മാഹാമാരിയുടെ കാലത്തും മഹാ പ്രളയത്തിന്റെ കാലത്തും ഈ ആരോഗ്യ ശൃംഖലയുടെ കാര്യപ്രാപ്തി ലോകം അംഗീകരിച്ചതാണ്. പതിനഞ്ചാം ധനക്കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ പ്രാഥമിക ആരോഗ്യ രക്ഷാ സംവിധാനത്തിന്റെ കാര്യ ക്ഷമത എടുത്തു പറയുകയും രാജ്യത്തിന് മാതൃകയാണ് എന്നു ചൂണ്ടിക്കാട്ടുകയും ചെയ്തു.

അതേ സമയം കേരളം അതിന്റെ വികസന വഴിയുടെ സവിശേഷതയും അതുണ്ടാക്കുന്ന പ്രതിഫലനങ്ങളും എല്ലാം ചേർന്ന് ഗൌരവമാർന്ന പുത്തൻ ആരോഗ്യ വെല്ലുവിളികളെ നേരിടുന്നുണ്ട്. അത് അഭിമുഖീകരിക്കാൻ പുതിയ തയ്യാറെടുപ്പുകളും സൌകര്യങ്ങളും വേണം. കഴിഞ്ഞ പത്തു കൊല്ലമായി മഹാമാരിയുടെയും മഹാപ്രളയത്തിന്റെയും വ്യഥകൾ പേറുമ്പോഴും പുത്തൻ ആരോഗ്യ വെല്ലുവിളികളെ നേരിടാനുള്ള വലിയ മാറ്റങ്ങളാണ് കേരളം ആരോഗ്യ മേഖലയിൽ കൊണ്ട് വന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഇല്ലാത്ത വിധം ആരോഗ്യ സൌകര്യങ്ങൾക്കുള്ള മൂലധന നിക്ഷേപം 10000 കോടി രൂപ കവിയുന്നു. ഇത് നമ്മുടെ പ്രാഥമിക ആരോഗ്യ മേഖല മുതൽ സൂപ്പർ സ്പെഷ്യാലിറ്റി കെയറും ഡെഡിക്കേറ്റഡ് ട്രാൻസ്പ്ലാന്റ് ഇൗൻസ്റ്റിറ്റ്യൂട്ട് വരെ എത്തുകയാണ്.

## I
## കേരളത്തിലെ ആരോഗ്യം - രാജ്യത്തിനു മുന്നിൽ

### നീതി ആയോഗിന്റെ ആരോഗ്യ റാങ്കിങ്

കേരളം ആരോഗ്യ രംഗത്ത് കൈവരിച്ച അഭിമാനകരമായ നേട്ടങ്ങൾ ഒന്നു നോക്കേണ്ടതുണ്ട്. നീതി ആയോഗ് 2019-2020 ൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും യൂണിയൻ ഭരണ പ്രദേശങ്ങളുടെയും ആരോഗ്യ രംഗത്തെ പ്രവർത്തനം റാങ്ക് ചെയ്തു. അതാണ് പ്രസിദ്ധീകരിക്കപ്പെട്ട അവസാന റിപ്പോർട്ട്. ഇരുപത്തി നാല് ആരോഗ്യ സൂചകങ്ങൾ എടുത്ത് അവയുടെ സ്കോർ ഏകോപിപ്പിച്ചാണ് മൊത്തത്തിലുള്ള റാങ്ക് നിർണ്ണയിക്കുന്നത്. ആരോഗ്യ നേട്ടങ്ങൾ, ആരോഗ്യഭരണ നിർവ്വഹണവും വിവരണങ്ങളുടെ വിശ്വാസ്യതയും സമഗ്രതയും, സ്ഥാപനങ്ങൾ, സൌകര്യങ്ങൾ, ആരോഗ്യ പ്രവർത്തകർ, എന്നിങ്ങനെ എല്ലാ തലങ്ങളിലെയും സൂചകങ്ങൾ സമാഹരിച്ചാണ് ഈ സംയോജിത റാങ്ക് തയ്യാറാക്കുന്നത്. 2019-2020 ൽ കേരളത്തിന്റെ സ്കോർ 82.2 ഉം റാങ്ക് ഒന്നുമാണ്. ഇതിനു മുൻപ് നടന്നിട്ടുള്ള നാല് റൌണ്ട് സർവ്വേകളിലും കേരളമായിരുന്നു ഒന്നാം റാങ്കിൽ. കേരളത്തിന്റെ തൊട്ടടുത്തുള്ള പ്രധാന സംസ്ഥാനം തമിഴ്നാടാണ്. തമിഴ് നാടിന്റെ സ്കോർ 72.42 ആണ്. പൊതുജനാരോഗ്യ മേഖലയിൽ കേരളത്തിന്റെ സുസ്ഥിരവും വളരുന്നതുമായ നേട്ടമാണ് നീതി ആയോഗ് പഠനം വ്യക്തമാക്കുന്നത്.

## പട്ടിക 1
## 2019 - 20 ലെ ഇന്ത്യയിലെ മേജർ സംസ്ഥാനങ്ങളുടെ ആരോഗ്യനിലയിലെ റാങ്കിങ്

FIGURE ES.1 Larger States: Overall Reference Year (2019-20) Index Scores and Incremental Change from Base Year (2018-19) to Reference Year (2019-20), with Overall Reference Year and Incremental Ranks




Source: Healthy States, Progressive India: HEALTH INDEX ROUND IV 2019-2020 – Niti Ayog

## പട്ടിക 2
## തിരഞ്ഞെടുത്ത ആരോഗ്യ സൂചകങ്ങളിൽ ഇന്ത്യയും കേരളവും തമ്മിലുള്ള താരതമ്യം

| സൂചകം | കേരളം | ഇന്ത്യ | റിമാർക്സ് |
|---|---|---|---|
| ആയുർദൈർഘ്യം | FM-78.4<br>M- 71.9 | FM- 72.5<br>M - 68.5 | |
| മാതൃ മരണ നിരക്ക് | 30 | 88 | 1ലക്ഷം പ്രസവങ്ങളിൽ (live birth) സംഭവിക്കുന്ന മാതൃ മരണം |
| ശിശുമരണ നിരക്ക് | 5 | 25 | ആയിരം ജനനങ്ങളിൽ (live birth) ഒരു വയസിനുള്ളിൽ സംഭവിക്കുന്ന മരണം |
| പ്രത്യുൽപ്പാദന നിരക്ക് (TFR) | 1.5 | 1.9 | |
| Sex ratio (2011) | 1084 | 943 | /1000 male population |
| Child Sex Ratio (Census 2011) | 964 | 919 | |
| ദശാബ്ദ ജനസംഖ്യാ വളർച്ച-2011(%) | 4.90 | 17.7 | |
| നവജാത ശിശു മരണം | 4 | 19 | ആയിരം ജനനങ്ങളിൽ (live birth) 28 ദിവസത്തിനുള്ളിൽ നുള്ളിൽ സംഭവിക്കുന്ന മരണം |
| അഞ്ചു വയസിൽ താഴെ സംഭവിക്കുന്ന മരണം | 2 | 7 | ആയിരം ജനനങ്ങളിൽ (live birth) അഞ്ചു ദിവയസ്സിനുള്ളിൽ സംഭവിക്കുന്ന മരണം |

Source : Economic Review, SPB, Kerala 2025

- അടിസ്ഥാന ആരോഗ്യ സൂചകങ്ങളിൽ സംസ്ഥാനം ഏറെ മെച്ചപ്പെട്ട നിലയിലാണ് എന്നത് പട്ടികയിലെ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്.
- മാതൃമരണ നിരക്കിലും ശിശു മരണ നിരക്കിലും കേരളം കൈവരിച്ച അതുല്യമായ നേട്ടത്തിന് ആധാരം നമ്മുടെ സുഘടിതമായ പൊതുജനാരോഗ്യ ശൃംഖലയാണ്. ശിശു മരണ നിരക്കിൽ ഉണ്ടായ നാടകീയമായ കുറവു ഹൃദ്യം പോലെയുള്ള ആസൂത്രിതമായ പദ്ധതി നടത്തിപ്പിന്റെയും സൂക്ഷ്മമായ മോണിറ്ററിങ്ങിന്റെയും നേട്ടമാണ്.
- ഒറ്റപ്പെട്ട കേസുകൾ ഒഴികെ സംസ്ഥാനത്തെ പ്രസവം ഏതാണ്ട് പൂർണമായും ആശുപത്രികളിലാണ് (institutional delivery) നടക്കുന്നത്. മാതൃമരണ നിരക്കും ശിശു മരണ നിരക്കും കുറഞ്ഞിരിക്കുന്നതിൽ ഇതിനുള്ള പങ്ക് വളരെ വലുതാണ്.
- ആയിരം പുരുഷന്മാർക്ക് 1084 എന്നതാണ് 2011ലെ നമ്മുടെ സെക്സ് റേഷ്യോ. ദേശീയ ശരാശരി 943 ആണ്. എന്നാൽ കുട്ടികളിലെ നമ്മുടെ സെക്സ് റേഷ്യോ 964 ആണ്. ഇവിടെയും ദേശീയ ശരാശരിയായ 919 നേക്കാൾ ഭേദപ്പെട്ട നിലയാണ്.
- ജനിച്ച് 28 ദിവസത്തിനുള്ളിൽ മരിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണത്തിലും അഞ്ചു വയസിനു മുൻപു മരണം സംഭവിക്കുന്ന കുട്ടികളുടെ എണ്ണത്തിലും കേരളം വളരെ മെച്ചപ്പെട്ട നിലയാണെന്ന് കാണാം.
- ഇതെല്ലാം സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ വ്യാപ്തി, വിതരണം, പ്രാപ്യത, ലഭ്യത എല്ലാമായി ബന്ധപ്പെട്ടതാണ്.
- ഒരുപാട് പുതിയ വെല്ലുവിളികൾ ഉയരുന്നുണ്ട് എന്നിരിക്കിലും കേരളത്തിന്റെ അടിസ്ഥാന ആരോഗ്യ സൂചികകളുടെ ദൃഢത വ്യക്തമാക്കുന്നതാണ് ഈ കണക്കുകൾ.

## II
## 2016 - 2021 : ഒരു ദശാബ്ദത്തിന്റെ നേട്ടങ്ങൾ

വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന തരത്തിലുള്ള ആരോഗ്യ സൂചികകളാണ് കേരളത്തെ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. നീതി ആയോഗിന്റെ ഹെൽത്ത് ഇൻഡക്സിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നതിനോടൊപ്പം തന്നെ പകർച്ചേതര വ്യാധികളെ നിയന്ത്രിക്കുന്നതിൽ സംസ്ഥാനം കാണിക്കുന്ന ശുഷ്കാന്തിക്ക് ഐക്യരാഷ്ട്രസഭയുടെ പ്രത്യേക പുരസ്കാരവും ലഭിച്ചിട്ടുണ്ട്. കൂടാതെ, സൗജന്യ ചികിത്സാ ക്ലെയിമുകൾ പ്രോസസ്സ് ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ചവെച്ചതിന് 2023-ലെ ആരോഗ്യ മന്ഥൻ അവാർഡും കേരളത്തിന് ലഭിച്ചു.

### ആർദ്രം പദ്ധതി

സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനങ്ങളെ ജനസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2017-ൽ ആർദ്രം മിഷൻ ആരംഭിച്ചത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തത് വഴി ചികിത്സാ സൗകര്യങ്ങൾ സാധാരണക്കാരുടെ പടിവാതിൽക്കൽ എത്തിക്കാൻ സാധിച്ചു. ഇതിലൂടെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുകയും ഇ-ഹെൽത്ത് പോലുള്ള സംവിധാനങ്ങളിലൂടെ ഡിജിറ്റൽ ആരോഗ്യ രേഖകൾ ലഭ്യമാവുകയും ചെയ്തു. പ്രാഥമിക ചികിത്സാ രംഗത്തുണ്ടായ ഈ വിപ്ലവം താലൂക്ക്, ജില്ലാ ആശുപത്രികളിലെ തിരക്ക് കുറയ്ക്കുന്നതിനും രോഗികൾക്ക് ഗുണമേന്മയുള്ള സേവനം ഉറപ്പാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. കോവിഡ്-19, നിപ തുടങ്ങിയ പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടാൻ കേരളത്തെ സജ്ജമാക്കിയത് ഇത്തരത്തിൽ താഴേത്തട്ടിൽ ശക്തിപ്പെടുത്തിയ ആരോഗ്യ സംവിധാനങ്ങളാണ്.

**പട്ടിക 3**
**ആർദ്രം പദ്ധതിയുടെ ഭൗതിക നേട്ടങ്ങൾ**

| Type of Hospitals | Total Institutions | Work Completed | Work Progressing | Works to be started |
|---|---|---|---|---|
| PHCs into FHCs | 885 | 740 | 53 | 92 |
| CHC to Block FHCs | 152 | 105 | 17 | 30 |
| OP transformation of District / General Hospitals | 17 | 14 | 1 | 2 |
| OP transformation of Taluk Hospitals | 43 | 24 | 10 | 9 |
| Medical Colleges | 8 | 8 | 0 | 0 |

Source: Economic Review, SPB, Kerala 2025

ആർദ്രം പദ്ധതി വഴി 2025 വരെ ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തനത്തിൽ നത്തിൽ കൈവരിച്ച നേട്ടമാണ് പട്ടികയിലുള്ളത്.

ശ്രമകരമായ ഒന്നാണ് ഇത്തരം പരിവർത്തന പ്രക്രിയ എന്നത് നമുക്കറിയാം. ആകെ 885 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 740 എണ്ണത്തിലും ഈ പ്രക്രിയ പൂർത്തിയാക്കി. 53 എണ്ണത്തിലാണ് പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നത്.

ആകെയുള്ള 152 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 105 ലും പൂർത്തിയായി, 17 എണ്ണം പുരോഗമിക്കുകയുമാണ്.

ജില്ലാ / ജനറൽ ആശുഅപത്രികളിൽ 17 ൽ 14 ലും ഔട്ട് പേഷ്യന്റ് സംവിധാനത്തിന്റെ പരിവർത്തനം പൂർത്തിയാക്കി. ഒരെണ്ണം പുരോഗമിക്കുകയുമാണ്. ആകെ 43 താലൂക്ക് ആശുപത്രികളിൽ 24 ലും OP നവീകരണം പൂർത്തിയായി. പത്തിടത്ത് പുരോഗമിക്കുന്നു. ആർദ്രം മിഷൻ രൂപപ്പെടുന്ന സമയത്ത് നിലവിലുണ്ടായിരുന്ന 8 മെഡിക്കൽ കോളേജ് ആശുപത്രികളിലും പദ്ധതി വിഭാവനം ചെയ്ത പരിവർത്തനം പൂർത്തിയാക്കി.

കേരളത്തിന്റെ പൊതുജനാരോഗ്യ ശൃംഖലയുടെ മുഖം മാറ്റിയ പദ്ധതിയാണ് ആർദ്രം മിഷൻ. ആധുനിക സംവിധാനങ്ങളും സാങ്കേതങ്ങളും ഏർ പ്പെടുത്തിയും സേവന സമയവും സേവനത്തിന്റെ വൈപുല്യവും വർദ്ധിപ്പിച്ചും അടിസ്ഥാന സൌകര്യങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും വിപുലപ്പെടുത്തിയും നമ്മുടെ കേരളത്തിന്റെ ആരോഗ്യ രക്ഷാ ശൃംഖല നവീകരിക്കപ്പെട്ടു എന്നതാണ് ആർദ്രം മിഷൻ കൊണ്ടുവന്ന മാറ്റം.

വൈകുന്നേരം 6 മണി വരെയുള്ള ഒപി സൗകര്യം, ഇ-ഹെൽത്ത് സംവിധാനം, മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളുടെ പ്രത്യേകതകളാണ്.

ആരോഗ്യ രക്ഷാ ശൃംഖല യുടെ സേവനങ്ങൾ ആർദ്രം പദ്ധതി ലക്ഷ്യമിട്ട പോലെ പരിവർത്തിക്കപ്പെടണമെങ്കിൽ അധിക മനുഷ്യ വിഭവ ശേഷി അനിവാര്യമാണ്. കഴിഞ്ഞ പത്തു കൊല്ലം ആരോഗ്യ മേഖലയിൽ നടന്ന തസ്തിക സൃഷ്ടിയും ആകെ മനുഷ്യ വിഭവ ശേഷിയിൽ ഉണ്ടായ ഗണ്യമായ ഉയർച്ചയും വ്യക്തമാക്കുന്ന രണ്ടു പട്ടികകൾ താഴെ കൊടുക്കുന്നു.

**പട്ടിക 4**
**ആരോഗ്യ മേഖലയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകൾ 2016-2025**

| Department | 2016-2021 | 2021-2025 |
|---|---|---|
| DHS | 3378 | 952 |
| DME | 4232 | 813 |
| AYUSH | 259 | 124 |
| Drugs Control Dept | 24 | 44 |
| Food Safety | 5 | 32 |
| KUHS | 176 | 53 |
| Others | 46 | 244 |
| **Total** | **8120** | **2262** |

Source: Economic Review, SPB, Kerala 2025

**പട്ടിക 5**
**ആരോഗ്യ ജീവനക്കാരുടെ 2016, 2025**

| Category / Year | 2016 | | | | 2025 | | | |
|---|---|---|---|---|---|---|---|---|
| | Regular Staff | | Contract Staff | Total | Regular Staff | | Contract Staff | Total |
| | DHS | DME | | | DHS | DME | | |
| General Doctors | 3283 | 639 | 691 | 4613 | 4168 | 796 | 1207 | 6171 |
| Specialist Doctors | 2011 | 197 | 109 | 2317 | 2202 | 679 | 304 | 3185 |
| Nurses | 8098 | 665 | 1106 | 9869 | 9247 | 1681 | 2647 | 13575 |
| Other Staff | 2311 | 1655 | 1106 | 5022 | 3868 | 1825 | 1916 | 7609 |

Source: Economic Review, SPB, Kerala 2025

എല്ലാ വിഭാഗങ്ങളിലും സ്ഥാപനങ്ങളിലുമായി 2016-2025 കാലത്ത് പുതിയതായി 10382 തസ്തികകളാണ് ആരോഗ്യ മേഖലയിൽ സൃഷ്ടിച്ചത്. ഇതിന്റെ ഫലമായി ആധുനിക മേഖലയിൽ 1558 ജനറൽ ഡോക്ടർമാരും 868 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും സർക്കാർ ആശുപത്രികളിൽ അധികമായി വന്നു. ആകെ 2426 ഡോക്ടർമാർ പുതിയതായി വന്നു. ഇക്കാലയളവിൽ അധികമായി നിയമിക്കപ്പെട്ട നഴ്സുമാർ 3706 ആണ്. ലബോറട്ടറി പ്രൊഫഷണലുകൾ അടക്കം 2587 മറ്റു വിഭാഗം ജീവനക്കാരെയും അധികമായി നിയോഗിച്ചു. സംസ്ഥാനത്തെ ആരോഗ്യ രക്ഷാ ശൃംഖലയുടെ പരിവർത്തനം നടന്ന വഴികളാണിത്.

## പൊതുജനാരോഗ്യ മേഖലയിലെ നിക്ഷേപം

2016-നും 2025-നും ഇടയിൽ കേരളം ആരോഗ്യമേഖലയിലെ പൊതു നിക്ഷേപം ഗണ്യമായി വർദ്ധിപ്പിച്ചു. 2016-17 കാലയളവിൽ 6,146 കോടി രൂപയായിരുന്ന ആരോഗ്യ ബജറ്റ് 2021-22 ആയപ്പോഴേക്കും 13,124 കോടി രൂപയായി ഉയർന്നു. സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GSDP) 1.24 ശതമാനത്തിൽ നിന്ന് 2.11 ശതമാനമായി ആരോഗ്യത്തിനായുള്ള ചെലവ് വർദ്ധിച്ചു. കൂടാതെ, കിഫ്ബി (KIIFB) വഴി 12,324.91 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആരോഗ്യമേഖലയിൽ നടപ്പിലാക്കി വരുന്നു.

## ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതികൾ

പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി വിപുലമായ സംവിധാനങ്ങൾ കേരളത്തിലുണ്ട്. 'ശൈലി' (Shaili) ആപ്പ് ഉപയോഗിച്ച് 30 വയസ്സിന് മുകളിലുള്ളവരുടെ വീടുകളിൽ എത്തി സ്ക്രീനിംഗ് നടത്തിയതിലൂടെ 55.24 ലക്ഷം ഹൈ-റിസ്ക് വ്യക്തികളെ കണ്ടെത്താൻ സാധിച്ചു.

ശ്വാസ് (SWAAS): സി.ഒ.പി.ഡി പ്രതിരോധ പദ്ധതി 685 എഫ്.എച്ച്.സികളിൽ ലഭ്യമാണ്.

സിറാസ് (SIRAS): പക്ഷാഘാത ചികിത്സയ്ക്കായി 12 ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ഐ.സി.യു യൂണിറ്റുകൾ സ്ഥാപിച്ചു.

നയനാമൃതം: പ്രമേഹ സംബന്ധമായ കാഴ്ച വൈകല്യങ്ങൾ കണ്ടെത്താനുള്ള പദ്ധതി 172 എഫ്.എച്ച്. സികളിലുണ്ട്.

## പകർച്ചവ്യാധി നിയന്ത്രണവും സുരക്ഷയും

നിപ്പ, കോവിഡ്-19 തുടങ്ങിയ പകർച്ചവ്യാധികളെ നേരിടുന്നതിൽ കേരളം കാണിച്ച ജാഗ്രത ആഗോള ശ്രദ്ധ നേടി. 'ബ്രേക്ക് ദി ചെയിൻ' (Break the Chain) ക്യാമ്പയിൻ, വികേന്ദ്രീകൃതമായ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഇതിൽ നിർണ്ണായകമായിരുന്നു. 2023-ൽ പുതിയ 'കേരള പൊതുജനാരോഗ്യ നിയമം' (Public Health Act) നടപ്പിലാക്കി, ഇത് ആരോഗ്യ ഭരണനിർവ്വഹണത്തിന് ഒരു ഏകീകൃത നിയമപരമായ ചട്ടക്കൂട് നൽകുന്നു.

## വൺ ഹെൽത്ത് (One Health) പദ്ധതി

മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങളെയും (Zoonotic diseases) പുതിയ രോഗങ്ങളെയും നിയന്ത്രിക്കുന്നതിനായി കേരളം 'വൺ ഹെൽത്ത്' പദ്ധതി ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ പമ്പ നദീതട പ്രദേശത്തെ നാല് ജില്ലകളിൽ ഇത് നടപ്പിലാക്കി. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ്പ ഗവേഷണത്തിനായുള്ള പ്രത്യേക കേന്ദ്രവും തുറന്നു. പിന്നീട് ഇത് സംസ്ഥാനത്ത് ഉടനീളം വ്യാപിപ്പിച്ചു.

## ആന്റിബയോട്ടിക് പ്രതിരോധം (AMR)

ആന്റിബയോട്ടിക് മരുന്നുകളോടുള്ള പ്രതിരോധം (AMR) നേരിടുന്നതിനായി 2018-ൽ കേരളം സ്വന്തമായി കർമ്മപദ്ധതി (KARSAP) പുറത്തിറക്കി. എല്ലാ ജില്ലകളിലും സർവൈലൻസ് സംവിധാനം ഏർപ്പെടുത്തുകയും 'ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ' എന്ന ആശയം നടപ്പിലാക്കുകയും ചെയ്തു.

## ഇ-ഹെൽത്ത് സംവിധാനം

ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ഓരോ പൗരനും യുണീക് ഹെൽത്ത് ഐഡന്റിഫിക്കേഷൻ നമ്പർ (UHID) നൽകുന്ന ഇ-ഹെൽത്ത് പദ്ധതി വിജയകരമായി നടപ്പിലാക്കുന്നു. 2025-ഓടെ 686 സ്ഥാപനങ്ങളിലായി 2.5 കോടി പൗരന്മാരെ ഇതിൽ രജിസ്റ്റർ ചെയ്തു. ഇതിലൂടെ ആശുപത്രികളിലെ കാത്തിരിപ്പ് സമയം കുറയ്ക്കാനും ചികിത്സാ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കാനും സാധിക്കുന്നു.

## മാതൃ-ശിശു ആരോഗ്യ പരിരക്ഷ

കേരളത്തിലെ 92% ഗർഭധാരണങ്ങളും ആദ്യ മൂന്ന് മാസത്തിനുള്ളിൽ തന്നെ രജിസ്റ്റർ ചെയ്യപ്പെടുന്നു. സ്ഥാപനങ്ങളിലെ പ്രസവ നിരക്ക് (Institutional delivery) 98 ശതമാനമാണ്. 'ഹൃദ്യം' പദ്ധതിയിലൂടെ ജന്മനാ ഹൃദയവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നു. കൂടാതെ, 'വിവ കേരള' (VIVA Kerala) പദ്ധതിയിലൂടെ വിളർച്ച (Anaemia) ഇല്ലാത്ത സ്ത്രീകളുടെ എണ്ണം 60 ശതമാനത്തിന് മുകളിൽ എത്തിക്കാൻ സാധിച്ചു.

## ട്രോമ കെയറും ആംബുലൻസ് ശൃംഖലയും

റോഡപകടങ്ങളിലും മറ്റും പെടുന്നവർക്ക് അടിയന്തര ചികിത്സ ഉറപ്പാക്കാൻ 'കനിവ്' (Kanivu-108) ആംബുലൻസ് ശൃംഖല 2017-ൽ ആരംഭിച്ചു. ജി.പി.എസ് ഘടിപ്പിച്ച ഈ ആംബുലൻസുകളിൽ അത്യാധുനിക ഉപകരണങ്ങളും പരിശീലനം ലഭിച്ച ജീവനക്കാരുമുണ്ട്. 52 ജില്ലാ/താലൂക്ക് ആശുപത്രികളിൽ ട്രോമ കെയർ സൗകര്യ

ങ്ങൾ ഒരുക്കി.

## ആയുഷ് (AYUSH) മേഖലയുടെ വികസനം

ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാരീതികളെ കേരളം പൊതുജനാരോഗ്യ സംവിധാനത്തിന്റെ ഭാഗമായി ശക്തിപ്പെടുത്തി. 1,385 ബെഡ്ഡുകളുള്ള മൂന്ന് സർക്കാർ ആയുർവേദ കോളേജുകളും ഹോമിയോപ്പതി മേഖലയിൽ 1,000 ബെഡ്ഡുകളുള്ള ആശുപത്രികളും സംസ്ഥാനത്തുണ്ട്. സ്പോർട്സ് ആയുർവേദം, പാലിയേറ്റീവ് കെയർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്നു.

ശക്തമായ പൊതുജനാരോഗ്യ സംവിധാനമാണ് കേരളത്തിന്റെ വികസനത്തിന്റെ അടിത്തറ. വരാനിരിക്കുന്ന കാലത്തെ വെല്ലുവിളികൾ നേരിടുന്നതിനായി ഗ്രാമീണ ആരോഗ്യം, ഗോത്രവർഗ്ഗ ആരോഗ്യം, പാലിയേറ്റീവ്

കെയർ, മെഡിക്കൽ ടൂറിസം തുടങ്ങിയ മേഖലക ളിൽ കൂടുതൽ ഊന്നൽ നൽകി സർക്കാർ മുന്നോട്ട് പോകുന്നു. ആരോഗ്യവാന്മാരായ ജനത സാമ്പത്തിക വളർച്ചയ്ക്ക് വലിയ സംഭാവനകൾ നൽകുമെന്ന് കേരള ത്തിന്റെ അനുഭവങ്ങൾ തെളിയിക്കുന്നു.

### കേരളത്തിലെ മെഡിക്കൽ-ആയുഷ് വിദ്യാഭ്യാസ മേഖല

കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖല ആധുനിക ചികിത്സാരീതികളും പരമ്പരാഗത വൈദ്യ ശാസ്ത്രവും സമന്വയിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ വികസന പാതയിലാണ്. 2025 ഒക്ടോബർ വരെയുള്ള കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രത്തിൽ സർക്കാർ മേഘലയിൽ 14 ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്ക് പുറമെ നഴ്സിംഗ് (14), ഡെന്റൽ (6), ഫാർമസി (4) കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി അത്യാഹിത വിഭാഗങ്ങളുടെ ആധുനികവൽക്കരണ വും ക്രിട്ടിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്സ്, റൂമ റ്റോളജി തുടങ്ങിയ അത്യാധുനിക സ്പെഷ്യലൈസ്ഡ് വിഭാഗങ്ങളുടെ രൂപീകരണവും ദ്രുതഗതിയിൽ നടക്കു ന്നു. കൂടാതെ, തിരുവനന്തപുരത്തെ അപെക്സ് ട്രോമ ആൻഡ് എമർജെൻസി ലേണിംഗ് സെന്റർ, ബോൺ മാരോ യൂണിറ്റ്, പീഡിയാട്രിക് ഹീമാറ്റോ-ഓങ്കോ ളജി തുടങ്ങിയ നൂതന സംവിധാനങ്ങളും അവയവ മാറ്റ ശസ്ത്രക്രിയ യൂണിറ്റുകളും സംസ്ഥാനത്തെ മെഡിക്കൽ ഗവേഷണ-അക്കാദമിക് മേഖലയെ ശക്തിപ്പെടുത്തുന്നു. ആയുഷ് (AYUSH) മേഖലയിൽ കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി വിഭാഗങ്ങളിൽ സർക്കാർ സ്വകാര്യ മേഘലകളിലായി 25 കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്ത പുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലെ മൂന്ന് ഗവൺമെന്റ് ആയുർവേദ കോളേജുകളിലായി 1,385 ബെഡുകളുടെ സൗകര്യവും, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളും കേരളത്തിലെ വൈദ്യ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെ വൈവിധ്യത്തെയും മികവിനെയും പ്രതിഫലിപ്പിക്കുന്നു. ആരോഗ്യ സർവ കലാശാലയുടെ കണക്കുകൾ പ്രകാരം കേരളത്തിലെ വിവിധ വൈദ്യശാസ്ത്ര ശാഖകളിലേക്കുള്ള വിദ്യാർ ത്ഥി പ്രവേശനത്തിൽ പെൺകുട്ടികളുടെ എണ്ണത്തിൽ വലിയ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മൊത്തം 27,188 സീറ്റുകളിലേക്കാണ് ഈ വർഷം പ്രവേശനം നടന്നത്. ഇതിൽ 21,832 പേർ പെൺകുട്ടികളും 5,356 പേർ ആൺകുട്ടികളുമാണ്. റിപ്പോർട്ട് അനുസരിച്ച് മൊത്തം പ്രവേശനത്തിന്റെ ഏകദേശം 80% സീറ്റു കളിലും പെൺകുട്ടികളാണ് പ്രവേശനം നേടിയിരി ക്കുന്നത്. ആയുഷ് വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ആയുർവേദ മെഡിസിനിലാണ് (1063 പേർ).

### കേരളത്തിലെ മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ: ഒരു വിശകലനം

കേരളത്തിന്റെ ആരോഗ്യമേഖല കേവലം പ്രാഥമിക ചികിത്സയിലൊതുങ്ങാതെ, പ്രത്യേക വൈദഗ്ധ്യം ആവശ്യമുള്ള കാൻസർ പ്രതിരോധം, മാനസികാരോ ഗ്യം, ന്യൂറോ സയൻസ്, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ മികച്ച സ്ഥാപനങ്ങളിലൂടെ വലിയ മുന്നേറ്റം നടത്തുന്നു.

#### 1. കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രങ്ങൾ

സംസ്ഥാനത്തെ കാൻസർ ചികിത്സാ രംഗത്ത് മൂന്ന് പ്രധാന സ്ഥാപനങ്ങളാണ് മുൻപന്തിയിലുള്ളത്:

- റീജിയണൽ കാൻസർ സെന്റർ (RCC), തിരുവനന്ത പുരം: കേരളത്തിലെ പ്രമുഖ കാൻസർ ചികിത്സാ കേന്ദ്രമായ ഇവിടെ 2024-25 കാലയളവിൽ 14,770 പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തു. പ്രതിദിനം ശരാശരി 879 രോഗികൾ ഇവിടെ സേവനം തേടുന്നു.
- മലബാർ കാൻസർ സെന്റർ (MCC), കണ്ണൂർ: വടക്കൻ കേരളത്തിലെ പ്രധാന കേന്ദ്രമായ ഇവിടെ റോബോട്ടിക് സർജറി, പ്ലാക്ക് ബ്രാക്കിതെറാപ്പി (കണ്ണിലെ കാൻസറിന്), കാർ-ടി (CAR-T) സെൽ തെറാപ്പി തുടങ്ങിയ അത്യാധുനിക ചികിത്സകൾ ലഭ്യമാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക നുസരിച്ച് പ്രതിവർഷം ശരാശരി 5,253 പുതിയ കേസുകൾ ഇവിടെ കണ്ടെത്തുന്നു.
- കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ (CCRC): മധ്യകേരളത്തിലെ വർദ്ധിച്ചുവരുന്ന കാൻസർ ബാധ തടയുന്നതിനായി സ്ഥാപിക്കപ്പെട്ട ഈ കേന്ദ്രത്തിൽ നിലവിൽ 20 ബെഡുകളാണുള്ളത്. പുതിയതായി 100 ബെഡുകൾ കൂടി സജ്ജമായി ട്ടുണ്ട്.

#### 2. മാനസികാരോഗ്യവും ന്യൂറോ സയൻസും

- IMHANS, കോഴിക്കോട്: മാനസികാരോഗ്യ മേഖലയിലെ ഗവേഷണത്തിനും പരിശീലനത്തിനു മായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം കമ്മ്യൂണിറ്റി സൈക്യാട്രി, ചൈൽഡ് സൈക്യാട്രി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- ICCONS (തിരുവനന്തപുരം & ഷൊർണൂർ): ഓട്ടിസം, സെറിബ്രൽ പാൾസി, സ്ട്രോക്ക് തുടങ്ങിയവ മൂലം സംഭവിക്കുന്ന വൈജ്ഞാ നിക-സംസാര വൈകല്യങ്ങളുടെ പുനരധിവാസ ത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. ഷൊർണൂരിലെ കേന്ദ്രത്തിൽ 60 ബെഡുകളും ന്യൂറോ-ഐസിയു സംവിധാനവുമുണ്ട്.

#### 3. പകർച്ചവ്യാധി നിയന്ത്രണവും പൊതുജനാ രോഗ്യവും

- കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (K-CDC): നിപ്പ, സിക്ക, കോവിഡ് തുടങ്ങിയ പൊതുജനാരോഗ്യ വെല്ലുവി

ളികളെ നേരിടാൻ 'വൺ ഹെൽത്ത്' (One Health) സങ്കൽപ്പത്തിലധിഷ്ഠിതമായാണ് ഇത് സ്ഥാപിത മായത്. ഡാറ്റാ അധിഷ്ഠിത തീരുമാനങ്ങളിലൂടെ പകർച്ചവ്യാധികളെ മുൻകൂട്ടി തടയുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

- സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) & NHM: ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ ഏകോപനവും ദേശീയ ആരോഗ്യ ദൗത്യം വഴിയുള്ള അടിസ്ഥാന സൗകര്യ വികസനവും ഈ ഏജൻസികൾ നിർവ്വ ഹിക്കുന്നു.

## 4. മറ്റ് വിദ്യാഭ്യാസ-ക്ഷേമ സ്ഥാപനങ്ങൾ

- SI-MET: 11 നഴ്സിംഗ് കോളേജുകളിലായി ഏകദേശം 1,920 വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം നൽകുന്നു.
- ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (CDC): കുട്ടി ക്കാലത്തെ വൈകല്യങ്ങൾ കുറയ്ക്കുന്നതിനും കൗമാ രക്കാരുടെ പരിചരണത്തിനുമായി പ്രവർത്തിക്കുന്ന മികച്ച കേന്ദ്രമാണിത്.
- ഇൻഷുറൻസ് മെഡിക്കൽ സർവീസ്: ഇ.എസ്.ഐ (ESI) ഗുണഭോക്താക്കൾക്കായി 9 ആശുപത്രിക ളും 147 ഡിസ്പെൻസറികളും വഴി അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി ചികിത്സകൾ നൽകുന്നു.

## 5. ഗുണനിലവാര നിയന്ത്രണം

- ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്: മരുന്നുകളുടെ ഗുണനിലവാരവും വിലയും നിയന്ത്രിക്കുന്നതി നായി 4 ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികൾ സംസ്ഥാ നത്ത് പ്രവർത്തിക്കുന്നു.
- ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റ്: ഭക്ഷ്യവസ്തു ക്കളുടെയും ജലത്തിന്റെയും ഗുണനിലവാരം ഉറപ്പാക്കാൻ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ NABL അംഗീകൃത ലാബുകൾ പ്രവർത്തിക്കുന്നു

## III

## കേരളാ ഹെൽത്ത് വിഷൻ 2031 : സുസ്ഥിര ആരോഗ്യം - ഒരു നയരേഖ

കേരളത്തിന്റെ പൊതുജനാരോഗ്യ മാതൃക ലോകമെ മ്പാടും പ്രശംസിക്കപ്പെട്ട ഒന്നാണെങ്കിലും, വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങൾ (NCDs), പ്രായ മായവരുടെ ആരോഗ്യപ്രശ്നങ്ങൾ, പുതിയ പകർച്ച വ്യാധികൾ എന്നിവ ഭാവിയിൽ വലിയ വെല്ലുവിളിക ളാകും. ഈ സാഹചര്യത്തിലാണ് കേരള സർക്കാർ 'വിഷൻ 2031' എന്ന കർമ്മപദ്ധതി വിഭാവനം ചെയ്തി രിക്കുന്നത്. ചികിത്സാ കേന്ദ്രീകൃതമായ ആരോഗ്യ സംവിധാനത്തിൽ നിന്നും പ്രതിരോധ കേന്ദ്രീകൃത മായ (Preventive Health) സംവിധാനത്തിലേക്കുള്ള മാറ്റമാണ് ഇതിന്റെ കാതൽ. 2031-ഓടെ കേരളം കൈവരിക്കേണ്ട ആരോഗ്യ ലക്ഷ്യങ്ങളെക്കുറിച്ചുള്ള സമഗ്രമായ മാർഗരേഖയാണ് 'വിഷൻ 2031'.

### കാൻസർ പ്രതിരോധവും വികേന്ദ്രീകൃത ചികിത്സയും

കാൻസർ രോഗത്തെ പ്രാഥമിക ഘട്ടത്തിൽ തന്നെ കണ്ടെത്തുക എന്നതാണ് ഏറ്റവും വലിയ ലക്ഷ്യം.

- സെക്കണ്ടറി തലത്തിലെ ശാക്തീകരണം: നിലവിൽ പ്രൈമറി തലത്തിൽ സ്ക്രീനിംഗ് നടക്കു ന്നുണ്ടെങ്കിലും രോഗം സ്ഥിരീകരിക്കുന്നതിനും ചികിത്സ ആരംഭിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാൻ താലൂക്ക്, ജില്ലാ ആശുപത്രികളെ സജ്ജമാക്കും.
- റേഡിയേഷൻ തെറാപ്പി സൗകര്യങ്ങൾ: 2031-ഓടെ എല്ലാ ജില്ലകളിലും കുറഞ്ഞത് ഒരു സർക്കാർ ആശുപത്രിയിലെങ്കിലും (മെഡിക്കൽ കോളേജ് അല്ലാത്തവ) റേഡിയേഷൻ യൂണിറ്റുകൾ ആരംഭിക്കും. ഇത് ആർ.സി.സി (RCC), എം.സി.സി (MCC) തുടങ്ങിയ സ്ഥാപനങ്ങളിലെ തിരക്ക് 60% വരെ കുറയ്ക്കാൻ സഹായിക്കും.
- HPV വാക്സിനേഷൻ: ഗർഭാശയ ഗള കാൻസർ തടയുന്നതിനായി സ്കൂൾ തലം മുതൽ പെൺകു ട്ടികൾക്ക് എച്ച്.പി.വി വാക്സിൻ നൽകുന്ന പദ്ധതി നടപ്പിലാക്കും.

### ജീവിതശൈലീ രോഗങ്ങളും (NCD) നൂതന പദ്ധതികളും

കേരളത്തിലെ മരണങ്ങളിൽ വലിയൊരു ശതമാനവും ജീവിതശൈലീ രോഗങ്ങൾ മൂലമാണ്.

- 'നോ യുവർ നമ്പർ' (Know Your Numbers): രക്ത സമ്മർദ്ദം, പ്രമേഹം എന്നിവയുടെ കൃത്യമായ അളവ് ഓരോ പൗരനും അറിഞ്ഞിരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രചാരണം.
- സ്കൂൾ പോഷകാഹാര നയം:കുട്ടികളിലെ അമിതവ ണ്ണം തടയുന്നതിനായി വിദ്യാലയങ്ങളിൽ പ്രത്യേക 'ന്യൂട്രീഷൻ പോളിസി' കൊണ്ടുവരും.
- സ്ട്രോക്ക് യൂണിറ്റുകൾ:പക്ഷാഘാതം സംഭവിച്ച് 'ഗോൾഡൻ അവറിനുള്ളിൽ' ചികിത്സ ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും പ്രൈമറി സ്ട്രോക്ക് യൂണി റ്റുകൾ (Shiras Project) സ്ഥാപിക്കും.

### വയോജന - പാലിയേറ്റീവ് കെയർ (Elderly & Palliative Care)

- പ്രായമായവരുടെ എണ്ണം വർദ്ധിക്കുന്ന സാഹച ര്യത്തിൽ വീടുകളിൽ അധിഷ്ഠിതമായ ചികിത്സാ രീതികൾക്ക് മുൻഗണന നൽകും.
- ഡിജിറ്റൽ പാലിയേറ്റീവ് കെയർ: രോഗികളുടെ വിവരങ്ങൾ തത്സമയം നിരീക്ഷിക്കാൻ മൊബൈൽ ആപ്പുകളും ഡാഷ്ബോർഡുകളും ഉപയോഗി

ക്കും.

- മാനസികാരോഗ്യം:ഒറ്റപ്പെടൽ അനുഭവിക്കുന്ന വയോധികർക്കായി കമ്മ്യൂണിറ്റി തലത്തിൽ പുന രധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കും.

## പകർച്ചവ്യാധി നിയന്ത്രണവും 'ഏകാരോഗ്യ വും' (One Health)

കോവിഡ്-19 നു ശേഷമുള്ള ലോകത്ത് പകർച്ചവ്യാധി പ്രതിരോധം ഏറ്റവും പ്രധാനപ്പെട്ടതാണ്.

- വൺ ഹെൽത്ത് അപ്രോച്ച്: മൃഗസംരക്ഷണ വകുപ്പ്, പരിസ്ഥിതി വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് സൂനോട്ടിക് (Zoonotic) രോഗങ്ങളെ തടയും.
- അഡൽറ്റ് വാക്സിനേഷൻ:വയോധികർക്കും ഉയർന്ന രോഗസാധ്യതയുള്ളവർക്കും ഇൻഫ്ലുവൻസ, ന്യൂമോണിയ വാക്സിനുകൾ ലഭ്യമാക്കുന്ന നയം രൂപീകരിക്കും.

## മെഡിക്കൽ ഗവേഷണവും ഉന്നത വിദ്യാഭ്യാസവും

ഗവേഷണ രംഗത്ത് കേരളത്തെ ഒരു ഹബ്ബാക്കി മാറ്റാനാണ് വിഷൻ 2031 ലക്ഷ്യമിടുന്നത്.

- നാഷണൽ ഹെൽത്ത് കെയർ റിസർച്ച് ഫ്രെയിംവർക്ക് (NHRF): മികച്ച ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നത് നിർബന്ധമാക്കുകയും ഇതിനായി മെഡിക്കൽ കോളേജുകളിൽ പ്രത്യേക ഗ്രാന്റുകൾ അനുവദിക്കുകയും ചെയ്യും.
- ജീനോമിക് ഡാറ്റാ ബാങ്ക്:കേരളീയരുടെ ജനിതക പ്രത്യേകതകൾ പഠിക്കുന്നതിനായി ബയോബാങ്കുകൾ സ്ഥാപിക്കും.

## അടിയന്തര വിഭാഗവും സുരക്ഷയും (Emergency & Food Safety)

- ഹോസ്പിറ്റൽ ഡിസാസ്റ്റർ പ്ലാൻ:പ്രകൃതിക്ഷോഭങ്ങളും അപകടങ്ങളും നേരിടാൻ എല്ലാ ആരോഗ്യ കേന്ദ്രങ്ങൾക്കും പ്രത്യേക കർമ്മപദ്ധതി നിർബന്ധമാക്കും.
- ഭക്ഷണ സുരക്ഷ:ഹോട്ടലുകൾക്ക് 'ഹെൽത്തി റേറ്റിംഗ്' നൽകുകയും, ഉപയോഗിച്ച എണ്ണ പുനരുപയോഗിക്കുന്നത് (RUCO പദ്ധതി) തടയുകയും ചെയ്യും. 2031-ഓടെ കേരളത്തെ 'ലിറ്റിൽ ഓർ നോ ഫുഡ് പോയിസണിംഗ്' സംസ്ഥാനമാക്കി മാറ്റും.

## പ്രധാന നിർദ്ദേശങ്ങൾ

- മെഡിക്കൽ ഐ.ടി (E-Health) സംവിധാനം 100% പൂർത്തിയാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി സ്പെഷ്യലിസ്റ്റ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുക.
- ഓരോ പൗരനും ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് (EHR) ലഭ്യമാക്കുക.

കേരളത്തിന്റെ ആരോഗ്യരംഗം കൈവരിച്ച നേട്ടങ്ങൾ കേവലം ചില സ്ഥിതിവിവരക്കണക്കുകളിൽ മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് അത് ദീർഘ കാലാടിസ്ഥാനത്തിൽ സംസ്ഥാനം നടപ്പിലാക്കിയ ജനകീയ നയങ്ങളുടെയും ആസൂത്രിതമായ ഇടപെടലുകളുടെയും ഫലമാണ്. ആർദ്രം മിഷനിലൂടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്തത് പൊതുജനാരോഗ്യ സംവിധാനത്തോടുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധി

പ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. ഗുണനിലവാരമുള്ള ചികിത്സാ സൗകര്യങ്ങൾ ഏറ്റവും താഴെത്തട്ടിൽ ലഭ്യമാക്കിയതിലൂടെ വലിയൊരു വിഭാഗം ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാതെ തന്നെ മികച്ച സേവനം ഉറപ്പാക്കാൻ സാധിച്ചു. ഇതോടൊപ്പം ഇ-ഹെൽത്ത് പോലെയുള്ള ഡിജിറ്റൽ സംവിധാനങ്ങൾ നടപ്പിലാക്കിയത് ചികിത്സാ രംഗത്ത് കൂടുതൽ സുതാര്യതയും കാര്യക്ഷമതയും കൊണ്ടുവന്നു. പകർച്ചവ്യാധികളെയും നിപ, കോവിഡ്-19 തുടങ്ങിയ അടിയന്തര സാഹചര്യങ്ങളെയും നേരിടുന്നതിൽ കേരളം ലോകത്തിന് നൽകിയ മാതൃക ഈ കരുത്തുറ്റ പൊതുജനാരോഗ്യ ശൃംഖലയുടെ ഫലമാണ്.

പതിമൂന്നും പതിനാലും പഞ്ചവത്സര പദ്ധതികളിലൂടെ സർക്കാർ നടത്തിയ വലിയ നിക്ഷേപങ്ങൾ ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളെ അടിമുടി പരിഷ്കരിച്ചു. സാധാരണക്കാരുടെ ചികിത്സാ ഭാരം ലഘൂകരിക്കുന്നതിനായി നടപ്പിലാക്കിയ ആരോഗ്യ സുരക്ഷാ പദ്ധതികൾ സമൂഹത്തിന്റെ താഴെത്തട്ടി

ലുള്ളവർക്കും മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കി. എന്നിരുന്നാലും ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവും പകർച്ചേതര വ്യാധികളും സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളിയായി തുടരുന്നു. 'വിഷൻ 2031' ഈ വെല്ലുവിളികളെ മുൻകൂട്ടി കണ്ട് കൊണ്ടുള്ള കൃത്യമായ കർമ്മപദ്ധതിയാണ് മുന്നോട്ട് വെക്കുന്നത്. കാൻസർ പ്രതിരോധം, വയോജന പരിചരണം, പാലിയേറ്റീവ് കെയർ എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ വരാനിരിക്കുന്ന ദശകങ്ങളിൽ പ്രായമായവരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം നേരിടാൻ കേരളം സജ്ജമാകേണ്ടതുണ്ട്.

കേരളത്തിലെ ആരോഗ്യനേട്ടങ്ങൾ ചികിത്സ സൗകര്യങ്ങളുടെ വ്യാപനത്തിന്റെ നേട്ടങ്ങൾ മാത്രമല്ല. ജനങ്ങളുടെ ഉയർന്ന ആരോഗ്യബോധത്തിന്റെയും രോഗ പ്രതിരോധ പങ്കാളിത്തത്തിന്റെയും, ആരോഗ്യ സംവിധാനങ്ങൾക്ക് നൽകുന്ന പിന്തുണയുടെ കൂടി നേട്ടങ്ങളാണ്. കേരളത്തിന്റെ ആരോഗ്യ മേഖലയുടെ വികാസത്തെ ചരിത്രപരമായി പഠിച്ചിട്ടുള്ള പണ്ഡിതന്മാരെല്ലാം ഈ കാര്യം അടിവരയിട്ടു പറയുന്നുണ്ട്. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ജനകീയാസൂത്രണ

ത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ആരോഗ്യ സംവിധാനങ്ങളാണ് കീഴ്ത്തട്ടിലുള്ളത്. ആശുപത്രി വികസന സമിതികളും മറ്റ് ജനകീയ പിന്തുണാ സംവിധാനങ്ങളും വലിയ പിന്തുണയാണ് ആരോഗ്യ മേഖലയ്ക്ക് നൽകുന്നത്. കേരളത്തിലെ പാലിയേറ്റിവ് മേഖലയിലെ സന്നദ്ധ

സംഘടനാ സംവിധാനം ലോകത്തു തന്നെ അപൂർവ്വമാണ്. ദുരന്ത കാലഘട്ടങ്ങളിലെല്ലാം ജനകീയ ഇടപെടലുകൾ ദുരന്ത ലഘൂകരണത്തിനും അവയെ മറികടക്കുന്നതിനും വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭാവി ആരോഗ്യമേഖലയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഈ ജനകീയ ഇടപെടലുകൾ എങ്ങിനെ കൂടുതൽ ശക്തിപ്പെടുത്താനാവും എന്നതും ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതുണ്ട്.

ഭാവിയിലേക്ക് നോക്കുമ്പോൾ 2031-ഓടെ കേരളം ലക്ഷ്യമിടുന്നത് കൂടുതൽ വിപുലവും ആധുനികവുമായ ഒരു ആരോഗ്യ വ്യവസ്ഥയാണ്. വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ, പ്രത്യേകിച്ച് കാൻസർ, പ്രമേഹം എന്നിവ നിയന്ത്രിക്കുന്നതിന് പ്രാഥമിക തലത്തിൽ തന്നെ സ്ക്രീനിംഗ് സംവിധാനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. സെക്കൻഡറി തലത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുക വഴി മെഡിക്കൽ കോളേജുകളിലെ തിരക്ക് കുറയ്ക്കാനും വേഗത്തിലുള്ള രോഗനിർണ്ണയം ഉറപ്പാക്കാനും വിഷൻ 2031 ലക്ഷ്യമിടുന്നു. കൂടാതെ വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യ കണക്കിലെടുത്ത് വയോജന പരിചരണത്തിനും പാലിയേറ്റീവ് കെയറിനും പ്രത്യേക ഊന്നൽ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഭക്ഷണ സുരക്ഷ ഉറപ്പാക്കുന്നതിനായി റൂക്കോ (RUCO) പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും ശുചിത്വമുള്ള ഇറച്ചി വിപണനത്തിനായി ശാസ്ത്രീയ അറവുശാലകൾ സ്ഥാപിക്കുന്നതും ഈ ദീർഘവീക്ഷണത്തിന്റെ ഭാഗമാണ്. ആയുഷ് മേഖലയുടെ വികാസവും അത്യാധുനിക ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണവും കൂടി ചേരുമ്പോൾ കേരളത്തിന്റെ ആരോഗ്യരംഗം കൂടുതൽ സുസ്ഥിരവും മാതൃകാപരവുമായി മാറും.

വിഷൻ 2031 കേവലം കെട്ടിടങ്ങളുടെ വികസനമല്ല, മറിച്ച് സുതാര്യവും സാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായ ഒരു ജനകീയ ആരോഗ്യ സംസ്കാരമാണ്. ഡാറ്റാ അധിഷ്ഠിതമായ തീരുമാനങ്ങളും (Data-driven decisions) വികേന്ദ്രീകൃത ചികിത്സാ രീതികളും വഴി 2031-ഓടെ ലോകത്തിന് മാതൃകയാക്കാവുന്ന ഒരു ഹെൽത്ത് ഹബ്ബായി കേരളം മാറും. ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക മാത്രമല്ല, ഓരോ പൗരന്റെയും ആരോഗ്യം അവരുടെ ഉത്തരവാദിത്തമാണെന്ന ബോധം വളർത്താനാണ് ശ്രമിക്കുന്നത്. വരും ദശകത്തിൽ കേരളത്തെ ഒരു വികസിത ആരോഗ്യ സമൂഹമായി മാറ്റാൻ ഈ ലക്ഷ്യങ്ങൾ അനിവാര്യമാണ്.

# 6

# പൊതുവിദ്യാഭ്യാസം

കേരളത്തിലെ ഏതാണ്ടെല്ലാ വീടുകളുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ് സ്കൂൾവിദ്യാഭ്യാസം. ഏറ്റവും അവസാനം വന്ന UDISE+ 2024-25 ഡാറ്റാ പ്രകാരം നമ്മുടെ സംസ്ഥാനത്തിൽ സ്കൂളിൽ എത്തിച്ചേരുന്ന ആകെ കുട്ടികൾ 55.59 ലക്ഷം ആണ്. അതിൽ 40.67 ലക്ഷം കുട്ടികൾ അതായത് 73.16 ശതമാനം സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ആണ്. കേരളസർക്കാരിന്റെ പരിധിയിൽ വരുന്ന അംഗീകൃത അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ 4.10 ലക്ഷം കുട്ടികളുണ്ട്. ഇവരെയും പരിഗണിച്ചാൽ 80.53 ശതമാനം കുട്ടികളും കേരളസിലബസ് സ്കൂളുകളിലാണ് പഠിക്കുന്നത്. സിബിഎസ്ഇ സ്കീം പിന്തുടരുന്ന സ്കൂളുകൾ അടക്കം മറ്റു സിലബസ്സുകളുടെ ഭാഗമായ കുട്ടികളെല്ലാം ചേർന്നാലും 19.47 ശതമാനം മാത്രമേ വരികയുള്ളൂ. സ്കൂൾപ്രായത്തിലുള്ള ഏതാണ്ടെല്ലാ കുട്ടികളും സ്കൂളിൽ എത്തുകയും പന്ത്രണ്ടാം ക്ലാസുവരെ പഠനം തുടരുകയും ചെയ്യുന്ന അവസ്ഥ ഇന്ത്യയിൽ കേരളത്തിന്റെ മാത്രം സവിശേഷതയാണ്. ആയതിനാൽ സ്കൂൾവിദ്യാഭ്യാസരംഗത്ത് അഖിലേന്ത്യാതലത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ മിക്കവയും കേരളത്തിൽ പ്രസക്തമാകണമെന്നില്ല. അതുകൊണ്ട് തന്നെ പുതുവഴികൾ തേടാൻ കേരളീയ സമൂഹത്തിന് ബാധ്യതയുണ്ട്. ഇത്തരം പുതുവഴികളുടെ അന്വേഷണം കേരള സംസ്ഥാന രൂപീകരണ ഘട്ടത്തിൽത്തന്നെ പുരോഗമന പ്രസ്ഥാനം ആരംഭിച്ചിരുന്നു.

## I
## ചരിത്ര പശ്ചാത്തലം

### ഐക്യകേരളത്തിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അജണ്ട

1956 ജൂൺ മാസം തൃശ്ശൂരിൽ വച്ച് കൂടിയ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കേരള സംസ്ഥാന സമ്മേളനം അംഗീകരിച്ച പുതിയ കേരളം പടുത്തുയർത്താൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നിർദ്ദേശങ്ങൾ എന്ന പ്രമേയത്തിൽ സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങളാണ് നിർദേശിച്ചത്.

1. എല്ലാകുട്ടികൾക്കും 14 വയസ്സുവരെ സൗജന്യവും നിർബന്ധവും ആയ വിദ്യാഭ്യാസം ഏർപ്പെടുത്തുക.
2. ഗ്രാമങ്ങളിൽ സാക്ഷരത്വം നടപ്പിലാക്കാൻ വയോജനവിദ്യാകേന്ദ്രങ്ങളും കൂടുതൽ വായനശാലകളും മറ്റും തുടങ്ങുന്നതിന് പ്രോത്സാഹിപ്പിക്കുക.
3. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ- അടിസ്ഥാന വിദ്യാഭ്യാസം ഉൾപ്പെടെ- രാജ്യത്തിന്റെ വ്യവസായവൽക്കരണമെന്ന ലക്ഷ്യത്തിന് അനുയോജ്യമായ തരത്തിൽ ശാസ്ത്രീയവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് പുനഃസംഘടിപ്പിക്കുവാൻ വേണ്ട നടപടികൾ എടുക്കുക.
4. വിദ്യാർഥി-അധ്യാപക സംഘടനകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുകയും വിദ്യാഭ്യാസ പുനഃസംവിധാനത്തിൽ ഈ സംഘടനകൾക്ക് പങ്ക് അനുവദിക്കുകയും വേണം.

കൂടാതെ വിദ്യാഭ്യാസരംഗത്ത് ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ വിപുലപ്പെടുത്താനും അതിന്റെഭാഗമായി പുതിയ കേരളസംസ്ഥാനത്തിൽ മലബാറിൽ ഇന്നുള്ളതുപോലെ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട്ബോർഡുകൾ രൂപീകരിക്കുകയും അതത് ജില്ലകളിലെ വികസനപരിപാടികൾ നടപ്പാക്കാനുള്ള പരിപൂർണ്ണ അധികാരവും വികസനവുമായി ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ ജില്ലാനിലവാരത്തിലുള്ള നിയന്ത്രണവും ഈ ഡിസ്ട്രിക്ട്ബോർഡുകൾക്ക് നൽകുകയും വേണം. ജില്ലാബോർഡുകൾ, പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ എന്നിവ വഴിയാകണം വികസനപരിപാടികൾ നടപ്പാക്കുന്നത്.

അതുപോലെ മുസ്ലിം മതന്യൂനപക്ഷത്തിനുള്ള ആശങ്കകൾ തീർക്കത്തക്ക വിധം അവരുടെ അവകാശങ്ങൾക്ക് മതിയായ സംരക്ഷണം നൽകുകയും മതവിശ്വാസം, സംസ്കാരം മുതലായവയ്ക്ക് ഉറപ്പുനൽകുകയും വിദ്യാഭ്യാസപരമായി അവരുടെ സ്ഥിതി ഉയർത്താൻ നടപടികൾ എടുക്കുകയും ചെയ്യുക എന്ന നിർദേശവും ആദിവാസികൾ, ഹരിജനങ്ങൾ മുതലായ പിന്നോക്ക സമുദായക്കാരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നതിക്ക് പ്രത്യേകം

ശ്രദ്ധ ചെലുത്തുക എന്ന നിർദേശവും പ്രമേയത്തിന്റെ ഭാഗമാണ്.

ഈ പ്രമേയത്തിന്റെ അന്തസ്സത്തയ്ക്കനുസൃതമായി കേരളഅസംബ്ലിയിൽ 1957ൽ ഭരണച്ചുമതലയേറ്റ ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാർ വിദ്യാഭ്യാസബില്ല് അവതരിപ്പിക്കുകയും ഒട്ടേറെ സങ്കീർണ്ണമായ നടപടികളിലൂടെ നിയമമാക്കുകയും ചെയ്തു. പ്രസ്തുത നിയമത്തിന്റെ തുടർച്ചയായി കേരള വിദ്യഭ്യാസച്ചട്ടങ്ങൾ രുപീകരിച്ചു. സ്കൂൾവിദ്യാഭ്യാസ വ്യാപനത്തിനും കുട്ടികളുടെ സ്കൂൾ പ്രാപ്യതയ്ക്കും വേണ്ട ഒട്ടനവധി പദ്ധതികൾ നടപ്പാക്കി. അതിന്റെ ഭാഗമായി അപ്പർപ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ പുതിയ സ്കൂളുകൾ കേരളത്തിലെമ്പാടും സ്ഥാപിച്ചു. 1957ൽ അപ്പർപ്രൈമറിതലം വരെയും 1969ൽ ഹൈസ്കൂൾതലം വരെയും അന്ന് നിലവിലുണ്ടായിരുന്ന ഫീസ് ഒഴിവാക്കി സർ സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തി. വിദ്യാർഥികൾക്കായി ഒട്ടനവധി ക്ഷേമപദ്ധതികൾ നടപ്പാക്കി. ഇന്ന് കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് കാണുന്ന എല്ലാ തരം കുതിപ്പുകൾക്കും അടിത്തറയിട്ടത് 1957ലെയും 1969ലെയും പുരോഗമന സർക്കാരുകൾ കൈക്കൊണ്ട നയങ്ങളും പരിപാടികളുമാണ്. ഇത് കുറെക്കൂടെ മുന്നോട്ടുകൊണ്ടുപോകാൻ 1980ലെയും 1987ലെയും ഇടതുപക്ഷ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഇതിന്റെയൊക്കെ ഫലമായാണ് സ്കൂൾപ്രായത്തിലുള്ള മുഴുവൻ കുട്ടികളും സ്കൂളിൽ എത്തിച്ചേരാനും പഠനത്തുടർച്ച ഉറപ്പാക്കാനും കഴിയുന്ന അവസ്ഥ സംജാതമായത്. അഖിലേന്ത്യാടിസ്ഥാനത്തിൽ സ്വപ്നം കാണാൻ പോലും പറ്റാത്ത അവസ്ഥാ വിശേഷമാണിത്. ഈ നേട്ടങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതോടൊപ്പം ഇതിന്റെ ഭാഗമായി ഉയർന്നുവന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുക എന്ന പുതിയ ഉത്തരവാദിത്വവും കേരളീയസമൂഹത്തിന് ഉണ്ടായി.

### സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെ തുടക്കം.

ഐക്യകേരള രൂപീകരണത്തിന് മുമ്പ് കൊളോണിയൽ കാലഘട്ടത്തിൽ തിരുകൊച്ചി മേഖല വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ചു മുന്നിലായിരുന്നു എന്ന കാര്യം എടുത്തു പറയേണ്ടതുണ്ട്. ഈ പ്രദേശങ്ങളിൽ ശക്തമായിരുന്ന സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ വിദ്യാഭ്യാസത്തെ സാമൂഹിക വളർച്ചയ്ക്കുള്ള ചവിട്ടുപടിയായി കണ്ടു. വിദ്യാഭ്യാസ സൗകര്യങ്ങളുടെ വിപുലീകരണത്തിന് ശക്തമായ സമ്മർദങ്ങൾ സർക്കാരിൽ ചെലുത്തി. മഹാത്മാ അയ്യങ്കാളി, ശ്രീനാരായണഗുരു പോലുള്ളവരുടെ പിന്തുണയിൽ വളർന്നുവന്ന പ്രസ്ഥാനങ്ങളാവട്ടെ വിദ്യാഭ്യാസ അവകാശത്തിനു വേണ്ടി ശക്തമായ പോരാട്ടം നടത്തി. ഇതാണ് തിരുകൊച്ചി പ്രദേശത്ത് രാജഭരണങ്ങൾ വിദ്യാഭ്യാസ നവീകരണത്തിന് എടുത്ത നടപടികളുടെ പശ്ചാത്തലം.

അതെ സമയം മലബാറിൽ ബ്രിട്ടീഷുകാർ ജന്മി വാഴ്ച പുനഃസ്ഥാപിച്ചതുവഴി കർഷക ജനസാമാന്യം വലിയ തകർച്ചയെ നേരിട്ടു. തന്മൂലം വിദ്യാഭ്യാസ- ആരോഗ്യ സൗകര്യ വ്യാപനത്തിന് വേണ്ടിയുള്ള സാമൂഹിക പ്രസ്ഥാനങ്ങൾ ദുർബലമായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടാണ് വിദ്യാഭ്യാസ മേഖലയിൽ ചില ചലനങ്ങൾ ഉണ്ടായത്. ഡിസ്ട്രിക്റ്റ് ബോർഡുകളുടെ രൂപീകരണം വിദ്യാഭ്യാസ വിപുലീകരണത്തിന് പ്രേരകമായി. സ്വാതന്ത്ര്യാനന്തര കാലത്താണ് മലബാർ തിരുക്കൊച്ചിക്കൊപ്പം വളരാൻ തുടങ്ങിയത്. ഭൂപരിഷ്കരണം ഇക്കാര്യത്തിൽ ഒരു വഴിത്തിരിവായി മാറി.

1980 കൾ മുതലുള്ള ജനകീയ ഇടപെടലുകൾ

1980കളിൽ തന്നെ പഠനബോധനരംഗത്ത് വരുത്തേണ്ട പരിവർത്തനങ്ങളെക്കുറിച്ചും വിദ്യാഭ്യാസരംഗത്ത് അനിവാര്യമായ സമൂഹപങ്കാളിത്തം എങ്ങനെയെല്ലാം ഉറപ്പാക്കാമെന്നത് സംബന്ധിച്ചുമുള്ള അന്വേഷണങ്ങൾ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും മറ്റും നേതൃത്വത്തിൽ ആരംഭിച്ചു. പുരോഗമന അധ്യാപക സംഘടനയായ കെ.ജി.ടി.എ സ്കൂൾ ഭൗതിക സൗകര്യങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. അതോടൊപ്പം അക്കാദമിക കാര്യങ്ങളിലും ഇടപെടലുകൾ നടത്തുകയുണ്ടായി. കേരളത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞം കേരളീയ സമൂഹത്തിൽ സാക്ഷരതയെക്കുറിച്ചും പൊതുവിദ്യാഭ്യാസം സംബന്ധിച്ചും പുതിയ അവബോധം ഉണ്ടാക്കി. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ ജനകീയ പരീക്ഷണങ്ങൾ ഈ കാലയളവിൽ നടക്കുകയുണ്ടായി. ഇതെല്ലാം സ്കൂൾവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കണമെന്ന ആവശ്യം സാമൂഹികമായി ഉയർന്നു വരുന്നതിലേക്ക് നയിച്ചു.

## II
## പഠന കോൺഗ്രസ്സുകളിലൂടെ

### ഒന്നാം കേരള പഠന കോൺഗ്രസ്

സാർവത്രികമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും സാധിതമായത് പുതിയ വെല്ലുവിളികൾ ഉയർത്തുകയും പുത്തൻ സാധ്യതകൾ തുറന്നുതരുകയും ചെയ്തു. ഇത്തരം കാര്യങ്ങൾ 1994 നടന്ന ഒന്നാം അന്താരാഷ്ട്ര പഠനകോൺഗ്രസ് ആഴത്തിൽ പരിശോധിക്കുകയുണ്ടായി. ഈ പരിശോധനയുടെ ഭാഗമായി ഉയർന്നുവന്ന നിരീക്ഷണങ്ങളെയും നിർദേശങ്ങളെയും താഴെപ്പറയും വിധം സംഗ്രഹിക്കാം.

1. 1991-96 കാലഘട്ടത്തിൽ യുഡിഎഫ് സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങൾ അതിനും മുമ്പുണ്ടായിരുന്ന ഇടതുപക്ഷ സർക്കാരുകൾ നടപ്പാക്കിയ നയങ്ങളിൽ നിന്നും വ്യതിചലിച്ചു കൊണ്ടുള്ളതായിരുന്നു. ഈ നയങ്ങൾ പൊതുവിദ്യാഭ്യാസ രംഗത്തും ബഹുജനവിദ്യാഭ്യാസ രംഗത്തും മറ്റും നേടിയ നേട്ടങ്ങൾക്ക് തിരിച്ചടി ഉണ്ടാക്കുന്നതായിരുന്നു. സാമൂഹികനീതിയുടെയും ജനസാമാന്യത്തിന് മൊത്തത്തിൽ മെച്ചപ്പെട്ട വിദ്യാഭ്യാസ

സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെയും പ്രാധാന്യം അവഗണിച്ചു കൊണ്ടുള്ള സ്വകാര്യവൽക്കരണ നയമാണ് അധികൃതർ നടപ്പാക്കുന്നത്. ഈ കാര്യങ്ങൾ തിരുത്തേണ്ടതുണ്ട്. അതോടൊപ്പം വിദ്യാഭ്യാസ സംവിധാനങ്ങളുടെ ഗുണനിലവാരം ഒട്ടേറെ മെച്ചപ്പെടാനുണ്ട്. മാറിവരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി വിദ്യാഭ്യാസസംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതും വൈവിധ്യവൽക്കരിക്കേണ്ടതും ആവശ്യമാണ്.

2. ദേശീയ, പ്രാദേശിക ആവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള മനുഷ്യവിഭവശക്തി ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെ പുനഃസംഘടിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും പൊതുഘടനയിലുമുള്ള അടിസ്ഥാന വൈകല്യങ്ങൾ തിരുത്തപ്പെടണം. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം തൊഴിലാഭിമുഖ്യം സൃഷ്ടിക്കാൻ ഉതകുന്നതല്ല. തൊഴിലാഭിമുഖ്യം വളർത്തുന്നതിനോ തൊഴിൽ അഭിരുചി വികാസത്തിനോ സഹായകമായ ഉള്ളടക്കം ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. സ്കൂൾവിദ്യാഭ്യാസ മേഖലയിലെ പൊതുസംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു ജനകീയയജ്ഞം തന്നെ വേണ്ടിയിരിക്കുന്നു. സ്കൂൾവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് നാളിതുവരെ ഉണ്ടായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ജനകീയപ്രസ്ഥാനം രൂപപ്പെടുത്തുന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്.

### ജനകീയാസൂത്രണം

ഒന്നാം പഠനകോൺഗ്രസിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളിലൂടെ സംവേദനം ചെയ്യപ്പെട്ട വൈവിധ്യമാർന്ന അനുഭവങ്ങളും ഇതിന്റെയെല്ലാം ഭാഗമായി രൂപപ്പെട്ട നിർദേശങ്ങളും നിഗമനങ്ങളും 1996ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ ആസൂത്രണം ചെയ്തു നടപ്പാക്കിയ ജനകീയാസൂത്രണപദ്ധതിയിലൂടെ നടപ്പാക്കപ്പെട്ടിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഏറെ ഇടപെടൽ നടന്ന മേഖലയാണ് സ്കൂൾവിദ്യാഭ്യാസരംഗം. അതിലൂടെ സ്കൂൾ ഭൗതികപരിസരം വലിയ തോതിൽ മെച്ചപ്പെട്ടു. അതോടൊപ്പം വിദ്യാഭ്യാസരംഗത്തെ ഗുണമേന്മ ഉയർത്താനുള്ള നിരവധിയായ അന്വേഷണങ്ങൾ തദ്ദേശ ഭരണ സ്ഥാപന ങ്ങളുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഇതൊക്കെയുണ്ടായെങ്കിലും ഘടനാപരമായി മാറ്റങ്ങളൊന്നും ഉണ്ടായില്ല എന്ന പരിമിതി നിലനിന്നു.

സംസ്ഥാനതലത്തിൽ തന്നെ പ്രൈമറിസ്കൂളുകൾക്കായി പുതിയ കരിക്കുലവും പാഠ്യപദ്ധതിയും 1997 മുതൽ നടപ്പാക്കാൻ ആരംഭിച്ചു. അതിന്റെ തുടർച്ചയായി ഈ പാഠ്യപദ്ധതി സമീപനം അപ്പർപ്രൈമറി, ഹൈസ്കൂൾ തലങ്ങളിലേക്ക് വ്യാപിപ്പിച്ചു. പാഠ്യപദ്ധതിയിൽ മാറ്റമുണ്ടായി. പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി വികസിച്ച പഠനബോധനരീതികളും വിലയിരുത്തലുകളിൽ വന്ന മാറ്റങ്ങളും വിദ്യാഭ്യാസത്തിൽ വലിയ പരിവർത്തനങ്ങളുടെ സൂചനകൾ നൽകി. അരിച്ചുമാറ്റുക എന്നതിൽ നിന്നും ഉൾക്കൊള്ളുക എന്ന നിലപാടിലേക്ക് സ്കൂൾവിദ്യാഭ്യാസ കാഴ്ചപ്പാട് മാറി. പഠനബോധന രംഗത്തും വലിയ മാറ്റങ്ങൾ വരുത്തി. എസ്എസ്എൽസി പരീക്ഷാഫലത്തിൽ ഇത് പ്രകടമായി പ്രതിഫലിച്ചു. പരീക്ഷ എഴുതിയതിൽ പകുതി കുട്ടികൾക്ക് പോലും പഠനത്തുടർച്ച സാധ്യമല്ലാത്ത അവസ്ഥ മാറി. 90%ത്തിലേറെ കുട്ടികൾ തുടർപഠനത്തിന് അർഹരായി. ഇതിനോടൊപ്പം ഹയർസെക്കൻഡറി പൂർണ്ണമായും കോളേജുകളിൽ നിന്നും മാറ്റം ചെയ്യപ്പെടുകയും പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു.

### രണ്ടാം കേരള പഠന കോൺഗ്രസ്

2005ൽ നടന്ന രണ്ടാം അന്താരാഷ്ട്ര പഠനകോൺഗ്രസ് അന്ന് നിലവിൽ ഉണ്ടായിരുന്ന യുഡിഎഫ് ഭരണം പൊതുവിദ്യാഭ്യാസരംഗത്തെ തളർത്താൻ കൈക്കൊണ്ട നയങ്ങളും പരിപാടികളും വിശകലനം ചെയ്തു. പൊതുവിദ്യാഭ്യാസം ലാഭകരമല്ലെന്ന് പറഞ്ഞ് അതിനെ തകർക്കുന്നതിന് കൈക്കൊണ്ട നടപടികളും സ്കൂൾവിദ്യാഭ്യാസത്തിന്റെ ഗുണപരമായ പരിവർത്തനത്തിന് സഹായകമായ പാഠ്യപദ്ധതിയെ ദുർബലപ്പെടുത്തുന്നതിന് യുഡിഎഫ് സർക്കാർ ശ്രമിച്ചതും വിലയിരുത്തി. കൂടാതെ ഹയർസെക്കൻഡറി മേഖലയിൽ അനിവാര്യമായി കൊണ്ടുവരേണ്ടിയിരുന്ന മാറ്റങ്ങൾ ഒന്നും പരിഗണിക്കാത്തതും ചർച്ചകളുടെ ഭാഗമായി.

2005ലെ പഠനകോൺഗ്രസിൽ രൂപപ്പെട്ട അഭിപ്രായങ്ങളും നിർദേശങ്ങളും നടപ്പാക്കാനാണ് 2006ൽ അധികാരത്തിൽ വന്ന എൽഡിഎഫ് സർക്കാർ ശ്രമിച്ചത്. 2005ൽ എൻസിഇആർടി വികസിപ്പിച്ച ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പാഠ്യപദ്ധതി വിശദമായി വിലയിരുത്തി. ഈ വിലയിരുത്തലുകളുടെ തുടർച്ച എന്ന നിലയിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് 2007ൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചു. കേരളീയ വിദ്യാഭ്യാസം എങ്ങനെ മുന്നോട്ട് പോകണം എന്നത് സംബന്ധിച്ച് സമഗ്രമായ ദർശനം കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 നൽകിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി പാഠപുസ്തകങ്ങളുടെ ഘടന കൂടുതൽ ജീവിത സ്പർശിയാക്കുന്ന സമീപനം കൈക്കൊണ്ടു. കുട്ടികളിൽ വിമർശനാവബോധവും യുക്തിചിന്തയും വളർത്തുന്നതും പാഠപുസ്തകങ്ങളുടെ ഭാഗമായി. പഠന- ബോധന, വിലയിരുത്തൽ രൂപങ്ങളിലും മാറ്റങ്ങളുണ്ടായി. ഈ മാറ്റങ്ങളെ വിദ്യാഭ്യാസരംഗത്തും സാമൂഹികരംഗത്തുമുള്ള വലതുപക്ഷ ശക്തികൾ എതിർക്കുന്ന കാഴ്ചയാണ് തുടർന്ന് കണ്ടത്. 1957ലെ വിദ്യാഭ്യാസബില്ലിനെ എതിർത്തവർ, 1986 പ്രീഡിഗ്രിബോർഡിനുവേണ്ടി വാദിച്ചവർ, ഡിപിഇപിയുടെ ഭാഗമായി വളർത്തിക്കൊണ്ടുവന്ന പുതിയ പാഠ്യപദ്ധതിക്കെതിരെ നിലപാടെടുത്തവരെല്ലാം 2007ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിനും അതിന്റെ തുടർച്ച എന്ന നിലയിൽ വികസിച്ച പാഠപുസ്തകങ്ങൾക്കും എതിരെ ശക്തമായ പ്രതിഷേധമുയർത്തി. പുതിയ പാഠ്യപദ്ധതി അംഗീകരിച്ചതും വിദ്യാഭ്യാസപരമായി

നവീന ആശയങ്ങൾ ഉൾക്കൊള്ളുന്നതും അറിവിന്റെ നിർമ്മിതിയിലേക്ക് കുട്ടികളെ നയിക്കുന്ന വിദ്യാഭ്യാസ സമീപനവുമാണ് യഥാർഥത്തിൽ എതിർപ്പിന് കാരണമായത്. ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസം വികസിപ്പിക്കാൻ ശ്രമിച്ച ഘട്ടത്തിലെല്ലാം ഇത്തരം എതിർപ്പുകൾ കേരളത്തിലുണ്ടായിട്ടുണ്ടെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

കാണാപ്പാഠത്തിന്റെയും പരീക്ഷാ കേന്ദ്രീകൃതമായ കോച്ചിങ്ങിന്റെയും രീതികളാണ് ശരിയെന്ന യാന്ത്രികവും യാഥാസ്ഥിതികവുമായ വാദങ്ങളാണ് എതിർപ്പിന്റെ ശക്തികൾ ഉയർത്തിയത്. സാമ്പ്രദായിക പരീക്ഷകളിൽ ലഭിക്കുന്ന മാർക്കുകളിൽ മാത്രം മൂല്യം കാണുന്ന മധ്യവർഗത്തിലെ ഒരു വിഭാഗം ഈ വാദങ്ങളുടെ പക്ഷത്ത് ചേർന്നു എന്നുള്ളതും കാണേണ്ടതുണ്ട്.

## 2006 - 2011 ലെ ഇടതുപക്ഷ സർക്കാർ

ഇത്തരം എതിർപ്പുകളെ അതിജീവിച്ചുകൊണ്ടാണ് 2006-11 കാലത്തെ സർക്കാർ വിദ്യാഭ്യാസ രംഗത്ത് ഇടപെടൽ നടത്തിയത്. ആധുനിക സാങ്കേതിക വിദ്യയെ പഠനപ്രക്രിയയുമായി ബന്ധിപ്പിക്കാനുള്ള തീരുമാനവും പ്രവർത്തനപദ്ധതികളും 2006-11 ലെ സർക്കാർ നടപ്പാക്കുകയുണ്ടായി. അതിന്റെ ഭാഗമായാണ് ഐടി@സ്കൂളിന് പുതിയ ദിശാബോധം നൽകിയതും പ്രസ്തുത സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തിയതും. ഇതോടൊപ്പം സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രോത്സാഹിപ്പിക്കാൻ എടുത്ത തീരുമാനവും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. കമ്പോളം പ്രൊപ്രയിറ്ററി സോഫ്റ്റ്‌വയറുകൾക്ക് വേണ്ടി നിലകൊള്ളുമ്പോഴാണ് കമ്പോളശക്തികൾക്ക് വഴങ്ങാതെയുള്ള നിലപാട് കേരളം കൈക്കൊണ്ടത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാട് മുന്നോട്ടു വയ്ക്കുകയും അതനുസരിച്ചുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. സമൂഹത്തിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിയ 104 സ്കൂൾ പദ്ധതി ഏറെ ശ്രദ്ധിക്കപ്പെട്ടു. പിന്നീട് നടത്തിയ ഗുണമേന്മാ പദ്ധതികൾക്ക് ദിശാസൂചകമായി ഈ പദ്ധതി അനുഭവം മാറുകയുണ്ടായി.

## നാലാം കേരള പഠന കോൺഗ്രസ്

2011 അധികാരത്തിലേറിയ യുഡിഎഫ് സർക്കാർ നവലിബറൽ നയങ്ങൾക്ക് അനുസൃതമായ നയങ്ങളാണ് നടപ്പാക്കിയത്. ഇക്കാര്യങ്ങൾ 2015 ൽ നടത്തിയ പഠനകോൺഗ്രസ് വിശകലനം ചെയ്യുകയുണ്ടായി. 2015ലെ നാലാം അന്താരാഷ്ട്ര പഠനകോൺഗ്രസിന്റെ ഭാഗമായി നടന്ന പൊതുവിദ്യാഭ്യാസ സെമിനാറിലും പഠനകോൺഗ്രസിലും ഉയർന്നുവന്ന നിരീക്ഷണങ്ങളും നിർദേശങ്ങളും താഴെപ്പറയുംവിധം ക്രോഡീകരിക്കാം.

1. കേരളത്തിലെ തൊഴിലെടുക്കുന്നവരുടെയും ദരിദ്രരുടെയും കുട്ടികൾ പൊതുവിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് അടക്കമുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും വികസനത്തിനും ആവശ്യമായ പ്രവർത്തനപരിപാടികൾ ഏറ്റെടുക്കണം.
2. പൊതുവിദ്യാലയങ്ങളിൽ നൽകപ്പെടുന്ന ബോധനത്തിന്റെ നിലവാരത്തെക്കുറിച്ച് വ്യാപകമായ ഉൽക്കണ്ഠ പ്രകടമാണ്. അതുകൊണ്ടുതന്നെ പൊതുവിദ്യാലയങ്ങളിൽ മികവുള്ള വിദ്യാഭ്യാസം നൽകുക എന്നത് വിദ്യാഭ്യാസനയത്തിന്റെ പ്രധാന ഘടകമാകണം. കുട്ടികളിൽ തൊഴിലാഭിമുഖ്യവും തൊഴിൽ അഭിരുചിയും തൊഴിൽ നൈപുണിയും തൊഴിൽ ചെയ്യാനുള്ള മനോഭാവവും വികസിക്കുന്നതരത്തിൽ തൊഴിൽ വിദ്യാഭ്യാസത്തെ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.
3. വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിനും വിദ്യാലയങ്ങളെ ലാഭാധിഷ്ഠിത സ്ഥാപനങ്ങളായി മാറ്റാനുമുള്ള നീക്കങ്ങൾക്കുമെതിരായി പോരാടണം.
4. സാർവത്രിക വിദ്യാഭ്യാസത്തിന്റെ ഭരണഘടനാപരമായ ബാധ്യതകൾ ഏതാണ്ട് പൂർണ്ണരൂപത്തിൽ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ആദിവാസി മേഖലകളിലെയും തീരദേശ മേഖലകളിലെയും ചില തുരുത്തുകളെ മാറ്റിനിർത്തിയാൽ പന്ത്രണ്ടാംക്ലാസ് വരെയുള്ള വിദ്യാഭ്യാസം സാർവത്രികമാക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. പഠനത്തിലും വിലയിരുത്തലിലും എല്ലാം അഖിലേന്ത്യാതലത്തിൽ താരതമ്യേന മെച്ചപ്പെട്ട നിലവാരത്തിലെത്താൻ കഴിഞ്ഞിട്ടുണ്ട്. കേരളീയ വിദ്യാഭ്യാസത്തിന്റെ മുന്നോട്ടുള്ള പോക്കിൽ അഭിമുഖീകരിക്കേണ്ട സമസ്യകളും ഇന്ത്യയിലെ പൊതുവിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങളും സമാനമല്ല. സാർവത്രിക വിദ്യാഭ്യാസം നേടിയെടുത്ത ജനതയുടെ രണ്ടാം തലമുറ പ്രശ്നത്തെ അഭിമുഖീകരിക്കുക എന്നതാണ് നമ്മുടെ വെല്ലുവിളി. പുതിയ ശാസ്ത്ര-സാങ്കേതികവിദ്യകളുടെയും പുതുതായി രൂപപ്പെടുന്ന അറിവുകളുടെയും സംവേദനം സാമൂഹികമായും സാമ്പത്തികമായും അരികുവൽക്കരിക്കപ്പെടുകയോ പുറന്തള്ളപ്പെടുകയോ ചെയ്യുന്ന കുട്ടികൾക്ക് പോലും ലഭ്യമാക്കാൻ കഴിയണം. അതിനുതകുന്ന വിധത്തിൽ അധ്യാപകരെ പരിശീലിപ്പിക്കുകയും പുതിയ വിദ്യാഭ്യാസ സങ്കല്പത്തിനാവശ്യമായ പിന്തുണ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യണം. ഇതിനെല്ലാം കഴിയുംവിധം വിദ്യാഭ്യാസത്തിന്റെ ഭരണസംവിധാനങ്ങളിൽ കാലാനുസൃതവും വ്യത്യസ്തവുമായ മാറ്റങ്ങൾ വരുത്തുക എന്നത് ഏറ്റെടുക്കേണ്ട വെല്ലുവിളിയാണ്.
5. 1997 ൽ രൂപപ്പെട്ട പുതിയ പഠന-ബോധന രീതിയിൽ നിന്നും വിലയിരുത്തൽ രീതിയിൽ നിന്നും ഉണ്ടായ പുറകോട്ട് പോകലിനെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. ജ്ഞാനത്തെ വേർതിരിച്ചെടുക്കാവുന്ന വിവരങ്ങളുടെ ശേഖരണങ്ങ

ളാക്കി മാറ്റുകയും അവ കൃത്യമായി പരീക്ഷകളിലൂടെ പ്രതിഫലിക്കുകയും ചെയ്യുന്നുണ്ടോ എന്ന കാര്യം കേവലമായി പരിശോധിക്കുക മാത്രമായി പരീക്ഷകൾ പരിമിതപ്പെടുന്നു. അതുകൊണ്ടു തന്നെ ജീവിത പരിസരങ്ങളുമായുള്ള സമ്പർക്കത്തിന്റെയും സ്കൂൾ അന്തരീക്ഷത്തിന്റെയും ക്ലാസ്മുറിയിലെ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ നടക്കേണ്ടുന്ന, കുട്ടികൾ സ്വാഭാവികമായും നടത്തുന്ന ജ്ഞാനനിർമ്മിതിയെക്കുറിച്ചുള്ള ആധുനിക വിദ്യഭ്യാസ സങ്കല്പനങ്ങൾക്ക് നേർവിപരീതമായ കാര്യങ്ങളാണ് വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടക്കുന്നത് എന്ന വിമർശനം ഉയർന്നുവരുന്നു. ഈ വിമർശനത്തെ ഗൗരവമായി കാണേണ്ടതുണ്ട്. പലപ്പോഴും ക്ലാസിൽ നടക്കുന്ന അടിച്ചേൽപ്പിക്കപ്പെടുന്ന യാന്ത്രിക പഠനരൂപങ്ങൾ യുക്തിപരതയെയും ചിന്താശക്തിയെയും സർഗാത്മകതയെയും നശിപ്പിക്കുകയാണ് ചെയ്യുന്നത്.

6. ക്ലാസ്മുറികളിലും സ്കൂളുകളിലും നിലനിന്നിരുന്ന മതനിരപേക്ഷ- ജനാധിപത്യ അന്തരീക്ഷത്തിന്റെ ഇടിവ് കുട്ടികളിൽ വർഗം, ജാതി, മതം, ലിംഗം എന്നിവയുടെ വിവേചനം ശക്തിപ്പെടുത്തുന്ന അശാസ്ത്രീയ ധാരണകൾ വികസിക്കാൻ ഇടനൽകുന്നുണ്ട്. ഇത് പരിഹരിക്കപ്പെടേണ്ട പ്രധാന പ്രശ്നമാണ്.

7. പൊതുവിദ്യാഭ്യാസത്തിൽ നിന്ന് സർക്കാർ പിന്മാറുകയും സ്കൂൾവിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം കമ്പോളത്തിന് കൈമാറണമെന്ന് യു.ഡി.എഫ് കാലത്ത് ഭരണകൂടം തന്നെ നിലപാടെടുക്കുകയും ചെയ്തിട്ടുണ്ട്. ഏറെ കുട്ടികളുണ്ടായിരുന്ന കോഴിക്കോട് മാലാപറമ്പ് എ.യു.പി സ്കൂൾ അടക്കമുള്ള ഏതാനും വിദ്യാലയങ്ങളെ അടച്ചുപൂട്ടാനുള്ള യുഡിഎഫ് സർക്കാരിന്റെ തീരുമാനം ഇതിന്റെ ഭാഗമാണ്. ഈയൊരു പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസസംരക്ഷണത്തിന് ആവശ്യമായ നിലപാടും കർമ്മ പദ്ധതികളുമാണ് പ്രധാനം.

8. പൊതുവിദ്യാഭ്യാസ സംരക്ഷണം കേരളത്തിലെ അടിസ്ഥാനവർഗങ്ങൾ പതിറ്റാണ്ടുകൾ നീണ്ട പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളുടെ സംരക്ഷണത്തിന്റെയും വികസനത്തിന്റെയും തുടർച്ചയായി വേണം കാണേണ്ടത്. കേരളജനത വളർത്തിക്കൊണ്ടുവന്ന സെക്കുലർ ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങൾ നിലനിർത്താനുള്ള പോരാട്ടവും കൂടിയായി അത് മാറണം. കൂടാതെ ആഗോള തൊഴിൽ വിപണിയിലെ വരുമാനദായകമായ തൊഴിലുകളുടെ പേരിൽ നമ്മുടെ കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന യാന്ത്രിക ബോധനത്തിനും ജനാധിപത്യ വിരുദ്ധമായ ഘടനയ്ക്കും എതിരായ നിലപാട് കൂടിയായി ഇത് വളരണം. അതോടൊപ്പം പ്രധാനമാണ് ലോകത്തിൽ ലഭ്യമായ എല്ലാവിധ തൊഴിലുകളടക്കം മാനസികവും ഭൗതികവുമായ അധ്വാനരൂപങ്ങളിലും സാംസ്കാരികരൂപങ്ങളിലും വ്യക്തിമുദ്ര പതിപ്പിക്കുന്ന വിധത്തിൽ കുട്ടികളുടെ ശേഷികളും നിരീക്ഷണ -പരീക്ഷണ പാഠങ്ങളും ചിന്താശേഷിയും സർഗാത്മകതയും വളർത്തുന്നതിൽ വിട്ടുവീഴ്ച ചെയ്യാതെ നോക്കുക എന്നതും. എല്ലാ വിഭാഗങ്ങളിലുംപെട്ട വിദ്യാർഥികളും ഒന്നിച്ച് പഠിക്കുകയും ഏറ്റവും ഉന്നതനിലവാരത്തിലുള്ള അറിവും കഴിവും നൈപുണ്യവും നേടുകയും ചെയ്യുന്ന സൗജന്യവും സാർവത്രികവുമായ ഉദ്ഗ്രഥിതസ്വഭാവമുള്ള വിദ്യാഭ്യാസം ലഭിക്കുന്ന പൊതു ഇടമായി പൊതുവിദ്യാലയങ്ങൾ വളരണം.

9. ജനാധിപത്യവിദ്യാലയങ്ങൾ എന്നത് ഒരു സങ്കല്പവും ആശയവുമായി മാത്രം നിലനിൽക്കേണ്ടതല്ല. അത് പ്രായോഗിക തലത്തിൽ ഉണ്ടാകേണ്ടതാണ്. അതിനുവേണ്ട ഒരു പുതിയ ഭരണസങ്കല്പം വളർന്നുവരണം. ഇന്നത്തെ ഡിപിഐ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റുകൾ എന്നിവ ഒന്നുചേർന്ന് ഒരു ഏകീകൃത വിദ്യാഭ്യാസഡയറക്ടറേറ്റ് വിഭാവനം ചെയ്യേണ്ടതുണ്ട്.

10. കെ.ഇ.ആർ കാലോചിതമായി പരിഷ്കരിക്കണം. ആധുനിക പഠന-ബോധന രൂപങ്ങളുടെയും കുട്ടികളുടെ കായികവും മാനസികവും സർഗാത്മകവുമായ വളർച്ച ഉറപ്പുവരുത്തുകയും ചെയ്യുന്ന പുതിയ ക്ലാസ് മുറികൾ, ആധുനിക സാങ്കേതിക വിദ്യാസൗകര്യങ്ങൾ ഫലപ്രദമായി പഠന-ബോധന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താനുള്ള സൗകര്യങ്ങൾ, ലൈബ്രറികൾ, ലബോറട്ടറികൾ, കളിസ്ഥലങ്ങൾ, കലാവേദികൾ, വിശ്രമസ്ഥലങ്ങൾ എന്നിവയടങ്ങുന്ന സ്കൂൾ ഭൗതിക പരിസരവും കാമ്പസും വിഭാവനം ചെയ്യണം.

11. വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങൾ,സ്കൂൾ സംവിധാനത്തിലെ അധ്യാപകരുടെ പ്രവർത്തനരീതികൾ,പരിശീലനങ്ങൾ, പാഠാനുബന്ധപ്രവർത്തനങ്ങൾ, സ്കൂൾകലണ്ടർ, പരീക്ഷരീതികൾ തുടങ്ങിയവയിലെല്ലാം സമുചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. ആഗോളതലത്തിൽ നടക്കുന്ന അറിവിന്റെതലത്തിലും സാങ്കേതികവിദ്യതലത്തിലും വിവരവിനിമയ സങ്കേതങ്ങളുടെ വികസന തലത്തിലും നടക്കുന്ന മുന്നേറ്റങ്ങളുടെ എല്ലാ അംശങ്ങളും കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും വേർതിരിവില്ലാതെ, വിവേചനങ്ങളില്ലാതെ ലഭ്യമാക്കുക എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വികാസത്തിന്റെയും അടിത്തറയായിരിക്കും.

### 3. പൊതുവിദ്യാഭ്യാസത്തിന് പുതുജീവൻ നൽകിയ പതിറ്റാണ്ട്

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും അവകാശമാണ് എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള പ്രവർത്തന പദ്ധതികളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൈക്കൊള്ളുന്നത്. പൊതുവിദ്യാലയങ്ങൾ ദുർബലപ്പെട്ടു പോയ 2011-16 കാലഘ

ട്ടത്തിലെ അവസ്ഥയിൽനിന്നും തികച്ചും ഭിന്നമായ അന്തരീക്ഷമാണ് 2016 മുതൽ ഇതുവരെ നിലനിൽക്കുന്നത്. സ്വപ്നതുല്യമായ മാറ്റങ്ങളാണ് ഭൗതിക സൗകര്യ വികസനരംഗത്ത് ഉണ്ടായത്.

## III
## 2016 - 2026 ഒരു ദശകത്തിന്റെ നേട്ടങ്ങൾ

2015 ൽ നടന്ന പഠന കോൺഗ്രസ് മുന്നോട്ടുവച്ച ആശയങ്ങളുടെ അടിത്തറയിലാണ് 2016 മുതൽ 2026 വരെ പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ മുന്നേറിയത്. കഴിഞ്ഞ 10 വർഷമായി നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ഇപ്രകാരം ക്രോഡീകരിക്കാം.

1. പൊതുവിദ്യാലയങ്ങളെ അനാകർഷകങ്ങളാക്കി ദുർബലപ്പെടുത്തുക എന്നത് ഒരു ഭരണകൂട പദ്ധതിയായാണ് 2011-16 കാലത്തെ യുഡിഎഫ് സർക്കാർ നടപ്പാക്കിയത്. അതിന്റെ ഭാഗമായാണ് കുട്ടികൾ ഉണ്ടായിട്ടും പൊതു വിദ്യാലയങ്ങളെ വ്യാപകമായി അടച്ചുപൂട്ടാൻ യുഡിഎഫ് ശ്രമിച്ചത്. കോഴിക്കോട് മാലാപറമ്പ് എയുപി സ്കൂൾ അടക്കം 4 പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടിക്കൊണ്ട് അന്നത്തെ സർക്കാർ ആരംഭിച്ച പൊതു വിദ്യാലയങ്ങൾ ഇല്ലാതാക്കൽ പദ്ധതിക്കെതിരെ വലിയ ജനരോഷമുണ്ടായി. ഇടതുപക്ഷ ശക്തികളായിരുന്നു ജനവിരുദ്ധ സർക്കാർ നയത്തെ പ്രതിരോധിച്ചത്. 2016 ലെ തിരഞ്ഞെടുപ്പിലൂടെ ചുമതല ഏറ്റെടുത്ത ഇടതുപക്ഷ സർക്കാർ മുൻ യുഡിഎഫ് സർക്കാർ അടച്ചുപൂട്ടാൻ തീരുമാനിച്ച വിദ്യാലയങ്ങളെ ഏറ്റെടുക്കാനുള്ള തീരുമാനം കൈക്കൊണ്ടാണ് ഭരണം ആരംഭിച്ചത്. സാധാരണക്കാരുടെ പോരാട്ടങ്ങളിലൂടെയും മറ്റും ഒഴുക്കിയ വിയർപ്പിന്റെ മേലെ പണിതതും കേരളത്തിൽ നിലനിൽക്കുന്ന ജനാധിപത്യ മതനിരപേക്ഷ അവബോധത്തിന്റെ ആണിക്കല്ലായ പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടേണ്ടതല്ലെന്നും സംരക്ഷിക്കപ്പെടേണ്ടതാണെന്നും പ്രസ്തുത ഉത്തരവാദിത്തം ഇടതുപക്ഷ സർക്കാർ ഏറ്റെടുക്കുന്നു എന്ന സന്ദേശമാണ് ഈ തീരുമാനം വഴി നൽകിയത്.

### പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

1. മുൻ പഠനകോൺഗ്രസ് ചർച്ചകളിൽ ഉയർന്നുവന്ന ഏറ്റവും പ്രധാന വിമർശനം സർവിത്രിക സ്കൂൾ പ്രവേശനം സാധ്യമായെങ്കിലും സാർവത്രിക ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള ശ്രമങ്ങൾ വേണ്ടവിധം വിജയിച്ചില്ല എന്നതാണ്. അതോടൊപ്പം ഗുണമേന്മ വർധിപ്പിക്കാനായി ജനകീയപദ്ധതി വേണമെന്ന നിർദേശവും ഉയർന്നു വരികയുണ്ടായി. പ്രസ്തുത നിർദേശങ്ങൾ സാർഥകമാക്കുന്നതിന്റെ ഭാഗമായാണ് നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായി വിദ്യാകിരണവും ആരംഭിച്ചത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വർധിതമായ സാമൂഹികപിന്തുണ ലഭിച്ചു. വിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായുള്ള പ്രവർത്തനങ്ങളിൽ സാമൂഹികമായ കൂട്ടായ്മകൾ ഓരോ വിദ്യാലയത്തെയും കേന്ദ്രീകരിച്ച് വളർന്നുവന്നു. പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയോട് അനുകൂലമായ നിലപാട് സമൂഹം കൈകൊണ്ടു. പല കാരണങ്ങളാലും പൊതുവിദ്യാലയങ്ങളിൽ നിന്നും അകലം പാലിച്ചിരുന്ന രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ തിരികെച്ചേർത്തു. 2017-18 അക്കാദമിക വർഷം മുതൽ 2025-26 അക്കാദമിക വർഷം വരെ 11 ലക്ഷത്തിലേറെ കുട്ടികൾ സാധാരണയിൽ നിന്നും കൂടുതലായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നു.
2. ഭൗതിക സൗകര്യ വികസന കാര്യത്തിലാണ് വൻകുതിപ്പ് ഉണ്ടായിട്ടുള്ളത്. കെട്ടിടങ്ങളെ സംബന്ധിച്ച് മാറിവരുന്ന സൗന്ദര്യ സങ്കല്പനങ്ങൾക്ക് അനുസൃതമായി സങ്കൽപ്പിക്കാൻ കഴിയാത്ത മാറ്റങ്ങളാണ് ഭൗതികസൗകര്യ വികസനകാര്യത്തിൽ ഉണ്ടായത്. ഈ പരിവർത്തനത്തിന് നെടുംതൂണായി നിന്നത് കിഫ്ബിയുടെ ധനസഹായമാണ്. കിഫ്ബി ധനസഹായം കൂടാതെ പ്ലാൻഫണ്ട്, നബാർഡ്ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തിവികസനഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട്, മറ്റുഫണ്ടുകൾ എല്ലാംകൂടി ഏതാണ്ട് 8000 കോടി രൂപയിൽ അധികമുള്ള തുക ഭൗതികസൗകര്യ വികസനത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ എയ്ഡഡ് മേഖലയിൽ ചലഞ്ച് ഫണ്ട് എന്ന പേരിൽ പ്രത്യേക തുകയും അനുവദിച്ചു.
3. ക്ലാസ് മുറികളും വിദ്യാലയങ്ങളും ആധുനികവൽക്കരിക്കുന്നതിന്റെയും ആധുനിക സാങ്കേതികവിദ്യ സൗകര്യങ്ങൾ മുഴുവൻ കുട്ടികൾക്കും പ്രാപ്തമാകുന്നതിന്റെയും ഭാഗമായി സർക്കാർ, സർക്കാർ എയ്ഡഡ് വ്യത്യാസം ഇല്ലാതെ എട്ടാംതരം മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും സാങ്കേതികവിദ്യാ സൗഹൃദമാക്കി. പ്രൈമറി, അപ്പർപ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർലാബ് ഒരുക്കി. സ്കൂളുകളിൽ ടിങ്കറിങ് ലാബ്, റോബോട്ടിക് ലാബ് എന്നിവ സജ്ജീകരിച്ചു. അധ്യാപകർക്കും വിദ്യാർഥികൾക്കും മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയെയും നിർമ്മിത ബുദ്ധിയെയും പരിചയപ്പെടുത്താനുള്ള പരിശീലനങ്ങൾ നൽകി. താൽപര്യമുള്ള കുട്ടികൾക്ക് സാങ്കേതികവിദ്യയിൽ നൂതന അനുഭവങ്ങൾ ഒരുക്കുന്നതായി ലിറ്റിൽ കൈറ്റ്സ് സംവിധാനമൊരുക്കി. ഈ പ്രവർത്തനം ദേശീയ -അന്തർദേശീയ ശ്രദ്ധ പിടിച്ചുപറ്റി.
4. ഭൗതികസൗകര്യവികസനത്തോടോപ്പം ഗുണമേന്മാവിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. സമഗ്രഗുണമേന്മാ പദ്ധതിവഴി ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 2024ൽ ദേശീ

യതലത്തിൽ നടന്ന പഠനത്തിൽ മെച്ചപ്പെട്ട നിലയിലേക്ക് മാറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

5. സ്കൂൾ വിദ്യാഭ്യാസത്തെ സമഗ്രമായ പരിഷ്കരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ പ്രൊഫസർ എം. എ. ഖാദറിന്റെ നേതൃത്വത്തിൽ മൂന്നംഗങ്ങളടങ്ങിയ വിദഗ്ധസമിതി രൂപീകരിച്ചു. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് 'മികവിനായുള്ള വിദ്യാഭ്യാസം' ഭാഗം ഒന്നും രണ്ടും തത്വത്തിൽ അംഗീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

6. വികസിച്ചുവരുന്ന അറിവിന്റെതലവും സാങ്കേതികവിദ്യാതലവും വിവരവിനിമയ സങ്കേതങ്ങളുടെ തലവും ഉൾച്ചേർക്കാൻ സഹായിക്കുംവിധം 2007ൽ തയ്യാറാക്കിയ കേരളപാഠ്യപദ്ധതി ചട്ടക്കൂടിന്റെ തുടർച്ചയായി കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2023 വികസിപ്പിച്ചു. ഇതിന്റെ ഭാഗമായി വ്യാപകമായ ജനകീയ ചർച്ച നടത്തുകയുണ്ടായി. വിദ്യാർഥികളിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിച്ചു. പാഠ്യപദ്ധതി ചട്ടക്കൂടിന്റെ തുടർച്ചയായി ഒന്നു മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കി. ഹയർസെക്കൻഡറി പാഠപുസ്തക പരിഷ്കരണം നടന്നുവരുന്നു.

7. കായികമേഖലയിൽ നൂതനമായ പല പരിവർത്തനങ്ങളും കൊണ്ടുവന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ കൂടി ഉൾപ്പെടുത്തി ഇൻക്ലൂസീവ് സ്പോർട്സ് എന്നത് ഉൾച്ചേർത്ത വിദ്യാഭ്യാസത്തിന്റെ പുത്തൻ അനുഭവമാതൃകയായി.

8. പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിഞ്ഞു. സ്കൂൾ തുറന്ന ശേഷം പാഠപുസ്തകങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ഒഴിവാക്കാൻ കഴിഞ്ഞു.

9. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം കൂടുതൽ ചിട്ടപ്പെടുത്താൻ കഴിഞ്ഞു. ഗുണമേന്മയുള്ള തൊഴിൽ ശക്തിയെ വളർത്തിയെടുക്കുന്നതിനായി പൈലറ്റ് അടിസ്ഥാനത്തിൽ ഹയർസെക്കൻഡറി സ്കൂളുകളോട് അനുബന്ധിച്ച് സ്കിൽ ഡെവലപ്മെൻറ് സെൻററുകൾ ആരംഭിച്ചു. ഇനിയും ശക്തിപ്പെടേണ്ട ഒരു ആശയമാണിത്.

10. ഭരണനിർവഹണ കാര്യത്തിലാണ് വലിയ പരിവർത്തനങ്ങൾ വരുത്തിയത്. ഇ ഗവേണൻസ് സംവിധാനം കൂടുതൽ ശക്തിപ്പെട്ടു. അധ്യാപക നിയമനത്തിലും മറ്റും ഇത് പ്രതിഫലിച്ചു. കോടതി ഇടപെടലുകളുടെ ഭാഗമായി ഭിന്നശേഷി നിയമനം സംബന്ധിച്ച കാര്യങ്ങളിൽ ഉണ്ടായ തർക്കങ്ങൾ മൂലം അധ്യാപക നിയമന കാര്യങ്ങളിൽ ചില തടസ്സങ്ങൾ ഉണ്ടായി എന്നതും വസ്തുതയാണ്.

11. അധ്യാപക പരിശീലനങ്ങൾ കഴിഞ്ഞ 10 വർഷമായി ചിട്ടപ്പെടുത്തി. ഹയർസെക്കൻഡറി തലത്തിൽ ഹയർസെക്കൻഡറി സ്കൂൾ ടീച്ചേഴ്സ് ട്രാൻസ്ഫർമേഷൻ പ്രോഗ്രാം എന്ന പേരിൽ ആഴത്തിലുള്ള ടീച്ചർ പ്രൊഫഷണൽ ഡെവലപ്മെൻറ് പദ്ധതി ആവിഷ്കരിച്ചു.

12. കോവിഡ് കാലഘട്ടത്തിൽ മുഴുവൻ കുട്ടികളെയും ചേർത്തുപിടിച്ചുകൊണ്ട് ഓൺലൈൻ പഠന പദ്ധതി നടപ്പാക്കി. സാമ്പത്തിക പരിമിതിയുള്ള സാധാരണക്കാരായ കുട്ടികൾ എല്ലാവർക്കും ഉപകരണങ്ങൾ ലഭ്യമാക്കാൻ കേരളീയസമൂഹം കാട്ടിയ താല്പര്യവും മനോഭാവവും ലോക ശ്രദ്ധ ആകർഷിച്ചു. യൂണിസെഫ് അടക്കമുള്ള അന്താരാഷ്ട്ര ഏജൻസികൾ കോവിഡ് കാലഘട്ടത്തിലെ വിദ്യാഭ്യാസ രംഗത്തുള്ള കേരളം മുന്നോട്ടുവച്ച തനത് അനുഭവ മാതൃകകളെ അഭിനന്ദിക്കുകയുണ്ടായി.

13. കോവിഡ് ഘട്ടത്തിനുശേഷം കുട്ടികളിൽ ഉണ്ടായ പരിവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. അതിൽ പ്രധാനമായ ഒന്നാണ് ലഹരിയോട് കാട്ടുന്ന അഭിവാഞ്ഛ. ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നിലപാട് കൈക്കൊള്ളുന്നതിനും ലഹരിയുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി. ഇനിയും മുന്നോട്ടുപോകേണ്ട ഒരു കാര്യമാണിത്.

14. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും യാഥാർഥ്യമായിക്കൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ പാരിസ്ഥിതികാവബോധവും അതിനനുഗുണമായ പ്രവർത്തനങ്ങളും രൂപപ്പെടുത്തുക എന്നത് പരമപ്രധാനമാണ്. ക്യാമ്പസിനെയാകെ ഹരിതാഭമാക്കാനും പരിസ്ഥിതിപഠനത്തിന് സഹായകമായ പാഠപുസ്തകമാക്കി മാറ്റാനും വേണ്ടിയുള്ള വൈവിധ്യമാർന്ന അന്വേഷണങ്ങൾ ഈ കാലഘട്ടത്തിൽ നടന്നിട്ടുണ്ട്. അതോടൊപ്പം മാലിന്യങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെയും ആരോഗ്യപ്രശ്നങ്ങളെയും തിരിച്ചറിയാനും മാലിന്യമുക്ത ക്യാമ്പസായി സ്കൂൾ ക്യാമ്പസുകളെ മാറ്റുന്നതിനുമുള്ള നിരവധി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

### മുന്നോട്ടുള്ള പാതകൾ തെളിക്കുമ്പോൾ

മുന്നോട്ടുള്ള പാതയിൽ ഏറ്റവും പ്രധാനം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുക എന്നതാണ്. എല്ലാ കുട്ടികളും അതത് പ്രായത്തിൽ നേടണം എന്ന് കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടി എന്നുറപ്പാക്കാൻ കഴിയണം. അറിവിന്റെതായ ലോകക്രമത്തിലാണ് നാം. അതുകൊണ്ട് അറിവ് ആർജിക്കുക എന്നത് വിട്ടുവീഴ്ച ചെയ്യാൻ കഴിയാത്ത കാര്യമാണ്. കുട്ടികൾ ആർജിക്കേണ്ട അറിവും കഴിവും നൈപുണിയും എല്ലാ കുട്ടികളും നേടുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുക എന്നത് പ്രധാനമാണ്. ഒരു സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സുപ്രധാനമായ ഘടകമാണ് വിദ്യാഭ്യാസം എന്നതാണ് പരിഷ്കൃതസമൂഹങ്ങൾ കൈക്കൊണ്ടുവരുന്ന നിലപാട്. അറിവിനായുള്ള അന്വേഷണങ്ങൾക്കും അറിവിന്റെ

സ്വാംശീകരണത്തിനും ആർജിക്കുന്ന വിദ്യാഭ്യാസം സഹായകവും പ്രേരകവുമാകണം. സഹകരിച്ചും സഹവർത്തിച്ചും പ്രവർത്തിക്കാനും ലഭ്യമാകുന്ന വിവരങ്ങളെ വിശകലനം ചെയ്യാനും അറിവ് ഉൽപാദിപ്പിക്കാനും അതുവഴി അറിവിന്റെ അവകാശികളാകാനും കഴിയണം. കൂടാതെ ഉൽപാദിപ്പിക്കുന്ന അറിവിനെ പ്രയോഗിക്കാനുള്ള കഴിവും വികസിക്കേണ്ടതുണ്ട്. അതോടൊപ്പം പ്രധാനമാണ് അറിവിന്റെ വിനിമയത്തിനുള്ള ശേഷി വർധിപ്പിക്കുക എന്നത്. വിദ്യാഭ്യാസത്തിലൂടെ വിമർശനാവബോധവും പ്രശ്നപരിഹരണ ശേഷിയും വളരണം. അറിവിന്റെ അന്വേഷണത്തിൽ ആനന്ദം കണ്ടെത്തുന്ന ഒരു സമൂഹത്തെ വളർത്തിയെടുക്കാൻ വിദ്യാഭ്യാസ പ്രക്രിയയിലൂടെ കഴിയണം.

കുട്ടികളുടെ ആരോഗ്യകരമായ മാനസിക വൈകാരിക വളർച്ച പ്രധാനമാണ്. ആത്മവിശ്വാസം, അനുതാപം, സമൂഹത്തിലെ എല്ലാവരേയും പ്രത്യേകിച്ച് സ്ത്രീകളെയും മുതിർന്നവരെയും മാനിക്കണമെന്ന തിരിച്ചറിവ്, അസമത്വങ്ങൾക്കും അരുതായ്മകൾക്കും എതിരായ നിലപാട് തുടങ്ങിയവയെല്ലാം വികസിക്കാൻ വിദ്യാഭ്യാസം സഹായകമാകണം. പൗരബോധവികാസവും തന്റെ കഴിവുകളെ രാഷ്ട്രനിർമ്മാണത്തിന് പ്രയോജനപ്പെടുത്താനുള്ള സന്നദ്ധതയും പ്രധാനമാണ്. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളായ ജനാധിപത്യം, മതനിരപേക്ഷത, സാഹോദര്യം, സമഭാവന, വിതരണനീതി, സാമൂഹികനീതി തുടങ്ങിയ മൂല്യങ്ങൾ ഉളവാക്കാൻ സഹായകമാകണം വിദ്യാഭ്യാസം. കൂടാതെ പ്രകൃതിയുടെ സംരക്ഷണം ജീവരാശിയുടെ നിലനിൽപ്പിന് അനിവാര്യമാണെന്ന തിരിച്ചറിവ് വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകണം.

എല്ലാ കുട്ടികൾക്കും അവരവരുടെ സർഗശേഷികളും പ്രതിഭകളും പ്രകടിപ്പിക്കാനുള്ള അവസരതുല്യത ഉറപ്പുവരുത്താൻ സംവിധാനത്തിന് കഴിയണം. അതോടൊപ്പം കുട്ടികളിലെ പ്രതിഭകൾ കണ്ടെത്തി അവ ഏറ്റവും ഉന്നതിയിലേക്കെത്തിക്കാനുള്ള അവസരമൊരുക്കലും വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്.

ചുരുക്കത്തിൽ നമ്മുടെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന വിശാലമായ കാഴ്ചപ്പാടിനുള്ളിൽ നിന്നുകൊണ്ടാണ് നമ്മുടെ സ്വപ്നങ്ങളും കാഴ്ചപ്പാടുകളും പൂവണിയേണ്ടത്. രാജ്യത്തിന്റെ സ്വാതന്ത്ര്യവും മതേതരത്വവും ജനാധിപത്യവും സോഷ്യലിസവും അവസരസമത്വവും തുല്യതയും ലിംഗാവബോധവും പാരിസ്ഥിതികാവബോധവും എല്ലാം ഉൾക്കൊള്ളുന്ന കരുത്തുറ്റ ഒരു സമൂഹത്തിന്റെ വളർച്ചയാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യം വയ്ക്കേണ്ടത്. പൗരബോധവികാസവും അവകാശബോധവും കടമാബോധവും അർപ്പണമനോഭാവവും വികസിക്കുക, ലാളിത്യം ജീവിതരീതിയാക്കി മാറ്റുക എന്നിവയെല്ലാം വിദ്യാഭ്യാസ പ്രക്രിയയുടെ ലക്ഷ്യമാകണം.

സാമൂഹികമായ പരിതോവസ്ഥ വ്യക്തിയുടെ വളർച്ചയെയും വികാസത്തെയും സ്വാധീനിക്കുന്നുണ്ട്. വ്യക്തിയുടെയും സമൂഹത്തിൻറെയും വളർച്ച പരസ്പരപൂരകമാണെന്ന് തിരിച്ചറിയുന്ന അനുഭവങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉണ്ടാകണം. അല്ലെങ്കിൽ വ്യക്തികൾ മാത്രം നന്നായാൽ മതി എന്ന കമ്പോളയുക്തിയുടെ വലയിൽ പെട്ടുപോകാനിടയുണ്ട്.

ലോകത്തെവിടെ ചെന്നാലും മലയാളി സാന്നിധ്യം ഉണ്ടാകും. അതുകൊണ്ടുതന്നെ ലോകത്തെവിടെയും ഉണ്ടാകുന്ന സാമൂഹ്യ ചലനങ്ങൾ വളരെ പെട്ടെന്ന് പ്രതിഫലിക്കുന്ന പ്രദേശമാണ് കേരളം. നിലനിൽക്കുന്ന അന്തർദേശീയ, ദേശീയ പശ്ചാത്തലത്തിൽ കേരളത്തിന്റെ നാളേയ്ക്കായുള്ള വിദ്യാഭ്യാസത്തെക്കുറിച്ചും അതിനപ്പുറവും കാണുമ്പോൾ ചില അടിസ്ഥാനതത്വങ്ങൾ യാതൊരു വിട്ടുവീഴ്ചയും ചെയ്യാതെ നോക്കേണ്ടതുണ്ട്. അവയെ ഇങ്ങനെ സംഗ്രഹിക്കാം: പൊതുവിദ്യാഭ്യാസത്തിലെ ഊന്നൽ, മുഴുവൻ കുട്ടികളെയും ഉൾച്ചേർക്കുന്ന സാർവത്രിക വിദ്യാഭ്യാസം, വിദ്യഭ്യാസ ഗുണമേന്മ, ആധുനീകരണം, തൊഴിലാഭിമുഖ്യം, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന, വിജ്ഞാനസമൂഹത്തിലേക്കുള്ള തയ്യാറെടുപ്പ് എന്നിവയിലാണ്.

വൈജ്ഞാനിക സമൂഹത്തെക്കുറിച്ചും പ്രാദേശികസമ്പദ്ഘടനയെ കുറിച്ചും കേരളീയ സമൂഹം വലിയ പ്രതീക്ഷയോടെ നിലപാടെടുത്തു കൊണ്ടിരിക്കുന്ന ഘട്ടമാണിത്. അറിവിന്റെ ലോകക്രമത്തിലാണ് ഇപ്പോൾ കുട്ടികൾ ജീവിക്കുന്നതും ഭാവിയിൽ ജീവിക്കേണ്ടതും. ആയതിനാൽ അറിവ് ആർജിക്കുക എന്നത് വിട്ടുവീഴ്ച ചെയ്യാൻ കഴിയാത്ത കാര്യമാണ്. അറിവ് ആർജി ക്കുന്നതോടൊപ്പം ആർജിച്ച അറിവിനെ പ്രശ്നപരിഹാരത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും കുട്ടികളിൽ വികസിപ്പിക്കണം. അതിന് സഹായകമായ തരത്തിൽ പഠനരീതിയിൽ കാലോചിത മാറ്റങ്ങൾ വരുത്തും. പ്രവർത്തനങ്ങൾക്കും പ്രക്രിയകൾക്കും പഠനത്തിൽ പ്രാധാന്യം ലഭിക്കണം. കുട്ടികളുടെ വിശകലനശേഷിയും പ്രശ്നനിർദാരണ ശേഷിയും മറ്റും പ്രധാനമാണ്. വിലയിരുത്തൽ രീതികളും മാറണം. ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തി ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കും

## സമകാലീന സവിശേഷ സാഹചര്യങ്ങൾ

ഇടതുപക്ഷ സർക്കാറുകൾ കൈക്കൊണ്ട പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാനും മെച്ചപ്പെടുത്തുവാനും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാനുമുള്ള പ്രവർത്തനങ്ങൾ മൂലമാണ് വിദ്യാലയ വ്യാപനവും എല്ലാകുട്ടികളും സ്കൂളിലെത്തുന്നതിനുമുള്ള സാഹചര്യവും പന്ത്രണ്ടാം ക്ലാസുവരെ പഠനത്തുടർച്ചാ സാഹചര്യവും ഉറപ്പാക്കിയത്. 2016 മുതലിങ്ങോട്ടുള്ള പത്തുവർഷക്കാലം പൊതുവിദ്യായങ്ങളുടെ ഭൗതിക പരിസരത്തിനുണ്ടായ മാറ്റങ്ങളും, സാങ്കേതികവിദ്യാ പ്രാപ്യത ഉറപ്പാക്കിയതും ഗുണമേന്മാ വിദ്യാഭ്യാസത്തിനായി നടത്തിയ സമഗ്ര ഗുണമേന്മാപദ്ധതി അടക്കമുള്ള പ്രവർത്തനങ്ങൾ അനന്യമായ നേട്ടങ്ങൾ പൊതുവിദ്യാഭ്യാസ രംഗത്തുണ്ടാക്കിയിട്ടുണ്ട്. ഈ നേട്ടങ്ങൾക്കിടയിലൂടെ പുതിയ പ്രശ്നങ്ങൾ സ്വാഭാവികമായും ഉരു

ത്തിരിയുന്നുണ്ട്. അങ്ങിനെ വരുന്ന സമസ്യകളെ ഏറ്റെടുത്ത് അവയെ അഭിമുഖീകരിച്ചുകൊണ്ട് മുന്നേറുക എന്നതാണ് പ്രധാനം. അങ്ങിനെ ചെയ്യുമ്പോൾ അന്തർദേശീയവും ദേശീയവും പ്രാദേശികവുമായി ഉയർന്നുവരുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്.

അഞ്ചാം അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്സിന്റെ മുന്നോടിയായി 2023 മെയ് 3,4,5 തീയ്യതികളിൽ കോഴിക്കോട് വച്ചു നടന്ന പൊതുവിദ്യാഭ്യാസ സെമിനാറിൽ 200 ൽ പരം അനുഭവക്കുറിപ്പുകളും പ്രബന്ധങ്ങളും അവതരിപ്പിക്കപ്പെട്ടു. 2000 ത്തോളം വിദഗ്ധരും അധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരും പങ്കെടുത്തു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ഭാവിവികസന നിർദേശങ്ങൾക്ക് രൂപം നൽകുമ്പോൾ താഴെപ്പറയുന്ന സമകാലീന ലോക-ദേശീയ സാഹചര്യങ്ങൾ കൂടി മനസ്സിൽ വയ്ക്കേണ്ടതുണ്ട്.

1. ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ, കാലാവസ്ഥയിലുണ്ടാക്കുന്ന വലിയ തോതിലുള്ള മാറ്റങ്ങൾ, അതെല്ലാം ജീവലോകത്തുണ്ടാകുന്ന അനുരണനങ്ങൾ, മനുഷ്യജീവിതത്തിൽ ഉണ്ടാക്കുന്ന വ്യതിചലനങ്ങൾ, വ്യതിയാനങ്ങൾ.
2. ശാസ്ത്രം അഥവാ അറിവിന്റെ ലോകത്തും സാങ്കേതികവിദ്യാ രംഗത്തും ഉണ്ടായി വരുന്ന വിസ്മയകരമായ കുതിപ്പ്. ഇതിനെയെല്ലാം ലാഭകേന്ദ്രീകൃതമായി മാറ്റാനുള്ള കമ്പോളത്തിന്റെ ത്വര. ഇങ്ങനെയുള്ള മാറ്റങ്ങൾ വിദ്യാഭ്യാസ ഉള്ളടക്കത്തിലും ബോധനരീതിയിലും ചെലുത്തുന്ന സ്വാധീനം.
3. ജനങ്ങളുടെ അജ്ഞതയെയും നിസ്സഹായവസ്ഥയെയും നിമിത്തമാക്കി അവരെ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും കെട്ടുപാടുകളിൽ തളച്ചിടുകയും അറിവിന്റെയും സാങ്കേതികവിദ്യയുടേയും വികാസത്തിനനുസരിച്ച് സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളിൽ നിന്നെല്ലാം മാറ്റിനിർത്തുന്നതിലും സാമ്പ്രദായികമായി തുടരുന്ന കാര്യങ്ങളിൽ തളച്ചിടുകയും ചെയ്യുന്നതിൽ വിജയിക്കുന്ന വലതുപക്ഷ നിലപാടുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മേൽക്കൈ. വർഗീയതയുടെയും ജാതീയതയുടെയും അടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ച് അതിന്റെ ഫലം കൊയ്യുന്നതിലുള്ള കൗശലത്തേയും പാഠ്യ പദ്ധതിയിലടക്കം ഇത്തരം കാര്യങ്ങൾ ഉൾച്ചേർക്കാൻ ബോധപൂർവമായ ശ്രമത്തെയും ചെറുക്കേണ്ടതുണ്ട്.
4. ദേശീയതലത്തിൽ ഫെഡറൽ തത്വങ്ങളെയും സംസ്ഥാനങ്ങൾക്കുള്ള അവകാശങ്ങളെയും ഉല്ലംഘിച്ചു കൊണ്ട് സ്കൂൾവിദ്യാഭ്യാസത്തിലടക്കം സംസ്ഥാനങ്ങളുടെ അധികാരങ്ങൾ പരിമിതപ്പെടുത്തിക്കൊണ്ട് ഉള്ളടക്കത്തിലും നടത്തിപ്പിലും അമിത കേന്ദ്രീകരണത്തിനായി സഹായിക്കുന്ന ദേശീയ വിദ്യാഭ്യാസനയം ഉൾപ്പെടെയുള്ള ദേശീയനയങ്ങൾ. ഇവയുണ്ടാക്കുന്ന പരിമിതികൾ.

ഇവയെല്ലാം ആഴത്തിൽ വിലയിരുത്തിക്കൊണ്ടും ബദൽ കർമ്മപരിപാടികൾക്ക് രൂപം നൽകിയും മാത്രമേ ജനാധിപത്യം, മതനിരപേക്ഷത, സാമൂഹ്യനീതി, അവസരസമത്വം, തുല്യത, എക്സലൻസ് എന്നിവയെല്ലാം അടിസ്ഥാനമാക്കി കൊണ്ടുള്ള ഒരു വിദ്യാഭ്യാസ ക്രമത്തിന്റെ അടുത്ത പടവിലേക്കുള്ള പ്രയാണം സാധ്യമാകൂ.

## IV
## ഭാവിവികസന നിർദേശങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എന്നതിനാണ് പ്രഥമ പരിഗണന. ഓരോ ക്ലാസിൽ നിന്നും കുട്ടികൾ ആർജിക്കണം എന്ന് കരിക്കുലം നിജപ്പെടുത്തുന്ന കാര്യങ്ങൾ നേടി എന്നുറപ്പാക്കേണ്ടതുണ്ട്. പല കാരണങ്ങളാലും ഇപ്പോൾ അതിന് കഴിയുന്നില്ല എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിന്റെ കാരണങ്ങൾ കണ്ടെത്തി അഭിമുഖീകരിക്കുക എന്ന വെല്ലുവിളി ഏറ്റെടുക്കും വിധം സംവിധാനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കളിൽ ശാസ്ത്രീയ ധാരണകൾ വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങളും ആവശ്യമാണ്.
2. പ്രീസ്കൂൾ വിദ്യാഭ്യാസം: കേരളത്തിലെ രക്ഷിതാക്കൾ പൊതുവെ പൊതുവിദ്യാഭ്യാസ ഘട്ടം പൂർത്തീകരിച്ചവരാണ്. കുടുംബഘടന മാറി അണുകുടുംബങ്ങളായി. വീട്ടിൽ ഉണ്ടാകുന്ന പലതരം പ്രയാസങ്ങളും അണുകുടുംബങ്ങളിൽ ഉണ്ടാകുന്ന ആന്തരിക പ്രശ്നങ്ങളും പ്രത്യക്ഷമായി ബാധിക്കുന്നത് കുട്ടികളെയാണ്. കുട്ടികളെ സുരക്ഷിതമായി വളർത്തുക എന്നതിന്റെ ഭാഗമായി അച്ഛനും അമ്മയുമടക്കമുള്ള മുതിർന്നവർക്ക് ഒരേസമയം തൊഴിൽ ചെയ്യാൻ പോകുന്നതിനു പരിമിതി ഉണ്ടാകുന്നു. അണുകുടുംബങ്ങളിൽ ചെറിയ പ്രായത്തിലുള്ള കുട്ടികളുടെ സാമൂഹ്യവൽക്കരണവും വൈകാരിക വികാസവും സാധ്യമാകുന്ന അന്തരീക്ഷം ഉണ്ടാകണമെന്നില്ല. കുട്ടികളുടെ തലച്ചോറിന്റെ വളർച്ച വളരെ പ്രധാനമാണ്. ഇതൊക്കെ ശരിയായരീതിയിൽ നടക്കണമെങ്കിൽ അതിനുള്ള സൗകര്യങ്ങളും അന്തരീക്ഷവും ഒരുക്കണം. ആയതിനാൽ കേരളം അഭിമുഖീകരിക്കുന്ന പ്രധാന വിടവുകളിൽ ഒന്ന് ശാസ്ത്രീയമായ പ്രീസ്കൂളിങ് സൗകര്യം എല്ലാ കുട്ടിക്കും പ്രാപ്യമായ തലത്തിൽ ഒരുക്കാൻ ഇനിയും കഴിയേണ്ടതുണ്ട് എന്നതാണ്. സ്കൂളിനോട് ചേർന്നുള്ള പ്രീസ്കൂളുകളുണ്ട്. അങ്കണവാടികൾ ഉണ്ട്. സർക്കാർ മേഖലയിൽ തന്നെ മറ്റുവിധ സംവിധാനങ്ങളുണ്ട്. സ്വകാര്യമേഖലയിലും ഉണ്ട്. ഇവിടങ്ങളിലെല്ലാം നടക്കുന്നത് ശാസ്ത്രീയമായ കാര്യങ്ങളല്ല എന്ന ഗൗരവമേറിയ വിമർശനമുണ്ട്. എല്ലാ കുഞ്ഞുങ്ങളുടെയും ശരിയായ വളർച്ചയും വികാസവും ഉറപ്പുവരുത്താനുതകുന്ന സംവിധാനം ഒരുക്കുക എന്നത് മുൻഗണന നൽകി പരിഗണിക്കേണ്ട കാര്യമാണ്. വിവിധ സർക്കാർ സംവിധാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതായാലും കുട്ടികൾക്ക് സമാനമായ സൗകര്യ

ങ്ങളും അനുഭവങ്ങളും ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട് എന്നതാണ്. ഇതെല്ലാം കൃത്യമായി ഏകോപിപ്പിക്കാൻ വിവിധ വകുപ്പു കൾക്ക് പങ്കാളിത്തമുള്ള റഗുലേറ്ററി സംവിധാനത്തെപ്പറ്റി ആലോചിക്കേണ്ടതുണ്ട്.

3. അധ്യാപക പ്രൊഫഷണൽ വികാസം: അതിവേഗമാണ് ലോകം മാറിക്കൊണ്ടിരിക്കുന്നത് ഈ മാറ്റങ്ങളുടെ മുന്നിൽ പതറിപ്പോകാതെ ആത്മ വിശ്വാസത്തോടെ പ്രശ്നങ്ങളെ നിർഭയമായി അഭിമുഖീകരിക്കുന്നതിനാവശ്യമായ കഴിവുള്ള വരായി നമ്മുടെ കുട്ടികൾ വളരണം. മറ്റാരോ വികസിപ്പിച്ച അറിവുകൾ ഉരുവിട്ട് പഠിച്ച് പരീക്ഷയിൽ ഉയർന്ന ഗ്രേഡ് വാങ്ങിയത് കൊണ്ട് മാത്രം കുട്ടികൾ രക്ഷപ്പെടണമെന്നില്ല. ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത് അറിവ് നിർമ്മിക്കുന്നർവരായി നമ്മുടെ കുട്ടികൾ മാറണം. ഇങ്ങിനെ മാത്രമേ അറിവിന്റെ അതി വേഗത്തിലുള്ള വികാസം നടക്കുന്ന ലോകക്രമത്തിൽ അതിജീവനം സാധ്യമാകൂ. അതിനായി കുട്ടികളെ പ്രാപ്തരാക്കാൻ കഴിയുംവിധം അധ്യാപകർ മാറേണ്ടതുണ്ട്. അധ്യപകരുടെ മനോഭാവ മാറ്റവും പ്രധാനമാണ്. ഇവിടെയാണ് അധ്യാപകരുടെ പ്രൊഫഷണൽ വികാസത്തിന്റെ പ്രസക്തി. നിരന്തരം നവീകരിക്കപ്പെടുന്ന അധ്യാപകർക്ക് മാത്രമേ കുട്ടികളോടും സ്വന്തം തൊഴിലിനോടും നീതി പുലർത്താൻ കഴിയൂ. ഇങ്ങനെയെങ്കിൽ അധ്യാപകർ ആകുന്നതിനു മുമ്പുള്ള പരിശീലനവും അധ്യാപകരായ ശേഷം സേവന കാലത്ത് നടക്കുന്ന പരിശീലനങ്ങളും പൂർണമായും മാറേണ്ടതുണ്ട്.

4. വിദ്യാഭ്യാസരംഗത്തെ ആധുനികവൽക്കരണം: ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പഠനം എന്നതാണ് കേരളം എക്കാലത്തും കൈകൊണ്ടുവരുന്ന നിലപാട്. അതിനുവേണ്ടി വളരെ വലിയ നിക്ഷേപം സ്കൂളുകളിൽ നടത്തി, സൗകര്യങ്ങളൊരുക്കി. എന്നാൽ ഈ സൗകര്യങ്ങൾ അവരവരുടെ വിഷയങ്ങളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്ന ഒരു രീതിശാസ്ത്രം ഇനിയും അധ്യാപകർക്കിടയിൽ ശക്തിപ്പെടേണ്ടതുണ്ട്. സാങ്കേതിക വിദ്യാപഠനത്തെ വേറിട്ട് കാണുന്ന പ്രവണതയാണ് പലപ്പോഴും അധ്യാപകർ കൈക്കൊള്ളുന്നത്. സാങ്കേതികവിദ്യ പഠന പ്രവർത്തനത്തിന് ഭാഗമാക്കാൻ അധ്യാപകരെയും വിദ്യാർഥികളെയും സജ്ജമാക്കുന്ന സംബന്ധിച്ചും ഇ-കണ്ടെൻറ് വികസിപ്പിക്കുന്നത് സംബന്ധിച്ചും നവീനമായ ആശയങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഓപ്പൺ സോഴ്സിനെയും അധ്യാപകരെയും ഊന്നിക്കൊണ്ടും എല്ലാ വിഷയങ്ങൾക്കുമുള്ള ബോധന പ്രക്രീയയിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുകയും പാഠ്യനന്തര പ്രവർത്തനങ്ങൾക്ക് സൃഷ്ടിക്കപ്പെട്ട സാങ്കേതിക ശേഷിയെ ഉപയോഗിക്കുകയും ചെയ്യുന്ന KITES ന്റെ പാരമ്പര്യത്തെ മുന്നോട്ട് കൊണ്ടുപോവണം.

5. എല്ലാവരെയും ഉൾച്ചേർത്തും ഉൾകൊണ്ടുമുള്ള വിദ്യാഭ്യാസം: ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഗൗരവമേറിയ പരിഗണന അർഹിക്കുന്നു. ചില കുട്ടികൾക്കെങ്കിലും സ്കൂളുകളിൽ വന്ന് മറ്റു കുട്ടികളോട് ചേർന്ന് ഇടപഴകാനുള്ള അവസരം ലഭ്യമാകുന്നില്ല. പ്രശ്നങ്ങളുടെ തീവ്രത അനുസരിച്ച് പ്രയോഗിക്കേണ്ട തന്ത്രങ്ങൾക്കും വ്യത്യാസമുണ്ടാകും. ഈ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആധുനികലോകം തുറന്നുതന്ന പല രീതികളുമുണ്ട്. ഇതെല്ലാം ഉൾക്കൊണ്ട് ഇപ്പോൾ പൊതുവിദ്യാലയങ്ങളിൽ എത്തുന്ന ഭിന്നശേഷിയുള്ള വിദ്യാർഥികളുടെ ഗുണമേന്മാ വിദ്യാഭ്യാസം എങ്ങനെ ആകണം എന്നത് സംബന്ധിച്ച് കൃത്യമായ പദ്ധതി വികസിപ്പിക്കേണ്ടതുണ്ട്. അതുപോലെ സ്കൂൾ കാലഘട്ടം കഴിഞ്ഞാൽ ഈ കുട്ടികളുടെ റീഹാബിലിറ്റേഷൻ സംബന്ധിച്ച ധാരണകളും ഉണ്ടാകണം.

6. ഗോത്രമേഖലയിലും തീരദേശമേഖലയിലും അധിവസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം: ഗോത്രമേഖലയിലെ പ്രശ്നം വളരെ സങ്കീർണ്ണമാണ്. ഓരോ വിഭാഗത്തിന്റെയും സാമൂഹിക - സാംസ്കാരിക ഘടകങ്ങൾ ഭിന്നമാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളും ഏറെ സ്വാധീനിക്കുന്ന വിഭാഗമാണ് ആദിവാസി സമൂഹം. പഠനദിനങ്ങളിൽ എല്ലാം കുട്ടികൾ സ്കൂളിൽ എത്താത്തത് ഒരു പ്രശ്നമാണ്. ഓരോ വിഭാഗത്തിനും പ്രത്യേക പരിഗണന നൽകി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ട്. അവരുടെ സാംസ്കാരിക തനിമയിൽ നിലനിർത്താവുന്നതിനെ അംഗീകരിച്ചുകൊണ്ട് അവരുടെ ജീവിതം കൂടുതൽ മെച്ചപ്പെടാൻ ഏതുതരം വിദ്യാഭ്യാസ അവസരങ്ങളാണ് ഒരുക്കേണ്ടത് എന്നതിൽ കൂടുതൽ വ്യക്തത കൈവരിക്കേണ്ടതുണ്ട്. ഏറ്റവും അവസാനം വന്ന എസ് എസ് എൽ സി പരീക്ഷാഫലത്തിന്റെ വിശകലനം പുതിയ തന്ത്രങ്ങളുടെ പ്രധാന്യം വ്യക്തമാക്കുന്നു. ബി ഗ്രേഡിനും എ + ഗ്രേഡിനും ഇടയിൽ പൊതു വിഭാഗത്തിലെ 62.7% കുട്ടികൾ വരുന്നു. എന്നാൽ പട്ടികജാതി കുടുംബങ്ങളിൽ നിന്നും വരുന്ന 26.9% കുട്ടികളും പട്ടികവർഗത്തിൽ നിന്നും 12.4% കുട്ടികളും മാത്രമേ ഈ ഗ്രേഡുകൾക്കിടയിലുള്ളൂ. എന്നാൽ ഡി+ഗ്രേഡിനും സി+ഗ്രേഡിനും ഇടയിലുള്ളതാണെങ്കിൽ പൊതുവിഭാഗത്തിൽ 37.1%, പട്ടികജാതി വിഭാഗത്തിൽ 71.8%, പട്ടികവർഗ വിഭാഗത്തിൽ 86% വരുന്നു. ഈ സ്ഥിതിവിവരക്കണക്കുതന്നെ അടിയന്തിരവും സവിശേഷവുമായ ഇടപെടലിന്റെ അനിവാര്യതയാണ് സൂചിപ്പിക്കുന്നത്. ഉന്നതികളിലും നഗറുകളിലും പിന്നോക്ക മത്സ്യ മേഖലകളിലും പ്രത്യേകം പഠന വീടുകൾ ലൈബ്രറികളും മറ്റുമായി ബന്ധപ്പെടുത്തി ഒരുക്കണം.

7. ഗോത്രമേഖലയിലെ കുട്ടികളുടെ സാർവത്രിക എൻറോൾമെന്റും റീടെൻഷനും ഉറപ്പാക്കുക, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക, എസ് എസ് എൽ സി, പ്ലസ്ടു പരീക്ഷകളിലെ ഗ്രെയ്ഡുകൾ മെച്ചപ്പെടുത്താൻ സഹായകമായ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ വിഭാഗം കുട്ടികളുടെ ആത്മവിശ്വാസം വളർത്തും. MRS കളിലെയും Non-MRS കളിലെയും പട്ടികവർഗ വിദ്യാർഥികളുടെ പഠന നിലവാരത്തിന്റെ വ്യത്യാസം മനസ്സിലാക്കി Non-MRS ലെ കുട്ടികളുടെ പഠനനിലവാരം പൊതുവിദ്യാലയങ്ങളിലെ പൊതുവിഭാഗം കുട്ടികളുടേതിന് തുല്യമായെങ്കിലും ഉയർത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. പട്ടികവർഗ വിദ്യാർഥികളുടെ സ്കൂൾ പ്രവേശനം 100% ഉറപ്പാക്കുന്നതിനും കൊഴിഞ്ഞ്പോക്ക് ഇല്ലാതാക്കാനും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. അതുപോലെ തീരദേശവാസികളായ കുട്ടികളുടെ പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടതുണ്ട്.
8. കൂടാതെ പലതരത്തിൽ അരികുവൽക്കരിക്കപ്പെട്ട കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളുടെ വിദ്യാഭ്യാസവും പരിഗണന അർഹിക്കുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ അതിജീവനത്തിനായി എത്തിച്ചേർന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ എന്നിവരുടെയെല്ലാം വിദ്യാഭ്യാസം മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായ തലത്തിലുള്ള പരിഗണന അർഹിക്കുന്നു.
9. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള മിനിമം മാർക്ക് നിർബന്ധമാക്കുന്ന പരിഷ്ക്കാരം നടപ്പിൽ വരികയാണ്. ആരെയും അരിച്ചു മാറ്റുവാനല്ല എല്ലാവർക്കും മിനിമം ശേഷി ഉറപ്പുവരുത്തുവാനുള്ള ഉപാധിയാണ് ഇതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പരീക്ഷകൾക്ക് മുമ്പ് പ്രത്യേക പഠനപിന്തുണ നൽകാൻ സ്കൂളിൽ അധ്യാപകരെ ഉപയോഗപ്പെടുത്തി പരിപാടി സംവിധാനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സ്കൂളിന് പുറത്ത് മുഴുവൻ കുട്ടികൾക്കും അവരവർ പഠിക്കുന്ന ക്ലാസ്സിലെ മിനിമം ശേഷി ഉറപ്പുവരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ജനകീയ സംവിധാനങ്ങളും സൃഷ്ടിക്കണം.
10. ആരോഗ്യരംഗത്ത് വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന അവസ്ഥയുള്ള പ്രദേശമാണ് നമ്മുടേത്. എന്നാൽ രോഗങ്ങൾ ഒരു പ്രശ്നമാണ് പ്രത്യേകിച്ചും കുട്ടികളിൽ. മാറിവരുന്ന ഭക്ഷണശീലങ്ങളും വ്യായാമമോ കളിയോ പ്രോത്സാഹിപ്പിക്കാത്ത മുതിർന്നവരുടെ മനസ്സും കായികപ്രവർത്തനങ്ങൾ രോഗചികിത്സയുടെ ഭാഗമായി മുതിർന്നവർ ചെയ്താൽ മതി എന്ന ധാരണ വളർന്നുവരുന്നതും. കുട്ടിത്തം കുട്ടികൾക്ക് നിഷേധിക്കുന്ന അവസ്ഥയും എല്ലാം ചേർത്തുകാണണം. കുട്ടി എന്നാൽ പഠിക്കാനുള്ള ഒരു ഉപകരണം മാത്രമാണെന്ന ധാരണ രക്ഷാകർത്തൃ സമൂഹത്തിൽ വളർന്നുവരുന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. ഈ പ്രശ്നങ്ങളെല്ലാം അഭിമുഖീകരിക്കേണ്ടതുണ്ട്. കുട്ടികളുടെ ആരോഗ്യ കായികക്ഷമത വികസിപ്പിക്കുന്നതിനുള്ള വഴികളെക്കുറിച്ച് ഗൗരവമായ ആലോചനകൾ നടക്കണം. പരിപാടികൾ ഉണ്ടാകണം.
11. കേരളത്തിൽ ലഭ്യമായ തൊഴിലുകളിൽ ഏർപ്പെടാനുള്ള നൈപുണ്യവും മനോഭാവവും വളരുന്ന തലമുറയ്ക്ക് ഇല്ലാത്തത് ഒരു പ്രതിസന്ധിയാണ്. ഇത് മറികടക്കാനാണ് പാഠ്യപദ്ധതി ചട്ടക്കൂട് 2023ൽ വർക്ക് ഇൻറഗ്രേറ്റഡ് വിദ്യാഭ്യാസം ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റിയത്. വിജ്ഞാനസമൂഹത്തെക്കുറിച്ചും പ്രാദേശിക സമ്പദ്ഘടനയെ കുറിച്ചും സംവദിക്കുന്ന കേരളീയ സമൂഹം വിദ്യാഭ്യാസത്തിൽ എല്ലാതരത്തിലുമുള്ള അധ്വാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന് അനുഗുണമായ മനോഭാവം വികസിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്.
12. മറ്റൊരു പ്രധാന വിടവ് വിദ്യാഭ്യാസമാനേജ്മെന്റ് സംബന്ധിച്ച് ധാരണകളുടെ വികാസമാണ്. കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ വർധിച്ചു കൊണ്ടിരിക്കുകയും സംവിധാനത്തിനത്ത് പ്രവർത്തിക്കുന്നവരുടെ കടമകൾ മാറിക്കൊണ്ടിരിക്കുകയും ഈ സംവിധാനത്തിന്റെ പ്രധാനഭാഗമായ കുട്ടികളുടെ ആവശ്യകതയും പെരുമാറ്റരീതിയും മാറിക്കൊണ്ടിരിക്കുകയും ലഹരി മുതലായ അനഭലഷണിയമായ പലകാര്യങ്ങളും കുട്ടികളെ സ്വാധീനിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളെ എങ്ങനെ അഭിമുഖീകരിക്കണം എന്നത് ചർച്ച ചെയ്യാതെ മുന്നോട്ടുപോകാൻ കഴിയില്ല. ചുരുക്കത്തിൽ ഇതെല്ലാം വിദ്യാഭ്യാസ മാനേജ്മെന്റിന്റെ ഭാഗമാകണം.
13. വിദ്യാഭ്യാസ ആസൂത്രണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ടതാണ് നാം ശേഖരിക്കുന്ന ഡാറ്റകൾ. ഏറ്റവും വിപുലമായ ഡാറ്റാശേഖരം നടത്തുന്ന വകുപ്പാണ് വിദ്യാഭ്യാസ വകുപ്പ്. എന്നാൽ നാം ശേഖരിച്ച ഡേറ്റകൾ ആസൂത്രണ നിർവഹണത്തിൽ ഇനിയും മെച്ചപ്പെട്ട നിലയിൽ വിനിയോഗിക്കാൻ കഴിയേണ്ടതുണ്ട്. ഡാറ്റാ ശേഖരണം മാത്രമല്ല ഡാറ്റകളുടെ വിശകലനത്തിനും വിനിയോഗത്തിലും കൂടുതൽ ചിട്ടപ്പെടുത്തലുകൾ അനിവാര്യമാണ്. സംസ്ഥാനതലത്തിൽ മാത്രമല്ല ജില്ലാതലത്തിലും പ്രാദേശികതലത്തിലും ആസൂത്രണ നിർവഹണത്തിന് സഹായകമാകും വിധം ശേഖരിച്ച ഡാറ്റകളെ പ്രയോജനപ്പെടുത്തണം. ഡയറ്റിലെ പ്ലാനിങ് ആൻഡ് മാനേജ്മെൻറ് ഫാക്കൽറ്റി കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഡയറ്റുകളെ ജില്ലകളുടെ ഡേറ്റാഹബ് ആക്കി മാറ്റാൻ പദ്ധതിയുണ്ടാകണം. ഡാറ്റകൾ ചോർന്നുപോകാതെ അവയെ മികച്ച നിലയിൽ പ്ര

യോജനപ്പെടുത്തുന്നത് സംബന്ധിച്ച ധാരണകൾ വികസിപ്പിക്കേണ്ടതുണ്ട്.

14. ഇത്തരം കാര്യങ്ങളെല്ലാം നാം ചർച്ചചെയ്യുന്നത് കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകാനാണ്. അക്കാദമികമികവ് എന്നത് അക്കാദമിക എക്സലൻസ് എന്നതായി മാറേണ്ടതുണ്ട്. എപ്ലസിൽ കുരുങ്ങിക്കിടക്കുന്ന ശരാശരി ചിന്തയിൽ നിന്നും സമൂഹത്തെ പരിവർത്തിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട് അറിവിൻറേതായ ലോകക്രമത്തിൽ അതിജീവനം സാധ്യമാകുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ എന്താകണം, എങ്ങനെയാകണം എന്നതിനെക്കുറിച്ച് ആഴത്തിലുള്ള അന്വേഷണങ്ങൾ അനിവാര്യമാണ്.

15. കൂടാതെ അക്കാദമിക കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം മേഖലകളിൽ പല പഠനങ്ങളും ചൂണ്ടിക്കാട്ടുന്ന പരിമിതികൾ മറികടക്കാനുള്ള അന്വേഷണങ്ങൾ നടക്കേണ്ടതുണ്ട്. പ്രൈമറി ക്ലാസ്സുകളിൽ കുട്ടികൾക്ക് ഏറെ പ്രയാസകരമായ ഗണിതപഠനം എങ്ങിനെ കൂടുതൽ അർഥപൂർണമാക്കാം എന്ന അന്വേഷണത്തിനായി കെഡിസ്കിന്റെ സഹായത്തോടെ നടത്തുന്ന മഞ്ചാടി പദ്ധതിയും ശാസ്ത്രപഠനം മെച്ചപ്പെടുത്താൻ നടത്തുന്ന മഴവില്ലു പദ്ധതിയും ഈ ദിശയിലുള്ള അന്വേഷണ പ്രവർത്തനമാണ്. ഭരണപരവും അക്കാദമികവുമായ മോണിറ്ററിങ് ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനെല്ലാമുള്ള വിവിധങ്ങളായ അന്വേഷണങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

16. മാലിന്യനിർമ്മാർജനം ഒരു ജീവിതരീതിയും ജീവിത ശീലവുമായി മാറണം. സ്കൂൾ ക്യാമ്പസ്സുകളെ എങ്ങിനെ ശുചിത്വ, ഹരിത, സുരക്ഷിത ക്യാമ്പസ്സുകളായി മാറ്റാമെന്നും ജല പരിശോധന തുടങ്ങിയവ നടത്തി സമൂഹത്തെ സഹായിക്കുന്ന പ്രവർത്തന ഇടമായി സ്കൂളുകളെ എങ്ങിനെ പ്രയോജനപ്പെടുത്താമെന്നതും പരിശോധിക്കേണ്ടതുണ്ട്. ജലസംരക്ഷണം, ഊർജസംരക്ഷണം, പ്രകൃതിസംരക്ഷണം എന്നിവയുടെ പ്രായോഗികാനുഭവങ്ങൾ സ്കൂളുകളിൽ ഒരുക്കണം.

17. പ്രകൃതിക്ഷോഭങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നിവ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഇവയെ അഭിമുഖീകരിക്കാൻ കുട്ടികളെ സജ്ജമാക്കുക എന്നത് പുതുതായി ഏറ്റെടുക്കേണ്ട വെല്ലുവിളിയാണ്.

18. എസ് സി ഇ ആർടി, സീമാറ്റ്, എസ് ഐ ഇ ടി, കൈറ്റ്, ഡയറ്റ്, ബിആർസി എന്നിവ ഏറ്റവും മികച്ച വിഭവ കേന്ദ്രങ്ങളും വിഭവസ്രോതസ്സുകളുമാക്കി വളർത്തേണ്ടതുണ്ട്.

19. തദ്ദേശഭരണസ്ഥാപനങ്ങൾക്കു കീഴിലാണ് സ്കൂൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിദ്യാഭ്യാസ പ്രൊജക്റ്റുകൾ അവലോകനം ചെയ്ത മാർഗനിർദേശങ്ങൾ DPC നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുട്ടികളുടെ സർഗവാസനകൾ പോഷിപ്പിക്കുന്നതിനും പ്രധാന പങ്കു വഹിക്കാനാവും. കുട്ടികളുടെ സർഗവാസനകൾ അധ്യാപക സഹായത്തോടെ കണ്ടെത്തി ഒരു വിദ്യാഭ്യാസ ക്ലസ്റ്ററിനുള്ളിൽ ഏതെങ്കിലും വിദ്യാലയത്തിൽ ഒരു കലയ്ക്കെങ്കിലും ഉള്ള വാരാന്ധ്യ പരിശീലനത്തിന് സംവിധാനം ഒരുക്കേണ്ടതാണ്. ഇത്തരത്തിൽ സ്പോർട്സ് ക്ലസ്റ്ററുകൾക്കും രൂപം നൽകാനാവും.

20. സംസ്ഥാനത്ത് മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളുടെ എണ്ണം വർഷംതോറും കൂടിവരുന്നു. ഇതിന്റെ കാരണങ്ങൾ പലതാകാം. ജനന നിരക്കിലുള്ള കുറവ് ഒരു കാരണമാകാം. തൊട്ടടുത്ത വിദ്യാലയങ്ങൾ ഉണ്ടെങ്കിലും അത് ഒഴിവാക്കി നഗരങ്ങളിലെ വിദ്യാലയങ്ങളിൽ ചേരാനുള്ള പ്രവണതയുണ്ട്. കുട്ടികൾക്ക് രാവിലെയും വൈകിട്ടും ക്രിയാത്മകമായി ചെലവഴിക്കേണ്ട വിലയേറിയ സമയം വാഹനത്തിൽ കഴിച്ചുകൂട്ടേണ്ടി വരുന്നത് കുട്ടികളെ അക്കാദമികമായും മാനസികമായും ബാധിക്കുന്നു എന്നത് പരിഗണിക്കപ്പെടുന്നില്ല. പുതിയ അധ്യാപക തസ്തികകൾ ഉണ്ടാക്കുക എന്ന സ്കൂളുകളുടെ താല്പര്യമാണ് മിക്കപ്പോഴും മുൻഗണനയിൽ വരുന്നത്. ഇതിന്റെ ഫലമായി പല സ്കൂളുകളിലും താങ്ങാവുന്നതിൽ കൂടുതൽ കുട്ടികൾ എത്തിച്ചേരുന്നു. മറ്റ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വളരെയേറെ കുറയുന്ന അവസ്ഥയും ഉണ്ടാകുന്നു. കുട്ടികളുടെ എണ്ണം കൊണ്ട് വലിയ വിദ്യാലയങ്ങളിൽ സ്കൂൾ പ്രായത്തിൽ കുട്ടികൾ ആഗ്രഹിക്കുന്നതും അനിവാര്യവുമായ വ്യക്തിശ്രദ്ധയും അംഗീകാരവും സ്കൂൾ ക്യാമ്പസിൽ സ്വന്തമായി ഇടവും ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. സ്കൂൾ ക്യാമ്പസിൽ കുട്ടി ആൾക്കൂട്ടത്തിൽ ഒരാളായി മാറുന്നു. കൂടാതെ സ്കൂൾ സംവിധാനത്തിന് ഓരോ കുട്ടിയെയും അറിയാനുള്ള അവസരവും ലഭിക്കുന്നില്ല. കുട്ടികൾ കുറഞ്ഞ സ്കൂളുകളിലാണെങ്കിലോ വിദ്യാഭ്യാസ പ്രക്രിയയിലൂടെ ലഭിക്കേണ്ട വൈകാരിക വികാസവും സാമൂഹ്യവൽക്കരണത്തിനുള്ള അവസരങ്ങളും അതിലുപരി പഠനാന്വേഷണത്തിന്റെ ഭാഗമായി സ്വാഭാവികമായി നടക്കേണ്ട സംഘപ്രവർത്തനങ്ങളോ കൂട്ടായ അന്വേഷണങ്ങളോ സാധ്യമല്ലാതെയും വരുന്നു. ഈ രണ്ടു പ്രശ്നങ്ങളെയും അഭിമുഖീകരിച്ചുകൊണ്ടും ശാസ്ത്രീയമായ പരിഹാര നിർദേശങ്ങൾ രൂപപ്പെടുത്തിയെടുത്തുകൊണ്ടും മാത്രമേ പൊതുവിദ്യാഭ്യാസ സംരക്ഷണം സാധ്യമാകൂ. കുട്ടികളില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടുക എന്നത് ലളിത യുക്തിയാണ്. താങ്ങാവുന്നതിലധികം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ ഇപ്പോൾ തന്നെ പല പ്രശ്നങ്ങളുടെയും പ്രഭവസ്ഥാനമായി മാറിയിട്ടുണ്ട്. ആയതിനാൽ ഓരോ വിദ്യാലയത്തിലും ഉണ്ടാകേണ്ട കുട്ടികളുടെ എണ്ണം നിജപ്പെടുത്തണം. കെ ഇ ആർ രൂപീകരിക്കുന്ന കാലത്തെ അതേ രീതി ഇപ്പോഴും അതുപോലെ തുടരുന്നത് അശാ

സ്ത്രീയമാണ്. എൽ.പി വിഭാഗം, യു.പി വിഭാഗം എട്ടുമുതൽ പന്ത്രണ്ടു വരെയുള്ള സെക്കൻഡറി വിഭാഗം എന്നിവയിൽ പരമാവധി എത്ര കുട്ടികളാകാം എന്നത് നിജപ്പെടുത്തണം. ഇങ്ങനെ ചെയ്യുമ്പോൾ കുട്ടികളുടെ ആവാസം, കുട്ടികൾക്ക് ലഭിക്കേണ്ട വ്യക്തിശ്രദ്ധ, ക്യാമ്പസിൽ ലഭിക്കേണ്ട ഇടവും അംഗീകാരവും എല്ലാം പരിഗണിക്കണം വിദ്യാലയങ്ങളുടെ ദീർഘകാലസൂത്രണത്തിനും ഓരോ സ്ഥാപനത്തിനും ലഭ്യമാക്കേണ്ട പിന്തുണ സംവിധാനങ്ങൾക്കും സർക്കാരിന്റെ വിഭവ വിനിയോഗം സ്കൂളുകളിൽ ഓരോ വർഷവും ഡിവിഷനുകൾക്കുണ്ടാകുന്ന മാറ്റങ്ങൾ പ്രശ്നം സൃഷ്ടിക്കുന്നുണ്ട് എന്നുള്ളതും പരിഗണിക്കണം.

21. പ്രായത്തിനനുഗുണവും കഴിവിനനുഗുണവുമായ വിദ്യാഭ്യാസം: നിലവിൽ പ്രായത്തിനനുഗുണമായ വിദ്യാഭ്യാസമാണ് പാഠ്യപദ്ധതിയുടെ ഭാഗമായി നിലനിൽക്കുന്നത്. ഓരോ പ്രായഘട്ടത്തിലും കുട്ടികൾ സാംശീകരിക്കേണ്ട പഠനവസ്തുതകൾ നിജപ്പെടുത്തി പാഠപുസ്തകങ്ങൾ വഴി കുട്ടികളിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. ഇതിന് അനുഗുണമായ രീതിയിൽ ആണ് വിലയിരുത്തലും നടത്തുന്നത്. ഇതുകൊണ്ട് മാത്രം അതിജീവിക്കാവുന്ന ലോക സാഹചര്യത്തിലല്ല കുട്ടികൾ ഇപ്പോൾ ജീവിക്കുന്നതും നാളെ ജീവിക്കേണ്ടതും. അവരവരുടെ അഭിരുചിക്കനുസരിച്ചുകൊണ്ട് വളരാനും ആർജിച്ച അറിവിനെ പ്രയോഗവൽക്കരിക്കാനും പ്രശ്നനിർധാരണത്തിനുള്ള കഴിവ് വർധിപ്പിക്കാനും നൂതനമായ ആശയങ്ങൾ രൂപീകരിക്കാനുമുള്ള അവസരങ്ങൾ കുട്ടികൾക്കുണ്ടാകണം. അങ്ങനെയെങ്കിൽ ഗുണതാവിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യംവച്ചുകൊണ്ടുള്ള സ്കൂൾ അനുഭവങ്ങൾ കുട്ടികളുടെ അവകാശമായി മാറണം. കുട്ടികളിൽ അന്തർലീനമായ പ്രതിഭകളെയെല്ലാം വികസിപ്പിക്കുന്നതിന് ഉതകുംവിധം സ്കൂൾ പ്രവർത്തനം മാറണം. സമൂഹത്തിന് അനിവാര്യമായ കഴിവുകളും നൈപുണികളും കുട്ടികൾ നേടണം. വരുംകാലസമൂഹത്തിൽ ആത്മവിശ്വാസത്തോടെ അതിജീവിക്കാൻ പ്രാപ്തിയുള്ള വിദഗ്ധരായ തൊഴിൽ ശേഷിയായി വളരാനുള്ള അനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാകണം. തൊഴിൽശേഷി എന്നതുകൊണ്ട് കേവലം കായികാധ്വാന പ്രധാനമായ തൊഴിലുകളെ മാത്രമല്ല കാണുന്നത്. അത് മാനസികാധ്വാനത്തിനുള്ള കഴിവ് ആർജിക്കൽ കൂടിയാകണം. പുത്തൻ ആശയങ്ങൾ വികസിപ്പിക്കുന്നതിനും അതിജീവനത്തിന്റെ ഭാഗമായി അവയെ പ്രയോഗവൽക്കരിക്കുന്നതിനും വേണ്ടിയുള്ള രീതിശാസ്ത്രം കുട്ടികൾ അറിഞ്ഞിരിക്കണം. അങ്ങനെ കുട്ടികളുടെ സർഗശേഷികൾ വികസിപ്പിക്കുന്ന സർഗവിദ്യാലയങ്ങളായി നമ്മുടെ സ്കൂളുകൾ മാറണം. ഇങ്ങനെ വന്നാൽ പ്രായത്തിനനുഗുണമായ നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ കെട്ടുപാടുകൾക്കപ്പുറത്തേക്ക് അഭിരുചികൾ കൂടി വളർത്താനും വികസിപ്പിക്കാനുമുള്ള അവസരങ്ങളൊരുക്കുന്ന പൊതു ഇടമായി വിദ്യാലയങ്ങൾ മാറണം. അങ്ങനെയെങ്കിൽ നിലവിലുള്ള വിദ്യാലയങ്ങളെക്കുറിച്ചുള്ള സങ്കല്പനങ്ങളിലും ഭരണനിർവഹണത്തിനായി പാലിച്ചുവരുന്ന ചട്ടങ്ങളിലും കീഴ്വഴക്കങ്ങളിലും വലിയ പരിവർത്തനങ്ങൾ ആവശ്യമായിവരും.

22. ഉടൻ പ്രാധാന്യത്തോടെ അഭിമുഖീകരിക്കേണ്ട മറ്റൊരു പ്രശ്നം 11, 12 ക്ലാസ്സുകളെ സംബന്ധിച്ചുള്ളതാണ്. സ്കൂൾ വിദ്യാഭ്യാസം ഉന്നത വിദ്യാഭ്യാസവുമായി കൂട്ടിയിണക്കുന്ന ഘട്ടമായാണ് ഇതിനെ വിഭാവനം ചെയ്തിട്ടുള്ളത്. എല്ലാ കുട്ടികളും പന്ത്രണ്ടാം ക്ലാസിനു ശേഷം ഇപ്പോൾ നിലനിൽക്കുന്ന സാമ്പ്രദായിക രീതിയിലുള്ള ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് പോകണമെന്നില്ല. അതുകൊണ്ടുതന്നെയാണ് അത്തരം കുട്ടികളുടെ താൽപര്യവും സംരക്ഷിക്കേണ്ടതുണ്ട്. നിലവിൽ രണ്ട് ഭാഷകൾക്ക് പുറമെ നാലു കോർവിഷയങ്ങൾ പഠിക്കേണ്ട അവസ്ഥയുണ്ട്. ഇത് കുട്ടികൾക്ക് താങ്ങാവുന്നതിലധികം കൂടുതൽ അക്കാദമിക ഭാരമാണ് ഉണ്ടാക്കുന്നത്. ഇത് കുട്ടികളിൽ ഉണ്ടാക്കുന്ന മാനസിക സംഘർഷം പരിഹരിക്കപ്പെടുന്നു പോലുമില്ല. ആത്മപ്രകാശനത്തിനും മറ്റും അവസരങ്ങൾ ആഗ്രഹിക്കുന്ന ഈ പ്രായത്തിലുള്ള കുട്ടികളെ നിർബന്ധിച്ച് ഏഴുമണിക്കൂറിലധികം സമയം ക്ലാസിൽ ഇരുത്തുന്നത് മനശ്ശാസ്ത്രപരമായോ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച ധാരണകളുടെയോ പരിധിക്കപ്പുറം നിന്നുകൊണ്ടാണ്. പ്രീഡിഗ്രി കാലത്തുപോലും മൂന്നു വിഷയങ്ങൾ മാത്രമേ കോർ വിഷയങ്ങളായി ഉണ്ടായിരുന്നുള്ളൂ. സംസ്ഥാനേതര ബോർഡുകളിലും നാല് വിഷയങ്ങൾ നിർബന്ധിതമായി പഠിക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ല. അതുകൊണ്ടുതന്നെ 11, 12 ക്ലാസുകളിലെ പഠനവിഷയങ്ങൾ സംബന്ധിച്ച് ഗൗരവമായ ആലോചനകൾ നടത്തേണ്ടതുണ്ട്. ഈ പ്രായഘട്ടത്തിലുള്ള കുട്ടികൾ ഇന്ന് കാട്ടുന്ന അപകടകരമായ പല പ്രവണതകളുടെയും മൂലകാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണിത് എന്ന് തിരിച്ചറിഞ്ഞുള്ള ഇടപെടൽ ഉണ്ടാകണം.

23. അധ്യാപക പ്രൊഫഷണൽ വികാസത്തോടൊപ്പം 1956 മുതലുള്ള രേഖകളിൽ പ്രത്യക്ഷമായും പരോക്ഷമായും പറഞ്ഞിട്ടുള്ള അധ്യാപകസംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുകയും വിദ്യാഭ്യാസ പുനസംവിധാനത്തിൽ ഈ സംഘടനകൾക്ക് പങ്ക് അനുവദിക്കുകയും വേണം എന്ന നിലപാട് പ്രയോഗപഥത്തിലേക്ക് കൊണ്ടുവരണം. അധ്യാപകർക്ക് ഇന്നുള്ള പ്രവർത്തന സ്വാതന്ത്ര്യം പൊതുവിദ്യാഭ്യാസത്തിന്റെ സംരക്ഷണത്തിനും മുന്നോട്ടുള്ള പ്രയാണത്തിന് സഹായകമാകുംവിധം പരിവർത്തിപ്പിക്കണം. ഈ കാഴ്ചപ്പാടോടെയുള്ള നിരവധി ശ്രമങ്ങൾ അധ്യാപകസംഘടനകൾ നടത്തിയതുകൊണ്ടാണ് പൊതു

വിദ്യാഭ്യാസം നിലനിന്നത് എന്നത് കാണുന്നു. എന്നാൽ ജ്ഞാനസമൂഹത്തിന് അനുഗുണമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിന് കഴിയുംവിധം അധ്യാപകരുടെ അറിവും കഴിവും മനോഭാവവും വികസിപ്പിക്കാനുള്ള ഉത്തരവാദിത്തം അധ്യാപക സംഘടനകൾക്ക് ഏറ്റെടുക്കാൻ കഴിയുംവിധം പ്രവർത്തനങ്ങളുടെ ദിശയിൽ മാറ്റങ്ങളുടെ സാധ്യത സാമൂഹികമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

24. ഘടനാപരമായി തുടങ്ങിവെച്ച മാറ്റങ്ങൾ തുടരും. പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസ ഘടന ഏകീകരിക്കാൻ നിലവിൽ ആരംഭിച്ച നടപടികൾ ത്വരിതപ്പെടുത്തും. ഭരണനിർവഹണം സാങ്കേതികവൽക്കരിച്ച് കാര്യക്ഷമമാക്കും.മേൽപ്പറഞ്ഞ നിലപാടുകൾ സാർഥകമാകുന്നതിനാവശ്യമായ പ്രവർത്തനപദ്ധതികൾ ഉണ്ടായിവരണം. സർക്കാരിന്റെ പരിഗണനയിലുള്ള വിദഗ്ധസമിതി റിപ്പോർട്ട് 'മികവിനായുള്ള വിദ്യാഭ്യാസം' നിർദേശങ്ങളും വിദ്യാഭ്യാസത്തിലെ തുടർപദ്ധതികൾ ആവിഷ്കരിക്കാൻ പ്രയോജനപ്പെടുത്തും.

മേല്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതോടൊപ്പം കേരളം ഇതുവരെ അവലംബിച്ചു പോകുന്ന എല്ലാവരെയും ഉൾചേക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതും മതനിരപേക്ഷതയും ജനാധിപത്യവും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന പൊതുവിദ്യാസത്തിന്റെ മുന്നേറ്റത്തിന് തടസ്സംനിൽക്കുന്ന ദേശീയ നയങ്ങൾക്കെതിരെ ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള പ്രക്ഷോഭങ്ങൾ തുടരും. അമിത കേന്ദ്രീകരണത്തിന്റെ ഭാഗമായി ഭരണഘടനയുടെ ഫെഡറൽ സത്തയെ തന്നെ ചോദ്യം ചെയ്യുകയും വിദ്യാഭ്യാസത്തെ കമ്പോളവൽക്കരിക്കുകയും കോർപ്പറേറ്റ് താൽപര്യങ്ങൾക്ക് വിട്ടു കൊടുക്കാൻ നയപരമായി തന്നെ നിലപാടുകൾ കൈക്കൊള്ളുകയും ഉള്ളടക്കത്തിൽ പോലും വർഗീയത ചാലിക്കുകയും ഇതിനെല്ലാം സൗകര്യമൊരുക്കിക്കൊണ്ട് ദേശീയ ഭരണകൂടം പൊതു വിദ്യാഭ്യാസത്തിൽ നിന്നടക്കം പിന്മാറാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ദേശീയ വിദ്യാഭ്യാസ നയം 2020 നെതിരായി സാധ്യമായ തരത്തിലുള്ള പ്രതിരോധം വളർത്തും. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനായി ഇത്തരം പോരാട്ടങ്ങളും അനിവാര്യമാണ്.

**അവലംബം:**


1. പ്രബന്ധങ്ങൾ - ഇന്റർനാഷണൽ കോൺഗ്രസ്സ് ഓൺ കേരള സ്റ്റഡീസ്, എ കെ ജി പഠനഗവേഷണ കേന്ദ്രം. 1994, 2005, 2011, 2016.
2. വർക്കിങ്ങ് ഗ്രൂപ്പ് റിപ്പോർട്ടുകൾ - സംസ്ഥാന ആസൂത്രണ ബോർഡ്
3. 'മികവിനായുള്ള വിദ്യാഭ്യാസം' - വിദഗ്ധ സമിതി റിപ്പോർട്ട് ഭാഗം - 1- 2019, ഭാഗം 2-2022
4. പൊതുവിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്, 2017 - കേരള സ്കൂൾ ടീച്ചേർസ് അസോസിയേഷൻ.
5. സഞ്ചയിക 1, 2, 3 അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സ് - 2023 മെയ് 3, 4, 5 കോഴിക്കോട്. എകെജി പഠന ഗവേഷണ കേന്ദ്രം. തിരുവനന്തപുരം, കേളു ഏട്ടൻ പഠനഗവേഷണ കേന്ദ്രം, കോഴിക്കോട്.

7

# കായികരംഗം

ലോകത്താകമാനം തന്നെ സ്പോർട്സിന് രണ്ട് വഴികളുണ്ട്. ആസ്വാദനോപാധിയായ സ്പോർട്സും ജീവിതോപാധിയായ സ്പോർട്സും. ഇത്തരത്തിൽ സ്പോർട്സിനെ വ്യത്യസ്തവും പരസ്പരബന്ധിതവുമായ രണ്ട് ശാഖകളായി കണ്ട്, ഇവ രണ്ടിനെയും വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. ഇവയിൽ ഒന്നിന്റെ മാത്രം വളർച്ചയും, പൂർണ്ണരൂപം കൈവരിക്കലും കായികരംഗത്തിന്റെ ഗുണകരമായ ഉയർച്ചയ്ക്ക് പ്രയോജനപ്പെടില്ല.

ആസ്വാദനോപാധി എന്ന് പറഞ്ഞതിന് മാനങ്ങൾ പലതാണ്. മാനസിക ഉല്ലാസത്തിന് മാത്രമല്ല സാർവർത്രിക ആരോഗ്യത്തിനും ഒരു ഉപാധിയാണത്. ഇന്നത്തെ സാഹചര്യത്തിൽ അതിന് പ്രത്യേക സാമൂഹ്യ പ്രാധാന്യവും കൂടിയുണ്ട്. അവരുടെ ജനാധിപത്യബോധവും മതേതരത്വവും ഐക്യദാർഢ്യവും പ്രതിഫലിക്കുന്ന ഒരു വേദി കൂടിയാണ് കായികരംഗം. കേരളത്തെ സംബന്ധിച്ചിടത്തോളം കായികം എന്നത് ഇപ്പോൾ വെറുമൊരു വിനോദം എന്നതിലുപരി നവോത്ഥാന പ്രക്രിയയുടെയും വിദ്യാഭ്യാസ വിപ്ലവത്തിന്റെയും തുടർച്ചയാണ്. ജാതി-മത ചിന്തകൾക്കതീതമായി മനുഷ്യരെ ഒന്നിപ്പിക്കുന്ന 'മതേതര ഇടങ്ങൾ' (Secular Spaces) എന്ന നിലയിൽ മൈതാനങ്ങൾക്ക് വലിയ രാഷ്ട്രീയ പ്രാധാന്യമുണ്ട്.

ആളുകളെ ഒന്നിപ്പിക്കുന്ന ഒരു പ്രധാന ഉപാധിയായ കായികം, സാമൂഹിക ഐക്യം വർധിപ്പിക്കുകയും വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സഹകരണവും സൗഹൃദവും വളർത്തുകയും ചെയ്യുന്നു. സമഗ്രമായ കായികനയം സംസ്ഥാനത്തെമ്പാടും നടപ്പാക്കുന്നതിലൂടെ വികസന സാധ്യതകൾ രൂപപ്പെടുകയും വ്യത്യസ്ത കായിക മേഖലകളിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, അങ്ങിനെ സാമ്പത്തിക വളർച്ച ഉണ്ടാകുകയും ചെയ്യുന്നു. യുവജനങ്ങളാൽ സമ്പന്നമായ കേരളത്തിൽ അടിസ്ഥാന വികസന സാധ്യതകൾ രൂപപ്പെടുന്നതിലൂടെ കൂടുതൽ അവസരങ്ങൾ കൈവരുകയും യുവജനങ്ങളുടെ ഭാവി സുരക്ഷിതമാവുകയും ചെയ്യുന്നു. ഇത് ജനങ്ങളിൽ ഐക്യവും അഭിമാനബോധവും വളർത്തുകയും അച്ചടക്കവും ടീം വർക്കും രൂപപ്പെടുത്തുകയും ചെയ്യുന്നു. യുവാക്കളിൽ ലക്ഷ്യബോധം രൂപപ്പെടുന്നതിനാൽ സാമൂഹികവിപത്തായി മാറിയിട്ടുള്ള ലഹരിയുടെ ഉപയോഗത്തിൽ നിന്നും, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നുള്ള പിന്മാറ്റത്തിനും ഇടയാക്കുന്നു. 'കിക്ക് ഡ്രഗ്സ്, സേയെസ് ടു സ്പോർട്സ്' പോലുള്ള ക്യാമ്പയിനുകൾ വെറും മുദ്രാവാക്യങ്ങളല്ല, മറിച്ച് യുവത്വത്തെ വീണ്ടെടുക്കാനുള്ള രാഷ്ട്രീയ അടയാളപ്പെടുത്തലുകളാണ്.

മേല്പറഞ്ഞവയോടൊപ്പം സ്പോർട്സിന്റെ സാമ്പത്തിക മാനങ്ങളും പരിഗണിക്കേണ്ടതുണ്ട്. സ്പോർട്സ് എന്നത്, ഉപകരണ വ്യവസായം മാത്രമല്ല കായിക മത്സരങ്ങളുടെ സംഘാടനവുമാണ്, ഇന്നത്, ശതകോടികളുടെ കൈമാറ്റം നടക്കുന്ന സേവന വ്യവസായമായി വളർന്നിട്ടുണ്ട്. അതിലൂടെ കായിക താരങ്ങളുടെ വരുമാനവും ജീവിതവും മെച്ചപ്പെടുവാനുള്ള സൗകര്യങ്ങളൊരുങ്ങിയിട്ടുണ്ട്. നഗര കേന്ദ്രീകൃതമായ ലോക വ്യവസ്ഥയിൽ ആഗോള നഗരമായി അംഗീകാരം നേടണമെങ്കിൽ അന്തർദേശീയ നിലവാരമുള്ള കളിക്കളങ്ങളും, മത്സരങ്ങളും ഒരു അവശ്യ ഉപാധിയായി മാറിയിട്ടുണ്ട്. ഈ ഒരു പശ്ചാത്തലത്തിലാണ് കേരളത്തിന്റെ കായിക രംഗത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുന്നത്.

## I
## പിന്നോട്ട് നോക്കുമ്പോൾ

കേരളത്തിന്റെ കായികചരിത്രം പരിശോധിച്ചാൽ അത് നമ്മുടെ മണ്ണിലെ പാരമ്പര്യ ആയോധന കലകളായ കളരിപ്പയറ്റിൽ നിന്നും തുടങ്ങുന്നു. ശരീരത്തെയും മനസ്സിനെയും ഒരുപോലെ പാകപ്പെടുത്തിയെടുക്കുന്ന ഈ പാരമ്പര്യം പിന്നീട് ആധുനിക കായിക രൂപങ്ങളിലേക്ക് രൂപാന്തരപ്പെട്ടു. കേരളത്തിന്റെ കായിക ചരിത്രത്തിൽ ഫുട്ബോളിനുള്ള സ്ഥാനവും ഒട്ടും ചെറുതല്ല. 1948-ൽ കേരള ഫുട്ബോൾ അസോസിയേഷൻ (KFA) രൂപീകൃതമായത് മുതൽ ഈ കായിക ഇനത്തിന് ജനകീയ അടിത്തറ ലഭിച്ചു. 1985-1995 കാലഘട്ടത്തിൽ സന്തോഷ് ട്രോഫിയിൽ കേരളം കാഴ്ചവെച്ച ഉജ്ജ്വല പ്രകടനങ്ങൾ ദേശീയ ശ്രദ്ധ പിടിച്ചുപറ്റുകയും, അത് വരുംതലമുറയ്ക്ക് വലിയ ആവേശം പകരുകയും ചെയ്തു. 'മൈതാനം - ദി സ്റ്റോറി ഓഫ് ഫുട്ബോൾ ഇൻ കേരള' എന്ന ഡോക്യുമെന്ററിയിൽ പരാമർശിക്കുന്നത്

പോലെ, ഫുട്ബോൾ എന്നത് കേരളീയ ജീവിതത്തിന്റെ തന്നെ നേർക്കാഴ്ചയായി മാറിയിട്ടുണ്ട്.

ഫുട്ബോൾ മാത്രമല്ല വോളിബോൾ, അത്‌ലറ്റിക്സ് തുടങ്ങിയ ഇനങ്ങളും കടന്ന് വന്നു. അത് നമ്മുടെ ഗ്രാമീണ ക്ലബ്ബുകളിലൂടെയും വായനശാലകളിലൂടെയും ജനകീയവൽക്കരിക്കപ്പെട്ടു. കേരളത്തിലെ കായികരംഗത്തിന്റെ സവിശേഷത അതിന്റെ 'ജനകീയ സ്വഭാവം' (Democratization of Sports) ആണ്. വരേണ്യ വർഗത്തിന് മാത്രം പ്രാപ്യമായിരുന്ന കളികളെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിൽ കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനവും, യുവജന പ്രസ്ഥാനങ്ങളും, ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളും വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ കായികം എന്നത്, സമൂഹത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്ന ഒരു സാംസ്കാരിക പ്രതിഭാസമാണ്. ജാതി, മതം, വർഗ്ഗം, ലിംഗം തുടങ്ങിയ സാമൂഹിക വേർതിരിവുകൾ മറികടന്ന് കായിക മൈതാനങ്ങൾ സമത്വത്തിന്റെ വേദികളായി പ്രവർത്തിക്കുന്നുണ്ട്.

ലോകത്തിൽ പ്രചാരമുള്ള എല്ലാ കായിക ഇനങ്ങളും കേരളത്തിൽ വ്യത്യസ്ത തോതുകളിൽ പ്രചാരത്തിലുണ്ട്. കളികളുടെ ഉല്പന്നങ്ങളുടെ നല്ല വിപണിയുമാണ് കേരളം. കായിക സംഘാടനത്തിലോ, പഠനത്തിലോ, പരിശീലനത്തിലോ ശാസ്ത്രീയ അംശങ്ങൾ സ്വാംശീകരിച്ച് വിജയപഥങ്ങളിൽ എത്തുന്നതിൽ നാം ഇന്നും വേണ്ടത്ര വിജയിച്ചിട്ടില്ല. ജീവിതശൈലിയുടെ മാറ്റങ്ങൾ കൊണ്ടുണ്ടാകുന്ന വെല്ലുവിളികളെ ചെറുക്കുന്നതിലും നാം വേണ്ടത്ര വിജയിച്ചിട്ടില്ല.

ഇന്ത്യയുടെ കായികപ്രകടനങ്ങളിൽ ഒട്ടുമിക്കവയ്കും ആധാരമായത് കേരളത്തിന്റെ താരങ്ങളായിരുന്നു. ഈ അവസ്ഥയ്ക്ക് ഇന്ന് മാറ്റം സംഭവിച്ച് കൊണ്ടിരിക്കുന്നു. ഒരു കാലത്ത് അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ട പ്രതിഭകളെ വാർത്തെടുത്ത നമ്മുടെ കായികരംഗം ഇന്ന് ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്താൻ കടുത്ത മത്സരം നേരിടുന്നു. മറ്റു സംസ്ഥാനങ്ങൾ മെച്ചപ്പെട്ട് നമുക്കൊപ്പമെത്തുമ്പോൾ, കേരളം അതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് പോവേണ്ടതുണ്ട്.

ഒട്ടേറെ ഘടകങ്ങൾ അനുകൂലമായി വന്നാൽ മാത്രമേ പ്രൊഫഷണൽ സ്പോർട്സിന് വളർച്ച സാധ്യമാവുകയുള്ളൂ. 1987ലാണ് ഡയറക്ടേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് രൂപീകൃതമായത്. പിന്നീട് സ്പോർട്സ് കൗൺസിൽ രൂപീകൃതമായി. വിവിധ സ്പോർട്സ് മേഖലകൾക്ക് വിവിധ അസോസിയേഷനുകൾ ഉണ്ടായി. ഇവയുടെയെല്ലാം കൂട്ടായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. സ്പോർട്സ് സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും പരിശീലനത്തിനും മേളകൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ ധനവിഭവങ്ങൾ ലഭ്യമാവണം. തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, കോളേജുകൾ, യൂത്ത് വെൽഫെയർ ബോർഡ് ഇവയ്കൊക്കെ സുപ്രധാന പങ്ക് വഹിക്കാനുണ്ട്.

2006-2011 കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ദേശീയ ഗെയിംസുമായി ബന്ധപ്പെടുത്തി കേരളത്തിൽ സ്ഥിരം സ്പോർട്സ് പശ്ചാത്തലസൗകര്യങ്ങൾ നിർമ്മിക്കാൻ അഞ്ഞൂറ് കോടിയോളം രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം നൽകിയതാണ്. എന്നാൽ നിർഭാഗ്യവശാൽ ഇതിനുണ്ടാക്കിയ മാസ്റ്റർപ്ലാൻ ഭാഗികമായിട്ടേ നടപ്പിലായുള്ളൂ.

കേരള പഠന കോൺഗ്രസ്സുകളിലെല്ലാം കായികമേഖല ചർച്ചാ വിഷയം ആയിട്ടുണ്ട്. നാലാം പഠന കോൺഗ്രസിൽ സമഗ്രമായ ഒരു രേഖ അവതരിപ്പിക്കപ്പെടുകയും ചെയ്തു. സംസ്ഥാന-ജില്ല-പ്രാദേശിക തലങ്ങളിൽ അടിയന്തിരമായി വേണ്ടുന്ന സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനങ്ങൾ, മത്സരങ്ങൾ, താരങ്ങൾക്കുള്ള പ്രോത്സാഹനം, സ്പോർട്സ് സംഘടനകൾ, സ്പോർട്സിന്റെ ധനകാര്യം ഇവയൊക്കെ ഈ രേഖയിൽ പ്രതിപാദിച്ചിരുന്നു. 2016-2026 കാലത്ത് ഈ നിർദ്ദേശങ്ങളിൽ ഒട്ടനവധി കാര്യങ്ങൾ പ്രവർത്തികമാവുകയും ചെയ്തു.

## II
## കായിക നയം - 2023

### 'എല്ലാവർക്കും സ്പോർട്സ്'

'എല്ലാവർക്കും സ്പോർട്സ്' എന്ന പ്രധാനപ്പെട്ട ആശയത്തെ മുൻനിർത്തി കായികരംഗത്ത് മികവ് വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യത്തോട് കൂടിയാണ് സംസ്ഥാനത്ത് ഒരു കായിക നയം, 2023ൽ അവതരിപ്പിച്ചത്. എഴുപത് പേജ് വരുന്ന സമഗ്രമായ ഒരു രേഖയാണിത്.

കായിക പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിലും പ്രാദേശിക തലത്തിൽ മികച്ച കായിക സംവിധാനങ്ങൾ ഉറപ്പാക്കുന്നതിലും കായിക നയം ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. വളരെ സമഗ്രവും വികസിതവുമായ കായിക ആവാസവ്യവസ്ഥ വിഭാവനം ചെയ്യുന്ന സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന കായിക ആവശ്യങ്ങളും പ്രതീക്ഷകളും നിറവേറ്റുന്നതിന് നൂതനമായ കായിക നയം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. കായിക മേഖലയെ സമ്പദ് വ്യവസ്ഥയുടെ ഭാഗമാക്കുകയും കായികാനുബന്ധ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് കായിക സമ്പദ്ഘടന വിലപ്പെടുത്തുവാനുള്ള ശ്രമങ്ങളും ഫലപ്രദമായി നടന്ന് വരികയാണ്. കമ്മ്യൂണിറ്റി സ്പോർട്സ്, കായിക സാക്ഷരത തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിച്ച്, എല്ലാ വിഭാഗം ആളുകൾക്കിടയിലും സ്പോർട്സിന്റെ മഹത്തായ സാധ്യതകളെ വ്യാപിപ്പിക്കുവാനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

കായിക പ്രവർത്തനങ്ങൾ, പരിശീലനം, മത്സരങ്ങൾ എന്നിവയ്ക്ക് ആധികാരികതയും പ്രാധാന്യവും നൽകി പ്രാദേശികതലം വരെ വ്യാപിപ്പിക്കുന്നതിന് അതീവ ശ്രദ്ധ നൽകിവരുന്നുണ്ട്. ഇതിലൂടെ കായിക പ്രവർത്തന വിനിമയം, പദ്ധതികളുടെ രൂപീകരണം, സാമ്പത്തിക സഹായം എന്നിവ കേവലം പ്രത്യേക ഇടങ്ങളിൽ (നഗരകേന്ദ്രങ്ങളിൽ) മാത്രം ഒതുങ്ങി നിന്നിരുന്ന മുൻകാല പ്രവർത്തന ശൈലികളിൽ നിന്നും തികച്ചും

വ്യത്യസ്തമായി, ഇവയെല്ലാം ഗ്രാമങ്ങളിലേക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് പ്രത്യേക ഇടപെടൽ ഉണ്ടായിട്ടുണ്ട്. ഈ വികേന്ദ്രീകൃത രീതി കായികമേഖലയെ കൂടുതൽ വിശാലമായ നിലയിൽ പ്രസരിതമാക്കുവാനും കേരളത്തിന്റെ സമഗ്രമായ കായിക പുരോഗതിക്ക് പ്രചോദനമാകുന്ന നിലയിലേക്ക് പരിവർത്തനപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾക്ക് പ്രതീക്ഷ പകരുന്നു. ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ കായിക നയം രൂപീകരിക്കുകയും അതിന്റെ ഗുണഫലം സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലേക്കും എത്തിക്കുവാൻ വേണ്ടി സമഗ്രമായ പരിശ്രമം നടത്തി വരികയുമാണ് കേരളമിപ്പോൾ.

### കായിക സമ്പദ്‌വ്യവസ്ഥ

സംസ്ഥാനത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിൽ കായിക മേഖലയെ ഒരു മുഖ്യ ഘടകമായി മാറ്റുന്നതിൽ ചരിത്രപരമായ ഒരു ചുവടുവെപ്പാണ്, കേരളം നടത്തിയിരിക്കുന്നത്. 'കേരള സ്പോർട്സ് ഇക്കണോമി മിഷൻ' വഴി കായിക സമ്പദ്‌വ്യവസ്ഥയെ സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനവുമായി (GDP) സംയോജിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കായികരംഗത്തെ കേവലം വിനോദോപാധി എന്നതിലുപരി സാമ്പത്തിക വളർച്ചയുടെ ചാലകശക്തിയായി അംഗീകരിക്കുന്ന ഈ നടപടി നവകേരള നിർമ്മിതിയിലെ ഒരു നാഴികക്കല്ലാണ്.

കേരളത്തിന്റെ കായിക മേഖലയെ ഒരു സുസ്ഥിര സമ്പദ്‌വ്യവസ്ഥയായി മാറ്റുന്നതിലൂടെ രണ്ട് പ്രധാന നേട്ടങ്ങളുണ്ട്. ഒന്ന്, കായിക താരങ്ങൾക്ക് സുരക്ഷിതമായ ഉപജീവനമാർഗ്ഗം ലഭിക്കുന്നു. രണ്ട്, സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തിക വളർച്ചയ്ക്ക് ഇത് പുതിയൊരു ഇന്ധനമാകുന്നു. നവകേരളത്തിന്റെ കായിക നയം, കേവലം മൈതാനങ്ങളിൽ ഒതുങ്ങാതെ വിപണിയിലേക്കും ഗവേഷണ കേന്ദ്രങ്ങളിലേക്കും പടരേണ്ടതുണ്ട്. കേരളത്തിലെ സ്പോർട്സ് ഇക്കോണമിയിലെ ഏറ്റവും വലിയ നിക്ഷേപം ഇൻഫ്രാസ്ട്രക്ചർ മേഖലയിലാണ്. കിഫ്ബി (KIIFB) വഴി നടപ്പിലാക്കുന്ന നൂതന സ്റ്റേഡിയങ്ങളും ഇൻഡോർ കോർട്ടുകളും, കേവലം കളിക്കാനുള്ള സ്ഥലങ്ങൾ മാത്രമല്ല, മറിച്ച് വരുമാനദായകമായ ആസ്തികൾ കൂടിയാണ്. കായിക മത്സരങ്ങൾ ഇല്ലാത്ത സമയങ്ങളിൽ സാംസ്കാരിക പരിപാടികൾക്കും എക്സിബിഷനുകൾക്കും ഇവ ഉപയോഗിക്കുന്നതിലൂടെ സ്ഥിരവരുമാനം ഉറപ്പാക്കാം.

തിരുവനന്തപുരം, കൊച്ചി തുടങ്ങിയ നഗരങ്ങളെ സ്പോർട്സ് ഹബ്ബുകളായി വികസിപ്പിക്കുന്നത് വിദേശ ടീമുകളെ പരിശീലനത്തിനായി ആകർഷിക്കാൻ സഹായിക്കും. കേരളത്തിന്റെ പ്രകൃതിഭംഗിയും കായിക പാരമ്പര്യവും സമന്വയിപ്പിച്ചുകൊണ്ട് 'സ്പോർട്സ് ടൂറിസം' വികസിപ്പിക്കാം. നമ്മുടെ കായലുകളും പുഴകളും നെഹ്റു ട്രോഫി പോലുള്ള വള്ളംകളികളും ആഗോള ശ്രദ്ധയാകർഷിക്കുന്നവയാണ്. കയാക്കിംഗ്, റോയിംഗ്, സർഫിംഗ് തുടങ്ങിയവയിലൂടെ വിദേശ സഞ്ചാരികളെ ആകർഷിക്കാം. മലയോര മേഖലകളിൽ ട്രെക്കിംഗ്, മൗണ്ടൻ ബൈക്കിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നത് പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്താകും. ഫുട്ബോൾ, വോളിബോൾ, അത്‌ലറ്റിക് ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിലൂടെ ചെറുകിട വ്യവസായ മേഖല ഉണരും. സഹകരണ മേഖലയെ ഉപയോഗപ്പെടുത്തി സ്പോർട്സ് ഗുഡ്സ് നിർമ്മാണ ക്ലസ്റ്ററുകൾ കണ്ണൂർ, കോഴിക്കോട് മേഖലകളിൽ ആരംഭിക്കുന്നത്, തൊഴിലില്ലായ്മ പരിഹരിക്കാൻ സഹായിക്കും.

### ജനകീയ ആരോഗ്യം (Public Health through Sports):

കേരളത്തിൽ അധിവസിക്കുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും വികേന്ദ്രീകൃത സ്വഭാവത്തോടുകൂടി കായിക മേഖലയിൽ സജീവമായി പങ്കെടുക്കാൻ അവസരങ്ങളും അനുഭവങ്ങളും നൽകുന്ന ഒരു സമഗ്ര കാഴ്ചപ്പാടാണിത്. കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും ആരോഗ്യവും കായികക്ഷമതയും മെച്ചപ്പെടുത്തുക എന്നതാണ് ഈ സമീപനത്തിന്റെ അടിസ്ഥാന തത്വം. ആധുനിക ജീവിതശൈലിയുടെ ഫലമായുണ്ടാകുന്ന രോഗങ്ങളെ ചെറുക്കുന്നതിനും, മാനസികാരോഗ്യത്തിന് പിന്തുണ നൽകുന്നതിനും, സൗഖ്യപൂർണ്ണമായ ഒരു ജീവിതം നയിക്കുന്നതിനും കായികാഭ്യാസത്തിലൂടെ സാധിക്കും. കായിക പ്രവർത്തനങ്ങളെ വ്യക്തികളുടെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റുക എന്നതാണ് ഈ ധാരയുടെ ലക്ഷ്യം.

കായിക വിനോദങ്ങളിൽ ഏർപ്പെടാനുള്ള സാഹചര്യങ്ങൾ ഏറ്റവും എളുപ്പത്തിൽ ലഭ്യമാക്കുക എന്നതിലാണ് ഊന്നൽ. 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി പ്രകാരം പ്രാദേശിക തലത്തിൽ, ഗ്രാമഗ്രാമാന്തരങ്ങളിൽ കായിക സൗകര്യങ്ങൾ എത്തിക്കുന്നതിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ വികേന്ദ്രീകൃത സ്വഭാവം വെളിവാക്കുന്നു. ഇത് സാധാരണ ജനങ്ങൾക്ക് വീടിനടുത്ത് വ്യായാമത്തിനും വിനോദത്തിനുമുള്ള അവസരം ഒരുക്കുന്നു. പൊതുജനാരോഗ്യം മുൻനിർത്തി, ഓപ്പൺ ജിമ്മുകളും അത്യാധുനിക ഫിറ്റ്നസ് സെന്ററുകളും സ്ഥാപിക്കുന്നത്, കായികാഭ്യാസം ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിന് സഹായിക്കുന്നു. ഇതിലൂടെ കായികക്ഷമത നിലനിർത്താനുള്ള അവസരം പ്രായഭേദമന്യേ എല്ലാവർക്കും ഉറപ്പാക്കുന്നു. പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യ പരിപോഷണം ലക്ഷ്യമിട്ടുള്ള 'ഹെൽത്തി കിഡ്സ്' പദ്ധതി, കുട്ടികളിൽ ചെറുപ്പം മുതലേ കായികക്ഷമതയുടെ പ്രാധാന്യം വേരുറപ്പിക്കുന്നു. ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക സ്റ്റേഡിയം നിർമ്മാണവും, പാരാ അത്‌ലറ്റുകളുടെ അസോസിയേഷന് കൗൺസിലിന്റെ അംഗീകാരം നൽകിയതും, ഈ വിഭാഗം ജനങ്ങളെ കായിക മേഖലയിലേക്ക് കൈപിടിച്ചുയർത്തുന്നു.

### മികവിന്റെ കേന്ദ്രങ്ങൾ (Center of Excellence):

സംസ്ഥാനത്തിനും രാജ്യത്തിനും മുതൽക്കൂട്ടാകുന്ന അന്താരാഷ്ട്ര കായികതാരങ്ങളെ രൂപപ്പെടുത്തുക എന്ന ഉത്തരവാദിത്വവും സ്പോർട്സ് നയം ഏറ്റെടുക്കുന്നു. ഇത് ശാസ്ത്രീയവും ചിട്ടയുമുള്ള ഒരു ദീർഘകാല നിക്ഷേപ പ്രക്രിയയാണ്. അന്താരാഷ്ട്ര നിലവാരമുള്ള താരങ്ങളെ കണ്ടെത്തി, അവർക്ക് ഉന്നത നിലവാരമുള്ള പരിശീലനം നൽകുന്നു. വളരെ ചെറിയ പ്രായത്തിൽ തന്നെ പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. സ്കൂൾ കായികമേളകൾ ഈ പ്രതിഭാ നിർണ്ണയത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട വേദിയാണ്. കണ്ടെത്തിയ പ്രതിഭകൾക്ക് നവീകരിച്ച സ്പോർട്സ് സ്കൂളുകൾ, അത്യാധുനിക അക്കാദമികൾ എന്നിവിടങ്ങളിലൂടെ, തുടർച്ചയായതും ശാസ്ത്രീയമായതുമായ പരിശീലനം നൽകുന്നു.

കേരളത്തിലെ കായിക നിലവാരം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി വിക്ടോറിയ യൂണിവേഴ്സിറ്റിയുമായും, ക്യൂബ, സ്പെയിൻ എന്നീ രാജ്യങ്ങളുമായുമുള്ള സഹകരണം വഴി ലോകോത്തര പരിശീലകരെയും പരിശീലന രീതികളെയും കേരളത്തിലേക്ക് കൊണ്ടുവരുന്നു. ക്യൂബയുമായുള്ള സഹകരണത്തിന്റെ ഭാഗമായി ചെഗുവേരയുടെ പേരിൽ രാജ്യാന്തര ചെസ് മത്സരം സംഘടിപ്പിച്ചത് പോലുള്ള പരിപാടികൾ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചു. കായികമേളകളെ വിദ്യാഭ്യാസത്തിന്റെയും വിനോദത്തിന്റെയും പ്രൗഢോജ്ജ്വല സംഗമമാക്കി മാറ്റി, സംസ്ഥാനത്തെ സകലവിഭാഗം ജനങ്ങളെയും ഈ മുന്നേറ്റത്തിൽ ഭാഗഭാക്കാക്കുന്നു.

### കായിക സാക്ഷരതയും വിദ്യാഭ്യാസവും

ഏതൊരു സമൂഹത്തിന്റെയും സമഗ്രപുരോഗതിക്ക് അടിത്തറ പാകുന്നതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു ഘടകം അടിസ്ഥാന കായിക വിദ്യാഭ്യാസമാണ്. കായികരംഗം കേവലം മത്സരവിജയങ്ങളിൽ മാത്രം ഒതുങ്ങാതെ, ഓരോ പൗരന്റെയും ശാരീരികവും മാനസികവുമായ ഉന്നമനത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. വിദ്യാലയതലത്തിൽ തന്നെ കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമായി നിശ്ചയിക്കണം. കുട്ടികളിൽ വ്യായാമശീലങ്ങൾ ഊട്ടിയുറപ്പിക്കുന്നതിലൂടെ, ജീവിതശൈലീരോഗങ്ങളെ ചെറുക്കാനും ആരോഗ്യമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കാനും നമുക്ക് സാധിക്കും. കായികവിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാന തലമാണ് കായിക സാക്ഷരത (Physical Literacy) ആർജിക്കുക എന്നത്. കളിയുടെ നിയമങ്ങൾ, അടിസ്ഥാനതത്വങ്ങൾ, കായിക ശാസ്ത്രീയ അടിത്തറ എന്നിവയെക്കുറിച്ചുള്ള അറിവ്, ഓരോ പൗരനും ലഭ്യമാക്കണം. വ്യായാമത്തിന്റെ ശരിയായ രീതികൾ, പോഷകാഹാരത്തിന്റെ പ്രാധാന്യം, പരുക്കുകൾ തടയുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പ്രാഥമിക ശുശ്രൂഷാ രീതികൾ എന്നിവയെക്കുറിച്ചുള്ള അടിസ്ഥാനധാരണയ്ക്കായി പൊതുജനങ്ങളിൽ ബോധവൽക്കരണം സൃഷ്ടിക്കണം. ഇത്, കായികരംഗത്തെ കേവലം കാണികളായി ഒതുക്കാതെ, അറിവുള്ള പങ്കാളികളായി സമൂഹത്തെ പരിവർത്തനം ചെയ്യും.

കേരള സംസ്ഥാന സാക്ഷരതാമിഷന്റെ മാതൃകയിൽ 'കായിക സാക്ഷരത' എന്ന ബൃഹത്തായ ആശയം സംസ്ഥാനത്തെ എല്ലാ പൗരന്മാരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കായികക്ഷമതാമിഷന് രൂപം നൽകിയിട്ടുള്ളത്. വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയ്ക്കും സാമ്പത്തികവ്യവസ്ഥയ്ക്കും വലിയ വെല്ലുവിളിയുയർത്തുന്ന ഈ കാലഘട്ടത്തിൽ, രോഗം വന്ന ശേഷം ചികിത്സിക്കുന്ന രീതിയിൽനിന്ന് മാറി, കായിക പരിശീലനത്തിലൂടെ രോഗ പ്രതിരോധത്തിന് പ്രാധാന്യംനൽകുന്ന ഒരു പുതിയ സമീപനം അനിവാര്യമാണ്. 'ഫിറ്റ്നസ് ഫോർ ഓൾ' എന്ന ഈ മിഷൻ കേവലം കായികതാരങ്ങളെ സൃഷ്ടിക്കാനല്ല, മറിച്ച്, കൃത്യമായ വ്യായാമം, ആരോഗ്യകരമായ ഭക്ഷണശീലം, മതിയായ വിശ്രമം എന്നിവ ജീവിതചര്യയുടെ ഭാഗമാക്കി, ആരോഗ്യകരമായ ഒരു സമൂഹത്തെ വാർത്തെടുക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം, കായികം എന്നീ വകുപ്പുകളുടെ പൂർണ്ണമായ ഏകോപനം (കൺവെർജൻസ്) അത്യന്താപേക്ഷിതമാണ്.

ഓരോ വിദ്യാർത്ഥിയിലൂടെയും കായികസാക്ഷരതയുടെ സന്ദേശം ഓരോ വീടുകളിലും എത്തിക്കുകയും കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധസംഘടനാ പ്രവർത്തകർ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ഈ ആശയം പൊതുജനങ്ങളിലേക്ക് വ്യാപിപ്പിക്കണം. കായികാധ്വാനത്തിലൂടെ ആരോഗ്യം മെച്ചപ്പെടുത്തി നിത്യവരുമാനം കണ്ടെത്തി ജീവിതലഹരി ആസ്വദിക്കാമെന്ന സന്ദേശം ജനഹൃദയങ്ങളിൽ ആഴ്ന്നിറങ്ങേണ്ടതുണ്ട്. ജനങ്ങളുടെ ആരോഗ്യവും കായികക്ഷമതയും വർധിക്കുന്നതിലൂടെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയുടെ ആക്കം കൂടുന്നുവെന്ന് മാത്രമല്ല, മികച്ച മൂല്യബോധവും അച്ചടക്കശീലവുമുള്ള പൗരന്മാരെ വാർത്തെടുക്കാനും സാധിക്കും. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നിലവിലുള്ള പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകളുടെയും അവിടെ നിയമിതനാകുന്ന സ്പോർട്സ് കോർഡിനേറ്റർമാരുടെയും ഏകോപനത്തിലൂടെ പ്രാദേശികതലത്തിൽ ഈ മിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിയും.

### അടിസ്ഥാന സൗകര്യങ്ങളും സാങ്കേതികവിദ്യയും

കായികരംഗത്തെ കുതിച്ചുചാട്ടത്തിന് അനിവാര്യമായ രണ്ടു ഘടകങ്ങളാണ് അടിസ്ഥാന സൗകര്യവികസനവും സാങ്കേതിക നവീകരണവും. അടിസ്ഥാന സൗകര്യവികസനത്തിൽ തന്ത്രപരമായ നിക്ഷേപം നടത്തിയത് വഴി കായിക ടൂറിസം മേഖലയിലും കേരളം ശ്രദ്ധേയ

മായ വളർച്ച കൈവരിച്ചിട്ടുണ്ട്. ലോകോത്തര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളും, പ്രധാന കായിക മേളകളുടെ വിജയകരമായ നടത്തിപ്പും കായിക പ്രേമികളുടെയും വളർന്നു വരുന്ന കായികതാരങ്ങളുടെയും പ്രിയപ്പെട്ട കേന്ദ്രമാക്കി കേരളത്തെ മാറ്റിയിരിക്കുന്നു. ഇത് പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്കും വലിയ ഉണർവ്വേകുന്നുണ്ട്. എന്നാൽ തുടർന്നും മികവിന്റെ അടിത്തറ ശക്തമാക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള മുഴുവൻ കായിക സൗകര്യങ്ങളെയും ലോകോത്തരനിലവാരത്തിലേക്ക് പരിവർത്തനം ചെയ്യേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ കായികമേഖലയുടെ മുഖച്ഛായ മാറ്റാനുതകുന്ന വിധത്തിൽ നിലവിലുള്ള സ്റ്റേഡിയങ്ങൾ, പരിശീലന ഗ്രൗണ്ടുകൾ, ഇൻഡോർ കോർട്ടുകൾ എന്നിവയുടെ സമഗ്രമായ നവീകരണം നടപ്പാക്കേണ്ടതുണ്ട്. അന്താരാഷ്ട്ര മത്സരങ്ങൾക്ക് വേദിയാകാൻ പര്യാപ്തമായ സുരക്ഷാസംവിധാനങ്ങൾ, കൃത്യമായ അളവുകളോട് കൂടിയ കളിസ്ഥലങ്ങൾ, മികച്ച ലൈറ്റിംഗ്, കാണികൾക്കുള്ള ആധുനിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കണം.

2016ൽ അധികാരത്തിൽ വന്ന പുതിയ ഇടതുപക്ഷ സർക്കാരിന്റെ നേതൃത്വത്തിൽ കിഫ്ബിയുടെ സഹായത്തോടെ എല്ലാ ജില്ലകളിലും ഒരു സ്പോർട്സ് കോംപ്ലെക്സ് വീതവും, കൂടാതെ സംസ്ഥാനത്തുടനീളമുള്ള സ്റ്റേഡിയങ്ങളിൽ പ്രധാനപ്പെട്ടവയുടെ നവീകരണവും ഏറ്റെടുക്കുകയുണ്ടായി. 1000 കോടി രൂപയുടെ 41 പ്രൊജക്റ്റുകൾക്ക് ഇതുവരെ അംഗീകാരം ലഭിച്ചു. 19 എണ്ണം പൂർത്തിയായി.

"ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" എന്ന ലക്ഷ്യം പ്രഖ്യാപിക്കപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട എല്ലാ പഞ്ചായത്തുകളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു. മൊത്തം ഇതുവരെ 20 എണ്ണം പൂർത്തിയായി 179 എണ്ണം പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കായികരംഗത്തെ വിജയത്തിന് ഇന്ന് ആധുനിക സാങ്കേതികവിദ്യയുടെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. കായികതാരങ്ങളുടെ പരിശീലനത്തിൽ വിവരസാങ്കേതികവിദ്യയും സ്പോർട്സ് സയൻസും സമന്വയിപ്പിക്കുന്നത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനിടയാകും. വീഡിയോ അനാലിസിസ്, 3D മോഷൻ ക്യാപ്ചർ, ബയോമെട്രിക് ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് താരങ്ങളുടെ പ്രകടനം തത്സമയം വിലയിരുത്താനും, പോരായ്മകൾ ശാസ്ത്രീയമായി തിരുത്താനും സാധിക്കും. അത്യാധുനിക ഉപകരണങ്ങളോട് കൂടിയ ലബോറട്ടറികൾ സ്ഥാപിച്ച്, കായികതാരങ്ങളുടെ ശാരീരികക്ഷമത, പേശികളുടെ ബലം, ഓക്സിജൻ ഉപയോഗിക്കാനുള്ള ശേഷി എന്നിവ ശാസ്ത്രീയമായി അളക്കണം. ഓരോ കായികതാരത്തിന്റെയും പരിശീലന പുരോഗതി, പരുക്ക് വിവരങ്ങൾ, പോഷകാഹാരം എന്നിവ രേഖപ്പെടുത്താനും വിശകലനംചെയ്യാനും ഒരു കേന്ദ്രീകൃത ഡാറ്റാബേസ് സിസ്റ്റം (Centralized Database System) സ്ഥാപിക്കുന്നത് ദീർഘകാല പരിശീലന പരിപാടികൾക്ക് സഹായകമാകും.

### ഗ്രീൻ സ്റ്റേഡിയം: സുസ്ഥിര വികസന മാതൃക

ആധുനികകാലഘട്ടത്തിൽ കായികവികസനം എന്നത് കേവലം മത്സര വിജയങ്ങളിൽ ഒതുങ്ങുന്നില്ല. പരിസ്ഥിതിസൗഹൃദപരമായ സമീപനവും സുസ്ഥിരതയും കായിക സൗകര്യങ്ങളുടെ നിർമ്മാണത്തിൽ അനിവാര്യമാണ്. കേരളത്തിന്റെ പരിസ്ഥിതിലോല സ്വഭാവം പരിഗണിച്ച്, പുതിയ കായിക സൗകര്യങ്ങൾ നിർമ്മിക്കുമ്പോൾ 'ഗ്രീൻ സ്റ്റേഡിയം' (Green Stadium) മാനദണ്ഡങ്ങൾ നിർബന്ധമാക്കണം. സൗരോർജ്ജ പാനലുകൾ, മഴവെള്ള സംഭരണം, മാലിന്യ സംസ്കരണത്തിനുള്ള ആധുനിക സംവിധാനങ്ങൾ എന്നിവ നടപ്പാക്കണം. ജലസേചനത്തിനും ലൈറ്റിംഗിനുമുള്ള ഊർജ്ജത്തിന്റെ ഉപയോഗം കുറയ്ക്കുന്ന ഹരിത സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കായിക കേന്ദ്രങ്ങളുടെ പ്രവർത്തനച്ചെലവ് കുറയ്ക്കാൻ സാധിക്കും. ഈ സമീപനം, നമ്മുടെ കായിക കേന്ദ്രങ്ങളെ കേവലം മത്സരവേദികൾ എന്നതിലുപരി, പാരിസ്ഥിതിക ഉത്തരവാദിത്തം നിറവേറ്റുന്ന മാതൃകാസ്ഥാപനങ്ങളാക്കി മാറ്റും.

### ശാസ്ത്രീയ പ്രതിഭാനിർണ്ണയവും ഗ്രാസ്റൂട്ട് പരിശീലനവും

കേരളത്തിന്റെ കായികഭാവി ശോഭനമാക്കാൻ, ഗ്രാസ്റൂട്ട് തലത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് പ്രഥമസ്ഥാനം നൽകേണ്ടത്. ചെറുപ്പത്തിൽ തന്നെ കായികശേഷിയുള്ള കുട്ടികളെ കണ്ടെത്തി, അവരെ ശാസ്ത്രീയമായി പരിശീലിപ്പിക്കുന്നതിലൂടെ മാത്രമേ ലോകോത്തര നിലവാരമുള്ള താരങ്ങളെ വാർത്തെടുക്കാൻ സാധിക്കൂ. ചൈനീസ് മോഡലിന് സമാനമായി, എന്നാൽ കേരളത്തിന്റെ ജനാധിപത്യപരമായ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട്, ആറ് വയസ്സ് മുതൽ കുട്ടികളെ കണ്ടെത്തുന്നതിന് കിന്റർഗാർട്ടനുകൾ മുതൽ സ്കൗട്ടിംഗ് ആരംഭിക്കണം. ശാരീരിക ഘടന, ഭാരം, ഉയരം, ചലനശേഷി എന്നിവ അടിസ്ഥാനമാക്കി ശാസ്ത്രീയമായ തിരഞ്ഞെടുപ്പ് നടക്കണം.

തിരഞ്ഞെടുക്കപ്പെടുന്ന പ്രതിഭകൾക്കായി സ്റ്റേറ്റ്-സ്പോൺസേർഡ് റെസിഡൻഷ്യൽ പരിശീലന കേന്ദ്രങ്ങൾ (Boot-camps with Human Face) സ്ഥാപിക്കണം. ഇവിടെ മികച്ച വിദ്യാഭ്യാസത്തോടൊപ്പം കായിക പരിശീലനത്തിനും മുൻഗണന നൽകണം. ഓരോ വർഷവും കായിക താരങ്ങളുടെ പുരോഗതി വിലയിരുത്തുകയും (Performance Audit), അതത് മേഖലയിലെ ടീമുകളിലേക്ക് തിരഞ്ഞെടുക്കപ്പെടും വിധം പരിശീലനത്തെ ചിട്ടപ്പെടുത്തുകയും വേണം.

### സാമൂഹിക ഉൾച്ചേർക്കലും ഭരണനിർവ്വഹണവും

കേരളത്തിലെ കായികമേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് സാമൂഹിക ഉൾച്ചേർക്കലും (Social Inclusion) സുതാര്യവും പ്രൊഫഷണലുമായ ഭരണവും

(Governance) ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണ്. കായിക അവസരങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് സാമൂഹിക ഉൾച്ചേർക്കൽ എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്. കായികമേഖലയിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. അവർക്ക് സുരക്ഷിതവും പ്രോത്സാഹജനകവുമായ പരിശീലന അന്തരീക്ഷം ഉറപ്പാക്കണം.

ആദിവാസി മേഖലകളിലെ കുട്ടികൾക്ക് അവരുടെ തനതായ കായികശേഷി പ്രകടിപ്പിക്കാൻ 'ട്രൈബൽ സ്പോർട്സ് അക്കാദമികൾ' വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ സ്ഥാപിക്കണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും, ആദിവാസിവിഭാഗങ്ങളിൽ നിന്നുള്ളവരുമായ കായിക പ്രതിഭകളെ കണ്ടെത്തി, അവർക്ക് സൗജന്യ പരിശീലനവും സാമ്പത്തിക പിന്തുണയും നൽകുന്ന സ്കോളർഷിപ്പ് പദ്ധതികൾ വിപുലീകരിക്കണം. കായികമേഖലയുടെ വിശ്വാസ്യത നിലനിർത്തുന്നതിന് ഭരണപരമായ കാര്യങ്ങളിൽ സുതാര്യതയും പ്രൊഫഷണലിസവും അത്യന്താപേക്ഷിതമാണ്. സ്പോർട്സ് അസോസിയേഷനുകളിലെ രാഷ്ട്രീയ-ഉദ്യോഗസ്ഥ മേധാവിത്വത്തിന് പകരം പ്രൊഫഷണലുകളെ കൂടി ഉൾപ്പെടുത്തി ഭരണം നടത്തിക്കുക എന്നത് കായിക നയത്തിന്റെ ഭാഗമാകണം.

## III
## ഭാവി വികസന നിർദ്ദേശങ്ങൾ

### ഭാവിപ്രവർത്തനങ്ങൾ

കേരളം ഇനി ലക്ഷ്യമിടേണ്ടത് ഒരു "സമ്പൂർണ്ണ കായിക ജനാധിപത്യ" (Total Sporting Democracy) സമൂഹത്തെയാണ്. ഇതിനായി താഴെപ്പറയുന്ന വ്യക്തമായ ലക്ഷ്യങ്ങളും നയപരമായ തീരുമാനങ്ങളും കൈക്കൊള്ളേണ്ടതുണ്ട്.

1. **അടിസ്ഥാന സൗകര്യ വികസനം:** കിഫ്ബി പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കണം. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പരിശീലനം ചെയ്യുവാൻ യോഗ്യമായ 200/400 മീറ്റർ ട്രാക്കും അനുബന്ധ മൈതാനവും ഉറപ്പുവരുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി പബ്ലിക് ഫിറ്റ്നസ് കേന്ദ്രങ്ങൾ സ്ഥാപിക്കണം.
2. **ഫിറ്റ്നസ് പബ്ലിക് സർവീസ് സിസ്റ്റവും 15-മിനിറ്റ് ഫിറ്റ്നസ് സർക്കിളും:** പൊതുജനാരോഗ്യവും കായികവും തമ്മിലുള്ള വിടവ് നികത്തുക എന്നതാണ് അടുത്ത ദശകത്തിലെ പ്രധാന ലക്ഷ്യം. 2036-ഓടെ 60% ജനങ്ങൾക്ക് ക്രമമായ വ്യായാമം ഉറപ്പാക്കണം. ഇതിനായി നഗര-ഗ്രാമീണ ഭേദമന്യേ എല്ലാ വാർഡുകളിലും "15-മിനിറ്റ് ഫിറ്റ്നസ് സർക്കിളുകൾ" നിർമ്മിക്കണം. അതായത്, ഏതൊരു പൗരനും തന്റെ വീട്ടിൽ നിന്നും, 15 മിനിറ്റ് നടക്കാവുന്ന ദൂരത്തിനുള്ളിൽ ഒരു കളിസ്ഥലമോ, പാർക്കോ, ഓപ്പൺ ജിമ്മോ ലഭ്യമായിരിക്കണം. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർബന്ധിത ചുമതലയായി (Mandatory Function) മാറ്റണം.
3. **കായിക വിദ്യാഭ്യാസത്തിന്റെ പൊളിച്ചെഴുത്ത്:** വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കായിക വിദ്യാഭ്യാസത്തെ (PE) ഒരു പ്രധാന വിഷയമായി മാറ്റണം. മിഡിൽ സ്കൂൾ, ഹൈസ്കൂൾ എൻട്രൻസ് പരീക്ഷകളിൽ PE സ്കോറുകൾ ഉൾപ്പെടുത്തുന്ന ചൈനീസ് രീതി കേരളത്തിന് അനുയോജ്യമായ രീതിയിൽ പരിഷ്കരിച്ച് നടപ്പിലാക്കാം. എല്ലാ വിദ്യാലയങ്ങളിലും 'വൺ സ്റ്റുഡന്റ്, വൺ സ്പോർട്' (One Student, One Sport) നയം നടപ്പിലാക്കണം. ഓരോ കുട്ടിയും സ്കൂൾ പഠനം പൂർത്തിയാക്കുമ്പോൾ നീന്തൽ ഉൾപ്പെടെയുള്ള ഏതെങ്കിലും ഒരു കായിക ഇനത്തിൽ വൈദഗ്ധ്യം നേടിയിരിക്കണം.
4. **ഫുട്ബോൾ വിപ്ലവം - ഗ്രാസ്റൂട്ട് മുതൽ പ്രൊഫഷണൽ വരെ:** ലോകത്തിലെ ഏറ്റവും ജനകീയമായ കായിക ഇനം എന്ന നിലയിൽ ഫുട്ബോളിനെ കേരളത്തിന്റെ കായിക കുതിപ്പിന്റെ മുഖമായി മാറ്റണം. എല്ലാ താലൂക്കുകളിലും അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ ടർഫുകളും പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കണം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പ്രാധാന്യം നൽകിക്കൊണ്ട് ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കണം. തദ്ദേശീയ ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുകയും അവയെ കമ്മ്യൂണിറ്റി ഹബ്ബുകളായി മാറ്റുകയും വേണം.
5. **ക്രിക്കറ്റും മറ്റു സ്പോർട്സുകളും:** ക്രിക്കറ്റ് അസോസിയേഷനുമായി സഹകരിച്ചുകൊണ്ട് കൂടുതൽ ക്രിക്കറ്റ് കളിക്കളങ്ങൾ നിർമ്മിക്കാൻ കഴിയും. വോളിബോൾ, ബാസ്കറ്റ് ബോൾ, ഷട്ടിൽ തുടങ്ങിയവയ്ക്കുള്ള കളിക്കളങ്ങൾ വിദ്യാലയങ്ങളും, ക്ലബ്ബുകളുമായി ചേർന്ന് നിർമ്മിക്കുന്നതിന് പരിപാടി തയ്യാറാക്കണം.
6. **സ്പോർട്സ് സയൻസ് & നോളജ് എക്കണോമി:** കേരളം വിഭാവനം ചെയ്യുന്ന വിജ്ഞാന സമ്പദ്വ്യവസ്ഥയുടെ (Knowledge Economy) ഭാഗമായി കായിക മേഖലയെ മാറ്റണം. തിരുവനന്തപുരം കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ് പോലെ, സ്പോർട്സ് സയൻസ് ഗവേഷണത്തിന് മാത്രമായി ഒരു 'സ്പോർട്സ് യൂണിവേഴ്സിറ്റി' സ്ഥാപിക്കണം. ഇവിടെ സ്പോർട്സ് മെഡിസിൻ, ബയോമെക്കാനിക്സ്, സ്പോർട്സ് മാനേജ്മെന്റ് എന്നിവയിൽ ഗവേഷണം നടക്കണം. സ്പോർട്സ് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കണം.
7. **ലിംഗനീതിയും (Gender Justice) കായികരംഗവും:** സ്ത്രീ സൗഹാർദ്ദപരമായ കായിക ഇടങ്ങൾ സൃഷ്ടിക്കുക എന്നത് നയപരമായ തീരുമാനമാ

കണം. രാത്രികാലങ്ങളിൽ പോലും സ്ത്രീകൾക്ക് സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന വെളിച്ചമുള്ള കളിസ്ഥലങ്ങൾ (Illuminated Playgrounds) ഉറപ്പാക്കണം. കായിക ഭരണസമിതികളിൽ 50% സ്ത്രീ സംവരണം ഏർപ്പെടുത്തുന്നത് പരിഗണിക്കണം. ആർത്തവകാലത്തും മറ്റും സ്ത്രീകൾക്ക് കായികരംഗത്ത് തുടരാൻ ആവശ്യമായ ശാരീരിക-മാനസിക പിന്തുണ നൽകുന്ന പ്രത്യേക പദ്ധതികൾ ആരോഗ്യവകുപ്പുമായി ചേർന്ന് നടപ്പിലാക്കണം.

8. **കായിക വ്യവസായവും തൊഴിലവസരങ്ങളും:** കായിക ഉപകരണങ്ങളുടെ നിർമ്മാണം, ജേഴ്സി നിർമ്മാണം എന്നിവയ്ക്കായി കുടുംബശ്രീ യൂണിറ്റുകളെയും സഹകരണ സംഘങ്ങളെയും ഉപയോഗപ്പെടുത്തണം. 'മെയ്ഡ് ഇൻ കേരള' (Made in Kerala) കായിക ഉപകരണങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ ഇറക്കണം. ഫിറ്റ്നസ് ട്രെയിനർമാർ, യോഗ ഇൻസ്ട്രക്ടർമാർ, സ്പോർട്സ് തെറാപ്പിസ്റ്റുകൾ എന്നിങ്ങനെയുള്ള പുതിയ തൊഴിൽ മേഖലകളിൽ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം (Skill Development) നൽകണം.

9. **ജീവിതശൈലീ രോഗനിയന്ത്രണം - ഹെൽത്തി കേരളം:** ഒബീസിറ്റി (അമിതവണ്ണം), മയോപിയ (കാഴ്ചക്കുറവ്), മാനസിക സമ്മർദ്ദം എന്നിവ കുറയ്ക്കുന്നതിന് കായിക പ്രവർത്തനങ്ങളെ ഉപയോഗിക്കണം. ആരോഗ്യ വകുപ്പിന്റെ 'ആർദ്രം' മിഷനുമായി ചേർന്ന് 'സ്പോർട്സ് ഫോർ വെൽനസ്' ക്ലിനിക്കുകൾ ആരംഭിക്കണം. ഇവിടെ വ്യായാമം ഒരു മരുന്നായി (Exercise as Medicine) നിർദേശിക്കപ്പെടണം.

10. **ഇ-സ്പോർട്സും ആധുനിക പ്രവണതകളും:** ആഗോള കായിക രംഗത്തെ പുതിയ പ്രവണതയായ ഇ-സ്പോർട്സിനെ (E-Sports) പ്രോത്സാഹിപ്പിക്കുന്നതിലൂടെ കേരളത്തിന് ഡിജിറ്റൽ യുഗത്തിലെ സാധ്യതകൾ പ്രയോജനപ്പെടുത്താം. സാങ്കേതികവിദ്യയും കായികവും ഒത്തുചേരുന്ന ഈ മേഖലയിൽ യുവജനങ്ങൾക്കായി ഇ-സ്പോർട്സ് ടൂർണമെന്റുകളും പരിശീലന കേന്ദ്രങ്ങളും ആരംഭിക്കണം. ഗെയിമിംഗ്, ആനിമേഷൻ, ഗ്രാഫിക്സ് ഡിസൈനിംഗ് തുടങ്ങിയ അനുബന്ധ മേഖലകളിൽ നൈപുണ്യ വികസനം ഉറപ്പാക്കി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സ്പോർട്സ് ഇക്കണോമി മിഷൻ വഴി സാധിക്കും.

11. **പരിശീലനം:** സ്പോർട്സ് പരിശീലനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഇതിനായി പരിശീലകരുടെ നിലവാരം പരിശോധിക്കുകയും അതിനനുസരിച്ച് വിലയിരുത്തി, ലെവൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നൽകുകയും ചെയ്യുന്ന സമ്പ്രദായം കൊണ്ടുവരണം. ഇതിനായി അവർക്ക് സ്പോർട്സിലെ പുതിയ മാറ്റങ്ങളും കണ്ടുപിടിത്തങ്ങളും ശൈലികളും പരിശീലനമുറകളും പ്രാപ്യമാക്കുന്ന വിധത്തിൽ ക്ലാസുകൾ സംഘടിപ്പിക്കണം. എല്ലാ വർഷവും ഓഫ് സീസണിൽ പരിശീലകർക്കായി ഘട്ടം ഘട്ടമായി റീഫ്രെഷർ കോഴ്സുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ഇവ ആരംഭിക്കുന്നതിനായി സ്പോർട്സ് കൗൺസിലിനെ സഹായിക്കാനും പഠനപദ്ധതി തയ്യാറാക്കുവാനുമായി വിദഗ്ധസമിതി രൂപീകരിക്കണം.

    കായികരംഗത്തെ പ്രാഥമികപരിശീലനം സാർവ്വത്രികവും സൗജന്യവുമായിരിക്കണം. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഏതെങ്കിലും ഒരു കായിക ഇനത്തിന് ശക്തമായ വേരോട്ടമുണ്ടാവാം, ഈ വേരോട്ടത്തെ മുതലാക്കുക എന്ന ഉദ്ദേശ്യത്തോടെയാവണം പദ്ധതികൾ ആവിഷ്കരിക്കാൻ. എല്ലാ പഞ്ചായത്തുകളിലും അവിടെ പ്രചാരമുള്ള കായിക ഇനത്തിനായി സ്ഥിരം പരിശീലനപദ്ധതികൾ ആരംഭിക്കണം. പുതിയ സ്റ്റേഡിയങ്ങളുടെ ബന്ധപ്പെട്ട വിദ്യാലയങ്ങളുടെ സ്പോർട്സ് ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ട് പ്രാദേശിക പരിശീലന പരിപാടി ആവിഷ്ക്കരിക്കാം.

12. **കായിക അസോസിയേഷനുകൾ:** കായിക അസോസിയേഷനുകളുടെ പ്രവർത്തനം ഏറെ മെച്ചപ്പെടുവാനുണ്ട്. കൂടുതൽ ജനാധിപത്യപരമാക്കണം, വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും, സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുകയും വേണം.

13. **മത്സരങ്ങൾ:** കേരള ജനതയുടെ കായിക സംസ്കാരത്തിന് ആധാരമായത് മത്സര അനുഭവമാണ്. കായികതാരങ്ങൾക്ക് മത്സരപരിചയവും കാണികൾക്ക് കായിക ഇനത്തെക്കുറിച്ച് കൂടുതൽ അറിവും മത്സരങ്ങളുടെ സംഘാടനം മൂലം ലഭിച്ചിരുന്നു. അന്താരാഷ്ട്രമത്സരങ്ങൾ മുതൽ ദേശീയ-പ്രാദേശിക മത്സരങ്ങൾ വരെ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാവണം. നമ്മുടെ കായിക താരങ്ങൾക്ക് നിലവാരമുള്ള മത്സരങ്ങൾ ലഭ്യമല്ല എന്നത് പോരായ്മയായി നിലനിൽക്കുന്നു. പ്രഫഷണൽ മത്സരങ്ങൾ ലഭ്യമല്ല എന്നതും മറ്റൊരു പോരായ്മയാണ്. അസോസിയേഷനുകൾ മാത്രമല്ല, ക്ലബ്ബുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കാനാവും. കേരളോത്സവം കൂടുതൽ ചിട്ടയായും വിപുലമായും സംഘടിപ്പിക്കണം. വിജയികൾക്ക് കൂടുതൽ പ്രോത്സാഹനവും പരിശീലനവും നൽകണം.

14. **ലീഗ് മത്സരങ്ങൾ:** ലീഗ് മത്സരങ്ങൾ സ്പോൺസർഷിപ്പുകളുടെ അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കണം. വാണിജ്യ താല്പര്യങ്ങൾ കടന്ന് വരുന്നതിൽ അലോസരപ്പെടേണ്ടതില്ല. ഇപ്പോൾ ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്ക്കറ്റ് ബോൾ,ചുണ്ടൻ വള്ളംകളി എന്നിവയിൽ ലീഗ് അടിസ്ഥാനത്തിൽ മത്സരങ്ങൾ നിലവിലുണ്ട്. പുതിയ ഇനങ്ങൾക്കായി ലീഗ് മത്സരങ്ങൾ ആരംഭിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തുകയും വേണം.

15. **സ്ഥാപനങ്ങളുടെ ടീമുകൾ:** കേരളം ഒരു കാലത്ത് ഇന്ത്യൻ കായികരംഗത്തെ നായകപദവി അലങ്കരിച്ചിരുന്നു. നമ്മളെ സഹായിച്ചത് കേരളത്തിലെ പൊതുമേഖലാ-സർക്കാർ സ്ഥാപനങ്ങളിലെ ടീമുകൾ ആണ്.. കേരള പോലീസ്, ടൈറ്റാനിയം, കെ.എസ്.ഇ.ബി., പ്രീമിയർ ടയേഴ്സ്, ഫാക്ട്, ഷിപ്പ്യാർഡ് എന്നിങ്ങനെ കേരളത്തിൽ തന്നെ ഒരു ദേശീയ താരനിരയുണ്ടായിരുന്നു. ഇവർ തമ്മിലുള്ള ആരോഗ്യകരമായ മത്സരം കേരളീയരുടെ കായികാഭിനിവേശത്തെ ഒട്ടൊന്നുമല്ല സ്വാധീനിച്ചത്. ഇന്ത്യയിൽ തന്നെ ഫെഡറേഷൻ കപ്പ് മൂന്ന് കായിക ഇനങ്ങളിൽ സ്വന്തമാക്കിയ കേരള പോലീസ് ടീം ഇന്ന് വിസ്മൃതിയുടെ കാണാക്കയങ്ങളിലാണ്. കെ.എസ്.ഇ.ബി മാത്രം കൊടിയ അവഗണനയിലും പിടിച്ചുനിൽക്കുന്നു. ഈ ടീമുകളെ നമുക്ക് പുനരുജ്ജീവിപ്പിക്കണം. കേരള കായികരംഗത്ത് സങ്കൽപ്പിക്കാനാവാത്തത്ര മാറ്റം ഈ നീക്കം ഒന്ന് കൊണ്ടുമാത്രം സാധ്യമാവും. പൊതുമേഖലാസ്ഥാപനങ്ങളോടൊപ്പം പ്രൈവറ്റ് സ്ഥാപനങ്ങളിലും ടീമുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ ശ്രമിക്കണം.
16. **താരങ്ങൾക്കുള്ള പ്രോത്സാഹനം:** കായിക താരങ്ങൾക്കുള്ള നിയമനം സർവ്വകാല റെക്കോർഡ് ആണ്. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ 1000ത്തിലേറെ പേർക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ടുണ്ട്. നിയമനത്തിൽ കാലതാമസം ഉണ്ടാവരുത്. എങ്കിൽ മാത്രമേ അവരുടെ കഴിവുകൾ കായികരംഗത്ത് പൂർണ്ണമായി ലഭിക്കു.
17. **സ്പോർട്സ് കൗൺസിൽ:** പ്രാദേശിക സ്പോർട്സ് കൗൺസിലുകൾ നല്ലൊരു കാൽവെയ്പ്പാണ് പക്ഷെ ഇവയുടെ പ്രവർത്തനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ജില്ല-സംസ്ഥാന സ്പോർട്സ് കൗൺസിലുകൾ ജനാധിപത്യവൽക്കരിക്കുന്നതിന് എടുത്ത മുൻകൈ പ്രശംസനീയമാണ്. സ്പോർട്സ് കൗൺസിലും, സ്പോർട്സ് ഡയറക്ടറേറ്റും തമ്മിൽ കൃത്യമായ ചുമതലാ വിഭജനം ഉണ്ടാകണം. സ്പോർട്സ് കൗൺസിലിന് കൂടുതൽ ഫണ്ടും അധികാരങ്ങളും നൽകണം.
18. **സ്പോർട്സ് ക്ലബ്ബുകൾ:** കേരള കായികരംഗത്ത് ഏറ്റവും സ്തുത്യർഹമായ പ്രവർത്തനം നടത്തിവന്നിരുന്നവയാണ് സ്പോർട്സ് ക്ലബുകൾ. ഇവയെ പുനരുജ്ജീവിപ്പിച്ച് കർമ്മപഥത്തിലെത്തിക്കുക എന്നത് അത്യാവശ്യമാണ്. ഗ്രന്ഥശാലകൾ പോലെ സ്പോർട്സ് ക്ലബ്ബ്കൾക്കും ധനസഹായം നൽകണം. സഹായം നൽകുന്നതിന് കേരളോത്സവങ്ങളിലെ പ്രകടനം മാനദണ്ഡമാക്കാം.
19. **സ്പോർട്സ് ധനകാര്യം:** 2025-26ലെ ബജറ്റിൽ 220 കോടി രൂപയാണ് സംസ്ഥാനസർക്കാർ വകയിരുത്തിയിട്ടുള്ളത്. മുൻവർഷത്തെ അപേക്ഷിച്ച 52% ഉയർന്ന തുകയാണിത്. കായികരംഗത്തിനുള്ള വകയിരുത്തൽ ഇനിയും വർദ്ധിപ്പിക്കേണ്ടിവരും. കായികരംഗത്ത് മത്സരത്തിന്റെ നിലവാരം ഉയരുമ്പോൾ മത്സരിക്കുവാനെത്തുന്നവരുടെ ചെലവും ഏറെ വർദ്ധിക്കും. കായികോപകരണങ്ങളും പരിശീലനവും യാത്രകളും ഭക്ഷണവും ഒക്കെക്കൂടി ഒരു സാധാരണക്കാരന് താങ്ങാനാവാത്തതുകൊണ്ടു കളിക്കളം വിടുന്ന താരങ്ങളുടെ എണ്ണം ഏറെയാണ്. ഇതുമാത്രമല്ല, ചില കായിക ഇനങ്ങളിൽ വിദേശ മത്സരങ്ങളിൽ പങ്കെടുക്കാൻ പണമില്ലാതെ അവസരം നഷ്ടപ്പെട്ട കായികതാരങ്ങളുടെ നാടാണ് കേരളം. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടിയിരിക്കുന്നു. ഗവൺമെന്റിന് മാത്രം ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ സാധ്യമല്ല. തീർച്ചയായും സഹായിക്കാൻ സന്മനസുള്ള കായികപ്രമികൾ തന്നെ രംഗത്ത് വരണം. ഇതിനായി സ്വകാര്യ സ്ഥാപനങ്ങളും തയ്യാറാവണം. ഇത്തരത്തിൽ താരങ്ങൾക്ക് സഹായം ഉറപ്പാക്കാൻ താരങ്ങളുടെ ഒന്നോ, രണ്ടോ വർഷത്തെ പരിശീലന- മത്സര ചെലവുകൾ വഹിക്കുവാൻ തയ്യാറായ സ്ഥാപനങ്ങളോ വ്യക്തിയെയോ കണ്ടെത്തുന്നതിൽ അവരെ സഹായിക്കാൻ, താൽപര്യം ചൂണ്ടിക്കാണിച്ച് കൊടുക്കുവാൻ സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് അധികചെലവില്ലാത്ത ഒരു സ്പോൺസർഷിപ്പ് സെൽ ആരംഭിക്കണം.

ചുരുക്കത്തിൽ, കേരളത്തിന്റെ കായിക നയം എന്നത് മൈതാനങ്ങളിലെ വിജയങ്ങൾക്കപ്പുറം, ആരോഗ്യമുള്ള, സാമൂഹിക ബോധമുള്ള, ലിംഗസമത്വമുള്ള, ജനാധിപത്യ മൂല്യങ്ങളുള്ള ഒരു ജനതയെ വാർത്തെടുക്കാനുള്ള ഉപാധിയായി കായികത്തെ മാറ്റുക എന്നതാണ്. അതോടൊപ്പം മികവുറ്റ താരങ്ങളെ വാർത്തെടുക്കുകയും സംസ്ഥാന സമ്പദ്ഘടനയ്ക്ക് ഉത്തേജകമാവുന്ന രീതിയിൽ സ്പോർട്സിനെ രൂപപ്പെടുത്തുകയും വേണം.

# 8

# ലിംഗതുല്യതയും വികസനവും

കേരളപഠന കോൺഗ്രസിന്റെ തുടക്കം മുതൽ തന്നെ അതീവ പ്രാധാന്യത്തോടെ ചർച്ച ചെയ്തുവന്ന, നവകേരള നിർമ്മിതിയിൽ ഒഴിച്ചുകൂടാനാവാത്ത മുൻഗണനാവിഷയമാണ് സ്ത്രീകൾ കേരളസമൂഹത്തിൽ അനുഭവിക്കുന്ന ലിംഗപരമായ അസമത്വവും വിവേചനങ്ങളും. സോഷ്യലിസ്റ്റ് - ഫെമിനിസ്റ്റ് വീക്ഷണങ്ങളിൽ ഊന്നിയ വിശകലനങ്ങളിലൂടെ കേരളവികസനത്തിന്റെ അടിസ്ഥാന സമീപനത്തിന്റെ പ്രധാന ഭാഗമായി ലിംഗതുല്യതയെ സ്വീകരിക്കാനും കേവലമായ തുല്യതാവാദങ്ങൾക്കപ്പുറം സൈദ്ധാന്തികവും പ്രായോഗികവുമായ പ്രവർത്തന പരിപാടികളിലൂടെ വലിയ മാറ്റങ്ങൾക്ക് തുടക്കമിടാനും നമുക്ക് സാധിച്ചു.

1994-ൽ എ കെ ജി പഠന ഗവേഷണ കേന്ദ്രം തിരുവനന്തപുരം ഗവണ്മെന്റ് വിമൻസ് കോളേജിൽ വച്ചു സംഘടിപ്പിച്ച 'കേരളത്തിലെ സ്ത്രീകൾ: ഇന്നലെ, ഇന്ന്, നാളെ' എന്ന ചരിത്രപ്രസിദ്ധമായ സമ്മേളനം, കേരളത്തിലെ സ്ത്രീ പഠന- ഗവേഷണ പ്രവർത്തനങ്ങളുടെ ആദ്യത്തെ ഗൗരവതരമായ അവതരണ വേദിയായിരുന്നു. കേരളീയസമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന അദൃശ്യതയും തൊഴിലില്ലായ്മയും വർധിച്ചുവരുന്ന അതിക്രമങ്ങളും വിവേചനങ്ങളും ഇക്കാലഘട്ടത്തിൽ സജീവ ചർച്ചാവിഷയമായി മാറി. കേരള വികസനമാതൃകയുടെ (Kerala Model of Development) ഫലമായി സ്ത്രീസമൂഹം വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വലിയ ഭൗതികമായ വികസന നേട്ടങ്ങൾ കൈവരിച്ചെങ്കിലും, ഈ നേട്ടങ്ങൾക്കനുസൃതമായ രാഷ്ട്രീയ - സാമൂഹിക - സാംസ്കാരിക പങ്കാളിത്തമോ നേതൃത്വമോ നേടാൻ സ്ത്രീകളെ പ്രാപ്തരാക്കിയില്ല എന്ന് സമർഥിക്കുന്ന 'ജൻഡർ പാരഡോക്സ്' (Gender Paradox) അഥവാ 'ലിംഗപരമായ പ്രഹേളിക' എന്ന ചൊല്ല് കേരളത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന സവിശേഷമായ അസമത്വങ്ങളെ രാഷ്ട്രീയമായ ചർച്ചകളുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായകമായി.

## I
## അധികാര വികേന്ദ്രീകരണവും സ്ത്രീശക്തിയും

തൊണ്ണൂറുകളുടെ രണ്ടാം പകുതിയിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ ഈ സവിശേഷമായ ലിംഗ അസമത്വം ഒരു പ്രധാന മുൻഗണനാവിഷയമായി. പ്രാദേശികതലം മുതൽ പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെട്ടു. ഇത് വലിയ മാറ്റങ്ങൾക്ക് കാരണമായിത്തീർന്നു. വികേന്ദ്രീകൃത ആസൂത്രണത്തിൽ സ്വീകരിച്ച ലിംഗനീതി സമീപനം ഭരണപരമായ കാര്യങ്ങളിലും പ്രാദേശിക വികസന അജണ്ടയിലും ധനവിനിയോഗത്തിലും നിർവഹണ രീതികളിലും സ്ത്രീപക്ഷ സ്വാധീനം ചെലുത്തി. തദ്ദേശ സ്വയംഭരണ സംവിധാനത്തിൽ അമ്പതു ശതമാനം സ്ത്രീസംവരണം ഏർപ്പെടുത്തി. ആകെ പദ്ധതിവിഹിതത്തിന്റെ പത്തു ശതമാനം സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്റ്റുകളായ 'വനിതാ ഘടകപദ്ധതികൾക്ക് (Women Component Plan) നിർബന്ധമാക്കി. എല്ലാ കമ്മിറ്റികളിലും സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തി. കുടുംബശ്രീ അയൽക്കൂട്ട ശൃംഖലയുടെ രൂപീകരണവും വളർച്ചയും സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിന് വഴിതെളിച്ചു.

ഇത് പ്രാദേശികതലത്തിൽ സ്ത്രീകളുടെ സാമൂഹിക പങ്കാളിത്തവും സംഘാടനശേഷിയും വർധിപ്പിക്കാനും ക്രമേണ പ്രാദേശിക തല രാഷ്ട്രീയ സംഘടനകളിൽ സ്ത്രീസാന്നിധ്യം വർധിക്കാനും കാരണമായിട്ടുണ്ട്. ഇക്കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പ് ഫലങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഈ മാറ്റം വ്യക്തമാകും. 52% സ്ഥാനാർഥികൾ സ്ത്രീകളായിരുന്നു. ജനറൽ സീറ്റുകളിലും സ്ത്രീകൾ വിജയിച്ചിട്ടുണ്ട്. പ്രാദേശിക രാഷ്ട്രീയത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളിലും സ്ത്രീകളുടെ സാന്നിധ്യം പ്രകടമാണ്. കേരളത്തിലെ സ്ത്രീസമൂഹത്തിന്റെ ഈ രാഷ്ട്രീയവൽ

ക്കരണത്തെക്കുറിച്ചു കൂടുതൽ ഗൗരവമായ പഠനങ്ങൾ ഇനിയും ആവശ്യമായിരിക്കുന്നു.

വലിയ മാറ്റങ്ങളാണ് നമ്മുടെ സമൂഹത്തിൽ വന്നിട്ടുള്ളത്. ഈ മാറ്റം ഭൗതികമായ പശ്ചാത്തലസൗകര്യങ്ങളിൽ മാത്രമല്ല, മനുഷ്യരുടെ ജീവിതശൈലിയിലും മനോഭാവങ്ങളിലും ആർജിതശേഷികളിലും പരിസരങ്ങളിലും ലോകബോധ്യങ്ങളിലും സംഭവിച്ചിട്ടുണ്ട്. അടിസ്ഥാന ജീവിത സൗകര്യങ്ങളുടെ കാര്യത്തിലും ജീവിത ഗുണമേന്മയിലും കേരളത്തിന് ഇന്ത്യയുടെ ഇതര ഭാഗങ്ങളെക്കാളും പല വികസ്വര രാജ്യങ്ങളെക്കാളും ഉയർന്ന നില കൈവരിക്കാൻ സാധിച്ചു. ഈ നേട്ടത്തിൽ അധികാര വികേന്ദ്രീകരണം പങ്കുവഹിച്ചിട്ടുണ്ട്.

കേരളത്തിലെ വികസന പരിവർത്തനത്തിൽ ഏറ്റവും ശക്തമായ ഘടകമായി പ്രവർത്തിച്ചത് സ്ത്രീകളുടെ പങ്കാളിത്തമാണെന്ന് സംശയമേതുമില്ലാതെ പറയാൻ കഴിയും. അനേകായിരം സ്ത്രീകൾ അവരുടെ അധ്വാനവും സമയവും ചിന്തയും സർഗശേഷിയും സമ്പത്തും ഇതിനായി നൽകി. സ്ത്രീകളുടെ സജീവ സാന്നിധ്യവും നേതൃത്വവും അനിവാര്യ ഘടകമായ ഒരു ഭരണ - അധികാര സ്ഥാപനമായി ഇന്ന് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ മാറിയിട്ടുണ്ട്.

തൊണ്ണൂറുകളുടെ തുടക്കത്തിൽ സമൂഹത്തിൽ അദൃശ്യരും അബലകളും സ്വയം നിർവാഹക ശേഷിയില്ലാത്തവരും അധികാരശൂന്യരുമായ ബഹുഭൂരിപക്ഷമായി കണക്കാക്കപ്പെട്ടിരുന്ന സ്ത്രീകൾ, ഇന്ന് സ്വയം നിർവാഹകശേഷിയുള്ള സജീവമായ ദൃശ്യഭൂരിപക്ഷമായി മാറിയിരിക്കുന്നു. എന്നാൽ, ആൺകോയ്മയുടെ ശക്തിയൊട്ടും കുറയാത്ത ഒരു പൊതുസമൂഹത്തിലാണ് ഇത് സംഭവിച്ചിരിക്കുന്നത് എന്നതുകൊണ്ടുതന്നെ സ്ത്രീജീവിതങ്ങളുടെ ദുർഘടസന്ധികളും സമരങ്ങളും കഷ്ടപാടുകളും ഏറ്റുമുട്ടലുകളും അവസാനിക്കുന്നുമില്ല എന്നതാണ് യാഥാർഥ്യം..

## II
## തൊഴിൽ മേഖലയിലെ വൈരുധ്യങ്ങൾ: കണക്കുകളും യാഥാർഥ്യങ്ങളും

കേരളത്തിന്റെ ശ്രദ്ധേയമായ മാനവിക വികസന ഫലങ്ങളോടൊപ്പം കുറഞ്ഞ സ്ത്രീ തൊഴിൽ പങ്കാളിത്തവും ഉയർന്ന തൊഴിലില്ലായ്മയും നിലനിൽക്കുന്നു എന്നതൊരു വിരോധാഭാസമാണ്. 1980-കളുടെ മധ്യം മുതൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയെക്കാൾ ഉയർന്നതാണെങ്കിലും, സമ്പദ്ഘടനയിൽ സ്ത്രീ തൊഴിൽ സേനയുടെ പങ്കാളിത്തം കുറഞ്ഞുതന്നെ തുടർന്നു. 'സ്ത്രീകൾ ശാക്തീകരിക്കപ്പെടുന്നു, പക്ഷേ തൊഴിലില്ല' എന്ന വൈരുധ്യം സംസ്ഥാനത്തിന്റെ ലിംഗപരമായ അസമത്വത്തെ ശക്തിപ്പെടുത്തി.

### സ്ത്രീകളുടെ തൊഴിലില്ലായ്മ

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ സംബന്ധിച്ച ഏതു ചർച്ചയും തുടങ്ങുക ഉയർന്ന തൊഴിലില്ലായ്മയിൽ നിന്നാണ്. കേരളത്തിലെ തൊഴിലില്ലായ്മ ദേശീയ ശരാശരിയെക്കാൾ ഏറെ ഉയർന്നതാണ്. ഔദ്യോഗിക PLFS സർവെ (2023 - 2024) പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മ 7.2% ഉം ദേശീയ തൊഴിലില്ലായ്മ നിരക്ക് 3.2% വും ആണ്.

കേരളത്തിലെ തൊഴിലില്ലായ്മ്മയുടെ മറ്റൊരു പ്രത്യേകത സ്ത്രീകളുടെ തൊഴിലില്ലായ്മ പുരുഷന്മാരെ അപേക്ഷിച്ച് വളരെ ഉയർന്നു നിൽക്കുന്നു എന്നുള്ളതാണ്. കേരളത്തിൽ സ്ത്രീകളുടെ തൊഴിലില്ലായ്മാ നിരക്ക് 11.6% ആണ്. പുരുഷന്മാരുടേത് 4.4 ശതമാനവും. അതേസമയം ഇന്ത്യ മൊത്തത്തിൽ എടുത്താൽ സ്ത്രീകളുടെയും പുരുഷൻമാരുടെയും തൊഴിലില്ലായ്മ്മ നിരക്ക് ഏതാണ്ട് തുല്യമാണ് - 3.2% വീതം. പരമ്പരാഗതമായ PLFS നു മുമ്പുള്ള ഔദ്യോഗിക NSS സർവെയിൽ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 3-4 മടങ്ങ് ഉയർന്നതാണ്. ഉദാഹരണത്തിന് 2018 - 19 ൽ കേരളത്തിലെ പുരുഷന്മാരുടെ തൊഴിലില്ലായ്മ 7.2% ആയിരുന്നപ്പോൾ സ്ത്രീകളുടേത് 25% ആയിരുന്നു.

വിദ്യാഭ്യാസയോഗ്യതയിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ ഒട്ടും പിന്നിലല്ല. എന്നിട്ടും എന്തുകൊണ്ട് സ്ത്രീകളുടെ തൊഴിലില്ലായ്മ ഇങ്ങനെ ഉയർന്നു നിൽക്കുന്നു? രൂക്ഷമായ പൊതു തൊഴിലില്ലായ്മ്മയുടെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ പ്രഥമസ്ഥാനം വീടിനുള്ളിലാണ് എന്നുള്ള മുൻവിധികൾ കൂടുതൽ ശക്തമാവുന്നു. സ്ത്രീകളുടെ ഗാർഹികചുമതലകളും ദൂരെ ജോലിക്ക് പോവാൻ പറ്റാത്തതും വിവാഹം മൂലം കരിയർ ബ്രേക്ക് ചെയ്യപ്പെടുന്നതും പ്രധാന ഘടകങ്ങളാണ്.

2021–22 ലെ കേരള ബജറ്റ് പ്രകാരം, സജീവമായി ജോലി അന്വേഷിക്കുന്നവരോ കരിയർ ബ്രേക്കുകളിൽ പോകുന്നവരോ ഉൾപ്പെടെ, ഏകദേശം 4.7 ദശലക്ഷം വിദ്യാസമ്പന്നരായ സ്ത്രീകൾ തൊഴിൽ സേനയ്ക്ക് പുറത്താണ്. അനുയോജ്യമായ അവസരങ്ങൾ പരിമിതമാണെങ്കിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം വർധിക്കുന്നത് ജോലി ചെയ്യാനുള്ള അവരുടെ സന്നദ്ധത കാണിക്കുന്നു.

### താഴ്ന്ന തൊഴിൽ പങ്കാളിത്തം

മേൽ പരാമർശിച്ച PLFS സർവേ പ്രകാരം കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 37.5% മാത്രമാണ്. പുരുഷന്മാരുടേത് 73.5% വും. പുരുഷന്മാരുടെ പകുതിയാണ് കേരളത്തിലായാലും ദേശീയ തലത്തിലായാലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം. കേരളത്തിൽ PLFS സർവെക്ക് മുമ്പ് ഉണ്ടായിരുന്ന NSS സർവേ പ്രകാരം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഏതാണ്ട് 24% ശതമാനമേ വരൂ.

എന്തുകൊണ്ട് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പുരുഷന്മാരെ അപേക്ഷിച്ചു ഇത്ര താഴ്ന്നിരിക്കുന്നു?

ഇതിന് ഒട്ടേറെ ഘടകങ്ങളുണ്ട്. ഒരു പ്രധാനപ്പെട്ട സ്വാധീനം ജാതിയുടേതാണ്. ജാതി ശ്രേണിയിൽ

ഉയരുംതോറും സ്ത്രീകൾ പുറം ജോലികളിൽ നിന്ന് പിൻവാങ്ങുന്നു. ജാതിമര്യാദകളും മൂല്യങ്ങളും സ്ത്രീയുടെ തൊഴിൽ പങ്കാളിത്തത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. സ്ത്രീകൾ വീട്ടിൽ ഏറ്റെടുക്കേണ്ടിവരുന്ന നാനാവിധ കാണാപ്പണികൾ ഇതിലെ പ്രധാന ഘടകമാണ്. കുട്ടികളുടെയും പ്രായംചെന്നവരുടെയും പരിചരണം, നാനാവിധ വീട്ടുപണികൾ, അവയുമായി കെട്ടുപിണഞ്ഞുകിടക്കുന്ന ഉപജീവനത്തൊഴിലുകൾ എന്നിവ മറ്റ് ഘടകങ്ങളാണ്.

താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തിൽ വിവിധ പ്രായഗ്രൂപ്പുകളിലെ സ്ത്രീയുടെയും പുരുഷന്റെയും തൊഴിൽ പങ്കാളിത്തത്തെ താരതമ്യപ്പെടുത്തിയിരിക്കുന്നു

**ചിത്രം 1**
**വിവിധ പ്രായഗ്രൂപ്പുകളിൽ കേരളത്തിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിൽ പങ്കാളിത്തം (2017-18)**




25 വയസ്സുകഴിഞ്ഞാൽ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 95 ശതമാനമായി ഉയരുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത അനുഭവം ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ശരാശരി തൊഴിൽ പങ്കാളിത്തം 15-19 പ്രായഗ്രൂപ്പിൽ 6 ശതമാനം മാത്രമാണ്. വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ സ്ത്രീകളിൽ ഒരു ഭാഗം തൊഴിൽസേനയിൽ പ്രവേശിക്കുന്നു. 20-24 പ്രായഗ്രൂപ്പിൽ തൊഴിൽ പങ്കാളിത്തം 19 ശതമാനമാണ്. 25-30 പ്രായഗ്രൂപ്പിലുള്ളവരിലും തൊഴിൽ പങ്കാളിത്തം ഏതാണ്ട് അതേനിരക്കിൽ തുടരുന്നു. വിവാഹം കഴിഞ്ഞ് കുട്ടികൾ വളർന്നുകഴിഞ്ഞാൽ മാത്രമേ കൂടുതൽ സ്ത്രീകൾ ജോലിക്കുപോകാൻ ശ്രമിക്കാറുള്ളൂ. 30-34 പ്രായഗ്രൂപ്പിൽ തൊഴിൽ പങ്കാളിത്തം 27 ശതമാനമായി ഉയരുന്നു. 40-44 പ്രായഗ്രൂപ്പിൽ എത്തുമ്പോൾ തൊഴിൽ പങ്കാളിത്തം ഏറ്റവും ഉയർന്നതോതായ 36 ശതമാനത്തിൽ എത്തുന്നു.

15-19 പ്രായക്കാരുടെ ഇടയിലാണ് പുരുഷ-സ്ത്രീ തൊഴിൽ പങ്കാളത്തത്തിന്റെ വിടവ് ഏറ്റവും താഴ്ന്നിരിക്കുന്നത്- 17 ശതമാനം പോയിന്റ്. 25-29 പ്രായക്കാരിലാണ് തൊഴിൽ പങ്കാളിത്ത വിടവ് ഏറ്റവും ഉയർന്നിരിക്കുന്നത്- 75 ശതമാന പോയിന്റ്. പിന്നെ പതുക്കെപ്പതുക്കെ വിടവ് കുറയുന്നു. 40-44 പ്രായക്കാരുടെ ഇടയിൽ വിടവ് 59 ശതമാന പോയിന്റാണ്.

## വിവാഹവും കരിയർ ബ്രേക്കും

സ്ത്രീയെ സംബന്ധിച്ചിടത്തോളം തൊഴിൽ പങ്കാളിത്തത്തിലെ ഏറ്റവും പ്രാധനപ്പെട്ട വഴിത്തിരിവ് വിവാഹമാണ്. വിവാഹത്തിനു മുമ്പുള്ള 15-19 പ്രായത്തിൽ തൊഴിൽ പങ്കാളിത്ത നിരക്ക് വളരെ താഴ്ന്നിരിക്കുന്നതിനു കാരണം ഗണ്യമായൊരു വിഭാഗം പഠിക്കാൻ പോകുന്നതുകൊണ്ടാണെന്നു പറയാം. വിദ്യാർ ഥികളെ മാറ്റിനിർത്തിയാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന് എന്ത് സംഭവിക്കും? തൊഴിൽ പങ്കാളിത്തനിരക്ക് 35-40 ശതമാനമായി ഉയരുമെന്നാണ് അനുമാന കണക്ക്. എന്നാൽ വിവാഹത്തോടെ ഇവരിൽ ഒരു വിഭാഗം ജോലി അവസാനിപ്പിക്കുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ വിവാഹം ചെയ്യുന്നത് 22-23 വയസുള്ളപ്പോഴാണ്. കുട്ടി ജനിച്ച് സ്കൂൾ വിദ്യാഭ്യാസ പ്രായമാകുന്നതുവരെ കുടുംബപ്രാരാബ്ധങ്ങൾമൂലം സ്ത്രീകൾക്ക് ജോലിക്കുപോകാൻ കഴിയില്ല. അതുകൊണ്ട് 20-24 പ്രായഗ്രൂപ്പിലും 25-29 പ്രായഗ്രൂപ്പിലുമുള്ളവരുടെ തൊഴിൽ പങ്കാളിത്തം 15-20 ശതമാനമായി താഴുന്നു. അഥവാ വിവാഹം ഏതാണ്ട് പകുതി സ്ത്രീകളിൽ കരിയർ ബ്രേക്ക് സൃഷ്ടിക്കുന്നു.

നോളജ് ഇക്കോണമി മിഷൻ കരിയർ ബ്രേക്കായ സ്ത്രീകളെക്കുറിച്ച് ഒരു സർവേ നടത്തുകയുണ്ടായി. 57 ശതമാനം പേരും ജോലി ഉപേക്ഷിക്കാനുള്ള കാരണമായി പറഞ്ഞത് കുട്ടികളുടെ പരിചരണ ചുമതലയാണ്. വിവാഹംമൂലം താമസം മാറ്റേണ്ടിവരുന്നതും ജോലിസ്ഥലത്തു നിന്നും പുതിയ താമസസ്ഥലത്തേക്കുള്ള ദൂരവും മറ്റൊരു കാരണമാണ്. കുറഞ്ഞ വേതനം, കുടുംബത്തിൽ നിന്നുള്ള എതിർപ്പ് തുടങ്ങിയവയും ചൂണ്ടിക്കാണിക്കപ്പെട്ടു.

2019-ൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ ഒരു സമയ വിനിയോഗ സർവേ (time use survey) നടത്തുകയുണ്ടായി. ആറ് വയസ്സിനു മുകളിലുള്ള കുട്ടികളടക്കമുള്ള ഇന്ത്യയിലെ സ്ത്രീ-പുരുഷന്മാർ എങ്ങനെ ഒരുദിവസത്തെ സമയം ചെലവഴിക്കുന്നുവെന്നതിന്റെ സമയക്കണക്കാണ് അവർ ശേഖരിച്ചത്.

കേരളത്തിലെ സ്ത്രീകളിൽ വിവാഹത്തിനു മുമ്പ് (15-24 വയസ്സ് പ്രായത്തിലുള്ളവരിൽ) ദിവസവും 1-2 മണിക്കൂർ വീതമാണ് വീട്ടുപണികൾക്കുവേണ്ടി സമയം ചെലവഴിച്ചിരുന്നത്. എന്നാൽ വിവാഹത്തോടെ (20-29 വയസ്സ് പ്രായത്തിലുള്ളവരിൽ) വീട്ടുപണികൾക്കുവേണ്ടി ചെലവഴിക്കുന്ന സമയം ശരാശരി 4.5-5.0 മണിക്കൂറായി ഉയരുന്നു. ഇതുമൂലം പുറത്ത് ജോലിക്കു പോകുന്നവരുടെ എണ്ണം ഗണ്യമായി കുറയുന്നു.

എന്നാൽ വിവാഹം കഴിഞ്ഞ് ഏതാണ്ട് 10 വർഷം കഴിയുന്നതോടെ, അതായത് 30 വയസ്സ് കഴിയുന്നതോടെ, വീട്ടുജോലികൾക്കുവേണ്ടി ചെലവഴിക്കുന്ന സമയം 3.5-4.0 മണിക്കൂറായി കുറയുന്നതോടെ,പുറത്ത്

ജോലിക്കു പോകുന്ന സ്ത്രീകളുടെ എണ്ണം വീണ്ടും വർധിക്കുന്നു.

നേരത്തെ പരാമർശിച്ച നോളജ് ഇക്കോണമി മിഷൻ സർവേയിൽ പങ്കെടുത്ത സ്ത്രീകളിൽ 96.5 ശതമാനം പേരും തിരിച്ചു ജോലിക്കു പോകാൻ ആഗ്രഹിക്കുന്ന വരാണ്.

വിവാഹം കഴിഞ്ഞ് പത്ത് വർഷം കഴിഞ്ഞുള്ള കാലത്താണ് സ്ത്രീകൾ വീണ്ടും തൊഴിലിൽ പ്രവേശിക്കാൻ ശ്രമിക്കുന്നത്. എന്നാൽ ഇത് വളരെ ശ്രമകരമായിട്ടുള്ള കാര്യമാണ്. കാരണം വീടിനടുത്തു തന്നെ ജോലിവേണം. എന്നാൽ ആ ജോലിക്കുവേണ്ടിയുള്ള നൈപുണി ഉണ്ടാവില്ല. 79 ശതമാനം പേർക്ക് കരിയർ പുനരാരംഭിക്കാൻ സഹായം വേണമെന്നും ആവശ്യപ്പെട്ടു. ഏറ്റവും പ്രധാനപ്പെട്ട ആവശ്യം ജോലിക്കുവേണ്ടിയുള്ള നൈപുണി പരിശീലനമായിരുന്നു.

### തൊഴിലെടുക്കുന്ന സ്ത്രീയുടെ ഇരട്ടഭാരം

വീടിനു പുറത്ത് തൊഴിൽ ലഭിച്ചാൽ തന്നെയും സ്ത്രീക്ക് അതൊരു ഇരട്ടഭാരമായി മാറും. കാരണം സ്ത്രീ-പുരുഷ തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ വീട്ടിലെ പണിയുടെ ഭാരം മുഴുവൻ സ്ത്രീയുടെ ചുമലിലാണല്ലോ. തൊഴിലെടുക്കുന്ന സ്ത്രീ പുറത്തു ജോലിക്കു പോകുന്നതിനു മുമ്പോ തിരിച്ചുവന്നതിനു ശേഷമോ വീട്ടമ്മയെന്ന നിലയിലുള്ള എല്ലാ ധർമ്മങ്ങളും നിർവഹിച്ചേ മതിയാകൂ.

ജോലിക്കാരായ ഭാര്യയുടെയും ഭർത്താവിന്റെയും ഒരു പ്രവൃത്തിദിവസം പരിശോധിച്ചാൽ - ഉറക്കമുണരുന്നത് തൊട്ടു ഉറങ്ങുന്നതുവരെ അവർ എന്തെല്ലാം പ്രവർത്തനങ്ങളിലേർപ്പെടുന്നുവെന്നത് - വിസ്മയകരമായ ഒരു കാര്യം തെളിയും. എട്ട് മണിക്കൂർ അധ്വാനം, എട്ട് മണിക്കൂർ വിനോദം, എട്ട് മണിക്കൂർ വിശ്രമം എന്നത് പുരുഷനു മാത്രമേ ലഭിക്കൂ. ജോലിക്ക് പോകുന്ന വീട്ടമ്മയെ സംബന്ധിച്ച് 4-5 മണിക്കൂറെങ്കിലും വീട്ടുജോലികൾക്കുവേണ്ടി അധികമായി മാറ്റിവയ്ക്കേണ്ടിവരുന്നുണ്ട്.

2019-ലെ ടൈം യൂസ് സർവേ പ്രകാരം ശരാശരി ഒരു പുരുഷൻ 7.39 മണിക്കൂറും ഒരു സ്ത്രീ 5.33 മണിക്കൂറും പുറത്ത് ജോലി ചെയ്യേണ്ടിവരുന്നു. എന്നാൽ തൊഴിലെടുക്കുന്ന ഓരോ സ്ത്രീയും വീട്ടുജോലികൾക്കായി ഏതാണ്ട് 5 മണിക്കൂറും പരിചരണ പ്രവർത്തനങ്ങൾക്കായി 2.14 മണിക്കൂറും ചെലവഴിക്കേണ്ടിവരുന്നു. ഇതിനെയാണ് ഇരട്ടഭാരം എന്നു പറയുന്നത്.

എന്നാൽ സ്ത്രീ വീട്ടിനുള്ളിൽ ചെയ്യുന്ന പണികൾ അവൾ പ്രകൃത്യാ ചെയ്യേണ്ട ഒന്നാണെന്ന ധാരണമൂലം കുടുംബാധ്വാനത്തിന്റെ ഭാരം അവഗണിക്കപ്പെടുന്നു. അതിന് കൂലിയുമില്ല, പ്രതിഫലവുമില്ല. അത് സ്നേഹത്തിന്റെയും കടമയുടെയും അധ്വാനമാകയാൽ വിലയില്ലാത്ത ഒന്നായി അവഗണിക്കപ്പെടുന്നു. വീടുമായി ബന്ധപ്പെട്ട് സ്ത്രീകൾ ഏർപ്പെടേണ്ടിവരുന്ന നാനാവിധ പണികളെ കാണാപ്പണികൾ എന്നു വിളിക്കാറുണ്ട്.

### തൊഴിലെടുക്കുന്ന സ്ത്രീകൾ: ഘടനയും നിലയും

തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം കേരളത്തിൽ വർധിക്കുന്നു എന്നത് പ്രധാനപ്പെട്ട ഒന്നാണ്. 2017 - 18 ൽ PLFS സർവേ പ്രകാരം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 20%(നഗരം) - 24%(ഗ്രാമം) ആയിരുന്നു. എന്നാൽ 2022-23 ആയപ്പോഴേക്കും തൊഴിൽ പങ്കാളിത്തനിരക്ക് 37.5% ആയി ഉയർന്നു.

ഇന്ത്യയിലും സമാനമായ വർധനവ് തൊഴിൽ പങ്കാളിത്തത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ കേരളവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു അടിസ്ഥാനവ്യത്യാസം പ്രകടമാണ്. ഇന്ത്യയിൽ തൊഴിൽ പങ്കാളിത്തത്തിലുള്ള വർധനവ് മുഖ്യമായും വീടുകളിൽ സ്വയം തൊഴിലുകളിൽ കൂലി വാങ്ങാതെ പണിയെടുക്കുന്ന സഹായികളുടെ എണ്ണത്തിലാണ്. എന്നാൽ കേരളത്തിൽ കൂടുതൽ സ്ത്രീകൾ സ്ഥിരമായിട്ടുള്ള സേവനമേഖലകളിലെ ജോലികളിലാണ് പ്രവേശിച്ചത്.

സ്ത്രീകളുടെ തൊഴിലിന്റെ ഗുണമേന്മയിൽ കേരളം ഇന്ത്യയെക്കാൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്. 2018–19 ൽ, ജോലിചെയ്യുന്ന സ്ത്രീകളിൽ 40 ശതമാനം പേർ സ്ഥിരമായോ ശമ്പളത്തോടുകൂടിയോ ജോലി ചെയ്യുന്നവരായിരുന്നു. ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം വരും. അതേസമയം വേതനമില്ലാത്ത കുടുംബ ജോലി (Unpaid Family Labour) ഇന്ത്യയുടെ 31 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ 8 ശതമാനം മാത്രമാണ്.

കേരളത്തിലെ സ്ത്രീ തൊഴിലാളികളും കൂടുതൽ വിദ്യാഭ്യാസമുള്ളവരാണ്. ഇന്ത്യയിലെ 33 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ തൊഴിലാളികളിൽ നിരക്ഷരത 8 ശതമാനം മാത്രമാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസമോ അതിനുമുകളിലോ പൂർത്തിയാക്കിയ സ്ത്രീകളിൽ പകുതിയിലധികവും ജോലിക്കാരാണ്, 2023–24 ൽ ഈ വിഹിതം 54 ശതമാനമായി വർധിച്ചു (പീരിയോഡിക് ലേബർ ഫോഴ്സ് സർവേ).

സംസ്ഥാനത്തെ സംഘടിത മേഖലയിലെ തൊഴിലുകളിൽ 40 ശതമാനത്തിലധികം സ്ത്രീകളാണ്. സ്വകാര്യ മേഖലയിലെ സ്ത്രീകളുടെ സാന്നിധ്യവും ക്രമാനുഗതമായി വളർന്നിട്ടുണ്ട്. എന്നിരുന്നാലും, സ്വകാര്യ സംരംഭങ്ങളിലെ കരാർ ജോലികളുടെ അധികമായ വ്യാപനവും സാമൂഹിക സുരക്ഷാസംവിധാനങ്ങളുടെ അപര്യാപ്തതയും നയപരമായ ശ്രദ്ധ ആവശ്യമുള്ള ആശങ്കകളായി തുടരുന്നു

കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിലാണ് ഇപ്പോഴും വലിയൊരു വിഭാഗം സ്ത്രീകൾ തൊഴിൽ ചെയ്യുന്നത്. അവിടെ സ്ത്രീകൾ ആകെ തൊഴിലാളികളുടെ 80 മുതൽ 90 ശതമാനം വരെയാണ്. യന്ത്രവൽക്കരണവും സർക്കാരിന്റെ പുനരുജ്ജീവന പാക്കേജുകളും ഈ മേഖലകളിൽ തൊഴിൽ നിലനിർത്താൻ സഹായിച്ചിട്ടുണ്ട്. കാർഷി

കമേഖലയിൽ, കോവിഡ് കാലത്തിനു ശേഷം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഗണ്യമായി വർധിച്ചു. പ്രധാനമായും അനുബന്ധ പ്രവർത്തനങ്ങളിൽ ഇത് 2018–19 ൽ 20 ശതമാനത്തിൽ നിന്ന് 2023–24 ൽ 36 ശതമാനമായി.

കേരളത്തിലെ സ്ത്രീ തൊഴിലാളികളിൽ മൂന്നിലൊന്ന് ഭാഗവും സേവനമേഖലയിലാണ് ഇപ്പോൾ ജോലി ചെയ്യുന്നത് ; പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം, ധനകാര്യം, വിവരസാങ്കേതികവിദ്യ, സാമൂഹിക സേവനങ്ങൾ എന്നിവയിൽ. ഇത് ദേശീയ ശരാശരി 11 ശതമാനമാണ്.

## III
## തൊഴിൽ പങ്കാളിത്തം 50% ആയി ഉയർത്തുക

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർന്നുതുടങ്ങി എന്നുള്ളത് ആശാവഹമാണ്. ശക്തമായ സാമൂഹിക ഇടപെടലിലൂടെ തൊഴിൽ പങ്കാളിത്തം 50% ആയി ഉയർത്തുക എന്നത് ലക്ഷ്യമായി കുടുംബശ്രീ ഏറ്റെടുത്തുകഴിഞ്ഞു. ഈ ഒരു ലക്ഷ്യത്തിലേക്ക് എല്ലാ സ്ത്രീ വികസന ഏജൻസികളുടെയും വികസന വകുപ്പുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കേണ്ടതുണ്ട്.

20 ലക്ഷം സ്ത്രീകൾ അധികമായി വീടിനു പുറത്ത് ജോലിയിൽ പ്രവേശിക്കുന്നത് ദൂര വ്യാപകമായ സാമ്പത്തിക -സാമൂഹിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മ സേനാംഗങ്ങൾ, വിവിധങ്ങളായ വികസന സ്കീം ജോലിക്കാർ എന്നിവരുടെ അനുഭവം ഒരു ചൂണ്ടു പലകയാണ്. ഇവരെല്ലാം ഇന്ന് സംഘടിതരാണ്. ട്രേഡ് യൂണിയൻ സംഘാടനം, രാഷ്ട്രീയവൽക്കരണത്തിനുള്ള ഒരു സുപ്രധാന ചവിട്ടുപടിയായി കാണാം. വീട്ടമ്മമാരുടെയും കൂലിവേലക്കാരുടെയും സാമൂഹിക ബോധത്തിൽ അനിവാര്യം ഉണ്ടാവുന്ന വ്യത്യാസം ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളു.

ഇത്രയും തൊഴിലാളികൾക്ക് ശരാശരി 15000 രൂപ മാസവരുമാനം ലഭിക്കും എന്ന് അനുമാനിച്ചാൽ 20 ലക്ഷം കുടുംബങ്ങളുടെ വീടുകളിലേക്ക് ഒരു വർഷം 36000 കോടി രൂപ അധിക വരുമാനമായെത്തും. കേവല ദാരിദ്ര്യത്തിൽ നിന്ന് പാവപ്പെട്ടവരെ കൈപിടിച്ചുയർത്തുന്നതിൽ ഏറ്റവും നിർണ്ണായകമായ സംഭാവനയായിരിക്കും ഇത്.

അതോടൊപ്പം തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ജോലിസ്ഥലത്തും പുറത്തുമുള്ള സുരക്ഷയും ഗാർഹികഭാരം ലഘൂകരിക്കുന്നതിനുള്ള സംവിധാനങ്ങളും അനിവാര്യമായി മാറും. ലിംഗനീതിയുടെ അടിസ്ഥാനത്തിൽ സാമൂഹികമാറ്റത്തിൽ ഇടപെട്ടു പ്രവർത്തിക്കുവാനുള്ള സന്ദർഭങ്ങൾ ഇത് സൃഷ്ടിക്കും.

ഏതൊക്കെ തൊഴിലുകളാണ് സ്ത്രീകൾക്ക് പ്രവേശിക്കാൻ കഴിയുക? ഏറ്റവും കൂടുതൽ ഉണ്ടാവുന്ന തൊഴിലവസരങ്ങൾ പ്രാദേശികമായി ലഭ്യമായ തൊഴിലവസരങ്ങളാണ്. അതോടൊപ്പം വളരുന്ന സംഘടിതമേഖലയിലെ ഉയർന്ന തൊഴിലവസരങ്ങളിലും സ്ത്രീകൾക്ക് ജോലി ലഭിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

### പ്രാദേശിക തൊഴിലുകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എയുഇജിഎസ്) പോലുള്ള വേതന തൊഴിൽ പരിപാടികൾ സ്ത്രീകൾക്ക്, പ്രത്യേകിച്ച് ദരിദ്ര വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഉപജീവന സംരക്ഷണത്തിന്റെ നട്ടെല്ലാണ്. കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ പ്രോത്സാഹനത്തിനുള്ള ഒരു ചലനാത്മക ശൃംഖലയായി മാറിയിട്ടുണ്ട്. കൃഷിയും സൂക്ഷ്മ സംരംഭങ്ങളിലും എട്ടു ലക്ഷത്തോളം പേർ ജോലി ചെയ്യുന്നുണ്ട്. ഇതിനോടൊപ്പം നമ്മുടെ നാട്ടിൻപുറത്ത് വളർന്നുവരുന്ന ചെറുകിട സംരംഭങ്ങളിൽ വേതനാധിഷ്ഠിത തൊഴിലുകൾ സ്ത്രീകൾക്ക് ലഭ്യമാക്കുന്നതിനുള്ള ഏജൻസിയായി കുടുംബശ്രീ മാറാൻ പോവുകയാണ്. 2025 ജൂലൈയിൽ ആണ് ഇത്തരം ഒരു ദൗത്യം കുടുംബശ്രീ ഏറ്റെടുത്തത്. ഈ ധനകാര്യ വർഷം അവസാനിക്കുന്നതിനു മുൻപ് ഒരു ലക്ഷത്തിലേറെ ആളുകൾക്ക് ജോലി നൽകാനാവും എന്ന് ഉറപ്പാണ്.

ഇത്തരത്തിൽ പ്രാദേശികമായി സ്ത്രീകൾക്ക് ജോലി നൽകുന്ന സംരംഭങ്ങൾക്ക് ആവശ്യമായ നൈപുണി പരിശീലനം നൽകുന്നതിനുള്ള ചുമതലയും കുടുംബശ്രീ ഏറ്റെടുക്കുന്നുണ്ട്. ഹരിതകർമ്മ സേന അംഗങ്ങൾക്കെന്നപോലെ പരിശീലനത്തോടൊപ്പം ആത്മാഭിമാനം വളർത്തുന്നതിനും സാമൂഹികപിന്തുണ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഉണ്ടാവും.

സംസ്ഥാനത്തെ സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനായി വേതന തൊഴിൽ, സ്വയം തൊഴിൽ, നൈപുണ്യ അധിഷ്ഠിത സംരംഭകത്വം എന്നിവ സംയോജിപ്പിച്ച് ഒന്നിലധികം വകുപ്പുകളും പദ്ധതികളും വഴി ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് (കുടുംബശ്രീ, തൊഴിലുറപ്പു പദ്ധതി വഴി), വനിതാ-ശിശു വികസന വകുപ്പ് (കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി), എസ്സി/എസ്ടി വികസനവകുപ്പുകൾ, ഫിഷറീസ്, ടൂറിസം, വ്യവസായങ്ങൾ, തൊഴിൽ, ഐടി തുടങ്ങിയ വകുപ്പുകൾക്ക് പ്രധാന നിർവഹണ ഏജൻസികളായി പ്രവർത്തിക്കാനാവും.

### അഭ്യസ്തവിദ്യർക്ക് വേണ്ടിയുള്ള ഉയർന്ന തൊഴിലുകൾ

അതോടൊപ്പം ഫ്രീലാൻസ് ജോലികളിലും വർക്ക് നിയർ ഹോം കേന്ദ്രങ്ങളിലും ഡിജിറ്റൽ തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുള്ള സഹായങ്ങൾ നൽകാൻ ആവണം. നൈപുണി പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ വീടിൽ നിന്ന് അകലെയുള്ള തൊഴിലവസരങ്ങൾ സ്ത്രീകൾക്ക് പ്രാപ്യമായിരിക്കണം. വിദ്യാഭ്യാസ സ്ഥാ

പനടിസ്ഥാനത്തിലുള്ള നൈപുണി പരിശീലനങ്ങളിലൂടെ കരിയർ തിരഞ്ഞെടുക്കുന്നതിനും സ്ത്രീകൾക്ക് പ്രത്യേക സഹായം നൽകേണ്ടതുണ്ട്.

സ്ത്രീകളെ ശാസ്ത്രം, സാങ്കേതികവിദ്യ, ഇന്നോവേഷൻ എന്നിവയിൽ ഉൾപ്പെടുത്തുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 500 വനിതാ ഇന്നോവേറ്റേഴ്സിനെ പിന്തുണയ്ക്കുന്നതിനായി കേരള സ്റ്റാർട്ട്-അപ്പ് മിഷൻ 2024–25 ൽ ₹2.5 കോടി അനുവദിച്ചു, 2019 മുതൽ കൃഷി, ലൈഫ് സയൻസസ്, കാലാവസ്ഥാ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിലായി സ്ത്രീകൾ നയിക്കുന്ന 99 സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു. ഐസിഎഫ്ഒഎസ്എസ് (ICFOSS), ഡിജിറ്റൽ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ സ്ത്രീകളുടെ ഡിജിറ്റൽ സാക്ഷരത, ഇൻകുബേഷൻ, ഹാക്കത്തോൺ പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് ഗവേഷണത്തിലും ഇന്നോവേഷനിലും സ്ത്രീകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി "സപ്പോർട്ട് ടു വിമൻ ഇൻ സയൻസ്" എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്.

2024-ൽ ആരംഭിച്ച "വിമൻ ബാക്ക് ടു കരിയർ പ്രോഗ്രാം", അതിന്റെ ശ്രദ്ധേയമായ ലിംഗ-കേന്ദ്രീകൃത പരിപാടികളിൽ ഒന്നാണ്. കരിയർ ഇടവേളകൾക്ക് ശേഷം ജോലിയിലേക്ക് മടങ്ങുന്ന സ്ത്രീകൾക്ക് ഇത് പിന്തുണനൽകുന്നു. തൊഴിൽ സൃഷ്ടിക്കുന്നതിൽ ലിംഗസൗഹൃദ നൈപുണ്യ പരിശീലനം, മെന്ററിങ്, പ്ലേസ്മെന്റ് സഹായം എന്നിവ ഈ പ്രോഗ്രാം നൽകുന്നു. ഇതിന്റെ ഭാഗമായ 'തൊഴിലരംഗത്തേക്ക്' പരിപാടി, വൈവിധ്യമാർന്ന ഇടപെടലുകളിലൂടെ - തൊഴിൽ അന്വേഷണം മുതൽ പ്ലേസ്മെന്റ് വരെ - സ്ത്രീകൾക്ക് സമഗ്രമായ പിന്തുണ നൽകുന്നു.

മൊത്തത്തിൽ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് കുറവാണെങ്കിലും, ഉയർന്ന വിദ്യാഭ്യാസവും വൈദഗ്ധ്യവും ആവശ്യമുള്ള തിരഞ്ഞെടുത്ത സേവനമേഖലയിലെ പ്രവർത്തനങ്ങളിൽ താരതമ്യേന ഉയർന്ന സ്ത്രീ പങ്കാളിത്തമുണ്ട്. 2018-19 മുതൽ 2023-24 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സേവനങ്ങൾ, വിവര സേവനങ്ങൾ, ഫിനാൻഷ്യൽ സേവനങ്ങൾ, ഇൻഷുറൻസ്, റിയൽ എസ്റ്റേറ്റ്, പ്രൊഫഷണൽ ശാസ്ത്ര-സാങ്കേതിക പ്രവർത്തനങ്ങൾ, ഭരണപരവും പിന്തുണാസേവനങ്ങളും, പൊതുഭരണം, കല എന്നിവ ഉൾപ്പെടുന്ന സേവനങ്ങളുടെ സംയോജിത വിഹിതം സ്ത്രീ തൊഴിൽ സേനയുടെ 30-34 ശതമാനമാണ്. ഇന്ത്യയിൽ ആകെ ഇത് 11-16 ശതമാനം വരെ മാത്രമാണ് (PLFS).

ഐ.ടി മേഖലയിലെ ഡാറ്റ കാണിക്കുന്നത് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയിൽ സ്ത്രീകളുടെ എണ്ണം വർധിച്ചിട്ടുണ്ടെന്നും 3 പ്രധാന ഐ.ടി പാർക്കുകളിലെ അവരുടെ പങ്ക് ഏകദേശം 40 ശതമാനമായി സ്ഥിരത കൈവരിച്ചിട്ടുണ്ടെന്നും ആണ് (ഐടി വകുപ്പ്, കേരളം). പോലീസ്, എക്സൈസ്, വനം വകുപ്പുകളിലെ വർധിച്ചുവരുന്ന സ്ത്രീകളുടെ നിയമനങ്ങൾ തൊഴിലവസരങ്ങളുടെ വൈവിധ്യവൽക്കരണത്തിലേക്ക് വിരൽ ചൂണ്ടുന്നു.

### തൊഴിൽ കുടിയേറ്റത്തിലെ സ്ത്രീമുന്നേറ്റം

കേരളത്തിൽ നിന്നുള്ള തൊഴിൽ കുടിയേറ്റം ശക്തമായ ലിംഗപരമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള സ്ത്രീ കുടിയേറ്റക്കാരുടെ എണ്ണം 1998-ൽ 1.26 ലക്ഷത്തിൽ നിന്ന് 2018-ൽ 3.35 ലക്ഷമായി വർധിച്ചു. ഇപ്പോൾ ഗൾഫ് നാടുകൾക്ക് അപ്പുറം യൂറോപ്പ്, വടക്കേ അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിലേക്ക് അവരുടെ കുടിയേറ്റ ലക്ഷ്യസ്ഥാനങ്ങൾ വ്യാപിച്ചിരിക്കുന്നു. 2023 ആയപ്പോഴേക്കും കുടിയേറ്റക്കാരിൽ 19.1 ശതമാനവും സ്ത്രീകളായിരുന്നു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, കുടിയേറ്റക്കാരായ സ്ത്രീകളിൽ 71.5 ശതമാനം പേർ ബിരുദതല വിദ്യാഭ്യാസം പൂർത്തിയാക്കിയവരായിരുന്നു, പുരുഷ കുടിയേറ്റക്കാരിൽ ഇത് 34.7 ശതമാനം മാത്രമാണ്. ഭൂരിഭാഗവും നഴ്സുമാരോ അധ്യാപകരോ പ്രൊഫഷണലുകളോ ആണ്. ഇത് കേരളത്തെ ആഗോള നഴ്സിങ് തൊഴിൽ സേനയിൽ ഇന്ത്യയുടെ ഏറ്റവും വലിയ സംഭാവന നൽകുന്ന പ്രദേശമാക്കി മാറ്റുന്നു.

കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിൽ പുരുഷ കുടിയേറ്റക്കാർ തന്നെയാണ് ഇപ്പോഴും കൂടുതൽ എങ്കിലും പുരുഷ-സ്ത്രീ കുടിയേറ്റക്കാർ തമ്മിലുള്ള അന്തരം കുറഞ്ഞുവരികയാണ്. സ്ത്രീ കുടിയേറ്റക്കാരിൽ ഏകദേശം 52 ശതമാനവും നഴ്സിങ്, നഴ്സിങ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലാണ്. തുടർന്ന് എഞ്ചിനീയർ, അധ്യാപിക, കാഷ്യർ/ക്ലാർക്ക്/അക്കൗണ്ടന്റ്, വീട്ടുജോലിക്കാരി (മുഴുവൻ സമയ വീട്ടുജോലിക്കാരി), ഡോക്ടർ, ചൈൽഡ് കെയർ വർക്കർ, മറ്റ് തൊഴിലുകൾ എന്നീ വിഭാഗങ്ങളിലാണ്. മുമ്പ്, കുടിയേറ്റക്കാരായ സ്ത്രീകളിൽ പകുതി പേർ മാത്രമേ തൊഴിലാളികളായി പോയിരുന്നുള്ളു;എന്നാൽ ഇന്ന് ജോലിക്കായുള്ള കുടിയേറ്റവും അതിന്റെ കാരണങ്ങളും സ്ത്രീകളുടെ ജീവിതത്തിൽ അതിന്റെ സ്വാധീനവും മാറിവരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിൽ നിന്നുള്ള വിദ്യാർഥി കുടിയേറ്റക്കാരിൽ 54.4 ശതമാനം പുരുഷന്മാരും 45.6 ശതമാനം സ്ത്രീകളുമാണ്. കേരളത്തിൽ നിന്നുള്ള മൊത്തം കുടിയേറ്റ ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ വിദ്യാർഥി കുടിയേറ്റക്കാർക്കിടയിൽ ലിംഗപരമായ അസമത്വം വളരെ കുറവാണെന്ന് ഇത് കാണിക്കുന്നു (കേരള മൈഗ്രേഷൻ സർവേ 2023).

## IV
## സ്ത്രീപദവി ഉയർത്താനുള്ള പോരാട്ടം

ഇതുവരെ നാം ചർച്ചചെയ്തത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വേണ്ട ഇടപെടലുകളെ കുറിച്ചാണ്. അതോടൊപ്പം സ്ത്രീകൾക്കുള്ള സ്വത്തവകാശം കുറയൽ, വർധിച്ചുവരുന്ന സ്ത്രീധനസമ്പ്രദായം, വ്യാപകമായ ഗാർഹികപീഢനം എന്നിവ ഉൾപ്പെടെ

ആഴത്തിലുള്ള പ്രശ്നങ്ങൾ വിസ്മരിക്കാൻ പാടുള്ളതല്ല.

പ്രാദേശിക രാഷ്ട്രീയമണ്ഡലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സംവരണവും കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ വഴി സ്ത്രീകളുടെ രാഷ്ട്രീയസാന്നിധ്യം വർധിച്ചിട്ടുണ്ട്. എന്നാൽ നിയമസഭയിലും പാർലമെന്റിലും ഇന്നും സംവരണമില്ല. സാമൂഹിക പൊതുമണ്ഡലങ്ങളിൽ ഇന്നും സ്ത്രീകളുടെ സാന്നിധ്യം ദുർബലമാണ്.

സ്ത്രീകളെ കുറിച്ചുള്ള മാമുൽ ധാരണകൾ അരക്കിട്ടുറപ്പിക്കുന്നതിൽ പാഠപുസ്തകങ്ങൾക്കും മാധ്യമങ്ങൾക്കും വലിയ പങ്കുണ്ട്. പാഠപുസ്തകങ്ങളിൽ ജൻഡർ അവബോധം ഉൾപ്പെടുത്തുന്നതിന് ബോധപൂർവം ഒരു ശ്രമം ഉണ്ടായിട്ടുണ്ട്. ഇത് ശക്തിപ്പെടുത്തുന്നതിന് വേണ്ടി പാഠപുസ്തകങ്ങളുടെ ജൻഡർ ഓഡിറ്റ് നടത്തേണ്ടതുണ്ട്. മുഖ്യധാരാ മാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിലുള്ള വാർത്തകളും വിശകലനങ്ങളും വ്യാഖ്യാനങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നു. ഇതിനെതിരെ ശക്തവും തുടർച്ചയുമായ വിമർശനം ഉണ്ടാവേണ്ടതുണ്ട്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ കേസുകളുടെ എണ്ണം നോക്കിയാൽ കേരളത്തിൽ 2023 ൽ ലക്ഷം സ്ത്രീകൾക്ക് 84 കേസുകൾ വീതമുള്ളപ്പോൾ ദേശീയ ശരാശരി 66 ആണ്. അതൊരുപക്ഷേ കൂടുതൽ കർശനമായ റെഗുലേഷൻ ഉള്ളതുകൊണ്ടാവാം. എന്നിരുന്നാൽ തന്നെയും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ വിലയിരുത്തലിലേക്ക് ഇത് വിരൽ ചൂണ്ടുന്നുണ്ട്. സംസ്ഥാന റാങ്കിങ്ങിൽ കേരളത്തിന്റെ സ്ഥാനം 5 - 10 വരും.ഇത് ഒട്ടും അഭിലഷണീയമല്ല.

2018 നും 2022 നും ഇടയ്ക്ക് അതിക്രമ കേസുകളുടെ എണ്ണം 45% ഉയർന്നിട്ടുണ്ട്. എന്നാൽ ശിക്ഷ 5 - 7 ശതമാനമേ വരൂ. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് നേരെയാണ് കൂടുതൽ അതിക്രമങ്ങൾ നടക്കുന്നത്. അതിക്രമങ്ങളും മദ്യപാനവുമായി ശക്തമായ ബന്ധമുണ്ട്. ഗാർഹികപീഢനവും ഉയർന്നതാണ്. സമീപകാലത്ത് ഉണ്ടായ മാധ്യമ ശ്രദ്ധ നേടിയ ചില സ്ത്രീപീഢന കേസുകൾ അതിജീവിതകളുടെ ദുരവസ്ഥ വെളിപ്പെടുത്തുകയുണ്ടായി.

## V
## ഭാവി വികസന നിർദേശങ്ങൾ

നിലവിലുള്ള സാഹചര്യങ്ങളിൽ നിന്ന് ഭാവിയിലേക്ക് നോക്കുമ്പോൾ, ലിംഗനീതിയിൽ അധിഷ്ഠിതമായ ഒരു വികസനമാതൃക കെട്ടിപ്പടുക്കുന്നതിന് അടുത്ത ഒരു ദശകത്തിൽ കേരളം വ്യക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയോടെ ചില നിർണ്ണായക മുൻഗണനകൾ നിശ്ചയിക്കേണ്ടതുണ്ട്. നവകേരളത്തിന്റെ വികസനലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് താഴെപ്പറയുന്ന മേഖലകളിൽ ഊന്നിയുള്ള കർമ്മപദ്ധതികളാണ് അനിവാര്യം.

### 1. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50% ആയി ഉയർത്തുക.

തൊഴിലുറപ്പിലും ഹരിതകർമ്മ സേനയിലും സർക്കാർ സ്കീം തൊഴിലുകളിലും ജോലി ചെയ്യാൻ സന്നദ്ധരായി മുന്നോട്ടുവരുന്ന ലക്ഷക്കണക്കിന് സ്ത്രീകൾ പ്രാദേശിക തൊഴിൽ സംരംഭങ്ങളിലുള്ള അവസരങ്ങളിൽ സ്ത്രീകൾക്ക് ജോലി നൽകുന്നതിനുള്ള സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

- **പ്രാദേശിക സാമ്പത്തിക വികസനം :** തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിഹരിക്കപ്പെടേണ്ടുന്ന ഒരു ദൗർബല്യം പ്രാദേശിക സാമ്പത്തിക വികസനത്തിൽ വേണ്ടത്ര ഇടപെടാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. ഇതിനായി സമഗ്രമായ മാർഗനിർദേശങ്ങൾ ആസൂത്രണ ബോർഡ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് ജോലി നൽകാനാവും. കുടുംബശ്രീയുടെ സ്വയം തൊഴിൽ സംരംഭങ്ങൾ വിപുലപ്പെടുത്തുകയും സാന്ത്വന മിത്ര, സ്കിൽ @ കാൾ, ഷോപ് @ ഡോർ, തുടങ്ങിയ സേവന സംരംഭങ്ങൾ ആരംഭിക്കുകയും വേണം.
- **വേതനധിഷ്ഠിത തൊഴിലുകൾക്ക് സ്ത്രീകൾക്ക് പരിശീലനം :** സ്വയം തൊഴിൽ സംരംഭങ്ങളിൽ ഒതുങ്ങാതെ പ്രാദേശിക തൊഴിൽ സംരംഭങ്ങളിലെ വേതനധിഷ്ഠിത തൊഴിലുകളിൽ അനുയോജ്യമായ പരിശീലനം നൽകി സ്ത്രീ തൊഴിലുകാരെ ലഭ്യമാക്കുന്നതിനുള്ള ഏജൻസി ആയിക്കൂടി കുടുംബശ്രീ പ്രവർത്തിക്കണം.

### 2. വിജ്ഞാന സമ്പദ്വ്യവസ്ഥയും തൊഴിൽ പങ്കാളിത്തവും (Inclusive Employment in Knowledge Economy)

സ്ത്രീകൾക്കും ലിംഗ വൈവിധ്യന്യൂനപക്ഷങ്ങൾക്കും ഉൽപാദനക്ഷമമായ തൊഴിലവസരങ്ങളിലേക്കും ഉപജീവന മാർഗങ്ങളിലേക്കുമുള്ള പ്രവേശനം വർധിപ്പിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട മുൻഗണന.

- **വിജ്ഞാന സമ്പദ്വ്യവസ്ഥയുടെ വിശകലനം:** ഉയർന്നുവരുന്ന വിജ്ഞാന സമ്പദ്വ്യവസ്ഥയുടെ (Knowledge Economy) ലിംഗപരമായ സ്വഭാവങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ വിശകലനം നടത്തുകയും, നിലവിലുള്ള സ്ത്രീ-പുരുഷ വേതന വിടവ് നികത്താനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.
- **അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ:** കേരളത്തിൽ അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മാനിരക്ക് വളരെ കൂടുതലാണ്. ഇതിന് പ്രധാന കാരണം കൂലിയില്ലാത്ത ഗാർഹിക അധ്വാനവും, ആൺകോയ്മാ സമൂഹം (Patriarchal Society) പിന്തുടരുന്ന സാമൂഹിക കീഴ് വക്കങ്ങളുമാണ്. വീടിനു പുറത്തുപോയി വരുമാനദായകമായ പ്രവർത്തന

ങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും സ്ത്രീകളെ തടയുന്ന ഇത്തരം തടസ്സങ്ങളെ കണ്ടെത്തി പരിഹരിക്കണം.

- **ഉയർന്ന ജോലികൾക്കുള്ള നൈപുണി പരിശീലനം :** സ്ത്രീകൾക്ക് വേണ്ടിയുള്ള നൈപുണി പരിശീലനം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കരിയറിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടി സംഘടിപ്പിക്കുകയും പരമാവധി തൊഴിലവസരങ്ങൾ ഇത്തരം ഉയർന്ന സാങ്കേതിക തൊഴിലവസരങ്ങൾക്ക് സ്ത്രീകളെ പ്രാപ്തരാക്കുകയും ചെയ്യുക. ഇതിനായി ഫ്ലെക്സിബിൾ തൊഴിൽ സമയങ്ങളും, വർക്ക് ഫ്രം ഹോം സാധ്യതകളും, ഉപയോഗപ്പെടുത്താം.

### 3. പരിചരണ സമ്പദ്വ്യവസ്ഥയുടെ (Care Economy) സാമൂഹ്യവൽക്കരണം

സ്ത്രീകളുടെ സാമൂഹിക ചലനശേഷി മെച്ചപ്പെടുത്തുന്നതിനും തൊഴിൽ പങ്കാളിത്തം വർധിപ്പിക്കുന്നതിനും ശക്തമായ ഒരു പരിചരണ സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

- **ശിശുപരിപാലനം:** സ്കൂൾ സമയത്തിന് ശേഷം കുട്ടികൾക്കായി 'ആഫ്റ്റർ സ്കൂൾ' സംവിധാനങ്ങളും (After-school care), ആവശ്യാനുസരണം ഗുണനിലവാരമുള്ള ക്രഷുകളും ഉണ്ടാവണം. നിലവിൽ സ്വകാര്യമേഖല കൈകാര്യം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് കൃത്യമായ രജിസ്ട്രേഷനും മോണിറ്ററിങ്ങും ഏർപ്പെടുത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയണം.
- **അടിസ്ഥാന സൗകര്യങ്ങൾ:** പൊതുവായ വികസന പദ്ധതികളെ ഗാർഹിക തലത്തിലുള്ള ആവശ്യങ്ങളുമായി സംയോജിപ്പിക്കണം. സ്ത്രീസൗഹൃദപരമായ അടിസ്ഥാന സൗകര്യങ്ങളിലൂടെ താങ്ങാനാവുന്ന പരിചരണ സേവനങ്ങൾ (Affordable Care Services) ഉറപ്പാക്കണം.

### 4. നഗരവൽക്കരണവും അസംഘടിത മേഖലയിലെ അവകാശങ്ങളും

കേരളം ഒരു നഗര-ഗ്രാമ സഞ്ചയമായി (Urban-Rural Continuum) മാറിക്കൊണ്ടിരിക്കുകയാണ്. നഗരവത്ൽക്കരണം സ്ത്രീകൾക്കായി സൃഷ്ടിക്കുന്ന പല തൊഴിലുകളും അസംഘടിത മേഖലയിലാണ്.

- **തൊഴിൽ അവകാശങ്ങൾ:** കുറഞ്ഞ കൂലിയും ഉയർന്ന അധ്വാനവും ഉള്ള മേഖലകളിൽ പണിയെടുക്കുന്ന പാവപ്പെട്ട സ്ത്രീകളുടെ ജീവിതാവകാശങ്ങൾ സംരക്ഷിക്കപ്പെടണം. സാമ്പത്തിക വരുമാനത്തിനപ്പുറം, അധ്വാനത്തിന് ആനുപാതികമായ കൂലി, വിശ്രമസമയം, വിനോദം, ആരോഗ്യം, സുരക്ഷ തുടങ്ങിയ അടിസ്ഥാനാവകാശങ്ങൾ ഉറപ്പാക്കുന്ന വികസനപദ്ധതികൾക്ക് മുൻതൂക്കം നൽകണം.
- **നഗര-ഗ്രാമ സന്തുലിതാവസ്ഥ:** നഗരവൽക്കരണം കൂടുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ ഏകാന്തവും വിജനവുമായ ഭവനങ്ങൾ വർധിക്കുന്നു. തൊഴിലിനും വിദ്യാഭ്യാസത്തിനുമായി നഗരങ്ങളിലെത്തുന്ന സ്ത്രീകളുടെ ആവശ്യങ്ങൾ (പാർപ്പിടം, സുരക്ഷിതമായ പൊതുവിടങ്ങൾ, യാത്രാ സൗകര്യങ്ങൾ) നഗരാസൂത്രണത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരണം.

### 5. വയോജനപരിപാലനവും ലിംഗനീതിയും

വാർധക്യത്തിന്റെയും തൊഴിൽ കുടിയേറ്റത്തിന്റെയും ഫലങ്ങളെ കൈകാര്യം ചെയ്യുമ്പോൾ അതിന്റെ ലിംഗനീതിപരമായ പ്രശ്നങ്ങൾ കൂടി കണക്കിലെടുക്കണം.

- **വാർധക്യത്തിന്റെ സ്ത്രീവൽക്കരണം:** 2051-ലെ പ്രതീക്ഷിത കണക്കുകൾ പ്രകാരം വയോജന സംഖ്യ ഇപ്പോഴുള്ളതിന്റെ 2.6 ഇരട്ടിയാകും. ഇതിൽ 80 വയസ്സിനു മുകളിലുള്ളവരിൽ (Oldest Old) ഭൂരിഭാഗവും സ്ത്രീകളായിരിക്കും.
- **ഉത്തരവാദിത്വ പങ്കുവയ്ക്കൽ:** വയോജനപരിപാലനം സ്ത്രീകളുടെ മാത്രം ഗാർഹിക ഉത്തരവാദിത്വമായി (Unpaid domestic labour) കാണാതെ, അത് കുടുംബാംഗങ്ങളിലേക്കും (കുട്ടികൾ ഉൾപ്പടെ) സമൂഹത്തിലേക്കും വിതരണം ചെയ്യപ്പെടണം. വീടുകളിലെ കിടപ്പുരോഗികളെ സംരക്ഷിക്കുന്നതിൽ സാമൂഹ കപിന്തുണ സന്നദ്ധ പാലിയേറ്റിവ് സംവിധസനത്തിലൂടെ നൽകണം.
- **സംവിധാനങ്ങൾ:** ഇതിനായി പകൽ വീടുകൾ, വയോജനകേന്ദ്രങ്ങൾ, കിടപ്പുരോഗികൾക്കുള്ള പരിചരണ കേന്ദ്രങ്ങൾ, ഹോം നഴ്സിങ് സംവിധാനങ്ങൾ എന്നിവ വിപുലീകരിക്കണം. വയോജനങ്ങളുടെ അറിവും കഴിവും പ്രയോജനപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിക്കണം.

### 6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം

മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക-കുടുംബ ബന്ധങ്ങൾ, സാമ്പത്തിക ഘടന, കാലാവസ്ഥാ വ്യതിയാനം എന്നിവ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ തദ്ദേശ സ്ഥാപനങ്ങളെ സജ്ജമാക്കണം.

- **ശേഷി വർധിപ്പിക്കൽ:** ജനപ്രതിനിധികൾക്ക് (സ്ത്രീകൾക്കും പുരുഷന്മാർക്കും) ഭരണപരമായ കാര്യങ്ങൾക്കൊപ്പം, സാമൂഹിക മാറ്റങ്ങളെയും പുതിയ വെല്ലുവിളികളെയും വിശകലനം ചെയ്യാനുള്ള ശേഷി വർധിപ്പിക്കൽ പരിശീലനങ്ങൾ നൽകണം.
- **സാമൂഹിക സംരക്ഷണം:** അനൗപചാരിക മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കും, ദുരന്തസാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും, ലിംഗ വൈവിധ്യമുള്ള സമൂഹങ്ങൾക്കും (Transgender & LGBTQIA+) വേണ്ടി

ആധുനിക സാമൂഹിക സംരക്ഷണ സംവിധാനങ്ങൾ നടപ്പിലാക്കണം.

## 7. അതിക്രമങ്ങളെ അഭിസംബോധന ചെയ്യൽ (Justice and Rehabilitation)

ലിംഗസമത്വം കൈവരിക്കുന്നതിന് ലിംഗപരമായ അക്രമങ്ങളെ തടയേണ്ടത് അത്യന്താപേക്ഷിതമാണ്.

- **ക്രൈം മാപ്പിങ് :** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ത്രീകളുടെ വിപുലമായ പങ്കാളിത്തത്തോടു കൂടി ക്രൈം മാപ്പിങ് നടത്തണം. ഇതിന്റെയടിസ്ഥാനത്തിൽ വേണം അതിക്രമങ്ങൾ കുറയ്ക്കാനുള്ള പ്രാദേശിക പദ്ധതി തയ്യാറാക്കാൻ.
- **പ്രാദേശിക ആക്ഷൻ പ്ലാൻ:** ഗാർഹിക പീഡനങ്ങൾ, സ്ത്രീധന ഉപദ്രവങ്ങൾ, സദാചാര ആക്രമണങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ തടയാൻ പ്രാദേശികതലത്തിൽ കൃത്യമായ 'ആക്ഷൻ പ്ലാൻ' രൂപീകരിക്കണം. ഇതിനായി പഞ്ചായത്തുകളെയും നഗരസഭകളെയും സഹായിക്കാനും സമ്മർദം ചെലുത്താനും സ്ത്രീ സംഘടനകളും സാമൂഹിക സംഘടനകളും മുന്നിട്ടിറങ്ങണം.
- **നീതിയും പുനരധിവാസവും:** അതിക്രമങ്ങളെ അതിജീവിക്കുന്നവർക്ക് (Survivors) വേഗത്തിലുള്ള നീതിയും സുസ്ഥിരമായ പുനരധിവാസവും ഉറപ്പാക്കണം. പ്രതിരോധത്തിനായുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ (ജാഗ്രതാ സമിതികൾ, ലീഗൽ എയ്ഡ് ക്ലിനിക്കുകൾ) ശക്തിപ്പെടുത്തണം.

## 8. ജൻഡർ ബഡ്ജറ്റിങ് ഫലപ്രദമാക്കുക.

വികസനപദ്ധതികളിൽ സ്ത്രീപരിഗണന വർധിപ്പിക്കുന്നതിന് ഫലപ്രദമായ ഒരു ഉപകരണമായി ജൻഡർ ബഡ്ജറ്റിങ്ങിനെ കേരളത്തിൽ ഉപയോഗപ്പെടുത്തിയ അനുഭവം നമ്മുക്കുണ്ട്.

- **സംസ്ഥാന ബജറ്റ് :** സംസ്ഥാന ബഡ്ജറ്റിനോടൊപ്പമുള്ള ജൻഡർ റിപ്പോർട്ട് സമഗ്രവും ഫലപ്രദവും ആക്കണം.
- **തദ്ദേശഭരണ സ്ഥാപനങ്ങളുടെ വനിതാ ഘടക പദ്ധതി :** വനിത ഘടകപദ്ധതിയുടെ ഉള്ളടക്കം സംബന്ധിച്ച് വിമർശനകരമായ അവലോകനം നടത്തുകയും അവ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകുയും വേണം.

## 9. വനിതാ കമ്മീഷനെ ശക്തിപ്പെടുത്തുക

മറ്റുപല സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഫലപ്രദമായി പ്രവർത്തിക്കുന്ന വനിതാ കമ്മീഷനാണ് കേരളത്തിലുള്ളത്. വനിതാ കമ്മീഷനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കീഴ്ത്തട്ടിലുള്ള ജാഗ്രതാ സമിതികളെ പ്രവർത്തനക്ഷമമാക്കേണ്ടതും പ്രധാനമാണ്.

സ്ത്രീകൾക്കെതിരായ എല്ലാവിധ അതിക്രമങ്ങളെയും വിവേചനങ്ങളെയും തടയാനുള്ള അന്തരീക്ഷ സൃഷ്ടിയായിരിക്കണം നവകേരളത്തിലെ ലിംഗനീതി വികസനത്തിന്റെ പ്രധാന അജണ്ട. സ്ത്രീകളും ട്രാൻസ്ജെൻഡർ വ്യക്തികളും വയോജനങ്ങളും ഉൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങളെയും വികസനത്തിന്റെ ഗുണഭോക്താക്കൾ എന്നതിലുപരി വികസന പ്രക്രിയയുടെ നിർണ്ണായക പങ്കാളികളായി മാറ്റുവാനുള്ള ഒരു പരിപാടിയാണ് നമ്മൾ വിഭാവനം ചെയ്യേണ്ടത്. ക്ഷേമാധിഷ്ഠിത ഇടപെടലുകളിൽ നിന്ന് സാമ്പത്തിക ശാക്തീകരണത്തിലും സുസ്ഥിരമായ ഉപജീവനമാർഗത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള സമഗ്രമായ ഒരു സമീപനമായി കേരളത്തിന്റെ ലിംഗസമത്വ അജണ്ട വികസിച്ചിരിക്കുന്നു.

# 9

# കുടുംബശ്രീ - വളർച്ചയുടെ അടുത്തഘട്ടം

ഇന്ന് ലോകമെമ്പാടും അറിയപ്പെടുന്ന സ്ത്രീകളുടെ അയൽക്കൂട്ട സംവിധാനമാണ് കുടുംബശ്രീ. കുടുംബ ശ്രീയെക്കുറിച്ചുള്ള പുസ്തകങ്ങളുടെയും ലേഖനങ്ങളു ടെയും അതിവിപുലമായ സാഹിത്യത്തിലൂടെ കണ്ണോ ടിച്ചാൽ മതി പണ്ഡിതലോകത്തിന്റെയും നയകർത്താ ക്കളുടെയും എത്രമാത്രം ശ്രദ്ധ കുടുംബശ്രീ പിടിച്ചുപ റ്റിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ.

1998-ൽ ഇ.കെ. നായനാർ സർക്കാർ ദാരിദ്ര്യലഘൂക രണം എന്ന പ്രഥമ ലക്ഷ്യത്തോടെ മൂന്ന് വ്യത്യസ്ത പ്രവർത്തനധാരകളുടെ അനുഭവങ്ങൾ സംയോ ജിപ്പിച്ചാണ് കുടുംബശ്രീ സംവിധാനത്തിനു രൂപം നൽകിയത്. രണ്ടാം കേരള പഠന കോൺഗ്രസാണ് കുടുംബശ്രീ സംവിധാനത്തെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട സംഘടനാചിട്ടകളും ദിശാബോധവും കുടുംബശ്രീയുടെ പരിണാമത്തെ ഗാഢമായി സ്വാ ധീനിച്ചിട്ടുണ്ട്. അഞ്ചാം കേരള പഠന കോൺഗ്രസ് നാളിതുവരെയുള്ള കുടുംബശ്രീ അനുഭവങ്ങൾ വില യിരുത്തി ഇന്നത്തെ പുതിയ സാഹചര്യത്തിൽ കുടും ബശ്രീയുടെ അടുത്ത കുതിപ്പിനുള്ള അജണ്ടയ്ക്ക് രൂപം നൽകാനാണ് ശ്രമിക്കുന്നത്.

## I
## കുടുംബശ്രീയുടെ രൂപീകരണവും വളർച്ചയും

### മൂന്നു ധാരകൾ

കേരളത്തിൽ ജനകീയാസൂത്രണം സൃഷ്ടിച്ച സന്നദ്ധപ്ര വർത്തനത്തിന്റെ ഉത്സ വാന്തരീക്ഷമാണ് കുടുംബശ്രീ യുടെ പിറവിക്കും വ്യാപനത്തിനും സഹായകമായത്. സ്ത്രീകളുടെ സാമൂഹിക സംഘടനാ സംവിധാനത്തി ലൂടെ ദാരിദ്ര്യത്തെ അതിജീവിക്കാനുള്ള പ്രാപ്തിനേടാൻ സഹായിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളുടെ സഹായത്തോടെ സമത പോലുള്ള മൈക്രോ ഫിനാൻസ് കൂട്ടങ്ങളും പല പഞ്ചായത്തു കളിലും പൊതു അയൽക്കൂട്ടങ്ങളും രൂപംകൊണ്ടു. വനിതാ ഘടക പദ്ധതിയുടെ ഭാഗമായി ഒട്ടേറെ സ്ത്രീകളുടെ തൊഴിൽഗ്രൂപ്പുകളും സ്വയംസഹായ സംഘങ്ങളും രൂപംകൊണ്ടു.

പക്ഷേ, കുടുംബശ്രീയുടെ തുടക്കം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സ്ത്രീകൾക്കുവേണ്ടി ഏഴാം പദ്ധതിക്കാ ലത്ത് നടപ്പാക്കിയ അർബൻ ബെയ്സിക് സർവീസസ് എന്ന സ്കീമാണ്. യൂണിസെഫിന്റെ സഹായത്തോടെ ആലപ്പുഴയിൽ നടത്തിയ പരീക്ഷണമായിരുന്നു ഏറ്റവും വിജയിച്ചത്. ഇവിടെ ദരിദ്രകുടുംബങ്ങളെ കണ്ടെത്തുവാൻ സുതാര്യമായ ഒൻപത് സാമ്പത്തിക ക്ലേശഘടകങ്ങളെ ഉപയോഗപ്പെടുത്തിയത് പ്രസി ദ്ധമായിത്തീർന്നു. അയൽക്കൂട്ടങ്ങളെ വാർഡുതല ത്തിൽ ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികളായും (എഡിഎസ്), മുനിസിപ്പൽതലത്തിൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളായും (സിഡിഎസ്) ഏകോപിപ്പിച്ചു. ലഘു സമ്പാദ്യ വായ്പയായിരുന്നു ഒരു പ്രധാന പ്രവർത്തനം. അയൽക്കൂട്ടങ്ങളുടെ മൈക്രോ പ്ലാനുകളെ ഉദ്ഗ്രഥിച്ചുകൊണ്ട് മുനിസിപ്പൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി.

ആലപ്പുഴ സിഡിഎസ് പരിപാടിയുടെ വിജയം സംസ്ഥാനത്തെ മറ്റു മുനിസിപ്പാലിറ്റികളിലേക്കുകൂടി ഈ സ്കീം വ്യാപിപ്പിക്കുന്നതിനു പ്രചോദനമായി. മുനി സിപ്പൽ വരുമാനത്തിന്റെ 2 ശതമാനം ഉൾക്കൊള്ളി ച്ചുകൊണ്ട് ദാരിദ്ര്യനിർമ്മാർജനനിധി രൂപീകരിക്കുക യും ദാരിദ്ര്യനിർമ്മാർജന മിഷനു രൂപം നൽകുകയും ചെയ്തു.

അതുപോലെതന്നെ സാക്ഷരതാ പ്രസ്ഥാനത്തിന്റെ തുടർച്ചയായി മലപ്പുറം ജില്ലയിലാകെ രൂപംകൊണ്ട സ്വയംസഹായ സംഘങ്ങൾ ആയിരുന്നു മറ്റൊരു ധാര. ആലപ്പുഴയിലെ അനുഭവങ്ങളോടു വളരെ സാദൃശ്യം പുലർത്തുന്ന സംവിധാനമാണ് മലപ്പുറം ജില്ലയിൽ സാമൂഹികാധിഷ്ഠിത പോഷകാഹാര പരിപാടി, ദാരി ദ്ര്യനിർമ്മാർജന പരിപാടി എന്നീ പേരുകളിൽ ആവിഷ്ക രിച്ചു നടപ്പിലാക്കിയത്. സാക്ഷരതാ പ്രവർത്തകരായി രുന്നു സ്വയംസഹായ സംഘങ്ങളുടെയും എഡിഎസ്, സിഡിഎസുകളുടെയും സംഘാടകരായി പ്രവർത്തി ച്ചത്. മലപ്പുറത്തിന്റെ പ്രത്യേകത ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും ഫെഡറേഷനുകൾ ഉണ്ടായിരുന്നു എന്നതാണ്.

സർക്കാരുമായി ബന്ധപ്പെട്ട് രൂപംകൊണ്ട വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയ അയൽക്കൂട്ടങ്ങൾ / സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നൽകേണ്ടത് ആവശ്യമായിത്തീർന്നു. ഇതിനായി 1998-ൽ ജനകീയാസൂത്രണത്തിന്റെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളോടു ബന്ധപ്പെടുത്തി

ക്കൊണ്ട് കേരളത്തിന് അനുയോജ്യമായ മാതൃകയ്ക്കു രൂപം നൽകുന്നതിന് ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ തദ്ദേശഭരണ വകുപ്പ് മന്ത്രി പാലൊളി മുഹമ്മദ് കുട്ടി കുടുംബശ്രീ എന്ന പേരിൽ പുതിയൊരു മിഷനു രൂപം നൽകാൻ മുൻകൈയെടുത്ത്. 250 പഞ്ചായത്തുകളിൽ ആദ്യം കുടുംബശ്രീ പരീക്ഷണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

## ലോകബാങ്കും മൈക്രോ ക്രെഡിറ്റും

പാവപ്പെട്ടവർക്കു വായ്പ സുപ്രധാനമാണ്. എന്നാൽ ഔപചാരിക ബാങ്കിങ് സംവിധാനത്തിൽനിന്ന് പാവപ്പെട്ടവർക്കു വായ്പ ലഭിക്കുന്നില്ലായെന്നതാണ് അനുഭവം. ഈ പശ്ചാത്തലത്തിലാണ് പാവപ്പെട്ടവർക്ക് വായ്പ ഉറപ്പാക്കുന്നതിന് ഫലപ്രദമായ ഒരു സംവിധാനമെന്ന നിലയിൽ സ്വയംസഹായ സംഘങ്ങളുടെ അടിസ്ഥാനത്തിലുള്ള ലഘുസമ്പാദ്യ വായ്പാ രീതികൾ അംഗീകാരം നേടിയത്.

ലോകബാങ്കിന്റെയും മറ്റും പിന്തുണയോടെ മൈക്രോ ക്രെഡിറ്റ് സംവിധാനങ്ങൾ ഒരു ആഗോള പ്രതിഭാസമായി മാറി. ലോകബാങ്കിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ആഗോള മൈക്രോ ക്രെഡിറ്റ് പദ്ധതിയിൽ ദാരിദ്ര്യനിർമ്മാർജനത്തിനുള്ള ഒറ്റമൂലിയായിട്ടാണ് മൈക്രോ ഫിനാൻസിനെ കണ്ടത്. ഇതിന് ആവശ്യമായ ഭീമമായ തുക അന്തർദേശീയ ഫിനാൻസ് മാർക്കറ്റിൽ നിന്നു ലഭ്യമാക്കാനാവുമെന്നായിരുന്നു ലോകബാങ്കിന്റെ കാഴ്ചപ്പാട്. പലിശയും തിരിച്ചടവും ഉറപ്പുവരുത്തിയാൽ മതിയാകും. അന്തർദേശീയ ഫിനാൻസ് മൂലധനത്തിന് ലാഭകരവും സുരക്ഷിതവുമായ ഒരു മേഖലയായി മൈക്രോ ക്രെഡിറ്റിനെ മാറ്റണം. ഇതിനുള്ള ഉത്തമ പ്രവർത്തനരീതികളുടെ ഒരു വലിയ സഞ്ചയത്തിന് ലോകബാങ്ക് രൂപം നൽകിയിട്ടുണ്ട്. അതുപ്രകാരം പലിശനിരക്ക് കുറച്ച് ഉയർന്നാലും പ്രശ്നമില്ല. വായ്പ ലഭ്യമാകുമെന്ന് ഉറപ്പുവരുത്തലാണ് പ്രധാനം. സംഘാടനത്തിനുള്ള ഏജൻസികളായി ലോകബാങ്ക് കണ്ടത് സന്നദ്ധസംഘടനകളെയാണ്. മൈക്രോ ക്രെഡിറ്റ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കണമെ

ങ്കിൽ സമാന്തരമായ സബ്സിഡിയോടുകൂടിയ മറ്റു സംവിധാനങ്ങൾ പാടില്ല. ആഗോള മൈക്രോ ക്രെഡിറ്റ് ഫിനാൻസ് വ്യവസായത്തിനു രൂപം നൽകുവാൻ ആയിരുന്നു ലോകബാങ്കിന്റെ ശ്രമം. ചുരുക്കത്തിൽ ദാരിദ്ര്യനിർമ്മാർജനം ലാഭകരമായ ഒരു ബിസിനസായി മാറണം.

## അയൽക്കൂട്ട സംവിധാനം

പക്ഷേ, കുടുംബശ്രീയെ ലോകബാങ്ക് മാതൃകയിൽ നിന്നു വ്യത്യസ്തമാക്കുന്ന പ്രത്യേകതകളുണ്ട്. അതിൽ പ്രധാനം അയൽക്കൂട്ടങ്ങളായിട്ടാണ് സ്വയംസഹായ സംഘങ്ങളായിട്ടല്ല ഈ ശൃംഖല സംഘടിപ്പിച്ചിട്ടുള്ളത് എന്നതാണ്. ജാതി-മത-പാർട്ടി ഭേദങ്ങൾക്ക് അതീതമായി സംഘടിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളുടെ ശൃംഖലയാണ് കുടുംബശ്രീ. മറ്റു സ്വയംസഹായ സംഘങ്ങൾ ഇഷ്ടക്കാരുടെ കൂട്ടങ്ങളാണ്. അയലത്തുകാരാണെങ്കിൽ കുടുംബശ്രീയിൽ നിന്ന് ഒരു കുടുംബത്തെയും ഒഴിവാക്കാനാവില്ല. മതത്തിന്റെയും ജാതിയു

ടെയും അടിസ്ഥാനത്തിലുള്ള സ്വയംസഹായ സംഘങ്ങൾ സാമൂഹികമൈത്രിക്കു വിനയായിത്തീരാം. കേരളത്തിലെ നിലവിലുള്ള മറ്റു സ്വയംസഹായ ശൃംഖലകളിൽ നിന്നും കുടുംബശ്രീയെ വേർതിരിക്കുന്ന ഒരടിസ്ഥാന സവിശേഷതയാണ് അതിന്റെ പൊതു സ്വഭാവം.

മാത്രമല്ല, സ്വയംസഹായ സംഘമെന്ന പേര് തെറ്റായ ഒരു വ്യാഖ്യാനത്തിനിടയാക്കിയേക്കാം. പാവപ്പെട്ടവരെ സഹായിക്കാൻ അവർ അല്ലാതെ വേറെ ആരുമില്ല എന്തുകൊണ്ടാണ് അവർ ദരിദ്രരായി ഇരിക്കുന്നത്? കാരണം അവർ സമ്പാദിച്ചില്ല. കിട്ടിയതെല്ലാം ചെലവാക്കിക്കളഞ്ഞു. എന്താണു മോക്ഷമാർഗം-ലഘുസമ്പാദ്യവും അതിന്റെ അടിസ്ഥാനത്തിലുള്ള വായ്പയും. ഇത്തരം വ്യാഖ്യാനം തികച്ചും അരാഷ്ട്രീയമാണ് എന്ന് പറയേണ്ടതില്ലല്ലോ.

## ദാരിദ്ര്യ നിർമ്മാർജനവും കുടുംബശ്രീയും

മൈക്രോ ഫിനാൻസിനെ ദാരിദ്ര്യ നിർമ്മാർജനത്തിനുള്ള ഒറ്റമൂലിയായി കുടുംബശ്രീ കാണുന്നില്ല. മറ്റു ദാരിദ്ര്യ നിർമ്മാർജന പരിപാടികൾക്കു പൂരകമായിട്ടാണ് സൂക്ഷ്മ സമ്പാദ്യത്തെയും വായ്പയെയും പ്രതിഷ്ഠിക്കുന്നത്. സർക്കാരിന്റെ എല്ലാ ദാരിദ്ര്യനിർമ്മാർജന പരിപാടികളും ഒരുമിച്ചുകൊണ്ടുവരുവാനുള്ള വേദിയാണ് കുടുംബശ്രീ. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പരിപാടികൾ കുടുംബശ്രീ വഴിയാണ് നടപ്പാക്കുന്നത്. അതുപോലെതന്നെ നഗരങ്ങളിലെ കേന്ദ്രാവിഷ്കൃത പാർപ്പിട പദ്ധതിയും കുടുംബശ്രീ വഴിയാണ് നടപ്പാക്കുന്നത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആശ്രയ, അതിദാരിദ്ര്യ നിർമ്മാർജനം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പും കുടുംബശ്രീക്കാണ്. അങ്ങനെ കേന്ദ്ര-സംസ്ഥാന പ്രാദേശിക സർക്കാരുകളുടെ ഒരു പ്രധാനപ്പെട്ട നിർവഹണ ഏജൻസിയായി കുടുംബശ്രീ മാറി.

സ്വയം സഹായസംഘ വായ്പകളെ ഭൂപരിഷ്കരണം, പൊതു ആരോഗ്യ-വിദ്യാഭ്യാസ സംവിധാനങ്ങൾ, പൊതുവിതരണ സമ്പ്രദായം, തൊഴിലവസരങ്ങൾ വർധിപ്പിക്കാനുള്ള പരിപാടികൾ, മറ്റു ദാരിദ്ര്യനിർമ്മാർജന പരിപാടികൾ ഇവയ്ക്കെല്ലാം ബദലായി കണ്ടാൽ പരാജയം അനിവാര്യമാണ്. അവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള സമീപനത്തിൽ സബ്സിഡികൾ ഒഴിവാക്കാനാവില്ല.

### കുടുംബശ്രീയിലെ അംഗത്വവും ദരിദ്ര കുടുംബങ്ങളും

ദാരിദ്ര്യ നിർമ്മാർജനമാണ് കുടുംബശ്രീയുടെ പ്രധാനപ്പെട്ട ലക്ഷ്യമെങ്കിൽ ദരിദ്ര കുടുംബങ്ങളിലേക്ക് അതിന്റെ അംഗത്വം പരിമിതപ്പെടുത്തുന്നതല്ലേ പ്രായോഗികം എന്നൊരു ചിന്ത പ്രബലമായിരുന്നു. ആലപ്പുഴയിലെയും മലപ്പുറത്തെയും അയൽക്കൂട്ടങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ളവർക്കേ അംഗത്വം അനുവദനീയമായിരുന്നുള്ളൂ. എന്നാൽ കുടുംബശ്രീ രൂപീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്ന സ്വയംസഹായ സംഘങ്ങളിൽ ഏതാണ്ട് എല്ലായിടത്തും ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവരും ഉൾപ്പെട്ടിരുന്നു. ഇതു വലിയൊരു തർക്കവിഷയമായി.

സൈദ്ധാന്തികമായോ പ്രായോഗികമായോ ദാരിദ്ര്യരേഖയ്ക്കു കൃത്യത അവകാശപ്പെടാനാവില്ല. എങ്കിലും സർക്കാർ പരിപാടികൾ നടപ്പിലാക്കുമ്പോൾ ഇത്തരമൊരു രേഖ അനിവാര്യമാണ്. എന്നാൽ സാമൂഹിക വിശകലനത്തിനോ സാമൂഹിക പ്രവർത്തനത്തിനോ ഉള്ള ഒരു അടിസ്ഥാന ഉപാധിയായി ദാരിദ്ര്യരേഖയെ സ്വീകരിക്കുക വയ്യ. കൂലിവേലക്കാർ, സ്വയംതൊഴിലെടുക്കുന്നവർ, നാമമാത്ര കൃഷിക്കാർ എന്നുതുടങ്ങിയ പ്രത്യേക സാമൂഹികവിഭാഗങ്ങൾക്കുള്ളിൽ തന്നെ ദാരിദ്ര്യരേഖയ്ക്കു താഴെയും മുകളിലുമുള്ള കുടുംബങ്ങൾ ഉണ്ടാവും. കണക്കുകൾ പ്രകാരം ദാരിദ്ര്യരേഖയ്ക്കു തെല്ലുമുകളിൽ ആയിപ്പോയതുകൊണ്ട് മറ്റൊരു സാമൂഹിക വിഭാഗമായി ഇവരെ കാണേണ്ടതില്ല.

ഇടത്തരം, മേൽത്തരം കുടുംബങ്ങളിൽ നിന്ന് അത്യപൂർവമായേ സ്ത്രീകൾ സ്വയംസഹായ സംഘങ്ങളിൽ അംഗങ്ങളാകാറുള്ളൂ. അതുകൊണ്ട് സംഘത്തിന്റെ ഏകീകൃത സ്വഭാവം നഷ്ടപ്പെടുമെന്നുള്ള ഭയം അസ്ഥാനത്താണ്. ആഴ്ചതോറുമുള്ള യോഗങ്ങൾ മാറിമാറി എല്ലാ അംഗങ്ങളുടെയും വീടുകളിൽ ചേരണമെന്ന നിബന്ധന സംഘപ്രവർത്തനത്തിൽ താൽപര്യമില്ലാത്ത മേലേക്കിടക്കാരെ ഒഴിവാക്കാൻ പര്യാപ്തമാണ്. സുതാര്യമായ രീതിയിൽ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖ തയ്യാറാക്കുമ്പോൾ ദരിദ്രർക്കുള്ള ഫണ്ടിന്റെ ദുർവിനിയോഗം ഉണ്ടാകുമെന്നുള്ള ആശങ്ക അസ്ഥാനത്താണ്.

നായനാർ സർക്കാരിനുശേഷം കുടുംബശ്രീയെ വീണ്ടും ദരിദ്ര കുടുംബങ്ങളുടെ സംഘടനയാക്കി മാറ്റുന്നതിന് ഒരു പരിശ്രമം നടത്തുകയുണ്ടായി. അതു വിജയിച്ചിരുന്നുവെങ്കിൽ ദരിദ്രർക്കും അല്ലാതുള്ളവർക്കും പ്രത്യേകം സംഘടനകൾ ഉണ്ടായേനെ. മാത്രമല്ല, നാട്ടിൻപുറങ്ങളിലെ വനിതാനേതൃത്വം പലപ്പോഴും ദാരിദ്ര്യരേഖയ്ക്കു തൊട്ടുമുകളിലുള്ള വിഭാഗത്തിൽ നിന്നാണു വരിക. അവരുടെ സേവനം കുടുംബശ്രീക്കു ലഭ്യമാകാതെ വന്നേനെ. ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർ ദരിദ്രരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുമെന്ന ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. അതു തടയാൻ കൃത്യമായ ചട്ടങ്ങൾ ഉണ്ടാക്കിയാൽ മതി.

കുടുംബശ്രീ ഏതൊരു കുടുംബത്തിനും അംഗമാകാവുന്ന വിശാലമായ വേദിയാണെന്ന് കണ്ടുവല്ലോ. എങ്കിലും ദൗർഭാഗ്യവശാൽ ഒട്ടേറെ സമാന്തര സ്വയം സഹായ സംഘങ്ങൾ കേരളത്തിൽ ഇന്നു നിലവിലുണ്ട്. ഇവയിലുള്ള ഇരട്ട അംഗത്വം കുടുംബശ്രീയുടെ മാത്രമല്ല മൈക്രോ ക്രെഡിറ്റ് സംവിധാനത്തിന്റെ തന്നെ ഭാവിക്കു ഭീഷണിയാണ്.

ഒരുഘട്ടത്തിൽ കുടുംബശ്രീക്കു സമാന്തരമായി ജനശ്രീ എന്ന ഒരു സന്നദ്ധസംഘടനാ സംവിധാനത്തിന് ഔദ്യോഗിക അംഗീകാരം നൽകുന്നതിനും സർക്കാർ ധനസഹായം കൊടുക്കുന്നതിനുമുള്ള പരിശ്രമം നടന്നു. കേരളത്തിൽ നടന്ന ഏറ്റവും വലിയ വനിതാ രാപ്പകൽ സമരത്തിലൂടെയാണ് ഇതിനെ കുടുംബശ്രീ പ്രവർത്തകർ എതിർത്തു തോൽപ്പിച്ചത്.

### രണ്ടാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ ചർച്ചകൾ

2005-ലെ രണ്ടാം പഠന കോൺഗ്രസ്സിൽ കുടുംബശ്രീയുടെ സമഗ്ര നവീകരണത്തിനുള്ള കർമ്മപരിപാടി വിശദമായി ചർച്ച ചെയ്തിരുന്നു. ഇതിൽ നിന്നും രൂപപ്പെട്ട പ്രവർത്തന സമീപനത്തിന്റെ അടിസ്ഥാനത്തിൽ 2006-2011 കാലഘട്ടത്തിൽ സമഗ്രനവീകരണം കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞു. കുടുംബശ്രീ സംഘടനാ ശാക്തീകരണം, സംരംഭവികസനം, വിപണിവികസനം, ജെൻഡർ സെൽഫ് ലേണിങ് തുടങ്ങി വിവിധ മേഖലയിൽ നടത്തിയ പ്രത്യേക ഇടപെലുകൾ വഴി മികച്ച പുരോഗതി കുടുംബശ്രീയിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഈ മാറ്റങ്ങളാണ് ദേശീയ ഉപജീവന മിഷൻ കുട്ടംബശ്രീയെ ദേശീയ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചത്. സ്ത്രീകളുടെ സാമൂഹിക സംഘടനാ സംവിധാനവും പഞ്ചായത്തും സംയോജിച്ച് നടത്തുന്ന ദാരിദ്ര്യനിർമ്മാർജന സാമൂഹിക ശാക്തീകരണ പരിപാടി, ഉപജീവന - സംരംഭവികസന പരിപാടി, ജെൻഡർ സെൽഫ് ലേണിങ്, ബാലസഭ, ബഡ്സ്, ആശ്രയ, തുടങ്ങിയവ മറ്റു സംസ്ഥാനങ്ങളിൽ ദേശീയ ഉപജീവനമിഷന്റെ ഭാഗമായി നടപ്പാക്കാനുള്ള സാങ്കേതികസഹായം കുട്ടംബശ്രീ എൻ.ആർ.ഒ. നൽകുന്നുണ്ട്.

## II

## തദ്ദേശ ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും

### കുടുംബശ്രീയുടെ ബൈലോ ഭേദഗതി

സർക്കാർ ഏജൻസികളോ സന്നദ്ധ സംഘടനകളോ അല്ല കുടുംബശ്രീയെ സംഘടിപ്പിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് അവ രൂപംകൊണ്ടിട്ടുള്ളത്. ബോധപൂർവമാണ് മലപ്പുറത്തേതു പോലെ ബ്ലോക്ക്-ജില്ലാതലത്തിലുള്ള ഫെഡറേറ്റിങ് സംവിധാനങ്ങൾ കുടുംബശ്രീയിൽ വേണ്ടെന്നുവച്ചത്. തുടർന്നുള്ള വളർച്ചയുടെഘട്ടങ്ങളിലും പഞ്ചായത്തുകളുടെ / നഗരസഭകളുടെ ഫലപ്രദമായ ഇടപെടലും പിന്തുണയുമുണ്ടായിരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതികളിൽ വനിതാ

ഘടകപദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നായി കുടുംബശ്രീ മാറി.

2007-ൽ ബൈലോ ഭേദഗതി സിഡിഎസുകളുടെ സ്വയംഭരണാവകാശത്തെ ഉറപ്പിച്ചു. ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം കൊണ്ടുവന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം ദൃഢപ്പെടുത്താൻ വിലയിരുത്തൽ സമിതിക്കു രൂപം നൽകി. കുടുംബശ്രീ സിഡിഎസിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനും ഒരുമിച്ചുള്ള പ്രവർത്തനം സാധ്യമാക്കുന്നതിനും ഇത് ഉപകരിച്ചു. കൂടാതെ, എല്ലാ വർഷവും കുടുംബശ്രീ തയ്യാറാക്കുന്ന ആവശ്യാധിഷ്ഠിത കർമ്മപരിപാടി (സിഡിഎസ് ആക്ഷൻ പ്ലാൻ)-യുടെ മാതൃകയിൽ നിന്ന് രൂപപ്പെട്ടതാണ് ഇപ്പോൾ എൻ.ആർ.എൽ.എം. രാജ്യത്തൊട്ടാകെ നടപ്പിലാക്കാൻ ശ്രമിക്കുന്ന വി.പി.ആർ.പി. (Village Poverty Resilience Plan). ഈ കർമ്മപരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്കും യഥാർഥ സേവനാർഥികളെ കണ്ടെത്തുന്നതിനും സഹായകരമാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുടെ ദൈനംദിനപ്രവർത്തനങ്ങളിൽ ഇടപെടുന്നത് നിയന്ത്രിച്ചു. ഭാരവാഹികളെ നാമനിർദേശം ചെയ്യുന്നതിന് പകരം തിരഞ്ഞെടുക്കുന്നതിനുള്ള ചട്ടങ്ങൾക്ക് രൂപം നൽകി.

## പ്രാദേശിക ജനാധിപത്യവൽക്കരണത്തിന്റെ ഭാഗം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി അധികാര വികേന്ദ്രീകരണ പ്രക്രിയയിലെ ജനകീയപങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നത് കുടുംബശ്രീയുടെ ആദ്യകാല ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ പ്രാദേശിക ജനാധിപത്യത്തിന്റെ അടിസ്ഥാനവേദികളായ ഗ്രാമസഭകളുടെ ഉപഘടകങ്ങളാക്കി മാറ്റാനാ യാൽ അത് നമ്മുടെ ജനാധിപത്യത്തിന്റെ ആഴവും പരപ്പും വർധിപ്പിക്കും. ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ ഇതിനു വേണ്ടിയാണ് പൊതു അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് മുൻകൈയെടുത്തത്. എന്നാൽ അവയെക്കാൾ ഫലപ്രദം കൂടുതൽ സ്വയം പ്രവർത്തനക്ഷമമായ കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഗ്രാമസഭ ഉപഘടകങ്ങൾ ആക്കുകയാണ് എന്ന് കാണുന്നതിന് പ്രയാസമുണ്ടായില്ല. നാടിന്റെ ജനാധിപത്യവൽക്കരണത്തിന്റെ ഭാഗമായിട്ടാണല്ലോ കുടുംബശ്രീ രൂപംകൊണ്ടതുതന്നെ. ഗ്രാമസഭ ചേരുംമുമ്പ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ചേർന്ന് അജൻഡ വിശദമായി ചർച്ചചെയ്താൽ ഫലപ്രദമായി ഗ്രാമസഭാ ചർച്ചയിൽ പങ്കെടുക്കാനാവും. കുടുംബശ്രീ അംഗങ്ങൾ അല്ലാത്ത കുടുംബങ്ങളെയും ഇത്തരം യോഗങ്ങളിലേക്ക് ക്ഷണിക്കാവുന്നതേയുള്ളൂ. ഒരു അടിസ്ഥാന കമ്മ്യൂണിറ്റി ഘടകമായി അയൽക്കൂട്ട സംവിധാനം മാറണം.

# III
# കാൽനൂറ്റാണ്ടിന്റെ നേട്ടങ്ങൾ

## ലഘുസമ്പാദ്യ വായ്പ

കുടുംബശ്രീയുടെ സംഘടനാസംവിധാനം വളരെ വലുതാണ്. 3.17 ലക്ഷം അയൽക്കൂട്ടങ്ങളും 19470 എഡിഎസുകളും 1070 സിഡിഎസുകളുമുണ്ട് ഇന്ന്. ഇതു കൂടാതെയാണ് സംഘകൃഷി ഗ്രൂപ്പുകളും തൊഴിൽ സംരംഭങ്ങളുമെല്ലാം.

നാല്പത്തിയെട്ടു ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുള്ള മൂന്ന് ലക്ഷത്തിലധികമുള്ള അയൽക്കൂട്ടങ്ങളുടെ നാളിതുവരെയുള്ള ആകെ സമ്പാദ്യം 9,870.77 കോടി രൂപയാണ്. പ്രസ്തുത സമ്പാദ്യത്തിൽ നിന്നും ആകെ 29,278.01 കോടി രൂപ ആന്തരിക വായ്പയായി അയൽക്കൂട്ട അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആകെയുള്ള അയൽക്കൂട്ടങ്ങളിൽ 96 ശതമാനം അയൽക്കൂട്ടങ്ങളും ഒരു തവണയെങ്കിലും ബാങ്കുമായി ഗ്രേഡ് ചെയ്തു (46,754.83 കോടി രൂപ) ലിങ്കേജ് വായ്പയുമെടുത്തിട്ടുണ്ട്.

അയൽക്കൂട്ടതലത്തിലുള്ള മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ സ്ത്രീകളുടെ സാമ്പത്തികശാക്തീകരണത്തിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീയുടെ ആദ്യകാലത്തു വായ്പ നൽകാൻ ബാങ്കുകൾ മടികാണിച്ചിരുന്ന സ്ഥാനത്തു ഇന്ന് കുടുംബശ്രീ അയൽക്കൂട്ടമാണെങ്കിൽ 20 ലക്ഷം രൂപ വരെ യാതൊരു ഈടുമില്ലാതെ വായ്പാ നൽകുന്നതിന് ബാങ്കുകൾ തയ്യാറാകുന്നു.

എന്നാൽ അതേസമയം പലപ്പോഴും ആവശ്യമില്ലെങ്കിൽകൂടി വായ്പ എടുക്കുന്ന പ്രവണതയും വായ്പയുടെ കാര്യക്ഷമമല്ലാത്ത ഉപയോഗവും വർധിച്ചുവരുന്നതായും കാണാൻ കഴിയും. ഒരു തരത്തിൽ കുടുംബശ്രീ മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ ശക്തമാകുമ്പോഴും മറുവശത്ത് സ്വകാര്യ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ കടന്നുകയറ്റം സൃഷ്ടിക്കുന്ന അമിത വായ്പാ സാഹചര്യവും കടബാധ്യതയും നിലനിൽക്കുന്നു എന്നതുകൂടി കാണാതെ വയ്യ. അതോടൊപ്പം തന്നെ കുടുംബശ്രീയുടെ വിവിധ തലങ്ങളിൽ കൈകാര്യം ചെയ്യുന്ന ഫണ്ടിന്റെ തോത് വളരെ വലുതായിരിക്കുന്ന സാഹചര്യത്തിൽ കണക്കുകൾ കൈകാര്യം ചെയ്യുന്നതിൽ ചുരുക്കം ചിലയിടങ്ങളിലെങ്കിലും അനാരോഗ്യകരമായ പ്രവണതകൾ കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ സാമ്പത്തിക സുതാര്യത ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ മിഷൻ നടത്തേണ്ടതുണ്ട്. സംഘടനാ സംവിധാനത്തിൽ സാമ്പത്തിക സുതാര്യത ഉറപ്പാക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള ഇൻറേണൽ ഓഡിറ്റിങ്, കാസ്സ് ടീം മുഖേന നടത്തുന്ന വർഷാന്ത്യ ഓഡിറ്റിങ് എന്നിവ ശക്തവും ഫലപ്രദവുമാക്കണം. കൂടാതെ, ത്രിതല സംഘടനാ സംവിധനത്തിലെ വായ്പയുടെ ഉറവിടം, വായ്പവിതരണം, വായ്പയുടെ ഉപയോഗം, വായ്പാത്തിരിച്ചടവ് എന്നിവ മോണിറ്റർ ചെയ്യുന്നതിന് സോഫ്ട്‌വയർ ഉൾപ്പെടെ

യുള്ള ശക്തമായ മോണിറ്ററിങ് സംവിധാനത്തിലേക്ക് മാറേണ്ട സമയം അധിക്രമിച്ചിരിക്കുന്നു.

### ഉപജീവനം

പ്രധാനമായും പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നിയുള്ള സംരംഭ വികസന പ്രവർത്തനങ്ങൾക്കാണ് കുടുംബശ്രീ മിഷൻ ഊന്നൽ നൽകുന്നത്. കൃഷി, മൃഗസംരക്ഷണം, നോൺ-ഫാം (ഉപ്പാദന, സേവന ട്രേഡിങ്) സംരംഭങ്ങൾ ആരംഭിക്കുന്നതിനും സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ, സാമ്പത്തികപിന്തുണകൾ, ഹാൻഡ്ഹോൾഡിങ് പിന്തുണ, മാർക്കറ്റിങ് പിന്തുണകൾ എന്നിവ നൽകാൻ കഴിയുന്ന തരത്തിൽ കുടുംബശ്രീ മിഷന്റെ പ്രൊഫഷണൽ ശേഷി ഉയർത്തേണ്ടതുണ്ട്. ആയതിനു സഹായകമായ രീതിയിൽ കുടുംബശ്രീ മിഷന്റെ മനുഷ്യവിഭവത്തിലും മനുഷ്യവിഭവ നയത്തിലും മാറ്റം കൊണ്ടു വരണം. മികച്ച പ്രൊഫഷണലുകളുടെ നേതൃത്വത്തിന്റെ അഭാവം പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നു. സർക്കാർ സംവിധാനത്തിനു പുറത്തു നിന്ന് ഉൾപ്പെടെ അനുയോജ്യ പ്രൊഫഷണലുകളുടെ സേവനം മിഷന്റെ വിവിധ ടീമുകളുടെ നേതൃത്വത്തിൽ കൊണ്ടുവരാൻ കഴിയണം. പരമ്പരാഗത ഡപ്യൂട്ടേഷൻ രീതിയിൽ ഉൾപ്പെടെ മാറ്റം അനിവാര്യമായിരിക്കുന്നു.

നാളിതുവരെയുള്ള കണക്കുകൾ പ്രകാരം ആകെ 2,61,449 സംരംഭങ്ങളിലായി 4.32 ലക്ഷം സംരംഭകർ കുടുംബശ്രീയിലുണ്ട്. 99,259 ജെ.എൽ.ജി.കളിലായി 4.53 ലക്ഷം അംഗങ്ങൾ കൃഷിചെയ്യുന്നു. മൃഗസംരക്ഷണ മേഖലയിൽ 2,17,739 യൂണിറ്റുകളിലായി 4.44 ലക്ഷം കുടുംബശ്രീ അംഗങ്ങൾ ഉപജീവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഇതൊക്കെയാണെങ്കിലും കൂടുതൽ ശ്രദ്ധയും ഇടപെടലും ആവശ്യമായ ചില മേഖലകളുണ്ട്. ചില പോരായ്മകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഷികമേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗത്തിന്റെ അഭാവവും പലപ്പൊഴും പരമ്പരാഗതരീതി പിന്തുടരുന്നതും ഫലപ്രാപ്തി കുറയുന്നതിനും ഇടയാക്കുന്നു. ആധുനിക കാർഷികരീതിയും സാങ്കേതിക വിദ്യയും ഉൾക്കൊണ്ടുകൊണ്ട് കാർഷിക മേഖലയിൽ മാറ്റം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. കുടുംബശ്രീ രൂപീകരിക്കുന്ന സംരംഭങ്ങളിൽ കൂടുതലും മൈക്രോ, നാനോ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങളാണ്. ഇത്തരത്തിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മോണിറ്ററിങ്ങിലും സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമാണു. 26 വർഷമായി സംരംഭ രൂപീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ ശ്രദ്ധ നൽകുന്നുണ്ടെങ്കിലും Higher order Enterprises വളരെ കുറച്ചുമാത്രമേ കുടുംബശ്രീയിൽ കാണാൻ സാധിക്കുന്നുള്ളൂ. സാധ്യതയുള്ള മേഖലകളിൽ Higher order Enterprise ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങളെ സാധ്യതയുടെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി Higher order Enterprises ആയി വളർത്തുന്നതിനും കുടുംബശ്രീ മിഷൻ കൂടുതൽ പ്രവർത്തന പരിപാടികളും പദ്ധതികളും ആരംഭിക്കേണ്ടതുണ്ട്. ഒരേ തരത്തിലുള്ള സംരംഭങ്ങളുടെ ക്ലസ്റ്ററുകൾ, കളക്ടീവുകൾ എന്നിവയുടെയൊക്കെ സാധ്യത ഇക്കാര്യത്തിൽ പരിശോധിക്കാവുന്നതാണ്.

വേതനാധിഷ്ഠിത തൊഴിൽ രംഗത്ത് വേണ്ടത്ര സാധ്യത പ്രയോജനപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. ഡി ഡി യു ജി കെ യിലൂടെ നടത്തുന്ന പരിമിതമായ ഇടപെടലാണ് പ്രധാനം. കേരളത്തിൽ സ്വകാര്യമേഖലയിൽ വർധിച്ചിട്ടുള്ള തൊഴിൽസാധ്യത ഇനിയും സ്ത്രീകൾക്കായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇതിനൊരു മാറ്റം വിജ്ഞാന കേരളവുമായ സഹകരിച്ചുള്ള ഹൈപ്പർലോക്കൽ ജോലികൾക്കായുള്ള നൈപുണി പരിശീലന - തൊഴിൽമേള പരിപാടിയിലൂടെ ഉണ്ടായിട്ടുണ്ട്. ഇത് എങ്ങനെ കൂടുതൽ വിപുലപ്പെടുത്തുകയും മുഖ്യപ്രവർത്തനമാക്കി മാറ്റുകയും ചെയ്യാമെന്നുള്ളത് പിന്നീട് പ്രതിപാദിക്കുന്നുണ്ട്.

### ഓക്സിലറി ഗ്രൂപ്പുകൾ

കുടുംബശ്രീയുടെ പ്രവർത്തന കാലയളവിലെ ഒരു പ്രധാന ചുവടുവയ്പ്പായിരുന്നു ഓക്സിലറി ഗ്രൂപ്പുകളുടെ രൂപീകരണം. ഒരു കുടുംബത്തിൽ നിന്നും ഒരു വനിതയ്ക്ക് മാത്രം അയൽക്കൂട്ടാംഗത്വം എന്ന നിബന്ധന യുവതലമുറയെ കുടുംബശ്രീയിൽ നിന്നും അകറ്റിനിർത്തുന്നു എന്ന തിരിച്ചറിവാണ് ഓക്സിലറി ഗ്രൂപ്പുകളുടെ രൂപീകരണത്തിലേക്ക് എത്തിച്ചത്. ഒരു കുടുംബത്തിലെ 18 വയസ്സ് മുതൽ 45 വയസ്സ് വരെയുള്ള മുഴുവൻ വനിതകൾക്കും ഓക്സിലറി ഗ്രൂപ്പുകളിൽ അംഗമാകാം. തനത് പാരമ്പര്യസംരംഭങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കുടുംബശ്രീ മൈക്രോസംരംഭ മേഖല വൈവിധ്യവൽക്കാനുള്ള സാധ്യത ഈ ഗ്രൂപ്പ് വർധിപ്പിക്കുന്നുമുണ്ട്. ചെറിയ സ്വയം സംരംഭ ഗ്രൂപ്പുകളിൽ നിന്നും മാറി നിരവധി പേർക്ക് ജോലി നൽകുന്ന സംരംഭ ചങ്ങലകളുടെ സാധ്യതയും വലുതാണ്.

പക്ഷെ ഈ രീതിയിലേക്കൊക്കെ മാറുന്ന തരത്തിലേക്ക് ഓക്സിലറി ഗ്രൂപ്പുകളെ സ്വയം സജ്ജമാക്കുന്നതിനുള്ള പരിശീലനങ്ങളും മറ്റും അവർക്കായി രൂപപ്പെടുത്തിയിട്ടില്ല എന്ന് വേണം മനസ്സിലാക്കാൻ. ഓക്സിലറി ഗ്രൂപ്പുകൾ രൂപംകൊണ്ടതിന്റെ ഉദ്ദേശം പ്രാബല്യത്തിലാവുന്ന തരത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. മാത്രമല്ല, കുടുംബശ്രീയുടെ പ്രധാന പദ്ധതികളിലൊന്നും ഇന്ന് തീരെ ദുർബലമായിക്കൊണ്ടിരിക്കുന്ന ബാലസഭകളെയും ഓക്സിലറി ഗ്രൂപ്പുകളെയും ബന്ധിപ്പിക്കാനും അതുവഴി ബാലസഭകളെ ശക്തിപ്പെടുത്താനും കഴിയുന്ന ഇടപെടലുകളും പദ്ധതികളും ഉണ്ടായിവരേണ്ടതുമുണ്ട്.

### സാമൂഹിക വികസനം

അതിദാരിദ്ര്യം, ഭിന്നശേഷി വിഭാഗക്കാർ, കിടപ്പ് രോഗികൾ തുടങ്ങി സമൂഹത്തിലെ അതിദുർബലർക്കു വേണ്ടിയുള്ള ഇടപെടലുകൾ, പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തര

വാദിത്തങ്ങളായ ഭവനം, ശുചിത്വം, ദുരന്തനിവാരണം എന്നീ മേഖലകളിലെ ഇടപെടലുകൾ, ഗ്രാമസഭാ പ്രവർത്തനം തുടങ്ങി പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സാധാരണ ജനങ്ങളിലേക്കെത്തിക്കുന്നതിനും പ്രവർത്തനഫലം ഉറപ്പാക്കുന്നതിനും കുടുംബശ്രീയുടെ പ്രവർത്തനം പ്രധാനഘടകമാണ്.

കേരളമൊന്നാകെ ദുരിതത്തിലാണ്ട പ്രളയ കാലത്തും കോവിഡ് ഘട്ടത്തിലും കുടുംബശ്രീ തദ്ദേശ സ്ഥാപനങ്ങൾക്കൊപ്പം പ്രവർത്തിച്ചതു കൂടാതെ, ഒരു ലക്ഷത്തിൽ കൂടുതൽ വീടുകളാണ് പ്രളയകാലത്ത് കുടുംബശ്രീ പ്രവർത്തകർ നേരിട്ടിടപെട്ട് വൃത്തിയാക്കിയത്. അയൽക്കൂട്ടതലം മുതൽ ധനസമാഹരണം നടത്തി സർക്കാരിന്റെ ദുരിതാശ്വാസനിധിയിലേക്ക് കുടുംബശ്രീ സംഭാവനയായി നൽകിയത് 11 കോടിയിലധികം രൂപയാണ്. കോവിഡ് കാലഘട്ടത്തിൽ സമൂഹം മുഴുവനും വീടിനകത്തായിരുന്ന സമയത്ത്, കമ്യൂണിറ്റി കിച്ചൻ നടത്താനും മാസ്കും സാനിറ്റൈസറും തയ്യാറാക്കി വിതരണം ചെയ്യാനും കുടുംബശ്രീ മുന്നിലുണ്ടായിരുന്നു. വയനാട് ജില്ലയിലെ മുണ്ടക്കൈ ചൂരൽമല പ്രദേശം ഉരുൾപൊട്ടൽ ദുരന്തത്തെ നേരിട്ട സമയത്ത് കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ സമാഹരിച്ച് നൽകിയത് 20 കോടി അമ്പത്തിഎട്ട് ലക്ഷം രൂപയാണു.

ഈ ഇടപെടലുകളിലൂടെ സമൂഹത്തിലെ എല്ലാ രംഗങ്ങളിലും കുടുംബശ്രീ കൈയൊപ്പു ചാർത്തുമ്പോഴും ഇപ്പോഴും അർഹിക്കുന്ന ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാതെപോയ ഇടങ്ങളുണ്ട്. പട്ടികവർഗത്തിനായുള്ള പ്രത്യേക പദ്ധതി, അട്ടപ്പാടി പ്രത്യേകപദ്ധതി എന്നിവ കുടുംബശ്രീ വഴി നടപ്പിലാക്കുമ്പോഴും യഥാർഥത്തിൽ ഈ സമൂഹം അർഹിക്കുന്ന പരിഗണന നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്നത് വിമർശനാത്മകമായി പരിശോധിക്കേണ്ടതാണ്. അതുപോലെ, പട്ടികജാതിവിഭാഗം, ട്രാൻസ്ജെന്റർ, തീർദേശവാസികൾ, ഒറ്റപ്പെട്ടു കഴിയുന്ന നഗരദരിദ്രരും പാവപ്പെട്ടവർ താമസിക്കുന്ന ക്ലസ്റ്ററുകൾ/ നഗറുകൾ / ഉന്നതികൾ തുടങ്ങിയ മേഖലകളിൽ അവർക്കനുയോജ്യമായ ജീവിതരീതിയിൽ കുടുംബശ്രീ പദ്ധതികളെ രൂപപ്പെടുത്താൻ വേണ്ടത്ര കഴിഞ്ഞിട്ടില്ല എന്നത് ഒരു പരിമിതിയായിത്തന്നെ കാണാൻ കഴിയണം.

## ദാരിദ്ര്യനിർമ്മാർജനം

കേരളത്തിലെ ദാരിദ്ര്യത്തിന്റെ തോത് 1994-ലെ 25.43 ശതമാനത്തിൽ നിന്നു ഇന്ന് ഔദ്യോഗിക കണക്ക് പ്രകാരം 0.55 ശതമാനമായി എത്തിയതിനു പുറകിലും നല്ലൊരു പങ്ക് കുടുംബശ്രീയുടേതു കൂടിയാണു.

സർക്കാർ മുന്നോട്ടുവച്ച അതിദാരിദ്ര്യം ഇല്ലാതാക്കൽ പദ്ധതിയുടെ മുഖ്യ ഏജൻസിയായിരുന്നു കുടുംബശ്രീ. തുടക്കം മുതൽ കുടുംബശ്രീയുടെ പ്രഖ്യാപിതലക്ഷ്യം ദാരിദ്ര്യലഘൂകരണം ആയിരുന്നു.

## സ്ത്രീമുന്നേറ്റവും കുടുംബശ്രീയും

കുടുംബശ്രീയെ സ്ത്രീ ശാക്തീകരണത്തിനുള്ള ഒരു സുപ്രധാന ഉപാധിയായിട്ടാണു കണ്ടിട്ടുള്ളത്. സ്ത്രീ ശാക്തീകരണം എന്നുള്ളത് കേവലം സാമ്പത്തിക പ്രവർത്തനത്തിൽ നിന്നു സ്വയംഭൂവായി ഉണ്ടാകുന്ന ഒന്നല്ല. ജനകീയാസൂത്രണത്തിലെ വനിതാ ഘടക പദ്ധതിയുടെ അവലോകനം വ്യക്തമാക്കിയ ഒരു ദൗർബല്യം ആ മേഖലയിലെ പ്രൊജക്ടുകൾ എല്ലാം തന്നെ പ്രായോഗിക ജൻറർ ആവശ്യങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു. വളരെ ചുരുക്കം പ്രൊജക്ടുകളേ ലിംഗപദവിയിൽ ഒരു മാറ്റം വരുത്തുക ബോധപൂർവം ലക്ഷ്യമായി സ്വീകരിച്ചവയായിരുന്നുള്ളൂ.

ഈ തിരിച്ചറിവിന്റെ ഭാഗമായിരുന്നു കുടുംബശ്രീ അയൽക്കൂട്ടങ്ങളെ പങ്കാളികളാക്കിക്കൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ത്രീപദവി പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് മാനവീയം സ്ത്രീപദവി പഠന പരിപാടി ആവിഷ്കരിച്ചത്. ലക്ഷക്കണക്കിനു സ്ത്രീകൾ പങ്കെടുക്കുന്ന ഒരു ലിംഗപദവി സ്വയം പഠനപരിപാടിയിൽ അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോട്ടുകൾ പൊതുമണ്ഡലത്തിൽ ചർച്ചചെയ്യുന്നതിലൂടെ വിപുലമായ സാമൂഹിക ബോധവൽക്കരണം നടത്തുന്നതിനാണു ലക്ഷ്യമിട്ടത്. ഈ കാഴ്ചപ്പാട് ഇന്ന് കൂടുതൽ വിപുലപ്പെട്ട് ക്രൈം മാപ്പിങ്ങിലേക്കും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രായോഗികവികസന പ്രൊജക്ടുകളിലേക്ക മെത്തി.

സ്ത്രീകളുടെ അവകാശങ്ങൾ, പദവി, നീതി എന്നിവയെക്കുറിച്ച് അനുഭവങ്ങളുടെ ചർച്ചകളിലൂടെ സ്വയം അവബോധം സൃഷ്ടിക്കുക, പ്രാദേശിക വികസനപ്രക്രിയയിലെ പങ്ക് തിരിച്ചറിയുക, എന്നിവ ലക്ഷ്യംവയ്ക്കുന്നതാണു കുടുംബശ്രീയുടെ ജെൻഡർ പ്രോഗ്രാമുകൾ. ഈ ജെൻഡർ പ്രോഗ്രാമുകൾ മാത്രമല്ല കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ വിവിധ മേഖലകളിലെ സ്ത്രീകളുടെ സാന്നിധ്യവും ഇടപെടലും ഉറപ്പാക്കുന്നതാണു.

മുപ്പത്തിമൂന്നു ശതമാനമായിരുന്നു തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ സ്ത്രീസംവരണം. 2010-ൽ ഈ സംവരണം 50 ശതമാനമാക്കി ഉയർത്താൻ സർക്കാറിനു ധൈര്യം പകർന്നതിൽ കുടുംബശ്രീ പ്രസ്ഥാനത്തിനും ഒരു വലിയ പങ്കുണ്ട്. കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ 17082 കുടുംബശ്രീ അംഗങ്ങൾ മത്സരിച്ചു. വിജയിച്ച വനിതാ ജനപ്രതിനിധികളിൽ 7210 പേർ കുടുംബശ്രീ വനിതകളാണ്. കൂടാതെ പ്രാദേശിക തലത്തിലെ വിവിധ വികസന - സാമൂഹിക സംഘടനകളിലും രാഷ്ട്രീയപാർട്ടികളിലും സ്ത്രീകളുടെ പങ്കാളിത്തനിരക്ക് വർധിക്കുന്നതിനും കുടുംബശ്രീ സംഘടനാ പ്രവർത്തനത്തിലൂടെ ലഭിച്ച അറിവും അവസരവും സ്വാധീനിച്ചിട്ടുണ്ട്.

## III
## പരിഹരിക്കപ്പെടേണ്ടുന്ന ചില ദൗർബല്യങ്ങൾ

പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളുന്ന സാമൂഹിക സംഘടനാ സംവിധാനമായി കുടുംബശ്രീക്ക് ഇനിയും മാറാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി, പട്ടികവർഗം, പ്ലാന്റേഷൻ, മത്സ്യമേഖല, നഗരമേഖലയിലെ ദരിദ്ര്യർ തുടങ്ങിയ വിഭാഗങ്ങളിൽ ഇനിയും കുടുംബശ്രീ സംവിധാനത്തിന് പുറത്തു നിൽക്കുന്ന ഒരു ചെറിയ വിഭാഗമുണ്ട്. ഇത് പരിഹരിക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങളുടെ ആസൂത്രണ പ്രക്രിയയിലും നിർവഹണത്തിലും പിന്തുണ നൽകുന്ന വികസനപങ്കാളി എന്ന രീതിയിലാണു ഇന്ന് കുടുംബശ്രീയുടെ സ്ഥാനം. എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രവത്തിക്കുമ്പോഴും പരസ്പര പൂരകമായി വികസനപങ്കാളികൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതിനു പലപ്പോഴും പരിമിതികൾ നേരിടുന്നുണ്ട്. ഇവയിൽ ഇടപെട്ടു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനവും കുടുംബശ്രീ സംവിധാനവും തമ്മിലുള്ള ബന്ധം പുനർ നിർവചിക്കേണ്ടതുണ്ട്.

തദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളും കുടുംബശ്രീ സാമൂഹിക സംഘടനാ സംവിധാനത്തിന്റെ വികസന പരിപാടികളും സമന്വയിപ്പിക്കാൻ കഴിയാതെ സമാന്തരമായി പോകുന്നു എന്ന വിമർശനം ഉയർന്നുവരുന്നതും പരിഹരിക്കേണ്ടതുണ്ട്. പ്രാദേശികവികസനത്തിൽ ഊന്നിയ സാമ്പത്തികവികസനം എന്ന സമീപനവുമായി മുന്നോട്ടുപോകുമ്പോഴും പ്രാദേശികതൊഴിൽ വികസനസാധ്യത പ്രയോജനപ്പെടുത്താൻ കഴിയുന്നതരത്തിൽ കുടുംബശ്രീക്ക് എത്രത്തോളം കഴിയുന്നുവെന്ന് വിലയിരുത്തണം. കേവലം സ്കീം അപ്രോച്ചായി മാറുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും ദാരിദ്യനിർമ്മാർജന - സാമ്പത്തിക വികസന പ്രവർത്തനങ്ങളുടെ സംയോജന - സമന്വയത്തിനുള്ള സാമൂഹിക എൻജൻസിയായി പ്രവർത്തിക്കേണ്ട സംവിധാനമാണ് കുടുംബശ്രീ. ഇതിൽ എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തേണ്ടതുണ്ട്.

സാമൂഹിക സംഘടനാ സംവിധാനത്തിലെ കൊഴിഞ്ഞുപോക്ക്, നേതൃത്വനിരയിൽ കാതലായ മാറ്റംവരാത്ത സ്ഥിതി തുടങ്ങിയ ചില പ്രവണതകൾ ഒറ്റപ്പെട്ടതരത്തിൽ കാണുന്നുണ്ട്. ഇതും വിശകലനം ചെയ്യേണ്ടതുണ്ട്. സംഘടനാ സംവിധാനത്തിന്റെ സുതാര്യതയും പങ്കാളിത്ത സ്ഥിതിയും സാമ്പത്തിക അച്ചടക്കത്തെ ബാധിച്ചിട്ടുണ്ടോ എന്നതും ഗൗരവമായി വിലയിരുത്തണം. സംഘടനാ സംവിധാനത്തിന്റെ ദൗർബല്യങ്ങൾ മതാടിസ്ഥാനത്തിലുള്ള സ്വയം സഹായ സംഘങ്ങൾ, സ്വകാര്യ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ, കോർപ്പറേറ്റ് കമ്പനികൾ തുടങ്ങിയവ ദുരുപയോഗപ്പെടുത്തുന്നതിന് കാരണമാകുന്നു. ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ പരിഹരിക്കാൻ കഴിയുന്നതരത്തിൽ നിലവിലെ ബൈലോയും സംഘടനാസംവിധാനവും നവീകരിക്കേണ്ടതുണ്ട്.

### കുടുംബശ്രീ മിഷൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഏജൻസിയായി ഒപ്പം പ്രവർത്തിക്കുമ്പോഴും സ്ത്രീകളുടെ സ്വതന്ത്രസംഘടനയായി ഇനിയും വേണ്ടത്ര മാറാൻ കഴിയാത്ത സ്ഥിതിയുണ്ട്. മിഷന്റെ പ്രവർത്തനരീതി ഇതിന് കാരണമാകുന്നുണ്ടോ? എങ്കിൽ മിഷൻ ഘടനയിലും പ്രവർത്തനരീതിയിലും കൊണ്ടുവരേണ്ട കാര്യങ്ങളും ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. ഉദ്യോഗസ്ഥ കേന്ദ്രീകൃത മിഷൻ രീതിയിൽ നിന്നും മാറി, 25 വർഷത്തെ പ്രവർത്തനാനുഭവമുള്ള സംഘടനാ സംവിധാനം നേതൃത്വം നൽകുന്ന മിഷനും സാങ്കേതിക / പ്രൊഫഷണൽ സഹായം നൽകുന്ന മിഷനും എന്ന രീതിയിലേക്ക് മാറാൻ കഴിയില്ലേ? വിവിധ വികസനപരിപാടിയിൽ സംഘാടന, സാങ്കേതിക ഫെസിലിറ്റേഷൻ ഗ്രൂപ്പുകൾ കുടുംബശ്രീ ത്രിതല സംഘടനയിൽ നിന്നുതന്നെ രൂപപ്പെട്ടുവന്നിട്ടുണ്ട്. ഈ രീതി മിക്ക വികസനരംഗത്തും കൊണ്ടുവരാൻ കഴിയും. ഇത് കുറച്ചുകൂടി ജനകീയവും സുതാര്യവും പങ്കാളിത്തവും നൽകുന്ന തരത്തിലേക്ക് മാറാൻ കഴിയും. കുടുംബശ്രീ സംഘടനയുടെ വളർച്ചയ്ക്ക് അനുസരിച്ച് സാങ്കേതിക / പ്രൊഫഷണൽ സഹായം നൽകുന്ന തരത്തിൽ മിഷൻ സംവിധാനത്തെയും പുന:സംഘടിപ്പിക്കാനും കഴിയണം.

ഈ സംവിധാനങ്ങളെ ശക്തിപ്പെടുത്തി, സംഘടനാസംവിധാനത്തെ സ്വയംപര്യാപ്ത ഇടങ്ങളാക്കി മാറ്റുക എന്നത് മിഷന്റെ ഉത്തരവാദിത്വമാണ്. ഇത്രയും വലിയ ഒരു സംവിധാനത്തെ സർക്കാർ ധനസഹായം കൊണ്ടോ മിഷനിലെ പ്രൊഫഷണലുകൾ മുഖേന മാത്രമോ നിലനിർത്തുക പ്രായോഗികമല്ല. എന്നാൽ പരിശീലന ഗ്രൂപ്പുകൾ, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ, കാസ്സ് അംഗങ്ങൾ, മെന്റർമാർ എന്നിങ്ങനെ വലിയ ഒരു വിഭാഗം നിലവിൽ കുടുംബശ്രീ സംവിധാനത്തിൽ കമ്മ്യൂണിറ്റി റിസോഴ്സ് ടീമായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംവിധാനങ്ങളെ രൂപപ്പെടുത്താനും കൂട്ടായ്മകൾ വളർത്തിയെടുക്കാനും അവരിലൂടെ മുഴുവൻ അയൽക്കൂട്ട കുടുംബങ്ങളിലേക്കും പിന്തുണ ഉറപ്പാക്കാനും കഴിയണം. ഈ കൂട്ടായ്മകളിലൂടെ കുടുംബശ്രീ സംവിധാനത്തിന്റെ വളർച്ചയ്ക്കും ശാക്തീകരണത്തിനും സാമ്പത്തിക, സമൂഹിക ശാക്തീകരണത്തിനുമുള്ള ഇടപെടലുകൾ നടത്താനായി കഴിയണം. ഇതിനായി ജനകീയ പിന്തുണ ശക്തിപ്പെടുത്താനും വൈദഗ്ധ്യവും കാര്യശേഷിയും നേതൃത്വപാടവവും വികസിപ്പിക്കാനുതകുന്ന പരിശീലനം നൽകാനും മിഷനു കഴിയണം.

### സാമൂഹിക പിന്തുണാസംവിധാനം

പ്രവർത്തനാനുഭവമുള്ള സ്ത്രീകളുടെ നേതൃത്വത്തിലുള്ള സാമൂഹിക പിന്തുണാ സംവിധാനം ഇന്ന് കുടുംബശ്രീക്കുണ്ട്. ത്രിതല സംഘടനാസംവിധാനവും അവയെ വിവിധ ആവശ്യങ്ങൾക്ക് സഹായിക്കാ

നുള്ള സാമൂഹിക പിന്തുണാസംവിധാനവുമാണ് കുടുംബശ്രീയുടെ കരുത്തും സവിശേഷതയും. ഈ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട്, പ്രവർത്തനാസൂത്രണം, പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് പദ്ധതി രൂപീകരണം, നിർവഹണം എന്നിവയെ കുടുംബശ്രീ ത്രിതല സംഘടനാകേന്ദ്രീകൃതമാക്കി മാറ്റുന്നതിനുള്ള ഇടപെടലുകൾ ആവശ്യമാണു. ഇതിനായി കുടുംബശ്രീയിൽ പ്രവർത്തിച്ചു പരിചയമുള്ള ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ, മുൻ കാല ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി റിസോഴ്സ് ടീം രൂപീകരിക്കുകയും ഈ ടീം കുടുംബശ്രീയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുന്ന രീതി സ്വീകരിക്കാൻ കഴിയണം. ഇല്ലെങ്കിൽ മിഷൻ ശൈലിയിൽ നിന്ന് മാറി കേവലം ഒരു സർക്കാർ വകുപ്പായി തീരുന്നത് അതിവേഗം സംഭവിക്കും.

## IV
## സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായി ഉയർത്തുക

കുടുംബശ്രീയുടെ അഭിമാനാർഹമായ നേട്ടങ്ങൾ വിമർശനകരമായി പരിശോധിക്കുന്ന ഒരു സമീപനമാണ് നമ്മൾ സ്വീകരിച്ചത്. ഇതിനു പുറമെ തൊട്ടുമുമ്പുള്ള മൂന്നാം ഭാഗത്ത് ചില പ്രധാനപ്പെട്ട ദൗബല്യങ്ങൾ പ്രത്യേകം എടുത്ത് വിശദീകരിച്ചിട്ടും ഉണ്ട്. അവ മറികടക്കാൻ ഒരു കർമ്മപരിപാടിക്ക് രൂപംനൽകണം. കുടുംബശ്രീയുടെ അടിസ്ഥാനമായുള്ള അയൽക്കൂട്ടങ്ങളെ ഊർജസ്വലമാക്കുന്നതിനും അവരുടെ ജൻഡർ അവബോധം ശക്തിപ്പെടുത്തുന്നതിനും മൈക്രോ ഫിനാൻസ് നൂലാമാലകൾക്കപ്പുറം വരുമാനദായക പ്രവർത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും ആയിരിക്കണം ഈ കർമ്മപരിപാടി.

അത്തരത്തിലുള്ളൊരു മുദ്രാവാക്യമാണ് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് വരുന്ന 10 വർഷംകൊണ്ട് 50 ശതമാനമായി ഉയർത്തുക എന്നത്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് കുറയുന്നതിന് നിരവധി കാരണങ്ങളുണ്ട്. തൊഴിലവസരങ്ങളുടെ കുറവ്, നൈപുണ്യമില്ലാത്തത്, കുറഞ്ഞ വേതനം, കുടുംബ ജോലികൾ, തൊഴിലിട സുരക്ഷ, യാത്രാസൗകര്യങ്ങളുടെ കുറവ്, തൊഴിലിലിലെ വിവേചനം, തൊഴിലും സാമൂഹികപദവിയും തുടങ്ങി വിവധഘടകങ്ങൾ തൊഴിലിൽ നിന്നും പിന്തിരിപ്പിക്കുന്നവയാണ്. ഈ പ്രശ്നങ്ങളുടെ തീവ്രത കുറയ്ക്കാനും സ്ത്രീകൾക്ക് അനുകൂലമായ തൊഴിലന്തരീക്ഷം സമൂഹത്തിലും കുടംബങ്ങളിലും സൃഷ്ടിക്കുന്നതിന് വിപുലമായ സാമൂഹിക ഇടപെടൽ അനിവാര്യമാണ്.

രണ്ടുതരത്തിലുള്ള തൊഴിലവസരങ്ങൾ ഉണ്ട്. ഒന്നാമത്തേത് കുടുംബശ്രീ മുൻകൈ എടുത്ത് നടപ്പാക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങളിലെ തൊഴിലവസരങ്ങളാണ്. ഇപ്പോൾ നാല് ലക്ഷം പേർ ഇത്തരം സംരംഭങ്ങളിൽ പണിയെടുക്കുന്നു. ഈ ഇടപെടലിനിയും ശക്തിപ്പെടുത്തണം. വ്യവസായ യൂണിറ്റുകൾക്ക് പുറമെ വിപുലമായ രീതിയിൽ സേവന സംരംഭശൃംഘലകളും ആരംഭിക്കാം. അത്തരത്തിൽ 4 നിർദേശങ്ങളാണ് ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ളത്.

1. സാന്ത്വന മിത്ര : വീടുകളിലെ കിടപ്പ് രോഗികൾ, ആശുപത്രി ബൈസ്റ്റാൻഡർമാർ, പ്രസവാന്തര ശുശ്രൂഷ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കെല്ലാം പാർട്ട് ടൈം ആയോ പൂർണ്ണ സമയമായോ പ്രവർത്തിക്കുന്നതിനുള്ള പരിശീലനം ലഭിച്ചിട്ടുള്ള കെയർ ഗിവേഴ്സിനെ ലഭ്യമാക്കാം.
2. സ്കിൽ @ കാൾ : ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ്, പെയിന്റിങ്,, ഡീപ്പ് ക്ലീനിങ്ങ്, ലാൻഡ് സ്കേപ്പിങ്, നാനാവിധ ഗാർഹികോപകരണങ്ങളുടെ റിപ്പയറിങ് തുടങ്ങിയവയ്ക്ക് ആവശ്യാനുസരണം സേവനം ലഭ്യമാക്കുന്ന വിദഗ്ധ ടീമുകൾ എല്ലാ സിഡിഎസിലും രൂപീകരിക്കാം.
3. ഷോപ്പ് @ ഡോർ : ഡിജിറ്റൽ പ്ലാറ്റുഫോമിലെ ഓർഡർ അനുസരിച്ചു എല്ലാ വീടുകളിലേക്കും ആവശ്യപ്പെടുന്ന കടകളിൽ നിന്നോ, കുടുംബശ്രീ സ്റ്റോറുകളിൽ നിന്നോ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനു വാർഡിൽ 2 വീതം സ്ത്രീകളുണ്ടാവും. സിഡിഎസ് അടിസ്ഥാനത്തിൽ കേന്ദ്ര ടീമും ഉണ്ടാവും.
4. എല്ലാ ബ്ലോക്കിലും നിർമ്മാണപ്രവൃത്തികൾക്കുള്ള സ്ത്രീകളുടെ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ഉണ്ടാവും.

മേല്പറഞ്ഞവ പോലുള്ള സേവന സംരംഭങ്ങൾക്ക് പുറമെ നാട്ടിലുള്ള ചെറുതും വലുതുമായ സംരംഭങ്ങൾക്കാവശ്യമുള്ള വേതനാഷ്ഠിത തൊഴിലുകൾ സ്ത്രീകൾക്ക് പരിശീലനം നൽകി നിയോഗിക്കുകയാണ് മുഖ്യമായ പ്രവർത്തനം. ഇത്തരത്തിൽ പ്രാദേശികമായ തൊഴിലവസരങ്ങൾ സമാഹരിച്ചതിനു ശേഷം. അയൽക്കൂട്ടങ്ങൾ വഴി തൊഴിലാളികളെ കണ്ടെത്തുകയാണ് സമീപനം. പ്രാദേശികതൊഴിൽ മേളകളിൽ വച്ച് സംരംഭകർക്ക് അനുയോജ്യരായവരെ തിരഞ്ഞെടുക്കാം. അവർക്ക് സംരംഭകർ ആവശ്യപ്പെടുന്ന പരിശീലനം തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിജ്ഞാനകേരളത്തിന്റെയും സഹായത്തോടെ കുടുംബശ്രീ നൽകും.

പരീക്ഷണാടിസ്ഥാനത്തിൽ 2025 ആഗസ്റ്റ് മുതൽ ജനുവരി വരെ നടന്ന ഇടപെടൽ വളരെ വിജയകരമാണ്. 75000 പേർക്ക് ജോലി ഇതിനകം നൽകിക്കഴിഞ്ഞു. മറ്റൊരു 75000 പേർക്ക് കൂടി ഈ വർഷം തന്നെ ജോലി നൽകും. ഇതിനു പുറമെ കുടുംബശ്രീ സംരംഭങ്ങളിൽ 50000 ത്തോളം പേർക്ക് ജോലി ഈ വർഷം നല്കിയിട്ടുണ്ട്..

തദേശസ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭങ്ങൾ എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിച്ച് സ്ത്രീകളുടെ തൊഴിൽ അവസരവും തൊഴിൽ സാഹചര്യവും അനുകൂലമാക്കാൻ നേരിട്ട് പ്രവർത്തിക്കുന്ന മുഖ്യ ഏജൻസിയായി കുട്ടംബശ്രീ സാമൂഹിക സംഘടനാസംവി

ധാനവും മിഷനും മാറണം. ഇതിന് അനുയോജ്യമായ രീതിയിൽ സി.ഡി. എസ്സ് ഘടനയും ചുമതലകളും പരിഷ്കരിക്കണം. ഇതിന് അനുസരിച്ച് കുടുംബശ്രീ മിഷനും നവീകേരിക്കേണ്ടതുണ്ട്.

## V
## ഭാവി വികസന നിർദേശങ്ങൾ

1. മുകളിൽ വിവരിച്ചതുപോലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായി ഉയർത്തുകയെന്ന വിപുലമായ ജനകീയ കാമ്പയിൻ കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഇവിടെ പരാമർശിക്കപ്പെട്ട പല ദൗർബല്യങ്ങളും മറികടക്കാൻ സഹായിക്കും. അതിൽ ആദ്യത്തേത്, അയൽക്കൂട്ടങ്ങളുടെ പ്രവർത്തന പുന:സംഘടനയാണ്. മൈക്രോ ഫിനാൻസിനപ്പുറം തൊഴിൽ നൽകലും അവർക്ക് സാമൂഹിക പിന്തുണ നൽകുന്ന ഒരു സുപ്രധാന ഘടമയായിട്ടു മാറി. ഇതിന്റെയൊരു പരീക്ഷണമെന്ന നിലയിലാണ് ഇന്നിപ്പോൾ എല്ലാ അയൽക്കൂട്ടങ്ങളിലും ജന്ററും തൊഴിലും സംബന്ധിച്ച് അഞ്ച് ക്ലാസുകൾ നടത്താനുള്ള ഉയരെ ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ളത്.
2. കുടുംബശ്രീയുടെ ജെൻറർ ക്യാമ്പയിൻ സംഘടനാശാക്തീകരണം, സംരംഭ - തൊഴിൽ വികസന പരിപാടികൾ, സാമൂഹിക വികസനപരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ സംയോജിപ്പിച്ചും സമന്വയിപ്പിച്ചും നടപ്പാക്കാൻ കഴിയണം. വേറിട്ട പ്രവർത്തനമായി നടക്കാൻ പാടില്ല...
3. കുടുംബശ്രീ മിഷന്റെ വിവിധ വിഭാഗങ്ങൾ തങ്ങളുടെ തനതായ സ്കീമുകൾക്കൊപ്പം ഏകോപിച്ച് ഏറ്റെടുക്കേണ്ട ദൗത്യമാണ് തൊഴിൽ ക്യാമ്പയിൻ. മാർ ഇവാനിയോസ് കോളെജിൽ വച്ച് നടത്തിയ ദ്വിദിന ശില്പശാല ഇത്തരത്തിലുള്ള ഏകോപനത്തിന്റെ പ്രായോഗിക വശങ്ങൾ ചർച്ച ചെയ്തുകഴിഞ്ഞിട്ടുണ്ട്.
4. മിഷനിലെ മുഴുവൻസമയ പ്രവർത്തകരോടൊപ്പം വിപുലമായ ഒരു സന്നദ്ധസേനകൂടി പ്രവർത്തിക്കാനുണ്ടാകും. മുൻകാല മിഷൻ ജീവനക്കാർ, സിഡിഎസ് ഭാരവാഹികൾ, എൻആർഒ അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവരെല്ലാം ഇത്തരത്തിൽ തൊഴിൽ ക്യാമ്പയിനിൽ പങ്കാളികളാകും.
5. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ആവശ്യമായ സാമൂഹികപിന്തുണ ഉറപ്പുവരുത്തണമെങ്കിൽ കുടുംബശ്രീക്കുള്ളിലും സമൂഹത്തിലും ജന്റർ ക്യാമ്പയിൻ അനിവാര്യമാണ്.
6. ഈ അധ്യായത്തിൽ ഓരോ ഘട്ടത്തിലെ ചർച്ചകളിലും തിരുത്തേണ്ട ദൗർബല്യങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. അവയെല്ലാം വീണ്ടും ആവർത്തിക്കുന്നില്ല. അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള അന്തരീക്ഷം ക്യാമ്പയിനിലൂടെ സൃഷ്ടിക്കണം.
7. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുമ്പോഴും എൻ.ആർ.എൽ.എം., എൻ.യു.എൽ.എം. പോലുള്ള പദ്ധതികൾ മുന്നോട്ടുവച്ച സംഘടനാ സംവിധാന കാഴ്ചപ്പാടുപോലും സത്യത്തിൽ കുടുംബശ്രീയിൽ നിന്നു കടംകൊണ്ടതാണെന്നു വേണം പറയാൻ. എന്നിരുന്നാലും യൂണിയൻ സർക്കാർ മുന്നോട്ടു വക്കുന്ന പല നയങ്ങളും ദാരിദ്ര്യനിർമ്മാർജന പ്രക്രിയയിൽ സംസ്ഥാനത്തിനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുകയും പല പദ്ധതികളും അതേ രീതിയിൽ നടപ്പിലാക്കേണ്ടി വരികയും ചെയ്യുന്നു. ഏകീകൃത സ്വഭാവത്തിലുള്ള പ്രോഗ്രാമുകളും മാനദണ്ഡങ്ങളും സേവനാവകാശികളെ തിരഞ്ഞെടുക്കുന്ന രീതിയും വിലയിരുത്തലുമെല്ലാം ഈ മേഖലയിലെ സാമൂഹികശാക്തീകരണ മുൻകൈകളെ ദുർബലപ്പെടുത്തുന്നതായി മാറുന്നു.
8. മറ്റൊരു പ്രധാന മേഖല, കേരളത്തിലെ സാമൂഹിക ഇടമാണ്.
9. മുൻ കാലങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ സാമൂഹിക സാന്നിധ്യം വർധിച്ചിട്ടുണ്ടെങ്കിലും നിലവിലെ സോഷ്യൽ മീഡിയയിൽ ഉൾപ്പെടെയുള്ള പ്രചരണങ്ങൾ പലപ്പോഴും പിന്തിരിപ്പൻ ആശയങ്ങൾ സ്ത്രീകളിൽ പരോക്ഷമായി അടിച്ചേൽപ്പിക്കുന്നതിനു ഇടയാകുന്നുണ്ട്. ഇത് പലപ്പോഴും വിശ്വാസങ്ങളുടെ പേരിലാണു നടക്കുന്നത്. ഈ സാഹചര്യത്തിൽ, സെക്കുലറായയ രീതി പ്രോ ത്സാഹിപ്പിക്കുന്നതിനു ബോധപൂർവമായ ഇടപെടൽ അത്യാവശ്യമാണ്.. കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ സ്ത്രീകൾ നിരന്തരം ഇടപെടുന്ന ഒരു സാംസ്കാരിക ഇടവും ജനാധിപത്യസംവിധാനത്തിൽ ഊന്നിക്കൊണ്ടുള്ള മതേതര ഇടവും വളർത്തിയെടുക്കാനും കുടുംബശ്രീ സംവിധാനത്തിനു സാധിക്കേണ്ടതുണ്ട്.
10. സ്ത്രീ ശാക്തീകരണത്തിനും തൊഴിൽ പങ്കാളിത്ത നിരക്ക് ഉയർത്തുന്നതുമാണ് കുടുംബശ്രീയുടെ മുഖ്യചുമതല. നഗരസഭകൾ - ത്രിതല പഞ്ചായത്ത്, വിവിധ വികസനവകുപ്പുകൾ തുടങ്ങി എല്ലാ സർക്കാർ സംവിധാനങ്ങളുടെയും സ്കീമുകളുടെയും പദ്ധതികളുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തി, പരമാവധി സംയോജിത പരിപാടികൾ നടപ്പാക്കുന്ന തരത്തിൽ മിഷൻ പ്രവർത്തനം നവീകരിക്കണം. സാമൂഹിക സംഘടനാ സംവിധാനത്തിന്റെ നേതൃത്വത്തിൽ പരിപാടികൾ നടത്തുന്ന തരത്തിൽ മിഷൻ പ്രവർത്തനം രൂപാന്തരപ്പെടുത്തണം.
11. ഓരോ സി.ഡി.എസ് പരിധിയിലെ തൊഴിൽനിരക്ക്, പ്രാദേശിക തൊഴിൽ സാധ്യതകൾ, സ്ത്രീകൾക്ക് വരുമാന തൊഴിലുകളിൽ ഏർപ്പെടുന്നതിന് നേരിട്ടുന്ന പ്രശ്നങ്ങൾ, സ്ത്രീ സുരക്ഷാ പ്രശ്നങ്ങൾ, സാമൂഹികവികസനം തുടങ്ങി ഓരോ ഘടകത്തെയും അടിസ്ഥാനമാക്കി സി.ഡി.എസ് തയ്യാറാക്കുന്ന കർമ്മപദ്ധതി നടപ്പാക്കാൻ സഹായിക്കുന്ന തരത്തിൽ മിഷൻ പ്രവർത്തനങ്ങൾ മാറ്റാൻ കഴിയണം.

# 10

# സമഗ്ര വയോജന സംരക്ഷണത്തിന് ഒരു ജനകീയ പരിപാടി

കേരള സംസ്ഥാനം രൂപീകൃതമാകുമ്പോൾ അമ്പത് വയസിൽ താഴെയായിരുന്നു ശരാശരി ആയുസ്. ഇന്നത് എൺപതിനോടടുത്ത് നിൽക്കുകയാണ്. അന്ന് കുട്ടികളുടെ എണ്ണം പെരുകുകയായിരുന്നു, ഇന്ന് വീടുകളിൽ ഒരു കുട്ടി വീതം മാത്രം. അതേസമയം, പ്രായമുള്ളവർ രണ്ട് വീതം വരും. കുട്ടികൾ പെരുകുന്ന കാലത്തെ പ്രശ്നങ്ങൾ അഭിമുഖീകരിച്ച മികവിലാണ് കേരളം ലോകപ്രശസ്തമായത്. എന്നാൽ വയോജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവാണ് ഇന്നത്തെ വെല്ലുവിളി. അതിനെ എങ്ങനെയാണ് അഭിമുഖീകരിക്കുക? മാതാപിതാക്കളെ സംബന്ധിച്ചടത്തോളം കുട്ടികളുടെ പരിപാലനമെന്നത്, സഹജവാസനാബദ്ധമാണ്. എന്നാൽ വയോജന പരിപാലനം സഹജവാസനയല്ല, അതിന് ബോധപൂർവ്വമുള്ള സാമൂഹ്യ ഇടപെടൽ കൂടിയേ തീരൂ. കേരളത്തിന്റെ മുന്നിൽ ഇന്നുള്ള വികസന വെല്ലുവിളികളിൽ പ്രധാനം, വയോജന സംരക്ഷണത്തിന് സാമൂഹ്യ പിന്തണയോട് കൂടിയുള്ള ഒരു പദ്ധതിക്ക് രൂപം നൽകലാണ്.

ഇന്ത്യയിൽ ഏറ്റവും വേഗതയിൽ ജനസംഖ്യാ വാർദ്ധക്യത്തിലേക്ക് (Population Ageing) നീങ്ങുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 12.6% ആളുകൾ അറുപത് വയസ്സിന് മുകളിൽ പ്രായമുള്ളവരായിരുന്നു. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ഈ പ്രക്രിയ അതിവേഗം തുടരുകയാണ്: സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കുകൾ പ്രകാരം 2036-ഓടെ കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 23% ആളുകൾ അറുപത് വയസ്സിന് മുകളിലുള്ളവരായിരിക്കും. അതായത്, ഒരു ദശകത്തിനുള്ളിൽ കേരളത്തിലെ നാലിൽ ഒരാൾ വയോധികനായിരിക്കും. ഈ മാറ്റം കേരളത്തിന്റെ ജനസംഖ്യാ ഘടനയിൽ മൗലികമായ മാറ്റങ്ങൾക്ക് കാരണമാകും. അതുകൊണ്ട് തന്നെ വാർദ്ധ്യക്യം ഒരു സ്വകാര്യ-കുടുംബകാര്യം എന്നതിലുപരി സമൂഹത്തിന്റെയും വിവിധ തട്ടുകളിലെ സർക്കാരുകളുടേയും കൂട്ടുത്തരവാദിത്വമുള്ള വിഷയമായി മാറേണ്ടതുണ്ട്.

**ചിത്രം 1**
**ജില്ലാ അടിസ്ഥാനത്തിൽ വയോജനങ്ങളുടെ ശതമാനം (കേരളം - സെൻസസ് 2011)**




Source: Kerala Development Report, 2021

## I
## വയോജനസംരക്ഷണം: പഠന കോൺഗ്രസുകളിലൂടെ

### ഒന്നാം പഠന കോൺഗ്രസ്

1994-ലെ പഠന കോൺഗ്രസിൽ, കേരളം നേരിടാൻ പോകുന്ന ഏറ്റവും വലിയ സാമൂഹിക വെല്ലുവിളികളിലൊന്നായി “ജനസംഖ്യാപരമായ മാറ്റവും വയോജനങ്ങളുടെ വർദ്ധനവും” എന്ന വിഷയം ഗൗരവമായ ചർച്ചക്ക് വിധേയമായിരുന്നു. കേരളത്തിലെ മെച്ചപ്പെട്ട ആരോഗ്യനിലവാരവും ഉയർന്ന ആയുർദൈർഘ്യവും കാരണം വയോജനങ്ങളുടെ എണ്ണം ദ്രുതഗതിയിൽ വർദ്ധിക്കുന്നുവെന്ന് (Demographic Transition) പഠന കോൺഗ്രസ് വിലയിരുത്തി. അണുകുടുംബങ്ങൾ, സ്ത്രീകളുടെ ഉയർന്ന ആയുർ ദൈർഘ്യം, വയോജനങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാകുന്നു എന്നത് കൂടാതെ ഇവരിൽ വലിയൊരു വിഭാഗം വിധവകളാണെന്നുമുള്ള (Feminization of aging) കാര്യവും ചർച്ചക്ക് വിധേയമായി. മാത്രമല്ല വരുമാനമില്ലായ്മയും മുഖ്യപ്രശ്നമായി ചൂണ്ടി കാട്ടിയിരുന്നു. കർഷകത്തൊഴിലാളികൾ ഉൾപ്പെടെ വിവിധ വിഭാഗം തൊഴിലാളികളും സാമ്പത്തികപരമായി പിന്നോക്കം നിൽക്കുന്ന

വയോജനങ്ങൾക്ക് സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ അഭാവവും ദാരിദ്ര്യവും ഒറ്റപ്പെടലുമെല്ലാം, പരിഹരിക്കേണ്ടുന്ന പ്രശ്നങ്ങളായി മുന്നോട്ട് വെച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ട നിർദേശങ്ങളും ഒന്നാം പഠന കോൺഗ്രസ്സിൽ നിന്നും ഉണ്ടായിവന്നു.

വയോജനങ്ങളെ സമൂഹത്തിന്റെ ബാധ്യതയായി കാണാതെ, അവരുടെ അനുഭവസമ്പത്തിനെ വികസന പ്രക്രിയയിൽ എങ്ങനെ ഉപയോഗപ്പെടുത്താം, ആശുപത്രികളിൽ ജെറിയാട്രിക് (Geriatric) വാർഡുകൾ സ്ഥാപിക്കൽ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം ഇതിലേക്ക് കൂടി വിപുലപ്പെടുത്തൽ, വയോജനങ്ങൾക്ക് നൽകുന്ന പെൻഷൻ തുക വർദ്ധിപ്പിക്കുകയും കൃത്യസമയത്ത് വിതരണം നടത്തുകയും ചെയ്യുക, വയോജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിക്കുക, തുടങ്ങി നിരവധി ക്രിയാത്മക നിർദേശങ്ങൾ അവിടെ ഉണ്ടായി. ഇതിന്റെ സ്വാധീനമാണ് തുടർന്ന് ജനകീയാസൂത്രണത്തിലെ വോളണ്ടറി ടെക്നിക്കൽ കോർ (VTC), വയോജന നയം രൂപീകരിക്കൽ, തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയിൽ വയോജന ക്ഷേമത്തിന് പ്രത്യേക പണം വകയിരുത്തൽ എന്നിവയ്ക്ക് പ്രേരകമായത്.

### രണ്ടാം പഠന കോൺഗ്രസ്

2005-ലെ രണ്ടാം പഠനകോൺഗ്രസിലെ ചർച്ചകൾക്ക് ഏറെ സവിശേഷതകൾ ഉണ്ടായിരുന്നു. ജനകീയാസൂത്രണത്തിന്റെ അനുഭവങ്ങൾകൂടി മുൻനിർത്തിയായിരുന്നു വയോജന ക്ഷേമത്തിനായുള്ള ചർച്ചകൾ അവിടെ നടന്നത്. വയോജനങ്ങളുടെ അന്തസ്സും സുരക്ഷയും ഉറപ്പാക്കുന്ന നിയമപരമായ ചട്ടക്കൂട് ഉറപ്പാക്കുന്നതിന് സംസ്ഥാനത്തിന് പ്രത്യേക വയോജന നയം വേണം, പഞ്ചായത്ത്/നഗരസഭകൾ എന്നിവിടങ്ങളിൽ വയോജനങ്ങൾക്കായി പ്രത്യേക പ്രോജക്ടുകൾ, വയോജന ക്ലബ്ബുകൾ/പകൽവീടുകൾ, വയോജന അയൽക്കൂട്ടങ്ങൾ, പ്രത്യേക ചികിത്സാ സംവിധാനം, സന്നദ്ധസംഘടനകളേയും തദ്ദേശ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് പാലിയേറ്റീവ് കെയർ ശൃംഖല എന്നിവ നിർദ്ദേശങ്ങളായി ഉയർന്ന് വന്നു. വിരമിച്ച വിദഗ്ധരെ പ്രാദേശിക വികസന സമിതികളിലും സന്നദ്ധ പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിന്റെ അനുഭവം അംഗീകരിക്കപ്പെട്ടു. വയോജനങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നതിനാൽ വനിതാ വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകേണ്ടിയിരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വയോജനങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുന്നതിനുള്ള സംവിധാനമൊരുക്കൽ എന്ന് തുടങ്ങി നിരവധി ക്രിയാത്മക നിർദേശങ്ങൾ രണ്ടാം പഠന കോൺഗ്രസിൽ ഉയർന്നുവന്നു.

### മൂന്നാം പഠന കോൺഗ്രസ്

2011-ലെ മൂന്നാം പഠനകോൺഗ്രസ്, കേരളം നേരിടുന്ന “വാർദ്ധക്യവൽക്കരണം” (Ageing of the population) എന്ന വെല്ലുവിളിയെ കൂടുതൽ ഗൗരവത്തോടെയും ശാസ്ത്രീയമായും സമീപിച്ചു. മുൻ കോൺഗ്രസുകളിൽ നിന്ന് വ്യത്യസ്തമായി, വയോജനങ്ങളെ വെറും ഗുണഭോക്താക്കളായല്ല, മറിച്ച് സമൂഹത്തിന്റെ സജീവ പങ്കാളികളായി നിലനിർത്തുന്ന “Active Ageing” എന്ന ആശയത്തിനാണ് 2011-ൽ മുൻഗണന നൽകിയത്. കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള സമഗ്ര പദ്ധതികൾക്കുള്ള നിർദ്ദേശങ്ങളായിരുന്നു പ്രധാനം. പൊതുഇടങ്ങളായ ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ വയോജനങ്ങൾക്കായി പ്രത്യേക സൗകര്യങ്ങളും (ഉദാഹരണത്തിന് റാമ്പുകൾ, ഇരിപ്പിടങ്ങൾ, തുടങ്ങിയവ) സുരക്ഷാ സംവിധാനങ്ങളും ഉറപ്പാക്കുക, പൊതുഗതാഗത സംവിധാനങ്ങളിൽ മുതിർന്ന പൗരന്മാർക്ക് കൂടുതൽ ഇളവുകളും മുൻഗണനയും നൽകുക എന്നിവ നിർദ്ദേശിക്കപ്പെട്ടു.

കേരളത്തിലെ മാറുന്ന രോഗാതുരത (Morbidity pattern) കണക്കിലെടുത്ത് വയോജന ആരോഗ്യരംഗത്ത് കൂടുതൽ ഊന്നൽ നൽകുക, വയോജനങ്ങളിൽ വർദ്ധിച്ചുവരുന്ന മറവിരോഗം (Alzheimer’s/Dementia) മുൻകൂട്ടി കണ്ടെത്താനും ചികിത്സിക്കാനുമായി മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കുക, എല്ലാ വയോജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാർവത്രിക ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക, വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർക്ക് ശാസ്ത്രീയമായ ഹോം കെയർ സേവനം നൽകുന്നതിന് പ്രത്യേക കേഡർ രൂപീകരിക്കുക എന്ന് തുടങ്ങിയവയായിരുന്നു ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന നിർദ്ദേശങ്ങൾ. 2007-ലെ വയോജന സംരക്ഷണ നിയമം ഗ്രാമപ്രദേശങ്ങളിൽ വേണ്ടത്ര ഫലപ്രദമാകുന്നില്ലായെന്ന് കണ്ടു. അതിനാൽ പഞ്ചായത്ത്/നഗരസഭാ തലങ്ങളിൽ വയോജന സംരക്ഷണത്തിനായി പ്രത്യേക സമിതികളും സൗജന്യ നിയമ സഹായ സംവിധാനങ്ങളും ഉണ്ടാക്കുന്നതിന് നിർദേശങ്ങളുണ്ടായി.

### നാലാം പഠന കോൺഗ്രസ്

2015-ലെ നാലാം ‘പഠന കോൺഗ്രസ്, വയോജനങ്ങളെ “സജീവ വിഭവം” (Active Resource) എന്ന നിലയിൽ കണ്ടുകൊണ്ട്, വാർദ്ധക്യത്തെ വെറും രോഗാതുരമായ അവസ്ഥയായി കാണാതെ, വയോജനങ്ങളുടെ അന്തസ്സും പങ്കാളിത്തവും ഉറപ്പാക്കുന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ചു.

പ്രായമായവർക്ക് സർക്കാർ സേവനങ്ങൾക്കായി ഓഫീസുകൾ കയറിയിറങ്ങുന്നത് ഒഴിവാക്കാൻ സഹായിക്കുന്ന രീതിയിൽ വാതിൽപ്പടി സേവനങ്ങൾ ലഭ്യമാക്കുക, ഏകാന്തതയും വിഷാദവും തടയാൻ വയോജന അയൽക്കൂട്ടങ്ങളും മറ്റു സാമൂഹ്യ-ഡിജിറ്റൽ സംവിധാനങ്ങളും ഒരുക്കുക, പാലിയേറ്റീവ് കെയർ ശക്തിപ്പെടുത്തുക, മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സ്വതന്ത്രമായ ഒരു കമ്മീഷൻ രൂപീകരിക്കുക, മാറുന്ന ലോകത്തിനൊപ്പം സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് സാങ്കേതിക വിദ്യകൾ തുടങ്ങിയവ ഉപയോ

ഗിക്കാൻ വയോജനങ്ങളെയും പ്രാപ്തമാക്കുക തുടങ്ങിയവയായിരുന്നു പ്രധാന നിർദ്ദേശങ്ങൾ.

നാല് പഠന കോൺഗ്രസ്സുകളും കേരളത്തിന്റെ ജനസംഖ്യാ ഘടനയിൽ വരുന്ന മാറ്റത്തെ സമീപിച്ച രീതിയും ഓരോന്നിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ നയസമീപനവും പ്രവർത്തന പദ്ധതികളും ഒന്ന് പരിശോധിക്കുന്നത്, ഈ രംഗത്ത് കേരളം സ്വീകരിച്ച നടപടികളുടെ സവിശേഷത മനസ്സിലാക്കാൻ സഹായിക്കും.

1994-ലെ ഒന്നാം കേരള പഠനകോൺഗ്രസ്, വയോജനങ്ങളുടെ എണ്ണം കൂടുന്നത് തിരിച്ചറിയുന്നു, അടിസ്ഥാന സംരക്ഷണം വേണമെന്ന നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നു. 2005-ലെ രണ്ടാം കോൺഗ്രസ് വയോജന നയം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം,വയോമിത്രം, പകൽവീടുകൾ തുടങ്ങി കൂടുതൽ ജനകീയവും സാമൂഹ്യവും പ്രായോഗികവുമായ ആശയങ്ങൾക്ക് രൂപം നൽകുന്നു.

2011-ലെ മൂന്നാം കോൺഗ്രസ് വയോജന സൗഹൃദ കേരളം, ആക്ടീവ് ഏജിംഗ്, സാങ്കേതിക പരിശീലനം, മാനസികാരോഗ്യം. എന്നിങ്ങനെ കൂടുതൽ സമഗ്രവും വിപുലവുമായ പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്നു. മുതിർന്ന പൗരസമൂഹത്തെ സജീവ വിഭവമായി കാണുന്നതിനും ജീവിതസൗഖ്യം ഉറപ്പാക്കാൻ ലഭിക്കേണ്ട സേവനങ്ങൾ അവരുടെ അവകാശമെന്ന നിലയിലുമാണ്, 2015-ലെ നാലാം പഠന കോൺഗ്രസ് വിഷയത്തെ സമീപിച്ചത്. ആരോഗ്യസുരക്ഷ, തൊഴിലും വരുമാനവും, തുടങ്ങി എല്ലാ ഘടകങ്ങളേയും സമന്വയിച്ചുള്ള സമീപനമാണ് മുന്നോട്ട് വച്ചത്.

കഴിഞ്ഞ നാല് പഠന കോൺഗ്രസ്സുകളും മുന്നോട്ടുവച്ച ആശയങ്ങളും പ്രവർത്തന നിർദേശങ്ങളും പ്രായോഗികതയിൽ കൊണ്ടുവരാനുള്ള നടപടികൾ ഇടതുപക്ഷ സർക്കാരുകൾ സ്വീകരിച്ചു. അവയിലേക്ക് കടക്കുംമുമ്പ് വയോജനങ്ങൾ നേരിടുന്ന വെല്ലുവിളികളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്താം.

## II
## വയോജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ, വർദ്ധിച്ചുവരുന്ന വയോജനങ്ങളുടെ എണ്ണം വാർദ്ധക്യത്തെ ഒരു പ്രധാന സാമൂഹിക-സാമ്പത്തിക-ആരോഗ്യ വെല്ലുവിളിയായി മാറ്റിയിരിക്കുന്നു. ശാരീരികമായ തകർച്ച, മാറുന്ന കുടുംബ ചുറ്റുപാടുകൾ, മതിയായ ഔദ്യോഗിക പിന്തുണാ സംവിധാനങ്ങളുടെ അഭാവം എന്നിവ വയോജനങ്ങൾ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളാണ്.

### രോഗാതുരതയും വിവിധ ആരോഗ്യപ്രശ്നങ്ങളും (Burden of Disease and Multimorbidity)

ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, ഹൃദയരോഗങ്ങൾ, സന്ധിവാതം, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ, വൃക്കരോഗങ്ങൾ, പാർക്കിൻസൺസ്, കാൻസർ തുടങ്ങിയ വിട്ടുമാറാത്ത പകർച്ചവ്യാധി ഇതര രോഗങ്ങൾ (NCDs) വയോജനങ്ങളിൽ കൂടുതലായി കണ്ടുവരുന്നു. ദേശീയ കണക്കുകൾ പ്രകാരം അറുപത് ശതമാനത്തിലധികം മുതിർന്ന പൗരന്മാർ ഇത്തരം രോഗങ്ങളാൽ ബുദ്ധിമുട്ടുന്നു.

കേരളത്തിലെ വയോജനങ്ങളിൽ ഒന്നിലധികം രോഗങ്ങൾ ഒരേസമയം കണ്ടുവരുന്ന അവസ്ഥ (Multimorbidity) ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കാഴ്ച-ശ്രവണ പരിമിതികൾ, മലമൂത്ര വിസർജ്ജന നിയന്ത്രണമില്ലായ്മ, ചലനശേഷിക്കുറവ് എന്നിവ അവരുടെ ജീവിതനിലവാരത്തെ ബാധിക്കുകയും മറ്റുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### മാനസികാരോഗ്യം, ഏകാന്തത, ഓർമ്മക്കുറവ് (Mental Health, Loneliness, and Cognitive Decline)

സാമൂഹിക പദവിയിലുണ്ടാകുന്ന കുറവ്, പ്രിയപ്പെട്ടവരുടെ വിയോഗം, ശാരീരിക ശേഷിക്കുറവ് എന്നിവ വയോജനങ്ങളിൽ മാനസിക സമ്മർദ്ദമുണ്ടാക്കുന്നു. വിഷാദം, ഉത്കണ്ഠ, ഉറക്കമില്ലായ്മ, ഡിമെൻഷ്യ (മറവിരോഗം) എന്നിവ വർദ്ധിച്ചു വരികയാണ്. പ്രത്യേകിച്ച് ഒറ്റയ്ക്ക് താമസിക്കുന്നവരിലും കുടുംബ പിന്തുണയില്ലാത്തവരിലും ഈ പ്രശ്നങ്ങൾ ഗുരുതരമാണ്. തലമുറകൾ തമ്മിലുള്ള ബന്ധം ദുർബലമാകുന്നതും യുവതലമുറയുടെ കുടിയേറ്റവും അവരെ കൂടുതൽ ഒറ്റപ്പെടുത്തുന്നു. ഒറ്റപ്പെടൽ പ്രധാന പ്രശ്നമായി മാറികഴിഞ്ഞു.

### സാമ്പത്തിക അരക്ഷിതാവസ്ഥയും പരാശ്രയത്വവും (Economic Insecurity and Dependence)

വയോജനങ്ങളിൽ വലിയൊരു വിഭാഗം സാമ്പത്തികമായി മറ്റുള്ളവരെ ആശ്രയിക്കുന്നവരാണ്. ഇന്ത്യയിൽ ഏകദേശം മൂന്നിൽ രണ്ട് ഭാഗം വയോജനങ്ങളും ദൈനംദിന ആവശ്യങ്ങൾക്കായി മറ്റുള്ളവരെ ആശ്രയിക്കുന്നു. കേരളത്തിൽ 61% വയോജനങ്ങളും പൂർണ്ണമായും മറ്റുള്ളവരെ ആശ്രയിച്ചു കഴിയുന്നവരാണ്; വെറും 7% പേർക്ക് മാത്രമാണ് സാമ്പത്തിക സ്വാതന്ത്ര്യമുള്ളത്. ഉയരുന്ന ചികിത്സാച്ചെലവുകൾ ഇവരുടെ സാമ്പത്തിക സുരക്ഷിതത്വത്തെ കൂടുതൽ തളർത്തുന്നു.

### മാറുന്ന കുടുംബ ഘടനയും പരിചരണക്കുറവും (Changing Family Structures and Care De cits)

പരമ്പരാഗതമായി വയോജനങ്ങളുടെ സംരക്ഷണം കുടുംബങ്ങളിലായിരുന്നു. എന്നാൽ അണുകുടുംബങ്ങളുടെ വർദ്ധനവും ജീവിതശൈലിയിലെ മാറ്റങ്ങളും ഈ രീതിയെ ബാധിച്ചു. പല വയോജനങ്ങളും ഇന്ന് ഒറ്റയ്ക്കോ അല്ലെങ്കിൽ പരിമിതമായ പിന്തുണയോടെയോ ആണ് ജീവിക്കുന്നത്. വിട്ടുമാറാത്ത രോഗങ്ങളുള്ള

വർക്ക് ആവശ്യമായ പരിചരണവും നിരീക്ഷണവും പലപ്പോഴും ലഭിക്കുന്നില്ല. ഗൃഹാധിഷ്ഠിത പരിചരണ സംവിധാനങ്ങൾ ഇന്നും അശാസ്ത്രീയവും അപര്യാപ്തവുമാണ്.

### സ്ത്രീകളിലെ സവിശേഷ പ്രശ്നങ്ങൾ (Gendered Vulnerabilities)

സ്ത്രീകളിലെ ആയുർദൈർഘ്യം കൂടുതലായതിനാൽ വയോജന സംഖ്യയിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇവർക്ക് സ്വന്തമായി വരുമാനമോ സ്വത്തോ ഉണ്ടാകാനുള്ള സാധ്യത കുറവാണ്. വിധവകളായും ഒറ്റയ്ക്കും കഴിയേണ്ടി വരുന്ന സ്ത്രീ വയോജനങ്ങൾ അവഗണനയ്ക്കും ദാരിദ്ര്യത്തിനും ഇരയാകാൻ സാധ്യത കൂടുതലാണ്.

### വയോജന സൗഹൃദ സേവനങ്ങളുടെ അഭാവം (Limited Access to Age-Friendly Services)

പൊതുസ്ഥലങ്ങൾ, ഗതാഗതം, പാർപ്പിടം, ആരോഗ്യ സംവിധാനങ്ങൾ എന്നിവ പലപ്പോഴും വയോജനങ്ങളുടെ ശാരീരിക പരിമിതികൾക്ക് അനുയോജ്യമായ രീതിയിലല്ല രൂപകൽപ്പന ചെയ്തിരിക്കുന്നത്. കേരളത്തിൽ പാലിയേറ്റീവ് കെയർ, ജെറിയാട്രിക് ക്ലിനിക്കുകൾ തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടെങ്കിലും അവയുടെ സേവനം എല്ലാ പ്രദേശങ്ങളിലും ഒരുപോലെയല്ല. വാതിൽപ്പടി സേവനങ്ങളും സഹായ ഉപകരണങ്ങളും ഇന്നും എല്ലാവരിലേക്കും എത്തുന്നില്ല.

### സാമൂഹികമായ മാറ്റിനിർത്തപ്പെടൽ (Social Exclusion)

ആരോഗ്യ-സാമ്പത്തിക പ്രശ്നങ്ങൾക്ക് പുറമെ, സാമൂഹികവും ഡിജിറ്റലുമായ മേഖലകളിൽ നിന്ന് വയോജനങ്ങൾ പുറന്തള്ളപ്പെടുന്നു. തങ്ങളുടെ അറിവും അനുഭവസമ്പത്തും പങ്കുവെക്കാനുള്ള വേദികളുടെ അഭാവം അവരിൽ ആത്മവിശ്വാസക്കുറവുണ്ടാക്കുന്നു.

### മുതിർന്ന പൗരർ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് സമഗ്ര ഇടപെടലിന്റെ അനിവാര്യത

വിട്ടുമാറാത്ത പകർച്ചേതര രോഗങ്ങളുടെ (Non-Communicable Diseases-NCDs) അമിതമായ ആധിക്യം കേരളത്തിലെ വാർദ്ധക്യ വെല്ലുവിളികളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. സംസ്ഥാനത്തെ ആകെ രോഗബാധയുടെ മുക്കാൽ ഭാഗവും പകർച്ചേതര രോഗങ്ങളാണ്. ജോലി ചെയ്യുന്ന പ്രായത്തിലുള്ളവരുടെ ഇടയിലെ അകാല മരണങ്ങളിൽ പകുതിയിലധികവും ഇത് കാരണമാകുന്നു. ഉയർന്ന രക്തസമ്മർദ്ദവും (Hypertension) പ്രമേഹവുമാണ് (Diabetes) ഇതിൽ പ്രധാനം.

സർവ്വേകൾ പ്രകാരം കേരളത്തിലെ മുതിർന്നവരിൽ മൂന്നിലൊന്ന് പേർക്ക് ഉയർന്ന രക്തസമ്മർദ്ദവും നാലിലൊന്ന് പേർക്ക് പ്രമേഹവുമുണ്ട്. പ്രായാധിക്യത്തിനനുസരിച്ച് ഇതിന്റെ തോത് കുത്തനെ ഉയരുന്നു. രോഗനിയന്ത്രണത്തിലെ പോരായ്മകൾ മൂലം പക്ഷാഘാതം (Stroke), ഹൃദ്രോഗം, വിട്ടുമാറാത്ത വൃക്കരോഗം, വൈകല്യങ്ങൾ എന്നിവ വർദ്ധിക്കുന്നു. രക്തസമ്മർദ്ദമോ പ്രമേഹമോ ഉള്ളവരിൽ മൂന്നിലൊന്ന് പേർ മാത്രമാണ് തുടർച്ചയായ നിയന്ത്രണത്തിലൂടെ (Control) രോഗം കൈകാര്യം ചെയ്യുന്നത് എന്നത് പിൽക്കാലത്ത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കുന്നു.

**ചിത്രം 2**
**കേരളത്തിൽ 55 വയസ്സിനു മുകളിൽ പ്രായമുള്ളവരിലെ ഡി.എ.എൽ.വൈ (DALY) നിരക്ക് (ഒരു ലക്ഷം പേരിൽ)**

DALY (Disability-Adjusted Life Years) എന്നത് ഒരാളുടെ ആരോഗ്യകരമായ ജീവിതവർഷങ്ങളിലെ നഷ്ടത്തെ സൂചിപ്പിക്കുന്നു.



Source: Institute for Health Metrics and Evaluation (IHME). GBD Compare. Seattle, WA: IHME, University of Washington, 2015. Available from http://vizhub.healthdata.org/gbd-compare.

ഹൃദ്രോഗങ്ങൾക്കും ഉപാപചയ രോഗങ്ങൾക്കും ഒപ്പം, കേരളത്തിലെ പകർച്ചേതര രോഗങ്ങളുടെ പട്ടികയിൽ ക്യാൻസറും ഒരു പ്രധാന വെല്ലുവിളിയായി മാറിയിരിക്കുന്നു. ഇത് ജനസംഖ്യാ വാർദ്ധക്യവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ദേശീയ ക്യാൻസർ രജിസ്ട്രികളിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം കേരളത്തിൽ ഓരോ വർഷവും ഏകദേശം 88,000 പുതിയ ക്യാൻസർ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു.

സ്ത്രീകളിലാണ് പുരുഷന്മാരേക്കാൾ രോഗബാധ അല്പം കൂടുതലായി കാണപ്പെടുന്നത്. പ്രായം കൂടുംതോറും ക്യാൻസർ സാധ്യതയും വർദ്ധിക്കുന്നു. വയോജനങ്ങളിൽ ക്യാൻസർ ബാധിക്കുമ്പോൾ, വിട്ടുമാറാത്ത മറ്റ് രോഗങ്ങൾ കൂടി അവർക്ക് ഉണ്ടാകാനുള്ള സാധ്യത (Comorbidity) കൂടുതലാണ്. ഇത് ദീർഘകാല ചികിത്സ, പുനരധിവാസം, പാലിയേറ്റീവ് കെയർ, സാമൂഹിക പിന്തുണ എന്നിവയ്ക്കുള്ള ആവശ്യം വർദ്ധിപ്പിക്കുന്നു.

കേരളത്തിലെ വയോജനങ്ങൾ വാർദ്ധക്യത്തെ അഭിമുഖീകരിക്കുന്നത് ഒന്നിലധികം രോഗാവസ്ഥകൾ (Multimorbidity), ശാരീരിക ശേഷിക്കുറവ്, ദീർഘകാല പരിപാലന ആവശ്യങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിലാണ്. ചലനപരിമിതിയും കാഴ്ച-ശ്രവണ വൈക

ല്യങ്ങളും അനുദിന പ്രവർത്തനങ്ങളിൽ മറ്റുള്ളവരുടെ സഹായം തേടേണ്ട സാഹചര്യവും വർദ്ധിക്കുന്നു.

## സാമൂഹ്യപിന്തുണയുടെ പ്രാധാന്യം

സാമൂഹ്യമായ മാറ്റങ്ങളും ഈ ദുർബലതകളെ വർദ്ധിപ്പിക്കുന്നു. അണു കുടുംബങ്ങളിലേക്കുള്ള മാറ്റം, യുവജനങ്ങളുടെ വൻതോതിലുള്ള കുടിയേറ്റം, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ വർദ്ധനവ് എന്നിവ പരമ്പരാഗത കുടുംബ പരിപാലന രീതികളെ ദുർബലപ്പെടുത്തിയിരിക്കുന്നു. വയോജനങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളായതിനാൽ സാമ്പത്തിക പരാശ്രയത്വവും ഒറ്റപ്പെടലും അവരെയാണ് കൂടുതൽ ബാധിക്കുന്നത്.

പല വീടുകളിലും പ്രായമായവരെ പരിപാലിക്കുന്നതും മറ്റൊരു വയോധിക/വയോധകൻ ആകുന്ന സാഹചര്യവുമുണ്ട്. എങ്കിലും വാർദ്ധക്യം എല്ലാവരിലും ഒരുപോലെയല്ല. ഏകദേശം 70% വയോജനങ്ങളും ശാരീരികമായി സജീവമായവരാണ്. 10-15% പേർക്ക് ചലനപരിമിതികളുണ്ട്. 2-3% പേർ മാത്രമാണ് കിടപ്പിലായവരോ തീവ്രപരിചരണം ആവശ്യമുള്ളവരോ ആയിട്ടുള്ളത്. ഈ വൈവിധ്യം തിരിച്ചറിഞ്ഞുകൊണ്ട്, സജീവമായ വാർദ്ധക്യത്തെ പ്രോത്സാഹിപ്പിക്കാനും അതേസമയം ശാരീരികമായി അവശരായവർക്ക് സമഗ്രമായ പരിരക്ഷ നൽകാനുമുള്ള വ്യത്യസ്തമായ തന്ത്രങ്ങളാണ് നമുക്ക് ആവശ്യം.

ശക്തമായ പൊതുജനാരോഗ്യ സംവിധാനങ്ങളും ഒട്ടനവധി ക്ഷേമപദ്ധതികളും കേരളത്തിലുണ്ടെങ്കിലും, നിലവിലെ സാഹചര്യം ഘടനാപരമായ ഒരു വെല്ലുവിളി ഉയർത്തുന്നുണ്ട്. വയോജന ക്ഷേമം എന്നത് കേവലം ചികിത്സയിലോ സാമ്പത്തിക സഹായത്തിലോ ഒതുങ്ങുന്ന ഒന്നല്ല.

വാർദ്ധക്യം, വിട്ടുമാറാത്ത രോഗങ്ങൾ, ക്യാൻസർ എന്നിവയുടെ സംഗമം, പ്രതിരോധം, ദീർഘകാല രോഗനിയന്ത്രണം, പുനരധിവാസം, പാലിയേറ്റീവ് കെയർ, സാമൂഹിക പിന്തുണ എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള സാമൂഹ്യാധിഷ്ഠിത സേവന സംവിധാനം അനിവാര്യമാണ്.

ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹ്യാധിഷ്ഠിത സംഘടനകളുടേയും സംയോജിത പദ്ധതികളുടെയും അനിവാര്യതയേറുന്നത്.

## III
## വയോജന ക്ഷേമവും ഇടതുപക്ഷ സർക്കാരുകളും

### ജനകീയാസൂത്രണം

1994-ലെ ഒന്നാം പഠന കോൺഗ്രസിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വയോജന നയം, വയോക്ലബ്ബുകൾ, വയോമിത്രം തുടങ്ങിയ പരിപാടികൾക്ക് വിത്ത് പാകി. സർവ്വീസിൽ നിന്നും വിരമിച്ച വിദഗ്ധരുടെ VTC രൂപീകരിച്ച് മുതിർന്ന പൗരർ സജീവ വിഭവമാണെന്ന് ജനകീയാസൂത്രണ പ്രസ്ഥാനം തെളിയിച്ചു. കൂടാതെ ഈ രംഗത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധ കൊണ്ടുവന്നു.

ആദ്യ വികസന റിപ്പോർട്ടിൽ ജനപ്രകൃതി എന്ന അധ്യായത്തിൽ ജനസംഖ്യാ ഘടനയിൽ വരുന്ന മാറ്റങ്ങൾ വിശകലനം ചെയ്യണമെന്നത് നിർബന്ധമായിരുന്നു. ഇതിൽ നിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് ആമ്പല്ലൂർ (എറണാകുളം ജില്ല) പോലുള്ള പഞ്ചായത്തുകളെ 2001-ൽ വയോജനങ്ങളുടെ സാമൂഹ്യ സ്ഥിതി സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

### 2006-2011ലെ ഇടതുപക്ഷ സർക്കാർ

രണ്ടാം പഠന കോൺഗ്രസിലെ നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിൽ 2006-2011ലെ വി.എസ്. അച്യുതാനന്ദൻ സർക്കാർ നിർണ്ണായകമായ ചുവടുവെപ്പുകളാണ് നടത്തിയത്. വയോജനങ്ങളുടെ സാമൂഹികവും ആരോഗ്യപരവുമായ സുരക്ഷ ഉറപ്പാക്കാൻ നിരവധി പദ്ധതികൾ ഈ കാലയളവിൽ ആരംഭിച്ചു.

2006-ലെ വയോജന നയം ഒരു സുപ്രധാന വഴിത്തിരിവായിരുന്നു. വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി വയോമിത്രം പദ്ധതി ആരംഭിച്ചു. അസംഘടിത മേഖലയിലുള്ള വയോജനങ്ങളുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി ഘട്ടംഘട്ടമായി 120 രൂപയിൽ നിന്ന് 500 രൂപയായി, പെൻഷൻ തുക വർദ്ധിപ്പിച്ചു. പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണവും വിപുലീകരിച്ചു.

വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനുള്ള അവസരം വിപുലപ്പെടുത്തി. ഇതിന്റെ ഭാഗമായി വയോ സൗഹൃദ പഞ്ചായത്തുകൾ/നഗരസഭകൾ എന്ന ആശയത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഏകാന്തത മാറ്റുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പകൽവീടുകൾ/വയോക്ലബ്ബുകൾ വ്യാപകമാക്കി. പകൽ സമയങ്ങളിൽ വയോജനങ്ങൾക്ക് ഒത്തുചേരാനും വിശ്രമിക്കാനും പത്രപാരായണത്തിനും ലഘുഭക്ഷണത്തിനുമുള്ള സൗകര്യം അവിടെ ഒരുക്കി. സന്നദ്ധ സംഘടനകളെയും അയൽക്കൂട്ടങ്ങളെയും വയോജന സംരക്ഷണത്തിൽ പങ്കാളികളാക്കി.

സർക്കാർ ആശുപത്രികളിൽ വയോജനങ്ങൾക്കായി പ്രത്യേക പരിശോധനാ സൗകര്യങ്ങൾക്കും (Geriatric Clinics) വാർഡുകൾക്കും തുടക്കം കുറിച്ചു. മുതിർന്ന പൗരന്മാർക്ക് ക്യൂ നിൽക്കാതെ ചികിത്സ ലഭ്യമാക്കുന്നതിനുള്ള മുൻഗണനാ ക്രമം കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. 2007-ലെ മെയിന്റനൻസ് ആക്ട് നടപ്പിലാക്കാൻ കർശന നടപടി സ്വീകരിച്ചു. ഇതിലൂടെ, വയോജനങ്ങളുടെ പ്രശ്നങ്ങൾക്ക് കൂടുതൽ ശ്രദ്ധനൽകുന്ന തരത്തിൽ വലിയൊരു മാറ്റത്തിന് തുടക്കം കുറിക്കാൻ സാധിച്ചു.

## 2016-2026ലെ ഇടതുപക്ഷ സർക്കാർ

2016-2026ലെ പിണറായി വിജയൻ സർക്കാരുകൾ അതുവരെ ഉയർന്നുവന്ന ശുപാർശകളെ സമഗ്രമായി കാണാനും മുതിർന്ന പൗരന്മാരുടെ ജീവിതസൗഖ്യത്തിനുള്ള സൗകര്യങ്ങൾ അവരുടെ അവകാശമെന്ന നിലയിൽ ഉറപ്പുവരുത്താനും ശ്രമിച്ചു. വാതിൽപടി സേവനം (Doorstep Delivery) പദ്ധതിയിലൂടെ പെൻഷൻ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, മരുന്നുകൾ എന്നിവ ആശാ പ്രവർത്തകരുടെയും വോളന്റിയർമാരുടെയും സഹായത്തോടെ വയോജനങ്ങളുടെ വീട്ടിലെത്തിച്ചു.

2016-ൽ 600 രൂപയായിരുന്ന ക്ഷേമപെൻഷൻ ഘട്ടം ഘട്ടമായി 2000 രൂപയിലേക്ക് ഉയർത്തി. നിലവിൽ ഇത് വയോജനങ്ങളുടെ വലിയൊരു സാമ്പത്തികതാങ്ങായി മാറിയിരിക്കുന്നു. ഒറ്റപ്പെടൽ അനുഭവിക്കുന്നവർക്കായി സംസ്ഥാനത്തുടനീളം 100-ലധികം 'സായംപ്രഭ' ഹോമുകളും പകൽവീടുകളും തദ്ദേശ സ്ഥാപനങ്ങൾ വഴി ആരംഭിച്ചു. ഇവിടെ യോഗ, വ്യായാമം എന്നിവയ്കുള്ള സൗകര്യവും, ഭക്ഷണവും ലഭ്യമാണ്.

ബിപിഎൽ വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് സൗജന്യമായി കൃത്രിമ പല്ല് വെച്ച് നൽകുന്ന മന്ദഹാസം പദ്ധതി, പ്രമേഹ രോഗികൾക്ക് സൗജന്യ ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്ന വയോമധുരം പദ്ധതി, കിടപ്പിലായ വയോജനങ്ങൾക്ക് വീട്ടിൽ തന്നെ നഴ്സിംഗ് സേവനം ഉറപ്പാക്കുന്നതിന് തദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ഹോം നഴ്സിംഗ് സഹായം, ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങൾക്ക് ഫോണിലൂടെ സംസാരിക്കാൻ ഒരു സുഹൃത്തിനെ (Phone mate) ലഭ്യമാക്കുന്ന സല്ലാപം പദ്ധതി, വയോജനങ്ങൾക്ക് എപ്പോൾ വേണമെങ്കിലും സഹായത്തിന് വിളിക്കാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന എൽഡർ ലൈൻ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ എന്നിവ ആരംഭിച്ചു. 2025-ൽ ഇന്ത്യയിൽ ആദ്യമായി മുതിർന്ന പൗരന്മാർക്കായി പ്രത്യേക സംസ്ഥാന വയോജന കമ്മീഷൻ രൂപീകരിച്ചു.

വയോജനക്ഷേമ സേവനങ്ങൾക്ക് അവകാശാധിഷ്ഠിത സമീപനം കൊണ്ടുവരാനും എല്ലാ വകുപ്പുകളിലൂടെയും ഈ രംഗത്തെ ഇടപെടലിന് തുടക്കം കുറിക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ വിഭാഗത്തിലും വരുന്ന മുതിർന്ന പൗരരുടെ ആവശ്യങ്ങൾക്കനുസരിച്ച് എല്ലാവരിലേക്കും ഇനിയും എത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ആവശ്യങ്ങളും നിലവിലെ വിടവുകളും ഉൾക്കൊണ്ട് സമഗ്ര പരിഹാര വഴികളാണ് ഇനി കണ്ടെത്തേണ്ടത്.

2026-27-ലെ ബജറ്റിൽ നൂതനമായ ഒരു സമീപനത്തിന് കൂടി രൂപം നൽകിയിരിക്കുകയാണ്. ഒരു എൽഡർ ബജറ്റ് ആദ്യമായി സംസ്ഥാന ബജറ്റിന്റെ ഭാഗമായി അവതരിപ്പിച്ചു. വയോജനസൗഹൃദ പരിപാടികളുടെ ഏകോപനം ഉറപ്പുവരുത്താനും അവ മോണിറ്റർ ചെയ്യുന്നതിനുമുള്ള ഫലപ്രദമായ ഒരു ഉപാധിയാണ് എൽഡർ ബജറ്റ്.

പഠന കോൺഗ്രസിനായി തയ്യാറെടുക്കുന്ന വേളയിലാണ് സംസ്ഥാന വയോജന നയത്തിന്റെ പുതിയ പതിപ്പിന് കാബിനറ്റ് അംഗീകാരം നൽകിയിരിക്കുന്നത്. ആക്ടീവ് ഹെൽത്തി ഏജിംഗ് എന്ന സങ്കല്പമാണ് വയോജനങ്ങൾക്കായി മുന്നോട്ടുവയ്ക്കുന്നത്. വയോജനങ്ങളുടെ വൈദഗ്ധത്തെ പ്രയോജനപ്പെടുത്തുന്നതിന് ഇന്റേൺഷിപ്പുകളും വിനോദസൗകര്യങ്ങളും ഇ-ഹെൽത്ത് സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ആരോഗ്യ സംവിധാനങ്ങളും വാതിൽപ്പടി സേവനങ്ങളുടെ ലഭ്യമാക്കലും ഇതിൽ ഉൾപ്പെടുന്നു. ഈ പുതിയ ആരോഗ്യനയത്തിന് അനുസൃതമായ ഒരു കർമ്മപരിപാടിക്ക് രൂപം നൽകാനാണ് അഞ്ചാമത് കേരള പഠന കോൺഗ്രസ് ശ്രമിക്കുന്നത്.

## വയോജന ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ

സംസ്ഥാന തലത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങളും നയരൂപീകരണവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, സന്നദ്ധ സംഘടനകളുടെയും (NGOs) കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെയും ഇടപെടൽ എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ബഹുതല വയോജന ക്ഷേമ സംവിധാനമാണ് കേരളം വികസിപ്പിച്ചെടുത്തിരിക്കുന്നത്. ആരോഗ്യ സംരക്ഷണം, വരുമാന സുരക്ഷ, സാമൂഹിക പങ്കാളിത്തം, അന്തസ്സുള്ള ജീവിതം എന്നിവ ഉറപ്പാക്കാൻ ഇത് സഹായിക്കുന്നു. അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങളും ചുമതലയുമാണ് ഇത്തരമൊരു പ്രവർത്തന സംവിധാനം രൂപപ്പെട്ടുവരാൻ വഴി തെളിച്ചത്.

## സംസ്ഥാനതല സേവനങ്ങളും പദ്ധതികളും (State-Level Services and Programmes)

ആരോഗ്യ വകുപ്പിലൂടെയും സാമൂഹിക നീതി വകുപ്പിലൂടെയും (SJD) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും സർക്കാരിന്റെ നയപരവും നിയമപരവുമായ സംരക്ഷണവും പ്രധാന ക്ഷേമ പദ്ധതികളും നടപ്പിലാക്കുന്നു. ഇന്ന് വയോജന ക്ഷേമത്തിനായി സമഗ്രമായി ഇടപെടാൻ ശ്രമിക്കുന്ന സംസ്ഥാനം കേരളമാണ്.

### ആരോഗ്യ-ചികിത്സാ സഹായങ്ങൾ:

- വയോമിത്രം, വയോരക്ഷ, വയോമധുരം: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വയോജനങ്ങൾക്ക് ചികിത്സാ സഹായം, മരുന്നുകൾ, മൊബൈൽ ക്ലിനിക്കുകൾ, അടിയന്തര സഹായം എന്നിവ നൽകുന്നു.
- എൻ.സി.ഡി (NCD) ക്ലിനിക്കുകൾ: ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം, ഹൃദയരോഗങ്ങൾ തുടങ്ങിയവയ്ക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ദീർഘകാല പരിചരണം നൽകുന്നു.
- ജെറിയാട്രിക് ക്ലിനിക്കുകളും പ്രത്യേക ഒ.പി. കളും, സർക്കാർ ആശുപത്രികളിൽ തുടക്കം കുറിച്ചു.
- സ്ഥാപനങ്ങളും പകൽ പരിചരണ കേന്ദ്രങ്ങളും:

- വൃദ്ധസദനങ്ങൾ, പകൽവീടുകൾ, തണലിടങ്ങൾ, പാഥേയം: ഒറ്റപ്പെട്ടവരോ മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവരോ ആയ വയോജനങ്ങൾക്ക് താമസം, ഭക്ഷണം, വിനോദം, മാനസിക പിന്തുണ എന്നിവ ഉറപ്പാക്കുന്നു.

### നിയമസംരക്ഷണവും ഭരണനിർവ്വഹണവും:

- എൽഡർലൈൻ (Elderline 14567): അതിക്രമങ്ങൾ, അവഗണന എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനും നിയമസഹായം തേടുന്നതിനുമുള്ള സംസ്ഥാനതല ഹെൽപ്പ് ലൈൻ.
- കേരള വയോജന കമ്മീഷൻ: വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പ്രവർത്തിക്കുന്നു.
- സംസ്ഥാന വയോജന നയം: വയോജനങ്ങളുടെ അവകാശങ്ങളിൽ അധിഷ്ഠിതമായ ജീവിതം ലക്ഷ്യമിടുന്നു.

### സാമൂഹിക സുരക്ഷ:

- വാർദ്ധക്യകാല പെൻഷൻ: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അടിസ്ഥാന വരുമാനം ഉറപ്പാക്കുന്നു.

### തൊഴിലുറപ്പ് പദ്ധതി: വയോജനസൗഹൃദ ഉപജീവന പിന്തുണ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം (MGNREGA), ജോലി അനുവദിക്കുന്നതിൽ വയോജനങ്ങൾക്കും മുൻഗണന നൽകുന്നുണ്ട്. ഇവരുടെ പ്രായത്തിനും ശാരീരിക ശേഷിക്കും അനുയോജ്യമായ, അധികം കഠിനാധ്വാനം ആവശ്യമില്ലാത്ത ജോലികൾ സ്വന്തം പഞ്ചായത്തിൽ തന്നെ ഇവർക്ക് നൽകുന്നതിന് പ്രത്യേക മാർഗ്ഗരേഖയും നിബന്ധനകളും കേരളത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ ഫലമായി വയോജനങ്ങളുടെ വരുമാനം, സാമൂഹ്യയിടം, ഒറ്റപ്പെടൽ, ഒഴിവാക്കൽ, ശാരീരികക്ഷമതാ പരിപാലനം എന്നിവക്കായി ഏറെ സഹായിക്കുന്ന പദ്ധതിയായി തൊഴിലുറപ്പിനെ കേരളത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് നിയമത്തിലും പരിപാടിയിലും യൂണിയൻ സർക്കാർ കൊണ്ടുവന്ന ഭേദഗതി വയോജനങ്ങളെ സംബന്ധിച്ച് വലിയൊരു പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വയോജന ക്ഷേമവും

ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവ വികസന പദ്ധതിയുടെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ വയോജന സൗഖ്യത്തിനായി നടപ്പാക്കുന്നുണ്ട്. വയോജന പദ്ധതികൾക്കായി വികസന ഫണ്ടിന്റെ അഞ്ച് ശതമാനം നീക്കിവെക്കുന്നു. പ്രായാധിക്യത്തിൽ അവശത അനുഭവിക്കുന്നവർക്ക് വാതിൽപ്പടി സേവനമായി മസ്റ്ററിംഗ്, മരുന്നുകൾ വീട്ടിലെത്തിക്കുക, എൻ.സി.ഡി (NCD) ക്ലിനിക്കുകളിലേക്കുള്ള സേവനം ലഭ്യമാക്കൽ എന്നിവ നടപ്പിലാക്കി വരുന്നു. ബി.പി.എൽ (BPL) വിഭാഗത്തിൽ പെട്ടവർക്ക് കട്ടിലുകൾ, ഊന്നുവടികൾ, ശ്രവണ സഹായികൾ, വീൽചെയറുകൾ എന്നിവ നൽകുന്നു. വിനോദയാത്രകൾ, കലോത്സവങ്ങൾ, വിനോദപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ ഉപജീവനവും വരുമാനവും ഉറപ്പാക്കി അധിക വരുമാനത്തിനായി കന്നുകാലി/കോഴി എന്നിവയുടെ വിതരണം പോലുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. വികസനാസൂത്രണത്തിലെ പങ്കാളിത്തം ഉറപ്പാക്കാൻ വയോജന ഗ്രാമസഭകൾ സംഘടിപ്പിക്കുന്നു. അവഗണനകൾ, അതിക്രമങ്ങൾ തടയാനും സേവനങ്ങൾ ഉറപ്പാക്കാനും ജാഗ്രതാ സമിതിയുടെ ഭാഗമായി വയോജന ജാഗ്രതാ സമിതികളും പ്രവർത്തിക്കുന്നു. കിടപ്പിലായവർക്ക് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പാലിയേറ്റീവ് സേവനം ലഭ്യമാക്കുന്നു. ഇത്തരം എല്ലാ പ്രവർത്തനങ്ങളേയും സംയോജിപ്പിച്ചും സമന്വയിപ്പിച്ചും വയോജന സൗഹൃദ തദ്ദേശസ്വയംഭരണങ്ങൾ എന്ന നൂതന പദ്ധതികൾ ഏറ്റെടുത്ത നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്.

### സാമൂഹ്യ സംഘടനകളുടെ സേവനങ്ങൾ (NGOs, Volunteers)

ഔദ്യോഗിക സംവിധാനങ്ങൾക്ക് പുറമേ, സാമൂഹിക സംഘടനകളുടെ നേതൃത്വത്തിലും പരിചരണവും അയൽപക്ക കൂട്ടായ്മകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കിടപ്പിലായവർക്കും വിട്ടുമാറാത്ത അസുഖങ്ങളുള്ളവർക്കും വീട്ടിലെത്തി പാലിയേറ്റീവ് പരിചരണം നൽകുന്നു. കൂടാതെ സാമൂഹികമായ ഒത്തുചേരൽ, വ്യായാമം, മാനസിക പിന്തുണ, പിയർ ഗ്രൂപ്പുകളുടെ രൂപീകരണം, പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കാനും സാമൂഹ്യ സംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു.

### വയോജനക്ഷേമ പദ്ധതികളുടെ പൊതു അവലോകനം

കേരളത്തിൽ വയോജനങ്ങൾക്കായി വിപുലമായ പദ്ധതികൾ നിലവിലുണ്ടെങ്കിലും, അവയുടെ ഗുണഫലം അർഹതപ്പെട്ട അല്ലെങ്കിൽ ആവശ്യമുള്ള എല്ലാവരിലേക്കും എത്തുന്നില്ല എന്ന് മാത്രമല്ല, എല്ലാ മേഖലകളിലും ഒരുപോലെ എത്തുന്നുമില്ല. പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമതയെയും നേതൃത്വത്തെയും ആശ്രയിച്ചാണ് സേവന ലഭ്യത. എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നത്, പാവപ്പെട്ട വയോജനങ്ങൾക്ക് സ്ഥിരമായ വരുമാനം ഉറപ്പാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു.

ജീവിതശൈലീ രോഗങ്ങൾക്കുള്ള (NCD) ചികിത്സാ സൗകര്യങ്ങളും മരുന്നുകളും സർക്കാർ ആശുപത്രികൾ വഴി കാര്യക്ഷമമായി ലഭ്യമാകുന്നുണ്ട്. കിടപ്പിലായവർക്കും ദീർഘകാല പരിചരണം ആവശ്യമുള്ളവർക്കും പാലിയേറ്റീവ് സേവനം വീടുകളിലെത്തുന്നു. അതിക്രമങ്ങൾക്കും അവഗണനകൾക്കുമെതിരെ

വയോജനങ്ങൾക്ക് ഉടനടി സഹായം ലഭ്യമാക്കാൻ ഈ ഹെൽപ്പ് ലൈൻ സഹായിക്കുന്നുണ്ട്. കഴിഞ്ഞ 10 വർഷം ഈ രംഗത്തെ സേവനങ്ങൾ വിപുലപ്പെട്ടു എന്നതിൽ സംശയമില്ല. എന്നാൽ ഇനിയും ധാരാളം വിടവുകളുണ്ട്. അവ പരിഹരിക്കാനുള്ള ശുപാർശകൾ ചർച്ചയുടെ ഭാഗമായി ഉയർന്ന് വരണം.

### പ്രധാന വിടവുകൾ:

സേവനങ്ങളുടെ ലഭ്യതക്കുറവ് ഒരു പ്രശ്നമായി നില നിൽക്കുന്നു. നഗരങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ, 80 വയസ്സിന് മുകളിലുള്ളവർ, ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവർ, വീടിന് പുറത്തിറങ്ങാൻ കഴിയാത്തവർ എന്നിവരിലേക്ക് ഇനിയും സേവനങ്ങൾ എത്താത്ത ഇടങ്ങളുണ്ട്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്ക് അനുസരിച്ച് സേവനങ്ങളുടെ ലഭ്യത ഓരോ പഞ്ചായത്ത്/നഗരസഭയിലും, ജില്ലയിലും വ്യത്യസ്തമാണ്; ഇത് വയോജനങ്ങളുടെ ആവശ്യത്തെക്കാൾ അവർ താമസിക്കുന്ന സ്ഥലത്തെ ആശ്രയിച്ചാണ് ക്ഷേമപദ്ധതികൾ ലഭിക്കുന്നത് എന്ന അവസ്ഥയുണ്ടാക്കുന്നു. ആരോഗ്യ വകുപ്പ്, സാമൂഹിക നീതി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിങ്ങനെ വ്യത്യസ്ത വകുപ്പുകളും ഏജൻസികളും സന്നദ്ധ-സാമൂഹ്യ സംഘടനകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ ഏകോപിത പ്രവർത്തനത്തിന്റെ അഭാവം ഒരു മുഖ്യ പ്രശ്നമായി നിലനിൽക്കുന്നു.

വിവിധ ക്ഷേമ പരിപാടികളുടെ പണച്ചെലവും പ്രവർത്തനങ്ങളും മാത്രമാണ് നിരീക്ഷിക്കുന്നത്; വയോജനങ്ങളുടെ ശാരീരിക ശേഷിയിലുണ്ടായ മാറ്റം, രോഗനിയന്ത്രണം, ജീവിതനിലവാരം എന്നിവ വിലയിരുത്തപ്പെടുന്നില്ല. ഏകാന്തത, വിഷാദം, അതിക്രമങ്ങൾ, ജീവിതലക്ഷ്യം നഷ്ടപ്പെടൽ തുടങ്ങിയ പ്രശ്നങ്ങൾ മുഖ്യധാരാ സേവന രൂപകൽപ്പനയിൽ ഇപ്പോഴും പുറന്തള്ളപ്പെട്ടിരിക്കുകയാണ്. ഇതിലൂടെ മാനസിക സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും ഫലപ്രദമായ സേവനം ലഭിക്കാത്ത പ്രശ്നമുണ്ട്. കിടപ്പിലായവർക്ക്, മികച്ച പരിശീലനം ലഭിച്ച പരിചാരകരുടെ ലഭ്യത ഒരു പ്രശ്നമായി നിലനിൽക്കുന്നു. വയോജനങ്ങളെ പരിചരിക്കുന്നവർക്കായി കൃത്യമായ പരിശീലന പരിപാടികളോ സഹായ സംവിധാനങ്ങളോ നിലവിലില്ല എന്നതും ഒരു പ്രധാന വിടവാണ്.

ഇതോടൊപ്പം ആരോഗ്യ സേവനരംഗത്ത് വിപുലമായ തയ്യാറെടുപ്പ് അനിവാര്യമാണ്. ആവശ്യത്തിന് ഡോക്ടറന്മാരേയും നഴ്സ്മാരെയും പ്രത്യേകം പരിശീലിപ്പിക്കുക; പ്രത്യേക ചികിത്സാപ്രോട്ടോക്കോൾ, ഇമ്മ്യൂണൈസേഷൻ പോളിസി എന്നിവക്ക് രൂപം നൽകുക; മെഡിക്കൽ വിദ്യാഭ്യാസത്തിൽ പ്രത്യേക ഊന്നൽ നൽകുക തുടങ്ങി ഭാവി ആവശ്യങ്ങൾക്ക് അനുസരിച്ച് ആരോഗ്യ സേവനരംഗത്ത് മനുഷ്യവിഭവ വികസനത്തിന് തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്ന വയോജന സൗഹൃദ തദ്ദേശ സ്ഥാപനം എന്ന ലക്ഷ്യത്തിന് ആവശ്യമായ സാങ്കേതികപരവും/ പ്രൊഫഷണൽ പരവുമായ നേതൃത്വവും പിന്തുണയും നൽകാനും, ആരോഗ്യ- സാമൂഹ്യ നീതി വകുപ്പുകൾക്ക് കഴിയണം. ഇതിനനുസരിച്ചുള്ള വകുപ്പ് തല നവീകരണവും അനിവാര്യമാണ്.

### ഭാവി പരിപാടി ആസൂത്രണം ചെയ്യുമ്പോൾ:

കേരളത്തിലെ വയോജന ക്ഷേമരംഗം ഇന്ന് നേരിടുന്ന വെല്ലുവിളി, നയങ്ങളുടെയോ പദ്ധതികളുടെയോ അഭാവമല്ല; മറിച്ച്, അവയെ ഏകോപിതവും സുസ്ഥിരവും വയോജനകേന്ദ്രീകൃതവുമായ ഒരു പരിപാലന രീതിയിലേക്ക് മാറ്റുക എന്നതാണ്. പദ്ധതി അടിസ്ഥാനത്തിലും വകുപ്പുതലത്തിലുള്ള സമീപനങ്ങളിലും മാറ്റം വരുത്തി, പ്രാദേശിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നതും വികേന്ദ്രീകൃതവും ലക്ഷ്യാധിഷ്ഠിതവുമായ ഒരു സംയോജിത വയോജന പരിപാലന സംവിധാനം കെട്ടിപ്പടുക്കുക എന്നതാണ് ഇനി വേണ്ടത്. ഇതിനായി സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (LSGs), സാമൂഹ്യ സംഘടനകൾ എന്നീ മൂന്ന് സംവിധാനങ്ങളുടെ ഏകോപിതമായ പ്രവർത്തനങ്ങളും വിപുലമായ ശേഷി വികസനവും ആവശ്യമാണ്.

## IV
## ഭാവി: ദീർഘകാല സംയോജിത പരിപാടിക്ക് രൂപം നൽകൽ

### സംസ്ഥാനതലം

ശാരീരിക, മാനസിക, സാമൂഹിക സൗഖ്യം ഉറപ്പാക്കാൻ വയോജനങ്ങൾക്ക് അവശ്യമായ എല്ലാ സേവനങ്ങളും ഏകോപിപ്പിച്ച് മുഴുവനാളുകൾക്കും അതിന്റെ ലഭ്യത ഉറപ്പാക്കുകയാണ് വേണ്ടത്. ഇതിന് സഹായകമായ പൊതു നിർവ്വഹണ ചട്ടക്കൂടിന് രൂപം നൽകാൻ കഴിണം. വിട്ടുമാറാത്ത രോഗങ്ങളുടെ മാനേജ്മെന്റ്, മാനസികാരോഗ്യം, ഡിമെൻഷ്യ കെയർ, പുനരധിവാസം, ഭിന്നശേഷി സഹായം, പാലിയേറ്റീവ് കെയർ എന്നിവയെ വെവ്വേറെ കാണാതെ തുടർച്ചയായ ഒരു സേവനമായി കണ്ട് അവ സംയോജിപ്പിക്കാനുള്ള നടപടിയാണ് വേണ്ടത്. ഇതിനായി, ആരോഗ്യം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഒരു ഔദ്യോഗിക ഏകോപന സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ പൊതുവായ രജിസ്ട്രിയും ഡാറ്റാ സംവിധാനങ്ങളും ഇതിനായി ഉപയോഗിക്കാൻ കഴിയണം.

നിരീക്ഷണ-അവലോകന സംവിധാനങ്ങൾ, കേവലം ചിലവുകൾ കണക്കാക്കുന്നതിന് പകരം, രോഗനിയന്ത്രണം, ശാരീരിക ശേഷി, വീഴ്ചകൾ കുറയ്ക്കൽ, ജീവിത നിലവാരം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതായി (out come based) മാറണം. പരിചരണ സേവനം നൽകുന്നതിന് മികച്ച വൈദഗ്ധ്യ പരിശീലനം സിദ്ധിച്ച ഒരു കെയർഗിവിംഗ് വർക്ക്ഫോഴ്സിനെ (Caregiving workforce) വാർത്തെടുക്കുക എന്നത് സംസ്ഥാനത്തിന്റെ പ്രധാന ഉത്തരവാദിത്തമാണ്. കെയർഗിവിംഗ്

എന്നതിനെ ഒരു തൊഴിലായി അംഗീകരിക്കുകയും അവർക്ക് സർട്ടിഫിക്കേഷനും സുരക്ഷയും ഉറപ്പാക്കുകയും വേണം. വയോജനങ്ങളുടെ തൊഴിൽരാഹിത്യം എന്നത് ഒരു വരുമാന പ്രശ്നം മാത്രമല്ല, ഒറ്റപ്പെടലിനും, വിവിധ ശേഷികൾ നഷ്ടപ്പെടുന്നതിനും അത് കാരണമാകുന്നു.

എന്നാൽ വരുമാനം അനിവാര്യമായ ചില വിഭാഗങ്ങളുണ്ട്. ഈ വിഭാഗത്തിന് അനുയോജ്യമായ തൊഴിലവസരം ഉറപ്പാക്കാനും അത് ലഭിക്കാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. യൂണിയൻ സർക്കാർ തൊഴിലുറപ്പിൽ കൊണ്ടുവന്ന മാറ്റം, വയോജനങ്ങളുടെ വരുമാന നഷ്ടവും ഒറ്റപ്പെടലും വർദ്ധിപ്പിക്കാൻ കാരണമാകാം. ഇത് പരിഹരിക്കാൻ സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ സംയോജിത പരിപാടിക്ക് രൂപം നൽകാൻ കഴിയണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന വയോജന ക്ഷേമ പരിപാടികൾക്ക് ആവശ്യമായ സാങ്കേതിക/പ്രൊഫഷണൽ പിന്തുണയും നേതൃത്വവും നൽകുന്ന തരത്തിൽ ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകളെയും അനുബന്ധ എജൻസികളെയും നവീകരിക്കേണ്ടതുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യം

പ്രാദേശികമായ എല്ലാ സവിശേഷതകളും ആവശ്യങ്ങളും ഉൾക്കൊണ്ട് എല്ലാ വിഭാഗത്തിലേക്കും എത്തിച്ചേരാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കഴിയുക. മാത്രമല്ല വയോജനക്ഷേമ രംഗം എന്നത് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും മുഖ്യവിഭാഗമായി മാറുന്ന സാഹചര്യത്തിൽ പൊതു സംവിധാനങ്ങളും പൊതുജീവിത രീതികളും നവീകരിക്കുകയാണ് വേണ്ടത്. തൊഴിൽ ക്ഷമത, പൊതുജീവിത സൗഖ്യം, ആരോഗ്യ ചിലവ് തുടങ്ങിയവ, വിവിധ ജീവിതഘടകങ്ങളെ സ്വാധീനിക്കുന്നതായതിനാൽ എല്ലാ വികസന-ക്ഷേമ പ്രവർത്തനങ്ങളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലും വയോജനാവശ്യങ്ങൾ നിറവേറ്റാൻ പാകത്തിന് സമഗ്രമായ നവീകരണം അനിവാര്യമാണ്. ഇതിൽ മുഖ്യം തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വമാണ്. തദ്ദേശ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ വയോജന ക്ഷേമത്തിനായി യൂണിയൻ സർക്കാരും സംസ്ഥാനസർക്കാരും ആവിഷ്കരിക്കുന്ന എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചും സമന്വയിപ്പിച്ചും നടപ്പിലാക്കാൻ കഴിയണം. ഇതിന് സഹായകമായ രീതിയിൽ ആസൂത്രണ-നിർവ്വഹണ പ്രക്രിയും മാർഗ്ഗനിർദേശങ്ങളും നിർവ്വഹണ സംവിധാനവും നവീകരിക്കണം. ഓരോ തദ്ദേശ സ്ഥാപനവും വാർഡ് തലത്തിൽ വയോജനങ്ങളുടെ അവസ്ഥക്കും ആവശ്യത്തിനും അനുസരിച്ചുള്ള അടിസ്ഥാന വിവരങ്ങൾ തയ്യാറാക്കി കർമ്മ പരിപാടിക്ക് രൂപം നൽകണം. നിലവിൽ വയോജനങ്ങളെ അഞ്ച് വിഭാഗങ്ങളായി കാണാം.

1. വീടിന് പുറത്തിറങ്ങാൻ കഴിയാത്തവരും കിടപ്പിലായവരും.
2. 80 വയസ്സിന് മുകളിൽ പ്രായമുള്ളവർ.
3. ഒറ്റയ്ക്ക് താമസിക്കുന്നവർ.
4. മൾട്ടിമോർബിഡിറ്റി (ഒന്നിലധികം രോഗങ്ങൾ), ഭിന്നശേഷി, ഓർമ്മക്കുറവ് എന്നിവയുള്ളവർ.
5. സജീവാവസ്ഥയിലുള്ളവർ

## കിടപ്പുരോഗികളുടെ അവകാശ ഉറപ്പ്

മേൽപ്പറഞ്ഞ ആദ്യത്തെ നാല് വിഭാഗങ്ങളെ ഒരു ഡിജിറ്റൽ ഗ്രിഡിൽ രജിസ്റ്റർ ചെയ്യുന്ന സംവിധാനം വേണം. ഇപ്പോൾ തന്നെ എൻഎച്ച്എം-ന്റെ മുൻകൈയിൽ ഇത്തരമൊരു ഡിജിറ്റൽ ഗ്രിഡ് നിലവിലുണ്ട്. രണ്ട് ലക്ഷത്തിലേറെ കിടപ്പുരോഗികൾ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ഇത് സമ്പൂർണ്ണമാക്കണം. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കിടപ്പ് രോഗികൾക്കു മുഴുവൻ ഏതാനും സുരക്ഷാ അവകാശങ്ങൾ സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ഗ്യാരണ്ടി ചെയ്യും. അവയിൽ താഴെപ്പറയുന്ന അവകാശങ്ങൾ ഉൾപ്പെടും.

1. കൃത്യമായ ഇടവേളകളിൽ പരിശീലനം സിദ്ധിച്ച പാലിയേറ്റീവ് നേഴ്സിന്റെ സന്ദർശനം. ഇത് രോഗി തെരഞ്ഞെടുക്കുന്ന സന്നദ്ധസംഘടനയുടെ ആഭിമുഖ്യത്തിലാകാം. ഇത് ലഭ്യമല്ലാത്തിടത്ത് പഞ്ചായത്ത്/പി.എച്ച്.സി നേഴ്സ് സന്ദർശനം നടത്തുമെന്ന് ഉറപ്പുവരുത്തണം.
2. ഗ്രിഡിലെ ഡിജിറ്റൽ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് കൃത്യമായ മെഡിക്കൽ റിപ്പോർട്ട് പി.എച്ച്.സി/രോഗി തെരഞ്ഞെടുത്ത ആശുപത്രിക്ക് (ചെലവ് അവർ വഹിക്കുമെങ്കിൽ) ലഭ്യമാക്കും. അതുവഴി ടെലിമെഡിസിൻ ഫലപ്രദമാക്കാം.
3. ആശുപത്രിയിൽ കൊണ്ടുപോകണമെങ്കിൽ സൗജന്യ ആംബുലൻസ് സർവീസ് ലഭ്യമാക്കും.
4. വാതിൽപ്പടി മരുന്ന് ഉറപ്പുവരുത്തും. അതുപോലെ തന്നെ മറ്റു സർക്കാർ ആനുകൂല്യങ്ങളും.
5. കിടപ്പുരോഗി ചെറിയ ഫീസ് നൽകാൻ തയ്യാറാണെങ്കിൽ കുടുംബശ്രീയുടെ സാന്ത്വന മിത്രത്തിന്റെ സേവനം ലഭ്യമാക്കും. കെ-കെയറിന്റെ സേവനവും ലഭ്യമാക്കാവുന്നതാണ്. വളരെ പാവപ്പെട്ടവരുടെ വീടുകളിൽ ഇത്തരം സേവനത്തിനുള്ള ഫീസ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകാനുള്ള അനുവാദം ഉണ്ടാകണം.
6. ആവശ്യമെങ്കിൽ സൗജന്യഭക്ഷണം ലഭ്യമാക്കണം.
7. മരണാനന്തര ചടങ്ങുകൾക്കുള്ള സൗകര്യങ്ങൾ പാലിയേറ്റീവ് സംഘടനകൾ വഴി ലഭ്യമാക്കും.

ഇത്തരത്തിൽ വയോജനങ്ങളുടെ അവകാശങ്ങൾ പ്രഖ്യാപിക്കുകയും അവ സമൂഹ്യമായി ഉറപ്പുനൽകുന്ന സംസ്ഥാനമായി കേരളം മാറണം.

## ആരോഗ്യകരമായ വാർദ്ധക്യം

കിടപ്പുരോഗികൾ അല്ലാതെ സജീവമായി പ്രവർത്തിക്കാൻ കഴിയുന്ന മുഴുവൻ വയോജനങ്ങൾക്കും ആരോഗ്യകരമായ വാർദ്ധക്യമാകൽ എന്നതാണ് മുദ്രാവാക്യം. ഇവയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. വീടും പൊതുയിടങ്ങളിലെയും കെട്ടിടങ്ങളും ഉപകരണങ്ങളും വയോജനസൗഹൃദമാക്കണം.
2. സജീവ അവസ്ഥയിലുള്ളവരെ വലിയൊരു വിഭവമായി കണ്ട്, അവരുടെ ആവശ്യങ്ങൾ, താല്പര്യങ്ങൾ, വൈദഗ്ധ്യം-നൈപുണികൾ എന്നിവ മനസ്സിലാക്കി പ്രയോജനപ്പെടുത്തുക.
3. വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക. വയോജന ഗ്രാമസഭകളും വയോജന ജാഗ്രതാ സമിതികളും കേവലം ചടങ്ങുകളായി മാറാതെ തീരുമാനങ്ങൾ എടുക്കുന്ന സജീവ വേദികളാകണം.
4. പകൽവീടുകളെയും തണലിടങ്ങളെയും വെറും സംഗമ കേന്ദ്രങ്ങളായല്ല, മറിച്ച് ആരോഗ്യ പരിപാലനവും മാനസിക ഉല്ലാസവും നൽകുന്ന ഹബ്ബുകളായി മാറ്റണം.
5. പ്രത്യേക ആരോഗ്യ പരിപാലനത്തിനുള്ള സ്കീമുകൾ ശക്തിപ്പെടുത്തുക. സൗകര്യങ്ങൾ വിപുലപ്പെടുത്തുക.
6. വയോജനങ്ങളുടെ ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുക.

സമഗ്ര സമീപനം കർമ്മ പരിപാടിയിൽ സ്വീകരിക്കുമ്പോഴും പ്രത്യേകം ഊന്നൽ നൽകേണ്ട വിഷയങ്ങളുണ്ട്. ഇതിൽ പ്രധാനപ്പെട്ടവയാണ് ഡിമെൻഷ്യ (ഓർമ്മക്കുറവ്), വയോജനങ്ങളുടെ മാനസികാരോഗ്യം ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങളുടെ സുരക്ഷയും ക്ഷേമവും, മരുന്നുകളുടെ അമിത ഉപയോഗ നിയന്ത്രണവും മരുന്ന് സുരക്ഷ ഉറപ്പാക്കലും, വീടുകളും പൊതുസ്ഥലങ്ങളും വയോജന സൗഹൃദമാക്കി (Fall-safe) മാറ്റലും. ഇവയ്ക്ക് പരിഹാരം സാമൂഹ്യാധിഷ്ഠിത പരിചരണ പരിപാടിയിലുടെ മാത്രമേ കഴിയൂ. അതിലേക്ക് സർക്കാരിന്റെ എല്ലാ സംവിധാനങ്ങളിലും മാറ്റം വരണം.

## സാമൂഹ്യ- സന്നദ്ധ സംഘടകൾ:

വയോജന സൗഖ്യം ഉറപ്പാക്കാൻ സമൂഹത്തിന്റെ ആകെ നവീകരണമാണ് ആവശ്യം. ഇത് കേവലം സർക്കാർ സംവിധാനങ്ങളിലൂടെ മാത്രം നടക്കില്ല. എല്ലാ സംവിധാനങ്ങളേയും ഈ പ്രവർത്തനത്തിലേക്ക് ബന്ധിപ്പിക്കേണ്ടതുണ്ട്. ഔദ്യോഗിക സംവിധാനങ്ങൾക്ക് ഒപ്പവും പ്രത്യേക ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളിലും സാമൂഹ്യ സംഘടനകൾക്കും സന്നദ്ധ സംഘടനകൾക്കും (NGOs) വലിയ പങ്കുണ്ട്. മാത്രമല്ല ചില പ്രവർത്തനങ്ങളിൽ ഓരോ മുതിർന്ന പൗരർക്കും ചില പിന്തുണകൾ ആവശ്യമാണ്. ഇത് നൽകാൻ ചുറ്റുമുള്ളവർക്കും അയൽപക്ക കൂട്ടായ്മകൾക്കും-സംഘടനകൾക്കും കഴിയുന്നതാണ്. ഇതിലൂടെ, പൊതുജീവിത ശൈലി മാറ്റി കൊണ്ടുവരാനും കഴിയുന്നതാണ്. ഇതിലേക്ക് തുടക്കം കുറിക്കാൻ കഴിയുന്ന ചില പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാമൂഹ്യ സംഘടനകൾക്ക് കഴിയും

- മരുന്ന് കൃത്യമായി കഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ, ഒറ്റപ്പെടലും വിഷാദവും നേരത്തെ തിരിച്ചറിയൽ, അക്രമങ്ങളിൽ നിന്നും അവഗണനകളിൽ നിന്നും സംരക്ഷണം നൽകൽ, എന്നീ കാര്യങ്ങളിൽ അയൽക്കൂട്ടങ്ങൾക്കും എൻജിഒ-കൾക്കും ഇടപെടാം.
- പെൻഷൻ, മെഡിക്കൽ സഹായം, എൽഡർലൈൻ തുടങ്ങിയ സേവനങ്ങൾ അർഹരിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്ന ഒരു 'വാച്ച് ഡോഗ്' ആയി ഇവർ പ്രവർത്തിക്കണം.

## വിപുലമായ ശേഷി - നൈപുണ്യവികസന പരിപാടി:

വിപുലമായ ശേഷിവികസന പരിപാടി അനിവാര്യമാണ്. മൂന്ന് ധാരയിലുള്ള ശേഷി-നൈപുണ്യവികസന പരിപാടിക്ക് രൂപം നൽകേണ്ടതുണ്ട്. സേവന ദാതാക്കളായി വരുന്ന ആരോഗ്യ- ക്ഷേമ സേവനവുമായി ബന്ധപ്പെട്ട ഡോക്ടർ, പാരമെഡിക്കൽ സ്റ്റാഫ്, ക്ഷേമ-നിയമ സഹായം നൽകുന്നവർ ഉൾക്കൊള്ളുന്ന വിഭാഗം. ആവശ്യങ്ങൾക്കും കാലഘട്ടത്തിനും അനുസരിച്ച് തൊഴിൽ-സേവന നൈപുണി വികസനത്തിനുള്ള ക്രമീകരണം അതാത് വകുപ്പുകളുടെ നേതൃത്വത്തിൽ ആവിഷ്കരിക്കണം. ഇതിന് ആവശ്യമായ ശേഷിവികസന നയത്തിനും രൂപം നൽകണം.

രണ്ടാമത്തെ വിഭാഗം തദ്ദേശസ്ഥാപനതല ജനപ്രതിനിധികളും ഉദ്യോഗസ്ഥ സംവിധാനവുമാണ്. സമഗ്രാസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് തുടങ്ങി എല്ലാ ഘടകങ്ങളിലും പ്രത്യേക പരിശീലനം നൽകേണ്ടതുണ്ട്. മാത്രമല്ല, എല്ലാ വികസന പരിപാടികളിലും വയോജന സുരക്ഷ-സൗഖ്യം എന്നിവ ഉറപ്പാക്കുന്നത് സംബന്ധിച്ചും തദ്ദേശസ്ഥാപന നേതൃത്വത്തിന്റെ വൈദഗ്ധ്യവികസനം അനിവാര്യമാണ്. കിലയും ഹാപും (HAP), കേരള പഞ്ചായത്ത് അസോസിയേഷൻ, ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കിയ "വയോജന സൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനം" എന്ന പരിപാടിയിൽ നിന്നും ലഭിക്കുന്നത് വയോജന പരിപാലനത്തിലെ പങ്കാളികളുടെ ശേഷി വികസനത്തിന്റെ പ്രാധാന്യവും അനിവാര്യതയുമാണ്.

മൂന്നാമതായി വിവിധ രീതിയിലുള്ള സാമൂഹ്യ തല ഇടപെടലുകളുടെ സാധ്യതകളുടെ ഭാഗമായി വേണ്ടിയുള്ള പരിശീലനങ്ങൾ വേണ്ടതുണ്ട്.

- അയൽക്കൂട്ടങ്ങളുടെ പങ്ക്: ഒറ്റപ്പെടൽ, ആരോഗ്യക്ഷയം, വീഴ്ചാ സാധ്യതകൾ, വിഷാദം എന്നിവ, വയോജന അയൽക്കൂട്ടങ്ങൾക്ക് നേരത്തെ തിരിച്ചറിയാൻ സാധിക്കും.
- വ്യക്തിഗത പരിപാലന പദ്ധതി (PCP): ദുർബലരായ ഓരോ വയോജനങ്ങൾക്കും വേണ്ട ആരോ

ഗ്യ-ഭക്ഷണ-സുരക്ഷാ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു പ്രത്യേക പരിപാലന പദ്ധതി തയ്യാറാക്കണം.

- പ്രതിരോധ പ്രവർത്തനങ്ങൾ: വീഴ്ചകൾ ഒഴിവാക്കാനുള്ള വ്യായാമങ്ങൾ, ഡിമെൻഷ്യ പ്രതിരോധം, കൃത്യമായ മരുന്ന് ഉപയോഗം എന്നിവയിൽ എൻജിഒ-കൾക്ക് വയോജനങ്ങളെ സഹായിക്കാം.
- അവകാശ സംരക്ഷണം: പെൻഷൻ, മെഡിക്കൽ സഹായം, എൽഡർലൈൻ (14567) തുടങ്ങിയ സേവനങ്ങൾ അർഹരിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്ന ഒരു നിരീക്ഷണ സംവിധാനമായി ഇവർ പ്രവർത്തിക്കണം.

ഇത്തരം എല്ലാ സാധ്യതകളും സമന്വയിപ്പിച്ച് തദ്ദേശ സ്ഥാപനങ്ങളിൽ വയോജന സൗഹൃദ ഭരണനിർവ്വഹണ സംവിധാനം പ്രായോഗികമാക്കുന്നതിന് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും വിപുലമായ പരിശീലനം അനിവാര്യമാണ്. ഇതിലേക്ക് ആവശ്യമായ നേതൃത്വം നൽകാൻ കഴിയുന്ന തരത്തിൽ, ആവശ്യമായ പരിശീലന മൊഡ്യൂളുകൾ, വയോജന പ്രൊഫൈലിംഗിനും സേവന നിലവാരത്തിനും ആവശ്യമായ മാർഗ്ഗരേഖകൾ (SOPs), തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്താൻ ലളിതമായ ഡാഷ്ബോർഡുകൾ സജ്ജമാക്കൽ, മികച്ച മാതൃകകൾ പങ്കുവെക്കാനായി തദ്ദേശ സ്ഥാപനങ്ങളെ ഏകോപിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പാകത്തിൽ കില-യിൽ ക്രമീകരണങ്ങൾ കൊണ്ടുവരണം.

പദ്ധതികളുടെ കുറവല്ല, മറിച്ച് അവയുടെ ഏകോപനവും തുടർച്ചയുമാണ് ഈ മേഖലയിൽ കേരളം നേരിടുന്ന വെല്ലുവിളി. സംസ്ഥാന സർക്കാർ, തദ്ദേശ സ്ഥാപനങ്ങൾ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ തുടങ്ങി എല്ലാ സംവിധാനങ്ങളേയും സമന്വയിപ്പിച്ച് വയോജനങ്ങൾക്കായി ഒരു സമ്പൂർണ്ണ പരിപാലന സംവിധാനം സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. വയോജനങ്ങൾ കൂടുതൽ കാലം ജീവിക്കുക എന്നതിലുപരി, അവർ എത്രത്തോളം ആരോഗ്യത്തോടെയും അന്തസ്സോടെയും ജീവിക്കുന്നു എന്നതാകണം നമ്മുടെ വിജയത്തിന്റെ മാനദണ്ഡം.

# 11

# സാമൂഹ്യനീതി – ഭിന്നശേഷിക്കാർ അതിഥി തൊഴിലാളികൾ

നവലിബറൽ നയങ്ങൾ പിന്തുടരുന്ന ദേശീയ ഭരണകൂടം നീതി, തുല്യത എന്നിവയ്ക്കു പകരം നീതി രഹിതവും, അസമത്വവും ആയ സമീപനത്തിന് എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പരിപാടികൾ നടപ്പിലാക്കുന്ന പശ്ചാത്തലത്തിലാണ് സാമൂഹ്യനീതിയെന്നത് നമ്മൾ ചർച്ചചെയ്യുന്നത്. സാമൂഹ്യനീതിയിലധിഷ്ഠിതമായൊരു വികസനം സാധ്യമാക്കാനാവുന്നു എന്നതാണ് കേരളത്തിന്റെ പ്രസക്തി സാർവദേശീയരംഗത്ത് ഉയർത്തിക്കാട്ടുന്ന ഒരു പ്രധാന കാര്യം. സംസ്ഥാനം ആർജ്ജിച്ച വികസനത്തിന്റെ ഫലങ്ങൾ എല്ലാത്തട്ടിലുമുള്ളവരിലേക്കും വിന്യസിക്കപ്പെട്ടു. ഈ നേട്ടത്തിന്റെ വേണ്ടത്ര ഗുണഫലം ലഭിക്കാത്ത വിഭാഗങ്ങളിൽ ഭിന്നശേഷിക്കാരും അതിഥി തൊഴിലാളികളും ഉൾപ്പെടും.

ശാരീരികവും ബൗദ്ധികവുമായ വെല്ലുവിളികൾ ഉൾപ്പെടുന്ന സങ്കീർണ്ണമായൊരു അവസ്ഥയാണ് ഭിന്നശേഷി എന്നത്. 2011 ലെ സെൻസസ് അനുസരിച്ച് കേരള സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ 2.7 ശതമാനം വരുന്നു ഇക്കൂട്ടർ. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ 2015 ൽ നടത്തിയ ഒരു സർവേ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 2.32 ശതമാനമേ വരൂ. അത് ഏകദേശം 7,90,000 പേർ വരും. ഇവരിൽ 48 ശതമാനത്തിനേ സർക്കാർ നൽകുന്ന സർട്ടിഫിക്കേറ്റ് ഉള്ളൂ എന്നതിനാൽ ഭിന്നശേഷിയുടെ ആഴവും പരപ്പും അറിയാൻ കഴിയുന്നില്ല എന്നുമാത്രമല്ല സർക്കാർ നൽകുന്ന പല ആനുകൂല്യങ്ങളും എല്ലാവർക്കും ലഭിക്കുന്നുമില്ല. ഇവരിലേറെയും സാമ്പത്തിക പരാധീനതയുള്ള കുടുംബങ്ങളിലെ അംഗങ്ങളാണ്. പകുതിയിലധികം പേരും പള്ളിക്കൂടത്തിൽ പോയിട്ടില്ലെന്നും 32,090 പേരാണ് ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ളതെന്നും സർവേ ചൂണ്ടിക്കാട്ടുന്നു. ജോലിചെയ്യാവുന്ന പ്രായത്തിലുള്ള ഭിന്നശേഷിക്കാരിൽ വളരെക്കുറച്ചുപേർ മാത്രമേ ജോലി ചെയ്യുന്നുള്ളൂ, അവരിൽ ഭൂരിഭാഗവും താൽക്കാലിക അല്ലെങ്കിൽ ദിവസ വേതന ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 68,590 ഭിന്നശേഷിക്കാർക്ക് ജോബ് കാർഡുണ്ട്.

ഈ തിരിച്ചറിവുകളുടെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ വിശേഷാൽ ചർച്ച ചെയ്യേണ്ടതുണ്ട്.

## I
## ഭിന്ന ശേഷി മേഖലയും പഠന കോൺഗ്രസ്സുകളും

ഒന്നാം പഠന കോൺഗ്രസ് (1994) മുതൽ സജീവ ചർച്ചക്ക് വിധേയമായ വിഷയമാണ്. ഭിന്നശേഷിക്കാരെ സഹതാപ ദൃഷ്ടിയിൽ അല്ലാതെ ലഭിക്കേണ്ട സേവനങ്ങളെ അവകാശാധിഷ്ഠിതമായി സമീപിക്കാൻ പഠന കോൺഗ്രസിലെ ചർച്ചകൾ തുടക്കമിട്ടു. അടിസ്ഥാന സൗകര്യ വികസനത്തിലും ആരോഗ്യരംഗത്തും ഈ സമീപനത്തിൽ നീങ്ങുന്നതിനു ആദ്യ പഠന കോൺഗ്രസ് പ്രേരണയായി.

### രണ്ടാം കേരള പഠന കോൺഗ്രസ്

രണ്ടാം പഠന കോൺഗ്രസ്സിൽ ഭിന്നശേഷിക്കാർക്കായി സംസ്ഥാന നയമെന്ന ആശയം മുന്നോട്ട് വച്ചു. പുനരധിവാസം, വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ സംവരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ രംഗത്ത് കൂടുതൽ പ്രോജക്ടുകൾ പരിഗണിക്കേണ്ടതിന്റെ ആവശ്യങ്ങളും ഉയർന്നുവന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അവസരവും ചുമതലയും നൽകുന്ന സമീപനമാണ് ചർച്ചകളിൽ ഉയർന്നത്. സമഗ്രമായ ഭിന്നശേഷി സർവ്വേ നടത്തുക. കൂടുതൽ ബഡ്സ് സ്കൂളുകൾ (BUDS Schools) തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ ആരംഭിക്കുക. തദേശ സ്ഥാപനങ്ങൾ നിശ്ചിത ശതമാനം ഫണ്ട് നിർബന്ധമായും ഭിന്നശേഷി ക്ഷേമത്തിനായി നീക്കിവെക്കുക.

വിദ്യാഭ്യാസം, തൊഴിൽ, സംവരണം, ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education) ഭിന്നശേഷിയുള്ള കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ മറ്റുള്ളവരോടൊപ്പം പഠിക്കാൻ സഹായിക്കുന്ന സാഹചര്യം സൃഷ്ടിക്കുക, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ സംവരണം ഉറപ്പാക്കുക, അനുയോജ്യ

മായ സ്വയംതൊഴിൽ പരിശീലനങ്ങളും കുറഞ്ഞ പലിശയിൽ ലോണുകളും ലഭ്യമാക്കുക.

തടസ്സങ്ങളില്ലാത്ത പൊതുവിടങ്ങൾ (Barrier-Free Environment) പൊതുസ്ഥലങ്ങളും ഗതാഗത സൗകര്യങ്ങളും ഭിന്നശേഷി സൗഹൃദമാക്കുക, സർക്കാർ ഓഫീസുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ റാംപുകൾ (Ramps) നിർബന്ധമാക്കുക. ശൗചാലയങ്ങൾ ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാൻ പാകത്തിൽ നിർമ്മിക്കുക.

കുട്ടികളിലെ വൈകല്യങ്ങൾ ഗർഭാവസ്ഥയിലോ അല്ലെങ്കിൽ ജനിച്ചാലുടനെയോ കണ്ടെത്താനുള്ള പരിശോധനാ സംവിധാനങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴി വ്യാപിപ്പിക്കുക, ഭിന്നശേഷി പെൻഷൻ കാലാനുസൃതമായി വർദ്ധിപ്പിക്കുക. ഗുരുതരമായ അവസ്ഥയിലുള്ളവരെ സംരക്ഷിക്കാൻ കമ്മ്യൂണിറ്റി അധിഷ്ഠിത പുനരധിവാസ (Community Based Rehabilitation) പദ്ധതികൾക്ക് രൂപം നൽകുക. തുടങ്ങി വിപുലവും സമഗ്രവുമായ നിർദേശങ്ങളാണ് രണ്ടാം പഠന കോൺഗ്രസ്സിൽ ഉയർന്നുവന്നത്.

## 2006-ലെ ഇടതുപക്ഷ സർക്കാർ

മുകളിൽ കൊടുത്ത നിർദ്ദേശങ്ങളാണ് പിന്നീട് കേരളത്തിൽ ഭിന്നശേഷി നയം രൂപീകരിക്കുന്നതിലേക്കും, പ്രാദേശികമായി ബഡ്സ് സ്കൂളുകൾ പോലുള്ള സംവിധാനങ്ങൾ വലിയ രീതിയിൽ വ്യാപിക്കുന്നതിലേക്കും വഴിതെളിച്ചത്. 2006-ൽ വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി (LDF) സർക്കാർ അധികാരത്തിൽ വന്നപ്പോൾ, 2005-ലെ രണ്ടാം കേരള പഠന കോൺഗ്രസിലെ നിർദ്ദേശങ്ങൾ പ്രായോഗികമാക്കാൻ നിരവധിയായ നടപടികൾ സ്വീകരിച്ചു.

കുടുംബശ്രീയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ബഡ്സ് സ്കൂളുകൾ വ്യാപകമായി ആരംഭിച്ചു. ഇതിനായി സർക്കാർ പ്രത്യേക ഗ്രാൻഡുകൾ അനുവദിച്ചു. ഭിന്നശേഷി സൗഹൃദ തദ്ദേശ സ്ഥാപനങ്ങൾ എന്ന ആശയത്തിന് പ്രായോഗിക തുടക്കം കുറിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഭിന്നശേഷിക്കാർക്കായി നിശ്ചിത ശതമാനം തുക നീക്കിവെക്കാൻ നടപടി സ്വീകരിച്ചു. തദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും അവരുടെ ആവശ്യങ്ങൾ തിരിച്ചറിയുന്നതിനുമുള്ള ഭിന്ന ശേഷി സർവ്വേ നടത്തി.

ഭിന്ന ശേഷി നയരൂപീകരണത്തിന് നടപടി സ്വീകരിച്ചു. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ആനുകൂല്യങ്ങൾ കൃത്യമായി എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഭിന്ന ശേഷി കമ്മിഷണറേറ്റ് ഉൾപ്പെടെ ഉള്ള സ്ഥാപനങ്ങൾ ശാക്തീകരിച്ചു. ഒപ്പം സാമൂഹ്യസുരക്ഷാ മിഷന് രൂപം നൽകി.

ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത തസ്തികകളിൽ ദീർഘകാലമായി ഒഴിവുകിടന്നവ നികത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾക്ക് തുടക്കമിട്ടു, കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ വഴി കുറഞ്ഞ പലിശയിൽ സംരംഭകർക്ക് ലോണുകൾ ലഭ്യമാക്കി. ഭിന്നശേഷി പെൻഷൻ തുക വർദ്ധിപ്പിക്കുകയും അത് അർഹരായവരിലേക്ക് കൃത്യമായി എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ തദ്ദേശ സ്ഥാപനങ്ങൾ വഴി വിതരണ സംവിധാനം കൊണ്ടുവന്നു, തടസ്സങ്ങളില്ലാത്ത പൊതുവിടങ്ങൾ എന്ന നടപടിയുടെ ഭാഗമായി പുതിയ സർക്കാർ കെട്ടിടങ്ങളിൽ റാംപുകൾ നിർബന്ധമാക്കുന്നതിനും പഴയ കെട്ടിടങ്ങളിൽ അവ നിർമ്മിക്കുന്നതിനും ആവശ്യമായ തുക തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് ചിലവഴിക്കാൻ അനുമതി നൽകി.

## നാലാം കേരള പഠന കോൺഗ്രസ്സ്

മൂന്നാം പഠന കോൺഗ്രസ്സിൽ സമഗ്ര പുനരധിവാസം, ഭിന്നശേഷിയുള്ള കുട്ടികളുടെ നേരത്തെയുള്ള കണ്ടെത്തൽ, അവർക്ക് അനുയോജ്യമായ പ്രത്യേക വിദ്യാഭ്യാസം, തടസ്സങ്ങളില്ലാത്ത പൊതുവിടങ്ങൾ (Barrier-free environment) എന്നിവ സംബന്ധിച്ച് വിശദമായ നിർദേശങ്ങളും ഉണ്ടായി.

നാലാം പഠന കോൺഗ്രസ്സ് അവകാശാധിഷ്ഠിത സമീപനം മുന്നോട്ടുകൊണ്ടുപോയി. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ഓട്ടിസം ബാധിച്ചവർക്കും വേണ്ടിയുള്ള പ്രത്യേക ക്ലസ്റ്ററുകൾ, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കൽ, ഭിന്നശേഷി സൗഹൃദ കേരളം പദ്ധതി തുടങ്ങിയവ സംബന്ധിച്ചും മൂർത്തമായ നിർദേശങ്ങൾ ഉണ്ടായി. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കുടുംബശ്രീ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയെ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നത് രണ്ടാം പഠന കോൺഗ്രസുമുതൽ സജീവ ചർച്ചാ വിഷയമായിരുന്നു.

എല്ലാ ഭിന്നശേഷി കുട്ടികൾക്കും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സൗകര്യവും, അവർക്ക് ആവശ്യമായ പ്രത്യേക അധ്യാപകരുടെ (Special Educators) സേവനവും ഉറപ്പാക്കുക, എന്നിവയായിരുന്നു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ.

സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ചിട്ടുള്ള സംവരണം കൃത്യമായി നടപ്പിലാക്കുക. കൂടാതെ, സ്വകാര്യ മേഖലയിലും ഇവർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പ്രോത്സാഹനം നൽകുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം വിപുലപ്പെടുത്തുക പ്രാദേശിക തലത്തിൽ പകൽവീടുകൾ, ബഡ്സ് സ്കൂളുകൾ (Buds Schools) എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കുകയും അവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്യുക.

കുട്ടികളിലെ വൈകല്യങ്ങൾ ജനനസമയത്തോ അതിനു മുൻപോ കണ്ടെത്താനുള്ള പരിശോധനകൾ വ്യാപകമാക്കുക. സൗജന്യ ചികിത്സയും സഹായ ഉപകരണങ്ങളും (Hearing aids, Wheelchairs

etc.) ഗുണമേന്മയോടെ ലഭ്യമാക്കുക. സാമൂഹിക സുരക്ഷയും പെൻഷനും ഭിന്നശേഷി പെൻഷൻ കാലാനുസൃതമായി വർദ്ധിപ്പിക്കുക. അതിതീവ്ര ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്നവർക്ക് (Caregivers) ആശ്വാസകിരണം പോലുള്ള പദ്ധതികൾ വഴി കൂടുതൽ സാമ്പത്തിക സഹായം നൽകുക. പൊതു ഇടങ്ങൾ, ഗതാഗത സംവിധാനങ്ങൾ, തുടങ്ങിയവ ഭിന്നശേഷി സൗഹൃദമാക്കുക.

## II
## 2016 - 2026 - ദശാബ്ദത്തിലെ നേട്ടങ്ങൾ

2016 മുതൽ 2026 വരെയുള്ള കഴിഞ്ഞ പത്ത് വർഷം കേരളത്തിലെ ഭിന്നശേഷി വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വലിയ മാറ്റങ്ങളുടെ കാലഘട്ടമായിരുന്നു. കേവലം "ക്ഷേമം" എന്നതിലുപരി അവർക്ക് "അവകാശങ്ങൾ" ഉറപ്പാക്കുന്ന രീതിയിലേക്ക് സർക്കാർ നയങ്ങൾ മാറി.ഈ കാലയളവിൽ നടപ്പിലാക്കിയ പ്രധാന വികസന-ക്ഷേമ പരിപാടികൾക്ക് ഒപ്പം നയപരമായ മാറ്റങ്ങളും അവകാശ സംരക്ഷണവും പ്രധാനമാണ്.

ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ നിയമം 2016 കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കി. ഭിന്നശേഷിക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനും നിയമപരമായ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുമായി കമ്മീഷണറേറ്റിനെ വിപുലീകരിച്ചു. ഇതിന്റെ ഭാഗമായി ഭിന്നശേഷി വിഭാഗങ്ങളുടെ സംവരണം 3 ശതമാനത്തിൽ നിന്ന് 4 ശതമാനമായി വർദ്ധിപ്പിച്ചു.

- ബോധവൽക്കരണം : വൈകല്യത്തെ ചുറ്റിപ്പറ്റിയുള്ള തെറ്റായ ധാരണകൾ ഒഴിവാക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കി.
- അനുയാത്ര : പലവകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നേരത്തെയുള്ള കണ്ടെത്തൽ (Early Intervention), പുനരധിവാസം, ജീവിത സഹായം എന്നിവ ഉൾക്കൊള്ളുന്ന ഒരു ജീവിതചക്ര പരിപാടി സ്വീകരിച്ചു. ഇതിലൂടെ പ്രതിവർഷം 5–6 ലക്ഷം കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നു.
- ആശ്വാസകിരണം : തീവ്രമായ വൈകല്യമുള്ളവരെ പരിചരിക്കുന്നവർക്ക് നൽകുന്ന ആശ്വാസകിരണം പ്രതിമാസ ധനസഹായം ഉറപ്പാക്കി.
- വിദ്യാകിരണം : ഭിന്നശേഷിയുള്ള കുട്ടികൾക്കും ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ കുട്ടികൾക്കും പഠനസഹായം നൽകുന്ന വിദ്യാജ്യോതി വിദ്യാകിരണം പദ്ധതികളുടെ നിർവ്വഹണം ഫലപ്രദമാക്കി.
- ബഡ്സ് സ്കൂൾ : ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി തദ്ദേശ സ്ഥാപനങ്ങളും കുടുംബശ്രീയും കൂടി നടത്തുന്ന സംയുക്ത സംരംഭമാണ് ബഡ്സ് സ്കൂളുകൾ. 18 ന് വയസ്സിന് മുകളിലുള്ള ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും നിലവിലുണ്ട്. നിലവിൽ 405 ബഡ്സ് സ്ഥാപനങ്ങളുണ്ട്. ഇതിൽ 187 ബഡ് സ് സ്കൂളുകളും 218 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും സംസ്ഥാനത്തുണ്ട്. ഇതിൽ 13895 പരിശീലനാർത്ഥികളെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവക്ക് പിന്തുണ നൽകുന്നു.
- വിദ്യാഭ്യാസം : സമഗ്ര ശിക്ഷ അഭിയാൻ പോലുള്ള പരിപാടികളിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നു. ഭിന്നശേഷിക്കാർക്കായുള്ള 45 സ്പെഷ്യൽ സ്കൂളുകളിലൂടെയും വിവിധ റിസോഴ്സ് സെന്ററുകളിലൂടെയും സർക്കാർ പിന്തുണ നൽകുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്കോളർഷിപ്പുകളിലൂടെയും തടസ്സരഹിത കാമ്പസ് അടിസ്ഥാന സൗകര്യങ്ങളിലൂടെയും ഉൾച്ചേർക്കലിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു.
- കാഴ്ചപരിമിതർ : കാഴ്ച പരിമിതിയുള്ളവർക്കും കേൾവി പരിമിതിയുള്ളവർക്കും സ്മാർട്ട് ഫോണുകളും മറ്റ് അത്യാധുനിക ഉപകരണങ്ങളും ലഭിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾക്ക് ഊന്നൽ നൽകി.
- കേൾവി പരിമിതർ : കേൾവി പരിമിതിയുള്ള കുട്ടികൾക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അതിനുശേഷമുള്ള സ്പീച്ച് തെറാപ്പിയും ശ്രുതിതരംഗം പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.
- ചലന വൈകല്യം : ചലന വൈകല്യമുള്ളവർക്ക് സ്വയം സഞ്ചരിക്കാൻ സഹായിക്കുന്ന മോട്ടോറൈസ്ഡ് വീൽചെയറുകളുടെ വിതരണം വലിയ തോതിൽ നടപ്പിലാക്കി.
- പരിണയം : ശാരീരിക വൈകല്യമുള്ള പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ സഹായം നൽകുന്നതാണ്.
- ഓട്ടിസം : മെഡിക്കൽ കോളേജുകളിൽ ഓട്ടിസം കണ്ടെത്തുന്നതിനും അവരെ പിന്തുണയ്ക്കുന്നതിനുമുള്ള സ്പെക്ട്രം പദ്ധതി, ഒരു റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ എന്നിവയും ഉൾപ്പെടുന്നു. അതിജീവനം, പ്രതീക്ഷ, എന്നീ പരിപാടികളും നടപ്പിലാക്കി.
- തൊഴിൽ : ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി തൊഴിൽ പരിശീലനവും പുനരധിവാസവും ലക്ഷ്യമിട്ടുള്ള അതിജീവന പദ്ധതി പ്രാധാന്യം നൽകി. സ്വയംതൊഴിലും ഉപജീവനമാർഗ്ഗവും സൃഷ്ടിക്കുന്നതിനാണ് കൈവല്യ പദ്ധതി. ഇതിനുപുറമെ, നൈപുണി പരിശീലനമുൾപ്പടെ ആധുനിക വിവര, ആശയവിനിമയ സാങ്കേതികവിദ്യ (ICT) പ്രയോഗം വരെ ഭിന്നശേഷിയിലുള്ളവർക്ക് നൽകുന്നുണ്ട്. ഡിജിറ്റൽ പ്രവേശനക്ഷമതയ്ക്കുവേണ്ട ഉപകരണ സംവിധാനങ്ങൾ വികസിപ്പിച്ച് വേണ്ട പരിശീലനം നൽകുന്നു.

- ബാരിയർ ഫ്രീ : സർക്കാർ ഓഫീസുകൾ, പൊതു വിടങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കി. കേരളത്തിലെ ഏകദേശം 120-ഓളം ടൂറിസം കേന്ദ്രങ്ങൾ ഇപ്പോൾ ബാരിയർ ഫ്രീ ആണ്.
- കല, കായികം : ഈ മേഖലകളിൽ കഴിവ് തെളിയിക്കുന്ന ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിശീലനവും ധനസഹായവും ശ്രേഷ്ഠ പദ്ധതിയിലൂടെ നൽകുന്നു.
- പെൻഷൻ : സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതി ഏകദേശം 3.65 ലക്ഷം വികലാംഗർക്ക് പ്രയോജനം ചെയ്യുന്നു. പെൻഷൻ തുക 2016 ൽ 600 രൂപയായിരുന്നത് 2000 രൂപയായും വർദ്ധിപ്പിച്ചു. സേവന, സ്നേഹപൂർവ്വം തുടങ്ങിയ പദ്ധതികൾക്ക് കീഴിൽ വികലാംഗ പെൻഷനുകൾ, മെഡിക്കൽ സഹായം, ലക്ഷ്യമിട്ട സാമ്പത്തിക സഹായം എന്നിവയിലൂടെ സാമൂഹികസുരക്ഷ ഉറപ്പാക്കുന്നു. സ്നേഹസ്വന്തനം പദ്ധതി പ്രകാരം കിടപ്പിലായവർക്കും ഭിന്നശേഷീ പെൻഷൻ ലഭിക്കുന്നവർക്കും പ്രതിമാസം നിശ്ചിത തുക നൽകുന്നു.
- സ്നേഹപൂർവ്വം : ഈ പദ്ധതി ഭിന്നശേഷിയുള്ള അനാഥ കുട്ടികൾക്ക് സഹായം നൽകുന്നു.
- സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ : ശുഭയാത്ര, തണൽ എന്നീ പദ്ധതികൾ ഇലക്ട്രിക് വീൽചെയറുകൾ, പവർഡ് കിടക്കകൾ, ഹൈടെക് കൈകാലുകൾ, വോയ്സ് സോഫ്റ്റ്വെയർ ഉള്ള ലാപ്ടോപ്പുകൾ തുടങ്ങിയ സഹായ ഉപകരണങ്ങൾ നൽകുന്നു. വെൽഫെയർ കോർപ്പറേഷൻ വികലാംഗ ലോട്ടറി ഏജന്റുമാർക്ക് സബ്സിഡി നൽകുന്നു.
- ഗവേഷണം : ഭിന്നശേഷിക്കാരെ സഹായിക്കുന്ന നിഷ്, നിപ്മെർ, ഇംഹാൻസ്, ഭിന്നശേഷീ ക്ഷേമ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

### തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്

സാമൂഹ്യ നീതി വകുപ്പിന് ഉറമെ ആരോഗ്യം, വിദ്യാഭ്യാസം, കായികം, വനിതാ-ശിശു വികസനം, തൊഴിൽ നൈപുണി, ആഭ്യന്തരം, തദ്ദേശഭരണം എന്നീ വകുപ്പുകളും ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് വേണ്ടി നടപ്പാക്കുന്നുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGIs) ഭിന്നശേഷിക്കാർക്കായി ഏറെ സേവനങ്ങൾ നൽകുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾ ബഡ്സ് സ്കൂളുകളും, റീഹാബിലിറ്റേഷൻ സെന്ററുകളും നടത്തുന്നു. കൂടാതെ ഭിന്നശേഷിക്കാർക്കായി 'വിജയമൃതം', 'വിദ്യാജ്യോതി' തുടങ്ങിയ സ്കോളർഷിപ്പുകളും നൽകി വരുന്നു. ഭിന്നശേഷി പെൻഷനുകൾ അർഹരായവർക്ക് എത്തിക്കുക, വീൽചെയർ, ശ്രവണ സഹായികൾ, കൃത്രിമ കൈകാലുകൾ തുടങ്ങിയവ വാർഷിക പ്ലാൻ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്യുക, കുടുംബശ്രീ വഴി ഭിന്നശേഷിക്കാരുടെ ഗ്രൂപ്പുകൾക്ക് (BUDS/BRC വഴി) ചെറിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകുക, പൊതു കെട്ടിടങ്ങളിലും റോഡുകളിലും റാംപുകൾ നിർമ്മിക്കുന്നതിനും 'ബാരിയർ ഫ്രീ' ആക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴിയും പാലിയേറ്റീവ് കെയർ വഴിയും ആരോഗ്യ സേവനങ്ങൾനൽകുക തുടങ്ങി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ഭിന്നശേഷി ജനവിഭാഗത്തിന്റെ ജീവിത സാഹചര്യം, കുടുംബ സാഹചര്യം, ആവാസപ്രദേശത്തിന്റെ പ്രത്യേകത തുടങ്ങി സാമൂഹ്യവും ഭൗതികവും മായ പശ്ചാതലങ്ങൾക്ക് അനുസരിച്ചും സാമൂഹ്യാധിഷ്ഠിതമായും സേവനം ഉറപ്പാക്കാൻ കഴിയുന്നത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും സംയോജിച്ചും പദ്ധതികൾ സമന്വയിപ്പിച്ചും പ്രവർത്തിക്കുന്നതിലൂടെ മികച്ച ജീവിത സൗകര്യം ഉറപ്പാക്കാൻ കഴിയും. എന്നാൽ ഈ രംഗത്തേക്ക് ആവശ്യമായ സാങ്കേതികവും പ്രൊഫഷണലുമായ മികച്ച സേവനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ സാമൂഹ്യ നീതി വകുപ്പിനും അനുബന്ധ ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും കഴിയണം.

പത്തുവർഷത്തിനിടെ വലിയ നേട്ടങ്ങൾ ഉണ്ടായി എങ്കിലും സേവന വിതരണത്തിൽ ശ്രദ്ധേയമായ കുറവുകൾ നിലനിൽക്കുന്നു. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ പദ്ധതി നടത്തിപ്പിലെ കാര്യക്ഷമത ഇല്ലായ്മയിലേക്ക് നയിക്കുന്നു. ഇതിന്റെ ഫലമായി ഭിന്നശേഷി നേരത്തെ കണ്ടെത്തി ഇടപെടുന്നതിലേക്കും എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസത്തിലേക്കുമുള്ള പ്രവേശനം ചിലയിടത്തെങ്കിലും പരിമിതപ്പെടുത്തുന്നു. അതേപോലെ ഭിന്നശേഷിക്കാർക്കുള്ള തൊഴിലും ഉപജീവനമാർഗ്ഗവും അപര്യാപ്തമായി തുടരുന്നു. പൊതുസമൂഹത്തിന്റെ പിന്തുണയും കുടുംബത്തിൽ നിന്നുള്ള പിന്തുണയും ഒന്നുകൊണ്ടുപയാലേ ഇവരുടെ സവിശേഷ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. തദ്ദേശ സ്ഥാപനങ്ങളുടെ പൊതുസമൂഹത്തിന്റെയും സർക്കാർ-സ്വകാര്യ സംരംഭകരുടെയും പങ്കാളിത്തത്തവും സഹായവും ഒന്നിപ്പിച്ചുകൊണ്ടേ ഇക്കൂട്ടരുടെ പുനരധിവാസം സാധ്യമാകുകയുള്ളൂ.

## III
## ഭാവി നിർദ്ദേശങ്ങൾ

1. ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിനുമാത്രമായി ഒരു സമഗ്ര സർവേ നടത്തണം. സാർവത്രിക പ്രവേശനക്ഷമത, കമ്മ്യൂണിറ്റി അധിഷ്ഠിത പരിചരണം, ഡാറ്റാധിഷ്ഠിത ഭരണം എന്നിവയിൽ അധിഷ്ഠിത

മായിരിക്കണം ഭാവി പരിപാടികൾ. ഭിന്നശേഷി ക്കാർക്കു സാർവത്രിക സ്ക്രീനിംഗ്, വിദ്യാഭ്യാസം, സമഗ്രമായ സാമ്പത്തിക ശാക്തീകരണം എന്നിവ സുപ്രധാന നടപടികളിൽ ഉൾപ്പെടുന്നു. അവകാ ശങ്ങളെ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങളി ലും സംയോജിത ഭരണനിർവഹണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കണം.

2. ആരോഗ്യപരിചരണം, പുനരധിവാസം, തടസ്സ രഹിത പ്രാപ്യത, യാത്രാസൌകര്യങ്ങൾ, വിദ്യാ ഭ്യാസം, തൊഴിലും സാമ്പത്തിക ശാക്തീകര ണവും, പൊതുസമൂഹത്തിലെ പങ്കാളിത്തം, നൈപുണി വികസനം, സാമൂഹ്യ സുരക്ഷ, കായിക-സാംസ്കാരിക പ്രവർത്തനങ്ങൾ, സവിശേഷ ശ്രദ്ധ (മാനസികാരോഗ്യം) എന്നീ കാര്യങ്ങളിലെ ഇടപെടൽ അനിവാര്യമാണ്. ഭിന്ന ശേഷീസൌഹൃദമായിരിക്കണം എല്ലാ വികസന പരിപാടികളും അഥവാ അവരുടെ അവകാശ ങ്ങൾ അംഗീകരിക്കുന്നതാവണം, ഇവരുടെയും കുടുംബത്തിന്റെയും ഉപജീവനം ഉറപ്പാക്കണം, ഇവരുടെ പ്രാതിനിധ്യം നയരൂപീകരണ തലങ്ങ ളിൽ ഉറപ്പാക്കണം, ബജറ്റ് പണം വകയിരുത്ത ലും ചെലവഴിക്കലും ഭിന്നശേഷീ പരിഗണന നൽകണം. ജൻഡർ ബജറ്റ്, വയോജന ബജറ്റ് എന്നതുപോലെ ഭിന്നശേഷിക്കാർക്കുള്ളതും പരി ഗണിക്കാവുന്നതാണ്.

3. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണ പ്രക്രിയിൽ അവരുടെ പങ്കാളുത്തം ഉറപ്പാക്കുന്ന തരത്തിൽ ആസൂത്രണ പ്രക്രിയ ക്ര മപ്പെടുത്തണം. കേവലം ഭിന്ന ശേഷിക്കാരുടെ പ്രോജക്ട് ആശയങ്ങൾ രൂപപ്പെടുത്തുന്ന പ്രക്രി യിൽ മാത്രമല്ല. പൊതുവികസന പ്രോജക്ടുകളെ കൂടി ഭിന്നശേഷി വിഭാഗത്തെ ഉൾക്കൊള്ളുന്ന താക്കി മാറ്റാൻ അവരുടെ പങ്കാളിത്തം അനിവാ ര്യമാണ്. ഇതിന് അനുയോജ്യമായ രീതിയിൽ ആസൂത്രണ രീതി ചിട്ടപ്പെടുത്താൻ കഴിയണം.

4. എല്ലാ സർക്കാർ ഓഫീസുകളും പൊതു ഇടങ്ങളും പൂർണ്ണമായും വീൽചെയർ സൌഹൃദമാക്കുക മാത്രമല്ല, കാഴ്ച, കേൾവി, ചലന പരിമിതിയുള്ള വരേയും ഉൾക്കൊള്ളുന്നതിന് സഹായകമായ സംവിധാനങ്ങൾ ഉറപ്പാക്കി ഭിന്ന ശേഷി സൗഹൃ ദമാക്കാൻ കഴിയണം.

5. തൊഴിൽ മേഖല വിപുലപ്പെടുത്താൻ നേതൃത്വം നൽകണം. ആധുനിക കാലത്തിന് അനുയോജ്യ മായ ഡാറ്റാ എൻട്രി, ഗ്രാഫിക് ഡിസൈൻ, അല്ലെ ങ്കിൽ ക്രാഫ്റ്റ് ജോലികളിൽ മികച്ച പരിശീലനം നൽകി സ്വയംപര്യാപ്തരാക്കാൻ സഹായിക്കുന്ന പദ്ധതികൾ ഏറ്റെടുക്കാൻ കഴിയണം. ഭിന്നശേഷി ക്കാർക്ക് പ്രത്യേക സോഫ്റ്റ്‌വെയറുകൾ ഉപയോ ഗിച്ച് വിവരങ്ങൾ എടുക്കാനും ശേഖരിക്കാനും കഴിയുന്ന തരത്തിൽ വിജ്ഞാന കേന്ദ്രങ്ങൾ / ലൈബ്രറികൾ തദേശസ്ഥാപന തലത്തിൽ ആരം ഭിക്കാൻ കഴിയണം.

6. മുൻകൂർ രോഗനിർണ്ണയം നടത്താനുള്ള സൗകര്യം അനിവാര്യമാണ്. ജനനസമയത്തോ അല്ലെങ്കിൽ ചെറുപ്പത്തിലോ വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ തെറാപ്പികൾ നൽകുന്ന കേന്ദ്രങ്ങൾ എല്ലാ ബ്ലോക്ക് / നഗരസഭാ തലത്തിലും കൊണ്ടു വരാൻ കഴിയണം.

7. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിനോദത്തി നായി 'ഇൻക്ലൂസീവ് പാർക്കുകൾ' നിർമ്മിക്കാനും കഴിയണം.

8. ഭിന്നശേഷി സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കായി തദേശസ്ഥാപന തലത്തിൽ പ്രത്യേക വിപണന കേന്ദ്രങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും ആരംഭിക്കാൻ കഴിയണം. ഇങ്ങനെ നിരവിധി സാധ്യതകൾ മുന്നിലുണ്ട്.

9. ഫണ്ടിന്റെ ലഭ്യതക്കുറവ്: പല പഞ്ചായത്തുകളും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസനത്തിനുമായി മതിയായ ഫണ്ട് നീക്കിവെ ക്കാൻ സാധിക്കുന്നില്ല. ഗവൺമെന്റ് ഗ്രാന്റുകൾ കൃത്യമായി ലഭിക്കാത്തത് പല സ്കൂളുകളെയും പ്രതിസന്ധിയിലാക്കുന്നുണ്ട്.

10. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ: പല ബഡ്സ് സ്കൂളുകളും വാടക കെട്ടിടങ്ങളിലോ സൗകര്യങ്ങൾ കുറഞ്ഞ ഇടങ്ങളിലോ ആണ് പ്രവർത്തിക്കുന്നത്. കുട്ടികൾക്ക് ആവശ്യമായ തെറാപ്പി റൂമുകൾ, വിനോദത്തിനുള്ള ഇടങ്ങൾ, പ്രത്യേകം രൂപകൽപ്പന ചെയ്ത ടോയ്‌ലറ്റുകൾ എന്നിവയുടെ കുറവ് വലിയൊരു പ്രശ്നമാണ്.

11. പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ കുറവ്: കുട്ടികളുടെ പ്രത്യേക ആവശ്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർ മാർ, ഫിസിയോതെറാപ്പിസ്റ്റുകൾ, സ്പീച്ച് തെറാ പ്പിസ്റ്റുകൾ എന്നിവരുടെ സേവനം പലയിടത്തും ലഭ്യമല്ല. നിലവിലുള്ള ജീവനക്കാർക്ക് പലപ്പോഴും കൃത്യമായ ശമ്പളമോ സ്ഥിരതയോ ലഭിക്കുന്നില്ല എന്ന പരാതിയുമുണ്ട്.

12. ബഡ്സ് സ്കൂളുകളിലെയും, പുനരധിവാസ കേന്ദ്രങ്ങളിലെയും അധ്യാപകർക്ക് നിരന്തര പരിശീലനം നൽകുന്നതിനും സേവന ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പരിശീലനം, മാർഗ്ഗരേഖകളും കുടുംബശ്രീ മിഷൻ നൽകുന്നുണ്ട്. ബഡ്സ് സ്ഥാപനങ്ങൾ ക്ക് വാഹനങ്ങൾ വാങ്ങുന്നതിനും സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കുന്നതിനും ഉപജീവന സംരംഭ ങ്ങളും കലാകായിക വികസനത്തിനും വേണ്ട പ്രത്യേക സാമ്പത്തിക സഹായം കുടുംബശ്രീ മിഷൻ നൽകുന്നുണ്ട്. കൂടാതെ ബഡ് സ് കുട്ടി കളുടെ ജില്ലാ സംസ്ഥാനതല കലാ - കായി കോത്സവങ്ങൾ സ്ഥിരമായി സംഘടിപ്പിക്കുന്നു. വിപുലമായ പ്രവർത്തനങ്ങളിലൂടെ ബഡ് സ് സ്കൂളുകൾ സമഗ്രമായ പരിപാലനകേന്ദ്രമെന്ന നിലയിലേക്ക് വളർത്തി കൊണ്ടുവരാൻ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും ചേർന്നുള്ള പ്രവർത്തനത്തിലൂടെ കഴിയണം.

13. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ ആവശ്യമായ വേദികളുടെ കുറവും ഒരു പരിമിതിയാണ്. ഇതിനൊക്കെ പരിഹാരം കാണാൻ കഴിയുന്ന തരത്തിൽ ബഡ് സ്കൂളുകളുടെ മാനേജ്മെന്റ് കമ്മിറ്റികൾ വിപുലപ്പെടുത്തേണ്ടതുണ്ട്. കുട്ടികളുടെ പുരോഗതി കൃത്യമായി വിലയിരുത്താനുള്ള സംവിധാനങ്ങളും (Checklists/Programming Schedules) അവ നടപ്പിലാക്കുന്നതിലെ മികവും കൃത്യമായി വിലയിരുത്തി പിഴവുകളും ഗുണനിലവാരം ഉറപ്പാക്കാനുള്ള ക്രമീകരണം കൊണ്ടുവരേണ്ടതുണ്ട്. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും ജീവിതകാലം മുഴുവൻ പിന്തുണ ആവശ്യമുള്ള ഭിന്നശേഷിക്കാർക്കായി ബി.ആർ.സികളെ (BUDS Rehabilitation Centres) ശാക്തീകരിക്കാനും മുൻഗണന നൽകേണ്ടതുണ്ട്. ഇതോടൊപ്പം ബഡ് സ്കൂളുകളുടെ സേവന മികവ് ഉയർത്താൻ വേണ്ട ചില അടിയന്തിര നടപടികളും അനിവാര്യമാണ്.
14. ഇനിയും ബഡ്സ് സ്കൂൾ സേവനം ലഭിച്ചു തുടങ്ങാത്ത സ്ഥലങ്ങളുണ്ട്. അത് പരിഹരിക്കാൻ പ്രഥമപരിഗണന നൽകണം. വിദൂര പ്രദേശങ്ങളിൽ നിന്ന് കുട്ടികളെ സ്കൂളിലെത്തിക്കാൻ ആവശ്യമായ വാഹന സൗകര്യങ്ങൾ പല സ്കൂളുകളിലും ഇനിയും ഉണ്ടാകേണ്ടതുണ്ട്. ഇതോടൊപ്പം ദൈനംദിന പ്രവർത്തനങ്ങളുടെ ഇടയിൽ പെട്ടന്നുണ്ടാകുന്ന ആവശ്യങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവക്ക് ഫണ്ട് കണ്ടെത്തുന്നത് ഒരു പരിമിതിയായി നിലനിൽക്കുന്നിടങ്ങളുമുണ്ട്. ഇത് കൂടി പരിഹരിക്കാൻ കഴിയണം.
15. തുടർച്ചയായ പുനരധിവാസം വേണ്ട 18 വയസ്സ് കഴിഞ്ഞവർക്കായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ (BRC) ഉണ്ടെങ്കിലും, ഇവർക്ക് ആവശ്യമായ തൊഴിൽ പരിശീലനവും സ്വയംതൊഴിൽ കണ്ടെത്താനുള്ള പിന്തുണയും നൽകുന്നതിൽ ഇപ്പോഴും പരിമിതികളുണ്ട്. പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നുള്ള മതിയായ പിന്തുണയും പങ്കാളിത്തവും പലപ്പോഴും ഇത്തരം സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ല
16. അക്രഡിറ്റേഷനും ഏകീകൃത സിലബസും: എല്ലാ ബഡ്സ് സ്കൂളുകൾക്കും നിശ്ചിത മാനദണ്ഡങ്ങൾ (Infrastructure standards) ഏർപ്പെടുത്തണം. കുട്ടികളുടെ ബുദ്ധിപരമായ നിലവാരം അനുസരിച്ചുള്ള ശാസ്ത്രീയമായ സിലബസ് നടപ്പിലാക്കുന്നതിന് കഴിയണം.
17. മൾട്ടി-ഡിസിപ്ലിനറി ടീം: ഓരോ സ്കൂളിലും ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം സ്ഥിരമായി ഉറപ്പാക്കാൻ കഴിയണം. ഇതിലേക്ക് ജില്ലയിലെ ബഡ്സ് സ്കൂളുടെ എണ്ണത്തിന് അനുസരിച്ച് റിസോഴ്സ് ബാങ്ക് ജില്ലാ / ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട് ആയി ആരംഭിക്കാൻ കഴിയണം.
18. സ്മാർട്ട് ക്ലാസ് റൂമുകൾ: ഓട്ടിസം ബാധിച്ചവർക്കും മറ്റ് പഠന വൈകല്യമുള്ളവർക്കും സഹായകമാകുന്ന രീതിയിലുള്ള അസിസ്റ്റീവ് ടെക്നോളജി (Assistive Technology), സെൻസറി ഗാർഡനുകൾ, ഇന്ററാക്ടീവ് ലേണിംഗ് ടൂളുകൾ തുടങ്ങിയ സൗകര്യമുള്ള ആധുനിക പരിശീന കേന്ദ്രങ്ങളായി ബഡ്സ് സ്കൂളുകളെ മാറ്റാൻ കഴിയണം.
19. ജീവനക്കാരുടെ പരിശീലനം: ബഡ്സ് സ്കൂൾ പരിശീലകർ, സഹായികൾ, മാനേജ്മെന്റ് കമ്മിറ്റി തുടങ്ങി സ്ഥാപനത്തിന്റെ ഭാഗമായി നിൽക്കുന്ന എല്ലാവർക്കും നിരന്തര പരിശീലനം അനിവാര്യമാണ്. മാത്രമല്ല സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് കാലാനുസൃതമായ നൂതന പരിശീലനങ്ങൾ നൽകുന്നതിനും കഴിയണം. ഇതിന് ആവശ്യമായ പരിശീലന സംവിധാനം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൊണ്ടുവരണം. കൂടാതെ സേവന വേതന വ്യവസ്ഥകൾ നവീകരിക്കേണ്ടതുണ്ട്.
20. BRC കളുടെ നവീകരണം: 18 വയസ്സ് കഴിഞ്ഞവർക്ക് കേവലം പകൽപരിചരണം (Day care) മാത്രമല്ല, മറിച്ച് അവരുടെ അന്തസ്സും വരുമാനവും ഉറപ്പാക്കുന്ന കേന്ദ്രങ്ങളായി ബി.ആർ.സികളെ മാറ്റാൻ കഴിയണം.
21. ഷെൽട്ടേർഡ് വർക്ക്ഷോപ്പുകൾ: മെഴുകുതിരി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ പരമ്പരാഗത രീതികൾക്ക് പകരം ആധുനികമായ തൊഴിലുകൾ (ഉദാഹരണത്തിന്: കമ്പ്യൂട്ടർ അനുബന്ധ ജോലികൾ, കൃഷി, പാക്കിംഗ് യൂണിറ്റുകൾ) ചെയ്യാൻ കഴിയുന്ന തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടിയും സ്വീകരിക്കണം.
22. ആജീവനാന്ത സംരക്ഷണ കേന്ദ്രങ്ങൾ: മാതാപിതാക്കളുടെ മരണശേഷമോ അല്ലെങ്കിൽ അവർക്ക് പരിചരിക്കാൻ കഴിയാത്ത സാഹചര്യത്തിലോ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായി താമസിക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി ലിവിംഗ് സെന്ററുകൾ അനിവാര്യമാണ്. ഈ കുട്ടികളുടെ രക്ഷിതാക്കളുടെ കൂട്ടായ്മകൾ ഇതിനകം ആരംഭിച്ചിയിടങ്ങളുണ്ട്. ഇവക്ക് പിന്തുണ നൽകുന്നതോടൊപ്പം ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തതോടെ പുതിയവ തുടങ്ങാൻ കഴിയണം.
23. കുടുംബശ്രീ കൂട്ടായ്മകൾ : ബി.ആർ.സിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള നേതൃത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. ഒപ്പം ബ്രാൻഡിംഗ് സഹായവും നൽകണം.

24. ഗാർഹികതല പരിചരണ സേവനം: സ്കൂളിലോ ബി.ആർ.സിയിലോ എത്താൻ കഴിയാത്ത വിധം തീവ്രമായ വൈകല്യമുള്ളവർക്കായി വീട്ടിൽ ചെന്നുള്ള ചികിത്സയും പരിചരണവും പാലി യേറ്റീവ് സേവന ത്തിന്റെ ഭാഗമാക്കി മാറ്റാൻ കഴിയണം. ഒപ്പം പ്രസ്തുത കുട്ടികളെ പരിച രിക്കാൻ വേണ്ടി മറ്റ് സാമൂഹ്യ അവസരങ്ങളും തൊഴിലും നഷ്ടപ്പെട്ടുപോകുന്ന സ്ത്രീകൾക്ക് ഇതിനുള്ള അവസരം സൃഷ്ടിക്കാൻ കഴിയുന്ന സാമൂഹ്യ പിന്തുണാ ഗ്രൂപ്പുകൾ / വോളന്റിയർ ഗ്രൂ പ്പുകൾ പാലിയേറ്റീവ് വോളന്റിയറുടെ ഭാഗമായി രൂപീകരിക്കാൻ നേതൃത്വം നൽകണം.

25. മാതാപിതാക്കൾക്ക് കൗൺസിലിംഗ് & പിന്തുണയും : ഭിന്നശേഷിക്കാരെ പരിചരിക്കുന്ന മാതാപിതാക്കളുടെ മാനസികാരോഗ്യം സംരക്ഷി ക്കാൻ കൗൺസിലിംഗ് കേന്ദ്രങ്ങളും, അവർക്ക് അടിയന്തര ആവശ്യങ്ങൾ വരുമ്പോൾ കുട്ടികളെ താൽക്കാലികമായി ഏൽപ്പിക്കാൻ കഴിയുന്ന 'ഷോർട്ട് സ്റ്റേ ഹോമുകളും' ആവശ്യമാണ്.

26. ഇൻഷുറൻസ് പരിരക്ഷ: ഭിന്നശേഷിക്കാർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പ്രത്യേക ഗ്രൂപ്പ് ഇൻഷുറൻസ് സാധ്യതകൾ പരി ശോധിക്കണം.

27. മൈക്രോ പ്രോജക്റ്റുകൾ: ഓരോ ഭിന്നശേഷിക്കാ രുടേയും കഴിവുകൾ തിരിച്ചറിഞ്ഞ് അവർക്കായി മാത്രം തയ്യാറാക്കുന്ന വ്യക്തിഗത കെയർ പ്ലാൻ തയ്യാറാക്കി സേവനം നൽകുന്നതിലേക്ക് ഭിന്ന ശേഷി സേവനം വളർത്തികൊണ്ടു വരലായിരി ക്കണം നമ്മുടെ അടുത്ത ഘട്ടം.

28. ഓരോ വ്യക്തിക്കും അനുസരിച്ച് കെയർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുകയാണ് വേണ്ടത്. ഓരോ വ്യക്തിക്കും കുട്ടംബത്തിനും വേണ്ട കെയർ പ്ലാൻ തയ്യാറാക്കാനും നടപ്പാക്കാനും കഴിയുക തദേശസ്ഥാപനങ്ങൾക്കുമാണ്. എന്നാൽ അതിന് ആവശ്യമായ വിദഗ്ധ മനുഷ്യവിഭവം തദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ ലഭ്യമല്ല. മാത്ര മല്ല എല്ലാ സ്ഥാപനങ്ങളിലും എല്ലാ തലത്തിലും തൊഴിലെടുക്കുന്നവർക്ക് ഭിന്ന ശേഷി വിഭാഗങ്ങ ളോട് ഇടപെടാനും അവർക്ക് ആവശ്യമായ സേവ നങ്ങൾ നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചുംനൈപുണ്യ വികസനം ആവശ്യ മാണ്. കൂടാതെ ഇതിലേക്ക് വേണ്ട സേവന ചട്ട കൂടുകൾ (SOP) വികസിപ്പിക്കേണ്ട ആവശ്യവും ഉണ്ട്. തദേശ സ്ഥാപനങ്ങൾക്ക് സമഗ്ര പുനര ധിവാസ പരിപാടി നടപ്പാക്കാൻ ആവശ്യമായ സാങ്കേതിക സഹായം, സവിശേഷ സേവനങ്ങൾ ക്കുള്ള പ്രത്യേക സ്ഥാപനങ്ങൾ, വൈദഗ്ധ്യവിക സനം, വിദഗ്ധരുടെ ലഭ്യത, അധികധനസഹായം, തുടങ്ങിയ പിന്തുണകൾ നൽകാനും കഴിയുന്ന തരത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ സേവനം വിപുലപ്പെടുത്താൻ കഴിയണം. പെൻഷനുകൾ, ധന സഹായങ്ങൾ, ഉപകരണങ്ങളുടെ വിതരണം തുടങ്ങിയ സേവനങ്ങൾ വകുപ്പിന്റേതായി മാത്രം തുടരാതെ തദേശ സ്ഥാപനങ്ങളുടെ സമഗ്രപരി പാടികളുടെ ഭാഗമായി നടപ്പാക്കുന്ന തരതിലേക്ക് നവീകരിക്കാൻ കഴിയണം.

29. ഓരോ പഞ്ചായത്ത് - നഗരസഭകൾക്കും അവരുടെ പരിധിയിൽ വരുന്നതും എല്ലാ വിഭാഗത്തിലുള്ളതു മായ മുഴുവന ഭിന്ന ശേഷിക്കാർക്കും സേവനം നൽകുന്ന തരത്തിൽ പദ്ധതി തയ്യാറാക്കി നടപ്പാ ക്കാൻ ആവശ്യമായ വിദഗ്ധ സേവനം നൽകുക എന്നതാകണം വകുപ്പിന്റെ മുഖ്യ ഊന്നൽ. ഇതിന് അനുസിരിച്ച് സോഷ്യൽ സെക്യൂരിറ്റി മിഷൻ ഉൾപ്പെടെ എല്ലാ ഏജൻസികളുടേയും പ്രവർ ത്തനം നവീകരിക്കണം.

30. ഇതോടൊപ്പം ആരോഗ്യ വകുപ്പ്, തദേശസ്വയം ഭരണ വകുപ്പ്, കുടുംബശ്രീ മിഷൻ, Sc, ST, ഫിഷറീസ് വകുപ്പുകളും സാമൂഹ്യ നീതി വകുപ്പും തമ്മിലുള്ള ഏകോപനം ഈ രംഗത്ത് അനിവാ ര്യമാണ്

## IV
## അതിഥിത്തൊഴിലാളികൾ

ഇന്ന് കേരള സംസ്ഥാനം അഭിമുഖീകരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒന്നാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ എത്തി തൊഴിലെടുക്കുന്നവരെ സംബന്ധി ച്ചുള്ളത്. അവരോട് കേരളം സ്വീകരിക്കുന്ന സമീപന ത്തിന്റെ ഏറ്റവും പ്രകടരൂപമാണ് അവരെ കുടിയേറ്റ ക്കാരെന്നോ, മറ്റോ വിളിക്കാതെ അതിഥി തൊഴിലാളി കൾ എന്നു വിളിക്കുന്നതുതന്നെ. ഇവിടേക്ക് ഇവരെ ആകർഷിക്കുന്ന ഘടകം ഇവിടുത്തെ ഉയർന്ന കൂലിനി രക്കാണ്. രാജ്യത്തെ സംസ്ഥാനങ്ങളിൽ വെച്ചേറ്റവും കൂടിയ കൂലിനിരക്ക് കേരളത്തിലാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അതോടൊപ്പം തൊഴിലെടുക്കാനു ള്ള അന്തരീക്ഷവും ഇവിടെ മെച്ചപ്പെട്ട നിലയിലാണ്. അതേസമയം തന്നെ അവർ പലവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും തിരികെ സംസ്ഥാനത്ത് പല പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ദ്വിമുഖ അന്ത രീക്ഷമാണുള്ളത്.

കേരളത്തിൽ മുമ്പ് തമിഴ് നാട്ടിൽ നിന്നുള്ള തൊഴിലാ ളികൾ മാത്രമായിരുന്നു മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തി ഇവിടെ പണിയെടുത്തിരുന്നത്. ഇപ്പോൾ അതല്ല സ്ഥിതി. രാജ്യത്തിന്റെ വിവിധ സംസ്ഥാന ങ്ങളിൽ നിന്നുള്ളവർ കേരളത്തിൽ പണിയെടുക്കു ന്നുണ്ട്. ആസ്സാം, പശ്ചിമബംഗാൾ, ബിഹാർ, യു.പി, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഇവിടെയുണ്ട്. ആദ്യകാലത്ത് നഗരങ്ങളിൽ മാത്രമാ യിരുന്നു അവർ കേന്ദ്രീകരിച്ചിരുന്നതെങ്കിലും ഇപ്പോൾ ഗ്രാമ-നഗര വ്യത്യാസമില്ലാതെ സംസ്ഥാനത്തുടനീളം അതിഥി തൊഴിലാളികളുടെ സജീവ സാന്നിധ്യമുണ്ട്. ഇന്ന് സംസ്ഥാനത്തെ വിവിധ തൊഴിൽ രംഗത്തെ ആവശ്യകതകൾ നിറവേറ്റുന്നത് അതിഥി തൊഴിലാ ളികളാണ്.

2001 നും 2011 നും ഇടയിൽ കേരളത്തിലെ അതിഥി തൊഴിലാളികളുടെ എണ്ണം 4.5 ലക്ഷത്തിൽ നിന്ന് ഏകദേശം 6.5 ആയി വർദ്ധിച്ചു; സംസ്ഥാന ആസൂത്രണ ബോർഡ് 2021 ൽ നടത്തിയ ഒരു പഠന ത്തിൽ സൂചിപ്പിക്കുന്നത് 2017-18 വർഷത്തിൽ കേരള ത്തിലെ മൊത്തം അതിഥി തൊഴിലാളികളുടെ എണ്ണം ഏകദേശം 31 ലക്ഷമാണെന്നാണ്. ഇപ്പോഴൊരു അനൌദ്യോഗിക കണക്ക് കാണിക്കുന്നത് 48 ലക്ഷ ത്തോളം വരുന്നു അതിഥി തൊഴിലാളികൾ എന്നാണ്. ഇവരിൽ ഏകദേശം 5 ശതമാനം പേർ മാത്രമാണ് കുടുംബത്തോടൊപ്പം കേരളത്തിൽ താമസിക്കുന്നത്. ഏകദേശം 61,000 കുട്ടികൾ സംസ്ഥാനത്ത് വിദ്യാ ഭ്യാസം നേടുന്നുണ്ടെന്ന് കണക്കാക്കുന്നു.

ഇവർ തൊഴിൽ എടുക്കുന്നത് നിർമ്മാണ മേഖല, മാനു ഫാക്ചറിംഗ്, കൃഷിയും അനുബന്ധ മേഖലകളും, ഹോട്ടൽ, റെസ്റ്റോറന്റ്, മൊത്തവ്യാപാരം, ചില്ലറ വ്യാപാരം, മറ്റുള്ളവ തുടങ്ങിയ മേഖലകളിലാണ്. ഖനനം, ക്വാറി, മരം മുറിക്കൽ, തെങ്ങുകയറ്റം തുടങ്ങിയ മേഖലകളിലും ചിലർ തൊഴിൽ എടുക്കു ന്നു. കടലിൽ മീൻപിടിക്കാൻ പോകുന്നവരിൽ 58 ശതമാനവും അതിഥി തൊഴിലാളികളാണെന്ന് അടുത്തിടെ നടന്ന മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർവേ വ്യക്തമാക്കുന്നു.

കേരളത്തിലെ അതിഥി തൊഴിലാളികളായിട്ടുള്ളവർ പ്രതിമാസം ശരാശരി 16,000 രൂപ സമ്പാദിക്കുന്നതായി ആസൂത്രണ ബോർഡിന്റെ പഠനം കണ്ടെത്തി. കിട്ടുന്ന കൂലിയുടെ 75 ശതമാനവും നാട്ടിലേക്ക് അയയ്ക്കുന്ന തായും പണമയയ്ക്കൽ വിവരങ്ങൾ നോക്കിയാൽ ഏകദേശം 7,500 കോടി രൂപ പ്രതിവർഷം കേരള ത്തിൽ നിന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്ക് അയയ്ക്കുന്നതായി കണക്കാക്കപ്പെടുന്നു. അതേസമയം ഒരു എൻ.ജി.ഓ നടത്തിയ പഠനം കാണിക്കുന്നത് കേരളത്തിൽ നിന്നും പ്രതിവർഷം 17,000 കോടി രൂപ മറ്റു സംസ്ഥാനങ്ങളിലേക്ക് അയയ്ക്കുന്നു എന്നാണ്.

ഇവിടുത്തെ തൊഴിലാളികളോടുള്ള സംസ്ഥാനത്തി ന്റെ സമീപനം തന്നെയാണ് അതിഥി തൊഴിലാളികളു ടെയും കാര്യത്തിലും എടുത്തുവരുന്നത്. അതുകൊണ്ട് അവരുടെ സാമൂഹിക സുരക്ഷിതത്വത്തിലും സർക്കാർ ജാഗരൂകരാണ്. അവർക്കുള്ള സാമൂഹിക സുരക്ഷാ നടപടികൾ പരിമിതമാണെങ്കിലും അവ ഇന്ത്യയിൽ മറ്റൊരിടത്തും കണാനാവാത്തതാണ്. 2010 മുതൽ ഇൻഷുറൻസ് പദ്ധതി ആവാസ് നടപ്പിലാക്കുന്നു. രജിസ്റ്റർ ചെയ്തിട്ടുള്ള അതിഥി തൊഴിലാളികൾക്ക് അപകടമുണ്ടായാൽ ചികിത്സയും ആനുകൂല്യങ്ങളും, മരണാനന്തരം ബന്ധുക്കൾക്ക് സഹായം, കുട്ടിക ളുടെ പഠനത്തിന് സഹായം തുടങ്ങിയ ആനുകൂല്യ ങ്ങൾ നൽകുന്നു. ആവാസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി വളരെ പ്രധാനപ്പെട്ടതാണെങ്കിലും അതിഥി തൊഴിലാളികളിൽ ഏകദേശം 13 ശതമാനം പേർ മാത്രമേ ഇതിൽ ചേർന്നിട്ടുള്ളൂ. അതിന്റെ കവറേജ് വർദ്ധിപ്പിക്കുന്നതിന് ഇവർക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിനുള്ളിൽ അതിഥി തൊഴിലാളികൾക്കാ യൊരു സ്കീം നടപ്പിലാക്കുന്നുണ്ട്. ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ആനുകൂല്യത്തിന് അർഹരാണ്. ഇതിലൂടെല്ലാം അവർക്ക് പലവിധത്തി ലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നു.

വിദ്യാഭ്യാസ വകുപ്പ് അതിഥി തൊഴിലാളികളുടെ കുട്ടികൾക്കായി ജ്യോതി എന്നൊരു പരിപാടി ആവി ഷ്കരിച്ചു നടപ്പിലാക്കുന്നു. അതിഥി തൊഴിലാളികളുടെ മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുകയാണ് ലക്ഷ്യം. ഈ രംഗത്ത് നടപ്പിലാക്കുന്ന മറ്റൊരു പദ്ധ തിയാണ് റോഷ്നി. മലയാളത്തിലുള്ള പാഠഭാഗങ്ങൾ ഹിന്ദിയിലോ, ഇംഗ്ലീഷിലോ ക്ലാസ്സിനു മുമ്പ് കുട്ടിക ൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ബന്ധു എന്ന പേരിൽ സഞ്ചരിക്കുന്നൊരു മെഡിക്കൽ സംവിധാനം എറണാകുളം ജില്ലയിലെ അതിഥി തൊഴിലാളിക ൾക്കും അവരുടെ കുടുംബങ്ങൾക്കും ആരോഗ്യ, ചികിത്സാ സേവനങ്ങൾക്കായി പ്രവർത്തിക്കുന്നു. ചങ്ങാതി എന്ന പേരിൽ ഹിന്ദി, മലയാളം സാക്ഷരതാ പരിപാടി നടത്തിവരുന്നു.

ഇവരുടെ താമസസൌകര്യം വളരെ പരിമിതമാണ്. തിങ്ങിനിറഞ്ഞ്, കുടുസ്സു മുറികളിൽ, ടിൻ ഷീറ്റു കൾക്കടിയിലൊക്കെയാണ് ഇവർ താമസിക്കു ന്നത്. ഏകദേശം 96 ശതമാനം തൊഴിലാളികളും ഷെയറിംഗ് അടിസ്ഥാനത്തിലാണ് താമസിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ഇവരുടെ പാർപ്പിട പ്രശ്ന ത്തിനു പരിഹാരമായി സർക്കാർ കൊണ്ടുവന്നതാണ് അപ്നാഘർ പദ്ധതി. ഒരു തരത്തിലുള്ള അരക്ഷിതാവ സ്ഥ പൊതുവിൽ അവരുടെ ജീവിതത്തിൽ കാണാം. അതേസമയം തന്നെ ചില പ്രദേശങ്ങളിൽ സൃഷ്ടി ക്കപ്പെടുന്ന അരക്ഷിതാവസ്ഥയിലും കുറ്റകൃത്യങ്ങ ളിലും ഇവർ പ്രതികളാവുന്നു. പാൻ മസാലയുടെ ഉപയോഗം, പുകവലി, മദ്യപാനം എന്നിവ വളരെ കൂടുതലും അതിനെത്തുടർന്നുള്ള ആരോഗ്യ പ്രശ്ന ങ്ങളും കൂടുതലാണ്.

### നിർദ്ദേശങ്ങൾ

സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ശരിയായ ജീവിത സൌകര്യങ്ങൾക്കൊപ്പം സാമൂഹിക ഇൻഷു റൻസ് ഏർപ്പെടുത്തണം. ഈ സാഹചര്യത്തിൽ ആവാസ് പരിഷ്കരിക്കേണ്ടത് ആവശ്യമാണ്. അതിന്റെ കവറേജ് വർദ്ധിപ്പിക്കുന്നതിന് കുടിയേറ്റക്കാർക്കിട യിൽ അവബോധം സൃഷ്ടിക്കേണ്ടതുമുണ്ട്. ഇവരെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭിക്കുന്നതി നും നയസമീപനങ്ങൾ സ്വീകരിക്കുന്നതിനുമായി ഒരു സമഗ്ര സർവേയുടെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടതുണ്ട്.

12

# പട്ടികജാതി പട്ടികവർഗ സമുദായങ്ങളുടെ ഉന്നമനം

നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിന്ന ജാതി വ്യവസ്ഥയ്ക്ക് കീഴിൽ സമ്പത്തിൽ നിന്നും വിജ്ഞാനത്തിൽ നിന്നും അകറ്റി നിർത്തപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരുമായ സാമൂഹികവിഭാഗങ്ങളാണ് പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളെ അപേക്ഷിച്ച് സാക്ഷരതാനിരക്ക്, ആയുർദൈർഘ്യം, ശിശുമരണനിരക്ക് തുടങ്ങിയ സാമൂഹിക-ക്ഷേമ സൂചികകളിൽ കേരളത്തിലെ പട്ടികവിഭാഗങ്ങൾ ദേശീയ ശരാശരിയെക്കാൾ ഏറെ മുന്നിലാണ്. അതേസമയം കേരളത്തിലെ ഇതര സമുദായ വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഏറെ പിന്നിലാണുതാനും.

## I
## സാമൂഹിക- സാമ്പത്തിക നില

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 2019 ൽ നടത്തിയ “കേരള പഠനം 2.0” എന്ന വിശകലനമാണ് പട്ടികവർഗക്കാരുടെ സാമൂഹിക പിന്നോക്കാവസ്ഥ സംബന്ധിച്ച് ഇന്ന് ലഭ്യമായ ഏറ്റവും പുതിയ വിവരസ്രോതസ്. വരുമാനം, ഉപഭോഗം, ജീവിതനിലവാരം, സ്ത്രീകളുടെ അവസ്ഥ എന്നതുസംബന്ധിച്ചു കേരളത്തിലെ പൊതുസ്ഥിതിയും പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളുടെ സ്ഥിതിയെയും താരതമ്യപെടുത്താൻ ഈ പഠനം സഹായിക്കും.

### സാമ്പത്തിക നില

2019 ൽ സർവേ സാമ്പിളിലെ കേരളത്തിലെ ഒരു കുടുംബത്തിന്റെ ശരാശരി വാർഷികവരുമാനം 85,655/- രൂപയാണ്. എന്നാൽ SC കുടുംബത്തിന്റെ വാർഷികവരുമാനം 63,489/- രൂപയും ST യുടേത് 41,355/- രൂപയുമാണ്. കേരളത്തിലെ 17% കുടുംബങ്ങളിൽ പ്രവാസികളുണ്ട്. അതേസമയം SC കുടുംബങ്ങളിൽ ഈ തോത് 5% മാണ്. ‘ ST സാമ്പിൾ കുടുംബങ്ങളിൽ പ്രവാസികളേയില്ല.

SC കുടുംബത്തിന്റെ പ്രതിമാസ ഉപഭോഗ ചെലവ് 2,714 രൂപയും ST കുടുംബത്തിന്റേത് 1,610 രൂപയുമാണ്. കേരളത്തിന്റെ ശരാശരി കുടുംബത്തിന്റെ പ്രതിമാസ ച്ചെലവ് 4,039 രൂപയാണ്. കേരളത്തിലെ ശരാശരി തൊഴിലില്ലായ്മ 15.4% ആണ്. അതെ സമയം SC വിഭാഗത്തിലെ തൊഴിലില്ലായ്മ 16.9% വും ST വിഭാഗത്തിലേത് 17.5% വും ആണ്.

സർവേ പ്രകാരം 10.1% ആണ് പ്രതിശീർഷ മാസച്ചെലവിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യ നിരക്ക്. എന്നാൽ SC വിഭാഗങ്ങളിൽ ദരിദ്രരുടെ എണ്ണം 14.3% ഉം ST വിഭാഗത്തിൽ 46.4% വും ആണ്.

സർവേയിൽ കുടുംബങ്ങളെ 4 സാമ്പത്തിക ഗ്രൂപ്പുകളായി തരംതിരിച്ചിരുന്നു. അത് പ്രകാരം ഏറ്റവും താഴ്ന്ന സാമ്പത്തിക ഗ്രൂപ്പ് 5.7% മാത്രമേ വരൂ. SC വിഭാഗത്തിൽ ഇവരുടെ തോത് 12.7% വും ST വിഭാഗത്തിൽ 49.1% വും ആണ്. ഈ പരമദരിദ്രർക്ക് മുകളിൽ വരുന്ന സാമ്പത്തികമായി താഴ്ന്ന രണ്ടാമത്തെ ഗ്രൂപ്പിൽ ശരാശരി 23.5% കുടുംബങ്ങൾ വരും. പക്ഷെ SC വിഭാഗത്തിൽ ഇവരുടെ തോത് 37.7% വും ST വിഭാഗത്തിൽ 33.5% വും വരും.

അതേസമയം ഇടത്തരക്കാരുടെ എണ്ണം SC - ST വിഭാഗത്തിൽ താരതമ്യേനെ കുറവാണ്. 45.2% കുടുംബങ്ങൾ താഴ്ന്ന ഇടത്തരക്കാരുടെ മൂന്നാമത്തെ ഗ്രൂപ്പിൽ ലാണ്. അതെ സമയം SC വിഭാഗത്തിൽ ഇവരുടെ ശതമാനം 40.5%വും ST വിഭാഗത്തിൽ 16.5% വും മാത്രമേ വരൂ.

നാലാമത്തെ സാമ്പത്തിക ഗ്രൂപ്പ് ഉയർന്ന ഇടത്തരം വരുമാനക്കാരാണ്. മൊത്തത്തിൽ ഇവരുടെ എണ്ണം 25.5% വരും. എന്നാൽ SC കുടുംബങ്ങളിൽ ഈ സാമ്പത്തിക ഗ്രൂപ്പിന്റെ തോത് 9.2% മാത്രമേ വരൂ. ST കുടുംബങ്ങളുടെ സ്ഥിതി ഏറെ പരിതാപകരമാണ്. അവരിൽ 0.9% കുടുംബങ്ങളെ ഉയർന്ന ഇടത്തരം വരുമാനക്കാരായി വരൂ.

### സാമൂഹിക നില

സ്ത്രീകളുടെ തൊഴിലെടുത്താൽ 26.2% പേർ ജോലിക്ക് പോവുന്നവരാണ്, 45.1% പേർ വീട്ടമ്മമാരും, 20% പേർ തൊഴിലില്ലാത്തവരും, 8.4% പേർ വിദ്യാർഥികളുമാണ്. ഇതാണ് കേരളത്തിലെ പൊതുസ്ഥിതി.

എന്നാൽ SC വിഭാഗത്തിലെ സ്ത്രീകളിൽ 35.5% വും ST വിഭാഗത്തിൽ 52.3% വും തൊഴിലെടുക്കുന്നവരാണ്. SC വിഭാഗത്തിൽ 32.7% വും ST വിഭാഗത്തിൽ 20% വും മാത്രമേ വീട്ടമ്മമാരായി ഒതുങ്ങുന്നുള്ളു. തൊഴിലില്ലായ്മ നിരക്കിൽ വലിയ വ്യത്യാസമില്ല. SC യിൽ ഇത് 23.4% വും ST യിൽ 20.0% വും ആണ്. SC യിൽ 8.4% വും ST യിൽ 7.7% വും വിദ്യാർഥികളാണ്. ഇതിന്റെ ഫലമായി സംസ്ഥാനത്തെ തൊഴിൽ സേനയിൽ സ്ത്രീകളുടെ പങ്ക് 27% ആയിരിക്കുമ്പോൾ സ്ത്രീകൾ SC യിൽ 35.6% വും, ST യിൽ 44.7% വും വരും.

പ്രത്യക്ഷമായ അയിത്താചാരങ്ങൾ ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. ദളിതർക്കെതിരായ അതിക്രമങ്ങൾ താരതമ്യേന കുറവാണ്. എന്നിരുന്നാലും ജാതീയമായ മുൻവിധികളും വിവേചനങ്ങളും ഇന്നും ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.

### പിന്നോക്കാവസ്ഥയുടെ കാരണം

ഈ പിന്നോക്കാവസ്ഥയുടെ മുഖ്യകാരണം ചരിത്രപരമാണ്. അതിനെ മറികടക്കാൻ ഇതുവരെയുള്ള സാമൂഹിക പ്രസ്ഥാനങ്ങൾക്കോ, വികസന ഇടപെടലുകൾക്കോ കഴിഞ്ഞിട്ടില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ശക്തമായ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ സംസ്ഥാനത്ത് ദളിതർക്കിടയിലും ഉയർന്നുവന്നു. അയ്യങ്കാളിയുടെ നേതൃത്വത്തിൽ ഉണ്ടായ പ്രക്ഷോഭം പ്രസിദ്ധമാണല്ലോ? പിന്നീട് ഉയർന്നുവന്ന കർഷകത്തൊഴിലാളി പ്രസ്ഥാനം ദളിതരുടെ അവകാശങ്ങൾ ശക്തമായി ഉയർത്തുകയുണ്ടായി.

പക്ഷെ ദൗർഭാഗ്യവശാൽ കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിൽ നിർണ്ണായക പങ്ക് വഹിച്ച ഭൂപരിഷ്കരണത്തിന്റെ ഫലം ഏറ്റവും കുറച്ച് ലഭിച്ച വിഭാഗങ്ങളായി ആദിവാസി, ദളിത് വിഭാഗങ്ങൾ മാറി. കർഷക തൊഴിലാളികൾക്ക് അവർ താമസിച്ചിരുന്ന കിടപ്പാട ഭൂമിയിലുള്ള കുടികിടപ്പ് ഭൂമിയെ ലഭിച്ചുള്ളു.

കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നവർക്ക് നാമമാത്ര തുകയ്ക്ക് പാട്ടഭൂമി പതിച്ചുകിട്ടിയപ്പോൾ പാട്ട കർഷകർ അല്ലാതിരുന്നതിനാൽ ദളിതർക്ക് അതിന്റെ അനുകൂല്യം ലഭിച്ചില്ല. മിച്ചഭൂമിയുടെ പുനർവിതരണത്തിലൂടെയാണ് ഇവർക്ക് കൃഷിഭൂമി ലഭിക്കുന്നതിനുള്ള നടപടികളാണ് മുന്നോട്ട് വയ്ക്കപ്പെട്ടത്. ഈ കാഴ്ചപ്പാടോടെ തയ്യാറാക്കപ്പെട്ട 1957ലെ ഭൂപരിഷ്കരണനിയമം അട്ടിമറിക്കപ്പെട്ടതും മിച്ചഭൂമി ഇല്ലാതാക്കുന്നതിനുള്ള നിയമഭേദഗതികൾ പിന്നീടുവന്ന വലതുപക്ഷ സർക്കാരുകൾ സ്വീകരിച്ചതും ഈ സമീപനം നടപ്പിലാക്കുന്നതിന് തടസ്സമായി. യഥാർഥത്തിൽ മണ്ണിൽ പണിയെടുത്തിരുന്ന കർഷകതൊഴിലാളികളായിരുന്ന അവർക്ക് ഭൂപരിഷ്കരണത്തിന്റെ നേട്ടം കുടികിടപ്പവകാശത്തിൽ ഒതുങ്ങി.

പരമ്പരാഗതമായി ആദിവാസി വിഭാഗങ്ങൾക്കുണ്ടായിരുന്ന ഭൂമി വിവിധതരം ചൂഷണങ്ങളിലൂടെ നഷ്ടപ്പെട്ടു. ആദിവാസികളുടെ ആവാസവ്യവസ്ഥയായ വനമേഖലകളിലേക്ക് 1930 കൾ മുതൽ 70 കളുടെ അവസാനം വരെ നടന്ന കുടിയേറ്റം ആദിവാസി ഭൂമി വലിയതോതിൽ നഷ്ടപ്പെടുന്നതിനും പങ്കുവഹിച്ചു.

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, തൊഴിൽ വൈവിധ്യവൽക്കരണത്തിന്റെ അഭാവം എന്നിവയും ആദിവാസി, ദളിത് വിഭാഗങ്ങളുടെ സാമൂഹിക ചലനാത്മതകയെ ബാധിച്ചു. സമീപപ്രദേശങ്ങളിലെ വിദ്യാലയങ്ങളുടെ അഭാവം, വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്, കാർഷികതൊഴിലിനോടും വനവിഭവ ശേഖരണത്തോടുമുള്ള ആശ്രിതത്വം, ഊരുകൾ മാത്രം കേന്ദ്രീകരിച്ചുള്ള ജീവിതം എന്നിവ ആദിവാസികളുടെ വിദ്യാഭ്യാസ സാധ്യതകളെ പരിമിതപ്പെടുത്തി. കുട്ടികളുടെ വിദ്യാഭ്യാസ പ്രവേശനത്തെയും, തുടർ പഠനങ്ങളെയും ബാധിച്ചു.

ഈ ചരിത്രപശ്ചാത്തലത്തിൽ വേണം അവരുടെ അതിജീവനം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ രൂപപ്പെടുത്താൻ. കഴിഞ്ഞ ദശാബ്ദത്തിനിടയിൽ ആദിവാസി, ദളിത് വിഭാഗങ്ങളുടെ നിലവിലുള്ള ജീവിതാവസ്ഥകളെ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരണമാണ് അടുത്തതായി നൽകുന്നത്.

## II
## 2016 - 2026 വികസന ഇടപെടലുകൾ - ഒരു അവലോകനം

പട്ടികജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും വികസനത്തിനായി, പട്ടികജാതി-പട്ടികവർഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ പദ്ധതി വിഹിതം, പട്ടികജാതി ഉപപദ്ധതിക്കായും (എസ്.സി.എസ്.പി) പട്ടികവർഗ ഉപപദ്ധതിക്കായും (ടി.എസ്.പി) കേരളം ബജറ്റിൽ നീക്കിവയ്ക്കുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ ഗണ്യമായൊരു ഭാഗം കൈമാറുന്നത് വഴി, ഗുണഭോക്താക്കളുടെ നേരിട്ടുള്ള പങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സാധിക്കുന്നു. ഭൂമി-ഭവനം, വിദ്യാഭ്യാസം, തൊഴിൽ, നൈപുണി വികസനം, സംരംഭകത്വ വികസനം, ആരോഗ്യം, സാമൂഹിക ശാക്തീകരണം എന്നിങ്ങനെ വിവിധ മേഖലകളിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്രമായ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ പട്ടികജാതി-പട്ടികവർഗ വകുപ്പുകളും, പ്രാദേശിക സർക്കാരുകളും നടപ്പാക്കിവരുന്നു. ഈ മേഖലകളിൽ എല്ലാംതന്നെ മികച്ച നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

### ഭൂമി-ഭവനം: സുരക്ഷിതത്വത്തിന്റെ അടിത്തറ

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ നേരിടുന്ന പ്രധാന വികസന പ്രശ്നമായ ഭൂമി-ഭവന രാഹിത്യം പരിഹരിക്കുന്നതിനായുള്ള നടപടികൾ എടുത്തു പറയേണ്ടവയാണ്. ചരിത്രപരമായി ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽ നിന്നും അകറ്റിനിർത്തപ്പെട്ടവ

രാണ് ഈ വിഭാഗങ്ങൾ എന്ന് വിശദീകരിച്ചുവല്ലോ? ഇത് ഇന്നും പരിഹരിക്കുന്നതിനായിട്ടില്ല. എന്നാൽ കിടപ്പാടം എങ്കിലും ലഭ്യമാക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2016-17 മുതൽ 2024-25 വരെ പ്രതിവർഷം ശരാശരി 3,600-ൽ അധികം ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. ഇതേ കാലയളവിൽ ആകെ 33,102 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള സഹായം സർക്കാർ നൽകുകയുണ്ടായി. 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ പട്ടികവർഗ വിഭാഗങ്ങളിലെ 8,919 കുടുംബങ്ങൾക്ക് 8,573.52 ഏക്കർ ഭൂമി സർക്കാർ അനുവദിച്ചിട്ടുണ്ട്. വനാവകാശ നിയമം (Forest Rights Act) ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ട് ആദിവാസി വിഭാഗങ്ങൾക്ക് വനഭൂമിയിൽ കൃഷി ചെയ്യാനും താമസിക്കാനുമുള്ള അവകാശം ഉറപ്പാക്കുന്നതിൽ കേരളം വലിയ മുന്നേറ്റമാണ് നടത്തിയത്.

ലൈഫ് മിഷൻ (LIFE Mission) കേരളത്തിന്റെ ഭവന നിർമ്മാണ മേഖലയിൽ വിപ്ലവകരമായ മാറ്റമാണ് കൊണ്ടുവന്നത്. ഈ പദ്ധതി വഴി, പട്ടികജാതി വിഭാഗക്കാർക്കായി 1,25,360 വീടുകളുടെയും പട്ടികവർഗ വിഭാഗക്കാർക്കായി 45,976 വീടുകളുടെയും നിർമ്മാണം സർക്കാർ ഒക്ടോബർ 2025 വരെ പൂർത്തിയാക്കി. ഇതിനുപുറമെ, 14,000-ൽ അധികം പട്ടികവർഗക്കാർക്ക് പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കി വന്നിരുന്ന മറ്റു ഭവന പദ്ധതികളിലൂടെ പ്രയോജനം ലഭിക്കുകയുണ്ടായി.

വീടുകളുടെ നിർമ്മാണം പൂർത്തിയായാലും കാലക്രമേണ അവയ്ക്ക് കേടുപാടുകൾ സംഭവിക്കുന്നത് സ്വാഭാവികമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഇത്തരം അറ്റകുറ്റപ്പണികൾ വലിയ ബാധ്യതയാകാറുണ്ട്. ഇത് തിരിച്ചറിഞ്ഞാണ് 2010-ന് ശേഷം നിർമ്മിച്ചതും സാങ്കേതികമായി പൂർത്തിയായതും എന്നാൽ ഇതുവരെ പൂർത്തിയാകാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണി, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി SAFE (Secure Accommodation and Facility Enhancement) എന്ന പുതിയ പദ്ധതി പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗക്കാർക്ക് 2.5 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

### വിദ്യാഭ്യാസം: സാമൂഹിക ചലനാത്മകതയിലേക്കുള്ള പാത

സാമൂഹിക മാറ്റത്തിനുള്ള ഏറ്റവും വലിയ ഉപാധിയാണ് വിദ്യാഭ്യാസം. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പ്രീ പ്രൈമറി വിദ്യാഭ്യാസം മുതൽ വിദേശ വിദ്യാഭ്യാസം അടക്കമുള്ള ഉന്നത വിദ്യാഭ്യാസ മേഖല വരെ സർക്കാർ നിരവധി ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിവരുന്നു. ഈ ഇടപെടലുകളുടെ ഫലമായി പട്ടികജാതി-പട്ടികവർഗ സ്കൂൾ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് (ഡ്രോപ്പ് ഔട്ട് റേറ്റ്) 2016-17-ൽ യഥാക്രമം 0.26, 2.27 എന്നതായിരുന്നുവെങ്കിൽ 2023-24-ൽ അത് 0.06, 0.67 എന്നതിലേക്ക് കുറയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ കൊഴിഞ്ഞുപോക്ക് നിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണ് എന്നത് അഭിമാനകരമാണ്.

കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പും പട്ടികവർഗവികസന വകുപ്പും നഴ്സറി സ്കൂളുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (MRS), വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ (ITI), പ്രീ-മെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, പ്രീ-എക്സാം പരിശീലനകേന്ദ്രങ്ങൾ, വടക്കാഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജ്, പാലക്കാട് മെഡിക്കൽ കോളേജ്, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ തുടങ്ങി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (MRS) ആധുനിക സൗകര്യങ്ങളോടെ, പൊതുവിദ്യാലയങ്ങളെ വെല്ലുന്ന നിലവാരത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ പഠനം, താമസം, ഭക്ഷണം എന്നിവ പൂർണ്ണമായും സൗജന്യമാണ്.

കൂടാതെ,പട്ടികജാതി-പട്ടികവർഗവിദ്യാർഥികളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക/സെക്കന്ററി വിദ്യാഭ്യാസ സഹായം, ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, അൺ എയ്ഡഡ് സ്കൂൾ വിദ്യാർഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇമ്പേഴ്സ്മെന്റ്, പ്രത്യേക പ്രോത്സാഹനം, മെഡിക്കൽ- എഞ്ചിനീയറിങ് കോച്ചിങ് സഹായം, പ്രീ മെട്രിക്-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, വിദേശപഠന സ്കോളർഷിപ്പ് എന്നിങ്ങനെ വിവിധ തരത്തിലുള്ള വിദ്യാഭ്യാസസഹായങ്ങളും സർക്കാർ നൽകുന്നുണ്ട്. വിദേശ സർവകലാശാലകളിൽ ഉന്നത പഠനത്തിന് പോകുന്ന പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് വിമാനയാത്രക്കൂലി ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്ന 'ഓവർസീസ് സ്കോളർഷിപ്പ്' പദ്ധതി നിലവിലുണ്ട്.

2016-17 മുതൽ 2024-25 വരെ 4,723 പട്ടികജാതി വിദ്യാർഥികൾക്ക് 'മറ്റ് സംസ്ഥാനങ്ങളിലെ പഠനത്തിനായി സഹായം, 40,233 വിദ്യാർഥികൾക്ക് 'അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പ്രതിവർഷം 4 ലക്ഷത്തിലധികം വിദ്യാർഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ, പ്രതിവർഷം 1.2 ലക്ഷത്തിലധികം പോസ്റ്റ്-മെട്രിക് വിദ്യാർഥികൾക്ക് അധിക സംസ്ഥാന സഹായം എന്നിവ നൽകുകയുണ്ടായി. 2016-17 മുതൽ 2024-25 വരെ ആകെ 94,336 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'പ്രീ-മെട്രിക് സ്കോളർഷിപ്പും ഏകദേശം 1,40,000 വിദ്യാർഥികൾക്ക് 'പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും, 12,000-ൽ അധികം വിദ്യാർഥികൾക്ക് 'അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പും നൽകുകയുണ്ടായി.

വിദ്യാർഥികളുടെ പഠനസൗകര്യം വീടുകളിൽ ഉറപ്പാക്കുന്നതിനായി 2017-18 ൽ ആരംഭിച്ച 'പഠനമുറിക

ളുടെ നിർമ്മാണം' എന്ന പദ്ധതി വിപ്ലവകരമായിരുന്നു. പലപ്പോഴും ഒറ്റമുറി വീടുകളിൽ താമസിക്കുന്ന കുട്ടികൾക്ക് സ്വസ്ഥമായി ഇരുന്ന് പഠിക്കാൻ സാഹചര്യം ഇല്ലാത്തത് അവരുടെ പഠനത്തെ ബാധിച്ചിരുന്നു. ഈ പദ്ധതിയിലൂടെ പട്ടികജാതി വിദ്യാർഥികൾക്കായി 40,000-ൽ അധികം പഠനമുറികൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജ് രാജ്യത്തിന് തന്നെ മാതൃകയാണ്. പ്രതിവർഷം ഏകദേശം 70 പട്ടികജാതി വിദ്യാർഥികൾക്ക് എംബിബിഎസ് കോഴ്സ് പഠിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജിൽ, 2014-15-നും 2024-25-നും ഇടയിൽ എം.ബി.ബി.എസ് പ്രോഗ്രാമിൽ പ്രവേശനം നേടിയ 1099 കുട്ടികളിൽ 802 പേർ പട്ടികജാതി വിഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു. ഇത് മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗങ്ങളുടെ പ്രാതിനിധ്യം വലിയ തോതിൽ വർധിപ്പിച്ചു.

## നൈപുണി വികസനം, തൊഴിൽ, സംരംഭകത്വ വികസനം

പരമ്പരാഗത തൊഴിൽമേഖലകളിൽ നിന്ന് ആധുനിക തൊഴിൽ മേഖലകളിലേക്കുള്ള മാറ്റം അനിവാര്യമാണ്. പട്ടികജാതി-വർഗ വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും, സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കുന്നുണ്ട്. 2016-17 മുതൽ 2024-25 വരെ പട്ടികജാതി സമൂഹങ്ങളിലെ 2,558 പേർക്ക് സ്വയം തൊഴിൽ സബ്സിഡിയും, 10,093 പേർക്ക് വിദേശ തൊഴിൽ സഹായവും നൽകുകയുണ്ടായി. ഇതേ കാലയളവിൽ ഏകദേശം 6,700-ൽ അധികം പട്ടികജാതി യുവാക്കളുടെ നൈപുണി വികസനം, പട്ടികജാതി വികസന വകുപ്പിന്റെ നൈപുണി പരിശീലന പരിപാടികളിലൂടെ സാധ്യമാക്കി. സമാനമായി, വിവിധ നൈപുണി പരിശീലന പരിപാടികളിലൂടെ 6,100-ൽ അധികം പട്ടികവർഗക്കാർക്ക് നൈപുണി പരിശീലനം നൽകി. ഇതിൽ 3,847 പേർക്ക് ഇന്ത്യയിലും 22 പേർക്ക് വിദേശത്തും ജോലി ലഭ്യമാക്കി.

വിജ്ഞാനകേരളം കാമ്പയിനിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന SC - ST വിദ്യാർഥികൾക്ക് പ്രത്യേക നൈപുണി പരിശീലന പിന്തുണ നൽകു

ന്നുണ്ട്. പഠനം പൂർത്തിയാക്കി തൊഴിലില്ലാതെ നിൽക്കുന്ന SC - ST വിദ്യാർഥികൾക്ക് 'ബാക്ക് ടു ക്യാമ്പസ്' എന്നപേരിൽ പ്രത്യേക ക്യാമ്പുകളിൽ കൂടി നൈപുണി പരിശീലനം നൽകി തൊഴിൽ നൽകുന്നതിനുള്ള ഒരു പരിപാടി നടത്തി വരികയാണ്.

ആദിവാസി മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിക്ക് സമാനമായി, 2018-19 മുതൽ 2024-25 വരെ 'കേരള ട്രൈബൽ പ്ലസ് പദ്ധതി' പ്രകാരം 155.94 കോടി രൂപ ചെലവഴിച്ചുകൊണ്ട്, 60,96,009 തൊഴിൽദിനങ്ങൾ പട്ടികവർഗക്കാർക്കായി സൃഷ്ടിച്ചു. ഇത് വനാശ്രിത സമൂഹങ്ങൾക്ക് വലിയ ആശ്വാസമാണ് നൽകിയത്.

ഉന്നത വിദ്യാഭ്യാസം നേടിയ ഉദ്യോഗാർഥികൾക്ക് തൊഴിൽ നൈപുണ്യം വർധിപ്പി

ക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ യുവതീ-യുവാക്കൾക്ക് ഇന്റേൺഷിപ്പുകൾ/ അപ്രന്റീസ്ഷിപ്പുകൾ/ പ്ലെയ്സ്മെന്റ് പരിശീലനം എന്നിവ നൽകുന്നതിനും, അതുവഴി അവർക്ക് മതിയായ പ്രൊഫഷണൽ പരിചയം നേടുന്നതിന് സഹായിക്കുന്നതിനുമായി 'ട്രേസ്' (TRACE - Training for Career Excellence) എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചു. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ നിന്നുള്ള യോഗ്യതയുള്ള യുവതീ-യുവാക്കൾക്ക് സർക്കാർ സംവിധാനത്തിലും സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന പ്രക്രിയയിലും നൽകുന്ന 2 വർഷത്തെ അപ്രന്റീസ്ഷിപ്പ്/തൊഴിൽ പരിശീലനത്തിലൂടെ നൈപുണി വികസനവും തൊഴിൽ പരിചയം നേടാനുള്ള അവസരവും 'ട്രേസ്' പദ്ധതി വാഗ്ദാനം ചെയ്യുന്നു.

പട്ടികവർഗ വകുപ്പിന് കീഴിലെ പ്രദേശങ്ങളിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും വികസിപ്പിച്ചുകൊണ്ട് പട്ടികവർഗക്കാരുടെ ജീവിതനിലവാരം ഉയർത്തുക, പോഷകാഹാരക്കുറവ് പരിഹരിക്കുക, സുസ്ഥിരമായ വരുമാനമാർഗങ്ങൾ സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ട് 'പട്ടികവർഗക്കാർക്കായുള്ള വരുമാന കാർഷിക ഉദ്യമം' എന്ന പദ്ധതി ആരംഭിച്ചു. ഇതുപ്രകാരം പട്ടികവർഗ വികസന വകുപ്പിനു കീഴിലെ ആറളം ഫാം, പ്രിയദർശിനി ടീ എസ്റ്റേറ്റ്, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിങ് സൊസൈറ്റി എന്നിവിട

ങ്ങളിൽ വിവിധ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ കൃഷി വകുപ്പ് മുഖേന അട്ടപ്പാടിയിൽ മില്ലറ്റ് വില്ലേജ് പദ്ധതി (Millet Village), കെ.ഡിസ്ക്, തണൽ എന്നിവയുമായി ചേർന്ന് 2019-ൽ ആരംഭിച്ച 'നമത് വെള്ളാമെ പദ്ധതി', വട്ടലക്കി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി- ACFS എന്നിവ മുഖേന അട്ടപ്പാടിയിലെ കാർഷിക ഉൽപന്നങ്ങളുടെ സംസ്കരണവും വിപണനവും അന്താരാഷ്ട്ര തലത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, 2021-22 ൽ CMD മുഖേന വയനാട്, ഇടുക്കി ജില്ലകളിൽ 4000 ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ ഹരിത രശ്മി പച്ചക്കറി കൃഷി പദ്ധതി തുടങ്ങിയവ പട്ടികവർഗക്കാർക്കായുള്ള വരുമാന കാർഷിക ഉദ്യമ പദ്ധതി പ്രകാരം നടപ്പിലാക്കിയ പരിപാടികളാണ്. 'നമത് വെള്ളാമെ' പദ്ധതിയിലൂടെ അട്ടപ്പാടിയിലെ തരിശായി കിടന്ന 1300 ഏക്കർ ഭൂമി മൂന്ന് വർഷം കൊണ്ട് കൃഷിഭൂമിയാക്കി മാറ്റുവാൻ സാധിച്ചു എന്നത് കൂട്ടായ പ്രവർത്തനത്തിന്റെ വലിയൊരു വിജയഗാഥയാണ്.

## ആരോഗ്യം: കരുതലിന്റെ കരങ്ങൾ

ആരോഗ്യമേഖലയിൽ പട്ടികവിഭാഗങ്ങൾ നേരിടുന്ന വെല്ലുവിളികൾ സവിശേഷമാണ്. 2016-17 മുതൽ 2024-25 വരെ ഏകദേശം 1,33,000-ൽ അധികം പട്ടികജാതി വിഭാഗക്കാർക്ക് 'ആരോഗ്യ പരിപാലന പദ്ധതി' (Critical Gap Filling Scheme - Corpus Fund-ൽ ഉൾപ്പെ

ടുത്തിയും മറ്റും) പ്രകാരം ചികിത്സാ സഹായം നൽകി. മാരക രോഗങ്ങൾക്കുള്ള ചികിത്സാസഹായം ഇതിൽ ഉൾപ്പെടുന്നു.

2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ 2,95,009 പട്ടികവർഗക്കാർക്ക് 'സമഗ്ര പട്ടികവർഗ ആരോഗ്യ സംരക്ഷണ' പരിപാടിയുടെ പ്രയോജനം നൽകി. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന 'ജനനി ജന്മ രക്ഷാപദ്ധതി' പ്രകാരം 85,301 ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും സഹായം ലഭ്യമാക്കി. ഇത് ആദിവാസി മേഖലയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിൽ വലിയ പങ്കുവഹിച്ചു. ഇതിനു പുറമേ ഏകദേശം 7,139 സിക്കിൾ-സെൽ അനീമിയ (Sickle Cell Anemia) രോഗികൾക്ക് സർക്കാർ ചികിത്സാസഹായം നൽകി. വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി വിഭാഗങ്ങളിൽ കണ്ടുവരുന്ന ജനിതക രോഗമാണ് സിക്കിൾ സെൽ അനീമിയ.

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ആശുപത്രികളിൽ എത്താൻ ബുദ്ധിമുട്ടുള്ള ഉൾവനങ്ങളിലെ ഊരുകളിലേക്ക് ആരോഗ്യസേവനം എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 12 ജില്ലകളിലായി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആധുനിക വൈദ്യ സൗകര്യത്തോടെ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനം ഉറപ്പാക്കുന്നു.

### ആവാസ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

കോളനികൾ എന്ന പേരിൽ അറിയപ്പെടുന്ന പാർപ്പിട സങ്കേതങ്ങളുടെ മുഖച്ഛായ മാറ്റുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അവയെ നഗറുകളും, ഉന്നതികളുമായി പുനർ നാമകരണം ചെയ്തു. പട്ടികജാതി നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ നൽകുന്നതിനായി ഇരുപത്തിയഞ്ചിൽ അധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിൽ 'അംബേദ്കർ ഗ്രാമ വികസന പദ്ധതി' നടപ്പിലാക്കുന്നു. ഒരു കോടി രൂപ വരെയാണ് ഓരോ ഗ്രാമത്തിനും വികസന പ്രവർത്തനങ്ങൾക്കായി നൽകുന്നത്. ഈ പദ്ധതിപ്രകാരം ഇതുവരെ തിരഞ്ഞെടുത്ത 805 പട്ടികജാതി ഗ്രാമങ്ങളിൽ ഏകദേശം 420 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായി. റോഡ്, കുടിവെള്ളം, തെരുവുവിളക്ക്, ഓവുചാൽ, കമ്മ്യൂണിറ്റി ഹാൾ എന്നിവ ഇതിലൂടെ നിർമ്മിക്കപ്പെടുന്നു.

സമാനമായി പട്ടികവർഗ വിഭാഗക്കാർക്കായുള്ള അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം, 2017-18 മുതൽ തിരഞ്ഞെടുത്ത 233 ഉന്നതികളിൽ (ആദിവാസി സങ്കേതങ്ങളിൽ) 74 എണ്ണത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയായി. 63 ഉന്നതികളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. 76 ഉന്നതികളിൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പട്ടികജാതി നഗറുകളുടെയും നഗറുകൾക്ക് പുറത്ത് ചിതറിക്കിടക്കുന്ന കുടുംബങ്ങളായി താമസിക്കുന്ന പട്ടികജാതിക്കാരുടെയും അടിസ്ഥാനസൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിനുള്ള സഹായം നൽകുന്നതിനായി 'അടിസ്ഥാന സൗകര്യങ്ങളിലെ ഗുരുതരമായ വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (ഐശ്വര്യ ഗ്രാമം)' എന്ന പദ്ധതി നടപ്പിലാക്കുന്നു. 5 മുതൽ 15 വരെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിലെ അടിസ്ഥാന സൗകര്യ വികസനം പദ്ധതി ഉറപ്പാക്കുന്നു.

ഇടമലക്കുടി ആദിവാസി പഞ്ചായത്തിന്റെ വികസനത്തിനായി പ്രത്യേകം തുക വകയിരുത്തി, മെച്ചപ്പെട്ട പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, റോഡ്, വിദ്യാഭ്യാസം, ആരോഗ്യസൗകര്യങ്ങൾ, തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ "ഇടമലക്കുടി സമഗ്ര വികസന പാക്കേജ്' എന്ന പദ്ധതി നടപ്പിലാക്കുന്നു. കേരളത്തിലെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിലെ വികസന പിന്നാക്കാവസ്ഥ പരിഹരിക്കാൻ ഈ പാക്കേജ് ലക്ഷ്യമിടുന്നു.

സാമൂഹികമായ ഏകീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനുമായി 'പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനുള്ള സാമ്പത്തികസഹായം' എന്ന പദ്ധതിയിലൂടെ പട്ടികജാതി കുടുംബങ്ങൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകിവരുന്നു. 2016-17 - 2024-25 കാലയളവിൽ ഏകദേശം 71,607 പട്ടികജാതി കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകുകയുണ്ടായി. സമാനമായി, ഇതേ കാലയളവിൽ 12,902 മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും സാമ്പത്തികസഹായം ലഭിച്ചു. ജാതിരഹിത സമൂഹം സൃഷ്ടിക്കുന്നതിൽ മിശ്രവിവാഹങ്ങൾക്കുള്ള പങ്ക് വലുതാണ്. പട്ടികവർഗ വിഭാഗങ്ങളിലെ 3,485 കുടുംബങ്ങൾക്ക് വിവാഹ ധനസഹായവും 353 ദമ്പതികൾക്ക് മിശ്രവിവാഹ ധനസഹായവും 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ നൽകുകയുണ്ടായി.

## III
## പട്ടികജാതി വികസനത്തിനുള്ള ഭാവി -നിർദേശങ്ങൾ

പട്ടികജാതി വികസനത്തിനുള്ള അടിസ്ഥാനോപാധി പട്ടികജാതി ഉപപദ്ധതിയാണ്. പഞ്ചവത്സരപദ്ധതിയുടെ അടങ്കലിലിൽ ജനസംഖ്യാനുപാതികമായി പട്ടികജാതി വികസനത്തിന് പണം നീക്കി വയ്ക്കുന്ന ചിട്ട ആറാം പദ്ധതികാലത്ത് (1980 - 85) ആണ് ആരംഭിച്ചത്. ഓരോ ഡിപ്പാർട്മെന്റും അവരുടെ പദ്ധതി അടങ്കലിൽ നിന്ന് ഒരു വിഹിതം പട്ടികജാതി വികസനത്തിന് വേണ്ടി വകയിരുത്തുന്ന പതിവാണ് ഉണ്ടായിരുന്നത്.

ഇത് വലിയതോതിൽ ദുരുപയോഗപ്പെടുത്തുന്നു എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കേന്ദ്രീകൃതമായി.

കേരളത്തിൽ ആവട്ടെ SEP യുടെ ഒരുഭാഗം ജില്ലാ അടിസ്ഥാനത്തിൽ വർക്കിങ് ഗ്രൂപ്പുകൾ വഴി ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പതിവും ആരംഭിച്ചു. ജനകീയാസൂത്രണത്തോടെയാണ് SEP യിലെ അനുമാനക്കണക്കുകൂട്ടലുകൾ ഒഴിവാക്കി പദ്ധതി അടങ്കലിനു ആനുപാതികമായ തുക പ്രത്യേകം വകയിരുത്താനും അതിലൊരു ഭാഗം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴേക്ക് നൽകുന്നതിനും തീരുമാനമായി. ഇതുവഴി പട്ടികജാതി ഉപപദ്ധതിയുടെ നടത്തിപ്പിൽ സമുദായത്തിന്റെ പ്രത്യക്ഷ പങ്കാളിത്തം കൊണ്ടുവരാൻ കഴിയും എന്നായിരുന്നു പ്രതീക്ഷ.

ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾ അവസാനിപ്പിച്ചതോടെ പട്ടികജാതി വികസനത്തിനായി വകയിരുത്തുന്ന തുകയിൽ വലിയ ഇടിവ് സംഭവിച്ചു. എന്നാൽ കേരളത്തിൽ പദ്ധതിയുടെ 10% ത്തിലേറെ തുക പട്ടികജാതി വകയിരുത്തുന്നുണ്ട്. ഇത് ഫലപ്രദമായി ചെലവഴിക്കാനായാൽ വലിയ പുരോഗതി നേടാനാവും.

1. **ഭൂ ഉടമസ്ഥതയും ഭവനവും:** ദളിതരുടെ ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് കഴിയാവുന്ന എല്ലാ നടപടികളും കൈക്കൊള്ളണം. ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ 22000-ത്തോളം വരുന്ന ഭൂരഹിത കുടുംങ്ങൾക്ക് അടിയന്തരമായി വിതരണം ചെയ്യണം. നിയമപരമായി സാധ്യവും പ്രായോഗികവുമായ ഇടങ്ങളിൽ എല്ലാം പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിലെ സർക്കാർ ഏറ്റെടുത്ത് അവ അവയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ ദളിതർക്കും ആദിവാസികൾക്കും കൃഷിഭൂമിയായി വിതരണം ചെയ്യണം. ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ പുറമ്പോക്കു ഭൂമികളുടെ കണക്കെടുത്ത് കൃഷിഭൂമിയായി വിതരണം ചെയ്യണം. സർക്കാർ അനുവദിച്ച് നൽകുന്ന പുറമ്പോക്ക്, മിച്ചഭൂമി ഉപയോഗയോഗ്യമായ ഭൂമിയാണെന്ന് ഉറപ്പാക്കണം. ഭൂമി മുൻകൂട്ടികണ്ട് അംഗീകരിക്കാനുള്ള അവകാശം ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകണം.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസന വകുപ്പ് എന്നിവ ഭൂമിവാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതികളിൽ ദളിത് കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കുന്നതിന് സ്വാതന്ത്ര്യം നൽകണം. അതത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ കണ്ടുപിടിക്കുന്ന ഭൂമിയുടെ വിപണി വില അവർക്ക് ധനസഹായമായി നൽകണം. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ ഗുണഭോക്താക്കൾ ഒരുമിച്ച് കുറഞ്ഞ വിലയ്ക്ക് ഒരിടത്ത് ഭൂമി വാങ്ങി വീണ്ടും കോളനികൾ രൂപപ്പെടുന്നത് ഇതിലൂടെ ഒഴിവാക്കാം.
3. ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണത്തിൽ താരതമ്യേന വേഗത കുറവ് വരുന്നത് ഭൂമിയില്ലാത്തവരുടെ ഭവനനിർമ്മാണത്തിന്റെ കാര്യത്തിലാണെന്നത് ഭൂപ്രശ്നം അടിയന്തിരമായി പരിഹരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു. അവശേഷിക്കുന്ന ഭവനരഹിത കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം യുദ്ധകാല അടിസ്ഥാനത്തിൽ പരിഹരിക്കണം.
4. **നഗറുകളുടെ അടിസ്ഥാന സൗകര്യങ്ങൾ:** ഓരോ ആവാസസങ്കേതത്തിനും മിനിമം വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ നിശ്ചയിക്കണം. ഇതിനുപുറമേ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങി അധികമായി വേണ്ടുന്ന സൗകര്യങ്ങൾ കൂടി നിർണ്ണയിക്കണം. ഇവ ഒരു പാക്കേജായി മുഴുവൻ സങ്കേതങ്ങളിലും അഞ്ചു വർഷം കൊണ്ട് ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പരിപാടി തയ്യാറാക്കണം. കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കോളനികളിലെ വീടുകളുടെ മേൽപ്പുരകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള മഴവെള്ളസംഭരണി, കിണറുകൾ റീചാർജ് ചെയ്യുന്നതിനുള്ള മഴവെള്ള സംഭരണ സംവിധാനം എന്നിവ ആലോചിക്കാം. നഗറുകളിൽ പൈപ്പ് വഴിയുള്ള കുടിവെള്ളം എത്തിക്കുന്നതിനും മുൻഗണന നൽകാം. ഇതോടൊപ്പം കുടുംബങ്ങളുടെ കക്കൂസ് സംവിധാനത്തെ ഒരിടത്തേക്ക് ബന്ധിപ്പിച്ച് കക്കൂസ് അധിഷ്ഠിത സാമൂഹ്യ ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കാം.
5. **വിദ്യാഭ്യാസം:** ദളിത് വിദ്യാർഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് പഠനത്തിനിടയിൽ കൂടുതലാണ്. സ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം തുടർച്ചയായി നൽകുന്നതിന് സൗകര്യം ഉണ്ടാക്കണം.
6. 25 ൽ കൂടുതൽ ദളിത് കുടുംബങ്ങൾ പാർക്കുന്ന സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ദളിത് വിദ്യാർഥികൾക്ക് ഗൃഹാന്തരീക്ഷത്തിൽ നിന്ന് മാറി പഠിക്കുന്നതിനുള്ള പഠനവീട് എന്ന ഒരു സംവിധാനം വ്യാപകമാക്കണം. നഗറുകളിൽ നിർമ്മിക്കുന്ന സാംസ്കാരികകേന്ദ്രങ്ങളോട് ചേർന്ന് ഈ സംവിധാനം ഒരുക്കാം. കുട്ടികൾക്ക് രാവിലെയും വൈകീട്ടും ഈ കേന്ദ്രങ്ങളിൽ പഠനസഹായത്തിന് യോഗ്യമായ ആളുകളെ ചെറിയ പ്രതിഫലം നൽകി നിയമിക്കാം. കുട്ടികൾക്ക് ദിവസത്തിൽ രാവിലെയോ, വൈകീട്ടോ ലഘുഭക്ഷണം നൽകുന്നതിനുള്ള സംവിധാനവും ഇവിടെ ഒരുക്കാം. പഠനവീടുകളുടെ ഭാഗമായി കലാ-കായിക പരിശീലനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താം. മത്സരപരീക്ഷകൾക്കും സർക്കാർ പരീക്ഷകൾക്കും ഉള്ള പരിശീലന കേന്ദ്രങ്ങളായും പഠനവീടുകളെ പ്രയോജനപ്പെടുത്താം.
7. ദളിത് കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ ആധുനീക

രിക്കണം. മികച്ച മുറികൾ, ഫർണീച്ചറുകൾ, മുറികളിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനും, പഠനത്തിനുള്ള സൗകര്യം, ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർലാബ്, മുറികളിൽ ഇൻററനെറ്റ് സംവിധാനം, കുട്ടികൾക്ക് ആനുപാതികമായ എണ്ണം ടോയ്‌ലറ്റുകൾ, കുടിവെള്ള സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ, കായിക പരിശീലനകേന്ദ്രങ്ങൾ, പാൽ, മുട്ട, മാംസം, മത്സ്യം, ധാന്യകങ്ങൾ എല്ലാം അടങ്ങിയ പോഷക സമൃദ്ധമായ ഭക്ഷണം എന്നിവ ഹോസ്റ്റലുകളിൽ ലഭ്യമാക്കണം. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ കാര്യത്തിൽ കുട്ടികളുടെ പഠനസഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിലെങ്കിലും ട്യൂട്ടർമാരെ നിയമിക്കണം. ഇവയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തുകൾക്കാകണം. ജില്ലാ പഞ്ചായത്ത് ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിശ്ചയിച്ച് മൂന്ന് മാസത്തിൽ ഒരിക്കൽ പ്രവർത്തനം വിലയിരുത്തണം. ഈ റിപ്പോർട്ട് പൊതുരേഖയായി ലഭ്യമാക്കണം.

8. ദളിത് വിദ്യാർഥികൾക്ക് വേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കാര്യത്തിലും ഇതേ രീതി പിന്തുടരണം. മൾട്ടി മീഡിയ സൗകര്യങ്ങളുള്ള സ്കൂൾ ക്ലാസ് റൂം, ആധുനിക ഉപകരണങ്ങളും ഉള്ള കളിസ്ഥലങ്ങൾ, ആധുനിക സൗകര്യങ്ങളോടുകൂടിയതും വൃത്തിയുള്ളതുമായ പാചകപ്പുരകളും ഭക്ഷണപ്പുരകളും, മികച്ച ഹോസ്റ്റൽ സൗകര്യങ്ങൾ, ഇൻററനെറ്റ് സംവിധാനം എന്നിവ സ്കൂളുകളിൽ നടപ്പാക്കണം. ഹൈസ്കൂൾ തലം മുതൽ കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടറുകളും ലഭ്യമാക്കണം. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിന് സ്കൂൾ മാനേജ്മെന്റ് സമിതികൾ രൂപികരിക്കണം.

9. ദളിത് വിദ്യാർഥികൾക്ക് നൽകുന്ന പഠന ധനസഹായം കാലാനുസൃതമായി വർധന ഉണ്ടാവണം. ഓരോ 3 വർഷം കൂടുമ്പോഴും ജീവിത ചെലവുകൾക്കനുസരിച്ച് തുക പുതുക്കി നിശ്ചയിക്കണം. ഹയർ സെക്കൻഡറി തലം മുതൽ മുകളിലോട്ട് പഠനം നടത്തുന്ന ദളിത് വിദ്യാർഥികൾക്ക് സ്വന്തമായി കമ്പ്യൂട്ടറുകൾ നൽകാം.

10. ദളിത് വിദ്യാർഥികളിൽ നല്ലൊരു ഭാഗം തോൽവി മൂലം പഠനം നിർത്തുന്നവരാണ്. എഞ്ചിനീയറിങ് ബിരുദം, ഡിപ്ലോമ പോലുള്ള സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിൽ ഇത് കൂടുതലാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫിനിഷിങ് സ്കൂളുകൾ ജില്ലയിൽ 2-3 കേന്ദ്രങ്ങളിലായി സ്ഥാപിക്കണം.

11. **തൊഴിൽ:** ദളിത് വിഭാഗത്തിൽ വിദ്യാഭ്യാസം നേടിയ ഭൂരിഭാഗവും കാർഷിക-കാർഷികാനുബന്ധ മേഖലകളിൽ തൊഴിലെടുക്കുന്നവരാണ്. ഈ മേഖലകളിൽ പ്രൊഫഷണൽ പരിശീലനങ്ങളിലൂടെ വൈദഗ്ധ്യം നൽകി വിലപേശൽ ശേഷി ഉയർത്തേണ്ടതുണ്ട്. ഇതിനായി ഓരോ പ്രദേശത്തും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ വിവിധ തൊഴിൽ മേഖലകളിൽ സേവനം നൽകുന്ന തൊഴിൽസേനകൾ ആരംഭിക്കാം. ഇവയിൽ തത്പരരായ മറ്റു വിഭാഗങ്ങൾക്കും അംഗത്വം നൽകാം.

12. സർക്കാർ മേഖലയിലെ തൊഴിലുകൾ ചുരുങ്ങി വരുന്നതിന്റെ പശ്ചാത്തലത്തിൽ സംവരണ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. സ്വകാര്യ മേഖലയിൽ കൂടുതൽ ജോലികൾ ഉറപ്പാക്കിക്കൊണ്ട് മാത്രമേ സാമൂഹിക ചലനാത്മകത ഉറപ്പുവരുത്താനാവൂ. ഇതിനു തീവ്രമായ നൈപുണി പരിശീലനവും തൊഴിൽ തയ്യാറെടുപ്പ് സഹായങ്ങളും അനിവാര്യമാണ്. വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി ഇതിനായി പ്രത്യേക സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഡിപ്പാർട്മെന്റുമായി സഹകരിച്ചുകൊണ്ട് അവ ഫലപ്രദമായി നടപ്പാക്കണം. 20 ലക്ഷം സ്ത്രീകൾക്ക് പ്രാദേശിക തൊഴിലസരങ്ങൾ ലഭ്യമാക്കുവാനുള്ള സ്കീമിൽ ദളിത് വിഭാഗത്തിന് പ്രത്യേക പരിഗണന നൽകണം. സ്വകാര്യമേഖലയിലും തൊഴിൽ സംവരണം ഏർപ്പെടുത്തണം.

13. **ആരോഗ്യ പരിരക്ഷ:** സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ ദളിത് കുടുംബങ്ങളെയും ബി.പി.എൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

14. **പ്രാദേശിക സർക്കാരുകൾ:** ദളിതർക്കായുള്ള പ്രത്യേകപദ്ധതികളെ കഴിഞ്ഞ ഒന്നര പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്രവിലയിരുത്തിലിന് വിധേയമാക്കി മാർഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കണം. SCSP ഫണ്ടുകളുടെ വിനിയോഗത്തിൽ വലിയ വീഴ്ചകൾ ഉണ്ടാവുന്നുണ്ട്. ഫണ്ട് ചിലവാകാതെ ലാപ്സ് ആവാൻ അനുവദിക്കുന്നു. യാന്ത്രികമായി പദ്ധതികൾ ഏറ്റെടുക്കുന്നു. കർമ്മ സമിതിയുടെയും മോണിറ്ററിങ് സമിതിയുടെയും പ്രവർത്തനങ്ങൾ ഫലപ്രദമല്ല എന്ന് തുടങ്ങിയ ദൗർബല്യങ്ങൾ പരിഹരിക്കണം. ഇതിനു ശക്തമായ ഇടപെടൽ സമുദായ അംഗങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാവണം.

15. ഒരു പ്രാദേശികസർക്കാർ പ്രദേശത്തെ മുഴുവൻ ദളിത് കുടുംബങ്ങളുടെയും ഒരു വിവരശേഖരം (database) അതത് സ്ഥാപനങ്ങളുടെ പക്കൽ ഉണ്ടാകണം. ഓരോ സർക്കാർ പദ്ധതികളെയും ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ദളിത് കുടുംബവുമായി ബന്ധിപ്പിക്കണം. ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു ഡാറ്റാ മാനേജ്മെന്റ് സെന്റർ സംവിധാനം പൊതുവിൽ ഉണ്ടാക്കാം. പഞ്ചായത്ത്/നഗരസഭയിലെ എസ്.സി പ്രൊമോട്ടർമാരെ ഈ വിവരശേഖരം തയ്യാറാക്കുന്നതിന്റേയും, കുടുംബങ്ങളിലേക്ക് വിവിധ സർക്കാർ പദ്ധതികളുടെ സേവനങ്ങൾ എത്തി

ക്കുന്നതിന്റേയും ചുമതല ഏൽപ്പിക്കാം. ദളിതർക്ക് സർക്കാർ സേവനങ്ങൾ ഫലപ്രദമായി എത്തിക്കുന്നതിനുള്ള സംവിധാനമാക്കി ഈ ഡാറ്റാ മാനേജ്മെൻറ് സെൻന്ററിനെ ഉപയോഗിക്കാം. ഓരോ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഓരോ ദളിത് കുടുംബങ്ങൾക്ക് ലഭിക്കുമ്പോഴും അതിന്റെ വിവരങ്ങൾ പുതുക്കിക്കൊണ്ടിരിക്കണം. ഈ ചുമതല വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, എസ്.സി പ്രൊമോട്ടർ എന്നിവരെ ഏൽപ്പിക്കാം. വർഷത്തിൽ ഒരിക്കൽ ദളിത് വികസന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് ദളിത് കുടുംബങ്ങളുടെ പ്രത്യേക ഗ്രാമസഭകൾ പഞ്ചായത്ത്/ നഗരസഭ തലങ്ങളിൽ വിളിച്ചു ചേർത്ത് നടത്തണം. 500ൽ കൂടുതൽ കുടുംബങ്ങൾ വരുന്ന ഘട്ടത്തിൽ അത് പഞ്ചായത്ത്/നഗരസഭ പ്രദേശത്ത് വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ നടത്തണം.

## IV
## പട്ടിക വർഗ വികസനം - ഭാവി നിർദേശങ്ങൾ

ആദിവാസികളുടെ ഉന്നമനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഉപാധി പട്ടികവർഗ ഉപപദ്ധതിയാണ്. പട്ടികവർഗ വകുപ്പിന്റെ നേതൃത്വത്തിൽ തികച്ചും ബ്യൂറോക്രാറ്റിക് സംവിധാനത്തിലൂടെ നടപ്പാക്കിക്കൊണ്ടിരുന്ന ഈ ഉപപദ്ധതി നടത്തിപ്പിൽ അടിസ്ഥാനപരമായ പൊളിച്ചെഴുത്ത് കൊണ്ടുവന്നത് ജനകീയാസൂത്രണമാണ്. പട്ടികവർഗ വികസന ഫണ്ടിന്റെ ചെറിയഭാഗം ഡിപ്പാർട്ട്മെന്റ് നേരിട്ടു ചെലവഴിക്കുമ്പോൾ ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജനസംഖ്യാടിസ്ഥാനത്തിൽ താഴേക്ക് നൽകും. ഇത്തരത്തിൽ താഴേക്ക് വികസന ഫണ്ട് വികേന്ദ്രീകരിക്കുമ്പോൾ പട്ടികവർഗക്കാർക്ക് കൂടുതൽ ഫലപ്രദമായി വികസന തീരുമാനങ്ങളിലും നടത്തിപ്പിലും പങ്കാളികളാകുന്നതിനു സാധിക്കും.

എന്നാൽ ജനകീയാസൂത്രണത്തിന്റെ ആദ്യവർഷങ്ങളിൽ പട്ടികവർഗ ഉപപദ്ധതിയുടെ നടത്തിപ്പ് വേണ്ടത്ര വിജയപ്രദമായില്ല. പട്ടികവർഗക്കാരുടെ പങ്കാളിത്തം കേവലം ഔപചാരികമായിരുന്നു. ഈ ദൗർബല്യം പരിഹരിക്കുന്നതിനുവേണ്ടി പദ്ധതി സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാനുള്ള അവകാശം ഊരുകൂട്ടങ്ങൾക്കു നൽകി. ഊരുകൂട്ടങ്ങളെ ഫലപ്രദമാക്കുന്നതിനു വേണ്ടി അഭ്യസ്തവിദ്യരായ യുവതിയുവാക്കളിൽ ഒരാളെ ഓരോ ഊരിലും ഫെസിലിറ്റേറ്ററായി നിയോഗിച്ചു. ഇവർക്കു പ്രത്യേകം പരിശീലനവും നൽകി. ഇത് പദ്ധതി പ്രവർത്തനം കുറച്ചൊക്കെ മെച്ചപ്പെടുത്തിയെങ്കിലും ഫെസിലിറ്റേറ്റർമാർ ക്രമേണ ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ഭാഗമായി.

ആദിവാസിമേഖലയിൽ ഇന്നും നിലനിൽക്കുന്ന ഗുരുതരമായ അവസ്ഥാവിശേഷം ഒരർഥത്തിൽ വികേന്ദ്രീകരണത്തിന്റെ കൂടി ദൗർബല്യത്തിന്റെ പ്രതിഫലനമാണ്. ഇതിനു പ്രതിവിധി അധികാരവികേന്ദ്രീകരണത്തിലെ ദൗർബല്യങ്ങൾ പരിഹരിച്ച് ആദിവാസികളുടെ യഥാർത്ഥ പങ്കാളിത്തം ഉറപ്പുവരുത്തൽ മാത്രമാണ്. ഇതിനുവേണ്ടി ആദിവാസി സംഘടനകൾക്കും ആദിവാസിക്ഷേമത്തിൽ തൽപരരായവർക്കും പ്രാദേശികമായി ഇടപെട്ടു പ്രവർത്തിക്കാനുള്ള ജനാധിപത്യ ഇടം അധികാരവികേന്ദ്രീകരണം ഉറപ്പുനൽകുന്നുണ്ട്. ഇതു വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് ഇന്നത്തെ ദുരവസ്ഥയ്ക്കൊരു കാരണം.

1. **അടിസ്ഥാനസൗകര്യങ്ങൾ:** നാലോ അഞ്ചോ ആദിവാസി ഉന്നതികളെ പൊതുവിൽ പുറത്തേക്ക് ബന്ധിപ്പിക്കുന്ന തരത്തിലുള്ള റോഡ് സംവിധാനങ്ങൾ വനപ്രദേശത്തെ പരിസ്ഥിതിയെ ബാധിക്കാതെ നിർമ്മിക്കണം. വനമേഖലയ്ക്ക് പുറത്തുള്ള ഉന്നതികളുടെ കാര്യത്തിൽ ഒരേ പ്രദേശത്തുവരുന്ന ഉന്നതികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഗതാഗത സംവിധാനവും അവയെ പുറത്തേക്ക് ബന്ധിപ്പിക്കുന്ന റോഡ് സംവിധാനവും ഉണ്ടാകണം. റോഡ് നിർമ്മാണം സാധ്യമല്ലാത്ത വനമേഖലകളിൽ സ്ഥിരമായ നടപ്പാതകൾ ഉണ്ടാക്കണം. കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് പ്രാദേശിക ജല വിതരണ പദ്ധതികൾക്കൊപ്പം മഴവെള്ള സംഭരണികളുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തണം.
2. ഒറ്റപ്പെട്ടുകിടക്കുന്ന മുഴുവൻ ആദിവാസി ഉന്നതികളിലും സോളാർ സംവിധാനം ഉപയോഗിച്ചുള്ള ഗാർഹിക വൈദ്യുതീകരണ പദ്ധതി നടപ്പാക്കാം. നിലവിലുള്ള സോളാർ സംവിധാനത്തിനൊപ്പം നിലവിലെ വൈദ്യുതീകരണ സംവിധാനവും ഉപയോഗിക്കാം.
3. അട്ടപ്പാടിയിലെ അഹാഡ്സ് മാതൃകയിൽ ഭവന നിർമ്മാണമാണ് അഭികാമ്യം. ഓരോ വീട്ടിലും സ്ഥിരതാമസക്കാരായ അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായ വലുപ്പത്തിൽ വീടുകൾ നിർമ്മിക്കണം. ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള ആദിവാസി കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പുവരുത്താൻ പ്രത്യേക നടപടി സ്വീകരിക്കണം.
4. ഭൂമി: ആദിവാസികളുടെ സമഗ്ര വികസനത്തിന് ഭൂപ്രശ്നം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും രണ്ടേക്കർ ഭൂമിയെങ്കിലും പതിച്ചു നൽകണം. വനാവകാശ നിയമം കർശനമായി നടപ്പാക്കണം. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ആദിവാസികൾക്ക് ഭൂമി ഉറപ്പുവരുത്തുന്നതിന് ഉപയോഗപ്പെടുത്താം. ഇതോടൊപ്പം 2005 ലെ വനാവകാശ നിയമം കേരളത്തിൽ ശാസ്ത്രീയമായി നടപ്പാക്കണം. ആദിവാസികൾ പരമ്പരാഗതമായി കൃഷി ചെയ്തുവരുന്നതും അവരുടെ കൈവശത്തിലുള്ളതുമായ ഭൂമി സാമൂഹ്യമായ തെളിവെടുപ്പ് നടത്തി ഉറപ്പുവരുത്തി അവർക്ക് പതിച്ചു നൽകണം.
5. ജലസേചന സൗകര്യമുള്ളതും ഫലഭൂയിഷ്ഠമായതുമായ ആദിവാസി ഭൂമി പലപ്പോഴും കയ്യേറ്റക്കാരുടെ കൈകളിൽ എത്തുന്നു. ജലസേചന സൗകര്യങ്ങൾ ലഭ്യമല്ലാത്ത മലയോരങ്ങളിലാണ് ആദിവാസി ഭൂമി അവരുടെ കൈയിൽ അവശേ

ഷിക്കുന്നത്. നിയമവിരുദ്ധമായി കൈവശംവച്ചി രിക്കുന്ന ആദിവാസി ഭൂമി തിരിച്ചുപിടിക്കണം. ഇതോടൊപ്പം ആദിവാസികളുടെ നിലവിലുള്ള ഭൂമിയിൽ ജലസേചന സൗകര്യം എത്തിക്കുന്ന തിന് ഫലപ്രദമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പട്ടിക വർഗ ഉപപദ്ധതിയിലൂടെ നടപ്പാക്കണം.

6. പട്ടികവർഗ മേഖലയിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഊരുമൂപ്പന്റേയോ ഊരിലെ മുതിർന്ന അംഗത്തിന്റേയോ പേരിലാണ് സാധാരണയായി കണ്ടുവരുന്നത്. വ്യക്തിഗത/കുടുംബ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഇത് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യം മറികടക്കുന്നതിനും പരിഹരിക്കുന്നതിനും ഭൂമിയുടെ അവകാശം ഓരോ കുടുംബത്തിന്റെയും ഉടമസ്ഥാവകാശത്തിലേക്ക് മാറ്റി നൽകേണ്ടതുണ്ട്. ഭൂരഹിതരായ എല്ലാ പട്ടിക വർഗ വിഭാഗക്കാർക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 2031-ഓടെ ഭൂരഹിതരായ പട്ടികവർഗക്കാർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റി തീർക്കുകയും ചെയ്യണം. കൂടാതെ പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്ക് ഏറെ ഗുണകരമായ പദ്ധതിയായ വീടുകളുടെ പുനരുദ്ധാരണത്തിനായുള്ള 'സേഫ് പദ്ധതി' വിപുലീകരിച്ച് കൂടുതൽ ഗുണഭോക്താക്കളിലേക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കേണ്ടതുണ്ട്.

7. **കൃഷി:** ആദിവാസികളുടെ ഊരുകളിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് അവിടെ കൃഷി ചെയ്യുന്നതിനും സ്വാശ്രയമായ ഭക്ഷ്യ ഉൽപാദനത്തിനും ഉതകുന്ന പദ്ധതികൾ നടപ്പാക്കിയാണ് ഭക്ഷ്യ സുരക്ഷയും പോഷകാഹാര ലഭ്യതയും ദീർഘകാലത്തേക്ക് ഉറപ്പാക്കേണ്ടത്. ഇതിനായി അവരുടെ കൃഷിയിടങ്ങളിൽ ദീർഘകാലത്തേക്ക് പോഷകാഹാരം ലഭ്യമാക്കുന്ന പഴവർഗങ്ങൾ, കായിനങ്ങൾ, ഇലക്കറികൾ എന്നിവ വച്ചുപിടിപ്പിക്കുക, വാർഷിക കൃഷിയുടെ ഭാഗമായി പയറിനങ്ങൾ, തുവര, മുതലായവയും റാഗിപോലുള്ളവയും കൃഷി ചെയ്യാൻ സഹായങ്ങൾ നൽകുക, കോഴിവളർത്തൽ, പശുവളർത്തൽ, പാൽ, മുട്ട ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് അവസരം ഉണ്ടാകണം.

8. **തൊഴിൽ:** ആദിവാസികളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികൾ ആയതനാൽ തൊഴിൽ ശേഷിയും കാര്യക്ഷമതയും വർധിപ്പിച്ച് വിലപേശൽ ശേഷി ഉയർത്താനുള്ള സംഘടിത പ്രവർത്തനങ്ങൾ ഉണ്ടാകണം. ആദിവാസി യുവതീ-യുവാക്കളുടെ തൊഴിൽ സേനകൾ രൂപീകരിച്ച് ചെറുകിട കാർഷിക യന്ത്രവൽക്കരണത്തിൽ അവർക്ക് പരിശീലനം നൽകണം.

9. കാർഷിക മേഖലയ്ക്ക് പുറത്ത് ആദിവാസി-യുവതീ യുവാക്കളുടെ തൊഴിൽ വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതികൾ ഉണ്ടാകണം. വിവിധ കാരണങ്ങളാൽ പഠനം നിർത്തുന്ന ആദിവാസി കുട്ടികൾക്ക് പ്രത്യേക പരിശീലനത്തിലൂടെയും താമസ സൗകര്യം നൽകിയും പഠനം പൂർത്തിയാക്കുന്നതിനുള്ള സാമൂഹിക സഹായകേന്ദ്രങ്ങൾ (Community facilitation centres) ഉണ്ടാക്കാം. ഇതോടൊപ്പം പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന ആദിവാസി യുവതീ- യുവാക്കളെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കാവുന്ന തരത്തിൽ ആശയ വിനിമയം, തൊഴിൽ ശേഷി, ആത്മവിശ്വാസം എന്നിവ വർധിപ്പിക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ ഉൾപ്പെട്ട 2-3 മാസത്തെ 'ബാക്ക് ടു ക്യാമ്പസ്' പരിപാടികൾ സംഘടിപ്പിക്കണം.

10. അവരുടെ പരമ്പരാഗത തൊഴിൽ മേഖല എന്ന നിലയിൽ വനമേഖലയിൽ നിന്ന് ശേഖരിക്കുന്ന വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സംസ്കരണ-വിപണനകേന്ദ്രങ്ങൾ ആദിവാസി ജനസാന്ദ്രത കൂടിയ വനമേഖലകൾ കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്യാം.

11. സ്കൂളുകളിൽ പഠിക്കുന്ന ഘട്ടങ്ങളിൽ തന്നെ ആദിവാസി കുട്ടികൾക്ക് തുടർ പഠന സാധ്യതകളെക്കുറിച്ചും തൊഴിൽ സാധ്യതകളെക്കുറിച്ചും അറിവു നൽകുന്നതിനും വിവിധ വിഷയങ്ങളിലെ അവരുടെ ശേഷികൾ തിരിച്ചറിഞ്ഞ് വികസിപ്പിക്കുന്നതിനുമുള്ള പ്രത്യേക കോഴ്സുകൾ റസിഡൻഷ്യൽ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്താം. കോഴിക്കോട് കേന്ദ്രീകരിച്ചുള്ള പരിശീലന സ്ഥാപനമായ 'ക്രസ്റ്റ്' (CREST - Centre for Research and Education in Social Transformation) നടത്തുന്ന മാതൃക ഇക്കാര്യത്തിൽ അവലംബിക്കാം. ഇതോടൊപ്പം ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് സർക്കാർ പരീക്ഷകൾക്കും മത്സരപരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ സാമൂഹിക സഹായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വിവിധ മേഖലകളിലേക്കുള്ള അവരുടെ പ്രവേശനം വലിയതോതിൽ വർധിപ്പിക്കാം.

12. വിദ്യാഭ്യാസം: റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ എന്നിവയുടെ കുറവും കുട്ടികൾക്ക് ആനുപാതികമായി റസിഡൻറ് ട്യൂട്ടർമാർ ഇല്ലാത്ത അവസ്ഥയും അവരുടെ പഠനപ്രക്രിയയെ ബാധിക്കുന്നു. പ്രീമെട്രിക്- പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. റസിഡന്റ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യത്തെ അന്തർദേശീയ തലത്തിലേക്ക് ഉയർത്താനുള്ള നടപടികൾ കൈക്കൊള്ളണം.

13. ആദിവാസി കുട്ടികൾ സ്കൂളിലേക്ക് വരുമ്പോൾ അവരുടെ തനതു ഭാഷയിൽ നിന്ന് ഏറെ വ്യത്യസ്തമായ പഠനഭാഷയും മാധ്യമവും അവരുടെ പ്രാഥമിക പഠനാനുഭവങ്ങൾ ആർജിക്കാനുള്ള ശേഷികളെ പരിമിതപ്പെടുത്തുന്നു. പ്രാഥമിക ഘട്ടത്തിൽ പഠനാനുഭവങ്ങൾ ലഭിക്കാവുന്ന തരത്തിൽ അവരുടെ ആശയ വിനിമയ ഭാഷയിൽ രൂപപ്പെടുത്തിയ പഠനസാമഗ്രികൾ തയ്യാറാക്കി അധ്യയനം

നടത്തുന്നതിനും ക്രമാനുഗതമായി അവരെ പൊതുധാരയിലേക്ക് എത്തിക്കുന്നതിനും നടപടികൾ എടുക്കണം.

14. സ്കൂളുകളിൽ കുട്ടികളുടെ വ്യക്തിത്വ വികസനം, ആശയവിനിമയശേഷി വർധിപ്പിക്കൽ, കലാ-കായിക ശേഷികൾ വികസിപ്പിക്കൽ എന്നിവക്കായുള്ള പ്രത്യേക പരിശീലനങ്ങൾ നൽകണം. നിലവിലുള്ള പ്രത്യേക റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കണം.
15. മോശമായ ഗൃഹാന്തരീക്ഷവും അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും കുട്ടികളുടെ പഠനപ്രക്രിയയെ ബാധിക്കുന്നു. വീടുകളിൽ നിന്ന് വന്ന് പഠിച്ചുപോകുന്ന കുട്ടികൾ കൂടുതലുള്ള ഉന്നതികൾ കേന്ദ്രീകരിച്ച് പഠനവീട് സമ്പ്രദായം വ്യാപകമാക്കണം. ഓരോ ഉന്നതിക്കും വിദ്യാഭ്യാസത്തിൽ പരിശീലനം നേടിയ ഒരു ഫെസിലിറ്റേറെ മാന്യമായ വേതനം നൽകി നിയമിക്കണം.
16. ആദിവാസി കുട്ടികളുടെ പഠന ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും കാലാനുസൃതമായി വർധിപ്പിക്കണം.
17. ഉന്നതികളിൽ നിന്ന് പൊതുവിദ്യാലയങ്ങളിൽ വന്നു പോകുന്നതിനുള്ള യാത്ര സൗകര്യങ്ങളുടെ അഭാവം പഠനത്തെ ബാധിക്കുന്നു. പൊതുവിദ്യാലയങ്ങളിലേക്ക് ഊരുകളിൽ നിന്ന് വാഹനസൗകര്യം ഉണ്ടായിരിക്കണം.
18. ആദിവാസി ഉന്നതികളിൽ അവരുടെ പൊതുവായ യോഗങ്ങൾ, കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് സഹായകമാകാവുന്ന സാമൂഹിക വികസന കേന്ദ്രങ്ങൾ (Community Development Centre) നിർമ്മിക്കുന്നതും അവയോട് അനുബന്ധമായി ലൈബ്രറി, റീഡിങ്റൂം എന്നിവ ആരംഭിക്കുന്നതും ഗുണകരമാണ്.
19. **ആരോഗ്യം:** സ്കൂളുകളിൽ ഏറ്റവും മികച്ച പോഷകാഹാരം കൃത്യമായ ചേരുവയുടെ അടിസ്ഥാനത്തിൽ സുതാര്യമായി നൽകുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. മാസത്തിൽ ഒരിക്കൽ ആദിവാസി ഉന്നതികളിൽ മെഡിക്കൽ സംഘം സന്ദർശിച്ച് പരിശോധന നടത്തണം. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ എന്നിവരുടെ രക്ത പരിശോധന മുന്നുമാസത്തിലൊരിക്കൽ നടത്തി ഹീമോഗ്ലോബിൻ നിരക്ക്, മറ്റ് അടിസ്ഥാന സൂചകങ്ങൾ എന്നിവ വിലയിരുത്തണം.
20. ആദിവാസി ഉന്നതികൾ ഉള്ള പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കണം. അത്യാവശ്യ ഘട്ടങ്ങളിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഒരുക്കണം. പരിശോധന ലാബുകൾ ഒരുക്കണം. ഈ സ്ഥലങ്ങളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കണം.
21. നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ അരിക്കൊപ്പം ഭക്ഷ്യ എണ്ണ, പയറുവർഗങ്ങൾ, റാഗി, തുവര മുതലായ ഭക്ഷ്യ ഇനങ്ങൾ എന്നിവ ഉൾപ്പെടുത്തിയ കിറ്റുകൾ റേഷൻ കടകളിലൂടെ നൽകണം. ആവശ്യമെങ്കിൽ പോഷക ഭക്ഷണം വീടുകളിലെത്തിക്കണം.
22. **ഭരണപരമായ മാറ്റങ്ങൾ:** ആദിവാസി ഊരു കൂട്ടങ്ങൾക്ക് കൂടുതൽ അധികാരം നൽകണം. ഉന്നതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ തീരുമാനം ത്രിതല പഞ്ചായത്തുകൾ അംഗീകരിക്കുക എന്നത് ബാധ്യസ്ഥമാക്കണം. അതാത് ഉന്നതിയിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും സാമൂഹിക തെളിവെടുപ്പ് നടത്തുന്നതിനും ഊരുകൂട്ടങ്ങൾക്ക് അധികാരം ഉണ്ടാകണം. ഊരുകൂട്ടങ്ങൾക്ക് ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന ഒരു നിർവാഹകസമിതി ഉണ്ടാകണം. അങ്ങനെ ഗ്രാമപഞ്ചായത്തിലെ എല്ലാ ഉന്നതികളുടെയും നിർവാഹക സമിതി അംഗങ്ങൾ ചേർന്നതാകണം പഞ്ചായത്തുതല ഗ്രാമസഭ. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് വികസന പദ്ധതികളുടെ മുൻഗണന നിശ്ചയിക്കാൻ ഈ ഗ്രാമസഭയുടെ തീരുമാനങ്ങൾ നടപ്പാക്കാൻ പഞ്ചായത്ത് ഭരണസമിതികൾ ബാധ്യസ്ഥമാകണം.
23. ആദിവാസിമേഖലകളിലെ പ്രാദേശികസർക്കാരുകൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വൈദഗ്ധ്യത്തിന് പരിമിതികൾ ഉണ്ട്. ഇത് മറികടക്കാൻ പ്രദേശത്തെ അക്കാദമിക സ്ഥാപനങ്ങൾ, കോളേജ് ഡിപ്പാർട്ട്മെൻറുകൾ എന്നിവയെ സഹായക സംവിധാനമാക്കാം. ആദിവാസി പഞ്ചായത്തുകളിൽ പദ്ധതി ആസൂത്രണത്തിൽ പരിശീലനം ലഭിച്ച സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ പശ്ചാത്തലമുള്ള വികസന ആസൂത്രണ ഫെസിലിറ്റേറ്റർമാരെ (Development Planning Facilitation) നിയമിക്കണം.
24. സംസ്ഥാനത്തെ ആദിവാസി സ്ഥിതി സംബന്ധിച്ച് ഒരു സ്ഥിതിവിവര റിപ്പോർട്ട് ഓരോ വർഷവും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കണം. പദ്ധതി ചെലവുകളും ഭൗതികനേട്ടങ്ങളും ദൗർബല്യങ്ങളും ഈ റിപ്പോർട്ടുകളിൽ വിശകലനം ചെയ്യണം. ബ്ലോക്കുകൾ തിരിച്ചുള്ള കണക്കുകളും ഇതിൽ ലഭ്യമാക്കണം. ഈ റിപ്പോർട്ട് ആദിവാസി സംഘടനകൾ, സിവിൽ സമൂഹ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ആദിവാസി ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ജനസഭ വിളിച്ചു ചേർത്ത് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. ഈ സഭ നിർദേശിക്കുന്ന തുടർ നടപടികൾ കൈക്കൊള്ളണം.

# 13

# കേരളത്തിലെ തൊഴിൽബന്ധങ്ങളും വ്യാവസായികപുരോഗതിയും

ഉൽപാദനപ്രക്രിയയുടെ ഭാഗമായി ഭരണകൂടം, മൂലധനം, തൊഴിലാളികൾ എന്നിവർക്കിടയിൽ രൂപപ്പെടുന്നതാണ് വ്യാവസായിക ബന്ധങ്ങൾ. മൂലധനത്തിന്റെ സ്വഭാവം, വ്യവാസികഘടന, തൊഴിലാളികളുടെ വൈദഗ്ധ്യം, സാങ്കേതികവിദ്യ, തൊഴിലെടുക്കുന്നവരോടുള്ള സർക്കാരിന്റെ സമീപനം എന്നിവയ്ക്കനുസരിച്ച് വ്യാവസായിക ബന്ധങ്ങളിലും മാറ്റങ്ങളുണ്ടാകും. മൂലധന ഉടമകളുടെ ആവശ്യങ്ങൾ നിയമ നിർമ്മാണത്തിലൂടെയും സർക്കാരുകൾ നിറവേറ്റിക്കൊടുന്നു. നിയമങ്ങൾ കൊണ്ടുവരുന്നതോടൊപ്പം മൂലധന താൽപര്യ സംരക്ഷണത്തിനായി ഭരണകൂടത്തിന്റെ അധീനതയിലുള്ള പോലീസ്, ഉദ്യോഗസ്ഥർ, ഭരണകൂടത്തിന്റെ അധീനതയിലുള്ള മറ്റ് അധികാര സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടുകൂടി നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. ഓരോ കാലഘട്ടത്തിലും ദേശീയവും അന്തർദേശീയവുമായ മൂലധനത്തിന്റെ ഉടമകൾ ആവശ്യപ്പെടുന്ന പ്രകാരം സർക്കാരുകൾ നിയമങ്ങൾ നിർമ്മിച്ച് നടപ്പിലാക്കുന്നു. 2025 നവംബറിൽ കേന്ദ്ര സർക്കാർ നടപ്പിൽ വരുത്തിയ നാലു ലേബർ കോഡുകളെയും മുകളിൽ സൂചിപ്പിച്ച പശ്ചാത്തലത്തിൽ വേണം വിലയിരുത്തുവാൻ.

അതോടൊപ്പം കേരളത്തിന്റെ അനുഭവം കാണിക്കുന്നത് തൊഴിലാളിവർഗത്തിനു സ്വാധീനമുള്ള സംസ്ഥാന സർക്കാരുകളാണെങ്കിൽ, ഫെഡറൽ സംവിധാനത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ, തൊഴിലാളികളുടെ താൽപര്യങ്ങൾ വലിയൊരു പരിധിവരെ സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കാനാകുമെന്നുള്ളതാണ്. എന്നാൽ പുതിയ ലേബർ കോഡുകൾ സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യത്തിനുമേൽ വലിയ തോതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നവയാണ്.

## കേരളത്തിലെ തൊഴിൽ ബന്ധങ്ങൾ- ചരിത്രത്തിലൂടെ

ഫ്യൂഡലിസത്തിന്റെ തകർച്ചയോടെ, പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ടാണ് തൊഴിലാളികളുടെ ആദ്യതലമുറ വളർന്നുവന്നത്. പിന്നീട് വളർന്നുവന്ന ആധുനിക വ്യവസായങ്ങളിലെ പിന്തുടർച്ചക്കാരാണ് സമകാലീന തൊഴിലാളികൾ. ആധുനിക സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയുള്ള തൊഴിലുകളിൽ ഏർപ്പെടുന്ന പുതിയ തലമുറയിലെ തൊഴിലാളികളുടെ എണ്ണം വർധിച്ചുവരുണ്ട്. ഇതോടൊപ്പം തന്നെ പരമ്പരാഗത വ്യവസായങ്ങളിലും കൈത്തൊഴിലുകളിലുമുള്ള തൊഴിലാളികൾ നിലനിൽക്കുന്നു മുണ്ട്.

### ആധുനിക തൊഴിലവർഗത്തിന്റെ ഉദ്ഭവവും പരിണാമവും

1797-ൽ കണ്ണൂർ ജില്ലയിലെ അഞ്ചരകണ്ടിയിൽ ആദ്യത്തെ വാണിജ്യ വിളത്തോട്ടം ആരംഭിച്ചു. കാർഷികമേഖലയുടെ തകർച്ച കാരണം, പ്രതിസന്ധിയിലായ ഗ്രാമീണരാണ്, തോട്ടങ്ങളിൽ തൊഴിലിനായി എത്തിയത്. കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ മേഖലകളിലും ഉപജീവനത്തിനായി തൊഴിലുകളിൽ ഏർപ്പെടാൻ ജനങ്ങൾ സന്നദ്ധരായി. ആയിരക്കണക്കിന് തൊഴിലാളികളാണ് പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടത്. ജീവിതം നിലനിർത്താൻ പോലും പര്യാപ്തമല്ലാത്തതായിരുന്നു കൂലിയായി ലഭിച്ചിരുന്നത്. സമയപരിധിയില്ലാതെ കുട്ടികളെ ജോലിക്ക് നിയോഗിക്കുമായിരുന്നു. ഇരുളടഞ്ഞതും, ശുദ്ധവായു സഞ്ചാരമില്ലാത്തതുമായ കെട്ടിടങ്ങളായിരുന്നു തൊഴിലാളികളുടെ താമസസ്ഥലം. മാലിന്യം കുമിഞ്ഞുകൂടി, ദുർഗന്ധം വമിക്കുന്ന സാഹചര്യമായിരുന്നു.

1928ൽ ഇന്ത്യ സന്ദർശിച്ച ‘പാർഷൽ’, ‘ഹാർഡ്വർത്ത്’ എന്നീ ബ്രിട്ടീഷ് ട്രേഡ് യൂണിയൻ നേതാക്കൾ ഇപ്രകാരം രേഖപ്പെടുത്തി “ഫലത്തിൽ അടിമകളെ പോലെയിരുന്ന തോട്ടം തൊഴിലാളികളാണ്, പരിഷ്കൃത ലോകത്തിലെ ഏറ്റവും അധഃകൃതരായ മനുഷ്യജീവികൾ; ലോകത്തെവിടെയും ആദ്യകാല തൊഴിലാളികൾ”. ദുരിതമയമായ സാഹചര്യങ്ങളിൽ തൊഴിലാളികൾ ഉയർത്തിയ പ്രതിഷേധങ്ങൾ മുതലാളിമാർ ഒട്ടും പരിഗണിച്ചില്ല. ചില മനുഷ്യസ്നേഹികൾ തൊഴിലാളികളുടെ ദുരിതജീവിതം കണ്ട് അവരെ സഹായിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അത് തികച്ചും മനുഷ്യ സ്നേഹപരമായിരുന്നു. ജി.പി. വാഡിയ, വി. ശിങ്കാരവേലു ചെട്ടിയാർ എന്നിവരുടെ നേതൃത്വത്തിൽ, 1918-ൽ ‘മദിരാശി ലേബർ യൂണിയൻ’ രൂപീകരിച്ചു. ഇത്തരം

സംഘാടനത്തിന്റെ സ്വാധീനം കേരളത്തിലേക്കും വ്യാപിച്ചു.

മലബാറിൽ കോമൺവെൽത്ത് ഓട്ടു കമ്പനി (ഫറോക്ക്) യിലും, കോഴിക്കോട്, കണ്ണൂർ എന്നിവിട ങ്ങളിലെ നെയ്ത്ത് കമ്പനികളിലും തൊഴിലാളി സംഘ ടനകൾ രൂപീകരിക്കപ്പെട്ടു. കേരളത്തിലെ ആദ്യകാല തൊഴിലാളികളുടെ അവസ്ഥയെപ്പറ്റി 'കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യനാളുകൾ' എന്ന കൃതിയിൽ എൻ.ഇ. ബാലറാം രേഖപ്പെടുത്തിയത് ഇപ്രകാരമാണ്. "തൊഴിലാളികളുടെ ജീവിതം ആദ്യ കാലങ്ങളിൽ പരമദയനീയമായിരുന്നു. മുതലാളിമാർ അടിമകളെപ്പോലെയാണ് അവരോട് പെരുമാറിയിരു ന്നത്. മുതലാളിമാർ ചൂഷണം ചെയ്യാൻ ജാതിയെയും മതത്തെയും, നാടുവാഴിത്ത ആചാരങ്ങളെയും സർക്കാരിനെയും ഉപയോഗിച്ചു. തൊഴിൽ നിയമങ്ങൾ ഒന്നും അക്കാലത്ത് ഉണ്ടായിരുന്നില്ല. തോട്ടങ്ങളിൽ മലമ്പനി, മലേറിയ തുടങ്ങിയ പകർച്ചവ്യാധികൾ പിടിപെട്ട് അനേകം തൊഴിലാളികൾ മരണപെട്ടു. ചികിത്സാ സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. കാലങ്ങ ളായി തൊഴുത്തിനെക്കാൾ മോശമായ പാടികളിലും, കൂരകളിലുമാണ് അവർ കഴിഞ്ഞു കൂടിയത്."

### മാറുന്ന കേരളം

1956 നവംബർ 1-ന് കേരള സംസ്ഥാനം രൂപംകൊണ്ടു. 1958 ഒക്ടോബറിൽ സംസ്ഥാന അടിസ്ഥാനത്തിലു ള്ള ഒരു ട്രേഡ് യൂണിയൻ 'കേരള സംസ്ഥാന ട്രേഡ് യൂണിയൻ കൗൺസിൽ' സ്ഥാപിതമായി. സാവകാ ശത്തിൽ തൊഴിലാളികൾ സംഘടിക്കുകയും, സമര ങ്ങളിൽ ഏർപ്പെടുകയും ചെയ്തു. 1957-ലെ ആദ്യത്തെ സംസ്ഥാന അസംബ്ലി തി രഞ്ഞെടുപ്പിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഒറ്റയ്ക്ക് ഭൂരിപക്ഷം നേടി സർക്കാർ രൂപീകരിച്ചു.

1957-ലെ ഇഎംഎസ് സർക്കാർ, സംസ്ഥാന ത്ത് പുതിയ തൊഴിൽ സംസ്കാരവും, തൊഴിലാളി സംരക്ഷണം മുൻനിർത്തി, കൈകൊണ്ട നയങ്ങളും, നിയമനിർമ്മാണങ്ങളും, സംസ്ഥാനത്തെ തൊഴിലാ ളികളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. ട്രേഡ് യൂണിയനുകൾ രൂപീകരിക്കാനും, സമരങ്ങൾ നടത്താനുമുള്ള അവകാശം തൊഴിലാളികൾക്ക് ലഭ്യമായി. ഇഎംഎസ് സർക്കാരിന്റെ തൊഴിൽ നയങ്ങൾ, അധ്വാനിക്കുന്നവർക്ക് സംരക്ഷണം എന്ന രാഷ്ട്രീയ കാഴ്ചപ്പാടിന്റെയും നയങ്ങളുടെയും അടിസ്ഥാ നത്തിലുള്ളവയായിരുന്നു. ജീവസന്ധാരണത്തിനുള്ള വേതനം എന്ന തത്വം സർക്കാർ ഉയർത്തിപ്പിടിച്ചു.

ഈ കാഴ്ചപാടിന്റെ അടിസ്ഥാനനത്തിലാണ് മിനിമം വേതനനിയമം നടപ്പിലാക്കിയത്. മിനിമം വേതനം നിർണയിക്കുന്ന വ്യവസ്ഥ വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ചു, ജോലിസമയം ക്ലിപ്തപ്പെടുത്തി, നിശ്ചിത മായ ക്ഷേമ പദ്ധതികൾ, കൂടുതൽ വ്യവസായങ്ങളെ തൊഴിൽ നിയമപരിധിയിൽ കൊണ്ടുവരൽ, പൊതു അവധി, പ്രസവാനുകൂല്യം നൽകൽ, തൊഴിൽ സുര ക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തി എന്നിവയെല്ലാമായിരുന്നു 1957-ലെ കമ്മ്യൂണിസ്റ്റ് പാർട്ടി സർക്കാരിന്റെ നയങ്ങൾ. ഇതിന് പുറമെ, തൊഴിലിടങ്ങളിൽ തൊഴിലാളികളുടെ മക്കൾക്കുള്ള സ്കൂൾ നിർബന്ധമാക്കി. സ്ത്രീ തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ പരിരക്ഷയ്ക്ക് വ്യവസ്ഥയുണ്ടാക്കി. ആഘോഷ- ഉത്സവ-അവധികൾ, തൊഴിലുടമകൾക്ക് കൂടി പങ്കാളിത്തമുള്ള തൊഴിലാളി ക്ഷേമ പദ്ധതി എന്നീ നിയമങ്ങളും അക്കാലത്ത് നടപ്പിൽ വരുത്തി. ട്രേഡ് യൂണിയനുകളുടെ അവകാശം സർക്കാർ അംഗീകരിച്ചു. ഇത് കേരളത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തിപ്പെടാൻ ഉതകി. കേരള ചരിത്രത്തിൽ തൊഴിലാളി സംരക്ഷണത്തിന്, ശക്തവും ശാസ്ത്രീയ വുമായ നയങ്ങളും നടപടികളും ആരംഭിച്ചത് 1957-ലെ സർക്കാർ മുതലാണ്. തുടർന്നുവന്ന ഇടതുപക്ഷ നേതൃത്വമുള്ള സർക്കാരുകളും ഇതേ നയം തുടർന്നു.

1977ലെ ദേശീയ അടിയന്തരാവസ്ഥക്കാലത്ത് തൊഴി ലാളികളോട് 'നാവടക്കൂ - പണിയെടുക്കൂ' എന്ന് പ്ര ഖ്യാപിച്ച ഇന്ദിരാഗാന്ധി സർക്കാർ തൊഴിലെടുക്കുന്ന സമൂഹത്തിന് കനത്ത ആഘാതം സൃഷ്ടിച്ചു. എന്നാൽ നേരത്തെ രൂപം കൊണ്ട തൊഴിലാളി പ്രസ്ഥാനങ്ങ ളുടെ കരുത്തുകൊണ്ട് ആ സാഹചര്യങ്ങളെ അതിജീ വിക്കാനായി.

കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ച യും, വികാസവും, മതനിരപേക്ഷ സംസ്കാരം വിക സിപ്പിച്ചു. കൂട്ടായ വിലപേശൽ സ്വാതന്ത്ര്യം ഉപയോ ഗിച്ചും, തൊഴിലാളി താൽപര്യം സംരക്ഷിക്കുന്ന നിയമങ്ങളിലൂടെയും, ഇടതുപക്ഷ സർക്കാരുകൾ ആവിഷ്കരിച്ച തൊഴിലാളി ക്ഷേമപദ്ധതികളുടെ നേട്ട ങ്ങളും, സംസ്ഥാനത്തിന്റെ പൊതുജീവിത നിലവാരം ഉയർത്തി. രാജ്യത്തിനാകെ മാതൃകയായതും., അന്താ രാഷ്ട്ര സമൂഹം അംഗീകരിച്ചതുമായ കേരള മോഡൽ വികസനത്തിൽ, തൊഴിലാളി മേഖലയുടെ സംരക്ഷ ണത്തിനായി കൈക്കൊണ്ട നയങ്ങളും തൊഴിലാളി വർഗത്തിന്റെ വർഗസംഘടനകളും വർഗസമരവും കൂട്ടായ വിലപേശലകളും വലിയ പങ്കുവഹിച്ചു എന്ന് ഉറപ്പിച്ചു പറയാൻ കഴിയും.

## II

## കേരളത്തിലെ തൊഴിൽ ബന്ധങ്ങൾ

### പരമ്പരാഗത വ്യവസായമേഖല

കേരളത്തിലെ വ്യാവസായികഘടന മാറിക്കൊണ്ടി രിക്കുകയാണ്. 1960-1970 കാലഘട്ടത്തിൽ പരമ്പ രാഗത വ്യവസങ്ങളായ നെയ്ത്ത്, കയർ, കശുവണ്ടി, ബീഡി, ഓട് തുടങ്ങിയ വ്യവസായങ്ങളിലായിരുന്നു വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാ ളികളിൽ ഭൂരിഭാഗവും ജോലിചെയ്തിരുന്നത്. വളരെ കുറഞ്ഞ മൂലധനമുടക്കും പ്രാദേശികമായി ശേഖ രിക്കുന്ന അസംസ്കൃതസാധങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കുന്ന പരമ്പരാഗത വ്യവസായങ്ങളുടെ ലാഭത്തോത് ആശ്രയിച്ചിരിക്കുന്നത് അധ്വാനശേഷി യുടെ കേവലമായ ചൂഷണത്തിലാണ്.

കാർഷികമേഖലയുടെ ഒരു തരത്തിലുള്ള വലിച്ചുനീട്ടലാണ് പരമ്പരാഗത വ്യവസായങ്ങൾ. പരമ്പരാഗത വ്യവസായത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും അവിദഗ്ദ തൊഴിലാളികളാണ്. ചില സാമ്പത്തിക ശാസ്ത്രജ്ഞർ ഇത്തരത്തിലുള്ള വ്യവസായങ്ങളെ പ്രോട്ടോ വ്യവസായങ്ങൾ എന്നും വിളിക്കാറുണ്ട്. തൊഴിൽ ദിനത്തിന്റെ ദൈർഘ്യം വർധിപ്പിച്ചും ദിവസക്കൂലി വെട്ടികുറച്ചുമാണ് പരമ്പരാഗത വ്യവസായങ്ങിൽ ലാഭം വർധിപ്പിച്ചിരുന്നത്. ഇതിനെതിരെ തൊഴിലാളികൾ സംഘടിക്കുന്നതും പ്രധിഷേധിക്കുന്നതും സ്വാഭാവികമാണ്. അതിനാൽ പരമ്പരാഗത വ്യവസായങ്ങൾ കൂടുതലായുള്ള പ്രദേശങ്ങളിൽ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് തൊഴിൽ സമരങ്ങൾ കൂടുതലായിരിക്കും.

ഒരു സംസ്ഥാനത്തിന്റെ വ്യാവസായിക ബന്ധങ്ങളെ പരിശോധിക്കുമ്പോൾ പരിഗണിക്കേണ്ട പ്രധാനപ്പെട്ട ഘടകങ്ങളാണ് ആ പ്രദേശത്തിന്റെ വ്യവസായികഘടനയും, സാമൂഹിക രാഷ്ട്രീയ സംഭവവികാസങ്ങളും. ഇവയെല്ലാം ഒരു പ്രദേശത്തെ തൊഴിൽ സമരങ്ങളെയും മറ്റുജനകീയ പ്രക്ഷോഭങ്ങളെയും സ്വാധീനിക്കാറുണ്ട്.

## കേരളത്തിലെ തൊഴിൽ തർക്കങ്ങൾ - ആദ്യഘട്ടം

കേരളത്തിന്റെ വ്യാവസായിക മേഖലയെക്കുറിച്ചുള്ള പഠനങ്ങളിലും വാർത്തകളിലും കേരളത്തെ തൊഴിൽ സമരങ്ങളുടെ നാടായി ചിത്രീകരിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ നടക്കാറുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ആഖ്യാനങ്ങൾക്ക് വസ്തുതകളുടെ അടിസ്ഥാനമുണ്ടോ എന്നകാര്യം പരിശോധിക്കേണ്ടതുണ്ട്.

ഒരു പ്രദേശത്തിന്റെ തൊഴിൽ സമരങ്ങളെയും വ്യാവസായിക അന്തരീക്ഷത്തെയും താരതമ്യം ചെയ്യുന്നതിന് ഉപയോഗിക്കുന്ന പ്രധാന മാനദണ്ഡങ്ങൾ ഒരു നിശ്ചിത കാലയളവിൽ (ഒരു വർഷത്തിൽ) റിപ്പോർട്ട് ചെയ്യപ്പെടുന്ന തൊഴിൽ സമരങ്ങളുടെ (ലേബർ സ്ട്രൈക്ക്) എണ്ണം, സമരത്തിൽ പങ്കെടുത്ത തൊഴിലാളികളുടെ എണ്ണം, സമരങ്ങൾ മൂലം നഷ്ട്ടമായ തൊഴിൽ ദിനങ്ങളുടെ എണ്ണം, വ്യവസായങ്ങളുടെ അടച്ചിടൽ (ഇൻഡസ്ട്രിയൽ ലോക്കോട്ട്), ഇവമൂലം നഷ്ട്ടമായ തൊഴിൽ ദിനങ്ങൾ, എന്നിവയാണ്. ഈ സ്ഥിതി വിവര കണക്കുകൾ പ്രസിദ്ധീകരിക്കുന്നത് സിംല ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്ത്യൻ ലേബർ ബ്യൂറോയാണ്. 2021-ലെ കണക്കുകളാണ് ഇന്ത്യൻ ലേബർ സ്റ്റാറ്റിസ്റ്റിക്സ് അവസാനമായി പ്രസിദ്ധീകരിച്ചിരിച്ചത്.

കേരളത്തിന്റെ പ്രത്യേകത ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ താരതമ്യേന അസംഘടിതമായിരിക്കുന്ന ചെറുകിട മേഖലയിലേക്കുപോലും ട്രേഡ് യൂണിയൻ പ്രസ്ഥാനം വ്യാപിച്ചുവെന്നുള്ളതാണ്. തീഷ്ണമായ ഏറ്റുമുട്ടലുകൾക്കും സമരങ്ങൾക്കും ഈ വ്യാപനം വേദിയായി. കേരളത്തിലെ തൊഴിൽസേനയുടെ 8-10 ശതമാനം ട്രേഡ് യൂണിയനുകളിൽ സംഘടിതരാണ്. ഇന്ത്യയിൽ ഈ തോത് 2-3 ശതമാനം മാത്രമാണ്. ട്രേഡ് യൂണിയൻ പ്രസ്ഥാനം ദ്രുതഗതിയിൽ വളർന്നുകൊണ്ടിരുന്ന കാലത്ത് സമരങ്ങളുടെ എണ്ണവും നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണവും ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്നതായിരുന്നു.

സ്വതന്ത്ര ഇന്ത്യയിലെ സമരങ്ങളുടെ ചരിത്രം പരിശോധിച്ചാൽ 1961 മുതൽ 1979-80 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പൊതുവെ സമരങ്ങൾ കൂടുതലായിരുന്നു. 1960 കളിലെ രണ്ട് യുദ്ധങ്ങൾ, 1966-67 ലെ കൊടിയ വരൾച്ച, തൊഴിലില്ലായ്മയും വിലക്കയറ്റവും, സാമ്പത്തികമാന്ദ്യം, രൂക്ഷമായ ദാരിദ്ര്യം, പഞ്ചവത്സര പദ്ധതികൾ നിർത്തിവച്ച് വാർഷിക പദ്ധതികളിലേക്ക് കേന്ദ്ര സർക്കാരിന് മാറേണ്ടിവന്ന സാഹചര്യം എന്നിവ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഏറിയും കുറഞ്ഞും വിദ്യാർഥിപ്രക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള സമരങ്ങളിലേക്ക് ജനങ്ങളെ തള്ളിവിട്ടു.

1960 കളുടെ തുടക്കം മുതൽ 1970-കളുടെ പകുതിവരെ (1975 വരെ) ഇന്ത്യയിൽ തൊഴിൽ സമരങ്ങൾ വളരെ കൂടുതലായിരുന്നു. അടിയന്തരാവസ്ഥ പിൻവലിച്ചതിന് ശേഷം വീണ്ടും സമരങ്ങൾ കൂട്ടിയെങ്കിലും 1980 കളോടുകൂടി ഇന്ത്യയിൽ സമരങ്ങൾ ഗണ്യമായി കുറയുവാൻ തുടങ്ങി. 1963-ൽ ഇന്ത്യയിലെ സംഘടിതമേഖലയിൽ പണിയെടുക്കുന്ന ഓരോ ഒരുലക്ഷം തൊഴിലാളികൾക്കും പതിനൊന്നു സമരങ്ങൾ വീതമാണ് റിപ്പോർട്ട് ചെയ്യത്. 1973-ൽ ഇത് 17 ആയി ഉയർന്നു. എന്നാൽ 1985-ൽ ഏഴായി സമരങ്ങളുടെ എണ്ണം കുറഞ്ഞു. ഇതേ കാലഘട്ടത്തിൽ കേരളത്തിലും സമരങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി.

ഇന്ത്യയിൽ സമരങ്ങൾ കൂടി നിന്നിരുന്ന 1960-1970 കാലഘട്ടത്തിൽ മറ്റ് സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും സമരങ്ങളും അതുമൂലം ഉണ്ടാകുന്ന തൊഴിൽ ദിനങ്ങളുടെ നഷ്ടം എന്നിവ കൂടുതലായിരുന്നു. അതിനുള്ള കാരണങ്ങളും നേരത്തെ സൂചിപ്പിച്ചുവല്ലോ. എന്നാൽ ട്രേഡ് യൂണിയനുകളെ വ്യവസ്ഥാപിതമായി തൊഴിലുടമകൾ അംഗീകരിക്കുകയും ക്ഷേമനിധി പോലുള്ള സർക്കാർ ഇടപെടലുകൾ ശക്തിപ്പെടുകയും ചെയ്യതോടെ കേരളത്തിലെ തൊഴിൽ തർക്കങ്ങളും കുറഞ്ഞു. ദേശീയ ശരാശരിയെക്കാൾ താഴ്ന്ന നിലയിലായി.

## കേരളത്തിലെ തൊഴിൽ തർക്കങ്ങൾ - രണ്ടാം ഘട്ടം

1969-78 കാലഘട്ടത്തിൽ ഇന്ത്യയിൽ നടക്കുന്ന തൊഴിൽ സമരങ്ങളുടെ 9 ശതമാനം കേരളത്തിലായിരുന്നു എന്നത് യാഥാർഥ്യമാണ്. ഇന്ത്യയിലെ ആകെയുള്ള ഫാക്ടറിയിലെ തൊഴിലാളികളിൽ കേരളത്തിന്റെ വിഹിതം ഈ കാലഘട്ടത്തിൽ നാലു ശതമാനമായിരുന്നു. 1979-85 കാലഘട്ടത്തിൽ ഇന്ത്യയിലെ തൊഴിൽ സമരങ്ങൾ കുറഞ്ഞപ്പോൾ കേരളത്തിൽ തൊഴിൽ സമരങ്ങൾ മൂലം ഉണ്ടാകുന്ന തൊഴിൽ

ദിനങ്ങളുടെ നഷ്ടം 9 ശതമാനത്തിൽ നിന്നും 4.88 ശതമാനമായി കുറഞ്ഞു.

2020- ൽ ഇന്ത്യയിലെ എല്ലാ സംസ്ഥാങ്ങളിലും കൂടി ഉണ്ടായ ആകെയുള്ള വ്യാവസായിക തർക്കങ്ങൾ 55 എണ്ണമായിരുന്നു (48 തൊഴിൽ സമരങ്ങളും 7 വ്യവസായ അടച്ചുപൂട്ടലും). ഇതേ വർഷം തൊഴിൽ സമരങ്ങളും വ്യവസായ അടച്ചിടലും (industiral lockout) ചേർന്ന് കേരളത്തിലുണ്ടായത് ആകെ നാല് എണ്ണം മാത്രം. 1990- കളെ ആപേക്ഷിച്ച് കേരളത്തിൽ തൊഴിൽ സമരങ്ങളിൽ 95 ശതമാനത്തോളം കുറവ് വന്നിട്ടുണ്ട്.

ഇന്ത്യയിലെ വ്യവസായ തർക്കങ്ങളെ സംബന്ധിച്ച ഔദ്യോഗിക കണക്കുകൾ പ്രസിദ്ധീകരിക്കുന്ന ഇന്ത്യൻ ലേബർ ബ്യൂറോ സംസ്ഥാനങ്ങളിൽ നടന്ന സമരങ്ങളുടെയും വ്യവസായ അടച്ചുപൂട്ടലുകളുടെയും അവമൂലം ഉണ്ടാകുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണവും വേർതിരിച്ച് കൊടുത്തിട്ടില്ലാത്തതിനാൽ തൊഴിൽ സമരങ്ങൾ മാത്രം കൊണ്ട് കേരളത്തിൽ എത്ര തൊഴിൽ ദിനങ്ങൾ നഷ്ടമായി എന്ന് പറയുവാൻ കഴിയില്ല.

കേരളത്തിലെ തൊഴിൽ തർക്കങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണവും ഗണ്യമായി കുറയുകയും ദേശീയ ശരാശരിയോ അതിനു താഴെയോ ആയി മാറിയെങ്കിലും ആദ്യഘട്ടത്തിലെ പ്രതീതി നിലനിർത്താനാണ് കേരളവിരുദ്ധ പ്രചാരകർ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. 1957-ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാരിന് എതിരായി രാജ്യവ്യാപകമായി നയത്തിയ ദുഷ്പ്രചാരണങ്ങളും സ്വാധീനം ഇന്നും തുടരുന്നുണ്ട്.

കേരളത്തിന്റെ വ്യവസായ ഘടനയിൽ ഉണ്ടായ മാറ്റം

കേരളത്തിൽ വ്യവസായികാന്തരീക്ഷമില്ല എന്ന പതിറ്റാണ്ടുകൾ ദൈർഘമുള്ളതും വസ്തുതാവിരുദ്ധവുമായ വലതുപക്ഷ പ്രചാരണം രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയുള്ളതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. 2024-25-ൽ കേരളത്തിന്റെ നിർമ്മാണ മേഖല (construction), വൈദ്യുതി ഉൽപാദനം, വ്യാവസായികമേഖല (manufacturing) തുടങ്ങിയവ ഉൾപ്പെടുന്ന ദ്വുതിയമേഖല (സെക്കൻഡറി സെക്ടർ) സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പിയുടെ 28.69% സംഭാവന ചെയ്യു. സെക്കണ്ടറി സെക്ടറിന്റെ ദേശീയ വരുമാനത്തിലെ (Gross value added ) വിഹിതവും 28% ആണ്. ഇതിൽ നിന്ന് വ്യകതമാകുന്നത് കേരളത്തിന്റെ വ്യവസായിക മേഖല ദേശീയ ശരാശരിക്കൊപ്പം വളരുന്നു എന്നാണ്.

കേരളത്തിലെ സംഘടിതമേഖലയിൽ ജോലിചെയ്യുന്ന തൊഴിലകുളുടെ 25 ശതമാനവും പണിയെടുക്കുന്നത് വ്യവസായം കൂടി ഉൾപ്പെടുന്ന ദ്വിതീയ മേഖലയിലാണ് (Secondary sector). ദേശീയ തലത്തിലും സംഘടിത മേഖലയിലെ തൊഴിൽ സേനയിൽ 25% ആണ് ദ്വിതീയമേഖലയിൽ ജോലിചെയ്യുന്നത്. പരമ്പരാഗത വ്യവസായം ഉൾപ്പെടുയുള്ളവയെ ആധുനികവൽക്കരിച്ച് കേരളത്തിലെ വ്യവസായഘടനയെ കൂടുതൽ വൈവിധ്യവൽക്കരിച്ചതുകൊണ്ടാണ് ഈ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞത്.

കേരളത്തിന്റെ വ്യാവസായിക ഉൽപാദനത്തിൽ (ഫാക്ടറി സെക്ടർ) 49% ഉൽപാദനവും പെട്രോളിയം, കെമിക്കൽ & ഫർമസ്യൂട്ടിക്കൽ വ്യവസായങ്ങളിൽ നിന്നുമാണ്. ഇക്കാര്യത്തിൽ ദേശീയ ശരാശരി 33% മാത്രം (2023-24). ഫുഡ് പ്രോഡക്ട് & ബീവറേജ്സ്, റബ്ബർ & പ്ലാസ്റ്റിക്, ബേസിക് മെറ്റൽസ് എന്നീ മൂന്ന് വ്യവസായ മേഖലകൾ സംസ്ഥാനത്തെ വ്യവായിക ഉൽപാദനത്തിന്റെ 30% സംഭാവന ചെയ്യുന്നുണ്ട്. കേരളത്തിലെ വ്യാവസായിക മേഖലയിലെ നിന്നുള്ള തൊഴിലവസരങ്ങളിൽ 50% -ൽ കൂടുതൽ ഉണ്ടാകുന്നത് മുകളിൽ സൂചിപ്പിച്ച വ്യവസായസംരംഭങ്ങളിൽ നിന്നുമാണ്. ഉൽപാദന മൂല്യത്തിന്റെയും തൊഴിൽ ചെയ്യുന്നവരുടെ അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ ദേശീയ ശരാശരിയെക്കാൾ മുകളിലാണ് കേരളം. കേരളത്തിലെ വ്യവസായ മേഖലയെ കുറിച്ചുള്ള വ്യഖ്യാനങ്ങൾ വസ്തുക്കൾക്ക് നിരക്കുന്നതല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

### ലേബർ കോഡുകളും വ്യാവസായിക ബന്ധവും

2019-ലും 2020-ലും പാർലമെൻറിൽ വേണ്ടത്ര ചർച്ച പോലുമില്ലാതെ കേന്ദ്ര സർക്കാർ പാസ്സാക്കിയ നിയമങ്ങളാണ് നാലു ലേബർ കോഡുകൾ. 2025 നവംബർ 21 ന് ലേബർ കോഡുകൾ കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്നു. ഇന്ത്യയിലെ തൊഴിലാളിസമൂഹം ദീർഘകാലത്തെ സമരത്തിലൂടെ നേടിയെടുത്ത അവകാശങ്ങളിൽ ഭൂരിഭാഗവും ലേബർ കോഡുകൾ നടപ്പിലാകുന്നതോടുകൂടി ഇല്ലാതാവുകയാണ്. മിനിമം കൂലി ഉൾപ്പടയുള്ള അവകാശങ്ങൾ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകും.

ദേശീയവും അന്തർദേശീയവുമായ മൂലധനത്തെ ആകർഷിക്കാനായി സംസ്ഥാന സർക്കാരുകൾ പരമാവധി ആനുകൂല്യങ്ങൾ മൂലധന ഉടമകൾക്കായി പ്രഖ്യാപിക്കാണമെന്നാണ് കേന്ദ്ര സർക്കാർ നയം. ഇത്തരത്തിൽ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളിൽ തൊഴിലാളികളുടെ കൂലി പരമാവധി കുറയ്ക്കുന്നതിനും പ്രവർത്തനസമയം വർധിപ്പിച്ച്, ലാഭം വർധിപ്പിക്കുന്നതിനു മുള്ള മൂലധന ഉടമകളുടെ അധികാരമാണ് ലേബർ കോഡിലൂടെ കേന്ദ്ര സർക്കാർ ഉറപ്പാക്കുന്നത്. ഇതിനെതിരെയുള്ള ഒരു ബദൽ പരിപാടിയാണ് ഇടതുപക്ഷ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

## III
## അനഭലഷണീയമായ ചില പ്രവണതകളും തിരുത്തൽ നിർദേശങ്ങളും

ഇതോടൊപ്പം തന്നെ വ്യവസായ മേഖലയിൽ നിലനിൽക്കുന്ന അഭിലഷണീയമല്ലാത്ത ചില പ്രവണതകളെക്കുറിച്ച് ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. അവ തിരുത്തണം. അതോടൊപ്പം തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കണം. അവയിൽ പ്രധാനപ്പെട്ടവയാണ് താഴെ സൂചിപ്പിക്കുന്നത്.

1. സംഘടനാ വിപുലീകരണം മാത്രം ലക്ഷ്യംവച്ച് അപ്രായോഗികമായ ആവശ്യങ്ങൾ ഉയർത്തുന്ന പ്രവണത, മിന്നൽ സമരം പോലുള്ള സമരമുറകൾ, ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങൽ തുടങ്ങിയവ ഒഴിവാക്കേണ്ടതുണ്ട്. ഒന്നിലേറെ സംഘടനകൾ കടുത്ത മത്സരത്തിലൂടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലാണ് ഇത്തരം പ്രവണതകൾ കൂടുതൽ. ഈ പ്രവണതകൾക്കെതിരെ സി.ഐ.ടി.യു ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകൾ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ആതിനാൽ, വലിയ അളവിൽ കുറവ് വന്നിട്ടുണ്ട്. എന്നാലും പൂർണ്ണമായും മാറിയിട്ടില്ല.
2. തൊഴിലുടമകൾക്ക് അനുയോജ്യരായ തൊഴിലാളികളെ നിയമിക്കാൻ സ്വാതന്ത്ര്യം ഉണ്ടാവണം. എന്നാൽ കുറഞ്ഞ കൂലിക്ക് ലഭ്യമാകുന്ന കുടിയേറ്റ തൊഴിലാളികളെ മാത്രം ഉപയോഗിക്കാനുള്ള ലൈസൻസായി ഈ നയത്തെ ഉപയോഗിക്കാൻ പാടില്ല. അനുദിനം സാങ്കേതികവിദ്യ വികസിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ നൈപുണ്യ വികസനം തുടർച്ചയായ പ്രക്രിയയായി അംഗീകരിക്കണം. സ്ഥിരം ചുമട്ടുതൊഴിലാളികളുടെ തൊഴിലവകാശം ഇല്ലാതാക്കുന്നതിനുള്ള നിയമ വ്യാഖ്യാനങ്ങൾ ആരോഗ്യകരമായ തൊഴിൽബന്ധത്തിനു സഹായകരമല്ല.
3. അനുദിനം സാങ്കേതികവിദ്യ വികസിക്കുന്ന സാഹചര്യത്തിൽ, തൊഴിലാളികളുടെ നൈപുണ്യ വികസനം തുടർച്ചയായ പ്രക്രിയയായി അംഗീകരിക്കണം. തൊഴിലുടമകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.
4. ധാരാളം സ്ത്രീകൾ തൊഴിൽ മേഖലയിലേക്ക് കടന്നുവരുന്ന സാഹചര്യത്തിൽ ജോലിസ്ഥലം സ്ത്രീ സൗഹൃദമാക്കാൻ കർശന വ്യവസ്ഥകൾ വേണം. സർക്കാർ സ്കീം വർക്കേഴ്സ്, കുടുംബശ്രീ തുടങ്ങിയവയുടെ സേവന സംരംഭങ്ങളിലെ ജീവനക്കാർ എന്നിവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് തുടർച്ചയായ ശ്രദ്ധ വേണ്ടതുണ്ട്. വലിയതോതിൽ പ്രാദേശിക ചെറുകിടസംരംഭങ്ങളിൽ സ്ത്രീ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനാണ് നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവരുടെ വീടുകളിലെ ഗാർഹികഭാരം കുറയ്ക്കുന്നതിനു പൊതുസംവിധാനങ്ങൾ ഉണ്ടാക്കുകയും തൊഴിലിടത്തേക്കുള്ള യാത്രാവേളയിലും സുരക്ഷിതത്വം ഉറപ്പുവരുത്താനും സംവിധാനങ്ങളുണ്ടാകണം.
5. സംസ്ഥാനത്ത് നടപ്പാക്കിയ തൊഴിലാളി ക്ഷേമപദ്ധതികൾ രാജ്യത്തിനാകെ മാതൃകയാണ്. ഇ.എസ്.ഐ, പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നീ സ്റ്റാറ്റ്യൂട്ടറി ആനുകൂല്യങ്ങൾ ലഭ്യമാവാത്ത അസംഘടിതമേഖല - പരമ്പരാഗത മേഖല - സ്കീം വർക്കേഴ്സ് എന്നിവർക്കാണ് ക്ഷേമപദ്ധതികൾ നടപ്പാക്കിയത്. സംസ്ഥാനത്ത് ക്ഷേമ പദ്ധതികളിലായി 65 ലക്ഷത്തോളം തൊഴിലാളികൾ അംഗങ്ങളാണ്. വാർധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളുമുണ്ട്.
6. സംസ്ഥാനം നിക്ഷേപ സൗഹൃദമാണെന്ന ധാരണ വികസിപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ടുതന്നെ, പുതിയ നിക്ഷേപങ്ങൾ ആകർഷിക്കാൻ ട്രേഡ് യൂണിയനുകളും, സർക്കാരും പ്രായോഗികമായ നിലപാടുകൾ സ്വീകരിക്കണം. സംരംഭകർകൂടി നിയമാനുസൃതമായ നിലപാടുകൾ സ്വീകരിക്കാൻ തയ്യാറാകണം. ഐടി, ഗിഗ് പ്ലാറ്റ്ഫോം മേഖലകൾ, പുതുതലമുറ ബാങ്ക്, ഇൻഷുറൻസ് സ്ഥാപനങ്ങളിൽ നിയമാനുസൃതമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് പതിവാണ്. മറ്റു സ്ഥാപനങ്ങളുമായി കടുത്ത മത്സരം നേരിടേണ്ടിവരുന്ന മേഖലയാണിത്. എന്നാൽ, 'സ്കിൽഡ് മാൻ പവറിന്റെ' കരുത്ത് നമുക്കുണ്ട്. ഈ പ്രശ്നത്തോട് യാഥാർഥ്യ ബോധത്തോടെയും ശാസ്ത്രീയവുമായ നിലപാട് സ്വീകരിക്കണം.
7. പുതിയ അനൗപചാരിക മേഖലകൾക്ക് വേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ അനിവാര്യമാണ്. ഗിഗ് തൊഴിലാളികൾക്ക് മിനിമം കൂലിയും അവകാശങ്ങളും ഉറപ്പുവരുത്തുന്ന നിയമനിർമ്മാണം ഉണ്ടാകേണ്ടതുണ്ട്. വർക്ക്@ഹോം, വർക്ക് നിയർ ഹോം തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയ്ക്കും നൈപുണി ഉന്നമനത്തിനും തൊഴിൽസൗകര്യ സൃഷ്ടിക്കുമുള്ള പിന്തുണ സർക്കാരിൽ നിന്നുണ്ടാകണം.
8. പൊതുമേഖലയെ സംരക്ഷിക്കുന്ന സമീപനമാണ് കേരള സർക്കാർ ഉയർത്തിപ്പിടിക്കുന്നത്. അതിനോട് പൂർണ്ണമായും സഹകരിക്കുന്നതിനു ട്രേഡ് യൂണിയനുകൾ തയ്യാറാകണം. അതോടൊപ്പം ഉത്തമ തൊഴിലുടമയെന്ന മാതൃക തൊഴിൽ മേഖലയിലുടനീളം സൃഷ്ടിക്കാനുതകുന്ന രീതികൾ പൊതുമേഖലയുടെ തൊഴിൽ ബന്ധങ്ങളിൽ ഉറപ്പുവരുത്തണം.
9. പാർലമെന്റ് പാസാക്കിയ 4 ലേബർ കോഡുകൾ, തൊഴിലാളികളുടെ മൗലികമായ എല്ലാ അവകാശങ്ങളും തകർക്കുന്നതാണ്. തൊഴിൽ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായതിനാൽ,തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുമെന്ന് ശരിയായ നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്
10. തൊഴിൽ വകുപ്പിനെ നവീകരിക്കുകയും വിപുലപ്പെടുത്തുകയും വേണം.

# 14

# പ്രവാസം - പുതിയ പ്രവണതകളും സാധ്യതകളും

കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്ക് പ്രവാസത്തിനുണ്ട്. കഴിഞ്ഞ 7 പതിറ്റാണ്ട് കാലത്തെ കേരള വികസനചരിത്രം പരിശോധിക്കുമ്പോൾ രണ്ടു പ്രവണതകൾക്ക് വിശദീകരണം കണ്ടെത്തേണ്ടതുണ്ട്. ഒന്നാമത്തേത് കേരളത്തിന്റെ സാമ്പത്തികവളർച്ചയിൽ സാധാരണഗതിയിൽ സാധ്യമാവുന്നതിനപ്പുറം സാമൂഹിക ക്ഷേമനില ജനങ്ങൾക്ക് ഉറപ്പുവരുത്തുവാൻ കഴിഞ്ഞു. ഇതിനു കാരണം ജനങ്ങളുടെ സമ്മർദത്തിന്റെ ഫലമായി രൂപംകൊണ്ട പുനർവിതരണ നയങ്ങളാണ്. രണ്ടാമത്തെ പ്രവണത 1980 കളുടെ അവസാനം മുതൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിലുണ്ടായ കുതിപ്പാണ്. ഇതിനു മുഖ്യകാരണം ഗൾഫിലേക്കുള്ള കുടിയേറ്റവും അവിടെ നിന്നുള്ള വിദേശപണ വരുമാനവുമാണ്. വിദേശപണം ഉപഭോക്തൃ സേവനമേഖലകളെ ഉത്തേജിപ്പിച്ചു. എന്നാൽ ഉൽപാ ദകമേഖലകളിലെ നിക്ഷേപത്തിൽ ഇത് വേണ്ടത്ര പ്രതിഫലിച്ചില്ല. ഇന്നിപ്പോൾ കേരളം വിജ്ഞാനാധിഷ്ഠിത ഉൽപാദനമേഖലകളിൽ ഊന്നിക്കൊണ്ടുള്ള സാമ്പത്തിക കുതിപ്പിന് തയ്യാറെടുക്കുകയാണ്. ഈ പരിവർത്തനത്തിന് പ്രവാസികൾക്കെന്ത് പങ്കുവഹിക്കാനാവും?

ഈ കാര്യം ചർച്ചചെയ്യുന്നതിന് വേണ്ടി AKG പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2024 ജനുവരി 18 മുതൽ 21 വരെ മൂന്ന് ദിവസം നീണ്ട സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ഓൺലൈൻ ആയും ഓഫ്‌ലൈൻ ആയും ഈ കോൺക്ലേവിൽ പതിനായിരക്കണക്കിന് പ്രവാസികൾ പങ്കെടുത്തിരുന്നു.അവിടെ നടന്ന ചർച്ചകളുടെ തുടർച്ചയായിട്ടാണ് അഞ്ചാം പഠന കോൺഗ്രസ്സിലേക്കുള്ള വികസന നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നത്.

## I
## മലയാളിയുടെ ആധുനിക കുടിയേറ്റ ചരിത്രം

കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കേരളത്തിൻറെ കുടിയേറ്റരംഗം വളരെ വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിക്കുന്നത്. അന്താരാഷ്ട്ര കുടിയേറ്റത്തിലെ പരമ്പരാഗത ലക്ഷ്യസ്ഥാനങ്ങൾ മാറി പുതിയ രാജ്യങ്ങളിലേക്ക് തൊഴിലന്വേഷിച്ചു മലയാളികൾ കുടിയേറുന്നു. കേവലം സാമ്പത്തികലക്ഷ്യങ്ങളിൽ നിന്ന് മാറി കുടിയേറ്റം ഇന്ന് മലയാളിയുടെ നിത്യജീവിതത്തിലെ മുൻഗണനാ ക്രമത്തിൽ മുൻപന്തിയിൽ എത്തിനിൽക്കുന്നു. കേരളത്തിൻറെ സാമൂഹിക-സാംസ്കാരിക രംഗങ്ങളിലും ഉയർന്ന ജീവിത നിലവാരസൂചികകളിലും പ്രവാസത്തിന്റെ പങ്കു നിസ്തുലമാണ്. മാറി വരുന്ന ലോകക്രമത്തിൽ കുടിയേറ്റ പ്രക്രീയയിൽ ഉണ്ടാകുന്ന എല്ലാ മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് കുടിയേറ്റ താൽപര്യങ്ങളിൽ മാറ്റം വരുത്തുവാനും നല്ലതിനെ ഉൾക്കൊള്ളുവാനും മലയാളികൾക്ക് സാധിക്കുന്നുണ്ട്.

### കുടിയേറ്റത്തിന്റെ സ്വഭാവത്തിലെ മാറ്റങ്ങൾ

സമകാലിക കുടിയേറ്റവുമായി താരതമ്യം ചെയ്യുമ്പോൾ ആദ്യകാല കേരളീയ കുടിയേറ്റങ്ങളുടെ ഭാഗമായിരുന്നവർ എണ്ണത്തിൽ വളരെ തുച്ഛമായിരുന്നു. ഇതിൽ നിന്ന് പ്രകടമായ ഒരു മാറ്റം വന്നത് എഴുപതുകൾ മുതൽ മധ്യപൂർവ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ശക്തമായതോടെയാണ്. മലയാളി പ്രവാസത്തിന്റെ ഏറ്റവും വിശ്വസനീയമായ കണക്കുകൾ കേരള മൈഗ്രേഷൻ സർവേ വഴിയാണ് ലഭ്യമാകുന്നത്. 2023ലെ മൈഗ്രേഷൻ സർവേയനുസരിച്ച് 21.5 (2,154,275) ലക്ഷം മലയാളികൾ തൊഴിലിനായി കുടിയേറിയിട്ടുണ്ട്. അതിൽ 80.5 ശതമാനം (17.3 ലക്ഷം) പ്രവാസികളെയും ഉൾക്കൊള്ളുന്നത് ഗൾഫ് രാജ്യങ്ങളാണ്. 2018ൽ 89.2 ശതമാനം പ്രവാസികളും ഗൾഫ് രാജ്യങ്ങളിലാണ് തൊഴിൽ തേടിയിരുന്നത്.

ഗൾഫ് രാജ്യങ്ങൾ ഇപ്പോൾ കൂടുതലായി ആവശ്യപ്പെടുന്നത് വിദഗ്ദ തൊഴിലാളികളെയും പ്രൊഫഷണലുകളെയുമാണ്. എന്നാൽ പഴയ സർവേ ഫലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പശ്ചിമേഷ്യയുടെ സ്വാധീനം കുറഞ്ഞുവരുന്നതായി കാണാം. നിതാഖത്ത് പോലെയുള്ള സ്വദേശീവൽക്കരണ പദ്ധതികൾ മൂലവും മറ്റു രാജ്യങ്ങളിൽ നിന്നുള്ള ചെലവു കുറഞ്ഞ തൊഴിലാളികളുടെ ലഭ്യതയും മലയാളിയുടെ ഗൾഫ് കുടിയേറ്റത്തിന്റെ തോത് കുറച്ചിട്ടുണ്ട്.

പകരം, വികസിത രാജ്യങ്ങളായ യുകെ (6%), കാനഡ(2.5%),ഓസ്ട്രേലിയ(1.5%), ന്യൂസീലണ്ട് (0.8%),

യുറോപ്യൻ രാജ്യങ്ങൾ എന്നിവടങ്ങളിലേക്കുള്ള കുടിയേറ്റം പടിപടിയായി വർധിക്കുന്നുണ്ട്. മലയാളികൾ വിദ്യാഭ്യാസനിലവാരത്തിലും തൊഴിൽ നൈപുണ്യത്തിലും കൈവരിച്ച പുരോഗതിയാണ് ഈ മാറ്റത്തിന്റെ പ്രധാന കാരണമെന്ന് കാണാം. ആദ്യകാലത്ത് ആരോഗ്യപ്രവർത്തകരും ഒരു പരിധിവരെ ഐടി പ്രോഫഷണലുകളും മാത്രം കുടിയേറിയ സ്ഥാനത്തു ഇന്ന് മാനേജ്മെന്റ് പ്രോഫഷനലുകൾ, അക്കൗണ്ടിങ് വിദഗ്ദർ, അക്കാഡമിഷ്യൻസ് തുടങ്ങി ഉയർന്ന തൊഴിൽ വൈദഗ്ദ്യമുള്ളവർ, സംരംഭകർ, സ്ഥലംമാറ്റം കിട്ടിവരുന്ന ബഹുരാഷ്ട്ര കമ്പനികളിലെ ജീവനക്കാർ എന്നിവർ വികസിതരാജ്യങ്ങളിലേക്ക് കുടിയേറുന്നു. ഇവരിൽ പലരും സ്ഥിരകുടിയേറ്റം ലക്ഷ്യമിട്ടാണ് വിദേശത്തേക്ക് പോകുന്നത്.

വികസിതരാജ്യങ്ങൾ കൂടാതെ ആഫ്രിക്കൻ രാജ്യങ്ങളിലേക്കും ധാരാളം മലയാളികൾ തൊഴിലിനായി കുടിയേറുന്നു. കൂടാതെ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേക്കും തെക്ക് കിഴക്കൻ രാജ്യങ്ങളിലേക്കും ഇന്ന് മലയാളികൾ കൂടുതലായി കുടിയേറുന്നു. നോർക്ക ഐഡി കാർഡ് പോർട്ടലിലെ കണക്കുകൾ പ്രകാരം 182 രാജ്യങ്ങളിൽ മലയാളി സാനിധ്യമുണ്ട്. ഇത്രയും രാജ്യങ്ങളിൽ നിന്ന് ഒരു മലയാളി എങ്കിലും നോർക്ക ഐഡി കാർഡിനായി അപേക്ഷിച്ചിട്ടുണ്ട്.

## വിദ്യാർഥി കുടിയേറ്റം

കേരളത്തിൽ ഏറ്റവും കൂടുതൽ യുവതീയുവാക്കൾ കുടിയേറ്റത്തിനായി വിദ്യാർഥി കുടിയേറ്റത്തെ ആശ്രയിക്കുന്നു. കേരള മൈഗ്രേഷൻ സർവേ പ്രകാരം 250002 വിദ്യാർഥികൾ ഇന്ത്യക്ക് പുറത്തു ഉപരിപഠനം നടത്തുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും വിദേശ രാജ്യങ്ങളിൽ സ്ഥിരകുടിയേറ്റം ലക്ഷ്യമിട്ടു കുടിയേറുന്നവരാണ്. താരതമ്യേന വേഗത്തിൽ ബുദ്ധിമുട്ടില്ലാതെ വിസ ലഭിക്കും എന്നുള്ളതും പഠനശേഷം തൊഴിൽ തേടുന്നതിനായി ഒന്ന് മുതൽ മൂന്ന് വർഷം വരെ സ്റ്റേ ബാക്ക്/ സെർച്ച് ഇയർ വിസകൾ ലഭിക്കും എന്നുള്ളതിനാലും വിദ്യാർഥി കുടിയേറ്റം ആകർഷകമായ ഒരു കുടിയേറ്റ മാർഗമായി മാറിയിട്ടുണ്ട്.

പലപ്പോഴും അനധികൃത റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണത്തിന് വിധേയരാണ്. വ്യാജവാഗ്ദാനങ്ങൾ വിശ്വസിച്ച് വിദേശത്തെത്തുന്ന വിദ്യാർഥികൾ അവിടെ നിലവാരമില്ലാത്ത കോഴ്സുകളിലും മോശം ജീവിത സാഹചര്യങ്ങളിലും അകപ്പെട്ടുപോകുന്നു. മഹാഭൂരിപക്ഷം പേരും ഫെല്ലോഷിപ്പോ ഗ്രാന്റുകളോ ഇല്ലാതെ നാട്ടിൽ നിന്ന് പണം നൽകിയാണ് കോഴ്സുകൾ പൂർത്തിയാക്കുന്നതും ജീവിതച്ചെലവ് കണ്ടെത്തുന്നതും. അതിനായി പലപ്പോഴും പഠനം ഉപേക്ഷിച്ചു തൊഴിലെടുക്കേണ്ടി വരുകയോ പാർട്ട്ടൈം തൊഴിലുകളിൽ ഏർപ്പെടേണ്ടി വരുകയോ ചെയ്യും. വിദ്യാഭ്യാസവായ്പകളുടെ രൂപത്തിൽ കേരളത്തിൽ നിന്ന് കോടിക്കണക്കിന് രൂപ വിദേശത്തേക്ക് ഒഴുകുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രതയെ ബാധിക്കുകയും കുടുംബങ്ങളെ വലിയ കടക്കെണിയിലാക്കുകയും ചെയ്യുന്നു.

## കുടിയേറ്റ വഴികൾ

ഇത്തരത്തിൽ പരമാവധി നിയമപരമായ സംവിധാനങ്ങളെ ആശ്രയിച്ചു രാജ്യത്തിനുള്ളിൽ പ്രവേശിക്കുക എന്നതാണ് കാലങ്ങളായി മലയാളി സ്വീകരിച്ചുവരുന്ന കുടിയേറ്റരീതി. സന്ദർശക വിസ വഴി ഗൾഫിലേക്ക് യാത്ര ചെയ്തശേഷം തൊഴിൽതേടുക, പഠനാവശ്യത്തിനായി കുടിയേറിയ ശേഷം തൊഴിൽ കണ്ടെത്തുക, വികസിത രാജ്യങ്ങളിലേക്ക് ബന്ധുജനങ്ങളെ സന്ദർശിക്കാനുള്ള സന്ദർശക വിസയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക തുടങ്ങിയ 'കുറുക്കു വഴികൾ' മലയാളിയുടെ കുടിയേറ്റത്തിന്റെ സവിശേഷതയായി തുടരുന്നു. ഒന്നാം തലമുറ തൊഴിൽ കുടിയേറ്റത്തിൽ ഗൾഫിലെ മലയാളി നെറ്റ് വർക്കുകൾ ഉപയോഗിച്ചു സന്ദർശകവിസയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് ചെയ്തത്. പുതുതലമുറ കുടിയേറ്റത്തിലേക്ക് വരുമ്പോൾ ഇതേ നെറ്റ്വർക്കുകൾ വിദ്യാർഥി കുടിയേറ്റത്തിനായും ആഫ്രിക്ക തെക്കുകിഴക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കുള്ള കുടിയേറ്റത്തിനായും മലയാളി ഉപയോഗിക്കുന്നു. എന്നാൽ ആതിഥേയ രാജ്യങ്ങൾ പരമാധികാരത്തിന്റെ പേരുപറഞ്ഞു നിയമങ്ങൾ കർശനമാക്കിയതും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ശക്തമായ നിരീക്ഷണസംവിധാനങ്ങളും ഇത്തരം മാർഗങ്ങളിലൂടെ തൊഴിൽ കണ്ടെത്താനുള്ള സാധ്യതകൾക്ക് വിലങ്ങുതടിയാകുന്നുണ്ട്.

ആയതിനാൽ തൊഴിലാനായോ സ്ഥിര കുടിയേറ്റം സ്വപ്നം കണ്ടോ കുടിയേറുന്ന മലയാളികൾ മുമ്പെങ്ങും ഇല്ലാത്തവണ്ണം വെല്ലുവിളികൾ നേരിടുന്നുണ്ട്. പിടിച്ചുനിൽക്കാനായി വിസ കാലാവധി കഴിഞ്ഞും വിദേശ രാജ്യങ്ങളിൽ തുടരുന്ന മലയാളികളുടെ എണ്ണത്തിൽ വലിയ വർധനവ് ഉണ്ടാകുന്നുണ്ട്. യു.കെ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ അഭയാർഥി സ്റ്റാറ്റസ് ലഭിക്കും '.അതുവഴി വർഷങ്ങൾക്ക് ശേഷമെന്നോ ലഭിക്കാൻ സാധ്യതയുള്ള പൗരത്വം ലക്ഷ്യമിട്ടു ഒളിവ് ജീവിതം നയിക്കുന്ന മലയാളി യുവതി-യുവാക്കളെയും നമുക്ക് കാണാൻ സാധിക്കും.

## പ്രവാസി സംരംഭകർ

ശ്രദ്ധേയമായ മറ്റൊരു കാര്യം കേരളത്തിൽ നിന്നുള്ള പ്രവാസികളിൽ ചെറുതും വലുതുമായ ഒട്ടേറെ സംരംഭകരും തൊഴിൽദാതാക്കളും ഉണ്ടെന്നതാണ്. ഇന്ത്യയിലും നിരവധി പുറം രാജ്യങ്ങളിലും പ്രവർത്തിക്കുന്ന സംരംഭ ശൃംഖലകൾ നടത്തുന്ന കേരളീയരുമുണ്ട്. യഥാർഥത്തിൽ കേരളത്തിൽ നിന്നുള്ള മൂലധനം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ശക്തവും വളരുന്നതുമായ സാന്നിധ്യമാണ്. ബഹുസ്ഥല അഥവാ ബഹുരാഷ്ട്ര ജീവനം നയിക്കുന്നവരുടെ സാന്നിധ്യവും കണക്കിലെടുക്കപ്പെടണം. ഒട്ടേറെപ്പേർ നാട്ടിലും വിദേശത്തും ഒരുപോലെ സാമൂഹിക ജീവിതത്തിൽ ഇടപെടുകയും ബിസിനസ്സ് നടത്തുകയും പണിയെടുക്കുകയും ചെയ്യുന്നുണ്ട്. യാത്ര പഴയതിനെക്കാൾ എളുപ്പമായതും കേരളത്തിലെ എല്ലാ

പ്രദേശങ്ങളിൽ നിന്നും അന്തർദേശീയ വിമാനത്താവളങ്ങളിലേക്ക് എളുപ്പം എത്താൻ കഴിയുമെന്നതും ഇത്തരം ഉഭയജീവിതം നയിക്കാൻ സഹായകമാണ്.

സാങ്കേതികവിദ്യയുടെ വളർച്ചകാരണം കേരളത്തിലിരുന്ന് വിദേശ ഇടപാടുകാർക്കുവേണ്ടി പണിയെടുക്കുന്നവർ ധാരാളമാണ്. അങ്ങനെയുള്ളവരിൽ പലർക്കും ഇടയ്ക്കിടെ വിദേശത്തു പോകേണ്ടതായും വരും. എന്നു മാത്രമല്ല ഇപ്പോൾ പല വികസിതരാജ്യങ്ങളും വിദേശ രാജ്യങ്ങളിലെ തൊഴിലാളികൾക്ക് അവർ ഏറ്റെടുക്കുന്ന പണികൾ ചെയ്ത് തിരിച്ചുപോകത്തക്ക നിലയിലുള്ള ഹ്രസ്വകാല വിസകൾ നൽകുന്നുമുണ്ട്. ഇതിനെല്ലാം പുറമേയാണ് ഇന്ത്യയിൽ നിന്നുള്ള വിദ്യാർഥികളുടെ കുടിയേറ്റം.

### ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ

കേരളത്തിൽ നിന്നും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് പോകുന്നവരുടെ എണ്ണത്തിൽ വലിയ തോതിൽ കുറവ് വന്നിട്ടുണ്ട്. കർണാടക, ആന്ധ്ര പ്രദേശ്, തമിഴ്നാട് തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് മാത്രമാണ് മലയാളി കുടിയേറുന്നത്. അവ മിക്കതും താൽക്കാലിക തൊഴിൽ കുടിയേറ്റങ്ങളാണ്. എന്നിരുന്നാലും മിക്ക സംസ്ഥാനങ്ങളിലും ഒന്നാം തലമുറ മലയാളികൾ സജീവ സാന്നിധ്യമാണ്. നോർക്കയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഇവർക്ക് വലിയ ഇടപെടലുകൾ നടത്താൻ സാധിക്കും.

### പ്രവാസ പണവരുമാനം

കുടിയേറ്റത്തിന്റെ സ്വഭാവത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളോടു ചേർത്ത് വായിക്കേണ്ടതാണ്. പ്രവാസി പണത്തിന്റെ വരവിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി പണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം പ്രവാസി പണത്തിന്റെ വരവിൽ മഹാരാഷ്ട്രയ്ക്ക് (20.5%) തൊട്ടു പിന്നിൽ രണ്ടാമതാണ് കേരളത്തിന്റെ സ്ഥാനം. രാജ്യത്തേക്ക് ആകെയെത്തുന്ന പ്രവാസി പണത്തിന്റെ 19.7 ശതമാനമാണ് (ഏകദേശം 2.1 ലക്ഷം കോടി രൂപ) കേരളത്തിലേക്ക് എത്തുന്ന പ്രവാസി പണം. ഈ തുക ഇപ്പോഴും നമ്മുടെ ആഭ്യന്തര സമ്പദ് വസ്ഥയുടെ നട്ടെല്ലാണ്. ഇത് പ്രാദേശിക ബിസിനസ്സുകൾ, റിയൽ എസ്റ്റേറ്റ്, അടിസ്ഥാന 'സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ നിക്ഷേപത്തിന് ഊർജം നൽകുന്നു. പ്രവാസികളിൽനിന്നുള്ള പണം കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക നിലവാരം ഉയർത്തുകയും, ക്രയശേഷി വർധിപ്പിക്കുകയും, വിവിധ മേഖലകളിലെ സാമ്പത്തികവളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തിക നേട്ടങ്ങൾക്ക് പുറമെ, കുടിയേറ്റം കേരളീയരുടെ നൈപുണ്യവും അറിവും വർധിപ്പിക്കുന്നതിന് സഹായിച്ചു. നിരവധി പ്രവാസികൾ വിദേശത്ത് നിന്ന് പ്രത്യേക വൈദഗ്ധ്യങ്ങളും വിലപ്പെട്ട തൊഴിൽ പരിചയവും നേടുന്നു. ഇത് അവർ തിരികെ കേരളത്തിലേക്ക് കൊണ്ടുവരുമ്പോൾ, പ്രാദേശിക തൊഴിലാളി സമൂഹത്തെ സമ്പന്നമാക്കുകയും വിശാലമായ സാമ്പത്തികവികസനത്തിന് സംഭാവന നൽകുകയും ചെയ്യുന്നു. വിവിധ രാജ്യങ്ങളിൽ ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നതിലൂടെയുള്ള അനുഭവം സാംസ്കാരിക കൈമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നു. പക്ഷേ പ്രവാസിപണത്തിന്റെ ലഭ്യതക്കുറവ് ആശങ്കയോട് കൂടി കാണേണ്ടതുണ്ട്. പ്രവാസികൾ വിദേശരാജ്യങ്ങളിൽ തന്നെ നിക്ഷേപത്തിന് തയ്യാറാകുന്നതും ആകർഷകമായ നിക്ഷേപാവസരങ്ങൾ പ്രവാസികളിലേക്ക് എത്തിക്കാൻ കഴിയാത്തതും കാരണമാകാം പ്രവാസി പണത്തിന്റെ വരവിൽ ഉണ്ടാകുന്ന വ്യതിചലനങ്ങൾക്ക് കാരണം.

എന്നിരുന്നാൽത്തന്നെയും കുടിയേറ്റത്തിന്റെ എല്ലാ മേഖലയെയും സ്പർശിക്കുന്ന പ്രവാസി സൗഹൃദമായ ഭരണസംവിധാനം ഇന്ത്യയിൽ രൂപപ്പെടുത്തുവാൻ കേരളത്തിനല്ലാതെ മറ്റൊരു ഇന്ത്യൻ സംസ്ഥാനത്തിനും നാളിതുവരെ സാധിച്ചിട്ടില്ല. കഴിഞ്ഞ ഒരു ദശാബ്ദം പ്രവാസി കേരളീയകാര്യ വകുപ്പിന്റെ (നോർക്ക) സുവർണ്ണ കാലഘട്ടമായിരുന്നു.

## II

## സമഗ്ര കുടിയേറ്റ ഭരണ നിർവഹണത്തിന്റെ ഒരു ദശാബ്ദം

കുടിയേറ്റത്തിന്റെ എല്ലാ ഘട്ടങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രമായ സമീപനമാണ് കേരളത്തിന്റെ കുടിയേറ്റ ഭരണനിർവഹണത്തെ വേറിട്ടു നിർത്തുന്നത്. യാത്ര പുറപ്പെടുന്നതിന് മുമ്പുള്ള പരിശീലനം, പ്രവാസകാലത്തെ നിയമപരവും സാമ്പത്തികവുമായ പിന്തുണ, തിരിച്ചെത്തുമ്പോഴുള്ള പുനഃസംയോജന പരിപാടികൾ എന്നിങ്ങനെയുള്ള സമഗ്രമായ പിന്തുണ നൽകുന്നതിനാണ് നോർക്കയും അനുബന്ധ സ്ഥാപനങ്ങളും വഴി കേരള സർക്കാർ ശ്രമിക്കുന്നത്. കുടിയേറ്റക്കാർ പോകുന്നതിന് മുമ്പും, വിദേശത്തായിരിക്കുമ്പോഴും, തിരിച്ചെത്തിയ ശേഷവും അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിലൂടെ, കുടിയേറ്റ യാത്രയിലുടനീളം പ്രവാസികളുടെ ക്ഷേമം കേരളം ഉറപ്പാക്കുന്നു. പ്രവാസി കേരളീയർക്കായുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ, മടങ്ങിയെത്തിയവർക്കായുള്ള പുനഃസംയോജന പരിപാടികൾ, ദുരിതാശ്വാസ പദ്ധതികൾ, പ്രവാസി പങ്കാളിത്ത പരിപാടികൾ, കുടിയേറ്റ സഹായ പദ്ധതികൾ, സേവനങ്ങൾ എന്നിവ നോർക്ക വകുപ്പ് കൈകാര്യം ചെയ്തു വരുന്നു.

നോർക്ക വകുപ്പിന് കീഴിൽ അഞ്ച് സ്ഥാപനങ്ങൾ പ്രവാസി ക്ഷേമം ഉറപ്പുവരുത്തുന്നതിനായി പ്രവർത്തിക്കുന്നു. ലോക കേരള സഭയ്ക്ക് പുറമേ നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്സ്, പ്രവാസികൾക്കും മടങ്ങിയെത്തിയവർക്കുമുള്ള പ്രവാസി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുന്ന കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, അർധ-ജുഡീഷ്യൽ വേദിയായി എൻആർഐ (കെ)

കമ്മീഷൻ, അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലേക്ക് പ്രവാസി നിക്ഷേപം എത്തിക്കുന്നതിനായി സ്ഥാപിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിങ് ലിമിറ്റഡ് (OKIH) എന്നീ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. വകുപ്പിന്റെ കഴിഞ്ഞ 10 വർഷക്കാലത്തെ സുപ്രധാന ഇടപെടലുകൾ ചുവടെ ചേർക്കുന്നു.

### സാമ്പത്തിക പുനഃസംയോജനത്തിന് ഊന്നൽ

പ്രവാസികളുടെ സാമ്പത്തിക പുനഃസംയോജനത്തിനായി നിലവിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന ഏക ഇന്ത്യൻ സംസ്ഥാനമാണ് കേരളം. മടങ്ങിയെത്തുന്ന കുടിയേറ്റക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായിക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി 9239-ൽ അധികം സംരംഭങ്ങൾ ആരംഭിക്കാൻ സഹായിക്കുകയും സാമ്പത്തികസഹായം നൽകുകയും ചെയ്തു. കോവിഡ്-19 മഹാമാരിക്ക് ശേഷം, ആഗോള പ്രതിസന്ധി ബാധിച്ച മടങ്ങിയെത്തിയവരെ പിന്തുണയ്ക്കുന്നതിനായി 2021-2022 സാമ്പത്തികവർഷത്തിൽ ആരംഭിച്ച പ്രവാസി ഭദ്രത പദ്ധതി വഴി 13,906 പ്രവാസി കേരളീയർക്ക് സ്വയം തൊഴിലോ സംരംഭങ്ങളോ ആരംഭിക്കാൻ ഈ സഹായം ലഭിച്ചു. കഴിഞ്ഞ 10 വർഷത്തിനിടയിലാണ് സാമ്പത്തിക പുനരധിവാസം എന്നത് സബ്സിഡി ലോണുകൾ നൽകുന്നതിനു ഉപരിയായി സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നത് കൂടിയാണെന്നു തിരിച്ചറിഞ്ഞു സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ആരംഭിച്ചത്. പ്രവാസി കേരളീയർക്ക് കേരളത്തിൽ ബിസിനസ്സ് ആരംഭിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ വിദഗ്ധ ഉപദേശവും മാർഗനിർദേശവും നൽകുന്നതിനായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NBFC) സ്ഥാപിച്ചു.

പലപ്പോഴും പുനരധിവാസ ചർച്ചകൾ തൊഴിലെടുക്കാൻ തയ്യാറുള്ള പ്രവാസികളെ ആഭ്യന്തര തൊഴിൽ കമ്പോളങ്ങളിലേക്ക് ആകർഷിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാറില്ല. പ്രസ്തുത സാഹചര്യത്തിലാണ് വിദേശത്തെ ജീവിതാനുഭവങ്ങളും വിദ്യാഭ്യാസവും കൈമുതലാക്കി കേരളത്തിൽ തിരികെയെത്തിയ പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് നോർക്ക റൂട്സ്, നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കേരളത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ വിദേശ പ്രവൃത്തി പരിചയത്തോടുകൂടി തിരിച്ചെത്തിയ പ്രവാസികൾക്ക് ആവശ്യമെങ്കിൽ നാട്ടിൽ തൊഴിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു വർഷം തൊഴിൽ നൽകുന്ന തൊഴിൽദാതാക്കൾക്ക് ഒരു ദിവസത്തെ വേതനത്തിന്റെ 50% പരമാവധി 400 രൂപ വരെ 100 ദിവസത്തേക്ക് നിബന്ധനകളുടെ അടിസ്ഥാനത്തിൽ വേതന പരിഹാരം ലഭിക്കും.

### ക്ഷേമ - സാമൂഹിക സുരക്ഷാ പദ്ധതികൾ

ആയിരക്കണക്കിന് പ്രവാസികൾക്ക് ആശ്വാസമേകുന്നു. പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി രൂപീകരിച്ച സമാശ്വാസ പദ്ധതിയാണ് സാന്ത്വന. സാന്ത്വന ദുരിതാശ്വാസ നിധി വഴി ദുരിതത്തിലായ പ്രവാസികൾക്കും അവരുടെ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതി മുഖേന 2016-2025 കാലയളവിൽ 212.26 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി. കൂടാതെ, അസുഖബാധിതരായ പ്രവാസികളെ വിമാനത്താവളങ്ങളിൽ നിന്ന് വീടുകളിലേക്കോ ആശുപത്രികളിലേക്കോ എത്തിക്കുന്നതിന് നോർക്ക ആംബുലൻസ് സേവനം നൽകുന്നു. മരിച്ചവരുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനും വകുപ്പ് സഹായിക്കുന്നു.

പ്രവാസികളുടെ ക്ഷേമം ഉറപ്പിക്കുന്നതിൽ സുപ്രധാനമാണ് പ്രവാസികൾക്ക് നോർക്കയുമായി നിരന്തര സംവേദനത്തിനുള്ള അവസരം ലഭ്യമാക്കുക എന്നത്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് നോർക്കയിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവരുടെ പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ പ്രവർത്തിച്ചുവരുന്നു. 2019 മുതൽ 2025 സെപ്റ്റംബർ 30 വരെയുള്ള കണക്കനുസരിച്ച് 62,52,321 പ്രവാസികളാണ് ഗ്ലോബൽ കോൺടാക്റ്റ് സെന്റർ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളത്.

മറ്റൊന്ന് സാമൂഹിക സുരക്ഷ പദ്ധതികളാണ്. നോർക്ക പ്രവാസി ഐഡി കാർഡ് അത്തരത്തിലുള്ള ഒരു സംരംഭമാണ്. 181 രാജ്യങ്ങളിലെ കേരളീയർക്ക് ഇത് പ്രാതിനിധ്യം നൽകുന്നു. ഇതുവരെ 10,67,279 പേർക്ക് ഈ കാർഡ് നൽകിയിട്ടുണ്ട് കഴിഞ്ഞ ആറു വർഷത്തിനിടിയിൽ രണ്ടു ഇൻഷുറൻസ് പദ്ധതികളാണ് നടപ്പിലാക്കിയത്. നോർക്ക ഐഡി കാർഡ് മുഖേന നൽകിവരുന്ന പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസിയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ നോർക്ക കെയറും. 2021-ൽ ഈ പോളിസി ആരംഭിച്ചത് മുതൽ പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി 1,83,774 പ്രവാസികൾ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. വളരെ ചുരുങ്ങിയ ചെലവിൽ പ്രവാസികൾക്ക് ലഭ്യമാക്കുന്ന സാമൂഹിക സുരക്ഷ സംവിധാനമാണിത്.

നോർക്കയുടെ സാമൂഹിക സുരക്ഷ പദ്ധതികളിൽ ഏറ്റവും പുതിയതും വലുതുമായ പദ്ധതിയാണ് നോർക്ക കെയർ. നോർക്ക പ്രവാസി ഐഡി കാർഡ് ഉള്ളവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി രൂപകല്പന ചെയ്ത സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതിയാണിത്. ഈ പദ്ധതിക്ക് കീഴിൽ 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും പോളിസി ഉടമയ്ക്ക് 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പരിരക്ഷയും ലഭിക്കുന്നു.

നിലവിൽ 1,32,034 എണ്ണം പ്രവാസികൾ പദ്ധതി യുടെ ഭാഗമാണ്. ഇവരുടെ കുടുംബാംഗങ്ങൾ അടക്കം ഏകദേശം അഞ്ചു ലക്ഷം പേർ പദ്ധതിയുടെ ഗുണ ഭോക്താക്കളാണ്.

പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാ ക്കുന്ന പെൻഷൻ പദ്ധതി ശ്രദ്ധേയമായ സാമൂഹിക സുരക്ഷ പദ്ധതിയാണ്. ക്ഷേമ നിധിയിൽ അംഗത്വം എടുത്ത് 60 വയസ്സ് പൂർത്തീകരിക്കുകയോ/ 55 വയസ്സിന് [55-60] ശേഷം അംഗത്വം എടുക്കുന്നവർക്ക് അംഗത്വ തീയതി മുതൽ അഞ്ച് വർഷകാലയളവ് പൂർ ത്തീകരിച്ച ശേഷമോ പെൻഷൻ നൽകിവരുന്നു. 2016 മുതൽ 2025 വരെ 68,356 പ്രവാസികൾക്ക് 739.82 കോടി രൂപ ക്ഷേമ പെൻഷനായി നൽകിയിട്ടുണ്ട്. നോർക്കയുടെ ഇടപെടലുകളിൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ ഉള്ളത് സാമൂഹിക സുരക്ഷ പദ്ധതികൾക്കാണ്. പ്രവാസികളുടെ ക്ഷേമത്തിനായി കഴിഞ്ഞ ദശകത്തിൽ സർക്കാർ നൽകിയ പ്രാധാന്യ ത്തിന്റെ മകുടോദാഹരണമാണ് ഇത്തരം പദ്ധതിക ളുടെ ജനകീയത.

മറ്റൊരു ശ്രദ്ധേയമായ ഇടപെടലാണ് ഒന്നാം ലോക കേരള സഭയുടെ നിർദേശപ്രകാരം രൂപീകരിച്ച എൻആർകെ വനിതാസെൽ. കേരളീയരായ പ്രവാസി വനിതകളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കു ന്നതിനുള്ള നോർക്ക റൂട്ട്സിന്റെ ഏകജാലക സംവിധാ നമാണ് എൻആർകെ വനിതാസെൽ. ദുരിതമനുഭവി ക്കുന്ന സ്ത്രീകൾക്കോ, അവരുടെ പ്രതിനിധികൾക്കോ നോർക്ക വനിതാ സെൽ ഹെൽപ്പ്ലൈനുമായി 24 മണിക്കൂറും ബന്ധപ്പെടാം.

## റിക്രൂട്ട്മെന്റും നൈപുണി വികസന സംരംഭങ്ങളും

കുടിയേറ്റ സൗകര്യമൊരുക്കുന്ന കാര്യത്തിൽ, കേര ളീയർക്ക് സുരക്ഷിതവും നിയമപരവും ചിട്ടയായതു മായ കുടിയേറ്റം ഉറപ്പാക്കാൻ നോർക്ക പ്രതിജ്ഞാ ബദ്ധമാണ്. വിദേശത്തേക്ക് പോകുന്നവർക്കായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം (പിഡിഒപി) ബോധവൽക്കരണം നൽകുന്നു. കഴിഞ്ഞ 10 വർഷ ത്തിനിടെ വിദേശ തൊഴിൽ അന്വേഷകർ, നഴ്സിങ് വിദ്യാർഥികൾ എന്നിവരടങ്ങുന്ന ഏകദേശം 7000 പേർക്ക് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം വഴി പ്രയോജനം ലഭിച്ചിട്ടുണ്ട്. മടങ്ങിയെത്തിയ കുടിയേറ്റ ക്കാരെ വീണ്ടും തൊഴിൽ വിപണിയിൽ പ്രവേശിക്കു ന്നതിനോ വിദേശത്ത് തൊഴിലവസരങ്ങൾ നേടുന്ന തിനോ സഹായിക്കുന്നതിനായി നോർക്ക നൈപുണി വികസന പരിശീലന പരിപാടികളും നൽകുന്നു.

2023-ൽ നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് (NIFL) സ്ഥാപിച്ചു. ഇംഗ്ലീഷ് (OET, IELTS), ജർമ്മൻ തുടങ്ങിയ വിദേശ ഭാഷകളിൽ പരിശീലനം നൽകുന്ന ഈ പദ്ധതി, ബിപിഎൽ, എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് പഠനം പൂർണ്ണമായും സൗജന്യമാക്കുന്നു. കൂടാതെ വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്നവർക്ക് യാത്രാച്ചെലവും തൊഴിൽ പരിശീലനവുമായി ബന്ധ പ്പെട്ട ചെലവുകളും കണ്ടെത്തുന്നതിനായി നോർക്ക ശുഭയാത്ര എന്ന പദ്ധതി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം, ധനകാര്യ സ്ഥാപനങ്ങൾ മുഖേന പലിശ ഇളവോടെ വായ്പ അനുവദിക്കുന്നു

## റിക്രൂട്ട്മെന്റ് - നോർക്കയും ഒഡെപെകും

നോർക്കയുടെ റിക്രൂട്ട്മെന്റ് സേവനങ്ങളും കുടിയേറ്റ ത്തിന് നിർണ്ണായക പങ്ക് വഹിക്കുന്നു. വിദേശകാര്യ മന്ത്രാലയത്തിന്റെ ലൈസൻസ് പ്രകാരം പ്രവർത്തി

ക്കുന്ന രജിസ്റ്റേർഡ് റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക റൂട്ട്സ്. നോർക്ക റൂട്ട്സ് മുഖേന നിലവിൽ നഴ്സ്, ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയ തസ്തികകളിലേക്ക് റിക്രൂട്ട്മെന്റ് നടന്നു വരുന്നു. ജർമ്മനി, UK, കാനഡ, കുവൈറ്റ്, സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ അതാത് ഗവൺമെൻറ് ഏജൻ സികളുമായുള്ള MOU വിന്റെ അടിസ്ഥാനത്തിലാണ് റിക്രൂട്ട്മെന്റ് നടന്നു വരുന്നത്. കഴിഞ്ഞ 10 വർഷ കാലയളവിൽ 3659 പേരെ വിവിധ രാജ്യങ്ങളിലായി വിവിധ തൊഴിൽ മേഖലകളിൽ റിക്രൂട്ട് ചെയ്തിട്ടു ണ്ട്. സൗദി അറേബ്യയിലെ ആരോഗ്യ മന്ത്രാലയം, കുവൈറ്റ് നാഷണൽ ഗാർഡ്, ജർമ്മനിയിലേയ്ക്കുള്ള നഴ്സിങ് റിക്രൂട്ട്മെന്റ് - നോർക്ക ട്രിപ്പിൾ വിൻ, യുകെ - ഇയോവിൽ റിക്രൂട്ട്മെന്റ്, എൻ.എച്ച്.എസ് കെയർ പാർട്ണർഷിപ്പുകളിൽ ഒന്നായ Humber and North Yorkshire Health & Care Partnership, വെയിൽസ് ആരോഗ്യ മന്ത്രാലയം, കാനഡയിലെ ന്യൂ ഫൗണ്ട് ലാൻഡ് ആൻഡ് ലാബ്രഡോർ പ്രവിശ്യ എന്നീ തൊഴിൽ ദാതാക്കളുമായാണ് നിലവിൽ ആരോഗ്യ പ്രവർത്തകരുടെ റിക്രൂട്ട്മെന്റ് സാധ്യമാക്കുന്നത്.

യൂറോപ്യൻ രാജ്യങ്ങളിലേക്കും ഓസ്ട്രേലിയയിലേ ക്കും റിക്രൂട്ട്മെന്റ് ആരംഭിക്കുന്നതിനുമുള്ള നടപടി കളും പുരോഗമിക്കുന്നു. ആരോഗ്യമേഖലയ്ക്ക് പുറമേ ഇതര മേഖലകളിലേക്ക് ഔദ്യോഗിക റിക്രൂട്ട്മെന്റ് വൈവിധ്യവൽക്കരിക്കാനുള്ള ശ്രമങ്ങൾ സജീവമായി നടത്തി വരുന്നു.

കൂടാതെ വിസ തട്ടിപ്പും അനധികൃത ഏജന്റുമാരുടെ ചതികളും വർധിച്ച സാഹചര്യത്തിൽ, പരാതികൾ പരിഹരിക്കുന്നതിനായി Protector of Emigrants (MEA) യും കേരള പോലീസ്-ഉം ചേർന്ന് കൂടുതൽ ശക്തവും കാര്യക്ഷമവുമായ ഇടപെടലുകൾക്കായി ഓപ്പറേഷൻ ശുഭയാത്ര എന്ന പദ്ധതി നടപ്പിലാക്കി. നാലാം ലോക കേരള സഭയിൽ ഉയർന്നുവന്ന നിർദേശ പ്രകാരം കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ സുതാര്യത ഉറപ്പ് വരുത്തി സുരക്ഷിത കുടിയേറ്റം സാധ്യമാക്കുന്നതിന് നിയമ നിർമ്മാണ സാധ്യത പരിശോധിക്കുന്നതിന് 10 അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെ ടുവിച്ചു. സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തി പുതിയ കാലത്തെ അനധികൃത റിക്രൂട്ട്മെന്റ് സംവിധാനങ്ങ ൾക്ക് തടയിടാ നും മികച്ച തൊഴിലവസരങ്ങൾ ഉറപ്പുവ

രുത്താനും നോർക്ക വകുപ്പിന് സാധിക്കുന്നു എന്നത് അഭിമാനകരമാണ്.

1977 ലാണ് Overseas Development and Employment Promotion Consultants (ODEPC) ആരംഭിച്ചത്. ഇവരും ലൈസൻസ് ഉള്ള റിക്രൂട്ടിങ് ഏജൻസി ആണ്. ഇതുവരെ ചർച്ച ചെയ്തതിനു സമാനമായ മേഖലകളിലും രാജ്യങ്ങളിലേക്കുമാണ് ഒഡെപെക്കും റിക്രൂട്ട് ചെയ്യുന്നത്. 2016 നു ശേഷം ഏതാണ്ട് 12,000 പേരെ വിദേശരാജ്യങ്ങളിലേക്ക് വേണ്ടി റിക്രൂട്ട് ചെയ്തിട്ടുണ്ട്.

### സ്ഥാപനവൽക്കരിച്ച പ്രവാസി പങ്കാളിത്തം

പ്രവാസി പങ്കാളിത്തത്തിന്റെ കാര്യത്തിൽ, ലോകമെമ്പാടുമുള്ള കേരളീയരെ ഒരുമിപ്പിക്കാൻ 2018-ൽ ആരംഭിച്ച ശ്രമമാണ് ലോകകേരളസഭയുടെ രൂപീകരണത്തിൽ എത്തിയത്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോട് ഒപ്പമുള്ള ഒരു പൊതുവേദിയാണ് ലോക കേരള സഭ. വ്യത്യസ്ത മേഖലകളിലുള്ള പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ലോക കേരള സഭയുടെ മേഖലാ സമ്മേളനങ്ങളും നടത്തി വരുന്നു.

ഇതുവരെ ലോക കേരള സഭയുടെ അഞ്ചു സമ്മേളനങ്ങളും മൂന്ന് മേഖലാ സമ്മേളനങ്ങളുമാണ് സംഘടിപ്പിച്ചിട്ടുള്ളത്. നിലവിൽ 125 രാജ്യങ്ങളിൽ നിന്നും 28 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ സഭയിൽ അംഗങ്ങളാണ്. വിദേശകാര്യ വകുപ്പ് ലോക കേരള സഭയുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് ഇത്തരം മാതൃകകൾ രൂപീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

ലോക കേരള സഭയുടെ നിർദേശ പ്രകാരമാണ് പ്രവാസി മലയാളികളുടെ വിവരശേഖരണത്തിനായി കേരള മൈഗ്രേഷൻ സർവേ 2023നു അംഗീകാരം നൽകിയത്. ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന നിരന്തര നിർദേശം പരിഗണിച്ച് സർക്കാർ 'ലോക കേരളം ഓൺലൈൻ' എന്ന പോർട്ടൽ രൂപീകരിച്ചു പ്രവർത്തനങ്ങൾ വിപുലീകരിച്ചു. നാലാം ലോക കേരള സഭയുടെ ഭാഗമായി വന്ന പ്രധാന നിർദേശങ്ങളായ പ്രവാസി മിഷൻ, നോർക്ക പോലിസ് സ്റ്റേഷൻ, മാനസിക ആരോഗ്യ-ആയുർവേദ സേവനങ്ങൾ തുടങ്ങിയ ലോക കേരളം ഓണലൈൻ സേവനങ്ങൾ, എയർപോർട്ട് ഹെല്പ് ഡസ്ക് തുടങ്ങിയ നിർദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രവാസി നിക്ഷേപം സ്വീകരിച്ചു നാടിന്റെ വികസനത്തിന് ഉതകുന്ന രീതിയിൽ വിനിയോഗിക്കാൻ വിപുലമായ ശ്രമങ്ങൾ നോർക്ക വകുപ്പ് നടത്തി വരുന്നു. ഒന്നാം ലോക കേരള സഭയിലെ നിർദേശ പ്രകാരം പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച സ്ഥാപനമാണ് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിങ് ലിമിറ്റഡ് (OKIH). ഇതിന് കീഴിൽ പ്രധാനമായും നാല് പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ദേശീയപാതയോരങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 50 യാത്രാസൗകര്യ കേന്ദ്രങ്ങൾ ഒരുക്കുന്ന 'റെസ്റ്റ് സ്റ്റോപ്പ്', മുതിർന്ന പൗരർക്കായി മികച്ച താമസസൗകര്യവും പരിചരണവും ഉറപ്പാക്കുന്ന 'നോർക്ക സീനിയർ ലിവിങ്', ഈ മേഖലയിലെ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സാമൂഹ്യനീതി വകുപ്പുമായി സഹകരിക്കുന്ന 'ഷേർപ്പ സീനിയർ ലിവിങ്', നിക്ഷേപങ്ങൾ സുഗമമാക്കാൻ ഡിജിറ്റൽ സംവിധാനങ്ങൾ ഒരുക്കുന്ന 'ഷേർപ്പ്' എന്നിവയാണവ.

കൂടാതെ, പ്രവാസികൾക്കും അവരുടെ പങ്കാളികൾക്കും ആജീവനാന്തം പ്രതിമാസ വരുമാനം ഉറപ്പാക്കുന്ന ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. പ്രവാസി ക്ഷേമനിധി ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ 2023 വരെ ആകെ 330.39 കോടി രൂപ സർക്കാർ സമാഹരിച്ചിട്ടുണ്ട്. പ്രവാസി നിക്ഷേപങ്ങൾ ജന്മനാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനൊപ്പം നിക്ഷേപകർക്ക് സുരക്ഷിതമായ വരുമാനം നൽകാനും ഈ പദ്ധതികൾ സഹായിക്കുന്നു. ഇത്തരം പദ്ധതികൾ പ്രവാസി നിക്ഷേപം വൈവിധ്യവൽക്കരിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ ഡിവിഡന്റ് പദ്ധതി വഴി ലഭിക്കുന്ന നിക്ഷേപങ്ങൾ കിഫ്ബി അടക്കമുള്ള പശ്ചാത്തല വികസന പദ്ധതികൾക്ക് ഉപയോഗിക്കാനും സാധിക്കുന്നു.

ഇത് കൂടാതെ നിയമസഹായം, അപകട സാഹചര്യത്തിലുള്ള അടിയന്തിര റീപാട്രിയേഷൻ, കോവിഡ്-19 മഹാമാരിയുടെ കാലത്ത്, നോർക്ക കോവിഡ് ജാഗ്രത രജിസ്ട്രേഷൻ പോർട്ടൽ അടക്കമുള്ള ക്ഷേമ പ്രവർത്തനങ്ങളും നോർക്ക കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ സജീവമായി നടത്തി വരുന്നു.

ഇത്തരത്തിൽ പ്രവാസത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന സമഗ്രമായ ക്ഷേമ-വികസന പദ്ധതികളാണ് നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയത്. പക്ഷേ, മലയാളിയുടെ കുടിയേറ്റം നേരിടുന്ന വെല്ലുവിളികളും സാധ്യതകളും ആഗോള-ദേശീയ തലത്തിൽ ഉണ്ടായ മാറ്റങ്ങൾക്ക് അനുസൃതമായി വിശദമായി പരിശോധിച്ച് ചർച്ചയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

## III

## മാറിവരുന്ന കുടിയേറ്റ ഭൂപടവും ആതിഥേയ രാജ്യങ്ങളിലെ മാറുന്ന നയങ്ങളും

കേരള സമ്പദ്ഘടനയെ സംബന്ധിച്ചിടത്തോളം വിദേശത്തേക്കുള്ള കുടിയേറ്റവും അവിടുന്നുള്ള വരുമാനവും വർധിപ്പിക്കേണ്ടതാവശ്യമാണ്. അവയെ ഫലപ്രദമായി ഉപയോഗപ്പെടുത്തി വിജ്ഞാനസമ്പ

ദ്ഘടനയിലേക്കുള്ള പരിവർത്തനം സാധ്യമാക്കുവാനാണ് ശ്രമിക്കുന്നത്. അതിനുതകുന്ന നയങ്ങളും നടപടികളും ആവിഷ്കരിക്കുമ്പോൾ ആതിഥേയ രാജ്യങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ മനസിലാക്കേണ്ടത് ആവശ്യമാണ്. ഇത്തരമൊരു ഓട്ടപ്രദക്ഷിണമാണ് ഇനി നടത്തുന്നത്.

## കോവിഡുകാലവും ശേഷവും

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, അന്താരാഷ്ട്ര കുടിയേറ്റം കാര്യമായ പരിവർത്തനങ്ങൾക്ക് വിധേയമായിട്ടുണ്ട്. കോവിഡ്-19 മഹാമാരി, ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ, കാലാവസ്ഥാ വ്യതിയാനം, പരിണമിച്ചുകൊണ്ടിരിക്കുന്ന കുടിയേറ്റ ഭരണസംവിധാനങ്ങൾ എന്നീ ഘടകങ്ങളുടെ സ്വാധീനം ദൃശ്യമാണ്. സമീപകാല സംഭവവികാസങ്ങൾ കൂടുതൽ സങ്കീർണ്ണവും അസമത്വങ്ങൾ നിറഞ്ഞതും വെല്ലുവിളികൾ ഏറിയതുമായ ഒരു കുടിയേറ്റ ഭൂപ്രകൃതിയെ വെളിപ്പെടുത്തുന്നു.

കോവിഡ്-19 മഹാമാരി ആഗോള പ്രവാസത്തിനു കാര്യമായ വെല്ലുവിളി ഉയർത്തി. അതിർത്തികൾ അടച്ചതും തൊഴിൽനഷ്ടവും വേതനം നൽകാതെയുള്ള വഞ്ചനയും, വൻതോതിലുള്ള പ്രവാസികളുടെ തിരിച്ചു വരവും കുടിയേറ്റക്കാരുടെ ജീവിതോപാധികളുടെ അരക്ഷിതാവസ്ഥ തുറന്നുകാട്ടി. പ്രത്യേകിച്ച് അനൗദ്യോഗികമോ താൽക്കാലികമോ കുറഞ്ഞ വൈദഗ്ധ്യമുള്ളതോ ആയ ജോലികളിൽ ഏർപ്പെട്ടിരുന്നവരുടെ കാര്യത്തിൽ ഇത് പ്രകടമായിരുന്നു. എന്നിരുന്നാലും, ലക്ഷ്യസ്ഥാന രാജ്യങ്ങൾ (Destination countries) കടുത്ത തൊഴിൽക്ഷാമം നേരിട്ടതോടെ, കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കുടിയേറ്റത്തിൽ, പ്രത്യേകിച്ച് തൊഴിൽ കുടിയേറ്റത്തിൽ, കോവിഡ്-19 ശേഷമുള്ള ശക്തമായ തിരിച്ചുവരവ് പ്രകടമായിട്ടുണ്ട്.

## തീവ്രവലതുപക്ഷങ്ങളും താൽക്കാലിക കുടിയേറ്റ പ്രതിഭാസവും

പാശ്ചാത്യരാജ്യങ്ങളിലെ തീവ്ര വലതുപക്ഷം കുടിയേറ്റത്തിനെതിരായ തീവ്ര നിലപാട് സ്വീകരിക്കുന്നു. എന്നിരുന്നാൽ തന്നെയും പ്രായാധിക്യ പ്രവണതകൾ മൂലം കുടിയേറ്റ തൊഴിലാളികളെ ആശ്രയിക്കാതെ അവർക്ക് മുന്നോട്ടുപോവാനാവില്ല. ഗൾഫ് രാജ്യങ്ങളിലും സ്വദേശിവൽക്കരണം ശക്തിപ്പെടുകയാണ്. എങ്കിലും അവിടുത്തെയും സാമ്പത്തികവളർച്ചയ്ക്ക് വിദേശതൊഴിലാളികൾ കൂടിയേ തീരൂ. ഇതിന്റെ ഒരു രാഷ്ട്രീയ പ്രത്യാഘാതം സ്ഥിരം കുടിയേറ്റത്തെ നിരുത്സാഹപ്പെടുത്തുകയും താൽക്കാലിക കുടിയേറ്റത്തിലേക്ക് കർശന വ്യവസ്ഥകളോടെ പരിമിതപ്പെടുത്തുവാനുള്ള പ്രവണതകളാണ്.

കഴിഞ്ഞ അഞ്ച് വർഷത്തെ അന്താരാഷ്ട്ര കുടിയേറ്റത്തിന്റെ ഒരു പ്രധാന സവിശേഷത, തൊഴിലാളികൾക്കായി താൽക്കാലിക തൊഴിൽ കുടിയേറ്റ (Temporary Labour Migration - TLM) കരാറുകളെ അമിതമായി ആശ്രയിക്കുന്നു എന്നതാണ്. സ്ഥിരമായ താമസമോ ദീർഘകാല സെറ്റിൽമെന്റോ പ്രോത്സാഹിപ്പിക്കുന്നതിന് പകരം ഹ്രസ്വകാല, ചക്രിയ (circular), തൊഴിലുടമയുമായി ബന്ധിപ്പിക്കപ്പെട്ട (employer-tied) കുടിയേറ്റ രീതികളിലേക്കുള്ള മാറ്റമാണ്.

ദീർഘകാല സാമൂഹിക സംയോജനം (Social integration), ക്ഷേമ ആനുകൂല്യങ്ങൾ നൽകാനുള്ള ബാധ്യതകൾ, കുടിയേറ്റത്തെച്ചൊല്ലിയുള്ള രാഷ്ട്രീയ തർക്കങ്ങൾ എന്നിവ ഒഴിവാക്കിക്കൊണ്ടുതന്നെ തൊഴിൽ വിപണിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഈ പ്രോഗ്രാമുകൾ രാജ്യങ്ങളെ പ്രാപ്തമാക്കുന്നു. ചുരുക്കത്തിൽ, 'താൽക്കാലികത' എന്നത് വെറുമൊരു തൊഴിൽ വിപണി ഉപകരണം മാത്രമല്ല, മറിച്ച് പൗരത്വം നൽകാതെ തന്നെ ആളുകളുടെ സഞ്ചാരത്തെ നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള വിപുലമായ ഒരു ഭരണ തന്ത്രം കൂടിയാണ്.

ഇത്തരം കുടിയേറ്റ പദ്ധതികളുടെ വർധനവ് "സ്ഥിരമായ താൽക്കാലികത" (Permanent temporariness) എന്ന അവസ്ഥയെ തീവ്രമാക്കിയിട്ടുണ്ട്. പല വികസിത സമ്പദ്‌വ്യവസ്ഥകളിലും കുടിയേറ്റ തൊഴിലാളികൾക്ക് ദീർഘകാലമായുള്ള ആവശ്യകതയുണ്ടെങ്കിലും, ഒരു സ്ഥിരമായ തൊഴിൽ സേനയെ നിലനിർത്തുന്നതിന് പകരം തൊഴിലാളികളെ ഇടയ്ക്കിടെ മാറ്റിക്കൊണ്ടിരിക്കുന്ന (rotating cohorts) രീതിയാണ് അവർ പിന്തുടരുന്നത്. അതായത്, തൊഴിൽ ആവശ്യം സ്ഥിരമാണ്, എന്നാൽ തൊഴിലാളി താൽക്കാലികമാണ്. ഇത് സുരക്ഷിതത്വമോ സ്ഥിരതാമസമോ ഇല്ലാത്ത ആവർത്തിച്ചുള്ള കുടിയേറ്റ ചക്രങ്ങളിലേക്ക് തൊഴിലാളികളെ നയിക്കുന്നു.

ഈ താൽക്കാലിക വ്യവസ്ഥ കുടിയേറ്റക്കാരുടെ അരക്ഷിതാവസ്ഥയും ദുർബലതയും വർധിപ്പിച്ചിട്ടുണ്ട്. പലപ്പോഴും അവർക്ക് രണ്ടാം നിര പൗരരുടെ പദവിയാണ് ലഭിക്കുന്നത്; പരിമിതമായ തൊഴിലവസരങ്ങൾ, ജോലി മാറുന്നതിലുള്ള നിയന്ത്രണങ്ങൾ, സാമൂഹിക സുരക്ഷാ സംവിധാനങ്ങളിൽ നിന്നുള്ള പുറന്തള്ളൽ എന്നിവയാണ് ഇവരുടെ പ്രധാന പ്രശ്നങ്ങൾ. ഒഇസിഡി (OECD) രാജ്യങ്ങളിലെ സീസണൽ സ്കീമുകളിലും ജിസിസി (GCC) രാജ്യങ്ങളിലെ തൊഴിൽ സംവിധാനങ്ങളിലും നിലനിൽക്കുന്ന 'ടൈഡ് വിസ' (Tied visa-Kafala) രീതികൾ തൊഴിലാളിയുടെ നിയമപരമായ പദവിയെ ഒരു പ്രത്യേക തൊഴിലുടമയുമായി മാത്രം ബന്ധിപ്പിക്കുന്നു. ഇത് ചൂഷണം, ശമ്പളം നൽകാത്ത അവസ്ഥ, സുരക്ഷിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങൾ എന്നിവയ്ക്കെതിരെ പരാതി നൽകുന്നതിൽ നിന്ന് തൊഴിലാളികളെ തടയുന്നു.

സാമൂഹികമായ ആഘാതങ്ങളും വളരെ വലുതാണ്. ഇത്തരം പദ്ധതികൾ പലപ്പോഴും കുടുംബങ്ങളെ ഒന്നിച്ചു താമസിക്കാൻ അനുവദിക്കുന്നില്ല, ഇത് ദീർഘകാല കുടുംബ വേർപിരിയലുകൾക്കും കടുത്ത മാനസിക സമ്മർദങ്ങൾക്കും കാരണമാകുന്നു. സ്വകാര്യ ഏജൻസികൾ വഴി താൽക്കാലിക കരാറുകൾ നേടുന്നതിനായി നൽകേണ്ടി വരുന്ന ഉയർന്ന ഫീസുകൾ പലപ്പോഴും തൊഴിലാളികളെ

കടക്കെണിയിലേക്കും നിർബന്ധിത തൊഴിലിലേക്കും നയിക്കുന്നു.

### കൂടുതൽ കർക്കശമാവുന്ന റിക്രൂട്ട്മെന്റ് രീതികൾ

റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ കൂടുതൽ വാണിജ്യവൽക്കരിക്കപ്പെടുകയും വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ന്യായമായ റിക്രൂട്ട്മെന്റിനായുള്ള അന്താരാഷ്ട്ര പ്രതിബദ്ധതകൾ നിലനിൽക്കുന്നുണ്ടെങ്കിലും ഉയർന്ന റിക്രൂട്ട്മെന്റ് ഫീസുകൾ, കരാറുകളിലെ നിയമപരമല്ലാത്ത മാറ്റങ്ങൾ (contract substitution), തൊഴിൽ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ എന്നിവ പ്രവാസികൾക്ക് വലിയ വെല്ലുവിളി ഉയർത്തുന്നു. പ്രവാസികൾ കൂടുതലുള്ള രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം, വൈദഗ്ധ്യമുള്ളവർ കുറഞ്ഞ വേതനമുള്ള ജോലികളിലേക്ക് മാറുന്ന സാഹചര്യം (deskilling), തൊഴിൽ മേഖലകളിലെ വിഭജനം, അസമമായ വ്യവസ്ഥകളിൽ തൊഴിലാളികളെ കയറ്റുമതി ചെയ്യുന്ന

തിന്റെ ദീർഘകാല വികസന പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ ഇത് വർധിപ്പിച്ചിട്ടുണ്ട്.

നിലവിൽ ലോകജനസംഖ്യയുടെ 3.6 ശതമാനത്തോളം വരുന്ന ഏകദേശം 281 ദശലക്ഷം ജനങ്ങൾ പ്രവാസികളാണ്. ആഗോള കുടിയേറ്റത്തിന്റെ ഒരു പ്രധാന സവിശേഷത, ഭൂരിഭാഗം കുടിയേറ്റക്കാരും ഇപ്പോഴും താഴ്ന്ന വരുമാനമുള്ളതോ അല്ലെങ്കിൽ ഇടത്തരം വരുമാനമുള്ളതോ ആയ രാജ്യങ്ങളിൽ നിന്നുള്ളവരാണ് എന്നതാണ്. എന്നിരുന്നാലും, വടക്കേ അമേരിക്കൻ, യൂറോപ്യൻ രാജ്യങ്ങൾ ലക്ഷ്യമാക്കിയുള്ള കുടിയേറ്റത്തിൽ കുറവ് സംഭവിക്കുകയും അതത് ഭൂഖണ്ഡങ്ങൾക്ക് ഉള്ളിൽ തന്നെയുള്ള രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം വർധിക്കുകയും ചെയ്തു. അപ്രകാരം ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നീ ഭൂഖണ്ഡങ്ങൾക്കുള്ളിലുള്ള കുടിയേറ്റം കൂടുതൽ പ്രാധാന്യം ആർജിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ സാമീപ്യം, തൊഴിൽ ആവശ്യകത, പ്രാദേശികകരാറുകൾ, കൂടാതെ വികസിത രാജ്യങ്ങളിലേക്കുള്ള പ്രവേശനത്തിനുള്ള നിയന്ത്രണങ്ങൾ എന്നിവയാണ് ഇത്തരം മാറ്റങ്ങൾക്ക് ചാലക ശക്തിയാകുന്നത്.

### പ്രവാസി പണം (Remittances)

കഴിഞ്ഞ അഞ്ച് വർഷത്തെ ഏറ്റവും ശ്രദ്ധേയമായ സംഭവവികാസങ്ങളിലൊന്ന് പ്രവാസികൾ നാട്ടിലേക്കയക്കുന്ന പണത്തിന്റെ (Remittance flows) അദ്ഭുതകരമായ അതിജീവന ശേഷിയാണ്. 2022-ൽ ആഗോളതലത്തിൽ ഇത്തരത്തിൽ അയക്കപ്പെട്ട തുക 831 ബില്യൺ ഡോളറിൽ എത്തിയിരുന്നു; ഇതിൽ 647 ബില്യൺ ഡോളറും ഒഴുകിയെത്തിയത് താഴ്ന്ന-ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലേക്കാണ്. പല രാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥകളെ സംബന്ധിച്ചും, നേരിട്ടുള്ള വിദേശ നിക്ഷേപത്തെക്കാളും (FDI) ഔദ്യോഗിക വികസന സഹായങ്ങളെക്കാളും (ODA) വലിയ തുകയാണ് പ്രവാസികൾ അയക്കുന്നത്. ഇത് സാമ്പത്തിക ആഘാതങ്ങളുടെ കാലഘട്ടത്തിൽ ഒരു നിർണ്ണായക സംരക്ഷണകവചമായി പ്രവർത്തിക്കുന്നു.

### കുടിയേറ്റ ഭരണസംവിധാനം, അസമത്വം, ഡിജിറ്റലൈസേഷൻ

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിലെ ഏറ്റവും ശ്രദ്ധേയമായ ഒരു മാറ്റം കുടിയേറ്റത്തിനുള്ള അവസരങ്ങൾ ലഭിക്കുന്നതിലെ വർധിച്ചുവരുന്ന അസമത്വമാണ്. ചില കുടിയേറ്റക്കാർക്ക് തൊഴിൽ വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പാതകളും ഉഭയകക്ഷി കരാറുകളും ഗുണകരമാകുമ്പോൾ, ഭൂരിഭാഗം കുടിയേറ്റക്കാർക്കും നിയമപരമായ അവസരങ്ങൾ പരിമിതമാണ്. ഇത് അവരെ ക്രമരഹിതവും (irregular) അപകടകരവുമായ പാതകളിലേക്ക് തള്ളിവിടുന്നു. കുടിയേറ്റക്കാർ മരണപ്പെടുന്നതും കാണാതാകുന്നതും ആശങ്കാജനകമായ തോതിൽ വർധിച്ചിട്ടുണ്ട്.

അതേസമയം, കുടിയേറ്റ ഭരണസംവിധാനങ്ങൾ ഇ-വിസകൾ, ബയോമെട്രിക് സംവിധാനങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത അതിർത്തി മാനേജ്മെന്റ് എന്നിവയുൾപ്പെടെ കൂടുതൽ ഡിജിറ്റലൈസ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ നവീകരണങ്ങൾ കാര്യക്ഷമത വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, അവ ഡിജിറ്റൽ വിഭജനം (digital divide) വർധിപ്പിക്കാൻ സാധ്യതയുണ്ട്. കാരണം, ഭൂരിഭാഗം കുടിയേറ്റക്കാർക്കും ഇത്തരം സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ, രേഖകൾ, ഡിജിറ്റൽ സാക്ഷരത എന്നിവയുടെ പരിമിതികളുണ്ട്.

### ഇന്ത്യക്കാരുടെ കുടിയേറ്റത്തിലെ പ്രവണതകൾ

കുടിയേറ്റത്തിന്റെ കാര്യത്തിൽ ഇന്ത്യ ലോകത്തിലെ ഏറ്റവും സുപ്രധാനമായ ഭൂപ്രദേശമാണ്. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസി പണം സ്വീകരിക്കുന്ന രാജ്യമായി ഇന്ത്യ ദീർഘകാലമായി നിലകൊള്ളുന്നു. ഏകദേശം 1.8 കോടി ഇന്ത്യക്കാരാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവാസജീവിതം നയിക്കുന്നത്. 1995-ൽ ഇന്ത്യയിൽ നിന്നുള്ള പ്രവാസികളുടെ വിഹിതം ആകെ ജനസംഖ്യയുടെ 0.7 ശതമാനമായിരുന്നു; 2020-ഓടെ അത് 1.3 ശതമാനമായി ഉയർന്നു. ലോകത്തിലെ പ്രധാന കുടിയേറ്റ ഇടനാഴികളിൽ ഒന്നായ ഇന്ത്യ–യുഎഇ ഇടനാഴി മാത്രം തന്നെ ഏകദേശം 35 ലക്ഷത്തിലധികം ഇന്ത്യക്കാർക്ക് തൊഴിൽ അവസരം നൽകുന്നു.

പ്രധാന ആതിഥേയ രാജ്യങ്ങളുമായുള്ള ഉഭയകക്ഷി കരാറുകൾ പലപ്പോഴും പ്രായോഗികമായി നടപ്പിലാക്കപ്പെടാതെ കടലാസിൽ മാത്രം നിലനിൽക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ ഗാർഹിക തൊഴിലാളികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കരാറുകൾ പോലും പല സാഹചര്യങ്ങളിലും ഫലപ്രദമായി നടപ്പിലാകുന്നില്ല.

സംസ്ഥാനങ്ങളിലെ കുടിയേറ്റ ഭൂപടത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പരമ്പരാഗതമായി തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവയാണ് കുടിയേറ്റത്തിൽ മുൻപന്തിയിലുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾ കൂടുതലായി പ്രവാസികളെ സംഭാവന ചെയ്യുന്നു.

### മൈഗ്രേഷൻ ആൻഡ് മൊബിലിറ്റി പാർട്ണർഷിപ്പ് കരാറുകൾ (MMPAs)

ഇന്ത്യൻ സാഹചര്യത്തിൽ മൈഗ്രേഷൻ ആൻഡ് മൊബിലിറ്റി പാർട്ണർഷിപ്പ് കരാറുകൾ (MMPAs) പ്രധാനമായും യൂറോപ്യൻ രാജ്യങ്ങളുമായും ഓസ്ട്രേലിയയുമായും ഒപ്പുവെക്കുന്ന ഉഭയകക്ഷി ചട്ടക്കൂടുകളാണ്. വിദ്യാർഥികൾ, ഗവേഷകർ, പ്രൊഫഷണലുകൾ, തൊഴിലാളികൾ എന്നിവർക്കായി നിയമാനുസൃതവും സുരക്ഷിതവുമായ മൊബിലിറ്റി സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം അനധികൃത കുടിയേറ്റം, തിരിച്ചുവരവ് (return) പുനഃസംയോജനം (readmission) എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഇവയിൽ ഉൾപ്പെടുന്നു. പരമ്പരാഗത തൊഴിൽ കരാറുകളിൽനിന്ന് മാറി വിദേശകാര്യ നയത്തോടും വ്യാപാര തന്ത്രങ്ങളോടും ബന്ധപ്പെട്ട ഒരു വിപുലമായ "മൊബിലിറ്റി ഡിപ്ലോമസി" മാതൃകയിലേക്കുള്ള മാറ്റമാണിത് സൂചിപ്പിക്കുന്നത്.

എന്നാൽ രാഷ്ട്രീയ-സാമ്പത്തിക കാഴ്ചപ്പാടിൽ കുടിയേറ്റ വിരുദ്ധത പ്രതിഫലിപ്പിക്കുന്നു. ലക്ഷ്യരാജ്യങ്ങൾക്ക് അതിർത്തിനിയന്ത്രണവും നാടുകടത്തലുമായി ബന്ധപ്പെട്ട സഹകരണവും ഉറപ്പാക്കാനാകുമ്പോൾ, ഇന്ത്യയ്ക്ക് ലഭിക്കുന്നത് നിയന്ത്രിതവും പലപ്പോഴും പരിമിതവുമായ നിയമപരമായ പ്രവേശന വഴികളാണ്. ഇത്തരത്തിൽ കുടിയേറ്റ ഭരണകൂടം സുരക്ഷാ ആശങ്കകളോടും നിയന്ത്രണ ലക്ഷ്യങ്ങളോടും അടുത്ത് ബന്ധിപ്പിക്കപ്പെടുന്നു.

ഇതോടൊപ്പം, ഇത്തരം കരാറുകളുടെ മറ്റൊരു വിമർശനം ഉയർന്ന നൈപുണ്യമുള്ള പ്രൊഫഷണലുകൾ, പ്രാരംഭ-കരിയർ പ്രതിഭകൾ, വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങൾക്കാണ് പ്രധാനമായും അവസരങ്ങൾ ലഭ്യമാകുന്നത് എന്നതാണ്. ഇന്ത്യയിൽനിന്നുള്ള കുടിയേറ്റക്കാരിൽ വലിയൊരു വിഹിതം രൂപീകരിക്കുന്ന അവിദഗ്ധ, അർധവിദഗ്ധ തൊഴിലാളികൾ ഈ ചട്ടക്കൂടുകൾക്കു പുറത്തുതന്നെയാണ്. ഇതിലൂടെ ആഗോള തൊഴിൽ വിപണിയിൽ നിലവിലുള്ള അസമത്വങ്ങൾ കൂടുതൽ ഉറപ്പിക്കപ്പെടുന്നു.

ദീർഘകാലമായി വിമർശനവിധേയമായിരുന്ന 1983ലെ കുടിയേറ്റ നിയമം 42 വർഷങ്ങൾക്കു ശേഷം പുനഃപരിശോധിച്ച് പുതിയ നിയമം കൊണ്ടുവരാനുള്ള നീക്കം ഈ പശ്ചാത്തലത്തിലാണ് ശ്രദ്ധേയമാകുന്നത്. പക്ഷേ 2019 മുതൽ തുടങ്ങിയ ശ്രമങ്ങളുടെ ഭാഗമായി പുറത്തുവിടുന്ന മൂന്നാമത്തെ കരട് ബിൽ ആണ് 2025ൽ പൊതുജനാഭിപ്രായത്തിനായി നൽകിയിരിക്കുന്നത്. 2025ലെ "ഓവർസീസ് മൊബിലിറ്റി (ഫസിലിറ്റേഷൻ ആൻഡ് വെൽഫെയർ) ബിൽ" നിയന്ത്രണത്തിൽനിന്ന് സൗകര്യവൽക്കരണത്തിലേക്കുള്ള ആശയപരമായ മാറ്റം പ്രതിഫലിപ്പിക്കുന്നു. നടപടിക്രമങ്ങൾ ലളിതമാക്കുന്നത് സ്വാഗതാർഹമായിരുന്നാലും ഉപയോഗിച്ചിരിക്കുന്ന ഭാഷയും പ്രാധാന്യക്രമവും സർക്കാരിന്റെ സംരക്ഷണ ഉത്തരവാദിത്തത്തേക്കാൾ സാമ്പത്തിക ലക്ഷ്യങ്ങളെയാണ് മുൻനിർത്തുന്നതെന്ന ആശങ്ക ഉയർത്തുന്നു.

## IV
## പ്രവാസ മേഖലയിലെ പുതിയ വികസന അജണ്ട

### കുടിയേറ്റ പ്രോത്സാഹനം

1. കേരളത്തിൽ നിന്നുള്ള കുടിയേറ്റം സമീപകാലത്ത് മന്ദീഭവിച്ചിരിക്കുകയാണ് ഏറ്റവും പുതിയ ഇക്കണോമിക് റിവ്യൂ നൽകുന്ന കണക്കുപ്രകാരം 2013 ൽ 24 ലക്ഷം ഉണ്ടായിരുന്ന പ്രവാസികളുടെ എണ്ണം 21 ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. ഗൾഫിലും പാശ്ചാത്യ രാജ്യങ്ങളിലേക്കുമുള്ള കുടിയേറ്റങ്ങളെക്കുറിച്ചും നിയമപരമായ വശങ്ങളെ കുറിച്ചും വിശദീകരിച്ചുകഴിഞ്ഞു. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ നിന്നുള്ള റിക്രൂട്ട്മെന്റ് വർധിപ്പിക്കുന്നതിന് ആസൂത്രിതമായ പരിശ്രമം കൂട്ടായി നടത്തേണ്ടതുണ്ട്. നോർക്ക, ഒഡെപെക്, വിജ്ഞാനകേരളം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വിദേശ തൊഴിൽ മേളകൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കണം. വിജ്ഞാനകേരളവും റിക്രൂട്ടിങ് ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ മൂന്ന് ഏജൻസികൾ വഴിയുള്ള നേരിട്ടുള്ള റിക്രൂട്ട്മെന്റിനുവേണ്ടി മാത്രമല്ല തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്. കേരളത്തിൽ നിന്ന് റിക്രൂട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന ഏതൊരു രജിസ്റ്റേർഡ് ഏജൻസിക്കും ഈ മേളകൾ ഉപയോഗപ്പെടുത്താവുന്നതാണ്.
2. രജിസ്റ്റേർഡ് റിക്രൂട്ടിങ് ഏജന്റുമാർ അവർക്കാവശ്യമുള്ള തൊഴിലാളികളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിക്കഴിഞ്ഞാൽ താൽപര്യവും യോഗ്യതയുമുള്ള ഉദ്യോഗാർഥികളെ കണ്ടെത്തി മേളയിൽ പങ്കെടുപ്പിക്കുന്നതിനുള്ള ചുമതല വിജ്ഞാനകേരളം ഏറ്റെടുക്കും. ഇതിനാവശ്യമായ പോർട്ടൽ വിജ്ഞാനകേരളത്തിന് ഇപ്പോൾ തന്നെയുണ്ട്. എന്ന് മാത്രമല്ല ഉദ്യോഗാർഥികൾക്ക് അഭിമുഖത്തിന് മുമ്പേ ആവശ്യമായ തയ്യാറെടുപ്പ് പരിശീലനവും വേണ്ടിവന്നാൽ ഡൊമൈൻ സ്കിൽ പരിശീലനവും ലഭ്യമാക്കും മേളയിൽ വച്ചു തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് ആവശ്യമായ ഭാഷ ഡൊമൈൻ സ്കിൽ പരിശീലനത്തിന് മേളയ്ക്ക് ശേഷവും വിജ്ഞാനകേരളത്തിന്റെ പങ്കാളിത്തം ഉണ്ടാവും. ഇത്തരത്തിൽ ഓരോ വർഷവും ഒരു ലക്ഷം പേരെയെങ്കിലും ഗൾഫി

ലേക്കും പാശ്ചാത്യ രാജ്യങ്ങളിലേക്കും റിക്രൂട്ട് ചെയ്യുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തിക്കണം.

3. കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി നോർക്കയുടെ ഇടപെടലുകൾ മിക്കതും ഗൾഫ് കേന്ദ്രീകൃതമായിരുന്നു. ക്ഷേമ പദ്ധതികളുടെയും സാമൂഹിക സുരക്ഷ-പുനസംയോജന പദ്ധതികളുടെയും പ്രധാന ഗുണഭോക്താക്കൾ ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കുന്ന പ്രവാസികളായിരുന്നു. എന്നാൽ മലയാളിയുടെ കുടിയേറ്റത്തിൽ വന്ന മാറ്റങ്ങൾ നോർക്കയുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കേണ്ടതുണ്ട്. യൂറോപ്പ്, ആഫ്രിക്ക, ഓസ്ട്രേലിയ തുടങ്ങിയ വൻകരകളിലേക്കുള്ള തൊഴിൽ കുടിയേറ്റങ്ങൾ ആവശ്യപ്പെടുന്ന പദ്ധതികളും പരിപാടികളും നമുക്ക് വരുന്ന 5 വർഷത്തിനുള്ളിൽ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സാധിക്കണം. വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്നവർക്ക് ആവശ്യമായ നിയമസഹായം, അവിടത്തെ ജീവിതച്ചെലവ്, സാംസ്കാരികമായ പൊരുത്തപ്പെടലുകൾ എന്നിവയെക്കുറിച്ച് കൃത്യമായ മാർഗനിർദേശങ്ങൾ നൽകാൻ ഔദ്യോഗിക സംവിധാനങ്ങൾക്ക് പലപ്പോഴും സാധിക്കുന്നില്ല. ഇത് കുടിയേറ്റക്കാർ വിദേശ രാജ്യങ്ങളിൽ ഒറ്റപ്പെടാനും സങ്കീർണ്ണമായ നിയമക്കുരുക്കുകളിൽ അകപ്പെടാനും കാരണമാകുന്നു. ഗൾഫ് കേന്ദ്രീകൃതമായ നയങ്ങളിൽ നിന്ന് ആഗോളതലത്തിലുള്ള നയങ്ങളിലേക്ക് മാറുന്നതിലെ താമസം ഒരു വലിയ ഭരണപരമായ വെല്ലുവിളിയായി തുടരുന്നു.

4. താൽക്കാലിക കുടിയേറ്റ കരാറുകൾ പാശ്ചാത്യ രാജ്യങ്ങളിലേക്കും പടരുന്ന എന്ന പ്രതിഭാസത്തെക്കുറിച്ചു വിശദമായി പ്രതിപാദിച്ചുകഴിഞ്ഞു. ദൗർഭാഗ്യവശാൽ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മൈഗ്രെഷൻ (IOM), ലോക തൊഴിലാളി സംഘടന (ILO) തുടങ്ങിയ സംഘടനകൾ പോലും രാജ്യങ്ങൾ തമ്മിൽ താൽക്കാലിക കുടിയേറ്റ കരാറുകൾ ഉണ്ടാക്കുന്നതിനാണ് ശ്രമിക്കുന്നത്. ആറുമാസം മുതൽ അഞ്ചുവർഷം വരെയുള്ള തൊഴിൽ കരാറുകൾ രാജ്യങ്ങൾ തമ്മിൽ ഉണ്ടാക്കുക വഴി നിയമപരമായ കുടിയേറ്റം വർധിപ്പിക്കാൻ സാധിക്കും അവരുടെ പ്രതീക്ഷ. ഇത്തരം കരാറുകളെ കുറിച്ച് വിശദമായി പഠിക്കുകയും ആവശ്യമായ ഉപദേശങ്ങൾ തൊഴിലന്വേഷകർക്ക് നൽകുകയും പരമാവധി പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ നൽകുകയും വേണം.

5. വിസ നടപടികളും കുടിയേറ്റ ഭരണസംവിധാനങ്ങളും വേഗത്തിൽ ഡിജിറ്റലൈസ് ചെയ്യപ്പെടുന്നത് സാങ്കേതികമായി പിന്നാക്കം നിൽക്കുന്ന സാധാരണ തൊഴിലാളികളെ കുഴപ്പിക്കുന്നു. ഇ-വിസ, ബയോമെട്രിക്സ്, എ.ഐ അധിഷ്ഠിത അതിർത്തി നിയന്ത്രണങ്ങൾ എന്നിവയെക്കുറിച്ച് അറിവില്ലാത്തവർ ഏജന്റുമാരുടെ ചതിക്കുഴികളിൽ വീഴാൻ സാധ്യതയേറെയാണ്. കൂടാതെ, അന്താരാഷ്ട്ര വിപണിയിൽ വൻതോതിൽ ആവശ്യകതയുള്ള നവതൊഴിൽ മേഖലകളിലേക്ക് മാറാനുള്ള നൈപുണി പരിശീലനം മലയാളി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല.

## വിദ്യാർഥി കുടിയേറ്റം

6. വിദ്യാർഥി കുടിയേറ്റത്തിൽ ഉണ്ടാകുന്ന അനധികൃത പ്രവണതകളെ നിയന്ത്രിക്കാനും ആവശ്യമായ അവബോധം സൃഷ്ടിക്കാനും കേരളം ഇടപെടലുകൾ നടത്തേണ്ടതുണ്ട്. വിദ്യാർഥികൾക്ക് റിക്രൂട്ട്മെന്റ് ചതിക്കുഴികളെപ്പറ്റി ബോധവൽക്കരണം നൽകുക, വിദേശ രാജ്യങ്ങളിലെ തൊഴിൽ-കുടിയേറ്റ നിയമങ്ങളെ പറ്റി അവബോധം സൃഷ്ടിക്കുക, അനധികൃത എഡ്യൂക്കേഷൻ കൺസൾട്ടൻസികളെ നിയന്ത്രിക്കുന്നതിനു സംസ്ഥാനതലത്തിൽ നിയമനിർമ്മാണ സാധ്യത എന്നിവ അടിയന്തിരമായി പരിശോധിക്കേണ്ടതാണ്.

7. കേരളത്തിൽ പഠിച്ചാലും നല്ല വിദ്യാഭ്യാസം ലഭിക്കുമെന്നും കോളേജുകളിൽ നൈപുണ്യ പരിശീലനം ഉറപ്പുവരുത്തുന്നതുവഴി വിദേശജോലികൾ ലഭിക്കും എന്നും ഉറപ്പുവരുത്തുകയാണ് അനിയന്ത്രിതമായ വിദ്യാർഥി കുടിയേറ്റത്തിനുള്ള പ്രതിവിധി. ഇതിനുവേണ്ടി പ്രൊഫഷണലായോ മാനേജ്മെന്റിലോ ജോലി ചെയ്യുന്ന പ്രവാസികൾക്ക് പൂർവവിദ്യാർഥികൾ എന്ന നിലയിൽ അവർ പഠിച്ചിരുന്ന കോളേജുകളിലെ വിദ്യാർഥികളെ സ്കിൽ ഡിമാൻഡുമായി ബന്ധപ്പെടുത്തുന്നതിനും നൈപുണി പരിശീലനത്തിൽ മെന്റർമാരായി പ്രവർത്തിക്കുന്നതിനും കഴിയും. ഇത്തരത്തിൽ മെന്റർമാരുടെ ഒരു വലിയ സഞ്ചയം സൃഷ്ടിക്കുന്നതിന് വിജ്ഞാനകേരളം മുൻകൈ എടുത്തുകൊണ്ടിരിക്കുകയാണ്.

## സ്ത്രീ കുടിയേറ്റവും സുരക്ഷാ വെല്ലുവിളികളും

8. കേരളീയ സ്ത്രീകളുടെ കുടിയേറ്റ ചരിത്രം പരിശോധിച്ചാൽ, ആദ്യകാലങ്ങളിൽ നഴ്സിങ് മേഖലയിലുള്ളവർ ഒഴികെ ഭൂരിഭാഗം പേരും കുടുംബത്തോടൊപ്പമാണ് വിദേശങ്ങളിലേക്ക് പോയിരുന്നത്. എന്നാൽ ഇരുപതൊന്നാം നൂറ്റാണ്ടിൽ ഈ പ്രവണതയിൽ വലിയ മാറ്റങ്ങൾ പ്രകടമാണ്. ഇന്ന് അവിവാഹിതരായ യുവതികൾ സ്വന്തം നിലയിൽ തൊഴിൽ കണ്ടെത്തി കുടിയേറുന്നത് വർധിച്ചിരിക്കുന്നു. നഴ്സിങ് മേഖലയ്ക്ക് പുറമേ ഐടി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിലേക്കും ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ സർവകലാശാലകളിലേക്കും മലയാളി സ്ത്രീകൾ കുടിയേറുന്നു.

പഴയകാലത്ത് വീട്ടുജോലിക്കായി പോയിരുന്ന സ്ത്രീകൾ നേരിട്ടിരുന്ന മനുഷ്യക്കടത്ത്, ശാരീരിക ചൂഷണം തുടങ്ങിയ വെല്ലുവിളികൾ ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും, പുതിയ കാലത്തെ കുടിയേറ്റത്തിനും സവിശേഷ വെല്ലുവിളികളുണ്ട്. പുതിയ രാജ്യങ്ങളിലെ സാംസ്കാരിക പൊരുത്ത

പ്പെടലുകൾ, തൊഴിലിടങ്ങളിലെ സുരക്ഷ, നിയമപരമായ അറിവില്ലായ്മ എന്നിവ ഗൗരവകരമായ വെല്ലുവിളികളാണ്. പഠനത്തോടൊപ്പം കഠിനമായ പാർട്ട് ടൈം ജോലികൾ ചെയ്യേണ്ടി വരുന്നതും ഉയർന്ന ജീവിതച്ചെലവും വിദേശത്തെ ഒറ്റപ്പെടലും വലിയ മാനസിക സമ്മർദങ്ങൾക്ക് കാരണമാകുന്നുണ്ട്. ഈ പുതിയ കുടിയേറ്റരൂപത്തെ കൃത്യമായി നയിക്കാനും അവർക്ക് പിന്തുണ നൽകാനും സർക്കാരുകളുടെയും പ്രവാസി സംഘടനകളുടെയും ഇടപെടൽ മുൻപത്തേക്കാൾ ഇന്ന് അത്യാവശ്യമായി മാറിയിരിക്കുന്നു.

## നൈപുണി വികസനം

9. ആഗോള തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് നമ്മുടെ നൈപുണി പരിശീലന പദ്ധതികൾ നവീകരിക്കാത്തത് 'ഡിസ്കില്ലിങ്' (Deskilling) എന്ന പ്രതിഭാസത്തിന് കാരണമാകുന്നു. നാട്ടിൽ ഉയർന്ന വിദ്യാഭ്യാസം നേടിയവർ വിദേശത്ത് തങ്ങളുടെ യോഗ്യതയ്ക്ക് താഴെയുള്ള ജോലികൾ ചെയ്യാൻ നിർബന്ധിതരാകുന്നു. ഇത് മലയാളികളുടെ അന്താരാഷ്ട്ര തൊഴിൽ കമ്പോളത്തിലെ മത്സരക്ഷമത കുറയ്ക്കാൻ ഇടയാക്കുന്നു.

സാമ്പ്രദായിക റിക്രൂട്ട്മെന്റ് രീതികൾ മാറ്റി, തൊഴിൽ ദാതാവിന് കേരളത്തിൽ എത്തി നൈപുണി പരിശീലനം നൽകി തൊഴിലാളികളെ തിരഞ്ഞെടുക്കാനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി, സമഗ്രമായ കുടിയേറ്റ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു മൈഗ്രേഷൻ ഫെസിലിറ്റേഷൻ പാർക്ക് പോലെ വിപുലമായ ഒരു ഇക്കോസിസ്റ്റം രൂപീകരിക്കുന്നത് ഉചിതമാണ്. നിലവിലുള്ള ആരോഗ്യ മേഖലയിലെ റിക്രൂട്ട്മെന്റ് എങ്ങനെ വൈവിധ്യവൽക്കരിക്കാം എന്നും കരിക്കുലം വികസനത്തിൽ ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സാധ്യമാക്കണം.

10. ആരോഗ്യ മേഖലയ്ക്ക് പുറമേ നവതൊഴിൽ അവസരങ്ങൾ തുറന്നിടുന്ന ഗ്രീൻ ജോബ്സ്, ഐടി, ലോജിസ്റ്റിക്സ് മേഖലകളുടെ സാധ്യതകൾ പരിശോധിക്കാൻ ടാസ്ക് ഫോഴ്സ് ഉൾപ്പെടെ രൂപീകരിക്കാൻ ശ്രമിക്കുന്നത് ഉചിതമായിരിക്കും. ആഗോള തൊഴിൽവിപണിയിൽ ഓരോ ദിവസവും വരുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് അവ നാട്ടിലെ വിദ്യാർഥികളിലേക്ക് എത്തിക്കുന്ന ഒരു വിജ്ഞാന വിനിമയ ശൃംഖല കെട്ടിപ്പടുക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്ന വിദ്യാഭ്യാസസ്ഥാപന അടിസ്ഥാനമാക്കിയുള്ള നൈപുണി ക്യാമ്പയിനിനെ കുറിച്ച് സൂചിപ്പിച്ചുവല്ലോ? അന്താരാഷ്ട്ര തൊഴിൽ കമ്പോളത്തിന് അനുസൃതമായ പരിശീലനവും 'റിമോട്ട് വർക്ക്' സാധ്യതകളും വർധിപ്പിക്കേണ്ടത് അനിവാര്യമാണ്.

## പ്രവാസി ക്ഷേമ-പുനരധിവാസ പദ്ധതികൾ

11. വിദേശത്തുനിന്ന് തിരികെയെത്തുന്ന പ്രവാസികളെ നാട്ടിലെ സാമ്പത്തിക പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്നതിൽ (Reintegration) വലിയ പോരായ്മകൾ നിലനിൽക്കുന്നു. താൽക്കാലിക കരാറുകൾക്ക് ശേഷം മടങ്ങിവരുന്നവർക്ക് നാട്ടിൽ പുതിയ തൊഴിലോ സംരംഭമോ തുടങ്ങാൻ ആവശ്യമായ മാർഗനിർദേശങ്ങളും സാമ്പത്തികപിന്തുണയും വേഗത്തിൽ ലഭിക്കുവാൻ സംവിധാനം വേണം. ഇന്ന് നിലവിലുള്ള സ്കീമുകളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

12. ഹ്രസ്വകാല കുടിയേറ്റങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്ന പുതിയ ആഗോള സാഹചര്യത്തിൽ പ്രവാസികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്നത് വലിയൊരു വെല്ലുവിളിയാണ്. കേരളം നടപ്പിലാക്കിയ പ്രവാസി ക്ഷേമനിധിയും നോർക്ക കെയർ ആരോഗ്യ ഇൻഷുറൻസും ലോകത്തിന് തന്നെ മാതൃകയാണെങ്കിലും, മാറുന്ന കാലത്തിനനുസരിച്ച് ഇവ കൂടുതൽ സാർവത്രികവും ആകർഷകവുമാക്കേണ്ടതുണ്ട്. തിരികെയെത്തിയ പ്രവാസികൾക്കും കുടുംബങ്ങൾക്കുമായി നോർക്ക കെയർ പദ്ധതി വ്യാപിപ്പിക്കാൻ സാധിക്കണം. യുവാക്കളെയും വികസിതരാജ്യങ്ങളിലെ പ്രവാസികളെയും പദ്ധതിയിലേക്ക് ആകർഷിക്കാൻ പ്രവാസി പെൻഷൻ തുക വർധിപ്പിക്കുന്നതും ഇൻഷുറൻസ് പരിരക്ഷ വിപുലീകരിക്കുന്നതും ചർച്ച ചെയ്യപ്പെടണം. കൂടാതെ ക്ഷേമപദ്ധതിയെ നിലനിർത്താൻ കേന്ദ്രവിഹിതം ആവശ്യപ്പെടുന്നത് ഉചിതമായിരിക്കും.

13. പ്രവാസികളുടെ സമാശ്വാസ പദ്ധതികളിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങൾ ഏകോപിപ്പിക്കുകയും നിർമ്മിത ബുദ്ധി (AI) ഉപയോഗിച്ചുള്ള ചാറ്റ്ബോട്ടുകളും തത്സമയ ഹെൽപ്പ് ലൈനുകളും നടപ്പിലാക്കുകയും വേണം. പുനരധിവാസം എന്നത് കേവലം സാമ്പത്തിക സഹായത്തിൽ ഒതുങ്ങാതെ, പ്രവാസികൾ മടങ്ങിവരുന്നതിന് മുൻപേ തന്നെ അവരെ മാനസികമായും തൊഴിൽപരമായും പ്രാപ്തരാക്കുന്ന 'പുനരധിവാസ പരുവപ്പെടുത്തൽ' (Reintegration Preparedness) എന്ന രീതിയിലേക്ക് മാറണം. സങ്കീർണ്ണമായ പ്രവാസി പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന ഒരു സമഗ്ര 'പ്രവാസി പുനസംയോജന നയം' (Comprehensive Reintegration Policy) രൂപപ്പെടുത്തുക എന്നതാവണം വരും കാലത്തെ നമ്മുടെ ലക്ഷ്യം.

14. നിലവിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവാസി മിഷന്റെ പ്രവർത്തനങ്ങളുടെ വിപുലീകരണം പുനരധിവാസ തുടർപ്രവർത്തനങ്ങളിൽ നിർണ്ണായകമാണ്. കേരളത്തിലേക്ക് തിരിച്ചെത്തുന്ന പ്രവാസികളുടെ സാമ്പത്തിക പുനസംയോജനം സാധ്യമാക്കുക, പ്രവാസി പുനരധിവാസത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത

സ്വഭാവം നൽകുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവാസി മിഷൻ രൂപീകരിച്ചത്. സംസ്ഥാന-ജില്ലാ തല മിഷൻ രൂപീകരിച്ചു പ്രവാസികൾക്ക് സാമ്പത്തിക പുനസംയോജനവും തൊഴിൽ അവസരങ്ങളും ഉറപ്പു വരുത്താൻ മിഷൻ ലക്ഷ്യമിടുന്നു. പ്രവാസി സംഘടനകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പരമാവധി ഏകോപിപ്പിച്ചു ജനകീയ സ്വഭാവത്തിലായിരിക്കും മിഷൻ പ്രവർത്തിക്കുക. പ്രവാസി മിഷൻ പോലെയുള്ള ആശയങ്ങളെ എങ്ങനെ സംസ്ഥാന പുരോഗതിയ്ക്ക് ഉതകുന്ന രീതിയിൽ വികസിപ്പിക്കാം എന്നത് നാം ആലോചിക്കേണ്ടതുണ്ട്. പങ്കാളിത്ത ജനാധിപത്യത്തിൽ അധിഷ്ഠിതമായ നമ്മുടെ ഭരണക്രമത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നവരായി മാറാൻ തിരികെയെത്തിയ പ്രവാസികൾക്ക് സാധിക്കും.

15. മലയാളം മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും വേണം. വിദേശരാജ്യങ്ങളിൽ സ്ഥിരതാമസം ആയവരുടെ പുതിയ തലമുറയ്ക്ക് കേരള സന്ദർശനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കണം.

## കേരള വികസനവും പ്രവാസി പങ്കാളിത്തവും

16. നവകേരള സൃഷ്ടി അജണ്ടയിൽ പ്രവാസികൾക്ക് പ്രധാന പങ്കുണ്ട്. വിജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനമാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. പ്രവാസലോകത്ത് വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന കേരളീയർക്ക് വിജ്ഞാന സമൂഹ നിർമ്മിതിയിൽ വലിയ പങ്ക് വഹിക്കാൻ കഴിയും. പ്രവാസികളുടെ അനുഭവവും നൈപുണിയും പ്രവൃത്തി പരിചയവും കേരളത്തിന്റെ വികസനത്തിനും വിജ്ഞാന സമ്പദ്ഘടനയ്ക്കും പ്രവാസി കുടുംബങ്ങളുടെ മെച്ചപ്പെട്ട തുടർജീവിതത്തിനും സഹായകരമാകും. യൂണിഫൈഡ് ഡിജിറ്റൽ ഇന്റർഫേസ് പോലുള്ള സംവിധാനങ്ങൾ വഴി നോർക്കയുടെ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുകയും വകുപ്പിന് കീഴിലുള്ള അഞ്ച് സ്ഥാപനങ്ങളെയും ഏകോപിപ്പിക്കുകയും ചെയ്യുന്നത് ഈ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കും.

17. അതിൽ സുപ്രധാനമായത് ഉന്നത വിദ്യാഭ്യാസ മേഖലയക്ക് നൽകാൻ കഴിയുന്ന പിന്തുണയാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ അഴിച്ചുപണിക്കും ഗുണനിലവാരം ഉയർത്തുന്നതിനും പ്രവാസികൾക്ക് എന്തു പങ്കുവഹിക്കാൻ കഴിയും? കേരളത്തിനു പുറത്തുള്ള അധ്യാപകർക്കും ഗവേഷകർക്കും വിദഗ്ദർക്കും ഇവിടുത്തെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് ഏതെല്ലാം രീതിയിൽ പിന്തുണ നൽകാൻ കഴിയും? ഇതെല്ലാം പരിശോധിക്കണം.

18. കേരളത്തിലെ നവസംരംഭകർക്കു പിന്തുണ നൽകുന്നതിനു പ്രവാസി സംരംഭകർക്കും വിദഗ്ദർക്കും വലിയ പങ്കുവഹിക്കാൻ കഴിയും. ആഗോള കമ്പോളത്തിൽ നിന്നുള്ള സബ് കോൺട്രാക്ടുകളെ അടിസ്ഥാനമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ വലുതാണ്. ഇക്കാര്യത്തിൽ പ്രവാസികൾക്ക് എന്തു സംഭാവന ചെയ്യാൻ കഴിയും എന്നത് ചർച്ചയ്ക്ക് വിധേയമാക്കണം.

19. കേരളത്തിലേക്കുള്ള നിക്ഷേപക സമാഹരണത്തിൽ സുപ്രധാന പങ്ക് വഹിക്കാൻ സാധിക്കുന്നത് പ്രവാസികൾക്ക് സാധിക്കുമെന്നത് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഉൾപ്പെടെ ദൃശ്യമായതാണ്. നിലവിൽ വ്യവസായ വകുപ്പും സർക്കാരും നടത്തുന്ന ഇടപെടലുകൾക്ക് പുറമേ OKIH ന്റെ നേതൃത്വത്തിൽ പ്രവാസി നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുവാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സാധാരണക്കാരായ പ്രവാസികൾക്ക് ഉൾപ്പെടെ നിക്ഷേപക സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉതകുന്നതാകണം ഇത്തരം ഇടപെടലുകൾ. നിക്ഷേപം സ്വീകരിക്കുന്നതിനും സംരംഭങ്ങൾ തുടങ്ങുന്നതിനും 'ഏഞ്ചൽ ഇൻവെസ്റ്റ്മെന്റ് ഗ്രൂപ്പുകളുടെ' സഹായം കൂടി തേടാവുന്നതാണ്. നോർക്ക കോർഡിൻഷൻ കൗൺസിൽ മുഖേന രൂപീകരിച്ച കേരള ഡെവലപ്പ്മെന്റ് ഡസ്റ്റ് പോലെയുള്ള സംവിധാനങ്ങൾ എല്ലാ രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കുക വഴി പരമാവധി പ്രവാസികളുടെയും സംഘടനകളുടെയും ആശയങ്ങളും വികസന താല്പര്യങ്ങളും ഉൾക്കൊള്ളുവാൻ നമുക്ക് സാധിക്കും.

20. നിക്ഷേപകർക്ക് പുറമേ വിദഗ്ധ പ്രവാസി പ്രൊഫഷണലുകളെ സംസ്ഥാനവുമായി സഹകരിപ്പിക്കാൻ വിപുലമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. നോർക്ക പ്രൊഫെഷണൽ ഫോറം വിപുലപ്പെടുത്തി എല്ലാ വർഷവും സംഘടിപ്പിക്കുകയും മികച്ച നിർദ്ദേശങ്ങൾ പരിഗണിക്കാൻ ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതും ഉചിതമായിരിക്കും. അഞ്ചാം ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങളിലൂടെ ആഗോള ഏകോപനം സാധ്യമാക്കുകയും ഡയസ്പോറ എൻഗേജ്മെന്റ് സംവിധാനങ്ങളെ നിയമവിധേയമാക്കുകയും വേണം.

21. നിലവിലെ പ്രവാസികൾക്ക് പുറമേ തിരികെയെത്തിയ പ്രവാസികളെയും കൂടി നവകേരള വികസനത്തിന്റെ ഭാഗമാക്കാൻ ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പ്രവാസജീവിതം അവസാനിപ്പിച്ച് തിരിച്ചെത്തിയവരെ കെയർ ഇക്കോണമിയുടെ ഭാഗമാക്കാൻ സാധിക്കും. നോർക്ക കെയർ പദ്ധതി വിപുലീകരിച്ച് തിരികെയെത്തിയ പ്രവാസികളിലേക്ക് കൂടി എത്തിക്കണം. ആരോഗ്യ-വീടു പരിപാലന രംഗത്ത് ദീർഘകാലം പ്രവർത്തിച്ചവരെ, കുഞ്ഞുങ്ങളുടെയും രോഗികളുടെയും മുതിർന്ന വ്യക്തികളുടെയും പരിചരണം ആവശ്യമുള്ളവരുടെയും പരിപാലനത്തിന് നിയോഗിക്കുന്നത് അടക്കമുള്ള ചർച്ചകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

## നോർക്കയെ ശക്തിപ്പെടുത്തൽ

22. നോർക്കയുടെ നിലവിലെ ഘടന വിപുലീകരിക്കുന്നത് അടക്കമുള്ള നിർദേശങ്ങൾ അടിയന്തിരമായി ചർച്ച ചെയ്യേണ്ടതുണ്ട്. യൂണിഫൈഡ് ഡിജിറ്റൽ ഇന്റർഫെയ്സ് പോലെയുള്ള ഡിജിറ്റൽ സംവിധാനങ്ങൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നത് നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ സഹായിക്കും. കൂടാതെ വകുപ്പിന് കീഴിലുള്ള അഞ്ചു സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും പരമാവധി പ്രവാസികളിലേക്ക് ഗുണമേന്മയുള്ള സേവനങ്ങൾ നൽകാനും സാമ്പത്തികസഹായങ്ങൾ വേഗത്തിൽ നൽകാനും പെൻഷൻ പദ്ധതികൾ സുസ്ഥിരമായി നടത്തിക്കൊണ്ടു പോകുന്നതിനെ പറ്റിയും ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.
23. ലോകകേരളസഭയുടെ അഞ്ചാമത് സമ്മേളനം ഒട്ടേറെ പ്രധാനപ്പെട്ട നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അവയ്ക്ക് അർഹമായ പരിഗണന നല്കുന്നതിനോടൊപ്പം ലോക കേരളസഭയുടെ പ്രവർത്തനങ്ങൾ വാർഷിക സമ്മേളനങ്ങൾക്കപ്പുറം തുടർച്ച ഉറപ്പുവരുത്തുന്നതിന് സ്റ്റാന്റിങ് കമ്മിറ്റികൾ കൂടുതൽ സജീവമാക്കണം. അതോടൊപ്പം മേഖല സമ്മേളനങ്ങളും കൂടുതലായി സംഘടിപ്പിക്കേണ്ടതുണ്ട്. മലയാളി വ്യവസായി ചേമ്പറുകൾക്കും കേരളത്തിന്റെ വികസനത്തിന് സംഭാവന നൽകാനാവും.

## ഓവർസീസ് മൊബിലിറ്റി ബില്ലും അധികാര കേന്ദ്രീകരണവും

24. ഇന്ത്യൻ സാഹചര്യത്തിൽ പ്രധാന വെല്ലുവിളി ശക്തമായ കുടിയേറ്റ നിയമത്തിന്റെ അഭാവമാണ്. ദീർഘകാല ആവശ്യങ്ങളുടെ ഫലമായി 2019ൽ 'എമിഗ്രേഷൻ നിയമം 2019'ൻറെ ആദ്യ കരടു പുറത്തു വിട്ടതിനു 7 വർഷങ്ങൾക്ക് ഇപ്പുറവും അത് പാർലമെന്റിൽ അവതരിപ്പിച്ചു നിയമാക്കാൻ സാധിച്ചിട്ടില്ല. രണ്ടാം കരട് ബിൽ 2021ലും അതിനു നാല് വർഷങ്ങൾക്ക് ശേഷം ഓവർസീസ് മൊബിലിറ്റി (ഫെസിലിറ്റേഷൻ ആൻഡ് വെൽഫെയർ) ബിൽ, 2025 എന്ന പേരിൽ പുതിയ കരട് ബിൽ പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾക്കായി നൽകി.

പുതിയ 'ഓവർസീസ് മൊബിലിറ്റി (ഫെസിലിറ്റേഷൻ ആൻഡ് വെൽഫെയർ) ബിൽ 2025' കുടിയേറ്റ ഭരണസംവിധാനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നുണ്ടെങ്കിലും, അത് സംസ്ഥാനങ്ങളുടെ അധികാരത്തെ പരിമിതപ്പെടുത്തുന്നു എന്ന വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. കുടിയേറ്റക്കാരുടെ ക്ഷേമം, റിക്രൂട്ട്മെന്റ് നിയന്ത്രണം എന്നിവയിൽ നിലവിൽ സംസ്ഥാന സർക്കാരുകൾക്കുള്ള (പ്രത്യേകിച്ച് കേരളം പോലുള്ള സംസ്ഥാനങ്ങളിൽ നോർക്ക വഴി നടത്തുന്ന ഇടപെടലുകൾ) അധികാരം കുറച്ചുകൊണ്ട് തീരുമാനങ്ങൾ കേന്ദ്രീകൃതമാക്കുന്നത് പ്രാദേശികമായ ആവശ്യങ്ങളെ അവഗണിക്കാൻ ഇടയാക്കും. സംസ്ഥാനങ്ങളുടെ സവിശേഷമായ കുടിയേറ്റ മാതൃകകളെ പരിഗണിക്കാതെ എല്ലാ തീരുമാനങ്ങളും കേന്ദ്രത്തിൽ നിന്നുണ്ടാകുന്നത് പ്രായോഗികമായ തടസ്സങ്ങൾ സൃഷ്ടിക്കും.

കൂടാതെ, ഈ ബില്ലിൽ കുടിയേറ്റക്കാരുടെ സുരക്ഷയെക്കാൾ കൂടുതൽ പ്രാധാന്യം 'ഫെസിലിറ്റേഷൻ' അഥവാ കുടിയേറ്റം സുഗമമാക്കുന്നതിനാണ് നൽകിയിരിക്കുന്നത്. വിദേശത്ത് ചൂഷണത്തിന് ഇരയാകുന്ന തൊഴിലാളികൾക്ക് നിയമസഹായം ഉറപ്പാക്കുന്നതിലോ കരാർലംഘനം നടത്തുന്ന ഏജൻസികൾക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കുന്നതിലോ ബില്ലിലെ വ്യവസ്ഥകൾ അവ്യക്തമാണ്. തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം ഒരു നിയമപരമായ അവകാശമായി ബില്ലിൽ ഉൾപ്പെടുത്താത്തത് കേരളം പോലുള്ള പ്രവാസി നിക്ഷേപത്തെയും തിരിച്ചുവരവിനെയും ആശ്രയിച്ചു കഴിയുന്ന സംസ്ഥാനങ്ങൾക്ക് വലിയ തിരിച്ചടിയാണ്.

# 15

# സംസ്കാരിക മേഖലയും വികസന സമീപനവും

സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ചു നടത്തുന്ന ചർച്ച കൾക്ക് മുൻകാലങ്ങളിൽനിന്നു വളരെയേറെ വ്യത്യ സ്തമായ മാനങ്ങൾ കൈവന്നിരിക്കുന്നു. 1994-ൽ ഇഎംഎസ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആദ്യ അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്സിൽ ചർച്ചചെയ്ത സാഹചര്യമല്ല ഇന്നു നിലനിൽക്കുന്നത്.

സംസ്കാരം എന്ന വാക്കിനുതന്നെ ലോകവ്യാപക മായിവന്ന അർഥമാനങ്ങളും വിപുലമാണ്. 1994 ൽ ഏറെക്കുറെ കലാ-സാഹിത്യ രംഗങ്ങളോടും മറ്റും ബന്ധപ്പെട്ട സൗന്ദര്യാത്മക മേഖലകളെക്കുറിച്ചാണ് സാംസ്കാരികരംഗം എന്ന നിലയിൽ പൊതുവെ ചർച്ച ചെയ്തത്. എന്നാൽ ഇന്ന് ആചാരങ്ങൾ, അനുഷ്ഠാന ങ്ങൾ, മറ്റീരിയൽ കൾച്ചർ എന്ന് പൊതുവെ വ്യവഹ രിക്കുന്ന ഭക്ഷണം, വസ്ത്രം, ആലയനിർമ്മാണം, മതദർശനങ്ങൾ, ചരിത്ര-ശാസ്ത്ര സമീപനങ്ങൾ തുട ങ്ങിയവയെല്ലാം സംസ്കാരത്തിന്റെ മേഖലയിൽ വരും. ഇന്ന് മാർക്സിയൻ ചിന്തയുടെ നിർണ്ണായകസ്ഥാനങ്ങ ളിലൊന്നായി സംസ്കാരം മാറിക്കഴിഞ്ഞു.

അടിത്തറ-മേല്പുര എന്ന പഴയ സ്ഥലരാശി രൂപക ത്തെത്തന്നെ വലിയ അളവിൽ പരിഷ്കരിക്കണം എന്ന നിലവന്നു. തീർച്ചയായും സംസ്കാരത്തിന് കലാസാഹിത്യസംബന്ധിയായ ഒരു സൗന്ദര്യശാസ്ത്ര മണ്ഡലമുണ്ട്. 1994 ൽ അതായിരുന്നു മുഖ്യപ്രമേയം. എന്നാലിന്ന് ആചാരക്രമങ്ങളും അനുഷ്ഠാനസമ്പ്രദാ യങ്ങളും എല്ലാം ചേ ർന്ന ഒരു ഭൗതികസംസ്കാരമ ണ്ഡലം (material culture) അതിന്റെ മുഖ്യഭാഗമാണ്. മതം, ചരിത്രം, സാമൂഹിക ഘടനാബന്ധങ്ങൾ എന്നി വയെയെല്ലാം വിശ്ലേഷണം ചെയ്യുന്ന ഒരു ധൈഷണി കമണ്ഡലം അതിനപ്പുറത്തുണ്ട്. മാധ്യമങ്ങളുടെയും കാഴ്ചയുടേതുമായ ഒരു പുതിയ മണ്ഡലം രൂപംകൊണ്ടി ട്ടുണ്ട്. പാരിസ്ഥിതികപ്രശ്നങ്ങളോടും ലിംഗനീതിയോ ടും ബന്ധപ്പെട്ട പ്രശ്നങ്ങളും സാംസ്കാരികരംഗത്ത് കൂടുതൽ പരിഗണന അർഹിക്കുന്ന വിഷയങ്ങളായി മാറിയിട്ടുണ്ട്.

## I
## സമകാലീന സാംസ്കാരിക മണ്ഡലം

94 കഴിഞ്ഞ് രണ്ടു പതിറ്റാണ്ട് കഴിഞ്ഞപ്പോഴേക്കും ഇന്ത്യയിൽ ഭൂരിപക്ഷ മതസ്വത്വത്തിലൂന്നിയ, സാംസ്കാ രികമേധാവിത്വം രാഷ്ട്രീയമായി സ്വീകരിച്ച ഒരു നിയോ ഫാഷിസ്റ്റ് സർക്കാർ നിലവിൽ വന്നു. ഈ സർക്കാർ വന്നിട്ടു തന്നെ ഇന്ന് ഒരു പതിറ്റാണ്ടിലേറെയായി. 94നു ശേഷമുണ്ടായ ആഗോളീകരണവും കോർപ്പറേ റ്റുവൽക്കരണവും വർഗീയവൽക്കരണവും മറ്റനവധി ധ്രുവീകരണങ്ങളും ഒക്കെയാണ് ഈ നിയോഫാഷി സ്റ്റുകളുടെ അധികാരാരോഹണത്തിലേക്കു നയിച്ചത്. 2014നു ശേഷമുള്ള കാലത്ത് ഏറ്റവുമധികം വെല്ലു വിളിയും അടിച്ചമർത്തലും ദുരുപയോഗവും നേരിട്ട ഒരു രംഗം സാംസ്കാരികമേഖലയാണ്. രാജ്യത്തിന്റെ സംയുക്തസംസ്കാരം (Composite Culture) തിരികെ കിട്ടാത്തവിധത്തിൽ തകർന്നുപോവുകയാണോ എന്ന സന്ദേഹം ഉയരുന്നു.

### സമ്മതി നിർമ്മിതിയിൽ സംസ്കാരം

ഭരണാധികാരിവർഗങ്ങൾ ഭരിക്കുന്നത് കേവലം ബലപ്രയോഗത്തിന്റെ അടിസ്ഥാനത്തിലല്ല. സമ്മത ങ്ങൾ ഉൽപാദിപ്പിച്ചുകൊണ്ടാണെന്നത് സർവസ്വീ കാര്യമായിട്ടുണ്ട്. സമ്മതങ്ങളുടെ ഉൽപാദനത്തിന് പിറകിൽ പ്രേരകമായി നിൽക്കുന്നത് സാംസ്കാരിക ഘടകങ്ങളാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ലോകത്തെമ്പാടും പിടിമുറുക്കിയ ആഗോ ളവൽക്കരണ ആശയങ്ങൾ ലോക കമ്പോളത്തിലൂടെ ധനമൂലധന രൂപങ്ങളുടെ നിർബാധമായ ഒഴുക്കിനെ യാണ് ലക്ഷ്യമാക്കിയത്. അത് സാധ്യമാക്കാനുള്ള ഏറ്റവും പ്രബലമായ ആയുധം സാംസ്കാരിക ഘടക ങ്ങളാണ് എന്ന സത്യവും നമ്മൾ തിരിച്ചറിയുന്നു. അതുകൊണ്ടു തന്നെ സംസ്കാരം ഒരു മൂലധനരൂപമോ ഒരു വ്യവസായരൂപമോ ആയി മാറിക്കഴിഞ്ഞു എന്ന് പുതിയ സംസ്കാരപഠനങ്ങൾ പറയുന്നത്.

ഇതിനർഥം മാർക്സിന്റെ അടിസ്ഥാനപരമായ സാമ്പ ത്തികാടിത്തറയ്ക്കുമേലെ സംസ്കാരത്തിന്റെ മേൽപ്പുര എന്ന രൂപകത്തിന് കൂടുതൽ വൈരുധ്യാത്മകമായ വ്യാഖ്യാനം ഉണ്ടായി. ഒരേ സാമ്പത്തികാടിത്തറ

യോടു ബന്ധപ്പെട്ട വ്യത്യസ്ത ആശയവ്യവസ്ഥകൾ നിലനില്ക്കാം എന്ന നിലവന്നു. അടിത്തറയും മേല്പുരയും തമ്മിലുള്ള ബന്ധം കേവലം യാന്ത്രികമോ ഉച്ചാവച ക്രമത്തിലുള്ളതോ അല്ലെന്നും, നിരന്തരമായി പരസ്പരസ്വാധീനം ചെലുത്തത്തക്കവിധം പൂരകങ്ങളാണെന്നുമുള്ള നിലവന്നു. ആശയങ്ങൾ സമൂഹത്തിൽ പ്രചരിച്ചുകഴിഞ്ഞാൽ അവതന്നെ ഒരു ഭൗതികചാലകശക്തി (material force) ആയി മാറുമെന്ന മാർക്സിന്റെ കാഴ്ചപ്പാട് ഗ്രാംഷിക്കുശേഷം പുതിയ സാഹചര്യങ്ങളിൽ അടിവരയിട്ട് ഉറപ്പിക്കപ്പെട്ടു. ഒന്നുകൂടി വ്യക്തമായിപ്പറഞ്ഞാൽ സാമ്പത്തികമൂലധനത്തിന് എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കുന്ന ഒരു മൂലധനരൂപമായി സംസ്കാരം മാറി.

അതിന് സാമ്പത്തികമൂലധനത്തോടൊപ്പം തന്നെ ആധിപത്യശേഷിയും (dominating force) നിർണ്ണയനശേഷിയും (determining force) കൈവന്നു. അതുകൊണ്ടുതന്നെ 1994 ൽ ചെയ്തതുപോലെയുള്ള സാംസ്കാരികമായ ഇടപെടലുകളേക്കാൾ സംസ്കാരത്തിലുള്ള ഇടപെടലാണ് പ്രധാനം എന്ന നിലവന്നിരിക്കുന്നു.

അസമമായ, കുത്തകമുതലാളിത്ത നിയന്ത്രിതമായ, വിവരവ്യാപനം പോലുള്ള പ്രതിഭാസങ്ങളും അതിനൊപ്പം വന്ന സാമൂഹിക മാധ്യമങ്ങൾ എന്ന പ്രതിഭാസവും പുതുതായി വന്നുചേർന്ന നിർമ്മിതബുദ്ധിയും സമൂഹത്തെയും സംസ്കാരത്തെയും വലുതായി സ്വാധീനിക്കുന്നു, ഇനിയും സ്വാധീനിക്കാനോ നിയന്ത്രിക്കാനോ പോവുകയും ചെയ്യുന്നു. ഇൻറർനെറ്റിനെയും പുതിയ സാമൂഹ്യമാധ്യമങ്ങളെയും പുതിയൊരു ജനകീയ പ്രതിഭാസമായും സ്വാതന്ത്ര്യമാധ്യമങ്ങളെ സൃഷ്ടിക്കുന്ന ശാസ്ത്രവികാസമായും കണ്ടവരുണ്ടായിരുന്നു. പക്ഷേ, ഇവയുടെ നിയന്ത്രണം കുത്തകമുതലാളിത്തത്തിന്റെ കൈയിലാണെന്നും മൂലധനത്തിന് ലാഭം ഉണ്ടാക്കാൻ തടസ്സം ഉണ്ടാവുന്നതുവരെ മാത്രമാണ് ഇവയുടെ സ്വാതന്ത്ര്യമെന്നും അന്ന് മുന്നറിയിപ്പ് തന്ന ചിന്തകർ ഉണ്ടായിരുന്നു. ഇന്നു പക്ഷേ, സാമൂഹികമാധ്യമങ്ങൾ ലാഭം ഉണ്ടാക്കാൻ മൂലധനത്തിനു തടസ്സം എന്ന സാഹചര്യത്തിൽ നിന്നുമാറി യാതൊരു മറയുമില്ലാതെ മനുഷ്യചിന്തയുടെ കുത്തക മുതലാളിത്ത നിയന്ത്രണത്തിനുള്ള ഉപകരണമായി മാറിയിരിക്കുന്നു. ഇവ തലച്ചോറിനെ ചീയിക്കുന്നതായിരിക്കുന്നു (Brain Rot) എന്ന കാര്യം ലോകമെങ്ങും ഇന്ന് അംഗീകരിക്കപ്പെട്ടുവരികയാണ്. മെറ്റ (ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്സ്ആപ്പ്, മെസൻജർ), ആൽഫബെറ്റ് (ഗൂഗിൾ, യൂട്യൂബ്), മൈക്രോസോഫ്റ്റ് (ലിങ്ഡിൻ), സ്നാപ് ഇൻകോർപറേറ്റഡ് (സ്നാപ് ചാറ്റ്, എക്സ് (പഴയ ടിറ്റർ)) എന്നിങ്ങനെ ഒരു കൈവിരലിലെണ്ണാവുന്ന അമേരിക്കൻ കമ്പനികളാണ് ഇന്ന് മനുഷ്യരുടെ ആശയവിനിമയത്തെ നിയന്ത്രിക്കുന്നത്. ഈ കമ്പനികളുടെ രാഷ്ട്രീയ, വാണിജ്യതാൽപര്യങ്ങൾക്കനുസരിച്ചാണ് ഈ മാധ്യമങ്ങളുടെ അൽഗോരിതങ്ങൾ പ്രവർത്തിക്കുന്നത്. മനുഷ്യരാശിക്കു മേൽ തുറന്നുവിടപ്പെട്ട ഓട (Sewage) എന്നാണ് ഈ സാമൂഹ്യമാധ്യമങ്ങളെക്കുറിച്ച് ഒരു മാർക്സിസ്റ്റ് ചിന്തകൻ അഭിപ്രായപ്പെട്ടത്.

സാമൂഹ്യമാധ്യമങ്ങളുടെ മേൽ ജനായത്തനിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർക്കാരുകൾ തയ്യാറാവണം. ഈ കമ്പനികളുടെ അനിയന്ത്രിത പ്രവർത്തനങ്ങൾക്കെതിരായ ജനങ്ങളുടെ ചെറുത്തുനില്പ് ഉയർന്നുവരികയും വേണം.

നിർമ്മിതബുദ്ധിയെക്കുറിച്ചുള്ള ചർച്ചകൾ യന്ത്രങ്ങൾ മനുഷ്യരെ നിയന്ത്രിക്കുമോ എന്നൊക്കെയുള്ള മട്ടിലുള്ള കാല്പനിക തലത്തിലേക്ക് തള്ളിവിടുന്നത് മൂലധനതാല്പര്യമാണ്. നിർമ്മിതബുദ്ധിക്കായി ലോകമുതലാളിത്തം മനുഷ്യചരിത്രത്തിലിന്നുവരെയില്ലാത്തവിധം വലിയ ധനനിക്ഷേപമാണ് നടത്തുന്നത്. ഇത് നിർമ്മിത ബുദ്ധിയെ ഈ വമ്പൻ കമ്പനികളുടെ നിയന്ത്രണത്തിൽ വരുന്നതിനിടയാക്കും. മനുഷ്യജീവിതം നിർമ്മിതബുദ്ധിയാൽ കൂടെ ശക്തമായ മുതലാളിത്തത്തിന്റെ പൂർണ്ണനിയന്ത്രണത്തിലെത്തിക്കാനാണിതിടയാക്കുന്നത്.

നിർമ്മിതബുദ്ധിയുടെ ഏറ്റവും വലിയ ഒരു പ്രവർത്തനമണ്ഡലം സംസ്കാരമായിരിക്കും. മനുഷ്യനെ നിയന്ത്രിക്കാനുള്ള മുതലാളിത്തത്തിന്റെ പൈശാചികമായ ഒരു ഉപകരണമായി നിർമ്മിതബുദ്ധി മാറാതിരിക്കാൻ എല്ലാ ജനാധിപത്യ ശക്തികളും ഭരണകൂടങ്ങളോടു പോരാടേണ്ടിയിരിക്കുന്നു.

## സാംസ്കാരിക അപചയം

ജനങ്ങൾക്കുമേൽ പിടിമുറുക്കുന്ന ഇത്തരം ആശയങ്ങൾ ക്രമേണ ചാലക ശേഷിയുള്ള സാംസ്കാരിക ശക്തികളായി മാറും. ഇത്തരമൊരു അന്തരീക്ഷ സൃഷ്ടിക്കാവശ്യമായ ജനസംസ്കൃതി (Mass Culture) ജനകീയസംസ്കൃതി (Popular Culture) മാധ്യമസംസ്കൃതി (Media culture) നിർമ്മിച്ചെടുക്കാനാണ് ഇന്ന് ശ്രമം നടക്കുന്നത്. യഥാർഥ ജനകീയ പ്രശ്നങ്ങളിൽ നിന്നും ജനകീയ സാംസ്കാരികബോധങ്ങളിൽ നിന്നും ബഹുദൂരം പാലിക്കുന്ന ഒരു ഭാവനാത്മക യാഥാർഥ്യസൃഷ്ടി (Imagined Hyper Reality) ആണ് മുതലാളിത്തലോകം ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ടു തന്നെ സർഗാത്മക സൗന്ദര്യസൃഷ്ടികളുടെ സ്ഥാനത്ത് ലൈംഗികാഭാസങ്ങളുടെ, വംശീയ മനോഭാവങ്ങളുടെ, ഉപഭോക്തൃ സ്വഭാവങ്ങളുടെ, മേൽക്കോയ്മാഭാവങ്ങളുടെ അടയാളങ്ങൾ പ്രകടമാക്കുന്ന സർഗനിർമ്മിതികൾ രൂപംകൊള്ളുന്നു. റായ് മണ്ട് വില്യംസ് സൂചിപ്പിക്കും പോലെ culture is ordinary എന്ന നിലപാടെടുത്ത് അതിനോടൊപ്പം നിൽക്കാൻ തയ്യാറുള്ളവരുടെ ഐക്യനിര കെട്ടിപ്പടുക്കാൻ നമുക്കു കഴിയണം.

കേരളീയവും ദേശീയവും അന്തർദേശീയവുമായ സവിശേഷസാഹചര്യങ്ങളെക്കുറിച്ചുള്ള കൃത്യമായ തിരിച്ചറിവോടെ ഡോ. കെ.എൻ. പണിക്കർ മേൽ പ്രതിഭാസത്തെ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്: "ഇന്ന് മുഖ്യമായും രണ്ടുവിധത്തിലുള്ള സംസ്കാരിക സ്വാധീനങ്ങൾ നമുക്ക് തിരിച്ചറിയാൻ കഴിയും. മുതലാളിത്തത്തിന്റെയും വർഗീയതയുടെയും സംസ്കാരം.

ഇവ രണ്ടും ദ്രുതഗതിയിൽ സാമൂഹിക മനസ്സിനെ അടിമപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

"മുതലാളിത്ത സംസ്കാരത്തെ ഉപഭോഗസംസ്കാരം മാത്രമായി നോക്കിക്കാണുന്ന ഒരു പ്രവണതയുണ്ട്. പക്ഷേ അതിൽ മാത്രം അടങ്ങിനിലൽക്കുന്നതല്ല മുതലാളിത്തസംസ്കാരം. മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളെയും അടിമപ്പെടുത്തുന്ന ഒന്നാണത്. ജീവിതരീതിയിലും സാമൂഹികപെരുമാറ്റത്തിലും അതു കടന്നുകയറ്റം നടത്തുന്നു. എന്തു പറയുന്നു എന്നതും എങ്ങനെ പറയുന്നു എന്നതും നിർണ്ണയിക്കുന്നത് ആഗോളകുത്തകകളാണ്. കുടുംബബന്ധങ്ങളെപ്പോലും അതു തിരുത്തിയെഴുതുന്നു. പരമ്പരാഗതമായ സാംസ്കാരികരൂപങ്ങളെയും പ്രയോഗങ്ങളെയും സ്വാധീനിക്കുക മാത്രമല്ല, തകർക്കുകയുംകൂടി ചെയ്യുന്നു. അതുകൊണ്ട് കേരളസമൂഹത്തിന് അതിന്റെ തനതായ സംസ്കാരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുയകാണ്. സാംസ്കാരിക വേലിയേറ്റത്തിന്റെ പ്രത്യാഘാതങ്ങൾ പൊതുവേ വേണ്ടത്ര തിരിച്ചറിയപ്പെടാതെ പോകുന്നുണ്ട്. അങ്ങനെ സംഭവിക്കുന്നത് മുതലാളിത്തം ആധുനികതയുടെ പരിവേഷവും വികസനത്തിന്റെ ആകർഷകത്വവും പ്രത്യയശാസ്ത്രായുധമായി ഉപയോഗിക്കുന്നതുകൊണ്ടാണ്. ആധുനികതയുടെയും വികസനത്തിന്റെയും പേരിലാണ് പുതിയ സാംസ്കാരികാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ ചലനാത്മകത ഉൽപാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടതാണെങ്കിൽക്കൂടി ആശയലോകത്തിന്റെ സ്വാധീനം വളരെ വലുതാണ്.

"രണ്ടാമത്തെ പ്രവണത വർഗീയതയിൽ നിന്ന് ഉടലെടുക്കുന്നതാണ്. വർഗീയതയുടെ പ്രത്യയശാസ്ത്രം സംസ്കാരമാണ്. ഭൂരിപക്ഷവർഗീയത സൃഷ്ടിക്കാൻ ശ്രമിക്കുന്ന സാംസ്കാരികാവബോധം മതാധിഷ്ഠിതമാണ്. അത് വിശ്വാസത്തെയും ജാതി ബോധത്തെയും ഉപയോഗിച്ചുകൊണ്ടുള്ള ഒരു സാംസ്കാരിക പ്രവർത്തനമാണ്. ചരിത്രത്തെ മതവുമായി ബന്ധപ്പെടുത്തി രാഷ്ട്രത്തിന്റെ തിരിച്ചറിവിനെ മതാധിഷ്ഠിത തിരിച്ചറിവായി വ്യാഖ്യാനിക്കുന്നു. അതായത്, മതസംസ്കാരത്തെ ദേശീയസംസ്കാരമാക്കി പരിണമിപ്പിക്കുന്നു. ഇത് ഇന്ത്യൻ ദേശീയതയ്ക്കു നിരക്കാത്തതാണ്. എങ്കിലും നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായി മതേതരവാദികൾപോലും ചില്ലറ നീക്കുപോക്കുകൾക്ക് തയ്യാറായിപ്പോകുന്നു. യോഗയ്ക്ക് ഹിന്ദുമതബന്ധമില്ലെന്ന ആഗോളസമീപനം ഇതിന്റെ ഉദാഹരണമായി കാണാം. ഈ രണ്ട് സന്ദർഭങ്ങൾ കണക്കിലെടുത്തുകൊണ്ടുവേണം കേരളമിന്ന് നേരിടുന്ന സംസ്കാരിക പ്രതിസന്ധിയെ അഭിസംബോധന ചെയ്യാൻ."

"കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരിക ജീർണത സുവിദിതമാണ്. ഏകദേശം എല്ലാ മണ്ഡലങ്ങളിലും അത് നിറഞ്ഞുനില്ക്കുന്നു. മാനവികത നഷ്ടപ്പെട്ട ഒരു സമൂഹമായി കേരളം മാറിയിരിക്കുന്നു. മനുഷ്യനെ തിരിച്ചറിയുന്നതിനുള്ള സൂചകം മതവും ജാതിയുമാണ്. രാഷ്ട്രീയമണ്ഡലം മുതൽ വ്യക്തിജീവിതം വരെ നിർണയിക്കുന്നത് മതത്തിന്റെയോ ജാതിയുടെയോ സ്വാധീനമാണ്. സ്വയം തിരിച്ചറിവുകൾക്കു മതേതരമായ മാനങ്ങൾ ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് നമ്മുടെ സങ്കരസംസ്കാരജീവിതത്തിന് വലിയ കോട്ടം സംഭവിച്ചിട്ടുണ്ട്. ഗുജറാത്തിലും യുപിയിലും സംഭവിച്ചപോലെ സമുദായത്തിലെ 'ഘെറ്റോ'കൾ ഇവിടെയും സൃഷ്ടിക്കപ്പെടുകയാണോ എന്ന ഭയം അസ്ഥാനത്തല്ല."

തിരുനാവായയിലെ മാമാങ്കത്തെ കുംഭമേളയാക്കി മാറ്റിയത് കേരളത്തിലുണ്ടാവുന്ന സാംസ്കാരിക അപചയത്തിന് ഏറ്റവും അവസാനത്തെ ഉദാഹരണമാണ്. അഖാഡകൾക്കും സന്യാസിശ്രേഷ്ഠന്മാർക്കും കിട്ടുന്ന സ്വീകരണം ഒക്കെ ഇതിന്റെ ഭാഗങ്ങളാണ്.

### കേരളത്തിന്റെ പിന്നോട്ടു നടത്തം

കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ നോക്കുകയാണെങ്കിൽ നവോത്ഥാന മൂല്യങ്ങളുടെ കരുത്തുറ്റ പിൻബലത്തിലാണ് വികസിതകേരളം രൂപംകൊണ്ടത്. വികസനത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യാദി-അടിസ്ഥാന ആവശ്യങ്ങളുടെ മേഖലകളിൽ വലിയ കുതിപ്പ് ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മനുഷ്യനാണ് വികസനത്തിന്റെയും, വിനിയോഗത്തിന്റെയും കേന്ദ്രബിന്ദു എന്ന തിരിച്ചറിവുണ്ടാക്കുന്നതിൽ ശ്രീനാരായണ ഗുരുദർശനങ്ങൾക്ക് വലിയ സ്ഥാനം ഉണ്ട്. മനുഷ്യൻ നന്നായാൽ മതി എന്നതാണ് അതിന്റെ മർമ്മം. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും എന്നതിനേക്കാൾ വലിയ ജനാധിപത്യമുദ്രാവാക്യം വേറെ ഏതുണ്ട്? എന്നാലിന്ന് മൂല്യബോധങ്ങളുടെ കരുത്തുറ്റ പ്രതലത്തിൽ രൂപം കൊണ്ട വികസനത്തിന്റെ സൗഭാഗ്യങ്ങൾ അനുഭവിക്കുന്ന കേരളം നവോത്ഥാന പാതയിൽ ഒരു പിൻനടത്തമാണ് നടത്തുന്നത് എന്നതാണ് സാംസ്കാരിക പ്രവർത്തന രംഗത്തെ വെല്ലുവിളി. മതവർഗീയത, ജാതിമേധാവിത്വം, ആചാരപരത, അത്യന്തം സാമൂഹ്യവിരുദ്ധമായ വ്യക്തിപരത, ആഡംബരഭ്രമം, സ്ത്രീവിരുദ്ധത, സംവരണ സാമൂഹിക നീതിനിഷേധം, സ്ഥാപനങ്ങളിലെ ജനാധിപത്യവിരുദ്ധത, മാധ്യമകിടമത്സരങ്ങൾ, അരാഷ്ട്രീയത, സംവാദവിമുഖത, ബൗദ്ധിക വിരോധം, ശാസ്ത്രീയതയില്ലായ്മ എന്നിവയെല്ലാം ഒരു മടിയുമില്ലാതെ മറനീക്കി പുറത്തുവരികയാണ്. ഇതിനെല്ലാമെതിരെ ഒരു പ്രതിസംസ്കാരം രൂപപ്പെടുത്തിയേ പറ്റൂ. അതിന് സംസ്കാരം ഒരു രണ്ടാം പരിഗണനാ വിഷയമാണെന്ന ധാരണ മാറണം. സാംസ്കാരിക രംഗം നിർണായകമായ ഒരു സമരമുഖമാണെന്നും സാംസ്കാരിക പ്രവർത്തകർ മാത്രം ഇടപെട്ടു പ്രവർത്തിക്കേണ്ട മേഖലയല്ല അത് മറിച്ച് എല്ലാവരും സാംസ്കാരിക പ്രവർത്തകരാകേണ്ടതുണ്ട് എന്നും തിരിച്ചറിയണം.

സാംസ്കാരികമായ ഇടപെടലുകളോടൊപ്പം തന്നെ സംസ്കാരത്തിൽ ഇറങ്ങി ഇടപെടാനും കഴിയണമെങ്കിൽ സ്വയം ഒരു മാതൃകയാകേണ്ടതുണ്ട്. മതജീവിതവുമായി ക്രിയാത്മകമായി സംവദിക്കാൻ കഴിയണം. പുരോഗമ നചിന്തയുള്ള എല്ലാവരെയും ഏകോപിപ്പിക്കാൻ കഴിയണം. അതിനാവശ്യമായ വിശാലമായ പൊതുമണ്ഡലങ്ങൾ സൃഷ്ടിക്കണം. അറിവുകളുടെ

പല തരത്തിലുള്ള പങ്കുവയ്പ്പുകൾ സാധ്യമാകണം. അത്തരം ഇടങ്ങളിൽ സംവാദാത്മകമായി ഇടപെടാൻ കഴിയണം.

ജാതി-മതവിവേചനത്തെ നിരന്തരം ഫലപ്രദമായി ചോദ്യം ചെയ്യുന്നതിനോടൊപ്പം സ്വത്വരാഷ്ട്രീയത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് തിരുത്താൻ കഴിയണം. ജാതിവിവേചനത്തിന്റെ കാര്യത്തിലും ഇതരമതസ്ഥരോടുള്ള വിദ്വേഷത്തിലധിഷ്ഠിതമായ സംസ്കാരത്തിനെതിരായ ബോധത്തിലും കേരളം ഒരുപാട് പുരോഗമിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏതു സംസ്ഥാനത്തെക്കാളും മാത്രമല്ല, ലോകത്തിനു തന്നെ ഈ സമഭാവന ഒരു മാതൃകയാണ്. പക്ഷേ, ഈ ചിന്തകൾ ഇന്നും നിലനില്ക്കുന്നു എന്നും നിത്യജീവിതത്തിലെ മേൽക്കീഴ് സ്ഥാനം നിർണ്ണയിക്കുന്നതിൽ പങ്കു വഹിക്കുന്നു എന്നതും കേരളത്തിന്റെ പുരോഗമനപ്രവർത്തനങ്ങളുടെയെല്ലാം വിലയെ ചോദ്യം ചെയ്യുന്നതാണ്. ദളിത് രാഷ്ട്രീയബോധത്തിന്റെ ഭാഗമായി ഉയർന്നുവന്ന സാംസ്കാരികപ്രവർത്തനങ്ങൾ ഇന്ന് ശക്തമായ ഒരു ആവിഷ്കാരമാണ്. അവയെ ഇന്ന് പ്രോത്സാഹിപ്പിക്കുന്നത് ഇടതുപക്ഷമാണ്. അത്തരം നവസാംസ്കാരിക ചലനങ്ങളെ കണ്ടറിഞ്ഞു പ്രോത്സാഹിപ്പിക്കുക നമ്മുടെ കടമയുമാണ്.

മതന്യൂനപക്ഷങ്ങളുടെ കലാരൂപങ്ങളെയും സാംസ്കാരിക ആവിഷ്കാരങ്ങളെയും ഉയർത്തിപ്പിടിക്കുകയും ആഘോഷിക്കുകയും ചെയ്യുക എന്നത് സമൂഹത്തിലെ ജനാധിപത്യവിരുദ്ധ ഫോബിയകളെ ചെറുക്കുന്നതിനും നമ്മുടെ സാംസ്കാരികസമ്പുഷ്ടതയെ ആഘോഷിക്കുന്നതിനനും അവശ്യമായ ഒരു കാര്യമാണ്.

നമ്മുടെ ജെൻഡർ ബന്ധങ്ങളെ ജനാധിപത്യവൽക്കരിക്കണം. ഈ ബന്ധങ്ങൾ ഫ്യൂഡലിസവും മുതലാളിത്തവും ഉൽപാദിപ്പിച്ച ആശയമേല്ക്കോയ്മയുടെ ബലത്തിലാണ് ഇന്നും നിലനില്ക്കുന്നത്. തുല്യരായ മനുഷ്യർ എന്നതിൽ ഒരു തരത്തിലുമുള്ള ഒത്തുതീർപ്പിനും ഇടയില്ല. അത് വീട്ടിലായാലും പുറം ജീവിതത്തിലായാലും.

സ്ത്രീ എന്ന സ്വത്വാവസ്ഥയിൽ വീട്ടിലും പൊതുവിടങ്ങളിലും നേരിടുന്ന ചൂഷണവും അസ്വാതന്ത്ര്യവും സാംസ്കാരികമായി ഊട്ടിയുറപ്പിക്കുന്നതാണ് നമ്മുടെ ആചാരാനുഷ്ഠാനങ്ങളും മുഖ്യധാരാ കലയും. ഈ രംഗത്ത് ബോധപൂർവമായ ഇടപെടലും സാംസ്കാരികനിർമ്മിതിയും അവശ്യം വേണ്ടതുണ്ട്. എഴുത്തിലും കലാവിഷ്കാരത്തിലും കൂടെ മലയാളി സ്ത്രീകൾ സൃഷ്ടിച്ചെടുത്ത പുതിയൊരു സാംസ്കാരികമണ്ഡലമുണ്ട്. ഈ മുന്നേറ്റത്തെ നവീകരിക്കുകയും ഊർജസ്വലമാക്കുകയും ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണ്. നമ്മുടെ ജൻഡർ ബന്ധങ്ങളുടെ ജനാധിപത്യവൽക്കരണത്തിന് ഇത് വലിയ സംഭാവന നല്കും.

## II
## സാംസ്കാരിക സ്ഥാപനങ്ങൾ

കേരളത്തിൽ നടത്തേണ്ട സാംസ്കാരികപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നത്, ഇന്ത്യയിൽ ഇന്ന് നിലനില്ക്കുന്ന അടിച്ചമർത്തലിന്റെയും അപ്രഖ്യാപിത സെൻസർഷിപ്പിന്റെയും ആവിഷ്കാരസ്വാതന്ത്ര്യ നിഷേധത്തിന്റെയും സംഘപരിവാറിന്റെ സാംസ്കാരികരാഷ്ട്രീയത്തിനായി ഇന്ത്യയിലെ സ്ഥാപനങ്ങളെയാകെ ദുരുപയോഗം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു ബദൽ സൃഷ്ടിക്കേണ്ട ഉത്തരവാദിത്വം നമ്മളിലാണ് അർപ്പിതമായിരിക്കുന്നത് എന്ന ചിന്തയോടെയായിരിക്കണം.

സംഘടനകൾ എന്ന നിലയിലും സർക്കാർ ഏജൻസികൾ എന്ന നിലയിലും സംസ്കാരത്തിലുള്ള ഇടപെടലുകളെ കൂടുതൽ സക്രിയമാക്കാനുള്ള മാർഗങ്ങൾ എന്തെല്ലാം എന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് ഇവിടുത്തെ ചർച്ചകളിൽ പ്രസക്തം. സർക്കാർ ഏജൻസികൾ എന്ന നിലയിൽ അക്കാദമികൾ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, സി-ഡിറ്റ് പോലെയുള്ള സ്ഥാപനങ്ങൾ, ബുക്ക്മാർക്ക്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എൻസൈക്ലോപീഡിയ, സർവകലാശാലകൾ, കലാപഠനഗവേഷണ സ്ഥാപനങ്ങൾ, മാധ്യമ പഠനകേന്ദ്രങ്ങൾ, മഹാവ്യക്തികളുടെ സ്മരണ നിലനിർത്തുന്ന സാംസ്കാരിക സ്ഥാപനങ്ങൾ, പൈതൃക പഠനകേന്ദ്രങ്ങൾ, സർവകലാശാലകൾ തുടങ്ങിയവയ്ക്ക് ഈ മേഖലയിൽ എന്തുചെയ്യാൻ കഴിയും എന്ന് വിശദമായിത്തന്നെ പരിശോധിക്കേണ്ടതുണ്ട്. സാംസ്കാരിക രംഗത്തെ സംഘടിത മുന്നേറ്റങ്ങൾ ഏതുവിധമായിരിക്കണമെന്നതും ചർച്ചാവിഷയമാകണം.

സംസ്കാരികരംഗത്തെ സംഘടിതമുന്നേറ്റം, ഭാഷാപഠനവും ഗവേഷണവും, ഭാഷയും നവസാങ്കേതികവിദ്യകളും, പുസ്തകപ്രസാധനം-പ്രശ്നങ്ങളും സാധ്യതകളും, ഗ്രന്ഥശാലാപ്രസ്ഥാനം, അക്കാദമികൾ, കലാപഠനഗവേഷണരംഗം, മാധ്യമപഠനം, സാംസ്കാരിക സ്ഥാപനങ്ങളുടെ ശാക്തീകരണം, കലാനാടകസമിതികളുടെ ശാക്തീകരണം, സിനിമ - കലയും വ്യവസായവും, വിദ്യാഭ്യാസസ്ഥാപനങ്ങളും കലാപരിപോഷണവും, പാരമ്പര്യസംരക്ഷണത്തിന്റെ സാംസ്കാരിക മാനങ്ങൾ എന്നിങ്ങനെ പല മേഖലകൾ സംസ്കാരത്തിന്റെ ഭാഗമായുണ്ട്.

### ഗ്രന്ഥശാലാ പ്രസ്ഥാനം

ലോകത്തിലെതന്നെ സവിശേഷമായതും ജനകീയാടിത്തറയുള്ളതുമായ സാംസ്കാരിക കൂട്ടായ്മയാണ് കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനം. എന്നാൽ കേരളത്തിലെ പൊതുമണ്ഡലത്തിന്റെ തകർച്ച ഗ്രന്ഥശാലാപ്രസ്ഥാനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്.

ഇന്ന് യുവാക്കൾ ഈ മേഖലയിലേക്കു കടന്നുവരുന്നില്ല. അവരെ ആകർഷിക്കാനുള്ള വഴികൾ ആലോചിക്കണം. മിടുക്കരും സമർത്ഥരുമായ ചെറുപ്പക്കാരുടെ സാമൂഹികബോധവും വ്യവസ്ഥാവിമർശനവും ഏറ്റവും പ്രയോജനകരമായ ചാലുകളിലേക്ക് തിരിച്ചു

വിടാനുള്ള ഒരു രാസത്വരകമായി ഗ്രന്ഥശാലാബന്ധ ങ്ങളും പ്രവർത്തനങ്ങളും മാറാനുള്ള സാധ്യതകളും ശക്തമാണ്. അതു പ്രയോജനപ്പെടുത്താനുള്ള പദ്ധ തികൾക്ക് ഊന്നൽകൊടുക്കേണ്ടതാണ്. ജാതിമത വിഭാഗീയ സാമൂഹികവിരുദ്ധ പ്രവണതകളിൽനിന്ന് വിട്ടുനില്ക്കുന്ന അപൂർവം പൊതു ഇടങ്ങളിലൊന്നാണ് ഇന്നും ഗ്രന്ഥശാലകൾ. ഇത്തരം പൊതുയിടങ്ങൾ നമ്മുടെ സാമൂഹികമായ നിലനില്പിന്റെ അടിസ്ഥാന മാണ്. അവയെ സംരക്ഷിക്കേണ്ടതുണ്ട്. ഉദാത്തമായ മാനവികതയുടെ അടിസ്ഥാനത്തിൽ സാമൂഹിക പ്രതി ഭാസങ്ങളെ വിലയിരുത്തുന്ന, ശാസ്ത്രീയമായ വിശക ലനസാമഗ്രികൾ ഉപയോഗിച്ചു സത്യം കണ്ടെത്താൻ കഴിയുന്ന പുതിയ മനസ്സുകളെയും സാമൂഹികക്കൂട്ടയ്മ കളെയും സൃഷ്ടിക്കാൻ വായനയ്ക്കും വായനശാലയ്ക്കും കഴിയണം.

വിവരസാങ്കേതികവിദ്യ, നവമാധ്യമങ്ങൾ എന്നിവയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുമുണ്ട്. ഇതിനായി ഗ്രന്ഥശാലാനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടത് ആവശ്യമാണ്. രാഷ്ട്രീ യപ്രബുദ്ധതക്കൊപ്പം സാംസ്കാരികപ്രബുദ്ധതയും രൂപപ്പെടുത്തുന്നതിൽ ഗ്രന്ഥങ്ങൾക്കും ഗ്രന്ഥശാല കൾക്കുമുള്ള സവിശേഷപ്രാധാന്യം തിരിച്ചറിഞ്ഞു കൊണ്ട് കൂടുതൽ ധനസഹായം നല്കുന്നതുൾപ്പെടെ ആവശ്യമായ പിൻബലം ഗ്രന്ഥശാലാപ്രസ്ഥാനത്തിന് സർക്കാർ നല്കണം. സംസ്ഥാനത്തെ ലൈബ്രേറിയന്മാ രുടെ യോഗ്യത, നിയമനം, പരിശീലനം എന്നിവയിൽ കൂടുതൽ ശ്രദ്ധിച്ചുകൊണ്ട് അവരിൽ കൂടുതൽ ഗുണപ രമായ മാറ്റങ്ങൾ വരുത്തി ഗ്രന്ഥശാലാപ്രസ്ഥാനത്തിന് പുത്തനുണർവു നൽകേണ്ടതുണ്ട്. ഡിജിറ്റൈസേഷ നുള്ള സംവിധാനം ലൈബ്രറികളിൽ ഒരുക്കണം. പ്രത്യേകിച്ചും പഴയ പുസ്തകങ്ങൾ, മാസികകൾ എന്നിവയുടെ അപൂർവശേഖരമുള്ള പല ഗ്രന്ഥശാല കളും കേരളത്തിലുണ്ട്. അവയെല്ലാം ഡിജിറ്റലൈസ് ചെയ്യാനും പൊതുജനങ്ങൾക്കു ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫ്രാൻസിൽ 9000 പബ്ലിക് ലൈബ്രറികളാണുള്ളത്. കേരളം പോലെ ഒരു ചെറുപ്രവിശ്യയിൽ അതിനെ ക്കാളും കുറവല്ല ഗ്രന്ഥശാലകളുടെ എണ്ണം നമ്മുടെ അഭിമാനവും നിക്ഷേപവുമാണ്. പുസ്തകങ്ങളെടു ത്തു വീട്ടിൽ കൊണ്ടുപോയിരുന്നു വായിക്കാനുള്ള ഇടങ്ങളല്ല വികസിത രാജ്യങ്ങളിലെ പബ്ലിക് ലൈബ്ര റികൾ. ആളുകൾ, ചെറുപ്പക്കാർ പ്രത്യേകിച്ചും, വന്ന് ദിവസം മുഴുവൻ ഇരുന്നു വായിക്കാനുള്ള സുഖക രമായ ഇടമാണ്. ഒപ്പം ചർച്ചകളും കലാപരിപാടിക ളും ഒക്കെയുണ്ട്. വാർഷികാഘോഷമല്ല, ആഴ്ചയിൽ ഒരിക്കൽ 25 പേർ പങ്കെടുക്കുന്ന ഒരു പുസ്തകചർ ച്ചയാണ് പ്രധാനം. നമ്മുടെ ഗ്രന്ഥശാലകളെ ഇത്തരം വായനശാലകൾ തന്നെയാക്കി മാറ്റുന്ന കാര്യം ആലോ ചിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ഫർണിച്ചറുകൾ, കെട്ടിടം, എയർകണ്ടീഷനിങ് തുടങ്ങിയ സൗകര്യങ്ങൾ എന്നിവ എല്ലാ വായനശാലകളിലും ഏർപ്പെടുത്തുന്ന തിനുള്ള ധനസഹായം സർക്കാർ നല്കണം.

ഗ്രന്ഥശാലപ്രസ്ഥാനത്തിന്റെ സുവർണ്ണനാളുകളിൽ പുസ്തകവായനയും വായനശാലയും വായിക്കാനു ള്ള ഒരിടം എന്നതിലുപരി ശക്തമായ സാംസ്കാരിക ഇടപെടലിനുള്ള സ്ഥലം കൂടെ ആയിരുന്നു. ഇന്നത്തെ കാലത്ത് പ്രാദേശിക സർക്കാരുകൾ, വികസന-വിജ്ഞാന കേന്ദ്രങ്ങൾ, നൈപുണി പരിശീലനകേന്ദ്ര ങ്ങൾ തുടങ്ങിയ പുതിയ ധർമ്മങ്ങൾ ലൈബ്രറികൾ ഏറ്റെടുക്കണം.

ഒരിക്കൽ നാം കൈവരിച്ച ഈ മുന്നേറ്റം പുതിയ വിവര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പുനരാവിഷ്ക്കരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. വിവരസാ ങ്കേതിക വിദ്യയുടെ ശേഷി നേടുന്നതിനും അതിലൂടെ വിവരവിനിമയത്തിൽ നേരിട്ടിടപെടുന്നതിനുമുള്ള ഒരു ഇടമായി വായനശാല മാറണം. സമ്പൂർണ്ണ സാക്ഷ രതാപ്രസ്ഥാനം വിജയിപ്പിച്ചതുപോലെ സമ്പൂർണ്ണ വായനാപ്രസ്ഥാനം വളർത്തിയെടുക്കാനുള്ള പദ്ധതി കൾക്കു തുടക്കം കുറിക്കണം.

### കേരളത്തിലെ അക്കാദമികൾ

സ്വതന്ത്ര ഇന്ത്യ നിലവിൽവന്ന ഉടനേ അന്നത്തെ പ്രധാ നമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ മുൻകൈയിൽ കലാസാംസ്ക്കാരിക പ്രവർത്തങ്ങൾ ഉത്തേജിപ്പിക്കു ന്നതിനും സംരക്ഷിക്കുന്നതിനുമായി ദില്ലിയിൽ വിവിധ അക്കാദമികളും സമാനസ്ഥാപനങ്ങളും സ്ഥാപിക്ക പ്പെട്ടു. അതേ മാതൃകയിലാണ് കേരളത്തിലും അക്കാ ദമികൾ രൂപവൽക്കരിക്കരിക്കപ്പെട്ടത്. പക്ഷേ, നിർ ഭാഗ്യവശാൽ കേന്ദ്ര സർക്കാരിനു കീഴിലുള്ള അക്കാ ദമികൾ ഇന്ന് വലിയൊരു വെല്ലുവിളി നേരിടുന്നു. കേന്ദ്ര സാഹിത്യ അക്കാദമിക്ക് ഉണ്ടായിരുന്ന പ്രവർ ത്തനസ്വാതന്ത്ര്യം പൂർണ്ണമായും നഷ്ടപ്പെട്ടു. മറ്റ് കേന്ദ്ര അക്കാദമികളും സാംസ്കാരികസ്ഥാപനങ്ങളും ഒക്കെ സംഘപരിവാർ രാഷ്ട്രീയത്തിന്റെ വർഗീയപ്രചാരണ ത്തിനുള്ള ഉപകരണങ്ങളും ബുദ്ധിജീവി വിരുദ്ധതയ്ക്കു ള്ള താവളങ്ങളുമായിരിക്കുന്നു.

കേന്ദ്രസർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങളെക്കുറി ച്ചു കാലാകാലങ്ങളിൽ വിവിധ വിദഗ്ധസമിതികൾ പഠിച്ചുവച്ച നിർദേശങ്ങളാണ് അവയുടെ പ്രവർത്ത നത്തിനു വഴികാട്ടിയിരുന്നത്. 1964ലെ ഹോമി ഭാഭ കമ്മിറ്റി, 1972ലെ ഖോസ്ലാ കമ്മിറ്റി, 1989ലെ പി എൻ ഹക്സർ കമ്മിറ്റി എന്നിവയാണവ. ഇതുകൂടാതെ 2013ൽ സമർപ്പിക്കപ്പെട്ട സീതാറാം യെച്ചൂരി കമ്മിറ്റി യുടെ നിർദേശങ്ങളുമുണ്ട്.

അക്കാദമികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പുതിയ ഭാവുകത്വത്തോടു സംവദിക്കാൻ അവയ്ക്കു കഴിയുന്നില്ല എന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളാണ് യഥാർഥത്തിൽ അക്കാദമികൾ ഭരിക്കേ ണ്ടത്. അങ്ങിനെ വരുമ്പോൾ മാത്രമേ അതിൽ വിവിധ തലമുറകൾക്കു പ്രാതിനിധ്യമുണ്ടാകൂ. മറ്റൊരു പ്രധാ നനിർദേശം അക്കാദമികളെ വിദ്യാഭ്യാസസ്ഥാപനങ്ങ ളുമായി ബന്ധിപ്പിക്കണം എന്നതാണ്. കേരളത്തിലെ സ്മാരകങ്ങളെ ഇന്ദിരാഗാന്ധി നാഷണൽ സെന്റർ

ഫോർ ആർട്സിന്റെ മാതൃകയിൽ ട്രസ്റ്റ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ക്രോഡീകരിക്കണം.

ഫോക് ലോർ അക്കാദമിയെ ഔപചാരികവും അനൗപചാരികവുമായ ഗവേഷണങ്ങൾക്ക് പ്രാപ്തമാക്കണം, ഫോക്ലോർ മ്യൂസിയം വിപുലവും സുസജ്ജവുമാക്കണം.

മറ്റു സംസ്ഥാനങ്ങളുമായി സാംസ്ക്കാരികവിനിമയം നടത്തുക എന്നത് അക്കാദമികളുടെ ലക്ഷ്യമാണെങ്കിലും അതൊന്നും ഇപ്പോൾ ഫലപ്രദമായി നടക്കുന്നില്ല. ഭാരത് ഭവൻ, മലയാളം മിഷൻ പോലുള്ള സ്ഥാപനങ്ങൾ അവയുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ സാധിതമാക്കുന്നതിനും വിപുലീകരിക്കുന്നതിനും ഉള്ള ആശയങ്ങൾ ഉയർന്നുവരണം.

കേരള സംഗീതനാടക അക്കാദമി ഡോക്യുമെന്റേഷന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. കേരളത്തിന്റെ തനതായ കലാരൂപങ്ങളെയും അവയുടെ കലാകാരരെയും ഡോക്യുമെന്റ് ചെയ്ത് ആർക്കൈവിൽ സൂക്ഷിക്കേണ്ടതുണ്ട്. ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം കൂടുതൽ കാര്യക്ഷമതയോടെ നടക്കണം.

സാഹിത്യ അക്കാദമിയെ കേന്ദ്രസാഹിത്യ അക്കാദമി രൂപീകരിച്ച രീതിയിൽ പുനഃസംഘടിപ്പിക്കണം. അക്കാദമിക്കു സ്വതന്ത്രമായ വിഭവസമാഹരണത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഭാഷാസാഹിത്യ സാംസ്കാരിക ഗവേഷണത്തിന് സഹായകമായ കൃതികൾ അക്കാദമി മുൻഗണന നല്കി പ്രസിദ്ധീകരിക്കണം. പ്രാദേശിക സാഹിത്യസമിതികൾക്ക് ഗ്രാന്റ് നല്കണം. സാഹിത്യകാരന്മാർക്ക് ക്ഷേമപദ്ധതികൾ തുടങ്ങണം. ഭാഷാസൂത്രണത്തിന് വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

## മലയാളം കമ്പ്യൂട്ടിങ്

ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിന്റെ തള്ളിച്ചയിൽ മലയാളഭാഷ അന്യംനിന്നുപോകുമെന്ന ആശങ്കയുടെ നാളുകൾക്ക് അറുതിവരുത്തി യൂണികോഡിന്റെയും ഭാഷയുടെ ലോക്കലൈസേഷന്റെയും വരവ് ഡിജിറ്റൽ ലോകത്ത് മലയാളത്തിന്റെ ശക്തമായ സാന്നിധ്യം ഉറപ്പിച്ചിരിക്കുകയാണ്. സർക്കാർ കൊണ്ടുവന്ന മലയാളഭാഷാബില്ലും മലയാളത്തിനു കൈവന്ന ശ്രേഷ്ഠഭാഷാപദവിയും ഈ മുന്നേറ്റത്തിന് ആക്കം കൂട്ടി. ഇന്ന് വിക്കി പീഡിയയിലും വിക്കി ഗ്രന്ഥശാലയിലും സമൂഹമാധ്യമങ്ങളിലും ബ്ലോഗുകളിലും സൈറ്റുകളിലും എല്ലാമായി മലയാളം ഉള്ളടക്കം വലിയതോതിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പ്രാചോനകൃതികളും രേഖകളും അടക്കം ഡിജിറ്റൈസ് ചെയ്ത ആർക്കൈവുകളും സമ്പന്നമാണ്.

എങ്കിലും ഈ രംഗത്ത് ഇനിയും പല പ്രശ്നങ്ങളും അവശേഷിക്കുന്നു. വിക്കിപീഡിയ അടക്കമുള്ള ശേഖരങ്ങളിൽ നിക്ഷിപ്തതാൽപര്യത്തോടെയുള്ള തിരുത്തലുകളും ആധികാരികമല്ലാത്ത വിവരങ്ങളും ധാരാളമായി കാണാം. മലയാളം വിക്കി രംഗം സന്നദ്ധപ്രവർത്തകരുടെ ഉത്സാഹത്തിന്റെ സംഭാവനയാണ്. എന്നാൽ, എണ്ണത്തിൽ പരിമിതമായ ഈ സന്നദ്ധപ്രവർത്തകർക്ക് എല്ലാ ഉള്ളടക്കങ്ങളും നിരന്തരം പരിശോധിക്കാനും ചരിത്രവിരുദ്ധവും ശാസ്ത്രവിരുദ്ധവും വസ്തുതാവിരുദ്ധവും പ്രതിലോമകരവുമായ വിവരങ്ങൾ തിരുത്താനും കഴിയുന്നില്ല. ഈ സാഹചര്യത്തിൽ, ഇതിനായി പങ്കാളിത്തം ഉയർത്താനുള്ള ഒരു പ്രോത്സാഹനപദ്ധതിയും ആധികാരികത ഉറപ്പാക്കാനുള്ള ഇടപെടലും ഉണ്ടാകണം.

സർക്കാരിന്റെയും മറ്റും ഡിജിറ്റൽ ഉള്ളടക്കങ്ങൾ സ്വതന്ത്ര ലൈസൻസിൽ പൊതുസമൂഹത്തിനു ലഭ്യമാക്കാനുള്ള നയതീരുമാനം അനിവാര്യമാണ്. സർക്കാർ പ്രസിദ്ധീകരണങ്ങൾ, ആനുകാലികങ്ങൾ എന്നിവ ചരിത്രരേഖകൾകൂടിയാണ്. ഇവ പലതും ഓരോ തവണ വെബ്സൈറ്റ് റീവാമ്പ് ചെയ്യുമ്പോഴും നഷ്ടമാകുന്നു. സർക്കാർ സൈറ്റുകൾ ഓഡിറ്റ് ചെയ്യുകയും മലയാളത്തിലുള്ള ഉള്ളടക്കങ്ങൾ കാലാകാലം ഒഴിവാക്കപ്പെട്ടവ കണ്ടെത്തുകയും അവ ആർക്കൈവ് ചെയ്യുകയും ചെയ്യണം.

മലയാളത്തിൽ യൂണിക്കോഡ് വന്നിട്ട് കാൽ നൂറ്റാണ്ട് ആയിട്ടും ഇന്നും ഒട്ടേറെ DTP കേന്ദ്രങ്ങളും പല ഡിസൈനർമാരും കാലഹരണപ്പെട്ട ആസ്കി ഫോണ്ടുകളിലാണ് ഉള്ളടക്കനിർമ്മാണം നടത്തുന്നത്. ഇന്റർനെറ്റിൽ ആർക്കൈവ് ചെയ്യാനും പുനരുപയോഗിക്കാനും പ്രയാസമുള്ള ഈ ഉള്ളടക്കങ്ങൾ എന്നെന്നേക്കുമായി നഷ്ടമാകാനാണു സാധ്യത. ഈ പ്രശ്നം പരിഹരിക്കാനും ടൈപ്പിങ്ങും ഡിസൈനിങ്ങും അടക്കമുള്ള ഉള്ളടക്കനിർമ്മാണം യൂണിക്കോഡിൽ നിർവഹിക്കുന്നു എന്ന് ഉറപ്പാക്കാനും നടപടി സ്വീകരിക്കണം. ഈ മേഖലകളിൽ ഉള്ളവർക്ക് ഇതിനു വേണ്ട പരിശീലനവും സഹായവും ചെയ്യുന്നതോടൊപ്പം ഡിസൈനിങ്ങിനുള്ള സ്വതന്ത്രസോഫ്റ്റ്‌വെയറുകളുടെ വികാസത്തിലും പ്രചാരണത്തിലും ഇടക്കാലത്തുണ്ടായ മുന്നേറ്റം തുടർന്നു കൊണ്ടുപോകാനുള്ള പദ്ധതിയും ആവിഷ്ക്കരിക്കണം.

മലയാളം ടൈപ്പിങ്ങിൽ ഇപ്പോഴും പല പ്രയാസങ്ങളും പ്രയോക്താക്കൾ പലരും ഉന്നയിക്കുന്നു. ചില പ്രശ്നങ്ങൾ നിലനില്ക്കുകയും ചെയ്യുന്നു. ഇവ ഒരു ഓഡിറ്റിങ്ങിനു വിധേയമാക്കി പ്രശ്നങ്ങൾ പട്ടികപ്പെടുത്തണം. ഇവ പരിഹരിക്കാൻ കേരളം യൂണികോഡ് കൺസോർഷ്യത്തിൽ അംഗമാകുന്നത് ഉൾപ്പെടെയുള്ളകാര്യങ്ങൾ ആലോചിക്കണം.

സർവോപരി, ഭാഷാസാങ്കേതികവിദ്യ സ്വതന്ത്രസോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായി വികസിപ്പിക്കാൻ പ്രത്യേക താൽപര്യം എടുക്കണം. അത് മറ്റ് ഇൻഡ്യൻ ഭാഷകൾക്കു മാതൃകയാകും.

## പ്രസാധനരംഗം

താരതമ്യേന കുറഞ്ഞ വിലക്ക് പൊതുവിൽ നല്ല ഗുണനിലവാരമുള്ള പുസ്തകങ്ങൾ വ്യാപകമായി ലഭ്യമാണ് എന്നതാണ് മലയാള പുസ്തക പ്രസാധനത്തിന്റെ മേന്മ. ചരിത്രപരവും രാഷ്ട്രീയവുമായ കാരണങ്ങളാലാണ് ഇതുണ്ടായി വന്നത്. പുരോഗമന സാഹിത്യപ്രസ്ഥാനം, ഗ്രന്ഥശാലാസംഘം, സാഹിത്യ പ്രവർത്തക

സഹകരണ സംഘം തുടങ്ങിയ ജനകീയ പ്രസ്ഥാനങ്ങൾ ഈ മേന്മയുണ്ടാക്കാൻ കാരണമായി. ഈ മേന്മ നിലനില്ക്കുമ്പോഴും, വൈജ്ഞാനികകൃതികൾ, ശാസ്ത്രം, ബാലസാഹിത്യം തുടങ്ങിയ മേഖലകളിലെ വളരെ അപര്യാപ്തമായ പ്രസാധനമാണ് മലയാള പ്രസാധനത്തിന്റെ പരിമിതി. പ്രസാധകൻ പണം നിക്ഷേപിച്ച്, ആസൂത്രണം ചെയ്ത് വളർത്തിയെടുക്കേണ്ട പ്രസാധന മേഖലകളാണിവ. സാഹിത്യകൃതികളുടെ പ്രസാധനത്തിലാണ് മലയാള പ്രസാധനം ഒട്ടുമുക്കാലും ഊന്നുന്നത്. ഇതു ദീർഘകാലാടിസ്ഥാനത്തിൽ ഭാഷയുടെ വികാസത്തെ ഗൗരവമായി ബാധിക്കും. ഒട്ടേറെ വൈജ്ഞാനിക മേഖലകളിൽ ഒരു പുസ്തകം പോലും മലയാളത്തിൽ ഇല്ല.

ഇന്നു മലയാളപുസ്തക പ്രസാധനരംഗത്ത് നിലനില്ക്കുന്ന വൻകിടസ്ഥാപനങ്ങൾ വൈജ്ഞാനിക ഗ്രന്ഥങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി തങ്ങളുടെ ലാഭത്തിന്റെ ഒരു പങ്ക് നീക്കിവയ്ക്കാൻ തയ്യാറാകണം. പ്രസാധകന്റെ ഇടപെടലില്ലാതെ തന്നെ ഉണ്ടായി വരുന്ന സർഗാത്മകസാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ച് ലാഭമുണ്ടാക്കാനാണ് പ്രവണത.

വൈജ്ഞാനിക ഗ്രന്ഥങ്ങൾ, ബാലസാഹിത്യം തുടങ്ങിയവ വികസിപ്പിക്കുന്നതിൽ ഒരു ദ്വിമുഖ സമീപനമായിരിക്കും ഉചിതം. ഒന്ന്: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാള സർവ്വകലാശാല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ നേരിട്ട് വലിയ തോതിൽ നിലവാരമുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് ഈ രംഗത്ത് അടിത്തറയും മാതൃകകളുമുണ്ടാക്കുക. രണ്ട്: വൈജ്ഞാനിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ചെറുതും വലുതുമായ സ്വകാര്യ പ്രസാധകരെ പ്രേരിപ്പിക്കുക. ഇതിനായി ധനസഹായം മുതലായവ നല്കി ഈ രംഗത്ത് പരസ്പരം മത്സരിക്കാനുള്ള ശേഷി അവർക്കുണ്ടാക്കുക.

ഇന്ത്യയിലെ ഏറ്റവും വിപുലമായ വായനാസമൂഹമാണ് കേരളം. പക്ഷേ, ഇന്നും പുസ്തകവായന ഒരു ചെറുന്യൂനപക്ഷത്തിന്റെ മാത്രം പ്രവർത്തിയാണ്. നമ്മുടെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരിൽനിന്ന് പുസ്തകവായനാശീലം വേണ്ടത്ര ഉണ്ടെന്നു പറയാനാവില്ല. സാക്ഷരത, ഗ്രാമീണ വായനശാല എന്നിങ്ങനെ വായനയ്ക്കടിസ്ഥാനമായ ഘടകങ്ങൾ വികസിപ്പിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും പുസ്തകവായനാശീലം ബഹുഭൂരിപക്ഷം മലയാളിക്കും ഇപ്പോഴും അന്യമാണ്. വ്യത്യസ്ത വിദ്യാഭ്യാസ തലങ്ങളിലുള്ള ആളുകൾക്ക് വേണ്ടിയുള്ള ബഹുതല പുസ്തകങ്ങൾ, കുട്ടികൾക്കും നവവായനക്കാർക്കും വേണ്ടിയുള്ള പുസ്തകങ്ങൾ എന്നിവയുടെ കാര്യത്തിലെല്ലാം കൂടുതൽ ശ്രദ്ധ മലയാള പ്രസാധനരംഗം ചെലുത്തേണ്ടിയിരിക്കുന്നു.

പുസ്തകങ്ങളുടെയും വായനയുടെയും നിരവധി പുതിയ രൂപങ്ങൾ ഇന്ന് ആവിഷ്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ദൃശ്യപുസ്തകങ്ങൾ, ഇന്ററാക്റ്റീവ് പുസ്തകങ്ങൾ, സംസാരിക്കുന്ന പുസ്തകങ്ങൾ, ബ്ലോഗുകൾ എന്നിവയൊക്കെ ഇവയിൽ ചിലതുമാത്രം. ഈ മേഖലകളിലെല്ലാം മൗലികമായ സംഭാവനകൾ നല്കാൻ കെല്പുള്ള പ്രസാധന പരിശീലനകേന്ദ്രങ്ങളും പ്രവർത്തനങ്ങളും ആരംഭിക്കുക എന്നത് നാം ഏറ്റെടുക്കേണ്ട മറ്റൊരു വെല്ലുവിളിയാണ്. തിരമൊഴിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഇ-ബുക്ക് പ്രസാധനം വിപുലമാക്കേണ്ടതുണ്ട്.

ഗവണ്മെന്റ് നേരിട്ടു നടത്തുന്ന പബ്ലിക്കേഷൻ സ്ഥാപനങ്ങൾക്കെല്ലാം പുസ്തകം അച്ചടിക്കുന്ന ജോലി മാത്രമേയുള്ളൂ. അവർക്ക് പുസ്തകം മാർക്കറ്റ് ചെയ്യുന്ന പണിയില്ല. ബുക്ക് മാർക്ക് സ്ഥാപനം എന്തിനുവേണ്ടിയാണോ തുടങ്ങിയത് ആ ലക്ഷ്യം നേടാൻ അതിനിപ്പോഴും കഴിഞ്ഞിട്ടില്ല. മറ്റ് പല നാടുകളിലും ഉള്ളതുപോലെ എഴുത്ത് ഒരു തൊഴിലായി സ്വീകരിക്കാൻ കഴിയുന്ന ഒരു സാഹചര്യം കേരളത്തിലില്ല. എഴുത്തുകാർക്ക് ഫെല്ലോഷിപ്പ് നല്കുന്ന പതിവ് കേരളത്തിൽ ഇല്ലെന്നുതന്നെ പറയാം. ധൈഷണികപ്രവർത്തനത്തെ ഗൗരവമായെടുക്കുന്ന സംസ്കാരം ബോധപൂർവം വളർത്തിയെടുക്കുകയാണു വേണ്ടത്.

പഴയകൃതികളുടെ പ്രസാധനമാണ് ഗൗരവത്തോടെ ഏറ്റെടുക്കേണ്ട മറ്റൊരു ഉത്തരവാദിത്തം. താളിയോലയിലുള്ള ഗ്രന്ഥങ്ങൾ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നമ്മുടെ പല സർവകലാശാലകളിലും ഉണ്ട്. എന്നാൽ അവിടെയുള്ള കൃതികൾ പഠനങ്ങളും വ്യാഖ്യാനങ്ങളും സഹിതം പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങളൊന്നും നടക്കുന്നില്ല. മാത്രമല്ല അത്തരം വിജ്ഞാനശാഖകളിൽ പ്രാവീണ്യം നേടുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെയും അക്കാദമിക സ്ഥാപനങ്ങളുടെയും സവിശേഷശ്രദ്ധ പതിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിലെന്തെങ്കിലും മാറ്റം ഉണ്ടാക്കിയെടുക്കാൻ കഴിയൂ. അതേവിധം അക്കാദമികരംഗത്തു നടക്കുന്ന ഗവേഷണഫലങ്ങൾ പൊതുജനങ്ങൾക്ക് പുസ്തകരൂപത്തിൽ ലഭ്യമാക്കാനുള്ള ഏർപ്പാടുകളുണ്ടാവണം.

### നഷ്ടമാകുന്ന പൊതുമണ്ഡലം

നവോത്ഥാനകാലത്ത് കേരളത്തിൽ സൃഷ്ടിക്കപ്പെട്ട പൊതുമണ്ഡലം തകർന്നുപോകുന്നു എന്നതാണ് സാംസ്ക്കാരിക മേഖലയിൽ നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. സാംസ്കാരിക ഇടനാഴികൾ (കൾച്ചറൽ കോറിഡോർ) രൂപപ്പെടുത്തുക എന്നതാണ് പൊതുയിടങ്ങൾ തിരിച്ചു പിടിക്കാനുള്ള ഒരു വഴി. കേരളത്തിന്റെ തനത് സംസ്കാരത്തെയും ചരിത്രത്തെയും ജീവിതത്തെയും അറിയാനുള്ള അവസരമൊരുക്കുകയും കല, ശാസ്ത്രം, വിദ്യാഭ്യാസം എന്നിവവഴി പൊതുബോധം ഉണ്ടാക്കാൻ കഴിയുകയും ചെയ്യുന്ന തരം പൊതുയിടങ്ങൾ എന്ന നിലയിലാണ് സാംസ്കാരിക ഇടനാഴികൾ വിഭാവനം ചെയ്യുന്നത്. അതതു പ്രദേശങ്ങളിലെ ചരിത്രസ്മാരകങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, കൈവേലകൾ, കളികൾ, കലകൾ എന്നിവയെ കോർത്തിണക്കി ശാസ്ത്രസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ഇടനാഴി സൃഷ്ടിക്കുക എന്നതാണ് ഈ പരിപാടിയുടെ കാതൽ. സാംസ്കാരിക സ്ഥാപനങ്ങളെ റോഡുകൾ വഴി പരസ്പരം ബന്ധിപ്പിച്ചാണ്

ഇടനാഴി തീർക്കേണ്ടത്. റോഡിന്റെ ഇരുവശങ്ങളും കലാസൃഷ്ടികൾകൊണ്ട് അലങ്കരിക്കണം. ഈ ഇടനാഴിയിലൂടെ യാത്രചെയ്യുന്ന ഒരാൾക്ക് സാഹിത്യകാരരുടെയും കലാകാരരുടെയും സംഭാവനകളുമായി ഇടപഴകാനുള്ള അവസരം ഉണ്ടായിരിക്കും. ഇതിനായി ശബ്ദം, വെളിച്ചം എന്നിവയുടെയെല്ലാം സഹായം തേടാവുന്നതാണ്. ഒരു ജനകീയകലാചന്തയും ഈ ഇടനാഴിയുടെ ഭാഗമായിരിക്കും. നിലവിലുള്ള ഹോട്ടൽ, റെസ്റ്റോറന്റ് സംവിധാനങ്ങൾക്കു പകരം ഭക്ഷണം പങ്കുവയ്ക്കാവുന്ന ഒരു പൊതു അടുക്കള സാംസ്കാരിക ഇടനാഴിയുടെ ഭാഗമായിരിക്കും. തെരുവുവിപണി, കലാജാലകങ്ങൾ എന്നിവയും കൾച്ചറൽ കോറിഡോറിൽ സംഘടിപ്പിക്കാവുന്നതാണ്.

കൊച്ചി ബിനാലെ ഇന്ന് ലോകപ്രസിദ്ധമാണ്. നൂതന ലോക കലാ പ്രവണതകളെ മലയാളിക്ക് പരിചയപ്പെടുത്തുന്നതിനും പുതിയൊരു ആസ്വാദനക്ഷമത വളർത്തിയെടുക്കുന്നതിനും ബിനാലെ വലിയ സംഭാവന ചെയ്തിട്ടുണ്ട്. ലോകമെങ്ങും നിന്നുള്ള കലാകാരും കലാനിരൂപകരും മറ്റും ബിനാലെ കാണാൻ വരുന്നു എന്നതുമാത്രമല്ല സാധാരണക്കാരായ മലയാളികൾ ക്ഷിപ്രവിനിമയിയല്ലാത്ത സമകാലികകല ആസ്വദിക്കാൻ കൂട്ടം കൂടുന്നു എന്നതും കൂടെയാണ് കൊച്ചി ബിനാലെയുടെ സവിശേഷത. കൊച്ചി ബിനാലെയുടെ വിജയത്തെ കേരളത്തിലെ ജനങ്ങളിൽ കലാസ്വാദനത്തിനുള്ള വികേന്ദ്രീകൃത പദ്ധതികൾ നടപ്പാക്കാനുള്ള പ്രേരകം ആക്കിത്തീർക്കണം. ലളിതകലാ അക്കാദമിയും കലാവിദ്യാലയങ്ങളും ചേർന്ന് ഇക്കാര്യത്തിൽ മുൻകൈ എടുക്കണം.

ഇതുപോലെ തന്നെ ഇറ്റ്ഫോക് (ITFoK - International Theatre Festival of Kerala), കേരള ഫിലിം ഫെസ്റ്റിവൽ (IFFK -International Film Festival of Kerala), എന്നിവ മലയാള കലാരംഗത്തെ അടയാളങ്ങളായി മാറിയിട്ടുണ്ട്. ഇന്ത്യയിൽ സിനിമയും നാടകവും നേരിടുന്ന ആവിഷ്കാരസ്വാതന്ത്ര്യ നിഷേധത്തിനെതിരായ ഉത്സവങ്ങളായി ഇവയെ വളർത്തുന്നതിനൊപ്പം മലയാളികൾക്കാകെ ഈ കലകളിൽ വിദ്യാഭ്യാസം നല്കുന്നതുമാവണം. ഇറ്റ്ഫോക്കിനു വരുന്ന ഒരു നാടകം തിരുവനന്തപുരത്ത് അഭിനയയിലും കാലടിയിലെ സംസ്കൃത സർവകലാശാലയിലും കണ്ണൂരിലെ ഒരു വായനശാലയിലും പോലെ പലയിടങ്ങളിലും അവതരിപ്പിക്കാനാവണം. അതുപോലെ തന്നെ ഇപ്പോൾ തന്നെയുള്ള ജില്ലകളിലെ ഫിലിം ഫെസ്റ്റിവലുകൾ കൂടുതൽ വിപുലപ്പെടുത്തുകയും തിരുവനന്തപുരത്തെ ഫെസ്റ്റിവൽ സിനിമ പഠിക്കുന്നവർക്കും ചലച്ചിത്രരംഗത്ത് പ്രവർത്തിക്കുന്നവർക്കു മാത്രമായും മാറ്റണം.

ഇറ്റ്ഫോക്കിന്റെയും ചലച്ചിത്രോത്സവത്തിന്റെയും മാതൃകയിൽ തിരുവനന്തപുരത്ത് ടൂറിസം വകുപ്പ് നടത്തുന്ന നിശാഗന്ധി നൃത്തോത്സവം ഒരു വലിയ ആഗോളനൃത്തോത്സവമാക്കി പുന:സംഘടിപ്പിക്കണം.

കേരളത്തിലങ്ങോളമിങ്ങോളം ഇന്ന് ചെറുതും വലുതുമായ ലിറ്ററേച്ചർ ഫെസ്റ്റിവലുകൾ നടക്കുന്നുണ്ട്. ചെറിയ ഒരു ഹാളിൽ നടന്നിരുന്ന പുസ്തകപ്രകാശനത്തിന്റെയും സാഹിത്യചർച്ചയുടെയും സമകാലിക രൂപമാണിത്. ഈ ഉത്സവങ്ങളിൽ നടക്കുന്ന ആശയ സംവാദം ചെറുതല്ല, മാത്രമല്ല പുതിയ തലമുറയെ വായനയുമായും സാഹിത്യവുമായി അടുപ്പിക്കുന്നതിലും ഈ ഉത്സവങ്ങൾ വലിയ പങ്കു വഹിക്കുന്നു. ഈ ലിറ്ററേച്ചർ ഫെസ്റ്റിവലുകൾക്ക് സർക്കാർ പിന്തുണ നല്കേണ്ടതാണ്. ഇന്ത്യയിലെ മറ്റു മിക്ക ഫെസ്റ്റിവലുകളും സംഘപരിവാറിനെ പിണക്കരുത് എന്ന ഉദ്ദേശത്തിൽ സ്വയം പരിമിതപ്പെടുന്നു. കേരളത്തിലെ ലിറ്ററേച്ചർ ഫെസ്റ്റിവലുകൾ ഇക്കാര്യത്തിൽ വേറിട്ടു നില്ക്കുന്നു. അതിനെ പ്രോത്സാഹിപ്പിക്കണം. ഭാരത് ലിറ്ററേച്ചർ ഫെസ്റ്റിവൽ എന്ന പേരിൽ ആർഎസ്എസ് നേരിട്ട് ഇന്ത്യ മുഴുവൻ ലിറ്ററേച്ചർ ഫെസ്റ്റിവലുകൾ നടത്താൻ ആരംഭിച്ചിരിക്കുന്ന വേളയിൽ ഇതു കൂടുതൽ പ്രസക്തമാണ്.

തിരുവനന്തപുരത്തെ നവരാത്രി സംഗീതോത്സവത്തിന്റെ മാതൃകയിൽ സ്വാതിതിരുനാൾ സംഗീതകോളേജിൽ ഒരു അന്താരാഷ്ട്ര സംഗീതോത്സവം സംഘടിപ്പിക്കണം.

കേരള സർക്കാർ നടത്തിയ കൾച്ചറൽ കോൺഗ്രസ് കൂടുതൽ വിപുലമായി ഒരു സമ്മേളനമായി നടത്തണം. ഇത് ഒരു സാഹിത്യോത്സവമാവരുത്. 1935 ൽ പാരീസിൽ നടന്ന സംസ്കാരത്തെ പ്രതിരോധിക്കാനുള്ള എഴുത്തുകാരുടെ സമ്മേളനത്തിന്റെ മാതൃകയിൽ ആകണമിത്. (First International Congress of Writers for the Defence of Culture) വാർഷിക കോൺഗ്രസിന് തിരഞ്ഞെടുക്കപ്പെട്ട ഒരു അധ്യക്ഷനും സമിതിയും ഉണ്ടാവണം. ഈ കോൺഗ്രസും അതിലെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും അവസാനം നടക്കുന്ന വാർഷികപ്രഖ്യാപനവുമാവണം ഈ കോൺഗ്രസിന്റെ പ്രവർത്തനം. കോൺഗ്രസിനൊപ്പം അനുബന്ധ പരിപാടികളും ആവാം.

## സിനിമ

കേരള സ്റ്റോറി, കശ്മീർ സ്റ്റോറി തുടങ്ങിയ സിനിമകൾ പ്രചാരണ സിനിമകൾ എടുക്കുന്നതായി തരംതാണിണിക്കുന്നു ഇന്ത്യയുടെ സിനിമാരംഗം എന്നതു മാത്രമല്ല പ്രശ്നം, പുനരുദ്ധാരണ വാദപരമായ കഥകളുടെ പ്രചാരകരുമാവാൻ ഇന്ത്യൻ ചലച്ചിത്രമേഖല നിർബന്ധിതരായിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രതീക്ഷയുടെ ഒരു തുരുത്താണ് മലയാളസിനിമ. വ്യത്യസ്തങ്ങളായ പരീക്ഷണങ്ങൾ നമ്മുടെ സിനിമയിൽ നടക്കുന്നു എന്നു മാത്രമല്ല അവ ജനസാമാന്യം സ്വീകരിക്കുകയും ചെയ്യുന്നു. മലയാള ചലച്ചിത്രവ്യവസായവും താരതമ്യേന ആരോഗ്യപൂർണ്ണമാണ്. വിവിധ കാലങ്ങളിലെ സർക്കാരുകളും പ്രതിഭാശാലികളായ വ്യക്തികളും ഇക്കാര്യത്തിൽ ചെയ്ത, ചെയ്തുകൊണ്ടിരിക്കുന്ന സംഭാവന വളരെ വലുതാണ്.

ഇനി എന്ത് എന്നതാണ് നമ്മുടെ മുന്നിലെ ചോദ്യം. കേരളത്തെക്കാളും കുറവു ജനസംഖ്യയുള്ള, സാമ്പത്തികശേഷി കുറഞ്ഞ നാടുകൾ ലോകോത്തരമെന്നു വിളിക്കാവുന്ന ഒട്ടുവളരെ സിനിമകൾ ഉണ്ടാക്കുന്നു.

നമ്മുടെ സിനിമയ്ക്കും ലോകത്തെ ഒന്നാം നിരയ്ക്ക് അർഹതയുണ്ട്. ഇത് നേടിയെടുക്കുന്നതിനായി രണ്ടു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഒന്ന്, പരീക്ഷണാത്മകവും സാമ്പത്തികവിജയം ലക്ഷ്യം വയ്ക്കാത്തതുമായ സിനിമകൾക്ക് സർക്കാർ ഉദാരമായ ധനസഹായം നല്കണം. രണ്ട്, കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു അന്താരാഷ്ട്ര ചലച്ചിത്രപഠന സ്ഥാപനമാക്കി വളർത്തണം.

സിനിമാരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഇന്ന് അവർ തന്നെ ശക്തമായി ഉന്നയിക്കുന്നു. ഒരു പുരോഗമനസമൂഹം ഈ സ്ത്രീകളുടെ അവകാശങ്ങളെ ഒരു നിബന്ധനയും ഇല്ലാതെ പിന്തുണയ്ക്കേണ്ടതാണ്. സിനിമാരംഗത്തെ തൊഴിൽ നിയമങ്ങളിൽ കൂടുതൽ പരിഷ്കാരങ്ങളുണ്ടാവേണ്ടതുണ്ട്.

വനിതാ ചലച്ചിത്ര സംവിധാകകർക്കു നല്കുന്ന ധനസഹായം വർധിപ്പിക്കണം. ചലച്ചിത്ര പ്രവർത്തകർക്ക് വിവിധ അന്താരാഷ്ട്ര ഫെസ്റ്റിവലുകൾ കാണാൻ യാത്ര ചെയ്യാനുള്ള ഫെലോഷിപ്പ് നല്കണം. ലോകത്തെ തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നല്കണം.

## കലാപഠനം

കലാപഠനമാണ് ശ്രദ്ധ അർഹിക്കുന്ന മറ്റൊരു മേഖല. കലാമണ്ഡലം ഈ ദിശയിൽ ചെയ്ത പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധ ആകർഷിക്കുന്നതാണ്. വിദ്യാഭ്യാസത്തിൽ ആത്യന്തികമായി രണ്ടു പൊതുവ്യവസ്ഥകളാണുള്ളത്. ഒന്ന്, പഠനവ്യവസ്ഥ, രണ്ട് നൈപുണ്യവ്യവസ്ഥ. കലാമണ്ഡലത്തിലടക്കം സർവകലാശാലാ തലത്തിലുള്ള കലാപഠനഗവേഷണ പദ്ധതികളിൽ ഈ രണ്ടു വ്യവസ്ഥകളെ വേർതിരിച്ചറിയാനോ ഓരോ തലത്തിനും ആവശ്യമായ പദ്ധതി തിരഞ്ഞെടുക്കാനോ ഉള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല.

മറ്റു സർവകലാശാലകളുടെ പൊതുവായ രീതിതന്നെയാണ് കലാപഠനരംഗത്തെ നിയമനങ്ങൾ മുതൽ പാഠ്യപദ്ധതി, പഠനരീതി എന്നിവയുടെ ആവിഷ്കരണത്തിലും പിന്തുടരുന്നത്. നൈപുണ്യവ്യവസ്ഥയെ ഏതാണ്ട് പൂർണ്ണമായിത്തന്നെ പഠനവ്യവസ്ഥ കീഴടക്കുന്ന അവസ്ഥയാണുള്ളത്. ഇത് പാരമ്പര്യകലകളുടെ അഭ്യസനത്തിന് ഒട്ടും ശുഭോദർക്കമല്ല.

പാരമ്പര്യ അവതരണ കലകളിൽ ഏറിയപങ്കും ശരീരസ്ഥമായ അറിവിന്റെ പ്രയോഗസ്ഥലികൾ കൂടിയാണ്. ഈ വ്യത്യാസത്തെ തിരിച്ചറിഞ്ഞുകൊണ്ടുള്ളതാകണം പാരമ്പര്യ അവതരണ കലകളുടെ അഭ്യസനം. കലാരൂപങ്ങളുടെ സൗന്ദര്യഘടനകളുടെ മൂല്യവും മറുവശത്ത് അവ സൃഷ്ടിക്കുന്നതിനായി മുൻകാലങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്ന ശിക്ഷണസമ്പ്രദായത്തിന്റെ സമകാലീനമായ അപ്രായോഗികതയും പൂർണ്ണമായി അംഗീകരിക്കുന്ന ഒരു പുതിയ പരിശീലനപദ്ധതി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അതിനായി സർവകലാശാലാ തലത്തിലേക്ക് ഉയർത്തപ്പെട്ട നമ്മുടെ സ്ഥാപനങ്ങളെ സജ്ജമാക്കണം.

കലാപഠനത്തിന്റെ പാഠ്യപദ്ധതിയിലും പരീക്ഷാക്രമത്തിലുമുള്ള ഏകീകരണം പ്രധാനമാണ്. കലാപഠനരംഗത്ത് നിർവഹിക്കപ്പെടുന്ന ഗവേഷണം പലനിലയ്ക്കും അർഥശൂന്യമാണ്. ഭാഷാവിഷയങ്ങളിലോ ശാസ്ത്രവിഷയങ്ങളിലോ മാനവികവിഷയങ്ങളിലോ നടക്കുന്ന ഗവേഷണമാതൃകയും രീതിശാസ്ത്രവുമാണ് ഇപ്പോൾ കലാഗവേഷണത്തിലും പിന്തുടർന്നുകാണുന്നത്.

ക്ലാസ്സിക്കൽ കലകളുടെ കാര്യത്തിൽ പുനരുജ്ജീവന പ്രവണതകൾ കടന്നുവരുന്നതിനെ ഗൗരവപൂർണ്ണം കാണണം. യഥാർഥത്തിൽ നമ്മുടെ ക്ലാസ്സിക്കൽ കലകൾക്ക് ക്ഷേത്രം, വിശ്വാസം, ആരാധന എന്നിവയുമായി നേരിട്ട് ഒരു ബന്ധവുമില്ല. ചടുലതയാണ് നമ്മുടെ ദൃശ്യസംസ്കൃതിയുടെ സമകാലമുഖം. എന്നാൽ ക്ലാസ്സിക്കൽ കലകൾ സൂക്ഷ്മവും ധ്യാനാത്മകവുമായ ചലനങ്ങളാൽ ശ്രദ്ധേയമാണ്. അതിവേഗം ചലിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് കാലത്തെ പക്വതയോടെ കൈകാര്യം ചെയ്യുന്ന ഇത്തരം കലകൾ ജനങ്ങൾ ഇഷ്ടപ്പെടുന്നു എന്ന വസ്തുതയാണ് നാം ശ്രദ്ധിക്കേണ്ടത്. ഇന്ന് ക്ലാസ്സിക്കൽ കല എല്ലാ വീടുകളിലേക്കും കടന്നുചെന്നിരിക്കുന്നു. ഈ ജനപ്രിയതയെ പുനരുജ്ജീവന ശക്തികൾക്കു വിട്ടുകൊടുക്കുകയല്ല നാം വേണ്ടത്.

## സ്മാരകങ്ങൾ

സംരക്ഷിക്കപ്പെടേണ്ടത് എന്ന് കരുതുന്ന നിരവധി സ്മാരകങ്ങൾ കേരളസർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അതിലധികവും എഴുത്തുകാരുടെ ജന്മഗൃഹങ്ങളോ അവരുടെ പേരിൽ നിർമ്മിച്ച കെട്ടിടങ്ങളോ ആണ്. ഇവ കൂടാതെ ചില കൊട്ടാരങ്ങളും മറ്റും ഈ ഗണത്തിൽ വരും. സർക്കാർ നിയമിക്കുന്ന കമ്മറ്റികളാണ് ഇവയുടെ ഭരണം നിർവഹിക്കുന്നത്. പൊതുവായ ഒരു നയമില്ലാത്തതും വേണ്ടത്ര ഫണ്ടില്ലാത്തതുമാണ് ഈ സ്മാരകങ്ങളുടെ നടത്തിപ്പിലെ പ്രശ്നം. തുഞ്ചൻ സ്മാരക ട്രസ്റ്റിന്റേതുപോലുള്ള ഒരു സമിതിയാണ് എല്ലാ സ്മാരകങ്ങളുടെ കാര്യത്തിലും അഭികാമ്യം.

എല്ലാ ജില്ലകളിലും കിഫ്ബിയുടെ ധനസഹായത്തോടെ 30-50 കോടി രൂപ ചെലവു വരുന്ന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. മൂന്ന് എണ്ണത്തിന്റെ നിർമ്മാണങ്ങൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇത്രയും ഭീമമായ തുക മുടക്കുന്നതിന്റെ സാംസ്കാരിക സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല. ഓരോ ജില്ലയിലെയും കലാ-സാഹിത്യ പ്രവർത്തകർ അവരുടെ മേഖലയുടെ പോഷണത്തിന് എന്തു വേണമെന്ന് കൂട്ടായി നിർദേശിച്ച് അതിനനുസൃതമായ വാസ്തുശില്പം സൃഷ്ടിക്കുകയാണു വേണ്ടത്. അതിനു പകരം ഇപ്പോൾ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ചശേഷം അവ എങ്ങനെ ഉപയോഗപ്പെടുത്താമെന്നുള്ള ചിന്തയാണ്. നിർമ്മിച്ച സൗകര്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ ആവശ്യമായിട്ടുള്ള ജീവനക്കാർ ഇല്ല. ആവർത്തനച്ചെലവുകൾ

എങ്ങനെ എന്നതിനെക്കുറിച്ച് കൃത്യമായ ധാരണയില്ല. അടിയന്തരശ്രദ്ധ വേണ്ടുന്ന പ്രശ്നങ്ങളാണിവ.

### കലാസമിതികൾ

പുനരുത്ഥാനത്തിന്റെയും കമ്പോളസംസ്ക്കാരത്തിന്റെയും കാലത്ത് പ്രാദേശിക കലാസമിതികൾക്ക് വലിയ പങ്ക് നിറവേറ്റാനുണ്ട്. സംസ്കാരത്തിന്റെ അടിസ്ഥാന സിരാപടലങ്ങളായി അവയെ എങ്ങനെ മാറ്റിത്തീർക്കാമെന്ന് ആലോചിക്കണം. പഴയ കലാസമിതികളുടെ പ്രവർത്തനം തിരികെക്കൊണ്ടുവരാൻ കഴിയുമെന്നു കരുതാൻ വയ്യ. ആ രാഷ്ട്രീയസാഹചര്യം അതേവിധം ഇപ്പോൾ നിലനില്ക്കുന്നില്ല. അന്നത്തെ കലാസമിതികൾ സ്വാഭാവികമായി വളർന്നു വന്നവയാണ്. എന്നാൽ ഇന്ന് നിർബന്ധത്തോടുകൂടിയ പ്രവർത്തനത്തിലൂടെ മാത്രമേ കലാസമിതികളെ സജീവമാക്കി നിർത്താനാവൂ. ഈ സമിതികൾ തമ്മിൽ വിനിമയബന്ധം വേണം. ഓരോ പ്രദേശത്തേയും കലാകാരരുടെ കഴിവുകളേയും താൽപര്യങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം കലാസമിതികളുടെ ലക്ഷ്യം.

പ്രാദേശിക നാടകമേളകൾ നടക്കണം. നാടകങ്ങൾ ഡോക്യുമെന്റ് ചെയ്യണം. കുട്ടികളുടെ നാടകവേദിക്ക് സവിശേഷമായ പ്രാധാന്യം നല്കണം. പുതിയ നാടകസങ്കേതങ്ങളെ ജനകീയനാടകപ്രവർത്തകർക്ക് പരിചയപ്പെടുത്തിക്കൊടുക്കണം. ഇതിന് അക്കാദമികതലത്തിലെ പ്രവർത്തനങ്ങളും ജനകീയനാടകപ്രവർത്തനങ്ങളും തമ്മിലുള്ള ഉദ്ഗ്രഥനം ആവശ്യമായി വരും. എല്ലാ ഗ്രാമങ്ങളിലും നാടകസാംസ്ക്കാരികപ്രവർത്തനങ്ങൾക്ക് വേദിയൊരുക്കാനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തണം. ഗ്രാമീണ നാടകാവതരണങ്ങൾക്കും ക്യാമ്പുകൾക്കും സർക്കാർ ധനസഹായം നല്കണം. ക്യാമ്പസ് നാടകവേദികൾക്കു വേണ്ട പിന്തുണ ഉറപ്പുവരുത്തണം. അന്താരാഷ്ട്ര നാടകോത്സവത്തോടൊപ്പം മലയാളനാടകോൽസവവും ഇന്ത്യൻനാടകോൽസവവും സംഘടിപ്പിക്കണം. സ്ത്രീനാടകവേദികൾ രൂപവത്ക്കരിക്കാൻ ബോധപൂർവമായ ഇടപെടൽ വേണം. പ്രാദേശിക ഫിലിംസൊസൈറ്റികൾ കാര്യക്ഷമമാക്കണം. ഇവയെ സ്കൂൾ,കോളേജ് സംവിധാനവുമായി ബന്ധിപ്പിക്കണം. പ്രാദേശിക ചലച്ചിത്രമേളകൾ സംഘടിപ്പിക്കണം.

### പൈതൃകസംരക്ഷണം

നമ്മുടെ പാരമ്പര്യസംരക്ഷണത്തെക്കുറിച്ച് വളരെ വ്യത്യസ്തമായ ചില ധാരണകൾ പൊതുസമൂഹത്തിൽ വ്യാപിക്കുന്ന സന്ദർഭമാണിത്. ഒരുഭാഗത്ത് അത് സ്വാത്മനിർവചനത്തിന്റെയും സ്വത്വനിർണ്ണയനത്തിന്റെയും ഉപാധി എന്ന നിലയിൽ മനസ്സിലാക്കപ്പെടുമ്പോൾ മറുവശത്ത് കൗതുകപൂർണ്ണമായ കെട്ടുകാഴ്ചകളുടെയും വിനോദവ്യവസായത്തിന്റെയും ഉപകരണസാമഗ്രികളിലൊന്നുമാണ്. ഒരുവശത്ത് ജാതി, മത, പ്രാദേശിക വിഭാഗീയതകളും തനിമാവാദവും ഉയർന്നുവന്ന് പൈതൃകഭാവനയെ ഇടുങ്ങിയ പാരമ്പര്യവാദമാക്കി മാറ്റാനും അപരവിദ്വേഷത്തിൽ അടിയുറച്ച മിഥ്യാഭിമാനനിർമ്മാണത്തിന്റെ ഉപകരണമാക്കി രൂപപ്പെടുത്താനുമുള്ള ശ്രമങ്ങൾ പ്രബലമാണ്. അതേസമയം പൈതൃകവിഭവങ്ങളുടെ വസ്തുവല്ക്കരണവും സംഭവിക്കുന്നുണ്ട്. വിപണിയുടെ താൽപര്യങ്ങൾക്കനുസരിച്ച് പൈതൃകത്തെ വിനിയോഗിക്കുന്ന പ്രവണതയാണത്.

മുസിരിസ് പൈതൃക പദ്ധതി ശ്രദ്ധേയമായ ഇടപെടൽ ആയിരുന്നു. ഇതിന്റെ മാതൃകയിൽ ആലപ്പുഴ പൈതൃക നഗര പദ്ധതിയാകട്ടെ പാതിവഴിയിൽ നിൽക്കുകയാണ്. നമ്മുടെ സ്പൈസ് റൂട്ടിൽ വരുന്ന പഴയകാല തുറമുഖങ്ങൾ കൂട്ടിയിണക്കിക്കൊണ്ടുള്ള സഞ്ചാരപാതയും പ്രധാനമാണ്.

മഹാശിലാസ്മാരകങ്ങൾ മുതലുള്ള പല സൂചനകളും ചരിത്രഘട്ടങ്ങളിലേതായി നമുക്ക് ലഭിച്ചിട്ടുണ്ട്. അത്തരം സ്ഥാനങ്ങളെ ആരാധനാലയങ്ങളാക്കി മാറ്റുക, ഭൂമിക്കടിയിൽനിന്ന് കുഴിച്ചെടുക്കുന്ന പ്രാചീന ചരിത്ര സാമഗ്രികളെക്കുറിച്ച് അന്ധവിശ്വാസ ജടിലവും അന്യമതവിദ്വേഷം പ്രചരിപ്പിക്കുന്നതുമായ നിരവധി ആഖ്യാനങ്ങളും ആചാരങ്ങളും വളർത്തിക്കൊണ്ടുവരിക എന്നീ പ്രവണതകൾ ശക്തിപ്പെടുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിലെല്ലാം ശാസ്ത്രീയമായ നിലപാട് സ്വീകരിക്കേണ്ട സർക്കാർ വകുപ്പുകളും അക്കാദമിക് സ്ഥാപനങ്ങളും നോക്കുകുത്തിയായിത്തീരുന്ന അവസ്ഥയുണ്ട്.

വർഗീയ പ്രതിലോമശക്തികൾക്ക് സംസ്കാരത്തിൽ ഇടപെടേണ്ട രീതികളെക്കുറിച്ച് വ്യക്തമായ തിരിച്ചറിവുകളുണ്ട്. സമയബന്ധിതവും ആസൂത്രിതവുമായ രീതിയിൽ അവർ തങ്ങളുടെ അജണ്ടകൾ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. ആചാരാനുഷ്ഠാനങ്ങളിൽ ഇടപെട്ടും അവയെ രാഷ്ട്രീയതാല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചും അവർ സംസ്കാരത്തിലിടപെടുന്നു. വിദ്യാഭ്യാസത്തെയും ചരിത്രത്തെയും ഹിന്ദുത്വാജൻഡകളുടെ പ്രചാരണത്തിനായി പ്രയോജനപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ന്യൂനപക്ഷമതവിഭാഗങ്ങളും അവരോടു മത്സരിക്കുന്നു. ഈ മത്സരത്തിൽ ഭൂരിപക്ഷ ന്യൂനപക്ഷ വർഗീയതകൾ ഒന്നിനൊന്നു പരസ്പരം സഹകരിക്കുകയും ഏറ്റുമുട്ടു കയും ചെയ്യുന്ന വിചിത്രമായ സാംസ്കാരികക്കാഴ്ചകൾ നാം കാണുന്നു. കേരളത്തിലെ സാംസ്കാരികരംഗത്ത് പ്രധാനമായും ചെയ്യാനുള്ളത് നമുക്കു നഷ്ടപ്പെടുന്ന നവോത്ഥാനമൂല്യങ്ങളെ തിരിച്ചുപിടിക്കുക എന്നതാണ്.

## III
## വികസന നിർദേശങ്ങൾ

നവോത്ഥാനമൂല്യങ്ങളുടെ അന്തഃസത്തയെ രാഷ്ട്രീയമൂല്യബോധനങ്ങളുമായി സമന്വയിപ്പിക്കാനുള്ള ശ്രമമാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനം നടത്തിയത്. ഒരു ജനതയെ ചരിത്രത്തിൽനിന്ന് അന്യവല്ക്കരിക്കാനും അരാഷ്ട്രീയവല്ക്കരിക്കാനും, മധ്യവർഗവൽക്കരിക്കാനും, പ്രതിലോമ രാഷ്ട്രീയബോധങ്ങളിലേക്ക് പ്രത്യാനയിക്കാനുമുള്ള ശക്തമായ ഉപാധിയായി സംസ്കാരം മാറിക്കൊണ്ടിരിക്കെ തികഞ്ഞ ജാഗ്രതയോടെ ഈ പ്രശ്നങ്ങളെ നോക്കിക്കാണാൻ നമുക്കു കഴിയണം.

വളരെ പ്രധാനപ്പെട്ട ചില നിർദേശങ്ങൾ മാത്രം താഴെ കൊടുക്കുന്നു.

1. വൈജ്ഞാനിക ഗ്രന്ഥങ്ങൾ, ബാലസാഹിത്യം തുടങ്ങിയവയിലെ കുറവ് പരിഹരിക്കാനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാള സർവകലാശാല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ നേരിട്ട് വലിയ തോതിൽ നിലവാരമുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് ഈ രംഗത്ത് അടിത്തറയും മാതൃകകളുമുണ്ടാക്കണം. കൂടാതെ വൈജ്ഞാനിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ചെറുതും വലുതുമായ സ്വകാര്യ പ്രസാധകരെ ധനസഹായം മുതലായവ നല്കി പ്രേരിപ്പിക്കുക.
2. സമൂഹത്തിൽ വായനയുടെ വ്യാപനം ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മലയാള വായനാഭിരുചി ഉണ്ടാക്കാനും ക്ലാസ് റൂം ലൈബ്രറികൾ ഉണ്ടാക്കാനുമായി ഒരു കുട്ടിക്കൊരു പുസ്തകം എന്ന പേരിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കണം.
3. ഗ്രന്ഥശാല പ്രസ്ഥാനത്തിനുള്ള ധനസഹായം ഉയർത്തുകയും ഡിജിറ്റലൈസേഷൻ സംവിധാനങ്ങൾ ഒരുക്കുകയും വേണം. ലൈബ്രറി വിജ്ഞാന കേന്ദ്രങ്ങളായി മാറണം.
4. കേരളത്തിലെ അക്കാദമികളെ സമഗ്രമായി വിലയിരുത്തി പുന:സംഘടിപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കണം. ഇതര സംസ്ഥാന അക്കാദമികളുമായി വിനിമയം വർധിപ്പിക്കണം. വിവർത്തനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും സാധ്യമാക്കണം.
5. പ്രസാധനരംഗത്തെ സാങ്കേതിക വിദ്യാ മാറ്റത്തിനനുസരിച്ച് നമ്മുടെ പ്രസാധന സംവിധാനത്തെ മാറ്റാനായി ഏതെങ്കിലും ഒരു സർവകലാശാലയുടെ ഭാഗമായി ഒരു പ്രസാധന പരിശീലന കേന്ദ്രം ആരംഭിക്കുക.
6. വിവരസാങ്കേതികവിദ്യയുടെ ശേഷി നേടുന്നതിനും അതിലൂടെ വിവരവിനിമയത്തിൽ നേരിട്ടിടപെടുന്നതിനുമുള്ള ഒരു ഇടമായി വായനശാല മാറ്റാനായി സമ്പൂർണ്ണസാക്ഷരതാപ്രസ്ഥാനം പോലെ സമ്പൂർണ്ണ വായനാപ്രസ്ഥാനത്തിന് തുടക്കം കുറിക്കണം.
7. സാംസ്കാരിക ഇടനാഴികകളും തെരുവുകളും സൃഷ്ടിക്കണം. ലിറ്ററേച്ചർ ഫെസ്റ്റിവലിനെയും മറ്റു കലാ ഫെസ്റ്റിവലുകളെയും പ്രോത്സാഹിപ്പിക്കണം.
8. മഹദ് വ്യക്തികളുടെയും എഴുത്തുകാരുടെയും മറ്റും സ്മാരകങ്ങളെ ഐജിഎൻസിഎ മട്ടിൽ പുനസംഘടിപ്പിച്ച് ഒരു കോർപസ് ഫണ്ട് നല്കി തദ്ദേശീയ സംസ്കാരിക പ്രവർത്തനത്തിനുള്ള ഫലപ്രദമായ ഏജൻസികളാക്കി മാറ്റണം.
9. കേരളത്തിലെ ജനങ്ങളുടെ രാഷ്ട്രീയാനുഭവങ്ങളുടെ പ്രതിഫലനം എന്നനിലയിലും രാഷ്ട്രീയ ഇച്ഛാശക്തിയുടെ ആവിഷ്കാരമെന്ന നിലയിലും മാതൃഭാഷയിലൂന്നിക്കൊണ്ടുള്ള വികസനസങ്കല്പങ്ങൾ രൂപംകൊള്ളണം.
10. സ്കൂളുകളിൽ കലാപോഷണത്തിനാവശ്യമായ സാഹചര്യങ്ങൾ പ്രബലപ്പെടുത്തണം. സർക്കാർ സ്കൂളുകളിൽ കലാധ്യാപകരെ നിയമിക്കണം. സ്കൂൾ കലാമേളകളുടെ മാനുവൽ, നടത്തിപ്പുരീതികൾ എന്നിവ അടിമുടി പരിഷ്കരിക്കണം. മേളകൾ ചെലവുകുറഞ്ഞതും വികേന്ദ്രീകരിക്കാവുന്നതും മത്സരസ്വഭം കുറഞ്ഞതു മായിരിക്കണം
11. പൈതൃക സംരക്ഷണത്തിന് ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കണം. ആധുനിക മ്യൂസിയോളജിയുടെ അടിസ്ഥാനത്തിലുള്ള മ്യൂസിയങ്ങൾക്കു രൂപം നൽകണം.
12. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി ഒരു ഭാഷാസാങ്കേതിക സെൻറർ സ്ഥാപിക്കണം.

16

# യുവജനക്ഷേമം

ദേശീയ യുവജന നയപ്രകാരം 15-29 വയസ് പ്രായത്തിലുള്ളവരെയാണ് യുവജനങ്ങളായി നിർവചിച്ചിട്ടുള്ളത്. കേരളത്തിലെ ജനസംഖ്യയിൽ 19-22 ശതമാനം പേർ 15-നും 29-നും വയസിനിടയ്ക്കുള്ളവരാണ്. ഇവരുടെ എണ്ണം 70-80 ലക്ഷം വരും. കേരളത്തിലെ യുവജന സംഘടനകൾ 39 വയസ് വരെയുള്ളവരെ യുവജനങ്ങളായി പരിഗണിക്കുന്നുണ്ട്. കൂടുതൽ വിപുലമായ നിർവചനപ്രകാരം 39 വയസിനു താഴെയുള്ള യുവജനങ്ങൾ ജനസംഖ്യയുടെ 35-42 ശതമാനം വരും. അതായത് 1.25 കോടിക്കും 1.5 കോടിക്കും ഇടയിൽ. ജനസംഖ്യയിലെ ഏറ്റവും ചലനാത്മകമായ ഈ വിഭാഗം നാടിന്റെ ഭാവി മാത്രമല്ല, ഇന്നത്തെ ഇന്ധനവുമാണ്.

ശക്തമായ യുവജനപ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്ന കേരളത്തിൽ യുവജനങ്ങളെ നേരിട്ട് ബന്ധപ്പെടുന്ന വേദികൾക്കും സ്കീമുകൾക്കും സർക്കാരുകൾ രൂപം നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനം യുവജനക്ഷേമ ബോർഡും യുവജന കമ്മീഷനുമാണ്. അതുപോലെ വിദ്യാഭ്യാസം, കായികം, കലാ-സംസ്കാരം, നൈപുണി വികസനവും തൊഴിലും തുടങ്ങിയവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ യുവജനങ്ങളുമായിഗാഢമായ ബന്ധം പുലർത്തുന്നു.

2021-ൽ എൽഡിഎഫ് തിരഞ്ഞെടുപ്പിന് അനുബന്ധമായി മുന്നോട്ട് വെച്ച പ്രകടന പത്രികയിൽ യുവജനങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന പദ്ധതികളെ സംബന്ധിച്ച് കൃത്യമായി സൂചിപ്പിച്ചിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദശാബ്ദക്കാലത്തെ ഇടപെടലുകളെ ഹ്രസ്വമായി അവലോകനം ചെയ്തുകൊണ്ട് ഭാവിപ്രവർത്തനങ്ങളെ ഈ അധ്യായത്തിൽ നിർദ്ദേശിക്കുന്നു.

## I
## തൊഴിൽ

കേരളത്തിലെ യുവജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയുടേതാണ്. ഒരു ഘട്ടത്തിൽ കേരളത്തിലെ തൊഴിലില്ലായ്മ രാജ്യത്തെ ശരാശരി തൊഴിലില്ലായ്മയുടെ ആറ് മടങ്ങുവരെ ഉയർന്നതായിരുന്നു. അത് ഇപ്പോൾ 2-3 മടങ്ങായി താഴ്ന്നിട്ടുണ്ട്. തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായിട്ടുള്ളത് യുവജനങ്ങൾക്കിടയിലാണ്. 2023-24-ലെ പിഎൽഎഫ്എസ് സർവ്വേ പ്രകാരം 15-29 പ്രായത്തിലുള്ളവരിൽ തൊഴിലില്ലായ്മ 10.2 ശതമാനം ആയിരുന്നപ്പോൾ കേരളത്തിലെ നിരക്ക് 29.9 ശതമാനം ആയിരുന്നു. സ്ത്രീകൾക്കിടയിൽ 47.1 ശതമാനം എന്ന ഞെട്ടിപ്പിക്കുന്ന തോതിലാണ് തൊഴിലില്ലായ്മ. പുരുഷന്മാർക്കിടയിൽ 19.3 ശതമാനവും.

ഈ സ്ഥിതിവിശേഷത്തിന് പല കാരണങ്ങളുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് യുവജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടുന്നില്ലായെന്നുള്ളതാണ്. സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ നിറയ്ക്കുവാൻ വലിയ തോതിൽ അതിഥി തൊഴിലാളികൾ വേണ്ടിവരുന്നു. മറ്റൊരു പ്രധാനപ്പെട്ട കാരണം, അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് രാജ്യത്തിനകത്തും പുറത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലുകൾക്ക് ആവശ്യമായ നൈപുണിശേഷി ഇല്ലാത്തതാണ്. അഥവാ തൊഴിലും നൈപുണി ശേഷിയും തമ്മിലുള്ള പൊരുത്തക്കേട് വളരെ രൂക്ഷമാണ്.

ഇതിനു പരിഹാരമായി രണ്ട് നടപടികളാണ് കേരള സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒന്നാമത്തേത്, കൂടുതൽ നല്ല തൊഴിലുകൾ കേരളത്തിൽ തന്നെ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ വിജ്ഞാനസമ്പദ്ഘടനയായി പരിവർത്തനം ചെയ്യാനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാമത്തേത്, നൈപുണി പരിശീലനമാണ്. കേരളത്തിൽ വളരുന്ന വരുന്ന വിജ്ഞാന മേഖലകളിൽ മാത്രമല്ല, ദേശീയ-അന്തർദേശീയ തലങ്ങളിലെ ഇത്തരം തൊഴിൽ സാധ്യതകളിൽ കേരളത്തിലെ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് ഈ നൈപുണി പരിശീലന പരിപാടിയുടെ ലക്ഷ്യം.

### വിജ്ഞാന കേരളം

നൈപുണി പരിശീലന പരിപാടിയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന കോഴ്സുകളുടെ ഭാഗമായും അല്ലാതെയുമുള്ള നൈപുണി പരിശീലനമാണ്. പഠനം കഴിഞ്ഞ്

തൊഴിലന്വേഷകരായ യുവജനങ്ങൾക്കും നൈപുണി പരിശീലനം നൽകി തൊഴിലിന് അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. തൊഴിൽമേഖലയ്ക്ക് പുറത്തു കഴിയുന്ന യുവതികൾക്കും വീട്ടമ്മമാർക്കും നൈപുണി പരിശീലനം നൽകി പ്രാദേശികമായി ജോലി നൽകുന്നതും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരിക്കുന്ന വിജ്ഞാന കേരളവുമായി ബന്ധപ്പെട്ട നടപടികൾ 44-ാമത്തെ അധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നത് ഇവിടെ ആവർത്തിക്കുന്നില്ല. വിജ്ഞാന കേരളത്തിന്റെ ജില്ലാതല പിഎംയുവിലും ജോബ് സ്റ്റേഷനുകളിലും യുവജനക്ഷേമ ബോർഡിന്റെ കോർഡിനേറ്റർമാർ പങ്കാളികളാണ്.

നൈപുണി പരിശീലനത്തിന് വിപുലമായ സംവിധാനങ്ങൾ കേരള സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. കെ-ഡിസ്ക് (കെകെഇഎം), അസാപ്പ്, കെയ്സ്, കെൽട്രോൺ, ഐഎച്ച്ആർഡി തുടങ്ങിയ ഒട്ടേറെ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെയെല്ലാം പ്രവർത്തനം ഏകോപിപ്പിക്കുന്നതിനാണ് വിജ്ഞാനകേരളത്തിലൂടെ ശ്രമിച്ചത്.

### നൈപുണി പരിശീലനത്തിന് ധനസഹായം

2016നും 2026നും ഇടയിൽ കേരളത്തിലെ എൽഡിഎഫ് സർക്കാർ മുന്നോട്ടുവെച്ച ഓരോ വാർഷിക ബജറ്റിലും യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും ക്ഷേമത്തിനുമായി അർഹമായ വിഹിതം നീക്കിവെച്ച് നവീന സ്വഭാവമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി എന്നത് കാണാം. ഏറ്റവും ഒടുവിൽ അവതരിപ്പിക്കപ്പെട്ട 2026ലെ സംസ്ഥാന ബജറ്റിലും ഈ മാതൃക തുടർന്നു.

'കേരള യൂണിവേഴ്സിറ്റി ഫോർ സ്കിൽ ഡെവലപ്പ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്' എന്ന സ്ഥാപനം കേരളത്തിലെ യുവജനങ്ങളുടെ നൈപുണ്യ പരിപോഷണം എന്ന ലക്ഷ്യം മുന്നോട്ടുവയ്ക്കുന്നതിനായി രൂപീകരിക്കാനും 2026-27-ലെ ബജറ്റിന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. യുവജനങ്ങളിൽ ശാസ്ത്രബോധം പ്രചരിപ്പിക്കാൻ ലക്ഷ്യമിട്ട് കോട്ടയം സയൻസ് സിറ്റി, ചാലക്കുടി, പരപ്പനങ്ങാടി റീജിയണൽ സയൻസ് സെന്ററുകൾ, കൊട്ടാരക്കര സയൻസിയം എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ യുവജനങ്ങൾക്കായുള്ള 'കണക്ട് ടു വർക്ക്' സ്കോളർഷിപ്പ് പദ്ധതിക്കുമായി 400 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

2026 ജനുവരിയിൽ ആരംഭിച്ച 'കണക്ട് ടു വർക്ക്' 22 മുതൽ 30 വയസ്സുവരെയുള്ള യുവജനങ്ങൾക്ക് മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കാലയളവിൽ പ്രതിമാസം 1000 രൂപ സാമ്പത്തിക സഹായമായി നൽകാൻ തീരുമാനിച്ചിട്ടുള്ള പദ്ധതിയാണ്. മുഖ്യമന്ത്രിയുമായി ചെറുപ്പക്കാരുടെ സംവാദം നടക്കുന്നതിനിടയിൽ 'പഠനം കഴിഞ്ഞ കാലമായതുകൊണ്ട് തന്നെ വീട്ടിൽ നിന്ന് പിഎസ്സി കോച്ചിംഗിന് പണം വാങ്ങാൻ ബുദ്ധിമുട്ടുണ്ട്, തൊഴിൽ കിട്ടുന്നത് വരെ വായ്പ തരാനാകുമോ' എന്ന് മുഖ്യമന്ത്രിയോട് ചോദിച്ച ഒരു ചെറുപ്പക്കാരന്റെ ചോദ്യത്തിൽ നിന്നാണ് വായ്പയല്ല, പകരം സാമ്പത്തിക സഹായം തന്നെ നൽകി യുവജനങ്ങളെ സുരക്ഷിതമായ ഭാവിയിലേക്ക് കൈപിടിക്കും വരെയും സർക്കാർ കൂടെയുണ്ട് എന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി നൈപുണി പരിശീലനത്തിന് 5 ലക്ഷം രൂപയെങ്കിലും വകയിരുത്തണമെന്നുള്ള മാർഗ്ഗനിർദ്ദേശമുണ്ട്. 2025-26-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മൊത്തത്തിൽ 100 കോടിയോളം രൂപ നൈപുണി പരിശീലനത്തിനായി വകയിരുത്തുകയുണ്ടായി.

### പി.എസ്.സി നിയമനം

ഇന്ത്യാ രാജ്യത്തെ പി.എസ്.സി നിയമനങ്ങളുടെ 60-66 ശതമാനം കേരള പി.എസ്.സിയാണ് നടത്തുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിയമന നിരോധനമാണ് പ്രായോഗികമായി നിലവിലുള്ളത്. ഉണ്ടാകുന്ന ഒഴിവുകളിൽ പി.എസ്.സിക്കു പുറത്താണ് നിയമനം. ഉദാഹരണത്തിന് 2024 ആദ്യപകുതിയിൽ ഇന്ത്യയിലെ മൊത്തം പി.എസ്.സി നിയമനം 30987 ആണ്. അതിൽ കേരളത്തിന്റെ വിഹിതം 18051 ആണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും വലിയ ജാഗ്രതയാണ് കേരളത്തിൽ. പി.എസ്.സി.യുടെ പ്രവർത്തനങ്ങളാണെങ്കിൽ കാര്യക്ഷമത ഉയർത്താനായി നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

2016-2021 കാലത്ത് മൊത്തം 1.61 ലക്ഷം അഡ്വൈസ് മെമ്മോകളാണ് പി.എസ്.സി നൽകിയത്. അതിനുശേഷമുള്ള കാലയളവിൽ 2025 മദ്ധ്യം വരെ 1.10 ലക്ഷം പേർക്ക് നിയമനം നൽകി. 2026 മാർച്ച് ആകുമ്പോഴേക്കും മൊത്തം നിയമനം 3 ലക്ഷം കവിയുമെന്നത് നിശ്ചയമാണ്. കഴിഞ്ഞ ഒമ്പതര വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിൽ ഓരോ ദിവസവും ശരാശരി 87 പേർക്ക് പി.എസ്.സി വഴി സർക്കാർ ജോലി ലഭിക്കുന്നുണ്ട്.

ഇതിനു പുറമേയാണ് സർക്കാർ മേഖലകൾക്കു പുറത്ത് യുവജനങ്ങൾക്കു തൊഴിൽ നൽകാൻ വേണ്ടിയുള്ള വിവിധങ്ങളായ പ്രോത്സാഹന പരിപാടികൾ. വിജ്ഞാന കേരളം തൊഴിൽ പദ്ധതി വഴി 2025-26-ൽ 3 ലക്ഷത്തിലേറെ യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

## II
## വിദ്യാഭ്യാസം

ഉന്നതവിദ്യാഭ്യാസ മേഖലയാണ് വിജ്ഞാന സമ്പദ്ഘടനയുടെ ചാലകശക്തി. ഈ പ്രധാന്യം മനസിലാക്കിക്കൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനും ഗവേഷണാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും നൈപുണി പരിശീലനത്തിന് ഊന്നൽ നൽകുന്നതിനും വേണ്ടി അടിസ്ഥാനപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച് 17-ാം അധ്യായത്തിൽ നൽകിയിട്ടുണ്ട്.

കേരളത്തിലെ സർവ്വകലാശാലകളിൽ നാല് വർഷ ബിരുദ കോഴ്സുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ ഏറ്റവും മികച്ച ഗുണഫലങ്ങൾ സംഗ്രഹിച്ചുകൊണ്ടും ഈ സർക്കാർ നടപ്പിലാക്കി. രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി സംസ്ഥാന സർക്കാർ കേരളത്തിലെ ഉന്നതവിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ബിരുദം വരെ സൗജന്യ വിദ്യാഭ്യാസം 2025-26 ബജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ചു.

സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സാമ്പത്തിക വ്യത്യാസം ഇല്ലാതെ ഈ പിന്തുണ ലഭിക്കുക. പ്രത്യേകിച്ചും സാമ്പത്തിക പ്രതിസന്ധിമൂലം ഉന്നതപഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരുന്ന സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് അടക്കം ഇത് ജീവിതത്തിലേക്കുള്ള തിരിച്ചുവരവിന് കാരണമാകും എന്നത് യാഥാർത്ഥ്യമാണ്.

## സ്കോളർഷിപ്പുകൾ

പഠനത്തിൽ മികവു പുലർത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡിഗ്രി വിദ്യാർത്ഥികൾക്ക് മുഖ്യമന്ത്രിയുടെ സ്കോളർഷിപ്പായി ഒരു ലക്ഷത്തോളം രൂപ വരെ പ്രതിവർഷം ലഭിക്കുന്ന പദ്ധതിക്കും ഇക്കാലയളവിൽ തുടക്കം കുറിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന പിഎച്ച്ഡി ബിരുദധാരികളായ യുവജനങ്ങൾക്കായി പ്രതിമാസം 50,000 മുതൽ ഒരു ലക്ഷം രൂപ വരെ ലഭിക്കുന്ന മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് രാജ്യത്തെ ഏറ്റവും വലിയ സ്കോളർഷിപ്പുകളിൽ ഒന്നാണ്. അതോടൊപ്പം ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് മിനിമം ഫെലോഷിപ്പ് പ്രതിമാസം 15,000 ആക്കി ഏകീകരിച്ചു.

കേരളത്തിലെ യുവജനങ്ങളുടെ നൈപുണ്യ പരിപോഷണം ലക്ഷ്യമിട്ടുകൊണ്ട് 'കേരള യൂണിവേഴ്സിറ്റി ഫോർ സ്കിൽ ഡെവലപ്പ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്' എന്ന സ്ഥാപനം രൂപീകരിക്കുന്നതിനു ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി 'പൊതുഹോസ്റ്റൽ' പദ്ധതി. യുവജനങ്ങളിൽ ശാസ്ത്രബോധം പ്രചരിപ്പിക്കാൻ ലക്ഷ്യമിട്ട് കോട്ടയം സയൻസ്സിറ്റി, ചാലക്കുടി, പരപ്പനങ്ങാടി റീജിയണൽ സയൻസ് സെന്ററുകൾ, കൊട്ടാരക്കര സയൻസിയം എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ യുവജനങ്ങൾക്കായുള്ള 'കണക്ട് ടു വർക്ക്' സ്കോളർഷിപ്പ് പദ്ധതി എന്നിവയ്ക്കായി 400 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

സർവ്വകലാശാല പാഠ്യപദ്ധതിയുടെ ഭാഗമായും കേരളത്തിലെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് സ്റ്റാർട്ടപ്പ് ഇൻകുബേറ്ററുകൾ സ്ഥാപിക്കാനും ഇവ മികച്ച രീതിയിൽ നടപ്പിലാക്കാനും സർക്കാരിന് കഴിഞ്ഞു.

## പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക്

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷകൾക്കുള്ള സാമ്പത്തിക പിന്തുണ നൽകുന്ന 'ലക്ഷ്യ' പദ്ധതി, വിദേശ രാജ്യങ്ങളിൽ ബിരുദവും ബിരുദാനന്തരബിരുദവും ഡോക്ടർ ഫെല്ലോഷിപ്പും നേടാൻ ആഗ്രഹിക്കുന്ന പിന്നാക്ക വിഭാഗത്തിലെ കുട്ടികൾക്ക് സർക്കാർ പൂർണ്ണ പിന്തുണയിൽ പഠിക്കാനുള്ള സാമ്പത്തിക - സാങ്കേതിക സഹായങ്ങൾ ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികൾ, തൊഴിൽ നൈപുണ്യവും വിദേശഭാഷാ പ്രാവീണ്യവും വിദ്യാർത്ഥികൾക്ക് ഉറപ്പാക്കാനുള്ള പദ്ധതികൾ അടക്കം 800ലധികം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികൾക്ക് വിദേശത്ത് ഉന്നതവിദ്യാഭ്യാസത്തിന് അവസരവും സർക്കാർ ഒരുക്കി.

ആദിവാസി മേഖലയിൽ നിന്നുള്ള ആയിരത്തിലേറെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പോലീസ് ഫോറസ്റ്റ് വിഭാഗങ്ങളിൽ അർഹമായ തൊഴിൽ പരിശീലനവും പി എസ് സി മുഖാന്തരം തൊഴിൽ ഉറപ്പാക്കാനും സർക്കാർ പ്രത്യേക നിയമ നിർമ്മാണം നടത്തി. പട്ടികവർഗ്ഗ വിഭാഗത്തിലെ വനാശ്രിതരിൽ നിന്നും 88 വനിതകൾ ഉൾപ്പെടെ 500 പേർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി സ്ഥിരനിയമനം നൽകി. സംവരണതോതനുസരിച്ച് 25 വർഷക്കാലയളവിൽ നടത്തേണ്ട നിയമനങ്ങളാണ് ഇതിലൂടെ, 2023 ൽ പട്ടികവർഗ്ഗക്കാർക്ക് ഈ സർക്കാർ നൽകിയത്. രാജ്യത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായാണ് ഒരു സർക്കാർ ആദിവാസി വിഭാഗത്തിൽ പെടുന്ന യുവജനങ്ങൾക്കായി ഇത്തരമൊരു സാമൂഹിക സുരക്ഷാ പദ്ധതി വിഭാവനം ചെയ്യുന്നത്.

കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് യോഗ്യതാ പരീക്ഷ പാസ്സായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകുന്നു. എയർലൈൻ -എയർപോർട്ട് മാനേജ്മെന്റ് കോഴ്സുകളിലും പരിശീലനം നൽകിയിരുന്നു. 2022 ൽ ആരംഭിച്ച ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതിയിലൂടെ ഇതുവരെ 4,044 പ്രൊഫഷണലുകൾ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനം നേടി. എഞ്ചിനീയറിംഗ്, ഡിപ്ലോമ, ഐ ടി ഐ, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, ജേണലിസം, സോഷ്യോളജി, മാനേജ്മെന്റ് മേഖലകളിൽ യോഗ്യതയുള്ളവർക്കാണ് ഹോണറേറിയത്തോടെ തൊഴിൽ പരിശീലനം നൽകുന്നത്. ജെഡിസി, എച്ച്ഡിസി യോഗ്യതയുള്ളവരെയും കൂടി ഉൾപ്പെടുത്തി ട്രേസ് പദ്ധതി വിപുലീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

## III
## കലാ-കായിക മേഖല

കലാ-കായിക മേഖലകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട അക്കാദമികളും സ്പോർട്സ് കൗൺസിലുകളും അസോസിയേഷനുക

ളും പ്രത്യേക ശ്രദ്ധചെലുത്തി വരുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ 27-ാം അധ്യായത്തിൽ നൽകിയിട്ടുണ്ട്.

വിവിധ പ്രദേശങ്ങളിൽ സ്റ്റേഡിയങ്ങളും കളിക്കളങ്ങളും നിർമിക്കുന്നതിന് 2000 കോടിയിലധികം രൂപയുടെ നിക്ഷേപം ഈ സർക്കാർ നടത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ മാറിവരുന്ന സാമൂഹ്യ സാഹചര്യങ്ങളിൽ ലഹരി അടക്കമുള്ള സാമൂഹിക തിന്മയിലേക്ക് വഴുതി വീഴാതിരിക്കാനുള്ള പൊതുജന അവബോധ പ്രക്രിയ സർക്കാരിന്റെ നേതൃത്വത്തിൽ മികച്ച നിലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം, ആരോഗ്യമുള്ള യുവതയെ വിഭാവനം ചെയ്തിട്ടുള്ള വിവിധ പദ്ധതികൾ, പഞ്ചായത്ത് തലത്തിൽ ഓപ്പൺ ജിമ്മുകൾ തുടങ്ങി യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കുന്ന വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലൂടെ 267 പഞ്ചായത്തുകളിലാണ് നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അതിൽ 67 എണ്ണം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. എല്ലാ പഞ്ചായത്തിലും ഒരു കായിക പരിശീലകനെ നൽകാനുള്ള നടപടികളിലേക്ക് സർക്കാർ എത്തിയിരിക്കുകയാണ്. ലഭ്യമായിട്ടുള്ള ഓരോ കളിക്കളങ്ങളിലും കായിക പരിശീലനം ഉറപ്പുവരുത്താൻ ഇതിലൂടെ സാധിക്കും.

തൊഴിലെടുക്കുകയും പഠിക്കുകയും ചെയ്യുന്ന യുവജനങ്ങൾക്ക് മാനസിക ആരോഗ്യത്തിനും ആനന്ദത്തിനും നൈറ്റ് ലൈഫ് ഉറപ്പാക്കിക്കൊണ്ട് തിരുവനന്തപുരത്ത് മാനവീയം വീഥിയിൽ മാതൃകാപരമായി നടപ്പിലാക്കിയ പദ്ധതി കേരളത്തിന്റെ മറ്റ് വിവിധ ജില്ലകളിലേക്ക് വിജയകരമായി നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

കായിക മേഖലയിൽ കഴിവ് തെളിയിക്കുകയും വിവിധ അന്തർദ്ദേശീയ ദേശീയ മത്സരങ്ങളിൽ ജേതാക്കളാവുകയും വർഷങ്ങളോളം അർഹമായ ജോലി ലഭിക്കാതിരിക്കുകയും ചെയ്ത 846 കായിക പ്രതിഭകൾക്ക് പി.എസ്.സി മുഖാന്തരം സമയബന്ധിതമായി ജോലി ഉറപ്പാക്കാൻ സർക്കാരിന് കഴിഞ്ഞു. കായികതാരങ്ങൾക്കായി നീക്കിവെച്ചിട്ടുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ വേഗത്തിലാക്കാനും മുൻ സർക്കാരുകളുടെ കാലത്ത് മുടങ്ങിക്കിടന്ന നിയമനങ്ങൾ ഉൾപ്പെടെ മുൻഗണനാക്രമത്തിൽ നൽകാനും എൽഡിഎഫ് സർക്കാർ മുൻകൈ എടുത്തു.

മുൻകാലങ്ങളിൽ ലൈബ്രറികളും ക്ലബ്ബുകളിലും യുവജനസാന്നിദ്ധ്യം കേരളത്തിന്റെ പ്രത്യേകത ആയിരുന്നു. എന്നാൽ ഇതിൽ വലിയ കുറവ് ഇപ്പോൾ വന്നിട്ടുണ്ട്. ലൈബ്രറികളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങളിൽ ഉചിതമായ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടേ ഈ കുറവ് പരിഹരിക്കാനാകൂ.

# IV
# യുവജന കമ്മീഷനും യുവജനക്ഷേമ ബോർഡും

## യുവജന കമ്മീഷൻ

യുവജനങ്ങളുടെ ശാക്തീകരണത്തിനും അവകാശ സംരക്ഷണത്തിനുമായി 2014-ൽ രൂപീകരിക്കപ്പെട്ടതാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കമ്മീഷൻ ഏറ്റെടുത്ത് നടത്തിയ വിവിധങ്ങളായ പരിപാടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്:

- മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടികജാതി/പട്ടിക
- വർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ.
- എല്ലാ ജില്ലകളിലും യുവജന അവകാശ സംരക്ഷണം മുൻനിർത്തി നിരവധി അദാലത്തുകളും സിറ്റിംഗുകളും സംസ്ഥാനതല ട്രാൻസ്ജെൻഡർ അദാലത്തും സംഘടിപ്പിച്ചു.
- സമകാലിക പ്രസക്തമായ വിഷയങ്ങളിൽ ദേശീയ സെമിനാറുകളും ജില്ലാതല സെമിനാർ/ സിമ്പോസിയം/ ശില്പശാല എന്നിവയുടെ സംഘാടനം.
- വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച യുവതലമുറയിൽപ്പെട്ട പ്രതിഭകൾക്ക് യൂത്ത് ഐക്കൺ പുരസ്കാരം.
- യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ: സാമ്പത്തികവും സാമൂഹികവുമായി ഏറെ പിന്നോക്കം നിൽക്കുന്ന യുവജനങ്ങളിൽ നിയമ സഹായം ആവശ്യമുള്ളവർക്കായി ഒരു ടോൾഫ്രീ നമ്പറിലൂടെ സേവനം നൽകുന്നതിനുള്ള പദ്ധതിയാണിത്.
- ദേശീയ യുവജന ദിനാഘോഷം, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം എന്നിവ സംഘടിപ്പിക്കുന്നു.
- അക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരകളായി നിർഭയാഹോം, ആഫ്റ്റർ കെയർ ഹോം, തുടങ്ങിയ സർക്കാർ സംവിധാനങ്ങളിലെ അന്തേവാസികളായ പെൺകുട്ടികൾ 21 വയസ്സു പൂർത്തിയാകുമ്പോൾ സർക്കാർ മഹിളാമന്ദിരങ്ങളിൽ എത്തുന്നു. ഇവർക്ക് തൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണിത്.
- ഗ്രീൻ യൂത്ത് പദ്ധതി: പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പരിശീലനങ്ങളും പ്രവർത്തനങ്ങളും.
- വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി ജോബ് പോർട്ടൽ നടത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജോബ് ഫെസ്റ്റുകളും സംഘടിപ്പിക്കുന്നു.

## യുവജനക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985-ലാണ് രൂപീകരിച്ചത്. യുവജനങ്ങളുടെ പൊതുവിലും പട്ടികജാതി - പട്ടികവർഗ്ഗ യുവജനങ്ങളുടെ പ്രത്യേകിച്ചും ഭൗതികവും സാംസ്കാരികവും, സാഹിത്യവും, ശാസ്ത്രപരവും, തൊഴിൽപരവുമായ വികസനത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് ലക്ഷ്യം.

- കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം.
- യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളും യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളും. തെരഞ്ഞെടുക്കുന്ന 250 യൂത്ത് -യുവാ ക്ലബ്ബുകൾക്ക് 5,000 രൂപ വീതം ധനസഹായമുണ്ട്.
- എല്ലാ ജില്ലകളിലും 10 വീതം കാർഷിക ക്ലബ്ബുകൾ.
- മാരിവില്ല് എന്ന പേരിൽ ജില്ലകൾതോറും ട്രാൻസ് ജൻഡേഴ്സ് ക്ലബ്ബുകൾ.
- അവളിടം എന്ന പേരിൽ 1040 യുവതി ക്ലബ്ബുകൾ: തൊഴിൽ പരിശീലനവും കലാ പരിശീലനവും നൽകുന്നു.
- ജില്ലയിൽ ഒന്ന് വീതം ഭിന്നശേഷിക്കാരുടെ ക്ലബ്ബുകൾ. ഒരു ക്ലബ്ബിന് 5,000 രൂപ മുതൽ 10,000 രൂപ വരെ ധനസഹായം
- പ്രകൃതിദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയെ നേരിടാൻ ആരംഭിച്ച സേനയാണ് കേരള യൂത്ത് ഫോഴ്സ്. ദുരന്തമുഖങ്ങളിൽ സർക്കാർ സംവിധാനങ്ങളെ സഹായിക്കുന്നതിനും, കളക്ഷൻ സെന്ററുകൾ ആരംഭിച്ച് അതുവഴി ദുരിതമനുഭവിക്കുന്നവർക്ക് അവശ്യസാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും ഈ സേനക്ക് സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ഒരു പഞ്ചായത്ത് / മുനിസിപ്പാലിറ്റിയിലെ ഒരു വാർഡിൽ നിന്നും ഒരു വോളണ്ടിയർ, കോർപ്പറേഷനിൽ ഒരു ഡിവിഷനിൽ നിന്നും 3 വോളണ്ടിയർമാർ, ഒരു പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിൽ നിന്നും 5 വനിതാ വോളണ്ടിയർമാർ എന്നിങ്ങനെ തെരഞ്ഞെടുത്ത് സേന പഞ്ചായത്ത് തലത്തിൽ വിപുലപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.
- ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയുള്ള കച്ചവടങ്ങൾക്ക് പ്രാദേശികമായി ഡെലിവറി സംവിധാനം ഒരുക്കുന്ന പദ്ധതിയാണിത്.
- പുതിയ സംരംഭങ്ങളുടെ ഭാഗമായി എൽ.ഇ.ഡി ബൾബ് നിർമ്മാണം, വിവിധ സെക്യൂരിറ്റി സർവ്വീസുകൾ തുടങ്ങിയ സംഘടിപ്പിക്കുന്നു.
- യൂത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്ര ക്വിസ്, ഓൺലൈൻ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവസാഹിത്യ ക്യാമ്പ്, നാടൻപാട്ട് സംഘങ്ങളുടെ മണിനാദം, വിവാഹ കൗൺസിലിംഗ്, യൂത്ത് അവാർഡ്, യുവമാധ്യമ വെബിനാർ, ഫോട്ടോഗ്രാഫി അവാർഡ്, ദിനാചരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.
- സാഹസിക പ്രവർത്തനങ്ങൾക്കായി ട്രക്കിംഗ്, സാഹസിക ക്യാമ്പ്, സാഹസിക കാർണിവൽ, അമ്പെയ്ത്ത് പരിശീലനം എന്നിവ സംഘടിപ്പിക്കുന്നു.
- ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ ട്രൈബൽ മേഖലയിൽ സംഘടിപ്പിക്കുന്നു.
- ബീച്ച് ഫെസ്റ്റ്, ബീച്ച് മാരത്തോൺ, ബീച്ച് വോളി, കയാക്കിംഗ്, നീന്തൽ പരിശീലനം, ടൂറിസം വോളന്റിയേഴ്സ് എന്നിവയ്ക്ക് പുറമേ ഫുട്ബോൾ (സെവൻസ്), കബഡി, വോളീബോൾ എന്നിവയ്ക്ക് പരിശീലനം നൽകുന്നു.

# V
# അപകടകരമായ പ്രവണതകൾ

## ലഹരിക്ക് അടിമപ്പെടൽ

ആഗോളതലത്തിൽ ലഹരിയുടെ വിപണനവും വിനിയോഗവും കൈമാറ്റവും വലിയ തോതിൽ ഇക്കാലയളവിൽ വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ പ്രത്യാഘാതങ്ങൾ കേരളത്തിലും കാണാം. കേരളത്തിലെ യുവജനങ്ങൾക്കിടയിൽ എംഡിഎംഎ അടക്കമുള്ള രാസലഹരിയുടെ ഉപയോഗം വർദ്ധിതമായ രീതിയിൽ പടർന്നുകൊണ്ട് ഇരിക്കുകയാണ്. ജെൻഡർ വ്യത്യാസമില്ലാതെയും സാമൂഹിക വർഗ വ്യത്യാസമില്ലാതെയും ലഹരി ഉപയോഗം യുവജനങ്ങൾക്കിടയിൽ വർദ്ധിക്കുന്നതായി കാണാം. മുൻപ് സുലഭമായി ലഭിച്ചിരുന്ന താരതമ്യേന ദൂഷ്യഫലങ്ങൾ കുറഞ്ഞ ലഹരി വസ്തുക്കൾക്ക് പകരം ഉപയോഗിച്ച വ്യക്തികളെ എളുപ്പത്തിൽ തിരിച്ചറിയാനോ മനസ്സിലാക്കാനോ കണ്ടെത്താനോ കഴിയാത്ത തരത്തിലുള്ള രാസ ലഹരിയുടെ വ്യാപനം കേരളത്തിൽ വർദ്ധിച്ചു എന്നത് ഉയർന്ന ക്രൈം നിരക്കുകളുടെ പശ്ചാതലത്തിൽ മനസ്സിലാക്കാവുന്നതാണ്.

ലഹരി ഉപയോഗത്തിന്റെ ഭാഗമായി ഉണ്ടാകുന്ന അക്രമ സംഭവങ്ങൾ, ലൈംഗിക പീഡനങ്ങൾ ബന്ധുക്കളെയും സുഹൃത്തുക്കളെയും കൊലപ്പെടുത്താനുള്ള പ്രവണത അപകടകരമായ വിധത്തിൽ വർദ്ധിച്ചുവെന്ന് പുറത്തുവിടുന്ന ഞെട്ടിക്കുന്ന വാർത്തകൾ തുറന്നുകാട്ടുന്നു. വെഞ്ഞാറമൂട്, അഫാൻ എന്ന ചെറുപ്പക്കാരൻ സാമ്പത്തിക പ്രതിസന്ധി മറികടക്കാനായി സ്വന്തം കുടുംബത്തിലെ ആറ് അംഗങ്ങളെ കൊലപ്പെടുത്തിയ സംഭവം കേരളീയ യൗവനത്തിന്റെ മാറിയ മാനസിക ആരോഗ്യത്തെ സംബന്ധിച്ചുള്ള നിരവധി ചോദ്യങ്ങളാണ് ഉന്നയിക്കുന്നത്. ചെറിയ സംഭവങ്ങൾക്ക് പോലും അക്രമണോത്സുകത പ്രകടിപ്പിക്കുന്ന, ക്ഷമ, സഹിഷ്ണുത, സംവാദാത്മകത എന്നീ മൂല്യങ്ങൾ പൂർണമായി നഷ്ടപ്പെട്ട ചെറുപ്പക്കാരുടെ എണ്ണം പൊതു ജീവിതത്തിൽ വർദ്ധിച്ചു വരുന്നുണ്ട്. കോളേജുകളിലോ വീടുകളിലോ മാത്രമല്ല ഇത്തരം അക്രമ

സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. നിസ്സാര പ്രശ്നങ്ങൾക്ക് പോലും അക്രമങ്ങൾ അഴിച്ചുവിടുകയും ആയുധങ്ങൾ എടുക്കുകയും പലപ്പോഴും കൊലപാതകങ്ങളിൽ കലാശിക്കുകയും ചെയ്യുന്ന അക്രമണോത്സുകത യുവജനങ്ങൾക്കിടയിൽ വർദ്ധിക്കുന്നു.

### ആത്മഹത്യാ പ്രവണത

ഇതിനോടനുബന്ധമായി ചേർത്തു വായിക്കേണ്ടതാണ് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യ പ്രവണത. ഐടി മേഖലയിൽ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസവും സാമ്പത്തികമായി ഉയർന്ന ശ്രേണിയിൽപെട്ടതുമായ യുവജനങ്ങൾ പോലും മാനസികസമ്മർദ്ദം അനുഭവിക്കുന്നു. അത് തൊഴിൽപരമാകാം, വിദ്യാഭ്യാസപരമാകാം, കുടുംബപരമാകാം. അത് താങ്ങാൻ ആകാതെ ആത്മഹത്യ ചെയ്ത സംഭവങ്ങൾ മാറിയ കേരളത്തിന്റെ മാനസികാരോഗ്യത്തെ സംബന്ധിച്ച സൂചനയാണ്. ഇത് കൃത്യമായി മനശാസ്ത്ര – സാമൂഹ്യശാസ്ത്ര മാനദണ്ഡങ്ങൾ ഉപയോഗിച്ച് പഠിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഈ റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുമുണ്ട്.

ഈ പഠനത്തിന്റെ തുടർച്ച എന്ന നിലയിൽ വർദ്ധിച്ചു വരുന്ന തൊഴിലിടങ്ങളിലെ മാനസിക സമ്മർദ്ദത്തെ പറ്റി കേരള സംസ്ഥാന യുവജന കമ്മീഷൻ മറ്റൊരു പഠനം നടത്തുകയുണ്ടായി. ഈ രണ്ടു പഠനങ്ങളും യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരു നേർചിത്രം പൊതുസമൂഹത്തിന്റെ മുന്നിൽ കൊണ്ടുവന്നിട്ടുണ്ട്. സർക്കാരിന്റെ വരുംകാലത്തെ തൊഴിൽ, തൊഴിലിടങ്ങളിലെ അവകാശങ്ങൾ യുവജനങ്ങളുടെ നിത്യജീവിതം എന്നിവയെ സംബന്ധിച്ച നയങ്ങളിലും നിയമങ്ങളിലും മാനസികാരോഗ്യം ഒരു പ്രധാന ഘടകമായി പരിഗണിക്കാനുള്ള നയരൂപീകരണ സംവിധാനത്തിൽ യുവജന കമ്മീഷന്റെ പഠനത്തിന്റെ കണ്ടെത്തലുകൾ മാർഗ്ഗനിർദ്ദേശമാകും. കൂടാതെ കേരളീയ പൊതുമണ്ഡലത്തിലും സാമൂഹ്യ സാമൂഹ്യജീവിതത്തിലും യുവത വർത്തമാനകാല ജീവിത സാഹചര്യങ്ങളിൽ നേരിടുന്ന പല മട്ടിലുള്ള സംഘർഷങ്ങളെയും അതോടൊപ്പം തന്നെ ദൗർബല്യങ്ങളെയും ഒരു ആധുനിക സമൂഹമെന്ന നിലയിൽ അക്കാദമിക പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. ആ ഒരു തിരിച്ചറിവിൽ നിന്നുകൊണ്ട് കേരള സംസ്ഥാന യുവജന കമ്മീഷൻ 'സമകാലിക യുവജനങ്ങളുടെ ജീവിതശൈലി മാറ്റങ്ങളും മാനസികക്ഷേമവും' എന്ന വിഷയത്തിലുള്ള ശാസ്ത്രീയ പഠനത്തിനും തുടക്കം കുറിച്ചു കഴിഞ്ഞു.

### സ്ത്രീകൾക്കെതിരായ അതിക്രമം

ലിംഗസമത്വത്തെ സംബന്ധിച്ച് വലിയ പ്രചാരണങ്ങൾ നടക്കുമ്പോഴും സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമങ്ങളും സ്ത്രീധന ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്നതായി കാണാം. യുവജനങ്ങൾക്കിടയിലെ പുതിയകാല സ്ത്രീ-പുരുഷ സൗഹൃദങ്ങളിലെ മാറ്റങ്ങളെ ക്രിയാത്മകമായി വിലയിരുത്തുമ്പോഴും സ്ത്രീകൾക്കെതിരായ ഗാർഹിക ലൈംഗിക അതിക്രമങ്ങളും ആക്രമ സംഭവങ്ങളും പ്രണയഭ്യർത്ഥന നിരസിച്ചതിന് പ്രതികാരകൊല അടക്കമുള്ള സംഭവങ്ങളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്നു കാണണം.

### വർദ്ധിക്കുന്ന അരാഷ്ട്രീയത

ഇതിനോടൊപ്പം കൂട്ടിവായിക്കേണ്ടുന്ന ഒരു വസ്തുത കേരളീയ യുവജനതക്കിടയിൽ സംഭവിക്കുന്ന അരാഷ്ട്രീയ മൂല്യ പരസരങ്ങളുടെ വികാസങ്ങളാണ്. ഒരു വശത്ത് സാങ്കേതിക വിജ്ഞാനത്തിലും സാമൂഹ്യ മാധ്യമങ്ങളിലും താല്പര്യം ഗണ്യമായി ഉയരുന്നു. മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക-സംവേദന വിദ്യകളോട് നിരന്തരമായി പ്രതരിക്കുന്നതിനും കഴിവുകൾ പുതുക്കുന്നതിനും പുതിയ തലമുറ ബാധ്യസ്ഥമാണ്. പരമ്പരാഗതമായി ശൈലികളോടും ശീലങ്ങളോടും താല്പര്യം കുറയുന്നു.

കോളേജിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് സജീവ പ്രവർത്തനത്തിനും രാഷ്ട്രീയ നേതൃത്വത്തിനും മികച്ച സാമൂഹിക അവബോധമുള്ള ചെറുപ്പക്കാരെ കണ്ടെത്താൻ ആകുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതിനു കാരണം മാറിവരുന്ന മേൽപ്പറഞ്ഞ പുതിയ സംവേദനക്ഷമതയോടും കഴിവുകളോടും അകന്നു നിൽക്കുന്ന പ്രവർത്തന ശൈലിയാണോ എന്നത് പരിശോധിക്കേണ്ടതുണ്ട്. ഇത്തരമൊരു ശൂന്യതയിലേക്ക് വർഗീയതയും സ്വത്വവാദ നിലപാടുകളും കടന്നുവരുന്നുവെന്നതും ഒരു വിരോധാഭാസമാണ്.

### സോഷ്യൽ മീഡിയ ആസക്തി

സോഷ്യൽ മീഡിയയുടെ സ്വാധീനം അതിശക്തമായി

കൊണ്ടിരിക്കുന്ന സാമൂഹിക സാഹചര്യത്തിൽ വിമർശന ബുദ്ധിയോടെയും ജനാധിപത്യ മര്യാദയോടെയും സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കാൻ നമ്മുടെ ചെറുപ്പക്കാർക്ക് വലിയൊരു പങ്കിനും കഴിയുന്നില്ല എന്നത് അടിയന്തര ഇടപെടൽ ആവശ്യമുള്ള ഒരു സാമൂഹിക പ്രതിസന്ധിയാണ്. സൈബർ ബുള്ളിയിംഗ്, ലൈംഗിക പീഡനങ്ങൾക്ക് അടക്കം ഇരയാക്കപ്പെടുന്ന സ്ത്രീകളോടുള്ള സാമൂഹിക പരിഹാസങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ സൈബർ അതിക്രമണങ്ങൾ, വിയോജിക്കുന്ന ആളുകൾക്ക് നേരെ അസഭ്യം നടത്താനുള്ള പ്രവണത തുടങ്ങിയവ നമ്മുടെ ചെറുപ്പക്കാർക്ക് ജാഗ്രതയോടെയും ഉത്തരവാദിത്തബോധത്തോടെയും സോഷ്യൽ മീഡിയ ഇടങ്ങളിൽ പെരുമാറാനുള്ള ശേഷിയും പക്വതയും ഇനി ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്നു. ഇതിന്മേൽ അടിയന്തരമായി നിയമനടപടികൾ സ്വീകരിക്കുകയും സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള നിയമലംഘനങ്ങൾക്ക് ഏറ്റവും വേഗത്തിൽ തന്നെ പോലീസ് അടക്കമുള്ള നിയമ സംവിധാനങ്ങളിലൂടെ പരിഹാരം ഉറപ്പാക്കുകയും ചെയ്യാനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്.

# 17

# ഭരണനിർവഹണം

നവകേരളം ആവശ്യപ്പെടുന്ന വികസന സമീപനം നടപ്പിലാക്കപ്പെടുന്നത് ഭരണ നിർവ്വഹണ സംവിധാനങ്ങൾ വഴിയാണല്ലോ? ഭരണ നിർവ്വഹണ സംവിധാനങ്ങളും പ്രക്രിയയും സമ്പ്രദായങ്ങളും എല്ലാം മാറിയ ലക്ഷ്യങ്ങൾക്കൊത്തു കാലോചിതമാക്കാതെ പുതിയ കേരളം സൃഷ്ടി സാദ്ധ്യമാകില്ല എന്നത് എല്ലാക്കാലത്തും ഇടതുപക്ഷ സർക്കാറുകൾ തിരിച്ചറിഞ്ഞിരുന്നു.

സമൂഹത്തിന്റെ കൂട്ടായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക്, തീരുമാനങ്ങൾ എടുക്കുന്നതിനും, വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനും, നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും, ജനാധിപത്യദത്തമായ അധികാരത്തിലൂടെ, ഉപയോഗിക്കുന്ന സംവിധാനങ്ങൾ, പ്രക്രിയകൾ, സമ്പ്രദായങ്ങൾ എന്നിവയെയാണ് ഭരണ സംവിധാനമെന്നതു കൊണ്ട് പൊതുവായി അർത്ഥമാക്കുന്നത്. ഇവയുടെ അടിസ്ഥാന തത്വങ്ങൾ പങ്കാളിത്തം, സുതാര്യത, ഉത്തരവാദിത്തം, നിയമ വാഴ്ച എന്നിവയാണ് എന്നും വിവക്ഷിക്കപ്പെടുന്നു.

ഓരോ കാലത്തും അതാത് കാലത്തെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ചുറ്റുപാടിന് അനുസരിച്ച്, ഭരണത്തെക്കുറിച്ചുള്ള ജനതയുടെ പ്രതീക്ഷകളും മാറിക്കൊണ്ടിരിക്കും. സാമൂഹ്യ മാറ്റങ്ങളെ ഉൾക്കൊണ്ടും, പൊതുസമൂഹത്തിന്റെ പ്രതീക്ഷകൾക്ക് അനുസരിച്ചും അവയ്ക്കും പുറമേ, ഉത്പാദന മേഖലയിലെയും ശാസ്ത്ര സാങ്കേതിക മേഖലയിലെയും മാറ്റങ്ങൾ ഉൾക്കൊണ്ടും കൂടി പ്രവർത്തിക്കാൻ കഴിയുന്ന രീതിയിൽ ചലനാത്മകമായിരിക്കണം (dynamic) ആധുനിക കാലത്തെ ഭരണ സംവിധാനം.

കേരളത്തിന്റെ ഭരണ സംവിധാനം കാര്യക്ഷമത കൂടിയതും അഴിമതി കുറഞ്ഞതും പ്രതിബദ്ധതയുള്ളതുമായ ഒന്നാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടതാണ്. വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലുമുള്ള സംവരണത്തിലൂടെ കീഴാളർക്ക് ഭരണ സംവിധാനത്തിൽ സ്ഥാനം ലഭിച്ചതും, ഇടതുപക്ഷ സർക്കാരുകളുടെ ഇടപെടലും, ബഹുജനസമ്മർദ്ദവും കേരളത്തിലെ ഇടതുപക്ഷ മനസ്സും, പ്രതിബദ്ധതയുള്ള ജീവനക്കാരുടെ പ്രസ്ഥാനങ്ങളും, ഇത്തരമൊരു സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കേരളത്തിലെ ഭരണ സംവിധാനം ക്ഷേമ പ്രവർത്തനങ്ങൾക്കും, വിദ്യാഭ്യാസാദി സേവനങ്ങളും അവയുമായി ബന്ധപ്പെട്ട പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിനും വളരെ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ട്. മറ്റു പല സംസ്ഥാനങ്ങളിൽനിന്നും ഗുണപരമായി വ്യത്യാസപ്പെട്ട ഭരണ സംവിധാനമാണ് കേരളത്തിലേത് എന്ന് ചില പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

എന്നാൽ പരിഹരിക്കപ്പെടേണ്ട ഒട്ടേറെ പോരായ്മകളുണ്ട്. വൻകിട പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് വേണ്ടത്ര കാര്യക്ഷമത കേരളത്തിലെ ഭരണ സംവിധാനം പ്രകടിപ്പിച്ചിട്ടില്ല. വ്യവസായ വികസനത്തിനും മറ്റും ഉള്ള ഏജൻസികളുടെ പ്രവർത്തനം മറ്റു പല സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ്. സമീപകാലത്താണ് ഇതിനൊരു മാറ്റം ഉണ്ടായിട്ടുള്ളത്. അധികാര വികേന്ദ്രീകരണത്തിലൂടെ താഴെത്തട്ടിൽ വലിയ പൊളിച്ചുപണികൾ ഉണ്ടായെങ്കിലും അതിനനുസൃതമായ മാറ്റങ്ങൾ മേൽത്തട്ടിൽ വേണ്ടത്ര ഇനിയും ഉണ്ടായിട്ടില്ല. ആധുനിക കമ്പ്യൂട്ടർ അധിഷ്ഠിത സമ്പ്രദായങ്ങൾ ഇനിയും ഏറെ ഉൾക്കൊള്ളേണ്ടതുണ്ട്.

നിയോ-ലിബറൽ കാഴ്ച്ചപ്പാടിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാന പ്രാദേശിക സർക്കാരുകൾക്ക് വികസന പ്രവർത്തനങ്ങളിൽ വലിയ ചുമതല നവകേരള കാഴ്ച്ചപാട് നൽകുന്നുണ്ട്. ഈ വർധിച്ച ചുമതലകൾ ഫലപ്രദമായി ഏറ്റെടുക്കണമെങ്കിൽ ഇനിയും ഭരണ പരിഷ്ക്കാരങ്ങൾ അനിവാര്യമാണ്.

## I
## ഭരണപരിഷ്ക്കാര ചരിത്രം

ഭരണപരിഷ്കരണവുമായി ബന്ധപ്പെട്ട ചരിത്രം പരിശോധിച്ചാൽ ഇടതുപക്ഷ സർക്കാരുകൾ ഇത്തരം പരിശ്രമങ്ങൾ ഓരോ ഘട്ടത്തിലും സ്വീകരിച്ചിരുന്നു എന്നും വലതുപക്ഷ സർക്കാരുകൾ അതിനെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകാൻ തയ്യാറായിരുന്നില്ല എന്നും കാണാനാകും.

### ഇ.എം.എസ് ഭരണപരിഷ്ക്കാര കമ്മീഷൻ

1957 ലെ സർക്കാരാണ് ആദ്യത്തെ ഭരണപരിഷ്ക്കാര കമ്മീഷനെ നിയോഗിച്ചത്. കൊളോണിയൽ കാല ഘട്ടത്തിൽ രൂപംകൊണ്ട ഭരണസംവിധാനങ്ങളെ

ജനകീയവും വികസനോന്മുഖവുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അത് രൂപീകരിക്കപ്പെട്ടത്. കാര്യക്ഷമമായ ഭരണസംവിധാനത്തിന് അത്യന്താപേക്ഷിതമായ കാര്യം താഴെതലത്തിലേക്ക് അധികാരം വിന്യസിക്കുകയാണെന്ന് അത് വ്യക്തമാക്കുകയുണ്ടായി. സർക്കാർ ഉദ്യോഗം എന്നത് ജനങ്ങളോടുള്ള ചുമതല നിർവ്വഹിക്കുന്നതിനുള്ള അവസരമായി കണ്ടുകൊണ്ടുള്ള ഇടപെടലാണ് ഉണ്ടാകേണ്ടതെന്നും അത് വ്യക്തമാക്കി. സാമൂഹ്യബോധവും ദേശാഭിമാനബോധവും ഉൾക്കൊണ്ട് ചലിക്കുന്ന ഒന്നാണെന്നും സർക്കാർ ഉദ്യോഗം നിർദ്ദേശിക്കപ്പെട്ടു. എന്നാൽ, ഈ കമ്മീഷൻ മുന്നോട്ട് വെച്ച സമഗ്രമായ ഭരണ പരിഷ്ക്കാരങ്ങൾ വിമോചനസമരത്തെത്തുടർന്ന് സർക്കാരിനെ പിരിച്ചുവിട്ടതുകൊണ്ട് നടപ്പിലാക്കപ്പെട്ടില്ല.

1965-ൽ വെള്ളോടിയുടെ നേതൃത്വത്തിൽ രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ നിയോഗിക്കപ്പെട്ടു. കേരളത്തിൽ പ്രത്യേക സിവിൽ സർവ്വീസ് വേണമെന്നതു പോലുള്ള പല നിർദ്ദേശങ്ങളും ഉയർന്നുവന്നു.

### നായനാർ ഭരണപരിഷ്കാര കമ്മീഷൻ

1997-ൽ അധികാരവികേന്ദ്രീകരണത്തിന്റെ ക്യാമ്പയിൻ നടക്കുന്ന പശ്ചാത്തലത്തിലാണ് മൂന്നാം ഭരണ പരിഷ്കാര കമ്മീഷൻ നിലവിൽ വന്നത്. അധികാരവികേന്ദ്രീകരണത്തിൻറെ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലും വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചായിരുന്നു കമ്മീഷൻറെ പ്രധാന പരിഗണന. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നതിന് തുടർന്ന് അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ തയ്യാറായില്ല. ഭരണസംവിധാനത്തെ കാര്യക്ഷമമാക്കുന്നതിനു പകരം സിവിൽ സർവ്വീസിനെ തന്നെ ആഗോളവൽക്കരണ സമീപനത്തിൻറെ പശ്ചാത്തലത്തിൽ വെട്ടിച്ചുരുക്കുന്നതിനുവേണ്ടിയായിരുന്നു അവർ പ രിശ്രമിച്ചത്. സിവിൽ സർവ്വീസ് കൂടുതൽ പ്രശ്നസങ്കീർണ്ണമായ അവസ്ഥയിൽ എത്തിക്കുക എന്നല്ലാതെ മറ്റൊരു നേട്ടവും ഇതുകൊണ്ടുണ്ടായില്ല. ഭരണപരിഷ്കരണത്തിന് അത്യന്താപേക്ഷിതമായ വികേന്ദ്രീകരണ പ്രക്രിയയും ദുർബലപ്പെട്ടു.

എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതോടെ ഈ സമീപനങ്ങൾ ഉപേക്ഷിക്കുകയും പുതിയ തസ്തികകൾ ഉൾപ്പെടെ കൊണ്ടുവരികയും ഇ-ഗവേണൻസ് മേഖലയിൽ വലിയ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് മുന്നോട്ടു പോവുകയും ചെയ്തു. സംതൃപ്തമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യം കൈവരിക്കാനായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ കുടിശ്ശിക ഇല്ലാതെയും സമയബന്ധിതമായും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജനമൈത്രി പോലീസ് പോലുള്ള സംവിധാനം കൊണ്ടുവന്നു. ട്രഷറി വകുപ്പ് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച് അതിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കി.

### വി എസ് അച്യുതാനന്ദൻ ഭരണപരിഷ്കാര കമ്മീഷൻ

ആഗോളവൽക്കരണ നയങ്ങൾ രൂപപ്പെട്ടതോടെ പൊതുസേവനമേഖലയുടെയും ഭരണസംവിധാനത്തിന്റെയും സ്വഭാവം തന്നെ പരിവർത്തിതമായി. ഉത്തരവാദിത്വപൂർണവും ദക്ഷതയുള്ളതുമായ സിവിൽ സർവീസ് എന്നതിനു പകരം ഭരണസംവിധാനത്തെ ചുരുക്കിയെടുക്കുകയും വലിപ്പം കുറയ്ക്കുകയും എന്ന നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള ഒരു സമീപനം വലതുപക്ഷ സർക്കാരുകൾ സ്വീകരിച്ചു. എന്നാൽ, നിലനിൽക്കുന്ന പരിമിതികൾക്കകത്തു നിന്നുകൊണ്ട് ഭരണസംവിധാനത്തെ ജനക്ഷേമകരമായി പരിവർത്തനം ചെയ്യിക്കുന്നതിനുള്ള ബദൽ സമീപനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ ഇടതുപക്ഷ സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടായി. മറ്റെല്ലാ മേഖലയിലുമെന്നപോലെ ഇതിന്റെ അടിസ്ഥാനത്തിലുള്ള സംവിധാനങ്ങൾ ഭരണപരിഷ്കാരത്തിന്റെ മേഖലയിലും രൂപീകരിക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ് 2016 ലെ ഇടതുപക്ഷ സർക്കാർ മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ പുതിയ ഭരണ പരിഷ്ക്കാര കമ്മീഷനെ നിയോഗിച്ചത്. ഈ കമ്മീഷൻ 14 വിശദമായ റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. ഇവയിൽ പ്രധാനപ്പെട്ടവ - വിജിലൻസും അഴിമതി വിരുദ്ധ പരിഷ്ക്കാരങ്ങളും - ആദ്യ റിപ്പോർട്ടിൽ തന്നെ പരാമർശിച്ചിരുന്നു. ജനാഭിമുഖ്യ സർവീസ് ഡെലിവറി, സെക്രട്ടറിയേറ്റ് പരിഷ്ക്കാരങ്ങൾ, ഭരണത്തെ ലളിതവും കാര്യക്ഷമവുമാക്കാനുള്ള നിർദ്ദേശങ്ങൾ, എന്ന് തുടങ്ങി ഭരണത്തിന്റെ ഏതാണ്ട് എല്ലാ തലങ്ങളെക്കുറിച്ചും ഈ റിപ്പോർട്ടുകൾ പരിശോധിക്കുന്നുണ്ട്.

കേരളത്തിൽ നടന്ന പ്രധാന ഭരണ പരിഷ്കാര നടപടികൾ എല്ലാം തന്നെ ഇടതുപക്ഷ സർക്കാരുകളുടെ മുൻകയ്യിലാണ് നടന്നത് എന്നത് വ്യക്തമാണ്. നിർണ്ണായകമായ പല പരിഷ്കാര നടപടികളും ഇടതുപക്ഷ സർക്കാറുകളെ തുടർന്നു വന്ന UDF സർക്കാറുകൾ അട്ടിമറിച്ചതാണ് ചരിത്രം. ജില്ലാ കൗൺസിലുകളാണ് ഏറ്റവും നല്ല ഉദാഹരണം. ജനകീയാസൂത്രണത്തെ തുടർന്ന് തദ്ദേശ ഭരണ സംവിധാനം കലോചിതമാക്കുന്നതിനുള്ള എസ്. ബി. സെൻ റിപ്പോർട്ടും ചട്ടങ്ങളുടെ പരിഷ്കരണവും എല്ലാം തുടർന്നു വന്ന UDF സർക്കാർ അട്ടിമറിക്കുകയാണ് ചെയ്തത്. ഏകോപിത തദ്ദേശ ഭരണ സർവ്വീസ് എന്ന പരിഷ്കാരം എങ്ങനെയാണ് 2011-2016 കാലത്തെ UDF സർക്കാർ തകിടം മറിച്ചത് എന്നത് സമീപ കാല അനുഭവമാണ്.

സിവിൽ സർവ്വീസിനെ ജനോന്മുഖവും അഴിമതി മുക്തവും ഉത്തരാവാദിത്വ പൂർണവും ആക്കുക എന്നതിനു പകരം സിവിൽ സർവീസ് തന്നെ ആവുന്നത്ര ചുരുക്കുക എന്ന തലതിരിഞ്ഞ സമീപനമാണ് UDF സർക്കാർ എല്ലാക്കാലത്തും സ്വീകരിച്ചത്. സർക്കാർ ജനങ്ങൾക്ക് നൽകുന്ന വിവിധ തരം സേവനങ്ങൾ കാര്യക്ഷമമായും വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിന് സാർവ്വത്രികമായ ആധുനീകരണം,

വികേന്ദ്രീകരണം, ഡിജറ്റൽ സേവന സൌകര്യങ്ങൾ എന്നതായിരുന്നു ഇടതുപക്ഷം കാലാകാലങ്ങളിൽ സ്വീകരിച്ച സമീപനം. സർവ്വീസ് ഡെലിവറിയുടെ പ്രാപ്യത, വേഗത, സുതാര്യത, നഷ്ടോത്തരവാദിത്തം എന്നിവ ഉറപ്പാക്കുക എന്ന സമീപനമാണ് ഇടതുപക്ഷം കൈക്കൊണ്ടിട്ടുള്ളത്.

## II
## 2016 - 2026 : കാര്യക്ഷമമായ ഭരണനിർവ്വഹണം

2015 ലെ കേരള പഠന കോൺഗ്രസ് സംസ്ഥാനത്ത് അനിവാര്യമായിട്ടുള്ള ഭരണപരിഷ്കാര നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുകയുണ്ടായി. കഴിഞ്ഞ 10 വർഷക്കാലത്തെ പ്രവർത്തനങ്ങൾ അന്ന് ചിന്തിക്കാൻ കഴിയുന്നതിന്റെ അപ്പുറമാണ്. നാല് മേഖലകളിലെ പരിഷ്ക്കാരങ്ങൾ ഉദാഹരിക്കാം.

- ഒന്ന്, ക്ഷേമ പെൻഷൻ വിതരണത്തിലെ കാര്യക്ഷമത.
- രണ്ട്, ജനങ്ങൾക്ക് സർക്കാർ നൽകുന്ന വിവിധ സേവനങ്ങൾ (Services)
- മൂന്ന്, വ്യവസായ/സംരംഭക അനുമതികൾക്കുള്ള ഭരണ നടപടികൾ
- നാല്, വൻകിട പ്രോജക്ടുകളുടെ നിർവ്വഹണം.

### ക്ഷേമ പെൻഷനുകളുടെ വിതരണം

2016 ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരം ഏൽക്കുന്ന സമയത്ത് ക്ഷേമ പെൻഷനുകളും സാമൂഹ്യ സുരക്ഷാ പെൻഷനുകളും 18 മാസം വരെ കുടിശികയായിരുന്നു എന്നതു മാത്രമായിരുന്നില്ല പ്രതിസന്ധി. പെൻഷൻ കൃത്യമായി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടായിരുന്നില്ല എന്നതും വലിയ പ്രതിസന്ധിയായിരുന്നു. പെൻഷൻ വർദ്ധിപ്പിച്ച്, അത് കൃത്യമായി കൊടുക്കുന്നതിനുള്ള പണം കണ്ടെത്തുന്നതിൽ ഒതുങ്ങുന്നതായിരുന്നില്ല സാമൂഹ്യ ക്ഷേമ പെൻഷൻ മേഖലയിലെ ഇടപെടൽ. ഗുണഭോക്താക്കളുടെ ഇംഗിതം അനുസരിച്ച് ബാങ്ക് അക്കൌണ്ടിൽ പെൻഷൻ ലഭിക്കേണ്ടവരുടെയും, വീട്ടുവാതുക്കൽ എത്തിച്ചു കൊടുക്കേണ്ടവരുടേയും പട്ടിക തയ്യാറാക്കി അത് കൃത്യതയോടെയുള്ള ഡേറ്റായാക്കി മാറ്റി. ഇതോടൊപ്പം പെൻഷൻ അപേക്ഷയും അനുവാദവും അടക്കം എല്ലാ നടപടികളും കുറ്റമറ്റവിധം ഡിജിറ്റലൈസ് ചെയ്തു.

ഇതുണ്ടാക്കിയ മാറ്റം പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ പ്രതിഫലിച്ചു. 2016 ൽ 34 ലക്ഷം പേർക്കാണ് പെൻഷൻ ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 62 ലക്ഷം പേർക്കാണ് ലഭിക്കുന്നത്. പെൻഷൻ വിതരണത്തിന് തദ്ദേശ ഭരണ വകുപ്പ്, സഹകരണ വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവയുടെ ഫലപ്രദമായ ഏകോപനം കൃത്യമായ ഉത്തരവുകളും ചട്ടങ്ങളും വഴി നിലവിൽ കൊണ്ട് വന്നു. IKM ഏകോപിപ്പിക്കുന്ന വിവര സഞ്ചയ, വിനിമയ സംവിധാനത്തിന്റെ ശക്തമായ പിന്തുണയും ഉറപ്പാക്കി. ഇതോടെയാണ് ഇന്നു നാം കാണുന്ന കൃത്യതയുള്ള ക്ഷേമ/സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സാധ്യമായത്. 2015 ലെ കേരള പഠന കോൺഗ്രസ് ചൂണ്ടിക്കാണിച്ച സർക്കാർ സേവനങ്ങളും അവകാശങ്ങളും കൃത്യമായും ചോർച്ച കൂടാതെയും എത്തുന്നതിനുള്ള ഭരണ നവീകരണം എന്നത് പ്രയോഗത്തിൽ വന്നതിന് ഉദാഹരണമാണ് ക്ഷേമ പെൻഷൻ വിതരണം.

### സർവ്വീസ് ഡെലിവറി

പ്രൊഫഷണൽ ഓൺ ലൈൻ പ്ലാറ്റ്ഫോമായ LinkedIn ഒരു പോസ്റ്റിൽ ചൂണ്ടിക്കാട്ടിയത് ഇവിടെ ഏറെ പ്രസക്തമാണ്. ഇരുപത്തി രണ്ടു വകുപ്പുകളെ ഏകോപ്പിച്ചു കൊണ്ടുള്ള ഡിജിറ്റൽ ഗവർണൻസ് പദ്ധതിയിലൂടെ നടപ്പിലായ K-SWIFT (Kerala Single Window Interface for Fast and Transparent Clearance) നെ കുറിച്ചാണ് അവർ പോസ്റ്റിൽ വിവരിച്ചത്. (*"The transformation is driven by digital governance, centered on the K-SWIFT (Kerala Single Window Interface for Fast and Transparent Clearance) system. This fully automated platform streamlines approvals across 22 departments. A game-changing feature is "deemed approval," where clearances are automatically granted if not processed within the 30-day timeframe, eliminating bureaucratic delays and reducing corruption risk. This commitment to efficiency is validated by a reduction in investor grievances, which heavily influences the EoDB ranking"*- LinkedIn).

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട വിവിധ സേവനങ്ങൾ, സാക്ഷ്യപത്രങ്ങൾ, റെഗുലേറ്ററി അനുമതികൾ, റെജിസ്ട്രേഷനുകൾ എന്നിവയെല്ലാം ഓൺ ലൈൻ ആയി അതിവേഗം ലഭ്യമാക്കുന്ന "K-SMART" (Kerala Solutions for Managing Administrative Reformation and Transformation) വിപ്ലവകരമായ ഒരു ഭരണ പരിഷ്ക്കാര നടപടിയാണ്.

ഇന്ത്യയിലെ ആദ്യത്തെ പരിപൂർണ്ണ 'ഇ- ഗവർണൻസ് സംസ്ഥാനമായി' മാറാൻ കേരള സംസ്ഥാനത്തിന് കഴിഞ്ഞു എന്നത് ഏറെ അഭിമാനകരമാണ്. റവന്യൂ സംവിധാനം, കരം പിരിക്കൽ, ഭൂമി കൈമാറ്റം, രജിസ്ട്രേഷൻ, ഭക്ഷ്യ പൊതുവിതരണം, സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ, ഇ-ഹെൽത്ത് തുടങ്ങി നിരവധി സേവനങ്ങളെ ഡിജിറ്റൽ ആക്കുന്നതിനും ഏകദേശം 900 സേവനങ്ങളെ ഒരു കേന്ദ്രീകൃത ഏകജാലക ഓൺലൈൻ സംവിധാനത്തിലേക്ക് (e-Sevanam) കണ്ണി ചേർക്കുന്നതിനും നമുക്ക് ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പൊതു ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിൽ Department of Administrative Reforms and Public Grievances (DARPG)ന്റെ National e-governance Service Delivery Assessment-NeSDA- അനുസരിച്ച് രാജ്യത്ത് ഒന്നാം റാങ്ക് നേടിയ സംസ്ഥാനം കേരളമാണ്. ജനസൗഹൃദകരമായി വിവര സാങ്കേതിക

സഹായങ്ങൾ നൽകുന്ന കേന്ദ്രീകൃത ഏകജാലക സംവിധാനം ഒരുക്കിയതിലും കേരളത്തിനാണ് ഒന്നാം സ്ഥാനം.

ഇന്റർനെറ്റ് ലഭ്യത പൗരാവകാശമെന്ന നിലയിലാണ് സംസ്ഥാനം കണ്ടത്. അതിന്റെ ഭാഗമായി ഓരോ പൗരനും ലഭ്യമാവുന്ന രീതിയിൽ ഗ്രാമാന്തരങ്ങളിലെ ഓരോ വീട്ടിലേക്കും ഇന്റർനെറ്റ് സൗകര്യം എത്തിക്കുന്നതിനും (Kerala Fibre Optic Network - K FON) നമുക്ക് സാധിച്ചു.

പുതിയ സേവനാവകാശ നിയമം (The Kerala Right to Public Service Act, 2025) സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുക മാത്രമല്ല വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ ഉത്തരവാദികളുമാക്കുന്നു. എല്ലാ വകുപ്പുകളും നിശ്ചിത സേവനങ്ങൾ വിജ്ഞാപനം ചെയ്യണം. ഓരോ സേവനവും ലഭ്യമാക്കുന്നതിനുള്ള സമയവും വിജ്ഞാപനത്തിൽ പ്രഖ്യാപിക്കണം. ഈ സമയ ക്രമം അനുസരിച്ച് സേവനങ്ങൾ ലഭിക്കുന്നില്ല എങ്കിൽ സേവനാവകാശ ഓഫഫീസർമാർക്ക് പരാതി നല്കാം. ഒന്നും രണ്ടും അപ്പീൽ വ്യവസ്ഥകളും നിയമത്തിൽ ഉണ്ട്. വിവരാവകാശ ഓഫീസർമാർ എന്നത് പോലെ വിവിധ തലങ്ങളിൽ സേവനാവകാശ ഓഫീസർമാർ വരും. ഒരു ഏകാംഗ സേവനാവകാശ കമ്മീഷനും ഈ നിയമ പ്രകാരം രൂപീകരിക്കപ്പെടുകയാണ്. ഇതോടെ സർവ്വീസ് ഡെലിവറി നിയമപരമായി നിശ്ചയിക്കപ്പെട്ട അവകാശമായി മാറി. 2025 നവംബർ മാസമാണ് നിർണ്ണായകമായ ഈ നിയമം വിജ്ഞാപനം ചെയ്തത്.

## വ്യവസായ സൗഹൃദ കേരളം

മൂന്നാമത്തെ മേഖല വ്യവസായമാണ്. രാജ്യത്ത് വ്യവസായ/സംരംഭക സൗഹൃദ അന്തരീക്ഷത്തിൽ ഇരുപത്തി എട്ടാം സ്ഥാനത്തായിരുന്നു കേരളം. ഇപ്പോൾ ഇക്കഴിഞ്ഞ രണ്ടു വർഷമായി കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിന്റെ വിവിധ പശ്ചാത്തല/അടിസ്ഥാന സൗകര്യങ്ങളിൽ കഴിഞ്ഞ പത്തു കൊല്ലമായി ഉണ്ടായ അനുപമമായ മാറ്റമാണ് ഈ നേട്ടത്തിന്റെ നിയാമക ഘടകം. എന്നാലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുതൽ വ്യവസായ വകുപ്പ് ഡയറക്റ്ററേറ്റും സെക്രെട്ടറിയേറ്റും വരെ നടപ്പിലാക്കിയ വ്യവസായ/ സംരംഭക അനുകൂല ഭരണ പരിഷ്ക്കരണവും നടപടി ലഘൂകരണവും ഡിജിറ്റലൈസേഷനും ഈ വലിയ നേട്ടത്തിനും തുടർന്നു ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യവസായ/സംരംഭക നിക്ഷേപത്തിനും പ്രധാന കാരണമാകുന്നു എന്നത് കാണണം. ഈ ഭരണ പരിഷ്ക്കരണ നടപടികൾ അഴിമതിയെ ഏതാണ്ട് ഇല്ലാതാക്കുക എന്ന മഹത്തായ നേട്ടവും കൈവരിക്കാൻ സഹായകമാകുന്നു. ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാനിൽ (BRAP) നിഷ്കർഷിച്ച 434 പരിഷ്കാരങ്ങളിൽ 430 എണ്ണം കൈവരിച്ചു. 99.3 ശതമാനം സ്കോറോടെയാണ് നമ്മുടെ വ്യവസായ/സംരംഭക സൌഹൃദ അന്തരീക്ഷത്തിലെ നേട്ടം എന്നു കാണാം. സംസ്ഥാനത്തെ സ്വയം തൊഴിൽ, സംരംഭക, സ്റ്റാർട്ട് അപ്പ് രംഗത്തിന് ഊർജ്ജം പകരുന്നതിനും വൻതോതിലുള്ള നിക്ഷേപ സമാഹരണം നടത്തുന്നതിനും സംസ്ഥാനത്തിന് സാധിച്ചു.

## വൻകിട പ്രോജക്ടുകളുടെ നടത്തിപ്പ്

വൻകിട പ്രോജക്ടുകളുടെ നടത്തിപ്പിൽ കേരളത്തിൻറെ കാര്യക്ഷമതയില്ലായ്മ കുപ്രസിദ്ധമായിരുന്നു. ഗോൾഡൻ ജൂബിലി ആഘോഷിക്കാത്ത ഒരു വൻകിട ജലസേചന പദ്ധതിയും കേരളത്തിൽ ഉണ്ടായിട്ടില്ല. വൈദ്യുത പദ്ധതികളുടെ നിർവ്വഹണത്തിലെ കാലതാമസവും വലുതായിരുന്നു. എന്നാൽ ഇന്ന് കാലം മാറി; ഇതിന് ഏറ്റവും നല്ല ഒരു ഉദാഹരണം വിഴിഞ്ഞം പദ്ധതിയാണ്. 30 വർഷത്തിന് ശേഷം പൂർത്തീകരിക്കേണ്ട വിഴിഞ്ഞം-രണ്ടാം ഘട്ടം 2028 ൽ തീർക്കാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

കിഫ്ബിയുടെ (Kerala Infrastructure Investmemt Fund Board) കാര്യക്ഷമമായ പദ്ധതി നടത്തിപ്പ് ഒരു വഴിത്തിരിവായിരുന്നു. നിർമ്മാണ പ്രവർത്തികളുടെ ഉയർന്ന നിലവാര മാനദണ്ഡങ്ങൾ, കൃത്യമായ മേൽനോട്ട സംവിധാനം, സാങ്കേതികവും ധനപരവുമായ ഓഡിറ്റിംഗ്, ഇവയെല്ലാം പുതിയ അനുഭവങ്ങളായിരുന്നു. ഉടമസ്ഥനായ സംസ്ഥാന സർക്കാരിന് ധന ഞെരുക്കമുണ്ടെങ്കിലും അന്തർദേശീയ മാർക്കെറ്റുകളിൽ പോലും ബോണ്ടുകൾ ഇറക്കാനുള്ള റേറ്റിങ് നേടാൻ കഴിഞ്ഞത് ഈ കാര്യക്ഷമതകൊണ്ട് കൂടിയാണ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.)

ഇ. എം. എസ്സി. ന്റെ നേതൃത്വത്തിലെ ആദ്യ കമ്മീഷൻ വിഭാവനം ചെയ്ത കേരള സിവിൽ സർവ്വീസ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ. എ. എസ്.) എന്ന പേരിൽ ആരംഭിക്കുന്നതിനും നമുക്ക് കഴിഞ്ഞു.

രാജ്യത്താകെ നടക്കുന്ന പി. എസ്. സി. നിയമനത്തിന്റെ 66% വും നമ്മുടെ സംസ്ഥാനത്താണ് നടന്നിട്ടുള്ളത്. ഇത് നിലവിലുള്ള ഭരണ സംവിധാനത്തിന്റെ ശക്തിപ്പെടുത്തലിനു കൂടി കാരണമാകുമെന്നതും കാണേണ്ടതുണ്ട്.

പാർശ്വവത്ക്കരിക്കപ്പെട്ട ജനസമൂഹത്തെ ചേർത്ത് പിടിക്കുന്നതിന് പുതിയ മാതൃക തന്നെ സൃഷ്ടിക്കാൻ നമുക്ക് ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ഒരു സേവനപദ്ധതിയുടെയും പ്രയോജനം ലഭിക്കാത്ത അല്ലെങ്കിൽ പ്രയോജനപ്പെടുത്താൻ നിർവ്വാഹമില്ലാതിരുന്ന 64,007 കുടുംബങ്ങളെ കണ്ടെത്തുന്നതിനും, ഭരണതലത്തിലെ വിവിധ തട്ടുകളുടെ സേവനം ഉപയോഗിച്ചും തികഞ്ഞ ജന പങ്കാളിത്തത്തോടെയും, അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള ശ്രമങ്ങൾ, വിജയം കണ്ട കാലമാണിത്. അങ്ങനെ അതിദാരിദ്ര്യ മുക്തമായ ആദ്യ ഇന്ത്യൻ സംസ്ഥാനമായി മാറാനും കേരളത്തിന് കഴിഞ്ഞു.

## III
## പുതിയ വെല്ലുവിളികൾ, പുതിയ വഴികൾ

കേരളം സേവന ലഭ്യതയിൽ ചില വെല്ലുവിളികൾ നേരിടുന്നുണ്ട്. ഡിജിറ്റൽ സാക്ഷരതയുണ്ടെങ്കിലും നിരവധി ആളുകൾ, പ്രത്യേകിച്ച് പ്രായമായവരും ഒറ്റപ്പെട്ട വിദൂരപ്രദേശങ്ങളിലുള്ളവരും ഡിജിറ്റൽ സേവനങ്ങൾ തേടുന്നതിൽ ബുദ്ധിമുട്ടുന്നു. എല്ലാ പഞ്ചായത്തുകളിലും സേവന നിലവാരം ഒരുപോലെ യല്ല, പരാതികൾ പരിഹരിക്കാൻ പലപ്പോഴും സമയ മെടുക്കും. വ്യത്യസ്ത വകുപ്പുകൾ എല്ലായ്പ്പോഴും നന്നായി ഏകോപിപ്പിക്കപ്പെടുന്നില്ല; ഇത് കാലതാമ സത്തിന് കാരണമാകുന്നു. വയോധികർ, ഭിന്നശേഷി ക്കാർ, ഇതര ദുർബ്ബല വിഭാഗങ്ങൾ, എന്നിവർക്കുള്ള പിന്തുണയും ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഡിജിറ്റൽ സാങ്കേതികവിദ്യയും സേവന ലഭ്യതയും: ഓഫീസ് സന്ദർശനവും പേപ്പർ വർക്കും ഒഴിവാക്കി ആളുകൾക്ക് വീട്ടിൽ നിന്നു തന്നെ അപേക്ഷിക്കാൻ കഴിയുന്നു എന്നതാണ് ഡിജിറ്റൽ സേവനങ്ങളുടെ സവിശേഷത. അപേക്ഷകളുടെ ട്രാക്കിംഗ് മെച്ചപ്പെ ടുത്തുകയും അഴിമതി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എല്ലാവർക്കും ലഭ്യമാകുന്ന തരത്തിലാക്കണം.

സാമൂഹിക നീതി ഉറപ്പാക്കൽ: വ്യത്യസ്ത ഗ്രൂപ്പുകൾ ക്ക് വ്യത്യസ്ത ആവശ്യങ്ങളാണുള്ളത്. സ്ത്രീകൾക്ക് കൂടുതൽ സുരക്ഷിതവും സൗകര്യപ്രദവുമായ സേവ നങ്ങൾ ആവശ്യമാണ്. വികലാംഗർക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്ന കെട്ടിടങ്ങൾ, വെബ്സൈറ്റുകൾ, ആശയവിനിമയം എന്നിവ ആവശ്യമാണ്. പ്രായമായ വർക്ക് ഹെൽപ്പ് ഡെസ്കുകൾ, ലളിതമായ നടപടിക്രമ ങ്ങൾ, സഹായ കേന്ദ്രങ്ങൾ എന്നിവ ആവശ്യമാണ്. എസ്‌സി/എസ്ടി സമൂഹങ്ങൾക്ക് ലക്ഷ്യബോധമുള്ള ഇടപെടലുകൾ, സാംസ്കാരികമായി ഉൾക്കാഴ്ചയുള്ള സേവനങ്ങൾ, ഒറ്റപ്പെട്ട വിദൂര പ്രദേശങ്ങളിൽ മെച്ച പ്പെട്ട പ്രവേശനം എന്നിവ ആവശ്യമാണ്.

ഫലപ്രദമായ പൊതു സേവന ലഭ്യതയെ നയിക്കുന്നത് ചില അടിസ്ഥാന തത്വങ്ങളാണ്; അവ ജനങ്ങളെ മാന്യമായും നീതിബോധത്തോടെയും പരിഗണിക്കു ന്നുവെന്ന് ഉറപ്പാക്കണം. ഓരോ പൗരനും സ്ഥലം, വരുമാനം അല്ലെങ്കിൽ സാമൂഹിക പശ്ചാത്തലം എന്നിവ പരിഗണിക്കാതെ വിവേചനമില്ലാതെ തുല്യ തയോടെയും സമ്മതത്തോടെയും സേവനങ്ങൾ ലഭിക്കാൻ കഴിയണം. ആവശ്യമുള്ളവർക്ക് അധിക പിന്തുണയും നൽകണം. വ്യക്തിപരമായ സ്വാധീന ത്തേക്കാൾ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാ നത്തിൽ ആളുകൾക്ക് സേവനങ്ങൾ ലഭിക്കണം.

സമയബന്ധിതമായി സേവനങ്ങൾ നിശ്ചിതവും ന്യാ യയുക്തവുമായ സമയപരിധിക്കുള്ളിൽ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പാക്കണം. പൗരന്മാർക്ക് അവരുടെ പരാതികൾ കേൾക്കുകയും വേഗത്തിൽ പരിഹരിക്ക പ്പെടുകയും ചെയ്യുമെന്ന ആത്മവിശ്വാസം നൽകു ന്നതിന് പരാതി പരിഹാര സംവിധാനം ശക്തവും ചടുലവുമായി നിലനിൽക്കണം. ഈ തത്വങ്ങൾ ഒരു മിക്കുമ്പോഴാണ്, നീതിയുക്തവും പ്രതികരിക്കുന്നതും ജനങ്ങളുടെ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന തുമായ ഒരു സേവന ലഭ്യതാ സംവിധാനം സൃഷ്ടിക്ക പ്പെടുക.

അടുത്ത അഞ്ച് വർഷത്തേക്കുള്ള പ്രധാന ലക്ഷ്യങ്ങൾ ഇവയാകാം: വാതിൽപ്പടി സേവന വിതരണത്തിലൂടെ യും, ഓൺലൈനിലൂടെയും, വ്യക്തിഗതമായ സഹാ യത്തോടെയും ആവശ്യമുള്ളിടത്തെല്ലാം സേവനങ്ങൾ ലഭ്യമാകണം; ഈ സേവനങ്ങൾ നിശ്ചിത സമയപ രിധിക്കുള്ളിൽ ലഭ്യമാവുകയും വേണം; ഡിജിറ്റൽ പൗരസേവ സഹായ കേന്ദ്രങ്ങൾ സാർവത്രികമാ കണം; പരാതികൾ സമയബന്ധിതമായി പരിഹരി ക്കപ്പെടണം; എങ്കിലേ പൗരന് സംതൃപ്തമായ സേവന ലഭ്യത ഉണ്ടാവൂ.

### സേവന വിതരണ സ്ഥാപനങ്ങൾക്കായുള്ള വിശദമായ പദ്ധതി

ഒരു ത്രിമുഖ സമഗ്ര തന്ത്രത്തിലൂടെ പൊതു സേവ നവിതരണം സുഗമവും കൂടുതൽ ജനസൗഹൃദ വുമാക്കാൻ കഴിയും. ഒന്നാമതായി, ഭൗതികവും, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടു ത്തുന്നത് വൃത്തിയുള്ള ഓഫീസുകൾ, ആധുനിക ഉപകരണങ്ങൾ, വിശ്വസനീയമായ ഓൺലൈൻ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുന്നു; ഇത് പൗര ന്മാർക്ക് സേവനങ്ങൾ എളുപ്പവും മാന്യവുമാക്കുന്നു. രണ്ടാമതായി, ജീവനക്കാരെ പരിശീലിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നതുവഴി ജീവനക്കാരിൽ നൈപുണ്യവും ശേഷി വികസനവും ഉറപ്പാക്കാനും അതുവഴി പൗരസേവനം മെച്ചപ്പെടുത്താനുമാകും. മൂന്നാമതായി നിയമങ്ങളും നടപടിക്രമങ്ങളും ലളിത മാക്കുകയും വ്യക്തമായ സമയപരിധി നിശ്ചയിക്കുക യും സുതാര്യത ഉറപ്പാക്കുകയും വഴി കാലതാമസവും ആശയക്കുഴപ്പവും കുറയ്ക്കാനാകും.

വർക്ക്ഫ്ലോകൾ മാപ്പ് ചെയ്ത് സേവന മാനദണ്ഡങ്ങൾ നിശ്ചയിച്ച് നന്നായി രൂപകൽപ്പന ചെയ്ത സ്ഥാപന പദ്ധതികൾക്ക് രൂപം നൽകി കാര്യക്ഷമവും നീതി യുക്തവും പൗരകേന്ദ്രീകൃതവുമായ സേവന പ്രദാന സംവിധാനം രൂപപ്പെടുത്താൻ കഴിയണം.

### ജനകേന്ദ്രീകൃത ഡിസൈൻ

- ജനന രജിസ്ട്രേഷൻ, കെട്ടിട പെർമിറ്റ്, പെൻഷ നുകൾ പോലുള്ള സർക്കാർ സേവനങ്ങൾ ലഭി ക്കുന്നതിന് ഒരു വ്യക്തി കടന്നുപോകേണ്ട ഓരോ ഘട്ടത്തിലും അവർക്കുണ്ടാകുന്ന അനുഭവങ്ങളെ ലളിതവും സമയബന്ധിതവുമാക്കുക.
- സമയപരിധികൾ ഉൾപ്പെടെ വ്യക്തമായ സേവന മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കുക.
- സാക്ഷരത കുറഞ്ഞവർക്കും, വയോജനങ്ങൾക്കും, ഭിന്നശേഷിക്കാർക്കും കൂടി പ്രയോജനപ്പെടുന്ന നിലയിൽ ആപ്പുകളും ഫോമുകളും രൂപകൽപ്പന ചെയ്യുക.

- പട്ടിക വർഗ്ഗ വിഭാഗക്കാർ, ചിതറിത്താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾ, പട്ടികജാതി ഉന്നതികളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗക്കാർ എന്നിവരിലേക്കും, ഒറ്റപ്പെട്ടതും വിദൂരസ്ഥവുമായ പ്രദേശങ്ങളിൽ അധിവസിക്കുന്നവരിലേക്കും, നഗരപ്രദേശങ്ങളിൽ താമസിക്കുന്ന ദരിദ്ര ജനവിഭാഗങ്ങളിലേക്കും സേവനങ്ങൾ എത്തിച്ചേരുന്നു എന്ന് ഉറപ്പു വരുത്താൻ പ്രത്യേക നടപടികൾ ആവശ്യമാണ്.
- വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡർ, പട്ടിക വർഗ്ഗ - പട്ടിക ജാതി വിഭാഗങ്ങൾ എന്നിവരുടെ കാര്യത്തിൽ അവകാശാധിഷ്ഠിത സമീപനം ഉറപ്പുവരുത്തേണ്ടതുണ്ട്. അതിൽ ജീവിക്കാനും, തുല്യതയ്ക്കും, സാമൂഹ്യസുരക്ഷയ്ക്കുമുള്ള അവകാശങ്ങൾ അന്തർലീനമായിരിക്കണം. സേവനലഭ്യതയിൽ വിവേചനരഹിത സമീപനം, തുല്യനീതി, പങ്കാളിത്തം, നഷ്ടോത്തരവാദിത്തം, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ചേർക്കൽ എന്നീ തത്വങ്ങൾ അടിസ്ഥാനമാക്കണം.

## എല്ലാവരേയും ഉൾക്കൊള്ളുന്ന ഡിജിറ്റൽ പരിവർത്തനം

വിവിധ ഡിപ്പാർട്ട്മെന്റ് വിവരങ്ങളും, സേവനങ്ങളും ഒരു കുടക്കീഴിൽ പ്രവർത്തിക്കുന്ന സംവിധാനം ഒരുക്കുക. അക്ഷയ കേന്ദ്രങ്ങൾ, കിയോസ്ക്കുകൾ, കോൾ സെന്ററുകൾ, ഡോർസ്റ്റെപ്പ് ടീമുകൾ, ആപ്പുകൾ, എന്നിവയിലൂടെ കൂടുതൽ പേരിലേക്ക് സംയോജിത സംവിധാനം എത്തിക്കുക. അതിൽ തന്നെ വയോധികർ, ഭിന്നശേഷിക്കാർ, ഇതര ദുർബ്ബലവിഭാഗങ്ങൾ എന്നിവർക്ക് സേവനങ്ങൾ പ്രാപ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ കരുതൽ ഉണ്ടാകേണ്ടതുണ്ട്.

സേവന ദിശാബോധത്തിലും പരാതി കൈകാര്യം ചെയ്യലിലും ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുക. മുൻനിര ഉദ്യോഗസ്ഥർക്ക് കൂടുതൽ തീരുമാനമെടുക്കാനുള്ള ഉത്തരവാദിത്തത്തോടു കൂടിയ അധികാരം നൽകുക. പ്രവർത്തനത്തെ സേവന നിലവാരവുമായും പൗരന്മാരുടെ ഫീഡ്ബാക്കുമായും ബന്ധിപ്പിക്കുക. മുൻ നിര പ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ഇതര ദുർബ്ബല വിഭാഗങ്ങൾ എന്നിവരുടെ കാര്യത്തിൽ ഇടപെടുന്നതിന് പ്രത്യേക പരിശീലനം നൽകേണ്ടതാണ്.

സാമൂഹ്യ രംഗത്ത് വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്കുള്ള പല പദ്ധതികളുടെയും ഉത്തരവാദിത്തം വഹിക്കുന്ന സോഷ്യൽ ജസ്റ്റിസ് വകുപ്പിന് നിലവിൽ ഒരു നിർവഹണ സംവിധാനമോ മുൻനിര പ്രവർത്തകരോ ഇല്ല. ആ പരിമിതിയെ മറികടക്കാൻ ആവശ്യമായ തരത്തിലുള്ള സംയോജിത ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ പ്രവർത്തനങ്ങളുടെ ഏകോപനം പ്രധാനമാണ്. നിലവിലുള്ള പദ്ധതികൾ, സ്കീമുകൾ എന്നിവ പരിശോധിച്ച്, അവയുടെ ലക്ഷ്യങ്ങൾക്കനുസരണമായി പുനഃക്രമീകരിക്കേണ്ടതുണ്ട്. പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് അത് പ്രധാനമാണ്.

## സഹായ കേന്ദ്രങ്ങൾ

എല്ലാ പഞ്ചായത്തിലും നഗരസഭകളിലും ഹെൽപ്പ് ഡെസ്കുകൾ, വിദൂര പ്രദേശങ്ങൾക്കുള്ള മൊബൈൽ യൂണിറ്റുകൾ, വൃദ്ധർ, വികലാംഗർ, കുടിയേറ്റക്കാർ, ഗോത്ര സമൂഹങ്ങൾ എന്നിവരിലേക്ക് എത്തിച്ചേരുന്ന സംവിധാനങ്ങൾ എന്നിവ ഉണ്ടാകേണ്ടതുണ്ട്. പൊതുനിരത്തുകളിലും മറ്റു പൊതുവിടങ്ങളിലും അലഞ്ഞുതിരിയുകയും, ഭിക്ഷ യാചിക്കുകയും, വെളിസ്ഥലങ്ങളിൽ അന്തിയുറങ്ങുകയും ചെയ്യുന്ന മനുഷ്യരെ ഇന്ത്യയിൽ എല്ലായിടത്തും വ്യാപകമായി കാണാവുന്നതാണ്. എന്നാൽ ദശാബ്ദങ്ങളിലൂടെ വികസിച്ചുവന്ന സ്ഥാപന സംവിധാനങ്ങളും സാമൂഹ്യ സംവിധാനങ്ങളും വഴി കേരളം വലിയ ഒരളവുവരെ ആ പ്രശ്നത്തെ മറികടന്നിട്ടുണ്ട്. ആ നേട്ടം നിലനിർത്തേണ്ടതുണ്ട്.

സംസ്ഥാനത്തെ ജനസംഖ്യാ കണക്കുകൾ സൂചിപ്പിക്കുന്നത് വയോജനങ്ങളുടെ ശതമാനത്തിലുള്ള വലിയ തോതിലുള്ള വർധനയാണല്ലോ. കേരളം നേടിയെടുത്തിട്ടുള്ള സാമൂഹ്യ പുരോഗതിയുടെ ഒരു സവിശേഷ ഫലമായിത്തന്നെ ഈ പ്രവണതയെ കാണുകയും അവർക്കുവേണ്ടിട്ടുള്ള സേവന പ്രവർത്തനങ്ങൾ ഊർജിതമാക്കുകയും ചെയ്യേണ്ടതുണ്ട്. വയോജനങ്ങളുടെ സംരക്ഷണവും മാന്യമായ സ്ഥാനവും പൊതുവിലും, അവരിൽ ഡിമെൻഷ്യ ബാധിതരുടെയും, ഇതര പരിമിതികൾ നേരിടുന്നവരുടെയും പരിചരണവും ഉറപ്പുവരുത്തേണ്ടതുണ്ട്. ദുർബ്ബല വിഭാഗങ്ങളിൽ പെട്ട കിടപ്പുരോഗികളുടെ പരിചരണം പ്രധാനപ്പെട്ട മറ്റൊരു വെല്ലുവിളിയാണ്.

അടുത്ത കാലത്തായി സംസ്ഥാനം നേരിടുന്ന ഒരു വെല്ലുവിളിയാണല്ലോ രാസ ലഹരിയുടെ ഉപയോഗവും വ്യാപനവും. ഇതിനെ നേരിടാൻ നിലവിലുള്ള സാമൂഹ്യ സംവിധാനങ്ങളും സ്ഥാപനങ്ങളും ഒരുമിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. ലഹരിയിലേക്കു വഴുതുന്ന കുട്ടികളെയും യുവജങ്ങളെയും അതിൽനിന്നു മോചിപ്പിച്ചു മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ കുടുംബശ്രീ അടക്കമുള്ള സാമൂഹ്യ സംവിധാനങ്ങൾക്ക് വലിയ സംഭാവന ചെയ്യാൻ കഴിയും.

അതിഥിതൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, സേവന വേതന വ്യവസ്ഥകൾ എന്നിവയും സഹായ കേന്ദ്രങ്ങളുടെ പരിധിയിൽ വരേണ്ടതാണ്. അതിഥി തൊഴിലാളികളുടെ പരാതികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കുന്നതിനും സംവിധാനം ഉണ്ടാകണം. അവരുടെ സുരക്ഷയും മാന്യമായ തൊഴിൽ അന്തരീക്ഷവും ഉറപ്പു വരുത്തുന്നതിന് സമൂഹത്തിൽ ബോധവൽക്കരണം ആവശ്യമാണ്.

## ജനങ്ങളുടെ പങ്കാളിത്തം

പൊതു സേവന ലഭ്യത സുതാര്യവും ഫലപ്രദവുമാക്കുന്നതിന് ജനങ്ങളുടെ പങ്കാളിത്തം നിർണായക

മാണ്. ആശയവിനിമയം, സോഷ്യൽ ഓഡിറ്റ്, പങ്കാളിത്ത ആസൂത്രണം, ഫീഡ്ബാക്ക് സംവിധാനങ്ങൾ എന്നിവയിലൂടെ പൗരന്മാർ സജീവമായി പങ്കെടുക്കുമ്പോൾ - സേവനങ്ങൾ യഥാർത്ഥ ആവശ്യങ്ങളുമായും പ്രാദേശിക മുൻഗണനകളുമായും കണ്ണിചേർക്കാനാകും.

ജനങ്ങളുടെ പങ്കാളിത്തം സേവന ലഭ്യതയെ ഒരു ടോപ്-ഡൗൺ അഡ്മിനിസ്ട്രേറ്റീവ് രീതിയിൽ നിന്ന്, ഭരണം ശക്തിപ്പെടുത്തുകയും, സേവന ലഭ്യത ആവശ്യപ്പെടുന്ന നിലയിൽ ഫലങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഒരു പങ്കാളിത്ത-പ്രക്രിയയിലേക്ക് മാറ്റുന്നു. കുടുംബശ്രീ സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയോജിച്ചുള്ള പ്രവർത്തനം ഈ രംഗത്ത് കേരളം രാജ്യത്തിന് നൽകിയ ഒരു മാതൃകയാണ്. ആ സംയോജനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

വയോജനങ്ങൾ, ട്രാൻസ്ജൻഡർ, ഭിന്നശേഷിക്കാർ, പട്ടികവർഗ്ഗ വിഭാഗങ്ങൾ, പട്ടികജാതി സെറ്റില്മെന്റുകളിലെ നിവാസികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ സവിശേഷപ്രശ്നങ്ങൾ പരിഗണിക്കുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും പ്രത്യേക ഇടപെടലുകൾ ആവശ്യമാണ്.

## പരാതി പരിഹാരം

കർശനമായ സമയപരിധികളും കാലതാമസത്തിനുള്ള നഷ്ടപരിഹാരവും ഉറപ്പാക്കുക. സേവന ലഭ്യത കാണിക്കുന്ന പൊതു ഡാഷ്ബോർഡുകൾ, ശക്തമായ ഡാറ്റ സംരക്ഷണം, അനുമതി സംവിധാനങ്ങൾ എന്നിവ ഒരുക്കുക.

ശക്തമായ പരാതി പരിഹാര സംവിധാനം താഴെപ്പറയുന്നവ ഉറപ്പാക്കുന്നു.

- പെട്ടെന്നുള്ള പരിഹാരം.
- നഷ്ടോത്തരവാദിത്തം.

നയങ്ങളിലും പരിപാടികളിലും മാറ്റങ്ങൾ ആവശ്യമുള്ള പ്രശ്നങ്ങളിലേക്ക് പരാതി പരിഹാര സംവിധാനം വെളിച്ചം വീശുകയും ചെയ്യുന്നു.

കാലതാമസത്തിന് പിഴ ചുമത്തുന്ന ശക്തമായ പുതിയ നിയമം വലിയ മാറ്റം കൊണ്ട് വരും. പൗരന്മാരുടെ വിവരങ്ങൾ സംരക്ഷിക്കുന്നതിനായി ശക്തമായ ഒരു ഡാറ്റാ ഗവേണൻസും സ്വകാര്യതാ നിയമവും, ഓൺലൈൻ സേവനങ്ങളിൽ നിന്ന് ആരെയും ഒഴിവാക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനുള്ള ഒരു ഡിജിറ്റൽ നയവും ആവശ്യമാണ്. ഡിജിറ്റൽ തെളിവുകളും സ്വയം പ്രഖ്യാപനങ്ങളും സ്വീകരിക്കുന്നത് നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുകയും ആവശ്യമില്ലാത്ത സന്ദർശനങ്ങൾ ഒഴിവാക്കുകയും ചെയ്യും. വ്യക്തമായ നിയമങ്ങളും പരിശീലനവും സുതാര്യമായ ഡാഷ്ബോർഡും സമയബന്ധിതമായ പരാതി പരിഹാര സംവിധാനവും പരാതികൾ വേഗത്തിലും നീതിയുക്തമായും പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കും.

മേൽ വിവരിച്ച സമീപനങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വകുപ്പും എടുത്ത് സേവന വിതരണം എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാം എന്നത് സംബന്ധിച്ച് പരിപാടി തയ്യാറേക്കേണ്ടതുണ്ട്. ചില പ്രധാന സേവന വകുപ്പുകളെക്കുറിച്ച് താഴെ വിവരിക്കുന്നു.

## ആരോഗ്യം

ആരോഗ്യരംഗത്ത് സേവന ലഭ്യത എന്നാൽ സമയബന്ധിതമായ സഹായം, ആശുപത്രികൾ തമ്മിൽ നല്ല ഏകോപനം, മരുന്നുകളുടെയും പരിശോധനകളുടെയും എളുപ്പത്തിലുള്ള ലഭ്യത എന്നിവ ഉൾക്കൊള്ളുന്നു. പൊതുജനാരോഗ്യത്തെ (പബ്ലിക് ഹെൽത്ത്) സവിശേഷമായി പരിഗണിക്കുന്ന മാതൃകയാണ് പരമ്പരാഗതമായി കേരളം തുടർന്നുപോന്നിട്ടുള്ളത്. അത് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

രോഗ ശുശ്രൂഷാ രംഗത്ത് സർക്കാർ മേഖലയോടൊപ്പം സ്വകാര്യ-സഹകരണ മേഖലകളും സംസ്ഥാനത്തു സജീവമാണ്. എന്നാൽ പൊതുജനാരോഗ്യ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടക്കമുള്ള സർക്കാർ സംവിധാനങ്ങൾ തന്നെ ശ്രദ്ധ നിലനിർത്തിയെ മതിയാകൂ. ശുചിത്വം, കൊതുകുനിർമാർജനം, ശുദ്ധമായ കുടിവെള്ള ലഭ്യത, സാനിറ്റേഷൻ എന്നിവയെല്ലാം ശക്തമായ പൊതുജനാരോഗ്യ സംവിധാനത്തിന്റെ ഭാഗമാണ്.

സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വികാസത്തിലെ പരിമിതി എന്നിവ അനുഭവിക്കുന്നവർക്ക് പൊതുവിലും, അതിൽത്തന്നെ ഒന്നിലേറെ പ്രശ്നങ്ങൾ ഒരുമിച്ചു അനുഭവിക്കുകയും ചെയ്യുന്നവർ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്കുള്ള ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ പൊതുജനാരോഗ്യത്തിനൊപ്പം പ്രാധാന്യം നൽകി പരിഗണിക്കേണ്ടതാണ്.

റീഹാബിലിറ്റേഷൻ വർക്കേഴ്സ് എന്ന ഒരു തൊഴിൽ വിഭാഗം ഇന്ന് കേരളത്തിലുണ്ട്; പാലിയേറ്റീവ് കെയർ, ഡൊമസ്റ്റിക് നഴ്സിംഗ് കെയർ എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരാണ് അവർ. ഈ വിഭാഗത്തിന്റെ പ്രാധാന്യം തിരിച്ചറിയപ്പെടുകയും അവർക്കു ശാസ്ത്രീയമായ പരിശീലനം നൽകി മാന്യമായ തൊഴിൽ അന്തരീക്ഷവും വേതനവും ഉറപ്പുവരുത്തേണ്ടതുണ്ട്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസം രംഗത്ത് ഗുണനിലവാരമുള്ള സ്കൂളുകൾ, സുരക്ഷിതമായ ക്ലാസ് മുറികൾ, സമയബന്ധിതമായി ലഭ്യമാകുന്ന പാഠപുസ്തകങ്ങൾ, ഉച്ചഭക്ഷണം, പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പിൻതുണ എന്നിവ ആവശ്യമാണ്. അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം, വിവേചനം ഇല്ലാതാക്കുകയും സേവനങ്ങൾ വിദൂര പ്രദേശങ്ങളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

കുടുംബശ്രീയുടെ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന ബഡ്സ് സ്കൂളുകൾ, പതിനെട്ട് വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് വേണ്ടിയുള്ള ബഡ്സ് റീഹാബിലിറ്റേഷൻ

സെന്ററുകൾ എന്നിവ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഗ്രാമ പഞ്ചായത്തുകളിലും സ്ഥാപിക്കണം.

### പോലീസ്, റവന്യൂ, ജി.എസ്.ടി. രജിസ്ട്രേഷൻ, സിവിൽ സപ്ലൈസ്, മോട്ടോർ വാഹന വകുപ്പ്

സേവന ലഭ്യത, ക്രമസമാധാനം, നിയമവാഴ്ച എന്നിവ ഉറപ്പാക്കുന്നതിനൊപ്പം സമയബന്ധിതമായ പൊതു സേവനങ്ങൾ നൽകുന്നതിലും നിർണായക പങ്ക് ഈ റെഗുലേറ്ററിവകുപ്പുകൾ നിർവ്വഹിക്കുന്നു. പൊതു സുരക്ഷ നിലനിർത്തൽ, സർട്ടിഫിക്കറ്റുകൾ നൽകൽ, വാഹന ലൈസൻസിംഗ്, ഭൂമി രേഖകൾ കൈകാര്യം ചെയ്യൽ, സ്വത്ത് രജിസ്ട്രേഷൻ എന്നിവ വരെയുള്ള നിർവ്വഹണവും പൗരൻമാരുടെ സേവന പ്രവർത്തനങ്ങളിലും ഈ വകുപ്പുകൾ ഏർപ്പെടുന്നു.

ഇ-ഗവേണൻസിലൂടെയുള്ള ആധുനികവൽക്കരണം (ഇ-രജിസ്ട്രേഷൻ, ഓൺലൈൻ വാഹന സേവനങ്ങൾ, ഡിജിറ്റൽ ഭൂമി രേഖകൾ, കുറ്റകൃത്യങ്ങൾ, ട്രാഫിക് മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ പോലുള്ളവ) പൗരന്മാരുടെ സൗകര്യം മെച്ചപ്പെടുത്തുന്നു; കാലതാമസം കുറയ്ക്കുന്നു; അഴിമതി തടയുന്നു. കൃഷി, മൃഗ സംരക്ഷണം, ഫിഷറീസ്, വ്യവസായം, അടിസ്ഥാന സൗകര്യങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രൊഫഷണൽ പിൻതുണയും ശേഷി വികസനവും, സാർവ്വദേശീയ അനുഭവങ്ങളുടെ പങ്ക് വയ്ക്കലും അനിവാര്യമാണ്. വിവരശേഖരണവും ആഡിറ്റും, പെർഫോമൻസും സമയബന്ധിതമായി പരിശോധിക്കപ്പെട്ടാലെ മികച്ച ഭരണസംവിധാനം രൂപപ്പെടുത്താനാകൂ. ഇവിടെ പരാതിയുണ്ടായാൽ സമയബന്ധിതമായി പരിഹരിക്കുന്ന സംവിധാനം ഉണ്ടാകണം.

### സ്ഥാപനപരമായ ഉത്തരവാദിത്തങ്ങൾ

സുഗമവും ഫലപ്രദവുമായ പൊതുസേവന ലഭ്യത ഉറപ്പാക്കുന്നതിൽ വ്യത്യസ്ത സ്ഥാപനങ്ങൾ പ്രത്യേക പങ്ക് വഹിക്കുന്നു. കേരളസംസ്ഥാനത്തിന്റെ കാബിനറ്റ് മൊത്തത്തിലുള്ള നയനിർദ്ദേശങ്ങളും മുൻഗണനകളും നിർണ്ണയിക്കും. ഗവൺമെന്റ് വകുപ്പുകളിലൂടെ ജനങ്ങൾക്ക് നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഐടി മിഷൻ, ഐ.കെ.എം. മുതലായവ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ സൃഷ്ടിച്ച് പിന്തുണ കൊടുക്കുന്നു. ഐ.എം.ജി, കില തുടങ്ങിയ പരിശീലന സ്ഥാപനങ്ങളുടെ ശൃംഖല-സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥരുടെ കഴിവുകൾ വളർത്തിയെടുക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ സഹായിക്കുന്നു. നിരീക്ഷണത്തിലൂടെയും ഫീഡ്ബാക്കിലൂടെയും സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ സിസ്റ്റത്തെ ശക്തിപ്പെടുത്തുന്നു. പൗരന്മാരുടെ വ്യക്തിഗത വിവരങ്ങൾ സുരക്ഷിതമായും ഉത്തരവാദിത്തത്തോടെയും കൈകാര്യം ചെയ്യുന്നുവെന്ന് ഡാറ്റാ പ്രൊട്ടക്ഷൻ അതോറിറ്റികൾ ഉറപ്പാക്കുന്നു.

ജനപക്ഷ സേവന ലഭ്യത എന്നത് ഡിജിറ്റൽ സേവനത്തിലേക്ക് മാറുക മാത്രമല്ല. അന്തസ്സ്, നീതി, സഹാനുഭൂതി, ഉറപ്പായ അവകാശങ്ങൾ എന്നിവ ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ശക്തമായ വികേന്ദ്രീകൃത സംവിധാനവും കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകളും ഉപയോഗിച്ച്, കേരളത്തിന് ഇന്ത്യയെ സമഗ്രവും ആധുനികവും വിശ്വസനീയവുമായ പൊതു സേവനങ്ങളിൽ നയിക്കാൻ കഴിയും.

# 18

# മാധ്യമരംഗം: തകരുന്ന വിശ്വാസ്യത തളരുന്ന ജനാധിപത്യം

മാധ്യമസ്വാതന്ത്ര്യം ജനാധിപത്യത്തിൻറെ അവിഭാജ്യ ഘടകമാണ്. പൗരർക്ക് രാഷ്ട്രവ്യവഹാരത്തെക്കുറിച്ച് അഭിപ്രായം പറയാനുള്ള പൂർണസ്വാതന്ത്ര്യം ഇല്ലെങ്കിൽ പിന്നെ ജനാധിപത്യം ഇല്ല. "Freedom of the press is a precious privilege that no country can forego." എന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. ഇന്ത്യയെ ഒരു ആധുനിക രാഷ്ട്രത്തിലേക്കും നമ്മുടെ ഭരണഘടനാനിർമാണത്തിലേക്കും നയിച്ച നമ്മുടെ ദേശീയ സ്വാതന്ത്ര്യസമരത്തിൻറെ മുദ്രാവാക്യവും ഇതുതന്നെയായിരുന്നു. ഇന്ത്യയിലെ മാധ്യമ സ്വാതന്ത്ര്യം ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(a) പ്രകാരം ഔദ്യോഗികമായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട് (സംസാര സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വതന്ത്ര്യത്തിനുമുള്ള അവകാശത്തിന്റെ ഭാഗമായി), എന്നാൽ ഇന്ത്യൻ ഭരണകൂടം എന്നും ഈ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്ന ബ്രിട്ടീഷ് പാരമ്പര്യം പിന്തുടർന്നു. കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലത്തെ നിയോ ഫാഷിസ്റ്റ് ഭരണകൂടം മാധ്യമസ്വാതന്ത്ര്യം ഇന്ത്യയിൽ ഒരു സങ്കല്പം മാത്രമാക്കി.

പത്രസ്വാതന്ത്ര്യത്തിനുമേൽ ബിജെപി സർക്കാരിന്റെ പ്രത്യക്ഷ ഇടപെടലുകൾ മാത്രമല്ല ഇത്തരമൊരു സ്ഥിതിവിശേഷം സൃഷ്ടിച്ചത്. മാധ്യമങ്ങളുടെ ഉടമസ്ഥതയിലും മാധ്യമ ഘടനയിലും സാങ്കേതികവിദ്യയിലും ദ്രുതഗതിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും പരമ്പരാഗത ധാരണകളെ അടിമുടി മാറ്റിക്കൊണ്ടിരിക്കുകയാണ്. മാറ്റങ്ങളുടെ ചുഴലിക്കൊടുങ്കാറ്റുകൾക്കിടയിൽപ്പെട്ട് ഇനിയെന്ത് എന്നതിൽ ആർക്കും വ്യക്തതയില്ലാത്ത ഒരു അന്തരാളഘട്ടത്തിലാണ് മാധ്യമങ്ങൾ. ലോകത്തെ എല്ലാ വ്യവഹാരങ്ങളും കഴിഞ്ഞ കാൽ നൂറ്റാണ്ടിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. പക്ഷേ, മാധ്യമങ്ങൾ പോലെ കീഴ്മേൽ മറിക്കപ്പെട്ട രംഗം ഇല്ല.

കേരളം പോലെ മാധ്യമവ്യാപനം സമ്പൂർണമായ ഒരു സമൂഹത്തിൽ ഈ മാറ്റം എന്തു ചലനം സൃഷ്ടിക്കും എന്നത് നാം ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു. കേരള രാഷ്ട്രീയത്തെയും സംസ്കാരത്തെയും വികസനത്തെയും പ്രതികൂലമായി ബാധിക്കുന്ന മാറ്റങ്ങളാണ് മാധ്യമ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

## I
## ആഗോള മാധ്യമ വ്യവസായം

### കുത്തകവൽക്കരണം

ലോകമെമ്പാടുമുള്ള മാധ്യമങ്ങളുടെ നിയന്ത്രണം ന്യൂയോർക്ക് ആസ്ഥാനമായുള്ള ഏതാനും ചില കോർപ്പറേറ്റ് ഭീമന്മാരുടെ കൈകളിലാണിന്ന്. മാധ്യമങ്ങളിൽ എന്തു കാണണം, കേൾക്കണം, വായിക്കണം എന്ന് തീരുമാനിക്കുന്നതിൽ പൊതുജനങ്ങൾക്ക് യാതൊരു പങ്കുമില്ലാത്ത ഒരവസ്ഥയിലേക്ക് നയിക്കുന്നു. 1980-കളിൽ യു.എസിൽ 50ൽ അധികം കമ്പനികൾ മാധ്യമങ്ങളെ നിയന്ത്രിച്ചിരുന്ന സ്ഥാനത്ത്, ഇന്ന് ലോകമെമ്പാടുമുള്ള മാധ്യമങ്ങളുടെ (വാർത്ത, സിനിമ, സംഗീതം, പ്രസിദ്ധീകരണം, ഇന്റർനെറ്റ്) ഭൂരിഭാഗവും അഞ്ചു വൻകിട കമ്പനികളുടെ കൈകളിലാണ്.

താഴെപ്പറയുന്നവയാണ് ഈ "അഞ്ചു ഭീമൻ കമ്പനികൾ" (The "Big Five" Media Conglomerates).

1. കംകാസ്റ്റ് (Comcast) (NBC Universal (NBC TV, CNBC, MSNBC), Universal Pictures, സ്കൈ),
2. വാൾട്ട് ഡിസ്നി കമ്പനി - ABC, ESPN, ഹുലു (Hulu), ഫോക്സ് (Fox) എന്റർടൈൻമെന്റ് ആസ്തികൾ, പിക്സാർ, മാർവൽ,
3. വാർണർ ബ്രോസ്. ഡിസ്കവറി (CNN, HBO, ഡിസ്കവറി ചാനൽ, വാർണർ ബ്രോസ്. സ്റ്റുഡിയോസ്),
4. പാരമൗണ്ട് ഗ്ലോബൽ (CBS, MTV, കോമഡി സെൻട്രൽ, പാരമൗണ്ട് പിക്ചേഴ്സ്, സൈമൺ & ഷൂസ്റ്റർ),
5. ന്യൂസ് കോർപ്പ് / ഫോക്സ് കോർപ്പറേഷൻ (ഫോക്സ് ന്യൂസ്, ദി വാൾ സ്ട്രീറ്റ് ജേണൽ, ന്യൂയോർക്ക് പോസ്റ്റ്).

ലോക മാധ്യമങ്ങളുടെ മുക്കാൽ ഭാഗവും ഈ കമ്പനികൾ നിയന്ത്രിക്കുന്നു. ഏതാനും ചിലർ മാത്രം വാർത്തകൾ തീരുമാനിക്കുമ്പോൾ, സമൂഹത്തിൽ നിന്നുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകൾ, ശബ്ദങ്ങൾ, ന്യൂനപക്ഷ താൽപ്പര്യങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം ലഭിക്കാതെ വരുന്നു. റുപേർട് മർഡോക് എന്ന മാധ്യമ ചക്രവർത്തി

ക്ക് അമേരിക്ക എല്ലാ നിയമങ്ങളും ലംഘിച്ചു കൊണ്ട് നൽകിയ അനുമതിയിലൂടെ 150 പത്രങ്ങൾ മർഡോക്ക് വിലക്ക് വാങ്ങി. ഈ 150 പത്രങ്ങളും അമേരിക്കയുടെ ഇറാൻ ആക്രമണത്തെ പിന്തുണച്ചു.

കോർപ്പറേറ്റുകളുടെ പ്രാഥമിക ലക്ഷ്യം ലാഭം ഉണ്ടാക്കുക എന്നതാണ്. അതിനാൽ, പൊതുതാൽപര്യമുള്ള, എന്നാൽ ചെലവേറിയതോ, ഉടമസ്ഥർക്ക് താൽപര്യമില്ലാത്തതോ ആയ ഇൻവെസ്റ്റിഗേറ്റീവ് ജേണലിസം (അന്വേഷണാത്മക പത്രപ്രവർത്തനം) തുടങ്ങിയവ കുറയുന്നു. ഈ കമ്പനികളുടെ ഉടമകൾക്ക് ശക്തമായ രാഷ്ട്രീയ ബന്ധങ്ങളോ അല്ലെങ്കിൽ സ്വന്തമായി രാഷ്ട്രീയ താൽപര്യങ്ങളോ ഉണ്ടാകാം. ഇത് അവരുടെ എഡിറ്റോറിയൽ പോളിസിയെ സ്വാധീനിക്കുകയും, ഒരു പ്രത്യേക രാഷ്ട്രീയ നിലപാടിന് അനുകൂലമായി വാർത്തകൾ നൽകുകയും ചെയ്യാൻ കാരണമാകുന്നു. മാധ്യമസ്ഥാപനങ്ങളുടെ ഉടമകളുടെ മറ്റ് ബിസിനസ് താൽപ്പര്യങ്ങൾക്കോ, പരസ്യദാതാക്കളുടെ താൽപ്പര്യങ്ങൾക്കോ എതിരായ വാർത്തകൾ റിപ്പോർട്ട് ചെയ്യാതിരിക്കാൻ എഡിറ്റർമാർ നിർബന്ധിതരാകുന്നു.

യുണൈറ്റഡ് കിംഗ്ഡം ആസ്ഥാനമായുള്ള, മാധ്യമരംഗത്തെ പൊതുസ്ഥാപനമായ ബിബിസി പോലുള്ള സ്ഥാപനങ്ങൾ നിഷ്പക്ഷത അവകാശപ്പെടുമ്പോഴും അവ പാശ്ചാത്യതാല്പര്യങ്ങൾക്ക് അനുഗുണമായി മാത്രമാണ് വാർത്തകൾ അവതരിപ്പിക്കുന്നത് എന്നത് വ്യക്തമാണ്. ഇസ്രായേൽ ഗാസയിൽ നടത്തിയ വംശഹത്യയെക്കുറിച്ചുള്ള റിപ്പോർട്ടിങ്ങിൽ ഇത് വളരെ വ്യക്തമായിരുന്നു. റഷ്യ-യുക്രെയ്ൻ യുദ്ധം, ഇറാഖ് യുദ്ധം തുടങ്ങിയ ആഗോള സംഘർഷങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ, ബിബിസി പാശ്ചാത്യ രാജ്യങ്ങളുടെ നിലപാടുകൾക്ക് അമിത പ്രാധാന്യം നൽകുന്നു. മറുപക്ഷത്തിന്റെ കാഴ്ചപ്പാടുകൾക്കോ അല്ലെങ്കിൽ പാശ്ചാത്യ നയങ്ങളെ വിമർശിക്കുന്ന റിപ്പോർട്ടുകൾക്കോ പ്രകാശനം നല്കുന്നുമില്ല. ചൈന, ഇറാൻ, ക്യൂബ തുടങ്ങിയ രാജ്യങ്ങളിലെ മനുഷ്യാവകാശ പ്രശ്നങ്ങൾക്ക് ബിബിസി നൽകുന്ന പ്രാധാന്യം, ബർമ, സൗദി അറേബ്യ, ഹോണ്ടുറാസ്, പോലുള്ള പാശ്ചാത്യ സഖ്യകക്ഷികളിലെ സമാന പ്രശ്നങ്ങൾക്ക് നൽകില്ല. ബിബിസി പോലുള്ളവയുടെ റിപ്പോർട്ടിങ് പാശ്ചാത്യ കേന്ദ്രീകൃതമാണ്. ഏഷ്യൻ, ആഫ്രിക്കൻ, തെക്കേ അമേരിക്കൻ വാർത്തകൾ അവർ കാണുന്നേ ഇല്ല.

ബിബിസിക്ക് ബദലായി ഖത്തർ ആസ്ഥാനമായ അൽ ജസീറയും പലസ്തീൻ വിഷയത്തിൽ ഒഴികെ ബാക്കി എല്ലാത്തിലും അമേരിക്കൻ പക്ഷപാത നിലപാട് എടുക്കുന്നു എന്നതാണ് സ്ഥിതിവിശേഷം.

## II
## ഇന്ത്യയിലെ മാധ്യമങ്ങളുടെ കോർപ്പറേറ്റുവൽക്കരണം

### ഇന്ത്യൻ മാധ്യമവിപണി

ഇന്ത്യയിൽ 140000 വർത്തമാനപത്രങ്ങളും പ്രസിദ്ധീകരണങ്ങളും 900 ടിവി ചാനലുകളും 350 വാർത്താചാനലുകളും 850 എഫ്എം റേഡിയോകളും ആണുള്ളത്. 820 കോടി ഇന്റർനെറ്റ് ഉപയോക്താക്കൾ ഉണ്ടെന്നാണ് കാണാക്കപ്പെടുന്നത്. മൂല്യം കണക്കാക്കുമ്പോൾ ലോകത്തെ അഞ്ചാമത്തെ ഏറ്റവും വലിയ മാധ്യമവിപണി ഇന്ത്യയാണ്.

1991ൽ നരസിംഹ റാവുവിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ പുത്തൻ സാമ്പത്തിക നയം പ്രഖ്യാപിച്ചതോടെ ആഗോളവത്കരണം മാധ്യമമേഖലയിലും വൻചലനങ്ങൾ സൃഷ്ടിച്ചു. ആഗോളവത്കരണ ഉദാരവത്കരണ നയങ്ങൾ വിജയിപ്പിക്കുന്നതിന് ആഗോളമാധ്യമം അനിവാര്യമായിരുന്നു. ഇന്ത്യ വിദേശ മാധ്യമമുതലാളിമാരുടെ പ്രിയപ്പെട്ട അരങ്ങായി. സർക്കാർ ഉടമസ്ഥതയിലുള്ള ദൂരദർശന് 1990-കൾ വലിയ വെല്ലുവിളി ഉയർത്തി. ഉപഗ്രഹ സാങ്കേതിക വിദ്യയിലൂടെ സി.എൻ.എൻ ഗൾഫ് യുദ്ധം തത്സമയം സംപ്രേഷണം ചെയ്ത് ഇന്ത്യൻ കാഴ്ചക്കാർക്ക് പുതിയ ലോകം തുറന്നുകൊടുത്തു.

1992-ൽ ഹോങ്കോങ്ങ് ആസ്ഥാനമാക്കിയ സ്റ്റാർ ടെലിവിഷന്റെ പരിപാടികൾ ഏഷ്യാസാറ്റ് ഉപഗ്രഹം വഴി സംപ്രേഷണം തുടങ്ങി. തുടർന്ന് സ്റ്റാർ പ്ലസ്, പ്രൈം സ്പോർട്സ്, ബി.ബി.സി., എം.ടി.വി. (ഇപ്പോൾ വി ചാനൽ) എന്നിവ 24 മണിക്കൂർ സംപ്രേക്ഷണത്തിലൂടെ ഇന്ത്യൻ സ്വീകരണ മുറികളിലേസ്ഥിരം സാന്നിധ്യമായി. ഇന്ത്യൻകുടുംബങ്ങളുടെ മുഖ്യവിനോദ വിജ്ഞാ ഉപാധിയായി ടിവി മാറാൻ ഏറെ കാലതാമസമുണ്ടായില്ല. പുതിയ കാഴ്ചാനുഭവം നിഷ്കളങ്കമോ നിരുപദ്രവമോ ആയിരുന്നില്ല. വിപണി കേന്ദ്രീകൃതമായ ഉപഭോഗസംസ്കാരത്തിന്റെ ഇരകളായി മാറിയതോടെ ഇന്ത്യൻ മുതലാളിത്തം അതിന്റെ ദംഷ്ട്രകൾ പുറത്തെടുത്തു.

മാധ്യമസാന്ദ്രത നാൾക്കുനാൾ വർധിച്ചു വരുന്നതിനൊപ്പം ഈ മേഖലയിലെ കുത്തകവത്കരണവും ശക്തമായി.

### കോർപ്പറേറ്റ് ഉടമസ്ഥത

കഴിഞ്ഞ 35 വർഷത്തിനിടയിൽ മാധ്യമങ്ങളുടെ ഉടമസ്ഥത വൻകിട വ്യവസായികളുടെ കയ്യിലേക്ക് എത്തിച്ചേർന്നു. കുത്തക വ്യവസായസ്ഥാപനങ്ങൾ മാധ്യമസ്ഥാപനങ്ങൾ വാങ്ങിക്കൂട്ടി. മാധ്യമങ്ങളുടെ എണ്ണം പെരുകുമ്പോഴും മാധ്യമ ഉടമകൾ ഏതാനും ചിലർ മാത്രമായി ചുരുങ്ങിക്കൊണ്ടിരുന്നു. മാധ്യമബഹുസ്വരതക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന തരത്തിൽ ഉടമസ്ഥതയുടെ കുത്തകവത്ക്കരണം കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഇന്ത്യയിൽ കൂടുതൽ രൂക്ഷമായതായി കണക്കുകൾ വ്യക്തമാക്കുന്നു. മാത്രമല്ല,രാഷ്ട്രീ

യസ്വാധീനമുള്ള വ്യക്തികളും അവർ നിയന്ത്രിക്കുന്ന കുത്തക സ്ഥാപനങ്ങളും അമിതാവേശത്തോടെ മാധ്യമമേഖലയിൽ നിക്ഷേപം നടത്തുന്നു. ഇന്ത്യയുടെ സാംസ്കാരികവൈവിധ്യവും ബഹുസ്വരതയും ഏകശിലാത്മകമായി മാറ്റുന്നതിന് സംഘപരിവാർ ഉൾപ്പടെയുള്ള വർഗീയ ശക്തികൾ ശ്രമിക്കുമ്പോൾ അതിന് പിന്തുണയും സഹായവും ചെയ്യുന്നത് കുത്തകമാധ്യമങ്ങളാണ്.

ഇന്ത്യയിലെ ഏറ്റവും പ്രമുഖ കുത്തകയായ റിലയൻസ് ഇൻഡസ്ട്രീസ് ആൻഡ് നെറ്റ്വർക്ക് 18 ഗ്രൂപ്പ്, സീ മീഡിയ ആൻഡ് എസ്സെൽ ഗ്രൂപ്പ്, ദി ടൈംസ് ഗ്രൂപ്പ്, ന്യൂസ് ബ്രോഡ്കാസ്റ്റിംഗ് ആൻഡ് കേബിൾ ടെലിവിഷൻ നെറ്റ് വർക്ക്, ബെന്നെറ്റ് കോൾമാൻ ആൻഡ് കമ്പനി എന്നീ അഞ്ചു വ്യവസായ സ്ഥാപനങ്ങൾ ബഹുഭൂരിപക്ഷം മാധ്യമങ്ങളുടെയും ഉടമസ്ഥത കൈക്കലാക്കിയിട്ടുണ്ട്.

2019-ൽ റിലയൻസ് ചെയർമാൻ മുകേഷ് അംബാനി കമ്പനിയുടെ 42 ആം വാർഷിക പൊതുയോഗത്തിൽ അവകാശപ്പെട്ടത് 72 ടിവി ചാനലുകൾ റിലയൻസ് ഇൻഡസ്ട്രീസ് സ്വന്തമാക്കിയെന്നാണ്. ടിവി കാഴ ചക്കാരിൽ 95% റിലയൻസിന്റെ ചാനലുകൾ ആണ് കാണുന്നതെന്നർത്ഥം.

മീഡിയ ഓണർഷിപ്പ് മോണിറ്റർ (MOM) ന്റെ പഠന പ്രകാരം ദൈനിക് ജാഗരൺ, ഹിന്ദുസ്ഥാൻ, അമർ ഉജാല, ദൈനിക് ഭാസ്കർ എന്നീ നാല് ഹിന്ദി പത്രങ്ങളുടെ വായനക്കാർ ആകെയുള്ള ഹിന്ദിവായനക്കാരുടെ 75% ആണ്. പ്രാദേശികഭാഷകളിലും ഏറ്റവും കൂടുതൽ വരിക്കാരുള്ള ആദ്യ രണ്ടു പത്രങ്ങൾ മറ്റു പത്രങ്ങളേക്കാൾ വായനക്കാരുടെ എണ്ണത്തിൽ വളരെ മുന്നിലാണ്.

മാത്രമല്ല പത്രം, ടീവി ചാനൽ, പുസ്തക പ്രസാധനം, മ്യൂസിക് വീഡിയോ നിർമാണം, ഓൺലൈൻ ന്യൂസ് പോർട്ടൽ തുടങ്ങി ഒരേ ഉടമസ്ഥതയിൽ വ്യത്യസ്ത മാധ്യമസ്ഥാപനങ്ങൾ പ്രവർത്തിക്കുമ്പോൾ ലാഭം മാത്രമല്ല, പ്രചരണശേഷിയും ഉയരുന്നു. സ്വന്തം താത്പര്യങ്ങൾ തുടർച്ചയായി പൊതുബോധത്തിലേക്ക് കടത്തിവിടാൻ ഈ ബിസിനസ്സ് രീതിയിലൂടെ സാധ്യമാകുന്നു.

### ദുർബലമായ ചട്ടങ്ങളും നിയമങ്ങളും

ആർക്കാണ് ഉടമസ്ഥത? എന്ന ചോദ്യം ആര് നിയന്ത്രിക്കുന്നു? ആരുടെ താത്പര്യം സംരക്ഷിക്കപ്പെടുന്നു? എന്നീ ചോദ്യങ്ങളിലേക്ക് എത്തും എന്നതിനാൽ ഉടസ്ഥതയുടെ കുത്തകവത്കരണത്തെ കുറിച്ച് 1954-ലെ ആദ്യ പ്രസ് കമ്മീഷനും 1982-ലെ രണ്ടാം പ്രസ് കമ്മീഷനും ആശങ്ക പ്രകടിപ്പിച്ചിരുന്നു.

എന്നാൽ ഇത് നിയന്ത്രിക്കുന്നതിനാവശ്യമായ നിയമമോ ചട്ടങ്ങളോ ഇന്ത്യയിലില്ല. ഉടമസ്ഥത സംബന്ധിച്ചും കാഴ്ചക്കാരുടെയും വായനക്കാരുടെയും വിവരങ്ങൾ സംബന്ധിച്ചും സുതാര്യത ഇന്ത്യയിൽ കാണാനാവില്ല. ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിൽ (BARC) നിലവിലുണ്ടെങ്കിലും വ്യവസായികളുടെ താത്പര്യമാണ് ഈ സ്ഥാപനം കാത്തു സൂക്ഷിക്കുന്നത്. പല വിവരങ്ങളും വിവരാകാശ നിയമപ്രകാരം പോലും ലഭ്യമല്ലാത്ത സ്ഥിതിയാണ്. ന്യൂസ് ബ്രോഡ്കാസ്റ്റ് അസോസിയേഷൻ,ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് ഫൗണ്ടേഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്കാകട്ടെ വിപണിയെ നിയന്ത്രിക്കാനുള്ള അവകാശവും ഇല്ല.

മാധ്യമ ഉടമസ്ഥത സംബന്ധിച്ച് ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ യുടെ 2022 ലെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: "ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമത്തിന്റെ അടിസ്ഥാനമാണ് മാധ്യമ വൈവിധ്യം (Media Pluralism). മാധ്യമ വൈവിധ്യമെന്ന ആശയം ഒരു രാജ്യത്തിന്റെ ശക്തവും ആരോഗ്യകരവുമായ ജനാധിപത്യത്തിന് കാവലാളായി വർത്തിക്കുന്നു. മാധ്യമ വൈവിധ്യം മാധ്യമ ഉടമസ്ഥതയുടെ കേന്ദ്രീകരണ പ്രവണതയ്ക്ക് വിപരീതമാണ്.

മാധ്യമ ഉടമസ്ഥതയുടെ കേന്ദ്രീകരണം ഇന്ത്യയുടെ ഭരണഘടനയിലെ ആർട്ടിക്കിൾ 19(1)(a) പ്രകാരം ഉറപ്പുനൽകുന്ന 'ആവിഷ്കാരസ്വാതന്ത്ര്യവും അഭിപ്രായപ്രകടന സ്വാതന്ത്ര്യവും' പരിമിതപ്പെടുത്താൻ ഇടയാക്കും. ജനാധിപത്യത്തിന്റെ അടിസ്ഥാനം സജീവ പൗരസമൂഹമാണെന്നതാണ് പ്രധാനം; അതിനാൽ പൊതുചർച്ചകളിൽ വൈവിധ്യമാർന്ന ശബ്ദങ്ങളും കാഴ്ചപ്പാടുകളും ഉണ്ടായിരിക്കണം. മാധ്യമ ഉടമസ്ഥതയുടെ കേന്ദ്രീകരണം നാലാം തൂണിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു."

ഇങ്ങനെ എഴുതിവെക്കുന്നതല്ലാതെ ഇക്കാര്യത്തിൽ യാതൊരു നടപടികളും ഉണ്ടാകുന്നില്ല. മാത്രമല്ല, മാധ്യമ ഉടമസ്ഥത പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാരിനുള്ളത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അടുത്തബന്ധം പുലർത്തുന്ന ഗൗതം അദാനി 2022 ഡിസംബറിൽ നടത്തിയ ഞെട്ടിക്കുന്ന അട്ടിമറിയായിരുന്നു എൻഡിടിവി 27.26 % അധിക ഷെയർ കൈക്കലാക്കി ഉടമസ്ഥാവകാശം പിടിച്ചെടുത്തത്. 2023 ൽ ഇതേ മാതൃകയിൽ അദാനിയുടെ എഎംജി മീഡിയ കമ്പനി ദ ക്വിന്റ് എന്ന സ്വതന്ത്രവും ധീരവുമായ മാധ്യമത്തെ കൈവശപ്പെടുത്തുവാനായി ക്വിന്റിലിയോൺ ബിസിനസ്സ് മീഡിയ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഭൂരിഭാഗം ഷെയറുകളും വാങ്ങിയെടുത്തു. കേന്ദ്ര സർക്കാരിന്റെ കണ്ണിലെ കരടായിരുന്നു ക്വിന്റ് എന്നതും ശ്രദ്ധേയമാണ്.

### ഉടമസ്ഥതയും ഉള്ളടക്കവും

ഇന്ത്യൻ കുത്തക ഭീമന്മാർ മാധ്യമവ്യവസായത്തിൽ അമിതാവേശത്തോടെ മൂലധനം നിക്ഷേപിക്കുന്നത് കൃത്യമായ ഉദ്ദേശലക്ഷ്യത്തോടെയാണ്. ഭരണാധികാരവർഗത്തോട് അടുത്ത സമ്പർക്കം പുലർത്തുന്നതിനൊപ്പം മാധ്യമങ്ങളുടെ നിയന്ത്രണം കൈവശപ്പെടുത്തുക എന്നത് അവരുടെ നിക്ഷിപ്തതാത്പര്യങ്ങൾ സംരക്ഷിക്കുവാൻ അനിവാര്യമാണ്. ചങ്ങാത്തമുതലാളിത്തം നിലനിൽക്കാൻ മാധ്യമങ്ങളുടെ സഹായംകൂടി ആവശ്യമാണ്. കുത്തകമുതലാളിമാരെ

സഹായിക്കുന്ന ജനവിരുദ്ധവും തൊഴിലാളിവിരുദ്ധവുമായ കേന്ദ്രസർക്കാർ നയങ്ങളുടെ പ്രത്യാഘാതം പൊതുസമൂഹത്തിൽ നിന്നും മറച്ചു വെക്കേണ്ടതുണ്ട്. അനിൽ അംബാനിയുടെ സ്വിസ് ബാങ്ക് കേസും ഗൗതം അദാനിയുടെ മിസൈൽ തട്ടിപ്പ് കേസും മറ്റും തേഞ്ഞു മാഞ്ഞുപോയ വഴികൾ ആരും അറിഞ്ഞിട്ടില്ല. ഹിൻഡൻബെർഗ് റിപ്പോർട്ടിൽ തുറന്നുകാട്ടിയ തട്ടിപ്പുകൾക്കൊന്നും വിശ്വസനീയമായ ന്യായീകരണങ്ങൾ ഗൗതം അദാനിക്ക് നല്കാൻ കഴിഞ്ഞില്ല, എന്നാൽ വാർത്തകൾ പൊതുസമൂഹത്തിൽ നിന്നും മറച്ചു വക്കാൻ കഴിഞ്ഞത് മാധ്യമങ്ങൾക്ക് മേലുള്ള ഇവരുടെ പൂർണ നിയന്ത്രണംമൂലമാണ്.

നിലനിൽക്കുന്ന ചൂഷണാധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥയെ വിമർശിക്കുവാനോ ചോദ്യം ചെയ്യുവാനോ ബഹുജനത്തെ പ്രാപ്തമാക്കുക എന്ന ലക്ഷ്യം കുത്തക മാധ്യമങ്ങൾക്കില്ല. നോം ചോംസ്കി പറഞ്ഞിട്ടുള്ളതുപോലെ 'സമ്മതിയുടെ നിർമിതി 'ആണ് മാധ്യമങ്ങൾ ചെയ്യുന്നത്. ബിജെപിയും കേന്ദ്ര സർക്കാരും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഭൂരിപക്ഷം മാധ്യമങ്ങളെ പ്രീണനത്താലും ഭീഷണിപ്പെടുത്തിയും ചങ്ങാതിമാരായ മുതലാളിമാരെ ഉപയോഗിച്ചും വരുതിക്ക് നിർത്തിക്കൊണ്ടാണ് രാജ്യത്ത് നവഫാസിസം നടപ്പാക്കാനുള്ള മണ്ണൊരുക്കുന്നത്.

ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിച്ചു കൊണ്ട് മതബോധം ഉണർത്തി അന്യമത/ജാതി വിദ്വേഷം പടർത്താനും മാധ്യമങ്ങൾ സഹായിക്കുന്നു. രാജ്യത്ത് വർഗീയത വളർത്തുന്നതിൽ മുഖ്യധാരാമാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ശാക്തീകരിക്കുവാനോ അവരുടെ അവകാശബോധമുയർത്താനോ മാധ്യമങ്ങൾ സമയമോ സ്ഥലമോ ചിലവിടുന്നില്ല. പാർശ്വവത്കൃതർ, സ്ത്രീകൾ എന്നിവരെ വാർപ്പുമാതൃകകളിൽ അവതരിപ്പിക്കുന്ന മാധ്യമങ്ങൾ വരേണ്യ,മധ്യവർഗ ബോധത്തെ സംതൃപ്തിപെടുത്തുവാനാണ് ശ്രദ്ധിക്കുന്നത്. വിപണിയുടെ താത്പര്യം അതാണെന്നതും ഇതിന്റെ മറ്റൊരു കാരണമാണ്.

വരേണ്യ, സമ്പന്ന വിഭാഗങ്ങളുടെ ജിഹ്വകളായി മാധ്യമങ്ങൾ പ്രവർത്തിക്കുന്നു. തങ്ങളുടെ ഉടമസ്ഥരുടെ കാവൽ പട്ടികൾ എന്ന നിലയിലേക്ക് മാധ്യമങ്ങൾ അധ:പതിച്ചു.

വാർത്തകൾ പോലും ചരക്കായി വിറ്റഴിക്കാനാണ് ശ്രമം. പരസ്യവിപണിയുടെ കാരുണ്യത്തിലാണ് മാധ്യമങ്ങൾ നിലനിൽക്കുന്നത്. ടിവി ചാനലുകളുടെയും പത്രങ്ങളുടെയും വരിസംഖ്യ നാമമാത്രമായി കൊണ്ടിരിക്കുന്നു. പരസ്യ വരുമാനം വരിസംഖ്യയുടെ നൂറിരട്ടി വരും. വാർത്താമാധ്യമങ്ങളിൽ മുഖ്യപത്രാധിപർക്കുണ്ടായിരുന്ന അംഗീകാരവും അവകാശവും നഷ്ടപ്പെടുകയും പരസ്യവിഭാഗം മുൻകൈ നേടുകയും ചെയ്തത് ഉദാരവത്കരണനയത്തിന്റെ പരിണിത ഫലമാണ്. മറ്റേതൊരു വ്യവസായസ്ഥാപനവും പോലെ ലാഭം മാത്രമാണ് മാധ്യമങ്ങളുടെ ലക്ഷ്യം. സാമൂഹ്യപ്രതിബദ്ധത മാധ്യമങ്ങളിൽ അപ്രത്യക്ഷമാകുന്നു. നിലനിൽക്കുന്ന പൊതുബോധത്തെ ദൃഢീകരിക്കുന്നതാണ് മാധ്യമങ്ങൾക്ക് ലാഭകരം. വർഗീയത, ജനാധിപത്യം, മതേതരത്വം തുടങ്ങിയ വിഷയങ്ങളിൽ പൊതുവീക്ഷണം രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കാൻ കഴിയുന്ന മാധ്യമങ്ങൾ പ്രതിലോമാശയങ്ങളിലൂടെ സമൂഹത്തെ പിന്നോട്ടു നയിക്കുകയാണ് ചെയ്യുന്നത്.

കേരളത്തിലെ വലിയ വ്യാവസായിക സ്ഥാപനങ്ങളുടെയും ജ്വല്ലറികളുടെയും മറ്റ് ബിസിനസ്സുകളുടെയും പരസ്യങ്ങൾ വാർത്താ ചാനലുകൾക്കും പത്രങ്ങൾക്കും അത്യാവശ്യമാണ്. ഈ പരസ്യങ്ങൾ നിലനിർത്തുന്നതിനായി, ഈ ബിസിനസ്സുകളെ വിമർശിക്കുന്ന വാർത്തകൾ ഒഴിവാക്കാൻ മാധ്യമങ്ങൾ ശ്രദ്ധിക്കാറുണ്ട്. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പബ്ലിക് റിലേഷൻ തന്ത്രങ്ങൾ മാധ്യമ ഉള്ളടക്കത്തെ സ്വാധീനിക്കുന്നു. ചില രാഷ്ട്രീയ നേതാക്കളെയും ബിസിനസുകാരെയും വ്യക്തിഗതമായി പ്രോത്സാഹിപ്പിക്കാനുള്ള പി.ആർ. ശ്രമങ്ങൾ വാർത്തകളായി അവതരിപ്പിക്കപ്പെടുന്നു.

നവകോളനിവത്കരണത്തെയും നവഉദാരവത്കരണത്തെയും അംഗീകരിക്കുന്ന വലതുപക്ഷസമീപനം കുത്തകമാധ്യമങ്ങളുടെ പൊതുസ്വഭാവമാണെന്ന് കാണാം. ഇതുമൂലം ജനങ്ങളുടെ അറിയാനുള്ള അവകാശത്തെ തന്നെ മാധ്യമങ്ങൾ വെല്ലുവിളിക്കുകയാണ്. പൊതുജനം അറിഞ്ഞിരിക്കേണ്ട പ്രധാന വിഷയങ്ങൾ തമസ്കരിക്കപ്പെടുന്നു. പ്രസക്തമായതിനെ അപ്രസക്തമാക്കുവാനും അപ്രസക്തമായതിനെ പ്രസക്തമാക്കുവാനും മാധ്യമസംയോജനംമൂലം സാധ്യമാകുന്നു. പൈങ്കിളിവത്കരിക്കുവാനും സെൻസേഷണൽ ആക്കുവാനും കഴിയുന്ന സംഭവങ്ങൾക്ക് മാത്രമാണ് വാർത്താമൂല്യം. വികസനം, ദാരിദ്ര്യം, അസമത്വം, ലിംഗനീതി, എല്ലാത്തരത്തിലുമുള്ള ചൂഷണം, പരിസ്ഥിതിസംരക്ഷണം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ വിഷയങ്ങൾക്ക് ആഗോളവത്കൃതമാധ്യമങ്ങളിൽ അപ്രധാനമായ സ്ഥാനമാണുള്ളത്. ബൂർഷ്വരാഷ്ട്രീയത്തിന്റെ ദൈനംദിന അപചയങ്ങളിൽ നിന്നും ചോർത്തിയെടുക്കുന്ന സംഭവങ്ങൾ ആണ് വർണ്ണശബളിമയോടെ വാർത്തയെന്ന കെട്ടുകാഴ്ചയായി മാറുന്നത്.

മാധ്യമവിപണിയിലെ അനഭലഷണീയമായ മത്സരവും മാധ്യമഉള്ളടക്കത്തെ സ്വാധീനിക്കുന്നു. മത്സരഓട്ടത്തിൽ വാർത്തയുടെ വിശ്വാസ്യതയ്ക്കും ആധികാരികതക്കും ലോപം സംഭവിക്കുന്നു. പ്രത്യേകിച്ചും എന്തും ഏതും തത്സമയം സംപ്രേഷണം ചെയ്യാൻ ശ്രമിക്കുന്ന ടിവി ചാനലുകൾ. സത്യാനന്തരകാലത്തിന്റെ മുഖമുദ്രയാണ് വ്യാജവാർത്താപ്രചാരണം. അസത്യങ്ങളും അർദ്ധസത്യങ്ങളും യാതൊരു വിധ അടിസ്ഥാനവുമില്ലാതെ വാർത്തയായും അഭിപ്രായമായും ആക്ഷേപഹാസ്യമായും ചർച്ചയായും ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കപ്പെടുന്നു. പലവിഷയങ്ങളും പുകമറ സൃഷ്ടിച്ചുകൊണ്ട് ഊഹങ്ങൾ മാത്രമായി അവശേഷിക്കുന്നു. തെറ്റായ വാർത്തകൾ ചൂണ്ടികാണിച്ചാലും തിരുത്താനോ പിഴവ് സംഭവിച്ചതായി അംഗീകരി

ക്കാനോ മാധ്യമങ്ങൾ തയാറാകുന്നില്ല. മാധ്യമധാർമ്മികത അപ്പാടെ ഇതിലൂടെ അട്ടിമറിക്കപ്പെടുന്നു.

## III
## കേരളത്തിലെ മാധ്യമങ്ങൾ

### മാധ്യമ സാന്ദ്രത

സമ്പൂർണ സാക്ഷരതയും രാഷ്ട്രീയാവബോധവും ഉള്ള കേരളത്തിൽ മാധ്യമസാന്ദ്രത സ്വാഭാവികമായും ഉയർന്നിരിക്കുന്നു. ഇന്ത്യയിലെ പത്രപ്രചാരണം ഒരുലക്ഷം ആളുകൾക്ക് 480-500 കോപ്പികൾ വീതമാണെങ്കിൽ കേരളത്തിൽ അത് 4500-5000 ആണ്. കേരളത്തിലെ ന്യൂസ് പേപ്പർ ഔട്ട് റീച്ച് 67 ശതമാനം ആയിരിക്കുമ്പോൾ ദേശീയ ശരാശരി 17 ശതമാനം മാത്രമാണ്. കേരളത്തിലെ ടെലി സാന്ദ്രത 120 ശതമാനം ആയിരിക്കുമ്പോൾ ദേശീയ ശരാശരി വെറും 82 ശതമാനം മാത്രമാണ്. കേരളത്തിൽ 90-95 ശതമാനം വീടുകളിൽ ടെലിവിഷൻ ഉള്ളപ്പോൾ ദേശീയ ശരാശരി 66 ശതമാനമാണ്.

ഇവയിൽ ഇന്ന് പ്രാമുഖം വലതുപക്ഷ പ്രചാരണത്തിനാണ്. ദേശീയപ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര മാധ്യമപ്രവർത്തനത്തിന്റെയും പാരമ്പര്യം ഉണ്ടെന്ന് അവകാശപ്പെടുന്ന പത്രങ്ങളും ടിവി ചാനലുകളും വലതുപക്ഷ-കോർപറേറ്റ്-ഭരണവർഗ താത്പര്യങ്ങൾക്ക് പരിപൂർണമായി അടിപ്പെട്ടിരിക്കുന്നതായി കാണാം.

### ഉടമസ്ഥത

നവഉദാരവത്കരണത്തിന്റെ പ്രയോക്താക്കളും പ്രചാരകരും ആണ് മുഖ്യധാരാമലയാളം മാധ്യമങ്ങൾ. എംആർഎഫ് എന്ന കുത്തക കമ്പനിയുടെ മലയാള മനോരമയും കെടിസിയുമായി ബന്ധമുള്ള മാതൃഭൂമിയുമാണ് വരിക്കാരുടെ എണ്ണത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത്. ഇവരുടെ 33 ലക്ഷം പത്രങ്ങളാണ് ഒരു ദിവസം കേരളത്തിലെ വായനക്കാരിലെത്തുന്നു. ഈ രണ്ടു പത്രങ്ങളുടെയും ചാനലുകൾക്ക് പുറമെ 20 ഓളം ചാനലുകൾ മലയാളത്തിലുണ്ട്. കൂടുതലും വാർത്താചാനലുകളുമാണ്.

സ്വാതന്ത്ര്യസ്വഭാവത്തിൽ ആരംഭിച്ച ഏഷ്യാനെറ്റ് വാർത്താചാനൽ ഇപ്പോൾ ബിജെപി നേതാവ് രാജീവ് ചന്ദ്രശേഖർ സ്വന്തമാക്കിയിരിക്കുന്നു. ഏഷ്യാനെറ്റിന്റെ വിനോദ വിഭാഗം വയാകോം 18 ന്റേതായി മാറി. കേരളത്തിൽ ഇതുവരെ ഇല്ലാത്തത്ര ഭീമമായ ശമ്പളം ജീവനക്കാർക്ക് നൽകികൊണ്ട് ബിഗ് ന്യൂസ് എന്ന ചാനൽ മലയാളത്തിൽ ഉദയം ചെയ്തിരിക്കുന്നു. തെലങ്കാനയിലെ ഭാരത് രാഷ്ട്ര സമിതി നേതാവ് ഡോ കൃഷങ്ക് ബിഗ് ന്യൂസിനെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നത് ഇങ്ങനെയാണ് :

തെലങ്കാനയിലെ കോൺഗ്രസ് നേതാവ് സി എം രേവന്തും കെ സി വേണുഗോപാലും തമ്മിലുള്ള ഗൂഢമായകരാറിന്റെ ഭാഗമാണീ ചാനൽ വ്യാജ വാർത്തയും വ്യക്തിഹത്യയും വിദ്വേഷപ്രചരണവും ആണിവർ തെലങ്കാനയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാട്ടിലേക്കവർ എത്തിയിട്ടുണ്ട്.

### ഇടതുപക്ഷ വിരുദ്ധത

വലതുപക്ഷത്തെ നിസ്സങ്കോചം പിന്തുണക്കുകയും ഇടതുപക്ഷത്തെ നീതിരഹിതമായി കടന്നാക്രമിക്കുകയും ചെയ്യുന്നവയാണ് കേരളത്തിലെ മിക്കവാറും എല്ലാ മാധ്യമങ്ങളും. തങ്ങളുടെ ഉടമകളുടെ ബിസിനസ്സ് താത്പര്യവും അവരുടെ രാഷ്ട്രീയപക്ഷപാതിത്വവും സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധരാണിവർ. വർത്തയിലൂടെയും കാർട്ടൂണിലൂടെയും മുഖപ്രസംഗത്തിലൂടെയും വാർത്താഅപഗ്രഥനത്തിലൂടെയും തങ്ങളുടെ ഇടതുപക്ഷ വിരുദ്ധപ്രചരണം അവർ മറയില്ലാതെ നടത്തുന്നു. കോൺഗ്രസ് അധികാരത്തിൽ ഉണ്ടാവേണ്ടത് മാധ്യമങ്ങളുടെ വ്യാപാരതാത്പര്യമാണ്.

നിഷ്പക്ഷം സ്വതന്ത്രം എന്നൊക്കെ അവകാശപ്പെടുന്ന പത്രങ്ങൾ ഇടതുപക്ഷത്തിനനുകൂലമായി ഒരു വാർത്ത പോലും കൊടുക്കാതിരിക്കുകയും വലതുപക്ഷത്തിന്റെ കൊള്ളരുതായ്മകൾ മൂടിവെക്കുകയും ചെയ്യുന്നു. കഴിഞ്ഞ പത്തു വർഷത്തെ ഇടതു സർക്കാരുകളുടെ ഭരണനേട്ടങ്ങൾ ജനങ്ങളിലെത്താതിരിക്കാൻ മാധ്യമങ്ങൾ കാണിക്കുന്ന ജാഗ്രത അത്ഭുതപ്പെടുത്തുന്നതാണ്. പിഴവുകൾ തേടിപ്പിടിച്ചു പർവ്വതീകരിക്കുമ്പോൾ നേട്ടങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് ആശയക്കുഴപ്പം ഉണ്ടാക്കുന്നു. ഇടതുപക്ഷ വിരുദ്ധർ നിരുത്തരവാദപരമായി സാമൂഹ്യ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുന്ന അബദ്ധങ്ങൾ പോലും മലയാള മനോരമ നാലു കോളം വർത്തയാക്കിയ സംഭവം പോലും ഉണ്ടായിട്ടുണ്ട്.

കേരളം പത്തുകൊല്ലത്തിനിടയിൽ നേടിയ അഭൂതപൂർവമായ വികസനത്തെ മാധ്യമങ്ങൾ പൂർണമായി അവഗണിച്ചു. വികസനപ്രശ്നങ്ങൾ മാധ്യമങ്ങൾക്ക് വാർത്ത ആകുന്നതേയില്ല. വിവാദങ്ങൾക്ക് സാധ്യതയുള്ള സംഭവങ്ങൾ മാത്രം തലക്കെട്ടാകുന്നതാണ് രീതി.

### വർഗീയതയുടെ ഒളിച്ചുകടത്തൽ

സംഘപരിവാറിനെ കേരളത്തിൽ വളർത്തികൊണ്ടുവന്നതിൽ മാധ്യമങ്ങൾ ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്. ബിജെപിക്ക് ഒരു അസംബ്ലി സീറ്റ് പോലും ഇല്ലാത്തപ്പോഴും മൂന്ന് പ്രധാന ശക്തികളെന്ന നിലയിലാണ് സിപിഐഎമ്മിനെയും കോൺഗ്രസിനെയും ബിജെപിയെയും മാധ്യമങ്ങൾ അവതരിപ്പിച്ചിരുന്നത്. ഇവിടെ അവർ നിഷ്പക്ഷതയുടെ മുഖം മൂടി അണിയുന്നു. തീവ്രവലതുപക്ഷ നിലപാടുകൾ ഉള്ളവർക്ക് പ്രമുഖൻ എന്ന ലേബൽ നൽകി ചാനലുകൾ അവതരിപ്പിക്കുന്നു. അവർക്ക് ലഭിക്കുന്ന ദൃശ്യത അവരെ സെലിബ്രിറ്റി ആക്കി മാറ്റുന്നു. മതം, ലിംഗനീതി, തുടങ്ങിയ വിഷയനഗളിൽ ഇക്കൂട്ടർ പരസ്യമായി പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ പലതും ഭരണഘടനയെ തന്നെ വെല്ലുവിളിക്കുന്നതായിട്ടും മാധ്യമങ്ങൾ കുറ്റകരമായ രീതിയിൽ ഇവരെ വളർത്തിക്കൊണ്ടു വരുന്നു.

വർഗീയതയും മതാത്മകതയും കേരളത്തിന്റെ മതേതരമണ്ണിലേക്ക് കടത്തിവിടുന്നതിനു വർഗീയശക്തികൾ മാധ്യമങ്ങളെ ഉപയോഗിക്കുന്നു. അന്ധവിശ്വാസവും അനാചാരങ്ങളും പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് മുഖ്യധാരയെന്നവകാശപ്പെടുന്ന മാധ്യമങ്ങൾക്കുള്ളത്. വ്യാജസന്യാസിയായ നെയ്യാറ്റിൻകര ഗോപൻ 'സമാധിയടഞ്ഞു 'എന്ന കുടുംബത്തിന്റെ അവകാശവാദത്തെ 'മഹാസമാധി'യാക്കിയവരാണ് മാധ്യമങ്ങൾ. ഹിന്ദുത്വ പ്രത്യയശാസ്ത്രത്തെ സമൂഹമനസ്സിലേക്ക് ഒളിച്ചുകടത്താനുള്ള തന്ത്രങ്ങൾ മാധ്യമങ്ങൾ മെനയുന്നു. ശാസ്ത്രീയ ചിന്തക്കോ ശാസ്ത്ര പ്രചാരണത്തിനോ പ്രാധാന്യം മാധ്യമങ്ങൾ നൽകുന്നില്ല.

കേന്ദ്രസർക്കാരിന്റെ അന്വേഷണ സംഘത്തെ ഭയന്നും അവരുടെ സാമ്പത്തിക സഹായത്തിനും ഏതുതരത്തിലും ഉള്ള ഒത്തുതീർപ്പുകൾക്ക് മാധ്യമ ഉടമകൾ തയ്യാറാകുമ്പോൾ വായനക്കാരുടെയും കാഴ്ചക്കാരുടെയും അവകാശങ്ങൾ ഹനിക്കപ്പെടുന്നു. സമൂഹത്തിന്റെ പൊതുബോധത്തെ മാത്രമല്ല നിയമസംവിധാനത്തെയും കോടതിയെപോലും മാധ്യമങ്ങളുടെ പ്രചാരണതന്ത്രങ്ങൾ സ്വാധീനിക്കുന്നതായി കാണാം.

മാധ്യമധർമത്തിൽ നിന്നുമുള്ള ഈ വ്യതിചലനം മാധ്യമങ്ങളുടെ വിശ്വാസ്യതക്ക് വലിയ തോതിൽ കോട്ടം വരുത്തിയിട്ടുണ്ട്. നാലാം തൂണിന്റെ ക്ഷയം ഗൗരവമായി കാണണം. ജനാധിപത്യത്തിന്റെ ദൗർബല്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സത്യസന്ധവും നിഷ്പക്ഷവും സ്വതന്ത്രവുമായ മാധ്യമങ്ങൾ ഒരു പുരോഗമന ജനാധിപത്യ സമൂഹത്തിന്റെ ലക്ഷണമാണ്. ഭരണവർഗത്തിന്റെ വാലാട്ടികൾ ആകുന്ന മാധ്യമങ്ങളെ ചോദ്യം ചെയ്യാനുള്ള മാധ്യമ സാക്ഷരത വായനക്കാർ /കാഴ്ചക്കാർ നേടേണ്ടിയിരിക്കുന്നു.

## IV
## സാമൂഹ്യമാധ്യമങ്ങൾ

### സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകൾ

സാമൂഹ്യമാധ്യമങ്ങളിലൂടെ മുഖ്യധാരാ മാധ്യമങ്ങൾ തമസ്കരിക്കുന്ന പലതും പ്രചരിപ്പിക്കുന്നതിനു കഴിയുന്നുണ്ട്. അതുകൊണ്ടുതന്നെ അവ റിപ്പോർട് ചെയ്യാൻ പരമ്പരാഗത മാധ്യമങ്ങൾ നിർബന്ധിക്കപ്പെടുന്നു. ഓരോ പൗരയും പൗരനും ജേർണലിസ്റ്റ് ആകാൻ കഴിയുന്ന സാഹചര്യമാണ് ഇന്നുള്ളത്. സിറ്റിസൺ ജേർണലിസത്തിനു പ്രസക്തി വർധിച്ചു വരുന്നു.

ദേശീയതലത്തിൽ കോടിക്കണക്കിന് ജനങ്ങൾ കാണുന്ന സ്വകാര്യ യുടൂബ് ചാനലുകളാണ് ധ്രുവ് റാതിയുടെയും രവീഷ് കുമാറിന്റെയും മറ്റും. സംഘപരിവാറിനെയും കേന്ദ്ര സർക്കാരിനെയും സധൈര്യം ഇവർ എതിർക്കുന്നു. മലയാളത്തിലും ഭയരഹിതമായി മാധ്യമ പ്രവർത്തനം നടത്തുന്ന ചിലരുണ്ട്. കടുത്ത സൈബർ ആക്രമണം നേരിടുമ്പോഴും അചഞ്ചലമായി ഇവർ തങ്ങളുടെ മാധ്യമ പ്രവർത്തനം തുടരുന്നു. ഈ സാധ്യതകളെയും അതിരുകവിഞ്ഞു കാണരുത്. കാരണം, ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കുത്തക നിയന്ത്രണത്തിലാണ്.

### ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ കുത്തകകൾ

പരമ്പരാഗത മാധ്യമ ഭീമന്മാരെ കൂടാതെ, കഴിഞ്ഞ ദശകത്തിൽ ഫേസ്ബുക്ക്, ഗൂഗിൾ തുടങ്ങിയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ലോകമെമ്പാടുമുള്ള വിവരങ്ങളുടെ വിതരണത്തെയും വരുമാനത്തെയും പൂർണ്ണമായും നിയന്ത്രിക്കുന്ന അവസ്ഥ വന്നു. ആളുകൾക്ക് എന്ത് വാർത്ത കാണണമെന്ന് തീരുമാനിക്കുന്നതിൽ ഈ അൽഗോരിതങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഇത് വ്യാജവാർത്തകൾക്കും ധ്രുവീകരണത്തിനും കാരണമാകുന്നു.

ലോകമെമ്പാടുമുള്ള പരസ്യവരുമാനത്തിന്റെ സിംഹഭാഗവും ഈ ഡിജിറ്റൽ ഭീമന്മാർ കൈക്കലാക്കുന്നു. ഇത് പരമ്പരാഗത മാധ്യമങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുകയും, നിലനിൽപ്പിനായി കോർപ്പറേറ്റ് ഉടമകളെ കൂടുതൽ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു.

ചുരുക്കത്തിൽ, ലോകമെമ്പാടുമുള്ള മാധ്യമരംഗം അപകടകരമായ തോതിലുള്ള കേന്ദ്രീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇത് ജനാധിപത്യപരമായ സംവാദങ്ങൾക്കും, പൊതുസമൂഹത്തിന് ലഭിക്കേണ്ട നിഷ്പക്ഷ വിവരങ്ങൾക്കും ഒരു വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

ഇന്റർനെറ്റിനെയും പുതിയ സാമൂഹ്യമാധ്യമങ്ങളെയും പുതിയൊരു ജനകീയ പ്രതിഭാസമായും സ്വാതന്ത്ര മാധ്യമങ്ങളെ സൃഷ്ടിക്കുന്ന ശാസ്ത്രവികാസമായും കണ്ടവരുണ്ടായിരുന്നു. പക്ഷേ, ഇവയുടെ നിയന്ത്രണം കുത്തകമുതലാളിത്തത്തിൻറെ കയ്യിലാണെന്നും മൂലധനത്തിന് ലാഭം ഉണ്ടാക്കാൻ തടസ്സം ഉണ്ടാവുന്നതു വരെ മാത്രമാണ് ഇവയുടെ സ്വാതന്ത്ര്യം എന്നും അന്ന് മുന്നറിയിപ്പ് തന്ന ചിന്തകർ ഉണ്ടായിരുന്നു. ഇന്നു പക്ഷേ, സാമൂഹ്യമാധ്യമങ്ങൾ ലാഭം ഉണ്ടാക്കാൻ മൂലധനത്തിനു തടസ്സമോ എന്ന സാഹചര്യത്തിൽ നിന്നു മാറി യാതൊരു മറയുമില്ലാതെ മനുഷ്യചിന്തയുടെ കുത്തകമുതലാളിത്ത നിയന്ത്രണത്തിനുള്ള ഉപകരണമായി മാറിയിരിക്കുന്നു. ഇവ തലച്ചോറിനെ ചീയിക്കുന്നതായിരിക്കുന്നു (Brain Rot) എന്ന കാര്യം ലോകമെങ്ങും ഇന്ന് അംഗീകരിക്കപ്പെട്ടുവരികയാണ്.

മെറ്റ (ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്സ്ആപ്പ്, മെസൻജർ), ആൽഫബെറ്റ് (ഗൂഗിൾ, യൂട്യൂബ്), മൈക്രോസോഫ്റ്റ് (ലിങ്ഡിൻ), സ്നാപ് ഇൻകോർപറേറ്റഡ് (സ്നാപ് ചാറ്റ്, എക്സ് (പഴയ ടിറ്റർ)) എന്നിങ്ങനെ ഒരു കൈവിരലിലെണ്ണാവുന്ന അമേരിക്കൻ കമ്പനികളാണ് ഇന്ന് മനുഷ്യരുടെ ആശയവിനിമയത്തെ നിയന്ത്രിക്കുന്നത്. ഈ കമ്പനികളുടെ രാഷ്ട്രീയ, വാണിജ്യ താല്പര്യങ്ങൾക്കനുസരിച്ചാണ് ഈ മാധ്യമങ്ങളുടെ അൽഗോരിതങ്ങൾ പ്രവർത്തിക്കുന്നത്. മനുഷ്യരാശിക്കുമേൽ തുറന്നു വിടപ്പെട്ട ഓട (Sewage) എന്നാണ് ഈ സാമൂഹ്യമാധ്യമങ്ങളെക്കുറിച്ച് ഒരു മാർക്സിസ്റ്റ് ചിന്തകൻ അഭിപ്രായപ്പെട്ടത്.

## മുഖ്യധാരാ മാധ്യമങ്ങൾ സാമൂഹ്യമാധ്യമങ്ങളെ ഉപയോഗിക്കുമ്പോൾ

സാമൂഹ്യ മാധ്യമങ്ങളെയും തങ്ങളുടെ ആശയപ്രചാരണത്തിനു മുഖ്യധാരമാധ്യമങ്ങൾ ഉപയോഗിക്കുന്നതും പതിവാണ്. പ്രചാരണോപാധിയായി തങ്ങൾക്ക് ആവശ്യമുള്ളത് മാത്രം റീലുകൾ ആക്കി മാറ്റി സാമൂഹ്യ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുന്നതിന് പ്രത്യേക വിഭാഗം തന്നെ മാധ്യമസ്ഥാപനങ്ങളിൽ ഉണ്ട്. അസത്യങ്ങളും വ്യാജവാർത്തകളും ഇങ്ങനെ പ്രചരിപ്പിക്കപ്പെടുന്നു.

പത്രം വായിക്കുകയോ ടിവി കാണുകയോ ചെയ്യാത്ത പുതിയ തലമുറയിലേക്ക് തങ്ങൾക്ക് ആവശ്യമുള്ളവ എത്തിക്കാൻ വലതുപക്ഷ മാധ്യമങ്ങൾക്ക് കഴിയുന്നു. പെയ്ഡ് ന്യൂസ് മാത്രം പ്രക്ഷേപണം ചെയ്യുന്ന ഓൺലൈൻ ചാനലുകളും യുടൂബ് ചാനലുകളും വലിയ തോതിൽ ജനങ്ങളെ സ്വാധീനിക്കുകയോ തെറ്റിദ്ധരിപ്പിക്കുകയോ ചെയ്യുന്നു. നീതിബോധമോ സാമാന്യമര്യാദയോ പോലുമില്ലാതെ വ്യക്തിഹത്യ നടത്തുന്ന ഇത്തരം ഓൺലൈൻ വാർത്തകൾ ഒളിഞ്ഞുനോട്ടത്തിന്റെ സുഖം നൽകുന്നതിനാൽ കാഴ്ചക്കാർ ഏറെയാണ്. വ്യക്തിയുടെ സ്വകാര്യതക്ക് വിലകൊടുക്കാത്തവരാണ് ഓൺലൈൻ മാധ്യമങ്ങൾ.

ദുർബലമായ സൈബർ നിയമംമൂലം നിയമവിരുദ്ധവും ജനവിരുദ്ധവുമായ ഓൺലൈൻ പോർട്ടലുകളെയും ചാനലുകളെയും നിയന്ത്രിക്കുന്നതിന് ഇന്ത്യയിൽ പരിമിതികൾ ഉണ്ട്.

## V
## മാധ്യമസ്വാതന്ത്ര്യം

മാധ്യമ സ്വാതന്ത്ര്യം ഏറ്റവും താഴ്ന്ന നിലയിലുള്ള രാജ്യമാണ് ഇന്ത്യ. റിപ്പോർട്ടേഴ്സ് വിതൗട്ട് ബോർഡേഴ്സിന്റെ വിലയിരുത്തലിൽ 180-ൽ ഇന്ത്യയുടെ സ്ഥാനം 151 മാത്രമാണ്. 2014-ൽ നരേന്ദ്ര മോഡി അധികാരത്തിലെത്തിയശേഷം മാധ്യമ സ്വാതന്ത്ര്യം ഭീകരമായ തോതിൽ തകർന്നതായി ഈ റിപ്പോർട്ടിൽ പറയുന്നു. സ്വതന്ത്രവും നിർഭയവുമായി മാധ്യമപ്രവർത്തനം ചെയ്യുന്നതിന് ഇന്ത്യയിൽ കഴിയുന്നില്ലെന്നാണ് ഇത് തെളിയിക്കുന്നത്.

"ഗോഡി മീഡിയ" എന്ന പ്രയോഗം തന്നെ പ്രചാരണത്തിനായി മുഖ്യധാരാ മാധ്യമങ്ങളെ ദുരുപയോഗിക്കുന്നതിൽ നിന്നും ഇന്ത്യയിൽ ഉയർന്നു വന്നിരിക്കുന്നു. പത്രസമ്മേളനം നടത്താൻ കൂട്ടാക്കാത്ത പ്രധാനമന്ത്രി തനിക്ക് താത്പര്യമുള്ള മാധ്യമ പ്രവർത്തകരോട് മാത്രം സംസാരിക്കുന്നു. കേന്ദ്ര സർക്കാരിനെ വിമർശിക്കുന്നവർക്ക് നേരെ പ്രതികാരബുദ്ധിയോടെ പെരുമാറുന്നുവെന്നും റിപ്പോർട്ടേഴ്സ് വിതൗട് ബോർഡേഴ്സ് ചൂണ്ടികാണിക്കുന്നു.

## മാധ്യമപ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങൾ

മാധ്യമപ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങൾ പെരുകുന്നു, മാധ്യമപ്രവർത്തകരെ ആക്രമിക്കുന്ന കുറ്റവാളികൾ ശിക്ഷിക്കപെടുന്നില്ല, മാധ്യമസ്ഥാപനങ്ങൾ റെയിഡ് ചെയ്യപ്പെടുന്നു, വിദേശ മാധ്യമ പ്രവർത്തകർക്ക് പ്രവർത്തനസ്വാതന്ത്ര്യമില്ല, കഴിഞ്ഞ പത്തു വർഷത്തിൽ രണ്ടോ മൂന്നോ മാധ്യമപ്രവർത്തകർ വർഷംതോറും കൊല്ലപ്പെടുന്നു, മാധ്യമപ്രവർത്തകർ തടവിലാകുന്നു, ഉടമസ്ഥതയുടെ കേന്ദ്രീകരണം, സർക്കാരിൽ നിന്നുള്ള സമ്മർദം... തുടങ്ങിയ കാരണങ്ങളാണ് റിപ്പോർട്ടേഴ്സ് വിതൗട്ട് ബോർഡേഴ്സ് ഇന്ത്യ മാധ്യമപ്രവർത്തകർക്ക് അപകടസ്ഥലമാണെന്ന നിഗമനത്തിൽ എത്താനായി അക്കമിട്ടു നിരത്തുന്നത്.

സാമൂഹ്യമാധ്യമങ്ങൾ ഏറ്റവും കൂടുതൽ വിലക്ക് നേരിടുന്ന രാജ്യം ഇന്ത്യയാണ്. കർഷക സമരം റിപ്പോർട്ട് ചെയ്തുവെന്ന കാരണത്താൽ നിരവധി യുട്യൂബ്, ടിറ്റർ, ഇൻസ്റ്റഗ്രാം അക്കൗണ്ടുകൾ കേന്ദ്ര സർക്കാർ പൂട്ടിച്ചു. കേന്ദ്ര സർക്കാരിനെ വിമർശിക്കുന്ന നിരവധി ഓൺലൈൻ മാധ്യമങ്ങൾക്കെതിരെ നികുതിവകുപ്പിനെ കൊണ്ട് റെയിഡ് നടത്തിച്ചു. ന്യൂസ് ക്ലിക്കിൽ റെയിഡ് നടത്തുകയും എഡിറ്ററും ശാസ്ത്രജ്ഞനുമായ പ്രബീർ പുർകായസ്ഥയെ അറസ്റ്റു ചെയ്യുകയും ചെയ്തു. രണ്ടു മാസങ്ങൾക്ക് ശേഷം മോചിപ്പിക്കുകയായിരുന്നു. ഗുജറാത്തിലെ മാധ്യമപ്രവർത്തകൻ രവി നായർ അദാനിയുടെ കമ്പനിക്കെതിരെ എഴുതിയതിനു ജയിലിൽ ആയെങ്കിലും കോടതി ശിക്ഷ മരവിപ്പിച്ചു.

ഉത്തർപ്രദേശിൽ ഹത്രാസിൽ ബലാത്സംഗ കേസ് റിപ്പോർട് ചെയ്യാൻ പോയ സിദ്ദിഖ് കാപ്പൻ എന്ന മലയാളിയെ അറസ്റ്റ് ചെയ്യുകയും രണ്ടു വർഷം ജയിലിൽ പാർപ്പിക്കുകയും ചെയ്തു. കർണാടകത്തിൽ ലങ്കേഷ് പത്രികയുടെ ഗൗരി ലങ്കേഷിനെ സംഘപരിവാർ പ്രവർത്തകൻ വെടിവച്ചു കൊല്ലുകയായിരുന്നു.

ദ വയർ, ദൈനിക് ഭാസ്കർ, കാരവൻ തുടങ്ങിയ മാധ്യമസ്ഥാപനങ്ങൾക്ക് ഭീഷണിയും നടപടിയും നേരിടേണ്ടി വന്നു. സ്ത്രീമാധ്യമ പ്രവർത്തകർ കഠിനമായ അരക്ഷിതാവസ്ഥ നേരിടുന്നതായി റിപ്പോർട്ടിൽ പറയുന്നു. സൈബർ ആക്രമണങ്ങൾ ഏറ്റവും കൂടുതൽ നേരിടുന്നത് സ്ത്രീകളാണ്. റാണ അയൂബ്, നേഹ ദീക്ഷിത്, സാഗരിക ഘോഷ്, ബർഖ ദത്ത് തുടങ്ങിയവർ ജൻഡർ അതിക്രമങ്ങൾക്കിരയാകുന്നവരാണ്.

ഇന്ത്യൻ ഭരണഘടന ആവിഷ്കാര സ്വാതന്ത്ര്യം ഉറപ്പു നൽകുന്ന ആർട്ടിക്കിൾ 19(1)a യുടെ ലംഘനമാണ് മാധ്യമങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും നേരെയുള്ള അതിക്രമങ്ങൾ. മോഡി അധികാരത്തിൽ എത്തിയ ശേഷം കൊണ്ടുവന്ന പല നിയമങ്ങളും സർക്കാരിന് മാധ്യമങ്ങളെ നിയന്ത്രിക്കുവാനുള്ള അമിതാധികാരം നൽകുന്നു. ഉദാഹരണം: ടെലികമ്യൂണിക്കേഷൻ ആക്ട്, ബ്രോഡ്കാസ്റ്റിംഗ് സർവീസസ് റെഗുലേഷൻ ബിൽ (കരട്) ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ ആക്ട്.

## VI
## ചില നിർദ്ദേശങ്ങൾ

### മാധ്യമ സാക്ഷരത

1. മാധ്യമങ്ങളെ ഉപയോഗിച്ച് കൊണ്ട് സ്വേച്ഛാധിപത്യം നടപ്പാക്കുവാൻ ഭരണവർഗം ശ്രമിക്കുമ്പോൾ വായനക്കാർ / കാഴ്ചക്കാർ / ശ്രോതാക്കൾ മാധ്യമ സാക്ഷരത നേടേണ്ടതുണ്ട്. സത്യാനന്തരകാല വ്യാജവാർത്താ പ്രചാരണത്തിനെതിരെ ബദൽ മാധ്യമസംസ്കാരം ഉയർത്തിക്കൊണ്ടു വരണം. ഓരോ വ്യക്തിയും ഒരു ജേർണലിസ്റ്റ് ആയി മാറിക്കൊണ്ട് സാമൂഹ്യമാധ്യമങ്ങൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തണം. നിലവിലുള്ള നിയമ സംവിധാനത്തിലൂടെ അസത്യവാർത്തകൾക്കെതിരെ പോരാടണം. ജനങ്ങൾ എന്ത് ചിന്തിക്കണമെന്ന അജണ്ട തയാറാക്കുന്ന കോർപറേറ്റ് മാധ്യമങ്ങളുടെ ഗൂഢമായ താത്പര്യം പൊളിക്കണം.
2. ബദൽ മാധ്യമങ്ങൾക്ക് പരമാവധി പിന്തുണയും പ്രചാരണവും നൽകേണ്ടത് രാഷ്ട്രീയപ്രവർത്തനമായി ഏറ്റെടുക്കണം. ധീരമായി സത്യസന്ധമായി പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകർക്ക് പൂർണ പിന്തുണ നൽകണം. കേരളത്തിനെതിരെയും ഇടതുപക്ഷ സർക്കാരിനെതിരെയും ദേശീയാടിസ്ഥാനത്തിൽ നടക്കുന്ന വ്യാജപ്രചാരണങ്ങൾക്കെതിരെ സംഘടിതമായ ചെറുത്തുനിൽപ്പ് ഉയർത്തണം. സാമൂഹ്യ വ്യവസ്ഥിതിയിൽ പരിവർത്തനം കൊണ്ടുവരുവാൻ പൊതുസമൂഹത്തെ സജ്ജരാക്കുവാൻ കഴിയുന്ന തരത്തിൽ ബദൽമാധ്യമങ്ങൾ കാര്യക്ഷമമാകണം.
3. ബഹുജനങ്ങളെ ഉൾപ്പെടുത്തി Media monitoring സംവിധാനം രൂപപ്പെടുത്തുകയും നിരന്തരം, ദൈനംദിനം മാധ്യമങ്ങൾ വിചാരണ ചെയ്യുകയും അതിന്റെ റിപ്പോർട്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും വേണം. കാഴ്ചക്കാരുടെ / വായനക്കാരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാൻ മുഖ്യധാരാ മാധ്യമങ്ങൾ നിർബന്ധിതരാകണം.
4. സ്വതന്ത്രവും സത്യസന്ധവുമായ മാധ്യമങ്ങൾക്കായുള്ള പോരാട്ടം സാമൂഹ്യവിപ്ലവത്തിനുള്ള പോരാട്ടത്തിന് അനിവാര്യമാണ്. വാഷിംഗ്ടൺ പോസ്റ്റ് നേരിടുന്ന പ്രസന്ധിയെ കുറിച്ച് ഹിന്ദു പത്രത്തിൽ (ഫെബ്രുവരി 6, 2026) നാരായൺ ലക്ഷ്മൺ ഇങ്ങനെ എഴുതുന്നു: "ജനാധിപത്യം ഇരുട്ടിൽ മരിക്കുമ്പോൾ സ്വാതന്ത്രമാധ്യമം പകൽവെളിച്ചത്തിൽ മരിക്കുന്നു."

### നിർമിത ബുദ്ധി ഉയർത്തുന്ന വെല്ലുവിളികൾ

5. നിർമിതബുദ്ധിക്കായി മൈക്രോസോഫ്റ്റ്, ഗൂഗിൾ, എൻവിഡിയ തുടങ്ങിയ കമ്പനികൾ മനുഷ്യചരിത്രത്തിലിന്നുവരെയില്ലാത്തവിധം വലിയ ധനനിക്ഷേപമാണ് നടത്തുന്നത്. ഇത് നിർമിത ബുദ്ധിയെ ഈ വമ്പൻ കമ്പനികളുടെ നിയന്ത്രണത്തിൽ വരുന്നതിനിടയാക്കും. നിർമിതബുദ്ധിയുടെ ഒരു പ്രവർത്തനമണ്ഡലം മാധ്യമങ്ങളായിരിക്കും. മനുഷ്യനെ നിയന്ത്രിക്കാനുള്ള മുതലാളിത്തത്തിന്റെ പൈശാചികമായ ഒരു ഉപകരണമായി നിർമിതബുദ്ധി നിയന്ത്രിത മാധ്യമങ്ങൾ മാറാതിരിക്കാൻ ലോകമെങ്ങുമുള്ള ജനാധിപത്യ ശക്തികൾ ഭരണകൂടങ്ങളോടു പോരാടേണ്ടിയിരിക്കുന്നു. കേരളത്തിലെയും മാധ്യമ മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) മാധ്യമപ്രവർത്തനത്തിന്റെ വിശ്വാസ്യത, വ്യാജവാർത്തകൾ എന്നീ കാര്യങ്ങളിലും തൊഴിൽ സുരക്ഷിതത്വത്തിലും കൂടുതൽ വെല്ലുവിളികളുയർത്തും. അതിനെക്കുറിച്ച് നാം ഇന്നു തന്നെ ചിന്തിക്കേണ്ടതാണ്.
6. AI ഉപയോഗിച്ച് ഉണ്ടാക്കിയ ടെക്സ്റ്റ്, ഓഡിയോ, വീഡിയോ എന്നിവ സോഷ്യൽ മീഡിയയിലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും വ്യാജവാർത്തകളും കൃത്രിമ വീഡിയോകളും (Deepfakes) സൃഷ്ടിക്കും. ഇത്തരം ഉള്ളടക്കങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും മാധ്യമങ്ങളിലും സ്ഥാപനങ്ങളിലുമുള്ള വിശ്വാസം തകർക്കുകയും ചെയ്യും. മലയാളത്തിൽ AI നിർമ്മിക്കുന്ന വാർത്തകൾ നാട്ടുകാർക്ക് തികച്ചും വിശ്വസനീയമായി തോന്നാം. ഇത് വസ്തുതാപരിശോധന (Fact-checking) കൂടുതൽ പ്രയാസകരമാക്കും.
7. AI സാധാരണ ജോലികൾ എളുപ്പമാക്കുമെങ്കിലും ന്യൂസ് റൂമുകളിൽ തൊഴിലവസരങ്ങൾ കുറയ്ക്കും. ചെറിയ മാധ്യമ സ്ഥാപനങ്ങൾക്ക് AI സാങ്കേതിക വിദ്യ ഉത്തരവാദിത്തത്തോടെ നടപ്പിലാക്കാനുള്ള സാമ്പത്തിക ശേഷി ഉണ്ടായെന്നു വരില്ല. ഉയർന്ന ഡിജിറ്റൽ സാക്ഷരതയുള്ള കേരളത്തിൽ, രാഷ്ട്രീയമായ തെറ്റിദ്ധാരണകൾ പരത്താനും വിദ്വേഷ പ്രചാരണങ്ങൾക്കും AI ഉപയോഗിച്ചേക്കാം. ഇത് പ്രതിരോധിക്കാൻ പരമ്പരാഗത മാധ്യമങ്ങൾക്ക് വലിയ സമ്മർദ്ദം നേരിടേണ്ടി വരും.

### തൊഴിൽപരമായ സുരക്ഷിതത്വം

8. മാധ്യമപ്രവർത്തകരുടെ തൊഴിൽപരമായ അരക്ഷിതാവസ്ഥയ്ക്ക് ഒരു പരിധിവരെയെങ്കിലും അറുതിവരുത്താൻ സമൂഹ്യപിന്തുണയുണ്ടാകണം. ഇത് കൂടുതൽ സ്വതന്ത്രവും പ്രൊഫണലുമായ പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യം പത്രപ്രവർത്തകർക്ക് നല്കും. മാധ്യമ പ്രവർത്തക ക്ഷേമനിധി, പത്രപ്രവർത്തക പെൻഷൻ എന്നിവ കൂടുതൽ വിപുലവും ഫലപ്രദവുമാക്കുന്നത് സ്വതന്ത്ര മാധ്യമപ്രവർത്തനത്തിനുള്ള ഒരു സംഭാവനയായിരിക്കും.
9. അക്കാദമികതലത്തിൽ മാധ്യമപഠനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ശോചനീയമാണ്. മാധ്യമപ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക പരിശീലനം നല്കുന്ന ചില സ്ഥാപനങ്ങളുണ്ടെന്നല്ലാതെ മാധ്യമപഠനത്തെ സംസ്കാര പഠനത്തിന്റെ ഭാഗമായി പഠിക്കുകയും ഗവേഷണം നിര്വ്വഹിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളില്ല. അവയ്ക്കുള്ള സാദ്ധ്യത

കൾ നമ്മുടെ സർവ്വകലാശാലകൾ ആരായേണ്ട താണ്.

10. മാദ്ധ്യമരംഗത്ത് നിലനില്ക്കുന്ന ലിംഗവിവേചനമാണ് ചർച്ച ചെയ്യപ്പെടുന്ന മറ്റൊരു മേഖല. സ്ത്രീയുടെ അന്തസ്സും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് നമ്മുടെ സമൂഹം ഉറപ്പുനല്കിയിട്ടുള്ള നിയമങ്ങ ളെക്കുറിച്ച് ഒരിക്കലും സ്ത്രീകളെ ബോധവല്ക്കരി ക്കാനോ അവരെ ശാക്തീകരിക്കാനോ പുതിയ കാലത്തിലെ മാദ്ധ്യമങ്ങൾ ശ്രമിക്കുന്നില്ല. അതേസമയം മാദ്ധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് അവരുടെ തൊഴിൽപരിസരം ഒട്ടും സൗഹൃദപരമായി അനുഭവപ്പെടുന്നില്ല എന്നതാണ് ചർച്ചചെയ്യപ്പെടുന്ന മറ്റൊരു പ്രധാന പ്രശ്നം. മിക്കവാറും മാദ്ധ്യമങ്ങളിൽ വനിതാ സെല്ലുകൾ പ്ര വർത്തിക്കുന്നില്ല. ദളിത്, പിന്നാക്കവിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ പങ്ക് മാദ്ധ്യമങ്ങളിൽ വളരെ കുറവാണ്. അവരുടെ അസാന്നിദ്ധ്യം പ്രതിനിധാന പരമായി ഉറപ്പുവരുത്താത്തതുകൊണ്ടാണ് മാദ്ധ്യ മങ്ങളിൽ അടിസ്ഥാനവിഭാഗങ്ങളെ സംബന്ധിക്കു ന്ന വാർത്തകൾക്കും വിശകലനങ്ങൾക്കും ഇടം ലഭിക്കാത്തത്. അതിനാൽ സമൂഹത്തിലെ പിന്നോ ക്കകീഴാള വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകൾക്ക് മാദ്ധ്യമങ്ങളിൽ സംവരണം ഏർപ്പെടുത്തണം.

11. നിലവിലുള്ള ബദൽ മാധ്യമങ്ങൾക്ക് ശക്തമായ പിന്തുണ നൽകണം. കേരളത്തിലെ പ്രാദേശിക ചാനലുകളുടെ കൂട്ടായ്മ നല്ല ഉദാഹരണമാണ്. ബദൽ ന്യൂസ് പോർട്ടലുകൾ സംഘടിതമായ സോഷ്യൽമീഡിയ ഇടപെടലുകൾ തുടങ്ങിയവയെ ല്ലാം ഇന്നത്തെ കാലത്ത് പ്രധാനമായിത്തീർന്നിരി ക്കുന്നു. കോൺഗ്രസും ബിജെപിയും അതിഭീമമായ തുക മുടക്കിയാണ് സോഷ്യൽ മീഡിയാ രംഗത്ത് പ്രവർത്തിക്കുന്നത്. ആ മൂലധന ശേഷിയുമായി മത്സരിക്കാൻ കഴിയില്ലെങ്കിലും ഇടതുപക്ഷ പ്രവർ ത്തകരെ അണിനിരത്താനായാൽ ഈ വെല്ലുവി ളിയെ നേരിടാനാകും. 1959-ലെ വിമോചനസമരം മുതൽ മലയാളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ ഇടതുപക്ഷ വിരുദ്ധതയാണ് സ്വീകരിച്ചിട്ടുള്ളത്. അതിനെ ഇടതുപക്ഷം നേരിട്ടത് കേരളത്തിലെ സജീവമായ പൊതുമണ്ഡലങ്ങളിൽ സാധാരണ പ്രവർത്തകർ ഇടപെട്ടു പ്രവർത്തിച്ചുകൊണ്ടാണ്. വായനശാലകളും ക്ലബ്ബുകളും ചായക്കടകളും ബീഡിതെറുപ്പു കേന്ദ്രങ്ങളുമെല്ലാം സംവാദവേദി കളായി മാറി. എന്നാൽ ഇന്ന് ഇവയെല്ലാം ശുഷ്കി ക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഓരോ ഇടതു പക്ഷ പ്രവർത്തകനും സോഷ്യൽ മീഡിയയിൽ കൃത്യമായ ദിശാബോധത്തോടെ ഇടപെടുന്നതിനു തയ്യാറാകണം.

# 19

# കേരളത്തിലെ പൊതുവിതരണവും ഭക്ഷ്യഭദ്രതയും

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ (SDG) രണ്ടാം ലക്ഷ്യം 2030-ഓടെ വിശപ്പില്ലാത്ത ലോകം സൃഷ്ടിക്കുകയെന്നതാണ്. പക്ഷേ, ആഗോള പട്ടിണി സൂചിക 2025 പ്രകാരം 123 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 102 ആണ്. 25.8 സ്കോറോടുകൂടി "ഗൗരവമായ" പോഷകാഹാര ദാരിദ്ര്യം നേരിടുന്ന രാജ്യമായിട്ടാണ് ഇന്ത്യയെ കണക്കാക്കുന്നത്. എന്നാൽ കേരളത്തെ ഈ രാഷ്ട്രങ്ങളുടെ നിരയിൽ സാങ്കല്പികമായി പട്ടികപ്പെടുത്തുകയാണെങ്കിൽ കേരളത്തിന്റെ റാങ്ക് 15-നും 25-നും ഇടയിലായിരിക്കും. സുസ്ഥിരവികസന ലക്ഷ്യമായ പട്ടിണിയില്ലായ്മ ഒരു സിദ്ധാന്തമായി മാത്രം കാണാതെ, ഒരു ഭരണപരമായ ദൗത്യമായി സ്വീകരിച്ച സംസ്ഥാനമാണ്.

കേരളത്തിലെ ഭക്ഷ്യഭദ്രതാ വ്യവസ്ഥ നാല് പ്രധാന തൂണുകളിലാണ് നിലനിൽക്കുന്നത്:

1. ശക്തമായ പൊതുവിതരണ സംവിധാനം
2. സപ്ലൈകോ മുഖേനയുള്ള വിപണി ഇടപെടൽ
3. സഹകരണ സംഘങ്ങൾ മുഖേനയുടെ ഇടപെടലുകൾ
4. സൗജന്യ ഭക്ഷണ വിതരണ പരിപാടികൾ

ഇവയുടെ ചരിത്രത്തിന്റെയും ഇന്നുള്ള പ്രശ്നങ്ങളുടെയും പരിശോധനയുടെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സൂചിപ്പിക്കാം.

## I
## പൊതുവിതരണ സമ്പ്രദായത്തിന്റെ ചരിത്രം

ഇന്ത്യയിൽ സാർവത്രിക റേഷനിങ് നടപ്പാക്കിയ ഏക സംസ്ഥാനം കേരളമാണ്. ഇതിൻറെ പിന്നിൽ ജനകീയ സമ്മർദ്ദങ്ങളുടെയും സമരങ്ങളുടെയും നീണ്ട ചരിത്രമുണ്ട്. 1942-ൽ രണ്ടാം ലോകയുദ്ധ കാലയളവിൽ അതിരൂക്ഷമായ ഭക്ഷ്യക്ഷാമം നേരിട്ട സാഹചര്യത്തിൽ ശക്തമായ ബഹുജന താൽപര്യവും പ്രക്ഷോഭവും മുൻനിർത്തി ബ്രിട്ടീഷ് ഭരണാധികാരികൾ അനുവദിച്ച് തുടക്കമിട്ടതാണ് കേരളത്തിലെ പൊതുവിതരണരംഗം. സ്വാതന്ത്ര്യാനന്തരം നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായി ഒരു ഭക്ഷ്യമേഖല രൂപപ്പെടുത്തുകയുണ്ടായി. ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിൽ കേരളം കമ്മി സംസ്ഥാനമാണ്. കേരളത്തിലെ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യത്തിൻറെ പകുതിയിലധികം അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. മികച്ച പൊതുവിതരണ സമ്പ്രദായം നിലനിന്നതുകൊണ്ടാണ് ദാരിദ്ര ജനവിഭാഗത്തിന് പട്ടിണി കൂടാതെയും പോഷകാഹാരനില തകരാതെയും ജീവിക്കാൻ കഴിഞ്ഞത്.

1957-ന് ശേഷമാണ് കേരളത്തിൽ സുശക്തവും സുസംഘടിതവുമായ പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നത്. ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ സുപ്രധാനമായ ഇടപെടലുകളിൽ ഒന്നായിരുന്നു ഇത്. 1964 നവംബർ 1 മുതലാണ് കേരളത്തിൽ സാർവ്വത്രിക റേഷൻ നടപ്പിലാക്കിയത്. ഇതിന് പിന്നിൽ എ.കെ. ജി.യുടെ നേതൃത്വത്തിലുള്ള ജനകീയ പ്രക്ഷോഭമായിരുന്നു. 1969-ൽ റേഷനിങ് ഓർഡർ നടപ്പിലാക്കി. ലൈസൻസുള്ള റേഷൻകടകളുടെ ശൃംഖലയിലൂടെ അരി, ഗോതമ്പ്, പഞ്ചസാര, ഭക്ഷ്യഎണ്ണ, മണ്ണെണ്ണ എന്നിവ വിതരണം ചെയ്യപ്പെട്ടു. ദാരിദ്രരും ഇടത്തരക്കാരും പൂർണ്ണമായും ഇതിനെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്.

1980 മുതൽ പ്രവർത്തനമാരംഭിച്ച കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് പൊതുവിതരണ സമ്പ്രദായത്തിൻറെ മറ്റൊരു സുപ്രധാന ഏജൻസി. അരിയും പലവ്യഞ്ജനങ്ങളും പൊതുവിപണിയിൽ നിന്ന് സ്വതന്ത്രമായി സംഭരിച്ച് സൂപ്പർമാർക്കറ്റുകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡറേഷൻറെ ത്രിവേണി സ്റ്റോറുകളുടേയും നീതിസ്റ്റോറുകളുടേയും വിപുലമായ ശൃംഖലവഴിയുള്ള പ്രവർത്തനമാണ് പൊതുവിതരണ സമ്പ്രദായത്തിൻറെ മൂന്നാമത്തെതലം.

1960-70 കാലത്ത് കേരളം രൂപംകൊടുത്ത സാർവ്വത്രിക പൊതുവിതരണ ശൃംഖല സംവിധാനം, ഘടന, പ്രവർത്തനം, ഗുണനിലവാരം, പ്രാബല്യം എന്നിവയിലെല്ലാം മികച്ചതും മാതൃകാപരവും എന്ന് വിലയിരുത്തപ്പെടുന്നു. ആപേക്ഷികമായി താഴ്ന്ന വിലത്തോത്,

സന്തുലിതവും നീതിപൂർവ്വകവുമായ വിതരണക്രമം, ദുർബ്ബല വിഭാഗങ്ങൾക്ക് നിയന്ത്രിത വിലയ്ക്ക് ഭക്ഷ്യ ലഭ്യത, വിപുലമായ സംഭരണ - വിതരണ ശൃംഖല - മൊത്തവിതരണ - ചില്ലറ വില്പന കേന്ദ്രങ്ങൾ, കുറ്റമറ്റതും കാര്യക്ഷമവുമായ ഉദ്യോഗസ്ഥ വകുപ്പുതല സംവിധാനം, മുതലായവയെല്ലാം അന്ന് കേരളത്തിൻറെ സവിശേഷതയായിരുന്നു. ആകെ 14203 വില്പന കേന്ദ്രങ്ങളിൽ 12203 എണ്ണവും ഗ്രാമപ്രദേശങ്ങളിൽ ആയിരുന്നു എന്നത് തന്നെ ഈ സംവിധാനത്തിൻറെ കരുത്തും പ്രാപ്തിയും സേവനക്ഷമതയും വെളിപ്പെടുത്തുന്നു.

സർവ്വീസ് സഹകരണ സംഘങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന നീതീസ്റ്റോറുകളും ഇന്ന് വ്യാപകമാണ്. ഉത്സവകാലങ്ങളിൽ പ്രത്യേകിച്ച് സർക്കാർ നൽകുന്ന സബ്സിഡിക്ക് പുറമേ സഹകരണ സ്ഥാപനങ്ങളും കൺസ്യൂമർ ഫെഡറേഷനും കുറഞ്ഞ വിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കാനുള്ള ബാധ്യത ഏറ്റെടുത്ത് പ്രവർത്തിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിൻറെ മൂലധനവും പശ്ചാത്തല സൗകര്യങ്ങളും ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പ്രവർത്തനം സർക്കാർ ഖജനാവിനുള്ള ഭാരം കുറയുന്നതിനോടൊപ്പം കേരള ജനതയ്ക്ക് ആശ്വാസകരവുമാണ്. എല്ലാ എൽഡിഎഫ് ഭരണകാലത്തും അതിനു മുമ്പുള്ള യുഡിഎഫ് ഭരണകാലത്തെ അപേക്ഷിച്ച് പൊതുവിതരണത്തിനുള്ള അടങ്കൽ ഗണ്യമായി ഉയർത്തുന്ന അനുഭവമാണുള്ളത്.

1989 വരെ രാജ്യത്തെ തന്നെ മികച്ച പൊതു വിതരണ സംവിധാനമായി കേരളത്തിലെ ന്യായവില റേഷനിങ് സമ്പ്രദായം നിലനിന്നു. കേരളത്തിലാകട്ടെ 1991-97 കാലയളവാകുമ്പോഴേക്കും 95% ജനവിഭാഗവും പൊതുവിതരണ ശൃംഖലയുടെ ഗുണഭോക്താക്കളായിരുന്നു. 95% കുടുംബങ്ങളും റേഷൻ കാർഡ് ഉടമകളായിരുന്നു. എല്ലാവിധ ഔദ്യോഗിക ആവശ്യങ്ങൾക്കും അടിസ്ഥാന തിരിച്ചറിയൽ തെളിവിന് ഉപാധിയായി റേഷൻ കാർഡ് അംഗീകൃതമായിരുന്നു അക്കാലത്ത്. നിലവിൽ ഏറ്റവും ഉയർന്ന ഭക്ഷ്യലഭ്യത (52 കിലോ/പ്രതിമാസം/പ്രതിശീർഷം) കേരളം ഉറപ്പാക്കിയിരുന്നു. അരിയും ഗോതമ്പും ചേർന്ന് 62.8 കിലോഗ്രാം/പ്രതിമാസം/പ്രിതിശീർഷം കേരളത്തിൽ ലഭ്യമായിരുന്നു. പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് പ്രതിമാസ വിഹിതമായി 13.8 കിലോ ഗ്രാം (460 ഗ്രാം പ്രതിദിനം) ഭക്ഷ്യവിഭവം ഉറപ്പാക്കുന്നനിലയിൽ കേരളം എത്തിചേർന്നിരുന്നു. ശക്തമായ ഉപഭോക്തൃ നിയന്ത്രണം, ഉയർന്ന നിലവാരമുള്ള വിലനിയന്ത്രണ നടത്തിപ്പ്, കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അവധിവ്യാപാരവും തടയുക, നേരിട്ടുള്ള സംഭരണവും - വിതരണവും പ്രാവർത്തികമാക്കുക, ജനപങ്കാളിത്തമുള്ള നീരീക്ഷണ സംവിധാനങ്ങൾ ഒരുക്കുക മുതലയാവയിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്.

എന്നാൽ 1997-ലെ നവഉദാരവത്കരണനയ സമീപനങ്ങൾ കേരളത്തിൻറെ മാതൃകാ പ്രവർത്തനങ്ങളിൽ ഒന്നായ പൊതുവിതരണ ശൃംഖലയെ ദുർബലപ്പെടുത്തി. 1997-ൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നയപരമായ മാറ്റത്തിലൂടെ സർവ്വത്രിക ഭക്ഷ്യ വിതരണമെന്നത് ലക്ഷ്യാധിഷ്ഠിക (ടാർഗറ്റഡ്) ഭക്ഷ്യവിതരണ സംവിധാനമായി മാറി. അതോടെ ഭക്ഷ്യവിതരണ ശൃംഖലയുടെ ഗുണഭോക്താക്കൾ എപിഎൽ - ബിപിഎൽ വിഭാഗമായി വേർതിരിക്കപ്പെട്ടു.

1960-കളിൽ കേന്ദ്രം നൽകിയ ഉറപ്പനുസരിച്ച്, കേരളത്തിന്റെ പ്രത്യേക കാർഷിക ഘടന-തോട്ടവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, വ്യാപാര വിളകൾ- എന്നിവ പരിഗണിച്ച് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര പൂളിൽ നിന്ന് നൽകുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ പിന്നീട് ഈ ഉറപ്പുകൾ പൂർണ്ണമായി പാലിക്കപ്പെട്ടില്ല. NFSA നടപ്പിലാക്കിയതോടെ, കേരളത്തിന് ലഭിക്കുന്ന ധാന്യ വിഹിതം കൂടുതൽ ചുരുങ്ങി. സാർവ്വത്രിക റേഷനിങ് സമ്പ്രദായം അവസാനിപ്പിക്കപ്പെട്ടു.

## II
## നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ടിന്റെ (NFSA) പ്രത്യാഘാതങ്ങൾ

2025 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 94.92 ലക്ഷം റേഷൻ കാർഡുകളുണ്ട്. സംസ്ഥാനത്ത് 13858 ന്യായവില കടകൾ പ്രവർത്തിക്കുന്നു. 2024-25-ൽ പൊതുവിതരണ സംവിധാനത്തിലൂടെ 13.69 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം വിതരണം ചെയ്തു. ഇതിൽ 2.41 ലക്ഷം മെട്രിക് ടൺ എഎവൈ കാർഡുടമകൾക്കും 7.53 ലക്ഷം മെട്രിക് ടൺ മുൻഗണനാ കാർഡുടമകൾക്കും വിതരണം ചെയ്തു.

റേഷൻ കാർഡ് ഉടമകളെ ആറ് വിഭാഗങ്ങളായി തിരിക്കാം. ഇതിന്റെ വിശദാംശങ്ങൾ പട്ടിക 1-ൽ നൽകിയിട്ടുണ്ട്. ഒന്ന്, 5.9 ലക്ഷം വരുന്ന അന്ത്യോദയ അന്ന യോജന (AAY) മഞ്ഞ കാർഡ് ഉടമകളാണ്. രണ്ട്, 36.3 ലക്ഷം വരുന്ന ചുവന്ന കാർഡുള്ള മുൻഗണനാ കുടുംബങ്ങൾ (PHH) ആണ്. മൂന്ന്, 22.3 ലക്ഷം വരുന്ന മുൻഗണനാ ലിസ്റ്റിൽപ്പെടാത്ത സബ്സിഡിക്ക് അർഹരായ നീല കാർഡുകാരാണ് (NPS). നാല്, 30.1 ലക്ഷം വരുന്ന വെള്ളകാർഡുള്ള മുൻഗണനാ ലിസ്റ്റിൽപ്പെടാത്ത മറ്റുള്ളവരാണ് (NPNS). അഞ്ച്, 0.3 ലക്ഷം വരുന്ന അഗതിമന്ദിരങ്ങളിലും മറ്റും താമസിക്കുന്ന ബ്രൗൺ കാർഡുകാരാണ് (NPI). ഇവർ ഓരോ വിഭാഗത്തിനും ലഭിക്കുന്ന റേഷന്റെ അളവും പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്.

NFSA പ്രകാരം അന്ത്യോദയ/പ്രയോറിറ്റി വിഭാഗങ്ങൾക്ക് ധാന്യം സൗജന്യമായി കേന്ദ്രം നൽകുന്നു. എന്നാൽ Non-Priority വിഭാഗങ്ങൾക്ക് സംസ്ഥാനങ്ങൾ കേന്ദ്രത്തിൽ നിന്ന് നിശ്ചിത വിലയ്ക്ക് വാങ്ങണം. ഒരു കിലോ ധാന്യത്തിന് 8.30 രൂപ നൽകേണ്ടതുണ്ട്. കൂടാതെ, കടത്തുകൂലി ഏകദേശം 3.84 രൂപ വരെ വരുന്നു. ഇതിൽ വെറും 76 പൈസ മാത്രമാണ് കേന്ദ്രം തിരിച്ചടയ്ക്കുന്നത്. ബാക്കി 3.08 രൂപ സംസ്ഥാനത്തിന് തന്നെ വഹിക്കണം. കേരളത്തിന്റെ വാർഷിക സബ്സിഡി 2025-26-ൽ 110 കോടി രൂപ വരും.

**പട്ടിക 1**
**കേരളത്തിലെ വിവിധയിനം റേഷൻ കാർഡുകാർ**

| ഇനം | കാർഡിന്റെ നിറം | എണ്ണം (ലക്ഷത്തിൽ) | ശതമാനം | റേഷൻ (കിലോ) | വില (രൂപ - കിലോയ്ക്ക്) |
|---|---|---|---|---|---|
| AAY | മഞ്ഞ | 5.9 | 6.24 | അരി - 30<br>ഗോതമ്പ്–5<br>പഞ്ചസാര - 1 | സൗജന്യം 7 27 |
| PHH | ചുവപ്പ് | 36.3 | 38.26 | അരി - 5 (ഒരാൾക്ക്) | സൗജന്യം |
| NPS | നീല | 22.3 | 23.50 | അരി - 2 (ഒരാൾക്ക്) | 4 |
| NPNS | വെള്ള | 30.1 | 31.70 | അരി - 10 | 10.90 |
| NPI | ബ്രൗൺ | 0.3 | 0.3 | അരി - 2 | 10.90 |

അങ്ങനെ, ഒരു കിലോയ്ക്ക് ഏകദേശം 11.38 രൂപ ചെലവഴിച്ച് വാങ്ങുന്ന ധാന്യം, നീല കാർഡുകാർക്ക് കിലോയ്ക്ക് 4 രൂപ എന്ന നിരക്കിൽ വിതരണം ചെയ്യുന്നു. അധിക വിഹിതം 10.90 രൂപ. വെള്ള, ബ്രൗൺ കാർഡുകൾക്കും 10.90 രൂപ. ഈ വ്യത്യാസം സംസ്ഥാനത്തിന്റെ സബ്സിഡി ഭാരം വ്യക്തമാക്കുന്നു.

ടൈഡ് ഓവർ സ്കീം വഴി 3.99 ലക്ഷം മെട്രിക് ടൺ അധിക വിഹിതം ലഭിച്ചിരുന്നെങ്കിലും, അത് സ്ഥിരപരിഹാരമല്ല. ഉത്സവകാലങ്ങളിൽ വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരസിക്കപ്പെട്ടിട്ടുണ്ട്.

2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം (NFSA) TPDS-നെ ഒരു നിയമപരമായ അവകാശമായി ഉയർത്തിയെങ്കിലും, സംസ്ഥാനങ്ങൾക്ക് അനുവദിച്ച ക്വാട്ടയിൽ അസമത്വം നിലനിന്നു. നിയമപ്രകാരം ഗ്രാമീണ ജനസംഖ്യയുടെ 75 ശതമാനവും നഗര ജനസംഖ്യയുടെ 50 ശതമാനവും അന്ത്യോദയ/പ്രയോറിറ്റി വിഭാഗങ്ങളിൽ ഉൾപ്പെടണം. എന്നാൽ ഈ ശതമാനം ഓരോ സംസ്ഥാനത്തും തുല്യമായി ബാധകമല്ല; കേന്ദ്രം സംസ്ഥാനവാരിയായ ക്വാട്ട നിശ്ചയിച്ചു. കേരളത്തിന് 43 ശതമാനം മാത്രമാണ് അനുവദിച്ചത്.

3.53 കോടി ജനസംഖ്യയിൽ 43 ശതമാനം പേർക്ക് വേണ്ടിയുള്ള ധാന്യ വിഹിതം ഏകദേശം 10.25 ലക്ഷം മെട്രിക് ടൺ ആണ്. അതായത്, മുൻപ് ലഭിച്ചിരുന്ന 16.25 ലക്ഷം മെട്രിക് ടൺ പോലും 2013-നുശേഷം കുറഞ്ഞു. കേരളത്തിന്റെ ആവശ്യം കുറഞ്ഞില്ല; മറിച്ച് ജനസംഖ്യ, നഗരവൽക്കരണം, കുടിയേറ്റ തൊഴിലാളികളുടെ വർദ്ധനവ് തുടങ്ങിയവ കാരണം ആവശ്യകത വർദ്ധിച്ചത് സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കി.

## ഓപ്പൺ മാർക്കറ്റ് സ്കീമിന്റെ അവസാനിപ്പിക്കൽ

മുൻകാലങ്ങളിൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (FCI) ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം (OMS) വഴി മിച്ച ധാന്യം സംസ്ഥാനങ്ങൾക്ക് ലേലത്തിൽ നൽകുകയായിരുന്നു. കേരളം ഈ ലേലത്തിൽ പങ്കെടുത്ത് കിലോയ്ക്ക് 26-29 രൂപ നിരക്കിൽ ചാക്കരി വാങ്ങി, സപ്ലൈകോ വഴി 23-25 രൂപ നിരക്കിൽ വിതരണം ചെയ്തു. ഇത് വിപണി വില നിയന്ത്രിക്കാൻ സഹായിച്ചു.

എന്നാൽ OMS അവസാനിപ്പിച്ചതോടെ, FCI നേരിട്ട് നാഫെഡ് (NAFED), നാഷണൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ (NCCF) തുടങ്ങിയ സ്ഥാപനങ്ങൾക്ക് ധാന്യം നൽകാൻ തുടങ്ങി. ഇതിന്റെ ഭാഗമായി "ഭാരത് റൈസ്" എന്ന ബ്രാൻഡ് അവതരിപ്പിച്ചു. കിലോയ്ക്ക് 29 രൂപ നിരക്കിൽ പച്ചരി വിതരണം ചെയ്യുന്നത് വിപണി ഇടപെടലായി അവതരിപ്പിക്കപ്പെട്ടു.

കേരളത്തിലെ ഭക്ഷ്യശീലങ്ങളിൽ പ്രധാനമായും ഉപയോഗിക്കുന്നത് ചാക്കരിയാണ് (boiled rice). OMS തുടർന്നിരുന്നെങ്കിൽ സംസ്ഥാനത്തിന് ആവശ്യാനുസൃതമായി ചാക്കരി വാങ്ങാനാകുമായിരുന്നു. "ഭാരത് റൈസ്" പദ്ധതിയിൽ ലഭിക്കുന്നത് പ്രധാനമായും പച്ചരിയാണ്. വിലയിൽ വലിയ കുറവ് ഇല്ലാതെ, ബ്രാൻഡിങ് മുഖേന വിപണി ഇടപെടൽ നടത്തുന്നതാണ് ഇതിന്റെ സവിശേഷത.

## "ശബരി കെ റൈസ്": സംസ്ഥാനത്തിന്റെ ഇടപെടൽ

ഈ പശ്ചാത്തലത്തിലാണ് കേരളം "ശബരി കെ റൈസ്" പദ്ധതി ആരംഭിച്ചത്. ആന്ധ്രപ്രദേശ് മുതലായ സംസ്ഥാനങ്ങളിൽ നിന്ന് കിലോയ്ക്ക് 41 രൂപ വരെ നൽകി കസ്റ്റം മിൽഡ് റൈസും ചാക്കരിയും വാങ്ങി, 27-29 രൂപ നിരക്കിൽ ജനങ്ങൾക്ക് നൽകുന്നു. മുഴുവൻ സബ്സിഡിയും സംസ്ഥാനമാണ് വഹിക്കുന്നത്.

ഇത് വെറും വിലക്കുറവ് പദ്ധതി മാത്രമല്ല; വിപണിയിലെ വിലവർദ്ധനയും കേന്ദ്ര നയപരമായ നിയന്ത്രണങ്ങളും മറികടക്കാനുള്ള സംസ്ഥാനത്തിന്റെ നയപരമായ ഇടപെടലാണ്. പൊതുവിതരണ സംവിധാനത്തിന്റെ സാമൂഹ്യ നീതി സ്വഭാവം സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ എടുത്ത ഒരു രാഷ്ട്രീയ തീരുമാനമായി ഇതിനെ കാണാം.

## പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവത്കരണം

പൊതുവിതരണ സംവിധാനത്തെ ആധുനികവത്കരിച്ച് ശക്തിപ്പെടുത്താനുള്ള പ്രധാന ചുവടുവയ്പ്പാണ് "കേരള സ്റ്റോർ" അഥവാ കെ-സ്റ്റോർ പദ്ധതി. നിലവിൽ സംസ്ഥാനത്ത് 2181 കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നു. പടിപടിയായി എല്ലാ റേഷൻ കടകളെയും കെ-സ്റ്റോറുകളാക്കി മാറ്റുകയാണ് ലക്ഷ്യം.

കെ-സ്റ്റോറുകളുടെ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്:

- 10,000 രൂപ വരെ പിൻവലിക്കാനാകുന്ന മിനി എ.ടി.എം സൗകര്യം
- വൈദ്യുതി, ജലക്കരം തുടങ്ങിയ യൂട്ടിലിറ്റി ബിൽ പേമെന്റ്
- പാചകവാതക വിതരണം
- സപ്ലൈകോ, മിൽമ തുടങ്ങിയ പൊതുമേഖലാ ഉൽപ്പന്നങ്ങളുടെ വിപണനം
- ചെറുകിട സംരംഭകർക്ക് വിപണന അവസരം

ഇത് റേഷൻ കടകളെ സാധാരണ ധാന്യവിതരണ കേന്ദ്രങ്ങളിൽ നിന്ന് ഗ്രാമീണ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന നൂതന ശ്രമമാണ്.

കിടപ്പുരോഗികൾക്കും റേഷൻ കടയിൽ എത്താൻ കഴിയാത്തവർക്കും റേഷൻ വീട്ടിലെത്തിച്ചു നൽകുന്ന "ഒപ്പം" പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹിക കരുതലിന്റെ ഉദാത്ത മാതൃകയാണ് ഇത്.

മലയോര ഗോത്രപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി "സഞ്ചരിക്കുന്ന റേഷൻ കട" പദ്ധതി നടപ്പിലാക്കി. 11 ജില്ലകളിലെ 21 താലൂക്കുകളിലായി 146 ആദിവാസി ഉന്നതികളിൽ ഈ സേവനം ലഭ്യമാക്കുന്നു.

## മുൻഗണനാ കാർഡുകളുടെ പുനർവിതരണം

ഓപ്പറേഷൻ യെല്ലോ എന്ന പേരിൽ നടത്തിയ പരിശോധനയിലൂടെ അനർഹരിൽ നിന്ന് കാർഡുകൾ പിൻവലിക്കുകയും 603845 മുൻഗണനാ കാർഡുകൾ അർഹരായവർക്ക് പുനർവിതരണം ചെയ്യുകയും ചെയ്തു. ഭക്ഷ്യഭദ്രതയിൽ ലക്ഷ്യബോധമുള്ള ഇടപെടലിന്റെ ഉദാഹരണമാണ് ഇത്.

## എല്ലാവർക്കും റേഷൻ കാർഡ്

2021-26 കാലത്ത് 6.38 ലക്ഷം പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തെരുവ് നിവാസികൾക്കും ആധാർ അടിസ്ഥാനത്തിൽ കാർഡ് അനുവദിച്ചതും ഉൾപ്പെടുന്നു.

## സപ്ലൈകോയും വിപണി ഇടപെടലും

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) വിപണി ഇടപെടലിലൂടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. സപ്ലൈകോ വഴി നൽകുന്ന പ്രധാനപ്പെട്ട സേവനങ്ങൾ ഇവയാണ്:

- 13 അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം
- ശരാശരി 20-30% വിലക്കുറവിൽ വിൽപ്പന
- 40 ലക്ഷത്തിലധികം കാർഡുടമകൾക്ക് പ്രതിമാസ സേവനം
- 1630 വിൽപ്പനശാലകൾ പ്രവർത്തനം
- ഓണക്കാലത്ത് ശബരി കെ റൈസ് 25 രൂപ നിരക്കിൽ ലഭ്യമാക്കിയതിലൂടെ വിപണി വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചു. വെളിച്ചെണ്ണ വില വർദ്ധിച്ച സമയത്ത് സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും ചെയ്തു.

## പോഷകസുരക്ഷയും ഫോർട്ടിഫൈഡ് അരിയും

സൂക്ഷ്മപോഷകങ്ങളുടെ കുറവ് (അനീമിയ) പരിഹരിക്കാൻ അയേൺ, ഫോളിക് ആസിഡ്, വിറ്റാമിൻ B12 ചേർത്ത ഫോർട്ടിഫൈഡ് അരി വിതരണം ആരംഭിച്ചു. 2023 ജൂൺ മുതൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വിതരണം നടന്നു.

സപ്ലൈകോ സംസ്ഥാനത്ത് വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയാണ്. കർഷകരിൽ നിന്ന് നെല്ല് വാങ്ങി അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നു.

- ഒരു കിലോ നെല്ലിന് 30 രൂപ സംഭരണവില
- 4 വർഷത്തിൽ 2187.1 കോടി രൂപ പ്രോത്സാഹന ബോണസ്
- 7344.39 കോടി രൂപ സംഭരണവിലയായി വിതരണം

ഇത് ഭക്ഷ്യഭദ്രതയും കാർഷിക സംരക്ഷണവും തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തുന്നു.

## സഹകരണ മേഖലയുടെ ഇടപെടൽ

കൺസ്യൂമർഫെഡ്ഡാണ് ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ അപക്സ് ബോഡി. 165-183 ത്രിവേണി സൂപ്പർമാർക്കറ്റുകളും മിനി ത്രിവേണി സ്റ്റോറുകളും കൺസ്യൂമർഫെഡ് നേരിട്ടു നടത്തുന്നുണ്ട്. 3000-ത്തിലേറെ കോടി രൂപയുടെ ടേണോവർ ഉണ്ട്. 2500 ജീവനക്കാരുമുണ്ട്.

ഇതിനു പുറമേ, പ്രൈമറി സഹകരണ സംഘങ്ങൾ വഴിയുള്ള 1200 ഓളം മെഡിക്കൽ നീതിസ്റ്റോറുകളും 1000 മറ്റു നീതിസ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. ഉത്സവകാലങ്ങളിൽ ഏതാണ്ട് എല്ലാ പ്രൈമറി സഹകരണ സംഘങ്ങളും ഉത്സവ ചന്തകളും സംഘടിപ്പിക്കാറുണ്ട്.

ഇപ്പോൾ നെല്ല് സംഭരണത്തിനു മുൻകൈയെടുത്തിട്ടുള്ളത് സഹകരണ സംഘങ്ങളുടെ കൺസോർഷ്യമാണ്.

## സൗജന്യ ഭക്ഷണവിതരണ പരിപാടികൾ

വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി "സുഭിക്ഷ ഹോട്ടൽ" വഴി 30 രൂപ നിരക്കിൽ എല്ലാവർക്കും ഉച്ചഭക്ഷണം നൽകുന്നു. പ്രതിമാസം ഏകദേശം

3.5 ലക്ഷം പേർക്ക് ഇതിലൂടെ പ്രയോജനം ലഭിക്കുന്നു. കൂടാതെ ജനകീയ ഹോട്ടലുകൾക്ക് പൊതുവിതരണ വകുപ്പ് അരി സബ്സിഡി നിരക്കിൽ നൽകുന്നു.

ഈ മേഖലയിലെ മുഖ്യമായ ഇടപെടൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ജനകീയ ഹോട്ടലുകളാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഒന്ന് വീതമെങ്കിലും ഇത്തരം സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. 20 രൂപയ്ക്ക് ഭക്ഷണം വളരെ ജനപ്രിയമായിരുന്നു. എന്നാൽ സബ്സിഡി നിർത്തിയതോടെ ജനകീയ ഹോട്ടലുകളുടെ ആകർഷണീയത കുറഞ്ഞു. കൊച്ചി കോർപ്പറേഷൻ പോലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ സമൃദ്ധി പോലുള്ള വിപുലമായ ഭക്ഷ്യവിതരണ സംവിധാനങ്ങൾ നടത്തുന്നുണ്ട്.

ഇതിനും പുറമേയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടുള്ള സ്കൂൾ ഉച്ചഭക്ഷണ പരിപാടി. എന്നാൽ കേരളത്തിൽ കേന്ദ്ര സഹായത്തേക്കാൾ കൂടുതൽ പ്രാദേശിക വിഭവ സമാഹരണത്തിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണം പോഷകാഹാരം സമൃദ്ധമാക്കുകയും, പലയിടത്തും പ്രാതലും വിദ്യാർത്ഥികൾക്കു നൽകുന്ന സ്ഥിതിയുണ്ട്. അങ്കണവാടികളിലും സൗജന്യ പോഷകാഹാരം വിതരണം ചെയ്യുന്നു.

ഡിവൈഎഫ്ഐയുടെ ആഭിമുഖ്യത്തിൽ ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള ഭക്ഷണവിതരണം പ്രസിദ്ധമാണ്. ഇതിനു പുറമേ പല പായിലേറ്റീവ് സംഘടനകളും സുസ്ഥിരമായ രീതിയിൽ കിടപ്പുരോഗികൾക്കു ഭക്ഷണം എത്തിക്കാറുണ്ട്. ആലപ്പുഴ, ചേർത്തല മേഖലയിൽ ഏതാണ്ട് 800 ത്തോളം കുടുംബങ്ങൾക്ക് എട്ട് വർഷമായി ഇത്തരത്തിൽ ഭക്ഷണം വിതരണം ചെയ്യുന്നു.

## III
## കേരളത്തിലെ ഭക്ഷ്യ ഭദ്രത: ഭാവി നിർദ്ദേശങ്ങൾ

ഭക്ഷ്യ ഭദ്രതയെ വെറും കലോറി ലഭ്യതയായി കാണാനാകില്ല. ലഭ്യത (availability), പ്രാപ്യത (access), ഉപയോഗം (utilisation), സ്ഥിരത (stability) എന്നീ നാല് ഘടകങ്ങൾ ഉൾക്കൊള്ളുന്ന ആശയമാണ് ഇത്. കേരളത്തിൽ PDS പ്രാപ്യത ഉറപ്പാക്കുന്നു. എന്നാൽ ആഭ്യന്തര ഉൽപ്പാദനം കുറയുന്നത് ലഭ്യതയുടെ ദീർഘകാല ചോദ്യമായി നിലനിൽക്കുന്നു.

80 ശതമാനം ഭക്ഷ്യക്കമ്മിയുള്ള സംസ്ഥാനത്ത് ചെറുവിഭാഗത്തിനു മാത്രമായി ഭക്ഷ്യസുരക്ഷ കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിരിക്കുകയാണ്. സാധാരണ കാലത്ത് കമ്പോള പ്രവർത്തനത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുമെങ്കിലും ഭക്ഷ്യക്ഷാമം പോലുള്ള പ്രതിസന്ധികളുണ്ടാകുമ്പോൾ ഇത് അതീവഗൗരവമായ പ്രതിസന്ധിയായി മാറും. ഈ പശ്ചാത്തലത്തിലാണ് കേരളം വലിയ തോതിൽ സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊണ്ട് നെൽകൃഷി സംരക്ഷിക്കാൻ ശ്രമിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷി വകുപ്പും നൽകുന്ന കാർഷിക സഹായങ്ങൾക്കു പുറമേ സംഭരണവിലയിൽ അധികമായി ആറ് രൂപ സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. ഇത് നിർത്തലാക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ ഏറ്റവും പുതിയ ആവശ്യം. കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പു നൽകാൻ കേന്ദ്രം തയ്യാറല്ല. അതേസമയം, കേരളത്തിലെ നെൽകൃഷി സംരക്ഷിക്കാൻ കൂടുതൽ ധനസഹായം നൽകുന്നതിൽ സംസ്ഥാന സർക്കാരിനെ വിലക്കുകകൂടി ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു വിരോധാഭാസത്തിന് നാം സാക്ഷ്യംവഹിക്കുകയാണ്.

1. കേരളത്തിന്റ റേഷൻ യഥാർത്ഥ ആവശ്യകത അനുസരിച്ച് NFSA ക്വാട്ട പുനഃപരിശോധിക്കാനുള്ള പ്രക്ഷോഭം ഉയർത്തണം. കേന്ദ്രത്തിന്റെ കടത്തു കൂലി പങ്കാളിത്തം വർദ്ധിപ്പിക്കണം.
2. OMS പുനരാരംഭിക്കണം. സംസ്ഥാനങ്ങൾക്ക് ആവശ്യാനുസൃതമായി ധാന്യം വാങ്ങാൻ അവസരം നൽകണം.
3. ആഭ്യന്തര ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.
4. കമ്പോള ഇടപെടൽ ശക്തിപ്പെടുത്തണം. സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡ്ഡിനും ഇതിനാവശ്യമായ ധനസഹായം നൽകണം.
5. പോഷകസുരക്ഷയ്ക്കായി അരി-ഗോതമ്പ് കേന്ദ്രീകൃത സമീപനത്തിൽ നിന്നു മാറി പയർവർഗ്ഗങ്ങളും മില്ലെറ്റുകളും റേഷനിൽ ഉൾപ്പെടുത്തണം.
6. സുതാര്യത ഉറപ്പാക്കുന്നതിന് ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം.
7. ജനകീയ ഹോട്ടൽ ശൃംഖല തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പുന:സ്ഥാപിക്കണം.
8. സൗജന്യ ഭക്ഷണം നൽകുന്നതിനുള്ള സന്നദ്ധസംഘടനകളുടെയും ബഹുജന സംഘടനകളുടെയും ആരാധനാലയങ്ങളുടെയും മുൻകൈയെ പ്രോത്സാഹിപ്പിക്കണം.

കേരളം പൊതുവിതരണ സംവിധാനത്തിൽ സാർവത്രികതയുടെ (universalism) തത്വത്തെ പുനഃസ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കണം. "അർഹത" അടിസ്ഥാനമാക്കിയുള്ള ഒഴിവാക്കൽ പിഴവുകൾ ഒഴിവാക്കാൻ സാർവത്രിക വിതരണമാണ് കൂടുതൽ നീതിയുക്തം. സംസ്ഥാനത്തിന് ലഭിക്കുന്ന ധാന്യ വിഹിതം കുറഞ്ഞ സാഹചര്യത്തിൽ, സംസ്ഥാന സംഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. സഹകരണ മേഖലയെ കൂടുതൽ പ്രാപ്തമാക്കണം.

കേരളത്തിലെ പൊതുവിതരണ സംവിധാനം ഒരു ഭരണകാര്യ സംവിധാനമല്ല; അത് സാമൂഹ്യ നീതിയുടെ ഒരു രാഷ്ട്രീയ പ്രസ്താവനയാണ്. NFSA നടപ്പാക്കലിലെ അസമത്വങ്ങൾ, OMS അവസാനിപ്പിക്കൽ, "ഭാരത് റൈസ്" പോലുള്ള പദ്ധതികൾ എന്നിവ സംസ്ഥാനത്തിന്റെ ഭക്ഷ്യ നയങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിലും, "ശബരി കെ റൈസ്" പോലുള്ള ഇടപെടലുകൾ സംസ്ഥാനത്തിന്റെ ജനക്ഷേമ പ്രതിബദ്ധത വ്യക്തമാക്കുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിൽ, വിശപ്പുരഹിതവും പോഷകസമൃദ്ധവുമായ കേരളം സൃഷ്ടിക്കുന്ന ദിശയിലാണ് പൊതുവിതരണ സംവിധാനം മുന്നേറേണ്ടത്.

# 20

# സഹകരണം

നവകേരള നിർമ്മിതിയിൽ സഹകരണ മേഖലയ്ക്ക് നിർണ്ണായക പങ്കുണ്ട്. പൊതുമേഖലയോടൊപ്പം സഹകരണ മേഖല സാമ്പത്തികരംഗത്ത് സാമൂഹിക ഇടപെടലിന്റെ ഒരു പ്രധാനപ്പെട്ട ഏജൻസിയാണ്. ഏതാണ്ട് എല്ലാ ഉൽപാദന മേഖലകളിലും സഹകരണ അടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾ നിലവിലുണ്ട്. സേവന-വാണിജ്യ മേഖലകളിലും സഹകരണ പ്രസ്ഥാനത്തിന്റെ സാന്നിധ്യം ശക്തമാണ്. അതോടൊപ്പം കാർഷിക, ചെറുകിട സംരംഭക മേഖലകളിൽ ധനപരമായ പിന്തുണ നൽകുന്നതിനുള്ള ഒരു സുപ്രധാന ധനകാര്യ ഏജൻസിയെന്ന സുപ്രധാന പങ്കുകൂടി സഹകരണ മേഖലയ്ക്ക് വഹിക്കാനുണ്ട്. കേരളത്തെ ധനകാര്യമായി ഞെരുക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കങ്ങളുടെ പശ്ചാത്തലത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ ധനകാര്യ ഇടപെടൽശേഷി അതീവ പ്രാധാന്യം അർഹിക്കുന്നു.

അതേസമയം, സഹകരണമേഖലയെ കൈപ്പിടിയിൽ ഒതുക്കുവാനുള്ള നീക്കമാണ് ആർഎസ്എസും കേന്ദ്ര സർക്കാരും നടത്തിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാനിബന്ധനകളെ മറികടക്കുന്നതിനുവേണ്ടി അന്തർ സംസ്ഥാന സഹകരണ സംഘങ്ങളുടെ മറവിലും നിധികളുടെ മറവിലും സമാന്തര സംവിധാനങ്ങൾ അവർ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളെയും കേന്ദ്ര ധനഏജൻസികളെയും ഇതിനുവേണ്ടി ദുരുപയോഗം ചെയ്യുകയാണ്. കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിലാണ് ഈ നടപടികൾ മറനീക്കി പുറത്തുവന്നത്. ഇതിനെ എങ്ങനെ പ്രതിരോധിക്കാമെന്നുള്ളത് ചർച്ച ചെയ്യേണ്ട ഗൗരവമായ വിഷയമാണ്.

## I
## കേരളത്തിലെ സഹകരണമേഖലയുടെ വളർച്ച

കേരളത്തിലെ സഹകരണപ്രസ്ഥാനം ഇന്ത്യയിലും ആഗോള തെക്കൻ ലോകത്തിലും (Global South) അപൂർവമായ ഒരുസാമൂഹ്യ-സാമ്പത്തിക അനുഭവമായി നിലകൊള്ളുന്നു. ഇവിടെ സഹകരണം ഒരു സ്ഥാപനാത്മക സാന്നിധ്യമായിമാത്രം ഒതുങ്ങുന്നില്ല; മറിച്ച് ജനങ്ങളുടെ ദിനചര്യയുടെ അവിഭാജ്യ ഘടകമായി അത് രൂപാന്തരപ്പെട്ടിരിക്കുന്നു. ബാങ്കിങ്, കാർഷികമേഖല, ഉപഭോക്തൃ റീട്ടെയിൽ, സേവന മേഖല, ഭവനവ്യവസ്ഥ, ആരോഗ്യപരിചരണം, സ്ത്രീകളുടെ ഉപജീവനമാർഗങ്ങൾ, ഗ്രാമവികസനം, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാമൂഹികയിടം തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിലുടനീളം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, സംസ്ഥാനത്തിന്റെ സാമൂഹിക –സാമ്പത്തിക ഘടനയുടെ കേന്ദ്രബിന്ദുവായി മാറിയിരിക്കുന്നു.

"ജനങ്ങളുടെ ഉടമസ്ഥതയിലുള്ള വികസന മാതൃക" എന്ന നിലയിൽ വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിലെ സഹകരണമേഖല, ജനാധിപത്യ ഉടമസ്ഥതയും സംസ്ഥാനത്തിന്റെ സജീവ പിന്തുണയും സാമൂഹിക ഉത്തരവാദിത്വബോധവും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച എങ്ങനെ സാധ്യമാകുന്നുവെന്ന് വ്യക്തമായി തെളിയിക്കുന്നു. അതിനാൽ, കേരളത്തിൽ സഹകരണം ഒരു സാമ്പത്തിക ഉപകരണം മാത്രമല്ല; സമത്വം, നീതി, പരസ്പര്യം എന്നീ മൂല്യങ്ങളെ പ്രതിദിന ജീവിതത്തിൽ ആവിഷ്കരിക്കുന്ന ഒരു സാമൂഹിക ദർശനമാണ്.

### സഹകരണ പ്രസ്ഥാനത്തിന്റെ ആവിർഭാവം

വ്യാവസായിക വിപ്ലവത്തിന്റെ പരിണിതഫലമായി യൂറോപ്പിൽ രൂപംകൊണ്ട വ്യാവസായിക മൂലധന വ്യവസ്ഥ, ആഴത്തിലുള്ള സാമൂഹിക –സാമ്പത്തിക പ്രതിസന്ധികളാണ് സൃഷ്ടിച്ചത്. തൊഴിലാളികളുടെ ചൂഷണം, ദാരിദ്ര്യവ്യാപനം, ജീവിതസുരക്ഷയുടെ അഭാവം എന്നിവയ്ക്ക് ഒരു സാമൂഹിക പ്രത്യുത്തരമായാണ് സഹകരണ സംഘങ്ങൾ യൂറോപ്പിൽ ഉദയം ചെയ്തത്. ഉട്ടോപ്യൻ സോഷ്യലിസ്റ്റുകളും സമരോത്സുക തൊഴിലാളി പ്രസ്ഥാനവും അവരുടേതായ സഹകരണ സംഘങ്ങൾക്കു രൂപം നൽകി.

യൂറോപ്പിൽ നിന്നു വ്യത്യസ്തമായി ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിന്റെ മുൻകൈ ഭരണകൂടത്തിൽ നിന്നായിരുന്നു. കൊളോണിയൽ ഭരണാധികാരികൾ ഇന്ത്യയിലെ ക്ഷാമങ്ങളുടെയും ഹുണ്ടിക ചൂഷണത്തിന്റെയും പശ്ചാത്തലത്തിൽ പ്രതിവിധി

യായി സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ തുടങ്ങി.

കേരളത്തിലും സഹകരണ സംഘങ്ങളുടെ വ്യാപനത്തിന് സർക്കാരുകളുടെ പിന്തുണയുണ്ടായിരുന്നു. എന്നാൽ അതോടൊപ്പം സാമൂഹിക പരിഷ്കാര ചലനങ്ങളും ദേശാഭിമാന പ്രസ്ഥാനങ്ങളും ചേർന്നുണ്ടായ ഒരു സങ്കീർണ്ണമായ ചരിത്ര പ്രക്രിയയിലൂടെ സഹകരണപ്രസ്ഥാനം കടന്നുപോയി. സാമൂഹിക നീതിയ്ക്കും സാമ്പത്തിക മോചനത്തിനുമായി പ്രവർത്തിച്ച നവോത്ഥാനപ്രസ്ഥാനങ്ങൾ, ജനങ്ങളിൽ ഐക്യബോധവും സംഘടനാപ്രവർത്തനത്തിനുള്ള ശേഷിയും വളർത്തിയെടുത്തു. ഇതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഒരു സാമൂഹിക അടിത്തറ നൽകിയത്.

1956-ൽ കേരള സംസ്ഥാനം രൂപീകൃതമാകുന്നതിന് മുമ്പ്, തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും സഹകരണ പ്രസ്ഥാനത്തിന് പ്രത്യേക നിയമവ്യവസ്ഥകൾ ആയിരുന്നു. എങ്കിലും അവയ്ക്ക് ഒരു പൊതുസാമൂഹിക പശ്ചാത്തലം ഉണ്ടായിരുന്നു. ജാതിയുടെയും മതത്തിന്റെയും പേരിൽ നിലനിന്നിരുന്ന ആഴത്തിലുള്ള അസമത്വങ്ങൾ, സാമൂഹിക ചൂഷണം, സ്വകാര്യപണമിടപാടുകാരുടെയും മദ്ധ്യവർത്തികളുടെയും ആധിപത്യം, കൂടാതെ കാർഷിക മേഖലയിലെ സ്ഥിരം പ്രതിസന്ധികൾ ഇവയെല്ലാം വലിയൊരു വിഭാഗം ജനങ്ങളെ ദാരിദ്ര്യത്തിലേക്കും നിസ്സഹായതയിലേക്കും തള്ളിവിട്ടിരുന്നു. ഈ സാഹചര്യത്തിലാണ് സഹകരണ സംഘങ്ങൾ ജനങ്ങൾക്ക് പ്രതീക്ഷയുടെയും രക്ഷാമാർഗത്തിന്റെയും ഒരു സാമൂഹിക ഉപാധിയായി മാറിയത്.

ആദ്യകാലത്ത് കേരളത്തിലെ സഹകരണ പ്രസ്ഥാനം "ഐക്യനാണയ സംഘം" എന്ന പേരിൽ വായ്പാ സഹകരണസംഘങ്ങളായിട്ടാണ് ആരംഭിച്ചത്. 1904-ലെയും 1912-ലെയും സഹകരണനിയമങ്ങൾ നിലവിൽ വന്നതോടെയാണ് ഇത്തരം സംഘങ്ങൾക്ക് നിയമപരമായ അംഗീകാരം ലഭിച്ചത്. കർഷകരെയും ചെറുകിട ഉൽപാദകരെയും സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്നതായിരുന്നു ഇവയുടെ മുഖ്യലക്ഷ്യം. തുടർന്ന് ഉപഭോക്തൃ സഹകരണസംഘങ്ങൾ രൂപംകൊണ്ടു. ന്യായവിലയിൽ അനിവാര്യ സാധനങ്ങൾ ലഭ്യമാക്കുകയായിരുന്നു ലക്ഷ്യം. ഇങ്ങനെ, സഹകരണപ്രസ്ഥാനം കാർഷികമേഖലയിലും ഉപഭോക്തൃമേഖലയിലും മറ്റ് അനുബന്ധ മേഖലകളിലേക്കും ക്രമേണ വ്യാപിച്ചു.

### കേരള സംസ്ഥാന രൂപീകരണത്തിനുശേഷം

കേരളത്തിലെ ആദ്യത്തെ സർക്കാർ സഹകരണ സംഘ പ്രോത്സാഹനത്തിന് പ്രത്യേക ഊന്നിൽ നൽകി. ലേബർ കോൺട്രാക്ട് സൊസിറ്റി അടക്കമുള്ള പുതിയ മേകലകളിലേക്ക് സഹകരണം വ്യാപിച്ചു. 1956 ഒക്ടോബർ 31-ലെ ഔദ്യോഗികരേഖകൾ പ്രകാരം, കേരളത്തിലെ സഹകരണസംഘം രജിസ്ട്രാറുടെ കീഴിൽ ആകെ 3,111 സഹകരണ സംഘങ്ങളാണ് ഉണ്ടായിരുന്നത്. ഇവയിലെ ആകെ അംഗസംഖ്യ 4.85 ലക്ഷമായിരുന്നു. സമാഹരിച്ച ഓഹരി മൂലധനം 1,106.27 ലക്ഷം രൂപയും, പ്രവർത്തനമൂലധനം 395.20 ലക്ഷം രൂപയുമായിരുന്നു. ആകെ 2,975 സംഘങ്ങൾ പ്രവർത്തനക്ഷമമായിരുന്നുവെന്നും, അവയിലെ നിക്ഷേപം 152.52 ലക്ഷം രൂപയാണെന്നും കണക്കുകൾ വ്യക്തമാക്കുന്നു.അന്നുണ്ടായിരുന്ന സഹകരണസംഘങ്ങളിൽ 2,221 എണ്ണം ലിമിറ്റഡ് സംഘങ്ങളും 890 എണ്ണം അൺലിമിറ്റഡ് സംഘങ്ങളുമായിരുന്നു.

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലും മലബാർ പ്രദേശത്തും നിലവിലുണ്ടായി രുന്ന വ്യത്യസ്ത സഹകരണനിയമങ്ങളെ ഏകീകരിച്ചുകൊണ്ട്, 1969-ലെ കേരള സഹകരണസംഘ നിയമം പാസ്സായി. കാലക്രമത്തിൽ സാമൂഹിക–സാമ്പത്തിക സാഹചര്യങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കും വികസന ആവശ്യങ്ങൾക്കുംഅനുസൃതമായി, കേരള സഹകരണ സംഘ നിയമത്തിൽ ആവശ്യമായ ഭേദഗതികളും പരിഷ്കാരങ്ങളുംവരുത്തിയിട്ടുണ്ട്. ഇതിലൂടെ സഹകരണപ്രസ്ഥാനത്തിന് നിയമ പരമായ സജീവതയും പ്രസക്തിയും നിലനിർത്താൻ സാധിച്ചതിനൊപ്പം, പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ കഴിയുന്ന ഒരു സജ്ജമായ സ്ഥാപനഘടനയും രൂപംകൊണ്ടു.

### സഹകരണശൃംഖല ഇന്ന്

ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണസംഘങ്ങളുടെ ആകെയെണ്ണം 16,429 ആയി ഉയർന്നിട്ടുണ്ട്. ഇതിൽ 12,278 സംഘങ്ങൾ (74.73 ശതമാനം) സജീവമായി പ്രവർത്തിക്കുന്നവയാണ്. അതേസമയം, 3,354 സംഘങ്ങൾ (20.42 ശതമാനം) പ്രവർത്തനം മന്ദീഭവിച്ച നിലയിലും 797 സംഘങ്ങൾ (4.85 ശതമാനം) ലിക്വിഡേഷൻ ഘട്ടത്തിലുമാണ്. ഈ കണക്കുകൾ ഭൂരിഭാഗം സഹകരണ സംഘങ്ങളും ഇപ്പോഴും പ്രവർത്തന ക്ഷമമാണെന്ന് സൂചിപ്പിക്കുന്നുവെങ്കിലും, ഏകദേശം അഞ്ചിൽ ഒരുഭാഗം സംഘങ്ങൾ പ്രവർത്തനക്ഷമത നഷ്ടപ്പെട്ടനിലയിൽ ആണുള്ളത്.

സഹകരണസംഘം രജിസ്ട്രാറുടെ നേരിട്ടുള്ള നിയന്ത്രണത്തിന് പുറമേ, വിവിധ വികസനവകുപ്പ് ഡയറക്ടർമാർ ഫങ്ഷണൽ രജിസ്ട്രാർമാരായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളും സംസ്ഥാനത്ത് സജീവമാണ്. അവയുടെ കണക്ക് ചുവടെ കൊടുക്കുന്നു:

- ഖാദി ഗ്രാമവ്യവസായ സഹകരണ സംഘം — 553
- കയർ സഹകരണസംഘം — 144
- ക്ഷീര സഹകരണസംഘം — 3592
- വ്യവസായ സഹകരണസംഘം — 2092
- മത്സ്യ സഹകരണസംഘം — 955

**ആകെ:** 7336 സഹകരണസംഘങ്ങൾ. അങ്ങനെ മൊത്തം 23000-ത്തോളം സഹകരണസംഘങ്ങൾ വിവിധ മേഖലകളിലായി പ്രവർത്തിക്കുന്നു.

## II
## കേരളത്തിലെ സഹകരണ വായ്പാ മേഖല

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ആധാര ശിലയാണ് വായ്പ (ക്രെഡിറ്റ്) സഹകരണ സംഘങ്ങൾ. അവയിൽ പ്രധാനം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (Primary Agricultural Credit Societies - PACSs) ആണ്. ഉയർന്ന പ്രവർത്തനക്ഷമത യും കുറഞ്ഞ ലിക്വിഡേഷൻ നിരക്കുകളും ഇവയുടെ സ്ഥാപനപരമായ വിശ്വാസ്യതയും സാമൂഹികാംഗീകാ രവും വ്യക്തമായി തെളിയിക്കുന്നു.

ആദ്യകാലം മുതൽ തന്നെ ചെറുകിട കർഷകരെ സ്വകാര്യ പണമിടപാടുകാരുടെയും ഫ്യൂഡൽ അധികാ രകേന്ദ്രങ്ങളുടെയും ചൂഷണത്തിൽ നിന്ന് മോചിപ്പിക്കു ന്നതിൽ വായ്പ സഹകരണസംഘങ്ങൾ നിർണ്ണായക പങ്കുവഹിച്ചു. സമകാലിക ഘട്ടത്തിലും, വ്യാപകമായ ഗ്രാമീണശാഖാ വ്യാപ്തിയും സാമൂഹിക സമീപ്യതയും മൂലം, കേരളത്തിലെ എല്ലാവരെയും ധനകാര്യ ഉൾപ്പെ ടുത്തലിന്റെ മുഖ്യ ഉപകരണങ്ങളായി സഹകരണ സംഘങ്ങൾ തുടരുന്നു.

### ക്രെഡിറ്റ് സഹകരണസംഘങ്ങളുടെ ഘടന

കേരളത്തിലെ ക്രെഡിറ്റ് സഹകരണ മേഖല ചരിത്ര പരമായി മൂന്നു -തല ഘടനയിലാണ് പ്രവർത്തിച്ചിരു ന്നത്: ഗ്രാമതലത്തിൽ പ്രാഥമിക കാർഷിക ക്രെഡിറ്റ് സഹകരണസംഘങ്ങൾ (PACSs), ജില്ലാതലത്തിൽ ജില്ലാ സഹകരണബാങ്കുകൾ, സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്.2019-ൽ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തിച്ചി രുന്ന സഹകരണ ബാങ്കുകൾ ഏകീകരിച്ച് 'കേരള ബാങ്ക്'എന്ന ഒരൊറ്റ സ്ഥാപനമായി രൂപീകരിച്ച തോടെ, ഈ ഘടന രണ്ട് തലങ്ങളായി ലളിതമാക്കി. ഇതിലൂടെ സഹകരണബാങ്കിങ് ശൃംഖലയുടെ ഏകീ കരണവും പ്രവർത്തന കാര്യക്ഷമതയും ഗണ്യമായി വർധിച്ചു.

ഇതിനോടൊപ്പം, സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ്ബാങ്കും (KSCARD Bank), ജില്ല–ബ്ലോക്ക് തലങ്ങളിലെ പ്രാഥമിക സഹകരണ കാർഷിക–ഗ്രാമ വികസന ബാങ്കുകളും (PCRDBs), അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളും ചേർന്ന് കേരളത്തിലെ സഹകരണ വായ്പാ ഘടനയെ ശക്തി പ്പെടുത്തുന്നു.

സംസ്ഥാനത്ത് നിലവിൽ 4,152 ക്രെഡിറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയിലെ മൊത്തം നിക്ഷേപം ഏകദേശം 2.51 ലക്ഷം കോടി രൂപയിലേ ക്കും, വായ്പ വിതരണം 1.85 ലക്ഷം കോടി രൂപയി ലേക്കും ഉയർന്നിട്ടുണ്ട്. ഈ ശക്തമായ സാമ്പത്തിക സാന്നിധ്യത്തിന് പിന്നിൽ മുഖ്യപങ്കുവഹിക്കുന്നത് പ്രാഥമിക കാർഷിക വായ്പ സഹകരണസംഘങ്ങ ളാണ്. അതോടൊപ്പം, PCRDB-കൾ, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെയും ശ്രദ്ധേയമായ പങ്കുമുണ്ട്.

### പ്രാഥമിക കാർഷിക സഹകര സംഘങ്ങൾ (PACS)

സംസ്ഥാനത്ത് നിലവിൽ 1,636 PACSകളും അവയുടെ 4,096 ശാഖകളും സജീവമായി പ്രവർത്തിക്കുന്നു. ഇവയിൽ പ്രവർത്തന ക്ഷമമല്ലാത്തവയുടെ നിരക്ക് വെറും 1.10 ശതമാനവും, ലിക്വിഡേഷൻ നിരക്ക് 1.83 ശതമാനവും മാത്രമാണെന്നത് PACSകളുടെ ഉയർന്ന സ്ഥാപന സ്ഥിരതയും വിശ്വാസ്യതയും വ്യ ക്തമാക്കുന്നു.

കേരളത്തിലെ PACSs, ഇന്ത്യയിലെ ഏറ്റവും വലിയ അംഗസംഖ്യയുള്ള സഹകരണ ശൃംഖലയായി കണക്കാക്കപ്പെടുന്നു. അംഗങ്ങളിൽ ഭൂരിഭാഗവും ചെറുകിട–നാമമാത്ര കർഷക കുടുംബങ്ങളിലെയും സാമൂഹിക–സാമ്പത്തികമായി പിന്നാക്കവിഭാഗങ്ങ ളിലെയും ആളുകളാണ്. ഈ വിശാലമായ അംഗത്വ അടിത്തറ, PACSs-ന് ഏകദേശം ₹1.2 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾ സമാഹരിക്കാൻ കഴിഞ്ഞി ട്ടുണ്ട്. ഇത് ഇന്ത്യയിലെ PACSകളുടെ കൈവശമുള്ള മൊത്തം നിക്ഷേപങ്ങളുടെ ഏകദേശം മൂന്നിൽരണ്ട് ഭാഗം വരുന്നതാണ്.

കേരളം ആസ്ഥാനമായ നിരവധി അനുഭവപഠനങ്ങൾ, ഗ്രാമീണ ദരിദ്രർക്കും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും ക്രെഡിറ്റ് ലഭ്യതയും പ്രാപ്യതയും വർധിപ്പിക്കുന്നതിൽ PACSs വഹിച്ച നിർണ്ണായക പങ്ക് വ്യക്തമാക്കുന്നു. സാമൂഹിക-സാമ്പത്തികമായി പിന്നാക്ക വിഭാഗങ്ങൾ സഹകരണസ്ഥാപനങ്ങളെ "സൗഹൃദപരമായ അയൽ പക്ക ബാങ്കുകൾ" എന്ന നിലയിലാണ് കാണുന്നത്. ഗ്രാമീണകേരളത്തിലെ കുറഞ്ഞ വരുമാനമുള്ള കുടും ബങ്ങളിൽ ഏകദേശംപകുതിയോളം പേർ വായ്പ ആവശ്യങ്ങൾക്ക് സഹകരണമേഖലയെ ആശ്രയിക്കു ന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു.

ദളിത്–ആദിവാസി വിഭാഗങ്ങൾക്കും അത്യന്തം ദരി ദ്രർക്കും, മറ്റ് സാമൂഹിക വിഭാഗങ്ങളെ അപേക്ഷി ച്ച്, ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളിലേക്കുള്ള ആശ്രയം കൂടുതലാണെന്നതും ശ്രദ്ധേയമാണ്. ഉപഭോക്താക്കൾ, ജീവനക്കാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർക്കിടയിലെ പരസ്പര പരിചയം, പ്ര ദേശവാസികൾക്ക് അംഗത്വം നേടാനുള്ള അവകാശം തുടങ്ങിയ സവിശേഷതകൾ സഹകരണ സ്ഥാപന ങ്ങളെ പിന്നാക്കവിഭാഗങ്ങൾക്ക് കൂടുതൽ സമീപി ക്കാവുന്നതാക്കുന്നു. അതേസമയം, സങ്കീർണ്ണമായ നടപടിക്രമങ്ങളും ഔപചാരിക അന്തരീക്ഷവും വാണി ജ്യബാങ്കുകളോട് ദരിദ്രർക്കിടയിൽ ഒരു അകലം സൃഷ്ടി ക്കുന്നതായും പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

റിസർവ് ബാങ്ക് ഓഫ്ഇന്ത്യയുടെ 2024-ലെ കണക്കുകൾ പ്രകാരം, സംസ്ഥാനത്തെ വാണിജ്യ ബാങ്ക് ശാഖകളിൽ വെറും 5.3% മാത്രമാണ് ഗ്രാ മപ്രദേശങ്ങളിലുള്ളത്. നഗരപ്രദേശങ്ങളിൽ 22.5%വും അർധനഗരപ്രദേശങ്ങളിൽ 72.2% ശതമാനവും ശാഖകൾ കേന്ദ്രീകരിച്ചിരിക്കുന്നു. എന്നാൽ സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തിയാൽ, സംസ്ഥാനത്തെമൊത്തം ബാങ്ക്

ശാഖകളിൽ ഏകദേശം 25% ഗ്രാമപ്രദേശങ്ങളിലാണ്. ഈ കണക്കുകൾ, ഗ്രാമീണ ധനകാര്യ ഉൾപ്പെടുത്തലിൽ കേരളത്തിലെ സഹകരണ ക്രെഡിറ്റ് മേഖലയ്ക്കുള്ള പ്രത്യേക സ്ഥാനവും ദീർഘകാല സാമൂഹികപ്രസക്തിയും വ്യക്തമായി തെളിയിക്കുന്നു.

## കേരള ബാങ്ക്

കഴിഞ്ഞൊരു ദശാബ്ദരക്കാലത്തിനിടയിൽ കേരളത്തിലെ വായ്പാമേഖലയിലുണ്ടായ ഏറ്റവും വലിയ മാറ്റം 2019-ലെ കേരള ബാങ്കിന്റെ രൂപീകരണമാണ്. കേരള ബാങ്ക് ഇന്ന് കേരളത്തിന്റെ അഭിമാന സ്ഥാപനങ്ങളിലൊന്നായി മാറിയിരിക്കുന്നു. രൂപീകരണത്തിന് ശേഷം അഞ്ചു വർഷങ്ങൾ പിന്നിടുമ്പോൾ തന്നെ, സാമ്പത്തിക ശക്തിയിലും സ്ഥാപനപരമായ വിശ്വാസ്യതയിലും ബാങ്ക് കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമാണ്.

കേരള ബാങ്കിന്റെ പ്രവർത്തനം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പ്രകടമാക്കിയ വളർച്ച ഗണ്യമാണ് .2019-20 കാലയളവിൽ 1,01,194 കോടി രൂപയായിരുന്ന ബാങ്കിന്റെ മൊത്തം ബിസിനസ്, നിലവിൽ 1,24,000 കോടി രൂപയായി ഉയർന്നു - ഏകദേശം 23,000 കോടി രൂപയുടെ വർധനവാണ് ഇത്. 2024 ഒക്ടോബർ മുതൽ 2025 ഒക്ടോബർ വരെ മാത്രം ബിസിനസിൽ 8,836 കോടി രൂപയുടെ വർധനവ് രേഖപ്പെടുത്തി.

നിക്ഷേപ മേഖലയിൽക്കൂടി സമാനമായ വളർച്ചയാണ് കാണുന്നത്. 31-03-2020ന് 61,037 കോടി രൂപയായിരുന്ന മൊത്തം നിക്ഷേപം ഇപ്പോൾ 71,877 കോടി രൂപയായി ഉയർന്നു. 2024 ഒക്ടോബർ–2025 ഒക്ടോബർ കാലയളവിൽമാത്രം നിക്ഷേപത്തിൽ 5,776 കോടി രൂപയുടെ വർധനവുണ്ടായി. ഈ കണക്കുകൾ, ബാങ്കിന്റെ ധനകാര്യ അടിത്തറയും പൊതുജനവിശ്വാസവും ശക്തിപ്പെട്ടുവെന്ന് വ്യക്തമാക്കുന്നു.

50,000 കോടി രൂപയ്ക്ക് മുകളിലുള്ള വായ്പാ ബാക്കിനിൽപ്പ് കൈവരിച്ച രാജ്യത്തെ അഞ്ച് ബാങ്കുകളിൽ ഒന്നായി കേരള ബാങ്ക് മാറിയിട്ടുണ്ട്. HDFC ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI) എന്നീ നിരയിൽ സഹകരണ മേഖലയിൽ നിന്നുള്ള ഏക പ്രതിനിധിയാണ് കേരള ബാങ്ക്. രാജ്യത്തെ 33 സംസ്ഥാന സഹകരണ ബാങ്കുകളിൽ 50,000 കോടി വായ്പാ ബാക്കിനിൽപ്പ് കൈവരിച്ച ആദ്യ ബാങ്ക് എന്ന നേട്ടവും കേരള ബാങ്കിനാണ്.

സംസ്ഥാന സഹകരണ ബാങ്കുകളിലെ മൊത്തം നിക്ഷേപത്തിന്റെ ഏകദേശം 30 ശതമാനവും, മൊത്തം വായ്പയുടെ 19 ശതമാനവും കേരള ബാങ്കിന്റെ സംഭാവനയാണെന്നത്, സഹകരണ ബാങ്കിങ് രംഗത്ത് അതിന്റെ ആധിപത്യം വ്യക്തമാക്കുന്നു.

ഈ കണക്കുകളും നേട്ടങ്ങളും ഒരുമിച്ച് വായിക്കുമ്പോൾ, കേരള ബാങ്ക് ഒരു ധനകാര്യ സ്ഥാപനമെന്ന നിലയിൽ മാത്രമല്ല, സഹകരണമൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വിപണി മത്സരക്ഷമത കൈവരിച്ച ഒരു state-supported social banking model എന്ന നിലയിലും ഉയർന്നുനിൽക്കുന്നതായി കാണാം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രപരമായ പൈതൃകവും സമകാലിക സാമ്പത്തിക കാര്യക്ഷമതയും ഒരുമിച്ച് പ്രതിഫലിപ്പിക്കുന്നതാണ് കേരള ബാങ്കിന്റെ വളർച്ച.

## III
## വായ്പേതര സഹകരണസംഘങ്ങൾ

വായ്പാ സഹകരണ സംഘങ്ങൾക്കപ്പുറം, കേരളത്തിലെ സഹകരണപ്രസ്ഥാനം ഉപഭോക്തൃ സഹകരണങ്ങൾ, മാർക്കറ്റിങ്–പ്രോസസ്സിങ് സംഘങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രി സഹകരണസംഘങ്ങൾ, തൊഴിൽ–ഗതാഗത–സാമൂഹ്യക്ഷേമ മേഖലകളിലെ പലവക സഹകരണ സംഘങ്ങൾ തുടങ്ങി വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്നു.

## ആരോഗ്യ സഹകരണസംഘങ്ങൾ

കേരളത്തിലെ 194 സഹകരണ ആശുപത്രികളുണ്ട്. ഏറ്റവും കൂടുതൽ 31 സഹകരണ ആശുപത്രികളുള്ള കണ്ണൂർ ജില്ലയിലാണ്. കോഴിക്കോട് 28ഉം തൃശ്ശൂർ 17ഉം വീതം. പലതും ഡിസ്പെൻസറികളോ ചെറുകിട ആശുപത്രികളോ ആണ്. എന്നാൽ 250-500 ബെഡ്ഡുകളുള്ള പെരിന്തൽമണ്ണയിലെ ഇഎംഎസ് മെമ്മോറിയൽ ആശുപത്രി, കടവന്ത്രയിലെ ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രി, കൊല്ലത്തെ എൻഎസ് ആശുപത്രി തുടങ്ങിയവയാണ്. അതുപോലെ 150-200 ബെഡ്ഡുകളുള്ള തലശ്ശേരി, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ സഹകരണ ആശുപത്രികളും കോഴിക്കോട്, പാലക്കാട് ജില്ലാ സഹകരണ ആശുപത്രികളുമുണ്ട്.

കേരളത്തിലെ ആരോഗ്യ സഹകരണ സംഘങ്ങളുടെ വ്യാപ്തി വളരുകയാണ്. വികസനാത്മക സമ്പദ്‌വ്യവസ്ഥയുള്ള ഒരുസമൂഹത്തിൽ സമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള ആരോഗ്യ സംവിധാനം പ്രവർത്തനക്ഷമവും പ്രായോഗികവുമാണെന്നത് കേരളത്തിന്റെ അനുഭവം തെളിയിക്കുന്നു. ദേശീയതലത്തിൽ ഇന്ത്യയിൽ ആരോഗ്യസഹകരണ സംഘങ്ങൾ വളരെ പരിമിതവും വിഭജിതവുമാണ്. കേരളത്തിലെ ആരോഗ്യ സഹകരണസംഘങ്ങളുടെഅടുത്ത ഘട്ടവികസനത്തിന് യൂറോപ്യൻ അനുഭവങ്ങൾ വിലപ്പെട്ട പാഠമാക്കണം

## വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ:

കേരളത്തിൽ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ: ഇപ്പോഴും വളർച്ചയുടെ തുടക്കഘട്ടത്തിലാണ്. സംസ്ഥാനത്ത് ശക്തമായ ഒരു പൊതു വിദ്യാഭ്യാസ സംവിധാനം നിലനിൽക്കുന്നുണ്ടെങ്കിലും, സ്കൂളിങ്, നൈപുണ്യവികസനം, ഉന്നതവിദ്യാഭ്യാസം എന്നിവയിൽ സഹകരണ മാതൃകകൾ ഇപ്പോഴാണ് രൂപം കൊള്ളാൻ തുടങ്ങുന്നത്. ദേശീയതലത്തിൽ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ വളരെ പരിമിതമായ നിലയിലാണ്.

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ (CAPE) കീഴിൽ 12 ആശുപത്രികളും 9 എഞ്ചിനീയറിംഗ് കോളെജും, ഒരു മാനേജ്മെന്റ്

ഇൻസ്റ്റിറ്റ്യൂട്ടും, ഒരു നേഴ്സിംഗ് കോളെജും, ഒരു സ്കിൽ ഡെവലപ്പ്മെന്റ് സെന്ററും പ്രവർത്തിക്കുന്നുണ്ട്.

### ഉപഭോക്തൃ സഹകരണസംഘങ്ങൾ

പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ നിലവിലെ അവസ്ഥ ആശങ്കാജനകമാണ്. ഇവയിൽ 53.71 ശതമാനം സംഘങ്ങൾ പ്രവർത്തനം നിർത്തിയതും 22.43 ശതമാനം സംഘങ്ങൾ ലിക്വിഡേഷനിലുമാണ്. സ്വകാര്യ വ്യാപാരശൃംഖലകളുമായുള്ള കടുത്ത മത്സരം, പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം, ഉപഭോക്തൃ ആവശ്യങ്ങളോട് പൊരുത്തപ്പെടാൻ കഴിയാത്ത പ്രവർത്തനമാതൃകകൾ, വിപണിയിലെ പ്രസക്തിക്കുറവ് തുടങ്ങിയ ഘടകങ്ങളാണ് ഈ തകർച്ചയ്ക്ക് പ്രധാന കാരണം.

അതേസമയം, കോളേജ് സഹകരണ സ്റ്റോറുകളും സ്കൂൾ സഹകരണ സ്റ്റോറുകളും താരതമ്യേന മികച്ച നിലയിൽ തുടരുന്നു. പ്രത്യേകിച്ച് സ്കൂൾ സഹകരണ സ്റ്റോറുകളിൽ പ്രവർത്തനക്ഷമത നിരക്ക് വെറും 10.48 ശതമാനം മാത്രമാണ്. വിദ്യാർഥി സമൂഹവുമായി നേരിട്ടുള്ള ബന്ധവും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന പ്രവർത്തന മാതൃകയും ഇവയെ ഇപ്പോഴും സജീവവും ഫലപ്രദവുമായ ഘടകങ്ങളാക്കി നിലനിർത്തുന്നു.

അതേസമയം അപ്പക്സ് ബോഡിയായ കൺസ്യൂമർഫെഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. 400-ലധികം റീടെയിൽ ഔട്ലറ്റുകളും 170 ഓളം ത്രിവേണി സൂപ്പർ മാർക്കറ്റുകളും കൺസ്യൂമർഫെഡിനു കീഴിലുണ്ട്. 3000-ത്തിലേറെ കോടി രൂപയുടെ ടേണോവർ ഉണ്ട്. 36 മദ്യവില്പന കേന്ദ്രങ്ങളുമുണ്ട്. സഹകരണ സംഘങ്ങൾ 1000-ത്തിലേറെ നീതി സ്റ്റോറുകൾ നടത്തുന്നുണ്ട്.

### മാർക്കറ്റിങ് - പ്രോസസ്സിങ് സഹകരണസംഘങ്ങൾ

മാർക്കറ്റിങ്-പ്രോസസ്സിങ് സഹകരണ സംഘങ്ങൾ സഹകരണമേഖലയിലെ മറ്റൊരു പ്രധാന വിഭാഗമാണ്. എന്നാൽ ഇവയിൽ 45 ശതമാനത്തിലധികം സംഘങ്ങൾ നിലവിൽ പ്രവർത്തനക്ഷമമല്ല. വിപണി സൗകര്യങ്ങളുടെ അഭാവം, സാമ്പത്തിക ബലഹീനത, മൂല്യശൃംഖലകളുമായി ദൃഢബന്ധമില്ലായ്മ, പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനങ്ങളുടെ കുറവ് എന്നിവയാണ് ഇതിന് പ്രധാന കാരണങ്ങൾ.

ഈ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ ഡിജിറ്റൽ മാർക്കറ്റിങ് സംവിധാനങ്ങൾ, മൂല്യശൃംഖല സംയോജനം (value chain integration), പ്രാദേശിക-ദേശീയ വിപണികളുമായി ബന്ധിപ്പിക്കുന്ന നെറ്റുവർക്കുകൾ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ അനിവാര്യമാണ്.

### പലവക സഹകരണസംഘങ്ങൾ

കേരളത്തിലെ സഹകരണരംഗത്ത് ഏറ്റവും വലിയ വിഹിതം ഉൾക്കൊള്ളുന്ന വിഭാഗമാണ് പലവക (Miscellaneous) സഹകരണ സംഘങ്ങൾ. തൊഴിൽ, ഗതാഗതം, സാമൂഹ്യക്ഷേമം, വനിതാ ശാക്തീകരണം, കൃഷി തുടങ്ങിയ വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന 6,986 സംഘങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. എന്നാൽ ഇവയിൽ 27.7 ശതമാനം സംഘങ്ങൾ പ്രവർത്തനക്ഷമമല്ല, 6.5 ശതമാനം സംഘങ്ങൾ ലിക്വിഡേഷനിലുമാണ്. ഇതു സഹകരണപ്രസ്ഥാനത്തിന്റെ അടിത്തറയിൽ നിലനിൽക്കുന്ന ഒരു വെല്ലുവിളിയാണ്.

### കേരള സഹകരണ നേട്ടത്തിനുള്ള ആഗോള അംഗീകാരം

യൂറോപ്പ്, ഉത്തര അമേരിക്ക, കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ വൻതോതിലുള്ള സഹകരണ സ്ഥാപനങ്ങൾ ആധിപത്യം പുലർത്തുന്ന World Cooperative Monitor – Global Top 300 പട്ടികയിൽ കേരളത്തിൽ നിന്നുള്ള രണ്ട് സ്ഥാപനങ്ങൾ - ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) യും കേരള ബാങ്കും - ഇടം നേടിയിരിക്കുന്നത് സംസ്ഥാനത്തിന്റെ സഹകരണ പ്രസ്ഥാനത്തിന് അന്തർദേശീയ അംഗീകാരത്തിന്റെ നിർണ്ണായകനിമിഷമാണ്. ഇതോടൊപ്പം ULCCS-ന് ലഭിച്ച ലോക സഹകരണ പൈതൃക അംഗീകാരം, കൂടാതെ കൊല്ലം എൻ.എസ്. സഹകരണ ആശുപത്രിക്ക് ലഭിച്ച പൂർണ്ണ ICA അംഗത്വവും ഏഷ്യ-പസഫിക് എക്സലൻസ് അവാർഡും കേരളത്തിലെ സഹകരണ മേഖലയെ ആഗോള തലത്തിൽ ശ്രദ്ധേയമാക്കുന്ന സംഭവങ്ങളായി മാറ്റി.

ഇതിൽ പ്രത്യേകിച്ച് Global Top 300 പട്ടികയിലെ ഉൾപ്പെടൽ അത്യന്തം പ്രാധാന്യമുള്ളതാണ്. ഇന്ത്യയിൽ നിന്ന് 5–6 സഹകരണസ്ഥാപനങ്ങൾ മാത്രമാണ് ഈ തിരഞ്ഞെടുക്കപ്പെട്ട പട്ടികയിൽ ഇടം നേടുന്നത്; ആകെ 300 വൻസഹകരണ സ്ഥാപനങ്ങൾ മാത്രമാണ് ലോകമാകെ ഉൾപ്പെടുന്നുവെന്നതും പരിഗണിക്കുമ്പോൾ, കേരളത്തിന്റെ സാന്നിധ്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

World Cooperative Monitor പോലുള്ള ആഗോള സൂചികകൾ പ്രധാനമായും സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തികവലുപ്പം - ടേൺഓവർ, ആസ്തി മൂല്യം, വിപണി വിഹിതം - എന്നിവയെ അടിസ്ഥാനമാക്കിയാണ് റാങ്കിങ് നിർണ്ണയിക്കുന്നത്. ഈ മാനദണ്ഡങ്ങൾ പ്രകാരം, കേരളത്തിലെ സഹകരണസ്ഥാപനങ്ങൾ യൂറോപ്യൻ വൻകിടസ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ താഴ്ന്ന സ്ഥാനങ്ങളിലാണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ ഈ വിലയിരുത്തൽ കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ യഥാർഥ സാമൂഹിക പ്രാധാന്യം പൂർണ്ണമായി പ്രതിഫലിപ്പിക്കുന്നില്ല.

കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ ശക്തി വലുപ്പത്തിലല്ല, വ്യാപ്തിയിലാണ്. ഗ്രാമീണമേഖലകളിലെ പ്രാഥമികകാർഷിക ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങൾ, നഗരങ്ങളിലും ചെറുപട്ടണങ്ങളിലും പ്രവർത്തിക്കുന്ന ഉപഭോക്തൃസഹകരണ സ്ഥാപനങ്ങൾ,

ആയിരക്കണക്കിന് ക്ഷീര ഉൽപാദകരെ ഉൾക്കൊള്ളുന്ന മിൽമ പോലുള്ള ശൃംഖലകൾ -ഇവയെല്ലാം ചേർന്ന് ജനസംഖ്യയുടെ വലിയൊരു വിഭാഗത്തെ നേരിട്ട് സ്പർശിക്കുന്ന ഒരു ഘടനയാണ് കേരളത്തിൽ രൂപപ്പെട്ടിരിക്കുന്നത്.

ഇത് 'large, market-dominant cooperatives' (വിപണിയിലെ തീരുമാനങ്ങളെയും ദിശയെയും സ്വാധീനിക്കുന്നത്ര ശക്തിയുള്ളവൻ സഹകരണ സ്ഥാപനങ്ങൾ ) എന്ന യൂറോപ്യൻ മാതൃകക്ക് വിപരീതമായി, 'many small, socially embedded cooperatives' (സമൂഹജീവിതവുമായി അടുത്ത ബന്ധം പുലർത്തി, പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന അനവധി ചെറിയസഹകരണ സംഘങ്ങൾ) എന്ന ഒരു വികസന മാതൃകയെയാണ് പ്രതിനിധീകരിക്കുന്നത്.

## IV
## സഹകരണ മേഖലയിലെ പുതിയ മുൻകൈകൾ

ഇന്ത്യയിൽ ആദ്യമായി സംസ്ഥാനതല സഹകരണനയം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ഇതിന്റെ അടിസ്ഥാനത്തിൽ സഹകരണമേഖലയെ ആധുനിക കാലഘട്ടത്തിനനുസൃതമായി ശക്തിപ്പെടുത്തുന്നതിനായി കേരള സഹകരണസംഘ നിയമ ഭേദഗതി ബിൽ അവതരിപ്പിച്ചത് നിർണ്ണായകമായ ഒരു ചുവടുവയ്പ്പാണ്. 1969-ലെ നിയമത്തിന്റെ അടിസ്ഥാനഘടന സംരക്ഷിച്ചുകൊണ്ട്, ഭരണ കാര്യക്ഷമത, ഓഡിറ്റ്, പരിശോധന, ലിക്വിഡേഷൻ തുടങ്ങിയ മേഖലകളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്ന വ്യവസ്ഥകളാണ് ഈ ഭേദഗതികൾ മുന്നോട്ടുവയ്ക്കുന്നത്.

ഇതോടൊപ്പം തയ്യാറാക്കിയ മാതൃകാനിയമാവലി (Model Bye-laws) സഹകരണസംഘങ്ങൾക്ക് ഏകീകൃതവും വ്യക്തവുമായ ഭരണരീതികൾ നൽകുന്നു. ഇതുവഴി നിയമവ്യാഖ്യാനത്തിലെ അസ്പഷ്ടതകൾ കുറയുകയും, ഭരണനിർവഹണം കൂടുതൽ പ്രൊഫഷണലാകുകയും ചെയ്യും.

### പ്രധാന ഡിജിറ്റൽ പദ്ധതികൾ

കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ സഹകരണ മേഖലയിലുണ്ടായ പ്രധാന ഡിജിറ്റൽ പരിഷ്കാരങ്ങൾ ഇവയാണ്.

- CIMA (Cooperative Inspection Management Application): സഹകരണ സംഘങ്ങളുടെ പരിശോധനയ്ക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി രൂപകല്പന ചെയ്ത് വികസിപ്പിച്ച ഏറ്റവും നൂതനമായ ഡിജിറ്റൽ അപ്ലിക്കേഷൻ.
- ഓൺലൈൻ DCB സിസ്റ്റം (Data Automation): സാമ്പത്തിക ഡാറ്റയുടെ ശേഖരണവും വിശകലനവും പൂർണ്ണമായും ഓട്ടോമേറ്റുചെയ്ത് കൃത്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്ന സംവിധാനം.
- CORASS (Registration, Bylaw Amendment, Sub-rule Management System): സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ മുതൽ ബൈലോ ഭേദഗതി, ഉപനിയമ നിയന്ത്രണം വരെ ഏകീകൃതമായി കൈകാര്യം ചെയ്യുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം.
- യൂണിഫോം സോഫ്ടുവെയർ: പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിലെ സാമ്പത്തിക ഇടപാടുകളും അക്കൗണ്ടിങ് പ്രവർത്തനങ്ങളും ഏകീകൃതവും സുതാര്യവുമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം. പദ്ധതി നടപ്പിലാക്കുന്നനടപടികൾ പുരോഗമിക്കുന്നു.
- HRMS (മികവ് 2024): സഹകരണ വകുപ്പിലെ ജീവനക്കാരുടെ സേവനകാര്യങ്ങൾ, പരിശീലനം, സ്ഥലംമാറ്റം തുടങ്ങിയ കാര്യങ്ങൾ ഡിജിറ്റൽ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള മാനവ വിഭവശേഷി മാനേജ്മെന്റ് സംവിധാനം.
- CEMS - Cooperative Employees Management System: സഹകരണ ജീവനക്കാരുടെ സേവനകാര്യങ്ങൾ, സ്ഥലംമാറ്റം, അവധി, പെൻഷൻ എന്നിവ ലളിതവും വിശ്വാസ്യതയുള്ളതുമായ രീതിയിൽ കൈകാര്യം ചെയ്യുന്ന ഡിജിറ്റൽ സംവിധാനം.
- Member Relief Fund (MRF) Software: മെമ്പർ റിലീഫ് ഫണ്ട് ഏറ്റവും സുതാര്യമായും കാര്യക്ഷമമായും വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക സോഫ്ടുവെയർ.
- Pension Board Online Portal: സഹകരണ സംഘം ജീവനക്കാരുടെ പെൻഷൻ വിതരണം ഓൺലൈനായി നടത്തുന്നതിനുള്ള സമഗ്ര പോർട്ടൽ.
- Risk Fund Board Online Portal: റിസ്ക് ഫണ്ട് ബോർഡിന്റെ സേവനങ്ങൾ ഓൺലൈൻ ആയി കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം.
- അങ്ങാടി കേരള ആപ്പ്: സഹകരണ മേഖലയിലെ ഉൽപന്നങ്ങൾക്ക് ഏകീകൃത ഡിജിറ്റൽ വിപണന പ്ലാറ്റ്ഫോം.
- Co-op Connect App: ഗൃഹസേവനങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ ഡിജിറ്റൽ വഴി ലഭ്യമാക്കുന്ന പ്ലാറ്റ്ഫോം. കേരളത്തിലെ സഹകരണമേഖലയിലെ ഈ ഡിജിറ്റൽ പരിവർത്തനം വെറും സാങ്കേതിക നവീകരണമല്ല; മറിച്ച് ഭരണ രീതിയുടെ പുനർനിർമ്മാണമാണ്. അപേക്ഷ മുതൽ ഓഡിറ്റ് വരെ, രജിസ്ട്രേഷൻ മുതൽ പെൻഷൻ വിതരണം വരെഎല്ലാ നടപടികളും ഓൺലൈൻ, പേപ്പർലെസ്, നിരീക്ഷിക്കാവുന്ന സംവിധാനങ്ങളാകുന്നതിലൂടെ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയും ശക്തിയും കൂടുതൽ വർധിച്ചു. അങ്ങാടി കേരള, Co-op Connect പോലുള്ള പ്ലാറ്റ്ഫോമുകൾ സഹകരണ വിപണനത്തിലും സേവന വിതരണത്തിലും പുതിയ സാധ്യതകൾ തുറന്നു കൊടുത്തിട്ടുണ്ട്.

സഹകരണ ഭരണത്തിന് വ്യക്തമായ ദിശയും മാർഗരേഖയും നൽകുന്നതിനായി സഹകരണ മാന്വൽ,

സഹകരണ സംഘങ്ങൾക്കായുള്ള പ്രവർത്തന മാന്വൽ, 'മികവ്' സ്റ്റാർട്ട് പരിശീലനപദ്ധതി എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കി. 'മികവ്' പരിശീലന പദ്ധതിയിലൂടെ സഹകരണ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും കഴിവുകൾ നവീകരി ക്കപ്പെടുകയും, സാങ്കേതികവിദ്യാധിഷ്ഠിതവും പ്രൊഫഷണലുമായ ഭരണരീതികൾ കൈകാര്യം ചെയ്യാനുള്ള പ്രാപ്തി വർധിക്കുകയും ചെയ്തു.

### പുതിയ ഗ്രാമീണ പദ്ധതികൾ

- **മുറ്റത്തെമുല്ല:** ഗ്രാമീണ സമൃദ്ധിയിലേക്കുള്ള കേരളത്തിന്റെ ഏറ്റവും ശക്തമായ സഹകരണ ഇടപെടലുകളിൽ ഒന്നാണ് മുറ്റത്തെ മുല്ലപദ്ധതി. ബ്ലേഡ് പലിശക്കാരുടെ ചൂഷണം അവസാനിപ്പിച്ച്, ഗ്രാമീണ സ്ത്രീകൾക്കും ചെറുകിട തൊഴിലാളികൾക്കും സുരക്ഷിതവും സുലഭവുമായ ചെറുവായ്പ ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. സംസ്ഥാനത്തെ 14 ജില്ലകളിലായി 1,092 സഹകരണ ബാങ്കുകളും 22,277 കുടുംബശ്രീ യൂണിറ്റുകളും ചേർന്ന് 8.18 ലക്ഷം അംഗങ്ങൾക്ക് 4,477.79 കോടി രൂപയുടെ വായ്പ ഇതിനകം വിതരണം ചെയ്തു.
- **KAPCOS & PAPCOS:** കാർഷിക മേഖലയിലെ ഗ്രാമീണ വികസനത്തിന്റെ മികച്ച ഉദാഹരണങ്ങളാണ് KAPCOS (കോട്ടയം), PAPCOS (പാലക്കാട്) എന്നീ സഹകരണ മാതൃകകൾ. കോട്ടയം ജില്ലയിലെ 26 സഹകരണ ബാങ്കുകൾ ചേർന്ന് രൂപീകരിച്ച നെൽസംഭരണം - പ്രോസസിംഗ് - വിപണന ശൃംഖലയാണ് KAPCOS. പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ മുഴുവൻ ഉൽപാദനവും സംസ്കരിച്ചു, സഹകരണ വിപണന സംവിധാനത്തിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്ന അപെക്സ് സഹകരണമാണ് PAPCOS.
- **CITA:** ഈ പദ്ധതിയിലൂടെ ആധുനിക സാങ്കേതികവിദ്യകൾ കാർഷിക രംഗത്ത് പ്രയോഗത്തിലാക്കുന്നു. ഇതുവഴി ഉൽപ്പാദനക്ഷമത വർധിക്കുകയും, യുവജനങ്ങളുടെ കൃഷിയിലേക്കുള്ള ആകർഷണം കൂട്ടുകയും ചെയ്യുന്നു.
- **POT:** പഴവർഗ ചെടിത്തോട്ടങ്ങളുടെ വ്യാപന പദ്ധതി, POT (Plant - Operate -Transfer) പദ്ധതി എന്നിവ പ്രവാസികൾ ഉപേക്ഷിച്ച ഭൂമികൾക്ക് പുതുജീവൻ നൽകുന്ന നൂതന സഹകരണ ഇടപെടലുകളാണ്. കൂടാതെ, കശുമാങ്ങ പ്രോസസിംഗിലൂടെ ഫെനി നിർമ്മാണം പോലുള്ള പദ്ധതികൾ കാർഷിക മേഖലയ്ക്ക് മൂല്യവർധിത സംരംഭങ്ങൾ സൃഷ്ടിക്കുന്നു.

### ഭരണപരമായ പരിഷ്കാരങ്ങൾ

- **ഓഡിറ്റ്:** സഹകരണ സ്ഥാപനങ്ങളോടുള്ള പൊതുജനവിശ്വാസം ഉറപ്പാക്കുന്നതിൽ ഓഡിറ്റ് - പരിശോധന സംവിധാനങ്ങളുടെ നവീകരണം നിർണ്ണായകമാണ്. ടീം ഓഡിറ്റ് സംവിധാനം, സാങ്കേതികവിദ്യാധിഷ്ഠിത പരിശോധന മാർഗങ്ങൾ എന്നിവയിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമായ സംവിധാനമായി മാറുകയാണ്.
- **Arbitration & Execution:** സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ വഴി കുടിശ്ശിക പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാനും, നീതി ഉറപ്പാക്കാനും സാധിക്കുന്നു. ഇത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ആരോഗ്യം സംരക്ഷിക്കുന്നതിനൊപ്പം, അംഗങ്ങളുടെ വിശ്വാസം നിലനിർത്താനും സഹായിക്കുന്നു.
- **കേരള സഹകരണ പുനരുദ്ധാരണ ഫണ്ട്:** സഹകരണ മേഖലയെ സാമ്പത്തിക അപകടങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും സംരക്ഷിക്കുന്നതിനായി കേരളം ശക്തമായ നയപരിരക്ഷാ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവർത്തനരഹിതമോ ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലായോ സഹകരണ സംഘങ്ങൾക്ക് പുതുജീവൻ നൽകുന്നതിനായി കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചു.
- **കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി:** നിക്ഷേപകരുടെ വിശ്വാസം ഉറപ്പാക്കുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി നടപ്പിലാക്കി, ലിക്വിഡേഷൻ സംഭവിക്കുന്ന സാഹചര്യത്തിൽ നിക്ഷേപകർക്ക് 5 ലക്ഷം രൂപ വരെ സംരക്ഷണം നൽകുന്ന സുരക്ഷാകവചം ഒരുക്കിയിട്ടുണ്ട്. നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും നിക്ഷേപം മടക്കി നല്കാൻ സാധിക്കാത്തതുമായ അംഗസംഘങ്ങൾക്കു പലിശ ഈടാക്കി നിശ്ചിത കാലത്തിനകം തിരിച്ചടവ് സാധ്യമാക്കുന്ന വ്യവസ്ഥകളോടെ ഒരു വായ്പ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.
- **Risk Fund Scheme:** വായ്പക്കാരന്റെ കുടുംബത്തിന് പ്രതിസന്ധി ഘട്ടങ്ങളിൽ ആശ്വാസം നൽകുന്നതിനായി Risk Fund Scheme പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- **One Time Settlement (OTS):** കുടിശ്ശിക വായ്പകൾ പരിഹരിച്ച് സ്ഥാപനങ്ങളുടെ സാമ്പത്തിക ആരോഗ്യം പുനഃസ്ഥാപിക്കുന്നതിന് One Time Settlement (OTS) പദ്ധതി വഴി ഒറ്റത്തവണ തീർപ്പാക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

ഈ എല്ലാ പദ്ധതികളും ചേർന്ന് സഹകരണ മേഖലയെ അപകടങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും സംരക്ഷിക്കുന്ന ശക്തമായ നയപരിരക്ഷാ വലയം രൂപപ്പെടുത്തുന്നു.

### പുതിയ മേഖലകളിലേക്ക്

- സഖി: കുടുതൽ വനിതകളെ തൊഴിൽ രംഗത്തേക്ക് കൊണ്ട് വരുന്നതിനായി സഖി പദ്ധതി ആവിഷ്കരിച്ചു.

- സഹകരണം സൗഹൃദം: ഭിന്നശേഷിക്കാർക്ക് തൊഴിലും സംരംഭവും ആരംഭിക്കാൻ പ്രത്യേക വായ്പ നൽകുന്നു.
- സഹായഹസ്തം: വഴിയോര കച്ചവടക്കാരും ദിനവേതന തൊഴിലാളികളും ലക്ഷ്യമാക്കിയുള്ള പദ്ധതി.
- സ്നേഹതീരം: മത്സ്യതൊഴിലാളികൾക്കും തീരദേശ സമൂഹങ്ങൾക്കും വേണ്ടിയുള്ളത്.
- കുടുംബത്തിന് ഒരു കരുതൽ ധനം: അടിയന്തര ഘട്ടങ്ങളിൽ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്ന പദ്ധതി.
- യുവജന സഹകരണ സംഘങ്ങൾ: പുതിയ യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു.
- **പുനർജനി:** പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ സംരംഭകത്വ വികസനത്തിനും സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുമായി നടപ്പിലാക്കിയതാണ് 'പുനർജനി' പദ്ധതി.
- Shop CosFed (Gig Workers Cooperative): പോലുള്ള നവീന സഹകരണങ്ങൾ, ഡിജിറ്റൽ പ്ലാറ്റ്ഫോം തൊഴിലാളികൾ ഉൾപ്പെടെയുള്ള പുതിയ തൊഴിൽ മേഖലകളെയും സഹകരണ ചട്ടക്കൂടിനുള്ളിൽ കൊണ്ടുവരുന്നു.
- **Differently-Abled Cooperative Society, Artists Cooperative (AARTICE):** തുടങ്ങിയ സംരംഭങ്ങൾ തൊഴിലും സൃഷ്ടിപരമായ കഴിവുകളും സാമൂഹിക അംഗീകാരവും ഒരുമിച്ച് മുന്നോട്ടു കൊണ്ടുപോകുന്നു.
- **പാലിയേറ്റീവ് കെയർ:** സഹകരണ ആശുപത്രികൾ വഴി പാലിയേറ്റീവ് മേഖലയിൽ ഇടപെടുന്നു.
- **സൗരജ്യോതി:** സബ്സിഡിയോടു കൂടിയ വായ്പയിലൂടെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ സഹായിക്കുന്ന ഈ പദ്ധതി, ഗ്രീൻ എനർജി മേഖലയിലെ സഹകരണ സംരംഭകത്വം ശക്തിപ്പെടുത്തുന്നു.
- ടൂറിസം, ആരോഗ്യം, ഹരിത ഊർജം, പ്ലാറ്റ്ഫോം സേവനങ്ങൾ, കായിക അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതിസംരക്ഷണം തുടങ്ങിയ മേഖലകളിലേക്ക് സഹകരണങ്ങളുടെ കടന്നുകയറ്റം വികസനത്തിന് പുതിയ ദിശകൾതുറക്കുകയാണ്.
- Platform Cooperatives: Platform Cooperatives Co-op Connect App വഴി ഗൃഹസേവനങ്ങൾ ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഏകീകരിച്ച്, സേവനദാതാക്കളെയും ഉപഭോക്താക്കളെയും നേരിട്ട് ബന്ധിപ്പിക്കുന്നു. അതുപോലെ, വിപണിയെ ലക്ഷ്യമാക്കി രൂപകൽപ്പനചെയ്ത അങ്ങാടി ആപ്പ് സഹകരണ വ്യാപാരത്തിന് പുതിയ കരുത്ത് നൽകുന്നു. ഇത് പ്ലാറ്റ്ഫോം സമ്പദ്‌വ്യവസ്ഥയിൽ മനുഷ്യകേന്ദ്രിതവും ന്യായവുമായ ഒരുബദൽ മാതൃകയാണ്.
- Indoor Turf Projects: ആരോഗ്യകരമായ ജീവിത ശൈലിയും പ്രാദേശിക സംരംഭകത്വവും ഒരുമിച്ച് പ്രോത്സാഹിപ്പിക്കുന്നു.
- Haritham Sahakaranam: "Theme Trees of Kerala" ആശയത്തിലൂടെ ലക്ഷക്കണക്കിന് വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചതിന് പുറമേ, മാതൃവനം പദ്ധതി വഴി സ്കൂൾ കുട്ടികളിൽ ഔഷധസസ്യ ബോധവും പരിസ്ഥിതിസംരക്ഷണമൂല്യങ്ങളും വളർത്തുന്നു.
- ടൂറിസവും സംസ്കാരവും: ഒട്ടനവധി ടൂറിസം സഹകരണ സംഘങ്ങൾ രൂപംകൊണ്ടിട്ടുണ്ട്. Aksara Museum പോലുള്ള സാംസ്കാരിക-ടൂറിസം സഹകരണ സംരംഭങ്ങൾ, ഭാഷയും പൈതൃകവും ഡിജിറ്റൽ സാങ്കേതികതയുമായി കൂട്ടിച്ചേർക്കുന്നു.

## V

## ഭാവി: കേന്ദ്ര സർക്കാർ ഉയർത്തുന്ന ഭീഷണിയെ പ്രതിരോധിക്കുക

ബിജെപി സർക്കാരിന്റെ ആദ്യ ഊഴത്തിൽ കേന്ദ്ര സർക്കാർ സഹകരണ മേഖലയെ പൊതുവിൽ അവഗണിക്കുകയാണ് ചെയ്തത്. നിയോലിബറൽ സമീപനത്തിന്റെ ഉദാഹരണമായിട്ട് പലരും ഇതിനെ വിലയിരുത്തുകയും ചെയ്തു. എന്നാൽ രണ്ടാം ബിജെപി സർക്കാർ നിലപാടാകെ തിരുത്തി. രാജ്യത്തെ സഹകരണ മേഖലയെ മുഴുവൻ കേന്ദ്ര സർക്കാരിന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു. കേരളത്തിലെ സഹകരണ മേഖലയെ ചൊൽപ്പടിയിൽ നിർത്താൻ കഴിഞ്ഞാൽ ഇടതുപക്ഷത്തെ ദുർബലപ്പെടുത്താനാകുമെന്ന മോഹമായിരുന്നു ഇതിനു പിന്നിലെ ഒരു പ്രധാന ചേതോവികാരം.

### പുതിയ കേന്ദ്ര പരിഷ്കാരങ്ങൾ

അമിത് ഷായുടെ കീഴിൽ ഒരു പുതിയ കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരിച്ചു. അർബൻ ബാങ്കുകളുടെ കാര്യത്തിൽ സംസ്ഥാന സഹകരണ രജിസ്ട്രാർക്ക് ഉണ്ടായിരുന്ന അവകാശങ്ങൾ റിസർവ് ബാങ്കിനു കൈമാറിക്കൊണ്ട് 2020 സെപ്തംബറിൽ പാർലമെന്റ് നിയമം പാസ്സാക്കി. അതു പ്രാഥമിക സഹകരണ ബാങ്കുകൾക്കു ബാധകമാക്കുന്നതിന് ഒരു പ്രത്യേക നോട്ടിഫിക്കേഷൻ മതിയാകും. അതിലൂടെ വൈദ്യനാഥൻ കമ്മിറ്റി നിർദേശിച്ചതും നമ്മൾ തിരസ്കരിച്ചതുമായ കാര്യങ്ങൾ അടിച്ചേൽപ്പിക്കാനാകും.

ബാങ്ക് എന്ന വിശേഷണം ഉപയോഗിക്കാനാവില്ല. ഡെപ്പോസിറ്റുകൾ വോട്ട് അവകാശമുള്ള എ ക്ലാസ് അംഗങ്ങളിൽ നിന്നു മാത്രമേ സ്വീകരിക്കാനാവൂ. അല്ലാതെയുള്ള 60,000 കോടി രൂപയുടെ ഡെപ്പോസിറ്റ് തിരിച്ചു കൊടുക്കേണ്ടിവരും. ചെക്ക് പാടില്ല. വിത്ഡ്രോവൽ സ്ലിപ്പേ പാടുള്ളൂ. കേരള ബാങ്കിൽ മിറർ അക്കൗണ്ട് സൃഷ്ടിച്ച് പ്രാഥമിക സഹകരണ ബാങ്കിങ് സേവനങ്ങൾ മെച്ചപ്പെടുത്താനാണല്ലോ നാം ആലോചിക്കുന്നത്. അതു നിരോധിക്കപ്പെടും. പ്രാഥമിക സഹകരണ ബാങ്കുകൾ സംബന്ധിച്ച ഈ പറഞ്ഞ നിർദേശങ്ങളൊന്നും ഇതുവരെ നടപ്പാക്കിയിട്ടില്ല.

എന്നാൽ പുതിയ ബാങ്കിങ് റെഗുലേഷന്റെ പശ്ചാത്തലത്തിൽ ഒരു നോട്ടിഫിക്കേഷനിലൂടെ ഇവ നടപ്പാക്കാനാവും. ഡെമോക്ലസിന്റെ വാളുപോലെ ഈ അപകടം നമ്മുടെ സഹകരണ മേഖലയുടെ തലയ്ക്കു മുകളിൽ തൂങ്ങുകയാണ്. ഈയൊരു സന്ദർഭത്തിലാണ് അമിത് ഷാ കേന്ദ്രസഹകരണ മന്ത്രിയായി സ്ഥാനമേറ്റത്.

2011-ൽ കോൺഗ്രസ് സർക്കാർ സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ അധികാരങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടുള്ള 97-ാം ഭരണഘടനാ ഭേദഗതി പാസ്സാക്കി. ഇത് ഗുജറാത്ത് ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. ഗുജറാത്ത് ഹൈക്കോടതി കേന്ദ്ര സർക്കാരിന് സംസ്ഥാന സഹകരണ സംഘങ്ങളിലെ ഇടപെടാൻ അവകാശമില്ലായെന്നു വിധിച്ചു. അന്തർസംസ്ഥാന സഹകരണ സംഘങ്ങളിലേ ഇടപെടാൻ അവകാശമുള്ളൂ. ഇത് സുപ്രിംകോടതി ബിജെപി ഭരണകാലത്ത് സുപ്രിംകോടതി ശരിവച്ചു. അതുകൊണ്ട് സംസ്ഥാന നിയന്ത്രണത്തിലുള്ള സഹകരണസംഘങ്ങളിൽ ഇടപെടുന്നതിന് ഒരു കേന്ദ്ര മന്ത്രാലയം അനിവാര്യമായി. നേരിട്ട് ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ വളഞ്ഞ വഴിയിലൂടെ ചെയ്യാൻ അത് സഹായിക്കും.

കേന്ദ്രാവിഷ്കൃത പദ്ധതികൾ സഹകരണമേഖലകളിൽ പുതിയതായി ആരംഭിച്ചു. അതിൽ പ്രധാനം 1.25 ലക്ഷം കോടി രൂപയുടെ ഗോഡൗൺ പദ്ധതിയാണ്. പിന്നെ, 15,000 കോടി രൂപയുടെ സഹകരണ സ്റ്റാർട്ടപ്പുകൾക്ക് വേണ്ടിയുള്ള വെൻചൽ ക്യാപിറ്റൽ ഫണ്ട്. 6,865 കോടി രൂപയുടെ FPO സ്കീമുമുണ്ട്. ഇതിൽ നിന്നെല്ലാം പണം കിട്ടണമെങ്കിൽ കേന്ദ്രത്തിന്റെ നിബന്ധനകൾ അംഗീകരിക്കണം. അതുപോലെ നബാർഡ് അടക്കം ദേശീയതലത്തിൽ രൂപീകരിക്കുന്ന ഫെഡറേഷനുകളിൽ നിന്ന് പണം കിട്ടണമെങ്കിലും കേന്ദ്ര നയങ്ങൾ അംഗീകരിക്കണം.

ഭരണഘടനാ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് നിയമഭേദഗതികളും കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാന സഹകരണ സംഘങ്ങൾ തുടങ്ങുന്നതിനു NOC വേണം എന്ന കേരളം സർക്കാർ നിബന്ധനകൾ മറികടക്കാൻ നിയമ ഭേദഗതി കൊണ്ടുവന്നു. അർബൻ ബാങ്കുകളെ കൂടുതൽ ചൊൽപ്പടിക്ക് നിർത്താൻ ബാങ്കിങ് റെഗുലേഷൻ ആക്റ്റിനു ഭേദഗതി ചെയ്തു. ഇന്നിപ്പോൾ പുതിയ ദേശീയ സഹകരണ നയം നിലവിൽവന്നു. അതുപ്രകാരം ഏകീകൃത ബൈലോ, പൊതു സോഫ്ട്‌വയർ, എല്ലാ മേഖലകളിലും ദേശീയ ഫെഡറേഷനുകൾ തുടങ്ങിയവ കൊണ്ടുവരാനാണ് ശ്രമം.

## പിന്നിൽ ആർഎസ്എസ്

ആരാണ് പിന്നിൽ? നിയോ ലിബറൽ സാമ്പത്തിക നയങ്ങളുടെ പശ്ചാത്തലത്തിൽ അവഗണിക്കപ്പെട്ടു തുടങ്ങിയ സഹകരണമേഖലയിൽ ഇതുപോലുള്ള കേന്ദ്ര ഇടപെടലിന് പിന്നിൽ ആർഎസ്എസിന്റെ സഹകാർ ഭാരതിയാണ്. ആഗോള സഹകരണ പ്രസ്ഥാനത്തിന്റെ തത്വങ്ങൾ അവർക്ക് പോരാ. അതിനപ്പുറം "മൂല്യബോധം" ഉള്ള സംഘങ്ങൾ വേണം. അത് സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം മുതലുള്ള സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകളോ, സ്വതന്ത്ര ഇന്ത്യ അംഗീകരിച്ച വികസന കാഴ്ചപ്പാടോ പോരാ. ദീന ദയാൽ ഉപാധ്യായയുടെ "ഇന്റഗ്രൽ ഹ്യൂമനിസം" തന്നെയാവണം. ഹിന്ദുത്വ വർഗീയതയ്ക്കുള്ള മുഖംമൂടി മാത്രമാണിത്.

സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വം ജാതി-മത ഭേദങ്ങൾക്ക് അതീതമായ സഹകരണമാണ്. കേരളത്തിലെ മതനിരപേക്ഷതയുടെ അടിസ്ഥാനം ഇത്തരത്തിൽ സഹകരണമേഖല പോലെ നിലവിലുള്ള അയൽക്കൂട്ടങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ തുടങ്ങിയ ചെറു ജനകൂട്ടായ്മകളും, അവർ സൃഷ്ടിക്കുന്ന "സാമൂഹികമൂലധനവും" ആണ്. ഇത് തകർക്കാതെ കേരളം പോലുള്ള സംസ്ഥാനത്ത് കടന്നുകയറാൻ ആവില്ല എന്ന് അവർ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെ അതിനെ തകർക്കുവാൻ സഹകരണമേഖലയിൽ പ്രത്യേക പദ്ധതി തന്നെ അവർ ആവിഷ്കരിച്ചിട്ടുണ്ട്.

- കേരളത്തിൽ ബഹുസംസ്ഥാന സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ലഘുസമ്പാദ്യ വായ്പപയ്ക്കുവേണ്ടി 2011-ൽ ആരംഭിച്ച അക്ഷയശ്രീ. കുടുംബശ്രീ ശക്തമായതുകൊണ്ട് അക്ഷയശ്രീക്ക് സമാന്തരമായി വളരുക പ്രയാസമാണ്. അതുകൊണ്ട് കുടുംബശ്രീ യൂണിറ്റുകളെ തന്നെ അക്ഷയശ്രീ യൂണിറ്റുകളായി പ്രവർത്തിപ്പിക്കാൻ ആണ് പലസ്ഥലത്തും ശ്രമം.
- കേന്ദ്ര പിന്തുണയോടെ FPO കൾ ആരംഭിക്കുവാനുള്ള തീവ്രശ്രമം.
- ബ്രാൻഡഡ് സൂപ്പർ മാർക്കറ്റുകൾ ആണ് മറ്റൊരു ഇടപെടൽ. ഒരു പഞ്ചായത്തിൽ ഒന്ന് വച്ച് 1500 എണ്ണമാണ് ലക്ഷ്യം. ബ്ലോക്കിന് ഒന്ന് വച്ച് 140 ഹൈപ്പർ മാർക്കറ്റുകളും ഉണ്ട്. CAA വിരുദ്ധ സമരകാലത്ത് കച്ചവടമേഖലയിലെ മുസ്ലീങ്ങളുടെ ആധിപത്യത്തിന് എതിരെയുള്ള പ്രചാരണത്തിന്റെ ഭാഗമായാണ് ഇവയ്ക്ക് തുടക്കം കുറിച്ചത്.
- ഭാരത് അഗ്രോ പ്രോസസിംഗ് ആൻഡ് മാർക്കറ്റിങ് കോ-ഓപറേറ്റീവ്സ് ആണ് മറ്റൊരു രംഗം. ഒരു FPO ക്കു 35 ലക്ഷം രൂപവരെ സഹായധനമുണ്ട്.
- ആദിവാസി മേഖലകളിൽ പ്രത്യേക സ്കീമുകളും ആവിഷ്കരിച്ചിട്ടുണ്ട്.
- ഇതിനൊക്കെ നേതൃത്വം നൽകാൻ പ്രത്യേക പരിശീലനം ലഭിച്ച ആളുകളെയും നിയോഗിക്കുന്നു.

ഈ നീക്കങ്ങൾക്കെതിരായ പോരാട്ടമാണ് പഠന കോൺഗ്രസ് ഏറ്റവും പ്രധാനമായി കാണുന്നത്. നിക്ഷേപകരുടെ വിശ്വാസമാർജിക്കുന്നതിനു യോജിച്ച പ്രചാരണം വേണം. രാഷ്ട്രീയ പരിഗണനകൾക്കതീതമായി എല്ലാ സഹകാരികളും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്കും കേന്ദ്ര സർക്കാരിന്റെ കുത്സിത നീക്കങ്ങൾക്കുമെതിരെ ഒന്നിച്ചു നിൽക്കണം.

## VI
## ഭാവി: അനിവാര്യമായ ചില തിരുത്തലുകൾ

സഹകരണ ബാങ്കുകളിൽ പലതിലും ഗൗരവമായ ക്രമക്കേടുകൾ കണ്ടെത്തി. ചില ബാങ്കുകൾ ഡെപ്പോസിറ്റർമാർക്ക് പണം തിരികെ നൽകാൻ കഴിയാത്ത അവസ്ഥയായി. ഇത് നമ്മുടെ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയ്ക്ക് കളങ്കം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് സഹകരണ നിയമത്തിലും മാന്വലിലും ഗൗരവമായ ഭേദഗതികൾ സർക്കാർ വരുത്തിയിട്ടുള്ളത്.

ഇതിന് ഏറ്റവും സഹായകരമാണ് നിയമസഭ ഇപ്പോൾ പാസ്സാക്കിയിട്ടുള്ള സഹകരണ നിയമ ഭേദഗതികൾ. ഇനി മുതൽ തുടർച്ചയായി മൂന്നുതവണയിൽ കൂടുതൽ ഭാരവാഹിത്വം വഹിക്കാൻ കഴിയില്ല. ഓഡിറ്റ് പരാമർശങ്ങൾ പൊതുയോഗത്തിൽ അവതരിപ്പിക്കണം. സഹകാരികളുടെയും ജീവനക്കാരുടെയും ബന്ധുക്കളുടെ അടക്കമുള്ള വായ്പകളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കണം. ഇത്തരത്തിലുള്ള നിബന്ധനകൾ ഭാവിയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന അപജയങ്ങൾ ഒഴിവാക്കാൻ കഴിയുമെന്ന് ഉറപ്പു നൽകുന്നുണ്ട്. ഇതു ജനങ്ങളോടു വിശദീകരിക്കണം.

രണ്ട് ശതമാനത്തിൽ താഴെ സഹകരണ സംഘങ്ങളിലേ ഗൗരവമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളൂ. എന്നാൽ ബാക്കിയുള്ളവയും അപകടത്തിലാണ്. അത്രയ്ക്കു ദുഷ്പ്രചാരണമാണ് സഹകരണ മേഖലക്കെതിരെ നിക്ഷിപ്തതാല്പര്യക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി വിശ്വാസം നഷ്ടപ്പെടുന്നു. നിക്ഷേപം പിൻവലിക്കപ്പെടുന്നു. നിക്ഷേപശോഷണത്തിന്റെ പശ്ചാത്തലത്തിൽ കേരള ബാങ്ക് ക്രമക്കേടുകൾ ഇല്ലാത്ത ഇത്തരം സംഘങ്ങൾക്ക് അടിയന്തര സഹായം നൽകുമെന്നു പ്രഖ്യാപിക്കണം. നിക്ഷേപം തിരികെ ആവശ്യപ്പെടുന്ന ഏതൊരാൾക്കും അതു നൽകാൻ കഴിയുന്ന സ്ഥിതിയുണ്ടാകണം. ഇത് ഉണ്ടായാൽ നിക്ഷേപ ശോഷണം അവസാനിക്കും. ഇതോടൊപ്പം കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി പദ്ധതിയും പുനരുദ്ധാരണ ഫണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

അതോടൊപ്പം ക്രമക്കേടുകൾ നടന്നുവെന്നു ഡിപ്പാർട്ട്മെന്റ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ള സംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. അവിടുത്തെ നിക്ഷേപകർക്ക് നിക്ഷേപ ഗ്യാരണ്ടി സ്കീമിന്റെ അടിസ്ഥാനത്തിൽ ഗഡുക്കളായി പണം തിരിച്ചു നൽകാനുള്ള നടപടി ശക്തിപ്പെടുത്തണം. പൊതുപ്രവർത്തകർ ഒരു പരിധിക്കു മുകളിൽ സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പകൾ വെളിപ്പെടുത്തണം.

## VII
## ഭാവി: കേരള ബാങ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തൽ

കേരള ബാങ്കിന്റെ രൂപീകരണത്തെയും വളർച്ചയെയും കുറിച്ച് നേരത്തെ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ കേരളം ഇതിലേറെ വലിയപങ്ക് വികസനത്തിലും സഹകരണ മേഖലയുടെ വളർച്ചയിലും കേരള ബാങ്കിൽ നിന്നു പ്രതീക്ഷിക്കുന്നു.

കേരള വികസനചരിത്രം പഠിച്ചാൽ 1930 മുതൽ ഇവിടുത്തെ വാണിജ്യ കൃഷി, വ്യാപാരം എന്നിവയുടെ വികാസത്തിൽ തദ്ദേശ ബാങ്കുകൾ വഹിച്ച പങ്ക് വളരെ നിർണ്ണായകമായിരുന്നു എന്നു കാണാം. എന്നാൽ അത്തരത്തിൽ പങ്കു വഹിക്കാൻ കഴിയുന്ന കേരളത്തിന്റേതായ ഒരു ബാങ്ക് ഇന്നില്ല. എസ്ബിടി, എസ്ബിഐയിൽ ലയിച്ചു. മറ്റ് പല ബാങ്കുകളും പുറത്തുള്ളവർ ഏറ്റെടുത്തു. കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ നിക്ഷേപലക്ഷ്യങ്ങൾ എല്ലാം തീരുമാനിക്കപ്പെടുന്നത് ദേശീയ തലത്തിൽ ആണെന്ന് വന്നിരിക്കുകയാണ്. ഈ പശാചാത്തലിൽ ആണ് കേരളത്തോട് താൽപര്യമുള്ള, കേരളത്തിൽ വേരുകളുള്ള ഒരു ബാങ്കിൻറെ രൂപീകരണം പ്രാധാന്യമർഹിക്കുന്നത്. കേരളത്തിൽ ആരംഭിക്കാൻ ലക്ഷ്യമിടുന്ന വലിയ സംരഭങ്ങൾക്ക് വായ്പ്പ നല്കാൻ കേരള ബാങ്കിന് കഴിയും.

കേരളത്തിലേക്ക് വിദേശ മലയാളികൾ പ്രതിവർഷം ഏതാണ്ട് ഒരുലക്ഷം കോടി രൂപയാണ് അയക്കുന്നത്. കേരള ബാങ്കുകളിലെ എൻആർഐ ഡെപോസിറ്റ് ഒന്നേകാൽ ലക്ഷം കോടി രൂപ വരും. പ്രവാസി മലയാളികളുടെ ഡെപ്പോസിറ്റുകൾ വാങ്ങാൻ സഹകരണ ബാങ്കുകൾക്ക് അനുവാദം ഇല്ല. എന്നാൽ പുതിയ ബാങ്കിന് ഈ അവകാശം നേടാൻ കഴിയുന്നതോടെ സ്ഥിതിവിശേഷം ആകെ മാറും. നല്ലൊരു പങ്ക് എൻആർഐ ഡെപ്പോസിറ്റ് ആകർഷിക്കാൻ പുതിയ ബാങ്കിന് കഴിയും. കേരളത്തിന്റെ വികസനത്തിൽ പങ്കാളികൾ ആവാൻ പ്രവാസികൾ ഡെപോസിറ്റ് കേരള ബാങ്കിൽ ആക്കിയാൽ മാത്രം മതി. കേരളത്തിൽ വായ്പ നൽകാൻ കേരളാ ബാങ്കിന്റെ കൈയിലുള്ള ഡെപ്പോസിറ്റ് ഇന്നത്തേതിന്റെ ഇരട്ടിയായെങ്കിലും ഉയരും.

കേരള ബാങ്ക് പ്രാഥമിക സഹകരണ ബാങ്കുകളുടെ താല്പര്യങ്ങൾക്കു വിരുദ്ധമാണെന്ന പ്രചാരണം പാടേ തള്ളിക്കളയേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഇതുപോലൊരു സംവിധാനത്തിന്റെ സംരക്ഷണ കവചം ഉണ്ടെങ്കിൽ മാത്രമേ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നില നിൽക്കാനാവൂ. നമ്മുടെ പ്രാഥമിക സഹകരണ ബാങ്കുകൾ മറ്റ് ബാങ്കിങ്ങേതര സേവനങ്ങളിൽ ഏർപ്പെടാൻ പാടില്ല എന്നാണല്ലോ വൈദ്യനാഥൻ കമ്മിറ്റിയും റിസർവ് ബാങ്കുമെല്ലാം വാദിക്കുന്നത്. നമ്മൾ വഴങ്ങിയിട്ടില്ല. അതുകൊണ്ട് ഈ സ്ഥാപനങ്ങളെ അവർ ബാങ്കുകളായി അംഗീകരിക്കുന്നില്ല . കോർ ബാങ്കിങ്ങിലേക്ക് വരുന്നതിനോ ആധുനീക ബാങ്കിങ് സൗകര്യങ്ങൾ ഉപഭോക്താക്കൾക്കു നൽകുന്നതിനോ കഴിയില്ല. ഇതിന്റെ കെടുതികൾ നോട്ടുനി രോധന കാലത്ത് നമ്മൾ അനുഭവിച്ചിരുന്നു. ആധുനീകവും ശക്തവുമായ ഒരു മേൽത്തട്ട് ബാങ്കിങ് സംവിധാനത്തിന് മാത്രമേ നമ്മുടെ പ്രാഥമീക സഹകരണ ബാങ്കുകളെ ഇന്നത്തെ പോലെ നിലനിർത്തി കൊണ്ട് മുന്നോട്ട് പോകാനാവൂ. ഓൺലൈൻ

ബാങ്കിങ്, എടിഎം, ഡെബിറ്റ് കാർഡ് എന്നിവയെല്ലാം കേരള ബാങ്കിലുണ്ടാകും. ഇവ പ്രാഥമിക സഹകരണ ബാങ്കുകൾക്കും സഹായകരമാകും.

കേരള ബാങ്ക് സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നതിനു പകരം തങ്ങളുടെ വിഭവശേഷിയിൽ പരമാവധി നാട്ടിലെ വിഭവസംരംഭങ്ങൾക്കു തന്നെ വായ്പ നൽകണം. ഇതിന് പ്രൊഫഷണൽ ആയിട്ടുള്ള ഒരു സംവിധാനം ബാങ്കിൽ ഉണ്ടാകണം. സംരംഭകർ സമർപ്പിക്കുന്ന പ്രൊജക്ടുകൾ പരിശോധിക്കുക മാത്രമല്ല, പ്രൊജക്ടുകൾ ഉണ്ടാക്കുന്നതിന് അവരെ സഹായിക്കുന്ന പ്രോ-ആക്ടീവ് നിലപാട് സ്വീകരിക്കണം. വായ്പയെടുക്കുന്നവർക്കുള്ള പരിശീലനവും സംരംഭം പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ തുടർമേൽനോട്ടത്തിനും പ്രത്യേക സംവിധാനങ്ങൾ ഉണ്ടാക്കണം. ഇതിനുവേണ്ടി മാനേജ്മെന്റ് സംരംഭങ്ങളെ അക്രെഡിറ്റേഷൻ നൽകാം. സംരംഭങ്ങളുടെ നെറ്റ് പ്രോഫിറ്റിൽ നിന്ന് ഒരു നിശ്ചിത ശതമാനം മാത്രം ഈ മാനേജ്മെന്റ് കൺസൾട്ടൻസിനു നൽകിയാൽ മതിയാകും. ഇത്തരത്തിലുള്ള കൺസൾട്ടൻസി സമ്പ്രദായങ്ങളെക്കുറിച്ചു ചർച്ച ചെയ്ത് ധാരണയിലെത്തേണ്ടതുണ്ട്.

## VIII
## ഭാവി: പ്രാദേശിക വികസനത്തിൽ പങ്കാളിത്തം

സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും രൂപംനൽകുന്ന സ്വകാര്യ സംരംഭക സഹായ പ്രൊജക്ടുകളുടെ ഒരു പങ്കാളിയായി കേരള ബാങ്ക് മാറണം. ഇത് കീഴ്ത്തട്ടിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാധകമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരണസംഘങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഏകോപിതവും പ്രവർത്തനക്ഷമവുമാക്കാൻ ശ്രമിക്കണം. പഞ്ചായത്ത് തലത്തിൽ തന്നെ സംയുക്ത വികസന പദ്ധതികൾ രൂപപ്പെടുത്തുകയും സഹകരണസംഘങ്ങളുടെ മിച്ചധനം പ്രാദേശിക വികസനപദ്ധതികളുമായി ബന്ധിപ്പിക്കുകയും ചെയ്യും. കൃഷി, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമൂഹ്യക്ഷേമം തുടങ്ങിയ എല്ലാ മേഖലകളിലും പഞ്ചായത്ത് – സഹകരണ പങ്കാളിത്ത മാതൃക വ്യാപിപ്പിക്കപ്പെടും.

യുവജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നത് ഈ അജണ്ടയുടെ മറ്റൊരു പ്രധാന ഘടകമാണ്. സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് ചെറുപ്പത്തിൽത്തന്നെ സഹകരണമൂല്യങ്ങളുമായി യുവതയെ ബന്ധിപ്പിക്കും. ബാങ്കിങ് ഉൾപ്പെടെയുള്ള ആധുനിക ധനസേവനങ്ങൾ സഹകരണ ബാങ്കുകൾ വഴിയും കൂടുതൽ സുലഭമാക്കും. പഞ്ചായത്തുതലത്തിൽ യുവജനങ്ങൾക്കായി കായിക-ആരോഗ്യ സൗകര്യങ്ങൾ ഒരുക്കുകയും സംരംഭകത്വവും സൃഷ്ടിപരമായ തൊഴിലും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. വ്യവസായ ക്ലസ്റ്ററുകൾ, സംരംഭക നെറ്റുവർക്കുകൾ, ലൊജിസ്റ്റിക്സ് സഹകരണസംഘങ്ങൾ എന്നിവയിലൂടെ തൊഴിൽസൃഷ്ടിക്കും വിപണനശേഷിക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കും. ഡിജിറ്റൽ സേവനങ്ങൾ, ഓൺലൈൻ നിക്ഷേപ-വായ്പസംവിധാനങ്ങൾ, സുതാര്യ ധനകാര്യ മാനേജ്മെന്റ് എന്നിവയിലൂടെ സഹകരണ മേഖലയിലെ വിശ്വാസ്യതയും കാര്യക്ഷമതയും വർധിപ്പിക്കും.

പൊതുജനാരോഗ്യ മേഖലയിലും സഹകരണസംഘങ്ങൾ കൂടുതൽ സജീവമായി ഇടപെടും. ജില്ലാതലത്തിൽ സഹകരണ ആശുപത്രികൾ സ്ഥാപിക്കുകയും മുതിർന്നവർക്കും ദീർഘകാല രോഗികൾക്കും വേണ്ട പ്രത്യേക പരിചരണസംവിധാനങ്ങൾ വികസിപ്പിക്കുകയും ചെയ്യും. മിതമായ നിരക്കിൽ ലാബ്, സ്കാനിങ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുകയും മെഡിക്കൽ സ്റ്റോറുകളുടെ ശൃംഖല വികസിപ്പിക്കുകയും ചെയ്യും. പ്രവർത്തനരഹിതമായ ആശുപത്രികളെ പുനരുജ്ജീവിപ്പിക്കുകയും പൊതുമേഖല-സ്വകാര്യ പങ്കാളിത്ത മാതൃകകളിലൂടെ ധനസുസ്ഥിരത ഉറപ്പാക്കുകയും ചെയ്യും. സ്കൂൾ ആരോഗ്യപരിപാലനം മുതൽ ജീവിതശൈലി രോഗനിയന്ത്രണം വരെ സമൂഹകേന്ദ്രിത പദ്ധതികൾ തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കും. അന്താരാഷ്ട്രനിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങളും വെൽനസ് കേന്ദ്രങ്ങളും സ്ഥാപിച്ച് മെഡിക്കൽ ടൂറിസത്തിനും ആരോഗ്യ-ടൂറിസം സംയോജനത്തിനും വഴിയൊരുക്കും.

ടൂറിസം മേഖലയിലും സഹകരണസംഘങ്ങൾ സജീവ പങ്കാളികളാകും. ആരോഗ്യവും വിനോദവും സംയോജിപ്പിക്കുന്ന ടൂറിസം മാതൃകകൾ വികസിപ്പിക്കുകയും ഹോട്ടൽ സമുച്ചയങ്ങൾ, ഹോംസ്റ്റേ പദ്ധതികൾ, പ്രാദേശിക ടൂറിസം സർക്യൂട്ടുകൾ എന്നിവ സഹകരണസംഘങ്ങൾ മുഖേന നടപ്പാക്കുകയും ചെയ്യും. പ്രാദേശിക സംസ്കാരവും ജനങ്ങളുടെ പങ്കാളിത്തവും മുൻനിർത്തിയ അനുഭവാടിസ്ഥാന ടൂറിസം വികസിപ്പിക്കും. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസം സേവനങ്ങൾ ഏകോപിപ്പിക്കുകയും സർക്കാർ ഉപയോഗിക്കാത്ത ഭൂമികൾ ടൂറിസം പദ്ധതികൾക്കായി വിനിയോഗിക്കുകയും ചെയ്യും.

ഊർജമേഖലയിൽ പുതുക്കിയ ഊർജസ്രോതസുകളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതോടൊപ്പം മാലിന്യസംസ്കരണവുമായി ബന്ധിപ്പിച്ച ഊർജ ഉൽപാദന പദ്ധതികളും ആരംഭിക്കും. വൈദ്യുതി, സി.എൻ.ജി. ചാർജിങ് സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും സ്വയംപര്യാപ്ത ഊർഗ്രാമങ്ങൾ രൂപപ്പെടുത്തുകയും ചെയ്യും. കാർബൺ ന്യൂട്രൽ ഗ്രാമങ്ങൾ, ബയോ ഫ്യൂവൽ സംരംഭങ്ങൾ, ഹരിത നിക്ഷേപ പദ്ധതികൾ എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദ വികസനം പ്രോത്സാഹിപ്പിക്കും.

വിദ്യാഭ്യാസ മേഖലയിലും സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ വർധിപ്പിക്കും. പരീക്ഷാപരിശീലനം, കഴിവ് വികസനം, പരിശീലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും സഹകരണ സർവകലാശാലയുടെ സാധ്യതകൾ പരിശോധിക്കുകയും ചെയ്യും. സഹകരണ ജീവനക്കാർക്ക് തുടർച്ചയായ പരിശീലനം നൽകുകയും സ്കൂൾതലത്തിൽ തന്നെ വിദ്യാർഥികളെ

സഹകരണ മേഖലയുമായി പരിചയപ്പെടുത്തുകയും ചെയ്യും. ഡിജിറ്റൽമാനേജ്മെന്റ്, കൃത്രിമബുദ്ധി, സഹകരണ ധനകാര്യം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി ഉയർന്ന പഠനഅവസരങ്ങൾ വികസിപ്പിക്കും.

കാർഷികമേഖലയിൽ മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനവും കയറ്റുമതിയും വർധിപ്പിക്കുന്നതോടൊപ്പം സംഭരണസൗകര്യങ്ങൾ, ശീതീകരണ ശൃംഖലകൾ, വിപണന പ്ലാറ്റ്ഫോമുകൾ എന്നിവ ശക്തിപ്പെടുത്തും. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്ന സ്ഥിര സംവിധാനം വികസിപ്പിക്കുകയും ഉൽപന്ന വൈവിധ്യം വർധിപ്പിക്കുകയും ചെയ്യും. ഗുണമേന്മയുള്ള വിത്തുകളുടെ ലഭ്യത ഉറപ്പാക്കുകയും സംസ്ഥാന ഉൽപന്നങ്ങളെ ആഗോളവിപണിയിൽ എത്തിക്കുന്ന ബ്രാൻഡിങ് തന്ത്രങ്ങൾ നടപ്പാക്കുകയും ചെയ്യും.

പ്രവാസികളുമായി ബന്ധമുള്ള പദ്ധതികൾക്കും പ്രത്യേക പ്രാധാന്യം നൽകും. വിദേശവിനിമയ സേവനങ്ങൾ, പ്രവാസികളുടെ ഭൂമി ഉപയോഗപ്പെടുത്തുന്ന കൃഷിപദ്ധതികൾ, പ്രാദേശിക ഉൽപന്നങ്ങളുടെ ഇ-കൊമേഴ്സ് വിപണനം എന്നിവ വികസിപ്പിക്കും. തിരിച്ചെത്തുന്ന പ്രവാസികൾക്ക് സംരംഭകത്വത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും സഹകരണ സംരംഭ പ്ലാറ്റ്ഫോമുകളും ഒരുക്കും.

സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണം ഈ അജണ്ടയുടെ പ്രധാന അടിത്തറയാണ്. ധനകാര്യമാനേജ്മെന്റ്, ഓഡിറ്റ്, രജിസ്ട്രേഷൻ, സേവനങ്ങൾ എന്നിവ ഡിജിറ്റൽ സംവിധാനത്തിലാക്കുകയും പൊതുവായമാനദണ്ഡങ്ങളും സോഫ്ട്‌വെയർ സംവിധാനങ്ങളും നടപ്പാക്കുകയും ചെയ്യും. പ്രവർത്തനമികവ് അടിസ്ഥാനമാക്കി ഗ്രേഡിങ് സംവിധാനങ്ങൾ കർശനമാക്കുകയും ദുർബലസംഘങ്ങളെ ശക്തിയുള്ള സംഘങ്ങളുമായി ലയിപ്പിക്കുകയും ചെയ്യും. തൊഴിലാളികൾക്ക് ഇൻഷുറൻസ് ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ സംവിധാനങ്ങളും ശക്തിപ്പെടുത്തും.

ഇതിനുപുറമേ ചെറുകിട സംരംഭങ്ങൾക്ക് ധനസഹായം, വനിതാ സാമ്പത്തിക ശാക്തീകരണ പദ്ധതികളുടെ വിപുലീകരണം, ഹോസ്റ്റൽ സൗകര്യങ്ങൾ, സഹകരണ പ്രിന്റിങ് സേവനങ്ങൾ തുടങ്ങിയ നിരവധി കൂട്ടായ ഇടപെടലുകളും നടപ്പിലാക്കും. അടിസ്ഥാനസൗകര്യ വികസന പദ്ധതികളിൽ സഹകരണസംഘങ്ങളുടെ സാമ്പത്തികപങ്കാളിത്തവും ഉറപ്പാക്കും.

ഇങ്ങനെ, സമൂഹത്തിന്റെ സാമ്പത്തിക, സാമൂഹിക, പരിസ്ഥിതി ആവശ്യങ്ങളെ ഒരുമിച്ചു പരിഗണിച്ച് സഹകരണമേഖലയെ കൂടുതൽ ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ വികസനത്തിന്റെ മുഖ്യചാലകശക്തിയാക്കി മാറ്റുകയാണ് ഈ ഭാവി പ്രവർത്തന അജണ്ടയുടെ ലക്ഷ്യം.

## 21

# പരിസ്ഥിതി, പശ്ചിമഘട്ടം

കേരളത്തിലെ പശ്ചിമഘട്ടം കേരളത്തിന്റെ കാലാവസ്ഥയേയും ജലചക്രത്തെയും ജൈവവൈവിധ്യത്തെയും സാമ്പത്തിക വളർച്ചയേയും ഗാഢമായി സ്വാധീനിക്കുന്ന സവിശേഷമായ ഒരു പാരിസ്ഥിതിക മേഖലയാണ്. കേരളത്തിന്റെ ഏകദേശം 48 ശതമാനം വരുന്ന ഈ ഭൂപ്രദേശം സംസ്ഥാനത്തിന്റെ വികസന വാഹകശേഷി നിർണയിക്കുന്നതിൽ വളരെ നിർണായക സ്വാധീനം ചെലുത്തുന്നു. അതിരമണീയമായ മഴക്കാടുകൾ, താഴ് വരകളിലെ സമ്പന്നമായ ചോലക്കാടുകൾ, അവക്കിരുപുറവുമായി മടക്കുമടക്കായി കിടക്കുന്ന പുൽമേടുനിറഞ്ഞ മലനിരകൾ, മലഞ്ചരുവുകളിൽ വിശാലമായി വ്യാപിച്ചുകിടക്കുന്ന ഉണർവേകുന്ന തോട്ടങ്ങൾ, മലമടക്കുകളിൽ ഉത്ഭവിക്കുന്ന നീർച്ചാലുകൾ, തോടുകൾ, പുഴകൾ, താഴ്വരകളുടെ വിശാലമായ പ്രകൃതിദൃശ്യം, പല വർണങ്ങളിലുള്ള പക്ഷികൾ, വിസ്മയച്ചായങ്ങൾ നിറഞ്ഞ ചിത്രശലഭങ്ങൾ, ലക്ഷക്കണക്കിന് സവിശേഷത നിറഞ്ഞ ജീവജാലങ്ങൾ, സുഖകരമായ കാലാവസ്ഥ ഇവയൊക്കെ ചേർന്നുള്ള കേരളത്തിന്റെ സംരക്ഷിത നീർത്തടമാണ് പശ്ചിമഘട്ടം. പശ്ചിമഘട്ട മലനിരകൾ കേരളത്തിലെ കാലാവസ്ഥയെയും ജലചക്രത്തെയും ശക്തമായി സ്വാധീനിക്കുന്നു. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ട കേരളത്തിലെ പശ്ചിമഘട്ടപ്രദേശങ്ങൾ ലോകത്തിലെ എട്ട് വംശനാശസാധ്യതയേറിയ ജൈവവൈവിധ്യ മേഖലകളിൽ ഏറ്റവും ശ്രദ്ധവേണ്ട ഇടമായി കരുതപ്പെടുന്നു. 2025ലെ IUCN വേൾഡ് ഹെറിറ്റേജ് ഔട്ട്‌ലുക്ക് 4 റിപ്പോർട്ട് പ്രകാരം, അനവധി സ്വദേശീയ (endemic) ജീവജാലങ്ങളും, അതുല്യമായ വനവിഭാഗങ്ങളുമുള്ള ഈ പ്രദേശത്തെ ജൈവവൈവിധ്യസ്ഥിതി അതീവ ആശങ്കയിലാണ്.

## I
## പശ്ചിമഘട്ടത്തിന്റെ സവിശേഷതകൾ.

പശ്ചിമഘട്ടമലനിരകളുടെ പടിഞ്ഞാറൻ ചരിവ് സാധാരണയായി കുത്തനെയോ തട്ടുതട്ടുകളായോ കാണപ്പെടുന്നു. ജിയോളജിക്കൽ ടൈം സ്കെയിലിൽ ക്രിട്ടേഷ്യസ് കാലഘട്ടത്തിനു ശേഷമുള്ള (ഏകദേശം 66 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ്) ഘട്ടങ്ങളായ ഉയർച്ചകളിലൂടെയാണ് ഇവ ഇപ്പോഴുള്ള ഉയരത്തിലെത്തിയതെന്ന് കരുതപ്പെടുന്നു. വയനാട് പീഠഭൂമി, കുണ്ടമലകൾ, നെല്ലിയാമ്പതി പീഠഭൂമി, ആനമല–കാർഡമം മലനിരകൾ, പീരുമേട് പീഠഭൂമി, അഗസ്ത്യമല മലനിരകൾ എന്നിവ ഉൾക്കൊള്ളുന്ന ഈ പ്രദേശത്തിന്റെ ഉയരം 75 മീറ്ററിൽ നിന്ന് 2500 മീറ്ററിലധികം വരെ വ്യത്യാസപ്പെടുന്നു. ഓരോ പീഠഭൂമിയെയും ചുറ്റിപ്പറ്റിയുള്ള അതിരുകൾ സാധാരണയായി കുത്തനെ ചരിവുള്ളതും (70% മുതൽ 100% വരെ), ദൈർഘ്യമുള്ള പ്രതലങ്ങളോടുകൂടിയതുമാണ്. കേരളത്തിലെ മിക്ക നദികളും ഈ പ്രദേശത്തുനിന്നാണ് ഉത്ഭവിക്കുന്നത്. മലഞ്ചരിവിലൂടെ ശക്തമായി പടിഞ്ഞാറോട്ട് ഒഴുകുന്ന ഈ നദികൾ ഉയർന്ന മണ്ണൊലിപ്പിന് കാരണമാകുകയും അപക്ഷയും സംഭവിച്ച ഭൂരൂപങ്ങൾ (denudational landforms) സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ പ്രദേശത്തെ അടിസ്ഥാന ശിലാപാളിക്ക് മുകളിലായി രൂപം കൊണ്ടിട്ടുള്ള മൺപാളി സാധാരണയായി കനംകുറഞ്ഞതും വ്യക്തമായി വികാസം പ്രാപിക്കാത്തതുമാണ്. അതുകൊണ്ടുതന്നെ മൺപാളിയും അതിനുതാഴെയുള്ള അടിസ്ഥാന ശിലാരൂപങ്ങളും തമ്മിലുള്ള ബന്ധനം (bonding) വളരെ ദുർബലമാണ്.

### കാലാവസ്ഥാ സ്വാധീനം

പശ്ചിമഘട്ടത്തിൽ ലഭിക്കുന്ന മഴ സാധാരണയായി 300 സെ.മീ.നു മുകളിലാണ്; ചില ഇടങ്ങളിൽ 500 സെ.മീ.നു മുകളിൽ പോലും ലഭിക്കുന്നു. തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റിനൊപ്പം കടലിൽ നിന്നെത്തുന്ന ഈർപ്പമുള്ള വായുവിനെ പശ്ചിമഘട്ടം തടഞ്ഞ് ഉയർത്തുന്നതിനാൽ പടിഞ്ഞാറൻ ഭാഗത്ത് ശക്തമായ മഴ ലഭിക്കുന്നു. ഒരു ചെറിയ പ്രദേശത്ത് കേന്ദ്രീകരിക്കുന്ന ശക്തമായ ഈർപ്പത്തിന്റെ ഗതി (moisture transport) അത്യന്തം ശക്തമായ മഴക്ക് (Extreme Rainfall Events- EREs) കാരണമാകുന്നു. ഈ അർത്ഥത്തിൽ, പശ്ചിമഘട്ടങ്ങളിലുടനീളം മൺസൂൺ പ്രവാഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മൂലം അറബിക്കടലിൽ നിന്ന് ഈർപ്പം കൂടുതലായി എത്തുന്ന സഹചര്യത്തിൽ EREകൾ ഉൾപ്പെടെ മൊത്തത്തിലുള്ള മഴയുടെ വർധനവിന് കാരണമാകും. ഒരുകാലത്ത് ഉഷ്ണമേഖലാ വനങ്ങൾ സമൃദ്ധമായിരുന്ന ഈ ചരിവുകൾ

വനനശീകരണം, മണ്ണിളക്കിയുള്ള കാർഷികവൃത്തി, നീർച്ചാൽ നശീകരണം തുടങ്ങിയ വിവേചനരഹിതമായ മനുഷ്യഇടപെടലുകൾ മൂലം സന്തുലിതാവസ്ഥ തകർന്ന സ്ഥിതിയിലാണ്. അതുകൊണ്ടുതന്നെ ഉയർന്ന മഴതീവ്രത ഈ പ്രദേശങ്ങളെ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യതയുള്ളയുള്ള പ്രദേശങ്ങളാക്കി മാറ്റിയിരിക്കുന്നു.

## വനം, വന്യജീവി

പശ്ചിമഘട്ട മേഘലയുടെ ഒരു പ്രധാന സവിശേഷത വനങ്ങളാണ്. സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ ഏകദേശം 29.65 ശതമാനം വനങ്ങളാണ്. ഉഷ്ണമേഖലാ സദാഹരിതവും (tropical wet evergreen), അർധ സദാഹരിതവും ആയ വനങ്ങൾ സംസ്ഥാന വനപ്രദേശത്തിന്റെ 33.7 ശതമാനം പ്രദേശങ്ങളിൽ വ്യാപിച്ചിരിക്കുന്നു. സാന്ദ്രമായ, പല നിലകളിൽ വൃക്ഷവിതാനങ്ങളുള്ള (canopy) ഈ "മഴക്കാടുകൾ" ഉയർന്ന ജീവിപരിണാമപ്രക്രിയ (speciation) നടക്കുന്ന കേന്ദ്രങ്ങളാണ്. സംസ്ഥാനത്തിലെ വനപ്രദേശങ്ങളുടെ ഏകദേശം 27 ശതമാനം സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ പശ്ചിമഘട്ടം ഭൂമിയിലെ മറ്റെവിടെയും കാണപ്പെടാത്ത ആയിരക്കണക്കിന് ജീവിവർഗങ്ങളുടെ അഭയകേന്ദ്രമാണ്: ഇവിടെ 5,000-ത്തിലധികം സസ്യവർഗങ്ങൾ കാണപ്പെടുന്നു; ഇതിൽ ഏകദേശം 1,846 ഇനങ്ങൾ ഈ പ്രദേശത്തിന് മാത്രം സ്വദേശീയമാണ് (endemic). അതോടൊപ്പം അത്യന്തം വംശനാശഭീഷണി നേരിടുന്ന നിരവധി സസ്യ, ജീവി വർഗങ്ങളുടെ ആവാസകേന്ദ്രവുമാണ് ഈ പ്രദേശം. പശ്ചിമഘട്ടത്തിലെ 95 ശതമാനം പൂച്ചെടികളും 90 ശതമാനം കശേരുക്കളും കേരളത്തിൽ കാണപ്പെടുന്നു. ഇന്ത്യയിലെ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ നിർണായക കേന്ദ്രമാണ് കേരളത്തിലെ പശ്ചിമഘട്ട പ്രദേശം.

## പ്രകൃതിദുരന്തങ്ങൾ

പശ്ചിമഘട്ടത്തെ ബാധിക്കുന്ന പ്രധാന പ്രകൃതിദുരന്തങ്ങൾ ഉരുൾപൊട്ടലും (Landslides), അതിതീവ്ര മഴയും (Extreme Rainfall Events- ERE), അത് കാരണം ഉണ്ടാകുന്ന വെള്ളപ്പൊക്കവുമാണ്. അപൂർവമായി ശേഷി കുറഞ്ഞ പ്രകമ്പനങ്ങളും/ഭൂചലനങ്ങളും (micro-tremors/earthquakes) ഈ പ്രദേശങ്ങളിൽ ഉണ്ടാകാം. ഉരുള്പൊട്ടലിന് പ്രധാന കാരണം ചരിവ് തകരാറുകളാണ് (slope failures). ചരിവുകളുടെ സ്ഥിരതയെ ബാധിക്കുന്ന ഘടകങ്ങൾ ചരിവിന്റെ അളവ്, ആപേക്ഷിക ഉയരം (relative relief), ഭൂഗർഭ ശിലാഘടന, ഡ്രെയിനേജ്, സസ്യാവരണം, ജിയോടെക്നിക്കൽ ഘടകങ്ങൾ, മനുഷ്യപ്രവർത്തനങ്ങൾ എന്നിവയാണ്. ചരിവിൽ സജീവമായ പ്രകൃതി പ്രക്രിയകൾ (natural processes), മണ്ണിലെ ജലപൂരിതാവസ്ഥ (saturated soil), ഭൂകമ്പ തരംഗങ്ങൾ, അസ്ഥിരമായ ചരിവിലെ സമ്മർദ്ദാവസ്ഥ എന്നിവയും കണക്കിലെടുക്കേണ്ടതുണ്ട്.

അതിതീവ്ര മഴ (EREs) സമയത്ത് കേരളത്തിലുടനീളം ഉരുൾപൊട്ടലുകൾ സംഭവിക്കാൻ കാരണമായ പ്രധാന ഘടകം മണ്ണിന്റെ അതിപൂരിതാവസ്ഥ (super saturation) ആണ്. പശ്ചിമഘട്ടങ്ങളിൽ നടത്തിയ സമഗ്രമായ പഠനം അനുസരിച്ച് 25° മുതൽ 32° വരെ ചരിവുള്ള മേഖലകളിലാണ് ഏറ്റവും കൂടുതൽ ഉരുൾപൊട്ടലുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. 16°-ൽ താഴെയുള്ള ചരിവുകളിൽ ഉരുൾപൊട്ടലുകൾ രേഖപ്പെടുത്തിയിട്ടില്ല. ചരിവുള്ള ഉപരിതലത്തിന്റെ നീളവും മറ്റൊരു നിർണായക ഘടകമാണ്. 150 മീറ്ററിലധികം നീളമുള്ള ചരിവുകളിലാണ് ഉരുൾപൊട്ടലുകൾ സാധാരണയായി കാണപ്പെടുന്നത്, പ്രത്യേകിച്ച് തെക്ക്-പടിഞ്ഞാറ് (SW) ദിശയിലേക്കാണ് അവ അഭിമുഖീകരിക്കുന്നതെങ്കിൽ.

പലതവണ ഭംഗുര രൂപാന്തരങ്ങൾ (brittle deformations) അല്ലെങ്കിൽ ഷിയറിംഗ് അനുഭവിച്ച പാറകളും, മൃദുവായ പാറകളും ചരിവിന്റെ അസ്ഥിരത വർധിപ്പിക്കുന്നു. കൂടാതെ, ബേസ്മെന്റ് പാറകളിലെ ഉപരിതലത്തിന് സമാന്തരമായ ജോയിന്റുകൾ, കേരളം പോലുള്ള ഉയർന്ന മഴയുള്ള പ്രദേശങ്ങളിൽ ജലത്തിന്റെ വശീയ ഒഴുക്കിന് കാരണമാകുകയും അസ്ഥിരത വർദ്ധിപ്പിക്കുകയും ചെയ്യും. ഡ്രെയിനേജ് പാറ്റേണും ഡ്രെയിനേജ് ഡെൻസിറ്റിയും പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റു രണ്ട് ഘടകങ്ങളാണ്. സമാന്തര ഡ്രെയിനേജ് പാറ്റേൺ കാണിക്കുന്ന പ്രദേശങ്ങൾ സാധാരണയായി ചരിവ് അസ്ഥിരതക്ക് വിധേയമാണ്. അതുപോലെ, നാലിൽ കൂടുതലുള്ള ഡ്രെയിനേജ് ഡെൻസിറ്റിയുള്ള പ്രദേശങ്ങൾ ഉയർന്ന ചരിവുള്ള മേഖലകളിൽ അസ്ഥിരതയുണ്ടാക്കും. കൃഷിവ്യാപനം, ജലസംരക്ഷണം എന്നിവ ലക്ഷ്യമാക്കി നടത്തിയ മനുഷ്യനിർമ്മിത പ്രവർത്തനങ്ങൾ—ഉദാഹരണത്തിന് ടെറസിംഗ്, മഴവെള്ള ചാലുകളുടെ തടയൽ/തിരിച്ചുവിടൽ, സ്വാഭാവിക സസ്യാവരണത്തിലെ മാറ്റങ്ങൾ എന്നിവയും ഉരുൾപൊട്ടൽ സാധ്യത വർധിപ്പിക്കും. സംസ്ഥാനത്ത് ഉണ്ടായ ഉരുൾപൊട്ടലുകളുടെ ഭൂരിഭാഗവും ഇത്തരം പ്രദേശങ്ങളിലായിരുന്നു. കൂടാതെ, ചില പ്രദേശങ്ങളിൽ മണ്ണിനുള്ളിലെ 'സോയിൽ പൈപ്പിംഗ്' എന്ന പ്രക്രിയയും ഉരുൾപൊട്ടലിന് കാരണമായി പ്രവർത്തിച്ചിട്ടുണ്ട്. മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ, വയനാട് (2024), പെട്ടിമുടി ഉരുൾപൊട്ടൽ, രാജമല, ഇടുക്കി (2020), കവളപ്പാറ ഉരുൾപൊട്ടൽ, നിലമ്പൂർ, മലപ്പുറം (2019), പുത്തുമല ഉരുൾപൊട്ടൽ, മേപ്പാടി, വയനാട് (2019), അമ്പൂരി ഉരുൾപൊട്ടൽ, തിരുവനന്തപുരം (2001), വെണ്ണിയാനി ഉരുൾപൊട്ടൽ, തൊടുപുഴ, ഇടുക്കി (2001) എന്നീ കേരളത്തിലെ ഏറ്റവും നാശനഷ്ടങ്ങളുണ്ടാക്കിയ ഉരുൾപൊട്ടലുകളെല്ലാം തന്നെ മേൽപ്പറഞ്ഞ കാരണങ്ങളാൽ ഉണ്ടായതാണ് എന്ന് കാണാം.

## ഉരുൾപൊട്ടൽ പ്രതിഭാസം

ഉരുൾപൊട്ടലിനു കാരണമാകുന്ന വിവിധ ഘടകങ്ങളും അവയുടെ പ്രാധാന്യവും ഒരു നിശ്ചിത

കാലാവസ്ഥാ മേഖലയിലെ സാഹചര്യങ്ങൾ പരിഗ ണിച്ചുകൊണ്ട്, സംസ്ഥാനത്തെ മുഴുവൻ പശ്ചിമഘട്ട പ്രദേശത്തിന്റെയും ഉരുൾപൊട്ടൽ അപകടമേഖലാ വിഭജനം (landslide hazard zonation) നടത്തുക യും അതിന്റെ ഫലങ്ങൾ 1:50,000 സ്കെയിലിൽ ജില്ലാതല ഹസാർഡ് സോണേഷൻ മാപ്പുകളായി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ദേശീയ നയങ്ങൾക്കും, ചട്ട ക്കൂടുകൾക്കും അനുസൃതമായി 2016-ൽ സംസ്ഥാന ദുരന്ത പരിപാലന പ്ലാൻ സംസ്ഥാനം രൂപപ്പെടുത്തു കയുണ്ടായി. 2018-ൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സർക്കാരുകളും ജനപങ്കാളിത്തത്തോടെ ദുരന്ത നിവാരണ പദ്ധതി തയാറാക്കുകയുണ്ടായി. രാജ്യത്ത് പ്രാദേശിക ദുരന്ത നിവാരണ പദ്ധതിയുള്ള ഏക സംസ്ഥാനം കേരളമാണ്.

### വെള്ളപ്പൊക്കം

ഉയർന്ന പ്രദേശങ്ങളിൽ (Highlands) ഉണ്ടാകുന്ന വെള്ളപ്പൊക്കങ്ങൾ ശക്തമായ നീരൊഴുക്കിനൊപ്പം ധാരാളം മണ്ണും കലർന്നാണ് ഒഴുകുന്നത്. വെള്ളപ്പൊ ക്കത്തോടൊപ്പം വ്യത്യസ്ത തോതിലുള്ള മണ്ണിടിച്ചി ലുകളും സാധാരണ സംഭവിക്കുന്നു. ധാരാളം മണ്ണ് കലർന്ന ശക്തമായ നീരൊഴുക്ക് താങ്ങാൻ പലപ്പോഴും നദികൾക്ക് ശേഷിയുണ്ടാകില്ല. ഈ സഹചര്യത്തിൽ വെള്ളപ്പൊക്കം അതീവ ഗുരുതരമാകുന്നു.

വെള്ളപ്പൊക്കത്തിന് കാരണമാകുന്ന പ്രകൃതിദത്ത വും മനുഷ്യനിർമ്മിതവുമായ നിരവധി ഘടകങ്ങൾ ഉണ്ട്. അവയിൽ പ്രധാനപ്പെട്ടവ: (1) ദീർഘതയേറിയ അതിതീവ്ര മഴ, (2) നദീതീര മേഖലകളിലെ അശാ സ്ത്രീയമായ മനുഷ്യഇടപെടലുകൾ, (3) അനധികൃത കൈയേറ്റങ്ങൾ മൂലം പ്രകൃതിദത്ത പ്രദേശങ്ങളുടെ വിസ്തൃതി കുറയുന്നത്, (4) വെള്ളപ്പൊക്കങ്ങളിലെ ത്തുന്ന അധികജലം സ്വാംശീകരിക്കാൻ ശേഷിയുള്ള വയലുകളുടെയും, ജലാശയങ്ങളുടെയും, തടാകങ്ങ ളുടെയും നശീകരണം, (5) അപ്രതീക്ഷിതവും, അതി തീവ്രവുമായ മഴ (Extreme Rainfall Events- EREs), (6) അണക്കെട്ടുകൾ പ്രവർത്തിപ്പിക്കുന്നതിലും, പരിപാ ലിക്കുന്നതിലുമുള്ള കാര്യക്ഷമതയില്ലായ്മ, (7) മണ്ണ്/ എക്കൽ നിക്ഷേപവും ജലസസ്യങ്ങളുടെ വളർച്ചയും മൂലം നീർച്ചാലുകളുടെയും, നദികളുടെയും, ജലസം ഭരണികളുടെയും ശേഷി കുറയുക ഇവയെല്ലാമാണ്.

കാലാവസ്ഥാ വകുപ്പിന്റെ മാനദണ്ഡപ്രകാരം 24 മണിക്കൂറിൽ 204 മില്ലീമീറ്ററിലധികം മഴ ലഭിക്കുന്ന സാഹചര്യം അതിതീവ്ര മഴയായി (ERE) കണക്കാ ക്കപ്പെടുന്നു. സമീപകാലത്ത് സംസ്ഥാനത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ ERE-കൾ താരതമ്യേന കൂടു തലാണെന്ന് നിരീക്ഷിക്കപ്പെടുന്നു. അന്തരീക്ഷത്തിൽ അമിതമായി ഈർപ്പം വർദ്ധിക്കുക, കാറ്റിന്റെ ഗതിവി ഗതികളിലെ മാറ്റം, പശ്ചിമഘട്ടം പോലെ ഉയർന്ന മലകളുടെ സ്വാധീനം തുടങ്ങിയ പ്രത്യേകതകൾ അതിതീവ്ര മഴക്ക് കാരണമാകുന്നു. ആഗോളതാപന വും EREകളുടെ ഒരു പ്രധാന കാരണമാണ്. നഗരപ്ര ദേശങ്ങളിലെ താപദ്വീപ് (Heat island) പ്രതിഭാസം, ഭൂപ്രകൃതിയിലും, ഭൂവിനിയോഗത്തിലും ഉണ്ടാകുന്ന മാറ്റങ്ങൾ ഇവയും EREകൾക്ക് കാരണമാകാം.

1985 മുതൽ 2005 വരെയുള്ള കാലയളവിൽ നിർമി തപ്രദേശങ്ങൾ (built-up areas) 79% വർധിക്കുകയും വനമേഖല 7.65% കുറയുകയും ചെയ്തു. 2005 മുതൽ 2018 വരെ പുല്മേടുകളും കുറ്റിച്ചെടി പ്രദേശങ്ങളും ഗണ്യമായി കുറഞ്ഞു. ഇതിന്റെ ഫലമായി മണ്ണിലേക്ക് ജലം കിനിഞ്ഞിറങ്ങുന്ന തോത് കുറഞ്ഞു, ഉപരിതല ഒഴുക്ക് വർധിച്ചു. കൂടാതെ, നദീതീരങ്ങളിലും വെള്ള പ്പൊക്ക സമതലങ്ങളിലും നടക്കുന്ന നഗരവികസന ങ്ങൾ കേരളത്തിൽ വെള്ളപ്പൊക്കനാശം കൂടുതൽ രൂക്ഷമാക്കി.

കേരളത്തിലെ വിവിധ ജലസംഭരണികളിലെ എക്കൽ നിക്ഷേപ നിരക്ക് ഹെക്ടറിന് പ്രതിവർഷം വർഷം 4.43 മുതൽ 71.05 ഘനമീറ്റർ വരെയായി കണക്കാ ക്കപ്പെടുന്നു. ഇതുമൂലം ജലസംഭരണികളുടെ സംഭര ണശേഷി കുറഞ്ഞ് വെള്ളപ്പൊക്ക നിയന്ത്രണശേഷി കുറയുന്നു. കഴിഞ്ഞ നൂറ്റാണ്ടിനിടെ പശ്ചിമഘട്ടങ്ങ ളിൽ വനാവരണം കുറഞ്ഞതും, നെൽവയലുകളും ചതുപ്പുനിലങ്ങളും വലിയ തോതിൽ കുറഞ്ഞതും, തോട്ടങ്ങളും, വാസസ്ഥലങ്ങളും വർദ്ധിച്ചതും, നദീ തീരങ്ങളിലെ ജനസാന്ദ്രത വർദ്ധിച്ചതും വെള്ളപ്പൊ ക്കക്കെടുതി വർദ്ധിപ്പിക്കുന്നു.

## II
## കുടിയേറ്റവും ഭൂപ്രശ്നങ്ങളും

കുടിയേറ്റത്തിന്റെ ഫലമായി 80 വർഷ കാലയളവിൽ (1911–91) കേരളത്തിലെ പശ്ചിമഘട്ട പ്രദേശങ്ങളിൽ ജനസംഖ്യാ വർധനവ് 1343% ആയിരുന്നു. ഈ കാലഘട്ടത്തിൽ തീരപ്രദേശങ്ങളിലെ ജനസംഖ്യാ വർദ്ധന വെറും 306% മാത്രമായിരുന്നു എന്നത് ശ്ര ദ്ധിക്കേണ്ടതാണ്. 1921–31, 1951–61 ദശകങ്ങളി ലാണ് വയനാടിലും ഇടുക്കിയിലും ഏറ്റവും വലിയ കുടിയേറ്റം നടന്നത്.

ഉയർന്ന പ്രദേശങ്ങളിലും പീഠഭൂമികളിലും തോട്ടകൃഷി ആരംഭിച്ചതോടെയാണ് ആധുനിക കാലഘട്ടത്തിലെ കുടിയേറ്റം ആരംഭിച്ചത്. തോട്ടങ്ങളിലെ തൊഴിലാ ളികൾ എന്ന നിലയിലുള്ള കുടിയേറ്റം പ്രധാനമായും തമിഴ് നാട്ടിലെ താഴ്ന്ന സാമൂഹിക സാമ്പത്തിക വിഭാ ഗങ്ങളിൽ നിന്നാണ് സംഭവിച്ചത്. തുടർന്ന് “കൂടുതൽ ഭക്ഷണം ഉൽപ്പാദിപ്പിക്കുക” (Grow More Food) എന്ന പ്രചാരണത്തിന്റെ ഭാഗമായി വനഭൂമികളും ജലാശയ പ്രദേശങ്ങളും കൃഷിക്ക് വേണ്ടി വീണ്ടെടുക്കപ്പെട്ടു. പ്ര ധാനമായും ഇടനാട് എന്ന് നിർവചിക്കപ്പെടുന്ന കേരള ത്തിലെ പ്രദേശങ്ങളിൽ ജനസംഖ്യ വർദ്ധനവും അതേ ത്തുടർന്ന് കാർഷിക രംഗത്ത്ഉണ്ടായ പ്രതിസന്ധിയു ടെയും അനന്തരഫലം എന്ന നിലയിലാണ് പശ്ചിമഘ ട്ട പ്രദേശങ്ങളിലേക്ക് വ്യാപകമായ കുടിയേറ്റം കേരള ത്തിൽ ആരംഭിക്കുന്നത്. വടക്കൻ ജില്ലകളിലേക്കുള്ള കുടിയേറ്റം കുറഞ്ഞ വിലയിൽ കൃഷി ഭൂമി ലഭ്യമാകു മെന്ന് കണ്ട പ്രദേശങ്ങളിലേക്കാണ് പ്രധാനമായും നടന്നത്. ഭക്ഷ്യവിളകളായ നെല്ല്, വാഴ എന്നിവയും

തോട്ടവിളകളായ കാപ്പി, കുരുമുളക് എന്നിവ കൃഷി ചെയ്യുന്ന പ്രദേശങ്ങളിലേക്കും വ്യാപകമായ രീതിയിൽ കുടിയേറ്റം നടന്നു.

ഇതുവഴി പശ്ചിമഘട്ടങ്ങളിലെ ഭൂവിനിയോഗ മാതൃകയും പരിസ്ഥിതിയും ഗണ്യമായി മാറി. കുടിയേറ്റത്തിന്റെ പരിണിതഫലമായി പശ്ചിമഘട്ടങ്ങൾ ഇന്ന് വ്യാപകമായ പരിസ്ഥിതി സമ്മർദം, സ്വാഭാവിക സസ്യാവരണത്തിന്റെ നഷ്ടം, വനങ്ങളുടെ വിഘടനം, ജൈവവൈവിധ്യത്തിന്റെയും ജനിതക വിഭവങ്ങളുടെയും നാശം, ഭൂക്ഷയം, അതിവേഗ മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ, ശിലാപതനം (rockfall), മണ്ണൊലിപ്പ് (mudflow), മണ്ണിനുള്ളിലെ നീർച്ചാൽ രൂപീകരണം (soil piping) തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്ന പ്രദേശമായി മാറിയിട്ടുണ്ട്.

### ഭൂപ്രശ്നങ്ങൾ

പലഘട്ടങ്ങളിലായി സർക്കാർ പിന്തുണയോടെയും നടന്നിട്ടുള്ള കുടിയേറ്റങ്ങളും വേണ്ടത്ര രേഖകൾ ഇല്ലാതെ നൽകിയിട്ടുള്ള പാട്ടങ്ങളും പാട്ടക്കാലാവധിക്ക് ശേഷവും കൃഷിക്കാരെ അവിടെത്തന്നെ തുടരാൻ അനുവദിച്ചതും തുടങ്ങി നാനാവിധ പ്രശ്നങ്ങൾമൂലം ഭൂപ്രശ്നനങ്ങൾ വളരെ സങ്കീർണ്ണമാണ്.

യഥാർത്ഥ ഭൂപതിവ് നിയമമനുസരിച്ച് (1960), കൃഷി, വീട് നിർമ്മാണം, മറ്റ് പൊതു ആവശ്യങ്ങൾ എന്നിവയ്ക്കായി നൽകിയ ഭൂമി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ലായിരുന്നു. എന്നാൽ, ദശാബ്ദങ്ങൾ കൊണ്ട് ഇവയ്ക്കല്ലാതെയും ഭൂമി വിനിയോഗിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പിലാക്കിയിട്ടും, സംസ്ഥാനത്തെ നിരവധിയായ ആദിവാസികൾക്കും കർഷകർക്കും സ്വന്തമായി ഭൂമിയില്ല എന്ന സ്ഥിതിയുണ്ട്. ഇത് വയനാട്, ഇടുക്കി പോലുള്ള ജില്ലകളിൽ ശക്തമായ ഭൂസമരങ്ങൾക്ക് കാരണമായിട്ടുണ്ട്.

വനഭൂമിയും, സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തികളും, തോട്ടം കമ്പനികളും കൈയേറിയെന്ന ആരോപണങ്ങൾ സജീവമാണ്. 'ഹാരിസൺസ് മലയാളം' പോലുള്ള വലിയ തോട്ടം കമ്പനികളുടെ കൈവശമുള്ള ഭൂമിയുടെ നിയമസാധുതയെക്കുറിച്ചുള്ള തർക്കങ്ങൾ ഇതിന് ഉദാഹരണമാണ്. പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതിലോലമായ സ്വഭാവം കാരണം, ഈ പ്രദേശങ്ങളിലെ നിർമ്മാണങ്ങളും ഖനനവും മറ്റ് വികസന പ്രവർത്തനങ്ങളും കടുത്ത പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. ഇതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ (Environmental Issues) സംബന്ധിച്ച കോടതി ഇടപെടലുകളും നിയന്ത്രണങ്ങളും ഭൂവിനിയോഗത്തെ ബാധിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടികൾ

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എന്ന ലക്ഷ്യത്തോടെയുള്ള കേരളത്തിലെ പുതിയ ഭൂപതിവ് നിയമം (Land Assignment Act) നിലവിലുള്ള നിയമങ്ങളെ പരിഷ്കരിച്ച്, കൈവശാവകാശങ്ങൾ ക്രമീകരിക്കുന്നതിലും (regularization), ഭൂമി കൈമാറ്റത്തിലെ പിഴവുകൾ പരിഹരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു, ഇതിൽ കൈവശമുള്ളഭൂമിക്ക് ന്യായവിലയുടെ 1% മുതൽ 50% വരെ ഫീസ് ഈടാക്കി പട്ടയം നൽകാനും, മുൻഗണന പട്ടികജാതി-വർഗ്ഗക്കാർക്കും ഭൂരഹിതർക്കും നൽകാനും, വ്യവസ്ഥകൾ ലംഘിച്ചവർക്ക് പിഴയടച്ച് ക്രമീകരിക്കാനും (Regularization) വ്യവസ്ഥ ചെയ്തിരിക്കുന്നു. നിലവിൽ കൈവശം വെച്ചിരിക്കുന്നതും നിയമവിരുദ്ധമായി കൈമാറ്റം ചെയ്യപ്പെട്ടതുമായ ഭൂമികൾക്ക് ഫീസ് ഈടാക്കി പട്ടയം നൽകുന്നതിനും ഭൂമിയില്ലാത്തവർക്ക് രേഖകൾ ലഭ്യമാകുന്നതിനും ഇത് സഹായിക്കുന്നു. ഭൂമിയുടെ ഉപയോഗം, വലുപ്പം എന്നിവ അനുസരിച്ച് ന്യായവിലയുടെ (Fair Value) 1% മുതൽ 50% വരെ ഫീസായി ഈടാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

സാംസ്കാരിക, ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് 1% മാത്രമായി ഫീസ് ഘടന (Fee Structure) യിൽ ഇളവ് വരുത്തിയിട്ടുണ്ട്. പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് ഭൂമി പതിവ് നൽകുന്നതിന് പ്രത്യേക പരിഗണനയും ഇളവുകളും മുൻഗണനയും (Priority for SC/ST) നൽകുന്നതിനും വ്യവസ്ഥയുണ്ട്. പട്ടയ നടപടികൾ വേഗത്തിലാക്കാനുള്ള ശ്രമത്തിന്റ ഭാഗമായി അപേക്ഷാ നടപടികൾ ലളിതമാക്കൽ (Simplified Procedures), വില്ലേജ് ഓഫീസിലെയും മറ്റ് തലങ്ങളിലെയും നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനും നിർദേശിക്കപ്പെടുന്നു. നെൽവയൽ തണ്ണീർതട സംരക്ഷണ നിയമങ്ങളുമായി ബന്ധപ്പെടുത്തി ഭൂമി പതിവ് നിയമങ്ങൾ നടപ്പിലാക്കിയും, നിലം തരംമാറ്റലിന് പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയും ഭൂമി സംരക്ഷണ നിയമങ്ങൾ (Land Conservation Rules) കൂടുതൽ ഫലപ്രദമാക്കാൻ ശ്രമിച്ചിട്ടുണ്ട്. 1971 ഓഗസ്റ്റ് 1-ന് മുൻപ് കൈവശം വെച്ചവർക്ക് മുൻഗണന, ഭൂരഹിതർക്ക് പ്രയോജനം, നിശ്ചിത അളവിൽ കൂടുതൽ ഭൂമി കൈവശം വെക്കുന്നവർക്ക് പരിധി (Ceiling) എന്നിവ നിലനിർത്തുന്ന രീതിയിലാണ് പട്ടയം ലഭിക്കാനുള്ള വ്യവസ്ഥകൾ (Conditions for Pattayam) ക്രമീകരിച്ചിട്ടുള്ളത്.

## IV
## ഗാഡ്ഗിൽ - കസ്തൂരി രംഗൻ റിപ്പോർട്ടുകൾ

പശ്ചിമഘട്ട മേഖലയുടെ പാരിസ്ഥിതിക ലോല സ്വഭാവവും പ്രാധാന്യവും, അതിന്റെ ഭൂമിശാസ്ത്രത്തിന്റെ സങ്കീർണ്ണമായ അന്തർസംസ്ഥാന സ്വഭാവവും, കാലാവസ്ഥാ വ്യതിയാനം ഈ മേഖലയിൽ ചെലുത്താൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളും കണക്കിലെടുത്ത്, ഇന്ത്യാ ഗവൺമെന്റിന്റെ പരിസ്ഥിതി-വനം മന്ത്രാലയം 2010 മാർച്ച് 4 ലെ ഒരു ഉത്തരവിലൂടെ ഒരു പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി പ്രൊഫ: ഗാഡ്ഗില്ലിന്റെ നേതൃത്വത്തിൽ രൂപീകരിച്ചു. പശ്ചിമഘട്ട പ്രദേശങ്ങളെ വിവിധ പരിസ്ഥിതി ലോല മേഖലകളായി അതിരു തിരിക്കുകയും ഓരോ മേഖലകളിലും നടക്കുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുന്ന നിർദ്ദേശങ്ങളാണ് മുന്നോട്ടുവെച്ചത്. അത് വ്യാപകമായ പ്രതിഷേധങ്ങൾക്ക് വഴി വെയ്ക്കുകയും തുടർന്ന് കസ്തൂരി

രംഗന്റെ അധ്യക്ഷതയിലുള്ള മറ്റൊരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു.

ഭൂപ്രകൃതി സവിശേഷത (റ്റെറൈൻ ഫീച്ചേഴ്സ്), ഭൂവിനിയോഗത്തിന്റെയും വിവിധ ഭൂപ്രകൃതിയെ പ്രതിനിധാനം ചെയ്യുന്ന വേരിയബിളികളുടെയും അടിസ്ഥാനത്തിൽ ഉരുതിരിഞ്ഞ സങ്കര സ്വഭാവമുള്ള പരാമീറ്റേഴ്സ് [ഉദാ: ഹൈഡ്രോളജിക്കൽ ഇംപോർട്ടൻസ്, ഭൂപ്രതിരോധശേഷിയിലുണ്ടായ നഷ്ടം (ലോസ് ഓഫ് റസിലിയൻസ്), അപകടസ്ഥിതിയിൽ ഉണ്ടാകുന്ന ദുർബലാവസ്ഥ (ഹസാട് വൾനറബിലിറ്റി)] എന്നിവയെ പ്രായോഗികമായി വ്യാഖ്യാനിക്കുന്നതിനായി സൃഷ്ടിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഭൂപ്രദേശങ്ങളെ വ്യത്യസ്ത പാരിസ്ഥിതിക ലോല സോണുകളായി തരംതിരിക്കുകയാണ് ഗാഡ്ഗിൽ കമ്മിറ്റി ചെയ്തത്.

എന്നാൽ, പശ്ചിമഘട്ട മേഖലയാകെ പാരിസ്ഥിതിക ദുർബലാവസ്ഥയിലാണെന്ന ഗാഡ്ഗിൽ കമ്മിറ്റിയുടെ വിലയിരുത്തൽ തള്ളിക്കളഞ്ഞുകൊണ്ട് മനുഷ്യ ഇടപെടലിന്റെ ഫലമായി കാര്യമായ മാറ്റം സംഭവിക്കാത്തതും സ്വാഭാവികപ്രകൃതി നിലനിർത്തുന്നതുമായ ഭൂപ്രദേശങ്ങളെയും മനുഷ്യ ഇടപെടലിന്റെ ഫലമായി മാറ്റങ്ങൾ സംഭവിച്ച പ്രദേശങ്ങളേയും വേർതിരിച്ച് പാരിസ്ഥിതിക ലോല പ്രദേശമെന്നും അല്ലാത്തവയെന്നും നിർവചിക്കുകയാണ് കസ്തൂരിരംഗൻ റിപ്പോർട്ട് ചെയ്തത്. പാരിസ്ഥിതിക ലോല പ്രദേശങ്ങളിൽ മാത്രം മനുഷ്യ ഇടപെടലുകൾക്കും സാമ്പത്തിക പ്രവർത്തനങ്ങൾക്കും നിരോധനം ഏർപ്പെടുത്തുകയും മറ്റെല്ലാ പ്രദേശങ്ങളിലും പ്രവർത്തനങ്ങളെ വിവിധ നിയന്ത്രണങ്ങൾക്ക് വിധേയമായി ഉദാര സ്വഭാവത്തോടെ അനുവദിക്കുകയുമാണ് ചെയ്തത്.

ഗാഡ്ഗിൽ സമിതി പാരിസ്ഥിതിക ദുർബലാവസ്ഥ ശാസ്ത്രീയമായി വിലയിരുത്തിയെങ്കിലും അത് പരിഹരിക്കാൻ പിന്മാറ്റവും നിരോധനവുമല്ലാതെ മറ്റു ഇടപെടലുകൾ ഒന്നും സാധ്യമല്ലെന്ന കാർക്കശ്യം നിറഞ്ഞ നിലപാടാണ് സ്വീകരിച്ചത്. കസ്തൂരിരംഗൻ സമിതിയുടെ നിർദ്ദേശങ്ങൾ പാരിസ്ഥിതിക ദുർബലാവസ്ഥയെ ശരിയായി വിലയിരുത്തുന്നതിൽ കണിശത പുലർത്തുന്നില്ലായെന്നുള്ള വിമർശനങ്ങളും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ പശ്ചിമഘട്ടത്തിന്റെ സംരക്ഷണവും വികസനവും മേൽപ്പറഞ്ഞ രണ്ടു സമിതികളുടെയും വിലയിരുത്തലിന്റെ ശക്തി ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞും പരിഹരിച്ചും മാത്രമേ മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ.

## അഭികാമ്യമായ സമീപനം

പാരിസ്ഥിതിക ദുർബലതയും, അപകടസാധ്യതയും (ഹസാർഡ്), മാറ്റാനാവാത്ത അവസ്ഥയും (ഇർറിവേഴ്സ്സിബിലിറ്റി) അനുസരിച്ച് ഭൂപ്രകൃതിയെ തരംതിരിക്കുകയും അതിനനുസരിച്ചിട്ടുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുമ്പോൾ നിലവിലുള്ള ജനസംഖ്യയ്ക്ക് ആ ദുർബലത സജീവമായി കുറയ്ക്കാൻ കഴിയുന്ന എഞ്ചിനീയറിംഗ്, പാരിസ്ഥിതിക അല്ലെങ്കിൽ സാമൂഹിക-സാങ്കേതിക മാർഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ ആരായേണ്ടതാണ്. എങ്കിൽ പാരിസ്ഥിതിക ലോല സ്വഭാവമുള്ള ജനവാസ പ്രദേശങ്ങളിൽ പാരിസ്ഥിതിക ദുർബ്ബലത കുറയ്ക്കാനും പ്രകൃതി സൗഹാർദ്ദപരമായ പ്രവർത്തനങ്ങൾ നടത്തി മേഖലയെയാകെ സംരക്ഷിക്കാനും കഴിഞ്ഞേയ്ക്കാം.

ഒരു ഭൂപ്രദേശം വളരെ ദുർബലമാണെങ്കിൽ, യുക്തിസഹമായ ഏക പ്രതികരണം നിരോധനം മാത്രമാണെന്ന ധാരണ ശാസ്ത്രീയമായി അനിവാര്യമല്ല, നയപരമായ കാരണത്താൽ സൃഷ്ടിക്കപ്പെട്ടതാണ്. മുന്നോട്ടുവയ്ക്കപ്പെട്ട നിർദ്ദേശങ്ങളിൽ മിക്കവയും നിയന്ത്രണപരമായിരുന്നു, ഇണങ്ങി ചേരുന്നതായിരുന്നില്ല (അഡാപ്റ്റീവ്). ശാസ്ത്രത്തിന് പരിഹാരങ്ങളില്ലെന്ന അവകാശവാദമല്ല, മറിച്ച് ശാസ്ത്രീയ പരിഹാരനടപടികളുടെ പരിധിയുമായി ബന്ധപ്പെട്ട വരണസ്വാതന്ത്ര്യമായിരുന്നു (സ്കോപ്പ് ചോയ്സ്) നിരോധനങ്ങളിൽ ഊന്നിയ നിർദ്ദേശങ്ങളിൽ കാണാൻ കഴിയുന്നത്. അതുകൊണ്ട് തന്നെ അവയെല്ലാം സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്.

നിരോധനത്തിനോ കർശന നിയന്ത്രണ നടപടികൾക്കോ വേണ്ടിയുള്ള ശുപാർശകൾ നിരവധി അന്തർലീനമായ അനുമാനങ്ങളെ (ഇമ്പ്ലിസിറ്റ് അസംഷൻസ്) അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ അവയൊന്നും പരസ്യമായി ചർച്ച ചെയ്യപ്പെട്ടില്ല. ഉദാഹരണത്തിന്, സമയ അസമമിതിയുടെ അനുമാനം (ടൈം അസിമിട്രി). അതിന്റെ ഫലമായാണ് സങ്കീർണ്ണമായ ഇടപെടലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥാപന (ഇൻസ്റ്റിറ്റ്യൂഷണൽ) ശേഷിയെക്കാൾ പാരിസ്ഥിതിക തകർച്ച കൂടുതൽ ശക്തമാണെന്ന നിഗമനത്തിലേക്ക് എത്തിച്ചേർന്നത്. അതിനാൽ, മുൻകരുതൽ നിരോധനങ്ങൾ പരീക്ഷണാത്മക പൊരുത്തപ്പെടുത്തലിനേക്കാൾ സുരക്ഷിതമാണെന്ന് കണക്കാക്കപ്പെട്ടു.

മറ്റൊരു അന്തർലീനമായ അനുമാനം ഭരണപരമായ അശുഭാപ്തിവിശ്വാസമായിരുന്നു (ഗവേണൻസ് പെസ്സിമിസ്സം). അതിന്റെ ഫലമായി പ്രാദേശിക നിർവ്വഹണ ശേഷിയിലുള്ള അവിശ്വാസം, "ശാസ്ത്രീയ ഖനനം" കർശനമായി നിരീക്ഷിക്കാൻ കഴിയില്ലെന്ന ധാരണ, നിയന്ത്രണ സംവിധാനങ്ങൾ പിടിച്ചെടുക്കപ്പെടുന്ന പ്രവണതയും (റെഗുലേറ്ററി ക്യാപ്ചർ), നിയന്ത്രണ സംവിധാനങ്ങളെ ആകെ കീഴ്പ്പെടുത്തി കളയുന്ന തരത്തിലുള്ള മനുഷ്യാ ഇടപെടൽ ഉണ്ടാകുമെന്ന അനുഭവങ്ങൾ ആവർത്തിക്കുമെന്നോ അല്ലെങ്കിൽ അത്തരം കീഴ്പ്പെടുത്തൽ ശ്രമങ്ങളെ പ്രതിരോധിക്കാനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നതിനുള്ള പരാജയമോ സംഭവിക്കുമെന്ന് ശക്തമായ തോന്നൽ, മുന്നോട്ടുവയ്ക്കപ്പെടുന്ന നിബന്ധനകളും നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുന്നതിൽ ഉണ്ടാകുന്ന പരാജയം (കംപ്ലൈയൻസ് ഫെലിയർ) എന്നിവ രൂപം കൊള്ളുകയും അതിന്റെ ഫലമായി കർശനമായ ജലശാസ്ത്ര പരിധികൾക്ക് കീഴിൽ മണൽ ഖനനം അനുവദിക്കുന്നതിന് പകരം മൊത്തത്തിൽ നിരോധനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് ഉയർന്നുവന്നു. വാസ്തവത്തിൽ, ഇത് ഒരു

ഭരണ നിർവഹണവുമായി ബന്ധപ്പെട്ട (ഗവേണൻസ് ഫെലിയർ) പ്രശ്നം മാത്രമാണ്; എന്നാൽ നിർഭാഗ്യവശാൽ അതൊരു പാരിസ്ഥിതിക ആവശ്യകതയായി വിലയിരുത്തപ്പെടുകയായിരുന്നു.

നദികൾ ചലനാത്മകമായ എക്കൽ അടിഞ്ഞുകൂടുന്ന സംവിധാനങ്ങളാണെന്നും (സെഡിമന്റ് സിസ്റ്റം), അമിതമായ നിക്ഷേപം നദീതടങ്ങൾ ഉയർത്തുകയും ഹൈഡ്രോളിക് ആരം (റേഡിയസ്) കുറയ്ക്കുകയും അതുവഴി കരയ്ക്ക് മുകളിലൂടെയുള്ള വെള്ളപ്പൊക്കം വർദ്ധിപ്പിക്കുകയും ചെയ്യും. അത്തരം സാഹചര്യങ്ങളിൽ, നിയന്ത്രിത മണൽ നീക്കം ചാനൽ ആഴം പുനഃസ്ഥാപിക്കാനും ഒഴുക്ക് വ്യവസ്ഥകളെ സ്ഥിരപ്പെടുത്താനും അതുവഴി മറ്റിടങ്ങളിലെ മണ്ണൊലിപ്പ് കുറയ്ക്കാനും കഴിയും. എക്കൽ ബജറ്റുകൾ (സെഡിമന്റ് ബജറ്റ്), മൺസൂൺ നിയന്ത്രിതമായ എക്കൽ നിക്ഷേപ ചക്രങ്ങൾ (മൺസൂൺ ഡ്രിവൺ ഡിപ്പോസിഷൻ സൈക്കിൾ), നദിയുടെ നിർദ്ദിഷ്ട വാഹകശേഷി എന്നിവ അവഗണിച്ചുകൊണ്ട് എല്ലാതരത്തിലുമുള്ള മണൽ ഖനനത്തെയും എതിർക്കുന്നത് ശരിയോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

പാരിസ്ഥിതിക ദുർബലത കുറയ്ക്കുന്നതിനും ദീർഘകാലയളവിൽ മെച്ചപ്പെട്ട നിലയിലേക്ക് എത്തിച്ചേരുന്നതിനും നിരവധി ശാസ്ത്രീയമായ ഇടപെടലുകൾക്ക് സാധ്യതയുണ്ട്. കാർഷിക-വനവൽക്കരണ മൊസൈക്കുകൾ വഴി ചരിവ് സ്ഥിരത, കോണ്ടൂർ അധിഷ്ഠിത ടെറസിംഗ് റിട്രോഫിറ്റുകൾ, മൈക്രോ-വാട്ടർഷെഡ് സെഡിമെന്റ് കെണികൾ (ട്രാപ്പ്), നിയന്ത്രിത ക്വാറി പുനരധിവാസ ചക്രങ്ങൾ, ബ്ലാങ്കറ്റ് ESZ ടാഗുകൾക്ക് പകരം പഞ്ചായത്തുകൾക്കുള്ളിലെ ഭൂവിനിയോഗ സോണിംഗ്, കമ്മ്യൂണിറ്റി അധിഷ്ഠിത പാരിസ്ഥിതിക അപകട (ഹസാഡ്) നിരീക്ഷണ സംവിധാനങ്ങൾ എന്നിവയുടെ സാധ്യതകൾ ശാസ്ത്രീയമായി പ്രയോഗിക്കാവുന്നതാണ്. ഓരോ പാരിസ്ഥിതിക സെൻസിറ്റീവ് മേഖലയ്ക്കും, നിർബന്ധിത ദുർബലത ലഘൂകരണ പദ്ധതി ഉണ്ടായിരിക്കണം. ഉദാഹരണത്തിന്, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ചരിവ് സ്ഥിരത ഓഡിറ്റുകൾ, നദികൾക്കായുള്ള എക്കൽ ബജറ്റുകൾ, ഭൂവിനിയോഗ തീവ്രത പരിധികൾ, നിരീക്ഷിതമായ ഖനന പരിധികൾ എന്നിവ നടപ്പാക്കാവുന്നതാണ്. എന്നാൽ ഇവയെല്ലാം അനുവദിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പോലും പ്രദേശത്തിന്റെ വിശേഷിച്ചും മേഖലയുടേത് പൊതുവിലും പാരിസ്ഥിതിക ദുർബലത കുറയ്ക്കുകയാണെങ്കിൽ മാത്രമേ അനുവദിക്കാവൂ. ചുരുക്കി പറഞ്ഞാൽ, പാരിസ്ഥിതിക ശാസ്ത്രത്തെ മനുഷ്യ ഏജൻസിയുമായും അഡാപ്റ്റീവ് ഇടപെടലുമായും സംയോജിപ്പിച്ച് പാരിസ്ഥിതിക ദുർബലാവസ്ഥ ലഘൂകരിക്കാനും ദീർഘകാലയളവിൽ മെച്ചപ്പെട്ട നിലയിൽ പരിരക്ഷിക്കാനും കഴിയുന്നതാണ്.

## V
## മറ്റ് നിർദേശങ്ങൾ

- കേരളത്തിലെ ഹൈറേഞ്ച് പ്രദേശങ്ങളിലെ ഭൂഉടമസ്ഥത പ്രശ്നങ്ങൾ ചരിത്രപരവും നിയമപരവും പരിസ്ഥിതിപരവുമായ സങ്കീർണ്ണതകളുള്ളവയാണ്. ഇവയ്ക്ക് സുസ്ഥിരവും നീതിയുക്തവുമായ പരിഹാരങ്ങൾ ആവശ്യമാണ്. ഇനിയുള്ള വനഭൂമിയെ പൂർണ്ണമായി സംരക്ഷിക്കുന്നതിനോടൊപ്പം നിലവിലുള്ള കൃഷിക്കാരുടെ താല്പര്യങ്ങളും സംരക്ഷിക്കപ്പെടണം. ഹൈറേഞ്ച് മേഖലകളിലെ എല്ലാ ഭൂമികളുടെയും ഡിജിറ്റൽ കാഡസ്ട്രൽ മാപ്പിംഗ് നടത്തണം. റവന്യൂ, വനം, സർവേ വകുപ്പുകളുടെ രേഖകൾ ഏകീകരിച്ച് ഒറ്റ ഡിജിറ്റൽ ഭൂമിവിവര സംവിധാനം (Land Information System) രൂപീകരിക്കണം. അതിർത്തി തർക്കങ്ങൾ ഒഴിവാക്കാൻ GIS അടിസ്ഥാനത്തിലുള്ള ജിയോറഫറൻസിങ് നടപ്പാക്കണം.
- ചരിത്രപരമായ ഭൂമിദാനം–കുടിയേറ്റ പ്രശ്നങ്ങളുടെ പരിഹാരം താമസംവിനാ ഉണ്ടാകേണ്ടതാണ്. ദീർഘകാലമായി താമസിക്കുന്ന കർഷകകുടുംബങ്ങൾക്ക് നിയമപരമായ സംരക്ഷണം നൽകണം. സർക്കാർ ഭൂമിയിൽ ദീർഘകാലമായി കൃഷി ചെയ്യുന്നവർക്കായി വ്യക്തമായ പുനരധിവാസ/നിയമവൽക്കരണ നയം രൂപീകരിക്കണം.
- വനഭൂമി–വാസസ്ഥലം സംഘർഷ പരിഹാരത്തിനായി വനാവകാശ നിയമം (FRA, 2006) യഥാർത്ഥ ആത്മാവോടെ നടപ്പാക്കണം. അർഹരായ ആദിവാസി, പരമ്പരാഗത വനവാസി സമൂഹങ്ങൾക്ക് വനാവകാശങ്ങൾ സമയബന്ധിതമായി നൽകണം. വനപരിധി നിർണ്ണയത്തിൽ സുതാര്യത ഉറപ്പാക്കി, ഭൂമി ഏറ്റെടുക്കൽ നടപടികൾ മനുഷ്യാവകാശപരമായി നടപ്പാക്കണം.
- പരിസ്ഥിതി ദുർബല പ്രദേശങ്ങൾ (ESZ, EFL, ecologically sensitive slopes) വ്യക്തമായി തിരിച്ചറിഞ്ഞു ഇത്തരം പ്രദേശങ്ങളിൽ നിയന്ത്രിത വികസനം മാത്രം അനുവദിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണവും ഭൂവിനിയോഗ നിയന്ത്രണവും പ്രയോഗികമാക്കണം.
- ഹൈറേഞ്ച് മേഖലകൾക്കായി പ്രത്യേക ഭൂതർക്ക പരിഹാര ട്രൈബ്യൂണലുകൾ രൂപീകരിക്കുകയും, ദീർഘകാലമായി നീളുന്ന കേസുകൾക്ക് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഒരുക്കിയും, ലോക്കൽ ലെവൽ മധ്യസ്ഥ സമിതികൾ (Local Mediation Committees) രൂപീകരിച്ചും ഭൂമി തർക്ക പരിഹാര സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതാണ്.
- ചെറുകിട കർഷകർക്ക് ഭൂമി നഷ്ടപ്പെടാതിരിക്കാനുള്ള നിയമപരമായ സുരക്ഷ ഉറപ്പാക്കിയും, സുസ്ഥിര കൃഷി രീതികൾക്കും മണ്ണു സംരക്ഷണ പദ്ധതികൾക്കും പ്രോത്സാഹനം നൽകിയും, കൃഷി–വനം സംയോജിത പദ്ധതികൾ (Agroforestry models) പ്രോത്സാഹിപ്പിച്ചും

കൃഷിയിട സംരക്ഷണവും ഉപജീവന സുരക്ഷയും ഉറപ്പാക്കേണ്ടതാണ്.

- നിർബന്ധിത ഒഴിപ്പിക്കൽ ഒഴിവാക്കിയും, മാന വികമായ പുനരധിവാസ നയങ്ങൾ നടപ്പാക്കി യും, പുനരധിവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ (വെള്ളം, വൈദ്യുതി, വിദ്യാ ഭ്യാസം, ആരോഗ്യ സേവനങ്ങൾ) ഉറപ്പാക്കിയും, സ്ത്രീകൾ, ആദിവാസികൾ, ചെറുകിട കർഷകർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയും പുനരധിവാസവും സാമൂഹ്യ നീതിയും നടപ്പിലാക്കണം.
- ഹൈറേഞ്ച് പ്രദേശങ്ങളിലെ ഭൂവിനിയോഗ മാറ്റ ങ്ങൾ, ഉരുൾപൊട്ടൽ സാധ്യത, കാലാവസ്ഥ വ്യതിയാനം തുടങ്ങിയവയിൽ ശാസ്ത്രീയ പഠന ങ്ങൾ പ്രോത്സാഹിപ്പിച്ചും, പഠനഫലങ്ങൾ അടി സ്ഥാനമാക്കി ദീർഘകാല ഭൂനയം (Long-term Land Policy) രൂപപ്പെടുത്തിയും പശ്ചിമഘട്ട പരി പാലനത്തിന് ശാസ്ത്രീയവും, നയപരവുമായ പിന്തുണ ഉറപ്പാക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വ ത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കിയും, ഭൂനിയമ ങ്ങൾ, അവകാശങ്ങൾ, പരിസ്ഥിതി സംരക്ഷണം എന്നിവയെക്കുറിച്ച് ബോധവത്കരണ പരിപാ ടികൾ നടത്തിയും ജനപങ്കാളിത്തവും ബോധവ ത്കരണവും വർദ്ധിപ്പിക്കേണ്ടതാണ്.
- പർവത ഭൂപ്രകൃതി സൃഷ്ടിക്കുന്ന തടസങ്ങൾ (orographic barrier) കാരണം മഴയുടെ പ്രാദേശിക വ്യതിയാനം കൂടുതലായതിനാൽ, നിലവിലുള്ള മഴമാപിനി ശൃംഖല മഴവ്യതിയാനം രേഖപ്പെടു ത്തുന്നതിനും, കൃത്യമായ മഴലഭ്യതാ പ്രവചനം നടത്തുന്നതിനും അപര്യാപ്തമാണ്. ആയതിനാൽ, സംസ്ഥാനത്തിന്റെ വ്യത്യസ്ത ഭൗമശാസ്ത്ര മേഖലകൾ പരിഗണിച്ച് ഏകദേശം 500 ഓട്ടോമാ റ്റിക് റെയിൻ ഗേജുകൾ (ARG/AWS) സ്ഥാപിക്കേ ണ്ടത് ആവശ്യമാണ്. കുറഞ്ഞ സമയത്തിനുള്ളിൽ ഉയർന്ന തോതിൽ മഴ ലഭിക്കുന്ന പ്രദേശങ്ങൾ ക്കും ഫ്ലാഷ് ഫ്ളഡ് സാധ്യതയുള്ള ചരിവ് പ്രദേ ശങ്ങൾക്കും മുൻഗണന നൽകിയാകണം മഴമാ പിനികളുടെ വിന്യാസം. മഴമാപിനികളിൽ 50 ശതമാനം ഉയർന്ന പ്രദേശങ്ങളിലും, 35 ശതമാനം മധ്യഭാഗങ്ങളിലും, ശേഷിക്കുന്ന 15 ശതമാനം തീരപ്രദേശങ്ങളിലും സ്ഥാപിക്കുന്നത് പരിഗണി ക്കാവുന്നതാണ്. മഴമാപിനികളിൽ 50 ശതമാനമെ ങ്കിലും ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളായാൽ താപനില, മർദ്ദം, കാറ്റിന്റെ ദിശ, വേഗം, സൂര്യ പ്രകാശം തുടങ്ങിയ കാലാവസ്ഥാ ഘടകങ്ങൾ കൂടി നിരീക്ഷിക്കുന്നതിന് സാധിക്കും. എല്ലാ സ്റ്റേഷനുകളും ടെലിമെട്രി മുഖേന ഒരു കേന്ദ്ര സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതാണ്. സംസ്ഥാനത്ത് മറ്റ് ഏജൻസികൾ പ്രവർത്തിപ്പി ക്കുന്ന കാലാവസ്ഥാ സ്റ്റേഷനുകൾ കണ്ടെത്തി അവയും കേന്ദ്രകൃത സംവിധാനവുമായി ബന്ധി പ്പിക്കുന്നത് നിരീക്ഷണശേഷി വർദ്ധിപ്പിക്കുന്ന തിനു സഹായിക്കും. ഫ്ലാഷ് ഫ്ളഡുകൾ മുൻകൂട്ടി പ്രവചിക്കാനും മുന്നറിയിപ്പ് നൽകാനും കഴിയുന്ന തരത്തിൽ, നിർമ്മിതബുദ്ധി (AI) സംയോജിപ്പിച്ച് പ്രാദേശിക ERE–പ്രളയ പ്രവചന സംവിധാനമായി വികസിപ്പിക്കേണ്ടതാണ്.
- സമീപകാലങ്ങളിൽ സംസ്ഥാനത്ത് ഉണ്ടായ വിനാശകരമായ ഉരുൾപൊട്ടലുകൾ പ്രധാനമാ യും അതിതീവ്ര മഴ (EREs) യുമായി ബന്ധപ്പെ ട്ടിരിക്കുന്നു എങ്കിലും അവയുടെ മുഖ്യകാരണം മനുഷ്യഇടപെടലുകൾ കാരണം ഭൂചരിവുകളിൽ ഉണ്ടാകുന്ന അസ്ഥിരതയാണ്. ആയതിനാൽ, പ്രതിരോധ നടപടികളിൽ ചരിവുകളുടെ സ്ഥിരത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തങ്ങൾ നിർബന്ധമാ യും ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി അസ്ഥി രമായ ഭൂചരിവുകളിൽ സ്വാഭാവിക സസ്യവളർ ച്ച പ്രോത്സാഹിപ്പിക്കുകയും, അനുയോജ്യമായ സസ്യവർഗങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്ത് സസ്യാവരണം ഉറപ്പാക്കണം. മരങ്ങൾ വെട്ടിമാ റ്റിയ പ്രദേശങ്ങളിൽ വേരുകൾ അഴുകുന്നതനു സരിച്ച് മണ്ണിൽ അമിതമായ ജലപൂരക സ്ഥിതി ഉണ്ടാകുന്നതിനും, മണ്ണിനുള്ളിൽ നീർച്ചാലുകൾ (soil pipe) രൂപപ്പെടുന്നത്തിനും അതിലൂടെ ഉരുൾപൊട്ടൽ സാധ്യത വർദ്ധിക്കുന്നതിനും കാരണമാകും. തോട്ടവിളകൾ നടാൻ ഉദ്ദേശിക്കു ന്ന പ്രദേശങ്ങളിൽ വിളകളുടെ തെരഞ്ഞെടുപ്പും കുഴികൾ തയ്യാറാക്കുന്നതും ശാസ്ത്രീയ മാർഗ നിർദേശങ്ങൾ അനുസരിച്ച് വേണം.
- 25%-ത്തിലധികം ചരിവും 100 മീറ്ററിലധികം നീള വുമുള്ള ചരിവുകളുടെ അടിഭാഗങ്ങളിൽ വീടുകൾ നിർമിക്കാൻ മണ്ണ് വെട്ടി നിരത്തുന്നത് ഒഴിവാക്കേ ണ്ടതാണ്. ചരിവുകളിൽ (പ്രത്യേകിച്ച് പാർപ്പിട ങ്ങൾക്ക് മുകളിലുള്ള ഭാഗങ്ങളിൽ) നീർച്ചാലുകൾ തടസപ്പെടുത്തുന്നതും, തിരിച്ചുവിടുന്നതും പാടി ല്ലാത്തതാണ്. 25%-ത്തിലധികം ചരിവുള്ള പ്ര ദേശങ്ങളിൽ വെള്ളം കെട്ടിനിർത്തൽ, തുറന്ന ജലസേചന ചാലുകൾ നിർമ്മിക്കൽ, കോണ്ടൂർ ബണ്ടിംഗ്, ടെറസിംഗ് തുടങ്ങിയ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ഒഴിവാക്കേണ്ടതാണ്. കുത്തനെയുള്ള പ്രദേശങ്ങളിലുള്ള കൃഷിയും കുഴിയെടുക്കലും പാടില്ലാത്തതാണ്. ഭൂമിയിൽ വിള്ളലുകളോ, മണ്ണിൽ നീർച്ചാലുകൾ രൂപപ്പെ ടുന്ന (piping) ഇടങ്ങളിലോ ഉള്ള പ്രവർത്തന ങ്ങൾ നിരുത്സാഹപ്പെടുത്തണം. കട്ടിയേറിയ മണ്ണുള്ള അസ്ഥിര ചരിവുകളിൽ ആവശ്യമായ എഞ്ചിനീയറിങ് രൂപകൽപ്പന ഇല്ലാതെയുള്ള റോഡ് നിർമാണവും, അസ്ഥിര ചരിവുകളുടെ താഴെയുള്ള ഭാഗങ്ങളിൽ വീടുകൾ നിർമിക്കലും ഒഴിവാക്കണം. കുത്തനെയുള്ള മലഞ്ചരിവുക ളിലെ വാസസ്ഥലങ്ങളിൽ മണ്ണിനെ ശക്തിപ്പെ ടുത്തുന്ന (soil nailing) സാങ്കേതിക വിദ്യകൾ ഉപയോഗിക്കണം. സാധ്യമായിടത്തോളം

ചരിവുകൾ മാറ്റം വരുത്താതെ കെട്ടിട രൂപകൽപ്പന നടത്തണം.

- 33%-ത്തിലധികം ചരിവുള്ള പ്രദേശങ്ങളിൽ മണ്ണിളക്കമില്ലാത്ത വനവൽക്കരണം/വൃക്ഷകൃഷി, അനുയോജ്യമായ ഇടവേളകളിൽ വൃക്ഷവരികൾ നിലനിർത്തൽ, നിലവിലുള്ള സ്വാഭാവിക വനഭാഗങ്ങൾ സംരക്ഷിക്കൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം. 50%-ത്തിലധികം ചരിവുള്ള പ്രദേശങ്ങളിൽ സ്ഥിരമായി പുല്ല് നിലനിർത്തുന്നതും, പ്രാദേശിക സമൂഹത്തെ ഉൾപ്പെടുത്തി സൂക്ഷ്മ നീർത്തട സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതും, ഉരുൾപൊട്ടലിനെക്കുറിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതും അനിവാര്യമാണ്. കുത്തനെയുള്ള ചരിവുകളിൽ ചാലുകളിലൂടെ മഴവെള്ളം സുരക്ഷിതമായി ഒഴുക്കിവിടൽ അത്യന്താപേക്ഷിതമാണ്.
- നീർച്ചാലുകൾ മൂടപ്പെടുന്നത് ഒഴിവാക്കുകയും, എല്ലാ നീർച്ചാലുകളും മൺസൂണിന് മുൻപുതന്നെ വൃത്തിയാക്കുകയും, മഴക്കാലത്ത് നന്നായി പരിപാലിക്കുകയും വേണ്ടതാണ്. ഉരുൾപൊട്ടലുകൾ കൂടുതലായി സംഭവിക്കുന്ന താഴ്വരകൾ (topographic hollows) തിരിച്ചറിയണം. ഇത്തരം പ്രദേശങ്ങളിൽ നിന്ന് കുറഞ്ഞത് 50 മീറ്റർ അകലെയെങ്കിലും മാത്രമേ വീടുകളോ കെട്ടിടങ്ങളോ അനുവദിക്കാവൂ കുത്തനെയുള്ള പ്രദേശങ്ങളിലൂടെ ഗ്രാമീണ റോഡുകൾ നിർമിക്കുമ്പോൾ, നീരൊഴുക്ക് തടസപ്പെടാതിരിക്കാനായി മതിയായ കൾവെർട്ടുകൾ നൽകണം.
- ടോപോഗ്രാഫിക് ഹോളോകൾക്ക് സമീപമുള്ള ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണം. മികച്ച പ്രവർത്തന മാർഗനിർദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു "കോഡ് ബുക്ക്" തയ്യാറാക്കണം. 1 മീറ്ററിൽ കൂടുതൽ മണ്ണ് മൂടൽ ഉള്ള ഹോളോകൾക്ക് സമീപം ക്വാറികൾ അനുവദിക്കരുത്; കുറഞ്ഞത് 200 മീറ്റർ അകലം പാലിക്കണം.
- പല മലമ്പാതകളിലും 3 മീറ്ററിലധികം ഉയരമുള്ള ലാറ്ററൈറ്റ് മണ്ണ് മുറിച്ചതിനാൽ മഴക്കാലത്ത് മണ്ണിടിച്ചിലുകൾ സംഭവിക്കുന്നു. ഇത് ഗതാഗത തടസ്സവും മേൽഭാഗത്തിന്റെ അസ്ഥിരതയും ഉണ്ടാക്കുന്നു. ഇത്തരം സ്ഥലങ്ങളിൽ മതിയായ സംരക്ഷണ സംവിധാനങ്ങളും വെള്ളം ചോർന്നുപോകാൻ വഴിയൊരുക്കുന്ന ചാലുകളും നൽകണം. സാധ്യമല്ലെങ്കിൽ രാമച്ചം പോലുള്ള ആഴമുള്ള വേരുള്ള സസ്യങ്ങൾ നട്ടുപിടിപ്പിക്കണം.
- മുകളിലെ അസ്ഥിര പ്രദേശങ്ങളിൽ നിന്നുള്ള മണ്ണിടിച്ചിൽ എത്തിച്ചേരുന്ന പരിധി (runout zone) പരിഗണിച്ചാണ് താഴ്ന്ന പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഉയർന്ന അപകടസാധ്യതയുള്ള മേഖലകളിൽ ടൂറിസത്തിനായി നീന്തൽക്കുളങ്ങളും തീം പാർക്കുകളും നിർമ്മിക്കുന്നത് ഒഴിവാക്കണം. നീളമുള്ള ചരിവുകളുടെ അടിഭാഗം വികസന പ്രവർത്തനങ്ങളിൽ നിന്ന് സംരക്ഷിക്കണം. അത്യാവശ്യ ഘട്ടങ്ങളിൽ അവിടെ ഇടപെടേണ്ടിവന്നാൽ, മുകളിലെ ചരിവുകൾ ശക്തിപ്പെടുത്തുന്ന നടപടികൾ നിർബന്ധമാണ്.
- പാറ വീഴ്ചയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽ കുഴികളും (ditch traps) വേലികളും സ്ഥാപിക്കണം. നിയന്ത്രണമില്ലാത്ത സ്ഫോടനം ഒഴിവാക്കണം. അടിയന്തര സാഹചര്യങ്ങളിൽ മാത്രം വിദഗ്ധരുടെ മേൽനോട്ടത്തിൽ നിയന്ത്രിത സ്ഫോടനം നടത്താം. ജിയോ ടെക്സ്റ്റൈൽ മാറ്റുകൾ, സസ്യാവരണം, ബയോ–എഞ്ചിനീയറിങ്, മണ്ണിൽ ആങ്കറുകൾ, വയർ മെഷ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് അസ്ഥിരചരിവുകൾ ശക്തിപ്പെടുത്താം. അത്യന്തം ദുർബലമായ പ്രദേശങ്ങളിൽ, ശാസ്ത്രീയമായി ചരിവിന്റെ സ്ഥിരത വർധിപ്പിക്കേണ്ടതുണ്ട്.
- ദുരന്തസമയത്തും അതിന് മുമ്പും ആളുകളെ താൽക്കാലികമായി പാർപ്പിക്കാനായി, യോഗ്യതയുള്ള ആർക്കിടെക്റ്റുമാർ രൂപകൽപ്പന ചെയ്ത ബഹുമുഖ അഭയകേന്ദ്രങ്ങൾ സർക്കാർ നിർമിക്കണം. സാധാരണ സമയങ്ങളിൽ ഇവ വിവാഹങ്ങൾ, യോഗങ്ങൾ തുടങ്ങിയവയ്ക്ക് ഉപയോഗിച്ച് പരിപാലനച്ചെലവ് കണ്ടെത്താം. ഇവ പ്രളയവും ഉരുൾപൊട്ടലും ബാധിക്കാത്ത സുരക്ഷിത പ്രദേശങ്ങളിലായിരിക്കണം.
- 2009-ൽ 1:50,000 സ്കെയിലിൽ കേരളത്തിനായി ഒരു ഉരുൾപൊട്ടൽ സോണേഷൻ മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഉണ്ടായ ഉരുൾപൊട്ടലുകളുടെ ഏകദേശം 80 ശതമാനവും ഈ മാപ്പിൽ ഉയർന്ന അപകട സാധ്യതയുള്ളതായി രേഖപ്പെടുത്തിയ മേഖലകളിലായിരുന്നു. അതേസമയം, അപകടസാധ്യത കുറവുള്ള ചില മേഖലകളിലും ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുണ്ട്; അതുപോലെ തന്നെ, ചില ഉയർന്ന അപകടസാധ്യതയുള്ള മേഖലകൾ EREs സമയത്ത് ബാധിക്കപ്പെട്ടിട്ടില്ല. ഇതിൽ നിന്ന് അധിക കാരണഘടകങ്ങൾ ഉൾപ്പെടുത്തിയും അപകടമേഖലാ മാപ്പിംഗ് കൂടുതൽ സൂക്ഷ്മമാക്കിയും പുതുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാകുന്നു. ഇത് കൂടുതൽ സൂക്ഷ്മമായ സ്കെയിലിൽ (പ്രധാനമായി കാഡസ്ട്രൽ തലത്തിൽ) നടത്തണം. ഇപ്രകാരം തയാറാക്കുന്ന കാഡസ്ട്രൽ തലത്തിലുള്ള ഉരുൾപൊട്ടൽ അപകടസാധ്യത മാപ്പുകൾ ദീർഘകാല ഭൂവിനിയോഗ ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തണം. കാഡസ്ട്രൽ സർവേ ഇല്ലാത്ത പ്രദേശങ്ങളിൽ 1:5,000 സ്കെയിലിലുള്ള മാപ്പുകൾ തയ്യാറാക്കണം. ജനസംഖ്യ, ഭൂവിനിയോഗം, അടിസ്ഥാനസൗകര്യങ്ങൾ, ആസ്തികൾ, മുൻകാല സംഭവങ്ങൾ, തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി,

കാഡസ്ട്രൽ തലത്തിൽ ഉരുൾപൊട്ടൽ അപകട സാധ്യത മാപ്പുകളിൽ വ്യക്തമാക്കണം.

- പ്രളയങ്ങളുടെ ആഘാതം പൂർണ്ണമായും ഒഴിവാക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. എന്നിരുന്നാലും, അനുയോജ്യമായ ശമന നടപടികളും മുൻകരുതൽ സംവിധാനങ്ങളും സ്വീകരിക്കുന്നതിലൂടെ ഇത്തരം ദുരന്തങ്ങളുടെ ദോഷഫലങ്ങൾ കുറയ്ക്കാൻ സാധിക്കും. മൺസൂൺ നേരത്തേ ആരംഭിക്കുകയും ജൂൺ–ജൂലൈ മാസങ്ങളിൽ വലിയ തോതിൽ മഴ ലഭിക്കുകയും ചെയ്യുന്നതോടെ മണ്ണിന്റെ മേൽപാളി പല പ്രദേശങ്ങളിലും പൂർണമായി ജലപൂരിതമാകുന്നു. ഇതേ സമയം കേരളത്തിലെ ഭൂരിഭാഗം ജലസംഭരണികളും നിറയുകയും ചെയ്യുന്നു. തുടർന്ന് വീണ്ടും ശക്തമായ മഴ സംഭവിക്കുമ്പോൾ സംസ്ഥാനത്ത് ഗുരുതരമായ പ്രളയാവസ്ഥ രൂപപ്പെടുന്നു. കേരളത്തിൽ പ്രളയങ്ങളുടെ ആവർത്തനകാലം (return period) വളരെ വലുതാണ് (100 വർഷത്തിലധികം) എന്നതിനാൽ മുൻകരുതൽ സംവിധാനങ്ങൾ വളരെ പരിമിതമായിരുന്നു. എന്നാൽ സമീപകാല പ്രളയാനുഭവങ്ങൾ കണക്കിലെടുത്ത്, സംസ്ഥാനത്തെ എല്ലാ നദീതടങ്ങളിലുമായി വിവിധ സാഹചര്യങ്ങൾ പരിഗണിച്ച് പ്രളയമേഖലകൾ തിരിച്ചറിയുന്നതിനുള്ള വെള്ളപ്പൊക്ക വ്യാപന (flood inundation) മാപ്പുകൾ തയ്യാറാക്കേണ്ടത് അനിവാര്യമാണ്.
- സംസ്ഥാനത്തെ നിലവിലുള്ള ജലസംഭരണികൾ പ്രധാനമായും ജലസംരക്ഷണ ലക്ഷ്യത്തോടെ രൂപകൽപ്പന ചെയ്തവയാണ്, ആയതിനാൽ ഫുൾ റിസർവോയർ ലെവൽ (FRL) എത്തുന്നതുവരെ സ്പിൽവേയിലൂടെ വെള്ളം ഒഴുക്കുന്നത് സാധാരണയായി അനുവദിക്കാറില്ല. അതുകൊണ്ട് പ്രളയനിയന്ത്രണത്തിനുള്ള സംഭരണശേഷി FRL-നും പരമാവധി ജലനിരപ്പായ (MWL) ഇടയിലുള്ള ഭാഗത്തേക്ക് മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിലെ ഭൂരിഭാഗം ജലസംഭരണികളുടെയും സംഭരണശേഷി കഴിഞ്ഞ പല ദശകങ്ങളായി മണ്ണടിച്ചിൽമൂലം കുറഞ്ഞിട്ടുമുണ്ട്. 2018-നുമുമ്പ് പ്രളയനിയന്ത്രണം ഉൾപ്പെടുത്തിയുള്ള പ്രവർത്തനനയം ഒരണക്കെട്ടിലും ഉണ്ടായിരുന്നില്ല. 2018-ന് ശേഷം ചില അണക്കെട്ടുകളിൽ ഇത് പരിഗണിച്ചിട്ടുണ്ടെങ്കിലും, ഇത് സംസ്ഥാനത്തെ എല്ലാ അണക്കെട്ടുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. കൂടാതെ, FRL-ന് താഴെയുള്ള പ്രദേശങ്ങളെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തി പ്രളയ നിയന്ത്രണ ശേഷി സൃഷ്ടിക്കുന്ന സാധ്യതയും പരിശോധിക്കണം.
- മിക്ക നദികളിലും നിലവിലുള്ളത് പ്രളയബാധിത മേഖലാ മാപ്പുകൾ മാത്രമാണ്. ആയതിനാൽ പ്രളയ ഭീഷണി മേഖലാ വിഭജനം (flood hazard zonation) നടത്തിയിട്ടില്ല. സംസ്ഥാനത്തെ എല്ലാ നദികളിലും പ്രളയ മേഖലാ നിയന്ത്രണത്തിനായി ഫ്ലഡ്‌വേ (floodway), ഫ്ലഡ് ഫ്രിഞ്ച് (flood fringe) എന്നീ മേഖലകൾ കണ്ടെത്തേണ്ടതാണ്. ഫ്ലഡ്‌വേ ഉയർന്ന അപകടസാധ്യതയുള്ള പ്രദേശമാണ്; ഇവിടെ പ്രളയജലം സ്വതന്ത്രമായി ഒഴുകുന്നതിനായി യാതൊരു നിർമ്മാണവും അനുവദിക്കരുത്. ജലത്തിന്റെ ആഴം, വേഗത, വെള്ളപ്പൊക്ക ദൈർഘ്യം, സംഭരണ ശേഷി, ജലനിരപ്പിന്റെ ഉയർച്ചയുടെ വേഗം തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി അപകടനില നിർണയിക്കാം. ഫ്ലഡ് ഫ്രിഞ്ച് പ്രദേശങ്ങളിൽ നിബന്ധനകളോടെ നിർമ്മാണം അനുവദിക്കാവുന്നതാണ്. അതിതീവ്ര മഴയുടെ സാധ്യതകൾ കണക്കിലെടുത്ത് പ്രളയത്തിൽ മുങ്ങുന്ന മേഖലകൾ നിർണ്ണയിക്കേണ്ടതാണ്.
- നദികളുടെ ഇരുകരകളിലും (കരയിൽ നിന്ന് 50–100 മീറ്റർ വരെ) ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി ബഫർ സോണുകൾ നിർണ്ണയിക്കണം. ഇവിടങ്ങളിൽ നിർമ്മാണം അനുവദിക്കരുത്. എന്നാൽ സീസണൽ കൃഷി അനുവദിക്കാം. റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന റിവർ ബാങ്ക് പ്രൊട്ടക്ഷൻ ആൻഡ് സാൻഡ് ഓഡിറ്റിംഗ് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ നദീതീര മാപ്പുകൾ ഇതിനായി ഉപയോഗിക്കാം.
- നദികളിലും നീർച്ചാലുകളിലും മണ്ണടിച്ചിൽ (sedimentation), നിർമാണ മാലിന്യ നിക്ഷേപം, തുടങ്ങിയ തടസ്സങ്ങൾ കാരണം ജലപ്രവാഹം കുറയുകയും മുകൾഭാഗങ്ങളിൽ വെള്ളം കെട്ടിക്കിടക്കുകയും ചെയ്യുന്നു. അതിനാൽ, പ്രളയജലം സ്വതന്ത്രമായി ഒഴുകുന്നതിനായി നദികളും ഡ്രെയിനേജുകളും നിരന്തരം ശുചീകരിക്കുകയും നിരീക്ഷിക്കുകയും വേണം. കിള്ളിയാർ, കരമനയാർ, ആദിപമ്പ, വരട്ടാർ തുടങ്ങിയ നദികളിൽ നടപ്പിലാക്കിയ നദി പുനരുജ്ജീവന പദ്ധതികൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കേണ്ടതാണ്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപങ്കാളിത്തത്തിന്റെയും പങ്ക് നിർണായകമാണ്.
- നെൽവയലുകൾ, കുളങ്ങൾ, തടാകങ്ങൾ തുടങ്ങിയ ജലാശയങ്ങൾ മുൻകാലങ്ങളിൽ പ്രളയനിയന്ത്രണത്തിൽ നിർണായക പങ്ക് വഹിച്ചു. എന്നാൽ ഇന്ന് അവയിൽ പലതും നശിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. അതിനാൽ, ഇവയെ അടിയന്തിരമായി പുനരുജ്ജീവിപ്പിക്കണം. കഴിഞ്ഞ രണ്ട് വലിയ പ്രളയങ്ങളിൽ നദീതടങ്ങളിലും പ്രളയസ്വാധീന മേഖലകളിലും വൻതോതിൽ മണ്ണടിഞ്ഞുകൂടിയിട്ടുണ്ട്. ഇതുമൂലം ജലവഹന ശേഷി കുറഞ്ഞിട്ടുണ്ട്. അതിനാൽ, നദികളെ അവയുടെ യഥാർത്ഥ ശേഷിയിലേക്കെത്തിക്കുന്നതിന് പുനരുദ്ധാരണം അനിവാര്യമാണ്.
- ഫ്ലഡ് ഗേറ്റുകളും ഷട്ടറുകളും സംബന്ധിച്ച പ്രവർത്തന–പരിപാലന മാനുവലുകൾ തയ്യാറാക്കണം. പ്രീ-മൺസൂൺ കാലത്ത് പരിശോധനയും അറ്റകു

റ്റപ്പണികളും നടത്തുകയും നിശ്ചിത ഇടവേളകളിൽ പരീക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും വേണം. പ്രളയസമയത്ത് സമയബന്ധിതമായ പ്രവർത്തനം ഉറപ്പാക്കണം.

- പ്രളയഭീഷണി ഉള്ള പ്രദേശങ്ങളിൽ കെട്ടിടങ്ങളുടെ കുറഞ്ഞ നിലത്തറം (minimum floor level) നിശ്ചയിക്കണം. ഇത് മുൻകാല പ്രളയനിലകളെയോ, പ്രളയസാധ്യതകളെയോ അടിസ്ഥാനമാക്കിയിരിക്കണം. മതിലുകൾ, വേലികൾ എന്നിവ പ്രളയജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്താൻ സാധ്യതയുള്ളതിനാൽ അവയുടെ രൂപകൽപ്പനയും സ്ഥാനവും നിയന്ത്രിക്കണം. പൂർണ്ണമായും അടച്ച വേലികൾ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതിനാൽ അവ ഒഴിവാക്കണം. തുറന്ന വേലികളാണ് അനുയോജ്യം. ജലത്തിന്റെ വേഗത, ആഴം, അവയോടൊപ്പം വരുന്ന മാലിന്യങ്ങൾ എന്നിവ കെട്ടിടങ്ങളുടെ സ്ഥിരതയെ ബാധിക്കും. അതിനാൽ പ്രളയസാധ്യതയുള്ള പ്രദേശങ്ങളിലെ കെട്ടിടങ്ങൾ പ്രാദേശിക ജലഗതിക സാഹചര്യങ്ങൾ കണക്കിലെടുത്ത് രൂപകൽപ്പന ചെയ്യണം.
- കുടിവെള്ളവിതരണം, വൈദ്യുതി, ആശയവിനിമയ സംവിധാനം തുടങ്ങിയ അടിയന്തിര സേവനങ്ങൾ പ്രളയസമയത്ത് തടസ്സപ്പെടാൻ സാധ്യതയുള്ളതിനാൽ, അവയുടെ ദുർബലത കുറയ്ക്കുകയും പുനരുദ്ധാരണ പദ്ധതികൾ തയ്യാറാക്കുകയും വേണം.
- ഉരുൾപൊട്ടലുകൾ നേരിട്ട് ബാധിക്കുന്ന വീടുകൾ പൂർണമായും നശിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രത്യേകിച്ച് ലോഡ്-ബിയറിംഗ് മതിലുകളും ആർ.സി.സി സ്ലാബുകളും ഉള്ള കെട്ടിടങ്ങൾ പൂർണമായും തകർന്നുവീഴുന്നുണ്ട്. അതിനാൽ, പ്രളയവും ഉരുൾപൊട്ടലും സാധ്യതയുള്ള പ്രദേശങ്ങളിലെ കെട്ടിടങ്ങൾ ഭൂകമ്പ മേഖല 3-ലെ മാനദണ്ഡങ്ങൾ അനുസരിച്ച് രൂപകൽപ്പന ചെയ്യേണ്ടതാണ്.
- പ്രളയ സമതലങ്ങളിലെ വാസസ്ഥലങ്ങൾ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ, സുനാമി ബാധിത പ്രദേശങ്ങളിൽ പ്രയോഗിക്കുന്ന രൂപകൽപ്പന മാനദണ്ഡങ്ങൾ പിന്തുടരേണ്ടതാണ്.

# 22

# പരിസ്ഥിതിയും വളർച്ചയും

കേരളം പ്രകൃതി വിഭവങ്ങളിൽ സമ്പന്നമായ ഒരു സംസ്ഥാനമാണ്. സസ്യജന്തുജാലത്തിന്റെ സമൃദ്ധിയും വൈവിധ്യവും കേരളജനതയ്ക്ക് സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും ഏറെ പ്രാധാന്യമുള്ളതാണ്. കേരളത്തിൽ പ്രകൃതിയുമായുള്ള ബന്ധം വെറും സംരക്ഷണത്തിന്റെ പ്രശ്നമായി മാത്രം കാണാൻ കഴിയില്ല; അത് ഉപജീവന മാർഗ്ഗങ്ങളുമായും സാമൂഹ്യക്ഷേമ നയങ്ങളുമായും സാംസ്കാരിക വിഷയങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടു നിൽക്കുന്നു. കേരളത്തിലെ കൃഷി, മത്സ്യബന്ധനം, വിനോദ സഞ്ചാരം തുടങ്ങിയ മേഖലകൾ ആരോഗ്യകരമായ പരിസ്ഥിതികളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

പ്രകൃതിദുരന്തങ്ങളും അവ കേരളത്തിൽ ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും, ഈ നാടും ഇവിടുത്തെ ജനങ്ങളും നേരിടുന്ന കാലാവസ്ഥാ ദൗർബല്യത്തെ ഓർമ്മിപ്പിക്കുന്നവയാണ്. അനുകൂലനത്തിനും (adaptation) പ്രതിരോധ ശേഷി വർധിപ്പിക്കലിനും (resilience) മതിയായ പ്രാധാന്യം നൽകിയില്ലെങ്കിൽ, തുടരുന്ന ആഗോള താപനത്തിന്റെ പശ്ചാത്തലത്തിൽ ഈ ദൗർബല്യം കൂടുതൽ രൂക്ഷമാകും. അതേസമയം, ഇത്തരം ദുരന്തങ്ങൾ മറ്റൊരു ശക്തമായ മുന്നറിയിപ്പും നൽകുന്നു: മനുഷ്യൻ ആസൂത്രണമില്ലാതെ നടത്തുന്ന സാമ്പത്തിക പ്രവർത്തനങ്ങളാണ് പലപ്പോഴും അപകടസാധ്യതകൾ വിളിച്ചുവരുത്തുന്നത്.

ആഗോള താപനത്തിന്റെ സ്വാധീനങ്ങളും ഫലങ്ങളും ദൂരവ്യാപകമാണ്; അതിന്റെ സ്വഭാവവും വ്യാപ്തിയും വിവിധ മേഖലകളിൽ വ്യത്യസ്തമാണ്. ഈ അദ്ധ്യായത്തിൽ, നയപരമായ കാഴ്ചപ്പാടിൽ നിന്ന്, കേരളത്തിൽ ആഗോള താപനം ഉണ്ടാക്കുന്ന ചില പ്രത്യേക സ്വഭാവ സവിശേഷതകളും, അതിനെ നേരിടാൻ ആവശ്യമായ കാലാവസ്ഥാ നടപടികളുടെ സ്വഭാവവും ചർച്ച ചെയ്യുന്നു.

## I
## ആഗോള താപനവും കാലാവസ്ഥാ നടപടികളും

ആഗോള താപനം അടിസ്ഥാനപരമായി ഒരു പ്രാദേശിക പരിസ്ഥിതി പ്രശ്നമല്ല; മറിച്ച്, ആഗോളതലത്തിൽ കൂട്ടായ പ്രവർത്തനം ആവശ്യപ്പെടുന്ന, അപൂർവമായ ഒരു ആഗോള വെല്ലുവിളിയാണ്. ഹരിതഗൃഹ വാതകങ്ങളുടെ ആഗോള ശമനം (mitigation) ഒരു പൊതുനന്മയായി കണക്കാക്കാം, അല്ലെങ്കിൽ ഒരു ആഗോള പൊതു സമ്പത്ത് (global commons) ആണെന്ന് പറയാം. ഈ പൊതുസമ്പത്തിലേക്ക് എല്ലാ രാജ്യങ്ങൾക്കും ഉള്ള നീതിയുക്തമായ പ്രവേശനം സമവായപരമായി ഉറപ്പാക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ, ജലം, രാസമാലിന്യം, വായു മലിനീകരണം തുടങ്ങിയ കൂടുതൽ പ്രാദേശിക സ്വഭാവമുള്ള മറ്റ് പരിസ്ഥിതി പ്രശ്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, "ഫ്രീ–റൈഡിംഗ്" പ്രവണതകളും "മോറൽ ഹസാർഡ്" പ്രശ്നങ്ങളും ഏറെ കൂടുതൽ പ്രാധാന്യം കൈവരിക്കുന്നു. ഈ വിഷയത്തിന്റെ സങ്കീർണ്ണത വർധിപ്പിക്കുന്നത്, ഫ്രീ–റൈഡർമാർ പ്രധാനമായും വികസിത രാജ്യങ്ങളാണെന്ന യാഥാർഥ്യവും, മോറൽ ഹസാർഡിൽ ഏറ്റവും ശക്തമായി ഉൾപ്പെട്ടിരിക്കുന്നവർ ആഗോള സമ്പന്നവർഗമാണെന്ന വസ്തുതയുമാണ്. വികസ്വര രാജ്യങ്ങൾ ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുന്നു.

ഒരുവശത്ത്, വികസ്വര രാജ്യങ്ങളിൽ ഊർജ്ജലഭ്യത വർധിപ്പിക്കാനും വ്യവസായ വളർച്ചയും വികസനവും കൈവരിക്കാനും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്തിൽ കടുത്ത നിയന്ത്രണങ്ങൾ ഉണ്ടാവുന്നു. മിതമായ വരുമാന വളർച്ചയും ക്ഷേമനിലവാരവും കൈവരിക്കാൻ പോലും ആവശ്യമായ ഫോസിൽ ഇന്ധനാധിഷ്ഠിത വളർച്ച സാധ്യമാകുന്നതിന് മതിയായ കാർബൺ സ്പേസ് ഈ വികസ്വര രാജ്യങ്ങൾക്ക് ലഭ്യമല്ലാതാവുന്നു. മറുവശത്ത്, "ഡീ-കാർബണൈസേഷൻ" എന്ന ലക്ഷ്യം ശക്തമായി മുന്നോട്ടുവെക്കപ്പെടുന്നുണ്ടെങ്കിലും, വികസ്വര രാജ്യങ്ങൾക്ക് ആവശ്യമായ സാമ്പത്തിക വിഭവങ്ങളും സാങ്കേതികവിദ്യകളും വികസിത രാജ്യങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

### കേരളത്തിന്റെ പ്രത്യേക സ്ഥാനം

മറ്റു പല സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിന്റെ ഒരു പ്രധാന പ്രത്യേകത, നിരവധി അടിസ്ഥാന മേഖലകളിൽ അത് കാർബൺ

ഉത്സർജകനെന്ന നിലയിൽ അല്ല, മറിച്ച് കാർബൺ ആഗിരണകേന്ദ്രം (carbon sink) എന്ന നിലയിലാണ് നിലകൊള്ളുന്നത് എന്നതാണ്.

ഇന്ത്യയുടെ കാലാവസ്ഥാ നയം സമ്പദ്‌വ്യവസ്ഥ യുടെ ഉത്സർജന തീവ്രത കുറയ്ക്കുന്നതിലേക്കാണ് (ജിഡിപിയുടെ ഉത്സർജന തീവ്രത) ശ്രദ്ധ കേന്ദ്രീ കരിക്കുന്നത്. എന്നാൽ ഈ പരിധിക്കുള്ളിലും, കേരളത്തിൽ വലിയ കുറവുകൾ സാധ്യമാകാനുള്ള സാധ്യത വളരെ കുറവാണ്. മറിച്ച്, കേരളത്തിന്റെ ആസൂത്രണവും നിക്ഷേപ തന്ത്രങ്ങളും അനുകൂലന ത്തിലേക്കാണ് (adaptation) വ്യക്തമായി തിരിയേണ്ടത്. അതോടൊപ്പം, കേരളത്തിൽ അനുകൂലനത്തിന് ഉണ്ടാ കുന്ന സഹലാഭങ്ങൾ (co-benefits) പരിശോധിക്കേ ണ്ടതുമുണ്ട്; പ്രത്യേകിച്ച് കൃഷി, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ഇത് പുതിയ അവസരങ്ങൾ തുറക്കാൻ സഹായിക്കും.

### ഹരിതഗൃഹ വാതകങ്ങളുടെ കണക്കെടുപ്പും രീതിശാസ്ത്രവും

യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (UNFCCC) യിലെ അംഗരാജ്യങ്ങൾ, ഹരിതഗൃഹ വാതകങ്ങളുടെ ഇൻവെൻററികൾ തയ്യാറാക്കി അവ നിരന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. ഈ റിപ്പോർട്ടുകൾ, വിവിധ ഉറവിടങ്ങളിൽ നിന്ന് ഉണ്ടാകുന്ന മനുഷ്യനിർ മ്മിത ഹരിതഗൃഹ വാതക ഉത്സർജനങ്ങളുടെ ദേശീയ ഡാറ്റയും, വിവിധ മാർഗങ്ങളിലൂടെ നടക്കുന്ന വാതക ങ്ങളുടെ നീക്കം (അഥവാ sinks) സംബന്ധിച്ച അവലോ കനവും നൽകുന്നു. കാർബൺ ഡൈഓക്സൈഡ് ($CO_2$), മീഥേൻ ($CH_2$), നൈട്രസ് ഓക്സൈഡ് ($N_2O$) എന്നിവയുൾപ്പെടെയുള്ള ഹരിതഗൃഹ വാതകങ്ങ ളുടെ ഉത്സർജനവും ആഗിരണവും വിശദമായി ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. പാരീസ് കരാർ പ്രകാരം രാജ്യങ്ങൾ സ്വീകരിക്കുന്ന കാർബൺ ശമന പ്രതി ജ്ഞകൾ ദേശീയമായി നിശ്ചയിക്കുന്ന സംഭാവനക ളിൽ (Nationally Determined Contributions – NDCs) ആണ് രേഖപ്പെടുത്തുന്നത്.

ഇന്ത്യയുടെ ഹരിതഗൃഹ വാതക ഇൻവെൻററിയു മായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങൾ 2024 ഡിസംബറിൽ UNFCCC-യ്ക്ക് സമർപ്പിച്ച ബിയേനിയൽ അപ്ഡേറ്റ് റിപ്പോർട്ട്–4 (BUR-4) ൽ ലഭ്യമാണ്. ഈ റിപ്പോർട്ടിൽ 2020 വരെയുള്ള ഡാറ്റയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2023-ൽ "India: Third National Communication and Initial Adaptation Communication" എന്ന തലക്കെട്ടിൽ ഇന്ത്യയുടെ ഏറ്റവും പുതിയ ദേശീയ കമ്മ്യൂണിക്കേഷനും സമർ പ്പിക്കപ്പെട്ടു; ഇത് 2019-ലെ ഡാറ്റയെ അടിസ്ഥാനമാ ക്കിയതാണ്. ഇന്ത്യയുടെ ദേശീയ ഹരിതഗൃഹ വാതക ഇൻവെൻററിയെപ്പോലെ തന്നെ, കേരളത്തിനായുള്ള ഒരു ഹരിതഗൃഹ വാതക ഇൻവെൻററി റിപ്പോർട്ടും 2024-ൽ കേരള സർക്കാർ പരിസ്ഥിതി-കാലാവസ്ഥാ മാറ്റ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.

ഹരിതഗൃഹ വാതകങ്ങളുടെ ഉത്സർജനവും നീക്കവും (removal) പ്രധാന മേഖലകളായി വിഭജിച്ചാണ് കണക്കാക്കുന്നത്. മനുഷ്യനിർമ്മിത ഹരിതഗൃഹ വാത കങ്ങളുടെ ഇൻവെൻററി അഞ്ച് പ്രധാന വിഭാഗങ്ങളി ലായി തയ്യാറാക്കപ്പെടുന്നു:

1. ഊർജ്ജം (Energy)
2. വ്യവസായ പ്രക്രിയകളും ഉൽപ്പന്ന ഉപയോഗവും (Industrial Processes and Product Use – IPPU)
3. കൃഷി, വനം, മറ്റ് ഭൂമിയുപയോഗങ്ങൾ (Agriculture, Forestry, and Other Land Use – AFOLU)
4. മാലിന്യങ്ങൾ (Wastes)
5. മറ്റ് മേഖലകൾ (വിമാനവും കടൽഗതാഗതവും ഉപയോഗിക്കുന്ന ഇന്ധനം ഒഴികെ)

AFOLU വിഭാഗം കൃഷിയും LULUCF മേഖലയെയും ഒരുമിച്ച് ഉൾക്കൊള്ളുന്നതാണ്. LULUCF (Land Use, Land Use Change, and Forestry) എന്ന വിഭാ ഗത്തിൽ, ഭൂമിയുപയോഗ മാറ്റങ്ങളിൽ നിന്നുള്ള ഉത്സർജനങ്ങളും നീക്കങ്ങളും ഉൾപ്പെടുന്നു. വനം നശീകരണവും ഭൂക്ഷയവും ഹരിതഗൃഹ വാതക ഉത്സർജനങ്ങൾക്ക് കാരണമാകുമ്പോൾ, സസ്യങ്ങ ളിലും മണ്ണിലും (മര ഉൽപ്പന്നങ്ങളിലുമുൾപ്പെടെ) കാർബൺ ഡൈഓക്സൈഡ് ആഗിരണം നടക്കുന്നു. LULUCF ഏഴ് ഘടകങ്ങൾ ഉൾക്കൊള്ളുന്നു: കൃഷി ഭൂമികൾ, വനങ്ങൾ, മേച്ചൽഭൂമികൾ, ജലാശയങ്ങൾ, വാസസ്ഥലങ്ങൾ, മറ്റ് ഭൂമിയുപയോഗങ്ങൾ (പാറകൾ, ശൂന്യഭൂമി, മഞ്ഞുമൂടിയ പ്രദേശങ്ങൾ തുടങ്ങിയവ), കൊയ്ത്ത് ചെയ്ത മര ഉൽപ്പന്നങ്ങൾ (Harvested Wood Products – HWP).

## II

### കേരളത്തിന്റെ ഹരിതഗൃഹ വാതക ഉത്സർജനം

2021-ൽ, LULUCF ഒഴിവാക്കിയാൽ, കേരളത്തി ന്റെ ആകെ ഹരിതഗൃഹ വാതക ഉത്സർജനം 21.9 മില്ല്യൺ ടൺ $CO_2e$ ആയിരുന്നു. LULUCF മേഖല യാകട്ടെ 10.3 മില്ല്യൺ ടൺ $CO_2e$ വരെ കാർബൺ ആഗിരണം നടത്തിയ ഒരു ശുദ്ധ sink ആയിരുന്നു. അതിനാൽ LULUCF കണക്കിലെടുത്ത ശേഷം, കേര ളത്തിലെ ശുദ്ധ ഹരിതഗൃഹ വാതക ഉത്സർജനം 11.6 മില്ല്യൺ ടൺ $CO_2e$ ആയി. ആകെ ഉത്സർജനത്തിൽ 79 ശതമാനം ഊർജ്ജമേഖലയിൽ നിന്നാണ് ഉണ്ടായത്. തുടർന്ന് മാലിന്യ മേഖല 8 ശതമാനവും, കൃഷി മേഖല (മൃഗസംരക്ഷണം ഉൾപ്പെടെ) വെറും 7 ശതമാനവും മാത്രമാണ് സംഭാവന ചെയ്തത്. അതായത്, ദേശീയ തലത്തേതുപോലെ തന്നെ, കേരളത്തിലും ഏറ്റവും കൂടുതൽ ഉത്സർജനത്തിന് കാരണമായത് ഊർജ്ജ മേഖലയാണ്.

കൃഷിമേഖലക്ക് ആകെ ഉത്സർജനത്തിൽ 7 ശതമാനം പങ്കുണ്ടായിരുന്നുവെങ്കിൽ, അതിൽ 5 ശതമാനം മൃഗസംരക്ഷണത്തിൽ നിന്നും വെറും 2 ശതമാനം മാത്രം വിളകൃഷിയിൽ നിന്നുമായിരുന്നു. ഇവിടെ "വിളകൃഷി" എന്ന് പറയുന്നത് നെല്ല്, കപ്പ, ചേന,

കാച്ചിൽ, വാഴ, പച്ചക്കറികൾ തുടങ്ങിയ വാർഷിക വിളകളെ മാത്രമാണ് ഉൾക്കൊള്ളുന്നത്. തെങ്ങ്, റബർ തുടങ്ങിയ ഉഷ്ണമേഖലാ വൃക്ഷവിളകൾ കേരളത്തിൽ വ്യാപകമായി കൃഷി ചെയ്യപ്പെടുന്നുണ്ടെങ്കിലും, ഇവ "റെക്കോർഡഡ് ഏരിയയ്ക്ക് പുറത്തുള്ള വനാവരണം" എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തപ്പെടുന്നത്; അതിനാൽ ഇവ വനമേഖലയിലായി കണക്കാക്കപ്പെടുന്നു. വിളകൃഷിയുടെ 2 ശതമാനം മാത്രമുള്ള ഉത്സർജനത്തിൽ, കൃഷിഭൂമികളിൽ നിന്നുള്ള നൈട്രസ് ഓക്സൈഡ് ($N_2O$) 1.2 ശതമാനവും, നെൽകൃഷിയിൽ നിന്നുള്ള മീഥേൻ 0.8 ശതമാനവും സംഭാവന ചെയ്യു. വിള അവശിഷ്ടങ്ങൾ കത്തിക്കൽ കൂടി ഉൾപ്പെടുത്തിയാലും, ആകെ ഉത്സർജനം 2 ശതമാനത്തിനുള്ളിൽ തന്നെയാണ്.

ചുരുക്കത്തിൽ, കൃഷിമേഖല ഉത്സർജനത്തിന്റെ മൂന്നാമത്തെ വലിയ സംഭാവനക്കാരനായിരുന്നാലും, അതിന്റെ പങ്ക് ഊർജ്ജമേഖലയിലേതിനേക്കാൾ പത്തിരട്ടി കുറവാണ്. കൂടാതെ, കൃഷിമേഖലയുടെ മൊത്തം ഉത്സർജനത്തിലെ പങ്ക് വർഷങ്ങളായി കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്. ഇതിന് താഴെ പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടാം:

1. 1974–75-ൽ 8.8 ലക്ഷം ഹെക്ടറായിരുന്ന കേരളത്തിലെ നെൽകൃഷി വിസ്തൃതി 2020–21-ൽ 2.1 ലക്ഷം ഹെക്ടറായി കുറഞ്ഞു (2023–24-ൽ ഇത് 1.8 ലക്ഷം ഹെക്ടറായി കൂടി കുറഞ്ഞു). ഈ വിസ്തൃതി ഇടിവ്, നെൽവയലുകളിൽ നിന്നുള്ള മീഥേൻ ഉത്സർജനത്തിൽ വലിയ കുറവുണ്ടാക്കി.
2. 2020–21-ൽ ദേശീയതലത്തിൽ ശരാശരി നൈട്രജൻ വള ഉപയോഗം ഹെക്ടറിന് 99.6 കിലോഗ്രാമായിരുന്നു. എന്നാൽ കേരളത്തിൽ അത് വെറും 34 കിലോഗ്രാമായിരുന്നു. ഇതിലൂടെ, വള ഉപയോഗത്തിൽ നിന്നുള്ള നൈട്രസ് ഓക്സൈഡ് ഉത്സർജനവും കേരളത്തിൽ വളരെ കുറഞ്ഞതായി.
3. 1987-ൽ കേരളത്തിലെ പശുസംഖ്യ 34.2 ലക്ഷം ആയിരുന്നു. ഇത് 2019-ൽ 13.4 ലക്ഷമായും, 2024-ൽ 9 ലക്ഷമായും കുറഞ്ഞു. പശുക്കളുടെ ജീർണ്ണപ്രക്രിയയിൽ നിന്നുള്ള മീഥേൻ ഉത്സർജനത്തിൽ ഇതിലൂടെ സ്വാഭാവികമായ കുറവ് ഉണ്ടായി. അന്തരീക്ഷത്തിൽ മീഥേൻ കുറച്ചുകാലം മാത്രം നിലനിൽക്കുന്ന വാതകമായതിനാൽ, ഇതുവഴിയുള്ള കുറവ് തണുപ്പിക്കൽ (cooling) ഫലത്തിന് ഇടയാക്കുന്നതായും ശ്രദ്ധേയമാണ്.

## LULUCF മേഖല

കേരളത്തിൽ LULUCF മേഖല കാർബൺ ശേഖരണത്തിലൂടെ (sequestration) ഒരു പ്രധാന sink ആയി പ്രവർത്തിക്കുന്നു. 2021-ൽ, സംസ്ഥാനത്തെ ആകെ $CO_2e$ ഉത്സർജനത്തിന്റെ 47 ശതമാനം (10.26 മില്ല്യൺ ടൺ $CO_2e$) LULUCF മേഖലയിലൂടെ നീക്കം ചെയ്യപ്പെട്ടു. സംസ്ഥാനത്തെ മൊത്തം കാർബൺ ആഗിരണത്തിൽ 97 ശതമാനവും വനാവരണം വഴിയാണ് ഉണ്ടായത്; കൃഷിഭൂമികൾ 2 ശതമാനവും, വാസസ്ഥലങ്ങൾ 1 ശതമാനവും സംഭാവന ചെയ്യു.

ദേശീയതലത്തിൽ LULUCF മേഖല ആകെ ഉത്സർജനത്തിന്റെ വെറും 22 ശതമാനം മാത്രമാണ് നീക്കം ചെയ്തിരുന്നത് എന്നതുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിലെ 47 ശതമാനം ആഗിരണ ശേഷി ശ്രദ്ധേയമാണ്. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ (FSI) പിന്തുടരുന്ന നിർവചനങ്ങൾ അനുസരിച്ച്, 2021-ൽ ഇന്ത്യയിലെ വനാവരണം 21.7 ശതമാനമായിരുന്നപ്പോൾ, കേരളത്തിൽ അത് 54.7 ശതമാനമായിരുന്നു. റബർ, തെങ്ങ്, അടയ്ക്ക, ഓയിൽ പാം, കശുവണ്ടി, തേയില, കാപ്പി, ചക്ക, മാങ്ങ തുടങ്ങിയ വിളകൾ ഉൾപ്പെടുന്ന "റെക്കോർഡഡ് ഏരിയയ്ക്ക് പുറത്തുള്ള വനാവരണം" കേരളത്തിൽ വലിയ വിഹിതം കൈവരിക്കുന്നതാണ് ഇതിന് കാരണം.

കേരളത്തിലെ വനാവരണം വഴി ശേഖരിക്കപ്പെടുന്ന കാർബൺ വിശദമായി പരിശോധിക്കുമ്പോൾ, വൃക്ഷവിളകൾ വളർത്തുന്ന കർഷകരുടെ സംഭാവന വ്യക്തമായി കാണാം. LULUCF വഴിയുള്ള ആകെ ആഗിരണം 47 ശതമാനമായിരുന്നുവെങ്കിൽ, കർഷകർ വളർത്തുന്ന വൃക്ഷവിളകളും കൃഷിഭൂമികളും ചേർന്നുള്ള ആഗിരണം ആകെ ഉത്സർജനത്തിന്റെ 25 ശതമാനമായിരുന്നു.

2021-ൽ വിളകൃഷിയിൽ നിന്നുള്ള ഉത്സർജനം ആകെ ഉത്സർജനത്തിന്റെ വെറും 2 ശതമാനമായിരിക്കെ, വൃക്ഷവിളകൾ ഉൾപ്പെടെയുള്ള വിളകൃഷി മൂലമുള്ള കാർബൺ ആഗിരണം 25 ശതമാനമായിരുന്നു. അതായത്, കേരളത്തിലെ കൃഷിമേഖല കാർബൺ ബാലൻസിൽ 23 ശതമാനം നെഗറ്റീവ് നിലയിലാണ്. LULUCF-ഉം കൃഷിയും ചേർത്ത് AFOLU മേഖല മുഴുവനായി കണക്കാക്കിയാൽ, 2021-ൽ ആകെ ഉത്സർജനത്തിന്റെ 7 ശതമാനം മാത്രമാണ് ഉത്സർജനമായിരുന്നുവെങ്കിൽ, ആഗിരണം 47 ശതമാനമായിരുന്നു. അതായത്, ആകെ ഉത്സർജനത്തിന്റെ 40 ശതമാനം ശുദ്ധമായി ആഗിരണം ചെയ്യപ്പെട്ടു. ചിത്രം ഒന്ന് കാണുക.

**Figure 1**
**Per capita emissions of carbon, State-wise, India, 2018, in tons of $CO_2e$**




Source: https://www.ghgplatform-india.org/

## III
## ഊന്നേണ്ടത് അനുകൂലന നയത്തിൽ

ആഗോളതലത്തിൽ, മനുഷ്യരാശി വ്യവസായപൂർവ കാലഘട്ടത്തേക്കാൾ 1.5 ഡിഗ്രി സെൽഷ്യസിലോ 2 ഡിഗ്രി സെൽഷ്യസിലോ താപനവർധന നിയന്ത്രിക്കാൻ ശ്രമിക്കണമെങ്കിൽ, ലോകമാകെ കാർബൺ ഡൈഓക്സൈഡ് ഉൾപ്പെടെയുള്ള ഹരിതഗൃഹ വാതകങ്ങളുടെ ആകെ (cumulative) ഉത്സർജനത്തിന് ഒരു പരിധി ഉണ്ടാകണം എന്ന കാര്യം ശാസ്ത്രീയമായി കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. കാർബൺ ഡൈഓക്സൈഡിന്റെ ആകെ ഉത്സർജനത്തിന് നിശ്ചയിക്കുന്ന ഈ പരിധിയെയാണ് "ആഗോള കാർബൺ ബജറ്റ്" എന്ന് വിളിക്കുന്നത്.

എന്നാൽ മനുഷ്യരാശിയുടെ പൊതുസമ്പത്തായ ഈ ആഗോള കാർബൺ ബജറ്റിന്റെ വലിയൊരു പങ്ക് ഇതിനകം തന്നെ വികസിത ലോകം ഉപയോഗിച്ചുതീർത്തിട്ടുണ്ട്. അതിനാൽ, ഇന്നത്തെ സാഹചര്യത്തിൽ വികസനാത്മക ലോകം നേരിടുന്ന വെല്ലുവിളി, അവശേഷിക്കുന്ന ആഗോള കാർബൺ ബജറ്റ് രാജ്യങ്ങൾക്കിടയിലും രാജ്യങ്ങൾക്കുള്ളിലുമായി സമവായപരമായി പങ്കിടപ്പെടുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ്. അതിനോടൊപ്പം തന്നെ, ഫിദൽ കാസ്ട്രോ ആവശ്യപ്പെട്ടതുപോലെ കാലാവസ്ഥാ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ വ്യവസായ വിപ്ലവകാലം മുതൽ ഇതുവരെയുള്ള അവരുടെ കാർബൺ ഉത്സർജനങ്ങളിൽ നിന്നുണ്ടായ "കാർബൺ കടം" (carbon debt) അത് ലോകത്തിനു തിരിച്ചടയ്ക്കണം. വികസിത രാജ്യങ്ങൾ ആവശ്യമായ തോതിൽ കാലാവസ്ഥാ ധനസഹായം (climate finance) നൽകേണ്ടതുമുണ്ട്. ഇത്തരം നീതിയുക്തമായ കാലാവസ്ഥാ പരിവർത്തനത്തിന് എതിര് നിൽക്കുന്ന വികസിത രാജ്യങ്ങളുടെ നിലപാടുകളെ ആസ്പദമാക്കി "കാലാവസ്ഥാ സാമ്രാജ്യത്വം" എന്നൊരു പ്രയോഗം തന്നെ നിലവിലുണ്ട്.

നീതിയുക്തമായ പങ്കുവെയ്പ്പ് സാധ്യമാകുമ്പോഴാണ് വികസ്വര രാജ്യങ്ങൾക്ക് ഉയർന്ന സാമ്പത്തിക വികസനനില കൈവരിക്കാൻ കഴിയുക; അതുവഴി അവരുടെ ജനങ്ങൾക്ക് മാന്യമായ ജീവിതനിലവാരം ഉറപ്പാക്കാനും സാധിക്കുക. ഇതിന്, കുറഞ്ഞത് ചില പ്രധാന മേഖലകളിൽ എങ്കിലും, വികസ്വര ലോകത്ത് ഫോസിൽ ഇന്ധനങ്ങളുടെ തുടർന്നുമുള്ള ഉപയോഗം അനിവാര്യമാണ്. സാങ്കേതികവും സാമ്പത്തികവുമായ കാരണങ്ങൾ മൂലം ഫോസിൽ ഇന്ധനാധിഷ്ഠിത ഊർജ്ജത്തിന് പകരം മറ്റുവഴികൾ കണ്ടെത്താൻ പ്രയാസമുള്ള മേഖലകളിൽ -- അല്ലെങ്കിൽ ദാരിദ്ര്യ നിർമാർജനം, ഭക്ഷ്യസുരക്ഷ ഉറപ്പ്, പൊതുജനാരോഗ്യം തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ തോതിലും വേഗത്തിലും ഹരിത ഊർജ്ജ വിന്യാസം സാധ്യമാകാത്ത മേഖലകളിൽ -- ഈ ആവശ്യം കൂടുതൽ ശക്തമാണ്.

കേരളത്തിൽ അടിയന്തിരമായി ആവശ്യമായ ഉയർന്ന സാമ്പത്തിക വളർച്ചാ നിരക്കുകൾ കൈവരിക്കൽ, തൊഴിലില്ലായ്മ കുറയ്ക്കൽ, അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം വർധിപ്പിക്കൽ, ജനങ്ങളുടെ ഭൗതിക ജീവിതനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ അനുകൂലന നയത്തിൽ നമ്മൾ ഊന്നണം.

കാലാവസ്ഥാ വ്യതിയാനങ്ങളോട് പൊരുത്തപ്പെടുകയും അവയെ നേരിടാൻ പ്രതിരോധ ശേഷി കൈവരിക്കുകയും ചെയ്യുന്ന അനുകൂലന തന്ത്രങ്ങൾ സ്വീകരിക്കണം. ഇതിനായി കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, മുൻകൂട്ടി മുന്നറിയിപ്പ് സംവിധാനങ്ങൾ, പ്രളയ നിയന്ത്രണ പദ്ധതികൾ തുടങ്ങിയ നിരവധി നടപടികൾ ആവശ്യമാണ്. ഇതെല്ലാം സമത്വത്തിന്റെ സിദ്ധാന്തത്തിൽ ഉറച്ചുനിൽക്കുന്ന തീരുമാനങ്ങളുമാണ്. ഇന്ത്യയ്ക്ക് ആഗോള കാർബൺ ബജറ്റിൽ ന്യായമായ വലിയ പങ്ക് ലഭിക്കേണ്ടതുണ്ടെങ്കിൽ, അതിന്റെ ഭാഗമായി കേരളത്തിനും തന്റെ ന്യായമായ പങ്ക് അവകാശപ്പെടാനുള്ള അവകാശമുണ്ട്.

### കൃഷി

കൃഷിമേഖലയിൽ, പ്രത്യേകിച്ച് വിള-വിടവുകൾ (yield gaps) വലുതായിരിക്കുന്ന കേരളത്തിൽ, അനുകൂലന തന്ത്രങ്ങളുടെ ആവശ്യകത അതീവ ശക്തമാണ്. കാലാവസ്ഥാ വ്യതിയാനങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ, ഉയർന്ന വിളവുതരുന്നതിനൊപ്പം തന്നെ വരൾച്ചയെ സഹിക്കുന്നതും, പ്രളയത്തെ സഹിക്കുന്നതും, ഉപ്പുരസം സഹിക്കുന്നതും, അമ്ലത്വം സഹിക്കുന്നതും, ഉയർന്ന താപനില സഹിക്കുന്നതുമായ പുതിയ വിത്തുകൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളിൽ വൻ നിക്ഷേപങ്ങൾ ആവശ്യമായി വരും.

അതുപോലെ തന്നെ, മണ്ണും ജലവും സംരക്ഷിക്കുന്നതിനുള്ള നടപടികളിൽ -- കണ്ടൂർ ബണ്ടിംഗ്, മഴവെള്ള ശേഖരണം, വാട്ടർഷെഡ് പദ്ധതികൾ, പുതിയ ജലസേചന പദ്ധതികൾ എന്നിവയിൽ -- നിക്ഷേപങ്ങൾ അനിവാര്യമാണ്. ജലക്ഷാമം നേരിടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഡ്രിപ്പ്, സ്പ്രിങ്ക്ലർ തുടങ്ങിയ സൂക്ഷ്മ ജലസേചന സംവിധാനങ്ങളിലും നിക്ഷേപം വേണം.

അനുകൂലനത്തെ ഇന്ത്യയുടെ കാലാവസ്ഥാ പ്രവർത്തനങ്ങളുടെ മുഖ്യ തന്ത്രമായി കാണുന്നത്, UNFCCC ചർച്ചകളിൽ ഇന്ത്യ സ്വീകരിച്ച പ്രായോഗിക നിലപാടുമായി യോജിച്ച് നിൽക്കുന്നു. ഇന്ത്യയുടെ വാദം, കൃഷിമേഖലയിലെ കാർബൺ ഉത്സർജനങ്ങളുടെ ഭൂരിഭാഗവും "ജീവിതോപാധി ഉത്സർജനങ്ങൾ" (survival emissions) ആണെന്നതാണ്. ചെറുകിട കർഷകരുടെയും മൃഗസംരക്ഷണത്തിന്റെയും പ്രവർത്തനങ്ങളും, അവ വഴി ലക്ഷക്കണക്കിന് ഇന്ത്യക്കാർ നേടുന്ന ജീവിതോപാധികളും, വികസിത ലോകത്തിന്റെ ഉയർന്ന ഉത്സർജനങ്ങളുമായി യാഥാർഥ്യപരമായി താരതമ്യം ചെയ്യാൻ കഴിയില്ല. ഇത്തരമൊരു നിലപാടാണ് 2024-ൽ കേരള സർക്കാർ പ്രസിദ്ധീകരിച്ച "Kerala GHG Inventory Report" ലും ആവർത്തിച്ചിട്ടുള്ളത്.

### കൃഷിയേതര മേഖലകൾ

കൃഷിമേഖലയെപ്പോലെ തന്നെ, കൃഷിയേതര മേഖലകളിലും അനുകൂലനമാണ് കേരളത്തിന് ആവശ്യമായ പ്രധാന തന്ത്രം. കേരളത്തിന്റെ കുറഞ്ഞ പ്രതിവ്യക്തി കാർബൺ ഉത്സർജനങ്ങൾ, അതിന്റെ കുറഞ്ഞ പ്രതിവ്യക്തി ഊർജ്ജ ഉപഭോഗവുമായി ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാവിയിൽ താപനില ഉയരുന്ന സാഹചര്യത്തിൽ, പൊതുജനാരോഗ്യ സംവിധാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടിവരും. കൂടുതൽ ആവർത്തിക്കുന്ന പ്രളയങ്ങൾ കൃഷിയിൽ പ്രളയ സഹിഷ്ണുതയുള്ള വിത്തുകൾ മാത്രമല്ല, ഡ്രെയിനേജ് സംവിധാനങ്ങളിലും ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ഇടപെടലുകളിലും വൻ നിക്ഷേപങ്ങളും ആവശ്യപ്പെടുന്നു.

അനുകൂലന നിക്ഷേപങ്ങൾ ആഭ്യന്തര ബജറ്റ് വകയിരുത്തലുകൾ വഴി മാത്രമല്ല, "Loss and Damage Fund" ഉൾപ്പെടെയുള്ള വിവിധ ആഗോള സ്രോതസ്സുകളിൽ നിന്നുള്ള മൂലധനവും സാങ്കേതികവിദ്യകളും സമാഹരിച്ചും നടത്തേണ്ടിവരും.

വാസസ്ഥല മേഖലയിലെ അനുകൂലനം എന്നത് കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഇതിൽ ഉൾപ്പെടുന്നത്:

1. പ്രളയ പ്രതിരോധ ശേഷിയുള്ള നിർമാണ സാങ്കേതികവിദ്യകൾ (ഉദാഹരണത്തിന്, കുട്ടനാട്ടിലെ ഉയർത്തി നിർമ്മിച്ച വീടുകൾ),
2. പ്രളയ സാധ്യതയുള്ള മേഖലകളിൽ ഉയർത്തിയ വൈദ്യുതി സംവിധാനങ്ങൾ,
3. മലയോര പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ പ്രതിരോധ ശേഷിയുള്ള താമസക്രമീകരണങ്ങൾ (ടെറസ്സിംഗ്, ചരിവുകളുടെ സ്ഥിരത ഉറപ്പാക്കൽ),
4. അപകടസാധ്യതയുള്ള മേഖലകളിൽ നിന്ന് സമൂഹങ്ങളുടെ പുനരധിവാസം,
5. വീടുകളിൽ താപനില സഹിഷ്ണുത വർധിപ്പിക്കുന്ന മേൽക്കൂരകൾ, വായുസഞ്ചാരം, മതിലുകൾ എന്നിവ.

ഗതാഗത മേഖലയിലും കേരളത്തിന് കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള ഗതാഗത ശൃംഖലകൾ ആവശ്യമാണ്. വെള്ളപ്പൊക്കത്തിൽ മുങ്ങുന്ന റോഡുകൾ, മണ്ണിടിച്ചിലുകൾ മൂലം തടസ്സപ്പെടുന്ന ഹൈവേകൾ, തീരദേശ ക്ഷയം നേരിടുന്ന പ്രദേശങ്ങളിലെ തുറമുഖങ്ങൾ എന്നിവയ്ക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. ഇതിന് പരിഹാരമായി, ഉയർത്തിയ റോഡുകൾ ഉൾപ്പെടുന്ന പ്രളയ പ്രതിരോധ റോഡ് രൂപകല്പന, മലയോര മേഖലയിലെ റോഡുകളിൽ റിട്ടെയ്നിംഗ് വാളുകളുടെ സ്ഥിരത വർധിപ്പിക്കൽ, ആഭ്യന്തര ജലഗതാഗത മാർഗങ്ങളുടെ വിപുലീകരണം, വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഫ്ലോട്ടിംഗ് ബസ് സ്റ്റോപ്പുകൾ, റോഡുകളിൽ നിർബന്ധമായും കൽവർട്ടുകളും ഉയർന്ന എംബാങ്ക്മെൻറുകളും നിർമിക്കൽ തുടങ്ങിയ നടപടികൾ ആവശ്യമാണ്.

കേരളത്തിൽ അനുകൂലന നടപടികൾ ഫലപ്രദമായി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യാൻ സാധിക്കും; കാരണം സംസ്ഥാനതലത്തിൽ നിന്ന് ജില്ലാതലത്തിലേക്കും തദ്ദേശ സ്വയംഭരണ തലത്തിലേക്കുമുള്ള ശക്തമായ ഭരണബന്ധം കേരളത്തിനുണ്ട്. അനുകൂലനം പലതലങ്ങളിലായി നിലനിൽക്കുന്ന ഒരു വെല്ലുവിളിയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സംസ്ഥാനതല ഭരണസംവിധാനമോ ഒരൊറ്റത് മാത്രം ആധിപത്യം പുലർത്തുന്ന രീതിയിൽ പ്രവർത്തിക്കാൻ കഴിയില്ല; പരസ്പരപൂരകമായ പ്രവർത്തനങ്ങളാണ് ആവശ്യമായത്.

### പ്രായോഗിക-പ്രാദേശിക പരിസ്ഥിതി ഇടപെടലുകൾ

മേൽപ്പറഞ്ഞ കാലാവസ്ഥാ വ്യതിയാന അനുകൂലന നടപടികൾക്കൊപ്പം നമ്മുടെ അശാസ്ത്രീയമായ ഇടപെടലുകൾമൂലം ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയും വേണം.

അത്തരത്തിലുള്ള ഒന്നാണ് വ്യവസായ മലിനീകരണം. അന്തരീക്ഷ മലിനീകരണവും ജലമലിനീകരണവും വലിയ തോതിൽ ചില വ്യവസായ മേഖലകളിൽ ഉണ്ടാകുന്നുണ്ട്. അത് ജനങ്ങളുടെ ആരോഗ്യത്തിനും സ്വൈര്യജീവിതത്തിനും വിഘാതമാണ്. നമ്മുടെ ദേശീയ തലസ്ഥാനത്തെ മലിനീകരണംമൂലം സമീപമാസങ്ങളിൽ സാധാരണഗതിയിലുള്ള മനുഷ്യരുടെ ജീവിതം തന്നെ തടസ്സപ്പെട്ട അനുഭവം നമുക്കുണ്ടല്ലോ. ഇത്തരം അവസ്ഥാവിശേഷം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഏജൻസിയാണ് മലിനീകരണ നിയന്ത്രണ ബോർഡ്. ബോർഡിന്റെ പ്രവർത്തനങ്ങളെ ആധുനികവൽക്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നഗര വായു മലിനീകരണം കുറയ്ക്കുന്നതിന് ഇ-വാഹന പ്രോത്സാഹന നയമാണ് കേരളം സ്വീകരിക്കുന്നത്.

മറ്റൊരു സുപ്രധാന മേഖലയാണ് മാലിന്യ സംസ്കരണം. ഖരമാലിന്യ സംസ്കരണത്തിൽ വലിയ വിജയം സംസ്ഥാനം നേടുകയുണ്ടായി. ഇനി നമ്മൾ ജലമലിനീകരണ മേഖലയിലേക്ക് കാലുവയ്ക്കുകയാണ്. ഇതു സംബന്ധിച്ച് പ്രത്യേക അധ്യായം തന്നെ ഈ സമാഹാരത്തിലുണ്ട്.

'ഇനി പുഴയൊഴുകട്ടെ', 'പച്ചത്തുരുത്ത്', 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം', 'ഒരു തൈ നടാം', 'ജല ബജറ്റ്', 'മാലിന്യവിമുക്ത കേരളം', 'ജലപരിശോധന', 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ', 'തെങ്ങിന് തടം മണ്ണിന് ജലം' എന്നു തുടങ്ങി ഒട്ടേറെ ജനകീയ പരിസ്ഥിതിയജ്ഞങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്തിട്ടുണ്ട്.

ആഗോളമായി ചിന്തിക്കുമ്പോഴും പ്രാദേശികമായി ഇടപെടുകൊണ്ടേ പരിസ്ഥിതി സംരക്ഷണം സാധ്യമാകൂ. ദുരന്തനിവാരണ മേഖലയിൽ സുപ്രധാനമായ ഒരു പ്രാദേശിക ഇടപെടലായിരുന്നു തദ്ദേശഭരണാടിസ്ഥാനത്തിലുള്ള 'പ്രാദേശിക ദുരന്ത മാനേജ്മെ

ന്റ് പ്ലാനു്കൾ വിശദമായി ദുരന്തനിവാരണം സംബന്ധിച്ച അധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്.

### ഉപസംഹാരം

കാലാവസ്ഥാ മാറ്റം ഒരു പരിസ്ഥിതി പ്രശ്നം മാത്രമല്ല; അത് സമത്വം, നീതി, വികസനാവകാശം എന്നീ ചർച്ചകളിൽ ആഴത്തിൽ വേരൂന്നിയ ഒരു വിഷയമാണ്. ആഗോള കാലാവസ്ഥാ മാറ്റത്തെക്കുറിച്ചുള്ള ആഖ്യാനം ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലെ ദുർബല വിഭാഗങ്ങൾ വഹിക്കുന്ന ഭാരത്തെ പലപ്പോഴും അവഗണിക്കുന്നു. വികസിത രാജ്യങ്ങളിലെ "ആഡംബര ഉത്സർജനങ്ങൾ" നിയന്ത്രണമില്ലാതെ തുടരുമ്പോൾ, ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളെയും കേരളം പോലുള്ള സംസ്ഥാനങ്ങളെയും അവരുടെ "ജീവിതോപാധി ഉത്സർജനങ്ങൾ" ഉപേക്ഷിക്കാൻ ആർക്കും നിർബന്ധിക്കാനാവില്ല.

ഇതിനർത്ഥം കാർബൺ ബഹിർഗമനം കുറയ്ക്കാനുള്ള നടപടികൾ ഉപേക്ഷിക്കണം എന്നല്ല. മണ്ണിന്റെ ആഗീരണശേഷി ഉയർത്തുന്നതും, വൃക്ഷവരണം വർദ്ധിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, വൈദ്യുതിദുർവ്യയം ഒഴിവാക്കുന്നതും മറ്റും മേൽപ്പറഞ്ഞ സാമ്പത്തിക ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നവയല്ലല്ലോ? അവ ഇന്നുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുകയും സാമ്പത്തികവും സാമൂഹ്യവും ആയ നേട്ടങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

# 23

# കാലാവസ്ഥാ വ്യതിയാനവും ദുരന്തനിവാരണവും

അടുത്തുണ്ടായ മഹാപ്രളയങ്ങളും അടിക്കടിയുണ്ടാകുന്ന കാലവർഷക്കെടുതിയും വരൾച്ചയുമൊക്കെ ആഗോള താപനത്തിന്റെ പ്രഭാവവും കാലാവസ്ഥ വ്യതിയാനവും കേരളത്തിൽ എത്രത്തോളമാണ് അനുഭവപ്പെടുന്നതെന്ന് നമുക്ക് കാണിച്ചു തരുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നം എന്നതിനേക്കാളുപരി കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും ജനങ്ങളുടെ ജീവനും സ്വത്തിനും വരുത്തിവയ്ക്കുന്ന പരിക്ക് നിസ്സാരമല്ല എന്നു ഇന്ന് നമ്മൾ തിരിച്ചറിയുന്നുണ്ട്. വളരെ ദീർഘമായ കടലോരം മുതൽ പശ്ചിമഘട്ടം വരെയുള്ള 30-120 കിലോമീറ്റർ വീതിയും 580 കിലോമീറ്റർ നീളവുമുള്ള വൈവിദ്ധ്യമാർന്ന സങ്കീർണമായ ആവാസവ്യവസ്ഥയാണ് കേരളം. അശാസ്ത്രീയമായ ഭൂവിനിയോഗ രീതികളും ഉയർന്ന ജനസാന്ദ്രതയും അനിയന്ത്രിതമായ നഗരവൽക്കരണവും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ തീവ്രമാക്കുന്നു.

## I
## കാലാവസ്ഥാ വ്യതിയാനം കേരളത്തിൽ

കഴിഞ്ഞ പതിറ്റാണ്ടിൽ ദൃശമായ അതിതീവ്ര കാലാവസ്ഥാ സംഭവങ്ങൾ വിരൽചൂണ്ടുന്നത് ആഗോളതാപനത്തിന്റെ ഫലമായി കേരളത്തിന്റെ കാലാവസ്ഥയും കൂടുതൽ അസ്ഥിരമാകുകയാണെന്നാണ്. പൊതുവെ കേരളത്തിൽ സ്ഥിരതയുള്ള കാലാവസ്ഥയാണ് നിലനിന്നിരുന്നതെങ്കിലും, സഹ്യപർവ്വതത്തിന്റെ സ്വാധീനവും വിശാലമായ സമുദ്രങ്ങളുടെ സാമീപ്യവും കേരളത്തിന്റെ കാലാവസ്ഥയെ കൂടുതൽ സങ്കീർണ്ണമാക്കുന്ന ഘടകങ്ങളാണ്. ഇതിൽ കേരളത്തിന്റെ കാലാവസ്ഥയെയും അതുവഴി ജനജീവിതത്തെയും കൂടുതൽ ബാധിക്കുവാൻ പോകുന്നത് ആഗോളതാപനത്തിന്റെ ഭാഗമായി അറബിക്കടൽ ദ്രുതഗതിയിൽ ചൂടാകുന്നതാണ്. മറ്റു സമുദ്രതടങ്ങൾ 100 വർഷം കൊണ്ട് 1 ഡിഗ്രി സെൽഷ്യസിൽ താഴെ മാത്രം ചൂടായപ്പോൾ, അറബിക്കടൽ ഏകദേശം 1.1 ഡിഗ്രിക്ക് മുകളിൽ ചൂടായതാണു കേരളത്തിന്റെ കാലാവസ്ഥയെ കൂടുതൽ അസ്ഥിരമാക്കുന്നത്.

ആഗോളതാപനത്തിന്റെ ഫലമായി ഉഷ്ണതരംഗങ്ങൾ ലോകത്തിന്റെ എല്ലാ കോണിലും പിടിമുറുക്കിക്കഴിഞ്ഞു. കേരളവും ഇതിൽനിന്നും വിഭിന്നമല്ല, ചൂട് അതിരുകടന്നുകഴിഞ്ഞു എന്ന് കാണുവാൻ സാധിക്കും. അടുത്ത ദശകങ്ങളിൽ ഉഷ്ണതരംഗങ്ങൾ കൂടുതൽ തെക്കൻ അക്ഷാംശങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. മനുഷ്യ പ്രേരിത ആഗോളതാപനവും വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും ഉഷ്ണതരംഗങ്ങളുടെയും താപതരംഗങ്ങളുടെയും തപാഘാതത്തിന്റെയും അവസ്ഥയെ കൂടുതൽ വഷളാക്കും. ഗ്രാമീണ മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ ജനസാന്ദ്രതയേറിയതും വളരെ വികസിതവുമായ നഗരപ്രദേശങ്ങളിലെ ഉയർന്ന താപനിലയെ താപത്തുരുത് (urban heat island) എന്നാണ് വിശേഷിപ്പിക്കുന്നത്. മാനുഷിക പ്രവർത്തങ്ങൾ മൂലം ഭൂപ്രകൃതിയിലും ഭൂവിനിയോഗത്തിലും ഉണ്ടായ മാറ്റങ്ങൾ കൂടി ചേരുമ്പോൾ ഉഷ്ണതരംഗങ്ങളുടെ ആവൃത്തിയും തീവ്രതയും വീണ്ടും പരിഷ്കരിക്കപ്പെടുന്നു.

ആലിപ്പഴവർഷത്തിനും ഇടിമിന്നലിനും ഒക്കെ ഇടയാക്കുന്ന കൂറ്റൻ മേഘങ്ങൾക്ക് രൂപം കൊള്ളാൻ അന്തരീക്ഷ താപവർദ്ധനവ് സഹായകരമാവും. സമീപ കാലത്ത് കാലവർഷ മേഘങ്ങളുടെ ഘടനയിലും വ്യത്യാസം സംഭവിച്ചിട്ടുണ്ട് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സാധാരണയായി കാലവർഷക്കാലത്ത് പശ്ചിമഘട്ടത്തിനു പടിഞ്ഞാറായി കാണപ്പെടുക ഉയരം കുറഞ്ഞ മേഘങ്ങളാണ്. എന്നാൽ സമീപ കാലത്ത് 12 മുതൽ 14 വരെ കിലോമീറ്റർ ഉയരം വരുന്ന കൂമ്പാര മേഘങ്ങളാണ് മഴക്കലത്ത് രൂപം കൊള്ളുന്നത്. ഇവയാണ് ഇപ്പോൾ കാലവർഷക്കാലത്തും ഇടിമിന്നലിന് കാരണമാവുന്നത്. ഇത്തരം മേഘങ്ങൾ 1 മുതൽ 14 വരെ കിലോമീറ്റർ വരെ കട്ടിയിൽ ഉയർന്നു നിൽക്കുമ്പോൾ അത് ആ പ്രദേശത്ത് തലയ്ക്കുമുകളിൽ നിലകൊള്ളുന്ന ഒരു 'വാട്ടർ ടാങ്ക്' പോലെ വർത്തിക്കുകയും അവയിൽ നിന്നും കുറഞ്ഞ സമയം കൊണ്ട് പെയ്യുന്ന കൂടിയ അളവിലുള്ള മഴ അവിടെ പ്രളയത്തിനു കാരണമാവുകയും ചെയ്യും. അതി ശക്തമായി മഴ ലഭിച്ച 2019 ലും 2021 ലും 2024 ലും ഇത്തരത്തിൽ കൂറ്റൻ മേഘങ്ങളുടെ സാന്നിധ്യമുണ്ടായിരുന്നു എന്നത് പഠനങ്ങൾ ശരിവയ്ക്കുന്നു. ആഗോള താപനത്തോടുള്ള പ്രതികരണമായി

കേരളത്തിൽ തീവ്ര കാലാവസ്ഥയുടെ ത്വരിതഗതിയിലുള്ള ഒരു രീതിയുടെ തിരിച്ചറിവുകളാണ് മിന്നൽ വെള്ളപ്പൊക്കങ്ങളും ഉരുൾപൊട്ടലുകളും. കുറഞ്ഞ കാലയളവിൽ ലഭിക്കുന്ന കനത്ത മഴ ഉയർന്ന നീരൊഴുക്കിനും മണ്ണൊലിപ്പിനും പോഷകങ്ങൾ വേഗത്തിൽ ചോർന്നൊലിക്കുന്നതിനും കാരണമായേക്കാം. തീർച്ചയായും, ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഇത് കൂടുതൽ വെള്ളപ്പൊക്കത്തിന് ഇടയാക്കും.

സമീപ കാലങ്ങളിൽ ദൃശ്യമാവുന്നത് മൺസൂൺ കൂടുതൽ അസ്ഥിരമാകുന്നതായിട്ടാണ്. വരും വർഷങ്ങളിൽ ഈ ക്രമരാഹിത്യം വർദ്ധിക്കും. വർഷാ-വർഷ വ്യതിയാനങ്ങളും സീസണിനുള്ളിലെ വ്യതിയാനങ്ങളും കൂടുതൽ പ്രകടമാവും. മൺസൂൺ സീസണിൽ ലഭിക്കുന്ന ആകെ മഴയുടെ അളവിൽ മാറ്റം പ്രതീക്ഷിക്കുന്നില്ലെങ്കിലും അതിന്റെ വിതരണത്തിൽ സാരമായ വ്യത്യാസം സംഭവിക്കും. ചുരുക്കം ചില ദിവസങ്ങളിൽ തീവ്രമായി മഴ പെയ്യുകയും ദീർഘനാൾ മഴയില്ലാതിരിക്കുകയും ചെയ്യുന്നത് വരും കാലങ്ങളിൽ മൺസൂണിന്റെ സ്ഥായീഭാവമായിത്തീരും.

ആഗോളതാപനത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള അനിശ്ചിതത്വവും കാലാവസ്ഥാ വ്യതിയാനങ്ങളും മൺസൂൺ പ്രതിഭാസത്തെ ഭാവിയിൽ കൂടുതൽ പ്രവചനാതീതമാക്കും. കൃഷിയെയും മത്സ്യബന്ധനത്തെയും ഉപജീവനമാർഗമായി സ്വീകരിച്ച തദ്ദേശീയ ജനവിഭാഗങ്ങളെ കാലാവസ്ഥാവ്യതിയാനം കൂടുതൽ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ളതിനാൽ ഇതിനെ പ്രതിരോധിക്കുവാൻ പ്രാദേശിക ഭരണകൂടങ്ങളെ സജ്ജമാക്കേണ്ടതുണ്ട്.

അറബിക്കടൽ ധ്രുതഗതിയിൽ ചൂടാകുന്നത് തീരദേശ ജനതയുടെ ജീവനോപാധിയെയും പ്രത്യക്ഷത്തിൽ ബാധിക്കുന്നതായി നമുക്ക് മനസിലാക്കുവാൻ സാധിക്കും. ഓഖിക്ക് ശേഷം തുടരെത്തുടരെ കേരളതീരത്തേക്ക് ന്യൂനമർദ്ദങ്ങൾ എത്തുന്നത് നമ്മുടെ തീരവും പഴയതു പോലെ സുരക്ഷിതമല്ല എന്ന യാഥാർഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇതിന്റെ ഭാഗമായി മൺസൂൺ സമയത്തെ മത്സ്യബന്ധന വിലക്കിനോടൊപ്പം മത്സ്യത്തൊഴിലാളികൾക്കു കൂടുതൽ തൊഴിൽ ദിനങ്ങൾ നഷ്ടമാകുവാനും കാരണമായേക്കാം.

### സമീപകാല ദുരന്തങ്ങൾ

2016-ലെ വരൾച്ച, 2017 ലെ ഓഖി തുടർന്ന് 2018 ലെ മഹപ്രളയവും അതിനു പിന്നാലെയായി ആവർത്തിച്ചനുഭവപ്പെട്ട പ്രകൃതി ദുരന്തങ്ങളും ഓർമിപ്പിക്കുന്നത് ഓരോ സംഭവങ്ങളുടെയും അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട് ലഘൂകരണ-അതിജീവന പ്രവർത്തനങ്ങൾ ചലനാത്മകമാക്കേണ്ടതുണ്ട് എന്നാണ്. 2018 ലെ മഹാപ്രളയം കേരളത്തിൽ വലിയ നാശനഷ്ടങ്ങൾ വിതച്ചെങ്കിലും അതിനുശേഷം സംസ്ഥാനം അതിജീവനത്തിന്റെ മാതൃക പടുത്തുയർത്തി.

2019 ൽ മലയോരമേഖലകളിൽ ഉണ്ടായ ഉരുൾപൊട്ടൽ പരമ്പര, 2020 ൽ ഇടുക്കിയിലെ പെട്ടിമുടി ദുരന്തം, 2021 ൽ ഇടുക്കി - കോട്ടയം ജില്ലകളിലെ കൊക്കയാർ-കൂട്ടിക്കൽ ഉരുൾപൊട്ടലുകൾ, 2022 ൽ കണ്ണൂരിലെ കണിച്ചാർ-കൊളയാട് ദുരന്തം, വയനാട്ടിലെ ചൂരൽമലയിലും മുണ്ടക്കൈയിലും 2024 ആഗസ്റ്റിൽ ഉണ്ടായ ഉരുൾപൊട്ടൽ എന്നിവ വലിയ ദുരന്തങ്ങൾ ആയിരുന്നു. മേപ്പാടി ഗ്രാമപഞ്ചായത്തിലെ മൂന്നു വാർഡുകളെ അപ്പാടെ തുടച്ചുമാറ്റിയ ദുരന്തം രാജ്യം കണ്ടതിൽവച്ച് ജീവൻ അപഹരിക്കപ്പെട്ട ഏറ്റവും വലിയ ഉരുൾപ്പൊട്ടലായി അടയാളപ്പെടുത്തി.

എങ്കിലും 2018 ലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത ദുരന്ത പ്രതികരണ പ്ലാനിന്റെ സഹായത്താൽ ദുരന്തങ്ങളെ പ്രതിരോധിക്കാൻ ആയില്ലെങ്കിലും ദുരന്ത ശേഷമുള്ള പ്രവർത്തനങ്ങൾ ഏകോപനത്തോടുകൂടി നയിക്കുവാനും ആഘാതത്തിന്റെ വ്യാപ്തി ലഘൂകരിക്കാനും സാധിച്ചു. ഓഖിക്ക് സമാനമായ ചുഴലിക്കാറ്റുകൾ അറബിക്കടലിൽ രൂപപ്പെട്ടെങ്കിലും മുന്നറിയിപ്പ് സംവിധാനങ്ങൾവഴി മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കാൻ കഴിഞ്ഞു. കോവിഡ് മഹാമാരിയുടെ തുടക്കത്തിൽതന്നെ സംസ്ഥാനസർക്കാർ ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ജാഗ്രതാനിർദ്ദേശങ്ങൾ നല്കുകയും അതനുസരിച്ച് കാര്യക്ഷമമായ പ്രതിരോധപ്രവർത്തനങ്ങൾ നടത്തി ലക്ഷ്യപ്രാപ്തി കൈവരിക്കുകയും ചെയ്തു. മഹാപ്രളയകാലത്തും കോവിഡു കാലത്തും കേരളം ഒറ്റക്കെട്ടായി ഉയർത്തിയ ജനകീയ പ്രതിരോധം ആഗോളശ്രദ്ധ നേടി. വയനാട് ദുരന്തത്തിലടക്കം ദുരന്തബാധിതരെ സഹായിക്കുന്നതിനും ദുരന്ത പ്രദേശങ്ങൾ പുനർനിർമ്മിക്കുന്നതിനും നാം എടുത്ത ഫലപ്രദമായ നടപടികൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിട്ടുണ്ട്.

## II
## കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള പശ്ചാത്തലം

ആഗോള താപനത്തെ ചെറുക്കുക എന്നത് കേരളത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല. കേരളം മാത്രം തീരുമാനിച്ചാൽ സാധിക്കുന്നതുമല്ല. എന്നാൽ ലോകത്തോടൊപ്പം കേരളവും കൂടി പ്രയത്നിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

ഭൂമിയുടെ ചൂട് കൂടുന്നതിനനുസരിച്ച് നമ്മൾ അനുഭവിക്കാൻ പോകുന്ന അതിതീവ്രകാലാവസ്ഥാസംഭവങ്ങളുടെ തീവ്രത വർദ്ധിക്കാം. പാരീസ് ഉടമ്പടി പ്രകാരം ആഗോളതാപനം വ്യവസായ വിപ്ലവത്തിന് മുമ്പുള്ള താപനിലയിൽ നിന്ന് 1.5 അല്ലെങ്കിൽ 2.0 ഡിഗ്രിയിൽ താഴെയായി പരിമിതപ്പെടുത്തുന്നത് അത്യന്തം ദുഷ്കരവും ഹരിതഗൃഹ വാതകകങ്ങളുടെ ഉദ്ധാമന തോത് മിതമായി തുടർന്നാൽ പോലും അടുത്ത 10 വർഷത്തിനുളിൽ 1.5 ഡിഗ്രി താപന പരിധിയും 40 വർഷത്തിനുള്ളിൽ 2ഡിഗ്രി താപന പരിധിയും ലംഘിക്കപ്പെട്ടേയ്ക്കാം. അതിനാൽ, ആഗോളതാപനം പരിമിതപ്പെടുത്താൻ, $CO_2$, മീഥെയ്ൻ, മറ്റ്

ഹരിതഗൃഹവാതകങ്ങൾ എന്നിവയിൽ കാര്യക്ഷമമായി ദ്രുതഗതിയിൽ സുസ്ഥിരമായ കുറവ് വരുത്തേണ്ടത് ആഗോളതലത്തിൽ ആവശ്യമാണ്.

ആഗോള താപനത്തിന് കാരണമായ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗ്ഗമനം കുറച്ചുകൊണ്ടു വരികയും ആഗോള താപനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക മാറ്റത്തിന് അനുയോജ്യമായ കൃഷി - ഉൽപാദന - നിർമാണ രീതികളിലേക്ക് മാറുന്നതു വഴി അപകട സാധ്യതകളും നഷ്ടസാധ്യതകളും കുറയ്ക്കുക എന്നതു മാത്രമാണ് നമ്മുടെ മുന്നിലുള്ള പോംവഴി.

ഇതിൽ ആദ്യത്തെ മാർഗ്ഗമായ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗ്ഗമനം കുറയ്ക്കുക എന്നത് കീറാമുട്ടിയായി തുടരുന്നു. വലിയ രാഷ്ട്രീയ പ്രശ്നമാണത്. ലോകത്തിന്റെ ഗതിയെ നിർണയിക്കുന്ന ഫോസിൽ ഇന്ധനങ്ങളുടെ ഉൽപാദനവും ഉപഭോഗവും നിയന്ത്രിക്കാൻ അവയെ നിയന്ത്രിക്കുന്ന കോർപ്പറേറ്റുകൾ തയ്യാറല്ല. അതുകൊണ്ടു തന്നെ അവർക്ക് നഷ്ടമുണ്ടാകുന്ന ഒരു തീരുമാനത്തിനും അവരുടെ രാജ്യങ്ങളും തയ്യാറാകുന്നില്ല എന്നിടത്താണ് പ്രതിസന്ധി.

വിഭവ വിതരണത്തിലെയും വിനിയോഗത്തിലെയും അസമത്വം വികസിത രാഷ്ട്രങ്ങൾക്കും വികസ്വര രാഷ്ട്രങ്ങൾക്കുമിടയിലെ തർക്കവിഷയമായി ഇന്നും തുടരുന്നു. ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനത്തിൽ ഭൂരിഭാഗത്തിനും ഉത്തരവാദിത്തം വികസിത രാജ്യങ്ങൾക്കും ആഗോള താപനം കൊണ്ടുണ്ടാകുന്ന കഷ്ടനഷ്ടങ്ങളിൽ ഭൂരിഭാഗവും അനുഭവിക്കേണ്ടി വരുന്നത് വികസ്വര - അവികസിത രാജ്യങ്ങളിലെ ദരിദ്ര ജനവിഭാഗങ്ങളുമാണെന്നതാണ് ഈ പ്രശ്നത്തെ രൂക്ഷമാക്കുന്നത്.

ആഗോളതാപനത്തിന് കാരണക്കാർ വികസിത രാജ്യങ്ങളും അതിന്റെ ഫലമായുണ്ടാകുന്ന ദുരന്തങ്ങളുടെ മുഖ്യ ഇരകൾ വികസ്വര രാജ്യങ്ങളുമാണ്. ബ്രൗൺ സർവകലാശാലയുടെ കോസ്റ്റ് ഓഫ് വാർ പ്രോജക്ട് റിപ്പോർട്ട് പ്രകാരം റഷ്യ-ഉക്രെയ്ൻ യുദ്ധവും ഗാസയിലെ സംഘർഷവും വലിയ തോതിൽ ഹരിതഗേഹ വാതകങ്ങൾ സൃഷ്ടിക്കുകയുണ്ടായി.

അന്താരാഷ്ട്രതലത്തിൽ സമവായമുണ്ടാകുകയും ദേശീയതലം തുടങ്ങി പ്രാദേശിക തലംവരെ നീളുന്ന കർമപദ്ധതികളും അതിനാവശ്യമായ പണവും ഉണ്ടെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. സമവായം ഉണ്ടാകുന്നില്ല എന്നതും പ്രശ്നത്തിനുത്തരവാദികളായവർ പണം നീക്കിവയ്ക്കാൻ തയ്യാറാകുന്നില്ല എന്നതുമാണ് ഇന്ന് ലോകത്തിനു മുന്നിലെ പ്രതിസന്ധി.

ഫോസിൽ ഇന്ധനങ്ങളിൽ അധിഷ്ഠിതമായ മുതലാളിത്തത്തിന്റെ വളർച്ചയാണ് ആഗോളതാപനത്തിന്റെ പ്രധാനകാരണം. അതിനാൽ ഫോസിൽ ഇന്ധനങ്ങളിൽ അധിഷ്ഠിതമായ ആഭ്യന്തര ഉൽപാദന-മുതലാളിത്ത വളർച്ചയെ കടുത്ത രീതിയിൽ പരിഷ്കരിക്കുക എന്നുള്ളതാണ് ഫലപ്രദവും സുസ്ഥിരവുമായ കാലാവസ്ഥ പ്രതിരോധ നടപടികളുമായി മുന്നോട്ടുപോകാനുള്ള ഏകമാർഗ്ഗം.

അതുകൊണ്ട് കാലാവസ്ഥാ പ്രവർത്തകർക്ക് മുന്നിൽ ഒരു ഇരട്ട വെല്ലുവിളിയുണ്ട്. ഒരേസമയം മുതലാളിത്തത്തെ നവീകരിക്കുവാൻ ശ്രമിക്കുമ്പോൾ തന്നെ കാലാവസ്ഥ വ്യതിയാനത്തിന്റെ അനീതിക്കെതിരെ പോരാടുകയും വേണം. നിർഭാഗ്യവശാൽ ഭൂമിയെ രക്ഷിക്കാനുള്ള സമയം അതിവേഗം തീർന്നു കൊണ്ടിരിക്കുന്നതിനാൽ മുതലാളിത്തത്തിന്റെ ആത്യന്തികമായ അന്ത്യത്തിനായി കാത്തിരിക്കാനുള്ള ആഡംബരം നമുക്കില്ല. കാലാവസ്ഥാ പ്രത്യാഘാതങ്ങൾ ഏറ്റവും കൂടുതൽ ബാധിച്ച എല്ലാ പൗരന്മാരും അവരുടെ പ്രാദേശിക ഭരണകൂടങ്ങളിൽ നിന്ന് കാലാവസ്ഥാഅനുരൂപീകരണ നടപടികൾ ആവശ്യപ്പെടേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഒരേസമയംതന്നെ താഴെത്തട്ടിലുള്ള തന്ത്രങ്ങളും രാജ്യവ്യാപകമായ പ്രചാരണങ്ങളും ആഗോളതലത്തിലുള്ള പ്രക്ഷോഭ പരിപാടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് കാലാവസ്ഥ ആക്ടിവിസവും സംഘടിത തൊഴിലാളിവർഗ്ഗ സമൂഹവും കാലാവസ്ഥ പ്രതിരോധ പ്രവർത്തനങ്ങളിൽ അടിസ്ഥാനമായ ഒരു പൊതുവായ പ്രവർത്തനമണ്ഡലം കണ്ടെത്തേണ്ടത് തൊഴിലാളിവർഗ്ഗ തന്ത്രത്തിന്റെ ഭാഗമാകേണ്ടതായിട്ടുണ്ട്.

### കോപ് 30 അഥവാ ആമസോൺ കോപ്

പാരിസ് ഉടമ്പടിയുടെ 10-ാം വാർഷികമായ 2025 നവംബറിൽ ബ്രസീലിലെ ബേലെം നഗരത്തിൽവച്ചു നടന്ന കോപ് 2030 അഥവാ ആമസോൺ കോപ് വളരെ പ്രതീക്ഷയോടെയാണ് ആരംഭിച്ചത്. ചില നേട്ടങ്ങളുമുണ്ടായി.

അഡാപ്റ്റേഷൻ ഫണ്ട് ഏതാണ്ട് 28 ബില്യൺ ഡോളർ മാത്രം ഇതുവരെ ലഭ്യമായയിടത്ത് 2035 ഓടുകൂടി പ്രതിവർഷം 120 ബില്യൺ ഡോളർ ആക്കണമെന്ന് ധാരണയുണ്ടായി. ബ്രസീൽ പ്രസിഡന്റ് മുന്നോട്ടു വച്ച ട്രോപ്പിക്കൽ ഫോറസ്റ്റ് ഫണ്ടിന് 25 ബില്യൺ ഡോളർ ഫണ്ട് ധാരണയായി. ഒരു ഹെക്ടർ ഉഷ്ണമേഖലാ വനത്തിന് പ്രതിവർഷം 4 ഡോളർ ലഭിക്കുന്ന പദ്ധതിയാണിത്. 2035 ഓടുകൂടി 1.3 ട്രില്യൺ ഡോളർ എങ്കിലും ക്ലൈമറ്റ് ഫിനാൻസ് വേണ്ടിവരും. സമയബന്ധിതമായ പ്രായോഗിക തീരുമാനങ്ങളൊന്നും ഉണ്ടായില്ലെങ്കിലും വികസിത രാജ്യങ്ങൾ മുമ്പ് തന്നെ ഉറപ്പുനൽകിയ 300 ബില്യൺ ഡോളറിനോടൊപ്പം അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായും മറ്റും ആവശ്യമായ പണം കണ്ടെത്തണമെന്ന സമവായം ഉണ്ടായി.

വിജയത്തേക്കാളേറെ പരാജയപ്പെട്ട ഒരു കോപ് ആയിരുന്നു ആമസോൺ കോപ്. സംഘാടനം മുതൽ തുടങ്ങിയ പ്രശ്നങ്ങളും അമേരിക്കയുടെ പിൻവാങ്ങലും ഒക്കെ കോപ് 30 ന്റെ നിറം കെടുത്തി. ഫോസിൽ ഇന്ധനങ്ങളുടെ ഉൽപ്പാദനവും ഉപയോഗവും കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഔദ്യോഗിക തീരുമാനമോ മാർഗ്ഗ നിർദ്ദേശങ്ങളോ ഉണ്ടായില്ല. അതുകൊണ്ടു

തന്നെ ഉച്ചകോടിയിലെ അംഗരാജ്യങ്ങൾ മുന്നോട്ടു വച്ച എൻ ഡി സികളൊക്കെയും ആഗോളതാപനം കുറയ്ക്കുന്നതിന് കാര്യക്ഷമമായ ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ല എന്നു മാത്രമല്ല നിലവിലെ അവസ്ഥയിൽ ആഗോള താപനം 2.5 ഡിഗ്രി കടക്കും എന്നാണ് സൂചിപ്പിക്കുന്നത്. കോപ് 30 ൽ ഉണ്ടായ പല റോഡ് മാപ്പുകളും കർമ പദ്ധതികളുമെല്ലാം യു എന്നിനു പുറത്ത് അനൗദ്യോഗിക ഇടപാടുകളായിരുന്നു. എന്തെങ്കിലും തരത്തിലുള്ള - നിയമപരമായോ സാമ്പത്തികമായോ - ബാധ്യതകളൊന്നും ഇല്ലാത്ത, പാലിച്ചില്ലെങ്കിലും കുഴപ്പമൊന്നുമില്ലാത്ത കരാറുകളോ ഉടമ്പടികളോ ഒക്കെയായിരുന്നു. അതുകൊണ്ടു തന്നെ അവയുടെ കാര്യക്ഷമതയുടെ കാര്യത്തിൽ ഒരുറപ്പുമില്ല.

## III
## ദുരന്ത നിവാരണം ദേശീയ സംവിധാനം

രണ്ടായിരത്തിനാലിലെ സുനാമിക്ക് ശേഷമാണ് ദേശീയതലത്തിൽ ദുരന്തനിവാരണ നിയമം കൊണ്ടുവരണം എന്ന ആശയം ഉന്നയിക്കുന്നതും 2005ൽ നിയമം പ്രാബല്യത്തിൽ വരുന്നതും. 2005-ൽഇന്ത്യയിൽ പ്രാബല്യത്തിൽ വന്ന ദുരന്തനിവാരണനിയമം (Disaster Management Act, 2005)രാജ്യത്തിന്റെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നിയമപരവും നയപരവും സ്ഥാപനപരവുമായ ഒരു ഘടന രൂപവൽക്കരിച്ചു. ഈ നിയമം ദുരന്തനിവാരണത്തെ പ്രതിരോധം (Prevention), തയ്യാറെടുപ്പ് (Preparedness),പ്രതികരണം (Response), പുനർനിർമാണം (Recovery) എന്നീ നാല് ഘട്ടങ്ങൾ സമഗ്രമായി കാണുന്നു.

ദേശീയതല ദുരന്ത നിവാരണനയങ്ങൾ രൂപപ്പെടുത്തുകയും സംസ്ഥാനങ്ങൾക്ക് മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്നത് ദേശീയ ദുരന്തനിവാരണ അതോറിറ്റി (NDMA)യും, സംസ്ഥാനതല നയങ്ങൾ രൂപപ്പെടുത്തുകയും സംസ്ഥാനപദ്ധതികൾ ഏകോപിപ്പിക്കുകയും ചെയ്യുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA)യുമാണ്. ജില്ലാതല ദുരന്തനിവാരണ പ്രവർത്തനങ്ങൾ, ഏകോപിപ്പിക്കുന്ന ചുമതല ജില്ലാതല ദുരന്തനിവാരണ അതോറിറ്റി (DDMA)ക്കാണ്. അടിയന്തരഘട്ടങ്ങളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കേന്ദ്രങ്ങൾ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെൻറർ (SEOC) യും ജില്ലാ തലത്തിൽ ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻറർ (DEOC) യും താലൂക്ക് തലത്തിൽ താലൂക്ക് എമർജൻസി ഓപ്പേറഷൻ സെൻററു (TEOC) മാണ്. ദുരന്തമേഖലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫലപ്രദമായ പ്രതികരണം ഉറപ്പാക്കുന്നതിനായി ഇൻസിഡൻറ് റെസ്പോൺസ് സിസ്റ്റം (IRS) സംവിധാനവും നിലവിലുണ്ട്. 2025-ൽ നിർദ്ദേശിച്ച ഭേദഗതി (Amendment) ദുരന്തനിവാരണത്തെ കാലാവസ്ഥാവ്യതിയാനവും സുസ്ഥിരവികസനവും (Climate Change and Sustainable Development) എന്നിവയുമായി ശക്തമായി ബന്ധിപ്പിക്കുന്നു. നഗര ജനസംഖ്യയുടെ വർദ്ധനയും അതിനൊപ്പം ഉയരുന്ന പ്രാദേശികദുരന്തങ്ങൾ (Urban Floods, Heat Islands, Fire Accidents) എന്നിവയുടെ പശ്ചാത്തലത്തിൽ UDMA (Urban Disaster Management Authority) രൂപീകരിക്കാൻ നിഷ്കർഷിക്കുന്നു.

### കേരളത്തിന്റെ അപകടസാധ്യതകളും ദുർബലതകളും (Kerala's Hazard and Vulnerability Pro le)

17 പ്രകൃതിജന്യവും 22 മനുഷ്യജന്യവുമായ ദുരന്തസാധ്യതകൾ നിലനില്ക്കുന്നതായി സംസ്ഥാനദുരന്ത പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ, വരൾച്ച, ചുഴലിക്കാറ്റ്, ഭൂകമ്പം, മേഘവിസ്ഫോടനം, ആലിപ്പഴവർഷം, സുനാമി, കാട്ടുതീ, കീടാക്രമണം, ശൈത്യതരംഗം/ അതിശൈത്യം, ഹിമപാതം എന്നിവയാണ് ദേശീയദുരന്തങ്ങളായി (Nationally Notified Disasters) വിജ്ഞാപനം ചെയ്തിട്ടുള്ളത്.

ദേശീയ പട്ടികയിൽ ഇല്ലാത്തതും എന്നാൽ സംസ്ഥാനത്ത് കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന ദുരന്തങ്ങളായ തീരശോഷണം, ഇടിമിന്നൽ, മിന്നൽ, ചുഴലി, കുഴലീകൃത മണ്ണൊലിപ്പ്, ഉഷ്ണതരംഗം/ സൂര്യതാപം, മനുഷ്യമൃഗ സംഘർഷം, വേലിയേറ്റ അനുബന്ധ ആഘാതങ്ങൾ എന്നിവയെ സംസ്ഥാന സവിശേഷമായ ദുരന്തങ്ങളായി (State Specific Disasters) പട്ടികപ്പെടുത്തിയിരിക്കുന്നതിനാൽ SDRF ഫണ്ടിൽ നിന്നും ഇത്തരം ദുരന്തങ്ങൾ നേരിടാൻ തുക വിനിയോഗിക്കാം എന്ന പ്രത്യേകതയുണ്ട്. സംസ്ഥാനത്ത് 21 താലൂക്കുകൾ അതീവഅപകട സാധ്യതയുള്ള പ്രദേശങ്ങളായി തിരിച്ചറിഞ്ഞിട്ടുണ്ട്.

### കേരളത്തിലെ ദുരന്തനിവാരണ സംവിധാനം

ദേശീയ നയങ്ങൾക്കും ചട്ടക്കൂടുകൾക്കും അനുസൃതമായി, 2007 ൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA) രൂപീകരിക്കപ്പെട്ടു. 2016 ൽ സംസ്ഥാന ദുരന്ത മാനേജ്മെൻറ് പ്ലാൻ രൂപപ്പെട്ടു. പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ വീണ്ടെടുക്കുന്നതിനും ജീവനോപാധികളെ പുനർ നിർമ്മിക്കാനുമായി റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാം (RKDP) 2019 ൽ രൂപീകൃതമായി. പ്രകൃതി ദുരന്തങ്ങളേയും കാലാവസ്ഥാ വ്യതിയാനത്തിനേയും അതിജീവിക്കാനുള്ള തയ്യാറെടുപ്പുകൾ ഊർജിതപ്പെടുത്തി.

പ്രാദേശികവും മുൻകൂട്ടിയുള്ളതുമായ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേരളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ഒരു വികേന്ദ്രീകൃത ദുരന്തനിവാരണരീതി (The decentralized approachto DRR) യാണ് മാതൃകയായി സ്വീകരിച്ചിട്ടുള്ളത്.

## IV
## കേരളാ സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്

ആഗോളതാപനത്തെ നേരിടുന്നതിനും അപകട - നഷ്ട സാധ്യതകൾ കുറയ്ക്കുന്നതിനും അഡാപ്റ്റേഷനു വേണ്ടിയും കേരളം തയ്യാറാക്കിയ കർമപദ്ധതിയാണ് കേരളാസ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്.

ആഗോളതാപനത്തെ ചെറുക്കുന്നതിനായി കേരളം തയ്യാറാക്കിയ കർമപദ്ധതി കോപ് 30 മുന്നോട്ടു വയ്ക്കുന്ന അവസരങ്ങളെ പ്രയോജനപ്പെടുത്താൻ സഹായകരമാണ്.

1. കോസ്റ്റൽ റെസീലിയൻസ്, പ്രളയ സാധ്യതാമാപ്പിങ്, ക്ലൈമറ്റ് സ്മാർട്ട് അഗ്രികൾച്ചർ എന്നിങ്ങനെ വൾനറബിലിറ്റി അടിസ്ഥാനമാക്കിയുള്ള പ്ലാനിങ്ങിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഗ്ലോബൽ ഗോൾ ഓൺ അഡാപ്റ്റേഷൻ ഫ്രെയിംവർക്ക് മുന്നോട്ടു വയ്ക്കുന്ന 59 ഇൻഡിക്കേറ്ററുകളിൽ ഭൂരിഭാഗവും കേരള സർക്കാർ മുന്നോട്ടു വച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ഒത്തുപോകുന്നതാണ്. കേരളത്തിലെ പ്രവർത്തനങ്ങളിലേക്ക് ക്ലൈമറ്റ് ഫിനാൻസ് കൊണ്ടു വരുന്നതിന് ഇത് സഹായിക്കും. ഇതിനായി അഡാപ്റ്റേഷൻ വിലയിരുത്തുന്നതിനായി അന്തർദ്ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഇൻഡിക്കേറ്ററുകൾ പദ്ധതി ആസൂത്രണവുമായി സംയോജിപ്പിക്കുന്നത് ഉപകരിക്കും. നിലവിലുള്ള ഡി - ക്യാറ്റ് എന്ന പദ്ധതി വിശകലന സങ്കേതം ഇതനുസരിച്ച് പരിഷ്കരിച്ച് കേരളമൊട്ടാകെ നടപ്പാക്കുന്നത് കേരളത്തിന്റെ സാധ്യതകളെ ബലപ്പെടുത്തും.
2. സെൻഡായി ഫ്രെയിംവർക്ക് ഫോർ ഡിസാസ്റ്റർ റിഡക്ഷൻ 2015-2030 (SFDRR 2024) ശുപാർശ ചെയ്ത പ്രകാരം 2030 ആകുമ്പോഴേക്കും അപകട മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങളും ദുരന്ത സാധ്യതാ വിവരങ്ങളും വിലയിരുത്തലുകളും ഗണ്യമായി വർദ്ധിപ്പിക്കാൻ അന്താരാഷ്ട്ര സമൂഹം പ്രതിജ്ഞാബദ്ധമാണ്. കഴിഞ്ഞ 50 വർഷത്തിനിടെ ലോകമെമ്പാടും കാലാവസ്ഥാ സംബന്ധമായ ദുരന്തങ്ങളുടെ എണ്ണം അഞ്ചിരട്ടിയായി വർദ്ധിച്ചു. എന്നിരുന്നാലും, മെച്ചപ്പെട്ട മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങളുടെയും ദുരന്ത ലഘൂകരണത്തിനുള്ള തയ്യാറെടുപ്പിന്റെയും സഹായത്തോടെ മരണസംഖ്യ ഏകദേശം മൂന്നിരട്ടിയായി കുറഞ്ഞു. മറുവശത്ത്, 1970-നും 2010-നും ഇടയിൽ പ്രകൃതി ദുരന്തങ്ങളിലൂടെയുള്ള സാമ്പത്തിക നഷ്ടങ്ങൾ ഏഴിരട്ടി വർദ്ധിച്ചതിനാൽ ഓരോ ദുരന്തങ്ങളുടെയും ചെലവ് കൂടുതലാണ്. അതിനാൽ, മണിക്കൂറുകൾ മുതൽ ദിവസങ്ങൾ, ആഴ്ചകൾ, സീസണുകൾ, വർഷങ്ങൾ, പതിറ്റാണ്ടുകൾ നീണ്ടുനിൽക്കുന്ന തുടർച്ചയായതും തടസ്സമില്ലാത്തതുമായ അന്തരീക്ഷ പ്രക്രിയകളുടെ നിരീക്ഷണം ഫലപ്രദമായ ഒരു ദുരന്ത നിവാരണ സംവിധാനത്തിന്റെ അനിവാര്യഘടകമാണ്. പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം അനിവാര്യമായ ബഹുതല അപകട മുൻകൂർ മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കുന്നതിന് 'താഴെ നിന്ന് മുകളിലേക്ക് നീളുന്ന-സമീപനം' ആവശ്യമാണ്. അപകടങ്ങൾക്ക് വിധേയരാകാൻ സാധ്യതയുള്ളവരുടെ നേരിട്ടുള്ള പങ്കാളിത്തത്തെയാണ് ജനകേന്ദ്രീകൃത മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങൾ ആശ്രയിക്കുന്നത്. അപകട സാധ്യതയുള്ള മേഖലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സമൂഹങ്ങളുടെയും പങ്കാളിത്തമില്ലാതെ, ഗവൺമെന്റും സ്ഥാപനപരവുമായ ഇടപെടലുകളും മാത്രം അടങ്ങിയ അപകട സംഭവങ്ങളോടുള്ള പ്രതികരണങ്ങളും അപര്യാപ്തമാകാൻ സാധ്യതയുണ്ട്. പ്രത്യേകിച്ച്, നാം കൂടുതൽ കൂടുതൽ അസാധാരണമായ കാലാവസ്ഥാ സംഭവങ്ങളെ നേരിടാൻ പോകുമ്പോൾ. സംസ്ഥാനതലംതൊട്ട് വാർഡ് തലങ്ങളിൽ വരെ പങ്കാളിത്തദുരന്തനിവാരണ സമിതികൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പൊതുജനങ്ങൾ, പോലീസ്, അഗ്നിശമനസേന, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവരുമായി ഈ കമ്മറ്റികൾ ബന്ധപ്പെടണം. കാറ്റ്, മഴ, മറ്റ് അനുബന്ധ കാലാവസ്ഥാ പ്രവചനങ്ങൾ എന്നിവയുൾപ്പെടെയുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നത് ഉറപ്പാക്കുകയും വേണം. പ്രാദേശിക ഭരണകൂടവുമായി മികച്ച മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കുകയും സജീവമായ സമൂഹപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യേണ്ടത് അടിയന്തിര പ്രാധാന്യമുള്ള സംഗതിയാണ്. ദുരന്ത മുന്നറിയിപ്പുകൾക്കായി പ്രാദേശിക സംവിധാനങ്ങൾക്ക് ഊന്നൽ നൽകുന്നതിലൂടെ, സമൂഹം അവർക്ക് സംഭവിക്കാൻ പോകുന്ന ദുരന്തത്തെ നേരിടാൻ കൂടുതൽ സജ്ജരാകുകയും ആഘാത ലഘൂകരണത്തിനുള്ള ഫലപ്രദമായ പ്രതിരോധശേഷി നൽകുകയും ചെയ്യും.
3. ബെലേം ആക്ഷൻ മെക്കാനിസം മുന്നോട്ടു വയ്ക്കുന്ന ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ജസ്റ്റ് ട്രാൻസിഷൻ പദ്ധതികളുമായി കേരളത്തിലെ കാർബൺ ന്യൂട്രൽ പദ്ധതികൾ യോജിച്ചു പോകുന്നുണ്ട്. കാർബൺ ന്യൂട്രൽ കേരള പോലുള്ള പദ്ധതികൾക്ക് സാമ്പത്തിക പിന്തുണ നേടിയെടുക്കാൻ കേരളത്തെ ഇത് സഹായിച്ചേക്കും. അതുപോലെ തന്നെ കണ്ടൽക്കാടുകളുടെ സംരക്ഷണവും വന സംരക്ഷണവും ബെലേം ഉടമ്പടികളുമായി ഒത്തുപോകുന്നവയാണ്. ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പോലുള്ള പ്രവർത്തനങ്ങൾ ഇവിടെ പ്രത്യേകം പ്രസക്തമാണ്.
4. പാരമ്പര്യേതര ഊർജ്ജ രംഗത്തിലെ കേരളത്തിന്റെ ഇടപെടലുകൾ പ്രത്യേകിച്ച് പുരപ്പുറ വൈദ്യുതോൽപാദനം കൊച്ചി ഗ്രീൻ ഹൈഡ്രജൻ ഹബ് എന്നിവ സാക്ഷാത്കരിക്കുന്നതിനും വിപുലീക

രിക്കുന്നതിനും സാമ്പത്തിക പിന്തുണ നേടിയെടുക്കാനുള്ള വലിയ സാധ്യതകളുണ്ട്.

5. മാലിന്യമുക്തം നവകേരളം പദ്ധതി ആഗോളതാപനത്തിനെതിരായുള്ള ഏറ്റവും വലിയ പദ്ധതിയാണ്. മാലിന്യത്തിൽ നിന്നുള്ള ഹരിതഗൃഹവാതകങ്ങളുടെ ഉൽസർജ്ജനം തടയുന്ന പ്രവർത്തനങ്ങൾ പ്രത്യേകിച്ച് ജൈവമാലിന്യങ്ങളുടെ കാര്യക്ഷമമായ വിനിയോഗം വിപുലീകരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നത് കേരളത്തിന്റെ കാലാവസ്ഥാ കർമപരിപാടിയെ ഒന്നുകൂടി ശക്തിപ്പെടുത്തും.
6. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള വികസന പദ്ധതികളുടെ ചില ഘടകങ്ങളെങ്കിലും ബാങ്കബിൾ പ്രൊജക്ടുകളാക്കി അവതരിപ്പിച്ച് സ്വകാര്യ മേഖലയിൽ നിന്നുള്ള ധനസമാഹരണത്തിന് കേരളം ശ്രമിക്കണം.
7. കാർബൺ ക്രെഡിറ്റ് മാർക്കറ്റ് സാധ്യമാക്കുന്നതിന് യൂണിയൻ ഗവൺമെൻറ് പുതുതായി രൂപീകരിക്കുന്ന പ്ലാറ്റ്ഫോം ആവശ്യമെങ്കിൽ കേരളത്തിനും പ്രയോജനപ്പെടുത്താവുന്നതാണ്. ബ്ലൂ കാർബൺ ക്രെഡിറ്റ് എന്ന പേരിലറിയപ്പെടുന്ന ഇത് പ്രയോജനപ്പെടുത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. സ്വന്തം നിലയ്ക്ക് കണ്ടൽക്കാടുകളുടെ കാർബൺ സീക്വസ്ട്രേഷൻ അളവുകൾ സർട്ടിഫൈ ചെയ്ത് പൊതു വിപണിയിൽ വിൽക്കാവുന്നതാണ്.
8. യുറോപ്യൻ യൂണിയൻ മുന്നോട്ടു വയ്ക്കുന്ന കാർബൺ ടാക്സ് കേരളത്തിലെ തോട്ടം മേഖലയെയും കാർഷിക ഉൽപന്നങ്ങളുടെ കയറ്റുമതിയെയും ബാധിച്ചേക്കാം. അത്തരം കാര്യങ്ങൾ മുൻകൂട്ടി കണ്ട് പദ്ധതികളിൽ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും ചെറുത്തുനിൽപ്പുകൾ രൂപപ്പെടുത്തേണ്ടതുമുണ്ട്.

## ഓറഞ്ച് ബുക്ക് (Orange Book SOPs)

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ തയ്യാറാക്കിയ, ദുരന്തപ്രതികരണവുമായി ബന്ധപ്പെട്ട പ്രധാനമാർഗ്ഗരേഖയാണ്. സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ അടിയന്തര പ്രവർത്തന സംവിധാനം ഉറപ്പാക്കുകയും വിവിധ വകുപ്പുകളുടെ ചുമതലകളും ഇടപെടലുകളും വ്യക്തമായി നിർവചിക്കുകയും ചെയ്യുന്നു. 2018, 2019 വർഷങ്ങളിലെ പ്രളയവും ചുഴലിക്കാറ്റുംമൂലം സംഘടിതമായ ദുരന്ത പ്രതികരണത്തിനായി വ്യക്തമായ പ്രവർത്തനരൂപരേഖയുടെ ആവശ്യം തിരിച്ചറിഞ്ഞതിനെ തുടർന്നാണ് ഈ മാർഗ്ഗരേഖ രൂപീകരിച്ചത്. ദുരന്തനിവാരണ നിയമത്തിലെ സെക്ഷൻ 22(2)(f) പ്രകാരം ഓരോ വർഷവും കാലവർഷത്തെയും തുലാവർഷത്തെയും കാലയളവിലേക്കായി ഓറഞ്ച് ബുക്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു.

ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിലെ വകുപ്പുകൾ പ്രളയം, ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ ദുരന്തസാഹചര്യങ്ങൾ നേരിടുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം. ഓറഞ്ച് ബുക്ക് പ്രധാനമായും കാലവർഷം, തുലാവർഷം സമയത്തേക്കാണ് പ്രസിദ്ധീകരിക്കുന്നത്, എങ്കിലും മറ്റ് മാസങ്ങളിലുണ്ടാകുന്ന ദുരന്തസാഹചര്യങ്ങളിലും ഇതേ മാർഗ്ഗരേഖ അനുസരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്. കാലവർഷ മുന്നൊരുക്കങ്ങൾക്കായി വിവിധ ഏജൻസികൾ ഏകോപിപ്പിച്ചു പ്രവർത്തിക്കാനുള്ള കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇത് നൽകുന്നു.

## ദുരന്തപ്രതികരണ ശേഷി

ദുരന്ത പ്രതികരണത്തിനായി SOP ക്ക് അനുസൃതമായി മോക് ഡ്രില്ലുകൾ, പരിശീലനങ്ങൾ, അടിയന്തര സാഹചര്യങ്ങളിൽ വിവിധ വകുപ്പുകൾ ചെയ്യേണ്ട ഇടപെടലുകൾ എന്നിവ നടപ്പിലാക്കപ്പെട്ടു. മുന്നറിയിപ്പ് സംവിധാനം (KaWaCHaM), ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ, ഉരുൾപൊട്ടൽ മുന്നറിയിപ്പ് സംവിധാനങ്ങൾ, ERSS-112 തുടങ്ങിയ സംവിധാനങ്ങൾ കേരളത്തിന്റെ പ്രതികരണശേഷി ഗണ്യമായി വർദ്ധിപ്പിച്ചു. ഡ്രോൺ സാങ്കേതികവിദ്യ, GIS ഡിസിഷൻ സപ്പോർട്ടിംഗ് സിസ്റ്റങ്ങൾ എന്നിവ ക്രമേണെ ദുരന്തനിവാരണ പ്രക്രിയയുടെ മുഖ്യധാരയിലേയ്ക്ക് കടന്നുവരുന്നു. സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവഹണ കേന്ദ്രംവഴി ദുരന്ത അപഗ്രഥനം, വിവരശേഖരണം, മുന്നറിയിപ്പ് നൽകൽ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ സാധ്യമാകുന്നു. ഇൻസിഡൻറ് റെസ്പോൺസ് സിസ്റ്റം (IRS) ദുരന്തങ്ങളുണ്ടായാൽ സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ സംഘടിതവും ഏകോപിതവുമായ പ്രതികരണം ഉറപ്പാക്കുന്ന സംവിധാനമാണ്. മുന്നറിയിപ്പ് ലഭിക്കുമ്പോൾ റസ്പോൺസിബിൾ ഓഫീസർ (RO) ഇൻസിഡൻറ് റെസ്പോൺസ് ടീം (IRT) സജ്ജമാക്കും. ദുരന്തസാഹചര്യങ്ങളിൽ കഞാ ഉടൻ പ്രതികരിക്കും.

ഓരോ തലത്തിലും ഇൻസിഡൻറ് കമാൻഡർ (IC) ദുരന്തപ്രതികരണ പ്രവർത്തനങ്ങൾ നയിക്കുന്നു. എല്ലാ അംഗങ്ങൾക്കും വ്യക്തമായ ഉത്തരവാദിത്തങ്ങളും റിപ്പോർട്ടിങ് സംവിധാനവും ഉണ്ട്.

## ആപതാമിത്ര, സിവിൽ ഡിഫൻസ്, സാമൂഹ്യസന്നദ്ധസേന

കേരളത്തിലെ എല്ലാ അഗ്നിരക്ഷാ സ്റ്റേഷനുകളും കേന്ദ്രീകരിച്ചാണ് ആപതാമിത്ര സംഘടിപ്പിച്ചിട്ടുള്ളത്. 4500 സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിച്ച് കേന്ദ്രദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്താൽ ഇൻഷുറൻസ് നല്കുകയും ചെയ്തു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ശ്രമഫലമായി കേരളം മൊത്തത്തിൽ സിവിൽ ഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം മൊത്തത്തിൽ സിവിൽഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിക്കുന്നത്. പരിശീലനം

കിട്ടിയ 15,000 സന്നദ്ധപ്രവർത്തകർ 128 ഫയർസ്റ്റേഷനുകളുമായി ചേർന്നു പ്രവർത്തിക്കുന്നു.

കേരളത്തിൽ ശരാശരി 100 വ്യക്തികൾക്ക് ഒരുസന്നദ്ധപ്രവർത്തകൻ എന്നനിലയിൽ 3.4 ലക്ഷം പേരുള്ള സാമൂഹ്യസന്നദ്ധസേന പ്രവർത്തിക്കുന്നു. ഭരണവകുപ്പിനു കീഴിലാണ് സേനയുടെപ്രവർത്തനം.

## V

## ദുരന്തനിവാരണത്തിന് പ്രാദേശിക പദ്ധതികളും ജനപങ്കാളിത്തവും

കാലാവസ്ഥാവ്യതിയാനം ആഗോള പ്രശ്നമാണെങ്കിലും, അത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പ്രാദേശികമാണ്. ഉദാഹരണത്തിന്, ഒരു തീരദേശ മേഖലയിലെ നിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ മലയോര പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ചില പ്രദേശങ്ങളിൽ മഴയുടെ തീവ്രത കുറയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോൾ വേറൊരിടത്ത് മഴയുടെ തീവ്രത വർദ്ധിക്കുന്നത് പ്രശ്നങ്ങൾക്ക് കാരണമായേക്കാം. ഒരു സ്ഥലത്ത് ശക്തമായ കാറ്റ് ദുരിതത്തിന് കാരണമായേക്കാം, മറ്റിടങ്ങളിൽ വരൾച്ചയോ വെള്ളപ്പൊക്കമോ വില്ലനാകാം. അതിനാൽ, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ എല്ലായ്പ്പോഴും പ്രാദേശികമായിരിക്കും. ദുരന്ത ലഘൂകരണത്തിന് കേന്ദ്രീകൃത സമീപനം പര്യാപ്തമല്ലെന്ന് ഇതിൽനിന്നും വ്യക്തമാണ്. പങ്കാളിത്ത മാനേജ്മെന്റ് നയം ഉടനടി നടപ്പിലാക്കേണ്ട സാഹചര്യങ്ങളാണ് ഇവ ഓർമ്മിപ്പിക്കുന്നത്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ തനത് മാതൃകയാണ് തദ്ദേശസ്വയംഭരണ ദുരന്തനിവാരണ പ്ലാനുകൾ.

### തദ്ദേശസ്വയംഭരണ ദുരന്തനിവാരണ പ്ലാനുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ വിഷയങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജൈവവൈവിധ്യ, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്ന പ്രത്യേക വർക്കിങ് ഗ്രൂപ്പ് 2019 ൽ രൂപീകരിച്ചു. ദുരന്തനിവാരണ പദ്ധതിയുടെ രൂപീകര ണത്തിനും ഏകോപനത്തിനും നേതൃത്വം നൽകുക, പദ്ധതി ആശയങ്ങൾ സ്വരൂപിച്ച് ഉൾപ്പെടുത്തുക, അടിയന്തര പ്രതികരണ ടീമുകളെ രൂപീകരിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന ചുമതലകൾ.

നവകേരളം ശക്തമാക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായാണ് പ്രാദേശിക തലത്തിൽ ദുരന്ത നിവാരണ ആസൂത്രണരേഖ ജനപങ്കാളിത്തത്തോടെ 2018 ൽ സംസ്ഥാനത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന ദുരന്തനിവാരണ അതോറിട്ടിയുടെയും കില (KILA) യുടെയും സാങ്കേതിക സഹായത്താൽ തയ്യാറാക്കിയത്. രാജ്യത്ത് പ്രാദേശിക ദുരന്ത നിവാരണ പദ്ധതിയുള്ള ഏക സംസ്ഥാനം കേരളമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കൈമാറിയ കാലാവസ്ഥാ ഘടകങ്ങളിലെ ചരിത്രപരമായ മാറ്റങ്ങളും അവയുടെ ഭാവിഗതിയും പഞ്ചായത്ത് തലത്തിൽ വിശകലനം ചെയ്ത് രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഏത് തരത്തിലുള്ള ദുരന്ത സാദ്ധ്യതയാണുള്ളത് എന്നും ഏതൊക്കെ പ്രദേശങ്ങൾ ഉൾപ്പെടുന്നു എന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) നല്കിയ വിവരങ്ങൾ വിശകലനം ചെയ്ത് ഈ രേഖയിൽ ഉൾകൊള്ളിച്ചിരിക്കുന്നു. അതിലുപരിയായി വിവിധ മേഖലകളെ ആസ്പദമാക്കി വിപുലമായ ചർച്ചകളും സംവാദങ്ങളും നടത്തി പ്രദേശവാസികളുടെ അറിവും അനുഭവവും പുതിയ നിർദ്ദേശങ്ങളും രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാദേശികമായി ലഭ്യമായ വിഭവ സ്രോതസ്സുകൾ ദുരന്തമുണ്ടായാൽ ഫലപ്രദമായി വിനിയോഗിക്കാൻ ഉതുകുന്ന തരത്തിൽ രേഖയിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

അപകട സാധ്യത സൂചിക /ദുരന്ത ദുർബലത സ്ഥിതി പരിഗണിച്ചാവണം വിവിധ വികസന മേഖലകളിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായും അല്ലാതെയും ഉണ്ടാവുന്ന ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും ദുരന്തങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും അതിജീവന ക്ഷമത നേടുന്നതിനും ഹ്രസ്വ - ദീർഘകാല ഇടപെടലുകൾ വിഭാവനം ചെയ്യുന്നതിനും ഈ രേഖ സഹായിച്ചിട്ടുണ്ട്. പൊതുജന സമക്ഷത്തുനിന്നും നിർദേശിക്കപ്പെട്ട ആശയങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപ്പിലാക്കി വരുന്നു. വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഈ രേഖ കാലോചിതമായി പുതുക്കി വാർഷികപദ്ധതിക്കൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രാദേശിക സർക്കാരുകളുടെ ഉടമസ്ഥതയിൽ ശാസ്ത്രീയമായി ജനപങ്കാളിത്തതോടെ തയ്യാറാക്കിയ രേഖ എന്ന സവിശേഷത ഇതിനുണ്ട്.

### പ്രാദേശികപരീക്ഷണങ്ങൾ (Place-Based Pilots)

കണിച്ചാർ പഞ്ചായത്തിലെ 'ലിവിംഗ് ലാബ്' (Living Lab), മൂടാടിയിലെ ഹീറ്റ്-റെസിലിയൻറ് പ്രോജക്റ്റ് എന്നിവ ശാസ്ത്രീയ വിവരങ്ങളും പ്രാദേശിക പങ്കാളിത്തവും സമന്വയിപ്പിക്കുന്നു.

### പ്രാദേശിക കാലാവസ്ഥാവ്യതിയാന കർമപദ്ധതി (LAPCC)

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പമ്പാനദി ബേസിനിൽ ഉൾപ്പെടുന്ന ആലപ്പുഴ, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ 265 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശിക കാലാവസ്ഥാ വ്യതിയാനകർമ്മ പദ്ധതി KILA യുടെ സഹായത്താൽ പൂർത്തിയാക്കി കഴിഞ്ഞു. ഓരോ വാർഡിന്റെയും ദുർബ്ബലത മനസ്സിലാക്കി കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെട്ടു (Adapt) ജീവിക്കാനും കാലാവസ്ഥ

മാറ്റത്തിന്റെ പ്രധാന കാരണക്കാരായ കാർബൺ ബഹിർഗമനം ലഘൂകരിക്കാനുള്ള (Mittigation) പദ്ധതികളും രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രേഖകളിൽ നിർദ്ദേശിച്ച പദ്ധതികൾക്ക് വാർഷിക പദ്ധതിയിൽ മുഖ്യപരിഗണന നൽകേണ്ടതുണ്ട്.

### ഡിസാസ്റ്റർ റിസ്ക് മാനേജ്മെൻറ് ആൻറ് ക്ലൈമറ്റ് ആക്ഷൻ ടൂൾ (DCAT)

പമ്പാനദി ബേസിനിലെ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾ ഏറ്റെടുത്തു നടത്തിയ ദുരന്ത നിവാരണ - കാലാവസ്ഥാ വ്യതിയാന അനുരൂപണ പദ്ധതികൾ, ഭരണ തലത്തിലെ ഇടപെടലുകൾ തിരിച്ചറിയുന്നതിനുവേണ്ടി കിലയുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത പദ്ധതി വിലയിരുത്തൽ സഹായിയാണ് (Disaster Risk Management and Climate Action Tool (DCAT) കാലാവസ്ഥയും ദുരന്ത സാധ്യതയും മനസ്സിലാക്കിയുള്ള പദ്ധതി ആസൂത്രണത്തിലൂടെയും നടപ്പിലാക്കലിലൂടെയും അതിജീവനശേഷി വളർത്തിയെടുക്കാൻ പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുക, പ്രോത്സാഹിപ്പിക്കുക, കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഈ ഉപകരണത്തിന്റെ ലക്ഷ്യം. കാലാവസ്ഥാവ്യതിയാന പ്രവർത്തനങ്ങളിലും ദുരന്തനിവാരണപ്രവർത്തനങ്ങളിലും പ്രാദേശിക സർക്കാരുകളുടെ ശേഷി പടിപ്പടിയായി വർദ്ധിപ്പിക്കുന്ന ഒരുപാധിയാണ് DCAT. ഈ ടൂൾ ഉപയോഗിച്ച് പദ്ധതികൾ വിലയിരുത്തി പമ്പാനദീ തടത്തിലെ 265 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് RKI യുടെ ഭാഗമായി ഇൻസെൻറീവ് നൽകുകയുണ്ടായി.

### റിസ്ക് ഇൻഫോമ്ഡ് മാസ്റ്റർ പ്ലാൻ

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ജില്ലകളിലെ നഗരസഭകൾക്കായി അപകടസാധ്യതകൾ (റിസ്കുകൾ) പരിഗണിച്ചുള്ള റിസ്ക് ഇൻഫോർമ്ഡ് അർബൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. നഗരവികസന പദ്ധതികൾ രൂപകൽപന ചെയ്യുമ്പോൾ ഈ റിസ്ക് ഇൻഫോർമ്ഡ് സമീപനമാണ് അടിസ്ഥാനമാക്കേണ്ടത്. പ്രകൃതിക്ഷോഭ സാധ്യതകളെ ഉൾപ്പെടുത്തി നഗര വികസനത്തിന്റെ ദീർഘകാല ദിശാ നിർണ്ണയമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ലക്ഷ്യം. ബന്ധപ്പെട്ട മാർഗരേഖ തദ്ദേശവകുപ്പ് പ്രസിധീകരിച്ചിട്ടുണ്ട്.

### ഉന്നതിതല ദുരന്തനിവാരണ പദ്ധതി

ദുരന്തങ്ങളെ അതിജീവിക്കാൻ വയനാട്ടിലെ ആദിവാസി മേഖലകളിലുള്ള ഉന്നതികളിലെ ദുരന്ത നിവാരണ പദ്ധതികൾ 2021 ൽ തയ്യാറാക്കി അവിടെയുള്ള ചെറുപ്പക്കാർക്ക് ദുരന്ത പ്രതികരണ പരിശീലനം നൽകി. ഈ പദ്ധതിയുടെ അനുഭവങ്ങൾ കൂടി ഉൾക്കൊണ്ട് നിലവിൽ ഈ പ്രക്രിയ സംസ്ഥാനത്തെ ആറായിരത്തോളം വരുന്ന ഉന്നതികളിലേക്ക് വ്യാപിപ്പിക്കുന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും എസ്.ഡി.എം.എയും ചേർന്ന് നടത്തിവരുന്നു.

### ജനപങ്കാളിത്തതോടെ ദുരന്ത സാധ്യതാ നിരീക്ഷണ സംവിധാനങ്ങൾ

വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രാദേശിക പങ്കാളിത്തത്തോടെ നടപ്പാക്കുന്ന മഴ നിരീക്ഷണ പോർട്ടൽ, കോട്ടയം ജില്ലയിലെ മീനച്ചിൽ നദീതട നിരീക്ഷണ സംവിധാനം, മലപ്പുറം ജില്ലയിലെ സാമൂഹ്യാധിഷ്ഠിത നിരീക്ഷണകേന്ദ്രം എന്നിവ കുട്ടികളെയും പ്രദേശവാസികളെയും ദുരന്ത ലഘൂകരണ പ്രക്രിയകളിൽ ഉൾച്ചേർക്കുന്ന മാതൃകകളാണ്.

### സ്കൂൾ സുരക്ഷ

സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും സുരക്ഷാപ്ലാനുകൾ തയ്യാറാക്കുന്നതിനായി വിപുലമായ പരിപാടി ആണ് ഈ വർഷം ആവിഷ്കരിച്ചു നടപ്പിലാക്കിയത്. അതിൻ പ്രകാരം ഇതിനകം 90% സ്കൂളുകളിൽ സ്കൂൾ സുരക്ഷാപ്ലാൻ തയാറാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി അധ്യാപകർക്കായി സ്കൂൾ സുരക്ഷാ പരിശീലനപരിപാടികൾ നടത്തുകയും ചെയ്തു. ആശുപത്രി സുരക്ഷ, സ്കൂൾ സുരക്ഷ, പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാൻ എന്നിവക്കായുള്ള രീതിശാസ്ത്രവും മാർഗരേഖയും വികസിപ്പിക്കുകയുണ്ടായി. ഇതിനായി ഒരു ആപ്പും തയ്യാറാക്കി വരുന്നു.

## VI
## ഭാവിവികസന നിർദ്ദേശങ്ങൾ

1. ദുരന്ത നിവാരണത്തിൽ പ്രാദേശിക ഭരണകൂടങ്ങളുടെയും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെയും പ്രാധാന്യം വിവിധ പഠനങ്ങൾ അടിവരയിടുന്നു. പൊഴുതന പഞ്ചായത്ത് കാഴ്ചവച്ച മികച്ച പ്രവർത്തനം ഇതിനൊരു മാതൃകയാണ്. എങ്കിലും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കിലയും (KILA) നടത്തിയ പഠനങ്ങൾ പ്രകാരം പല തദ്ദേശ പ്ലാനുകളിലും സാങ്കേതികമായ കൃത്യതയുടെയും മാപ്പിങ്ങിന്റെയും കുറവ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ദുരന്തനിവാരണത്തിൽ തദ്ദേശീയമായ അറിവുകൾ ഉൾപ്പെടുത്തേണ്ടതിന്റെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ (പ്രത്യേകിച്ച് ആദിവാസികളും സ്ത്രീകളും) നേരിടുന്ന വെല്ലുവിളികൾ പരിഗണിക്കേണ്ടതിന്റെയും ആവശ്യകതയും പഠനങ്ങൾ വ്യക്തമാക്കുന്നു.
2. DM പ്ലാൻ പുതുക്കുകയും, എമർജൻസി റെസ്പോൺസ് ടീം പുനസംഘടിപ്പി ക്കുകയും അവർക്ക് ബേസിക് ലൈഫ് സപ്പോർട്ട്, ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം എന്നിവയിൽ പരിശീലനങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്. ദുരന്ത സ്ഥിതിക്ക് അനുയോജ്യമായ ഉപാധികൾ എത്തിക്കാനുള്ള ആസൂത്രണവും സൗകര്യവും ഉറപ്പാക്കണം. മഴ കനക്കുമ്പോൾ മുന്നറിയിപ്പു ജനങ്ങളിലെക്ക് എത്തിക്കാൻ EWDS സാങ്കേതികമികവോടെ സജ്ജമാകണം. അറിയിപ്പ് ലഭിച്ചാൽ നേരത്തെ നിശ്ചയിച്ച സുരക്ഷിത സങ്കേതത്തി

ലേക്ക് സ്വയം പോകുവാൻ പ്രദേശവാസികളെ ബോധവൽക്കരിക്കണം.

3. അപകട സാധ്യത കൂടുതലുള്ള മേഖലകളിൽ evacuation route map കൾ, ERTകൾ, ഫയർ ഫോർസ്, പോലീസ് എന്നിവരുടെ പങ്കാളിത്തത്തോടെ പുതുക്കണം. ദുരിതാശ്വാസ ക്യാമ്പുകൾ പ്രദേശത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ, റോഡിന്റെ വീതി എന്നിവ കണക്കിലെടുത്ത് പുനർ വായിക്കണം. ഒറ്റപ്പെട്ടു ജീവിക്കുന്നവരുമായി ആശയവിനിമയം ചെയ്യാൻ സൗകര്യം ഒരുക്കണം. ദുരന്ത സാദ്ധ്യത കൂടിയ പ്രദേശങ്ങളിൽ വിലയേറിയ സാധനങ്ങളും, ഡോക്കുമെൻറുകളും സൂക്ഷിക്കാൻ Locker സംവിധാനം ഏർപ്പെടുത്താം. വരൾച്ചയെ പ്രതിരോധിക്കാൻ ഉപേക്ഷിക്കപ്പെട്ട ക്വാറികളിൽ (ഭൗമ പരിശോധനയ്ക്കുശേഷം) ജലം ശേഖരിച്ച് അവയെ പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം.

4. റിസ്ക് ഇൻഫോർമ്ഡ് മാസ്റ്റർ പ്ലാൻ, പ്രാദേശിക കാലാവസ്ഥ കർമ്മപദ്ധതി എന്നിവ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കുകയും അനുസൃതമായിട്ടുള്ള പദ്ധതികൾ ഏറ്റെടുക്കുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. ദുർബ്ബലത വർദ്ധിച്ച പ്രദേശങ്ങളിൽ എന്തു ചെയ്യാം, ചെയ്യരുത് എന്ന് പൊതുബോധമുണ്ടാക്കണം. ഓരോ പ്രദേശത്തിൻറേയും മാസ്റ്റർ പ്ലാനിൽ ദുരന്ത സാദ്ധ്യതയുള്ള സ്ഥലങ്ങൾ പ്രത്യേകം രേഖപ്പെടുത്തി അവിടങ്ങളിൽ നിർമ്മാണ പ്രവർത്തികൾ നിയന്ത്രിക്കേണ്ടതുമാണ്.

5. ദുരന്ത സാദ്ധ്യത വർദ്ധിച്ച പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് ദുരന്തസാധ്യത ഭൂപടം പരിശോധിച്ച് പ്രവർത്തനം നടത്താമോ എന്ന് വിലയിരുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരം നല്കുന്ന രീതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. ജിയോളജിസ്റ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയർ അടങ്ങിയ വിദഗ്ധരുടെ ഒരു ടീം പരിശോധന നടത്തി പെർമിറ്റ് അനുവദിക്കുക. ഓരോ ജില്ലയിലും നിലവിലുള്ള പാറകളുടെ അളവ്, പരിസ്ഥിതിക്ക് ആഘാതങ്ങൾ ഉളവാക്കാതെ അവയിൽ നിന്നും ഖനനം ചെയ്യാവുന്ന പാറകളുടെ അളവിനെ പറ്റിയും കൃത്യമായ വിവരങ്ങൾ തയ്യാറാക്കണം. സംസ്ഥാനത്തുള്ള ജിയോളജി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സേവനം ഇതിനായി ഉപയോഗിക്കണം.

6. അനധികൃത ക്വാറികളെ കണ്ടെത്താനും ലൈസൻസ് ലഭിച്ചവ നിബന്ധനകൾക്ക് വിധേയമായാണോ പ്രവർത്തിക്കുന്നത് എന്ന് നിരീക്ഷിക്കുവാനും പരിസ്ഥിതിവകുപ്പിന് ഒരു സംവിധാനം ഉണ്ടാവണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരിസ്ഥിതി പ്രവർത്തകനും ഔദ്യോഗിക സർവ്വീസിൽ നിന്നും വിരമിച്ച ശാസ്ത്രജ്ഞനും അക്കാഡമീഷനും അടങ്ങുന്ന ഒരു സമിതിയാവണം അത്.

7. ഉരുൾ പൊട്ടലിലുണ്ടായ മണ്ണും പാറക്കൂട്ടങ്ങളും നീർച്ചാലുകളിൽ വന്നടിഞ്ഞ് പുഴയുടെ ഒഴുക്കിനെ ബാധിക്കുന്നതിനാൽ ശാസ്ത്രീയമായി Sand auditing നടത്തി തടസ്സങ്ങൾ നീക്കാൻ നടപടികൾ സ്വീകരിക്കണം. വിഷയവിദഗ്ദ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ അതിനുള്ള അനുമാതി നല്കാവു.

8. ജില്ലാതലത്തിൽ ദുരന്ത നിവാരണ അതോറിറ്റിയെ സഹായിക്കാനായി വിഷയ വിദഗ്ധരുടെ പാനൽ തയ്യാറാക്കി അവരുടെ സേവനം സ്വീകരിക്കുക (ജില്ലാതല കാലാവസ്ഥാ - ദുരന്ത ലഘൂകരണ എക്സ്പെർട്ട് കമ്മറ്റി).

9. പ്രകൃതി സൗഹർദ്ദപരമായ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നല്കുക.

10. പ്രാദേശിക തലത്തിലുള്ള ഹാം റേഡിയോ, നെറ്റർക്കുകളുടെ ഏകോപനത്തിലൂടെയും മൊബൈൽ സേവന ദാതാക്കളുമായി ചേർന്നുള്ള മാസ്സ് എസ്.എം.എസ് സംവിധാനത്തിലൂടെയും വയർലെസ് കമ്മ്യൂണിക്കേഷനിലൂടെയും അടിയന്തര സാഹചര്യങ്ങളിൽ മുന്നറിയിപ്പുകൾ നേരിട്ട് ജനങ്ങളിലെത്തുമെന്ന് ഉറപ്പാക്കണം. മറുനാടൻ തൊഴിലാളികളുടെ സുരക്ഷ നമ്മുടെ ദുരന്ത നിവാരണ പദ്ധതികളുടെ ഭാഗമാക്കുകയും അവരുടെ ഭാഷയിൽ മുന്നറിയിപ്പു നൽകാനുള്ള സംവിധാനം വികസിപ്പിക്കണം. അതാത് പ്രദേശത്തെ ജനങ്ങൾക്ക് അവർ നേരിടാൻ പോകുന്ന അപകടത്തിന്റെ ആഘാതത്തെപ്പറ്റി വ്യക്തമായ ധാരണയുണ്ടാകണം. കൂടാതെ അപ്രകാരം ഒരു ദുരന്തമുണ്ടായാൽ എന്താണ് രക്ഷാമാർഗം, പ്രതിരോധ രീതി എന്നിവയെപ്പറ്റി അറിഞ്ഞിരിക്കണം. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവിധ പരിശീലനങ്ങൾ സിവിൽ ഡിഫൻസ്, സന്നദ്ധ സേനകൾ റസിഡൻസ് അസോസ്സിയേഷൻ എന്നിവർക്ക് നല്കി കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കണം. ജന പങ്കാളിത്തത്തോടെയുള്ള മഴമാപിനികളുടെ കൂടുതൽ വിസ്തൃതമായ ശൃംഖല വികസിപ്പിച്ചെടുക്കാം. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുവാദത്തോടെ മഴയുടെ അളവ് പ്രദേശവാസികളെ അറിയിക്കാൻ സംവിധാനങ്ങൾ കണ്ടെത്താം.

11. മലയോര മേഖലയിൽ നിലവിലുള്ള ഉരുൾപൊട്ടൽ സാദ്ധ്യത മാപ്പിലെ സാദ്ധ്യത വർദ്ധിച്ച സ്ഥലങ്ങളിലെ റിസ്ക് മാപ്പ് തയ്യാറാക്കണം. മീസോ സ്കെയിൽ (1:10000) മാപ്പ് കൂടുതൽ ഉപകാരപ്രദമാകും. നിലവിലുള്ള ഹസാർഡ് വൾനറബിലിറ്റി മാപ്പ്-റിസ്ക് മാപ്പ് ആയി പരിഷ്കരിക്കണം. ഹൈ ഹസാർഡ് സോണുകളിൽ സൂഷ്മതല (1:10,000) മാപ്പുകൾ നിർമ്മിക്കണം.

12. ഉരുൾ പൊട്ടൽ അപകട സാദ്ധ്യത കൂടിയ സ്ഥലങ്ങളിൽ റിയൽ ടൈം നിരീക്ഷണത്തിനും പ്രവചനത്തിനും ആധുനിക സാങ്കേതിക വിദ്യകളായ AI, ML, IOT മുതലായവകൂടി ഉപയോഗിക്കണം ഗവേഷണം ത്വരിതപ്പെടുത്തണം. ഉരുൾ പൊട്ടിയാൽ ഏതു ദിശയിൽ എത്ര നീളത്തിലും വീതിയിലും പരന്നൊഴുകും എന്ന് പഠിക്കുന്ന Runout models വികസിപ്പിച്ചെടുക്കാൻ ഗവേഷണം തുടരണം.

13. അപകട സാദ്ധ്യത വർദ്ധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാക്കണം. ദുരന്ത ഘട്ടങ്ങളിലും തുടർന്നുള്ള ഇടപെടൽ ഘട്ടങ്ങളിലും സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തികവും അല്ലാത്തതുമായ വിഭവങ്ങൾ സമാഹരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ സാധ്യതകളും ഉപയോഗിക്കണം. സന്നദ്ധ സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, റസിഡൻറ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ വഴി വിഭവ സമാഹരണ സാധ്യതകളും ഉപയോഗപ്പെടുത്താം. ERT കൾക്ക് പരിശീലന ദിവസങ്ങളിൽ നഷ്ടപ്പെടുന്ന വേതനം കോമ്പൻസേറ്റ് ചെയ്യാൻ ഫണ്ട് കണ്ടെത്തണം.

14. പ്രാദേശിക ദുരന്ത സാധ്യതയെപ്പറ്റി പ്രദേശവാസികൾക്ക് വ്യക്തമായ ധാരണ ഉണ്ടാക്കണം. ഭരണകൂടത്തിന്റെ നിർദ്ദേശങ്ങൾ മടി കൂടാതെ പാലിച്ചേ മതിയാകൂ എന്ന് ജനങ്ങൾ തിരിച്ചറിയണം. ഇതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. അതിതീവ്ര കാലാവസ്ഥാ മാറ്റത്തെ അതി ജീവിക്കാനുള്ള കർമ്മ പരിപാടികളും ഒപ്പം തന്നെ കാലാവസ്ഥാ മാറ്റത്തിന് മുഖ്യ കാരണമാകുന്ന അന്തരീക്ഷത്തിലെത്തുന്ന കാർബൺ ബഹിർഗമനത്തിനെ ലഘൂകരിക്കാനുള്ള ഇടപെടലുകളും വ്യക്തിപരമായും സാമൂഹ്യതലത്തിലും സ്വീകരിക്കേണ്ടതായുണ്ട്.

15. **ദുരന്ത സാധ്യത നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തൽ -** കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് സ്ഥാപിക്കുന്ന കാലാവസ്ഥ റഡാറുകൾ ഇവ കൂടുതൽ മെച്ചപ്പെടുത്തുന്നതിൽ സുപ്രധാനമായിരിക്കും. അതോടൊപ്പം കേരളത്തിലെ മഴ-പുഴ നിരീക്ഷണ സംവിധാനം വ്യാപിപ്പിക്കുന്നതിനായി നിരീക്ഷണ ശൃംഖല വിപുലീകരിക്കുകയും മുഴുവൻ തദ്ദേശ സ്വയംഭരണ വാർഡുകളിലും മഴ മാപിനികൾ സ്ഥാപിക്കുകയും ജനകീയ പങ്കാളിത്തത്തോടെ ഇവയുടെ വിവരശേഖരണവും കൈമാറ്റവും പരിപാലനവും ഉറപ്പ് വരുത്തുന്ന പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകണം. പ്രദേശങ്ങളുടെ ദുരന്ത സാധ്യതകളുടെയും ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടേയും അടിസ്ഥാനത്തിൽ സോണുകളാക്കി തിരിച്ചു ഓട്ടോമാറ്റിക് ദിനാവസ്ഥ മാപിനി (Automatic Weather Station), കാലാവസ്ഥ വിജ്ഞാനത്തെ ജനകീയമാക്കുന്ന പ്രവർത്തനവും പദ്ധതിയുടെ ഭാഗമാകണം.

16. **ആശുപത്രി സുരക്ഷാ പദ്ധതി (Hospital Safety Plan) -** വരും വർഷങ്ങളിൽ സമഗ്രമായ ആശുപത്രിസുരക്ഷാ പ്രവർത്തന പദ്ധതികൾ (Hospital safety Plan) എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആവിഷ്ക്കരിക്കണം. അടിയന്തരാവസ്ഥകളും ദുരന്തങ്ങളും നേരിടുവാൻ ആശുപത്രികൾ തയ്യാറാണെന്ന് ഉറപ്പാക്കുക, അപകടങ്ങൾ കുറയ്ക്കുക, അവശ്യ സേവനങ്ങൾ നിലനിർത്തുക എന്നിവയാണ് ആശുപത്രിസുരക്ഷ കൊണ്ടുദ്ദേശിക്കുന്നത്. വിശദമായ ദുരന്തനിവാരണ പദ്ധതികൾ സൃഷ്ടിക്കുക എന്നിവ ഇതിലുൾപ്പെടുന്നു. ആശുപത്രി സുരക്ഷാ പദ്ധതി തയ്യാറാക്കുന്നതിനായി കേരളത്തിലെ 1280 സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലെ പ്രതിനിധികൾക്ക് ജില്ലാ തലത്തിൽ പരിശീലനം നൽകുകയും അതിന്റെ അടിസ്ഥാനതിൽ എല്ലാ കേന്ദ്രങ്ങളിലും ആശുപത്രി സുരക്ഷാ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യം.

17. **ഉന്നതിതല ദുരന്ത നിവാരണ പദ്ധതി -** സംസ്ഥാനത്ത് ഏകദേശം 6000 ത്തോളം ആദിവാസി ഉന്നതികളുണ്ട്, അവയിൽ പലതും വിവിധതരം ദുരന്തങ്ങൾക്ക് ഇരയാകുന്നു. അതിനാൽ, ഉന്നതിതല പ്രത്യേക ദുരന്തനിവാരണ പദ്ധതികൾ തദ്ദേശീയ അറിവ്, കഴിവുകൾ, ശാസ്ത്രീയ മാതൃകകൾ എന്നിവ സംയോജിപ്പിച്ച് ഉന്നതികൾക്കായുള്ള ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കണം.

18. **സ്കൂൾ സുരക്ഷയും ടീച്ചേർസ് ബ്രിഗേഡ് -** അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടീച്ചേർസ് ബ്രിഗേഡ് സജ്ജമാക്കണം. അടിയന്തരഘട്ടങ്ങളിൽ പ്രാദേശിക ജനങ്ങൾക്ക് ആശ്രയകേന്ദ്രങ്ങളായി സ്കൂളുകൾ പ്രവർത്തിക്കുന്നു. അടിയന്തിരഘട്ട പ്രതികരണം, പ്രഥമശുശ്രൂഷ, ദുരന്തനിവാരണസംവിധാനം തുടങ്ങിയ മേഖലകളിൽ തിരഞ്ഞെടുത്ത അധ്യാപകർക്ക് പ്രായോഗിക പരിശീലനം നൽകുകയും അടിയന്തിര പ്രതികരണ കിറ്റ് നൽകുകയും ചെയ്യുക എന്നതാണ് ടീച്ചേർസ് ബ്രിഗേഡ് കൊണ്ടുദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ സ്കൂളുകളിലും സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി അപകടസാധ്യതയെപ്പറ്റിയുള്ള ബോധവും ദുരന്തപ്രതികരണത്തെക്കുറിച്ചുള്ള അവബോധവും നൽകുന്നതിലൂടെ ഭയപ്പാടില്ലാതെ പ്രതികരിക്കാൻ കുട്ടികളും അധ്യാപകരും സജ്ജരാകും.

19. **കുടുംബശ്രീ -** തിരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകരെ ദുരന്ത തയ്യാറെടുപ്പും പ്രതികരണവും കേന്ദ്രീകരിച്ച് വിപുലമായ പ്രത്യേക പരിശീലനം നൽകി പ്രാദേശിക ദുരന്ത പ്രതികരണ സേനയായി സജ്ജമാക്കേണ്ടതുണ്ട്.

20. **നഗരപ്രളയ സാധ്യത ലഘൂകരണ കർമ്മപദ്ധതി -** മഴയുടെ പെയ്ത്ത് രീതിയിലുണ്ടായ മാറ്റങ്ങൾ നമ്മുടെ നഗരങ്ങളുടെ പ്രളയ ഭീഷണിയിലാക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ സാഹചര്യത്തിൽ ഇത്തരം മാറ്റങ്ങൾ, പ്രത്യേകിച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ മഴ പെയ്തിറങ്ങുന്ന മേഘവിസ്ഫോടനം പോലെയുള്ള സാഹചര്യങ്ങൾ നഗരങ്ങളിൽ പ്രളയം സൃഷ്ടിക്കാനുള്ള സാധ്യതയുണ്ട് (Urban Flooding). അതുകൊണ്ട് തന്നെ ഇതിനെ നേരിടുന്നതിനായി ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. ഭാവി വികസനം കൂടി മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. അതിനായി കേരളത്തിലെ നഗരങ്ങളുടെ പ്രളയസാധ്യത ലഘൂകരിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കണം.

21. ജൈവവൈവിധ്യ മാനേജ്മെൻറ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം വർക്കിങ് ഗ്രൂപ്പ് പരിശീലനം നൽകണം, പ്രവർത്തനങ്ങൾ ശക്തമാക്കണം.

ഭാവിയിൽ ദുരന്തനിവാരണം വികസന ആസൂത്രണത്തിന്റെ അഭിവാജ്യഘടകമാകേണ്ടതാണ്. ശാസ്ത്രീയ ഭൂവിനിയോഗ നിയന്ത്രണം, കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, പ്രകൃതി അധിഷ്ഠിത പരിഹാരങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണം. നിയമപരമായി ബിൽഡിംഗ് ചട്ടങ്ങളും തദ്ദേശതല ആസൂത്രണ ചട്ടങ്ങളും അതിതീവ്ര കാലാവസ്ഥയേയും ദുരന്തസാധ്യതയേയും മുന്നിൽ കണ്ടുകൊണ്ട് പരിഷ്കരിക്കേണ്ടതുണ്ട്. കഴിഞ്ഞ ഒരു ദശകത്തിൽ കേരളത്തിന്റെ അനുഭവത്തിൽ നിന്ന് പഠിച്ച പാഠങ്ങൾ, പ്രാദേശിക ഇടപെടലുകൾ, ഭാവിയിലെ ദുരന്ത നിവാരണ ശ്രമങ്ങൾക്ക് കരുത്തുള്ള അടിത്തറയാവും. "ഒരു സുരക്ഷിതവും അതിജീവന ശേഷിയു ള്ളതുമായ കേരളം" എന്ന ലക്ഷ്യത്തിലേയ്ക്കുള്ള കേരളത്തിന്റെ യാത്ര ലോകത്തിന് തന്നെ മാതൃകയാകണം. കേവലം പ്ലാനുകൾ നിർമ്മിക്കുന്നതിലൂടെ മാത്രമല്ല, മനുഷ്യജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിലൂടെയാണ് ഈമാതൃകയുടെ വിജയം അളക്കപ്പെടുക.

# 24

# നഗരവൽക്കരണവും നഗരനയ രൂപീകരണവും

കാർഷികാടിസ്ഥാനത്തിലുള്ള ഗ്രാമീണ ജീവിതത്തിൽ നിന്നും കാർഷികേതര മേഖലകളിലേക്ക് ജനജീവിതം മാറുകയും അടിസ്ഥാന സൗകര്യങ്ങളുടെ വിപുലമായ വികാസത്തിലൂന്നി കേന്ദ്രീകൃതമായ ജനവാസ മേഖലകൾ രൂപപ്പെടുകയും ജീവിത ശൈലി ഇതനുസരിച്ച് രൂപാന്തരപ്പെടുകയും ചെയ്യുന്ന പ്രക്രിയയാണ് നഗരവൽക്കരണം. വ്യവസായവൽക്കരണം ആസൂത്രിതമായ നഗരങ്ങളെ സൃഷ്ടിക്കുകയും ജനജീവിതം അടിമുടി പുനക്രമീകരിക്കുകയും ചെയ്ത അനുഭവങ്ങളാണ് നഗരവൽക്കരണ ചരിത്രത്തിൽ പൊതുവേ കണ്ടുവരുന്നത്.

2050-ൽ ലോക ജനസംഖ്യയുടെ 68 ശതമാനമായിരിക്കും നഗര ജനസംഖ്യ എന്നാണ് അന്തരാഷ്ട്ര ഏജൻസികൾ കണക്കാക്കുന്നത്. ഇന്ത്യയും ചൈനയും നൈജീരിയയും ചേർന്ന് 35 ശതമാനമായിരിക്കും ഇതിൽ സംഭാവന ചെയ്യുക. ഏതാണ്ട് 50 ശതമാനത്തിലധികം പേർ ഇന്ത്യയിൽ നഗരവാസികളായി ഇതേ കാലയളവിൽ മാറും. കേരളത്തിൽ ആകെ ജനസംഖ്യയുടെ 80.7 ശതമാനമായിരിക്കും.

## I
## കേരളത്തിലെ നഗരവൽക്കരണത്തിന്റെ സവിശേഷതകൾ

ഇന്ത്യയിലെ നഗരവൽക്കരണത്തേക്കാൾ വേഗതയിലാണ് സമീപകാലത്ത് കേരളത്തിലെ നഗര ജനസംഖ്യ വർദ്ധിച്ചിട്ടുള്ളത്. 2001-നും 2011-നും ഇടയിൽ കേരളത്തിലെ ജനസംഖ്യ 93 ശതമാനമാണ് വർദ്ധിച്ചത്. ഇന്ത്യയിലെ നഗര ജനസംഖ്യയുടെ വർദ്ധന ഈ കാലയളവിൽ 12 ശതമാനമായിരുന്നു. 2011-നുശേഷവും കേരളത്തിലെ നഗര ജനസംഖ്യയുടെ വർദ്ധന ദേശീയ ശരാശരിയുടെ 5-9 മടങ്ങാണ് എന്നാണ് കരുതപ്പെടുന്നത്. ഈ വർദ്ധനയുടെ ഒരു കാരണം കേരളത്തിലെ ഒട്ടേറെ ഗ്രാമീണ-ചെറുപട്ടണങ്ങളെ സെൻസസ് പട്ടണങ്ങളായി പുനർനിർവചനം ചെയ്തതാണ്. ഇതിനു കാരണം ഈ പട്ടണങ്ങളിലെ കാർഷികേതര പ്രവർത്തനങ്ങളും ജനസാന്ദ്രതയും ഗണ്യമായി ഉയർന്നുവെന്നുള്ളതാണ്.

ഇതിൽ നിന്നും ഒരു കാര്യം വ്യക്തം. കേരളത്തിലെ നഗരവൽക്കരണം ഏതാനും പട്ടണങ്ങളിലേക്കുള്ള ജനങ്ങളുടെ കുടിയേറ്റത്തിന്റെ ഫലമായി ഉണ്ടാകുന്നതല്ല. നിശ്ചയമായും കൊച്ചി പോലുള്ള പട്ടണങ്ങൾ അതിവേഗത്തിൽ വളരുന്നുണ്ട്. എന്നാൽ കേരളത്തിന്റെ നഗരവൽക്കരണം സംസ്ഥാനത്തിന്റെ ആവാസവ്യവസ്ഥയുടെ സ്വഭാവമായിരുന്ന ഗ്രാഗര വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. കേരളത്തിൽ ഒട്ടേറെ ചെറുപട്ടണങ്ങളും ഗ്രാമങ്ങളും ഇടകലർന്നു കിടക്കുന്നതുകൊണ്ട് ഗ്രാമം എവിടെ അവസാനിക്കുന്നുവെന്നോ നഗരം എവിടെ ആരംഭിക്കുന്നുവെന്നോ കൃത്യമായി വേർതിരിക്കാനാവില്ല. ഇതിനെയാണ് ഗ്രാഗര വ്യവസ്ഥ അല്ലെങ്കിൽ rurban അതുമല്ലെങ്കിൽ urban - rural continuum എന്നും മറ്റും വിശേഷിപ്പിച്ചിരുന്നത്. എന്നാൽ സമീപകാലത്ത് ഈ ചെറുപട്ടണങ്ങളെല്ലാം വേഗതയിൽ വളരുകയും സംസ്ഥാനത്തിന്റെ വലിയൊരു പ്രദേശം നഗരവൽകൃത സ്വഭാവത്തിലേക്ക് മാറുകയും ചെയ്തു.

മലകൾക്കും തീരദേശത്തിനും ഇടയിൽ മനുഷ്യർ ഇടതിങ്ങി പാർക്കുന്ന രാജ്യത്തെ തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശം എന്ന പ്രത്യേകതയും സേവന മേഖല സാമ്പത്തിക ഘടനയിൽ മുഖ്യമായിത്തീരുകയും ചെയ്തു എന്ന വസ്തുത തന്നെയാണ് കേരളത്തിന്റെ നഗരവൽക്കരണം സവിശേഷ സ്വഭാവം ഉള്ളതാക്കി തീർക്കുന്നത്. ചുറ്റപ്പെട്ട ഗ്രാമങ്ങളുടെ ഇടയിൽ കച്ചവട കേന്ദ്രങ്ങളായി -അങ്ങാടികളായി- വികസിച്ചു വന്നവയാണ് കേരളത്തിലെ എല്ലാ പട്ടണങ്ങളും. പട്ടണ പരിഷ്കാരങ്ങളും സൌകര്യങ്ങളും സമീപ പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും ഈ സൌകര്യങ്ങൾ ആശ്രയിച്ചു ജീവിക്കുന്നവരായി ഗ്രാമങ്ങളിലെ മനുഷ്യരും മാറിത്തീരുന്ന പ്രക്രിയയാണ് കേരളത്തിലെ നഗരവൽ ക്കരണത്തിലൂടെ സംഭവിക്കുന്നത്. മലയാളികളുടെ പ്രവാസ ജീവിതം സൃഷ്ടിക്കുന്ന സാംസ്കാരിക പരിസരവും ഈ പ്രവണതയെ ശക്തിപ്പെടുത്തുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളെയും നഗരസഭകളെയും നഗര ജീവിത സൌകര്യങ്ങളുടെ യുക്തിപരമായ വിന്യാസത്തിലൂടെ ക്രമീകരിക്കാൻ കഴിയും.

കാർഷിക ഉല്പാദനം കേന്ദ്രീകരിച്ച് നിൽക്കുന്ന ഗ്രാമ പഞ്ചായത്തുകളോടൊപ്പം നഗര പഞ്ചായത്തുകളായ തീരെ ചെറു നഗരസഭകളും പരമ്പരാഗത നഗര കേന്ദ്ര ങ്ങളായ വലിയ നഗരസഭകളും കോർപ്പറേഷനുകളു മായി പരന്നു കിടക്കുന്ന നഗരജീവിത സ്വാധീനം ഉപഭോഗത്തിൽ കൃത്യമായി അടയാളപ്പെടുത്താൻ കഴിയുന്ന വിധം വ്യക്തമാണ് കേരളത്തിലെ നഗര വൽക്കരണ പ്രക്രിയ. നഗരവൽക്കരണത്തിലെ ഈ പ്രാദേശിക വൈജാത്യം തദ്ദേശതലത്തിലുള്ള ഭരണ നിർവ്വഹണത്തെ സ്വാധീനിക്കുന്ന ഒരു ഘടകവുമാണ്. വികേന്ദ്രീകൃത ഭരണ നിർവ്വഹണത്തിന്റെ കാര്യക്ഷമ തയും ഈ വൈജാത്യത്തെ ബന്ധപ്പെടുത്തി തന്നെ വിലയിരുത്താൻ കഴിയുമെന്നാണ് കരുതുന്നത്.

2001-11 ദശകത്തിൽ ഉണ്ടായ അഭൂതപൂർവ്വമായ നഗരവളർച്ചയും ജനസംഖ്യയുടെ 80 ശതമാനത്തില ധികം അടുത്ത കാൽ ദശാബ്ദത്തിനുള്ളിൽ നഗരവാ സികളായി മാറും എന്ന യാഥാർഥ്യവും കേരളത്തെ സംബന്ധിച്ചിടത്തോളം വികസനത്തിന്റെ പുതിയ ഘട്ടത്തെ കുറിക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന പ്രശ്നങ്ങളും വികസനവും പാരിസ്ഥി തിക സംതുലനവും സംബന്ധിച്ച ചോദ്യങ്ങളും ഈ ഘട്ടത്തിൽ ഉയർന്നു വരുന്നു. ഭാവി വികസന ദിശ എന്തായിരിക്കണം എന്നത് സംബന്ധിച്ച പുതിയ ചോദ്യങ്ങൾ ഉയർത്തുന്നു. കേരളം മുന്നോട്ട് വയ്ക്കുന്ന ജനകീയവും ജനപക്ഷവുമായ രാഷ്ട്രീയത്തിന്റെ അടി ത്തറയിൽ ഉറച്ചു നിന്നു കൊണ്ട് നഗരവൽക്കരണത്തി ന്റെ സാധ്യതകളെ വരും തലമുറയ്ക്ക് വേണ്ടി ഉപയോഗി ക്കാൻ കഴിയുംവിധമുള്ള ഒരു വികസന പരിപ്രേക്ഷ്യം ആവിഷ്കരിക്കേണ്ടതുണ്ട്. ഒറ്റ പട്ടണമായി പടർന്നു വികസിക്കുന്ന കേരളത്തിന്റെ വിഭവ സാധ്യതകളും പരിമിതികളും ഉൾക്കൊണ്ടുകൊണ്ട് സുസ്ഥിരമായ വളർച്ചയ്ക്ക് ആവശ്യമായ സമഗ്രമായ ആസൂത്രണം സ്ഥ ലപരമായ മാനങ്ങളെ ഗൗരവമായി ഉൾക്കൊണ്ടുകൊ ണ്ട് ഇനി നടത്തേണ്ടതുണ്ട്.

## നഗരവൽക്കരണത്തിന്റെ വെല്ലുവിളികൾ

നഗരം എവിടെ തുടങ്ങുന്നുവെന്നോ ഗ്രാമം എവിടെ അവസാനിക്കുന്നുവെന്നോ തിരിച്ചറിയാൻ കഴിയാത്ത സ്ഥിതിയിൽ നിന്ന് കേരളത്തിന്റെ നല്ലൊരുഭാഗം ഒരു നഗരം എവിടെ അവസാനിക്കുന്നു, അടുത്ത നഗരം എവിടെ ആരംഭിക്കുന്നുവെന്ന് തിരിച്ചറിയാൻ കഴി യാത്തവിധം വലിയൊരു നഗര പ്രദേശമായി മാറാൻ പോവുകയാണ്. നമ്മുടെ ഭൂപ്രകൃതിയും സാമ്പത്തിക സ്ഥിതിയും വച്ചു നോക്കുമ്പോൾ ഇത് സവിശേഷമായ ഒട്ടേറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്.

- റിബൺ പോലെ റോഡിന് ഇരുവശങ്ങളിലും നീണ്ടുകിടക്കുന്ന കെട്ടിട ശൃംഖലയും വാസകേ ന്ദ്രങ്ങളും. എല്ലാ വീട്ടുകാർക്കും കുടിവെള്ളവും പ്രാദേശിക റോഡുകളും സ്വീവറേജും മറ്റും നിർമ്മിക്കുന്നത് വളരെ ചെലവേറിയ ഒന്നാക്കി മാറ്റുന്നു.
- കേരളം പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിലുള്ള വീതികുറഞ്ഞ വൈവിധ്യമാർന്ന ഭൂപ്ര കൃതിയോടുകൂടിയുള്ള ഒരു പ്രദേശമാണ്. താഴ്ന്ന പ്രദേശങ്ങളിൽനിന്ന് നഗരവ്യാപനം ഉയർന്ന പ്രദേശങ്ങളിലേക്ക് പടരുമ്പോൾ ഭൂപ്രകൃതി പരിവർത്തനം ഉണ്ടാക്കുന്ന ഭീഷണി പാരിസ്ഥി തികമായ ഭീഷണി ഉയർത്തുന്നു. അനിയന്ത്രിത മായ നഗരവൽക്കരണം കാലാവസ്ഥാ ഭീഷണി വർദ്ധിപ്പിക്കുകയും നമ്മൾ ഇതിനകം അനുഭവി ച്ചു തുടങ്ങി കഴിഞ്ഞിട്ടുള്ള പ്രകൃതി ദുരന്തങ്ങളെ കൂടുതൽ തീവ്രമാക്കുന്നതിനും ഇടയുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തരവും തന്ത്രപരവുമായ ഭൂവിനിയോഗ ആസൂത്രണ ഇടപെടലുകൾ അനി വാര്യമാക്കുന്നു.
- ഇത്തരമൊരു നഗരവ്യവസ്ഥയിൽ കേന്ദ്രീകൃത മായ സ്വീവറേജ് സമ്പ്രദായം വളരെ പ്രയാസകര മാണ്. അതുകൊണ്ട് അശാസ്ത്രീയമായ കക്കൂസ് മാതൃകകളിൽ നിന്ന് പെട്ടെന്നു മാറാനാകില്ല. ഇത് മാലിന്യ സംസ്കരണത്തിൽ വലിയ വെല്ലുവിളി സൃഷ്ടിക്കും.
- കേരളത്തിന്റെ അഭിമാനകരമായ ഒരു നേട്ടം ജനപങ്കാളിത്തത്തോടുകൂടിയുള്ള അധികാരവി കേന്ദ്രീകരണ ഭരണസംവിധാനമാണ്. ഇന്നത്തെ പങ്കാളിത്ത രീതികളും ആസൂത്രണ ചിട്ടകളുമെ ല്ലാം നല്ലപങ്കും പഞ്ചായത്തുകളെ മുന്നിൽ കണ്ടു കൊണ്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്. ദ്രുദഗതിയിലു ള്ള നഗരവൽക്കരണം ജനാധിപത്യ അധികാരവി കേന്ദ്രീകരണത്തിന്റെ രീതികളിലും വെല്ലുവിളി ഉയർത്തും.
- പുതിയ കടമകൾ ഏറ്റെടുക്കുന്നതിന് നഗരസഭ കൾക്ക് ഇന്ന് ഉള്ളതിനേക്കാൾ കൂടുതൽ ധനവി ഭവങ്ങൾ ഉണ്ടായേതീരൂ. ഇന്ന് നഗരസഭകൾ കൂടുതലും സർക്കാർ ഗ്രാന്റുകളെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്.
- ജനസംഖ്യാ പരിണാമത്തിന്റെ ഭാഗമായി വയോ ജനങ്ങളുടെ എണ്ണം വർദ്ധിക്കുന്ന വേളയിലാണ് നഗരവൽക്കരണം. ആരോഗ്യ മേഖലയിൽ സവി ശേഷമായ വെല്ലുവിളികൾ ഉണ്ടാകും. കേരള ത്തിലെ ഗതാഗത ശൃംഖല ഇന്ന് റോഡിനെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. ഇത് ഗതാഗതക്കു രുക്കുകൾക്കു വഴിതെളിക്കുന്നു.

## നഗര നയ കമ്മീഷൻ

മേൽപ്പറഞ്ഞ പ്രവണതകൾ തിരിച്ചറിഞ്ഞുകൊണ്ട് നവകേരള നഗര നയം രൂപീകരിക്കുമെന്ന് ബഹു. ധനകാര്യ മന്ത്രി 2023-ലെ ബജറ്റ് പ്രസംഗത്തിൽ പ്ര സ്താവിക്കുകയും തുടർന്ന് നഗര നയ കമ്മിഷൻ രൂപീ കരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുക യും ചെയ്തു. തെക്കൻ ഏഷ്യൻ രാജ്യങ്ങളുടെ വികസന ചരിത്രത്തിൽ ഒരിക്കലും മറ്റൊരിടത്തും ദീർഘകാലാ ടിസ്ഥാനത്തിൽ നഗരവികസന നയം രൂപപ്പെടുത്തു ന്നതിന് ഒരു നഗര നയ കമ്മീഷൻ രൂപീകരിച്ചിട്ടില്ല.

കരട് നഗര നയത്തിന്റെ ഒരു ദേശീയ ചട്ടക്കൂട് 2018-ൽ കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുണ്ട്. വൻനഗര കേന്ദ്രീകൃത വളർച്ചയാണ് ഇന്ത്യയിൽ നടക്കുന്നത്. ഗ്രാമവും നഗരവും തമ്മിലുള്ള അന്തരം എല്ലാത്തരത്തിലും വർദ്ധിക്കുകയാണ്. സാമ്പത്തിക വളർച്ചയ്ക്കുതകുന്ന രീതിയിൽ വൻനഗരങ്ങളെ ആസൂത്രണം ചെയ്യേണ്ടത് പുതിയ വികസന തന്ത്രത്തിനു പ്രധാനപ്പെട്ടതാണ്. മൂലധനത്തിനു സുഗമമായി ഒരു രാജ്യകേന്ദ്രത്തിൽ നിന്നും മറ്റൊരു രാജ്യ കേന്ദ്രത്തിലേക്ക് ഒഴുകണമെങ്കിൽ അതിനുതകുന്ന ആഗോള നഗരങ്ങൾ ഉണ്ടാകണം. ഈ നഗരങ്ങളിലേക്ക് കുടിയേറുന്നവർക്ക് യാത്രയ്ക്കും പാർപ്പിടത്തിനും മറ്റ് അടിസ്ഥാനസൗകര്യങ്ങൾക്കുമുള്ള ജീവിതസൗകര്യങ്ങൾ നഗരങ്ങളിൽ ഒരുക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യാ സർക്കാർ നഗരവികസനത്തിനുള്ള ഒരു നയചട്ടക്കൂട് ഉണ്ടാക്കിയത്. നഗര വികസനം സംസ്ഥാന വിഷയമായതിനാൽ ഓരോ സംസ്ഥാനവും പ്രത്യേകമായി നഗര നയം രൂപം നൽകേണ്ടിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു നഗര നയ കമ്മീഷനു കേരള സർക്കാർ രൂപം നൽകിയത്.

കേന്ദ്രീകൃത നഗര വികസനത്തെ ആസൂത്രിതമായി ചിട്ടപ്പെടുത്തി സാമ്പത്തിക വളർച്ചാ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സമീപനമാണ് നമ്മൾ സ്വീകരിച്ചത്. ജനസൗഹൃദപരമായ രൂപകൽപനയ്ക്ക് പ്രധാന്യം നൽകികൊണ്ട് ആസൂത്രിതമായ നഗര വികസനം എങ്ങനെ സാധ്യമാക്കാം എന്നതാണ് പൊതു ലക്ഷ്യം.

ലോകത്തെ വിവിധ നഗരങ്ങളിൽ പരന്നുകിടക്കുന്ന ഒരു സമൂഹം എന്ന നിലയിൽ ആഗോളമായി ബന്ധപ്പെട്ട് കിടക്കുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം നഗരവൽക്കരണത്തെക്കുറിച്ചുള്ള ഒരു ആഗോള കാഴ്ചപ്പാട് നമുക്ക് ഉണ്ടാവേണ്ടതുണ്ട്. കൂടാതെ, കാലാവസ്ഥ വ്യതിയാനം ഏറ്റവും ശക്തമായി ബാധിച്ച ഒരു സംസ്ഥാനം എന്ന നിലയിലും അതീവ സങ്കീർണമായ നഗരവൽക്കരണ പ്രക്രിയയ്ക്ക് വിധേയമാവുന്ന ഒരു പ്രദേശം എന്ന നിലയിലും കേരളത്തിന്റെ നഗരവൽക്കരണത്തിന്റെ വിവിധ വശങ്ങൾ ഒരു താരതമ്യ അടിസ്ഥാനത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. താഴെപ്പറയുന്ന കാര്യങ്ങളാണ് മുഖ്യമായും കമ്മീഷന്റെ പരിഗണനാ വിഷയങ്ങളായി നൽകിയത്.

- കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവം വിലയിരുത്തുക.
- അതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ നഗരാസൂത്രണത്തിന് സഹായകമായ ഉചിതമായ നിർദേശങ്ങൾ സമർപ്പിക്കുക.
- വിവിധങ്ങളായ നഗരവൽക്കരണ പ്രശ്നങ്ങളെ പരിഹരിക്കാൻ ഉതകുന്ന പ്രാദേശിക നഗരഭരണ നിർവ്വഹണ ചട്ടക്കൂട് തയ്യാറാക്കുക.
- കാലവസ്ഥാവ്യതിയാനത്തെ മുൻനിർത്തി മാനുഷിക മുഖമുള്ള നഗര വികസനം സാധ്യമാക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുക.
- സാങ്കേതികമായി നവീകരിച്ചതും പ്രൊഫഷണൽ സമീപനമുള്ളതുമായ ഭരണ സേവന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് നഗരസഭകളെ സഹായിക്കുന്നതിന് വിശദമായ നിർദേശങ്ങൾ നൽകുക.
- വിവിധങ്ങളായ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ മാറ്റങ്ങൾ നിർദേശിക്കുക.
- നഗരവല്ക്കരണവുമായി ബന്ധപ്പെട്ട വ്യവസായം, ഭവനനിർമ്മാണം, ഭൂവിനിയോഗം, മാലിന്യ പരിപാലനം, പൈതൃക സംരക്ഷണം തുടങ്ങി വിവിധ മേഖലകളെ ബന്ധപ്പെടുത്തി കേരള നഗരവൽക്കരണം വിശകലനം ചെയ്യുക.

കേരളത്തിന്റെ അടുത്ത 25 വർഷത്തെ വികസന പ്രവർത്തനങ്ങൾക്ക് വഴിതെളിക്കാൻ സഹായിക്കുന്ന വിധത്തിൽ ഉടൻ ചെയ്യേണ്ടത്, ഹ്രസ്വ-ദീർഘ കാലാടിസ്ഥാനത്തിൽ ചെയ്യേണ്ടത് എന്തൊക്കെ എന്നതിനെ അടിസ്ഥാനപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദേശവും നല്കിയിരുന്നു.

## കമ്മീഷന്റെ പ്രവർത്തനം

ഒരു വർഷംകൊണ്ട് കമ്മീഷൻ 50 സ്റ്റേക്ക് ഹോൾഡർ ചർച്ചകൾ 14 ജില്ലകളിലുമായി നടത്തി. ഇവയിൽ 2500 ഓളം പേർ പങ്കെടുത്തു. 2025 മാർച്ചിൽ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചു. കേരളത്തിന്റെ നഗരനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കമ്മിഷൻ റിപോർട്ട് തുറന്ന ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് സുസ്ഥിര വികസനത്തെ ആസ്പദമാക്കി നഗര വികസനത്തെ വിലയിരുത്തുന്നതിനും ഒരു അന്താരാഷ്ട്ര സമ്മേളനം വിളിച്ചു ചേർത്തു. നഗര കോൺക്ലേവ് സംസ്ഥാനത്തിന്റെ നഗരവികസന അനുഭവങ്ങൾ വിലയിരുത്തുന്നതിനും നഗരാസൂത്രണവും വികസനവും സംബന്ധിച്ച ആഗോള അനുഭവങ്ങൾ കേരളത്തിന്റെ പരിസരവുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നതിനും വിദഗ്ധർക്കും വികസന പ്രവർത്തകർക്കും ഇത് അവസരം ഒരുക്കി.

വിവിധ രാജ്യങ്ങളിലെ 56 നഗരങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുത്തു. സെപ്റ്റംബർ മാസത്തിൽ കൊച്ചിയിൽ കേരള അർബൻ കോൺക്ലേവ് സംഘടിപ്പിച്ചു. ഈ രണ്ട് ദിവസ സമ്മേളനത്തിൽ 3000 പ്രതിനിധികൾ പങ്കെടുത്തു. 12 രാജ്യങ്ങളിൽ നിന്നുള്ള നഗരവിദഗ്ദരും ചർച്ചകളിൽ പങ്കാളികളായി. അവരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും കേരളത്തിന്റെ സവിശേഷ സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചത് വികസന സംവാദങ്ങളുടെ ചരിത്രത്തിലെ വേറിട്ട അനുഭവമായി. ബഹുജന പങ്കാളിത്തത്തിന് ഊന്നൽ നൽകുന്ന സുസ്ഥിര നഗരവികസനത്തിന്റെ കേരളമാതൃകയ്ക്ക് നയപരമായ വ്യക്തത നൽകാനും പ്രാദേശിക തലത്തിലും ദേശീയതലത്തിലും ശ്രദ്ധേയമായ നഗരവികസന അനുഭവങ്ങൾ ആഗോള വിദഗ്ധരുമായി പങ്കുവെച്ച് അഭിപ്രായങ്ങൾ

സ്വരൂപിക്കുന്നതിനും സംഗമം അവസരമൊരുക്കി. ഈ കോൺക്ലേവിൽ നിന്ന് 300 നടപടി നിർദ്ദേശങ്ങൾ ക്രോഡീകരിക്കപ്പെട്ടു.

കേരള നഗരനയ കമ്മിഷൻ റിപോർട്ട്, അതിന്മേൽ കേരള അർബൻ കോൺക്ലെവിൽ നടന്ന വിശാലമായ ചർച്ചകൾ, നഗര ഭരണവുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനത്തിനകത്ത് തന്നെ ഉരുവം കൊണ്ട അറിവുകൾ എന്നിവ ഉപയോഗിച്ച് ഇന്ത്യയിൽ ആദ്യമായി ഒരു നഗര നയം തയ്യാറാക്കുന്ന പ്രവർത്തനമാണ് സർക്കാർ നടത്തിയത്. അതിവേഗ നഗരവൽക്കരണത്തിന്റെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിനും വെല്ലുവിളികളെ കൃത്യമായി പ്രതിരോധിക്കുന്നതിനും നഗരസഭകളെ സാമ്പത്തിക വളർച്ചയുടെയും ജനകീയവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഭരണ നിർവഹണത്തിന്റെയും സ്വയംഭരണ കേന്ദ്രങ്ങളായി പരിവർത്തിപ്പിക്കുന്നതിനുള്ള ചട്ടക്കൂടായി നവകേരള നഗരനയം മാറും. വികേന്ദ്രീകൃത ഭരണ നിർവ്വഹണ സംവിധാനത്തിന്റെയും ജനകീയ ഇടപെടലുകളുടെയും ശക്തിയിൽ ഊന്നി നിന്നു കൊണ്ട് മുതലാളിത്ത വികസന പാതയിലൂടെയുള്ള നഗരവൽക്കരണ പ്രക്രിയയെ ജനകേന്ദ്രീകൃതമായി തിരിച്ചു വിടുന്ന ഒരു രാഷ്ട്രീയം കൂടെ നവകേരള നഗര നയം മുന്നോട്ട് വയ്ക്കുന്നു.

## II
## നഗര നയത്തിന്റെ അടിസ്ഥാന സമീപനങ്ങൾ

കേരളത്തിന്റെ നഗരനയം കൈകാര്യം ചെയ്യേണ്ട വ്യത്യസ്ത 10 വിഷയ വിഭാഗങ്ങൾ (Pillars/തൂണുകൾ) ആയിട്ടാണ് കമ്മീഷൻ ക്രോഡീകരിച്ചത്. ഓരോ വിഷയവും സംബന്ധിച്ച് നടത്തിയ പഠനങ്ങളും വിശദമായ ചർച്ചകളും കേരളത്തിന്റെ നഗരവൽക്കരണം സംബന്ധിച്ച് ആവശ്യമായ സമഗ്രവും വിപുലവുമായ ജ്ഞാന അടിത്തറ സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിന്റെ എല്ലാ വികസന പ്രശ്നങ്ങളും പരിശോധിക്കുന്നതിന് നഗരനയ കമ്മിഷൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ പുതിയ ജ്ഞാന പരിസരം ഇനി മുതൽ പരിഗണിക്കേണ്ടതുണ്ട്.

### 1. സ്ഥലപര ആസൂത്രണവും നഗരവികസനവും (Spatial Planning and Urban Development),

നിലവിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന കാര്യത്തിൽ നിരവധി പരിമിതികൾ നിലനില്ക്കുന്നുണ്ട്. മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നല്കുന്നതിലും ആസൂത്രണം ചെയ്യുന്നതിലും ഉള്ള വേഗത കുറവ് പരിമിതികളിൽ ഏറ്റവും പ്രധാനമാണ്. മാസ്റ്റർ പ്ലാനുകൾ, ജില്ലാ വികസന പദ്ധതികൾ, മെട്രോപൊളിറ്റൻ പദ്ധതികൾ എന്നിവയുടെ രൂപീകരണവും പൊതുവേ മന്ദഗതിയിലാണ്. ഇത്തരം പരിമിതികൾ മറികടക്കുന്നതിന് നിലവിലുള്ള സ്ഥലപരാസൂത്രണ സംവിധാനം കൂടുതൽ വികേന്ദ്രീകൃതമാകണം. പ്രാദേശിക ഭരണം ഈ പ്രക്രിയയിൽ കൂടുതൽ സക്രിയമാകേണ്ടതുമുണ്ട്.

നിലവിലുള്ള ലോക്കൽ ഏരിയ പ്ലാനുകളും ഡിസ്ട്രിക്ട് ടൗൺ പ്ലാനുകളും മാസ്റ്റർ പ്ലാനുകളും എല്ലാം തന്നെ പരസ്പരം ആവശ്യങ്ങൾ നിറവേറ്റാത്ത വിധത്തിലാണ് തയ്യാറാക്കപ്പെടുന്നത്. എൽഎപി മേഖലകൾ നിർവചിച്ചിട്ടില്ല. പല ചെറിയ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യവും വിഭവങ്ങളും ഇല്ലാത്തതിനാൽ, അവ ടൗൺ ആൻഡ് കൺട്രി ആസൂത്രണ വകുപ്പിനെ ആശ്രയിക്കേണ്ടിവരുന്നു. ഇത് കാലതാമസത്തിന് കാരണമാകുന്നു. പാരിസ്ഥിക വെല്ലുവിളികൾ നേരിടുന്ന നമ്മുടെ സംസ്ഥാനത്ത് തയ്യാറാക്കപ്പെടുന്ന സ്ഥലപര പദ്ധതികൾ പൊതുവേ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, സമുദ്രനിരപ്പ് ഉയരൽ തുടങ്ങിയ പ്രദേശാധിഷ്ഠിത പാരിസ്ഥിതിക ഭീഷണികൾ പരിഹരിക്കുന്നതിൽ പരാജയപ്പെടുന്നു എന്നതും ഗൗരവത്തിൽ തന്നെ കാണേണ്ടതുണ്ട്.

മാസ്റ്റർപ്ലാനുകളുടെ താരതമ്യ വിശകലനത്തിൽ വികസന നിയന്ത്രണ ചട്ടങ്ങളിൽ (DCR) വലിയ വ്യത്യാസമില്ലെന്ന് വ്യക്തമാകുന്നതായി കമ്മിഷൻ കരുതുന്നു. തീരദേശമേഖലയിലെയും ഉയർന്ന പ്രദേശങ്ങളിലെയും പാർപ്പിടമേഖലകളിൽ സമാന നിയമങ്ങൾ ബാധകമാക്കപ്പെടുന്നതിലുള്ള യുക്തിരഹിത്യം റിപോർട്ട് ചൂണ്ടികാണിക്കുന്നു. പദ്ധതികളിൽ മൈക്രോ-സോണേഷന്റെ (സമാന സ്വഭാവമുള്ള മേഖലകളെ ചെറിയ മേഖലകളായി വിഭജിക്കുന്നത്) അഭാവമുണ്ട്. ഭൂവിനിയോഗത്തെ ബാധിക്കുന്ന വലിയ തോതിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിൽ ഉള്ള പരാജയവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒതുക്കമുള്ള വളർച്ച (കോംപാക്ട് ഗ്രോത്ത്- compact growth), ബ്ലൂ-ഗ്രീൻ (ജലാശയങ്ങളും കരഭൂമിയും അടിസ്ഥാനമാക്കിയുള്ള) അടിസ്ഥാനസൗകര്യങ്ങൾ സംയോജിപ്പിക്കൽ, ജലഗതാഗതം മെച്ചപ്പെടുത്തൽ എന്നീ കാര്യങ്ങളിലും ശ്രദ്ധ പതിയേണ്ടതുണ്ട്. മെട്രോപൊളിറ്റൻ കമ്മിറ്റികൾ നിലവിൽ വരുന്നതോടൊപ്പം ഇത്തരം വിഷയങ്ങളിൽ അനുയോജ്യമായ ആസൂത്രണരീതികളും തദ്ദേശ സ്ഥാപങ്ങൾക്കിടയിൽ സംയോജന സാധ്യതകളും കണ്ടെത്തേണ്ടതുണ്ട്.

### 2. കാലാവസ്ഥാ അതിജീവനശേഷിയുള്ള നഗരവൽക്കരണം (Climate Resilient Urbanisation)

കാലാവസ്ഥാ വ്യതിയാനംകൊണ്ട് കേരളം പാരിസ്ഥിതികമായി ദുർബലമായിത്തീരുന്ന സാഹചര്യത്തിൽ കൂടിയാണെന്ന് കമ്മിഷൻ ശരിയായി വിലയിരുത്തുന്നു. ഇത് നേരിടുന്നതിന് സമഗ്രമായ ആസൂത്രണത്തെ (Integral Planning) സഹായിക്കുന്ന ഒട്ടേറെ നിർദേശങ്ങൾ കമ്മിഷൻ മുന്നോട്ടു വച്ചിട്ടുണ്ട്.

ഇതോടൊപ്പം ഊർജക്ഷമവും, കാർബൺ ന്യൂട്രലും പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ളതുമായ പ്രതിവിധികൾ, സ്ഥലപരമായ ആസൂത്രണം എന്നിവ സംയോജിപ്പിച്ച് ആസൂത്രണം സമഗ്രമാക്കേണ്ടതുണ്ട്. കാലാവസ്ഥാ-സ്മാർട്ട് അടിസ്ഥാനസൗകര്യങ്ങൾക്കും

സുസ്ഥിര ഭൂവിനിയോഗത്തിനും മുൻഗണന നൽകി, കേരളം സുസ്ഥിര വികസനത്തിനായുള്ള പുതിയ സമീപനം സ്വീകരിക്കണം എന്നുള്ള വിലയിരുത്തലും നഗര നയ കമ്മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഉയർന്നു വന്നിട്ടുണ്ട്.

### 3. ആവാസ വ്യവസ്ഥയും നിർമ്മിത പരിസ്ഥിതിയും (Built Environment and Habitat)

ആവാസ വ്യവസ്ഥയും നിർമ്മിത പരിസ്ഥിതിയും സംബന്ധിച്ച ചിന്തകളിലും ദ്രുതഗതിയിലുള്ള നഗര വൽക്കരണത്താൽ മുന്നറിയിപ്പ് നല്കുന്നു. ആധുനിക സാങ്കേതിക സങ്കേതങ്ങളും അസൂത്രണത്തിന്റെ പുതിയ രീതിശാസ്ത്രങ്ങളും ഇത്തരം വെല്ലുവിളികളെ അതിജീവിക്കുന്നതിനായി ഉപയോഗിക്കേണ്ടതുണ്ട്.

### 4. സുസ്ഥിര അടിസ്ഥാനസൗകര്യങ്ങളും അടിസ്ഥാന സേവനങ്ങളും (Sustainable Infrastructure and Basic Services)

ആസൂത്രിതമല്ലാതെയുള്ള നഗരവൽകരണം മൂലം ഇന്ത്യയിലെ നഗരങ്ങളിൽ ഗതാഗത സൗകര്യങ്ങൾ, കുടിവെള്ളം, സ്വീവറേജ്, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ വലിയ പോരായ്മകളുണ്ട്. വിമാനം, റെയിൽ, മെട്രോ, റോഡ്, ജലപാത, പ്രാദേശിക പാതകൾ, എന്നിവയെല്ലാം പരസ്പര ബന്ധിതമാക്കി മലിനീകരണവും ഗതാഗതക്കുരുക്കും ചെലവും പരമാവധി കുറയ്ക്കുന്നതിനുള്ള സംയോജിത സംവിധാനത്തെക്കുറിച്ച ആലോചിക്കേണ്ടതുണ്ട്. കേരളത്തിലെ നഗരങ്ങളിൽ തിരുവനന്തപുരത്തും കൊച്ചിയിലും മാത്രമേ ഭാഗികമായെങ്കിലും സ്വീവറേജ് സംവിധാനങ്ങൾ ഉള്ളു. വിനോദത്തിനും വിശ്രമത്തിനും സൗകര്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

### 5. ആരോഗ്യവും ക്ഷേമവും (Health and Well Being )

നഗരങ്ങളിലെ വീടുകളിൽ 100% ജലവിതരണം ഉറപ്പാക്കാൻ ശ്രമിക്കേണ്ടതുണ്ട്. ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ട കവറേജും യഥാർഥത്തിൽ കുടിവെള്ളം എത്തുന്ന വീടുകളുടെ എണ്ണവും തമ്മിൽ വലിയ അന്തരമുണ്ട്. കേരളത്തിലെ നഗരങ്ങളിൽ ശുദ്ധജല വിതരണത്തിനിടയിൽ നഷ്ടമാകുന്ന വെള്ളത്തിൻറെ അളവ് (നോൺറവന്യൂ വാട്ടർ- NRW) ശരാശരി 45 ശതമാനമാണ്. പൈപ്പുകളുടെ കാലപ്പഴക്കവും ഫലപ്രദമല്ലാത്ത നിരീക്ഷണ-പരിപാലന സംവിധാനവുമാണ് ഇതിനു പ്രധാന കാരണം.

നഗരങ്ങളിൽ പൈപ്പിലൂടെയുള്ള സമഗ്ര മലിനജല ശൃംഖല സ്ഥാപിക്കുന്നതിൽ സംസ്ഥാനം വലിയ പുരോഗതിയിലേക്കു പോകുന്നതേയുള്ളൂ. കേരളത്തിലെ നഗരങ്ങളിലെ 4-5 ശതമാനം വീടുകൾ മാത്രമേ നഗര മലിനജല ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുള്ളൂ. തിരുവനന്തപുരത്തെ ഇത് ഏകദേശം 40 ശതമാനമാണുള്ളതെങ്കിൽ, കൊച്ചിയിൽ വെറും അഞ്ച് ശതമാനമാണ്. സംസ്കരിച്ച മലിനജലത്തിന്റെ പുനരുപയോഗം നടത്തുന്ന കാര്യത്തിൽ, പുനരുപയോഗത്തിന്റെ ശരാശരി അളവ് ഏകദേശം 5-7 ശതമാനം മാത്രമാണ്.

കേരളത്തിൽ വയോജനങ്ങളുടെ എണ്ണം വർധിക്കുകയാണ്. 2051 ആകുമ്പോഴേക്കും ഇത് 31 ശതമാനം കവിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ ആവശ്യമാണ്. ജനസംഖ്യാപരമായ ഈ മാറ്റം,വർധിച്ചുവരുന്ന വിട്ടുമാറാത്ത രോഗങ്ങൾ, നഗര അടിസ്ഥാനസൗകര്യങ്ങളിലെ പരിമിതമായ പ്രവേശന ക്ഷമത, പ്രായമേറിയവർക്ക് അനുയോജ്യമായ നയങ്ങളുടെയും സംയോജിത ആരോഗ്യസംരക്ഷണ സംവിധാനങ്ങളുടെയും സാമൂഹികാധിഷ്ഠിത പിന്തുണാ സംവിധാനങ്ങളുടെയും അഭാവം വെല്ലുവിളികൾ ഉയർത്തുന്നു. ഈ സാഹചര്യത്തിൽ ആരോഗ്യസംരക്ഷണത്തിനുള്ള പ്രധാന യൂണിറ്റായി നഗരസാഹചര്യങ്ങളിൽ 'അയൽപക്കം' പുനർനിർവചിക്കേണ്ടതിന്റെ ആവശ്യകതയും ഉയർന്നു വന്നിട്ടുണ്ട്. നഗര വെൽനെസ് സെന്റേഴ്സിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ജലമലിനീകരണം, പരിതാപകരമായ മാലിന്യസംസ്കരണം, വായു മലിനീകരണം, താപ സമ്മർദം, അണുക്കൾ വഴി പകരുന്ന രോഗങ്ങൾ തുടങ്ങിയ കാലാവസ്ഥാ സംബന്ധിച്ച അപായസാധ്യതകൾ ഉൾപ്പെടെയുള്ള പാരിസ്ഥിതിക ആരോഗ്യ ആശങ്കകളെ ദ്രുതഗതിയിലുള്ള നഗരവൽക്കരണം കൂടുതൽ മോശമാക്കി. സുസ്ഥിര നഗരാസൂത്രണം, മെച്ചപ്പെട്ട ശുചിത്വം, ദുരന്ത പ്രതിരോധം എന്നിവ ഈ ആരോഗ്യ ഭീഷണികൾ ലഘൂകരിക്കുന്നതിൽ നിർണായകമാണ്. വിഷാദം, നാഡീവൈകല്യങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം തുടങ്ങിയ മാനസികാരോഗ്യ പ്രശ്നങ്ങൾ വർദ്ധിക്കുന്നതിലേക്ക് നഗരവൽക്കരണം നയിക്കുന്നു. തിരക്ക്, മലിനീകരണം, സാമ്പത്തിക സമ്മർദം, സാമൂഹികബന്ധങ്ങളുടെ തകർച്ച എന്നിവ ഇതിന് കാരണമാകുന്നു. സമൂഹാധിഷ്ഠിത (കമ്മ്യൂണിറ്റി ബേസ്ഡ്) മാനസികാരോഗ്യ ഇടപെടലുകൾ, ലഹരി മുക്ത കേന്ദ്രങ്ങൾ, നഗരാസൂത്രണത്തിൽ മാനസിക ക്ഷേമം സംയോജിപ്പിക്കൽ എന്നിവയുടെ പ്രാധാന്യം റിപ്പോർട്ട് എടുത്തുകാട്ടുന്നു. പുതിയ അയൽപക്കങ്ങൾ ശിഥിലീകരണത്തെ ചെറുക്കുന്നതിനുള്ള സാമൂഹിക കൂട്ടായ്മകൾ വളർത്തുന്നതിനുള്ള പ്രായോഗിക നടപടികളായി മാറ്റുന്നതിന് നഗര സ്വയം ഭരണ സ്ഥാപനങ്ങൾ നേതൃത്വം നല്കണം.

### 6. ജനം, സംസ്കാരം, പൈതൃകം (People, Culture, Heritage)

കുടിയേറ്റം മൂലം നഗരങ്ങളിലെ ജനങ്ങളുടെ വേരുകളറ്റു പോവുന്നതിനുള്ള പ്രവണത ശക്തമാണ്. അയല്പക്കക്കാർ തമ്മിലുള്ള ബന്ധങ്ങളും മുറിയുന്നു. ഈ പശ്ചാത്തലത്തിൽ പൈതൃക സംരക്ഷണത്തിനുള്ള കൺസർവേഷൻ നടപടികളും, മ്യൂസിയങ്ങളും പ്രധാനമാണ്. സാംസ്കാരിക മേളകളും സമുച്ചയങ്ങളും ഉണ്ടാവണം. മനുഷ്യർക്ക് കൂടിച്ചേരാൻ ഉള്ള സൗകര്യങ്ങളും താല്പര്യങ്ങളും സൃഷ്ടിക്കണം.

## 7. വളർച്ചാചാലകങ്ങൾ (Growth Drivers)

കേരളത്തിലെ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ഉയർന്ന സാങ്കേതികവിദ്യ, ഉയർന്ന മൂല്യവർദ്ധിത വ്യവസായങ്ങൾ, മലിനീകരണം ഏറ്റവും കുറഞ്ഞ ആധുനിക വ്യവസായങ്ങൾ എന്നിവയിൽ കേന്ദ്രീകരിക്കേണ്ടതുണ്ട്. സുസ്ഥിര വളർച്ചയുടെ ദിശയിലുള്ള സംസ്ഥാനത്തിന്റെ മുന്നേറ്റത്തിന്റെ ഭാഗമാവണം നഗരവൽകരണം.

ഘടനാപരമായ വലിയ പരിവർത്തനം കേരളത്തിന്റെ സാമ്പത്തിക രംഗത്ത് സംഭവിക്കുന്നതായി കമ്മിഷൻ നിരീക്ഷിക്കുന്നുണ്ട്. ദ്വിതീയ-തൃതീയ മേഖലകൾ ഒരുമിച്ച് GSVA-യിൽ 91 ശതമാനത്തിലധികവും തൊഴിൽരംഗത്ത് 72.7 ശതമാനവും സംഭാവന ചെയ്യുന്നു. സാമ്പത്തിക പുരോഗതിയുടെ പ്രവണതകൾ സംബന്ധിച്ച വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, 2035-36 ആകുമ്പോഴേക്കും കേരളത്തിന്റെ GDSP 45.62 ലക്ഷം കോടി രൂപയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. മധ്യ-തെക്കൻ ജില്ലകളിൽ ITES, വിനോദസഞ്ചാരം, സാമ്പത്തിക സേവനങ്ങൾ, റിയൽ എസ്റ്റേറ്റ്, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ സേവനമേഖലകളുടെ സാന്ദ്രത ഉയർന്ന തോതിലാണെന്നു കാണാൻ കഴിയും. വടക്കൻ ജില്ലകളിൽ ഈ അവസരങ്ങൾ കൂടുതൽ വ്യാപിപിക്കേണ്ടതിന്റെ ആവശ്യകതയാണ് കമ്മിഷൻ ചൂണ്ടിക്കാട്ടുന്നത്. ധനസഹായമുള്ള സ്റ്റാർട്ടപ്പുകളിൽ 90 ശതമാനത്തിലധികവും കൊച്ചിയിലും തിരുവനന്തപുരത്തുമാണ്. ഈ രണ്ട് നഗരങ്ങൾക്കും പുറത്തുള്ള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ കൂടുതൽ ശക്തിപ്പെടേണ്ടതുണ്ട്.

മനുഷ്യശേഷി വികസനത്തിൽ കേരളം വളരെക്കാലമായി മികവ് പുലർത്തിയിട്ടുണ്ട്. എന്നാൽ ഈ കഴിവിനെ ഉൽപ്പാദനപരമായ മനുഷ്യ മൂലധനമാക്കി മാറ്റുന്നതിലുള്ള വെല്ലുവിളി തുടരുന്നു. സംസ്ഥാനത്തെ തൊഴിൽ ആവശ്യകതയ്ക്കും ലഭ്യതയ്ക്കുമിടയിലെ പൊരുത്തക്കേട് വിദ്യാസമ്പന്നരായ യുവാക്കളുടെ തൊഴിലില്ലായ്മ വെളിവാക്കുന്നു. കേരളത്തിലെ ഭാവി വളർച്ചയ്ക്ക് വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് നഗരവൽക്കാരണത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തണം.

## 8. പ്രാദേശിക സാമ്പത്തിക വികസന ചട്ടക്കൂട് (LED Framework)

സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയെ മുറിച്ചുകടക്കാൻ കഴിയുന്ന തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ചാലക ശക്തികളാക്കുന്നതിനും നഗര ധനകാര്യ മേഖല കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനുമുള്ള നിർദേശങ്ങളും കമ്മിഷൻ മുന്നോട്ട് വയ്ക്കുന്നു.

തെരഞ്ഞെടുത്ത പിപിപി (8. പബ്ലിക് (P) പ്രൈവറ്റ് (P) പാർട്ണർഷിപ്പ് (P) ) പദ്ധതികൾക്ക് അപ്പുറം സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിൽ നഗരതദ്ദേശ സ്ഥാപനങ്ങളുടെ അവസരം പരിമിതമാണ്. വ്യവസായ ഇന്റർഫേസുകൾ സ്ഥാപിക്കാനും നിലനിർത്താനുമുള്ള ശേഷി അവയ്ക്കില്ല. വ്യാവസായിക പങ്കാളിത്തങ്ങൾ, സംരംഭ ശൃംഖലകൾ, നഗരാന്തര ബന്ധങ്ങൾ, അക്കാദമിക്-സ്റ്റാർട്ടപ്പ് സഹകരണത്തിനൊപ്പം കേരളത്തിലെ പ്രവാസികളുമായുള്ള സഹകരണം എന്നിവ വളർത്തിയെടുക്കുന്നതിന് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണ്.

കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖല വികസിക്കുമ്പോൾ, പരിമിതമായ അവസാന ഘട്ട ധനസഹായം, അപര്യാപ്തമായ വ്യവസായ സഹകരണങ്ങൾ, ദുർബലമായ നവീകരണ ശൃംഖലകൾ എന്നിവ കാര്യമായ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇവ വളർച്ചയെ തടസ്സപ്പെടുത്തുന്ന പ്രധാന വിടവുകളായി കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന്റെ വ്യതിരിക്തമായ സെറ്റിൽമെന്റ് പാറ്റേണിൽ സ്മാർട്ട് സിറ്റി വികസനത്തിനുള്ള പ്രധാന ചട്ടക്കൂടുകളായി നഗര പ്രദേശങ്ങൾ, സാമ്പത്തിക ക്ലസ്റ്ററുകൾ, സംരംഭക ഹബ്ബുകൾ എന്നിവയ്ക്ക് മുൻഗണന നൽകണം.

മൂല്യവർധിത സ്റ്റാർട്ടപ്പുകളെ പരിപോഷിപ്പിക്കുക, നഗര ഭൂമി (പ്രത്യേകിച്ച് മുനിസിപ്പൽ ഭൂമി) കാര്യക്ഷമമായി ഉപയോഗിക്കുക, ആവശ്യകത അടിസ്ഥാനമാക്കിയുള്ള നൈപുണ്യവികസനം പ്രോത്സാഹിപ്പിക്കുക, സുസ്ഥിര-ഉത്തരവാദിത്വ വിനോദസഞ്ചാര സംരംഭങ്ങളെ പിന്തുണയ്ക്കുക, സമൂഹവും വിപണിയും അടിസ്ഥാനമാക്കിയുള്ള സൂക്ഷ്മ സംരംഭങ്ങളെയും ചെറുകിട വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക അതിജീവനശേഷിയും ഉൾപ്പെടുത്തലും വർധിപ്പിക്കുന്നതിന് നഗരങ്ങളിലെ വഴിയോര കച്ചവടത്തെ ഔപചാരിക സമ്പദ്‌വ്യവസ്ഥയിൽ സംയോജിപ്പിക്കുക എന്നിവയാണ് നഗര പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്കുള്ള പ്രധാന ചാലകങ്ങൾ.

കുടുംബശ്രീയും സഹകരണ മാതൃകകളും സാമൂഹികാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങൾക്ക് കരുത്തുറ്റ അടിത്തറ നൽകിയിട്ടുണ്ട്. എന്നാൽ പരിമിതമായ വിപണി പ്രവേശനം, ദുർബലമായ സാമ്പത്തിക പിന്തുണ, സാങ്കേതികപരിമിതികൾ എന്നിവ ഇവയുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നു. സംസ്ഥാനം സ്വീകരിക്കുന്ന ഗ്രാന്റ് അടിസ്ഥാനമാക്കിയുള്ള സമീപനത്തിൽ നിന്ന് സാമ്പത്തിക പ്രാപ്യതയിലേക്കുള്ള മാറ്റം അനിവാര്യമാണ്.

## 9. നൂതന-സുസ്ഥിര നഗര ധനസഹായം (Innovative and Sustainable Urban Financing)

നൂതനവും സുസ്ഥിരവുമായ നഗര ധനകാര്യം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നു. മറ്റ് സംസ്ഥാനങ്ങളുമായുള്ള താരതമ്യത്തിൽ കേരളത്തിന് ഇനിയും ഒട്ടേറെ മുന്നോട്ട് പോകാനുണ്ട് എന്ന് കാണാം. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം വരുമാന സ്രോതസ്സിൽ നിന്നുള്ള വിഹിതവും അവയുടെ തനത് വരുമാനവും താരതമ്യം ചെയ്യുമ്പോൾ, ഈ അനുപാതം 2019-20ലെ 44 ശതമാന

ത്തിൽ നിന്ന് 2023-24ൽ 34 ശതമാനമായി കുറഞ്ഞതായി കാണുന്നു. ഗുജറാത്തിലെ മുനിസിപ്പൽ വരുമാനത്തിന്റെ 73 ശതമാനവും സ്വന്തം വരുമാനമാണ്. ആന്ധ്രാപ്രദേശിൽ ഈ സംഭാവന 79 ശതമാനമാണ്.

എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളുടെയും പ്രധാന വരുമാന സ്രോതസ്സാണ് വസ്തുനികുതി. ഇത് അവരുടെ സ്വന്തം വരുമാനത്തിന്റെ 48.28 ശതമാനവും നികുതി വരുമാനത്തിന്റെ 66.4 ശതമാനവുമാണ്. നഗര തദ്ദേശ സ്ഥാപനങ്ങളുടെ സ്വന്തം വരുമാനത്തിന്റെ ഏകദേശം 20 ശതമാനവും നികുതി വരുമാനത്തിന്റെ 32 ശതമാനവും പ്രൊഫഷണൽ ടാക്സാണ്. നികുതിയേതര വരുമാനത്തിന്റെ 57.8 ശതമാനവും ഫീസുകളും പിഴകളുമാണ്; അതേസമയം യൂസർ ചാർജുകൾ (ഉപയോക്തൃനിരക്കുകൾ) 6.9 ശതമാനം മാത്രമാണ്.

കേരളത്തിൽ, കേന്ദ്ര-സംസ്ഥാന സർക്കാർ വിഭവങ്ങളിൽനിന്നുള്ള ഗ്രാന്റുകളെ അമിതമായി ആശ്രയിക്കുന്നു. നഗര തദ്ദേശ സ്ഥാപനങ്ങളുടെ മൊത്തം വരുമാനത്തിന്റെ 66 ശതമാനവും ഗ്രാന്റുകളാണ്. നഗര തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടുകളുടെ വിനിയോഗത്തിന്റെ വേഗത മന്ദഗതിയിലാണെന്നു സിഎജി റിപ്പോർട്ട് ചെയ്തു. കേന്ദ്രം സ്പോൺസർ ചെയ്ത പദ്ധതികൾ പ്രകാരം അനുവദിച്ച ധനസഹായത്തിന്റെ 41.37 ശതമാനവും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ 55.51 ശതമാനവും 2021-22 സാമ്പത്തിക വർഷാവസാനം വരെ വിനിയോഗിക്കാതെ തുടർന്നു; അതു തുടർന്നുള്ള വർഷത്തിലാണ് ഉപയോഗിച്ചത്.

## 10. കൂട്ടായ തദ്ദേശ സ്വയംഭരണം (Collective Local Self Governance)

കേരളത്തിന്റെ ജനകീയ വിധാനങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി മാത്രമേ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും അഭിമുഖീകരിക്കാൻ കഴിയുകയുള്ളൂ എന്ന് കമ്മിഷൻ വിലയിരുത്തുന്നു. മനുഷ്യാഭിമുഖ്യത്തോടെ തദ്ദേശ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് ഒരു നഗരവൽക്കരണ നയം രൂപീകരിക്കുന്ന പ്രവർത്തനം ലോകത്ത് തന്നെ അപൂർവമായ ഒന്നാണെന്ന് കമ്മിഷൻ അഭിപ്രായപ്പെടുന്നു.

നിയന്ത്രണളും അധികാരങ്ങളുടെ ഭാഗികമായ വികേന്ദ്രീകരണവും മുനിസിപ്പൽ സ്വയംഭരണത്തെ ഗണ്യമായ തോതിൽ പരിമിതപ്പെടുത്തുന്നു. ഇത് വിഭവപരിപാലനത്തിലെ കാര്യക്ഷമതയില്ലായ്മയിലേക്ക് നയിക്കുന്നു. കൂടാതെ, സംസ്ഥാന നിയന്ത്രിത നിയമനങ്ങളിൽ നിന്നും കാലഹരണപ്പെട്ട സ്റ്റാഫ് ഘടനകളിൽ നിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഫലപ്രദമായ ഭരണനിർവഹണത്തെ തടസ്സപ്പെടുത്തുന്നു. പ്രൊഫഷണലിസത്തിന്റെ അഭാവം, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കുള്ള കുറഞ്ഞ പ്രതിഫലം, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളിലെ ഏകോപനമില്ലായ്മ എന്നിവ ഈ വെല്ലുവിളികളെ കൂടുതൽ രൂക്ഷമാക്കുന്നു.

അവസാനമായി, 1999-ൽ സമഗ്രഭേദഗതി വരുത്തിയ കേരള മുനിസിപ്പാലിറ്റി നിയമം, സമകാലിക നഗര ഭരണ വെല്ലുവിളികളെ നേരിടുന്നതിനായി പുനരവലോകനം ചെയ്യേണ്ടതുണ്ട്. കൂടാതെ, നിയമങ്ങളുടെ ആവർത്തനം ബന്ധപ്പെട്ടവരുടെ പങ്കിലും ഉത്തരവാദിത്വങ്ങളിലും അവ്യക്തതകൾ സൃഷ്ടിക്കുന്നു. ഉത്തരവാദിത്വം കാര്യക്ഷമമാക്കുന്നതിന് പ്രസക്തമായ എല്ലാ നിയമങ്ങളുടെയും സമഗ്രമായ മാപ്പിങ്ങിന്റെ ആവശ്യകത ഇത് എടുത്തുകാട്ടുന്നു.

ഭരണത്തിൽ പാർശ്വവൽകൃത സമൂഹങ്ങൾക്ക് തീരുമാനമെടുക്കുന്നതിലെ സ്വാധീനം കുറവാണെങ്കിലും, യുവാക്കൾ, വയോധികർ, കുടിയേറ്റ തൊഴിലാളികൾ (അതിഥി തൊഴിലാളികൾ) എന്നിവരുടെ ഉൾപ്പെടുത്തലിനു കരുത്തുപകരേണ്ടതിന്റെ ആവശ്യകത വളരെ കൂടുതലാണ്. കൂടാതെ, അവബോധം, പ്രോത്സാഹനങ്ങൾ, പൗര ഇടപെടലിനുള്ള സമർപ്പിത ഇടങ്ങൾ എന്നിവയുടെ അഭാവം ഭരണപ്രക്രിയകളിലെ ഫലപ്രദമായ പങ്കാളിത്തം കുറയ്ക്കുന്നു.

പ്രശ്നങ്ങളും പ്രതിസന്ധികളും ഉയർന്നു വന്ന ശേഷം പരിഹാരം കാണാൻ ശ്രമിക്കുന്ന ഭരണസമീപനത്തിൽ നിന്ന് മാറി,അവ മുൻകൂട്ടി കണ്ട് പരിഹരിക്കുന്നതിനുള്ള നഗരപരിവർത്തനത്തിന്റെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അനിശ്ചിതത്വങ്ങളുമായി കാലേക്കൂട്ടി പൊരുത്തപ്പെടാൻ കഴിയുന്ന സമീപനത്തിലേക്കു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറേണ്ടതുണ്ട്.

## III
## ഭാവി നിർദ്ദേശങ്ങൾ

1. നിലവിലുള്ള നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇന്നുള്ള ക്ലാസ്സിഫിക്കേഷൻ പുനഃപരിശോധനയ്ക്ക് വിധേയമാവണം. ജനസംഖ്യ, സാമ്പത്തികം, സ്ഥലമാനം, ഉത്തരവാദിത്വ ഭാരം എന്നിവ കണക്കിലെടുത്തുകൊണ്ട് റീക്ലാസ്സിഫൈ ചെയ്യണം. ഇങ്ങനെ ചെയ്യുമ്പോൾ വലുപ്പം, ഫങ്ഷണൽ റോൾ, ആവാസ വ്യവസ്ഥ, ഗ്രാമീണ ബന്ധങ്ങൾ, എന്നിവ പരിഗണിക്കണം.
2. മെട്രോപോളിറ്റൻ നഗര ആസൂത്രണ സമിതികൾ രൂപീകരിക്കണം. ഇത് ചെയ്യുമ്പോൾ നിലവിലുള്ള ഡിപിസി യും ജില്ലാ പദ്ധതിയുമായുള്ള ബന്ധം സംബന്ധിച്ച് വ്യക്തത വരുത്തണം.
3. സ്റ്റാന്റിംഗ് കമ്മറ്റികളുടെ എണ്ണം വർദ്ധിപ്പിക്കാം. അതോടൊപ്പം സ്റ്റിയറിങ് കമ്മറ്റികളുടെ അധികാരങ്ങൾ വിപുലപ്പെടുത്തുകയും വേണം.
4. നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഭരണപരവും, ധനപരവുമായ അധികാരം നൽകണം. സെക്രട്ടറിയുടെ ധനകാര്യ പരിധി ഉയർത്തണം. നഗരസഭകൾക്കുള്ളിൽ ആഭ്യന്തരമായി കൂടുതൽ അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യണം.
5. സ്റ്റാഫ് പാറ്റേൺ പ്രൊഫെഷനലൈസ് ചെയ്യുകയും സ്റ്റാൻഡേർഡൈസ് ചെയ്യുകയും

വേണം. കൂടുതൽ സ്പെഷ്യലൈസ് എൻജിനീയർമാർ ഉണ്ടാവണം.

6. പ്രൊജക്ടുകൾ ഡിസൈൻ ചെയ്യുന്നതിനും നടപ്പാക്കുന്നതിനും കൺസൾട്ടൻസി സേവനങ്ങൾ ഉപയോഗപ്പെടുത്തണം.

7. ശുചിത്വ മേഖലയിലുള്ള മിഷൻ, കമ്പനി, മറ്റ് ഏജൻസികൾ എല്ലാം സംയോജിപ്പിച്ച് വേസ്റ്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണം.

8. പബ്ലിക് (P) പ്രൈവറ്റ് (P) പാർട്ണർഷിപ്പ് (P) അടിസ്ഥാനത്തിലുള്ള PPP പ്രൊജക്ടുകളെയും പബ്ലിക് (P) പ്രൈവറ്റ് (P) പീപ്പിൾ (P) പാർട്ണർഷിപ്പ് (P) അടിസ്ഥാനത്തിലുള്ള PPPP പ്രൊജക്ടുകളെയും പ്രോത്സാഹിപ്പിക്കണം.

9. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് (SPV) സംവിധാനങ്ങൾ വഴിയുള്ള വിഭവ ശേഖരണത്തെയും പദ്ധതി നിർവ്വഹണത്തേയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

10. കേരള മുനിസിപ്പൽ ആക്ട് നവകേരള നഗരനയത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കണം. ഈസ് ഓഫ് ഡൂയിങ്ങിനും ഈസ് ഓഫ് ലിവിങ്ങിനും പ്രാധാന്യം നൽകണം.

11. മുനിസിപ്പൽ ധനകാര്യത്തിൽ പൊളിച്ചെഴുത്ത് ഉണ്ടാവണം. തനത് വരുമാനം വർധിപ്പിക്കാൻ നടപടി ഉണ്ടാവണം. റവന്യൂ കളക്ഷൻ ഡിജിറ്റലൈസ് ചെയ്യണം. പെർഫോമൻസുമായി ബന്ധപ്പെട്ട് ഉള്ള ധനസഹായവും ആലോചിക്കാവുന്നതാണ്. അക്കൗണ്ടിംഗ് ഓഡിറ്റ് സംവിധാനത്തെ പ്രൊഫെഷനലൈസ് ചെയ്യണം.

12. KURDFC പുനഃസംവിധാനം ചെയ്യണം. മുനിസിപ്പൽ ബോണ്ടുകൾ ഇറക്കുവാൻ അനുമതി നൽകണം. ഇതിനും മറ്റ് ധനകാര്യ കാര്യങ്ങൾക്കും മേൽനോട്ടം വഹിക്കാൻ ഒരു ബോർഡ് ഓഫ് റവന്യു സംസ്ഥാനതലത്തിൽ രൂപീകരിക്കാവുന്നതാണ്.

13. നഗരഭരണത്തിൽ പങ്കാളിത്ത വേദികൾ കൂടുതൽ സൃഷ്ടിക്കേണ്ടതുണ്ട്. വാർഡ്സഭകൾ പ്രവർത്തനക്ഷമം ആവണം. വാർഡ് സഭ കൗൺസിൽ ഉണ്ടാക്കാം. നഗരസഭകളുടെ വലിപ്പം പരിഗണിച്ചു കൊണ്ട് വികസന പാരിസ്ഥിതിക ഭൂപ്രകൃതി പരിഗണനകൾ കണക്കിലെടുത്തുകൊണ്ട് ഏതാനും ഡിവിഷനുകൾ ചേർത്ത് മേഖല സമിതികൾ രൂപീകരിക്കുന്ന കാര്യവും പരിഗണിക്കാം. റെസിഡൻഷ്യൽ അസോസിയേഷനുകളെ വാർഡ് സഭകളുമായി ഔപചാരികമായി ബന്ധപ്പെടുത്തണം. അയൽക്കൂട്ടങ്ങൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയ്ക്കും പ്രത്യേക സ്ഥാനം നൽകാം. വാർഡ് സഭകൾ ചേരുന്നതിനു മുൻപ് അജണ്ട ഇത്തരം വേദികൾക്ക് വിതരണം ചെയ്യുകയും അവരുടെ അഭിപ്രായങ്ങൾ നിയോഗിക്കപ്പെട്ട പ്രതിനിധികൾ വഴി വാർഡ് സഭയിൽ ഉന്നയിക്കുന്നതിനു സന്ദർഭം നൽകുകയും ആവാം.

14. കിലയെ നഗരഭരണത്തിന്റെ സെന്റർ ഓഫ് എക്സലൻസ് ആയി വളർത്തണം. അക്കാഡമിക് സ്ഥാപനങ്ങളും, ഗവേഷണസ്ഥാപനങ്ങളും, സന്നദ്ധ സംഘടനകളുമായുള്ള നഗരസഭയുടെ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കണം.

15. നഗരസഭകൾ ഗ്രേഡ് ചെയ്യുന്നതിന് പ്രത്യേക സൂചകത്തിന് രൂപം നൽകണം.

16. നഗരഭരണവുമായി ബന്ധപ്പെട്ട സമഗ്രമായ സ്ഥിതിവിവരശേഖരം സൃഷ്ടിക്കണം.

17. കെ - സ്മാർട്ട് സമ്പൂർണ്ണമാക്കണം, സുതാര്യതയ്ക്ക് ഡിജിറ്റൽ ഡാഷ് ബോർഡുകൾ ഉണ്ടാവണം

18. നഗരങ്ങളിൽ സർഗ്ഗാത്മക സാംസ്കാരിക ഇടങ്ങൾ സൃഷ്ടിക്കണം. പൊതുസ്ഥലങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തണം. സുരക്ഷിത രാത്രികാല കൂടിച്ചേരലിന് മാനവീയം വീഥി പോലുള്ള ഇടങ്ങൾ ഉണ്ടാവണം. സാംസ്കാരിക ഇടനാഴികൾ സൃഷ്ടിക്കണം. മ്യൂസിയങ്ങൾ, ഗാലറികൾ, സംഗീത നാടക ശാലകൾ എന്നിവ അനിവാര്യമാണ്.

19. SDG (സുസ്ഥിര വികസന ലക്ഷ്യങ്ങൾ) യുടെ പ്രാദേശികവൽക്കരണ റിപ്പോർട്ട് തയ്യാറാക്കണം, നഗര ദുരന്ത നിവാരണ റിപ്പോർട്ട് പരിഷ്കരിക്കണം. സമ്പൂർണ്ണ പാർപ്പിടം നടപ്പാവണം.

20. നിലവിലുള്ള ആരോഗ്യ വിദ്യാഭ്യാസ സംവിധാനങ്ങളിലെ വിടവുകൾ നികത്തണം. ഇവ സംബന്ധിച്ച് സംസ്ഥാന തലത്തിലുള്ള പരിപാടികൾക്ക് ജനകീയ പിന്തുണ ഉറപ്പുവരുത്തണം.

21. സമഗ്ര വയോജന പരിപാടി നിർബന്ധമായും നടപ്പാവണം.

22. നഗരങ്ങളിലാണ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. നഗരങ്ങളിലുള്ളവർക്കും പ്രാന്തപ്രദേശങ്ങളിൽ ഉള്ളവർക്കും തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നൈപുണ്യ പരിശീലനവും, സംവിധാങ്ങളും രൂപീകരിക്കണം.

23. നഗരത്തെ വളർച്ചാ ഹബ്ബായി മാറ്റുന്നതിനുള്ള സമഗ്ര എക്കണോമിക് പ്ലാനും അതോട് ബന്ധപ്പെടുത്തിയുള്ള സ്ഥാനമാണ പ്ലാനും ശാസ്ത്രീയമായി തയ്യാറാക്കണം.

# 25

# നൈപുണി പരിശീലനവും തൊഴിലും ജനകീയ കാമ്പയിൻ

വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനമാണ് കേരള വികസനത്തിന്റെ അടുത്തഘട്ടം. മികച്ച പശ്ചാത്തലസൗകര്യങ്ങളുടെ നിർമ്മാണവും വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലുള്ള ഉയർന്ന നിക്ഷേപവും ഉന്നതവിദ്യാഭ്യാസത്തിന്റെ സമൂലമായ അഴിച്ചുപണിയും ഈ പരിവർത്തനത്തിന്റെ പ്രമുഖ മൂന്ന് ഘടകങ്ങളാണ്. നാലാമത്തെ ഘടകം ഉയർന്ന നൈപുണിയുള്ള തൊഴിൽസേനയുടെ സൃഷ്ടിയാണ്. ഏറ്റവും നൂതനമായ സാങ്കേതികവിദ്യകളിൽ പരിശീലനം ലഭിച്ചിട്ടുള്ള തൊഴിൽ ശക്തിയുടെ ലഭ്യതയ്ക്ക് കേരളത്തിലേക്ക് വ്യവസായ നിക്ഷേപത്തെ ആകർഷിക്കുന്നതിന് സുപ്രധാന പങ്കുവഹിക്കാൻ കഴിയും. ഇതിന് കൃത്യമായൊരു കർമ്മ പരിപാടിക്ക് രൂപം നൽകേണ്ടതുണ്ട്.

## I
## വിദ്യാഭ്യാസ സ്ഥാപനാടിസ്ഥാനത്തിലുള്ള നൈപുണി പരിശീലന പരിപാടി

### സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കേരളത്തിലെ എഞ്ചിനീയറിങ്, പോളിടെക്നിക്, ഐടിഐ എന്നീ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് 70000-ത്തോളം വിദ്യാർത്ഥികൾ സാങ്കേതിക പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട്. പോളിടെക്നിക്, ഐ ടി ഐ വിദ്യാഭ്യാസത്തിന് അർഹിക്കുന്ന മുൻഗണന കേരളം നൽകിയിട്ടില്ലായെന്നതാണ് വസ്തുത. ചുരുക്കം ചില സ്ഥാപനങ്ങൾ ഒഴികെ ബാക്കിയൊരിടത്തും അത്യാധുനിക നൂതന നൈപുണി കോഴ്സുകൾ പഠിപ്പിക്കുന്നതിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടില്ല. BOSCH-ന്റെ സഹായത്തോടെ ഗവ. വിമൻസ് പോളിടെക്നിക്, കളമശ്ശേരി സ്കിൽ ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഇതിന് അപവാദങ്ങളാണ്. ഭൂരിപക്ഷം വിദ്യാർത്ഥികളും പഠിക്കുന്നത് പരമ്പരാഗതമായ കോഴ്സുകളാണ്. താൽപര്യമുള്ള മേഖലയിൽ ജോലി ലഭിക്കുന്നതിനാവശ്യമായ നൈപുണി ഉറപ്പാക്കുന്നതിനുള്ള കോഴ്സുകൾ പാഠ്യപദ്ധതിയുടെ ഭാഗമാകേണ്ടതും പ്രധാനമാണ്.

വ്യവസായ മേഖലയിൽ ദ്രുതഗതിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള നൂതന നൈപുണികളുടെ പരിശീലനം നൽകാൻ കഴിയുന്നില്ല. തലശ്ശേരിയിലെ NTTF-ലെ ഹൈടെക് ടൂൾ റൂമുകൾക്ക് തുല്യമായ സൗകര്യങ്ങൾ നമ്മുടെ എല്ലാ പോളിടെക്നിക്കുകളിലും ഐ ടി ഐകളിലും സൃഷ്ടിക്കുന്നതിന് കഴിഞ്ഞിരുന്നെങ്കിൽ ഉറപ്പായും നല്ല തൊഴിലവസരങ്ങൾ നമ്മുടെ കുട്ടികൾക്ക് ഉറപ്പുവരുത്താനാകുമായിരുന്നു.

ഇതോടൊപ്പം ഡിജിറ്റൽ സാങ്കേതിക വിദ്യാമേഖലയിലെ മുന്നേറ്റങ്ങൾക്ക് അനുസൃതമായി ഡിജിറ്റൽ ഉള്ളടക്ക നിർമ്മിതി, നിർമ്മിത ബുദ്ധി, മെഷീൻ ലേർണിങ്, ഡേറ്റാ അനലിറ്റിക്സ്, വിഡിയോ ആനിമേഷൻ ഗ്രാഫിക്സ്, സ്പെഷ്യൽ എഫക്ട്സ്, വിർചൽ റിയാലിറ്റി എന്നീ ആധുനിക സങ്കേതങ്ങളിലുള്ള ലാബുകളും അനിവാര്യമാണ്.

എഞ്ചിനീയറിങ് കോളേജുകളിൽ ടെക്വിപ് പ്രോഗ്രാമിന് ശേഷം ലാബ് സൗകര്യങ്ങളുടെ നവീകരണം നടന്നിട്ടില്ല. ഇൻഡസ്ട്രി 5.0 സാങ്കേതിക വിദ്യകൾക്ക് അനുസൃതമായ ലാബ് സൗകര്യങ്ങളുടെ ഏറ്റവും പുതിയ തൊഴിൽ മേഖലകളിലുള്ള പരിശീലനത്തിന് വിഘാതമായിട്ടുണ്ട്.

എങ്കിൽ തന്നെയും സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികളിൽ 20 - 25 ശതമാനം പേർക്കെങ്കിലും ഇപ്പോൾ തന്നെ ക്യാമ്പസ് പ്ലേസ്മെന്റ് നൽകുന്നതിനു കഴിയുന്നുണ്ട്. ഇതിന്റെ അടിസ്ഥാനം ഈ സ്ഥാപനങ്ങളിലെ പ്ലേസ്മെന്റ് ഓഫീസർമാരും സ്ഥാപനാധികൃതരും എടുക്കുന്ന മുൻകൈ ആണ്. ഓരോ സ്ഥാപനത്തിനും പരമ്പരാഗതമായി റിക്രൂട്ട്മെന്റിനുവേണ്ടി അവരുമായി ബന്ധപ്പെടുന്ന കമ്പനികളുമായി സജീവബന്ധമുണ്ട്. കമ്പനികളുടെ ആവശ്യാനുസരണം വിവിധ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് റിക്രൂട്ട്മെന്റ് നടത്തുന്ന രീതിയുമുണ്ട്. പോളിടെക്നിക്കുകൾക്കായി സാങ്കേതികവിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് പ്ലെയ്സ്മെന്റ് സംവിധാനം ഇതിന് ഉദാഹരണമാണ്. കമ്പനികളുടെ നൈപുണി ആവശ്യങ്ങൾ മനസിലാക്കി അതനുസരിച്ചുള്ള അധി

കപരിശീലനം നൽകുക പതിവാണ്. നല്ല വിഷയാധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്ലേസ്മെന്റ് ലഭിക്കുന്നതിന് പ്രയാസം ഉണ്ടാവാറില്ല.

എന്നാൽ ഇ-മൊബിലിറ്റി, സെമികണ്ടക്ടർ, ഗ്രീൻ എനർജി, ഹൈഡ്രജൻ ടെക്നോളജി എന്നിങ്ങനെ പ്രത്യേക തൊഴിൽ മേഖലകളിലെ അവസരങ്ങൾ ലഭ്യമാവണമെങ്കിൽ വ്യാവസായിക ഗവേഷണ സ്ഥാപനങ്ങളിലെ പ്രത്യേക ലാബ് സൗകര്യങ്ങൾ ഉപയോഗിച്ചുള്ള പ്രോജക്റ്റുകളിലുള്ള പരിശീലനമോ ഓൺ ദി ജോബ് പരിശീലനമോ (ഒ.ജെ.റ്റി) അടങ്ങുന്ന പ്രത്യേകം പരിശീലനം അനിവാര്യമാണ്. റിക്രൂട്ട് ട്രെയിൻ ഡിപ്ലോയ് മാതൃകയിലുള്ള പരിപാടികളും വേണ്ടി വരും. ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (ജി.സി.സി) കൾക്കാവശ്യമായ ഫ്രെഷർമാരെ സൃഷ്ടിക്കണമെങ്കിൽ ഫയർ ഓർഡർ തിങ്കിങ്ങിലുള്ള പ്രത്യേക പരിശീലനവും, നിർമ്മിത ബുദ്ധി, ഡാറ്റാ അനലറ്റിക്സ്, ഐ.ഒ.റ്റി, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിലുള്ള പ്രത്യേക പരിശീലനവും ആവശ്യമായി വരും. ഈ ദിശകളിലാകണം നൈപുണ്യ പരിശീലന പരിപാടിയിലെ പുതിയ ഊന്നൽ.

## ആർട്സ് ആൻഡ് സയൻസ് കോളേജുകൾ

ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ പരിതാപകരമാണ് പൊതുവിൽ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ സ്ഥിതി. ഈ സ്ഥാപനങ്ങളിൽ ഇന്ന് പഠിപ്പിക്കുന്ന കോഴ്സുകൾ ഒരു വിദ്യാർഥിയെയും പ്രത്യേകിച്ച് ഒരു ജോലിക്കും പ്രാപ്തരാക്കുന്നില്ല. നിലവിലുള്ള കോഴ്സുകൾ പലതും പഠിച്ചതുകൊണ്ട് മാത്രം ജോലി കിട്ടാനുള്ള സാധ്യതയും കുറവാണ്. ഇതുമൂലം പല കോഴ്സുകൾക്കും എൻറോൾ ചെയ്യുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വരികയാണ്. കേരളത്തിൽ പഠിച്ചാലും ജോലി കിട്ടുമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ ഈ ഒരു പ്രവണത അവസാനിപ്പിക്കാനാവൂ.

ഇവിടെയും ചുരുക്കം ചില ഓട്ടോണമസ് കോളേജുകൾ കമ്പനികളുമായി നേരത്തെ ബന്ധപ്പെട്ട് അവരുടെ ആവശ്യാനുസൃതമായ നൈപുണി പരിശീലനം പഠനത്തിന്റെ ഭാഗമാക്കാറുണ്ട്. കോമേഴ്സ് - മാനേജ്മെന്റ് വിഷയങ്ങളിലാണ് ഈ പ്രവണത കൂടുതൽ. ഇതിന്റെ സത്ഫലവും ക്യാമ്പസ് പ്ലേസ്മെന്റിൽ ഈ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് 4 വർഷ കോഴ്സിന്റെ ഭാഗമായി രണ്ടാം വർഷം മുതൽ ക്രെഡിറ്റ് ലഭിക്കുന്ന രീതിയിൽ കരിക്കുലത്തിന്റെ ഭാഗമായി നൈപുണി പരിശീലനം ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കാരം നടപ്പിലാക്കിയത്. ഇതുവരെയുള്ള അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും, ട്രെയിനിങ് ഏജൻസികളുടെ അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടും അതി വിപുലമായ ഒരു നൈപുണി പരിശീലന പരിപാടിക്കു രൂപം നൽകേണ്ടതുണ്ട്.

## സ്ഥാപന നൈപുണി കാമ്പയിന്റെ പ്രത്യേകതകൾ

നൈപുണി പരിശീലന പരിപാടിയുടെ വൈപുല്യം തന്നെയാണ് ഈ പരിപാടിയുടെ ആദ്യത്തെ പ്രത്യേകത. കോളേജ്, ഐ ടി ഐ, പോളിടെക്നിക്, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഏതാണ്ട് 3 ലക്ഷം അവസാന വർഷ വിദ്യാർഥികൾക്ക് പഠനം പൂർത്തിയാക്കുമ്പോൾ നൈപുണി പരിശീലനം നൽകുകയാണ് ലക്ഷ്യം.

രണ്ടാമതായി, ഈ നൈപുണി പരിശീലന പരിപാടി പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായിരിക്കണം. സാധാരണഗതിയിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിങ് ഏജൻസികളാണ് നൈപുണി പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകുക. സ്വകാര്യ ട്രെയിനിങ് ഏജൻസികൾക്ക് ഈ പരിപാടിയിൽ സജീവമായ പങ്കാളിത്തം നൽകുമെങ്കിലും കോഴ്സുകളുടെ ഉള്ളടക്കത്തിനും സംഘാടനത്തിനും നേതൃത്വം നൽകുക അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്കിൽ സെന്റർ ആയിരിക്കണം. കൂടാതെ, അതത് മേഖലയിൽ ലഭ്യമായ ജോലി ചെയ്യാൻ അനിവാര്യമായ നൈപുണി ഉറപ്പാക്കുന്നതിനുള്ള കോഴ്സുകൾ പാഠ്യപദ്ധതിയുടെ ഭാഗമാകണം. ഇത്തരം കോഴ്സുകൾ ഇലക്ടീവ് ആയി പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടാകണം. കമ്പനികളിൽ നിന്നുള്ള വിദഗ്ധരുടെ സേവനം ഈ കോഴ്സുകളുടെ ഉള്ളടക്കം നിശ്ചയിക്കുന്നതിൽ ഉറപ്പാക്കണം.

മൂന്നാമത്തെ, പ്രത്യേകത അതിവിപുലമായ സന്നദ്ധ മെന്റർമാരുടെ ഒരു സഞ്ചയമാണ്. ഒരു ലക്ഷം മെന്റർമാരെയെങ്കിലും കണ്ടെത്തുവാൻ കഴിയണം. ഇതിനും വികേന്ദ്രീകൃതമായ സ്ഥാപനാടിസ്ഥാനത്തിലുള്ള ഇടപെടലാണ് മുഖ്യമായും ഉണ്ടാവേണ്ടത്. ഓരോ സ്ഥാപനത്തിന്റെയും പൂർവ്വ വിദ്യാർഥി നെറ്റ് വർക്ക് ഇതിനായി ഉപയോഗപ്പെടുത്തണം. രാജ്യത്ത് ആദ്യമായിട്ടായിരിക്കും ഇത്ര വിപുലമായ തോതിൽ പൂർവവിദ്യാർത്ഥികളെ അവരുടെ മാതൃവിദ്യാലയത്തിലെ നൈപുണി പരിശീലനത്തിന് മെന്റർമാരായി റിക്രൂട്ട് ചെയ്യുന്നത്. സംസ്ഥാനത്ത് വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന പ്രൊഫഷണലുകളെയും മെന്റർമാരാക്കുന്നതിനും അവരുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അക്കാദമിക് പ്രൊജക്റ്റുകളായി ചെയ്യാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ടാക്കുന്നതിനും സാധിക്കണം.

നാലാമതായി, കേരള നോളഡ്ജ് ഇക്കണോമി മിഷൻ (കെകെഇഎം), അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്), കേരളാ അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (കെഎഎസ്ഇ), നാഷണൽ എംപ്ലോയ്മെന്റ് സർവീസിന്റെ കേന്ദ്രങ്ങൾ, ഐസിറ്റി അക്കാഡമി, സെന്റർ ഫോർ കണ്ടിന്യൂയിങ് എജ്യൂക്കേഷൻ കേരള (സിസിഇകെ) തുടങ്ങി എല്ലാ സർക്കാർ നൈപുണി ഏജൻസികളും വിജ്ഞാന കേരളം നൈപുണി ക്യാമ്പയിനിൽ ഏകോപിച്ചു പ്രവർത്തിക്കണം. ഇവരുമായി

ബന്ധപ്പെട്ട അക്രഡിറ്റഡ് സ്വകാര്യ ഏജൻസികൾക്കും ക്യാമ്പയിനിൽ പങ്കുണ്ടാവും. ഇത്തരത്തിൽ ഏകോപനത്തിനുള്ള വേദിയായിട്ടായിരിക്കണം വിജ്ഞാനകേരളം പ്രവർത്തിക്കേണ്ടത്.

അഞ്ചാമതായി, നൈപുണി പരിശീലനത്തിന്റെ ഭാഗമായുള്ള കോഴ്സുകൾക്ക് സർവ്വകലാശാല അംഗീകൃത സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടിയുണ്ടാകണം. ഇതിനുപുറമേ കോഴ്സറ, ലിങ്ക്ഡ്-ഇൻ, ഫൗണ്ടിറ്റ് എന്നിവയുടെ കോഴ്സുകൾ എടുക്കുന്നവർക്ക് അതിനുള്ള ആക്ടിവിറ്റി പോയിന്റുകൾ സഞ്ചയിക്കുന്നതിനുള്ള സൗകര്യവുമുണ്ടാകണം.

ആറാമതായി, ഈ നൈപുണി കാമ്പയിന്റെ ഭാഗമായി ആവശ്യമായ എല്ലാ സ്ഥാപനങ്ങളിലും സ്കിൽ പഠനത്തിനാവശ്യമായ ലാംഗ്വേജ് ലാബും മറ്റു പശ്ചാത്തല സൗകര്യങ്ങളും സൃഷ്ടിക്കണം. റെഗുലർ ക്ലാസ് ഇല്ലാത്ത സമയങ്ങളിൽ ഈ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ വിദ്യാർത്ഥികൾക്ക് സൗകര്യം ഒരുക്കണം. രാത്രി 9 വരെയും അവധി ദിവസങ്ങളിലും ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

## നൈപുണി പരിശീലന കോഴ്സുകൾ നാല് വർഷബിരുദത്തിൽ

ഉന്നതവിദ്യാഭ്യാസത്തെ നൈപുണി പരിശീലനവുമായി ബന്ധപ്പെടുത്തുമ്പോൾ ലക്ഷ്യമിടേണ്ടത് ഡേറ്റ എൻട്രി പോലുള്ള പരിശീലനങ്ങൾ അല്ല എന്ന് വ്യക്തമാക്കട്ടെ. താഴെ പറയുന്നത് പോലുള്ള നൂതന വിദ്യകൾക്കാണ് മുൻഗണന നൽകേണ്ടത്.

ഇൻഡസ്ട്രി 5.0 സ്കിൽസ്: ബിഗ് ഡാറ്റ അനലിറ്റിക്സ്, മെഷീൻ ലേണിങ്, നിർമ്മിത ബുദ്ധി, ക്ലൗഡ് കംമ്പ്യൂട്ടിങ്, ബ്ലോക്ക് ചെയിൻ ആൻറ് ഡിസ്ട്രിബ്യൂട്ടട് ലെഡ്ജർ ടെക്നോളജീസ്, ക്വാണ്ടം കമ്പ്യൂട്ടിങ്, ഹെൽത് ടെക്നോളജി, റിന്യൂവബിൾ എനർജി, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ, ഫുൾ സ്റ്റാക് ഡെവലപ്പ്മെന്റ്, സൈബർ സെക്യൂരിറ്റി, സൈബർ ഫോറൻസിക്സ്.

ഡിജിറ്റൽ സ്കിൽസ്: ഡിജിറ്റൽ ഡിസൈൻസ്, ഡിജിറ്റൽ കണ്ടെന്റ് ക്രിയേഷൻ ആൻഡ് ഡെലിവറി, ഡിജിറ്റൽ മാർക്കറ്റിംഗ്, കണ്ടന്റ് ക്രിയേഷൻ ടൂൾസ്, മീഡിയ, അനിമേഷൻ, വിർചൽ റിയാലിറ്റി ഗ്രാഫിക്സ്.

ലൈഫ് സ്കിൽസ്: ഓറൽ-റിട്ടൺ കമ്മ്യൂണിക്കേഷൻ, നെഗോഷ്യേഷൻ സ്കിൽസ്, ക്രിറ്റിക്കൽ തിങ്കിങ്, ഡിസിഷൻ മെക്കിങ്, ലീഡർഷിപ്പ് ആന്റ് ടീം വർക്, ഫൈനാൻഷ്യൽ മാനേജ്മെന്റ്, ലീഗൽ ആൻഡ് ലേബർ ലോ അവയർനെസ്, എത്തിക്സ് ഇൻ ബിസിനസ്

ലാംഗ്വേജ് സ്കിൽസ്: ഫോറിൻ ലാംഗ്വേജ് സ്കിൽസ്, മലയാളം കമ്പ്യൂട്ടിങ് സ്കിൽസ്

ഫങ്ഷണൽ സ്കിൽസ്: എച്ച് ആർ പ്രോസസ്, ഫൈനാൻസ് ആൻഡ് അക്കൌണ്ടിങ്, ഓഡിറ്റ് ക്വാളിറ്റി കൺട്രോൾ ആന്റ് അഷ്വറൻസ് പ്രോജക്ട് മാനേജ്മെന്റ്, പ്രോബ്ലം സോൾവിങ് ആന്റ് അനലിറ്റിക്സ് സ്കിൽസ്, ഇൻസ്ട്രുമെന്റേഷൻ ആന്റ് കൺട്രോൾ, പ്രിസിഷൻ പ്ലാനിങ് ആന്റ് ഷെഡ്യൂളിങ് തുടങ്ങിയവ

ഡൊമൈൻ സ്കിൽസ്: സിന്തറ്റിക് ബയോളജി, ജനറ്റിക് എഞ്ചിനീയറിങ്, റിന്യൂവബിൾ എനർജി, അഡ്വാൻസ്ഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആൻഡ് അഡിറ്റീവ് മാനുഫാക്ചറിംഗ് ഡിസൈൻസ്, അഗ്രിക്കൾച്ചറൽ കൺസൾട്ടിംഗ്, പെറ്റ് കെയർ, പാരാ മെഡിക്കൽ ഡൊമൈനിലുള്ള മെഡിക്കൽ കോഡിംഗ്, ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈൻ തുടങ്ങിയവ.

സയൻസ്, ടെക്നോളജി, എഞ്ചിനീയറിങ് ആൻഡ് മാത്ത്സ് മേഖലയിലെ പുത്തൻ അവസരങ്ങൾ: അർബൻ പ്ലാനിങ്, സ്മാർട്ട് ഹാബിറ്റാറ്റ്സ്, സ്ട്രക്ചറൽ ഡിസൈൻസ്, റിമോട്ട് നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ തുടങ്ങിയവ.

ബിസിനസ് സ്കിൽസ്: ബിസിനസ് അനാലിസിസ്, പ്രോഡക്ട് ഡെവലപ്പ്മെന്റ്, പ്രോജക്ട് മാനേജ്മെന്റ്, ബിസിനസ് പ്രോസസ് റീ-എഞ്ചിനീയറിങ് തുടങ്ങിയവ.

ഫിൻടെക് സ്കിൽസ്: ബാങ്കിങ്, ഫൈനാൻഷ്യൽ സർവീസുകൾ, ഇൻഷുറൻസ് തുടങ്ങിയ മേഖലകൾക്കായുള്ള പ്രത്യേക ഡൊമൈൻ പരിശീലനം.

നൈപുണി വികസനം വിദ്യാഭ്യാസത്തിന്റെ ഭാഗമായി തന്നെ നടക്കേണ്ടുന്ന ഒരു പ്രക്രിയയാണ്. ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കുന്ന മുഴുവൻ പേരും വിജ്ഞാന സമ്പദ്ഘടനയിൽ തൊഴിലെടുക്കാൻ പ്രാപ്തിയുള്ളവരാക്കേണ്ടതുണ്ട്.

## ഓരോ വിദ്യാർത്ഥിക്കും കോഴ്സുകളുടെ ഒരു മെനു

വിദ്യാർഥികളുടെ അഭിരുചിയും ജോബ് പ്ലേസ്മെന്റിനുള്ള സാധ്യതയും പരിഗണിച്ചിട്ടുവേണം കോഴ്സുകൾ തിരഞ്ഞെടുക്കാൻ. ഇതിനായി കമ്പനികളുമായിട്ട് പ്ലേസ്മെന്റ് സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനും കോഴ്സുകൾക്ക് രൂപം നൽകുന്നതിനും വിജ്ഞാനകേരളത്തിനു മുൻകൈ എടുക്കാവുന്നതാണ്. യൂണിവേഴ്സിറ്റി തന്നെ മുൻകൈ എടുത്ത് വിവിധ വിഷയങ്ങളിൽ ബന്ധപ്പെട്ട കമ്പനികളുടെ പ്രതിനിധികളും വിദഗ്ധരുമായി തൊഴിലവസരങ്ങളെക്കുറിച്ചും നൈപുണി ആവശ്യങ്ങളെ കുറിച്ചും ശില്പശാലകൾ സംഘടിപ്പിക്കാവുന്നതാണ്. മഹാത്മാഗാന്ധി സർവ്വകലാശാല ഇത്തരത്തിൽ 6 വിഷയങ്ങളെ മുൻനിർത്തി യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടത്തിയ അഫിലിയേറ്റഡ് കോളേജുകളുടെ വിപുലമായ കൂടിച്ചേരൽ എല്ലാവർക്കും മാതൃകയാണ്. അവസാനം എന്ത് കോഴ്സുകൾ പഠിപ്പിക്കണം എന്നത് തിരഞ്ഞെടുക്കുക അതത് വിദ്യാഭ്യാസ സ്ഥാപനത്തിലെ സ്കിൽ സെന്ററായിരിക്കും. തൊഴിലുകളുടെ ആവശ്യമനുസരിച്ച് രൂപം നൽകുന്ന പരമാവധി മൂന്ന് മാസം ദൈർഘ്യമുള്ള ടാലന്റ് ആക്സിലറേഷൻ നൈപുണി പരിശീലന പരിപാടികൾക്കാകും മുൻഗണന.

വിജ്ഞാന കേരളത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നിലവിൽ ആവശ്യമായ നൈപുണി പരിശീലന

ത്തിന് പിന്തുണ നൽകുന്ന ഒരു ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ കേന്ദ്രീകൃത സംവിധാനത്തിന്റെ നിർമ്മാണ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. നിലവിൽ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം ഓഫ് കേരള (SDPK) സെന്ററുകൾ വെർച്വൽ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതിനാണ് പ്രധാനമായും ഉപയോഗപ്പെടുത്തുന്നത്. ഈ SDPK സെന്ററുകളിലൂടെ ആവശ്യാനുസരണം, വിജ്ഞാന കേരളം രൂപപ്പെടുത്തിയ അദ്ധ്യാപക–ഇൻഡസ്ടറി നെറ്റ്വർക്ക് ഉപയോഗപ്പെടുത്തി, ഐ ടി ഐ, പോളിടെക്നിക്, എഞ്ചിനീയറിങ്, ആർട്സ് & സയൻസ് വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര ഉന്നമനത്തിനായി നൈപുണി പരിശീലന കോഴ്സുകൾ രൂപപ്പെടുത്തുകയും അവ ഒരു വാർഷിക സ്കിൽ കലണ്ടറിൽ ചാർട്ട് ചെയ്ത് ഇന്ററാക്ടിവ് ലൈവ് സ്ട്രീമിങ് പ്രോഗ്രാം ആയി സെക്ടർ തിരിച്ചു നടത്താവുന്നതാണ്. ഇത് പാഠ്യ-പദ്ധതിയുടെ രൂപരേഖയോടൊപ്പം ചിട്ടപ്പെടുത്തി എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന രീതിയിൽ വിഭാവന ചെയ്യേണ്ടതാണ്.

കോളേജുകളിലെ സ്കിൽ സെന്ററുകളുടെ ആഭിമുഖ്യത്തിൽ, ആവശ്യമായ വിദ്യാർത്ഥികളെ ഈ കോഴ്സുകളിലേക്ക് ചേർത്ത് പരിശീലനം നൽകുന്ന രീതിയിലാണ് സംവിധാനം പ്രവർത്തിക്കേണ്ടത്. ഇതിനായി സർക്കാർ സഹായത്തോടെയോ അല്ലെങ്കിൽ സ്ഥാപനങ്ങളുടെ സ്വന്തം വിഭവങ്ങൾ ഉപയോഗിച്ചോ എല്ലാ കോളേജുകളിലും SDPK സെന്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്.

ഇതിലൂടെ അതത് കോളേജുകളിലെയും പുറത്തുമുള്ള ഒരു വിപുലമായ മെന്റർ പൂൾ, അവരുടെ വൈദഗ്ദ്യത്തിനനുസൃതമായി പ്ലാറ്റ്ഫോമുമായി ബന്ധിപ്പിക്കാൻ സാധിക്കും. നമ്മുടെ അദ്ധ്യാപകരുടെയും ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന മലയാളി സാങ്കേതിക വിദഗ്ദരുടെയും സഹകരണത്തോടെ, ഒരു ഡിജിറ്റൽ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം സംസ്ഥാനത്ത് രൂപപ്പെടുത്തേണ്ടതുണ്ട്.

ഇതോടൊപ്പം, വലിയ അന്താരാഷ്ട്ര കമ്പനികൾ സ്ഥാപിക്കുന്ന ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (Global Capability Centres - GCCs) ഈ സംരംഭവുമായി ബന്ധിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. സാധാരണയായി ചെലവ് ലാഭം, കാര്യക്ഷമത, നവീകരണം എന്നിവ ലക്ഷ്യമാക്കി രൂപം കൊള്ളുന്ന GCCകൾ, വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് ഒരു ശക്തമായ എൻജിനായി മാറുകയും സ്കില്ലിംഗ്, ഗവേഷണം, ഡിജിറ്റൽ പഠനം എന്നിവയിൽ സംസ്ഥാനത്തെ യുവജനങ്ങൾക്ക് വഴികാട്ടിയാവുകയും ചെയ്താൽ, നമ്മുടെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള അവസരങ്ങൾ ലഭ്യമാകും.

വരുന്ന വർഷങ്ങളിൽ, ഈ സംരംഭങ്ങളെ സംയോജിപ്പിച്ച് പൊതു-ഉന്നത വിദ്യാഭ്യാസ, തൊഴിൽ-നൈപുണി, വാണിജ്യ വകുപ്പുകളുടെ സംയുക്ത പദ്ധതിയായി ഒരു "സ്കിൽ യൂണിവേഴ്സിറ്റി" ആയി വികസിപ്പിച്ചെടുക്കാനും സാധിക്കും. ഇത്തരം ഒരു സംരംഭം, കോഴ്സെറ, ലിങ്ക്ഡ്-ഇൻ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ പണം നൽകി വാങ്ങുന്നതിനെക്കുറിച്ചുള്ള വിമർശനങ്ങൾക്ക് പ്രായോഗിക ബദലായിരിക്കും. ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമുകളിൽ ലഭ്യമായ ഉള്ളടക്കങ്ങൾ ഉപയോഗപ്പെടുത്തി, മികവ് തെളിയിച്ച അദ്ധ്യാപകരുടെയും ഇൻഡസ്ട്രിയുടെയും സഹകരണത്തോടെ, സ്വയം ചിട്ടപ്പെടുത്താവുന്ന ഒരു കേരളീയ സ്കിൽ ഇക്കോസിസ്റ്റം രൂപപ്പെടുത്താൻ ഇതിലൂടെ കഴിയും.

മേല്പറഞ്ഞ രീതിയിൽ കാര്യങ്ങൾ മുന്നോട്ടു നീങ്ങിയാൽ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം ഓഫ് കേരള (SDPK) സെന്ററുകളുടെ മുഖ്യ ലക്ഷ്യങ്ങൾ ഇവയായിരിക്കും.

1. സ്കിൽ കോഴ്സ് ഡെലിവറി ഹബ്സ്
2. ഇൻഡസ്ടറി -ജിസിസി (ഗ്ലോബൽ കേപ്പബിലിറ്റി സെന്റേഴ്സ്) ഇന്റർഫേസ് പോയ്ന്റ്സ്
3. മെന്റർ പൂൾ മാനേജ്മന്റ് യൂണിറ്റ്സ്.
4. വെർച്ച്വൽ ജോബ് ഫെയർ & പ്ലേസ്മെന്റ് നോട്സ്.

ഡൊമൈൻ ബെയ്സ്ഡ് കോഴ്സുകൾക്കു പുറമേ ഇംഗ്ലീഷ് ഭാഷയിലും മറ്റു വിദേശ ഭാഷകളിലും ഉള്ള കോഴ്സുകൾ പഠിക്കുവാനുള്ള സൗകര്യമുണ്ടാകും. കോളേജുകളിൽ വർക്ക് റെഡിനസ് പ്രോഗ്രാം പോലുള്ള തയ്യാറെടുപ്പ് കോഴ്സുകളും സൗജന്യമായി ലഭ്യമാക്കും. ഫ്രീലാൻസ് തൊഴിലുകൾക്ക് തയ്യാറാകുന്നവർക്കുവേണ്ടി ഡിജിറ്റൽ നൈപുണി വർദ്ധനയിലൂന്നിയുള്ള പ്രത്യേക പരിശീലന പരിപാടികൾ. ഇതിനു പുറമെ ആണ് കേന്ദ്ര സർക്കാരിന്റെ ഇന്റേൺഷിപ്പ് സ്കീമുകൾ, അപ്രന്റിസ്ഷിപ്പ് പ്രോഗ്രാമുകൾ.

## ഇന്നവേഷനും സ്റ്റാർട്ട് അപ്പ് സംരംഭങ്ങളും

ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിശീലന പരിപാടികളിലെ ഉള്ളടക്കത്തിലെ മാറ്റംകൊണ്ടും നൈപുണ്യ പരിപാടി കൂടി ചേർത്തതു കൊണ്ടും മാത്രം കാര്യമില്ല. മിക്കവാറും കോളേജുകളിൽ എന്തിന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലും പരിശീലനം പരമ്പരാഗത രീതിയിലാണ്. അദ്ധ്യാപകൻ പഠിപ്പിക്കുന്നു, കുട്ടികൾ കുറിപ്പുകളെടുക്കുന്നു, ഈ കുറിപ്പുകളുടെ അടിസ്ഥാനത്തിൽ പരീക്ഷയെഴുതുന്നു.

റീഡ്, റീകാൾ, റീ-പ്രൊഡ്യൂസ് എന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി പ്രോബ്ലം ബേസ്ഡ് ലേർണിങ് അഥവാ പ്രശ്നാധിഷ്ഠിത പഠനത്തിന്റെ മാർഗ്ഗം അവലംബിക്കണം. ഇത്തരത്തിലുള്ള പ്രവർത്തന രീതിയിലാണ് ഇന്നവേഷൻ പ്രവർത്തനങ്ങളിലൂടെ കെ-ഡിസ്ക് നടപ്പാക്കുന്നത്. ഇവ പൂർണ്ണമായും മുഖ്യധാരാ സംവിധാനത്തിൽ ഏകോപിപ്പിക്കാൻ സമയമെടുക്കും.

ഇതിനൊക്കെ പുറമേ സംരംഭകത്വത്തിൽ താല്പര്യമുള്ളവരുടെ പ്രോത്സാഹനാർത്ഥം ഇൻക്യുബേഷൻ സെന്ററുകളും യംങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം പോലുള്ള സ്കീമുകളും പ്രത്യേക മെന്ററിംഗും ലഭ്യമാക്കേണ്ടത് പ്രധാനമാണ്. വിവിധങ്ങളായ മത്സരങ്ങളിലൂടെ വിദ്യാർഥികളുടെ നൂതനമായ ആശയങ്ങളും പ്രോട്ടോടൈപ്പുകളും ഉൽപന്നമാക്കി മാറ്റുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ഉണ്ടാവണം.

കൂടാതെ, സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വിദഗ്ധരുടെ സേവനം മെന്റർമാരായി ലഭ്യമാക്കണം.

### സന്നദ്ധ മെന്റർമാരുടെ ആഗോള ശൃംഖല

സ്കിൽ കോഴ്സുകളെല്ലാം മുഖ്യമായും ഓൺലൈൻ ആയിട്ടാണ് പഠിപ്പിക്കുക. ഓൺലൈൻ പരിശീലനമാണെങ്കിലും വിദ്യാർത്ഥികൾക്ക് നേരിട്ടുള്ള സംശയദൂരീകരണ ക്ലാസുകളും ഓഫ് ലൈൻ / ഓൺലൈൻ മെന്ററിംഗും അനിവാര്യമാണ്. ഇതിന് അതിവിപുലമായ മെന്റേഴ്സിന്റെ ഒരു സന്നദ്ധസേനയുണ്ടാകണം. മുൻപ് സൂചിപ്പിച്ചതുപോലെ അതിലേറ്റവും പ്രധാനം പൂർവ്വ വിദ്യാർഥികളായ പ്രൊഫഷണലുകൾ ആയിരിക്കും.

തങ്ങൾ പഠിച്ച കോളേജിലെ ഇന്നത്തെ വിദ്യാർത്ഥികൾക്കുവേണ്ടി ലോകത്ത് എവിടെ ജോലി ചെയ്താലും ഓൺലൈനായി ആഴ്ചയിൽ ഒരു മണിക്കൂർ വീതം മാറ്റിവയ്ക്കുന്നതിന് ഇവരിൽ വലിയൊരു വിഭാഗം തയ്യാറാകും. പ്രൊഫഷണൽ അല്ലെങ്കിൽ അക്കാദമിക് ജോലികളിൽ ഏർപ്പെടുന്നവരെ മാത്രമാണ് ഇങ്ങനെ ഉപയോഗിക്കുവാൻ കഴിയുക. ഓരോ കോളേജും നൈപുണി പരിശീലന തൊഴിൽ പരിപാടിയെക്കുറിച്ച് ഒരു രേഖ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അന്തർദേശീയ അലുമിനി യോഗങ്ങൾ വിളിച്ചു ചേർക്കുകയും വേണം.

ഇതിനു പുറമെ, നേരിട്ട് കുട്ടികളെ സഹായിക്കുന്നതിനുള്ള കമ്മ്യൂണിറ്റി മെന്റർമാരും ഉണ്ടാവണം. കോളേജിനു പുറത്തുള്ള പ്രൊഫഷണലുകൾക്കും, റിട്ടയർ ചെയ്തവർക്കും മെന്റർമാരായി പ്രവർത്തിക്കാം. വിദ്യാഭ്യാസ സ്ഥാപനത്തിലെ പരിശീലനത്തിന് സഹായിക്കുക മാത്രമല്ല, പുറത്തുള്ള ഉദ്യോഗാർത്ഥികൾക്ക് നൈപുണി പരിശീലനം നൽകുന്നതിനും അവർ നേരിട്ട് പങ്കാളികളാകും. മാനസികസമ്മർദ്ധങ്ങളെ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് സൈക്കോളജിക്കൽ കൗൺസിലർമാരുടെ സേവനവും മെന്റർ മാതൃകയിൽ ലഭ്യമാക്കണം. ജനകീയാസൂത്രണ കാലത്തെ സന്നദ്ധ-സാങ്കേതിക സേനയുടെ (ടെക്നിക്കൽ വോളണ്ടിയർ കോർ) അനുഭവം നമുക്കുണ്ട്.

നൽകുന്ന സേവനങ്ങളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ മെന്റർമാരെ സോഫ്റ്റ് സ്കിൽ മെന്റർമാർ, ഇംഗ്ലീഷ് ഭാഷാ മെന്റർമാർ, ഡൊമൈൻ മെന്റർമാർ, കൗൺസിലിങ് മെന്റർമാർ എന്നിങ്ങനെ നാലായി തരംതിരിക്കാനാവും.

നമ്മൾ ഇപ്പോൾ ഏറ്റെടുക്കാൻ പോകുന്ന സ്കിൽ ദൗത്യത്തിന് സമാനമായ സംരംഭങ്ങൾ ലോകത്തെവിടെയും ഉണ്ടായതായി അറിവില്ല. കേരളമെന്ന ആശയത്തിന് അന്തർദേശീയ തലത്തിലുള്ള പിന്തുണ ഉപയോഗപ്പെടുത്തി പുരോഗമന ജനാധിപത്യ വിശ്വാസികളായ മലയാളികളല്ലാത്ത പണ്ഡിതരെയും മെന്റർസേനയിലേക്ക് ആകർഷിക്കാൻ പരിപാടി തയ്യാറാക്കണം.

### വിദ്യാർഥികളെ പ്രചോദിപ്പിക്കാൻ മോട്ടിവേറ്റേഴ്സ്

നാം ലക്ഷ്യമിടുന്ന തോതിൽ നൈപുണി വികസന പരിപാടിയിൽ വിദ്യാർത്ഥികൾ പങ്കാളികളാകണമെങ്കിൽ അവരെ ബോധവൽക്കരിക്കുന്നതിനും മോട്ടിവേറ്റ് ചെയ്യുന്നതിനും തുടർച്ചയായ ഇടപെടൽ ഉണ്ടാകണം.

വിദ്യാഭ്യാസ മാനേജ്മെന്റുകളുടെ പൂർണ്ണ പിന്തുണ ഉറപ്പാക്കാൻ ആയാലേ നൈപുണി ക്യാമ്പയിൻ ഫലപ്രദമായി നടപ്പാക്കുവാനാവൂ. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം പല വിഷയങ്ങളിലും പഠിക്കാൻ ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലായെന്നുള്ളതാണ്. ഈ പ്രതിസന്ധി മറികടക്കാൻ കുറുക്കുവഴികളില്ല. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് പഠനം പൂർത്തിയായാൽ പ്ലേസ്മെന്റ് നൽകാൻ കഴിയുമെന്ന് ഉറപ്പാക്കുക മാത്രമാണ് മാർഗ്ഗം.

വിദ്യാർഥികളെ പ്രചോദിപ്പിക്കാൻ സാധിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട വിഭാഗം സ്ഥാപനങ്ങളിലെ അധ്യാപകരാണ്. പ്രൊഫഷണൽ സംഘടനകൾക്കും യുവ അച്ചീവേഴ്സിനും മുൻകൈയെടുക്കാവുന്നതാണ്. അതുപോലെതന്നെ പഞ്ചായത്ത്/മുനിസിപ്പൽ അടിസ്ഥാനത്തിലുള്ള ജോബ് സ്റ്റേഷൻ / ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് സാമൂഹ്യപിന്തുണ നൽകാനാകും.

ഹയർസെക്കൻഡറി അടക്കം കേരളത്തിൽ നാഷണൽ സർവീസ് സ്കീമിൽ ഏതാണ്ട് മൂന്നരലക്ഷം വിദ്യാർഥികളുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നൈപുണി പരിപാടികളുടെ വോളന്റീയർ ഫോഴ്സ് ഇവരുടേതായിരിക്കും. സ്കിൽ കണക്ട് പോലുള്ള പ്രോഗ്രാമിനുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യിക്കൽ, ലൈവ് സ്ട്രീം പരിപാടികളുടെ സംഘാടനം, നൈപുണി പരിശീലനവുമായി ബന്ധപ്പെട്ട യോഗങ്ങളും സംവാദങ്ങളും സംഘടിപ്പിക്കാൻ സഹായിക്കുക എന്നിവയ്ക്ക് ഇവർ മുൻകൈ എടുക്കും.

ജോബ് സ്റ്റേഷനുമായി ബന്ധപ്പെട്ടുള്ള സന്നദ്ധപ്രവർത്തനങ്ങളിൽ എൻഎസ്എസ് അംഗങ്ങൾ പങ്കാളികളാകും. പുതിയ തൊഴിലന്വേഷകരെ കണ്ടെത്തി രജിസ്റ്റർ ചെയ്യിക്കുന്നതിനും, തൊഴിലന്വേഷകരെ തൊഴിൽ മേളകളുമായി ബന്ധപ്പെടുന്നതിനും ഇവർക്ക് വലിയ സംഭാവന ചെയ്യുവാനാവും. ഈ വർഷത്തെ പ്രവർത്തന തീം ആയി എൻഎസ്എസ് തിരഞ്ഞെടുത്തിട്ടുള്ള "മാനസ ഗ്രാമം" പരിപാടിയിൽ ഒരു പ്രധാന ഇനം എല്ലാ വീട്ടിലും ഒരാൾക്കെങ്കിലും നല്ല തൊഴിൽ ഉറപ്പുവരുത്തലാണ്. ഇതിനായുള്ള പ്രവർത്തനങ്ങളെ വിജ്ഞാനകേരളം ക്യാമ്പയിനുമായി ബന്ധപ്പെടുത്തുന്നതിനു പ്രയാസമുണ്ടാവില്ല. ഈ പ്രവർത്തനങ്ങളെ ശ്രീ നാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള സാമൂഹ്യസേവന പ്രവർത്തന കോഴ്സിന്റെ ഭാഗമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## II
## പഠനം പൂർത്തിയാക്കിയ തൊഴിലന്വേഷകരുടെ നൈപുണി പരിശീലനം

പഠിക്കുന്നവർക്കെന്നപോലെ പഠനം കഴിഞ്ഞവരുടെയും അഭിരുചിയും പ്രാപ്തിയും മനസിലാക്കി ഉചിതമായ തൊഴിലിൽ നൈപുണി പരിശീലനം നൽകുകയും തൊഴിൽദാതാക്കളെ നേരിട്ടു ബന്ധപ്പെട്ടോ അല്ലെങ്കിൽ തൊഴിൽ മേളകളിലൂടെയോ അവർക്കു ജോലി നൽകുന്നതിനും പദ്ധതി വേണം. ഇതിനായൊരു പരിപാടി കേരള നോളജ് ഇക്കോണമി മിഷൻ ആവിഷ്കരിക്കുകയുണ്ടായി. ഇതിന്റെ കേന്ദ്രബിന്ദു ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന പോർട്ടലാണ്.

### ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS)

19 വയസിനും 59 വയസിനും ഇടയ്ക്ക് പ്രായമുള്ള അഭ്യസ്തവിദ്യരായവർക്ക് (പ്ലസ് ടു, ഐറ്റിഐ, ഡിപ്ലോമ, ഡിഗ്രി, ബി.ടെക് തുടങ്ങിയവർ) DWMS-ൽ രജിസ്റ്റർ ചെയ്യാം. തൊഴിലന്വേഷകർക്ക് സ്വന്തം DWMS പ്രൊഫൈലിൽ യോഗ്യത, സ്കിൽ, എക്സ്പീരിയൻസ് എന്നിവ കൃത്യമായി നൽകി രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ വേണ്ടത്ര സ്വാഭാവികമായി വരാത്തതുകൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടന്ന കാമ്പയിനിലൂടെ 18.50 ലക്ഷത്തിലേറെ വരുന്ന തൊഴിലന്വേഷകർ ഈ പ്ലാറ്റ് ഫോമിൽ പേര് രജിസ്റ്റർ ചെയ്യുകയുണ്ടായി.

അതുപോലെതന്നെ തൊഴിൽദാതാക്കൾ അവർക്ക് ആവശ്യമുള്ള തൊഴിലുകളുടെ കൃത്യമായ യോഗ്യതയും തൊഴിൽസ്ഥലവും ശമ്പളവുമെല്ലാം സൂചിപ്പിച്ചുകൊണ്ടുള്ള വിവരങ്ങളും ഈ പ്ലാറ്റ് ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. DWMS-ൽ ഇത്തരത്തിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ കാലാവധി കഴിയുമ്പോൾ പിൻവലിക്കപ്പെടും. പുതിയ തൊഴിലുകൾ പ്രത്യക്ഷപ്പെടും. അങ്ങനെ ഏതു സമയത്തും പതിനായിരക്കണക്കിന് തൊഴിലവസരങ്ങൾ DWMS പ്ലാറ്റ് ഫോമിൽ ലഭ്യമാണ്.

രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകർക്ക് ലഭ്യമായ തൊഴിലുകളിലേക്ക് കൃത്യമായ വിവരങ്ങൾ നൽകിക്കൊണ്ട് തൊഴിലിന് അപേക്ഷിക്കാം. തുടർന്ന് തൊഴിൽദാതാവ് അപേക്ഷകരുടെ യോഗ്യതയും മറ്റു വിവരങ്ങളും പരിശോധിച്ച് അനുയോജ്യമെങ്കിൽ അഭിമുഖത്തിന് അവസരം നൽകും. അഭിമുഖം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് തൊഴിൽ നൽകും.

അഭിമുഖത്തിൽ വിജയിക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് തെരഞ്ഞെടുക്കപ്പെടാതിരുന്നത് എന്നതുസംബന്ധിച്ച ഫീഡ്ബാക്കും പ്ലാറ്റ്ഫോമിൽ ലഭിക്കും. അങ്ങനെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനു പുറമേ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി വിപണിയുടെ ആവശ്യകതയെ അടിസ്ഥാനമാക്കി സ്വയം മെച്ചപ്പെടാനും നൈപുണി പരിശീലനത്തിനുമുള്ള അവസരം തൊഴിലന്വേഷകന് ലഭ്യമാകുന്നു.

എന്നാൽ DWMS-ൽ രജിസ്റ്റർ ചെയ്തവരിൽ ഗണ്യമായ ഒരു പങ്ക് നിലവിൽ തൊഴിലന്വേഷകരല്ല എന്നാണ് ഇപ്പോൾ കാണുന്നത്. ഒരുപക്ഷേ അവർക്കു ജോലി കിട്ടിയിട്ടുണ്ടാവും അല്ലെങ്കിൽ ജോലിയിലുള്ള താല്പര്യം നഷ്ടപ്പെട്ടിട്ടുണ്ടാവും. സന്നദ്ധപ്രവർത്തകർ ഇവരെ ഫോൺ മുഖേന ബന്ധപ്പെട്ട് അടിയന്തരമായി ജോലിവേണ്ടവരാണോ (Immediate Job Seekers) എന്ന് തിരിച്ചറിയാൻ ശ്രമിച്ചതിന്റെ ഫലമായി തൊഴിലന്വേഷകരുടെ ലിസ്റ്റ് അഞ്ചുലക്ഷം പേരിലേക്ക് ചുരുങ്ങിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ മുഴുവൻ ഈ പ്ലാറ്റ്ഫോമിൽ കൊണ്ടുവരേണ്ടത് പ്രധാനമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൈപുണി പരിശീലനം നേടുന്ന വിദ്യാർത്ഥികളെയും DWMS -ൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്നുണ്ട്.

### നാല് തരത്തിലുള്ള തൊഴിലവസരങ്ങൾ

### DWMS വഴി ലഭ്യമാകുന്ന തൊഴിലവസരങ്ങളെ നാലായി തരംതിരിക്കാം.

1. രജിസ്റ്റർ ചെയ്ത തൊഴിൽ അന്വേഷകരെ തൊഴിൽദാതാക്കൾ അഭിമുഖത്തിന് ക്ഷണിച്ചുകൊണ്ട് നിയമനം നടത്തുന്ന തൊഴിലവസരങ്ങൾ. ഉദ്യോഗാർത്ഥിക്ക് തൊഴിലിനുവേണ്ട പരിശീലനം ലഭിച്ചിട്ടുണ്ട് എന്നാണ് അനുമാനം. ഇത്തരത്തിൽ തൊഴിലവസരങ്ങൾ ശേഖരിച്ചു DWMS പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കുന്നതിനു ഫിക്കി, സിഐഐ, ഐസിറ്റി അക്കാഡമി തുടങ്ങിയ സ്ഥാപനങ്ങളുമായി കെ-ഡിസ്ക് കരാറിലേർപ്പെട്ടിട്ടുണ്ട്.
2. RTD അഥവാ റിക്രൂട്ട്, ട്രെയിൻ, ഡിപ്ലോയ് മോഡൽ - തൊഴിൽദാതാവ് അവർക്ക് ആവശ്യമുള്ള ഒഴിവിലേക്ക് തൊഴിലന്വേഷകരെ വിദ്യാഭ്യാസ യോഗ്യതയും നൈപുണിയും നോക്കി തെരഞ്ഞെടുക്കുകയും ആ ജോബ് റോളിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള പരിശീലനം ഒരു നിശ്ചിത കാലയളവിലേക്ക് നൽകിയതിനു ശേഷം ഓഫർ ലെറ്റർ നൽകുകയും ചെയ്യുന്നു. ഇതിലെ പരിശീലനം സൗജന്യമോ, ഫീസ് ഉള്ളതോ ആകാം. തൊഴിലന്വേഷകർക്ക് തൊഴിലിന്റെയോ സ്ഥാപനത്തിന്റെയോ സ്വഭാവം മനസിലാക്കി അപേക്ഷിക്കുവാൻ സാധിക്കും.
3. ഫ്രീലാൻസ് തൊഴിലുകൾ, ഗിഗ് ജോബുകൾ, വർക്ക് നിയർ ഹോം അവസരങ്ങൾ മുതലായവയും DWMS-ൽ പ്രദർശിപ്പിക്കാനാവും. ഇത്തരം തൊഴിലുകളുടെ പ്രാധാന്യം നാൾക്കുനാൾ വർധിച്ചുവരികയാണ്.
4. ഇതിനുപുറമെ അസാപ്, കെയ്സ്, എംപ്ലോയബിലിറ്റി സെന്ററുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയും സ്വതന്ത്രമായി തൊഴിലുകൾ സമാഹരിക്കാറുണ്ട്. അവയെ DWMS-ൽ പ്രദർശിപ്പിക്കാം.

വളരെ വൈവിധ്യമാർന്ന തൊഴിലുകളാണ് ലഭ്യമാകുന്നത്. തൊഴിൽസ്ഥലം, ശമ്പളവും ആനുകൂല്യങ്ങളും,

ജോലിസ്ഥിരത, കരിയർ ഗ്രോത്ത് തുടങ്ങിയവയിലെല്ലാം വളരെയേറെ വ്യത്യാസങ്ങളുണ്ട്. ഇവയെക്കുറിച്ചെല്ലാം തൊഴിലന്വേഷകന് വ്യക്തമായ വിവരങ്ങൾ നൽകാനുള്ള സംവിധാനങ്ങളുണ്ട്.

### അപേക്ഷ സമർപ്പിക്കലും പരിശീലനവും

തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത് ജില്ല അടിസ്ഥാനത്തിലാണ്. തൊഴിൽ മേളയ്ക്ക് രണ്ടാഴ്ച മുമ്പെങ്കിലും മേളയിൽ ലഭ്യമായ തൊഴിലവസരങ്ങളുടെ വിശദമായ ലിസ്റ്റ് കെ-ഡിസ്ക് ജില്ലയ്ക്കു ലഭ്യമാക്കും. കമ്പനിയുടെ പേര്, ജോലിക്കു വേണ്ട വിദ്യാഭ്യാസ - നൈപുണി യോഗ്യതകൾ, ജോലി സ്ഥലം, ജോലി സംബന്ധിച്ച വിശദീകരണം, ശമ്പളം തുടങ്ങിയ വിവരങ്ങൾ ലഭ്യമായിരിക്കും. ഈ ജോലികളെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് അച്ചടിച്ച് ജോബ് സ്റ്റേഷനുകളിൽ ലഭ്യമാക്കും. ഓരോ വിദ്യാഭ്യാസ യോഗ്യതയ്ക്കും പ്രത്യേകം ലീഫ് ലെറ്ററുകൾ ഉണ്ടാകും.

സന്നദ്ധപ്രവർത്തകരുടെ വാർഡുതല സ്ക്വാഡുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ സന്ദർശിക്കും. അവരുടെ വിദ്യാഭ്യാസ യോഗ്യതയുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങളുടെ ലിസ്റ്റ് നൽകും. അവരുടെ സംശയങ്ങൾക്ക് മറുപടി നൽകും. ഓരോ ഉദ്യോഗാർത്ഥിക്കും അനുയോജ്യമായ തൊഴിലവസരങ്ങൾ പരിചയപ്പെടുത്തും. താല്പര്യമുള്ള വർ ഇഷ്ടപ്പെട്ട ജോലിക്കു വേണ്ടി DWMS-ൽ അപേക്ഷിക്കേണ്ടതാണ്. ബ്ലോക്കുകളിലും നഗരസഭകളിലും പ്രവർത്തിക്കുന്ന ജോബ് സ്റ്റേഷനുകളിൽ ചെന്നാൽ അപേക്ഷ സമർപ്പിക്കാനുള്ള സഹായം പ്രവർത്തകർ ചെയ്തു കൊടുക്കും.

അതുപോലെ തന്നെ അപേക്ഷ സമർപ്പിച്ചവർക്ക് ജോബ് സ്റ്റേഷനുകളിൽവച്ച് തൊഴിൽ മേളയിലെ അഭിമുഖത്തിൽ പങ്കെടുക്കാനുള്ള പരിശീലനം നൽകും. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ആത്മവിശ്വാസമില്ലാത്തവർക്കും ഇന്റർവ്യൂവിൽ സ്വന്തം പ്രകടനം മെച്ചപ്പെടുത്താൻ താൽപ്പര്യമുള്ളവർക്കും സഹായകമായ തരത്തിൽ ഓൺ ലൈനായും ഓഫ് ലൈനായുമുള്ള ലഘു പരിശീലന പരിപാടിയാണ് നൽകുക. ആത്മവിശ്വാസത്തോടെ അഭിമുഖത്തിൽ എങ്ങനെ പങ്കെടുക്കാം, ഗ്രൂപ്പ് ഡിസ്കഷൻ, മോക്ക് ഇന്റർവ്യൂ തുടങ്ങിയവയെക്കുറിച്ചുള്ള സെഷനുകൾ ഉണ്ടാകാം. തൊഴിലന്വേഷകർക്ക് ഇംഗ്ലീഷ് അഭിമുഖത്തിന് ആത്മവിശ്വാസത്തോടെ പങ്കെടുക്കാനുള്ള ലഘുപരിശീലനവുംകൂടി നൽകും. ബയോഡേറ്റ തയ്യാറാക്കാനും സഹായിക്കും (അഭിമുഖത്തിൽ പലപ്പോഴും ബയോഡേറ്റ ആവശ്യപ്പെടാറുണ്ട്).

ഇതിനു പുറമേ സമയം അനുവദിക്കുകയാണെങ്കിൽ ജില്ലയിൽ ഒന്നോ രണ്ടോ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽവച്ച് ഉദ്യോഗാർത്ഥികൾക്ക് വിഷയാധിഷ്ഠിതമായ ലഘുപരിശീലനം നൽകും. ഐടിഐ, പോളിടെക്നിക്, കൊമേഴ്സ് ബിരുദധാരികൾ, മറ്റ് ബിരുദധാരികൾ പ്രൊഫഷണലുകൾ തുടങ്ങിയവർക്ക് വ്യത്യസ്തമായ പരിശീലനങ്ങളാണ് വിദഗ്ധർ നൽകുക. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ഈ പരിശീലനങ്ങളിലും പങ്കെടുക്കാം.

ബ്ലോക്ക് / പഞ്ചായത്ത് / മുനിസിപ്പൽ / വിദ്യാഭ്യാസ സ്ഥാപനാടിസ്ഥാനത്തിലുള്ള ചെറുതൊഴിൽമേളകൾക്കു പുറമേ മെഗാ തൊഴിൽമേളകളും സംഘടിപ്പിച്ചതിന്റെ അനുഭവങ്ങൾ ഇന്നുണ്ട്. തൊഴിൽമേളകളെ കൂടുതൽ ഫലപ്രദമാക്കുന്നതിന് ആവശ്യമായ തയ്യാറെടുപ്പും തൊഴിൽ ലഭിച്ചവർക്കും ഷോർട്ട് ലിസ്റ്റ് ചെയ്തവർക്കും വേണ്ടിയുള്ളള തുടർപ്രവർത്തനങ്ങളും അനിവാര്യമാണ്. ഇതിന് ഏറെ സന്നദ്ധപ്രവർത്തകർ ആവശ്യമുണ്ട്. ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുകയും വേണം.

### ആഴ്ചതോറുമുള്ള വെർച്ചൽ തൊഴിൽമേളകൾ

എല്ലാ ശനിയാഴ്ചകൾ തോറും കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ അഭിമുഖങ്ങൾ നടക്കുന്നുണ്ട്. തിരഞ്ഞെടുത്ത ഏതാനും കമ്പനികളിൽനിന്ന് പ്രത്യേക വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ സമാനമായ തൊഴിലവസരങ്ങൾക്ക് വേണ്ടിയായിരിക്കും ഓൺലൈൻ അഭിമുഖം. എല്ലാ ജില്ലകളിലും ഒരു അഭിമുഖ കേന്ദ്ര

മെങ്കിലുമുണ്ടായിരുന്നത്. ഇതിപ്പോൾ 45 കേന്ദ്രങ്ങളായി വർദ്ധിപ്പിച്ചിട്ടുണ്ട്. മേളയിൽ പങ്കെടുക്കുന്ന കമ്പനികൾ 14 ജില്ലകളിൽ നിന്നുമുള്ള ഉദ്യോഗാർഥികളെ ഒരേസമയം ഇന്റർവ്യൂ ചെയ്യും. ഇന്റർവ്യൂ കേന്ദ്രങ്ങളിൽ ആദ്യം വരുന്നവർ ആദ്യം എന്ന ക്രമത്തിൽ ആയിരിക്കും ഇന്റർവ്യൂവിനു വിളിക്കുക.

സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോം കേരള (എസ്.ഡി.പി.കെ) സംവിധാനം ഉപയോഗിച്ചുള്ള വിഡിയോ കോൺഫറൻസിങ് സങ്കേതങ്ങൾ ഉപയോഗിച്ച് എഞ്ചിനീ

യറിങ് കോളേജ്, പോളിടെക്നിക് എന്നിവിടങ്ങളിലായി നൂറ് സ്ഥാപനങ്ങളിൽ ഏറ്റവും ചുരുങ്ങിയത് 15-20 കമ്പ്യൂട്ടർ ലാബുകളുടെ സഹായത്തോടെ ആണ് വിർചൽ ജോബ് ഫെയറുകൾ നടക്കുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് കമ്പനികളുടെ പ്രതിനിധികൾക്കും തൊഴിൽ അന്വേഷകർക്കും സംവദിക്കാനാവുന്നു എന്നതാണ് മെച്ചം. മുന്തിയ കമ്പനികളെ പടിപടിയായി ഈ പരിപാടികളിലേക്ക് ആകർഷിക്കാനാകും എന്നതാണ് ഇതിന്റെ സൗകര്യം. മാത്രമല്ല കമ്പനികളുടെ പങ്കാളിത്തത്തോടു കൂടിയുള്ള പ്രവേശന പരീക്ഷകൾ, പരിശീലനങ്ങൾ എന്നിവയ്ക്കും ഈ സൗകര്യം ഉപയോഗിക്കാം. RTD പരിപാടികൾക്ക് ഇത് വലിയ രൂപത്തിൽ സഹായകമാവും.

### കൗൺസിലിങ് സേവനങ്ങൾ

DWMS-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരെ അവരുടെ താല്പര്യത്തിനും യോഗ്യതയ്ക്കും അനുസൃതമായ തൊഴിലിലേക്ക് നയിക്കുന്നതിന് സഹായിക്കുന്നതിനായി വൈവിധ്യമാർന്ന കൗൺസിലിങ് പ്രോഗ്രാം കെകെഇഎം തയ്യാറാക്കിയിട്ടുണ്ട്. കരിയർ കൗൺസിലിങ് ടെസ്റ്റ്, വർക്ക് റെഡിനെസ് പ്രോഗ്രാം,

പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിങ്, റോബോട്ടിക് ഇന്റർവ്യൂ, ബ്രിട്ടീഷ് കൗൺസിൽ ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് ആൻഡ് സർട്ടിഫിക്കേഷൻ എന്നിവയെല്ലാം ഇതിൽപ്പെടും.

ഇതിനു പുറമേ എംപ്ലോയബിലിറ്റി ട്രെയിനിങ്ങിനു വേണ്ടിയുള്ള 6 മുതൽ 10 മണിക്കൂർ വരെയുള്ള കോഴ്സുകൾ ലഭ്യമാണ്. നൈപുണി പരിശീലനത്തി നുള്ള പതിനായിരക്കണെ

ക്കിന് ഓൺലൈൻ കോഴ്സുകളും DWMS-ൽ ലഭ്യമാണ്. ഇന്റേൺഷിപ്പ് / അപ്രന്റിസ്ഷിപ്പ് തുടങ്ങി യവയ്ക്കുള്ള സാധ്യതകൾ സംബന്ധിച്ച വിവരങ്ങളും അതിനുവേണ്ടുന്ന തയ്യാറെടുപ്പിനുള്ള സഹായവും ലഭ്യമാണ്. അവസാനമായി സമാനതാല്പര്യങ്ങളുള്ള കുട്ടികളുടെ ലേണിങ് സർക്കിളുകൾ കോളേജുകളിൽ രൂപീകരിച്ചാൽ അവർക്കുള്ള പിന്തുണയും ലഭ്യമാകും.

ഇതിനുപുറമേ അസാപ്പ്, കെയ്സ്, എംപ്ലോയബി ലിറ്റി സെന്ററുകൾ തുടങ്ങിയവയ്ക്ക് അവരുടേതായ പരിശീലന പരിപാടികളുമുണ്ട്. ഇത്തരം ഏജൻസി കൾക്ക് പരിശീലനം നൽകുവാനുള്ള മെന്റർമാരും അക്രെഡിറ്റഡ് സ്വകാര്യ ഏജൻസികളും സേവനത്തി നായുണ്ട്.

കോളേജുകളിലെ നൈപുണി പരിശീലനം വിശദീക രിച്ചപ്പോൾ ഓൺലൈനായി മെന്റർ ചെയ്യുന്നവരിൽ നിന്ന് വ്യത്യസ്തരായി ജോബ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി മെന്റർമാരെ ക്കുറിച്ച് സൂചിപ്പിച്ചുവല്ലോ. അവരുടെ മുഖ്യസേവനം വിദ്യാർഥികളല്ലാത്ത ഉദ്യോഗാർത്ഥികളെ പരിശീലിപ്പി ക്കുന്നതിലാണ്. ഏറ്റവും കൂടുതൽ വേണ്ടത് ഇംഗ്ലീഷ് ഭാഷാ മെന്റർമാരെയാണ്. കേരളത്തിലെ കുട്ടികൾ നേരിടുന്ന ഏറ്റവും വലിയ വൈതരണി ഇംഗ്ലീഷ് ഭാഷയുടേതാണ്.

## ഡൈവേഴ്സിറ്റി ഇൻക്ലൂഷൻ പദ്ധതികൾ

വിജ്ഞാന സമൂഹത്തിൽ അവസരതുല്യത എല്ലാ വർക്കും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി ഏഴ് പ്രത്യേക നൈപുണി വികസന പരിപാടികൾ പാർശ്വ വൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കുവേണ്ടി ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് കെകെഇഎം രൂപം നൽകിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന പ്രത്യേക തൊഴിൽ പദ്ധതിയായ ഉന്നതി, ഗോത്രവർഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരെ തൊഴിലിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് നടപ്പി ലാക്കുന്ന ഒപ്പം, സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിനു വേണ്ടിയുള്ള പ്രൈഡ്, ഫിഷറീസ് വകുപ്പുമായി ചേർ ന്നുകൊണ്ട് മത്സ്യത്തൊഴിലാളി വിഭാഗത്തിനു വേണ്ടി യുള്ള തൊഴിൽതീരം, സാമൂഹ്യനീതി വകുപ്പുമായി ചേർന്നുകൊണ്ട് ഭിന്നശേഷി സമൂഹത്തിനു വേണ്ടി യുള്ള സമഗ്ര എന്നിവയാണ് ഇതിൽ പ്രധാനം. വിവിധ കാരണങ്ങളാൽ പാതിവഴിയിൽ ജോലി ഉപേക്ഷിക്കേ ണ്ടി വന്നതും ജോലിക്ക് പോകാൻ സാധിക്കാത്തതു മായ സ്ത്രീകളെ അവർ ആഗ്രഹിക്കുന്ന ജോലിയിലേ ക്ക് തിരികെ എത്തിക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് ബാക്ക് ടു വർക്ക് എന്ന സ്കീമും നില വിലുണ്ട്.

## III
## വീട്ടമ്മമാർക്കുള്ള നൈപുണി പരിശീലനവും തൊഴിലും

വിദ്യാർത്ഥികളായ തൊഴിലന്വേഷകർ, പഠനം പൂർത്തീ കരിച്ച തൊഴിലന്വേഷകർ എന്നീ രണ്ട് വിഭാഗങ്ങൾ ക്കുള്ള നൈപുണി പരിശീലനമാണ് ഇതുവരെ ചർച്ച ചെയ്തത്. ഇനി മൂന്നാമതൊരു കൂട്ടരുണ്ട്. അഭ്യസ്തവി ദ്യരാണ് പക്ഷേ, തൊഴിലന്വേഷകരല്ല. വീട്ടമ്മമാരായ സ്ത്രീകളാണ് ഇവരിൽ മഹാഭൂരിപക്ഷവും.

ഔപചാരികമേഖലയിലെ രൂക്ഷമായ തൊഴിലില്ലായ്മ മൂലം തൊഴിൽ തേടുന്നതിൽ നിന്ന് സ്ത്രീകൾ പിൻവാ ങ്ങുന്നു. സർക്കാർ ജോലിയല്ലെങ്കിൽ ജോലിയെടുക്കു ന്നവരുടെ കരിയർ ബ്രേക്ക് ആവുന്നു, വീട്ടമ്മമാരായി ചുരുങ്ങുന്നു. പിന്നീട് കുട്ടികളുടെ പ്രാരാബ്ധം എല്ലാം കഴിഞ്ഞു എന്ത് ജോലി ആയാലും കുഴപ്പമില്ലായെന്ന നിലപാടിലേക്ക് എത്തുമ്പോഴേക്കും പുതിയൊരു വൈതരണി എത്തും. പഠിച്ചതിൽ നല്ലൊരുപങ്ക് മറന്നിരിക്കും. തൊഴിലിനുള്ള നൈപുണി ഉണ്ടാവില്ല. തൊഴിൽസേനയുടെ പുറത്ത് തന്നെ തുടരുവാൻ നിർ ബന്ധിതരാകുന്നു. അങ്ങനെ കേരളത്തിലെ സ്ത്രീക ളുടെ വീടിനുപുറത്തുള്ള തൊഴിൽ പങ്കാളിത്തം 25-30 ശതമാനമേ വരൂ. ഇത് 50 ശതമാനമായെങ്കിലും ഉയർ ത്തുവാനുള്ള ദൗത്യം കുടുംബശ്രീ ഏറ്റെടുത്തിരിക്കുക യാണ്. ഇതു സംബന്ധിച്ച് കുടുംബശ്രീയെക്കുറിച്ചുള്ള അധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചതുകൊണ്ട് ഇവിടെ കൂടുതൽ വിശദീകരിക്കുന്നില്ല.

ഈ സന്ദർഭത്തിൽ പ്രസക്തമായൊരു ചോദ്യം ഉയരു ന്നുണ്ട്. കേരളത്തിലെ അഭ്യസ്തവിദ്യരായ സ്ത്രീകളെ ഇത്തരം താഴ്ന്ന വരുമാന തൊഴിലുകളിൽ തളച്ചിടുന്ന തിലേക്ക് ഈ ഇടപെടൽ നയിക്കില്ലേ?

DWMS-ൽ രജിസ്റ്റർ ചെയ്ത് സ്വന്തം പ്രദേശത്തിനുപു റത്ത് പുരുഷന്മാരെ പോലെ തൊഴിൽ തേടുന്നതിന് സ്ത്രീകൾക്ക് എല്ലാ പിന്തുണയും നൽകും. എന്നാൽ വീട്ടമ്മമാർക്ക് പല കാരണങ്ങൾകൊണ്ടും കഴിയില്ല. അങ്ങിനെയുള്ള അഭ്യസ്തവിദ്യരുടെ അടുത്ത അവസരം മെച്ചപ്പെട്ട വരുമാനം വാഗ്ദാനം ചെയ്യുന്ന വർക്ക് ഫ്രം നിയർ ഹോം ഡിജിറ്റൽ തൊഴിലുകളിൽ ഏർപ്പെടുകയാണ്. ഇതിനുള്ള എല്ലാ സാധ്യതകളും പരിശോധിക്കണം. ഇത്തരം പ്ലാറ്റ് ഫോം ജോലികളും DWMS-ൽ ലഭ്യമാണ്. ഇതിനു സാധ്യത ഇല്ലാത്ത വർക്ക് നൈപുണി പരിശീലനം നൽകി പ്രാദേശിക ജോലികളിൽ പ്രവേശിപ്പിക്കണം. കേരളത്തിൽ തന്നെ ഉയർന്ന സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ തൊഴിലുകൾ ലഭ്യമാവുന്ന മുറയ്ക്ക് അവയിലുള്ള സ്ത്രീ കളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാനാകും.

രണ്ട് തരത്തിലുള്ള തൊഴിലവസരങ്ങളാണ് പ്രാദേശികമായി ഉണ്ടാവുക. ഒന്ന്, കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ. വിപുലമായ സേവന സംരംഭശൃംഖലകൾക്ക് കുടുംബശ്രീ രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള സാന്ത്വനമിത്ര, സാങ്കേതികസേവനങ്ങൾ നൽകാനുള്ള സ്കിൽ@കാൾ, ഉപഭോക്തൃ ഉല്പന്നങ്ങൾ വീടുകളിൽ എത്തിക്കുന്നതിനുള്ള ഷോപ്പ്@ ഡോർ, തുടങ്ങിയവയാണ് ഇതിൽ പ്രധാനം. ഇപ്പോൾ മൂന്നുലക്ഷം പേർക്ക് കുടുംബശ്രീ സ്വയംതൊഴിൽ സംരംഭങ്ങളിൽ ജോലിയുണ്ട്. ഇത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10 ലക്ഷമായെങ്കിലും ഉയർത്താനാകണം.

ഇതിന്റെ രണ്ട് മടങ്ങ് തൊഴിലുകൾ ഓരോ പ്രദേശത്തെയും ഹൈപ്പർ, ലോക്കൽ സംരംഭങ്ങളിൽ ഉണ്ടാകും. അതുപോലെ പ്രദേശത്തെ ഇടത്തരം - വൻകിട തൊഴിൽദായകരുടെ സ്ഥാപനങ്ങളിലെ ജോലികളും പ്രാദേശികമായി സമാഹരിക്കാനാവും. ഇവർക്കെല്ലാം നാടുമായി ഒരു വൈകാരികബന്ധം ഉണ്ടാവുമല്ലോ? വിവിധതരം വ്യവസായ-വാണിജ്യ സംരംഭക സംഘടനകളുമായി ചർച്ചകൾ നടത്തി പുതിയ സ്കീമിനുള്ള പിന്തുണ നേടണം. ജനപ്രതിനിധികൾക്കും ഇതിൽ വലിയ പങ്കുവഹിക്കാനാകും.

കണ്ടെത്തുന്ന പ്രാദേശിക തൊഴിലുകൾ തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ മാപ്പ് ചെയ്യണം. ജോബ് റോളുകളുടെ അടിസ്ഥാനത്തിൽ വേണം ഈ മാപ്പിങ് നടത്താൻ. കണ്ടെത്തിയ തൊഴിൽ സംരംഭങ്ങളുടെ തൊട്ടടുത്തുള്ള വീട്ടമ്മമാരെ ബന്ധപ്പെട്ട് ഈ തൊഴിൽ ചെയ്യുന്നതിനു താല്പര്യമുണ്ടോയെന്ന് അന്വേഷിക്കണം. ഇതിന് സംരംഭത്തിനു ചുറ്റുമുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ യോഗം ചേർന്നാൽ മതിയാകും. അവർക്ക് അവരുടെ പരിസരത്ത് ഇത്തരം ജോലികൾ ചെയ്യാൻ തയ്യാറുള്ള വീട്ടമ്മമാരെ പെട്ടെന്നു കണ്ടെത്താനാകും.

സംരംഭകർക്ക് ഇഷ്ടമുള്ളവരെ തെരഞ്ഞെടുക്കാം. ഇതിനായി വേണമെങ്കിൽ പഞ്ചായത്ത് / ബ്ലോക്ക് അടിസ്ഥാനത്തിൽ ചെറുതൊഴിൽ മേളകളുമാകാം. സംരംഭകർ തെരഞ്ഞെടുത്ത് ഉദ്യോഗാർത്ഥികൾക്ക് എന്തുതരത്തിലുള്ള നൈപുണി പരിശീലനമാണ് നൽകേണ്ടതെന്ന് അവർ തദ്ദേശഭരണ സ്ഥാപനത്തെ അറിയിച്ചാൽ ഇതിനുള്ള ഏർപ്പാടുകൾ വിജ്ഞാന കേരളത്തിന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തും. ഇതിനുവേണ്ടി ഓരോ തദ്ദേശ ഭരണ സ്ഥാപനവും പ്രൊജക്റ്റുകൾ ഇപ്പോൾ തന്നെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പരിശീലനം ബ്ലോക്ക് അടിസ്ഥാനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ ഏജൻസികളെ ഉപയോഗിച്ചോ കമ്മ്യൂണിറ്റി മെന്റർമാരെ ഉപയോഗപ്പെടുത്തിയോ നൽകാനാകും.

ഇതൊരു തുടർ പ്രക്രിയ ആയിരിക്കും. ആദ്യ റൗണ്ട് നല്ലരീതിയിൽ വിജയിപ്പിക്കാൻ കഴിഞ്ഞാൽ തൊഴിൽ സംരംഭകർ കുടുംബശ്രീയെയോ ജോബ് സ്റ്റേഷനുകളെയോ തുടർന്നുള്ള തൊഴിലവസരങ്ങൾക്കും സ്വമേധയാ സമീപിക്കാൻ ആരംഭിക്കും. പല കാരണങ്ങൾ കൊണ്ട് മാറി നിന്നവരും ഈ സ്കീമിൽ പങ്കാളികളാകും.

ഇത്തരം പരിശീലനങ്ങൾക്ക് സർട്ടിഫിക്കറ്റ് എങ്ങനെ നൽകാമെന്നുള്ളത് ശ്രീ നാരായണ ഓപ്പൺ സർവകലാശാലയുമായി ചർച്ച ചെയ്തുവരികയാണ്. തൊഴിലിനു പ്രാരംഭമായി ലഘുപരിശീലനവും, തൊഴിൽവേളയിൽ ഓൺലൈനായി തുടർപരിശീലനവും നൽകണം. തൊഴിലിനെ പ്രായോഗിക പരിശീലനമായി കണ്ടുകൊണ്ട് വിലയിരുത്തൽ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന രീതി അവലംബിക്കാനാകുമോയെന്നാണ് ചർച്ച ചെയ്യുന്നത്. ഇത്തരത്തിൽ ഒരു തുടർപരിശീലന പരിപാടി തൊഴിലെടുക്കുന്നവരിൽ ജോലിയോട് കൂടുതൽ പ്രതിബദ്ധത സൃഷ്ടിക്കുന്നു. അതോടൊപ്പം അവർക്ക് കരിയർ അഡ്വാൻസ്മെന്റിന് സാധ്യതകൾ ഒരുക്കുകയും ചെയ്യുന്നു.

ഇന്ന് വീട്ടമ്മമാരായിരിക്കുന്ന സ്ത്രീകളെ കാലക്രമത്തിൽ ഗണ്യമായി പ്രാദേശിക തൊഴിലുകളിൽ ഏർപ്പെടുത്തുന്നതിനാണല്ലോ ശ്രമിക്കുന്നത്. ഇത് വിജയിക്കണമെങ്കിൽ വലിയ സാമൂഹ്യപിന്തുണയും അനുകൂല അന്തരീക്ഷവും ഉണ്ടാകണം. “എന്റെ തൊഴിൽ എന്റെ അഭിമാനം” ആയി മാറണം. ഗാർഹിക പ്രവർത്തി വിഭജനങ്ങളിൽ മാറ്റങ്ങൾ വേണ്ടിവരും. കൂടുതൽ വീട്ടുപകരണങ്ങൾ ഉപയോഗപ്പെടുത്തേണ്ടിവരും. കുട്ടികളുടെയും വയോജനങ്ങളുടെയും സംരക്ഷണത്തിനു ബദൽ സംവിധാനങ്ങൾ കണ്ടെത്തേണ്ടിവരും. തൊഴിൽസ്ഥലത്തെയും യാത്രാവേളയിലെയും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണം.

ചുരുക്കത്തിൽ വീട്ടമ്മമാർക്ക് തൊഴിൽ നൽകുന്നത് വെറുമൊരു തൊഴിൽദാന പരിപാടിയല്ല. കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനുവേണ്ടിയുള്ള വലിയൊരു ജനകീയ ഇടപെടലാണ്. അതുകൊണ്ടാണ് ഈയൊരു ദൗത്യം കുടുംബശ്രീ പോലുള്ളൊരു ജനകീയപ്രസ്ഥാനത്തിന്റെ മുഖ്യചുമതലയായി മാറുന്നത്.

## IV
## വിദേശ രാജ്യങ്ങളിലേക്കുള്ള വിദഗ്ധ തൊഴിലാളികളുടെ നൈപുണി പരിശീലനവും റിക്രൂട്ട്മെന്റും

വിദേശ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റിന് ഏറ്റവും നല്ലത് വിദ്യാർത്ഥി കാലത്തുതന്നെയുള്ള നൈപുണി പരിശീലനമാണ്. പഠിത്തം കഴിഞ്ഞവർക്ക് രണ്ടാമത്തെ റൂട്ടും സ്വീകരിക്കാം. പിന്നെ എന്തുകൊണ്ട് ഇങ്ങനെ നാലാമതൊരു വിഭാഗത്തെക്കുറിച്ച് ആലോചിക്കുന്നു?

ഗൾഫിൽ ജോലി തേടാൻ ആഗ്രഹിക്കുന്ന വിദഗ്ധ തൊഴിലാളികൾക്ക് ഔപചാരികമായ സ്കിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനു പ്രത്യേക പരിപാടി ആവശ്യമാണ്. ഈ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ തടസ്സപ്പെടുത്തുന്ന ഒരു പ്രധാനഘടകം ആവശ്യമായ ഭാഷാ നൈപുണി ഇല്ലാത്തതാണ്. അതുപോലെ

തന്നെ നമ്മുടെ ബിരുദങ്ങൾക്ക് തുല്യതാഅംഗീകാരം ലഭിക്കുന്നതിനും വളരെ പ്രയാസമുണ്ട്. ഉദാഹരണത്തിന് മുകളിൽപ്പറഞ്ഞ രാജ്യങ്ങളിലെ ആരോഗ്യ മേഖലയിൽ നേഴ്സിങ് അസിസ്റ്റന്റായി ജോലി ചെയ്തുകൊണ്ട് അവിടുത്തെ സർട്ടിഫിക്കേഷൻ പാസ്സായാൽ മാത്രമേ നേഴ്സായി ജോലി ചെയ്യാൻ കഴിയൂ. മാത്രമല്ല, കുടിയേറ്റത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ പ്രത്യേക നയചട്ടക്കൂടുകൾക്കും വിസാ സ്കീമുകൾക്കും രൂപം നൽകിയിട്ടുണ്ട്. യൂറോപ്യൻ യൂണിയനും അതുപോലെ മറ്റു പല രാജ്യങ്ങളും കുടിയേറ്റം സംബന്ധിച്ച് ഇന്ത്യയടക്കമുള്ള രാജ്യങ്ങളുമായി കരാറുകളിലും ഏർപ്പെടാറുണ്ട്. ഇതെല്ലാംമൂലം പ്രത്യേക ഇടപെടൽ അനിവാര്യമായിത്തീരുന്നു.

ഈ വിദഗ്ദ തൊഴിലാളികൾ ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ ആയിരിക്കണമെന്നില്ല. അതുകൊണ്ട് DWMS രജിസ്റ്റർ ചെയ്തിരിക്കാനുമിടയില്ല. അതുകൊണ്ട് പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, മേസൻ, ഡ്രൈവർ, കുക്ക്, സ്റ്റോർ കീപ്പർ, സെയിൽസ്, സെക്യൂരിറ്റി തുടങ്ങിയ ജോലികൾക്കു താല്പര്യമുള്ളവരുടെ ഡാറ്റാ ബെയ്സ് സൃഷ്ടിക്കുന്നതിന് ഒരു പ്രത്യേക കാമ്പയിൻ വേണ്ടിവരും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിജ്ഞാനകേരളം പിഎംയുകൾ ഈ ക്യാമ്പയിന് നേതൃത്വം നൽകണം.

വിദേശത്തേക്കുള്ള റിക്രൂട്ട്മെന്റിന് പ്രത്യേക ലൈസൻസ് ആവശ്യമുണ്ട്. ഇപ്പോൾ നോർക്കയ്ക്കും ഒഡേപെക്കിനും ഇത്തരം ലൈസൻസുണ്ട്. വിജ്ഞാനകേരളവും ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ട്. പക്ഷേ, ഇതുവഴി റിക്രൂട്ട്മെന്റ് കേന്ദ്രീകരിക്കുകയല്ല ലക്ഷ്യം. ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന എല്ലാ റിക്രൂട്ടിങ് ഏജൻസികൾക്കും ആവശ്യാനുസരണം ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുകയാണു ലക്ഷ്യം. അതിനുള്ള പ്ലാറ്റ്ഫോം ആയിരിക്കും പ്രവാസി തൊഴിൽമേളകൾ.

## ലോക കേരളസഭയും നോർക്കയും

ഇതോടൊപ്പം മലയാളി പ്രവാസികളുടെ ഔദ്യോഗിക പൊതുവേദിയായ ലോക കേരള സഭയെ പുറംനാടുകളിലെ ജോലികൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനുള്ള ചർച്ചകളും നടക്കുന്നുണ്ട്. അഞ്ചാമത് ലോക കേരള സഭയിൽ വിജ്ഞാനകേരളവുമായുള്ള സഹകരണം ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഇതുവഴി രണ്ട് പുതിയ പ്രവർത്തനസരണികൾ ലോക കേരള സഭയ്ക്ക് ഉണ്ടാകും.

ഒന്നാമത്തേത്, രണ്ടാമത്തെ അധ്യായത്തിൽ വിശദീകരിച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ നൈപുണി പരിശീലനമാണ്. വലിയ തോതിൽ പ്രൊഫഷണൽ, അക്കാദമിക് വിദഗ്ദരെ മെന്റർമാരായി പ്രവർത്തിക്കാൻ വേണ്ടതുണ്ട്. പ്രവാസി മലയാളികൾക്ക് നേരിട്ട് ഇതിൽ പങ്കാളികളാകാൻ കഴിയും.

രണ്ടാമത്തേത്, തങ്ങളുടെ വിദേശ സംരംഭങ്ങളിലേയും ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലേയും പുതിയ തൊഴിലവസരങ്ങൾ സംബന്ധിച്ച് വിവരങ്ങൾ നൽകുക എന്നുള്ളതാണ്. ഈ സ്ഥാപനങ്ങളുടെ എച്ച്ആർ മേധാവികളുമായി ബന്ധപ്പെടുന്നതിന് പ്രത്യേക ഡിവിഷൻ കെ-ഡിസ്കിന്റെ ഭാഗമായി രൂപീകരിക്കാനാകും. പൂർണ്ണമായും നോർക്കയുമായി സഹകരിച്ചുകൊണ്ടുള്ള ഒരു പരിപാടിയായിരിക്കും വിദേശ റിക്രൂട്ട്മെന്റിനു വേണ്ടിയുള്ള നൈപുണി പരിശീലനം.

## വിജ്ഞാന കേരളം ഇടപെടലിന്റെ നേട്ടങ്ങൾ

### ഇത്തരത്തിലുള്ള വിജ്ഞാന കേരളം ഇടപെടലിന്റെ നേട്ടങ്ങൾ എന്താണ്?

ഒന്ന്, ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണി പരിശീലനവും അഭിമുഖത്തിനുള്ള തയ്യാറെടുപ്പും വിജ്ഞാന കേരളം ലഭ്യമാക്കും. ഔപചാരിക ടെസ്റ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നടത്തി സർട്ടിഫിക്കേഷൻ നൽകുന്നതിനു സഹായം നൽകും. ഇവയെല്ലാം കേരളത്തിൽ നിന്നുള്ള തൊഴിലന്വേഷകരുടെ വിശ്വാസ്യത ഉയർത്തും. അതുവഴി കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്ന സാഹചര്യമുണ്ടാകും.

രണ്ട്, കുടിയേറ്റത്തിനു മുമ്പ് റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ, വിദേശത്തെ തൊഴിലവകാശങ്ങൾ, സുരക്ഷിതമായ റെമിറ്റൻസ് രീതികൾ, വിദേശ നിയമങ്ങൾ, വിദേശ സാംസ്കാരികതലം തുടങ്ങിയവയെക്കുറിച്ച് വിശദമായ പ്രീ-ഡിപ്പാർച്ചർ വിശദീകരണം നൽകും. ഇതുവഴി തൊഴിലാളികൾക്കു കൂടുതൽ സുരക്ഷ ഉറപ്പുവരുത്താനാകും.

മൂന്ന്, ഗൾഫിലേക്കുള്ള ഉദ്യോഗാർഥികൾ റിക്രൂട്ട്മെന്റ് വേളയിൽ പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാവുന്നുണ്ട്. ഇവ പരമാവധി കുറയ്ക്കുന്നതിന് വിജ്ഞാനകേരളത്തിന്റെ ഇടപെടൽ സഹായിക്കും.

നാല്, കുടിയേറ്റ രാജ്യത്ത് കരാർ പ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ലെങ്കിൽ കൂടുതൽ ഫലപ്രദമായ പരാതി പരിഹാര മാർഗങ്ങൾ ഏർപ്പെടുത്താനാകും. നോർക്ക ഇത്തരത്തിലുള്ള സേവനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## V
## ജനകീയ ക്യാമ്പയിൻ

ഇതുവരെ നടത്തിയ ചർച്ചകളിൽ നിന്നും ഒരുകാര്യം വ്യക്തമാണ്. സാക്ഷരത പോലെ അതിവിപുലമായ ഒരു ജനകീയ ക്യാമ്പയിനാണ് നൈപുണി പരിശീലനത്തിന് കേരളം ലക്ഷ്യമിടേണ്ടത്. അഞ്ചാമത് അന്തർദേശീയ കേരള പഠന കോൺഗ്രസിന്റെ മുന്നോടിയായി പത്തനംതിട്ടയിൽ സംഘടിപ്പിച്ച മൈഗ്രേഷൻ കോൺക്ലേവിലാണ് വലിയ തോതിൽ പ്രവാസികളെ നൈപുണി പരിശീലന-തൊഴിൽ ക്യാമ്പയിനിൽ പങ്കാളികളാക്കുന്നതിന്റെ സാധ്യതകളെക്കുറിച്ചു ചർച്ച ചെയ്തത്. ഇവിടെവച്ചാണ് തദ്ദേശഭരണ സ്ഥാപനങ്ങളെയും സന്നദ്ധപ്രവർത്തകരെയും പങ്കാളികളാക്കിക്കൊണ്ട് ജനകീയ പ്രസ്ഥാനമായി കെ കെ ഇ എം-ന്റെയും മറ്റു നൈപുണി ഏജൻസികളുടെയും പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശം രൂപം കൊണ്ടത്. പരീക്ഷണാടിസ്ഥാനത്തിൽ വിജ്ഞാന പത്തനംതിട്ട എന്ന പേരിൽ ആരംഭിച്ച ക്യാമ്പയിൻ തളിപ്പറമ്പ് മണ്ഡലത്തിലെയും മറ്റു പ്രദേശങ്ങളിലെയും അനുഭവങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കെ കെ ഇ എം-നു കീഴിൽ നടന്നുകൊണ്ടിരുന്ന പ്രവർത്തനങ്ങളെ വിജ്ഞാനകേരളം എന്ന പേരിൽ സംസ്ഥാന വ്യാപകമായ ക്യാമ്പയിനായി വിപുലപ്പെടുത്തി.

ഇന്നിപ്പോൾ എല്ലാ ജില്ലകളിലും കില, കുടുംബശ്രീ, കെ കെ ഇ എം, യുവജനക്ഷേമ ബോർഡ്, ജില്ലാ പഞ്ചായത്ത് തുടങ്ങിയവരുടെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ചുകൊണ്ട് വിജ്ഞാന കേരളം പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിനു (പിഎംയു) രൂപം നൽകിയിട്ടുണ്ട്. എല്ലാ പിഎംയുവിനും ചുമതലക്കാരനായി ഒരു ഡിഎംസിയുണ്ട്. ഇതിനു താഴെ ബ്ലോക്കുകളിലും നഗരസഭകളിലും ജോബ് സ്റ്റേഷനുകൾക്കും രൂപം നൽകിയിട്ടുണ്ട്. ഏറ്റവും താഴേത്തട്ടിൽ ഓരോ സിഡിഎസുമായി ബന്ധപ്പെട്ട് തൊഴിൽ കേന്ദ്രം അഥവാ ഫെസിലിറ്റേഷൻ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കമ്മ്യൂണിറ്റി അംബാസിഡർമാർക്കാണ് ഇതിനുള്ള ചുമതല.

മേൽപ്പറഞ്ഞ മൂന്ന് തട്ടുകളുമായും ബന്ധപ്പെട്ട് പരിശീലനം സിദ്ധിച്ച സന്നദ്ധപ്രവർത്തകരുണ്ട്. ജില്ലാതലത്തിൽ 200-ഓളം കെ ആർ പിമാർ. ജോബ് സ്റ്റേഷൻ തലത്തിൽ 2000-ത്തോളം ഡി ആർ പിമാർ, പ്രാദേശികതലത്തിൽ എന്നിവർ പ്രവർത്തിക്കുന്നു.

കോളെജുകളിലെ സ്കിൽ സെന്ററുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും ഏതാനും അധ്യാപകർ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിക്കുന്നു. ഇവരെ സഹായിക്കുന്നതിന് ടാലന്റ് ക്യുറേഷൻ എക്സിക്യൂട്ടീവുകളും ഇന്റേൺസും പ്രവർത്തിക്കുന്നുണ്ട്.

ഈ പ്രവർത്തനങ്ങൾക്കാകെ മേൽനോട്ടം നടത്തുന്നതിന് തദ്ദേശഭരണ വകുപ്പ് മന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി / പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിമാരുടെയും അധ്യക്ഷതയിൽ സംസ്ഥാനതല കൗൺസിലുകളുണ്ട്. ജില്ലയിൽ മന്ത്രിമാരുടെ അധ്യക്ഷതയിലും ജനകീയ കൗൺസിലുണ്ട്. ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങളിലും ഇത്തരം ജനകീയ കൗൺസിലുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ ഡയറ്കടറേറ്റുമായും ഉന്നതവിദ്യാഭ്യാസ വകുപ്പുമായും പൂർണ്ണ പാർട്ണർഷിപ്പിലാണ് ഇന്ന് വിജ്ഞാന കേരളം ക്യാമ്പയിൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നുവരുന്നത്. അതുപോലെ വീട്ടമ്മമാരുടെ തൊഴിൽ ക്യാമ്പയിൻ കുടുംബശ്രീയുമായി പൂർണ്ണസഹകരണത്തിലാണ് നടക്കുന്നത്.

എന്നിരുന്നാൽതന്നെയും അതിവിപുലമായ ജനകീയ പ്രസ്ഥാനമായി ഇനിയും വിജ്ഞാന കേരളം വളർന്നിട്ടില്ല. കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ പരീക്ഷണാടിസ്ഥാനത്തിലുള്ളവ ആയിരുന്നുവെന്ന് പറയാം. ആ ഒരു വർഷത്തെ നേട്ടങ്ങൾ ഭാവിയിലേക്കുള്ള വലിയ സാധ്യതകളെയാണ് വരച്ചുകാട്ടുന്നത്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന നൈപുണി പരിശീലനത്തിന്റെ പൈലറ്റ് പ്രൊജക്ടിൽ 25000 വിദ്യാർത്ഥികൾക്ക് ജോലി നൽകാനായി. ഈ അധ്യായന വർഷ അവസാനത്തിൽ മൊത്തം 50000 വിദ്യാർത്ഥികൾക്കെങ്കിലും ക്യാമ്പസ് പ്ലേസ്മെന്റ് ലഭിക്കും. കുടുംബശ്രീയുമായി സഹകരിച്ചുള്ള പ്രാദേശിക തൊഴിൽ ക്യാമ്പയിൻ വഴി 75,0000 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഈ ധനകാര്യ വർഷത്തിൽ 1 ലക്ഷം പേർക്കുകൂടി തൊഴിൽ നൽകാനാണ് ലക്ഷ്യമിടുന്നത്. DWMS വഴിയുള്ള തൊഴിൽമേളകളിലൂടെ ഇതുവരെ ഏതാണ്ട് 50,000 പേർക്ക് ജോലി നൽകിയിട്ടുണ്ട്. അങ്ങനെ ഒരു വർഷംകൊണ്ട് ഏതാണ്ട് 3 ലക്ഷം പേർക്ക് ജോലി നൽകാനാകും. അങ്ങനെ അഞ്ച് വർഷംകൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുള്ള മഹാ പ്രസ്ഥാനമായി ഇതിനെ വളർത്തി എടുക്കേണ്ടിയിരിക്കുന്നു.

### വികസന നിർദ്ദേശങ്ങൾ

1. സംസ്ഥാനതലത്തിൽ മന്ത്രിമാരുടെ പ്രസീഡിയത്തിനു കീഴിൽ ഒരു നൈപുണി തൊഴിൽ കൗൺസിൽ രൂപീകരിച്ചാൽ മതിയാകും. അതിന്റെ ഭാഗമായി പ്രത്യേക വിഭാഗങ്ങൾക്ക് സ്റ്റാന്റിങ് കമ്മറ്റികൾ രൂപീകരിക്കാം. ഇതേ മാതൃക ജില്ലാതലത്തിലും അനുവർത്തിക്കാവുന്നതാണ്.
2. കെ ആർ പി / ഡി ആർ പി / എൽ ആർ പി ശൃംഖല വിപുലീകരിക്കണം. കൂടുതൽ തീവ്രമായ പരിശീലനം നൽകണം. ഇവരെ മറ്റു ജനകീയ ക്യാമ്പയിനുകൾക്കുകൂടി ഉപയോഗപ്പെടുത്താനാകണം. ഓരോ ക്യാമ്പയിനും പ്രത്യേകം പ്രത്യേകം സന്നദ്ധപ്രവർത്തക ശൃംഖല ആവശ്യമില്ല. എന്നാൽ മിഷൻ സംവിധാനങ്ങൾ വ്യത്യസ്തമാകും. ഏകോപിച്ചു പ്രവർത്തിക്കണം.
3. കുടുംബശ്രീ സ്വയംതൊഴിലിനാണ് ഊന്നൽ നൽകിയിരുന്നത്. എന്നാൽ അതിനോടൊപ്പം വേതനാധിഷ്ഠിത തൊഴിലുകൾ ലഭ്യമാക്കുന്നതു മുഖ്യപ്രവർത്തന മേഖലയായി മാറണം. കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്തം 50 ശതമാനമായി ഉയർത്തുകയെന്നത് കുടുംബശ്രീയുടെ കേന്ദ്ര മുദ്രാവാക്യമാകണം.
4. ആത്യന്തികമായി നൈപുണി പരിശീലനം പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടക്കണം. എന്നാൽ ഇത് കേവലം ഏജൻസികളുടെ മുൻകൈയിൽ നടക്കുന്ന ഒന്നാകരുത്. പൂർവ്വവിദ്യാർത്ഥികളായ മെന്റർമാരും കോളെജ് അധ്യാപകരും ആയിരിക്കും മുഖ്യചാലകശക്തി. ആദ്യവർഷങ്ങളിൽ ഒരു ക്യാമ്പയിൻ രീതിയിൽ നൈപുണി പരിശീലനം സംഘടിപ്പിക്കേണ്ടിവരും.
5. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെന്ന പോലെ ബാക്ക് ടു കാമ്പസ് പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

6. എംജി സർവ്വകലാശാല സംഘടിപ്പിച്ചതുപോലെ അഫിലിയേറ്റഡ് കോളെജുകളിലെ സ്കിൽ സെന്ററുകളെ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും ഫലപ്രദമായ നൈപുണി കോഴ്സുകൾ ആരംഭിക്കുന്നതിനും വിപുലമായ ശില്പശാലകൾ അക്കാദമിക് വർഷത്തിന്റെ തുടക്കത്തിൽതന്നെ നടത്തണം.
7. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രാദേശിക ക്ലസ്റ്ററുകളായി തിരിച്ച് രണ്ടോ മൂന്നോ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുള്ള അക്കാദമിക് കോർഡിനേറ്റർമാരെ നിയോഗിക്കുകയും അവർക്ക് ചിട്ടയായ പരിശീലനം നൽകുകയും വേണം. പ്ലേസ്മെന്റ് ഓഫീസർമാർക്കും പരിശീലനം നൽകേണ്ടതുണ്ട്.
8. സംസ്ഥാനത്തു ഒരു കേന്ദ്രീകൃത ഡിജിറ്റൽ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം/ സ്റ്റുഡിയോ രൂപപ്പെടുത്തേണ്ടതുണ്ട്. അതിൽ സ്കിൽ കോഴ്സ് ഡെലിവറി, ഇൻഡസ്ട്രി - ജിസിസി (ഗ്ലോബൽ കേപ്പബിലിറ്റി സെന്റേഴ്സ്) ഇന്റർഫേസ് പോയ്ന്റ്സ്, മെന്റർ പൂൾ മാനേജ്മെന്റ് യൂണിറ്റ്സ്, വെർച്വൽ ജോബ് ഫെയർ & പ്ലേസ്മെന്റ് നോട്സ് എന്നിവ അനിവാര്യമായും ഉൾപ്പെടുത്തേണ്ടതാണ്.
9. കമ്പനികളിലുള്ള ജോലി ലഭിക്കുന്നതിന് അനിവാര്യമായ നൈപുണി ഉറപ്പാക്കുന്ന കോഴ്സുകൾ എല്ലാ അക്കാദമികവർഷവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന രീതിയിൽ ഇലക്ടീവ് കോഴ്സുകളിൽ മാറ്റം വരുത്തുന്നതിനുള്ള സംവിധാനം ബന്ധപ്പെട്ട അക്കാദമിക സമിതികൾ ഏർപ്പെടുത്തണം.
10. എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കിഫ്ബി വഴി ലാംഗ്വേജ് ലാബുകൾ / SDPK സെന്ററുകൾ സ്ഥാപിക്കണം. ഐടിഐ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ സാങ്കേതികപരിശീലന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തണം. കമ്മ്യൂണിറ്റി മെന്ററിങ്ങിന്റെ കേന്ദ്രങ്ങളായി ഇവയെ പ്രവർത്തിപ്പിക്കാനാകണം.
11. നാഷണൽ സർവ്വീസ് സ്കീമും നൈപുണി പരിശീലന പരിപാടിയുമായി കൂടുതൽ ചിട്ടയായ ബന്ധം വളർത്തണം. മാനസഗ്രാമം പരിപാടി മുന്നോട്ട് കൊണ്ടുപോകണം.
12. ഇന്നത്തേതുപോലെ ഉന്നതവിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക ഡയറക്ടറേറ്റ്, ഐടിഐ ഡയറക്ടറേറ്റ്, പട്ടികജാതി-പട്ടികവർഗ ഡയറക്ടറേറ്റുകൾ പരിപാടി പൂർണ്ണമായും ഏറ്റെടുക്കുകയും ഏകോപനത്തിനായി സംസ്ഥാനതല സെല്ലുകൾക്കു രൂപം നൽകുകയും വേണം.
13. പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് ബാക്ക് ടു കാമ്പസ് റെസിഡന്റ്ഷ്യൽ പരിശീലനം മുന്നോട്ട് കൊണ്ടുപോകണം. അതുപോലെ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക മോട്ടിവേഷണൽ ക്യാമ്പുകൾ സംഘടിപ്പിക്കണം. കമ്മ്യൂണിറ്റി അച്ചീവേഴ്സിനെ ഈ ക്യാമ്പുകളിൽ പങ്കെടുപ്പിക്കണം. മത്സ്യത്തൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടിയും ഇത്തരത്തിൽ പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കണം.
14. നോർക്കയും ലോക കേരളസഭയുമായിട്ടുള്ള സംയോജിത പ്രവർത്തനങ്ങൾ കൂടുതൽ ദൃഢമാക്കണം. വിദേശ രാജ്യങ്ങളിൽ മെന്റർമാരുടെ പ്ലാറ്റ്ഫോമുകൾ രൂപീകരിക്കണം.
15. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അലുമിനി സമ്മേളനങ്ങൾ വിളിക്കുകയും അവരുടെ മെന്റർ ഗ്രൂപ്പിനു രൂപം നൽകുകയും വേണം. സംസ്ഥാനത്ത് മൊത്തത്തിൽ ഒരുലക്ഷം മെന്റർമാരെ റിക്രൂട്ട് ചെയ്യണം.
16. തദ്ദേശഭരണ സ്ഥാപനങ്ങൾ നൈപുണി പരിശീലനത്തിലും തൊഴിൽ മേളകൾക്കും വേണ്ടി കൂടുതൽ പണം പ്രൊജക്ടുകളിൽ വകയിരുത്തണം. ഇവയുടെ ഫണ്ട് വിനിയോഗത്തിൽ സബ്സിഡി ചട്ടങ്ങൾ ഉദാരമാക്കണം.
17. കേരള ടെക്നോളജി യൂണിവേഴ്സിറ്റി യഥാർത്ഥ ജീവിത പ്രശ്നങ്ങളെ മുൻനിർത്തിയ പ്രോജക്ടുകളിൽ വ്യവസായങ്ങളുമായി ചേർന്ന് പരിശീലനങ്ങൾക്കായി K-DISC-മായി കരാറുണ്ടാക്കി ഒരു സവിശേഷ അക്കാദമിക് പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇത് വിപുലമായ RTD പരിപാടികൾക്ക് വഴിയൊരുക്കും. കണ്ണൂർ യൂണിവേഴ്സിറ്റി FYUGP യിൽപ്പെടുത്തി ഇതേ മാതൃക പിൻതുടർന്നിട്ടുണ്ട്. ഈ മാതൃക മറ്റു സർവ്വകലാശാലകൾക്കും അനുകരിക്കാവുന്നതാണ്.


കേരള സംസ്ഥാന
പിന്നോക്ക വിഭാഗ
വികസന കോർപ്പറേഷൻ
KSBCDC
വിരിയട്ടെ
സ്വപ്നങ്ങൾ
പിന്നോക്ക/മതന്യൂനപക്ഷ വിഭാഗക്കാരുടെ
സമഗ്ര പുരോഗതിക്കായി സംസ്ഥാന സർക്കാർ
സബ്സിഡിയോടെ കുറഞ്ഞ
പലിശ നിരക്കിൽ നൽകുന്ന
വായ്പ പദ്ധതികൾ
പ്രൊഫഷണലുകൾക്ക്
സ്റ്റാർട്ട് അപ്
സ്വയം തൊഴിൽ
വായ്പ
പ്രവാസികൾക്ക്
പ്രവാസി സുരക്ഷ
സ്വയം തൊഴിൽ വായ്പ
ഓട്ടോ, ടാക്സി തൊഴിലാളികൾക്ക്
ഇലക്ട്രിക്/സിഎൻജി ഓട്ടോ, ടാക്സികൾ
വാങ്ങുന്നതിനായി
ഗ്രീൻ വീൽ വായ്പ പദ്ധതി
വിധവകൾക്കായി
പുനർജനി
സ്വയം തൊഴിൽ
വായ്പ
വായ്പ
തുകയുടെ
15% മുതൽ
20% വരെ
സബ്സിഡി
സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒബിസി വിഭാഗങ്ങൾക്ക് 15 ലക്ഷം രൂപ വരെയും മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് 30 ലക്ഷം രൂപ വരെയും 6 മുതൽ 8 ശതമാനം വരെ പലിശ നിരക്കിൽ വായ്പ
ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി വിദ്യാഭ്യാസ വായ്പകൾ
നിലവിലുള്ള സംരംഭങ്ങൾക്ക് 5 ലക്ഷം രൂപ വരെ ബിസിനസ് ഡവലപ്മെന്റ് വായ്പ
കുടുംബശ്രീ സി ഡി എസ്സുകൾക്ക് 3 കോടി രൂപ വരെ മൈക്രോ ക്രെഡിറ്റ് വായ്പ
മറ്റു വായ്പ പദ്ധതികൾ
ഭവന നിർമ്മാണ വായ്പ
വിവാഹ ധനസഹായ വായ്പ
സുവർണശ്രീ വായ്പ
വിദ്യാശ്രീ വായ്പ
സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്ക്
വ്യക്തിഗത വായ്പ
ഭവന പുനരുദ്ധാരണ വായ്പ
വാഹന വായ്പ
കൂടുതൽ വിവരങ്ങൾക്ക്
കേരള സംസ്ഥാന പിന്നോക്ക വിഭാഗ
വികസന കോർപ്പറേഷന്റെ ഓഫീസുമായി
ബന്ധപ്പെടാവുന്നതാണ്
www.ksbcdc.com

181

KSWDC

# സ്വാഭിമാനത്തിന്റെ വഴിയൊരുക്കാൻ
# സ്വതന്ത്രമായി മുന്നേറാൻ
# ഓരോ വനിതയ്ക്കുമൊപ്പം

# കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ

സ്ത്രീകളുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ 1988ൽ ആരംഭിച്ച പൊതുമേഖലാ സ്ഥാപനമാണ് **വനിതാ വികസന കോർപറേഷൻ.** സമഗ്രപദ്ധതികളിലൂടെ സ്വാശ്രയത്വത്തിലേക്കും ജീവിതവിജയത്തിലേക്കും സ്ത്രീകളെ നയിക്കുക, ശാക്തീകരിക്കാനായി വിദ്യാഭ്യാസ സഹായങ്ങളും പരിശീലനങ്ങളും നൽകുക, സാമൂഹിക പ്രതിബന്ധങ്ങളെ മറികടക്കാൻ പ്രാപ്തരാക്കുക, നീതിക്കായുള്ള പോരാട്ടത്തിൽ ഒപ്പം നിൽക്കുക എന്നിവയാണ് **KSWDC**യുടെ മുഖ്യലക്ഷ്യങ്ങൾ

## കരുത്തേകാൻ പഠനവും തൊഴിലും

- സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കുമായി സ്വയം തൊഴിൽ വായ്പാ പദ്ധതികൾ
- വിദ്യാഭ്യാസ വായ്പകൾ
- സംരംഭകത്വ വികസന പരിപാടികൾ (EDP)
- സ്ത്രീകൾക്കായി REACH ഫിനിഷിങ്ങ് സ്കൂൾ
- നഴ്സുമാർക്ക് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതി (ASEPN)
- ഗോത്രവിഭാഗത്തിലെ സ്ത്രീകൾക്ക് 'വനമിത്ര നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ'

## ആരോഗ്യവും ശുചിത്വവും

- ആർത്തവ ശുചിത്വത്തിന് **'SHE PAD'**, **'M Cup'** വിതരണ പദ്ധതികൾ
- സ്കൂൾ വിദ്യാർത്ഥികൾക്കായി നാപ്കിൻ, ഇൻസിനറേറ്റർ, അലമാരകൾ
- സ്കൂളുകളിൽ ആർത്തവ ശുചിത്വ ബോധവത്കരണം

## സ്ത്രീ സുരക്ഷ

- 181 ഹെൽപ്പ് ലൈൻ 24 X 7
- ബോധ്യം - പൊലീസ് സേനയിൽ ലിംഗാവബോധ പരിശീലനം

## സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

- വനിതാ മിത്ര കേന്ദ്രം-വർക്കിങ്ങ് വിമെൻസ് ഹോസ്റ്റലുകൾ
- സേഫ് സ്റ്റേ-യാത്രികർക്ക് താൽക്കാലിക താമസ സൗകര്യം



THE KERALA STATE WOMEN'S DEVELOPMENT CORPORATION LTD : 1st Floor, Transport Bhavan, KSRTC Building, Eastfort Attakulangara P. O, Trivandrum-695023, Ph: 0471 2454585, 9496015015 Email: md@kswdc.org, head@kswdc.org



www.cial.aero
CIAL
COCHIN INTERNATIONAL AIRPORT LIMITED
All Happy Journeys Start Here
40+ Domestic & International Destinations
25+ Airlines Operating | 25+ Years in Service
10 million+ Passengers Annually
75,000+ Aircraft Movements Each Year
Iconic Architecture - Traditional blended futuristic infrastructure
Immaculate Cleanliness - Spotless terminals maintained to global standards
Tranquil Comfort - Thoughtful seating and restful ambiance
24x7 Prepaid Taxi | Meet & Greet | Premium Lounges
Global Shopping | Multi-cuisine restaurants & quick bites
FASTag-enabled smart parking | Smart Immigration | DigiYatra
At CIAL, transit becomes an experience - thoughtfully curated, entirely for you.

നവകേരളം പുതുവഴികൾ
പിണറായി വിജയൻ സർക്കാർ 10-ാം വർഷത്തിലേക്ക്

കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

# ജനക്ഷേമം ഉറപ്പാക്കി ജനങ്ങളോടൊപ്പം തുടരും



കേഷമപെൻഷൻ
1600 ൽ നിന്ന്
2000 രൂപയിലേക്ക്

സ്ത്രീ സുരക്ഷാ
പെൻഷൻ
1000 രൂപ

നൈപുണ്യ കോഴ്സുകൾ
ചെയ്യുന്ന വിദ്യാർത്ഥികൾക്ക്
Connect to work
scholarship 1000 രൂപ

റബറിന്റെ
താങ്ങു വിലയും
നെല്ലിന്റെ സംഭരണ
വിലയും വർധിപ്പിച്ചു

ആശാ വർക്കർമാർക്ക്
ഓണറേറിയം ₹8000
അംഗനവാടി
വർക്കർമാർക്ക്
ഓണറേറിയം ₹13500
അംഗനവാടി ഹെൽപ്പർമാർക്ക്
ഓണറേറിയം ₹9000

കുടുംബശ്രീ എഡിഎസ്
പ്രവർത്തന ഗ്രാൻഡ്
പ്രതിമാസം
1000 രൂപ

## തുടരുന്ന മുന്നേറ്റം...

gitZest

മയക്കുമരുന്ന് ഉപയോഗം, വിപണനം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുക
ഹെൽപ്പ് ലൈൻ നമ്പർ 1933 9497979794, 9497927797

www.akgcentre.in